# നവയെരുശലേമിന്റെ
# നാല് ഉപദേശങ്ങൾ

വിഷയങ്ങൾ


1. കർത്താവ്
2. വിശുദ്ധ തിരുവെഴുത്ത്
3. ജീവിതം
4. വിശ്വാസം



ഇമ്മാനുവേൽ സ്വീഡൻബോർഗിന്റെ
ലത്തീൻ ഭാഷയിലെ ഈ ഗ്രന്ഥത്തിന്റെ ആദ്യ പ്രസിദ്ധീകരണം
1763–ൽ ആംസ്റ്റർഡാമിലായിരുന്നു.

ന്യു ചർച്ച് പബ്ലിക്കേഷൻ
ചർച്ച് ഓഫ് ന്യൂജറുസലേം
ഇന്ത്യ

2014

The translation is printed in India with the permission of
The Swedenborg Foundation
West Chester, PA, USA

# പത്രാധിപക്കുറിപ്പ്

നമ്മുടെ സൗരയൂധത്തിലെ മറ്റു ഗ്രഹങ്ങൾ, സ്വർഗ്ഗവും അതിന്റെ അത്ഭുതങ്ങൾ പിന്നെ നരകവും, നവയെരുശലേമും അതിന്റെ സ്വർഗ്ഗീയ ഉപദേശങ്ങളും, അന്ത്യന്യായവിധി, വെള്ളക്കുതിര എന്നീ കൃതികൾ 1763 ൽ പ്രസിദ്ധീകരിച്ചതിനെ തുടർന്നാണു ഇപ്പോഴത്തെ ഈ ഗ്രന്ഥം 1763–ാം ആണ്ട് ആംസ്റ്റെർഡാമിൽ ആദ്യം പ്രസിദ്ധീകരിച്ചത്.

നാലു ഉപദേശങ്ങളുടെ ഇപ്പോഴത്തെ മലയാള ഭാഷയുടെ പതിപ്പു 1954 ലെ ഇംഗ്ളീഷ് ഭാഷയിൽ നിന്നുള്ള പരിഭാഷയെ അടിസ്ഥാനമാക്കി വിവർത്തനം ചെയ്തിട്ടുള്ളത് സ്വീഡൻബോർഗ് സൊസൈറ്റിയുടെ അനുവാദത്തോടും കൂടിയാണ്.

വേദപുസ്തകത്തിന്റെ ആധികാരിക പതിപ്പിൽ നിന്നും ആണു ഒത്തു വാക്യങ്ങളുടെ അദ്ധ്യായങ്ങളും വാക്യങ്ങളും ഇതിന്റെ ആഖ്യാന വിഷയത്തെ ഉദ്ധരിക്കുന്നതിനായി എടുത്തിട്ടുള്ളത്. ഇമ്മാനുവേൽ സ്വീഡൻ ബോർഗിന്റെ ഈ ഗ്രന്ഥത്തിലെ ആശയങ്ങൾ അനുവാചകരിലേക്ക് സംവഹിക്കപ്പെടുന്നതിന് ഇംഗ്ളീഷ് ഭാഷയുടെ സമാനമായ മലയാളത്തിലെ അർത്ഥപദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥത്തിന്റെ എടുത്തു പറയത്തക്ക വിശേഷതകളിലൊന്ന്, വേദപുസ്തകത്തിലെ വചനത്തിൽ നിന്നു ആരംഭം മുതൽ തന്നെ അതിന്റെ വിഷയങ്ങൾക്കനുസരിച്ചു സംഖ്യാ ക്രമത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

ഈ പതിപ്പിനു വേണ്ടിയുള്ള പരിഭാഷയുടെ പുനർലേഖനത്തിനും അവലോകനത്തിനും സഹായിച്ചിട്ടുള്ളതു ജോൺ ചെല്ലയ എം എ യും അച്ചടിക്കു വേണ്ടിയുള്ള താളുകൾ ക്രമീകരിച്ചത് പീറ്റർ ടെൻസ് ബോൾഗാട്ടിയാണ്.

റവ. പീറ്റർ നടുവിലവീട്ടിൽ ദേവസ്സി

തൃശൂർ
01–10–2014

# കർത്താവിനെ സംബന്ധിച്ചുള്ള നവയെരുശലെമിന്റെ ഉപദേശം

ഇമ്മാനുവേൽ സ്വീഡൻബേർഗിന്റെ ലത്തീൻ ഭാഷയിലെ
നവയെരുശലെമിന്റെ ഉപദേശങ്ങൾ ഇംഗ്ലീഷ് പരിഭാഷയിൽ നിന്നുള്ള
മലയാള വിവർത്തനം

Rev. Peter Devassy

**NEW CHURCH PUBLICATION**
Ompathungal, Mattathur P.O.
Thrissur, Kerala 680684. India
Mob: 9995398286

www.newchurch.org
E.mail:thenewchurch777@gmail.com

2014

## ഉള്ളടക്കം


| അധ്യായം | | ഖണ്ഡിക |
|---|---|---|
| I. | വിശുദ്ധ തിരുവെഴുത്ത് സമസ്തവും കർത്താവിനെക്കുറിച്ച് പരാമർശിക്കുന്നു; വചനം കർത്താവാകുന്നു .. .. .. | 1–7 |
| II. | കർത്താവ് ന്യായപ്രമാണത്തെ മുഴുവൻ നിവൃത്തീകരിച്ചതിൽ നിന്നും, കർത്താവ് തിരുവചനത്തിലെ സമസ്ത കാര്യങ്ങളും നിവൃത്തീകരിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. | 8–11 |
| | 1. സംക്ഷിപ്തഅർത്ഥത്തിൽ ന്യായപ്രമാണം എന്നതിന്റെ അർത്ഥം പത്തു കല്പനകളിലെ-കല്പനകൾ എന്ന് ആകുന്നു. .. .. .. | 8 |
| | 2. ന്യായപ്രമാണം, വിപുലമായ അർത്ഥത്തിൽ, മോശയുടെ പഞ്ചഗ്രന്ഥികളിൽ മോശ എഴുതിയിട്ടുള്ള എല്ലാ സംഗതികളും ആകുന്നു... .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. | 9 |
| | 3. ഏറ്റവും വിപുലമായ അർത്ഥത്തിൽ ന്യായപ്രമാണം എന്നാൽ തിരുവചനത്തിലെ സമസ്ത കാര്യങ്ങളും എന്നാണ് അർത്ഥം.. | 10–11 |
| III. | കർത്താവ് നരകത്തെ ജയിച്ച് കീഴടക്കുവാനും, അവന്റെ മാനുഷികത്വത്തെ മഹത്വീകരിപ്പാനുമായി ലോകത്തിലേക്ക് വന്നു. കുരിശിൽ കിടന്ന് അവൻ സഹിച്ചതായ കഷ്ടതകളും പീഢകളുടെ വേദനകളും നരകങ്ങളെ പൂർണ്ണമായി ജയിച്ച് കീഴടക്കുവാനും, തന്റെ മാനുഷികത്വത്തെ മഹത്വീകരിപ്പാനുമുള്ള അന്തിമ പോരാട്ടം ആയിരുന്നു. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. | 12–14 |
| IV. | ക്രൂശിങ്കൽ ഉണ്ടായ പീഢാസഹനത്താൽ കർത്താവ് പാപങ്ങളെ എടുത്തുമാറ്റിയില്ല; പ്രത്യുത വഹിക്കുകയാണ് ചെയ്തത്. | 15–17 |
| V. | കർത്താവിന്റെ യോഗ്യതയുടെമേൽ ആരോപിക്കപ്പെടുന്നതിനാൽ അർത്ഥമാക്കുന്നത് വേറെ മറ്റൊന്നുമല്ല മാനസാന്തരത്തെ തുടർന്നുള്ള പാപക്ഷമയെയാണ്.. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. | 18 |
| | | 19–28 |
| VI. | ദൈവീകമനുഷ്യനായ കർത്താവിനെ ദൈവപുത്രൻ എന്നും, തിരുവചനാനുസരണം മനുഷ്യപുത്രൻ എന്നും വിളിക്കുന്നു.. .. .. .. ദൈവിക മനുഷ്യനായ കർത്താവിനെ ദൈവപുത്രൻ എന്നു വിളിക്കുന്നു.. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. | 19–23 |
| | 1. പീഢാസഹനത്തെ സംബന്ധിച്ചിടത്തോളം കർത്താവിനെ മനുഷ്യപുത്രൻ എന്നു വിളിക്കുന്നു. .. .. .. .. .. | 24 |
| | 2. ന്യായവിധിയെ സംബന്ധിച്ചിടത്തോളം കർത്താവിനെ മനുഷ്യപുത്രൻ എന്നു വിളിക്കുന്നു. .. .. .. .. .. .. .. . | 25 |
| | 3. കർത്താവിന്റെ വരവിനെ സംബന്ധിച്ചിടത്തോളം അവനെ മനുഷ്യപുത്രൻ എന്നു വിളിക്കുന്നു. .. .. .. .. .. | 26 |
| | 4. വീണ്ടെടുപ്പ്, രക്ഷ, നവീകരണം, വീണ്ടും ജനനം എന്നിവയെ പരിഗണിക്കുമ്പോൾ കർത്താവിനെ മനുഷ്യപുത്രൻ എന്നു വിളിക്കുന്നു. .. .. .. .. .. .. .. .. .. .. .. .. | 27 |
| | 5. പ്രവാചകന്മാരേയും മനുഷ്യപുത്രന്മാർ എന്നു വിളിച്ചിരുന്നു. എന്നാൽ തിരുവചനാനുസരണം മനുഷ്യപുത്രൻ എന്ന് സൂചിപ്പിക്കപ്പെടുന്നത് കർത്താവിനെയാകുന്നു. .. .. | 28 |

VII. കർത്താവ് അവനിൽത്തന്നെയുള്ള ദൈവികത്വത്താൽ അവന്റെ മാനുഷികത്വത്തെ ദൈവികത്വമാക്കിത്തീർത്തു. അങ്ങനെ അവൻ ദൈവവുമായി ചേർന്ന് ഒന്നായിത്തീർന്നു. 29–36

1. നിത്യത മുതൽ കർത്താവ് യഹോവയാകുന്നു. 30
2. നിത്യത മുതലുള്ള കർത്താവ് അഥവാ യഹോവ മനുഷ്യരെ രക്ഷിപ്പാനായി മനുഷ്യരൂപം എടുത്തു. 31
3. കർത്താവ് അവനിൽത്തന്നെയുള്ള ദൈവികത്വത്താൽ അവന്റെ മാനുഷികത്വത്തെ ദൈവികത്വമാക്കി. .. 32
4. കർത്താവ് അവനിലേക്ക് തന്നെ പരീക്ഷകളെ അനുവദിച്ച് കൊടുത്തിട്ട് നിരന്തരമായി വിജയം വരിച്ചുകൊണ്ട് തന്റെ മാനുഷികത്വത്തെ ദൈവികത്വമാക്കിത്തീർത്തു. 33
5. ക്രൂശിലെ പീഢാസഹനം കൊണ്ട് കർത്താവിന്റെ മാനുഷികത്വത്തെയും ദൈവികത്വത്തെയും ഒന്നാക്കിത്തീർത്തു. പീഢാസഹനമായിരുന്നു അവസാനത്തെ പരീക്ഷ. 34
6. തദനന്തരം കർത്താവ് തന്റെ മാതാവിൽനിന്ന് കിട്ടിയിരുന്ന മാനുഷികത്വത്തെ വെടിഞ്ഞു. അതുപോലെതന്നെതന്നിലെ ദൈവികത്വത്തിലുണ്ടായിരുന്ന മാനുഷികത്വത്തെ ഉപേക്ഷിക്കുകയും ചെയ്തു. ഇത് ദൈവിക മാനുഷികത്വം ആയിരുന്നു; ദൈവപുത്രനും ആയിരുന്നു.... 35
7. അപ്രകാരം ദൈവം മനുഷ്യനായിത്തീർന്നു. ആദ്യ സംഗതികളിൽ എന്നപോലെ അവസാനത്തേതിലും. 36

VIII. വചനം ആരിൽ നിന്നാണോ ആരെ സമ്പന്ധിച്ചു പ്രബന്ധപ്പെടുത്തുന്നതു ആ കർത്താവു ദൈവം തന്നെ. .. .. .. .. 37–44

1. കർത്താവിനെ യഹോവ എന്നു വിളിക്കപ്പെടുന്നു... .. .. .. .. .. .. .. 38
2. കർത്താവിനെ ഇസ്രായേലിന്റെ ദൈവം എന്നും യാക്കോ ബിന്റെ ദൈവമെന്നും വിളിക്കുന്നു. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. 39
3. കർത്താവിനെ ഇസ്രായേലിന്റെ പരിശുദ്ധൻ എന്നു വിളിക്കുന്നു. 40
4. കർത്താവിനെ കർത്താവ് എന്നും ദൈവം എന്നും വിളിക്കുന്നു. 41
5. കർത്താവിനെ രാജാവെന്നും അഭിഷിക്തനെന്നും വിളിക്കുന്നു. 42
6. കർത്താവിനെ ദാവീദ് എന്നും വിളിക്കുന്നു. .. .. .. .. .. .. .. .. .. 43–44

IX. ദൈവം ഏകനാകുന്നു, കർത്താവാണ് ആ ദൈവം.

1. ദൈവം ഏകനാകുന്നു. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. 45
2. കർത്താവാണ് ആ ദൈവം. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. 45*

X. കർത്താവിൽനിന്നുള്ള ദിവ്യവ്യവഹാരമാണൂ പരിശുദ്ധാത്മാവ്. അത് കർത്താവ് തന്നെയാണ്... .. .. .. .. .. .. .. .. .. .. .. .. .. .. .. .. 45* 46–54

1. ആത്മാവെന്നതിനാൽ അർത്ഥമാക്കുന്നത് മനുഷന്റെ ജീവനെയാണ്. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. 47
2. മനുഷ്യന്റെ അവസ്ഥകൾക്കനുസരിച്ച് മനുഷ്യജീവൻ വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യ ജീവന്റെ പ്രതിപത്തി വ്യത്യാസപ്പെട്ടിരിക്കുന്നത് ആത്മാവെന്നതിനാൽ അർത്ഥമാക്കുന്നു. 48
3. ആത്മാവെന്നതിനാൽ അർത്ഥമാകുന്നതു ആത്മീയ ജീവൻ എന്നു വിളിക്കുന്ന പുനരുജ്ജീവനത്തേയാണൂ. 49

4. കർത്താവു എവിടെ ആത്മാവു എന്നതിനാൽ അരുളപ്പെട്ടിരിക്കുന്നുവോ അതിനാൽ പ്രത്യേകമായി അർത്ഥമാക്കിയിരിക്കുന്നതു ദിവ്യസത്യമാകുന്ന അവന്റെ ജ്ഞാനത്തിന്റെ ജീവനേയാണു. .. .. .. .. 50

5. കർത്താവിനെ പ്രതിപാദിക്കുന്നതിൽ എവിടെ ആത്മാവെന്ന് സൂചിപ്പിരിക്കുന്നുവോ അത് അർത്ഥമാക്കുന്നത് അവന്റെ ദിവ്യജീവനേയും തദ്വാര കർത്താവിനേയുമാണ്. .. .. .. .. .. .. .. 51

6. പ്രവാചകന്മാരാൽ അരുളപ്പെട്ട വചനം യഹോവ തന്നെയായ കർത്താവാണ്. .. .. .. .. .. .. .. .. . 52–54

XI. വ്യക്തികളുടെ ത്രിത്വത്തിനാൽ അവതരിപ്പിച്ചിട്ടുള്ള അത്താനേഷ്യൻ വിശ്വാസപ്രമാണത്തിന്റെ ഉപദേശസത്യങ്ങൾ യോജിക്കുന്നത് കർത്താവെന്ന വ്യക്തിയുടെ ത്രിത്വത്തെ മനസ്സിലാക്കുതിനെയാണ് 55–61

XII. വെളിപ്പാടിലെ നവയെരുശലേം എന്നതിനാൽ അർത്ഥമാക്കുന്നത് ഒരു നവ്യ സഭയെയാണ്. .. .. .. .. .. .. .. 62–65

## ഗ്രന്ഥകർത്താവിന്റെ മുഖവുര

കുറച്ചു വർഷങ്ങൾക്കു മുമ്പ് ചെറു കൃതികൾ പ്രസിദ്ധീകരിച്ചിരുന്നു.

1. സ്വർഗ്ഗവും നരകവും
2. നവയെരുശലേമിന്റെ ഉപദേശം
3. അന്ത്യ ന്യായവിധി
4. വെള്ളക്കുതിര
5. പ്രപഞ്ചത്തിലെ ഭൂമികളും ഗ്രഹങ്ങളും

ഇവയിൽ നാളിതുവരെ അജ്ഞാതമായിട്ടുള്ള അനവധികാര്യങ്ങളെ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കർത്താവിന്റെ കല്പനയാൽ എനിക്ക് അവൻ തന്നെ വെളിപ്പെടുത്തിയ തുടർന്നുവരുന്ന പ്രവൃത്തികൾ പൊതുജനങ്ങൾക്ക് മുമ്പാകെ സമർപ്പിക്കേണ്ടിയിരിക്കുന്നു:

കർത്താവിനെ സംബന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശം

വിശുദ്ധ തിരുവെഴുത്തുകളെ സംബന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശം

പത്തു കല്പനകളിൽനിന്നും നവയെരുശലേമിനുവേണ്ടിയുള്ള ജീവന്റെ ഉപദേശം.

വിശ്വാസത്തെ സംബന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശം

ന്യായവിധിയെ സംബന്ധിച്ചുള്ള ഒരു പരമ്പര

ദിവ്യപരിപാലനം സംബന്ധിച്ചുള്ള ദൂതജ്ഞാനം

നിത്യതയും അമർത്യതയും, സർവ്വജ്ഞാനം, സർവ്വവ്യാപിത്വം, സർവ്വശക്തിത്വം എന്നിവയെ സംബന്ധിച്ചുള്ള ദൂതജ്ഞാനം

ദിവ്യജ്ഞാനത്തേയും ദിവ്യസ്നേഹത്തെയും സംബന്ധിച്ചു ള്ള ദൂതജ്ഞാനം

ജീവനെ സംബന്ധിച്ചുള്ള ദൂതജ്ഞാനം

നവയെരുശലേമിന്റെ ഉപദേശത്തെ ഉണ്ടാക്കി എന്ന പ്രസ്താവ്യം; അന്ത്യന്യായവിധി എന്ന പ്രബന്ധത്തിൽ അതിന്റെ 33–39 വരെ പറഞ്ഞിട്ടുള്ളതിൽ നിന്നും മുകളിൽ പേരു പറഞ്ഞിട്ടുള്ള പ്രബന്ധങ്ങളിൽ കൂടുതലായി പ്രസ്താവിക്കാനിരിക്കുന്നതിൽ നിന്നും പഴയ സഭ പരിസമാപ്തിയിലേക്കു വന്നിരിക്കകൊണ്ടു കർത്താവിനാൽ സ്ഥാപിക്കേണ്ടീയിരിക്കുന്ന പുതിയ സഭയ്ക്കു വേണ്ടിയുള്ള ഉപദേശം എന്നാണു ഇതിനാൽ അർത്ഥമാക്കിയിരിക്കുന്നതു.

വെളിപ്പാട് അദ്ധ്യായം 22 ൽ മുൻകൂട്ടി പറഞ്ഞിട്ടുള്ള അന്ത്യ ന്യായവിധിക്കുശേഷം വരുന്ന നവയെരുശലേം എന്നതിനെ അർത്ഥമാക്കിയിരിക്കുന്നത് നവ്യസഭയെയാണ്. ഈ പ്രബന്ധത്തിന്റെ അവസാന അദ്ധ്യായത്തിൽ ഇതു കാണാനായേക്കും.

# I

## എല്ലാ തിരുവെഴുത്തുകളും കർത്താവിനെക്കുറിച്ചു പ്രതിപാദിക്കുന്നത് അവൻ വചനമെന്നാണ്

1 യോഹന്നനിൽ നാം വായിക്കുന്നത്

> ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നുമവനെ കൂടാതെ ഉളവായതല്ല; അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു; വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.

കൂടാതെ,

> വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു. യോഹ: 1: 1–5, 14

അതേ പോലെ,

> ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനു ഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നെ. യോഹ: 3:19

പിന്നേയും മറ്റൊരിടത്തു,

> നിങ്ങൾ വെളിച്ചത്തിന്റെ മക്കളാകേണ്ടതിനു വെളിച്ചം ഉള്ളടത്തോളം വെളിച്ചത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നു എന്നിൽ വിശ്വസിക്കുന്നവൻ ഇരുട്ടിൽ വസിക്കുന്നില്ല. യോഹ: 12:36,46

ഈ വേദഭാഗങ്ങളിൽ നിന്നും സുവിദിതമാകുന്നത് ഈ ലോകത്തിൽ ജനിച്ചവനായിരുന്ന കർത്താവ് അവൻ തന്നെയാണു ദൈവമെന്നും നിത്യതയിൽ നിന്നുള്ള ദൈവം കർത്താവാണെന്നുമുള്ളതാണു. അതിനു കാരണം വചനം ദൈവത്തോടു കൂടെയെന്നൂം വചനം ദൈവമായിരുന്നൂവെന്നൂം ഉളവായതൊന്നൂം അവനെ കൂടാതെ ഉളവായതല്ലെന്നൂം വചനം ജഡം ധരിച്ചുവെന്നൂം അവർ അവനെ കണ്ടു എന്നൂം കൂട്ടിചേർത്തു പറഞ്ഞിരിക്കകൊണ്ടാണ്.

കർത്താവിനെ വചനമെന്നൂ വിളിക്കപ്പെട്ടിരിക്കൂന്നതിന്റെ കാരണം എന്തെന്നത് സഭയിൽ വളരെ കുറച്ചു മാത്രമേ മനസ്സിലാക്കിയിട്ടുള്ളു. വചനത്തെ ദിവ്യസത്യമെന്നൂം ദിവ്യ ജ്ഞാനമെന്നൂം അർത്ഥമാക്കുന്നതു കൊണ്ടു കർത്താവിനെ വചനമെന്നൂ വിളിച്ചിരിക്കുന്നു, കർത്താവു ദിവ്യജ്ഞാനവും ദിവ്യസത്യവും തന്നെ. അതേപോലെ തന്നെ ഈ ലോകത്തിലേക്ക്

വന്നു കൊണ്ടിരുന്ന സത്യ വെളിച്ചമെന്നു കൂടി അവനെ വിളിച്ചിരിക്കുന്നത് ഇക്കാരണത്താലാണ്. ദിവ്യജ്ഞാനവും ദിവ്യ സ്നേഹവും ഒന്നാക്കുക നിമിത്തം കർത്താവിൽ നിത്യത മുതൽ ഉണ്ടായിരുന്ന ജീവൻ ദിവ്യസ്നേഹമാണ്. വെളിച്ചം ദിവ്യജ്ഞാനമാണ്: ഈ കാരണത്താലാണ് അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നത്. ഈ ഏകത്വമാണ് ആദിയിൽ വചനം ദൈവത്തോടു കൂടെയായിരുന്നു ആ വചനം ദൈവമായിരുന്നു എന്ന പ്രസ്താവനയായി. അർത്ഥമാക്കുന്നത്. ജ്ഞാനം സ്നേഹത്തിലും സ്നേഹം ജ്ഞാനത്തിലും എന്നതിനു ദൈവത്തോടു കൂടെ എന്നത് ദൈവത്തിൽ എന്നർത്ഥമാക്കുന്നു. യോഹന്നാനിൽ മറ്റൊരിടത്ത് കൂടി:

> ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകും മുമ്പേ എനിക്കു നിന്നിൽ ഉണ്ടായിരുന്ന സ്വത്വത്തിൽ എന്നെ നീ മഹത്വപ്പെടുത്തേണമേ..
>
> യോഹ 17:5

നിന്റെ സ്വന്തം സ്വത്വത്തോടു കൂടെ, നിന്നിൽ തന്നെ,

> ആയതിനാൽ വചനം ദൈവമാണു; മറ്റൊരിടത്ത് അവൻ പിതാവിലും പിതാവ് അവനിലും അവനും പിതാവും ഒന്നാണ് എന്നു കൂടി പറയപ്പെട്ടിരിക്കുന്നു.

ഇപ്പോൾ വചനത്തേ പോലെയാണു ദിവ്യസ്നേഹത്തിന്റെ ദിവ്യജ്ഞാനം, അതു യഹോവയും അങ്ങനെ കർത്താവുമെന്നു കാണിക്കുന്നു, ഉളവാക്കിയതെല്ലാം ഉളവായതു അവൻ മുഖാന്തരമാണ്, ദിവ്യസ്നേഹ ത്തിൽ നിന്നുള്ള ദിവ്യജ്ഞാനം കൊണ്ടാണ് ഏല്ലാ കാര്യങ്ങളും സൃഷ്ടിച്ചുണ്ടാക്കിയിട്ടുള്ളതു.

**2** ദൂതർക്കുള്ള എല്ലാ ജ്ഞാനവും മനുഷ്യർക്കുള്ള അവരുടെ എല്ലാ ആത്മീയബൗദ്ധികതയും ദിവ്യസത്യമായ വചനത്തിൽ നിന്നു തന്നെയാണെന്ന യഥാർത്ഥ്യത്തിൽ നിന്ന് തെളിയിക്കുന്നത് മോശ, പ്രവാചകർ, സുവിശേഷകർ മുഖാന്തരം വെളിപ്പെടുത്തിയ അതേ വചനം തന്നെയാണ് ഇവിടെ വചനമെന്ന് വിശേഷിപ്പിച്ച് അർത്ഥമാക്കിയിട്ടുള്ളതു. ഈ ലോകത്തിലുള്ള ആളുകളോടൊപ്പം ഉള്ള വചനം തന്നെയാണ് സ്വർഗ്ഗത്തിൽ ദൂതർക്കൊപ്പമുള്ളത്. എന്നാൽ അത് ലോക ത്തിലുള്ളവർക്ക് പ്രാകൃതികവും സ്വർഗ്ഗത്തിലുള്ളവർക്ക് ആത്മീയവുമാണ്. കൂടാതെ വചനം ദിവ്യസത്യമായിരിക്കുന്നതിനാൽ ഇതു ദിവ്യ വ്യവഹാരവും കൂടിയാണ്. കർത്താവിങ്കൽ നിന്നു മാത്രമല്ല പിന്നേയോ അതു കർത്താവും ആണ്. കർത്താവു ഈ വചനത്തേ പോലെയാണു, ആയതു കൊണ്ട് വചനത്തിന്റെ വിവരണങ്ങളിലും പൊതുവിൽ എല്ലാ കാര്യങ്ങളിലും കർത്താവിനെ സമ്പന്ധിച്ചു എഴുതപ്പെട്ടിരിക്കുന്നു, യെശയ്യാവു മുതൽ മലാഖിവരേയും കർത്താവിനെതിരായോ വൈരുദ്ധ്യാർത്ഥത്തിലോ കർത്താവിനെ കുറിച്ചു ഒന്നും തന്നെ ഇല്ല.

ഒരുവൻ വചനത്തെ ചിന്തിച്ച് അറിവുണ്ടാകുന്ന പക്ഷം വചനത്തിനു പ്രാകൃതിക അർത്ഥം മാത്രമല്ല പിന്നെയോ ആത്മീയ അർത്ഥവും ഉള്ളട ങ്ങുന്നതാണെന്ന് വിശേഷിച്ചറിയുമെങ്കിൽ വ്യക്തി നാമങ്ങളും സ്ഥലനാ മങ്ങളും ഈ അർത്ഥത്തിൽ കർത്താവിന്റെ ഏതോ കാര്യങ്ങളെ കുറിക്കു ന്നതോ അവനിൽ നിന്നുള്ള സഭയുടേയും സ്വർഗ്ഗത്തിന്റേയും ഇടയിൽ നിന്നും ഉത്ഭവിക്കുന്നതായ കാര്യങ്ങളല്ലാതെ അവക്കെതിരായ കാര്യങ്ങൾ ഒന്നും തന്നെ ആരും ഇതുവരെ കണ്ടിട്ടില്ല. കർത്താവിനെ പൊതുവായും വിശേഷിച്ചും പ്രതിപാദിക്കുന്ന എല്ലാ വചനങ്ങളും ദിവ്യസത്യമായിരിക്കു ന്നു, അതു കർത്താവാണ്. വചനം ജഢമായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ മഹത്വം കണ്ടു എന്നു പറഞ്ഞിരിക്കുന്നതിന്റേയും വെ ളിച്ചത്തിന്റെ മക്കൾ ആകേണ്ടതിനു വെളിച്ചം ഉള്ളപ്പോൾ വെളിച്ചത്തിൽ വിശ്വസിപ്പിൻ... എന്നിൽ വിശ്വസിക്കുന്നവൻ ഇരുളിൽ വസിക്കാതിരിക്കേ ണ്ടതിന് ഞാൻ ലോകത്തിൽ വെളിച്ചമായി വന്നിരിക്കുന്നു എന്ന് പറഞ്ഞി രിക്കുന്ന തിന്റേയും കാരണമെന്തെന്ന് ഇതു തെളിയിക്കുന്നു. ദിവ്യസത്യ മാണ് വെളിച്ചം അങ്ങനതന്നെയാണ് വചനവും. വചനം വായിച്ചിട്ട് പ്രകാ ശി തരാവുന്ന ഏതൊരുവനും ഈ നാൾവരേയും കർത്തവിനെ സമീപി ക്കയും അവനോട് മാത്രം പ്രർത്ഥിക്കയും ചെയ്യുന്നത് ഈ കാരണം കൊ ണ്ടാണ്.

**3** യെശയ്യാവു മുതൽ മലാഖി വരെയുള്ള പഴയനിയമത്തിലെ എല്ലാ പ്രവാചകരിലും കർത്താവിനെ സമ്പന്ധിച്ച് പൊതുവായും വിശേഷ മായും പ്രതിപാധിച്ചിട്ടുള്ളതു കൂടി ചുരുങ്ങിയ വാക്കുകളിൽ ഇവിടെ പ്രസ്താവി ക്കുന്നതായിരിക്കും.

1 യെഹൂദരാൽ ഇനിയും കർത്താവിനെ അറിയാതിരിക്കയും അതേ തുടർന്ന് സഭയുടേതായിരിക്കുന്ന യാതൊന്നും അവശേഷിക്കാതേയു മാ കുന്ന കാലത്തിന്റെ തികവിൽ അവൻ ഈ ലോകത്തിലേക്ക് വരണമായി രുന്നു. അവൻ ഈ ലോകത്തിലേക്ക് വരികയും തന്നെ തന്നെ വെളിപ്പെടു ത്തുകയും ചെയ്യാത്ത പക്ഷം മനുഷ്യവർഗ്ഗം നിത്യമരണത്തിൽ തകർന്നു പോകുമായിരുന്നു. യോഹന്നാനിൽ അവൻ തന്നെ പറഞ്ഞ പ്രകാരം: ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിക്കാതിരുന്നാൽ നിങ്ങൾ നി ങ്ങളുടെ പാപങ്ങളിൽ മരിക്കും. യോഹ 8:24

2 അന്ത്യ ന്യായവിധി നിർവ്വഹിക്കേണ്ടതിനായും അതു മുഖാന്തരം അന്ന് അധികാരം നടത്തുന്ന നരകങ്ങളെ പിടിച്ചടക്കേണ്ടതിനും കർത്താവു ഈ ലോകത്തിലേക്ക് വരണമായിരുന്നു. ഇതു പ്രാപ്തമാക്കി യത് അമ്മയിൽ നിന്നും ഉരുവമെടുത്ത തന്റെ മനുഷ്യത്വത്തിലേക്ക് പ്രലോഭനങ്ങളാകുന്ന പോരാട്ടങ്ങളെ അനുവദിച്ചതിനാലാണു, നിരന്തര മായ ജയങ്ങളാലുമാണു. അങ്ങനെ നരകങ്ങളെ കീഴടക്കിയില്ലായിരുന്നു വെങ്കിൽ ഒരു മനുഷ്യനും രക്ഷപെടുവാൻ സാധിക്കുമായിരുന്നില്ല.

3 തന്റെ മനുഷ്യത്വം മഹത്വപ്പെടുത്തേണ്ടതിനായി അതായത് ഗർഭം മുതൽ തന്നിൽ ഉണ്ടായിരുന്ന ദൈവത്വത്തോട് മനുഷ്യത്വം ഒരുമിപ്പിക്കേണ്ടതിനായി കർത്താവു ഈ ലോകത്തിലേക്ക് വരണമായിരുന്നു.

4 അവനോടുള്ള സ്നേഹത്താലും അവനിലുള്ള വിശ്വാസത്താലും വീണ്ടെടുക്കയും രക്ഷിക്കുകയും ചെയ്യുന്ന രക്ഷിതാവായും വീണ്ടെടുപ്പുകാരനായും അവനെ അംഗീകരിക്കയും ചെയ്യുന്ന ഒരു നവ്യസഭയെ സ്ഥാപിക്കേണ്ടതിനായി കർത്താവു ഈ ലോകത്തിലെക്ക് വരണമായിരുന്നു.

5 സഭയോടൊപ്പം ഒന്നാക്കി തീർക്കുന്ന ചിട്ടയായ സ്വർഗ്ഗത്തെ ക്രമീകരിക്കേണ്ടതിനായും അവൻ ഈ ലോകത്തിലേക്ക് വരണമായിരുന്നു.

6 നരകങ്ങളെ പൂർണ്ണമായും ജയിക്കണമായിരുന്നതും തന്റെ മനുഷ്യ ത്വത്തെ മഹത്വീകരിക്കണമായിരുന്നതും അന്ത്യപോരാട്ടത്താലൊ അല്ലെങ്കിൽ പ്രലോഭനങ്ങളാലൊ ഇടയാക്കിയതായിരുന്നു ക്രൂശിലെ കഷ്ടാനുഭവങ്ങൾ.

തിരുവെഴുത്തുകളെ സമ്പന്ധിച്ചുള്ള ചെറിയ പ്രബന്ധത്തിൽ വചനത്തെക്കുറിക്കുന്ന കാര്യങ്ങളല്ലാതെ മറ്റൊരു വിഷയവും കാണുകയില്ല.

**4** ഇതിന്റെ ദൃഢീകരണത്തിനായി കർത്താവിന്റെ വരവിനെ അർത്ഥമാക്കുന്ന, ദിവസം, നാഴിക എന്നതിൽ ആ നാഴിക, അന്നാളിൽ, ആ ദിനം, ആ ദിവസം എന്ന് പറഞ്ഞിട്ടുള്ള വചനത്തിൽ നിന്ന് ആ വേദഭാഗങ്ങൾ മാത്രം ഈ പ്രഥമകൃതിയിൽ ഞാൻ എടുത്തു തെളിയിക്കുന്നതാണു.

യെശയ്യാവിൽ:

അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവതം പർവതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകി ചെല്ലും

മനുഷ്യരുടെ നിഗളിച്ച കണ്ണു താഴും.. പുരുഷൻമാരുടെ ഉന്നത ഭാവം കുനിയും; യഹോവ അന്നാളിൽ ഉന്നതനായിരിക്കും..

സൈന്യങ്ങളൂടെ യഹോവയുടെ നാൾ ഗർവവും ഉന്നതഭാവവും ഉള്ള എല്ലാറ്റിൻ മേലും വരും യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേൽക്കുമ്പോൾ അവന്റെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭ നിമിത്തവും പാറകളുടെ ഗ്വഹരങ്ങളിലും പൊട്ടിയ പാറകളുടെ വിള്ളലുകളിലും കടക്കേണ്ടതിന്നു തങ്ങൾ നമസ്കരി പ്പാൻ വെള്ളികൊണ്ടും പൊന്നുകൊണ്ടും ഉണ്ടാക്കിയ മിഥ്യാ മൂർത്തികളെ മനുഷ്യൻ ആ നാളിൽ തുരപ്പനെലിക്കും നരിച്ചീ റിനും എറിഞ്ഞ് കളയും. യെശ 2: 2, 11, 12, 20, 21

അന്നു കർത്താവു അവരുടെ കാൽചിലമ്പുകളുടെ അലങ്കാരം, അവരുടെ നെറ്റിപട്ടം, ചന്ദ്രകല, കാതില, കടകം, കവണി, തലപ്പാവു,

കാൽത്തള, പട്ടുകച്ച, പരിമളപ്പെട്ടി, തകിട്ടുകൂടു, മോതിരം, മൂക്കുത്തി, ഉത്സവവസ്ത്രം, മേലാട, ശാല്വ, ചെറു സഞ്ചി, ദർപ്പണം, ക്ഷോമ പടം, കല്ലാവു, മൂടുപടം എന്നിവ നീക്കികളയും യെശ 3:18, 23

അന്നാളിൽ യഹോവയുടെ മുള ഭംഗിയും മഹത്വവും ഉള്ളതും ഭൂമിയുടെ ഫലം യിസ്രായേലിലെ രക്ഷിതഗണത്തിനു മഹിമയും അഴകും ഉള്ളതും ആയിരിക്കും. യെശ 4:2

അന്നാളിൽ അവർ കടലിന്റെ അലർച്ചപോലെ അവരുടെ നേരെ അലറും; ദേശത്തു നോക്കിയാൽ ഇതാ അന്ധകാരവും കഷ്ടതയും തന്നെ. അതിന്റെ മേഘങ്ങളിൽ വെളിച്ചം ഇരുണ്ടു പോകും. യെശ 5:30

അന്നാളിൽ യെഹോവ മിസ്രയീമിലെ നദികളുടെ അറ്റത്തു നിന്നു കൊതുകിനേയും അശ്ശൂർ ദേശത്തു നിന്നും തേനീച്ചയേയും ചൂള കുത്തി വിളിക്കും.

അന്നാളിൽ കർത്താവു നദിക്കു അക്കരെ നിന്നു കൂലിക്കു വാങ്ങിയ ക്ഷൗരകത്തി കൊണ്ട് തന്നെ, തലയും കാലും ക്ഷൗരം ചെയ്യും, അതു താടിയും കൂടെ നീക്കും. അന്നാളിൽ ഒരുത്തൻ പശുകിടാവിനേയും രണ്ടു ആടിനേയും വളർത്തും.

അന്നാളിൽ ആയിരം വെള്ളിക്കാശു വിലയുള്ള ആയിരം മുന്തിരിവള്ളി ഉണ്ടായിരുന്ന സ്ഥലമൊക്കേയും മുള്ളും പറക്കാരയും പിടിച്ചു കിടക്കും. യെശ 7: 18, 20, 21, 23

സന്ദർശന ദിവസത്തിലും ദൂരത്തു നിന്നു വരുന്ന വിനാശത്തിങ്കലും നിങ്ങൾ എന്തു ചെയ്യും? ......

യിസ്രായേലിന്റെ പരിശുദ്ധനായ യഹോവയെ പരമാർത്ഥമായി ആശ്രയിക്കും. യെശ 10:3,20

അന്നാളിൽ വംശങ്ങൾക്കു കൊടിയായി നിൽക്കുന്ന യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചു വരും; അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും. അന്നാളിൽ കർത്തവു തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ അശ്ശൂരിൽ നിന്നും മിസ്രയീമിൽ നിന്നും പത്രോസിൽ നിന്നും കൂശിൽ നിന്നും ഏലാമിൽ നിന്നും ശീനാരിൽ നിന്നും ഹമാത്തിൽ നിന്നും സമുദ്രത്തിലേ ദ്വീപുകളിൽ നിന്നും വീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം കൈനീട്ടും. യെശ 11:10, 11

അന്നാളിൽ നീ പറയുന്നതു എന്തെന്നാൽ: യഹോവേ നീ എന്നോടു കോപിച്ചു നിന്റെ കോപം മാറി, നീ എന്നെ ആശ്വസിപ്പിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു.....അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവക്കു സ്തോത്രം ചെയ്യുവിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ യെശ 12:1, 4

യഹോവയുടെ ദിവസം സമീപിച്ചിരിക്ക കൊണ്ടു മുറയിടുവിൻ; അതു സർവ്വശക്തങ്കൽ നിന്നു സർവ്വനാശം പോലെ വരുന്നു.

യഹോവയുടെ ദിവസം ക്രൂരമായിട്ടു ക്രോധത്തോടും അതികോപ ത്തോടും കൂടെ വരുന്നു.

സൈന്യങ്ങളുടെ യഹോവയുടെ ക്രോധത്തിലും അവന്റെ ഉഗ്രകോപത്തിന്റെ നാളിലും ഭൂമി അതിന്റെ സ്ഥാനത്തു നിന്നു ഇളകി പോകും;

അതിന്റെ സമയം അടുത്തിരിക്കുന്നു; അതിന്റെ കാലം ദീർഘിച്ചു പോകയുമില്ല. യെശ 13:6, 9, 13, 22

അന്നാളിൽ യാക്കോബിന്റെ മഹത്വം ക്ഷയിക്കും; അവന്റെ ദേഹപുഷ്ടി മെലിഞ്ഞു പോകും.

അന്നാളിൽ മനുഷ്യൻ തന്റെ കൈപ്പണിയായ ബലിപീഠങ്ങളിലേക്കു തിരിയാതേയും വിരലികളാൽ ഉണ്ടാക്കിയ അശേര വിഗ്രഹങ്ങളേയും സൂര്യസ്തംഭങ്ങളേയും നോക്കാതേയും, ...
തന്റെ സൃഷ്ടാവിങ്കലേക്ക് തിരിയുകയും അവന്റെ കണ്ണ് യിസ്രാ യേലിന്റെ പരിശുദ്ധനെ നോക്കുകയും ചെയ്യും...
ഉപേക്ഷിച്ചുപോയ നിർജ്ജനദേശം പോലെയാകും അവ ശൂന്യമായി തീരും. യെശ 17: 4, 7, 9
വിടുവിക്കപ്പെടുവാൻ സഹായത്തിന്നായി നാം ഓടിച്ചെന്നിരുന്ന നമ്മുടെ പ്രത്യാശ ഇങ്ങനെ ആയല്ലോ; യെശ 20:6

അന്നാളിൽ മിസ്രയീംദേശത്തുള്ള അഞ്ചുപട്ടണങ്ങൾ കനാൻ ഭാഷ സംസാരിച്ചു സൈന്യങ്ങളുടെ യഹോവയോടു സത്യം ചെയ്യും; അന്നാളിൽ മിസ്രയീം ദേശത്തിന്റെ നടുവിൽ യഹോവക്കു ഒരു യാഗ പീഠവും .....

അന്നാളിൽ മിസ്രയീമിൽ നിന്നു അശ്ശൂരിലേക്കു ഒരു പെരുവഴി ഉണ്ടാ കും; അന്നാളിൽ യിസ്രായേൽ ഭൂമിയുടെ മദ്ധ്യേ അനുഗ്രഹമായി മി സ്രയീമിയനോടും അശ്ശൂരിനോടും കൂടെ മൂന്നമാതായിരിക്കും.

യെശ 19:18, 19, 23, 24

സൈന്യങ്ങളൂടെ യെഹോവയായ കർത്താവിങ്കൽ നിന്നു ദർ ശനത്താഴ്വരയിൽ പരിഭവവും സംഹാരവും പരിഭ്രമവുമുള്ളൊരു നാൾ വരുന്നു, യെശ 22:5

അന്നാളിൽ യെഹോവ ഉയരത്തിൽ ഉന്നതന്മാരുടെ സൈന്യത്തേയും ഭൂമിയിൽ ഭൂപാലന്മാരേയും സന്ദർശിക്കും.

ഏറിയനാൾ കഴിഞ്ഞിട്ടു അവരെ സന്ദർശിക്കയും ചെയ്യും.

ചന്ദ്രൻ നാണിക്കയും സൂര്യൻ ലജ്ജിക്കയും ചെയ്യും.
യെശ 24:21, 22, 23

അന്നാളിൽ: ഇതാ, നമ്മുടെ ദൈവം; അവനെയത്രേ നാം കാത്തിരുന്നതു; അവൻ നമ്മെ രക്ഷിക്കും; യെശ 25:9

അന്നാളിൽ അവർ യെഹൂദാ ദേശത്തു ഈ പാട്ടു പാടും: നമുക്കു ബലമുള്ളൊരു പട്ടണം ഉണ്ട് യെശ 26:1

അന്നാളിൽ യഹോവ കടുപ്പവും വലിപ്പവും ബലവും ഉള്ള തന്റെ വാൾകൊണ്ടു സന്ദർശിക്കും;

അന്നു നിങ്ങൾ മനോഹരമായോരു മുന്തിരി തോട്ടത്തെപ്പറ്റി പാട്ടു പാടുവിൻ. യെശ 27: 1, 2 (12, 13)

അന്നാളിൽ സൈന്യങ്ങളുടെ യഹോവ തന്റെ ജനത്തിന്റെ ശേഷിപ്പിന്നു മഹത്വമുള്ളൊരു കിരീടവും ഭംഗിയുള്ളൊരു മുടിയും
യെശ 28:5

അന്നാളിൽ ചെകിടന്മാർ പുസ്തകത്തിലെ വചനങ്ങളെ കേൾക്കയും കുരുടന്മാരുടെ കണ്ണുകൾ ഇരുളും അന്ധകാരവും നീങ്ങി കാണുകയും. യെശ 29: 18

എല്ലാ കുന്നിന്മേലും തോടുകളും നീരൊഴുക്കുകളും ഉണ്ടാകും യെഹോവ തന്റെ ജനത്തിന്റെ മുറിവു കെട്ടുകയും അവരുടെ അടിപിണർ പൊറുപ്പിക്കയും ചെയ്യുന്ന നാളിൽ ചന്ദ്രന്റെ പ്രകാശം സൂര്യന്റെ പ്രകാശം പോലെയാകും; സൂര്യന്റെ പ്രകാശം ഏഴുപകലിന്റെ പ്രകാശം പോലെ ഏഴിരട്ടിയാകും.
യെശ 30:25, 26

അന്നാളിൽ നിങ്ങളിൽ ഒരോരുത്തൻ നിങ്ങളുടെ കൈകൾ നിങ്ങൾക്കു പാപത്തിന്നായി വെള്ളിയും പൊന്നും കൊണ്ടു ഉണ്ടാക്കിയ മിഥ്യാമൂർത്തികളെ ത്യജിച്ചുകളയും. യെശ 31:7

അതു യഹോവ പ്രതികാരം നടത്തുന്ന ദിവസവും സീയോന്റെ വ്യവഹാരത്തിൽ പ്രതിഫലം കൊടുക്കുന്ന സംവത്സരവും ആകുന്നു.
യെശ 34:8

പുത്രനഷ്ടം, വൈധവ്യം ഇവ രണ്ടും പെട്ടെന്നു ഒരു ദിവസ ത്തിൽ തന്നേ നിനക്കു ഭവിക്കും. യെശ 47:9

അതു കൊണ്ടു എന്റെ ജനം എന്റെ നാമത്തെ അറിയും; അതു കൊണ്ടു ഞാൻ, ഞാൻ തന്നെയാകുന്നു പ്രസ്താവിക്കുന്നവൻ എന്നു അവർ അറിയും. യെശ 52:6

യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവു എന്റെ മേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതന്മാരെയൊക്കേയും ആശ്വസിപ്പിപ്പാനും. യെശ 61:1, 2

ഞാൻ ഒരു പ്രതികാര ദിവസം കരുതിയിരുന്നു; എന്റെ വിമുക്തന്മാരുടെ സംവത്സരം വന്നിരുന്നു. യെശ 63:4

യിരെമ്യാവിൽ:

ആ കാലത്തു: യഹോവയുടെ നിയമപെട്ടകമെന്നു ഇനി പറകയില്ല,

ആ കാലത്തു യെരുശലേമിന്നു യഹോവയുടെ സിംഹാസനം എന്നു പേരാകും;

ആ കാലത്തു യെഹൂദാഗൃഹം യിസ്രായേൽ ഗൃഹത്തോടു ചേർന്നു, അവകാശമായി കൊടുത്ത ദേശത്തേക്കു വരും. യിരെ 3:16, 18

അന്നാളിൽ രാജാവിന്റെ ധൈര്യവും പ്രഭുക്കന്മാരുടെ ധൈര്യവും ക്ഷയിക്കും; പുരോഹിതന്മാർ ഭ്രമിച്ചു പ്രവാചകൻമാർ സ്തഭിച്ചു പോകും എന്നു യെഹോവയുടെ അരുളപ്പാടു. യിരെ 4:9

കൊലത്താഴ്വര എന്നു പേർ വിളിക്കുന്ന കാലം വരും ....; ദേശമോ ശൂന്യമായി കിടക്കും. യിരെ 7:32, 34

അവരുടെ ദർശനകാലത്തു അവർ ഇടറി വീഴും യിരെ 8:12

അഗ്രചർമ്മത്തോടു കൂടിയ സകല പരിച്ഛേദനക്കാരേയും ഞാൻ ശിക്ഷിപ്പാനുള്ള കാലം വരുന്നു. യിരെ 9:25

സന്ദർശന കാലത്തു അവ നശിച്ചുപോകും. യിരെ 10:15

അവരിൽ ഒരു ശേഷിപ്പും ഉണ്ടാകയില്ല എന്നു സൈന്യങ്ങളുടെ യഹോവ അരുളി ച്ചെയ്യുന്നു. യിരെ 11:23

അവരുടെ അനർത്ഥദിവസത്തിലെ ഞാൻ അവർക്കു എന്റെ മുഖമല്ല, പുറമത്രേ കാണിക്കും. യിരെ 18:17

ഈ നഗരത്തെ സ്തംഭനത്തിനും പരിഹാസത്തിനും വിഷയമാക്കിത്തീർക്കും. യിരെ 19:6, 8

ഞാൻ ദാവീദിനു നീതിയുള്ളൊരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണു .....യഹോവ എന്നു ഇനി പറയാതെ ഞാൻ അവർക്കു അനർത്ഥം, അവരുടെ സന്ദർശനകാലം വരുത്തും തന്നെ എന്നു യഹോവയുടെ അരുളപ്പാടു.. ഭാവി കാലത്തു നിങ്ങൾ അതിനെ പൂർണ്ണമായി ഗ്രഹിക്കും യിരെ 23:5-7, 12, 20

ഞാൻ അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു അവരെ മടക്കി വരുത്തും; ആ നാൾ പോലെ വേറേ ഇല്ലാതവണ്ണം അതു വലുതായിരിക്കുന്നു കഷ്ടം! അന്നു ഞാൻ അവന്റെ നുകം നിന്റെ കഴുത്തിൽ നിന്നു ഒടിച്ചു ബന്ധനങ്ങളെ അറുത്തു കളയും. യിരെ 30:3, 7, 8

എഴുന്നേൽപ്പിൻ; നാം സീയോനിലേക്കു, നമ്മുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു, കയറിപ്പോക എന്നു കാവൽക്കാർ എഫ്രയീംമലനാട്ടിൽ വിളിച്ചു പറയുന്ന നാൾ വരും. ഞാൻ യിസ്രാ

യേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലം വരും എന്നു യെഹോവയുടെ അരുളപ്പാടു യഹോവക്കായി പണിവാനുള്ള കാലം വരും എന്നു യഹോവയുടെ അരുളപ്പാടു.
യിരെ 31:6, 27, 31, 38

ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും അരുളിച്ചെയ്ത നല്ലവചനം നിവർത്തിക്കുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാടു.. അന്നാളിൽ യെഹൂദാ രക്ഷിക്കപ്പെടും; യെരുശലേം നിർഭയമായി വസിക്കും; അതിന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും. യിരെ 33:14–16

അന്നു നീ കാൺകെ അവ നിവൃത്തിയാകും അന്നു ഞാൻ നിന്നെ വിടുവിക്കും; നീ ഭയപ്പെടുന്ന മനുഷ്യരുടെ കൈയിൽ നീ ഏൽപ്പിക്കപ്പെടുകയില്ല എന്നു യഹോവയുടെ അരുളപ്പാടു. യിരെ 39:16, 17

ആ ദിവസം സൈന്യങ്ങളുടെ യഹോവയായ കർത്താവു തന്റെ വൈരികളോട് പ്രതികാരം ചെയ്യുന്ന പ്രതികാര ദിവസം ആകുന്നു

അവരുടെ അപായ ദിവസവും സന്ദർശനകാലം വന്നിരിക്കയാൽ അവർക്കു നിൽപ്പാൻ കഴിഞ്ഞില്ല. യിരെ 46 : 10, 21

സകല സഹായകന്മാരെയും ഛേദിച്ചു കളവാനും ഉള്ള ദിവസം വരുന്നതുകൊണ്ടു തന്നെ. യിരെ 47:4

ആ നാളുകളിൽ, ആ കാലത്തു, യിസ്രായേൽ മക്കളും യെഹൂ ദാമക്കളും ഒരുമിച്ചു കരഞ്ഞുകൊണ്ടു വന്നു തങ്ങളുടെ ദൈവമായ യഹോവയെ അന്വേഷിക്കും എന്നു യഹോവയുടെ അരുളപ്പാടു

യഹോവയായ കർത്താവിന്റെ അരുളപ്പാടു; നിന്റെ നാൾ, ഞാൻ നിന്നെ സന്ദർശിക്കുന്ന കാലം, വന്നിരിക്കുന്നു. യിരെ 50: 4, 31

അവ മായയും വ്യർത്ഥപ്രവൃത്തിയും തന്നെ; സന്ദർശനകാലത്തു അവ നശിച്ചു പോകും. യിരെ 51 : 18

യെഹെസ്കേലിൽ:

അവസാനം വന്നിരിക്കുന്നു! അവസാനം വന്നിരിക്കുന്നു! അതു നിന്റെ നേരെ ഉണർന്നു വരുന്നു! ഇതാ, അതു വരുന്നു. ദേശനിവാസിയേ, ആപത്തു നിനക്കു വന്നിരിക്കുന്നു; കാലമായി; നാൾ അടുത്തു; ഇതാ, നാൾ, ഇതാ, അതു വരുന്നു, നിന്റെ ആപത്തു പുറപ്പെട്ടിരിക്കുന്നു; വടി പൂത്തു അഹങ്കാരം തളിർത്തിരിക്കുന്നു. കാലം വന്നിരിക്കുന്നു; അടുത്തിരിക്കുന്നു; അതിന്റെ സകല കോലാഹലത്തിൻ മേലും ക്രോധം വന്നിരിക്കയാൽ വങ്ങുന്നവൻ സന്തോഷിക്കയും വിൽക്കുന്നവൻ ദു:ഖിക്കയും വേണ്ട. യെഹെ 7:6, 7, 10, 12

മനുഷ്യപുത്രാ, യിസ്രായേൽഗൃഹം ഇവൻ ദർശിക്കുന്ന ദർശനം വളരെ നാളത്തേക്കുള്ളതും ഇവൻ പ്രവചിക്കുന്നതു ദീർഘകാലത്തേക്കുള്ളതും ആകുന്നു എന്നു പറയുന്നു. യെഹെ 12:27

യഹോവയുടെ നാളിൽ യുദ്ധത്തിൽ ഉറെച്ചുനിൽക്കേണ്ടതിനു നിങ്ങൾ ഇടിവുകളിൽ കയറിയിട്ടില്ല, യിസ്രായേൽഗൃഹത്തിനു വേണ്ടി മതിൽ കെട്ടിട്ടുമില്ല. യെഹെ 13:5

നിഹതനും ദുഷ്ടനുമായ യിസ്രായേലിന്റെ പ്രഭുവായുള്ളോവെ, അന്ത്യാകൃത്യത്തിന്റെ കാലത്തു നിന്റെ നാൾ വന്നിരിക്കുന്നു..

യെഹ 21: 25, 29

നിന്റെ കാലം വരുവാൻ തക്കവണ്ണം നിന്റെ നടുവിൽ രക്തം ചൊരിഞ്ഞു... നിന്റേ നാളുകളെ നീ സമീപിക്കുമാറാക്കി, നിന്റെ ആണ്ടുകൾ നിനക്കു വന്നെത്തിയിരിക്കുന്നു. യെഹ 22: 3, 4

മനുഷ്യപുത്രാ, അവരുടെ ശരണവും അവരുടെ മഹത്വമുള്ള സന്തോഷവും കണ്ണിന്റെ ആനന്ദവും അവരുടെ ഹൃദയവാഞ്ചയും ആയിരിക്കുന്നതിനേയും അവരുടെ പുത്രന്മാരേയും പുത്രിമാരേയും ഞാൻ അവരിൽ നിന്നു എടുത്തുകളയുന്ന് നാളിൽ ആ നാളിൽ തന്നേ, ചാടിപ്പോകുന്ന ഒരുത്തൻ നിന്റെ അടുക്കൽ വന്നു വസ്തുത നിന്നെ പറഞ്ഞു കേൾപ്പിക്കും. യെഹെ 24:25–27

അന്നാളിൽ ഞാൻ യിസ്രായേൽഗൃഹത്തിനെ ഒരു കൊമ്പു മുളക്കുമാറാക്കി അവരുടെ നടുവിൽ നിനക്കു തുറന്ന വായ് നൽകും; യെഹെ 29:21

അയ്യോ കഷ്ടം ദിവസം എന്നു മുറയിടുവിൻ. നാൾ അടുത്തിരിക്കുന്നു! അതേ, യഹോവയുടെ നാൾ അടുത്തിരിക്കുന്നു! അതു മേഘമുള്ള ദിവസം, ജാതികളുടെ കാലം തന്നേ ആയിരിക്കും. ആ നാളിൽ ദൂതന്മാർ കപ്പലുകളിൽ കയറി എന്റെ മുമ്പിൽനിന്നു പുറപ്പെടും;

യെഹെ 30:2,3,9

അത് പാതാളങ്ങളിൽ ഇറങ്ങി പോയ നാളിൽ. യെഹ 31 ; 15

ഞാൻ തന്നെ എന്റെ ആടുകളെ തിരഞ്ഞുനോക്കും ഒരു ഇടയൻ ചിതറിപ്പോയിരിക്കുന്ന തന്റെ ആടുകളുടെ ഇടയിൽ ഇരിക്കുന്ന നാളിൽ തന്റെ അട്ടിൻ കൂട്ടത്തെ അന്വേഷിക്കുന്നതു പോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു, കാറും കറുപ്പുമുള്ള നാളിൽ.

യെഹെ 34:11, 12

ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നീക്കി നിങ്ങളെ നിർമ്മലീകരി ക്കുന്ന നാളിൽ. യെഹെ 36:33

യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ ജനമായ യിസ്രായേൽ നിർഭയമായി വസിക്കുന്ന അന്നാളിൽ..

യിസ്രായേൽദേശത്തിന്നു വിരോധമായി ഗോഗ് വരുന്ന അന്നാളിൽ എന്റെ ക്രോധം എന്റെ മൂക്കിൽ ഉജ്ജ്വലിക്കും എന്നു യെഹോവയായ കർത്താവിന്റെ അരുളപ്പാടു എന്നു ഞാൻ എന്റെ തീക്ഷണതയിലും എന്റെ കോപാഗ്നിയിലും അരുളിച്ചെയ്തിരിക്കുന്നു.

യെഹെ 38:14, 18, 19

ഇതാ, അതു വരുന്നു, അതു സംഭവിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു; ഇതത്രേ ഞാൻ അരുളിച്ചെയ്ത ദിവസം അങ്ങനെ അന്നുമുതൽ മേലാൽ, ഞാൻ തങ്ങളുടെ ദൈവമായ യഹോവയെന്നു യിസ്രായേൽഗൃഹം അറിയും. യെഹെ 39:8, 11

ദാനിയേലിൽ:

എങ്കിലും രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ടു; അവൻ ഭാവികാലത്തു സംഭവിപ്പാനിരിക്കുന്നത്. ദാനി 2:28

വിശുദ്ധൻമാർക്കു ന്യായാധിപത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം..

ദാനി 7:22

മനുഷ്യപുത്രാ, ഗ്രഹിച്ചുകൊൾക; ഈ ദർശനം അന്ത്യകാലത്തേക്കുള്ളതാകുന്നു എന്നു പറഞ്ഞു.

പിന്നെ അവൻ പറഞ്ഞതു; കോപത്തിന്റെ അന്ത്യകാലത്തിങ്കൽ സംഭവിപ്പാനിരിക്കുന്നതു ഞാൻ നിന്നെ ഗ്രഹിപ്പിക്കും; അതു അന്ത്യകാലത്തേക്കുള്ളതല്ലോ.

സന്ധ്യകളേയും ഉഷഃസ്സുകളേയും കുറിച്ചു പറഞ്ഞിരിക്കുന്ന ദർശനം സത്യമാകുന്നു; ദർശനം ബഹുകാലത്തേക്കുള്ളതാകയാൽ അതിനെ അടെച്ചുവെക്ക. ദാനി 8:17, 19, 26

നിന്റെ ജനത്തിന്നു ഭാവികാലത്തു സംഭവിപ്പാനുള്ളതു നിന്നെ ഗ്രഹിപ്പിക്കേണ്ടതിനു ഇപ്പോൾ വന്നിരിക്കുന്നു; ദർശനം ഇനിയും ബഹുകാലത്തേക്കുള്ളതാകുന്നു. ദാനി 10:14

എന്നാൽ അന്ത്യകാലം വരെ അവരിൽ പരിശോധനയും ശുദ്ധീകരണവും നിർമ്മലീകരണവും സാധിക്കേണ്ടതിനു ബുദ്ധിമാന്മാരിൽ ചിലർ വീഴും. ദാനി 11:35

ആ കാലത്തു നിന്റെ സ്വജാതികാർക്കു തുണ നിൽക്കുന്ന മഹാപ്രഭുവായ മിഖായേൽ എഴുന്നേൽക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതികാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും. ദാനി 12:1

നീയോ ദാനിയേലേ, അന്ത്യകാലം വരെ ഈ വചനം അടെച്ചു പുസ്തകത്തിനു മുദ്രയിടുക, പലരും അതിനെ പ്രരിശോധിക്കയും ജ്ഞാനം വർദ്ധിക്കയും ചെയ്യും.

അതിന്നു അവൻ ഉത്തരം പറഞ്ഞതു: ദാനിയേലെ, പൊയ്ക്കൊൾക; ഈ വചനങ്ങൾ അന്ത്യകാലത്തേക്കു അടച്ചുവെച്ചു മുദ്രയിട്ടും ഇരിക്കുന്നു. നിരന്തര ഹോമയാഗം നിർത്തലാക്കുകയും ശൂന്യമാക്കുന്ന മ്ലേച്ഛ ബിംബത്തെ പ്രതിഷ്ഠിക്കയും ചെയ്യുന്ന കാലം മുതൽ

ആയിരത്തിരു ന്നൂറ്റിത്തൊണ്ണൂറു ദിവസം ചെല്ലും. നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും. ദാനി 12:4,9,11,13

ഹോശെയായിൽ:

അന്നാളിൽ ഞാൻ യിസ്രായേലിൽ താഴ്‌വരയിൽ വെച്ചു യിസ്രായേലിന്റെ വില്ലു ഒടിച്ചു കളയും എന്നു അരുളിച്ചെയ്തു. ഹോശേ 1:5

അന്നാളീൽ നീ എന്നെ ബാലീ (ഉടയവനേ)എന്നല്ല ഈശീ (ഭർത്താവേ) എന്നു വിളിക്കും എന്നു യഹോവയുടെ അരുളപ്പാടു. അന്നാളിൽ ഞാൻ ..... അവരെ നിർഭയം വസിക്കു മാറാക്കും. ആ കാലത്ത് ഞാൻ ഉത്തരം നൽകും എന്ന് യഹോവ അരുളിച്ചെയ്യുന്നു: ഞാൻ ആകാശത്തിന് ഉത്തരം നൽകും, അത് ഭൂമിക്കുത്തരം നൽകും.
ഹോശേ 2:16, 18, 21

പിന്നത്തേതിൽ ഇസ്രായേൽ മക്കൾ തിരഞ്ഞു തങ്ങളുടെ ദൈവമായ യഹോവയെയും തങ്ങളുടെ രാജാവായ ദാവീദിനെയും അന്വേഷിക്കും; ഭാവികാലത്ത് ഹോശേ 3:5

(ഞാൻ യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും. യോവേ 3:1

വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും; നാം അവന്റെ മുമ്പാകെ ജീവിക്കയും ചെയ്യും.
ഹോശേ 6:1, 2

സന്ദർശനകാലം വന്നിരിക്കുന്നു; പ്രതികാരദിവസം അടുത്തിരിക്കുന്നു.
ഹോശേ 9:7

യോവേലിൽ:

ആ ദിവസം അയ്യോ കഷ്ടം! യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. അതു സർവ്വശക്തന്റെ പക്കൽ നിന്നു സംഹാരം പോലെ വരുന്നു.
യോവേ 1:15

യഹോവയുടെ ദിവസം വരുന്നതു കൊണ്ടും അതു അടുത്തിരിക്കുന്നതു കൊണ്ടും ദേശത്തിലെ സകലനിവാസികളും നടുങ്ങിപ്പോകട്ടെ. ഇരുട്ടും അന്ധകാരവുമുള്ളോരു ദിവസം; മേഘവും കൂരിരുട്ടുമുള്ളോരു ദിവസം തന്നേ യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു; അതു സഹിക്കാകുന്നവൻ ആർ? യോവേ 2:1, 2, 11

ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. യഹോവയുടെ വലുതും ഭയങ്കരവു

മായുള്ള ദിവസം വരും മുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും. യോവേ 2:29, 31.

ഞാൻ യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും, കാലത്തിലും ഞാൻ സകലജാതികളെയും കൂട്ടി വിധിയുടെ താഴ്‌വരയിൽ അസംഖ്യ സമൂഹങ്ങളെ കാണുന്നു; വിധിയുടെ താഴ്‌വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു അന്നാളിൽ പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കും; കുന്നുകൾ പാൽ ഒഴുക്കും. യോവേ 3:1, 2, 14, 18

ഒബദ്യാവിൽ:

അന്നാളിൽ ഞാൻ എദോമിൽനിന്നു ജ്ഞാനികളെയും ഏശാവിന്റെ പർവ്വതത്തിൽ നിന്നു വിവേകത്തെയും നശിപ്പിക്കും അവരുടെ അപായ ദിവസത്തിൽ സകലജാതികൾക്കും യഹോവയുടെ നാൾ അടുത്തിരിക്കുന്നു. ഓബ 1:8, 12, 15

ആമോസിൽ:

വീരന്മാരിൽ ധൈര്യമേറിയവൻ അന്നാളിൽ നഗ്നനായി ഓടിപ്പോകും. ആമോ 2:16

ഞാൻ യിസ്രായേലിന്റെ അതിക്രമങ്ങൾ നിമിത്തം അവനെ സന്ദർശിക്കുന്ന നാളിൽ. ആമോ 3:14

യഹോവയുടെ ദിവസത്തിന്നായി വാഞ്ഛിക്കുന്ന നിങ്ങൾക്കു അയ്യോ കഷ്ടം! യഹോവയുടെ ദിവസം കൊണ്ടു നിങ്ങൾക്കു എന്തു ഗുണം! അതു വെളിച്ചമല്ല ഇരുട്ടത്രേ യഹോവയുടെ ദിവസം വെളിച്ചമല്ല, ഇരുൾ തന്നെയല്ലോ; ഒട്ടും പ്രകാശമില്ലാതെ അന്ധതമസ്സു തന്നേ. ആമോ 5:18,20

അന്നാളിൽ മന്ദിരത്തിലെ ഗീതങ്ങൾ മുറവിളിയാകും...

അന്നാളിൽ ഞാൻ ഉച്ചെക്കു സൂര്യനെ അസ്തമിപ്പിക്കയും പട്ടാപ്പകൽ ഭൂമിയെ ഇരുട്ടാക്കുകയുംചെയ്യും

അന്നാളിൽ സൗന്ദര്യമുള്ള കന്യകമാരും യൗവനക്കാരും ദാഹം കൊണ്ടു ബോധം കെട്ടുവീഴും. ആമോ 8:3, 11, 13

ദാവീദിൻ കൂടാരത്തെ ഞാൻ അന്നാളിൽ നിവിർത്തുകയും അതിന്റെ പിളർപ്പുകളെ അടെക്കയും അവന്റെ ഇടിവുകളെ തീർക്കുകയും അതിനെ പുരാതന കാലത്തിൽ എന്ന പോലെ പണിയുകയും ചെയ്യും.. പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കയും എല്ലാകുന്നുകളും ഉരുകിപ്പോകയും ചെയ്യുന്ന നാളുകൾ വരും. ആമോ 9:11, 13

മീഖായിൽ:

അന്നാളിൽ നിങ്ങളെക്കുറിച്ചു ഒരു പരിഹാസവാക്യം ചൊല്ലുകയും ഒരു വിലാപം വിലപിക്കയും ചെയ്തു: കഥ കഴിഞ്ഞു; നമുക്കു പൂർണ്ണ സംഹാരം ഭവിച്ചിരിക്കുന്നു. മീഖാ 2:4

അന്ത്യകാലത്തു യഹോവയുടെ ആലയം ഉള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ അന്നാളിൽ ഉന്നതവുമായിരിക്കും അന്നാളിൽ മുടന്തിനടക്കുന്നതിനെ ഞാൻ ചേർത്തുകൊള്ളുകയും ചിതറിപ്പോയതിനെയും ഞാൻ ക്ലേശിപ്പിച്ചതിനെയും ശേഖരിക്കയും. മീഖാ 4: 1, 6

ഞാൻ നിന്റെ കുതിരകളെ നിന്റെ നടുവിൽ നിന്നു ഛേദിച്ചുകളയും നിന്റെ രഥങ്ങളെ നശിപ്പിക്കയും ചെയ്യും മീഖാ 5:10

നിന്റെ ദർശകന്മാർ പറഞ്ഞ ദിവസം, നിന്റെ സന്ദർശന ദിവസം തന്നേ

നിന്റെ മതിലുകൾ പണിവാനുള്ള നാൾ വരുന്നു: അന്നാളിൽ നിന്റെ അതിർ അകന്നു പോകും

അന്നാളിൽ.. അവർ നിന്റെ അടുക്കൽ വരും. മീഖാ 7:4, 11, 12

ഹബക്കൂക്കിൽ:

ദർശനത്തിന്നു ഒരു അവധി വെച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിന്നായി കാത്തിരിക്ക; അതുവരും നിശ്ചയം; താമസിക്കയുമില്ല. ഹബ 2:3

യഹോവേ, ആണ്ടുകൾ കഴിയും മുമ്പെ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ; ആണ്ടുകൾ കഴിയും മുമ്പെ അതിനെ വെളിപ്പെടുത്തേണമേ. ഹബ 3:2

സെഫന്യാവിൽ:

യഹോവയുടെ ദിവസം അടുത്തിരിക്കുന്നു;... യഹോവയുടെ

യാഗസദ്യയുള്ള ദിവസത്തിൽ ഞാൻ പ്രഭുക്കന്മാരെയും രാജകുമാരന്മാരെയും അന്യദേശവസ്ത്രം ധരിച്ചിരിക്കുന്ന ഏവരെയും സന്ദർശിക്കും...

അന്നാളിൽ മത്സ്യഗോപുരത്തിൽ നിന്നു ഉറക്കെയുള്ളോരു നിലവിളിയും രണ്ടാമത്തെ നഗരാംശത്തിൽ നിന്നു ഒരു മുറവിളയും

യഹോവയുടെ മഹാദിവസം അടുത്തിരിക്കുന്നു; അതു അടുത്തു അത്യന്തം ബദ്ധപ്പെട്ടുവരുന്നു; കേട്ടോ യഹോവയുടെ ദിവസം! വീരൻ അവിടെ കഠിനമായി നിലവിളിക്കുന്നു.

ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, മേഘവും മൂടലും ഉള്ള ദിവസം,

ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി കാഹളനാദവും ആരവവും ഉള്ള ദിവസം തന്നേ സകല ഭൂവാസികൾക്കും അവൻ ശീഘ്രസംഹാരം വരുത്തും.

സെഫ 1:7, 8, 10, 12, 14, 16, 18

യഹോവയുടെ കോപ ദിവസം നിങ്ങളുടെ മേൽ വരുന്നതിന്നു മുമ്പെ, കൂടിവരുവിൻ; അതേ, കൂടിവരുവിൻ!...യഹോവയുടെ ന്യായം പ്രവർത്തിക്കുന്നവരായി ഭൂമിയിലെ സകല സൗമ്യന്മാരുമായുള്ളോരേ, അവനെ അന്വേഷിപ്പിൻ; നീതി അന്വേഷിപ്പിൻ; സൗമ്യത അന്വേഷിപ്പിൻ; പക്ഷെ നിങ്ങൾക്കു യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാം. സെഫ 2:2, 3

അതുകൊണ്ടു ഞാൻ സാക്ഷിയായി എഴുന്നേല്ക്കുന്ന ദിവസം വരെ എനിക്കായി കാത്തിരിപ്പിൻ...

അന്നാളിൽ അവർ യെരൂശലേമിനോടു: ഭയപ്പെടരുതെന്നും സീയോനോടു: അധൈര്യപ്പെടരുതെന്നും പറയും...

നിന്നെ ക്ലേശിപ്പിക്കുന്ന ഏവരോടും ഞാൻ ആ കാലത്തു ഇടപെടും; മുടന്തി നടക്കുന്നതിനെ ഞാൻ രക്ഷിക്കയും ചിതറിപ്പോയതിനെ ശേഖരിക്കയും സർവ്വഭൂമിയിലും ലജ്ജ നേരിട്ടവരെ പ്രശംസയും കീർത്തിയുമാക്കിത്തീർക്കുകയും ചെയ്യും. സെഫ 3:(8),11,16,19,20

സഖരിയാവിൽ:

ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും.. അന്നാളിൽ നിങ്ങൾ ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനെ മുന്തിരിവള്ളിയുടെ കീഴിലേക്കും അത്തിവൃക്ഷത്തിൻ കീഴിലേക്കും ക്ഷണിക്കും.. സഖ 3:9, 10

അന്നാളിൽ പലജാതികളും യഹോവയോടു ചേർന്നു എനിക്കു ജനമായ് തീരും. സഖ 2:11

ആകാലത്തു ജാതികളുടെ സകലഭാഷകളിലും നിന്നു പത്തു പേർ ഒരു യെഹൂദന്റെ വസ്ത്രാഗ്രം പിടിച്ചു: ദൈവം നിങ്ങളോടു കൂടെ ഉണ്ടെന്നു ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങളോടു കൂടെ പോരുന്നു എന്നു പറയും. സഖ 8:23

അന്നാളിൽ അവരുടെ ദൈവമായ യഹോവ അവരെ തന്റെ ജനമായ ആട്ടിൻ കൂട്ടത്തെപ്പോലെ രക്ഷിക്കും. സഖ 9:16

എന്റെ നിയമത്തെ മുറിക്കേണ്ടതിന്നു അതിനെ മുറിച്ചു കളഞ്ഞു അതു ആ ദിവസത്തിൽ തന്നേ മുറിഞ്ഞു പോയി. സഖ 11:11

അന്നാളിൽ ഞാൻ യെരൂശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കി വെക്കും...

അന്നാളിൽ ഞാൻ ഏതുകുതിരയെയും സ്തംഭനം കൊണ്ടും പുറത്തു കയറിയവനെ ഭ്രാന്തു കൊണ്ടും ബാധിക്കും...അന്നാളിൽ ഞാൻ യെഹൂദാ മേധാവികളെ വിറകിന്റെ ഇടയിൽ തീച്ചട്ടി പോലെയും കറ്റയുടെ ഇടയിൽ തീപ്പന്തം പോലെയും ആക്കും...അന്നാളിൽ യഹോവ യെരൂശലേം നിവാസികളെ പരിച കൊണ്ടു മറെക്കും...

അന്നാളിൽ ഞാൻ യെരൂശലേമിന്റെ നേരെ വരുന്ന സകല ജാതികളെയും നശിപ്പിപ്പാൻ നോക്കും

അന്നാളിൽ മെഗിദ്ദോതാഴ്വരയിലുള്ള ഹദദ്-രിമ്മോനിലെ വിലാപം പോലെ യെരൂശലേമിൽ ഒരു മഹാവിലാപം ഉണ്ടാകും:

സഖ 12:3, 4, 6, 8, 9, 11

അന്നാളിൽ ദാവീദുഗൃഹത്തിന്നും യെരൂശലേം നിവാസികൾക്കും പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിന്നായി ഒരു ഉറവു തുറന്നിരിക്കും.

അന്നാളിൽ ഞാൻ ദേശത്തു നിന്നു വിഗ്രഹങ്ങളുടെ പേർ ഇല്ലാതാക്കും..അന്നാളിൽ പ്രവാചകന്മാർ പ്രവചിക്കയിൽ ഓരോരുത്തൻ താന്താന്റെ ദർശനത്തെക്കുറിച്ചു ലജ്ജിക്കും. സഖ 13:1, 2, 4

യഹോവയുടെ ഒരു ദിവസം വരുന്നു അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവു മലയിൽ നില്ക്കും...

അന്നാളിൽ വെളിച്ചം ഉണ്ടാകയില്ല; ജ്യോതിർഗോളങ്ങൾ മറഞ്ഞു പോകും യഹോവ മാത്രം അറിയുന്ന ഒരു ദിവസം വരും; അതു പകലല്ല, രാത്രിയുമല്ല. സന്ധ്യാസമയത്തോ വെളിച്ചമാകും

അന്നാളിൽ ജീവനുള്ള വെള്ളം യെരൂശലേമിൽ നിന്നു പുറപ്പെട്ടു പാതി കിഴക്കെ കടലിലേക്കും പാതി പടിഞ്ഞാറെ കടലിലേക്കും ഒഴുകും; അതു ഉഷ്ണകാലത്തും ശീതകാലത്തും ഉണ്ടാകും.

യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും.

അന്നാളിൽ യഹോവയാൽ ഒരു മഹാപരാഭവം അവരുടെ ഇടയിൽ ഉണ്ടാകും;..

അന്നാളിൽ കുതിരകളുടെ മണികളിന്മേൽ യഹോവെക്കു വിശുദ്ധം എന്നു എഴുതിയിരിക്കും.... അന്നു മുതൽ സൈന്യങ്ങളുടെ യഹോവയുടെ ആലയത്തിൽ ഒരു കനാന്യനും ഉണ്ടാകയില്ല.

സഖ 14: 1,4, 6-(9),13, 20, 21

മലാഖി

എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും?...

ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്കു ഒരു നിക്ഷേപം ആയിരിക്കും. മലാ 3:2, 17

ചൂള പോലെ കത്തുന്ന ഒരു ദിവസം വരും...യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന്നു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാ പ്രവാചകനെ അയക്കും. മലാ 4:1, 5

അവന്റെ കാലത്തു നീതിമാന്മാർ തഴെക്കട്ടെ; ചന്ദ്രനുള്ളേടത്തോളം സമാധാന സമൃദ്ധി ഉണ്ടാകട്ടെ.

അവൻ സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമി യുടെ അറ്റങ്ങൾ വരെയും ഭരിക്കട്ടെ. സങ്കീ 72:7, 8

**5** ഈ വാക്യങ്ങളിൽ ദിവസങ്ങാളാലും നാളുകളാലും അർത്ഥമാക്കിയിട്ടുള്ളത് കർത്താവിന്റെ വരവിനേയാണ്. സഭയുടെ ഒന്നും ഇല്ലാതേയാവുമ്പോൾ കർത്താവിനെ ഇനിയും ഒന്നും അറിയാതിരിക്കുമ്പോൾ അന്ധകാരത്തിന്റേ കൂരിരുളിന്റെ അവ്യക്തതയുടെ വെളിച്ചമില്ലായ്മയുടെ ശൂന്യതയുടെ അതിക്രമങ്ങളുടെ അന്ത്യത്തിന്റെ സംഹാരത്തിന്റെ എന്നൊക്കെ അർത്ഥമാക്കുന്നതും കർത്താവിന്റെ വരവിനേയാണ്. ക്രൂരവും അതിഭയങ്കരവുമായതും ക്രോധത്തിന്റെയും, ആരവത്തിന്റേയും സന്ദർശനത്തിന്റേയും കുരുതിയുടേയും പ്രതികാരത്തിന്റേയും ക്ലേശത്തിന്റേയും യുദ്ധാരവത്തിന്റേയും എന്നർത്ഥമാക്കിട്ടുള്ളത് ന്യായവിധിക്കായി വരുന്ന കർത്താവിന്റെ ദിവസത്തേയും നാഴികയേയും ആണ്. യഹോവയെ മാത്രം വാഴ്ത്തുന്നതായ, അവൻ ഏകനും അവന്റെ നാമം ഏകവും ആയിരിക്കുന്ന, യഹോവയുടെ ശാഖ അഴകുള്ളതും മഹിമയുള്ളതുമായിരിക്കുന്ന നീതിമാന്മാർ അഭിവൃദ്ധിപ്പെടുന്നതായ അവൻ ജീവിപ്പിക്കുന്നതായ അവന്റെ ആടുകളെ അന്വേഷിക്കുന്നതായ പുതിയ ഉടമ്പടി ഉണ്ടാക്കുന്നതായ പർവതങ്ങൾ പുതുവീഞ്ഞു ചുരത്തുന്നതായ യെരുശലേമിൽ നിന്ന് ജീവന്റെ ഉറവ പുറപ്പെടുന്നതായ യിസ്രായേലിന്റെ ദൈവത്തിങ്കലേക്കു നോക്കുന്നാതായ ആ ദിവസം എന്നതു കൊണ്ട് അർത്ഥമാക്കുന്നതു തന്നെ വീണ്ടെടുപ്പുകാരനും രക്ഷിതാവും ആയി അഗീകരിക്കുന്ന ഒരു നവ്യസഭയെ സ്ഥാപിക്കുന്നതിനായി അവൻ വരുന്ന ദിവസത്തെയാണ്.

**6** കർത്താവിന്റെ വരവിനെ തുറന്നു പറയുന്നതായ മറ്റിതര വാക്യങ്ങളും ഈ വാക്യങ്ങളോട് കൂട്ടി ചേർക്കാവുന്നതാണ്:

> അതു കൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർവിളിക്കും. യെശ 7:14
>
> നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യ പിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും.
>
> അവന്റെ ആധിപത്യത്തിന്റെ വർദ്ധനെക്കും സമാധാനത്തിന്നും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നു മുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും യെശ 9: 6, 7
>
> എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും.

അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവു തന്നേ.

നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും. അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്ന യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചുവരും; അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും. യെശ 11: 1, 2, 5, 10

നിങ്ങൾ ദേശാധിപതിക്കു വേണ്ടിയുള്ള കുഞ്ഞാടുകളെ സേലയിൽ നിന്നു മരുഭൂമിവഴിയായി സീയോൻ പുത്രിയുടെ പർവ്വതത്തിലേക്കു കൊടുത്തയപ്പിൻ.

അങ്ങനെ ദയയാൽ സിംഹാസനം സ്ഥിരമായ്വരും; അതിന്മേൽ ദാവീദിന്റെ കൂടാരത്തിൽ നിന്നു ഒരുത്തൻ ന്യായപാലനംചെയ്തും ന്യായതൽപരനായും നീതിനടത്തുവാൻ വേഗതയുള്ളവനായും നേരോടെ ഇരിക്കും. യെശ 16:1, 5

അന്നാളിൽ: ഇതാ, നമ്മുടെദൈവം; അവനെയത്രേ നാം കാത്തിരുന്നതു; അവൻ നമ്മെ രക്ഷിക്കും; അവൻ തന്നേ യഹോവ; അവനെയത്രേ നാം കാത്തിരുന്നതു; അവന്റെ രക്ഷയിൽ നമുക്കു ആനന്ദിച്ചു സന്തോഷിക്കാം എന്നു അവർ പറയും. യെശ 25:9

കേട്ടോ ഒരുത്തൻ വിളിച്ചു പറയുന്നതു: മരുഭൂമിയിൽ യഹോവെക്കു വഴി ഒരുക്കുവിൻ; നിർജ്ജനപ്രദേശത്തു നമ്മുടെ ദൈവത്തിന്നു ഒരു പെരുവഴി.

യഹോവയുടെ മഹത്വം വെളിപ്പെടും, സകലജഡവും ഒരുപോലെ അതിനെ കാണും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നതു.

ഇതാ, യഹോവയായ കർത്താവു ബലശാലിയായി വരുന്നു; അവന്റെ ഭുജം അവന്നു വേണ്ടി ഭരണം ചെയ്യുന്നു; ഇതാ, കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ടു.

ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ഇതാ, ഞാൻ ചേർത്തു വഹിക്കയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും.
യെശ 40: 3, 5, 10, 11

താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വെച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും.

ആകാശത്തെ സൃഷ്ടിച്ചുവിരിക്കയും ഭൂമിയെയും അതിലെ ഉല്പന്നങ്ങളെയും പരത്തുകയും അതിലെ ജനത്തിന്നു ശ്വാസത്തെയും

അതിൽ നടക്കുന്നവർക്കു പ്രാണനെയും കൊടുക്കയും ചെയ്ത യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു:

കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽ നിന്നും വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു; ഞാൻ നിന്റെ കൈപിടിച്ചു നിന്നെ കാക്കും; നിന്നെ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവും ആക്കും.

ഞാൻ യഹോവ അതുതന്നേ എന്റെനാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തന്നും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടു കൊടുക്കയില്ല.
യെശ 42:1, 6–8

ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു?

അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല.

സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു. യെശ 53:1, 2, 4

എദോമിൽനിന്നു, രക്താംബരം ധരിച്ചു കൊണ്ടു ബൊസ്രയിൽ നിന്നു വരുന്നോരിവൻ ആർ? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ? നീതിയെ അരുളിച്ചെയ്യുന്നവനും രക്ഷിപ്പാൻ വല്ലഭനുമായ ഞാൻ തന്നേ.

ഞാൻ ഒരു പ്രതികാരദിവസം കരുതിയിരുന്നു; എന്റെ വിമുക്തന്മാ രുടെ സംവത്സരം വന്നിരുന്നു.

അവർ എന്റെ ജനം, കപടം കാണിക്കാത്ത മക്കൾ തന്നേ എന്നു പറഞ്ഞു അവൻ അവർക്കു രക്ഷിതാവായിത്തീർന്നു യെശ 63:1,4,8

ഞാൻ ദാവീദിന്നു നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്നകാലം വരും; അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും.

അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാട് യിരെ 23:5, 6

ആ നാളുകളിലും ആ കാലത്തും ഞാൻ ദാവീദിന്നു നീതിയുള്ളോരു മുളയായവനെ മുളെപ്പിക്കും; അവൻ ദേശത്തു നീതിയും ന്യായവും നടത്തും.

അന്നാളിൽ യെഹൂദാ രക്ഷിക്കപ്പെടും; യെരുശലേം നിർഭയമായ് വസിക്കും; അതിന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും.

യിരെ 33:15, 16

സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു.

ഞാൻ എഫ്രയീമിൽ നിന്നു രഥത്തെയും യെരൂശലേമിൽ നിന്നു കുതിരയെയും ഛേദിച്ചുകളയും; പടവില്ലും ഒടിഞ്ഞു പോകും; അവൻ ജാതികളോടു സമാധാനം കല്പിക്കും; അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റങ്ങളോ ളവും ആയിരിക്കും. സെഖ 9: 9, 10

സീയോൻ പുത്രിയേ, ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; ഇതാ, ഞാൻ വരുന്നു; ഞാൻ നിന്റെ മദ്ധ്യേ വസിക്കും എന്നു യഹോവയുടെ അരുളപ്പാട്.....അന്നാളിൽ പല ജാതികളും യഹോവയോടു ചേർന്നു എനിക്കു ജനമായത്തീരും. സെഖ 2:10,11

നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.

എന്നാൽ അവൻ നിന്നു യഹോവയുടെ ശക്തിയോടും തന്റെ ദൈവമായ യഹോവയുടെ നാമത്തിന്റെ മഹിമയോടും കൂടെ മേയിക്കും. മീഖാ 5:2, 4

എനിക്കു മുമ്പായി വഴി നിരത്തേണ്ടതിന്നു ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും; ഇതാ, അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം?മലാ 3:1, 2

യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന്നു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാ പ്രവാചകനെ അയക്കും. മലാ 4:5

രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശ മേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തു വരുമാറാക്കി.

സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചു പോകാത്തതും ആകുന്നു.

സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും.

ദാനീ 7:13, 14

അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന്നു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിന്നും വിശുദ്ധനഗരത്തിന്നും എഴുപതു ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു.

അതു കൊണ്ടു നീ അറിഞ്ഞു ഗ്രഹിച്ചു കൊള്ളേണ്ടതെന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായോരു പ്രഭു വരെ ഏഴു ആഴ്ചവട്ടം. ദാനീ 9:24, 25

അവന്റെ കയ്യെ ഞാൻ സമുദ്രത്തിന്മേലും അവന്റെ വലങ്കയ്യെ നദികളുടെ മേലും നീട്ടു മാറാക്കും.

അവൻ എന്നോടു: നീ എന്റെ പിതാവു, എന്റെ ദൈവം, എന്റെ രക്ഷയുടെ പാറ എന്നിങ്ങനെ വിളിച്ചു പറയും.

ഞാൻ അവനെ ആദ്യജാതനും ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠനുമാക്കും.

ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും അവന്റെ സിംഹാ സനത്തെ ആകാശമുള്ള കാലത്തോളവും നിലനിർത്തും.

സങ്കീ 89:25, 27, 29

യഹോവ എന്റെ കർത്താവിനോടു അരുളി ച്ചെയ്യുന്നതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തു ഭാഗത്തിരിക്ക. നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽ നിന്നു നീട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.

നീ മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കയുമില്ല.

സങ്കീ 110:1, 2, 4, മത്താ 22:44; ലൂക്കോ 20:42

എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു.

ഞാൻ ഒരു നിർണ്ണയം പ്രസ്താവിക്കുന്നു: യഹോവ എന്നോടു അരുളി ച്ചെയ്തതു: നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചി രിക്കുന്നു. എന്നോടു ചോദിച്ചു കൊൾക; ഞാൻ നിനക്കു ജാതികളെ അവകാശ മായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും;

അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽ വെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ. അവന്റെ കോപം ക്ഷണത്തിൽ ജ്വലിക്കും; അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ.

സങ്കീ 2:6, 8, 12

നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും

ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽ കീഴെയാക്കിയിരിക്കുന്നു. സങ്കീ 8:5, 6

യഹോവേ, ദാവീദിനെയും അവന്റെ സകല കഷ്ടതയെയും ഓർക്കേണമേ.

അവൻ യഹോവയോടു സത്യം ചെയ്തു യാക്കോബിന്റെ വല്ലഭന്നു നേർന്നതു എന്തെന്നാൽ: ഞാൻ യഹോവെക്കു ഒരു സ്ഥലം, യാക്കോബിന്റെ വല്ലഭന്നു ഒരു നിവാസം കണ്ടെത്തും വരെ ഞാൻ എന്റെ കൂടാരവീട്ടിൽ കടക്കയില്ല; എന്റെ ശയ്യമേൽ കയറി കിടക്കുകയുമില്ല. ഞാൻ എന്റെ കണ്ണിന്നു ഉറക്കവും എന്റെ കൺപോളെക്കു മയക്കവും കൊടുക്കയില്ല.നാം എഫ്രാത്തയിൽ അതിനെ ക്കുറിച്ചുകേട്ടു വന പ്രദേശത്തു അതിനെ കണ്ടെത്തിയല്ലോ.

നാം അവന്റെ തിരുനിവാസത്തിലേക്കു ചെന്നു അവന്റെ പാദ പീഠത്തിങ്കൽ നമസ്കരിക്കുക.

നിന്റെ പുരോഹിതന്മാർ നീതി ധരിക്കയും നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കയും ചെയ്യട്ടെ. സങ്കീ 132: 19

എങ്ങനെയായലും ഈ വാക്യങ്ങൾ തരതമ്യപ്പെടുത്തി കാണിക്കുവാനായിട്ടുള്ളതിൽ ചിലതാണ്.

**7** ഇതു കൂടുതൽ തെളിയിക്കുവാനായി തിരുവെഴുത്തുകൾ എന്ന ഹ്രസ്വ ലിഖിതത്തിൽ എടുത്തു കാണിക്കുന്നതാണ് മുഴു വിശുദ്ധ ലിഖിതങ്ങളും കർത്താവിനെ സമ്പന്ധിച്ചു മാത്രം എഴുതിയിട്ടുള്ളതാണ് വചനം അതിന്റെ വിശുദ്ധിയിൽ നിന്നല്ലാതെ മറ്റൊരു സാഹചര്യങ്ങളീൽ നിന്നും ഉത്ഭവിക്കുന്നില്ല

യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ:

വെളിപ്പാടു 19:10

## II

## ന്യായപ്രമാണത്തിലെ എല്ലാ കാര്യങ്ങളും കർത്താവിന്റെ നിവൃത്തികരണമാണെന്നതിനാൽ അർത്ഥമാക്കുന്നത് വചനത്തിലെ എല്ലാ കാര്യങ്ങളും അവൻ നിവൃത്തിച്ചു എന്നാണ്

**8** കർത്താവിനെക്കുറിച്ചു പറയുമ്പോൾ അവൻ ന്യായപ്രമാണം നിവർത്തിച്ചു എന്നതിനാൽ അർത്ഥമാക്കുന്നത് പത്തു കല്പ്പനകളായ എല്ലാ ന്യായപ്രമാണങ്ങളും നിവർത്തിച്ചു എന്നും അവൻ അങ്ങനെ നീതിയായെന്നും ഈ നേട്ടത്തിലുള്ള വിശ്വാസത്തിലൂടെ ഈ ലോകത്തിലെ മനുഷ്യരെ നീതികരിക്കയും ചെയ്തിരിക്കുന്നു എന്നാണു

ഇക്കാലത്തെ അനവധി ആളുകൾ വിശ്വസിച്ചിരിക്കുന്നത്. എന്നിരുന്നാലും അതല്ല ഇതർത്ഥമാക്കുന്നത് പിന്നെയൊ മുന്നദ്ധ്യായത്തിൽ പറഞ്ഞ പ്രകാരം മുഴു തിരുവെഴുത്തുകളും അവനെക്കുറിച്ച് പ്രതിപാദിക്കുന്നതു കൊണ്ട് എല്ലാ തിരുവെഴുത്തുകളും അതായത് ന്യായപ്രമാണത്തിലും പ്രവാചകന്മാരിലും തന്നെക്കുറിച്ച് എഴുതപ്പെട്ട കാര്യം അവൻ നിവൃത്തിച്ചു എന്നാണർത്ഥമാക്കുന്നത്. ന്യായപ്രമാണത്താൽ അർത്ഥമാക്കി യിരിക്കുന്നത് എന്താണെന്ന് കാണുവാനോ അന്വേഷിക്കുകയോ ചെയ്യാത്തതിനാലാണ് അനേകരും ഇതു ഒരു വിത്യസ്ത വിശ്വാസമായി സ്വീകരിച്ചിരിക്കുന്നത്.

1 ന്യായപ്രമാണത്താൽ അവിടെ അർത്ഥമാക്കിയിരിക്കുന്നത് ന്യായപ്രമാണത്തിലെ പത്തുകല്പ്പനകളുടെ പരിമിതപ്പെടുത്തിയ അർത്ഥ ത്തിലും;

2 മോശയുടെ പഞ്ചപുസ്തകങ്ങളിൽ എഴുതപ്പെട്ട എല്ലാ കാര്യങ്ങ ളാലുള്ള വിശാലാർത്ഥത്തിലും;

3 വചനത്തിന്റെ പ്രചുര പ്രചാരാർത്ഥത്തിലും ന്യായപ്രമാണത്തെ അവിടെ അർത്ഥമാക്കിയിരിക്കുന്നു.

1 പരിമിതപ്പെടുത്തിയ അർത്ഥത്തിൽ ന്യായപ്രമാണത്താൽ അർത്ഥമാ ക്കുന്നത് പത്തുകല്പ്പനകളാണ്. ഇതാണ് സാധാരണയായി അറിയപ്പെട്ടി രിക്കുന്നത്.

**9** 2 വിശാലാർത്ഥത്തിൽ ന്യായപ്രമാണത്താൽ എന്നത് മോശയാൽ എഴുതപ്പെട്ട പഞ്ചപുസ്തകങ്ങളുടെ എല്ലാകാര്യങ്ങളുമാണ് അർത്ഥമാക്കി യിരിക്കുന്നത്. തുടർന്ന് വരുന്ന വാക്യങ്ങൾ ഇതിന്റെ തെളിവാണ്:

ലൂക്കോസിൽ:

> അബ്രാഹാം അവനോടു: അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്കു അവർ കേൾക്കട്ടെ എന്നു പറഞ്ഞു.
>
> അവൻ അവനോടു: അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു. ലൂക്കോ 16:29, 31

യോഹന്നാനിൽ:

> ഫിലിപ്പോസ് നഥനയേലിനെ കണ്ടു അവനോടു: ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തി യി രിക്കുന്നു.

യോഹ 1:45

മത്തായിൽ: ഞാൻ ന്യായപ്രമാണത്തെയൊ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തി പ്പാനത്രെ ഞാൻ വന്നതു. മത്താ 5: 17, 18

അങ്ങനെ തന്നെ:

സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു. മത്താ 11:13

ലൂക്കോസിൽ:

ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു. ലൂക്കോ 16:16

മത്തായിൽ:

മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നേ. മത്താ 7:12

അങ്ങനെ തന്നെ:

യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം.

ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു. മത്താ 22:37, 39, 40

പ്രവാചക പുസ്തകങ്ങളിലും മോശയുടെ പുസ്തകങ്ങളിലും എഴുതപ്പെട്ടിരിക്കുന്നതായ എല്ലാ കാര്യങ്ങളുമാണു മോശയും പ്രവാചകന്മാരും ന്യായപ്രമാണവും പ്രവാചകന്മാരും എന്നാണു ഈ വേദഭാഗങ്ങളിൽ അർത്ഥമാക്കിയിരിക്കുന്നതു. ന്യായപ്രമാണമെന്നുള്ളത് വിശേഷിച്ചർത്ഥമാക്കുന്നതു മോശയാൽ എഴുതപ്പെട്ട എല്ലാക്കാര്യങ്ങളുമെന്നെന്നുള്ളത് തുടർന്നു വരുന്നതായ ഭാഗങ്ങളിൽ തെളിവാണ്:

ലൂക്കോസിൽ:

മോശെയുടെ ന്യായപ്രമാണപ്രകാരം അവളുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ കടിഞ്ഞൂലായ ആണൊക്കെയും കർത്താവിന്നു വിശുദ്ധം ആയിരിക്കേണം എന്നു കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതു പോലെ;

അവനെ കർത്താവിന്നു അർപ്പിപ്പാനും ഒരു ഇണ കുറുപ്രാവിനെയോ രണ്ടു പ്രാക്കുഞ്ഞിനെയോ കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചതുപോലെ യാഗം കഴിപ്പാനും അവർ അവനെ യെരൂശലേമിലേക്കു കൊണ്ടുപോയി. അവൻ ആത്മനിയോഗത്താൽ ദൈവാലയത്തിൽ ചെന്നു. യേശു എന്ന പൈതലിന്നു വേണ്ടി ന്യായപ്രമാണത്തിന്റെ ചട്ടപ്രകാരം ചെയ്‌വാൻ അമ്മയപ്പന്മാർ അവനെ അകത്തു കൊണ്ടുചെന്നപ്പോൾ....

കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നതൊക്കെയും നിവർത്തിച്ചശേഷം അവർ ഗലീലയിൽ തങ്ങളുടെ പട്ടണമായ നസറെത്തിലേക്കു മടങ്ങിപ്പോയി. ലൂക്കോ 2:22,24, 27, 39

യോഹന്നാനിൽ:

ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്നു മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോടു കല്പിച്ചിരിക്കുന്നു; യോഹ 8:5

അങ്ങനെ തന്നെ:

ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; യോഹ 1:17

മോശയുടെ പുസ്തകങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു എന്നു പറയപ്പെട്ടിരിക്കുന്നതായ അത്തരം കാര്യങ്ങൾ ഈ വചനഭാഗങ്ങളിൽ നിന്നും കാണാവുന്നതാണ്, അവയെ ചില അവസരങ്ങളിൽ മോശയുടേതെന്നും ചില അവസരങ്ങളിൽ ന്യായപ്രമാണമെന്നും വിളിച്ചിരിക്കുന്നു

മത്താ 8:4, മർക്കോ 10:2–4, 12:19, ലൂക്കോ 20:28,37; യോഹ 3:14; 7:19, 51, 8:17; 19:7

കൽപിക്കപ്പെട്ടിരിക്കുന്ന അനവധി കാര്യങ്ങൾ മോശയുടെ ന്യായപ്രമണമെന്നു കൂടി വിളിക്കപ്പെട്ടിരിക്കുന്നു, ഇപ്രകാരം:

| | |
|---|---|
| ദഹനയാഗങ്ങളെ സമ്പന്ധിച്ച് | ലേവി 6:9; 7:37; |
| യാഗങ്ങളെ സംബന്ധിച്ച് | ലേവി 6:25, 7:1–11; |
| ഭോജന യാഗത്തെ സംബന്ധിച്ച് | ലേവി 6:14; |
| കുഷ്ഠരോഗത്തെ സംബന്ധിച്ച് | ലേവി 14:2; |
| പാതിവ്രത്യത്തെ സംബന്ധിച്ച് | സംഖ്യാ 5:29, 30; |
| നാസിർവ്രതത്തെ സംബന്ധിച്ച് | സംഖ്യാ 6:13, 21; |

മോശ തന്നെ തന്റെ പുസ്തകത്തെ ന്യയപ്രമാണമെന്ന് വിളിച്ചിരിക്കുന്നു:

അനന്തരം മോശെ ഈ ന്യായപ്രമാണം എഴുതി യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന ലേവ്യരായ പുരോഹിതന്മാരെയും യിസ്രായേലിന്റെ എല്ലാമൂപ്പന്മാരെയും ഏല്പിച്ചു.

യിസ്രായേൽ മുഴുവനും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ അവൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു വരുമ്പോൾ ഈ ന്യായപ്രമാണം എല്ലാ യിസ്രായേല്യരും കേൾക്കെ അവരുടെ മുമ്പാകെ വായിക്കേണം.

ഈ ന്യായപ്രമാണപുസ്തകം എടുത്തു നിങ്ങളുടെ ദൈവമായ യഹോവയുടെ നിയമ പെട്ടകത്തിന്നരികെ വെപ്പിൻ; അവിടെ അതു നിന്റെ നേരെ സാക്ഷിയായിരിക്കും. ആവ 31:9,11,26

പരിമിതാർത്ഥത്തിൽ ന്യായപ്രമാണമെന്ന പത്തുകൽപ്പനകൾ നിയമപേടകത്തിന്റെ ഉള്ളിൽ ആയിരുന്നതിനാൽ മോശയുടെ പുസ്തകം അതിനരികിൽ സ്ഥാപിക്കുകയായിരുന്നു. അതെ തുടർന്ന് മോശയുടെ പുസ്തകങ്ങളെ ന്യയപ്രമാണ പുസ്തകം എന്നു വിളിച്ചിരുന്നു.

> മഹാപുരോഹിതനായ ഹിൽക്കീയാവു രായസക്കാരനായ ശാഫാനോടു: ഞാൻ ന്യായപ്രമാണപുസ്തകം യഹോവയുടെ ആലയത്തിൽ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു. ഹിൽക്കീയാവു ആ പുസ്തകം ശാഫാന്റെ കയ്യിൽ കൊടുത്തു; അവൻ അതു വായിച്ചു. രാജാവു ന്യായപ്രമാണ പുസ്തകത്തിലെ വാക്യങ്ങളെ കേട്ടിട്ടു വസ്ത്രം കീറി; ഹിൽക്കീയാപുരോഹിതൻ യഹോവയുടെ ആലയത്തിൽ കണ്ടെത്തിയ പുസ്തകത്തിൽ എഴുതിയിരുന്ന ന്യായപ്രമാണ ത്തിന്റെ വാക്യങ്ങളെ നിവർത്തിപ്പാൻ തക്കവണ്ണം യോശീയാവു വെളിച്ചപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും ഗൃഹബിംബങ്ങളെയും മറ്റുവിഗ്രഹങ്ങളെയും യെഹൂദാദേശത്തും യെരൂശലേമിലും കണ്ട സകലമ്ലേച്ഛതകളെയും അശേഷം നശിപ്പിച്ചുകളഞ്ഞു.
>
> 2 രാജാ 22:8,11, 23:24

**10** 3 ആ ന്യായപ്രമാണത്തിനാൽ വചനത്തിന്റെ എല്ലാ കാര്യ ങ്ങളുമാണു അതിന്റെ വിശാലാർത്ഥത്തിൽ അർത്ഥമാക്കുന്നതെന്നത് ഈ വേദഭാഗങ്ങളിൽ നിന്ന് തെളിവാണു

> യേശു അവരോടു: നിങ്ങൾ ദേവന്മാർ ആകുന്നു എന്നു ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരി ക്കുന്നില്ലയോ? യോഹ 10:34

ഇതു സങ്കീർത്തനത്തിന്റെ 82:6 ൽ എഴുതിയിരിക്കുന്നു.

> പുരുഷാരം അവനോടു: ക്രിസ്തു എന്നേക്കും ഇരിക്കും എന്നു ഞങ്ങൾ ന്യായപ്രമാണത്തിൽ വായിച്ചു കേട്ടിരിക്കുന്നു;
>
> യോഹ 12:34

ഇതു സങ്കീ 110:4; ദാനി 7:11, 14 ൽ എഴുതിയിരിക്കുന്നു.

> അവർ വെറുതെ എന്നെ പകെച്ചു എന്നു അവരുടെ ന്യായപ്രമാണ ത്തിൽ എഴുതിയിരിക്കുന്ന വചനം നിവൃത്തിയാകേണ്ടതിന്നു തന്നേ.
>
> യോഹ 15:25

ഇതു സങ്കീ 35:19 ൽ എഴുതപ്പെട്ടിരിക്കുന്നു.

> പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?
>
> ന്യായപ്രമാണം അറിയാത്ത പുരുഷാരമോ ശപിക്കപ്പെട്ടവരാകുന്നു എന്നു ഉത്തരം പറഞ്ഞു. യോഹ 7:48, 49

ന്യായപ്രമാണത്തിൽ ഒരു പുള്ളി വീണുപോകുന്നതിനെക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നതു എളുപ്പം.

ലൂക്കോ 16:17

ഇവിടെ ന്യയപ്രമാണമെന്നതു എല്ലാ തിരുവെഴുത്തുകളുമാണു.

**11** തുടർന്നു വരുന്ന വേദഭാഗങ്ങളിൽ നിന്ന് ഉള്ളതുപോലെ ന്യായ പ്രമാണത്തിന്റെ എല്ലാ കാര്യങ്ങളും കർത്താവിനാൽ നിവൃത്തിച്ചു എന്നർത്ഥമാക്കുന്നത് വചനത്തിന്റെ എല്ലാ കാര്യങ്ങളും അവൻ നിവൃത്തിച്ചു എന്നാണ്. അവനാൽ തിരുവെഴുത്ത് നിവൃത്തിയായി എന്നത് എവിടെ പറയപ്പെട്ടരിക്കുന്നുവോ ആ കാര്യം അവിടെ സ്പഷ്ടമാണ്.

അവൻ വളർന്ന നസറെത്തിൽ വന്നു: ശബ്ബത്തിൽ തന്റെ പതിവു പോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റു നിന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു; അവൻ പുസ്തകം വിടർത്തി: ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു. പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരന്നു തിരികെ കൊടുത്തിട്ടു ഇരുന്നു; പള്ളിയിലുള്ള എല്ലാവരുടെയും കണ്ണു അവങ്കൽ പതിഞ്ഞിരുന്നു. അവൻ അവരോടു: ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി.

ലൂക്കോ 4:16–21

നിങ്ങൾ തിരുവെഴുത്തുകളെ ശോധനചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു. യോഹ 5:39

എന്നാൽ എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു എന്നുള്ള തിരുവെഴുത്തിന്നു നിവൃത്തി വരേണ്ട താകുന്നു. യോഹ 13:18

തിരുവെഴുത്തിന്നു നിവൃത്തി വരേണ്ടതിന്നു ആ നാശയോഗ്യനല്ലാതെ അവരിൽ ആരും നശിച്ചു പോയിട്ടില്ല.

യോഹ 17:12

നീ എനിക്കു തന്നവരിൽ ആരും നഷ്ടമായിപ്പോയിട്ടില്ല എന്നു അവൻ പറഞ്ഞ വാക്കിന്നു ഇതിനാൽ നിവൃത്തിവന്നു. യോഹ 18:9

യേശു അവനോടു: വാൾ ഉറയിൽ ഇടുക; വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചുപോകും.

എന്നാൽ ഇങ്ങനെ സംഭവിക്കേണം എന്നുള്ള തിരുവെഴുത്തുകൾക്കു എങ്ങനെ നിവൃത്തിവരും എന്നു പറഞ്ഞു.

എന്നാൽ ഇതു ഒക്കെയും പ്രവാചകന്മാരുടെ എഴുത്തുകൾ നിവൃത്തിയാകേണ്ടതിന്നു സംഭവിച്ചു എന്നു പറഞ്ഞു. അപ്പോൾ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ടു ഓടിപ്പോയി.

മത്താ 26: 52, 54, 56

മനുഷ്യപുത്രൻ പോകുന്നതു തന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു പോലെ തന്നേ സത്യം;

തിരുവെഴുത്തുകൾക്കു നിവൃത്തി വരേണ്ടതിന്നു ഇങ്ങനെ സംഭവിക്കുന്നു എന്നു പറഞ്ഞു. മർക്കോ 14:21, 49

അധർമ്മികളുടെ കൂട്ടത്തിൽ അവനെ എണ്ണി എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി. മർക്കോ 15 : 28; ലൂക്കോ 22:37

അവനെ അധർമ്മികളുടെ കൂട്ടത്തിൽ എണ്ണി എന്നു എഴുതിയിരിക്കുന്നതിന്നു ഇനി എന്നിൽ നിവൃത്തിവരേണം എന്നു ഞാൻ നിങ്ങളോടു പറയുന്നു; എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതിന്നു നിവൃത്തി വരുന്നു എന്നു പറഞ്ഞു. ലൂക്കോ 22:37

ഇതു കീറരുതു; ആർക്കു വരും എന്നു ചീട്ടിടുക എന്നു അവർ തമ്മിൽ പറഞ്ഞു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു എന്റെ അങ്കിക്കായി ചീട്ടിട്ടു എന്നുള്ളതിരുവെഴുത്തിന്നു ഇതി നാൽ നിവൃത്തി വന്നു.

യോഹ 19:24

അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തു നിവൃത്തിയാകും വണ്ണം: എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു. യോഹ 19:28

യേശു പുളിച്ചവീഞ്ഞു കുടിച്ചശേഷം: നിവൃത്തിയായി എന്നു പറഞ്ഞു തലചായ്ച്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു. യോഹ 19:30

അവന്റെ ഒരു അസ്ഥിയും ഒടിഞ്ഞുപോകയില്ല എന്നുള്ള തിരുവെഴുത്തു നിവൃത്തിയാകേണ്ടതിന്നു ഇതു സംഭവിച്ചു. അവർ കുത്തിയവങ്കലേക്കു നോക്കും എന്നു മറ്റൊരു തിരുവെഴുത്തും പറയുന്നു.

യോഹ 19:36, 37

അതേ സമയം തന്നെ ന്യയപ്രമാണമോ തിരുവെഴുത്തുകളോ നിവൃത്തിയായി എന്നു പറയാത്ത മറ്റിതര പ്രവാചക വേദഭാങ്ങളിൽ നിന്നുമിതു തെളിയിക്കപ്പെട്ടിട്ടുണ്ട്. മുഴു വചനവും തന്നെ കുറിച്ച് എഴുതപ്പെട്ടിരിക്കുന്നുവെന്നും അതു നിവർത്തിക്കുവാനായി തൻ വന്നു എന്നു കർത്താവു തന്നെ ഈ ലോകത്തിൽ നിന്ന് പോകുന്നതിന് മുമ്പായി തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു, ഇതു ഈ വചനങ്ങളിൽ സ്പഷ്ടമാണു: അവൻ അവരോടു: അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു

എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ! എന്നു പറഞ്ഞു.

> മോശെ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു. ലൂക്കോ 24:25–27

> പിന്നെ അവൻ അവരോടു: ഇതാകുന്നു നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്കു. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതു തന്നേ എന്നു പറഞ്ഞു. ലൂക്കോ 24:44

വചനത്തിന്റെ അതിന്റെ ഏറ്റവും പ്രത്യേക കാര്യങ്ങളും കർത്താവു ഈ ലോകത്തിൽ ആയിരുന്നപ്പോൾ നിവർത്തിച്ചു അവന്റെ സ്വന്തം വാക്കുകളിൽ നിന്നും ഇത് സ്പഷ്ടമാക്കുന്നു:

> സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല. മത്താ 5:18

ന്യായപ്രമാണത്തിന്റെ എല്ലാ കാര്യങ്ങളും കർത്താവു നിവർത്തിച്ചു എന്നതിനാൽ അവൻ പത്തു കൽപ്പനകൾ എല്ലാം നിവർത്തിച്ചു എന്നർത്ഥമാക്കുന്നില്ല പിന്നെയോ അവൻ വചനത്തിന്റെ എല്ലാ കാര്യങ്ങളും അവൻ നിവർത്തിച്ചു എന്നത് ഈ വേദഭാഗങ്ങളിൽ നിന്നും വ്യക്തമായി കാണാനായേക്കും.

## III

**നരകത്തെ അധീനപെടുത്തുവാനും തന്റെ മനുഷ്യത്വത്തെ മഹത്വപെടുത്തേണ്ടതിനുമായി കർത്താവു ഈ ലോകത്തിലേക്കു വന്നു; നരകങ്ങളെ അവൻ പൂർണ്ണമായി ജയിച്ചതിനായും തന്റെ മനുഷ്യത്വത്തെ പൂർണ്ണമായും മഹത്വീകരിക്കുന്നതിനായും വേണ്ടിയിരുന്ന അവസാന പോരാട്ടമായിരുന്നു ക്രൂശിലെ സഹനം.**

**12** നരകമെന്നർത്ഥമാക്കുന്ന മരണത്തെ കർത്താവു അതിജീവിച്ചുവെന്നും അനന്തരം അവൻ മഹത്വത്തോടെ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തുവെന്നും സഭയിൽ അറിവുള്ളതാണു. എന്നിരുന്നാലും പ്രലോഭനങ്ങളാകുന്ന പോരാട്ടങ്ങളാൽ മരണത്തേയും നരകത്തേയും അവൻ ജയിച്ചു എന്നതും അവയാൽ അവന്റെ മനുഷ്യത്വത്തെ മഹത്വീകരിച്ചു എന്നതും ഇതു വരെ അറിയപ്പെട്ടിട്ടില്ല. സങ്കീർത്തനങ്ങളിലും പ്രവാചക പുസ്തകങ്ങളിലും ഈ പോരാട്ടങ്ങൾ

കൂടുതലായി തെളിയിക്കപ്പെട്ടിരിക്കുന്നു എന്നിരുന്നാലും അധികമൊന്നും സുവിശേഷകരിൽ പ്രതിപദിക്കപ്പെട്ടിട്ടില്ല. ശൈശവം മുതൽ അവൻ സഹിച്ച പ്രലോഭനങ്ങൾ സുവിശേഷങ്ങളിൽ മരുഭൂമിയിലേയും അനന്തരം പിശാചിനാലും ഗത്സമനയിലും ക്രൂശിലുമുള്ള അവന്റെ കഷ്ടങ്ങളെന്ന് സംക്ഷിപ്ത രൂപത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. മരുഭൂമിയിലും അനന്തരം പിശാചിനാലും ഉള്ള അനേക പ്രലോഭനങ്ങളെ മത്താ 4:1-11 ലും മർക്കോ 1:12-13 ലും ലൂക്കോ 4:1-13 ലും ബന്ധപ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും അന്ത്യത്തോളമുള്ള അവന്റെ പ്രലോഭനങ്ങളെന്നാണു ഇവയെ അർത്ഥമാക്കുന്നതു. അവൻ തന്റെ ശിഷ്യരോട് അവയെ സമ്പന്ധിച്ചു അധികമൊന്നും വെളിപ്പെടുത്തിയിരുന്നില്ല യെശയ്യാവിൽ പറയപ്പെട്ടിരിക്കകന്നത്:

> അവൻ വായെ തുറക്കതിരുന്നിട്ടും അവൻ പീഠിപ്പിക്കപ്പെട്ടു... കൊല്ലാൻ കൊണ്ടുപോകുന്ന ആടിനേപോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനേ പോലെയും അവൻ വായ് തുറക്കതെ.... യെശ 53:7

ഗെത്സമെനയിലേയും ക്രൂശിലേയുമുള്ള പ്രലോഭനങ്ങളെ സമ്പന്ധിച്ചു മത്താ 26:1-11 ലും, മർക്കോ 14:32-43 ലും ലൂക്കോ 22:39-46 യോഹ 19:17-37 ലും ബന്ധപ്പെടുത്തിയിരിക്കുന്നു.

നരകങ്ങൾക്കെതിരായ പോരാട്ടങ്ങളേക്കാളേറെ മറ്റൊന്നുമല്ലായിരുന്നു പ്രലോഭനങ്ങൾ. ലണ്ടനിൽ പ്രസിദ്ധീകരിച്ച നവയെരുശലേമും അതിന്റെ സ്വർഗ്ഗീയ ഉപദേശവും എന്ന ലഘുപുസ്തകത്തിൽ കർത്താവിന്റെ പ്രലോഭനത്തേയും പോരാട്ടങ്ങളേയും സമ്പന്ധിച്ചു അതിന്റെ 20-302 ഉം അതേ പുസ്തകത്തിന്റെ 187-200 ഖണ്ഠികയിലും നോക്കുക.

**13** ക്രൂശിന്റെ സഹനത്താൽ കർത്താവു പൂർണമായും നരകങ്ങളെ കീഴടക്കിയതിനെ സമ്പന്ധിച്ച് യോഹന്നനിൽ അവൻ തന്നെ പഠിപ്പിക്കുന്നു:

> സത്താൻ മിന്നൽ പോലെ ആകാശത്തു നിന്ന് വീഴുന്നതു ഞൻ കണ്ടു. യോഹ 12:31

പീഢകൾ സംഭവിക്കാൻ പോകുന്ന സമയത്താണു ഇതു അവൻ പറഞ്ഞത്. അങ്ങനെ തന്നെ:

> ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നു. യോഹ 16:11

വീണ്ടും:എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. യോഹ 16:33

പിന്നെയും ലൂക്കോസിൽ:

> സത്താൻ മിന്നൽ പോലെ ആകാശത്തു നിന്ന് വീഴുന്നതു ഞൻ കണ്ടു. ലൂക്കോ 10: 18

ഈ വേദഭാഗങ്ങളിൽ ലോകത്തിനാലും, ലോകത്തിന്റെ പ്രഭുവെന്ന തിനാലും സാത്താനും പിശാചെന്നതിനാലും അർത്ഥമാക്കുന്നതു നരകത്തെയാണ്.

ആ ക്രൂശിലെ കഷ്ടതയാൽ കർത്താവു തന്റെ മനുഷ്യത്വത്തെ പൂർണമായും മഹത്വീകരിച്ചു എന്ന് അവൻ യോഹന്നനിൽ പഠിപ്പിക്കുന്നു.

> യൂദാ പോയ ശേഷം യേശു പറഞ്ഞതു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു; ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നു എങ്കിൽ ദൈവം അവനെ തന്നിൽ തന്നെ മഹത്വപ്പെടുത്തും: യോഹ 13:31–32

അങ്ങനെതന്നെ:

> പിതാവേ നാഴിക വന്നിരിക്കുന്നു, നിന്റെ പുത്രനെ മഹത്വപ്പെടുത്തണമേ; നിന്റെ പുത്രനും നിന്നെ മഹത്വപ്പെടുത്തേണ്ടതിനു തന്നെ.
>
> യോഹ 17:1–5

വീണ്ടും:

> ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു; പിതാവേ നിന്റെ നാമത്തെ മഹത്വപ്പെടുത്തണമേ; അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും: ഞാൻ
>
> മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും, എന്നൊരു ശബ്ദം ഉണ്ടായി. യോഹ 12:27–28

ലൂക്കോസിൽ

> ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ? ലൂക്കോ 24:26

അവന്റെ കഷ്ടങ്ങളും മഹത്വീകരണവും എന്നത് ദൈവത്വവും മനുഷ്യ ത്വവും ഐക്യപ്പെടുന്നതിനെ സംബന്ധിച്ചാണ്. ആ കാരണത്താലാണു അവനിൽ തന്നെ ദൈവം മഹത്വപ്പെടും എന്നു പറഞ്ഞിരിക്കുന്നത്.

**14** സ്വർഗ്ഗത്തിലും അങ്ങനെ തന്നെ ഭൂമിയിലും ഉള്ള എല്ലാ കാര്യ ങ്ങളും ലഘൂകരിച്ചു ക്രമപ്പെടുത്തുവാനായി കർത്താവു ഈ ലോകത്തി ലേക്കു വന്നു എന്നതു പ്രവാചകന്മാരുടെ പുസ്തകത്തിൽ മുൻകൂട്ടി പ്രവചി ച്ചിരുന്നു; ഇതു ഫലവത്തായി തീർന്നതു ലോകത്തിലേക്ക് വരികയും ഇവിടെ നിന്ന് പോവുകയും ചെയ്തിരുന്ന മനുഷ്യരെ ആക്രമിച്ചിരുന്നതായ നരകത്തിനെതിരായി പോരാടി അതിനെ കീഴടക്കിയതിനാൽ അവൻ അതിനാൽ നീതിയാവുകയും മനുഷ്യ വർഗ്ഗത്തെ രക്ഷിക്കയും ചെയ്തു; മറിച്ചായിരുന്നുവെങ്കിൽ അവർ രക്ഷിക്കപ്പെടുമായിരുന്നില്ല. ഈ വേദഭാഗങ്ങളുടെ ചിലതു മാത്രം ഇവിടെ തെളിയിക്കുന്നതാണു:

യെശയ്യാവിൽ:

എദോമിൽ നിന്നു, രക്താംബരം ധരിച്ചുകൊണ്ടു ബൊസ്രയിൽ നിന്നു വരുന്നോരിവൻ ആർ? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ? നീതിയെ അരുളിച്ചെയ്യുന്നവനും രക്ഷിപ്പാൻ വല്ലഭനുമായ ഞാൻ തന്നേ.

നിന്റെ ഉടുപ്പു ചുവന്നിരിക്കുന്നതെന്തു? നിന്റെ വസ്ത്രം മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതു പോലെ ഇരിക്കുന്നതെന്തു?

ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി; ജാതികളിൽ ആരും എന്നോടു കൂടെ ഉണ്ടായിരുന്നില്ല; എന്റെ കോപത്തിൽ ഞാൻ അവരെ ചവിട്ടി, എന്റെ ക്രോധത്തിൽ അവരെ മെതിച്ചു കളഞ്ഞു; അവരുടെ രക്തം എന്റെ വസ്ത്രത്തിൽ തെറിച്ചു; എന്റെ ഉടുപ്പൊക്കെയും മലിനമായിരിക്കുന്നു.

ഞാൻ ഒരു പ്രതികാര ദിവസം കരുതിയിരുന്നു; എന്റെ വിമുക്തന്മാരുടെ സംവത്സരം വന്നിരുന്നു.

ഞാൻ നോക്കി എങ്കിലും സഹായിപ്പാൻ ആരുമില്ലായിരുന്നു; ഞാൻ വിസ്മയിച്ചു നോക്കി എങ്കിലും തുണെപ്പാൻ ആരെയും കണ്ടില്ല; അതുകൊണ്ടു എന്റെ ഭുജം തന്നേ എനിക്കു രക്ഷ വരുത്തി; എന്റെ ക്രോധം തന്നേ എനിക്കു തുണനിന്നു. ഞാൻ എന്റെ കോപത്തിൽ ജാതികളെ ചവിട്ടി, എന്റെ ക്രോധത്തിൽ അവരെ തകർത്തു, അവരുടെ രക്തത്തെ ഞാൻ നിലത്തു വീഴ്ത്തിക്കളഞ്ഞു. യഹോവ നമുക്കു

നല്കിയതുപോലെ ഒക്കെയും ഞാൻ യഹോവയുടെ പ്രീതിവാത്സല്യത്തെയും യഹോവയുടെ സ്തുതിയെയും അവന്റെ കരുണക്കും മഹാദയക്കും ഒത്തവണ്ണം അവൻ യിസ്രായേൽ ഗൃഹത്തിന്നു കാണിച്ച വലിയ നന്മയെയും കീർത്തിക്കും.

അവർ എന്റെ ജനം, കപടം കാണിക്കാത്ത മക്കൾ തന്നേ എന്നു പറഞ്ഞു അവൻ അവർക്കു രക്ഷിതാവായിത്തീർന്നു.

അവരുടെ കഷ്ടതയിൽ ഒക്കെയും അവൻ കഷ്ടപ്പെട്ടു; അവന്റെ സമ്മുഖദൂതൻ അവരെ രക്ഷിച്ചു; തന്റെ സ്നേഹത്തിലും കനിവിലും അവൻ അവരെ വീണ്ടെടുത്തു; പുരാതനകാല ത്തൊക്കെയും അവൻ അവരെ ചുമന്നുകൊണ്ടു നടന്നു. യെശ 63:1–9

നരകങ്ങൾക്കെതിരായുള്ള കർത്താവിന്റെ പോരാട്ടങ്ങളെ സമ്പന്ധിച്ച് എഴുതിട്ടുള്ളതാണ് ഈ വാകൃങ്ങൾ. യഹൂദന്മാരാൽ അവനോടു ചെയ്ത അക്രമത്തിൽ അവന്റെ വസ്ത്രം ചുവന്നിരുന്നത് അവൻ മഹത്വ പൂർണ്ണനായിരുന്ന വസ്ത്രത്തെ അർത്ഥമാക്കുന്നതു വചനത്തെയാണ്. അവന്റെ ക്രോധത്തിൽ അവരെ മെതിച്ചു കളഞ്ഞുവെന്നും അവന്റെ കോപത്തിൽ അവരെ ചവിട്ടി കളഞ്ഞുവെന്നും വിവരിച്ചിരിക്കുന്നതു അവരുടെ മേലുള്ള വിജയവും നരകങ്ങൾക്കെതിരേയുള്ള പോരാട്ടത്തെ തന്നെ യുമാണ്. ജനങ്ങളിൽ ആരും അവനോടൊപ്പം ഉണ്ടായിരുന്നില്ല.. എന്റെ ഭു

ജം തന്നെ എനിക്കു രക്ഷ വരുത്തി... ഈ വാക്യങ്ങളിൽ വിവരി ക്കുന്നതു അവന്റെ സ്വന്തം ശക്തിയാൽ നരകത്തോടു പോരാടി ലോക ത്തിലേക്ക് വിജയം കൊണ്ടുവന്നു എന്നാണു. അവൻ അവർക്ക് രക്ഷിതാ വായി തീർന്നു, തന്റെ സ്നേഹത്തിലും കനിവിലും അവരെ വീണ്ടെടുത്തു എന്നീ വാക്യങ്ങളാൽ അങ്ങനെ അവൻ അവരെ വീണ്ടെടുത്തു മനുഷ്യ വർഗ്ഗത്തെ രക്ഷിച്ചു എന്നാണു. ഞാൻ ഒരു പ്രതികാര ദിവസം കരുതിയിരുന്നു, എന്റെ വിമുക്തന്മാരുടെ സംവൽസരം വന്നിരുന്നു എന്നീ വാക്യങ്ങളാൽ വിവരിക്കുന്നതു അവന്റെ വരവിന്റെ കാരണം ഇതായിരുന്നു എന്നതാണ്.

വീണ്ടും യെശയ്യാവിൽ:

> ആരും ഇല്ലെന്നു അവൻ കണ്ടു പക്ഷവാദം ചെയ്യുവാൻ ആരും ഇല്ലായ്കയാൽ ആശ്ചര്യപ്പെട്ടു; അതുകൊണ്ടു അവന്റെ ഭുജം തന്നേ അവന്നു രക്ഷവരുത്തി, അവന്റെ നീതി അവനെ താങ്ങി.
>
> അവൻ നീതി ഒരു കവചംപോലെ ധരിച്ചു രക്ഷ എന്ന തലക്കോരിക തലയിൽ ഇട്ടു; അവൻ പ്രതികാര വസ്ത്രങ്ങളെ ഉടുത്തു, തീക്ഷ്ണത ഒരു മേലങ്കിപോലെ പുതെച്ചു. എന്നാൽ സീയോന്നും യാക്കോബിൽ അതിക്രമം വിട്ടുതിരിയുന്നവർക്കും അവൻ വീണ്ടെടുപ്പുകാരനായി വരും എന്നു യഹോവയുടെ അരുളപ്പാടു.
>
> യെശ 59:16, 17, 20

അവൻ ഈ ലോകത്തിലായിരിക്കുമ്പോൾ നരകങ്ങൾക്കെതിരായുള്ള കർത്താവിന്റെ പോരാട്ടങ്ങളെ സമ്പന്ധിച്ചു കൂടി എഴുതിയിട്ടുള്ളതാണു ഈ വചനങ്ങൾ. ആരും ഇല്ലെന്ന് അവൻ കണ്ടു: അതുകൊണ്ട് അവന്റെ സ്വന്തം ഭുജം അവന് രക്ഷ വരുത്തി എന്നീ വക്യങ്ങളാൽ അവന്റെ സ്വന്തം ശക്തിയിൽ നിന്ന് ഏകനായി അവർക്കെതിരായി പോരാടി എന്നതാണു അർത്ഥമാക്കിയിരിക്കുന്നത്. അവന്റെ നീതി അവനെ താങ്ങി അവൻ നീതി ഒരു കവചംപോലെ ധരിച്ചു എന്നത് അവൻ നീതിയായി എന്നും, അവൻ മനുഷ്യവർഗ്ഗത്തെ രക്ഷിച്ചു എന്നും അപ്പോൾ അവൻ സീയോനിലേക്ക് വന്നു എന്നും അവരുടെ രക്ഷിതാവായി തീർന്നു എന്നും വിവരിച്ചി രിക്കുന്നു.

യിരെമ്യാവിൽ:

> അവർ ഭ്രമിച്ചു പിന്മാറിക്കാണുന്നതെന്തു? അവരുടെ വീരന്മാർ വെട്ടേറ്റു തിരിഞ്ഞു നോക്കാതെ മണ്ടുന്നു! സർവ്വത്രഭീതി എന്നു യഹോവയുടെ അരുളപ്പാടു.
>
> ആ ദിവസം സൈന്യങ്ങളുടെ യഹോവയായ കർത്താവു തന്റെ വൈരികളോടു പ്രതികാരം ചെയ്യുന്ന പ്രതികാര ദിവസം ആകുന്നു; വാൾ വേണ്ടുവോളം തിന്നുകയും അവരുടെ രക്തം കുടിച്ചു മദിക്കയും ചെയ്യും; യിരെ 46:5,10

അവർ ഭ്രമിച്ചു അവരുടെ വീരന്മാർ തിരിഞ്ഞു നോക്കാതെ മണ്ടുന്നു എന്ന വാക്യത്താൽ വിവരിക്കുന്നതു നരകങ്ങളോടുള്ള കർത്താവിന്റെ പോരാട്ടവും അവയുടെ മേലുള്ള അവന്റെ വിജയത്തേയുമാണ്. അവരുടെ വീരന്മാരേയും വിരോധികളേയും സൂചിപ്പിക്കുന്നതു നരകങ്ങളേയാണു അതിന്റെ കാരണം അവിടെ എല്ലാവരും കർത്താവിനെ ദ്വേഷിക്കുന്ന തിനാലാണു. ആ ദിവസം സൈന്യങ്ങളുടെ യഹോവയായ കർത്താവു വൈരികളോടു പ്രതികാരം ചെയ്യുന്ന പ്രതികാര ദിവസം ആകുന്നു എന്നതിനാൽ ഈ വാക്യങ്ങളാൽ അർത്ഥമാക്കുന്നതു അവന്റെ ഈ ലോകത്തിലേക്കുള്ള വരവ് ഈ ഉദ്ദ്യേശത്തിനു വേണ്ടിയായിരുന്നു എന്നാണ്. ഈ ദിവസമാണ് സൈന്യങ്ങളുടെ യഹോവയായ കർത്താവ് തന്റെ വൈരികളോട് പ്രതികാരം ചെയ്യുന്ന പ്രതികാര ദിവസം.

യിരെമ്യാവിൽ വീണ്ടും: അതുകൊണ്ടു അതിലെ യൗവനക്കാർ അതിന്റെ വീഥികളിൽ വീഴുകയും സകലയോദ്ധാക്കളും അന്നു നശിച്ചുപോകയും ചെയ്യും യിരെ 49:26

യോവേലിൽ:

യഹോവ തന്റെ സൈന്യത്തിനു മുമ്പിൽ മേഘനാദം കേൾ പ്പിക്കുന്നു.... യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു; അതു സഹിക്കാകുന്നവൻ ആർ? യോവേ 2:11

സെഫന്യാവിൽ:

എന്നാൽ യഹോവയുടെ യാഗസദ്യയുള്ള ദിവസത്തിൽ ഞാൻ പ്രഭുക്കന്മാരെയും രാജകുമാരന്മാരെയും അന്യദേശ വസ്ത്രം ധരിച്ചിരിക്കുന്ന ഏവരെയും സന്ദർശിക്കും.

ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, മേഘവും മൂടലും ഉള്ള ദിവസം.

ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി കാഹളനാദവും ആരവവും ഉള്ള ദിവസം തന്നേ.

സെഫ 1:8, 15, 16

സെഖരിയാവിൽ:

എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധദിവസത്തിൽ പൊരുതുന്നതു പോലെ ആ ജാതികളോടു പൊരുതും.

അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവു മലയിൽ നില്ക്കും;

നിങ്ങൾ എന്റെ മലകളുടെ താഴ്‌വരയിലേക്കു ഓടിപ്പോകും;

അന്നാളിൽ വെളിച്ചം ഉണ്ടാകയില്ല; ജ്യോതിർഗ്ഗോളങ്ങൾ മറഞ്ഞു പോകും.

യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും. സെഖ 14:3-6,9

ഈ സ്ഥലങ്ങളിലെല്ലാം പ്രതിപാദിക്കുന്നത് കർത്താവിന്റെ പോരട്ടങ്ങളേയും ആ ദിനമെന്നതിനാൽ അർത്ഥമാക്കുന്നത് കർത്താവിന്റെ വരവിനേയുമാണ്. കർത്താവു തങ്ങുവാൻ പതിവാക്കിയിരുന്ന സ്ഥലമായിരുന്നു യെരുശലേമിന് കിഴക്കു ള്ള ഒലിവു മല. കാണുക: മർക്കോ 13:3, 14:26, ലൂക്കോ 21:37, 22:39, യോഹ 8:1, കൂടാതെ മറ്റിടങ്ങളിലും...

സങ്കീത്തനങ്ങളിൽ:

മരണപാശങ്ങൾ എന്നെ ചുറ്റി; അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു. പാതാളപാശങ്ങൾ എന്നെ വളഞ്ഞു; മരണത്തിന്റെ കെണികളും എന്നെ തുടർന്നു പിടിച്ചു. അവൻ അസ്ത്രം എയ്തു അവരെ ചിതറിച്ചു; മിന്നൽ അയച്ചു അവരെ തോല്പിച്ചു. ഞാൻ എന്റെ ശത്രുക്കളെ പിന്തുടർന്നു പിടിച്ചു; അവരെ മുടിക്കുവോളം ഞാൻ പിന്തിരിഞ്ഞില്ല.

അവർക്കു എഴുന്നേറ്റു കൂടാത വണ്ണം ഞാൻ അവരെ തകർത്തു; അവർ എന്റെ കാൽകീഴിൽ വീണിരിക്കുന്നു.

യുദ്ധത്തിന്നായി നീ എന്റെ അരെക്കു ശക്തി കെട്ടിയിരിക്കുന്നു; എന്നോടു എതിർത്തവരെ എനിക്കു കീഴടക്കിയിരിക്കുന്നു.

എന്നെ പകെക്കുന്നവരെ ഞാൻ സംഹരിക്കേണ്ടതിന്നു നീ എന്റെ ശത്രുക്കളെ എനിക്കു പുറം കാട്ടുമാറാക്കി.

ഞാൻ അവരെ കാറ്റത്തെ പൊടിപോലെ പൊടിച്ചു; വീഥിക ളിലെ ചെളിയെപ്പോലെ ഞാൻ അവരെ കോരിക്കളഞ്ഞു.

സങ്കീ 18:4, 5, 14, 37, 49, 42

മരണപാശങ്ങളും മരണത്തിന്റെ കെണികളും ചുറ്റുകയും വളയുകയും ചെയ്തതു ഇവ നരകത്തിൽ നിന്നുള്ള പാതാള പാശങ്ങളായതിനാൽ അവ പ്രലോഭനങ്ങളെ കുറിക്കുന്നു. ഇവയും മുഴു സങ്കീർത്തനത്തിലെ ശേഷമുള്ള കാര്യങ്ങളും പ്രതിപാദിക്കുന്നതു കർത്താവിന്റെ പോരാട്ടങ്ങളേയും വിജയങ്ങളേയുമാണു. ആയതിനാൽ ഇതു കൂടി പറയപ്പെട്ടിരിക്കുന്നു.

ജനത്തിന്റെ കലഹങ്ങളിൽനിന്നു നീ എന്നെ വിടുവിച്ചു; ജാതികൾക്കു എന്നെ തലവനാക്കിയിരിക്കുന്നു; ഞാൻ അറിയാത്ത ജനം എന്നെ സേവിക്കുന്നു. സങ്കീ 18:43

സങ്കീർത്തനങ്ങളിൽ വീണ്ടും:

വീരനായുള്ളോവേ, നിന്റെ വാൾ അരെക്കു കെട്ടുക; നിന്റെ തേജസ്സും നിന്റെ മഹിമയും തന്നേ. നിന്റെ അസ്ത്രങ്ങൾ മൂർച്ചയുള്ളവയാകുന്നു; ജാ

തികൾ നിന്റെ കീഴിൽ വീഴുന്നു; രാജാവിന്റെ ശത്രുക്കളുടെ നെഞ്ചത്തു അവ തറെക്കുന്നു. ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു. നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതു കൊണ്ടു ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു.

സങ്കീ 45:3, 5, 6, 7

നരകങ്ങളോടുള്ള പോരാട്ടങ്ങളേയും അവയെ അധീനമാക്കു ന്നതിനേയും പ്രതിപാദിക്കുന്നതാണു ഈ വാക്യങ്ങൾ കർത്താവിന്റെ പോരാട്ടങ്ങളേയും അവന്റെ മഹത്വീകരണത്തേയും, അവനിലൂടെ വിശ്വസ്തരുടെ രക്ഷയേയും പ്രതിപാദിക്കുന്നതാണു മുഴു സങ്കീർത്തനങ്ങളും.

വീണ്ടും സങ്കീർത്തനങ്ങളിൽ:

> തീ അവന്നു മുമ്പായി പോകുന്നു; ചുറ്റുമുള്ള അവന്റെ വൈരികളെ ദഹിപ്പിക്കുന്നു. അവന്റെ മിന്നലുകൾ ഭൂതലത്തെ പ്രകാശിപ്പിക്കുന്നു; ഭൂമി കണ്ടു വിറെക്കുന്നു. യഹോവയുടെ സന്നിധിയിൽ, സർവ്വ ഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ, പർവ്വതങ്ങൾ മെഴുകു പോലെ ഉരുകുന്നു. ആകാശം അവന്റെ നീതിയെ പ്രസിദ്ധമാക്കുന്നു; സകല ജാതികളും അവന്റെ മഹത്വത്തെ കാണുന്നു.

സങ്കീ 97:3, 4, 5, 6

ഈ സങ്കീർത്തനം മുമ്പിലത്തെ വിഷയത്തേ പോലെയും അതെ മാതിരിയും കർത്താവിനെ പ്രതിപാദിക്കുന്നു.

വീണ്ടും സങ്കീർത്തനങ്ങളിൽ:

> യഹോവ എന്റെ കർത്താവിനോടു അരുളിച്ചെയ്യുന്നതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തു ഭാഗത്തിരിക്ക.
> നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽനിന്നു നീട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.
> നിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവു തന്റെ ക്രോധ ദിവസത്തിൽ രാജാക്കന്മാരെ തകർത്തുകളയും.
> അവൻ ജാതികളുടെ ഇടയിൽ ന്യായംവിധിക്കും; അവൻ എല്ലായിടവും ശവങ്ങൾകൊണ്ടു നിറെക്കും; അവൻ വിസ്താരമായ ദേശത്തിന്റെ തലവനെ തകർത്തുകളയും. സങ്കീ 110:1, 2, 5, 6

മത്തായി 22: 44 മർക്കോസ് 12:36 ലൂക്കോസ് 20:42 ലും കർത്താ വിനെക്കുറിച്ചു പറഞ്ഞിട്ടുള്ളതായ ഈ കാര്യങ്ങൾ അവന്റെ സ്വന്തം വാക്കുകളിൽ നിന്നും അതു സ്പഷ്ടമാക്കി. വലതു ഭാഗത്തു ഇരിക്കു ന്നതിനെ കുറിക്കുന്നതു സർവ്വശക്തിത്വത്തെയാണു; ശത്രുക്കളാൽ കുറിക്കുന്നതു നരകങ്ങളേയും; തിന്മയുടെ വ്യാജതയിലുള്ള അത്തരം ആളുകളെ രാജാകന്മാരെ

ന്നും; അവരെ കാൽ കീഴാക്കുന്നതിനാലും തന്റെ ക്രോധ ദിവസത്തിൽ അവരെ തകർത്തു കളയുമെന്നതിനാലും, എല്ലാ ഇടവും ശവങ്ങളെ കൊണ്ടു നിറക്കുമെന്നതിനാലും അർത്ഥമാക്കുന്നതു അവരുടെ ശക്തിയെ നശിപ്പിക്കുമെന്നതാണു, വിസ്താരമായ ദേശത്തിന്റെ തലവനെ തകർത്തു കളയുമെന്നതിനാൽ അർത്ഥമാക്കുന്നതു എല്ലാവരേയും മുടിച്ചു കളയുമെന്നാണു.

യാതൊരു ദൂതന്മാരുടേയും സഹായം കൂടാതെ ഏകനായി നരകങ്ങളെ കർത്താവു ജയിച്ചതു മുതൽ അവൻ അക്കാരണം കൊണ്ട് വീരപുരുഷനെന്നും, യുദ്ധപുരുഷനെന്നും വിളിക്കപ്പെട്ടിരിക്കുന്നു. യഹോവ ഒരു വീരനെപ്പോലെ പുറപ്പെടും; ഒരു യോദ്ധാവിനെപ്പോലെ തീക്ഷ്ണതയെ ജ്വലിപ്പിക്കും; യെശയ്യാവു 42:13, മഹത്വത്തിന്റെ രാജാവു ആർ? ബലവാനും വീരനുമായ യഹോവ യുദ്ധവീരനായ യഹോവ തന്നേ; മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്വത്തിന്റെ രാജാവു; സങ്കീർത്തനം 24:8, 10. യാക്കോബിന്റെ വല്ലഭന്നു, സങ്കീർത്തനം 132:2 മറ്റനേക സ്ഥലങ്ങളിൽ സൈന്യങ്ങളുടെ യെഹോവ എന്നും വിളിക്കപ്പെട്ടിരിക്കുന്നു.

മുകളിൽ നാലാം ഖണ്ഡികയിലെ തെളിയിക്കപ്പെട്ട വേദഭാഗങ്ങളിൽ നിന്നും കണ്ടിരിക്കുന്നതുപോലെ അവന്റെ വരവിനെ യെഹോവയുടെ ഭയങ്കര ദിവസമെന്നും, കഠിന ദിവസമെന്നും, കോപദിവസമെന്നും ക്രോധ ദിവസമെന്നും പ്രതികാര ദിവസമെന്നും. സംഹാര ദിവസമെന്നും യുദ്ധ ദിവസമെന്നും കാഹളത്തിന്റെ ദിവസമെന്നും അപായ സൂചനയുടേയും ആരവത്തിന്റേയും ദിവസമെന്നും കൂടി വിളിക്കപ്പെട്ടിരിക്കുന്നു. കർത്താവു ഈ ലോകത്തിലായിരുന്നപ്പോൾ നടപ്പാക്കിയ പോലെ ഒരു അന്ത്യ ന്യായവിധി ഫലവത്താക്കി തീർത്തതു നരകങ്ങളോടുള്ള പോരാട്ടത്താലും അവയെ അധീനപ്പെടുത്തിയതിനാലുമാണു, സങ്കീർത്തന ത്തിലെന്ന പോലെ അനവധി ഇടങ്ങളിൽ ന്യായവിധി നിവർത്തിക്കേണ്ടിയിരുന്നു. എന്ന് അരുളപ്പെട്ടിരുന്നു. അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടും കൂടെ വിധിക്കും. സങ്കീർത്തനം 96:13

അതുമതിരിയുള്ള വേദഭാഗങ്ങൾ അനവധി ഇടങ്ങളിലുണ്ട്. ഇവയെല്ലാം വചനത്തിന്റെ പ്രവചനഭാഗങ്ങളിൽ നിന്നുള്ള ഉദ്ധരണികളാണു. വിവിധ ദേശങ്ങളുമായുള്ള യിസ്രായേൽ മക്കളുടെ പോരാട്ടങ്ങളാൽ പ്രതിനിധീ കരിച്ചിട്ടുള്ള സമാനകാര്യങ്ങൾ വചനത്തിന്റെ ചരിത്രഭാഗങ്ങളിൽ ഉണ്ടെന്നിരിക്കിലും അവയെല്ലാം എഴുതപ്പെട്ടിരിക്കുന്നതു ചരിത്രവും പ്രവചനപരവും ആയ ഈ രണ്ടു കാര്യങ്ങളും കർത്താവിനെ പരിഗണിച്ചു കൊണ്ടു ഏഴുതപ്പെട്ടിട്ടുള്ളതാണു. ഈ കാരണത്താലാണു വചനം ദൈവീകമായിരിക്കുന്നതു. വിധികൾ, ചട്ടങ്ങൾ, ന്യായപ്രമാണ ങ്ങളെന്നു വിളിക്കുന്ന മോശയുടെ പുസ്തകങ്ങളിൽ മറ്റിതര വിഷയങ്ങളുടേതു പോ

ലെ ലേവ്യ-അഹരോന്യ പൗരോഹിത്യത്തിലും, ശബത്തുകളിലും അതിന്റെ ഉൽസവങ്ങളിലും, യാഗങ്ങളിലും, ദഹന വഴിപാടുകളിലും എന്ന പോലെ യിസ്രായേല്യരുടെ ആചാരങ്ങളിൽ കർത്താവിന്റെ മഹത്വീ കരണത്തിന്റെ അനേക രഹസ്യങ്ങൾ ഉള്ളടങ്ങിയിരിക്കുന്നു. യെഹൂദ രോടും ശിഷ്യന്മാരോടും പറയുന്ന വാക്കുകളിൽ ഇതു തന്നെയാണു സുഗ്രാഹ്യമായിരിക്കുന്നതു.

> മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതു തന്നേ എന്നു പറഞ്ഞു
>
> ലൂക്കോ 24:44

> നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു; മോശ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു.
>
> യോഹ 5:46

ഇതിൽ നിന്നെല്ലാം സ്പഷ്ടമാകുന്നതു കർത്താവു ഈ ലോക ത്തിലേക്കു വന്നത് നരകങ്ങളെ അധീനമാക്കുവാനും തന്റെ മനു ഷ്യത്വത്തെ മഹത്വീകരീക്കുവാനുമായിരുന്നു. നരകങ്ങളെ ജയിക്കയാലും തന്റെ മനുഷ്യത്വത്തെ മഹത്വീകരിക്കയാലും ക്രൂശിലെ സഹനം കർത്താവിന്റെ അന്ത്യപോരാട്ടമായിരുന്നു. എന്നിരുന്നാലും ഇതു തുടരുന്നതിനായി തിരുവെഴുത്തുകളെ സംബന്ധിച്ചുള്ള പ്രബന്ധത്തിൽ കൂടുതൽ ഈ വിഷയത്തിന്മേൽ കാണാവുന്നതാണ്. കർത്താവിന്റെ കഷ്ടങ്ങളേയും അവന്റെ മനുഷ്യത്വത്തിന്റെ മഹത്വീകരണത്തേയും സംബന്ധിക്കുന്ന വേദഭാഗങ്ങളെ പോലെ തന്നെ ഈ പ്രബന്ധത്തിൽ നരകങ്ങളോടുള്ള കർത്താവിന്റെ പോരാട്ടങ്ങളേയും അതിന്മേൽ അവന്റെ വിജയങ്ങളെ കുറിക്കുന്ന അഥവാ അവൻ ഈ ലോകത്തിൽ ആയിരു ന്നപ്പോൾ നിവർത്തിച്ചതായ ന്യായവിധിയേയോ കുറിച്ചോ ഉള്ള സമാന കാര്യങ്ങൾ പ്രവചന വചനത്തിൽ എല്ലാ വേദവാക്യങ്ങളും ഒന്നായി സമാഹരിക്കുന്നതായിരിക്കും. ഈ കാര്യങ്ങൾ അനവധിയായി ഉദ്ധരിച്ചി ട്ടുള്ളതു കൊണ്ട് താളുകൾ അധികമായി വേണ്ടി വരും.

**4**

## ക്രൂശിന്റെ സഹനത്താൽ കർത്താവു പാപങ്ങളെ എടുത്തു കളഞ്ഞിരുന്നില്ല പിന്നെയോ അവയെ വഹിക്കുകയായിരുന്നു

**15** ക്രൂശിന്റെ സഹനത്താൽ കർത്താവു പാപങ്ങളെ എടുത്തു കളഞ്ഞു പിതാവിനെ തൃപ്തിപ്പെടുത്തി അങ്ങനെ മനുഷ്യ വർഗ്ഗത്തെ വീണ്ടെടുത്തു എന്ന് വിശ്വസിക്കുന്നവരായ ചിലർ സഭയിൽ ഉണ്ട്. അവനിൽ വിശ്വാസമുള്ള അത്തരം ആളുകളുടെ പാപങ്ങൾ അവൻ തന്നിലേക്കു തന്നെ പകർന്നിട്ടു അവയെ ചുമന്നു നരകമാകുന്ന

സമുദ്രത്തിന്റെ ആഴിയിലേക്കു ഇട്ടുകളഞ്ഞു എന്നു വിശ്വസിക്കുന്നവരും ഉണ്ട്. അവരിൽ തന്നെ ഈ വിശ്വാസം ഉറപ്പിച്ചിരിക്കുന്നതു, യേശുവിനെ സംബന്ധിച്ച് സ്നാപക യോഹന്നാന്റെ വാക്കുകളിൽ അവരുടെ ഈ വിശ്വാസം തീർച്ചപ്പെടുത്തിയിട്ടുള്ളതു കൊണ്ടാണ.:

ഇതാ ലോകത്തിന്റെ പാപങ്ങൾ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
യോഹ 1:29

പിന്നെയും യെശയ്യാവിലുള്ള കർത്താവിന്റെ വചനങ്ങളാലുമാണു:

സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു.

എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.

നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി.

തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു

അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു; ജീവനുള്ളവരുടെ ദേശത്തുനിന്നു അവൻ ഛേദിക്കപ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവന്നു ദണ്ഡനം വന്നു എന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു?

അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന്നു ദുഷ്ടന്മാരോടുകൂടെ ശവക്കുഴി കൊടുത്തു; അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെ ആയിരുന്നു.

എന്നാൽ അവനെ തകർത്തുകളവാൻ യഹോവെക്കു ഇഷ്ടം തോന്നി; അവൻ അവന്നു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും.

അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും; നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ടു പലരെയും നീതീകരിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും.

അതുകൊണ്ടു ഞാൻ അവന്നു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണത്തിന്നു ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇട നിന്നും കൊണ്ടു അതിക്രമക്കാരോടു കൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നേ.

യെശ 53:4–12

കർത്താവിന്റെ പ്രലോഭനങ്ങളുടേയും കഷ്ടങ്ങളുടേയും ബന്ധപ്പെ ട്ടിട്ടുള്ളതാണു ഈ രണ്ടു വേദഭാഗങ്ങളും; മനുഷ്യവർഗ്ഗത്തിന്റെ പാപ ങ്ങളേയും വ്യാകുലങ്ങളേയും ചുമക്കുന്നതിനേയും, നമ്മുടെ അതിക്രമ ങ്ങളെ അവന്റെ മേൽ ഇട്ടു എന്നർത്ഥമാക്കുന്നതും വ്യാകുലങ്ങളേയും അതിക്രമങ്ങളേയും ചുമന്നു എന്നതു തന്നെയാണു അർത്ഥമാക്കുന്നതും.

ആയതിനാൽ അതിക്രമങ്ങളെ വഹിച്ചു എന്നതു ഒന്നാമതും അനന്തരം അവയേ എടുത്തു കളഞ്ഞുവെന്നതു അർത്ഥമാക്കുന്നതു എന്താണു എന്നതും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നീണ്ടു നിന്ന വേദനാജനകമായ പ്രലോഭനങ്ങളേക്കാളേറെ മറ്റൊന്നുമല്ല അതിക്രമങ്ങളെ വഹിച്ചു എന്നതിനാൽ അർത്ഥക്കുന്നതു; അവൻ വചനമായിരുന്നതു കൊണ്ട് വചനത്തോടു യെഹൂദർ പെരുമാറിയതു പോലെ അവർ അവനോടും ചെയ്തത് അവൻ സഹിച്ചു എന്നു കൂടി അർത്ഥമാക്കുന്നു. അക്കാലത്തെ യെഹൂദരോടൊപ്പം ഉണ്ടായിരുന്ന സഭ നിശേഷം തകർന്നിരുന്നു, അവിടെ ഒരു സത്യവും ശേഷിക്കാതെ അത്രത്തോളം വചനത്തിന്റെ എല്ലാക്കാര്യ ങ്ങളും വികടമാക്കി കളഞ്ഞതിനാൽ അത് തകർന്നിരുന്നു, അക്കാരണ ത്താൽ അവർ കർത്താവിനെ അംഗീകരിച്ചിരുന്നില്ല. കർത്താവിന്റെ എല്ലാ അവസ്ഥകളേയും അർത്ഥമാക്കുന്നതും കുറിക്കുന്നതും ഇതാണു. വചനമായിരുന്ന കർത്താവിനെ പ്രവാചകന്മാർ പ്രതിനിധീകരിച്ചിരുന്നതു കൊണ്ട് അവരോടും സഭയോടും അങ്ങനെ തന്നേയായിരുന്നു പെരുമാ റിയിരുന്നത് മാത്രവുമല്ല കർത്താവു താൻ തന്നെ പ്രവാചകനായിരുന്നു.

ഈ വേദഭാഗങ്ങളിൽ നിന്നും കർത്താവു താൻ തന്നെ പ്രവാചകനായിരുന്നതു തെളിയുന്നു:

യേശു അവരോടു: ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്ത ഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു.

മത്താ 13:57, മർക്കോ 6:4, ലൂക്കോ 4:24

എങ്കിലും ഇന്നും നാളെയും മറ്റെന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു; യെരൂശലേമിന്നു പുറത്തുവെച്ചു ഒരു പ്രവാചകൻ നശിച്ചുപോകുന്നതു അസംഭവ്യമല്ലോ എന്നു പറവിൻ

ലൂക്കോ 13:33

പുരുഷാരത്തിൽ പലരും ആ വാക്കു കേട്ടിട്ടു: ഇവൻ സാക്ഷാൽ ആ പ്രവാചകൻ ആകുന്നു എന്നു പറഞ്ഞു. യോഹ 7:40

എല്ലാവർക്കും ഭയംപിടിച്ചു: ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വീകരിച്ചു. ലൂക്കോ 7:16

നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാച കനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു തരും; അവന്റെ വചനം നിങ്ങൾ കേൾക്കേണം. ആവ 18:15–19

പ്രവാചകന്മാരോടു ചെയ്തതായിരിക്കുന്ന സമാനമായ കാര്യങ്ങൾ താഴെ തുടർന്നു വരുന്നതായ ഭാഗങ്ങളിൽ നിന്നും സ്പഷ്ടമാക്കുന്നതാണു. സഭയുടെ അവസ്ഥയെ പ്രതിനിധീകരിക്കുവാൻ യെശയ്യാ പ്രവാചകനോട് കല്പ്പിക്കപ്പെട്ടിരുന്നു.

ആ കാലത്തു തന്നേ, യഹോവ ആമോസിന്റെ മകനായ യെശയ്യാവോടു: നീ ചെന്നു നിന്റെ അരയിൽ നിന്നു രട്ടുശീല അഴിച്ചു വെച്ചു കാലിൽനിന്നു ചെരിപ്പും ഊരിക്കളക എന്നു കല്പിച്ചു; അവൻ അങ്ങനെ ചെയ്തു നഗ്നനായും ചെരിപ്പിടാതെയും നടന്നു. യെശ 20:2–3

സഭയുടെ അവസ്ഥയെ പ്രതിനിധീകരിക്കുവാൻ യിരെമ്യാ പ്രവാചകനോട് കല്പ്പിക്കപ്പെട്ടിരുന്നു.

യഹോവ എന്നോടു: നീ ചെന്നു, ഒരു ചണനൂൽക്കച്ച വാങ്ങി നിന്റെ അരെക്കു കെട്ടുക; അതിനെ വെള്ളത്തിൽ ഇടരുതു എന്നു കല്പിച്ചു.

അങ്ങനെ ഞാൻ യഹോവയുടെ കല്പനപ്രകാരം ഒരു കച്ച വാങ്ങി അരെക്കു കെട്ടി.

യഹോവയുടെ അരുളപ്പാടു രണ്ടാം പ്രാവശ്യം എനിക്കുണ്ടായതെന്തെന്നാൽ: നീ വാങ്ങി അരെക്കു കെട്ടിയ കച്ച എടുത്തു പുറപ്പെട്ടു ഫ്രാത്തിന്നരികത്തു ചെന്നു, അവിടെ ഒരു പാറയുടെ വിള്ളലിൽ ഒളിച്ചു വെക്കുക.

യഹോവ എന്നോടു കല്പിച്ചതു പോലെ ഞാൻ ചെന്നു അതു ഫ്രാത്തിന്നരികെ ഒളിച്ചുവെച്ചു.

ഏറിയ നാൾ കഴിഞ്ഞശേഷം യഹോവ എന്നോടു: നീ പുറപ്പെട്ടു ഫ്രാത്തിന്നരികെ ചെന്നു, അവിടെ ഒളിച്ചുവെപ്പാൻ നിന്നോടു കല്പിച്ച കച്ച എടുത്തുകൊൾക എന്നരുളി ച്ചെയ്തു.

അങ്ങനെ ഞാൻ ഫ്രാത്തിന്നരികെ ചെന്നു, ഒളിച്ചുവെച്ചിരുന്ന സ്ഥലത്തു നിന്നു കച്ച മാന്തി എടുത്തു; എന്നാൽ കച്ച കേടുപിടിച്ചു ഒന്നിന്നും കൊള്ളരുതാതെ ആയിരുന്നു. യിരെ 13:1–7

സഭയുടെ അതേ അവസ്ഥയെ പ്രവാചകനും പ്രതിനിധീകരിച്ചു.

ഈ സ്ഥലത്തു നീ ഭാര്യയെ പരിഗ്രഹിക്കരുതു; നിനക്കു പുത്രന്മാരും പുത്രിമാരും ഉണ്ടാകയും അരുതു. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ ദുഃഖഭവനത്തിൽ ചെല്ലരുതു; വിലപിപ്പാൻ

പോകരുതു; അവരോടു സഹതാപം കാണിക്കയും അരുതു; ഞാൻ എന്റെ സമാധാനവും ദയയും കരുണയും ഈ ജനത്തിൽനിന്നു നീക്കിക്കളഞ്ഞു എന്നു യഹോവയുടെ അരുളപ്പാടു.
അവരോടുകൂടെ ഇരുന്നു ഭക്ഷിപ്പാനും പാനം ചെയ്വാനും നീ വിരുന്നു വീട്ടിലേക്കു പോകരുതു. യിരെ 16:2, 5, 8

സഭയുടെ അവസ്ഥയെ പ്രതിനിധീകരിക്കുവാൻ യെഹെസ്ക്കേൽ പ്രവചകനോടു കൽപ്പിച്ചിരുന്നു.

മനുഷ്യപുത്രാ, നീ മൂർച്ചയുള്ളോരു വാൾ എടുത്തു ക്ഷൗരക്കത്തിയായി പ്രയോഗിച്ചു നിന്റെ തലയും താടിയും ക്ഷൗരം ചെയ്ക; പിന്നെ തുലാസ്സു എടുത്തു രോമം തൂക്കി വിഭാഗിക്ക.
നിരോധകാലം തികയുമ്പോൾ മൂന്നിൽ ഒന്നു നീ നഗരത്തിന്റെ നടുവിൽ തീയിൽ ഇട്ടു ചുട്ടുകളയേണം; മൂന്നിൽ ഒന്നു എടുത്തു അതിന്റെ ചുറ്റും വാൾകൊണ്ടു അടിക്കേണം; മൂന്നിൽ ഒന്നു കാറ്റത്തു ചിതറിച്ചുകളയേണം; അവയുടെ പിന്നാലെ ഞാൻ വാളൂരും;
അതിൽനിന്നു കുറഞ്ഞോരു സംഖ്യ നീ എടുത്തു നിന്റെ വസ്ത്രത്തിന്റെ കോന്തലെക്കൽ കെട്ടേണം.
ഇതിൽനിന്നു പിന്നെയും നീ അല്പം എടുത്തു തീയിൽ ഇട്ടു ചുട്ടുകളയേണം; അതിൽനിന്നു യിസ്രായേൽ ഗൃഹത്തിലേക്കെല്ലാം ഒരു തീ പുറപ്പെടും.
യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതു യെരൂശലേം ആകുന്നു; ഞാൻ അതിനെ ജാതികളുടെ മദ്ധ്യേ വെച്ചിരിക്കുന്നു; അതിന്നു ചുറ്റും രാജ്യങ്ങൾ ഉണ്ടു. യെഹെ 5: 1–5

അതേ പ്രവകനെ തന്നെ സഭയുടെ അവസ്ഥയെ പ്രതിനിധീകരിക്കുവാൻ കൽപ്പിച്ചിരുന്നു.

ആകയാൽ മനുഷ്യപുത്രാ, നീ യാത്രക്കോപ്പു ഒരുക്കി പകൽ സമയത്തു അവർ കാൺകെ പുറപ്പെടുക; അവർ കാൺകെ നിന്റെ സ്ഥലം വിട്ടു മറ്റൊരു സ്ഥലത്തേക്കു യാത്ര പുറപ്പെടുക; മത്സരഗൃഹമെങ്കിലും പക്ഷേ അവർ കണ്ടു ഗ്രഹിക്കുമായിരിക്കും.
യാത്രക്കോപ്പുപോലെ നിന്റെ സാമാനം നീ പകൽസമയത്തു അവർ കാൺകെ പുറത്തു കൊണ്ടുവരേണം; വൈകുന്നേരത്തു അവർ കാൺകെ പ്രവാസത്തിന്നു പോകുന്നവരെപ്പോലെ നീ പുറപ്പെ ടേണം. അവർ കാൺകെ നീ മതിൽ കുത്തിത്തുരന്നു അതിൽകൂടി അതു പുറത്തു കൊണ്ടുപോകേണം. അവർ കാൺകെ നീ അതു തോളിൽ ചുമന്നു കൊണ്ടു ഇരുട്ടത്തു യാത്രപുറപ്പെടേണം; നിലം കാണാത വണ്ണം നിന്റെ മുഖം മൂടിക്കൊള്ളേണം; ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന്നു ഒരു അടയാളം ആക്കിയിരിക്കുന്നു. എന്നോടു കല്പിച്ചതു പോലെ ഞാൻ ചെയ്തു; യാത്രക്കോപ്പുപോലെ ഞാൻ എന്റെ സാമാനം പകൽസമയത്തു പുറത്തു കൊണ്ടു വന്നു, വൈകുന്നേരത്തു ഞാൻ

എന്റെ കൈകൊണ്ടു മതിൽ കുത്തിത്തുരന്നു ഇരുട്ടത്തു അതു പുറത്തു കൊണ്ടു വന്നു, അവർ കാൺകെ തോളിൽ ചുമന്നു. ഞാൻ നിങ്ങൾക്കു ഒരടയാളമാകുന്നു എന്നു നീ പറക; ഞാൻ ചെയ്തതുപോലെ അവർക്കു ഭവിക്കും; അവർ നാടുകടന്നു പ്രവാസത്തിലേക്കു പോകേണ്ടിവരും. യെഹെ 12: 3–7, 11

സഭയുടെ അവസ്ഥയെ പ്രതിനിധീകരിക്കുവാൻ ഹോശയ പ്രവചകനോടു കൽപ്പിച്ചിരുന്നു.

നീ ചെന്നുപരസംഗം ചെയ്യുന്ന ഒരു ഭാര്യയെയും.. അവൻ അവളെ പരിഗ്രഹിക്കയാൽ മൂന്നു മക്കളെ പ്രസവിച്ചു അവൾ പിന്നെയും ഗർഭം ധരിച്ചു ഒരുമകളെ പ്രസവിച്ചു. യഹോവ അവനോടു: അവൾക്കു ലോരൂഹമാ (കരുണ ലഭിക്കാത്തവൾ) അവൾ ലോരൂഹമയെ മുലകുടി മാറ്റിയശേഷം ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു അപ്പോൾ യഹോവ: അവന്നു ലോ–അമ്മീ (എന്റെ ജനമല്ല) എന്നു പേർ വിളിക്ക; ഹോശ 1:2–9

വീണ്ടും അദ്ദേഹത്തോടു കൽപ്പിച്ചിരുന്നു.

ഇനിയും ചെന്നു ഒരു ജാരനാൽ സ്നേഹിക്കപ്പെട്ടു വ്യഭിചാരിണിയായിരിക്കുന്ന സ്ത്രീയെ സ്നേഹിച്ചു കൊണ്ടിരിക്ക എന്നു കല്പിച്ചു. അങ്ങനെ ഞാൻ അവളെ പതിനഞ്ചു വെള്ളിക്കാശിന്നും ഒന്നര ഹോമെർ യവത്തിന്നും മേടിച്ചു അവളോടു: ഹോശ 3: 1–2

സഭയുടെ അവസ്ഥയെ പ്രതിനിധീകരിക്കുവാൻ യെഹെസ്ക്കേൽ പ്രവചകനോടു കൽപ്പിച്ചിരുന്നു.

മനുഷ്യപുത്രാ, നീ ഒരു ഇഷ്ടിക എടുത്തു നിന്റെ മുമ്പിൽ വെച്ചു അതിൽ യെരൂശലേം നഗരം വരെച്ചു, അതിന്റെ നേരെ കൊത്തളം പണിതു വാടകോരി പാളയം അടിച്ചു ചുറ്റും യന്ത്രമുട്ടികളെ വെക്കുക. പിന്നെ ഒരു ഇരുമ്പുചട്ടി എടുത്തു നിനക്കും നഗരത്തിന്നും മദ്ധ്യേ ഇരിമ്പുമതിലായി വെക്കുക;
പിന്നെ നീ ഇടത്തുവശം ചരിഞ്ഞു കിടന്നു യിസ്രായേൽ ഗൃഹത്തിന്റെ അകൃത്യം അതിന്മേൽ ചുമത്തുക; അങ്ങനെ മുന്നൂറ്റി തൊണ്ണൂറു ദിവസം നീ യിസ്രായേൽ ഗൃഹത്തിന്റെ അകൃത്യം വഹിക്കേണം. ഇതു തികെച്ചിട്ടു നീ വലത്തുവശം ചരിഞ്ഞു കിടന്നു യെഹൂദാഗൃഹത്തിന്റെ അകൃത്യം നാല്പതു ദിവസം വഹിക്കേണം; നീ കോതമ്പും യവവും അമരയും ചെറുപയറും തിനയും ചോളവും എടുത്തു ഒരു പാത്രത്തിൽ ഇട്ടു അവകൊണ്ടു അപ്പം ഉണ്ടാക്കുക; ദിവസങ്ങളുടെ എണ്ണത്തിന്നൊത്ത വണ്ണം മുന്നൂറ്റിതൊണ്ണൂറു ദിവസം അതു തിന്നേണം
നീ അതു യവദോശപോലെ തിന്നേണം; അവർ കാൺകെ നീ മാനുഷമലമായ കാഷ്ഠം കത്തിച്ചു അതു ചുടേണം. നോക്കുക മാനുഷകാഷ്ഠത്തിന്നു പകരം ഞാൻ നിനക്കു പശുവിൻ ചാണകം

അനുവദിക്കുന്നു; അതു കത്തിച്ചു നിന്റെ അപ്പം ചുട്ടുകൊൾക എന്നു കല്പിച്ചു. യെഹെ 4 : 1-15

കൂടാതെ സെദ്ദെക്ക്യാവിനെ പോലെ പ്രവചകന്മാർ മറ്റ് പ്രതിനിധ്യങ്ങൾ വഹിച്ചിരുന്നു.

അവൻ തനിക്കുവേണ്ടി തന്നെ ഉണ്ടാക്കിയ ഇരുമ്പ് കൊമ്പിനാൽ. 1 രാജാ 22:11

മറ്റൊരു പ്രവാചകൻ:

പ്രവാചകൻ കണ്ണിന്മേൽ തലപ്പാവു മൂടുന്നതിനാലും, അടിപ്പിക്കുന്നതിനാലും മുറിപ്പെടുത്തുന്നതിനാലും. 1 രാജാ 20:35, 38

പൊതുവിൽ, ഒരു രോമവസ്ത്രം ധരിക്കുന്നതിനാൽ അക്ഷരീക അർത്ഥമായിരിക്കുന്ന ആത്യന്തിക അർത്ഥത്തിൽ വചനത്തെ പ്രവാചകന്മാർ പ്രാതിനിധ്യം ചെയ്തിരുന്നു. സഖ 13:4

അക്കാരണത്താൽ ഏലിയാവ്:

അവൻ രോമവസ്ത്രം ധരിച്ചു അരെക്കു തോൽവാറു കെട്ടിയ ആളായിരുന്നു. 2 രാജ 1:8

അതുപോലെ തന്നെ സ്നാപക യോഹന്നാനും,

യോഹന്നാന്നു ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ഉണ്ടായിരുന്നു; മത്താ 3:4

സഭ വചനത്തിൽ നിന്നാകുന്നതു കൊണ്ടു അതിന്റെ വിശ്വാസത്തേയും ജീവനേയും സ്വീകരിക്കുന്നതിനനുസരിച്ചു ഒന്നിനെ പ്രാതിനിധ്യം ചെയ്യുന്നതു പോലെ ഒരുവൻ മറുവശവും പ്രാതിനിധ്യം ചെയ്യുന്നു, ഈ കാര്യങ്ങളിൽ നിന്നും പ്രവാചകന്മാർ സഭയുടെ അവസ്ഥയേയും വചനത്തേയും തന്നെ പ്രതിനിധ്യം ചെയ്യുന്നു എന്ന് സ്പഷ്ടമാണു. ആയതുകൊണ്ട് ഇരു നിയമ പുസ്തകങ്ങളിൽ എവിടെയെല്ലാം പ്രവാചകന്മാർ എന്നു പരാമർശിക്കപ്പെട്ടിട്ടുണ്ടോ അവരെ വചനദത്തമായ സഭയുടെ ഉപദേശമെന്ന് കൂടി അർത്ഥമാക്കുന്നു. എന്നിരുന്നാലും കർത്താവിനെ വചനവും സഭയെ തന്നെ കുറിക്കുന്നു.

**16** ജനത്തിന്റെ പാപങ്ങളും അതിക്രമങ്ങളും പ്രവാചകന്മാർ വഹിച്ചു എന്നതിനാൽ അർത്ഥമാക്കുന്നതെന്തെന്നാൽ അവരിൽ വചനത്തിൽ നിന്നുള്ള സഭയുടെ അവസ്ഥയെ പ്രതിനിധീകരിച്ചതു പോലെയെന്നാണു, യെശയ്യ പ്രവചനത്തിൽ പറഞ്ഞതിൽ നിന്നും ഇതു സ്പഷ്ടമാകുന്നു.

അവൻ അങ്ങനെ ചെയ്തു നഗ്നനായും ചെരിപ്പിടാതെയും നടന്നു. യെശയാവു 20:3.

യെഹെസ്ക്കിയെൽ പ്രവാചകനിലും:

> പുറത്തു കൊണ്ടുവരേണ്ടതിനായി യാത്രകോപ്പ് കൊണ്ടു വന്നു... അങ്ങനെ അവൻ നിലം കാണാതിരിക്കേണ്ടതിനായി മുഖം മറച്ചു. അങ്ങനെ അവൻ യിസ്രായെൽ ഗൃഹത്തിന് ഒരാടയാളമായി പിന്നേയും പറഞ്ഞു ഞാൻ നിനക്കൊരു അടയാളമാണ്...
>
> യെഹെ 12:3–11

മുന്നൂറ്റി തൊണ്ണൂറു ദിവസം തന്റെ ഇടതു വശത്തേക്കും നാൽപ്പതു ദിവസം തന്റെ വലതു വശത്തേക്കും തിരിഞ്ഞു കിടക്കുവാനും, ചാണകത്തിൻ മേൽ ചുട്ട യവത്തപ്പം തിന്നുവാനും അവനോട് കൽപ്പിക്കപ്പെട്ടപ്പോൾ യെഹെസ്ക്കിയേലിൽ പ്രത്യക്ഷമായി യാഥാർത്ഥ്യമാക്കുന്നതു അവരുടെ അതിക്രമങ്ങൾ വഹിക്കുകയായിരുന്നു എന്നതായിരുന്നു ഇത്.

അവിടെ നാം വായിക്കുന്നത് ഇപ്രകാരമാണു:

> പിന്നെ നീ ഇടത്തുവശം ചരിഞ്ഞുകിടന്നു യിസ്രായേൽഗൃഹത്തിന്റെ അകൃത്യം അതിന്മേൽ ചുമത്തുക; നീ ആ വശം കിടക്കുന്ന ദിവസങ്ങളുടെ എണ്ണത്തോളം അവരുരെ ഞാൻ അവരുടെ അകൃത്യത്തിന്റെ സംവത്സരങ്ങളെ നിനക്കു ദിവസങ്ങളായി എണ്ണും; അങ്ങനെ മുന്നൂറ്റി തൊണ്ണൂറു ദിവസം നീ യിസ്രായേൽ ഗൃഹത്തിന്റെ അകൃത്യം വഹിക്കേണം. ഇതു തികെച്ചിട്ടു നീ വലത്തുവശം ചരിഞ്ഞു കിടന്നു യെഹൂദാഗൃഹത്തിന്റെ അകൃത്യം നാല്പതു ദിവസം വഹിക്കേണം; ഒരു സംവത്സരത്തിന്നു ഒരു ദിവസംവീതം ഞാൻ നിനക്കു നിയമിച്ചിരിക്കുന്നു. യെഹെ4: 4–6

യെഹൂദ ഭവനത്തിന്റേയും യിസ്രായേൽ ഭവനത്തിന്റേയും അതിക്രമങ്ങളെ ഇപ്രകാരം ചുമക്കുന്നതിനാൽ അവയെ എടുത്തു കളയുകയോ പ്രായശ്ചിത്തം ചെയുകയോ അല്ലായിരുന്നു, പിന്നെയോ പ്രാതിനിധ്യം ചെയ്യുകയും പ്രകടിപ്പിക്കുക മാത്രം ചെയ്യുകയായിരുന്നുവെന്ന് പ്രവാചകന്റെ തുടർന്നുവരുന്ന അതെ അദ്ധ്യായത്തിൽ നിന്നും സ്പഷ്ടമാകുന്നതു.

> ഇങ്ങനെ തന്നേ യിസ്രായേൽ മക്കൾ, ഞാൻ അവരെ നീക്കിക്ക ളയുന്ന ജാതികളുടെ ഇടയിൽ തങ്ങളുടെ ആഹാരം മലിനമായി ഭക്ഷിക്കും എന്നു യഹോവ അരുളിച്ചെയ്തു. മനുഷ്യ പുത്രാ, അപ്പവും വെള്ളവും അവർക്കു മുട്ടിപ്പോകേണ്ടതിന്നും ഓരോരുത്തനും സ്തംഭിച്ചു അകൃത്യം നിമിത്തം ക്ഷയിച്ചു പോകേണ്ടതിന്നും ഞാൻ യെരൂശലേമിൽ അപ്പം എന്ന കോൽ ഒടിച്ചുകളയും; അവർ തൂക്കപ്രകാരവും പേടിയോടെയും അപ്പം തിന്നും; അവർ അളവു പ്രകാരവും സ്തംഭനത്തോടെയും വെള്ളം കുടിക്കും എന്നു അവൻ എന്നോടു അരുളിച്ചെയ്തു.
>
> യെഹെ 4: 13, 16,17

അതുകൊണ്ടു അതേ പ്രവാചകൻ തന്നെതന്നെ കാണിക്കുമ്പോളും പറയുമ്പോഴും, ഞാൻ നിങ്ങൾക്കു ഒരടയാളമാകുന്നു എന്നു നീ പറക; ഞാൻ ചെയ്തതുപോലെ അവർക്കു ഭവിക്കും; യെഹെ 12: 6, 11

അവിടെ കർത്താവിനെ കുറിച്ചു പറയുന്നതു സമാന ആശയമാണു.

> സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ടു പലരെയും നീതീകരിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും യെശ 53: 4, 6, 11

ഇവിടെ മുഴു അദ്ധ്യായത്തിലുടനീളം പ്രതിപാദിക്കുന്നതു കർത്താവിന്റെ സഹനങ്ങളെയാണു.

കർത്താവു താൻ തന്നെ വലിയ പ്രവാചകൻ ആയിരിക്കെ വചനത്തോടുള്ള ബന്ധത്തിൽ സഭയുടെ അവസ്ഥയെ പ്രതിനിധീകരിച്ചു എന്നത് അവന്റെ കഷ്ടങ്ങളുടെ വിവരണങ്ങളിൽ നിന്നും പ്രകടമാക്കി. അതുപോലെ അവൻ യൂദയാൽ ഒറ്റിക്കൊടുക്കപ്പെട്ടു, മൂപ്പന്മാരും മഹാപുരോഹിതരും അവനെ എടുത്തിട്ടു കുറ്റം ആരോപിച്ചു, അവർ അവനെ മുഷ്ടികൊണ്ട് ഇടിച്ചു, അവന്റെ തലക്കിട്ട് കോലു കൊണ്ട് അടിച്ചു, അവന്റെ വസ്ത്രം അവർ നറുക്കിട്ട് പങ്കിട്ടെടുത്തു, അവന്റെ ശിരസ്സിന്മേൽ മുൾകിരീടം ധരിപ്പിച്ചു, അവർ അവനെ ക്രൂശിച്ചു, അവന് ദാഹിച്ചപ്പോൾ പുളിച്ച വീഞ്ഞ് കുടിക്കാൻ കൊടുത്തു, അവൻ പ്രാണനെ വിട്ടിട്ടും അവന്റെ മാറിടം കുത്തി തുളച്ചു, അവനെ മറവു ചെയ്യുകയും മൂന്നാം നാൾ വീണ്ടു ഉയർത്തെഴുന്നേറ്റു.

യൂദയാൽ അവന്റെ പ്രാണനെ ഒറ്റി കൊടുക്കപ്പെട്ടു എന്നത് ആരുടെ അടുത്തു വചനമായിരുന്നുവോ ആ യെഹൂദ ദേശത്താൽ അവൻ ഒറ്റിക്കൊടുക്കപ്പെട്ടു എന്നതിനെ കുറിക്കുന്നു, യൂദാവോ അവൻ യഹൂദ ദേശത്തെ പ്രതിനിധീകരിച്ചിരുന്നു. മൂപ്പന്മാരാലും മഹാപുരോഹിത ന്മാരാലും അവന്റെ ജീവനെ എടുത്തിട്ട് സദസ്സിൽ കൊണ്ടുവന്ന് അവന്റെ മേൽകുറ്റം ആരോപിച്ചു എന്നതു ആ സഭ മുഴുവനായും അവനെ എടുത്തിട്ട് അവനെ കുറ്റം ആരോപിച്ചു എന്നതിനെ കുറിക്കുന്നു. അവർ അവനെ ദണ്ടിപ്പിച്ചത്, അവന്റെ മുഖത്തു തുപ്പിയത്, അവനെ മുഷ്ടി കൊണ്ട് ഇടിച്ചത്, അവന്റെ തലക്കിട്ട് കോലു കൊണ്ട് അടിച്ചത്, അതെല്ലാം കർത്താവിനെ കുറിച്ചു മുഴുവനായും പ്രതിപാദിക്കുന്ന അതിന്റെ ദിവ്യ സത്യത്തോടു ബന്ധപ്പെട്ടിരിക്കുന്ന വചനത്തിനോട് അവർ അപ്രകാരം ചെയ്തു എന്നതിനെ കുറിക്കുന്നു. അവന്റെ ശിരസ്സിന്മേൽ മുൾകിരീടം അവർ വെച്ചു എന്നത് അത്തരം സത്യങ്ങൾ അവർ വ്യാജവൽക്കരിക്കുകയും മായം കലർത്തുകയും ചെയ്തു എന്നതിനെ കുറിക്കുന്നു. അവന്റെ അങ്കിക്കുവേണ്ടി നറുക്കിടുകയും അവന്റെ വസ്ത്രം അവർ ഭാഗിച്ചെടുക്കയും ചെയ്തത് വചനത്തിന്റെ എല്ലാ സത്യങ്ങളേയും അവർ ചിതറിച്ചു എന്നതിനെ കുറിക്കുന്നു, എ

ന്നാൽ അതിന്റെ ആത്മീയ അർത്ഥത്തെ അല്ലതാനും: കർത്താവിന്റെ അ ങ്കി വചനത്തിന്റെ ആത്മീയ അർത്ഥത്തെയാണു കുറിക്കുന്നതു. അവർ അവനെ ക്രൂശിച്ചു എന്നതു മുഴു വചനത്തെയും അശുദ്ധമാക്കിയെന്നും അവർ അതിനെ തകർത്തു എന്നതിനെ കുറിക്കുന്നു. അവന് ദാഹിച്ചപ്പോൾ അവർ പുളിച്ച വീഞ്ഞു കുടിക്കാൻ കൊടുത്തു എന്നതു എല്ലാം വ്യാജ വും അതു തീർത്തും വ്യാജവൽക്കരി ക്കപ്പെട്ടു, ആയതിനാൽ അവൻ ഇ തു പാനം ചെയ്തില്ല അപ്പോൾ അവൻ പറഞ്ഞു എല്ലാം നിവർത്തിയായി അവർ അവന്റെ മാറിടം കുത്തിതുളച്ചു എന്നതിനെ കുറിക്കുന്നതു വചന ത്തിന്റെ എല്ലാ സത്യ ങ്ങളേയും അതിന്റെ എല്ലാ നന്മകളേയും കെടുത്തി കളഞ്ഞു എന്നാണു. അവന്റെ ജീവനെ കുഴിച്ചിട്ടു എന്നതിനെ കുറിക്കു ന്നതു അമ്മയിൽ നിന്നും കിട്ടിയ മനുഷ്യത്വത്തെ ഇനിയും അവശേഷിച്ച തിനെ നിരാകരിച്ചു എന്നാണു, മൂന്നാംനാൾ അവന്റെ ഉയിർപ്പിനെ കുറി ക്കുന്നതു അവന്റെ മഹത്വീ കരണത്തേയാണു. സങ്കീർത്തനങ്ങളിലും പ്ര വാചകന്മാരിലും മുൻകൂട്ടി പറയപ്പെട്ട അതേ കാര്യങ്ങളാൽ കുറിക്കുന്ന തും അതു തന്നെ യാണു.

അനന്തരം അവൻ ദണ്ഠിപ്പിക്കപ്പെട്ട ശേഷം പടയാളികൾ അവന്റെ ശി രസ്സിൽ മുൾമുടിയും ചുവന്ന വസ്ത്രവും ധരിപ്പിച്ചു പിലാത്തോസ് അവ നെ ഇതാ ആ മനുഷ്യൻ എന്ന് പറഞ്ഞു അവനെ പുറത്തേക്കു കൊണ്ട് വ ന്നു എന്നു കൂടി ഈ വിവരണങ്ങളിൽ ഉണ്ട്. (യോഹ 19:1–5) ഇതു പറ ഞ്ഞിരിക്കുന്നതിൻ കാരണം മനുഷ്യനെന്നതിനാൽ കുറിക്കുന്നതു സഭ യെന്നാണു, മനുഷ്യപുത്രനെന്നതിനാൽ കുറിക്കുന്നതു സഭയുടെ സത്യ ത്തേയാണു അതിനെ തുടർന്നു വചനത്തെയും. അതിക്രമങ്ങൾ വഹി ക്കുന്നതിനെ അർത്ഥമാക്കുന്നതു വചനത്തിന്റെ ദിവ്യ സത്യങ്ങൾ ക്കെതി രായ ഒരുവനിലെ സ്വന്തമായ പാപങ്ങളിൽ പ്രതിരൂപ മാവുകയും പ്രതിനി ധീകരിക്കുന്നു എന്നതാണു ഈ കാര്യങ്ങളിൽ അപ്പോൾ സ്പഷ്ടമാകുന്ന തു. വചനത്തിനോടുള്ള ബന്ധത്തിൽ കർത്താവു മനുഷ്യപുത്രനെ കുറി ക്കുന്നു, പിന്നെയോ ദൈവപുത്രനായിട്ടല്ല, മനുഷ്യപുത്രനെ പോലെ അ ത്തരത്തിലുള്ള പെരുമാറ്റങ്ങളെ അനുഭവിക്കയും സഹിക്കയും ചെയ്തു എന്നത് തുടർന്നു വരുന്നതിൽ കണ്ടെത്താനാവും

**17** പാപങ്ങൾ എടുത്തുകളഞ്ഞു എന്നതിനാൽ അർത്ഥമാക്കുന്നതു എന്തെന്നതു ഇപ്പോൾ കുറച്ചു കാര്യങ്ങൾ കൂടി പറയേണ്ടിയിരിക്കുന്നു. മ നുഷ്യനെ വീണ്ടെടുക്കുകയും രക്ഷിക്കുകയും ചെയ്യുന്ന അതേ അർത്ഥം തന്നേയാണു പാപങ്ങളെ എടുത്തു കളയുന്നതിനാൽ ആശയപ്പെടു ത്തു ന്നതും; മനുഷ്യൻ രക്ഷിക്കപ്പെടേണ്ടതിനായി കർത്താവു ഈ ലോകത്തി ലേക്ക് വന്നത്. അവന്റെ വരവു കൂടാതെ ഒരു ജഡത്തിനും നവീകരണ പ്പെടുവാനോ വീണ്ടും ജനിക്കുവാനോ കഴിയു മായിരുന്നില്ല. ഇതു സാ ദ്ധ്യമാക്കി തീർത്തതു പിശാചായ നരകത്തിൽ നിന്നും എല്ലാ അധികാര വും തിരിച്ചു പിടിക്കയും തന്റെ മനുഷ്യത്ത്വത്തെ മഹത്വീ കരിക്കയും ത ന്റെ പിതാവിന്റെ ദൈവത്ത്വത്തോടു കൂടിച്ചേരുകയും ചെയ്തതിനും ശേ ഷമാണു ഈ കാര്യങ്ങൾ ചെയ്തില്ലാ യിരുന്നുവെങ്കിൽ അവനോടൊപ്പം

നിലകൊള്ളുന്നതായ ദിവ്യസത്യത്തേയോ കുറഞ്ഞ പക്ഷം ദിവ്യനന്മകളേയോ ഒരു മനുഷ്യനും സ്വീകരിക്കുവാൻ കഴിയു മായിരുന്നില്ല പൂർവകാലീനമായി അവന്റെ മേൽ അധീശത്വം ഉണ്ടായിരുന്ന പിശാച് അവന്റെ ഹൃദയത്തിൽ നിന്ന് അവ പറിച്ചെടുത്തു കളയുമായിരുന്നു.

ഈ പരിഗണനകളിൽ നിന്ന് ഇതു വെളിപ്പെടുത്തുന്നത് ക്രൂശിന്റെ സഹനത്താൽ കർത്താവു പാപങ്ങളെ എടുത്തു കളയുന്നില്ല പിന്നെയോ അവനിൽ വിശ്വസിക്കയും അവന്റെ കൽപ്പനകൾക്കനുസരിച്ചു ജീവിക്കയും ചെയ്യുന്നവരോടു കൂടെയുള്ള പാപങ്ങളെ എടുത്തു കളയുകയും അതായത് നീക്കിക്കളയുകയും ചെയ്യുന്നു എന്നാണു. കർത്താവും മത്തായിയിൽ ഇതു തന്നെയാണു പഠിപ്പിക്കുന്നതും

> ഞാൻ ന്യായപ്രമാണത്തെയൊ പ്രവാചകന്മാരെയോ നീക്കേ ണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർ ത്തിപ്പാനത്രെ ഞാൻ വന്നതു. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. മത്താ 5: 17,19

ഒരുവനിൽ ഉള്ളടങ്ങിയിട്ടുള്ള അവന്റെ പാപങ്ങളെ കാണുകയും സഹായത്തിനായി കർത്താവിനോടു യാചിക്കയും അവയിൽ നിന്ന് ഒഴിഞ്ഞിരിക്കയും (ഉപേക്ഷിക്കയും) ചെയ്യുന്നതായ വസ്തവമായ മാനസാന്തരത്തിനാലല്ലാതെ ഒരു മനുഷ്യനിൽ നിന്നും പാപങ്ങളെ എടുത്തു കളയുവാൻ കഴിയുന്നതല്ല എന്നതു അല്പമെങ്കിലും ഉൾബോധമുള്ളവർക്കും യുക്തി സഹജതയിൽ നിന്നും മാത്രം ആർക്കാണു കാണാൻ കഴിയാത്തതു. മറിച്ചു കാണുന്നതിനും വിശ്വസിക്കുന്നതിനും പഠിപ്പിക്കുന്നുവെങ്കിൽ അത് മതിയായ യുക്തിയിൽ നിന്നോ വചനത്തിൽ നിന്നോ അല്ല പിന്നേയോ ഒരുവന്റെ കൃത്രിമ ബുദ്ധിയിൽ നിന്നോ മനുഷ്യന്റെ സ്വയം യുക്തമായി തോന്നുന്ന ദുഷിച്ച ഇഛയിൽ നിന്നോ തൃഷ്ണയിൽ നിന്നോ ആണു.

## V

## പാപങ്ങളുടെ മോചനം മാനസാന്തരത്തെ തുടർന്നുള്ളതല്ലാതെ മറ്റൊന്നും കർത്താവിന്റെ യോഗ്യതയിന്മേൽ ആരോപിക്കനായി ഒന്നുമില്ല.

**18** കർത്താവ് മാനവരാശിക്കു പാപപരിഹാരം ഉണ്ടാക്കേണ്ടതിനായി പിതാവിനാൽ അയക്കപ്പെട്ടവനാണെന്നാണു സഭയിൽ വിശ്വസിക്കുന്നതു. ന്യായപ്രമാണം നിവർത്തിയാക്കിയതിനാലും, ക്രൂശിലെ സഹനത്താലും ഇതു ഫലവത്താക്കി തീർക്കയും പിതാവിനെ തൃപ്തിപ്പെടുത്തുകയും,

ഈ പ്രായശ്ചിത്തവും തൃപ്തിപെടുത്തലും പ്രീതിപെടുത്തലും കൂടാതെ മാനവരാശി നിത്യമരണത്തിൽ നശിച്ചു പോകുമായിരുന്നു എന്ന് വിശ്വസിക്കുന്നതു, പ്രതികാരാത്മകമായ നീതിയെന്ന് ചിലർ വിളിക്കുന്ന നീതിയുടെ പേരിലാണിത്. ന്യായപ്രമാണത്തിന്റെ മുഴുകാര്യങ്ങളും കർത്താവു നിവർത്തിച്ചതും എന്തുകൊണ്ട് ക്രൂശിൽ കഷ്ടം അനുഭവിച്ചു എന്നതും എങ്ങനെയെന്നു മനസിലാക്കേണ്ടിയിരിക്കുന്നു, ഏതെങ്കിലും പ്രതികാരാത്മകമായ നീതിയുടെ പേരിലായിരുന്നില്ല എന്നതു രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ കാണാവുന്നതാണു എന്തുകൊണ്ടെന്നാൽ ഇതു ദൈവീക ഗുണവിശേഷണമല്ല. ദൈവീക ഗുണവിശേഷണങ്ങൾ നീതിയും സ്നേഹവും കാരുണ്യവും നന്മയുമാണു, ദൈവം നീതിയും, സ്നേഹവും കരുണയും നന്മയും തന്നെയാണൂ. ആയതുകൊണ്ട് പ്രതികാര നീതിയുമല്ല.

ന്യായപ്രമാണ നിവൃത്തീകരണമെന്നപോലെ ക്രൂശിലെ കഷ്ടാനു ഭവങ്ങളുമായ ഈ രണ്ടു കാര്യങ്ങളാലാണു കർത്താവു മനുഷ്യ വർഗ്ഗത്തിനു വേണ്ടി പിതാവായ ദൈവത്തെ പ്രസാദിപ്പിക്കയും മുൻപേ കണ്ടിട്ടുള്ളതോ അല്ലെങ്കിൽ നിയുക്തമായ ശിക്ഷാവിധിയെ നീക്കികളയു കയും ചെയ്തു എന്നാണു അനേകരും മനസ്സിലാക്കിയിട്ടുള്ളത്, കേവല വിശ്വാസത്താലുള്ള രക്ഷയുടെ തത്വവും, അവന്റെ യോഗ്യതയുടെ മേലുള്ള ആരോപണത്തിന്റെ സിദ്ധാന്തവും പിന്തുടരുന്നത് ഈ ബന്ധത്തിൽ നിന്ന് കൂടിയാണു. എന്നാൽ അവന്റെ ക്രൂശിലെ കഷ്ടാനുഭവങ്ങളെ കുറിച്ചും കർത്താവിനാലുള്ള ന്യായപ്രമാണ നിവൃത്തീകരണത്തെ കുറിച്ചും പറഞ്ഞിട്ടുള്ളതിൽ ഈ സിദ്ധാന്തത്തെ നിരാകരിച്ചിരിക്കുന്നു. മാനസാന്തരത്തെ തുടർന്നുള്ള പാപങ്ങളുടെ മോചനമാണു ഇതെന്നർത്ഥമാക്കുന്നതുവരെ അർത്ഥശൂന്യമായ ഒരു പദശൈലിയാണു യോഗ്യതയുടെ ആരോപണമെന്ന് അതെ സമയം നമുക്ക് കാണാൻ കഴിയും. കർത്താവിന്റെ ഒന്നും തന്നെ മനുഷ്യനിലേക്ക് ആരോപിക്കനാവുന്നതല്ല, ഒരുവൻ തന്റെ തന്നെ പാപങ്ങളെ കാണുകയും അവയെ അഗീകരിക്കയും പാപങ്ങളെ ഉപേക്ഷിക്കയും അങ്ങനെ മാനസാന്തരത്തിന്റെ പ്രവൃത്തി ചെയ്യുമ്പോൾ കർത്താവിന്റെ പക്കൽ നിന്നും രക്ഷ അവൻ നല്കിയേക്കും. ഇത്തരത്തിലാണു രക്ഷ നല്കുന്നതു. ഒരു മനുഷ്യന്റെ സ്വന്തം യോഗ്യതയുടേയോ അവന്റെ സ്വന്തം നീതിയിലൂടേയോ ഒരു മനുഷ്യൻ രക്ഷിക്കപ്പെടുന്നില്ല. നരകത്തോട് ഏകനായി പോരാടുകയും അതിനെ ജയിക്കയും തുടർന്നും മനുഷ്യർക്കു വേണ്ടി പോരാടുകയും നരകത്തെ ജയിക്കയും ചെയ്യുന്ന കർത്താവിങ്കൽ നിന്നല്ലാതെ മറ്റൊരിടത്തിൽ നിന്നും രക്ഷ വരുന്നില്ല.

മറ്റിതര പ്രകാരത്തിൽ മനുഷ്യനിലേക്കു ആരോപിക്കാനാവാത്ത ഇത്തരം കാര്യങ്ങളാണു കർത്താവിന്റെ യോഗ്യതയും നീതിയും. മറിച്ചു അവ മനുഷ്യനിലേക്കു ആരോപിക്കുന്നുവെങ്കിൽ കർത്താവിന്റെ യോഗ്യതയും നീതിയും മനുഷ്യന്റെ സ്വന്തമെന്ന പോലെ ഈ ആരോപണം മനുഷ്യന് അനുചിതമാകുമായിരുന്നു. പിന്നെയോ ഇതു ഒരിക്ക ലുമല്ല അതു ഒരിക്കലും ചെയാനാ

വുന്നതുമല്ല. യോഗ്യതാരോപണം സാദ്ധ്യമായിരുന്നുവെങ്കിൽ പശ്ചാത്താപ രഹിതനും ഏതൊരു ദുഷ്ടമനു ഷ്യനും കർത്താവിന്റെ യോഗ്യത അവന്റെ മേൽ ചുമത്തിയിട്ടു അവൻ സ്വയം നീതികരിക്കപ്പെടുമായിരുന്നു. ഇതു എങ്ങ നെയായാലും വിശുദ്ധി എന്താണോ അതിനെ അഴുക്കാക്കുന്നതും കർത്താ വിന്റെ നാമത്തെ ദുഷിപ്പിക്കുന്നതുമായ ഒരു ദൈവനിന്ദയാണു. ഇച്ഛ പൂർണ്ണ മായും മനുഷ്യന്റേതായിരിക്കെ ദുഷ്ടനായ മനുഷ്യന്റെ ഇച്ഛ നരകത്തി ലായി രിക്കുന്നു, മറിച്ചു അവന്റെ ചിന്ത കർത്താവിലായിരിക്കേണ്ടി യിരിക്കുന്നു. അ വിടെ ദൈവത്തിന്റേതായ ഒരു വിശ്വാസമുണ്ട്, മനുഷ്യ ന്റേതായ ഒരു വിശ്വാ സവുമുണ്ടു. മാനസാന്തരപ്പെടുന്ന ഒരുവന് ദൈവത്തിന്റെ വിശ്വാസമുണ്ട്, മറി ച്ചു മാനസാന്തരപ്പെടാത്ത ഒരുവൻ അവന്റെ യോഗ്യത ആരോപണത്തിന്മേ ലുള്ള മനുഷ്യന്റെ വിശ്വാസമനുഷ്യന്റേത് മൃതവിശ്വാസ വുമാണു. ദൈവത്തി ന്റേതായ വിശ്വാസം ജീവനുള്ള വിശ്വാസവും കർത്താവു താൻ തന്നേയും അവന്റെ ശിഷ്യന്മാരും മാനസാന്തരത്തേയും പാപമോചനത്തേയും പ്രസംഗി ച്ചിരുന്നുവെന്നതിന് തുടർന്ന് വരുന്നതായ വേദഭാഗങ്ങളിൽ നിന്നും തെളിവാ ണു:

അന്നു മുതൽ യേശൂ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാന സാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി. മത്താ 4:17

യോഹന്നാൻ പറഞ്ഞു, മാനസാന്താരത്തിന് യോഗ്യമായ ഫലം കായ്ക്കുവിൻ.. ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവടിന് കോടാലി വെച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയും. ലൂക്കോ 3:8, 9

അല്ലല്ല; മാനസാന്തരപ്പെടാതിരുന്നാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും... ലൂക്കോ 13:3, 5

യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസഗിച്ചു; കാലം തികഞ്ഞു; മാനസാന്തരപ്പെട്ടു സുവിശേഷ ത്തിൽ വിശ്വസിക്കുവിൻ എന്നു പറഞ്ഞു. മർക്കോ 1:14, 15

അങ്ങനെ അവൻ പുറപ്പെട്ടു മനസാന്തരപ്പെടേണം എന്നു പ്രസംഗിച്ചു. മർക്കോ 6: 12

അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേ മിൽ തുടങ്ങി സകല ജനങ്ങൾക്കിടയിലും പ്രസംഗിക്കണമെന്ന് യേശു തന്റെ ശിഷ്യന്മാരോട് കൽപ്പിച്ചു. ലൂക്കോ 24:47

പാപങ്ങളുടെ മോചനത്തിനായുള്ള മാനസാന്തര സ്നാനത്തിനായി യോഹന്നാൻ പ്രസഗിച്ചു ലൂക്കോ 3:3, മർക്കോ 1:4

സ്നാനത്താൽ അർത്ഥമാക്കുന്നത് ആത്മീയ കഴുകലിനെയാണു, പാപങ്ങളിൽ നിന്നുള്ള ഒരു കഴുകൽ, ഇതിനെ വീണ്ടും ജനനം എന്നു വിളിക്കുന്നു.

കർത്താവിനാലുള്ള മാനസാന്തരവും പാപങ്ങളുടെ മോചനവും യോഹന്നാനിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

> അവൻ സ്വന്തത്തിലേക്കു വന്നു സ്വന്തകാരോ അവനെ കൈക്കൊണ്ടില്ല.. എന്നാൽ അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലുമല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല ദൈവത്തിൽ നിന്നത്രെ ജനിച്ചത്.
>
> യോഹ 1:11–13

അവന്റെ സ്വന്തമെന്നർത്ഥമാക്കുന്നത് വചനമുണ്ടായിരുന്ന അക്കാലത്തെ സഭയുടെ ആളുകളെന്നാണു. ദൈവത്തിന്റെ മക്കളെന്നതിനാലും അവന്റെ നാമത്തിൽ വിശ്വസിക്കുന്നവരെന്നതിനാലും അർത്ഥമാക്കുന്നത് കർത്താവിലും അവന്റെ വചനത്തിലും വിശ്വസിക്കുന്ന അത്തരത്തിലുള്ള ആളുകളെന്നാണു. രക്തത്താലെന്നർത്ഥമാകുന്നതു വചനത്തിന്റെ വ്യാജവൽക്കരണമെന്നാണൂ, വചനത്തിന്റെ ഉപാധികളാൽ വ്യാജതയുടെ ദൃഢീകരണങ്ങളെന്നാണു. ജഡത്തിന്റെ ഇച്ഛയെന്നതു മനുഷ്യന്റെ സ്വേച്ഛാനുസാരമായ അഹംബോധം എന്നാണു; അതിന്റെ ഉള്ളിൽ തന്നെ തിന്മയാണു. പുരുഷന്റെ ഇഷ്ടത്താൽ എന്നത് മനുഷ്യന്റെ ബൗദ്ധീക അഹം ബോധത്തെയാണു അർത്ഥമാക്കുന്നതു അതിൽ തന്നെ വ്യാജതായാണു. ദൈവത്താൽ ജനിക്കപ്പെട്ടിരിക്കുന്നു എന്നത് കർത്താവിനാൽ വീണ്ടും ജനിക്കപ്പെട്ടവെരെന്നാണു.

ഇതിൽ നിന്നെല്ലാം സ്പഷ്ടമാകുന്നതു കർത്താവിൽ നിന്നുള്ള വിശ്വാസത്തിന്റെ സത്യങ്ങളിലും സ്നേഹത്തിന്റെ നന്മയിലുമുള്ള ആളുകൾ രക്ഷിക്കപ്പെട്ടിരിക്കുന്നു, മറിച്ചു സ്വന്തം അഹംബോധത്തിൽ നിന്നുള്ളവരല്ലതാനും.

## VI

## ദിവ്യ മനുഷ്യനെന്ന നിലക്ക് കർത്താവിനെ ദൈവപുത്രനെന്നും വചനമെന്ന നിലക്ക് മനുഷ്യ പുത്രനെന്നും വിളിക്കുന്നു.

**19** നിത്യതയിൽ നിന്ന് ജനിച്ച ഒരു ദൈവപുത്രനിൽ വിശ്വാസം ഉയിർത്തപ്പോൾ, പിതാവായ വ്യക്തിയിൽ നിന്ന് വിത്യസ്തനായി ദൈവത്വത്തിൽ ഒരു രണ്ടാമത്തെ ആളാണു ദൈവപുത്രൻ എന്നുള്ളതിനേക്കാൾ മറ്റൊരാശയം സഭയിൽ ആലോചനയ്ക്കെടുത്തിട്ടില്ല. ദൈവത്തിനോടുള്ള ബന്ധത്തിൽ ഈ ഉണ്മയെ രണ്ടാമത്തെ വ്യക്തി എന്ന് സാർവത്രീകമായി സ്വീകരിച്ചു, മാത്രവുമല്ല നിത്യതയിൽ നിന്ന് ജനിക്കപ്പെട്ടു എന്നതിനാൽ എന്താണു അർത്ഥമാക്കാൻ കഴിയുന്നതെന്താണെന്ന് ഒരു തിരിച്ചറിവിന്റെ ഏതെങ്കിലും ഒരു നിലയിൽ നിന്ന് ഇതിനെക്കുറിച്ച് ചിന്തിക്കുവാനുള്ള സാദ്ധ്യതയും സ്വാതന്ത്ര്യവും ഇല്ല.

വിവേകത്തോടെ ഇതിനെക്കുറിച്ച് ചിന്തിക്കുന്ന ഏതൊരുവനും അവനുള്ളിൽ തന്നെ പറയും ഇതു തീർത്തും എനിക്കെത്തിപ്പെടാത്തതിനുമപ്പുറമാണ്, മറ്റുള്ളവർ വിശ്വസിക്കയും പറയുകയും ചെയ്യുന്നതു കൊണ്ട് ഞാൻ ഉറപ്പിക്കുകയും വിശ്വസിക്കയും ചെയ്യുന്നു. എന്നിരുന്നാലും നിത്യതയിൽ നിന്നുള്ള ഒരു പുത്രനില്ല എന്നും അവൻ നിത്യതയിൽ നിന്നുള്ള കർത്താവാണെന്നും എല്ലാവരും അറിയട്ടെ. എന്താണു പുത്രത്വം എന്താണു കർത്താവു എന്നറിയുമ്പോൾ ത്രീയേക ദൈവത്തിന്റെ അറിവിൽ നിന്നും ഒരുവനെ അപ്പോൾ ചിന്തിക്കാനാവും, അതിനു മുമ്പല്ലതാനും.

പിതാവായ യെഹോവായിൽ നിന്ന് ഗർഭം ധരിക്കയും കന്യകാ മറിയത്തിൽ ജനിച്ച കർത്താവിന്റെ മനുഷ്യത്വമാണു ദൈവപുത്രനെന്നത് തുടർന്ന് വരുന്ന വേദഭാഗങ്ങളിൽ വെളിപ്പെടുത്തുന്നു.

ലൂക്കോസിൽ:

> ആറാം മാസത്തിൽ ദൈവം ഗബ്രീയേൽദൂതനെ നസറെത്ത് എന്ന ഗലീലപട്ടണത്തിൽ, ദാവീദുഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന്നു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു; ആ കന്യകയുടെ പേർ മറിയ എന്നു ആയിരുന്നു.
> ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപലഭിച്ചവളേ,
> നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ടു എന്നു പറഞ്ഞു.
> അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു.
> ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു.
> നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്നു പേർ വിളിക്കേണം.
> അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും
> അവൻ യാക്കോബുഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു.
> മറിയ ദൂതനോടു: ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു.
> അതിന്നു ദൂതൻ: പരിശുദ്ധാത്മാവു നിന്റെമേൽ വരും; അത്യു ന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും ലൂക്കോസ് 1:26–35

ഇവിടെ പറഞ്ഞിരിക്കകന്നത്, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ വലിയവനാകും, അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടും വീണ്ടും, ആകയാൽ ഉൽഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രനെന്ന്

വിളിക്കപ്പെടും. ദൈവത്താൽ കന്യകാ മറിയമിൽ പിറന്നതായ മനുഷ്യത്വത്തെ ദൈവപുത്രനെന്ന് വിളിക്കപ്പെട്ടിരിക്കുന്നു എന്നത് ഇതിൽ നിന്നും സ്പഷ്ടമാണു.

യെശയാവിൽ:

> അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവ ന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും. യെശ 7:14

ദൈവത്തിൽ നിന്ന് കന്യകയിൽ പിറന്ന പുത്രൻ ദൈവം നമ്മോടു കൂടെ എന്ന് വിളിക്കപ്പെടേണ്ടിയിരുന്നവനായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണു, അനന്തരം ദൈവപുത്രനെന്നും. ഇക്കരണത്താൽ മത്തായിയിലും ഇതു സ്ഥിരീകരിച്ചിരിക്കുന്നു. മത്താ 1:22, 23

വീണ്ടും യെശയാവിൽ

> നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സ മാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും.
>
> അവന്റെ ആധിപത്യത്തിന്റെ വർദ്ധനെക്കും സമാധാനത്തിന്നും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർ ത്തിക്കും. യെശ 9:6,7

അതു തന്നെയാണു ഇവിടെയും വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത്; അതിനായി പറഞ്ഞിരിക്കുന്നു: നമുക്കായി ഒരു ശിശു ജനിച്ചിരിക്കുന്നു, നമൂക്കൊരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു, നിത്യതയിൽ നിന്നുള്ള പുത്രനല്ല ഈ ലോകത്തിലേക്ക് ജനിച്ച പുത്രൻ ലൂക്കോസിൽ കന്യക മറിയമിനോട് ഗബ്രിയേൽ ദൂദൻ പറഞ്ഞ സമാന വാക്കുകൾ തന്നേയാണു പ്രവാചക വചനങ്ങളിലെ ഏഴാമത്തെ വാക്യം സ്പഷ്ടമാക്കുന്നതു. ലൂക്കോ 1:32, 33

സങ്കീർത്തനങ്ങളിൽ:

> ഞാൻ ഒരു നിർണ്ണയം പ്രസ്താവിക്കുന്നു: യഹോവ എന്നോടു അരുളിച്ചെയ്തതു: നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു.
> അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ. അവന്റെ കോപം ക്ഷണത്തിൽ ജ്വലിക്കും;

അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ.
സങ്കീ 2:7, 12

ഇവിടേയും അർത്ഥമാക്കുന്നതു നിത്യതയിൽ നിന്നുള്ള പുത്രനെന്നല്ല പിന്നെയോ വരുവാനിരിക്കുന്ന കർത്താവിനെക്കുറിച്ചുള്ള പ്രവചനമായ കാര്യത്തിൽ ഈ ലോകത്തിലേക്ക് വന്ന് ജനിച്ച പുത്രൻ, ആകയാൽ ദാവീദിനോട് വിളംബരം ചെയ്ത യെഹോവയുടെ കല്പന എന്ന് ഇതിനെ വിളിക്കുന്നു. ഈ ദിവസം നിത്യതയിൽ നിന്നല്ല മറിച്ച് നിശ്ചിത സമയത്തിനുള്ളിൽ എന്നാണു.

വീണ്ടും സങ്കീർത്തനങ്ങളിൽ:

അവന്റെ കൈയ്യെ ഞാൻ സമുദ്രത്തിന്മേലും അവന്റെ വലങ്കയ്യെ നദികളുടെമേലും നീട്ടുമാറാക്കും.
അവൻ എന്നോടു: നീ എന്റെ പിതാവു, എന്റെ ദൈവം, എന്റെ രക്ഷയുടെ പാറ എന്നിങ്ങനെ വിളിച്ചുപറയും.
ഞാൻ അവനെ ആദ്യജാതനും ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠനുമാക്കും.
സങ്കീ 89:25, 26, 27

ഈ മുഴു സങ്കീർത്തനവും വരാനിരിക്കുന്ന കർത്താവിനെ കുറിക്കുന്നതാണു. ആയതിനാൽ ആദ്യ ജാതനായിരിക്കേണ്ടതിനും അനന്തരം ദൈവപുത്രനായിരിക്കേണ്ടതിനും അവൻ യഹോവയെ തന്റെ പിതാവെന്നു വിളിക്കണം എന്നർത്ഥമാക്കുന്നു. അപ്രകാരം അവനെ വിളിക്കപ്പെട്ടിരിക്കുന്ന മറ്റിതര വേദഭാഗങ്ങളിലും അങ്ങനെ തന്നെയാണു.

യിശ്ശായിയുടെ കുറ്റിയിൽ നിന്നും പൊട്ടിയ മുള യെശ: 11:1

ദാവീദിന്റെ മുള : യിരെ: 23:5, 6,

സ്ത്രീയുടെ സന്തതി: ഉൽപ:: 3:15

ഏകജാതൻ: യോഹ: 1:18

നിത്യ പുരോഹിതനും കർത്താവും സങ്കീ: 110: 4, 5

ദൈവപുത്രനെന്നതു കൊണ്ട് അവനെ യെഹൂദ സഭയിൽ മനസ്സിലാക്കിയിരിക്കുന്നത് അവർ കാത്തിരിക്കുന്ന മശിഹ ബെത്ലേഹേമിൽ ജനിക്കേണ്ടിയിരിക്കുന്നു എന്നാണു ദൈവപുത്രനെന്നതിനാൽ അവർ ഗ്രഹിച്ചിരുന്നത് മശിഹായാണെന്നുള്ളത് തുടന്നു വരുന്ന വേദഭാഗങ്ങളിൽ വളരെ സ്പഷ്ടമാണു.

യോഹന്നാനിൽ :

പത്രോസ് പറഞ്ഞു :നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു യോഹ: 6: 69

അപ്രകാരം തന്നെ: അവൾ അവനോടു: ഉവ്വു, കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു. യോഹ: 11:27

മത്തായിയിൽ:

യേശുവോ മിണ്ടാതിരുന്നു. മഹാപുരോഹിതൻ പിന്നെയും അവനോടു: നീ ദൈവപുത്രനായ ക്രിസ്തുതന്നേയോ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ടു നിന്നോടു ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു

യേശു അവനോടു: ഞാൻ ആകുന്നു; ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു എന്നു പറഞ്ഞു. മത്തായി 26:63, 64, മർക്കോസ് 14:62

യോഹന്നാനിൽ:

എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തുഎന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു.

യോഹന്നാൻ 20 31, മർക്കൊ: 1:1

അഭിഷേകം ചെയ്യപ്പെട്ടതിനെ കുറിക്കുന്ന ഒരു ഗ്രീക്ക് വാക്കാണു ക്രിസ്തു എന്നത്, എബ്രായ ഭാഷയിൽ മശിഹാ എന്നാണു കുറിക്കു ന്നതും, അതുകൊണ്ട് യോഹന്നാനിൽ പറഞ്ഞിരിക്കുന്നത് ഞങ്ങൾ മശിഹായെ എന്നുവെച്ചാൽ ക്രിസ്തുവെ കണ്ടെത്തി എന്നാണു.

യോഹ:1:41

മറ്റൊരിടത്ത്

സ്ത്രീ അവനോടു: മശീഹ എന്നുവെച്ചാൽ ക്രിസ്തു വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചുതരും എന്നു പറഞ്ഞു. യോഹ:4:25

കർത്താവിനെ കുറിക്കുന്ന മുഴുവചനങ്ങളും അതായത് പ്രവാചക പുസ്തകങ്ങളിലും ന്യായപ്രമാണ പുസ്തകങ്ങളിലും അതിന്റെ പ്രഥമ അദ്ധ്യായത്തിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്. ആയതുകൊണ്ട് ഈ ലോകത്തിലേക്ക് വരുവാനിരിക്കുന്ന ദൈവത്തിന്റെ പുത്രനെന്നതിനാൽ അർത്ഥമാക്കുന്നതു മറ്റൊന്നുമല്ല പിന്നെയോ ഈ ലോകത്തിൽ കർത്താവ് ഏറ്റെടുത്ത മനുഷ്യത്വമാണത്. യേശു സ്നാനപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദത്താൽ യഹോവയാൽ പുത്രനെ വിളിക്കപ്പെട്ടതിനാൽ അർത്ഥമാക്കുന്നതു ഈ മനുഷത്വത്തേയാണു തുടർന്നു വരുന്ന ഭാഗങ്ങളിൽ നിന്നും ഉരുത്തിരിയുന്നത്.

ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും 55 ഉണ്ടായി. മത്തായി 3:17;

അവന്റെ മനുഷ്യത്വമായിരുന്നു സ്നാനപ്പെട്ടത്; അവൻ രൂപാന്തര പ്പെട്ടപ്പോൾ:

ഇവനെന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു, ഇവനു ചെവി കൊടുപ്പിൻ.

മത്തായി: 17:5, മർക്കോസ് 9:7, ലൂക്കോസ് 9:35

മറ്റിതര ഭാഗങ്ങളിലും ഇപ്രകാരം :

മത്തായി: 8:29, 14:33, 27:43,54, മാർക്കോസ് 3:11, 15:39, യോഹന്നാൻ: 1:18,34,49,; 3:18,; 5:25;, 10:36, 11:4.

**20**. കർത്താവു ഈ ലോകത്തിലേക്ക് ഏറ്റെടുത്ത മനുഷ്യത്വം അതായ ത് ദിവ്യ മനുഷ്യത്വം ദൈവപുത്രനെന്നതിനാലാണു അർത്ഥമാക്കുന്നത്, അവൻ പിതാവിൽ നിന്നു വന്നുവെന്നും പിതാവിനാൽ ഈ ലോകത്തി ലേക്കു അവൻ അയക്കപ്പെട്ടുവെന്നും കർത്താവു പലവുരു പറഞ്ഞിരിക്കു ന്നതിനാൽ ഈ അർത്ഥമാക്കിയതിനു ഇതു തെളിവാകുന്നു. യഹോവ യാൽ ഗർഭം ധരിച്ച് കന്യകയിൽ നിന്നു പിറന്നു അതായത് ദൈവം മനു ഷ്യനായി തീർന്നില്ലായിരുന്നുവെങ്കിൽ, ഈ ഉപധികൾ കൂടാതെ നരക ങ്ങളെ കീഴടക്കുവാനോ, തന്റെ മനുഷ്യത്വത്തെ മഹത്വീകരിക്കു വാനൊ, വചനത്തെ പഠിപ്പിക്കുവാനൊ, ഒരു നവ്യസഭയെ പടുത്തു യർത്തുവാനൊ കഴിയുമായിരുന്നില്ല ഇങ്ങനെയുള്ള പിതാവിന്റെ ഹിതവും പ്രവൃത്തിക ളും അവൻ ചെയ്തു എന്നു പറഞ്ഞിട്ടുള്ള എല്ലാ വേദഭാഗങ്ങളിൽ നിന്നും തെളിവാകുന്നത് അവൻ അയക്കപ്പെട്ടു അഥവാ പിതാവിനാൽ അയച്ചു എന്നതല്ലാതെ മറ്റൊന്നും അർത്ഥമാക്കുന്നില്ല. അയച്ചു അല്ലെങ്കിൽ അയ ക്കപ്പെട്ടു എന്നു ഉപയോഗിച്ചിട്ടുള്ള പ്രമേയാഖ്യാനങ്ങളുടെ വേദഭാഗങ്ങൾ നിങ്ങൾ പരിശോധിക്കുകയാ ണെങ്കിൽ ഇതു കണ്ടെത്തും:

മത്തായി:10:40, 14:24, മർക്കോസ്:9:37, ലൂക്കോസ്:4:43, 9:48, 10:16, യോഹന്നാൻ:3:17o 34, 4:34, 5:23,24, 36-38,6:29, 39, 40, 4457, ;, 7:16,18,28,28; 8:16,18, 29,42; 9:4;11:41,42,12:44,45,49; 13:20; 14:24; 15:21; 16:5; 17:3,8,21,23,25; 20:21

കൂടാതെ യഹോവ പിതാവെന്ന് പ്രമേയപ്പെടുത്തിയിട്ടുള്ള വേദഭാഗങ്ങളും പരിശോധിക്കുക.

**21** അവന്റെ മനുഷ്യത്വവും ദൈവത്വവും വേർപെടുത്തുവാൻ കഴിയാ തിരിക്കുമ്പോൾ ഒരേ സമയം തന്നെ അവന്റെ ദൈവത്വത്തേയും കുറിച്ച് ചിന്തിക്കാതെ കേവലം അവന്റെ മനുഷ്യത്വത്തെ കുറിച്ചു മാത്രം ചിന്തി ക്കുന്നതിനാൽ മറ്റു മനുഷ്യരെ പോലെ കർത്താവും ഒരു സധാരണ മനു ഷ്യനാണെന്നാണു ഇന്നാളിൽ അനവധി ആളുകൾ വിചാരിക്കുന്നതു. ദൈ വവും മനുഷ്യനുമായിരിക്കുന്നവനാണു കർത്താവു, കർത്താവിൽ ദൈ വവും മനുഷ്യനും രണ്ടല്ല പിന്നെയോ ഒരു ഏക വ്യക്തി, വാസ്തവ ത്തിൽ

ഒരു മനുഷ്യനിൽ ദേഹിയും ദേഹവും എന്നപോലെ എല്ലാം ചേർന്നു ഏകൻ. ഇത് അത്താനേഷ്യൻ പ്രമാണം എന്നു വിളിക്കുന്ന അതിന്റെ ഉപദേശക സമിതിയിൽ നിന്നും മുഴു ക്രിസ്തീയ ലോകത്തി ലുടനീളം പ്രചാരത്തിലിരിക്കുന്ന ഉപദേശത്തിനനുസരിച്ചു ള്ളതാണ്. ആകയാൽ കർത്താവിൽ ദൈവത്വവും മനുഷ്യത്വവും വേറിട്ട ചിന്തയിൽ ഇനി മുതൽ ഏതൊരുവനും ആകാതിരിപ്പാൻ ലൂക്കോസിൽ മേൽ ഉദ്ധരിച്ചതും തുടർന്നു വരുന്നതായ മത്തായിയുടേയും വേദഭാഗങ്ങൾ വായിക്കണമെന്ന് സാദരം ഞാൻ അവരോടു യാചിക്കുന്നു.

> എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈ വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരും മുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ അവന്നു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങനെ നിനെച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ടാ; അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്ക കൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥ മുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും എന്നു കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു. യോസേഫ് ഉറക്കം ഉണർന്നു. കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു, ഭാര്യയെ ചേർത്തുകൊണ്ടു. മകനെ പ്രസവിക്കും വരെ അവൻ അവളെ പരിഗ്രഹിച്ചില്ല. മകന്നു അവൻ യേശു എന്നു പേർ വിളിച്ചു.
>
> ൂ മത്തായി 1:17–25

ഈ വചനങ്ങളിൽ നിന്ന് മുകളിൽ തെളിയിക്കാനായി എടുത്തു കാണിച്ചിട്ടുള്ള മറ്റ് വേദഭാഗങ്ങളിൽ നിന്നും അതേ പോലെ ലൂക്കോസിന്റെ ഈ വചനങ്ങളിൽ നിന്നും കർത്താവിന്റെ ജന്മസ്ഥലത്തിനോട് ബന്ധപ്പെടുത്തി സ്നാപക യോഹന്നാൻ വരെ പ്രവചിച്ചിട്ടുള്ള എല്ലാ പ്രവാചകന്മാരും ന്യായപ്രമാണവും ആരേക്കുറിച്ച് പ്രവചിച്ചുവോ അവൻ യഹോവയാൽ കന്യകയിൽ പിറന്ന ദൈവപുത്രനാണു യേശു എന്നാണ് തെളിയുന്നത്.

**22.** പ്രതിപാധിക്കുന്ന വിഷയത്തിനനുസരിച്ച് കർത്താവ് താൻ തന്നെ തന്നെ പുത്രനെന്നും ദൈവ പുത്രനെന്നും മനുഷ്യപുത്രനെന്നും വിളിക്കുന്നുണ്ട്. അവനെ ദൈവപുത്രനെന്നതിനാലും മനുഷ്യപുത്രനെന്ന തിനാലും കർത്താവിനെ കുറിക്കുന്നത് എന്താണെന്നറിയുന്ന ഒരുവൻ വചന

ത്തിന്റെ അനവധി രഹസ്യങ്ങൾ കാണാൻ കഴിയുന്നതാണു. യോഹന്നാൻ 5:17-26 ലും വേറൊരിടത്തും അവൻ അവനെ തന്നെ പുത്രനെന്നും ദൈവ പുത്രനെന്നും വിളിക്കുമ്പോൾ അവനിൽ നിന്നുള്ള ജീവൻ, അവനിലുള്ള വിശ്വാസം, അവന്റെ ദിവ്യശക്തി, പിതാവുമായി ഐക്യ പ്പെട്ടിരിക്കുന്ന അവന്റെ ദൈവത്വം എന്നിവയാണു പരാമർശി ക്കപ്പെടുന്നത് പഴയനിയമ ത്തിലും കർത്താവിനെ വിവിധ നാമങ്ങളാൽ വിളിക്ക പ്പെട്ടിരിക്കുന്നു. അവിടെ അവനെ യെഹോവ, യാഹ്, കർത്താവ്, യഹോവ സെബോത്, യിസ്രായേലിന്റെ ദൈവം, യിസ്രായേലിന്റെ പരിശുദ്ധൻ യാക്കൊബിന്റെ ശക്തനായവൻ, ശദ്ദായി, പാറ, കൂടാതെ സൃഷ്ടിതാവു, മെനയുന്നവൻ, രക്ഷിതാവും വീണ്ടെടുപ്പുകാരനും, അങ്ങനെ വിഷയങ്ങൾ പ്രതിപാദിക്കുന്നതിനനുസരിച്ചും. പുതിയ നിയമത്തിലും അവനെ യേശുക്രിസ്തുവെന്നും, കർത്താവെന്നും, ദൈവമെന്നും, ദൈവപുത്രനെന്നും, മനുഷ്യപുത്രനെന്നും, പ്രവാചകനെന്നും, കുഞ്ഞാ ടെന്നും കൂടാതെ മറ്റിതര നാമങ്ങളാലും അവിടെയെല്ലായിടത്തും വിഷയ ങ്ങൾ പരമർശിക്കുന്നതിനനുസരിച്ചും അങ്ങനെ തന്നെയാണ്.

**23.** കർത്താവിനെ എന്തുകാരണം കൊണ്ടാണ് ദൈവപുത്രനെന്നു വിളിച്ചിരിക്കുന്നത് എന്നത് ഞാൻ മുന്നമേ പ്രസ്താവിച്ചിട്ടുണ്ട്. എന്തു കൊണ്ടാണു അവനെ മനുഷ്യപുത്രനെന്നു വിളിക്കപ്പെട്ടിരിക്കുന്നത് എന്നത് ഞാൻ ഇവിടെ ഇപ്പോൾ പ്രസ്താവിക്കുന്നതായിരിക്കും. അവന്റെ കഷ്ടാനുഭവങ്ങൾ ന്യായവിധി, അവന്റെ വരവ്, വീണ്ടെടുപ്പ്, രക്ഷ, നവീകരണം, വീണ്ടുംജനനം, എന്നീ പൊതുവിൽ പരാമർശിക്കുന്നതിൽ അവനെ മനുഷ്യ പുത്രനെന്ന് വിളിക്കപ്പെട്ടിരിക്കുന്നു. വചനത്തിനോടുള്ള ബന്ധത്തിൽ കർത്താവു മനുഷ്യപുത്രനെന്നതാണു ഇതിനു കാരണം, വചനമായിരിക്കുന്നതു പോലെ അവൻ കഷ്ടത അനുഭവിച്ചു, ന്യായം വിധിക്കുന്നു, ലോകത്തിലേക്കു വന്നു, വീണ്ടെടുക്കുന്നു, രക്ഷിക്കുന്നു, നവീകരിക്കുന്നു, വീണ്ടുംജനിപ്പിക്കുന്നു. ഇതേ തുടർന്നു വരുന്ന ഭാഗങ്ങ ളിൽ നിന്നും ഇതു സ്പഷ്ടമാകുന്നതാണ്.

**24.1 പ**ീഢാനുഭവങ്ങളെ കുറിച്ചു പരാമർശിക്കകമ്പോൾ കർത്താവിനെ മനുഷ്യപുത്രനെ വിളിക്കപ്പെട്ടിരിക്കുന്നു. തുടർന്നു വരുന്ന വേദഭാഗങ്ങളിൽ നിന്നും ഇതു തെളിവാകുന്നു. അവൻ പിന്നെയും പന്തിരുവരെ കൂട്ടികൊണ്ട് അവരോട്:

> ഇതാ, നാം യെരുശലേമിലേക്കു പോകുന്നു; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതൻമാരുടെയും ശാസ്ത്രിമാരുടെയും കൈയിൽ ഏൽപ്പിക്കപ്പെടും; അവർ അവനെ മരണത്തിനു വിധിച്ചു ജാതികൾക്കു ഏൽപിക്കും. അവർ അവനെ പരിഹസിക്കയും തുപ്പുകയും തല്ലുകയും കൊല്ലുകയും മൂന്നുനാൾ കഴിഞ്ഞിട്ട് അവൻ ഉയിർത്തെഴുന്നേൽക്കയും ചെയ്യും എന്നിങ്ങനെ തനിക്കു സംഭവിക്കാനുള്ളതു പറഞ്ഞുതുടങ്ങി.
> മർക്കോസ്: 10:33, 34.

അവന്റെ കഷ്ടാനുഭവങ്ങളെ കുറിച്ചു മുൻകൂട്ടി പറയുന്ന മറ്റിതര ഭാഗങ്ങളിലും അപ്രകാരം തന്നെയാണു. മത്തായി:20:18,19; മർക്കോസ്:8:31; ലൂക്കോസ്:9:22,

പിന്നെ ശിഷ്യന്മാരുടെ അടുക്കൽ വന്നു: ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ; നാഴിക അടുത്തു; മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏൽപ്പിക്കപ്പെടുന്നു; എഴുന്നേൽപ്പിൻ; നാം പോക; ഇതാ എന്നെ കാണിച്ചുകൊടുക്കുന്നവൻ അതുത്തിരിക്കുന്നു എന്നു പറഞ്ഞു.
മത്തായി 26:45

കല്ലറക്കലെക്കു വന്ന സ്ത്രീകളൊടു ദൂതൻ, അവൻ ഇവിടെ ഇല്ല; ഉയിർത്തെഴുന്നേറ്റിരിക്കുന്നു; മുമ്പെ ഗലീലയിലിരിക്കുമ്പോൾ തന്നെ അവൻ നിങ്ങളോട്: മനുഷ്യ പുത്രനെ പാപികളായ മനുഷ്യരുടെ കൈയിൽ ഏൽപ്പിച്ചു ക്രൂശിക്കുകയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണം എന്നു പറഞ്ഞതു ഓർത്തുകൊൾവിൻ എന്നു പറഞ്ഞു.
ലൂക്കോസ് 24:6,7.

അനേക വേദഭാഗങ്ങളിൽ മുകളിൽ ചൂണ്ടി കാണിക്കപ്പെട്ട പ്രകാരം അവർ വചനത്തോട് പെരുമാറിയതു പോലെ സമാനമായ രീതിയിൽ അവനോടും പെരുമാറുവാൻ അനുവദിക്കപ്പെട്ടതു കൊണ്ടു കർത്താവു അവനെ തന്നെ മനുഷ്യപുത്രനെന്നപ്പോൾ വിളിച്ചിരിക്കുന്നു.

**25**. 2 ന്യായവിധിയെ കുറിച്ചു പരാമർശിക്കുമ്പോൾ കർത്താവു തന്നെ മനുഷ്യപുത്രനെന്നു വിളിച്ചിരിക്കുന്നു. തുടർന്നു വരുന്ന വേദഭാഗങ്ങളിൽ നിന്നും ഇതു തെളിവാണു:

> മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസ്സിനത്തിൽ ഇരിക്കും. സകല ജാതികളേയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളേയും കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതു പോലെ വേർതിരിച്ചു. ചെമ്മരിയാടുകളെ തന്റെ വലത്തുഭാഗത്തും കോലാടുകളെ ഇടത്തും നിർത്തും. മത്തായി: 25:31–33

> മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനത്ത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കുമെന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. മത്തായി:19:28

> മനുഷ്യ പുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും. അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം പകരം നല്കും. മത്തായി 16:27

> ആകയാൽ ഈ സംഭവിക്കുവാൻ ഉള്ള എല്ലാറ്റിനും ഒഴിഞ്ഞു പോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുവാനും നിങ്ങൾ

പ്രപ്തരാകേണ്ടതിനും സദാകാലവും ഉണർന്നു പ്രാർത്ഥിച്ചു കൊണ്ടിരിക്കുവിൻ ലൂക്കോസ് 21;36

അങ്ങനെ നിങ്ങൾ നിനക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ

വരുന്നതു കൊണ്ടു നിങ്ങളും ഒരിങ്ങിയിരിപ്പിൻ.

മത്തായി 24:44; ലൂക്കോസ് 12:40

പിതാവു അരേയും ന്യായം വിധിക്കാതെ നൃയവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. യോഹന്നൻ:5:22;

അവൻ മനുഷ്യപുത്രനാകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരവും നല്കിയിരിക്കുന്നു. യോഹന്നാൻ :5:27

ന്യാവിധിയെ പരാമർശിക്കുമ്പോൾ കർത്താവു തന്നെ തന്നെ മനുഷ്യപുത്രനെന്നു വിളിക്കുന്നതിന്റെ കാരണം വചനത്തിലുള്ളതായ ദിവ്യ സത്യത്തിനനുസരിച്ചാണ് എല്ലാ ന്യായവിധിയും പ്രഭാവപ്പെടുന്നതു എന്നതു കൊണ്ടാണ്. അതാണു എല്ലാവരേയും ന്യായവിധിക്കുന്നത് കർത്താവു തന്നെ യോഹന്നാനിൽ പറയുന്നു:

എന്റെ വചനം കേട്ടു പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല ..ലോകത്തെ വിധിക്കുവനല്ല ലോകത്തെ രക്ഷിക്കുവാനത്രെ ഞാൻ വന്നിരിക്കുന്നതു. എന്റെ വചനം കൈകൊള്ളതെ എന്നെ തള്ളി കളയുന്നാവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു... ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും:

യോഹന്നാൻ : 12: 47, 48.

മറ്റൊരിടത്ത്: ലോകത്തെ ന്യായം വിധിക്കാനല്ല മനുഷ്യപുത്രൻ വന്നത്, പിന്നെയോ ലോകം അവനാൽ രക്ഷിക്കപെടുവാനത്രെ

അവനിൽ വിശ്വസിക്കുന്നവന്റെ ന്യായവിധിയില്ല, വിശ്വസിക്കാത്താവന്റെ ന്യായവിധി വന്നു കഴിഞ്ഞു, ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ തന്നെ:

യോഹന്നാൻ 3:13, 17, 18

കർത്താവു ആരേയും ന്യായം വിധിച്ച് നരകത്തിലേക്ക് തള്ളിയിടുന്നില്ല പിന്നെയോ ദുഷ്ടാത്മാക്കളാണ് അവനെ നരകത്തിലേക്ക് തള്ളിയിടു ന്നത് എന്നത് സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിന്റെ 545 മുതൽ 550 വരേയും മുള്ള ഖണ്ഠികയിലും 574 -ാം ഖണ്ഠികയിലും കാണാനാവുന്നതാണ് ദൈവപുത്രന്റേയും, കർത്താവിന്റേയും, യഹോവയുടേയും നാമമെന്ന തിനാൽ അർത്ഥമാക്കിയിരിക്കുന്നതു ദിവ്യസത്യമെന്നും അനന്തരം അവനിൽ നിന്നുള്ളതും അവനെ സംമ്പന്ധിച്ചുള്ളതെന്നും വചനമെന്നും അപ്രകാരം അവൻ തന്നെയെന്നുമാണ്.

**26.** അവന്റെ വരവിനെ പരാമർശിക്കുന്നിടത്ത് കർത്താവിനെ മനുഷ്യ പുത്രനെ വിളിക്കപ്പെട്ടിരിക്കുന്നു. തുടർന്നു വരുന്നതായ വേദഭാഗങ്ങൾ ഇതിന്റെ തെളിവാണു:

കാലാവസാനത്തിന്റേയും നിന്റെ വരവിന്റേയും അടയാളമെന്തെന്ന് ശിഷ്യമ്മാർ യേശുവിനോടു ചോദിച്ചു. അന്ത്യത്തെ സംമ്പന്ധിച്ചും അന്ത്യം വരേയുള്ള സഭയുടെ ക്രമാനുഗതമായ അവസ്ഥകളെ കുറിച്ചും അപ്പോൾ കർത്താവു മുൻകൂട്ടി പറഞ്ഞു.

> അവൻ പറഞ്ഞു: അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിമേൽ മഹാ ശക്തിയോടും കൂടെ വരുന്നതു കാണും.

മത്തയി:24:3, 30; മർക്കോസ്:13:26; ലൂക്കോസ്: 21:27.

കാലാവസാനമെന്നതിനാൽ അർത്ഥമാക്കുന്നത് സഭയുടെ അന്ത്യ ദശയെയാണു, മഹിമയിൽ ആകാശമേഘങ്ങളിൽ മനുഷ്യപുത്രന്റെ വരവിനെ അർത്ഥമാകുന്നതു കർത്താവിനെ കുറിച്ചു മാത്രം എഴുതിയി രിക്കുന്ന വചനവും അതിന്റെ വെളിപ്പെടുത്തലും വചനത്തിന്റെ അനാവരണവുമാണ്.

ദാനിയേലിൽ:

> രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളിൽ വരുന്നതു കണ്ടു. ദാനിയേൽ: 7: 13.

> വെളിപ്പാടിൽ: ഇതാ അവൻ മേഘാരൂഢനായി വരുന്നു, ഏതു കണ്ണും, അവനെ കുത്തിതുളച്ചവരും അവനെ കാണും. വെളിപാട് : 1: 7

അതേ അദ്ധ്യായത്തിന്റെ 13-ാം വാക്യത്തിൽ പ്രത്യക്ഷപ്പെടുന്നതു മനുഷ്യപുത്രനെ കുറിച്ചു തന്നെയാണ്. അതേ പുസ്തകത്തിന്റെ മറ്റൊരു ഭാഗത്തും ഇതു തന്നെ പറഞ്ഞിരിക്കുന്നു.

> പിന്നെ ഞാൻ വെളുത്തൊരു മേഘവും മേഘത്തിന്മേൽ മനുഷ്യ പുത്രനു ദൃശനായ ഒരുത്തനെ കണ്ടു. വെളി:14:14

മനുഷ്യപുത്രനെന്നതിനാൽ മറ്റൊന്നും ദൈവപുത്രനെന്നതിനാൽ അവനിൽ തന്നെ വേറൊരു കാര്യവും കർത്താവു അർത്ഥമാക്കുന്നതു മഹാ പുരോഹിതനോടുള്ള അവന്റെ മറുപടിയിൽ നിന്നും സ്പഷ്ടമാണ്.

> യേശുവോ മിണ്ടാതിരുന്നു. മഹാപുരോഹിതൻ പിന്നേയും അവനോട്; നീ ദൈവ പുത്രനായ ക്രിസ്തു തന്നെയോ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെ കൊണ്ടു നിന്നോട് ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു.

> യേശൂ അവനോട്; ഞാൻ ആകുന്നു; ഇനി മനുഷ്യപുത്രൻ സർവ്വശക്ത ന്റെ വലത്തു ഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാ

ക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു എന്നു പറഞ്ഞു. മത്തായി : 26 : 63, 64

ഇവിടെ അവൻ ആദ്യം ദൈവത്തിന്റെ പുത്രനെന്നു ഏറ്റു പറയുകയും അതിനു ശേഷം മനുഷ്യപുത്രൻ സർവശക്തന്റെ വലത്തു ഭാഗത്തു ഇരിക്കുന്നതും ആകാശ മേഘങ്ങളിൽ വരുന്നതു കാണുമെന്നു പറഞ്ഞിരിക്കുന്നു. ക്രൂശിന്റെ കഷ്ടാനുഭവങ്ങൾക്കു ശേഷം വചനം അനാവരണം ചെയ്യേണ്ടതിനായ ദിവ്യ അധികാരം കൈയാളുമെന്നും, സഭയെ സ്ഥാപിക്കുമെന്നുമാണ് അതിനാൽ ഇതർത്ഥമാക്കുന്നത്. ഇതിനു മുമ്പ് നരകത്തെ ജയിക്കയൊ തന്റെ മനുഷ്യത്വത്തെ മഹത്വീകരീക്കയൊ അതുവരെ ചെയ്തിട്ടില്ലാത്തതിനാൽ ഇതു സഫലമാക്കുവാൻ കഴിഞ്ഞി രുന്നില്ല. തേജസ്സോടെ വരുന്നതും ആകാശമേഘങ്ങളിൽ ഇരിക്കുന്നു എന്നതിനാലും എന്താണർത്ഥമാക്കുന്നതെന്നു സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിന്റെ ഒന്നാം ഖണ്ഠികയിൽ വിശദമാക്കിയിരിക്കുന്നു.

**27.**4. വീണ്ടെടുപ്പ്, രക്ഷ, നവീകരണം വീണ്ടും ജനനം, എന്നിവയെ പരാമർശിക്കുന്നിടത്ത് കർത്താവു മനുഷ്യപുത്രൻ എന്നു വിളിക്കപ്പെട്ടിരിക്കുന്നു. തുടർന്നു വരുന്ന വേദഭാഗങ്ങൾ ഇതിനു തെളിവാണ്.

അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാൻ മനുഷ്യപുത്രൻ വന്നു: മത്തായി : 20:28 , മർക്കോസ് : 10 : 45

കാണാതെ പോയതിനെ തിരെഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നത്: ലൂക്കോസ് : 19:10

മനുഷ്യപുത്രൻ ലോകത്തിലേക്കു വന്നത് ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. യോഹന്നാൻ 3 : 17

നല്ല വിത്തു വിതയ്ക്കുന്നത് മനുഷ്യപുത്രൻ : മത്തായി : 13:37

ഇവിടെ പരാമർശിച്ചിരിക്കുന്ന വീണ്ടെടുപ്പും രക്ഷയും കർത്താവു സഫലമാക്കിയതു വചനം മുഖാന്തരമാണ് ആയതുകൊണ്ടു അവൻ ഇവിടെ അവനെ തന്നെ മനുഷ്യപുത്രനെന്നു വിളിച്ചിരിക്കുന്നു.

കർത്താവു പറയുന്നു:

മനുഷ്യപുത്രനു പാപങ്ങളെ ക്ഷമിക്കുവാനുള്ള അധികാരം ഉണ്ട് : മർക്കോസ് : 2: 10, ലൂക്കോസ് : 5 : 24 അതു രക്ഷിക്കുവാനും കൂടിയുള്ളത്

അവൻ മനുഷ്യ പുത്രനായിരിക്കകൊണ്ട് അവൻ ശബത്തിന്റേയും കർത്താവാണ്. മത്തായി: 12 : 8, മർക്കോസ്: 2 : 28, ലൂക്കോസ് : 6 : 5

അപ്പോൾ അവൻ പഠിപ്പിച്ചു കൊണ്ടിരുന്ന വചനം അവനാകുന്ന തുകൊണ്ട് തന്നെയുമല്ല അവൻ യോഹന്നനിൽ പറയുന്നതു: നശിച്ചു പോകുന്ന അപ്പത്തിനായിട്ടല്ല നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാ

രത്തിനായിട്ടു തന്നെ പ്രവൃത്തിക്കുവിൻ. അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും. യോഹന്നാൻ: 6:27

ആഹാരമെന്നാൽ അർത്ഥമാക്കുന്നത് വചനത്തിൽ നിന്നുള്ള ഉപദേശത്തിന്റെ നന്മയും അതിൻഫലമായി കർത്താവിങ്കൽ നിന്നുമുള്ള എല്ലാ സത്യത്തെയുമെന്നാണ്. സ്വഗ്ഗത്തിൽ നിന്നു ഇറങ്ങിവരുന്നതായ അപ്പം എന്നതിനാലും മന്നയെന്നതിനാലും ആ അദ്ധ്യായത്തിൽ അർത്ഥമാക്കുന്നതു ഇതു തന്നെയാണ്. അതേ അദ്ധ്യായത്തിൽ തുടർന്നു വരുന്ന വാക്യങ്ങളും ഇതു തന്നെയാണ് അർത്ഥമാക്കുന്നതും.

നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങളുടെ ഉള്ളിൽ ജീവനില്ല.

യോഹന്നാൻ : 6: 53

മാംസമോ അപ്പമോ എന്നത് വചനത്തിൽ നിന്നുള്ള സ്നേഹത്തിന്റെ നന്മയാണ്, രക്തമോ വീഞ്ഞോ എന്നത് വചനത്തിൽ നിന്നുള്ള വിശ്വാസത്തിന്റെ നന്മയെന്നതാണ്, ഇവ രണ്ടും കർത്താവിങ്കൽ നിന്നുള്ളവയാണ്.

2. മറ്റു വേദഭാഗങ്ങളിൽ അരുളപ്പെടുമ്പോൾ മനുഷ്യപുത്രനെന്നതിനാൽ അർത്ഥമായിരിക്കുന്നതും അതു തന്നെയാണ്.

കുറുനരിക്കൾക്കു കുഴികളും പറവകൾക്കു കൂടുകളും ഉണ്ട് മനുഷ്യപുത്രനു തല ചായിക്കാൻ ഇടമില്ല എന്നു പറഞ്ഞു.

മത്തായി : 8:20, ലൂക്കോസ്: 9:58

യോഹന്നാന്റെ 8:37–ൽ കർത്താവു പറയുന്നതുപോലെ യഹൂദന്മാരുടെ ഇടയിൽ വചനത്തിനു ഇടമില്ല എന്നതാണു ഇതിനാൽ അർത്ഥമാക്കു ന്നത്. മാത്രവുമല്ല, അവർ അവനെ അംഗീകരിക്കാത്തതു കൊണ്ടു അവരോടൊപ്പം വചനം നിലകൊള്ളൂന്നുമില്ല.: യോഹന്നാൻ 8:38, 39 വെളിപ്പാടിലും മനുഷ്യപുത്രനെന്നതിനാൽ അർത്ഥമാക്കുന്നതും കർത്താവിനെ വചനമായിട്ടാണ്.

ഏഴുപൊൻ നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യ പുത്രനോടെ സദൃശനായവനേയും കണ്ടു. വെളിപാട് : 1:13

ഇവിടെ വിത്യസ്ത കാര്യങ്ങൾ കർത്താവു പ്രതിനിധീകരിക്കുന്നതു വചനമായിട്ടാണ്: മാത്രവുമല്ല അവനെ മനുഷ്യപുത്രനെന്നു കൂടി വിളിക്കപ്പെട്ടിരിക്കുന്നു.

സങ്കീർത്തനങ്ങളിൽ:

നിന്റെ വലത്തുഭാഗത്തെ പുരുഷന്റെ മേൽ നിന്റെ കരം ഇരിക്കട്ടെ, നീ നിനക്കായി ബലവാനാക്കിയ മനുഷ്യപുത്രന്റെ മേൽ തന്നെ ഇരിക്കാട്ടെ,

എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല: ഞങ്ങളെ ജീവിപ്പിക്കണമേ എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. സങ്കീർത്തനം 80:17, 18.

ഇവിടേയും വചനത്തെ സമ്പന്ധിച്ചു കർത്താവു തന്നെയാണ് വലതു ഭാഗത്തെ പുരുഷൻ. വചനത്തെപ്പോലെ ദിവ്യസത്യത്തിന്റെ സത്ഗുണങ്ങളാൽ കർത്താവിനധികാരം ഉള്ളതുകൊണ്ടു അവനെ വലതുഭാഗത്തെ പുരുഷൻ എന്നു വിളിച്ചിരിക്കുന്നു. മാത്രവുമല്ല മുഴുവചനവും അവൻ നിവർത്തിച്ചപ്പോൾ അവനു ദിവ്യ അധികാരാം ഉണ്ടായി. ഇക്കാരണം കൊണ്ടു കൂടി അവൻ പറഞ്ഞു

മനുഷ്യ പുത്രൻ സർവ്വശക്തന്റെ വലതു ഭാഗത്തു ഇരിക്കുന്നതു അവർ കാണുമെന്നു മർക്കോസ് : 14:62

പ്രവാചകന്മാരേയും മനുഷ്യപുത്രന്മാരെന്നു വിളിക്കപ്പെട്ടിരിക്കുന്നതിനാൽ വചനത്തിനോടുള്ള ബന്ധത്തിൽ മനുഷ്യപുത്രനെ കുറിക്കു ന്നതു കർത്താവിനെയാണ്

**28** 5 കർത്താവിനെ അവർ പ്രതിനിധീകരിക്കുന്നതു കൊണ്ടു പ്രവാചകന്മാരേയും മനുഷ്യപുത്രന്മാരെന്നു വിളിക്കപ്പെട്ടിരിക്കുന്നു, അനന്തരം വചനത്തിൽ നിന്നുള്ള സഭയുടെ ഉപദേശങ്ങളെന്നും അർത്ഥമാക്കിയിരിക്കുന്നു. വചനത്തിൽ പ്രവാചകന്മാർ എന്നു നാമകരണം ചെയ്തിരിക്കുന്നത് സ്വർഗ്ഗത്തിൽ മറ്റൊന്നും തന്നെ അർത്ഥമാക്കുന്നില്ല; പ്രവാചകന്മാരുടെ ആത്മീയ സാരം മനുഷ്യപുത്രനെന്ന പോലെ തന്നെയെന്നാണ്, വചനത്തിൽ നിന്നുള്ള സഭയുടെ ഉപദേശമാണ്. കർത്താവു പ്രവാചകന്മാരെ ഉപയോഗിക്കുമ്പോൾ വചനത്തെ തന്നെയാണു കുറിക്കുന്നത്. ദാനിയേൽ 8:17 ൽ കാണുന്നതുപോലെ പ്രവാചകൻ ദാനിയേലിനെ മനുഷ്യപുത്രൻ എന്നു വിളിച്ചിരിക്കുന്നു. യെഹസ്ക്കേൽ പ്രവാചകനെ മനുഷ്യപുത്രനെന്നു വിളിച്ചിരിക്കുന്നത് യെഹസ്ക്കേൽ പ്രവാചകപുസ്തകത്തിലെ കാണാം. 2:1,3,6,8; 3:1,3,4,10,17,25; 4:1, 16; 5:1; 6:2; 7:2; 8:5,6,8,12,15; 11: 2,4,15; 12: 2,,3,9,18,22,27; 13: 2.17; 14: 3, 13; 15:2; 16:2; 17:2; 20:3,4.27, 46; 21:2,6,9,12,,14,19,28; 22: 18,24; 23; 2.36; 24:2,16,25; 25: 2; 26: 2; 27:2; 28:2,12,21; 29: 2,18; 30:2,21; 31:2; 32:2,18; 33: 2,7,1012,24,30; 34:2; 35:2; 36:1,17; 37: 3,9,11,16; 39:1,17; 40:4; 43:7,10,18; 44:5.

വചനത്തെ സംമ്പന്ധിച്ച് മനുഷ്യ പുത്രനെന്നും ദിവ്യ മനുഷ്യത്വത്തെ സമ്പന്ധിച്ചു ദൈവപുത്രനെന്നും കർത്താവിനെ വിളിച്ചിരിക്കുന്നത് തെളിയിക്കപ്പെടിരിക്കുന്ന എല്ലാ വേദഭാഗങ്ങളിൽ നിന്നും ഇതു സ്പഷ്ടമാണ്.

## VII

## കർത്താവു അവനിലെ ദൈവത്വത്തിൽ നിന്നും തന്റെ മനുഷ്യത്വത്തെ ദൈവീകമാക്കി അങ്ങനെ അവൻ പിതാവിനോടു കൂടെ ഒന്നായി തീർന്നു

**29** ക്രിസ്തീയ ലോകത്തിലുടനീളം സഭ അംഗീകരിച്ചിട്ടുള്ള ഉപദേശത്തിനനുസരിച്ചുള്ളതാണ് ഇത്. ദൈവത്തിന്റെ പുത്രനായ നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവവും മനുഷ്യനുമാണ്, എന്നിരുന്നാലും രണ്ടല്ല, പിന്നെയോ അവിടെ ഏക ക്രിസ്തു. ദൈവവും മനുഷ്യനുമാണെന്നു വരികിലും രണ്ടല്ല. ദൈവത്വം മനുഷ്യത്വം ഏറ്റെടുത്തതു കൊണ്ടു അവൻ ഏകനാണ്, നിസംശയം എല്ലാം ചേർന്നു അവൻ ഏകനാണ്, ഏക വ്യക്തി ആയിരിക്കുന്നു. മനുഷ്യനെ ഒന്നാക്കുന്ന ദേഹവും ദേഹിയും പോലെ ദൈവവും മനുഷ്യനും ചേർന്നു ഏക ക്രിസ്തു.

ഈ വാക്യങ്ങൾ മുഴു ക്രിസ്തീയ ലോകത്തിലുടനീളം സ്വീകരിച്ചിരിക്കുന്ന അത്താനേഷ്യസ് വിശ്വാസപ്രമാണത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്. കർത്താവിൽ മനുഷ്യത്വവും ദൈവത്വവും ഒന്നിക്കുന്നതിനെ സമ്പന്ധിച്ചുള്ള പഠിപ്പിക്കലിന്റെ സാരാംശമാണിവ. അതേ വിശ്വാസ പ്രമാണത്തിൽ കർത്താവിനെ സമ്പന്ധിച്ചു കൂടുതലായി പറഞ്ഞിട്ടുള്ളത് ഇതിന്റെ യഥോചിതമായ അദ്ധ്യായത്തിൽ വിശദമാക്കുന്നതായിരിക്കും. കർത്താവിൽ ദൈവത്വവും മനുഷ്യത്വവും രണ്ടല്ല മറിച്ചു ദേഹവും ദേഹിയും ചേർന്നു മനുഷ്യൻ ഒന്നായിരിക്കുന്നു എന്ന ക്രിസ്തീയ സഭയുടെ വിശ്വാസത്തിനനുസരിച്ചുള്ളതാണ് എന്നത് ഈ വാക്യങ്ങളിൽ

നിന്നു വ്യക്തമായി വെളിപ്പെടുന്നു, ആ ദൈവത്വമാണ് അവനിൽ മനുഷ്യത്വം ഏറ്റെടുത്തത്.

മനുഷ്യത്വത്തിൽ നിന്നു ദൈവത്വത്തേയും ദൈവത്വത്തിൽ നിന്നു മനുഷ്യത്വത്തേയും വേർപെടുത്താനാവില്ല എന്നാണ് ഇതിൽ നിന്നും അനുമാനിക്കാനാവുന്നത്, മറിച്ച് അവയെ വേർപെടുത്തുകയാണെങ്കിൽ ദേഹിയേയും ദേഹത്തേയും വേർപെടുത്തുന്നതു പോലെയായിരിക്കും. കർത്താവിന്റെ ജന്മദേശത്തെ സമ്പന്ധിച്ചു ഇരു സുവിശേഷകരിലും അതായതു മത്തായി 1: 18–25 വരേയും ലൂക്കോസ് : 1: 26–35 വരേയും മുകളിൽ 19 മുതൽ 21 വരേയുള്ള ഖണ്ഡികകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് വായിക്കുന്ന എല്ലാവരും അതു അങ്ങനെ തന്നെയെന്ന് അംഗീകരിച്ചു കൊടുക്കേണ്ടിയിരിക്കുന്നു. യഹോവയായ ദൈവത്താൽ കന്യകമറിയമിൽ പിറന്ന യേശുവായിരിന്നു അതെന്ന് ഈ വേദഭാഗങ്ങൾ വെളിപ്പെടുത്തുന്നത്, അതുകൊണ്ടു അവനിലായിരുന്ന ദൈവത്വം അവന്റെ ജീവാത്മാവായിരിന്നു. ഇപ്പോൾ അവന്റെ ജഡത്തെ അല്ലെങ്കിൽ മനുഷ്യത്വത്തെ ദൈവത്വമാക്കിയിരുന്ന പിതാവിന്റെ തന്നെ ദൈവത്വമായിരുന്നു അവന്റെ ജീവാത്മാവെന്നിരിക്കെ ആ ദൈവത്വം എവിടെ കുടികൊള്ളുന്നുവോ അതും ദൈവത്വമായിരിക്കുന്നു എന്നു അനുമാനിക്കാം. കർത്താവു തന്നെ അവന്റെ വചനത്തിൽ പഠിപ്പിക്കുന്ന പ്രകാരം പിതാവിനുള്ളതെല്ലാം പുത്രനുള്ളതും പുത്രനുള്ളതെല്ലാം പിതാ വിന്റേതും

എന്നിങ്ങനേയും പുത്രനിൽ പിതാവും പിതാവിൽ പുത്രനെ ന്നുമാണു മറിച്ചു പിതാവു വേറൊരാളും പുത്രൻ മറ്റൊരുവനും എന്നല്ല. എന്നാൽ തുടർന്നുള്ള ക്രമത്തിൽ എങ്ങനെ ഈ ഐക്യം പ്രാപ്തമായി എന്നു വിശദീകരിക്കു ന്നതായിരിക്കും :

1. നിത്യതയിൽ നിന്നുള്ള കർത്താവാണ് യഹോവ.

2. നിത്യതയിൽ നിന്നുള്ള കർത്താവു അല്ലെങ്കിൽ യഹോവ മനുഷ്യ വർഗ്ഗത്തെ രക്ഷിക്കുന്നതിനായി ഏറ്റെടുത്തതാണ് മനുഷ്യത്വം.

3. അവനിൽ തന്നെയുള്ള ദൈവത്വത്തിൽ നിന്നും മനുഷ്യത്വത്തെ ദൈവത്വമാക്കി.

4. അവനിലേക്കു തന്നെ പ്രലോഭനങ്ങളെ അനുവദിക്ക നിമിത്തം അവൻ മനുഷ്യത്വത്തെ ദൈവത്വമാക്കി.

5. അവസാനത്തെ പ്രലോഭനങ്ങളായിരുന്ന ക്രൂശിലെ കഷ്ടാനു ഭവങ്ങളാൽ അവനിൽ മനുഷ്യത്വത്തിന്റേയും ദൈവത്വത്തിന്റേയും പരിപൂർണ്ണ ഐക്യം പ്രാപ്തമാക്കി.

6. അമ്മയിൽ നിന്നും ഏറ്റെടുത്ത മനുഷ്യത്വം പടിപടിയായി ഉരിഞ്ഞു കളഞ്ഞിട്ട് അവനിൽ തന്നെയുള്ള ദൈവത്വത്തിൽ നിന്നും മനുഷ്യത്വത്തിന്മേൽ ദൈവത്വം ധരിച്ചു. ഇതാണു ദൈവമനുഷ്യനും ദൈവപുത്രനും.

7. ഇങ്ങനെ ആദിയോടന്തം ദൈവം മനുഷ്യനായി.

**30**. യെഹൂദന്മാരോട് കർത്താവു പറഞ്ഞ വാക്കിൽ നിന്നും ഇതു പ്രസിദ്ധമാണ്.

> ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു അബ്രാഹം ജനിച്ചതിനു മുമ്പെ ഞാൻ ഉണ്ട് എന്നു പറഞ്ഞു: യോഹന്നാൻ : 8:58

> ഇപ്പോൾ പിതാവേ ലോകം ഉണ്ടാകും മുമ്പെ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വ പ്പെടുത്തണമേ: യോഹന്നാൻ : 17:5

നിത്യതയിൽ നിന്നുള്ള ഒരു പുത്രനെന്നല്ല പിന്നെയൊ നിത്യതയിൽ നിന്നുള്ള കർത്താവു എന്നാണു ഇതിനാൽ അർത്ഥമാക്കുന്നത്. മുകളീൽ കാണിച്ച പ്രകാരം കാലത്തിന്റെ സംമ്പൂർണ്ണതയിൽ യഹോവയാൽ കന്യക മറിയമിൽ പിറന്ന അവന്റെ മനുഷ്യത്വമാണു പുത്രനെന്നതിനാൽ അർത്ഥമാക്കുന്നത്. യഹോവ തന്നെയാണു നിത്യതയിൽ നിന്നുള്ള ആ കർത്താവു എന്നത് അനേക വേദഭാഗങ്ങളിൽ വെളിപ്പെടുന്നത് ഇപ്പോൾ ചുരുക്കം ചിലത് തെളിയിക്കുന്നതായിരിക്കും.

> അന്നാളിൽ; ഇതാ നമ്മുടെ ദൈവം; അവനെയത്രെ നാം കാത്തിരു ന്നത്; അവൻ നമ്മെ രക്ഷിക്കും; അവൻ തന്നെ യെഹോവ; അവനെ

യത്രെ നാം കാത്തിരുന്നതു; അവന്റെ രക്ഷയിൽ നമുക്ക് ആനന്ദിച്ചു സന്തോഷിക്കാം എന്നവർ പറഞ്ഞു : യെശയാവു : 25:9

യഹോവയായ ദൈവത്തെ തന്നെയാണു കാത്തിരുന്നത് എന്നു ഈ വാകൃങ്ങളിൽ നിന്ന് തെളിവാണു.

മരുഭൂമിയിൽ യഹോവയ്ക്കു വഴി ഒരുക്കുവിൻ; നിർജ്ജനപ്രദേശത്തു നമ്മുടേ ദൈവത്തിനു ഒരു പെരുവഴി നിരപ്പാക്കുവിൻ. യഹോവയുടെ മഹത്ത്വം വെളിപ്പെടും സകല ജഡവും ഒരുപോലെ അതിനെ കാണും ഇതാ യഹോവയായ കർത്താവു ബലശാലിയായി വരുന്നു:
യെശ: 40: 3, 5, 10; മത്താ:3:3; മാർക്കോ : 1:3; ലൂക്ക്:3:4

വരുവാനിരിക്കുന്ന കർത്താവു യഹോവയെന്ന് ഇവിടേയും വിളിക്ക പ്പെട്ടിരിക്കുന്നു:

(3) യെഹൊവയായ ഞാൻ നിന്നെ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവും ആക്കും..

ഞാൻ യെഹോവ, അതു തന്നെ എന്റെ നാമം എന്റെ മഹത്ത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടു കൊടുക്കയില്ല..
യെശ: 42:7,8

ജനത്തിനു നിയമവും ജാതികൾക്ക് പ്രകാശവും ആയിരിക്കുന്നത് മനുഷ്യ നായിരിക്കുന്ന കർത്താവാണ്. ഇതു യഹോവയിൽ നിന്നാകുന്നതു കൊണ്ടു യഹോവയുമായി ഓന്നാക്കി, ഞാൻ യഹോവ അതു തന്നെ എന്റെ നാമം, എന്റെ മഹത്ത്വം മറ്റൊരുത്തനും വിട്ടു കൊടുക്കയില്ല എന്നു പറഞ്ഞിരിക്കുന്നു. അതായത് തന്നിലേക്കല്ലാതെ മറ്റൊരുത്തനിലേക്കും. മഹത്ത്വം കൊടുക്കുക എന്നത് മഹത്ത്വപെടുത്തുക അല്ലെങ്കിൽ അവനി ലേക്കു തന്നെ ഏകോപിക്കുക.

(4) നിങ്ങൾ അന്വേക്ഷിക്കുന്ന കർത്താവു പെട്ടെന്നു തന്റെ മന്ദിര ത്തിലേക്കു വരും. മലാഖി : 3:1

യോഹന്നാനിൽ 2:19,21ൽ പ്രകാരം മന്ദിരമെന്നതിനാൽ അർത്ഥമാക്കുന്നത് അവന്റെ ശരീരത്തിന്റെ മന്ദിരമെന്നാണു.

ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു

ലൂക്കോസ്: 1:78

ഉയരത്തിൽ നിന്നുള്ള ഉദയം എന്നതും നിതൃതയിൽ നിന്നുള്ള കർത്താവോ അല്ലെങ്കിൽ യഹോവ എന്നാണു.

നിതൃതയിൽനിന്നുള്ള കർത്താവെന്നതിനാൽ അർത്ഥമാക്കിയിട്ടുള്ളത്, അവന്റെ ഉൽഭവിക്കുന്ന ദൈവത്ത്വമാണ് അതായത് വചനത്തിലെ യഹോവ എന്നാണ് ഈ വേദഭാഗങ്ങളിൽ നിന്നും സ്പഷ്ടമാകുന്നത്.

എങ്കിലും താഴെ ഉദ്ധരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും തെളിയിക്കുന്നത് അവന്റെ മനുഷ്യത്ത്വം മഹത്വപ്പെടുത്തിയതിനു ശേഷം കർത്താവെന്ന തിനാലും യഹോവ എന്നതിനാൽ കൂടിയും അർത്ഥമാകുന്നത് ദൈവത്ത്വവും മനുഷ്യത്ത്വവും ചേർന്നു ഒന്നായിരിക്കുന്നു എന്നാണ്. കേവല പുത്രനെന്നതിനാൽ അർത്ഥമാക്കുന്നതു ദൈവമനുഷ്യനെന്നും.

**31** 2 യഹോവ അല്ലെങ്കിൽ നിത്യതയിൽ നിന്നുള്ള കർത്താവു മനുഷ്യ വർഗ്ഗത്തെ രക്ഷിക്കുവാനായി ഏറ്റെടുത്തതാണു മനുഷ്യത്ത്വം. തുടർന്നു വരുന്നതായ അദ്ധ്യായങ്ങളിലെ വാക്യങ്ങളിൽ ഇതു സ്ഥിരീകരി ക്കുന്ന തായിരിക്കും, മാത്രവുമല്ല മറ്റേതെങ്കിലും രീതിയിൽ രക്ഷിക്കുവാൻ കഴി യുമായിരുന്നില്ല എന്നതു മറ്റൊരിടത്തും കാണിക്കുന്നതായിരിക്കും. അ വൻ ലോകത്തിലേക്കു അയക്കപ്പെട്ടുവെന്നും സ്വർഗ്ഗത്തിൽ നിന്നു ഇറ ങ്ങിവന്നെവനെന്നും, ദൈവത്തിൽ നിന്നും പുറപ്പെട്ടു വന്നുവെന്നും പറ ഞ്ഞിരിക്കുന്ന വചനത്തിലെ അത്തരം വേദഭാഗങ്ങളിൽ നിന്നും അവൻ മ നുഷ്യത്ത്വം ഏറ്റെടുത്തു എന്നു കൂടി വെളിപ്പെടുത്തുന്നതു തുടർന്നു വ രുന്ന വേദഭാഗങ്ങളിൽ നിന്നും :

ഞാൻ പിതാവിന്റെ അടുക്കൽ നിന്നും പുറപ്പെട്ടു ലോകത്തിൽ വന്നിരിക്കുന്നു: യോഹ:16:28

ഞാൻ ദൈവത്തിന്റെ അടുക്കൽ നിന്നും വന്നിരിക്കുന്നു. ഞാൻ സ്വയമായി വന്നതല്ല, അവൻ എന്നെ അയച്ചതാകുന്നു.: യോഹ: 8:42

സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല. യോഹ: 3;13

ദൈവത്തിന്റെ അപ്പമോ, സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു ലോകത്തിനു ജീവനെ കൊതുക്കുന്നതാകുന്നു:

യോഹ : 6:33, 35, 41, 50, 51

മേലിൽ നിന്നു വരുന്നവൻ എല്ലാവർക്കും മീതെയുള്ളവൻ സ്വർഗ്ഗത്തിൽ നിന്നു വരുന്നവൻ എല്ലാവർക്കും മീതെയുള്ളവൻ : യോഹ: 3:31

ഞാൻ അവന്റെ അടുക്കൽ നിന്നു വന്നതുകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു: യോഹ: 7:29

ലോകത്തിലേക്കു പിതാവിനാൽ അയക്കപ്പെട്ടുവെന്നതിനാൽ അർത്ഥ മാക്കിയിരിക്കുന്നതു മുകളിൽ 20-ൽ കാണാവുന്നതാണു.

**32** 3 കർത്താവു അവനിലുള്ള ദൈവത്ത്വത്തിൽ നിന്നും അവന്റെ മനുഷ്യത്ത്വത്തെ ദൈവത്ത്വം ആക്കിതീർത്തു. തുടർന്നു വരുന്ന പ്രമേയ ങ്ങളെ സ്ഥിരീകരിക്കുന്ന വേദഭാഗങ്ങൾ ഉദ്ധരിക്കുന്നതിൽ നിന്നും വചനത്തിലെ അനവധി ഇടങ്ങളിൽ നിന്നു ഇപ്പോൾ ഇതു യഥാർത്ഥ്യമാ യേക്കും.

ഇതു ക്രമാനുഗദമായി നിവർത്തിക്കുകയായിരുന്നു.

പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു; ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു: ലൂക്കോ:2:40

യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റേയും മനുഷ്യരുടേയും കൃപയിലും മുതിർന്നുവന്നു: ലൂക്കോ: 2:52

(2) ശരീരത്തിലൂടെ ആത്മാവു ചെയ്യുന്നതുപോലെ മനുഷ്യത്ത്വ ത്തിലൂടെ ദൈവത്ത്വം പ്രവൃത്തിപ്പിച്ചു. തുടർന്നുവരുന്ന വേദഭാഗങ്ങളിൽ ഇതു വെളിപ്പെടുന്നു:

പിതാവു ചെയ്തു കാണുന്നത് അല്ലാതെ പുത്രനു സ്വതവെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. യോഹ: 5:19

ഞാൻ സ്വയമായി ഒന്നും ചെയ്യാതെ പിതാവു എനിക്കു ഉപദേശിച്ചു തന്നത് പോലെ ഇതു സംസാരിക്കുന്നു

എന്നെ അയച്ചവൻ എന്നോടു കൂടെ ഉണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല. യോഹ 8:28, 29; 5:30

ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല, എന്നെ അയച്ച പിതാവു തന്നെ ഞാൻ ഇന്നത് പറയണം എന്നും ഇന്നത് സംസാരിക്കണമെന്നും .

പിതാവു എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംസാരിക്കുന്നു. യോഹ: 12:49,50

ഞാൻ നിങ്ങളോട് പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നതു, പിതാവു എന്നിൽ വസിച്ചുകൊണ്ടു തന്റെ പ്രവൃത്തി ചെയ്യുന്നു. യോഹ: 14:10

പിതാവു എന്നോടു കൂടെയുള്ളതു കൊണ്ട് ഞാൻ ഏകനല്ലതാനും:

യോഹ 16:32 ദൈവത്വവും മനുഷ്യത്വവും ഏകകണ്ഠ്യേനെ പ്രവൃത്തിപ്പിച്ചു. തുടർന്നു വരുന്ന വേദഭാഗങ്ങൾ ഇതു വെളിപ്പെടുത്തുന്നു.:

പിതാവ് ചെയ്തു കാണുന്നത് അല്ലാതെ പുത്രനു ഒന്നും ചെയ്യുവാൻ കഴിയുകയില്ല: യോഹ:5:19

പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതു പോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു: യോഹ: 5: 21

നീ എനിക്കു തന്നത് എല്ലാം നിന്റെ പക്കൽനിന്നു ആകുന്നു എന്നു അവർ ഇപ്പോൾ അിറഞ്ഞിരിക്കുന്നു: യോഹ: 17:7

(4) മനുഷ്യത്ത്വത്തോട് ദൈവത്ത്വവും ദൈവത്ത്വത്തോട് മനുഷ്യത്വം ഐക്യപ്പെട്ടിരിക്കുന്നു: ഈ വേദഭാഗങ്ങളിൽ നിന്നും ഇതു വെളിപ്പെടുന്നു.

നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു, ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു. അവനെ കണ്ടുമിരിക്കുന്നു. പിതാവിനെ കാണുന്നതിനായി ആഗ്രഹിച്ച ഫിലിപ്പോസിനോടു കർത്താവു പറഞ്ഞു: ഞാൻ ഇത്ര കാലം നിങ്ങളോടു കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസെ? എന്നെ കാണുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു, ഞാൻ പിതാവിലും പിതാവു എന്നിലും ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നില്ലയോ? ഞാൻ പിതാവിലും പിതാവ് എന്നിലും എന്നു എന്നെ വിശ്വസിക്കുവിൻ: യോഹ: 14:6-11

ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ട; നിങ്ങൾ വിശ്വസിക്കാതിരിന്നിട്ടും അവന്റെ പ്രവൃത്തി ഞാൻ ചെയ്യുന്നുവെങ്കിൽ ......പിതാവു എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ടതിനു പ്രവൃത്തിയെ വിശ്വസിക്കുവിൻ: യോഹ:10:37,38

അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ യോഹ : 17:21

ഞാൻ എന്റെ പിതാവിലും ..നിങ്ങൾ അന്നു അറിയും യോഹ:14 :20

പിതാവിന്റെ കൈയിൽ നിന്നു പിടിച്ചു പറിക്കുവാൻ ആർക്കും കഴിയുകയില്ല, ഞാനും പിതാവും ഒന്നാകുന്നു. യോഹ : 10 29, 30

പിതാവു പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കൈയിൽ കൊടുത്തുമിരിക്കുന്നു. യോഹ: 3:35

പിതാവിനുള്ളതു ഒക്കെയും എനിക്കുള്ളത്; യോഹ;16:15

എന്റേതെല്ലാം നിന്റേതും നിന്റേതു എന്റേതും ആകുന്നു യോഹ :17:10

സകല ജഡത്തിന്മേലും അവനു അധികാരം നൽകിയിരിക്കുന്നുവല്ലോ: യോഹ 17:2

സ്വർഗ്ഗത്തിലും ഭൂമിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. മത്താ:28:18

(5) ദൈവ മനുഷ്യനെ സമീപിക്കേണ്ടിയിരിക്കുന്നു. തുടർന്നു വരുന്ന വേദഭാഗങ്ങളിൽ നിന്നും ഇതു വെളിപ്പെടുന്നു;

പിതാവിനെ ബഹുമാനിക്കുന്നതു പോലെ എല്ലാ മനുഷ്യരും പുത്രനേയും ബഹുമാനിക്കണം. യോഹ: 5:23

എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു

യോഹ:8:19

എന്നെ കാണുന്നവൻ എന്നെ അയച്ചവനെ ക്കാണുന്നു

യോഹ: 12:45

നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു; ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു. യോഹ: 14:7

എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു

യോഹ: 13:20

പിതാവെന്നു വിളിക്കുന്ന ദൈവത്വത്തെ ആർക്കും കാണാനാവില്ല എന്നുള്ളതാണു ഇതിനു കാരണം, എന്നാൽ ദിവ്യമനുഷ്യത്വത്തെ കാണാനാവും. അതിനാൽ കർത്താവു പറയുന്നതു,

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു: യോഹ:1:18

ദൈവത്തിന്റെ അടുക്കൽനിന്നു വന്നവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു: യോഹ: 6:46

നിങ്ങൾ അവന്റെ ശബ്ദം ഒരുനാളും കേട്ടിട്ടില്ല. അവന്റെ രൂപം കണ്ടിട്ടില്ല. യോഹ: 5:27

(6) അവനിലെ ദൈവത്വത്തിൽ നിന്നു അവന്റെ മനുഷ്യത്വത്തെ ദൈവത്വമാക്കിയിരിക്കെ തന്നിമിത്തം മനുഷ്യൻ സമീപിക്കേണ്ടിയിരിക്കുന്നതു ദൈവപുത്രനേയാണു. ആയതുകൊണ്ട് പിതാവും പുത്രനുമാകുന്ന കർത്താവിൽ വിശ്വസിക്കേണ്ടത് അനിവാര്യമാകുന്നു. തുടർന്നു വരുന്ന വേദഭാഗങ്ങളിൽ നിന്നും ഇതു വെളിപ്പെടുന്നു. യേശു പറഞ്ഞു;

അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അധികാരം കൊടുത്തു: യോഹ: 1:12

അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നെ യോഹ: 3:15

തന്റെ എകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപികേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. യോഹ: 3:16

അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ എകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു: യോഹ: 3:18

പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്, പുത്രനെ അനുസരിക്കത്തവനോ ജീവനെ കാണുകയില്ല: ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു. യോഹ: 3:36

ദൈവത്തിന്റെ അപ്പമോ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു ലോകത്തിനു ജീവനെ കൊടുക്കുന്നതു ആകുന്നു. എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവനു ഒരുനാളും ദാഹിക്കയുമില്ല. യോഹ 6:33,35

എന്നെ അയച്ചവന്റെ ഇഷ്ടം പുത്രനെ നോക്കിക്കൊണ്ടു അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു, എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയർത്തെഴുന്നേൽപിക്കും. യോഹ: 6:40

അവർ അവനോടു ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികളെ പ്രവൃത്തിക്കേണ്ടതിനു ഞങ്ങൾ എന്തു ചെയേണം എന്നു ചോദിച്ചു, യേശൂ അവരോട് ദൈവത്തിനു പ്രസാദ്മുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വെക്കുന്നതത്രെ എന്നു ഉത്തരം പറഞ്ഞു. യോഹ: 6:28, 29

ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു; യോഹ: 6:47

ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കാട്ടെ, എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു യേശു വിളിച്ചു പറഞ്ഞു: യോഹ: 7:37,38

ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിക്കതിരുന്നാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളീൽ മരിക്കും. യോഹ: 8:24

ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്ന ആരും ഒരുനാളും മരിക്കയില്ല; യോഹ:11:26

എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിക്കുവാൻ, ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു: യോഹ:12: 46, 8:12

നിങ്ങൾ വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിനു വെളിച്ചം ഉള്ളിടത്തോളം വെളിച്ചത്തിൽ വിശ്വസിക്കുവിൻ യോഹ: 12:36

ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കുകയും ചെയുന്ന നാഴിക വരുന്നു. യോഹ: 5:25

ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ വസിക്കുന്നുവെങ്കിൽ അവൻ വളരെ ഫലം കായിക്കും: യോഹ: 15: 4, 5

കർത്താവു അവരിലും അവർ കർത്താവിലും യോഹ: 17:23

ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു, ഞാൻ മുഖാന്തര മല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല: യോഹ: 14:6

(7) ഈ വേദഭാഗങ്ങളിലും കൂടാതെ മറ്റിടങ്ങളിലും പിതാവിനെ പരാമർ ശിച്ചിരിക്കുന്നതു മനുഷ്യനോടു കൂടെയുള്ള ശരീരത്തിലെ ആത്മാ വി നെപോലെ ഗർഭധാരണം മുതൽ കർത്താവിൽ ആയിരുന്ന ദൈവത്വ മാ ണു അർത്ഥമാക്കിയിരിക്കുന്നത്. ഇതു ക്രൈസ്തവ ലോകത്തിന്റെ വി ശ്വാസ ഉപദേശങ്ങൾക്കനുസരിച്ചുള്ളതാണു. ഈ ദൈവത്വത്തിൽ നിന്നു ള്ള മനുഷ്യത്വമാണ് ദൈവപുത്രനെന്നതു. ഇപ്പോൾ മനുഷ്യത്വം ദൈവ ത്വമാക്കിയിരിക്കായാൽ അവൻ പിതാവിലും പിതാവു അവനിലും എന്ന തും അവനും പിതാവും ഒന്നാണെന്നുള്ള പഠിപ്പിക്കലിൽ തുടർന്നു മനു ഷ്യൻ അവനിൽ നിലകൊള്ളേണ്ടതും അവനിലൂടെയല്ലാതെ പിതാവി ങ്ക ലേക്കു ആരും വരുന്നില്ല എന്നും അവങ്കൽ നിർദ്ദേശിക്കപ്പെട്ട വിശ്വാസ ത്തിനാൽ മനുഷ്യൻ രക്ഷിക്കപെടുന്നുവെന്നും അവനിൽ നാം വിശ്വസി ക്കണമെന്നും കർത്താവു തുടർന്നു പഠിപ്പിക്കുന്നു, അല്ലാത്ത പക്ഷം കർ ത്താവിൽ ആകുന്ന പിതാവിനെ വേർപെടുത്തി അതേ തുടർന്നു ആരാധ നയിലും, വിശ്വാസത്തിലും, ചിന്തയിലും മനുഷ്യൻ പിതാവിനെ മാത്രം സമീപിക്കേണ്ടിയിരിക്കുന്നു.

8. കർത്താവിലുള്ള മനുഷ്യത്വത്തെ ദൈവത്വമാക്കിയ ഒരു സത്യത്തേയം അവൻ തന്നെ എക ദൈവമെന്നും ഉള്ള ഒരു അറിവ് ക്രിസ്തീയ ലോക ത്തിലെ അനേകരിലും ഇല്ല, അതിനുള്ള മുഖ്യ കാരണം അവന്റെ മനുഷ്യത്വം ഭൗതീകതയിൽ നിന്നുള്ള ഘടകമാണെന്നു ചിന്തിക്കുന്നതി നാലും മറിച്ചു അവന്റെ ആത്മീയ ശരീരത്തിൽ നിന്നല്ല എന്നതിനാ ലുമാണ്. എന്നിരുന്നാലും ആത്മീയ ജീവികളായിരിക്കുന്ന എല്ലാ ദൂതന്മാരും തികഞ്ഞ രൂപത്തിൽ മനുഷ്യർ കൂടിയാണ്. ലോകത്തിലെ അതിന്റെ ആധ്യന്തികതയോട് സ്വർഗ്ഗത്തിൽ അതിന്റെ പ്രാഥമീക കാര്യങ്ങളിൽ നിന്നും യഹോവയായ ദൈവത്തിങ്കൽ നിന്നും സർവ്വ സ്വമായ ദിവ്യവ്യവഹാരം മനുഷ്യരൂപത്തെ സമ്പന്ധിച്ചു ഒരു ചായ്‌വു ഉണ്ടു. മനുഷ്യ രൂപത്തിലാണു ദൂതന്മാർ ആ രൂപത്തോട് സർവ്വസ്വമായ ദൈവീകത പ്രവണതപ്പെടുത്തിയിരിക്കുന്നു. അപ്രകാരം സ്വർഗ്ഗവും നരകവും എന്ന കൃതിയിൽ അതിന്റെ 73–77 ലും 453 – 460 ലും കാണാനാവുന്നതാണ്, കൂടാതെ കർത്താവിനെ സംബന്ധിച്ചുള്ള ദൂതജ്ഞാനം എന്ന കൃതിയിൽ കൂടുതൽ പൂർണ്ണമായും ചിത്രീകരിക്കുന്ന തായിരിക്കും.

**33** 4 പരീക്ഷകളെ അവനിലേക്കു തന്നെ അനുവദിപ്പിച്ചുകൊണ്ട് അന ന്തരം അവിരാമമായ വിജയങ്ങളാലും കർത്താവു അവന്റെ മനുഷ്യത്വത്തെ ദൈവീകമാക്കി. മുകളിൽ 12–14 ൽ ഇതു പ്രസ്താവി ച്ചിട്ടുണ്ടു, തുടർന്നു ള്ള നിരൂപണങ്ങൾ മാത്രം കൂട്ടിച്ചേർക്കുന്നതാ യിരിക്കും. പരീക്ഷകൾ മ റ്റൊന്നും തന്നെയല്ല പിന്നെയൊ തിന്മകൾക്കകം വ്യജതൾക്കുമെതിരായ പോരാട്ടമാണു, നരകത്തിൽ നിന്നുള്ളവയാണു തിന്മകളും വ്യാജതകളും എന്നിരിക്കെ അവ നരകങ്ങൾകെതിരായ പോരാട്ടം കൂടിയാണ്. ആത്മീ

യ പരീക്ഷകൾ അനുഭവിക്കുന്ന മനുഷ്യ രോടു കൂടെ നരകത്തിൽ നിന്നുള്ള ദുഷ്ടാത്മാക്കൾ ഉണ്ട്. അവരെ ദുഷ്ടാത്മാക്കൾ പ്രലോഭിപ്പിക്കുന്നുവെന്നത് മനുഷ്യർ അറിയുന്നില്ല, അപ്പോൾ തന്നെ ഒട്ടേറേ അനുഭവങ്ങളാൽ അത്തരത്തിലുള്ള യാഥാ ർത്ഥ്യം അറിയുവാൻ എന്നെ അനുവദിച്ചിട്ടുണ്ടു. ഇതു സംഭവിക്കുന്ന ഒരു മനുഷ്യൻ പരീക്ഷകളിൽ കർത്താവിൽ ജയമെടുക്കുമ്പോൾ കർത്താവു നരകത്തിൽ നിന്നും മനുഷ്യനെ വലിച്ചെടുത്തു സ്വഗ്ഗത്തിലേക്കു ഉയർത്തുന്നു.

(2) ഇക്കാരണം കൊണ്ടു പോരാട്ടങ്ങളോ പരീക്ഷകളോ മുഖാന്തരങ്ങളാലാണു ഒരു മനുഷ്യൻ ആത്മീയനും അങ്ങനെ ഒരു ദൂതനുമായി തീരുന്നത്. എന്നിരുന്നാലും കർത്താവു തന്റെ സ്വന്തശക്തികൊണ്ടു നരകങ്ങൾക്കെതിരായി പോരാടി അവയെ ജയിച്ചു കീഴടക്കി, അങ്ങനെ ജയാളിയായി അതേ സമയം തന്നെ അവന്റെ മനുഷ്യത്വത്തെ മഹത്വപ്പെടുത്തുകയും അവൻ നരകങ്ങളെ അടിച്ചമർത്തി ആ ജയം നിത്യതവരേയും സൂക്ഷിക്കുന്നു.

3. എങ്കിലും അവന്റെ വരവിനു മുമ്പ് നരകങ്ങൾ സ്വർഗ്ഗത്തിന്റെ വളരെ ദൂതന്മാരേയും അത്തരത്തിൽ തന്നെ ഈ ലോകത്തിലേക്കും ഇവിടെ നിന്നും വെളിയിലേക്കും വിട്ടുപോകുന്ന എല്ല മനുഷ്യരേയും ആക്രമിക്കുവാൻ തക്ക നിലയിൽ വളർന്നു മനുഷ്യനിൽ നിന്നുള്ള നരകങ്ങളാലും, തനതായ വ്യജതകളാലും, തിന്മകളാലും, വിഗ്രഹാരാധന കളിൽ വ്യാപൃതരായ മനുഷ്യരാലും സഭ തകർക്കപ്പെട്ടതു കാരണം നരകങ്ങൾ അത്തരം നിലയിലേക്ക് വളർന്നു. അതു അങ്ങനെ ആയിരിക്കെ കർത്താവു ഈ ലോകത്തിലേക്ക് വന്നില്ലായിരുന്നുവെങ്കിൽ ഒരു മനുഷ്യനും രക്ഷിക്കപ്പെടുമായിരുന്നില്ല. ദാവീദിന്റെ സങ്കീർത്തനങ്ങളിലും പ്രവാചകന്മാരിലും എന്നാൽ കുറച്ചു മാത്രം സുവിശേഷകരിലും കർത്താവിന്റെ ഈ പോരാട്ടങ്ങളെ കുറിച്ചു പറഞ്ഞിരിക്കുന്നു. കർത്താവു സഹിച്ച അവസാനത്തേതായിരുന്ന ക്രൂശിലെ കഷ്ടാനുഭവങ്ങളെന്ന പരീക്ഷകളെന്നതിനാൽ അർത്ഥമാക്കുന്നത് ഈ പോരാട്ടങ്ങളെയാണ്. മാത്രവുമല്ല അവയെക്കൊണ്ടാണ് അവനെ രക്ഷിതാവെന്നും വീണ്ടെടുപ്പുകാരെനെന്നും വിളിച്ചിരിക്കുന്നത്.

4. കർത്താവു മരണത്തേയും പിശാചായ നരകത്തേയും കിഴടക്കി ജയാളിയായി ഉയിർത്തേഴുന്നേറ്റുവെന്നും കർത്താവിനെകൂടാതെ രക്ഷയില്ലെന്നും ആളുകൾ പറയുന്നത് സഭയിൽ ഇതുവരേയും അറിയപ്പെട്ടിരിക്കുന്നു. മാത്രവുമല്ല അവൻ അവന്റെ മനുഷ്യത്വത്തെ മഹത്വപ്പെടുത്തുകയും അതിൻഫലമായി അവൻ നിത്യതവരേയും വീണ്ടുംജനിപ്പിക്കുന്നവനും നവീകരിക്കുന്നവനും വീണ്ടെടുപ്പുകാരാനും രക്ഷിതാവുമായി തീർന്നത് തുടർന്നു വരുന്നതിൽ കാണുന്നതായിരിക്കും. തുടർന്നുവരുന്ന യെശയാവിന്റെ വേദഭാഗങ്ങളിൽ നിന്നും 12, 13, 14 അക്കങ്ങളിൽ മുകളിൽ ഉദ്ധരിച്ചിട്ടുള്ള അനവധി വേദഭാഗങ്ങളിൽ നിന്നും തെളിയുന്നത് അവന്റെ പോരാട്ടങ്ങളോ അല്ലെങ്കിൽ പ്രലോഭനങ്ങളി ലൂടേയോ ആ കർത്താവു രക്ഷിതാവായി തീർന്നു എന്നാണ്:

ഞാൻ ഒരു പ്രതികാര ദിവസം കരുതിയിരുന്നു; എന്റെ വിമുക്തൻമാരുടെ സംവൽസരം വന്നിരുന്നു .

**എന്റെ ക്രോധത്തിൽ അവരെ തകർത്തു ..ഭൂമിയിൽ അവരുടെ ജയത്തെ തീർച്ചപ്പെടുത്തി.. അങ്ങനെ അവൻ അവർക്കു രക്ഷിതാവായി**
യെശ: 63: 4, 6, 8

ഈ അദ്ധ്യായത്തിൽ കർത്താവിന്റെ പോരാട്ടങ്ങളെ പരാമർശിക്കുന്നത് സങ്കീർത്തനങ്ങളിലും:

വാതിലുകളെ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ ഉയർന്നിരിപ്പിൻ.

മഹത്വത്തിന്റെ രാജവു പ്രവേശിക്കട്ടെ; മഹത്വത്തിന്റെ രാജാവ് ആർ?

ബലവാനും വീരനുമായ യഹോവാ, യുദ്ധവീരനായ യഹോവ തന്നെ.
സങ്കീർത്തനം: 24: 7,8

ഈ വചനങ്ങൾ കർത്താവിനെ പസ്താവിക്കുന്നതിൽ അരുളപ്പെട്ടിരിക്കുന്നു.

**34** 5 കർത്താവിൽ മനുഷ്യത്വത്തിന്റേയും ദൈവത്വത്തിന്റേയും പൂർണ്ണ സംയോഗം പ്രാപ്തമായതു പ്രലോഭനങ്ങളുടെ അവസാനമാ യിരുന്ന ക്രൂശിലെ കഷ്ടങ്ങളാലായിരുന്നു. കർത്താവു ഈ ലോകത്തി ലേക്കു വന്നത് നരകങ്ങളെ കീഴ്പ്പെടുത്തുവാനും അതു മുഖാന്തരം തന്റെ മനുഷ്യത്വത്തെ മഹത്വപ്പെടുത്തുവാനും അതു സാദ്ധ്യമാക്കിയത് അന്ത്യ പോരാട്ടമായിരുന്ന ക്രൂശിലെ കഷ്ടാനുഭവങ്ങളാലായിരുന്നു എന്നു കാണിച്ചിട്ടുള്ള മുകളിലെ അതിന്റെ ശരിയായ അദ്ധ്യായങ്ങളിൽ സ്ഥിരീകരിച്ചിരിക്കുന്നു. കർത്താവു ക്രൂശിലെ കഷ്ടങ്ങളാൽ തന്റെ മനുഷ്യത്വത്തെ പൂർണ്ണമായും മഹത്വീകരിച്ച നാൾ മുതൽ അവന്റെ ദൈവ ത്വത്തോട് ഐക്യപ്പെട്ടിരുന്നതായ മനുഷ്യത്വത്തേയും കുടി ദൈവ ത്വമാക്കി അതിനെ തുടർന്നു അവൻ ഒരേപോലെ ദൈവവും യഹോവ യുമാണു. ആയതിനാൽ താഴെ പറയുന്നതു പോലെ വചനത്തിലെ അനേക ഇടങ്ങളിൽ അവനെ ദൈവമെന്നും, യഹോവയെന്നും യിസ്രായേലിന്റെ പരിശുദ്ധനെന്നും, വീണ്ടെടുപ്പുകാരനെന്നും രക്ഷിതാവെന്നും സൃഷ്ടിതാവെന്നും വിളിക്കപ്പെട്ടിരിക്കുന്നു:

അപ്പോൾ മറിയ പറഞ്ഞത്: എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവു രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. ലൂക്കോ : 1: 46, 47

ദുതൻ ഇടയന്മാരോട്: ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. ലൂക്കോ:2:10,11

അവർ പറഞ്ഞു, ഇവൻ ലോകരക്ഷിതാവായ ക്രിസ്തു തന്നെ.

യോഹ: 4: 42

ഞാൻ നിന്നെ സഹായിക്കും എന്നു യഹോവയായ ദൈവം അരുളിച്ചെയ്യുന്നു, നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നെ. യെശ: 41:14

ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ നിന്നെ നിർമ്മിച്ചവനും. ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു.

ഞാൻ നിന്റെ ദൈവമായ യഹോവ, യിസ്രായേലിന്റെ പരിശുദ്ധൻ, നിന്റെ രക്ഷിതാവു. യെശയാവ് : 43:1, 3

ഞാൻ യഹോവ, നിന്റെ പരിശുദ്ധൻ, യിസ്രായേലിന്റെ സൃഷ്ടാവ്, നിന്റെ രാജാവ് യെശയാവ് : 43 : 14, 15

യിസ്രായേലിന്റെ പരിശുദ്ധനും നിന്റെ വീണ്ടെടുപ്പുകാരനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യെശയാവ് : 48:17

യഹോവയായ ഞാൻ നിന്റെ രക്ഷിതാവും യാക്കോബിന്റെ വീരൻ നിന്റെ വീണ്ടെടുപ്പുകാരനും ആകുന്നു എന്നു സകലജഡവും അറിയും. യെശയാവ് : 49:26

അവൻ വീണ്ടെടുപ്പുകാരനായി വരും എന്നു യഹോവയുടെ അരുളപ്പാടു. യെശയാവ്: 59:20

യഹോവയായ ഞാൻ നിന്റെ രക്ഷകൻ എന്നും യാക്കോബിന്റെ വല്ലഭൻ നിന്റെ വീണ്ടെടുപ്പുകാരൻ എന്നും നീ അറിയും. യെശയാവ് :60:16

എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ

സങ്കീർത്തനം: 19:14

ദൈവം തങ്ങളുടെ പാറ എന്നും അത്യുന്നതനായ ദൈവം തങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നും അവർ ഓർക്കും. സങ്കീർത്തനം: 78:35

നിന്റെ വീണ്ടെടുപ്പുകാരനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു യെശ:44:24

തങ്ങളുടെ വീണ്ടെടുപ്പുകാരനോ സൈന്യങ്ങളുടെ യെഹോവ, യിസ്രായേലിന്റെ പരിശുദ്ധൻ എന്നാകുന്നു അവന്റെ നാമം.

യെശ: 47:4

നിത്യ ദയയോടെ ഞാൻ നിന്നോട് കരുണ കാണിക്കും എന്നു നിന്റെ വേണ്ടെടുപ്പുകാരനായ യഹോവ അരുളിച്ചെയ്യുന്നു. യെശ: 54:8

എന്നാൽ അവരുടെ വീണ്ടെടുപ്പുകാരൻ ബലവാൻ; സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം യിരെ: 50:34

യിസ്രായേലെ, യഹോവയിൽ പ്രത്യാശ വെച്ചുകൊൾക, യഹോവയ്ക്കു കൃപയും അവന്റെ പക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ടു. അവൻ യിസ്രായേലിനെ അവന്റെ എല്ലാ അതിക്രമങ്ങളിൽ നിന്നും വീണ്ടെടുക്കും. സങ്കീർത്തനം: 130: 7, 8

യഹോവ എന്റെ ശൈലവും കോട്ടയും എന്റെ രക്ഷയുടെ കൊമ്പും, എന്റെ രക്ഷിതാവും 2 സാമുവൽ 22: 2, 3

യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനും അവന്റെ പരിശുദ്ധനുമായ യഹോവ ഇപ്രകാരം അരുളിച്ചെയുന്നൂ...വിശ്വസ്തനായ യഹോവ നിമിത്തവു നിന്നെ തിരെഞ്ഞെടുത്ത യിസ്രായേലിന്റെ പരിശുദ്ധൻ നിമിത്തവും. യെശ: 49:7

നിന്റെ മദ്ധ്യെ മാത്രമെ ദൈവമുള്ളു, അവനല്ലാതെ വേറൊരു ദൈവവും ഇല്ല... യിസ്രായേലിന്റെ ദൈവവും രക്ഷിതാവും ആയുള്ളോവേ, നീ മറഞ്ഞിരിക്കുന്ന ദൈവം ആകുന്നു സത്യം. യെശ : 45: 14, 15

യിസ്രായേലിന്റെ രാജാവായ യഹോവ , അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു ഞാൻ ആദ്യനും അന്ത്യനും ആകുന്നു, ഞാൻ അല്ലാതെ ഒരു ദൈവവുമില്ല

യെശ : 44:6

ഞാൻ, ഞാൻ തന്നെ യഹോവ ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല.

യെശ : 43:11

യഹോവ ഞാൻ അല്ലയോ? ഞാൻ അല്ലാതെ വേറൊരു ദൈവവും ഇല്ല; ഞാൻ അല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവും ഇല്ല എങ്കലേക്കു തിരിഞ്ഞു രക്ഷപെടുവിൻ ഞാൻ അല്ലതെ വേറൊരു ദൈവവും ഇല്ലല്ലോ യെശ 45: 21.

മിസ്രയീംദേശം മുതൽ ഞാൻ നിന്റെ ദൈവമായ യഹോവ ആകുന്നു; എന്നെയല്ലാതെ വേറെരു ദൈവത്തേയും നീ അറിയരുത്; ഞാൻ അല്ലാതെ ഒരു രക്ഷിതാവു ഇല്ലല്ലോ. ഹോശ : 13 : 4

സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം; യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വേണ്ടെടുപ്പുകാരൻ;

സർവഭൂമിയുടേയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു.

യെശ : 54 : 5

3. വീണ്ടെടുപ്പുകാരൻ, രക്ഷിതാവു കൂടാതെ രൂപകർത്താവു അതായത് നവീകരിക്കുന്നവൻ വീണ്ടും ജനിപ്പിക്കുന്നവനായ പുത്രനെന്നു വിളിക്കപ്പെട്ടിരിക്കുന്ന ദിവ്യമനുഷ്യത്വവും, യഹോവയെന്നും ദൈവമെന്നും പിതാവെന്നും വിളിക്കപ്പെട്ടിരിക്കുന്ന കർത്താവിന്റെ ദൈവത്വവും രണ്ടും രണ്ടല്ല ഒന്നാണു എന്നത് ഈ വേദഭാഗങ്ങളിൽ നിന്നും കാണാവുന്നതാണു. രക്ഷിതാവു, വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ ദൈവമായ യഹോവ എന്നു മാത്രവുമല്ല പ്രസ്താവിക്ക പ്പെട്ടിരിക്കുന്നതു പിന്നെയോ ആ യഹോവയാണു വേണ്ടെടുപ്പുകാരനും രക്ഷിതാവും അവനോടൊപ്പം രക്ഷാകര കർമ്മങ്ങളിൽ സഹയോഗിയായി വേറൊരുത്തനും ഇല്ല എന്നു കൂടി വാസ്തവത്തിൽ പറഞ്ഞിരിക്കുന്നു. ദൈവത്വവും മനുഷ്യത്ത്വവും സമ്മേളിക്കപ്പെട്ട ഏകവ്യക്തിയാണു കർത്താവു എന്നുള്ളത് ഇതിൽ നിന്നും വളരെ വ്യക്തമായി വെളിപ്പെടുന്നു. പുത്രനെന്നു വിളിക്കപ്പെട്ടിരിക്കുന്ന ദിവ്യ മനുഷ്യനായിരിക്കുന്ന കർത്താവല്ലാതെ വേറൊരാളും ലോകത്തിന്റെ രക്ഷിതാവോ വീണ്ടെടുപ്പുകാരനോ ആയിരിക്കുന്നില്ല. ആ ദൈവത്വവും മനുഷ്യത്വവും ഐക്യപ്പെട്ട ഏകവ്യക്തി കർത്താവെന്നതാണു ഇതിൽ നിന്നും വ്യകതമായി വെളിപ്പെടുത്തുന്നത്. മാത്രവുമല്ല സത്ഗുണവും നീതിയും എന്നത് രക്ഷയും വീണ്ടെടുപ്പും തന്റെ മനുഷ്യത്വത്തോടു യഥോചിതം നിയമിച്ചു വിശേഷിപ്പിച്ചിരിക്കുന്നു അതിനു വേണ്ടിയായിരുന്നു അവന്റെ മനുഷ്യത്വം പ്രലോഭനങ്ങളേയും ക്രൂശിലെ കഷ്ടാനുഭവങ്ങളും സഹിച്ചതു, മാത്രവുമല്ല അവന്റെ മനുഷ്യത്വത്തിനാൽ മനുഷ്യ വർഗ്ഗത്തെ രക്ഷിക്കയും വീണ്ടെടുക്കയും ചെയ്തു.

4. മനുഷ്യനോടൊപ്പം ദേഹവും ദേഹിയും ആയിരിക്കുന്നതു പോലെ അവനിൽ തന്നെയുള്ള ദൈവത്വത്തോട് മനുഷ്യത്വത്തിന്റെ സംയോഗം മുതൽ അവർ രണ്ടല്ല പിന്നെയോ ഏക വ്യക്തിയാണ് ആയതിനാൽ കർത്താവ് ദൈവവും യഹോവയുമാണ്. ചില അവസരങ്ങളിൽ യഹോവയെ യിസ്രായേലിന്റെ പരിശുദ്ധൻ, വീണ്ടെടുപ്പുക്കാരൻ രക്ഷിതാവെന്നു ചിലഅവസരങ്ങളിൽ യഹോവ രക്ഷിതാവ് വീണ്ടെടുപ്പുക്കാരൻ ഇന്നിങ്ങനെ പറഞ്ഞിരിക്കുന്നത്. നാം വായിക്കുന്ന ഉദ്ധരി ച്ചിട്ടുള്ള വേദഭാഗങ്ങളിൽ നിന്നും കാണാനാകും.

> രക്ഷിതാവായ ക്രിസ്തു ലൂക്കോ:2:10:11 യോഹ:4:42. ദൈവം, യിസ്രായേലിന്റെ ദൈവത്തെ രക്ഷിതാവ് വീണ്ടെടുപ്പുക്കാരൻ എന്ന് വിളിക്കപ്പെട്ടിരിക്കുന്ന(ലൂക്കോസ്: 1:47, യെശ:45 :15, 54: 5,സങ്കീ: 78:35,യഹോവ യിസ്രായേലിന്റെ പരിശുദ്ധൻ,രക്ഷിതാവ് വീണ്ടെടുപ്പുകാരൻ യെശ : 41:14; 43:3,11:14 15; 48:17; 49:7; 54:5).യഹോവ രക്ഷിതാവ്, വീണ്ടെടുപ്പുകാരൻ, മെനഞ്ഞവൻ, (യെശ:44:6; 49: 26; 54:8;63:16; 50:34; സങ്കീർ:19: 14; 130:7 8; 2ശമു : 22: 2 37 യഹോവയായ ദൈവം വീണ്ടെടുപ്പുക്കാരൻ, രക്ഷിതാവ്, ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. യെശ: 43:11; 44:6; 45:14 15, 21 22; ഹോശ:13:4

**35.6** കർത്താവ് അമ്മയിൽ നിന്നും എടുത്ത മനുഷ്യത്വത്തെ ഘട്ടംഘട്ടമായി മാറ്റിയതിനു ശേഷം ദൈവപുത്രനും ദിവ്യമനുഷ്യനുമായിരിക്കുന്ന മനുഷ്യത്വത്തിൻ മേൽ അവനിൽ തന്നെയുള്ള ദൈവത്വത്തെ ധരിക്കുകയായിരുന്നു. കന്യക മറിയമിൽ നിന്നെടുത്ത മനുഷ്യത്വവും പിതാവായ യഹോവയിൽ നിന്നുള്ള ദൈവത്വവും കർത്താവിൽ ആയിരുന്ന ദൈവത്വവും മനുഷ്യത്വവുമായിരുന്നു എന്നു അറിയുന്നു. മനുഷ്യൻ എന്ന നിലയ്ക്കു പിതാവിനേക്കാൾ കുറഞ്ഞും, ദൈവമെന്ന നിലയ്ക്ക് പിതാവിന് സമവും ആയിരിക്കുന്നതു കൊണ്ടും; മാതാവിൽ നിന്നുള്ള മനുഷ്യ പ്രകൃതിയും പിതാവിൽ നിന്നുള്ള ദൈവസത്തയും അവനിൽ ആയതുകൊണ്ട് മനുഷ്യ പ്രകൃതിയും, ദൈവസത്തയും ഉള്ള അവൻ ദൈവവും മനുഷ്യനും ആണു. അമ്മയിൽ നിന്നുള്ള മനുഷ്യ പ്രകൃതിയെ ദൈവസത്തയിലേക്കു രൂപാന്തരപ്പെടുത്തുകയോ ദൈവസത്തയോടു മിശ്രിതപ്പെടുത്തുകയൊ ചെയ്തില്ല. അത്തനേഷ്യൻ പ്രമാണം എന്നു വിളിക്കുന്ന അതിന്റെ വിശ്വാസ ഉപദേശത്തിൽ ഇതു പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവസത്തയിലേക്ക് രൂപാന്തരപ്പെടുത്തുവാനോ അതിലേക്കു കൂട്ടികലർത്തുവാനോ മനുഷ്യ പ്രകൃതിക്കു സാധിക്കുന്നതല്ല.

2. ഒരു ആത്മാവ് അതിന്റെ ശരീരത്തോട് ചേർന്ന് ഒന്നായി ഏക വ്യക്തി ആയി ഇരിക്കുന്ന പോലെ ദൈവത്വവും മനുഷ്യത്വവും ധരിച്ച കർത്താവു ഏക വ്യക്തിയായി ഐക്യപ്പെട്ടിരിക്കുന്നു എന്നു പഠിപ്പിക്കുന്ന അത്താനേഷ്യസ് പ്രമാണത്തോട് നമ്മുടെ ഉപദേശവും പൊരുത്തപ്പെടുന്നു. മറ്റൊരു മനുഷ്യരിലുണ്ടായിരിക്കുന്ന പോലെ ആ ഭൗമിക ഘടകമായ മനുഷ്യത്വം അതായത് അമ്മയിൽ നിന്നു ധരിച്ച മനുഷ്യത്വം എടുത്തു കളഞ്ഞിട്ട് തന്റെ മനുഷ്യത്വത്തിന്റെ ഉൾക്കാമ്പായിരുന്ന പിതാവായ ദൈവത്വം മനുഷ്യത്വത്തിൻ മേൽ ധരിച്ചു അങ്ങനെ അവന്റെ മനുഷ്യത്വവും കൂടി ദൈവത്വമായി. ഇക്കാരണത്താലാണ് പ്രവാച വാക്യങ്ങളിലും കർത്താവ് ഒരു മനുഷ്യനായിരിന്നിട്ടു പോലും അവനെ ദൈവമെന്ന് യഹോവയെന്നു വിളിച്ചിരിക്കുന്നത് മാത്രവുമല്ല ആരാൽ നാം രക്ഷിക്കപ്പെടേണ്ടിയിരിക്കുന്നുവോ ആരിൽ നാം വിശ്വസിക്കിണ്ടിയിരിക്കു ന്നുവോ ആ കർത്താവിനെ സുവിശേഷകരുടെ വചനത്തിലും ദൈവമെന്നും മശിഹായെന്നും, ക്രിസ്തുവെന്നും ദൈവപുത്രനെന്നും കൂടി വിളിച്ചിരിക്കുന്നു.

(3) അമ്മയിൽ നിന്നു കർത്താവിന് ആദിമുതൽ ജനനത്താലേ ലഭിച്ച മനുഷ്യത്വം അത് ഘട്ടഘട്ടമായ് എടുത്തുമാറ്റുകയായിരുന്നു. അവനീ ലോകത്തിൽ ആയിരുന്നപ്പോൾ അവന് രണ്ടവസ്ഥകൾ ഉണ്ടായിരുന്ന ഒന്ന് താഴ്മയുടേയും അതായത് തന്നത്താൻ ഒഴിച്ചു കളയുന്ന അവസ്ഥയും പിതാവെന്നു വിളിക്കുന്ന ദൈവത്വത്തിന്റെ അവസ്ഥയും അവനുണ്ടാ യിരുന്നു. അമ്മയിൽ നിന്നുള്ള മനുഷ്യത്വ ത്തിൽ അവൻ ആയിരിക്കു മ്പോഴല്ലാം അവൻ തായഴ്മയുടെ അവസ്ഥയിലും പിതാവിൻ നിന്നുള്ള ദൈവത്വത്തിൽ ആയിരിക്കുമ്പോഴെല്ലാം മഹിമയുടെ അവസ്ഥയിലും ആയിരുന്നു. അവ

നിൽ നിന്നു വിത്യസ്ഥമായ ഉൺമയോടെന്ന പോലെ താഴ്മയുടെ അവസ്ഥയിൽ അവൻ പിതാവിനോട് പ്രാർത്ഥിച്ചു. എന്നാൽ മഹത്വത്തിന്റെ അവസ്ഥയിൽ അവനോടൊപ്പം തന്നെയുള്ള പിതാവിനോട് കൂടെ സംസാരിച്ചു. മേൽപറഞ്ഞ രണ്ടാമത്തെ അവസ്ഥയിൽ പിതാവ് അവനിലും അവൻ പിതാവിലും അവനും പിതാവും ഒന്നായിരുന്നു എന്നു പറഞ്ഞു. എന്നാൽ താഴ്മയുടെ നിലയിൽ പ്രലോഭനങ്ങളിലൂടെ കടന്നു പോകുകയും ക്രൂശിനെ സഹിക്കുകയും അവനെ കൈവിടരുതെന്ന പിതാവിനോടെ പ്രാർത്ഥിക്കുകയും ചെയ്തു. മനുഷ്യത്വത്തിൽ തളം കെട്ടിയിരിക്കുന്ന ദൈവത്വം പരീക്ഷിക്കപ്പെടുവാൻ കഴിയുമായിരുന്നില്ല, അതിൽ കുറവായ മനുഷ്യത്വം ക്രൂശിനെ സഹിക്കയും ചെയ്തു. മുകളിൽ കാണിച്ചിരിക്കുന്നതിൽ നിന്നും അന്ത്യ പ്രലോഭനമായിരുന്ന ക്രൂശിലെ പീഡകളാലും, പരീക്ഷകളാലും നരകങ്ങളെ പൂർണ്ണമായും കീഴടക്കി അവയുടെ മേൽ നിർബാധമായ ജയം വരിക്കുകയും മനുഷ്യത്വത്തെ പൂർണ്ണമായും മഹത്വീകരിക്കയും ചെയ്തു എന്നു ഇത് തെളിയിക്കുന്നു.

4. ഈ സന്ദർഭങ്ങളിൽ നിന്നും വെളിപ്പെടുന്നത് വാസ്തവത്തിൽ അവൻ അമ്മയോടു സംസാരിക്കുമ്പോഴെല്ലാം അമ്മയെന്ന് വിളിക്കാതെ സ്ത്രീയെന്നു വിളിച്ചിരിക്കുന്നു. അമ്മയിൽനിന്നുള്ള മനുഷ്യത്വത്തെ ഉരിഞ്ഞു കളഞ്ഞിട്ട് പിതാവെന്നു വിളിക്കുന്ന അവനിൽ തന്നെയുള്ള ദൈവത്വം മനുഷ്യത്വത്തിൽ ധരിച്ചു. കർത്താവ് വാസ്തവത്തിൽ അമ്മയോട് സംസാരിച്ചു എന്നു സൂചിപ്പിച്ചിട്ടുള്ള കേവലം മൂന്നു സന്ദർഭങ്ങളേ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളു. ഇതിൽ അവളെ സ്ത്രീയെന്നും വിളിക്കുകയും മൂന്നാമത്തെ അവസരത്തിൽ അവളെ അവന്റെ അമ്മയാണെന്ന് അംഗീകരിക്കുകയും ചെയ്തിരുന്നില്ല.

> യോഹന്നാനിൽ നാം വായിക്കുന്ന പ്രകാരം അവളെ സ്ത്രീ എന്നു അവൻ രണ്ടു പ്രാവശ്യം വിളിച്ചിരിക്കുന്നു. വീഞ്ഞു പോരാതെ വരികയാൽ അമ്മ അവനോട് അവർക്ക് വീഞ്ഞില്ല എന്നു പറഞ്ഞു. യേശു അവളോട് സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്, എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു. യോഹ: 2:(3),4

> അതേ സുവിശേഷത്തിൽ വീണ്ടും: യേശുതന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നത് കണ്ടിട്ട് സ്ത്രീയേ, ഇതാ നിന്റെ മകൻ എന്നു അമ്മയോട് പറഞ്ഞു. പിന്നെ ശിഷ്യനോട് : ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു. യോഹ:19:26 27

ലൂക്കോസിന്റെ സുവിശേത്തിൽ നാം വായിക്കുന്ന പ്രകാരം അവൻ ഒരവസരത്തിലും അവളെ അമ്മയായ് അംഗീകരിച്ചിരുന്നില്ല.

> നിന്റെ അമ്മയും സഹോദരൻമാരും കാണ്മാൻ ഇച്ഛിച്ചുകൊണ്ട് പുറത്തു നിൽക്കുന്നു എന്നു ചിലർ അവനോട് പറഞ്ഞു, അവരോട് അവൻ എന്റെ അമ്മയും സഹോദരന്മാരും ദൈവവചനം കേട്ടു ചെയ്യുന്നവരത്രെ

എന്നു ഉത്തരം പറഞ്ഞു.

ലൂക്കോസ്: 8:20,21 , മത്തായി :12:46 49, മാർക്കോസ്: 3:31 –35

മറ്റു സ്ഥലങ്ങളിൽ മേരിയെ അവന്റെ അമ്മയെന്നും വിളിച്ചിരിക്കുന്നു എന്നാൽ സ്വന്തം വായ് കൊണ്ടല്ലതാനും

(5) ദാവീദിന്റെ പുത്രനായിരിക്കുന്നതിന് അവൻ തന്നെ അംഗീകരിക്കുന്നില്ല എന്ന യാഥാർത്ഥ്യം കൂടി നാം വായിക്കുന്ന സുവിശേഷങ്ങളിൽ ദൃഢീകരിക്കുന്നു.

ക്രിസ്തു ദാവീദിന്റെ പുത്രൻ എന്നു ശാസ്ത്രീമാർ പറയുന്നതെങ്ങനെ കർത്താവ് എന്റെ കർത്താവിനോട്: ഞാൻ നിന്റെ ശത്രുക്കളെ പാദ പീഠം ആക്കുവോളം എന്റെ വലത്തുഭാഗത്തിരിക്ക എന്നു അരുളി ചെയ്തു എന്നു ദാവീദ് തന്നേ അവനെ കർത്താവ് പറയുന്നുവല്ലോ; പിന്നെ അവന്റെ പുത്രൻ ആകുന്നതെങ്ങനെ? പിന്നെ അവനോട് ഒന്നും ചോദിപ്പാൻ അവർ തുനിഞ്ഞില്ല. മാർക്കോസ് 12:35 37

ലൂക്കോസ് 20:40

അവന്റെ മഹത്വീകരിക്കപ്പെട്ട മനുഷ്യത്വം മറിയയുടേയോ ദാവീദിന്റെയോ പുത്രത്വമായിരുന്നില്ല എന്നാണ് ഈ വേദഭാഗങ്ങളിൽ നിന്നു തെളിവാകുന്നത്. അവന്റെ മഹത്വീകരിക്കപ്പെട്ട മനുഷ്യത്വത്തെ പത്രോസിനേയും യോഹന്നാനേയും യാക്കോബിനേയും കാണിച്ചപ്പോൾ;

അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു, അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു.അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി ത്തീർന്നു. മേഘത്തിൽ നിന്നു: ഇവൻ എന്റെ പ്രിയപുത്രൻ,ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. മർക്കോസ് 9:2 8, ലൂക്കോസ്:9:28 30

യോഹന്നാനും കർത്താവിനെ കണ്ടിട്ടുള്ളത് സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെയാണു വെളി :1: 16

സുവിശേഷങ്ങളിലെ ഈ വേദഭാഗങ്ങൾ അവന്റെ മഹത്വീകരണത്തെ ബന്ധിച്ചു പറഞ്ഞിട്ടുള്ളതിൽ നിന്നും കർത്താവിന്റെ മനുഷ്യത്വം മഹത്വപ്പെട്ടിരിക്കുന്നതിനു തെളിവാണു:

യോഹന്നാനിൽ, മനുഷ്യപുത്രൻ തേജസ്ക്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു. പിതാവേ നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ. അപ്പോൾ സ്വർക്ഷത്തിൽ നിന്നു; ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും എന്നൊരു ശബ്ദം ഉണ്ടായി:

അതേ സുവിശേഷത്തിൽ: മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു. യോഹ :13:31 32

പിന്നേയും അതിൽ തന്നെ: പിതാവേ നാഴിക വന്നിരിക്കുന്നു; നിന്റെ

പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനു പുത്രനെ മഹത്വപ്പെടുത്തേണമേ യോഹ : 17:1, 5

പിന്നേയും ലൂക്കോസിൽ: ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു.

ലൂക്കോസ്: 24 :26

ഈ വാക്യങ്ങൾ അവന്റെ മനുഷ്യത്വത്തെ പറഞ്ഞിട്ടുള്ളതാണു.

8. കർത്താവു പറഞ്ഞു, അവനിൽ ദൈവം മഹത്വപ്പെട്ടിരിക്കുന്നു, പിന്നേയും,അവനിൽ തന്നെ ദൈവം അവനെ മഹത്വപ്പെടുത്തും; കൂടാതെ, പിന്നേയും, നിന്റെ പുത്രൻ നിന്നെ മഹത്വ പ്പെടുത്തേണ്ട തിനായി പുത്രനേ മഹത്വപ്പെടുത്തേണമേ. ദൈവത്വത്തോടു കൂടെ മനുഷ്യത്വവും മനുഷ്യത്വത്തോടു കൂടെ ദൈവത്വവും ഐക്യമത്യപ്പെട്ടു പരസ്പര പൂരകമായിരിക്കുന്നതു കൊണ്ടാണു കർത്താവു ഈ കാര്യങ്ങൾ പറഞ്ഞിട്ടുള്ളതു.

ഞാൻ പിതാവിലും പിതാവു എന്നിലും. യോഹ : 14: 10, 11

എന്നു ഇതുകൊണ്ടാണു കർത്താവു പിന്നേയും പറഞ്ഞതു. പിന്നേയും,

എന്റേതെല്ലം നിന്റേതും നിന്റേതെല്ലാം എന്റേതും. യോഹ: 17:10

ഇപ്രകാരം സംയോഗം പൂർത്തികരിക്കപ്പെട്ടു. എല്ലാ സയോഗവും അതുപോലെയാണു, ഇതു പരസ്പരപൂരകമല്ലെങ്കിൽ ഇതു പൂർണ്ണമല്ല. യോഹന്നാനിൽ അവൻ പഠിപ്പിക്കുന്ന പ്രകാരം കർത്താവിനോടു കൂടെ മനുഷ്യന്റേയും മനുഷ്യനോടു കൂടെ കർത്താവിന്റേയും സംയോഗം അത്തരത്തിൽ ആയിരിക്കണം:

അന്നാളിൽ നിങ്ങൾ അറിയും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നു യോഹ: 14:20

എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതു പോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല.

യോഹ : 15: 4, 5

(9) കർത്താവിന്റെ മനുഷ്യത്വം മഹത്വീകരിക്കപ്പെട്ടതു മുതൽ അതായ് ദൈവത്വമാക്കിയതിനാൽ മരണാനന്തരം അവന്റെ മുഴുശരീരത്തോടു കൂടി മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേറ്റു. ഇത് മറ്റേതൊരു മനുഷ്യനും സംഭവിക്കുന്നില്ല മനുഷ്യൻ ശരീരത്തോടു കൂടെയല്ല മറിച്ച് അവന്റെ ആത്മാവ് മാത്രമാണ് വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നത്. മനുഷ്യൻ അറിയേണ്ടതിനോടുള്ള ബന്ധത്തിലും ആരും സംശയിക്കാതിരിക്കേണ്ടതിനു കർത്താവ് അവന്റെ മുഴുശരീരത്തോടുക്കൂടെ ഉയിർത്തെ ഴുന്നേറ്റു. ശവ

കല്ലറയിലുണ്ടായിരുന്ന ദൂതൻമരാൽ മാത്രമല്ല വിളംബരം ചെയ്തിരുന്നത് പിന്നയോ ശിഷ്യൻമാർക്കു മുമ്പാകെ അവന്റെ മനുഷ്യ ശരീരത്തിൽ തന്നെ അവർക്കു പ്രത്യക്ഷപ്പെട്ടു വെളിപ്പെടുത്തി കാണിച്ചു കൊടുത്തു, അവർ ഒരു ഭൂതത്തെ കാണുന്നു എന്നു വിശ്വസിച്ചപ്പോൾ അവരോടു അവൻ പറഞ്ഞു:

> ഞാൻ തന്നെ ആകുന്നു എന്നു എന്റെ കയ്യും കാലും നോക്കി അറിവിനു എന്നെ തൊട്ടു നോക്കുവിൻ; എന്നിൽ കാണുന്നതു പോലെ ദൂതുത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ എന്നു പറഞ്ഞു.(ഇങ്ങനെ പറഞ്ഞിട്ട് അവൻ കൈയ്യും കാലും അവരെ കാണിച്ചു.)
>
> ലൂക്കോ :24 : 39,40, യോഹ 20:20

കൂടാതെ: പിന്നെ തോമസിനോട് :

> നിന്റെ വിരൽ ഇങ്ങോട്ട് നീട്ടി എന്റെ കൈകളെ കാൺക; നിന്റെ കൈനീട്ടി എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വാസി ആകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു തോമാസ് അവനോട് : എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവോ എന്ന ഉത്തരം പറഞ്ഞു യോഹ :20: 27 28

അവൻ ഒരു ആത്മായിരുന്നില്ല പിന്നെയോ ഒരു മനുഷ്യൻ ആണെന്നു കൂടുതലായ് തെളിയിക്കുന്നതാണ്, കർത്താവ് :

> തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്നു ചോദിച്ചു എന്തെങ്കിലും ഉണ്ടോ? ഒരു കഷണം ചുട്ട മീനും തേൻകട്ടയും അവർ അവനു കൊടുത്തു. അതു വാങ്ങി അവർ കാൺകെ തിന്നു.
> ലൂക്കോ 24 : 41– 43
>
> അവന്റെ ശരീരം വസ്തുമയമായതായിരുന്നില്ല പിന്നയോ ദിവ്യസത്തയായിരുന്നു, അതുകൊണ്ട് വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നു കൊണ്ടു. യോഹ :20:19,26
>
> പിന്നെ അവൻ പ്രത്യക്ഷപ്പെട്ടതിനുശേഷം അവൻ അപ്രത്യക്ഷനായി (അവരുടെ കാഴ്ചയിൽ നിന്നു അപ്രത്യക്ഷനായ്)
> ലൂക്കോസ് 24:31

കർത്താവ് ഇപ്പോൾ അത്തരത്തിലുള്ള ദിവ്യപ്രകൃതിയിൽ ആയിരിക്കുന്നതുപോലെ അവൻ എടുക്കപ്പെട്ടു ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നു; ലൂക്കോസിൽ പറഞ്ഞിരിക്കുന്ന പ്രകാരം

> അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടു പിരിഞ്ഞു സ്വർക്ഷാരോഹണം ചെയ്തു. ലൂക്കോസ് 24 :51.
>
> ഇങ്ങനെ കർത്താവായ യേശു അവരോട് അരുളി ചെയ്ത ശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ദൈവത്തിന്റെ വലതുഭാഗത്ത് ഇരുന്നു.

മാർക്കോ 16:19

ദൈവത്തിന്റെ വലതു ഭാഗത്തു ഇരുന്നു എന്നതിനെ ഇരിക്കുന്നത് ദൈവിക സർവ്വശക്തിയെയാണ്.

കർത്താവ് സ്വർഗ്ഗാരോഹണം ചെയ്ത നാൾ മുതൽ ദൈവത്വവും മനുഷ്യത്വവും സംയോഗിച്ച് സർവ്വശക്തിത്വത്തെ അർത്ഥമാക്കുന്ന ദൈവ ത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു. ദൈവത്വവും മനുഷ്യത്വവും ഐക്യപെട്ടു ഒന്നായി അതായത് അവന്റെ മനുഷ്യജഢവും അതിന്റെ സത്തയും അവന്റെ ദിവ്യസത്തയെ പോലെ എന്നാണു അതിനെ കാണി ക്കുന്നത്. അവന്റെ ദൈവത്വം സ്വർഗ്ഗത്തിലേക്ക് എടുക്കപെട്ടു ദൈവ ത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നും തന്റെ മനുഷ്യത്വമല്ലായിരുന്നു എന്നു അനുമാനിക്കുന്നത് വൈരുദ്ധ്യമായിരിക്കുന്നു. ആത്മാവും ശരീരവും എന്നപോലെ ക്രിസ്തുവിൽ ദൈവവും മനുഷ്യനും എന്നുള്ള ക്രിസ്തീയ ഉപദേശത്തിനും തിരുവെഴുത്തുകൾക്കും വിരുദ്ധവുമായിരിക്കും. ഇവയെ വേർപെടുത്തുന്നത് മതിയായ യുക്തിക്കു നിരക്കാത്തതുമാണു. മനുഷ്യത്വത്തോടുകൂടെ ദൈവത്വവും പിതാവിനോടു കൂടെ പുത്രന്റെ സംയോഗവും തുടർന്നു വരുന്ന വേദഭാഗങ്ങളിൽ അർത്ഥമാക്കിയി രിക്കുന്നു.

ഞാൻ പിതാവിന്റെ അടുക്കൽ നിന്നു പുറപെട്ട ലോകത്തിൽ വന്നിരിക്കുന്നു, പിന്നേയും ലോകത്തെ വിട്ട് പിതാവിന്റെ അടുക്കൽ പോകുന്നു. യോഹ : 16:28

ഞാൻ ഇനി കുറേ നേരം നിങ്ങളുടെ കൂടെ ഇരിക്കുന്നു; പിന്നെ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു.
യോഹ 7:33; 16: 5,16,17:13; 20:17

മനുഷ്യപുത്രൻ മുമ്പെ ഇരിന്നിടത്തേക്കു കയറി പോകുന്നതു നിങ്ങൾ കണ്ടാലോ? യോഹ :6:62

**സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നവനായ സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായി മനുഷ്യ പുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല.** യോഹ : 3 :13

രക്ഷിക്കപ്പെടുന്ന എല്ലാ മനുഷ്യർക്കും അവന്റെ സ്വർഗ്ഗത്തിലേക്കല്ല ആരോഹണം ചെയ്യുന്നത് പിന്നെ കർത്താവിന്റെ സ്വർഗ്ഗത്തിലേക്കാണ്. കർത്താവ് മാത്രമാണ് അവന്റെ തന്നെ സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്തത്.

**36** 7 ദൈവം ആദിയിലെന്നപോലെ ഒടുവിലും മനുഷ്യനായ്. ദൈവം മനുഷ്യനാണ്, കൂടാതെ ഓരോ ദൂതനും ആത്മാവും ദൈവത്തിൽ നിന്നുള്ള മനുഷ്യനാണ്. സ്വർഗ്ഗവും നരകവും എന്ന കൃതിയിൽ അനേക സ്ഥലങ്ങളിൽ ഇത് കാണിച്ചിട്ടുണ്ട്. മാത്രവുമല്ല ദൂതജ്ഞാനം എന്ന കൃതിയിൽ കൂടുതൽ പൂർണമായ് കാണിക്കുന്നതായിരിക്കും. ഇപ്പോൾ

ദൈവം ആദി മുതലേ പ്രഥമകാര്യങ്ങളിൽ മനുഷ്യനായിരുന്നു. അവസാനത്തേതിൽ നിന്നല്ലതാനും പക്ഷെ ലോകത്തിൽ അവൻ മനുഷ്യത്വം ഏറ്റെടുത്തശേഷം പരിപൂർണ്ണ മനുഷ്യനായ് ആയി തീർന്നു. കർത്താവ് അവന്റെ മനുഷ്യത്വത്തെ അവന്റെ ദൈവത്വത്തോട് ഐക്യപ്പെടുത്തിയതായ കാര്യമാണ് അല്പം മുമ്പ് സ്ഥാപിച്ചതായ കാര്യത്തെ കാണിക്കുന്നത്. അപ്രകാരം അവന്റെ മനുഷ്യത്തെക്കൂടി ദൈവത്വമാക്കി. ആയതിനാൽ ഇതാണ് ആ കർത്താവ് വെളിപ്പാടിൽ പറഞ്ഞതു പോലെ :

അൽഫയും ഒമേഗയും ആകുന്നു എന്നും ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായ സർവ്വശക്തിയുള്ള ദൈവമായ കർത്താവ്. വെളി 1:8 11

ഏഴു നിലവിളക്കുകളേയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു...........മരിച്ചവനേ പോലെ അവന്റെ കാൽക്കൽ വീണു.....

വെളി :1:13,17

ആദ്യനും അന്ത്യനുമായവൻ വെളി: 2:8

ഞാൻ അൽഫയും ഒമേഗയും ആദിയും അന്തവും ആകുന്നു

വെളി 2:6

ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തനും അനനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ ഉണ്ട്.

ഞാൻ അൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു വെളി 22 :12 13

പിന്നേയും യെശയ്യാവിൻ,

യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പു കാരനായ സൈന്യങ്ങളുടെ യെഹോവ ഇപ്രകാരം അരുളി ചെയ്യുന്നു: ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല.

യെശ: 44:6, 48:12

## VIII

### വചനം ആരിൽ നിന്നാണോ ആ വചനം ആരെ കുറിച്ചു പ്രതിപദിക്കുന്നുവോ ആ കർത്താവു തന്നെയാണു ദൈവം.

**37** ഒന്നാമത്തെ അദ്ധ്യായത്തിൽ നാം ആരംഭിച്ചത് തിരുവചനങ്ങൾ സമസ്തവും കർത്താവിനെ പരാമർശിക്കുന്നു എന്നും കർത്താവു തന്നെയാണ് വചനം എന്നും പ്രസ്താവിച്ചു കൊണ്ടായിരുന്നല്ലോ. ഈ വസ്തുത മറ്റുവേദഭാഗങ്ങളിലൂടെ തെളിയിക്കപെടുന്നതാണ്. കൂടുതൽ

തെളിവുകൾ അതിലൂടെ ലഭിക്കുന്നതാണ്. ആ ഭാഗങ്ങളിൽ കർത്താവിന് യഹോവയെന്നും യിസ്രായലിന്റെയും യാക്കോബിന്റെയും ദൈവം എന്നും ,യിസ്രയിലിന്റെ പരിശുദ്ധൻ എന്നും, കർത്താവും ദൈവവും എന്നും, രാജാവ് എന്നും, യഹോവയുടെയും ദാവീദിന്റെയും അഭിഷിക്തൻ എന്നും വിളിക്കപ്പെട്ടിരിക്കുന്നു പ്രവചനപുസ്തകങ്ങളും, ദാവീദിന്റെ സങ്കീർത്ത നങ്ങളും വാക്യ പ്രതിവാക്യമായി വായിച്ച് അതിൽ പരാമർശിച്ചിരിക്കുന്ന സംഗതികൾ എന്തെല്ലാമാണെന്ന് സൂക്ഷമായി നിരീക്ഷണം ചെയ്ത് പഠിക്കുന്നിനും എനിക്ക് അനുവാദവും സന്ദർഭവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ ആമുഖമായി തന്നെ സമുചിതമായി പ്രസ്താവിച്ചുകൊള്ളുന്നു. അപ്രകാരം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, അവയിൽ പ്രതിപാദിക്കപ്പെടുകയും പരാമർശിക്കപ്പെടുകയും ചെയ്തിരിക്കുന്നത്: സഭയാകട്ടെ കർത്താവനാൽ സ്ഥാപിക്കപെട്ടതും, സ്ഥാപിക്കപ്പടുന്നതും ആണെന്നും, കർത്താവിന്റെ വരവിനെയും, പ്രവർത്തനങ്ങളെയും, സംഘട്ടനങ്ങളേയും, മഹത്വീകരണത്തേയും, വീണ്ടെടുപ്പിനെയും രക്ഷയേയും, അവനിൽ നിന്ന് ഉത്ഭൂതമാകുന്ന സ്വർഗ്ഗത്തെയും,അതിന് നിൽക്കുന്ന സംഗതികളെയും കുറിച്ച് പരാമർശിക്കപ്പെടുന്നു എന്നും ആകുന്നു.അങ്ങനെ, ഇവയെല്ലാം കർത്താവിന്റെ പ്രവർത്തനങ്ങൾ ആകയാൽ, പരിശുദ്ധമായ സമസ്ത തിരുവെഴുത്തുകളും കർത്താവിനെ സംബന്ധിച്ചുള്ളവയാകുന്നു എന്ന് സുവിദിതം ആയിത്തീരുന്നു. തത്ഫലമായി വചനം കർത്താവാകുന്നു. എന്ന് വ്യക്തമായിത്തീരുന്നു.

(2) കർത്താവിനാൽ ആത്മപ്രകാശനം ലഭ്യമായവർക്കും, തിരുവചനത്തിന്റെ ആത്മീയ സത്തയെക്കുറിച്ച് സാമാന്യ ജ്ഞാനം എങ്കിലും ഉള്ളവർക്കും മാത്രമല്ലാതെ ആർക്കും ഗ്രഹിപ്പാൻ കഴിയുന്നതല്ല. സ്വർഗ്ഗത്തിലെ, സകല ദൂതൻമാർക്കും ഈ അറിവുണ്ട്, ബുദ്ധിയുണ്ട്. ആകയാൽ മനുഷ്യൻ വായിക്കുമ്പോൾ അവർ അതിനെ ഗ്രഹിക്കുന്നത് ഈ സത്തയിലാണ്. ആത്മാക്കളും, ദൂതൻമാരും സദാസമയവും മനുഷ്യനോട് കൂടിയുണ്ട്. അവർ ആത്മീയരാകയാൽ, മനുഷ്യൻ സ്വാഭാവികമായി പ്രകൃത്യാനുസൃതമായി, ഗ്രഹിക്കുന്ന കാര്യങ്ങൾ ആത്മീയതലത്തിൽ അവർ വിലയിരുത്തുകയും ഗ്രഹിക്കുകയും ചെയ്യുന്നു. ആദ്യത്തെ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കന്നതിൽ നിന്നും, അതിനോടനുബന്ധിച്ച് കർത്താവിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ളതിൽ നിന്നും, കർത്താവിനെ കർത്താവ് എന്നും ദൈവം എന്നും മിക്കപ്പോഴും വിളിക്കപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമായി ഗ്രഹിക്കുവാൻ കഴിയുന്നുണ്ട്. ഇതിൽ നിന്നും സ്പഷ്ടമായി ദൃശ്യമാകുന്നത്, എവിടെയെല്ലാം പ്രവചൻകൻമാർ യഹോവ അരുളിചെയ്തു, യഹോവ പ്രസ്താവിച്ചു, യഹോവയുടെ അരുളപ്പാട് എന്നിങ്ങനെയെല്ലാം സംസാരിച്ചപ്പോൾ എല്ലാം അവരിലൂടെ സംസാരിച്ചത് കർത്താവ് തന്നെ ആയിരുന്നു എന്ന് ആകുന്നു.

ഭൂമിയിലേക്ക് ആഗതനാകുന്നതിനും മുമ്പേ കർത്താവ് ഉണ്ടായിരുന്നു, ചുവടെ ചേർക്കുന്ന വേദഭാഗങ്ങളിൽ നിന്ന് ഇത് ദൃശ്യമാകുന്നുണ്ട്.

"എന്റെ പിന്നാലെ വരുന്നവൻ തന്നേ അവന്റെ ചെരിപ്പിന്റെ വാറ് അഴിക്കുവാൻ ഞാൻ യോഗ്യനല്ല എന്ന് ഉത്തരം പറഞ്ഞു". "എന്റെ പിന്നാലേ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പേ ഉണ്ടായിരുന്നതു കൊണ്ട് എനിയ്ക്ക് മുമ്പൻ ആയിത്തീർന്ന് എന്ന് ഞാൻ പറഞ്ഞവൻ ഇവൻ തന്നേ" യോഹ 1: 27, 30

വെളിപ്പാടിൽ ;

"ദൈവസന്നിധിയിൽ, സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തി നാല് മൂപ്പന്മാരും കവിഞ്ഞുവീണു. ദൈവത്തെ നമസ്ക്കരിച്ച് പറഞ്ഞത് സർവ്വശക്തിയുള്ള കർത്താവായ, ദൈവമേ ഇരിക്കുന്നവനും വരുന്നവനും ആയുള്ളോവേ, നീ മഹാശക്തി ധരിച്ച് വാഴുകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു." വെളി 11:16,17

മീഖായിൽ;

"നീയോ ബേത്ത്ലഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്ന് അധിപതിയായിരിക്കേണ്ടു ന്നവൻ എനിക്ക് നിന്നിൽ നിന്ന് ഉത്ഭവിച്ചു വരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ." മിഖാ 5:2

മാത്രവുമല്ല, സുവിശേഷങ്ങളിൽ കർത്താവ് നൽകിയിരിക്കുന്ന വിളംബരങ്ങളിൽ നിന്ന് അവൻ അബ്രാഹാമിന്നും മുമ്പേ ഉണ്ടായിരുന്നു എന്നും, ഭൂലോകത്തിന് അടിസ്ഥാനമിട്ടതിന്നും മുമ്പേ അവന് പിതാവി നോടൊപ്പം മഹത്വം ഉണ്ടായിരുന്നു എന്നും, അവൻ പിതാവിൽ നിന്ന് വന്നിരിക്കുന്നു എന്നും, ആദി മുതലേ വചനം ദൈവത്തോടു കൂടി ആയിരുന്നു എന്നും, വചനം ദൈവമായിരുന്നു എന്നും, വചനം ജഢമായിത്തീർന്നു എന്നും സ്പഷ്ടമായിത്തീരുന്നു.

ചുവടെ പ്രസ്താവിക്കപ്പെടുന്ന വസ്തുതകളിൽ നിന്ന് ഇപ്രകാരം സ്ഥരീകരിക്കുവാൻ കഴിയുന്നതാണ്, അതായത്, കർത്താവ് യഹോവ എന്ന് വിളിക്കപ്പെടുന്നു, കർത്താവ് യിസ്രായിലിന്റെയും യാക്കോബി ന്റെയും ദൈവമാകുന്നു, യിസ്രായേലിന്റെ പരിശുദ്ധനാകുന്നു, ദൈവവും കർത്താവും ആകുന്നു, അതുപോലെതന്നെ യാക്കോബിന്റെയും ദാവീദി ന്റെയും ദൈവമായ രാജാവും ആകുന്നു.

**38** 1 കർത്താവ് യഹോവ എന്ന് വിളിക്കപ്പെടുന്നു. ചുവടേ ചേർക്ക പ്പെടുന്ന വേദഭാഗങ്ങളിൽ നിന്ന് അത് വ്യക്തമാകുന്നു :

"ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു, ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ ഞാൻ ഇരിക്കും....... "നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ

നിന്റെ രക്ഷകൻ: നിന്റെ മറുവിലയായി ഞാൻ മിസ്രായീമിനെയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു."

യെശ 43:1,3

"ഞാൻ നിങ്ങളുടെ പരിശുദ്ധനായ യഹോവയും, യിസ്രായേലിന്റെ സ്രഷ്ടാവും, നിങ്ങളുടെ രാജാവും ആകുന്നു."

"യിസ്രായേലിന്റെ പരിശുദ്ധനും അവനെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു. വരുവാനുള്ളതിനെ കുറിച്ച് എന്നോട് ചോദിപ്പിൻ, എന്റെ മക്കളെയും എന്റെ കൈകളുടെ പ്രവർത്തികളെയും കുറിച്ച് എന്നോട് കല്പ്പിപ്പിൻ."

യെശ :43:15,45:11

"യഹോവയായ ഞാൻ നിന്റെ രക്ഷിതാവും,യാക്കോബിന്റെ വീരൻ നിന്റെ വീണ്ടെപ്പുക്കാരനും ആകുന്നു എന്ന് സകല ജഢവും

യെശ 49:26

"യഹോവയായ ഞാൻ രക്ഷകൻ എന്നും, യാക്കോബിന്റെ വല്ലഭൻ നിന്റെ വീണ്ടെടുപ്പുക്കാരൻ എന്നും നീ അറിയും" യെശ 60:16

"......... എന്നെ ഗർഭത്തിൽ തന്റെ ദാസനായി നിർമ്മിച്ചിട്ടുള്ള യഹോവ അരുളി ചെയ്യുന്നു" യെശ 49:5

"എന്റെ പാറയും എന്റെ വീണ്ടെടുപ്പുക്കാരനുമായ യഹോവേ"

സങ്കീ 19:1

"നിന്നെ ഉരുവാക്കിയവനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനും നിന്നെ സഹായിച്ചവനുമായ യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു"

യെശ 44:2

"യിസ്രായിലിന്റെ രാജാവായ യാഹോവ, അവന്റെ വീണ്ടെടുപ്പു കാരനായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു"

യെശ 44:6

"ഞങ്ങളുടെ വീണ്ടടെപ്പുക്കാരനോ സൈന്യങ്ങളുടെ യഹോവ. യിസ്രയേലിന്റെ പരിശുദ്ധൻ എന്നാകുന്നു അവന്റെ നാമം."

യെശ 47:4

"എങ്കിലും നിത്യദയയോടെ ഞാൻ നിന്നോട് ദയ കാണിക്കും, എന്ന് നിന്റെ വീണ്ടെടുപ്പുകാരനായ യഹോവ അരുളി ചെയ്യുന്നു"യെശ 54:8

"എന്നാൽ അവരുടെ വീണ്ടെടുപ്പുക്കാരൻ ശക്തിമാൻ, സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം" യിരെ 50:34

"യഹോവ എന്റെ ശൈലവും എൻ കോട്ടയും എന്റെ രക്ഷകനും ആകുന്നു.എന്റെ പാറയായ ദൈവം അവനിൽ ഞാൻ ആശ്രയിക്കും , എന്റെ രക്ഷയായ കൊമ്പും, എന്റെ പരിചയും എന്റെ സങ്കേതവും തന്നേ" ശമു 22:2,3

"നിങ്ങളുടെ വീണ്ടെടുപ്പുകാരനും ,യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു." യെശ 43:14,48:17

"യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനും അവന്റെ പരിശുദ്ധനുമായ യഹോവ......അരുളിച്ചെയ്യുന്നു യെശ 49:7

"ഞാൻ, ഞാൻ തന്നേ യഹോവ, ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല." യെശ 43:11

"യഹോവയായ ഞാൻ അല്ലയോ? ഞാൻ അല്ലാതെ, വേറൊരു ദൈവവുമില്ല.ഞാൻ അല്ലാതെ,വേറൊരു ദൈവവുമില്ല. ഞാൻ അല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവും ഇല്ല സകലഭൂവാസികളു മായുള്ളോരേ, എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെ ടുവിൻ. ഞാനല്ലാതെ വേറൊരുദൈവവും ഇല്ലല്ലൊ." യെശ 45:21,22

"ഞാനോ മിസ്രയീം ദേശം മുതൽ നിന്റെ ദൈവമായ യഹോവയാകുന്നു. എന്നെയല്ലാതെ വേറൊരു ദൈവത്തെയും നീ അറിയുന്നില്ല. ഞാനല്ലാതെ ഒരു രക്ഷിതാവ് ഇല്ലല്ലൊ." ഹോശേയാ 13:4

"വിശ്വസ്ത ദൈവമായ യഹോവേ, നീ എന്നെ വീണ്ടെടുത്തിരിക്കുന്നു." സങ്കീ 31:5

"യിസ്രായേലേ, യഹോവയിൽ പ്രത്യാശ വെച്ചു കൊൾക യഹോവെക്കു കൃപയും, അവന്റെ പക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ട്. അവൻ യിസ്രയേലിനെ അവന്റെ അകൃത്യങ്ങളിൽ നിന്നൊക്കെയും വീണ്ടെടുക്കും." സങ്കീ 130:7,8

"നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവു സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം. യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ സർവ്വ ഭൂമിയുടെയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു." യെശ 54:5

"ഈ വേദഭാഗങ്ങളില്ലാം യഹോവ വീണ്ടെടുപ്പുകാരൻ എന്നും രക്ഷിതാവ് എന്നും വിളിക്കപ്പെടുന്നു. അപ്രകാരം തന്നെ കർത്താവാണ് ഏക വീണ്ടെടുപ്പുകാരനും രക്ഷിതാവും എന്നതിനാൽ, യഹോവ എന്ന് വിളിക്കപ്പെടുകയും വിവക്ഷിക്കപ്പെടുകയും ചെയ്യുന്നത് കർത്താവിനെ തന്നെയാണ്."

ചുവടെ ചേർക്കപ്പെടുന്ന വേദഭാഗങ്ങളിൽ നിന്നും ഇത് വെളിവാകു ന്നുണ്ട്, അതായത് കർത്താവാണ് യഹോവ, അതായത് യഹോവ തന്നെ യാണ് കർത്താവ് എന്ന് ഗ്രഹിക്കാവുന്നതാണ്.

എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്ന് മുള പൊട്ടിപുറപ്പെടും. അവന്റമേൽ യഹോവയുടെ ആത്മാവ് ആവസിക്കും

ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചന യുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും, യഹോവ ഭക്തിയുടെയും, ആത്മാവ് തന്നേ. യെശ 11:1,2

അന്നാളിൽ, ഇതാ നമ്മുടെ ദൈവം അവനെയത്രേ നാം കാത്തിരിക്കു ന്നത് അവൻ നമ്മെ രക്ഷിക്കും അവൻ തന്നെ യഹോവ, അവൻയത്രേ നാം കാത്തിരുന്നത്. അവന്റെ രക്ഷയിൽ നമുക്ക് ആനന്ദിച്ച് സന്തോഷിക്കും യെശ 25:9

കേട്ടോ ഒരുത്തൻ വിളിച്ചു പറയുന്നത് മരുഭൂമിയിൽ യഹോവെക്ക് വഴി ഒരുക്കുവിൻ നിർജ്ജന പ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ.......... യഹോവയുടെ മഹത്വം വെളിപ്പെടും. സകല ജഡവും ഒരുപോലെ അതിനെ കാണും. യഹോവയുടെ വായല്ലോ അരുളി ചെയ്തിരിക്കുന്നത്....... ഇതാ യഹോവയായ കർത്താവ് ബലശാലി വരുന്നു.അവന്റെ ഭുജം അവനുവേണ്ടി ഭരണം ചെയ്യുന്നു. ഇതാ കൂലി അവന്റെ പക്കലും, പ്രതിഫലം അവന്റെ കയ്യിലും ഉണ്ട്" യെശ 40:3,5,10

"യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു........... നിന്നെ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവും ആക്കും. ഞാൻ യഹോവ, അതു തന്നെ എന്റെ നാമം. ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും, എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടു കൊടുക്കയില്ല." യെശ 42:7,8

"ഞാൻ ദാവീദിന്ന് നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും അവൻ രാജാവായി വാണ് ബുദ്ധിയോടെ പ്രവർത്തിച്ച് ദേശത്ത് നീതിയും ന്യായവും നടത്തും. യിസ്രായേൽ നിർഭയമായി വസിക്കും അവന്ന് യഹോവ നമ്മുടെ നീതി എന്ന് പേർ പറയും എന്ന് യഹോവയുടെ അരുളപ്പാട്.." അതിന്ന് യഹോവ നമ്മുടെ നീതി എന്ന് പേർ പറയും." യിരെ 23:5,6;33:15,16

"നീയോ ബേത്ത്ലേഹേം എഫ്രാത്തേ, നീയെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതി ആയിരിക്കേണ്ടു ന്നവൻ നിന്നിൽ നിന്ന് ഉത്ഭവിച്ചു വരും. അവന്റെ ഉത്ഭവം പണ്ടേ യുള്ളതും പുരാതനമായതും തന്നെ....... എന്നാൽ അവൻ നിന്ന് യഹോവയുടെ നാമത്തിന്റെ മഹിമയോടും കൂടെ മേയിക്കും. അവർ നിർഭയം വസിക്കും." മീഖാ 5:2,4

"നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരി ക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന് അത്ഭുത മ ന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളി

ക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനെക്കും സമാധാനത്തി
നും അവസാനം ഉണ്ടാകില്ല. ദാവീദിന്റെ സിംഹാസന ത്തിലും അവ
ന്റെ രാജ്യത്വത്തിലും ഇന്നു മുതൽ എന്നെന്നേയ്ക്കും അവൻ അതിനെ
ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ച് നിലനിർത്തും. സൈ
ന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും.
യെശ 9:6,7

'എന്നാൽ യഹോവ പുറപ്പെട്ട് താൻ യുദ്ധ ദിവസത്തിൽ പൊരുതതു പോലെ, ആ ജാതികളോട് പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്ന് എതിരേകിഴിക്കുള്ള ഒലിവുമലയിൽ നില്ക്കും.

സെഖ 14:3,4

"വാതിലുകളോ നിങ്ങളുടെ തലകളെ ഉയർത്തുവിൻ, പണ്ടേയുള്ള കതകുകളേ ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ മഹത്വത്തിന്റെ രാജാവ് ആർ? ബലവാനും വീരനുമായ യഹോവ, യുദ്ധവീരനുമായ യഹോവ, യുദ്ധവീരനായ യഹോവ തന്നേ. വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ, പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. മഹത്വത്തിന്റെ രാജാവ് ആർ?. സൈന്യങ്ങളുടെ യഹോവ തന്നെ. അവൻ ആകുന്നു. മഹത്വത്തിന്റെ രാജാവ്." സങ്കീ 24 : 7,10

"അന്നാളിൽ സൈന്യങ്ങളുടെ യഹോവ തന്റെ ജനത്തിന്റെ ശേഷിപ്പിന് മഹത്വമുള്ളൊരു കിരീടവും ഭംഗിയുള്ളൊരു മുടിയും ന്യായവിസ്താരം കഴിപ്പാൻ ഇരിക്കുന്നവന്ന് ന്യായത്തിന്റെ ആത്മാവും.........ആയിരിക്കും"
യെശ 28:5

"യഹോവയുടെ വലതും ഭയങ്കരവുമായ നാൾവരുന്നതിനുമുമ്പേ, ഞാൻ നാം നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയയ്ക്കും."

മാലാഖി 4:5

ഇവ കൂടാതെ മറ്റ് പല വേദഭാഗങ്ങളിലും, മഹത്വം സമീപസ്ഥവുമായ യഹോവയുടെ നാളിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഉദാ: യെഹസ്ക്കൽ 30:3, യോവേൽ 2:11;ആമോസ് 5:18,20, സെഫ 1:7,14,15,18 എന്നിവ.

**39** 2 കർത്താവിനെ യിസ്രയേലിന്റെ ദൈവമെന്നും യാക്കോബിന്റെ ദൈവമെന്നും വിളിക്കുന്നു. തുടർന്ന് വരുന്ന വേദഭാഗങ്ങളിൽ നിന്ന് ഇത് വ്യക്തമാകുന്നു.

"അപ്പോൾ മോശെ രക്തം എടുത്ത് ജനത്തിൻമേൽ തളിച്ചു.ഈസകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നി യമത്തിന്റെ രക്തം ഇതാ എന്ന് പറഞ്ഞു........................അവർ യിസ്രാ യേലിന്റെ ദൈവത്തെ കണ്ടു. അവന്റെ പാദങ്ങൾക്ക് കീഴെ, നീലക്കല്ല്

പടുത്ത തളം പോലെയും ആകാശത്തിന്റെ സ്വച്ഛത പോലെയും ആയിരുന്നു.” പുറ.24:8,10

“ഊമർ സംസാരിക്കുന്നതും, കൂനർ സൗഖ്യമാകുന്നതും, മുടന്തർ നടക്കുന്നതും, കുരുടർ കാണുന്നതും, പുരുഷാരം കണ്ടിട്ട് ആശ്ചര്യപ്പെട്ടു, യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി..”

മത്താ 15:31

‘‘യിസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ,അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്യുകയും.........തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്ക് രക്ഷയുടെ കൊമ്പ് ഉയർത്തുകയും ചെയ്തിരിക്കുന്നത്.”

ലൂക്കോ 1:68,69

‘“നിന്നെ പേർ ചൊല്ലി വിളിക്കുന്ന യഹോവ, യിസ്രായേലിന്റെ ദൈവം തന്നേ എന്ന് നീ അറിയേണ്ടതിന് ഞാൻ നിനക്ക ഇരുട്ടിലെ നിക്ഷേപങ്ങളിലെയും മറവിടങ്ങളിലെ ഗുപ്ത നിധികളെയും ......... ഞാൻ പേർ ചൊല്ലി വിളിച്ചിരിക്കുന്നു” യെശ: 45:3

യിസ്രായേൽ പേർ വിളിക്കപ്പെട്ടവരും യെഹൂദയുടെ വെള്ളത്തിൽ നിന്ന് ഉത്ഭവിച്ചിരിക്കുന്നവരും യഹോവയുടെ നാമത്തിൽ സത്യം ചെയ്യുന്നവരും സത്യത്തോടും നീതിയോടും കൂടെയല്ലെങ്കിലും “യിസ്രായേലിന്റെ ദൈവത്തിൽ കീർത്തിക്കുന്നവരും ആയ യാക്കോബ് ഗൃഹമേ, ഇത് കേട്ടു കൊൾവിൻ, അവർ തങ്ങളെത്തന്നേ വിശുദ്ധ നഗരം എന്ന് വിളിച്ച് യിസ്രായേലിന്റെ ദൈവത്തിൽ ആശ്രയിക്കുന്നവല്ലൊ. അവന്റെ നാമം സൈന്യങ്ങളുടെ യഹോവ എന്നാകുന്നു.” യെശ 48:1,2

“എന്നാൽ അവൻ അവന്റെ മക്കൾ തന്നെ, തങ്ങളുടെ മദ്ധ്യേ എന്റെ കൈകളുടെ പ്രവൃത്തി കാണുമ്പോൾ, അവർ എന്റെ നാമത്തെ വിശുദ്ധീകരിക്കും. അതേ,അവർ യാക്കോബിന്റെ പരിശുദ്ധനെ വിശുദ്ധീ-കരിക്കയും.യിസ്രായേലിന്റെ ദൈവത്തെ ഭയപ്പെടുകയും ചെയ്യും” യെശ 29:23

“അന്ത്യക്കാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം,പർവ്വത ശിഖരത്തിൽ........... അനേക വംശങ്ങളും ചെന്ന്, വരുവിൻ നമുക്ക് യഹോവയുടെ പർവ്വതത്തിലേക്ക്, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്ക് കയറിചെല്ലാം. അവൻ നമുക്ക് തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കുകയും ചെയ്യും. എന്നു പറയും. സീയോനിൽ നിന്ന്യഹോവയുടെ വചനവും പുറപ്പെടും.”
യെശ 2:2,3; മീഖാ 4:1,2

യഹോവയായ ഞാൻ നിന്റെ രക്ഷിതാവും യാക്കോബിന്റെ വീരൻ നിന്റെ വീണ്ടെടുപ്പുകാരനും ആകുന്നു എന്ന് സകല ജഢവും അറിയും”
യെശ 60:16

"ഭൂമിയെ, നീ കർത്താവിന്റെ സന്നിധിയിൽ വിറക്ക യാക്കോബിൻ ദൈവത്തിന്റെ സന്നിധിയിൽ" സങ്കീ 114:7

"അവൻ (ദാവീദ്) യഹോവയോട് സത്യം ചെയ്തു യാക്കോബിന്റെ വല്ലഭന്ന് നേർന്നത് എന്തെന്നാൽ ഞാൻ യഹോവയ്ക്ക് ഒരു സ്ഥലം, യാക്കോബിന്റെ വല്ലഭന്ന് ഒരു നിവാസം കണ്ടെത്തും വരെ ഞാൻ എന്റെ കൂടാര വീട്ടിൽ കടക്കയില്ല, എന്റെ ശയ്യ്മേൽ കയറി കിടക്കയുമില്ല. ഞാൻ എന്റെ കണ്ണിന് ഉറക്കവും, എന്റെ കൺപോളെക്ക് മയക്കവും കൊടുക്കയുമില്ല. നാം എഫ്രാത്തയിൽ അതിനെക്കുറിച്ച് കേട്ടു വനപ്രദേശത്ത് അതിനെ കണ്ടെത്തിയല്ലോ" സങ്കീ 132:2,5,6

യിസ്രായേലിന്റെ ദൈവമായി യഹോവയായ ദൈവം വാഴ്ത്തപ്പെടുമാറകട്ടെ........ഭൂമിമുഴവനും അവന്റെ മഹത്വം കൊണ്ട് നിറയുമാറാകട്ടെ. സങ്കീ 72:18,19

ഇവയെക്കൂടാതെ മറ്റ് നിറവധി വേദഭാഗങ്ങളിൽ കർത്താവിനെ യിസ്രായേലിന്റെ ദൈവം എന്നും, വീണ്ടെടുപ്പുകാരനും രക്ഷിതാവും എന്നും വിളിക്കുന്നതായി നമുക്ക് കാണാവുന്നതാണ്.

യെശയ്യാവ് 17:6;21:10,17;29:23; യിരെ 7:3; 9:15; 11:3; 13:12; 16:9 9:3,15;23:2;24:5;25:15,27;29:4,8,2125;30:2;31:23;32:14,15,36;33:4;34:2,13;35:13,17,19

37:7;38:17;39:16;42:9,15,18;43:10;44:10; 44:2,7,11,25;48:1;50:18;51:33; യഹെ 8:4;9:310:19,20;11:22;43:2; 44:2സെഫ 2:9; സങ്കീ 41:13;59:5;68:8.

**40** 3 കർത്താവ് യിസ്രായേലിന്റെ പരിശുദ്ധൻ എന്ന് വിളിക്കപ്പെടുന്നു. ഇത് തുടർന്ന് വരുന്ന വേദഭാഗങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

"അതിനു ദൂതൻ പരിശുദ്ധത്മാവ് നിന്റെ മേൽ വരും.അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും." ലൂക്കോ 1:35

"കിടക്കയിൽ വെച്ച് എനിക്ക് ഉണ്ടായ ദർശനത്തിൽ ഒരു ദൂതൻ, ഒരു പരിശുദ്ധൻ തന്നേ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു" ദാനി 4:13,23

"ദൈവം തേമാനിൽ നിന്നും, പരിശുദ്ധൻ പാറാനിൽ നിന്നും വരുന്നു." ഹബ 3:3

"ഞാൻ നിങ്ങളുടെ പരിശുദ്ധനായ യഹോവയും, യിസ്രായേലിന്റെ സ്രഷ്ടാവും, നിങ്ങളുടെ രാജാവും ആകുന്നു" യെശ 45:15

"യിസ്രായേലിന്റെ പരിശുദ്ധനും, അവനെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു." യെശ 45:11

"യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനും അവന്റെ പരിശുദ്ധനുമായ

യഹോവേ," യെശ 49:7

നിന്റെ രാജാവും,യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ യെശ 43:1,3

''ഞങ്ങളുടെ വീണ്ടെടുപ്പുകാരനോ സൈന്യങ്ങളുടെ യഹോവ യിസ്രായേലിന്റെ പരിശുദ്ധൻ എന്നാകുന്നു അവന്റെ നാമം.

യെശ 47:4

നിങ്ങളുടെ വീണ്ടെടുപ്പുക്കാരനും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ. യെശ 43:14;48:17

"നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവ് സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം; യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ" യെശ 54:5

"അവർ പിന്നെയും പിന്നെയും ദൈവത്തെ പരീക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ മുഷിപ്പിച്ചു." സങ്കീ 78:41

".......അവർ യഹോവയെ ഉപേക്ഷിച്ചു; യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ച് പുറകോട്ടു മാറികളഞ്ഞിരിക്കുന്നു" യെശ 1:4

''യിസ്രായേലിന്റെ പരിശുദ്ധനെ ഞങ്ങളുടെ മുമ്പിൽ നിന്ന് നീങ്ങുമാറാക്കുവിൻ എന്നു പറയുന്നു , ആകയാൽ യിസ്രായേലിന്റെ പരിശുദ്ധൻ ഇപ്രകാരം അരുളി ചെയ്യുന്നു" യെശ 30:11,12

"അവൻ ബന്ധപെട്ട് തന്റെ പ്രവൃത്തിയെ വേഗത്തിൽ നിവൃത്തിക്കട്ടെ. കാണാമല്ലൊ. യിസ്രായേലിൻ പരിശുദ്ധന്റെ ആലോചന അടുത്തു വരട്ടെ നമുക്ക് അറിയാമല്ലോ..." യെശ 5:19

''അന്നാളിൽ.......യിസ്രായേലിന്റെ പരിശുദ്ധനായ യഹോവായെ പരാമർത്ഥമായി ആശ്രയിക്കും" യെശ 10:20

"സീയോൻ നിവാസികളേ, യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ മദ്ധ്യേ വലിയവൻ ആയിരിക്കയാൽ ഘോഷിച്ച് ഉല്ലസ്സിപ്പിൻ."
യെശ 112:6

''അന്നാളിൽ മനുഷ്യൻ തന്റെ വിരലുകളാൽ ഉണ്ടാക്കിയ അശേരവിഗ്രഹങ്ങളെയും സൂര്യസ്തംഭങ്ങളെയും നോക്കാതെയും തന്റെ സ്രഷ്ടാവിങ്കലേക്ക് തിരികയും തന്റെ കണ്ണ് യിസ്രായേലിന്റെ പരിശുദ്ധനെ നോക്കുകയും ചെയ്യും.." യെശ :17:7.

സൗമ്യതയുള്ളവർക്ക് യഹോവയിൽ സന്തോഷം വർദ്ധിക്കുകയും, മനുഷ്യരിൽ സാധുക്കളായവർ യിസ്രായേലിന്റെ പരിശുദ്ധനിൽ ആനന്ദിക്കയും ചെയ്യും." യെശ 29:19,41 :16

"നീ അറിയാതെ ഒരു ജാതിയെ നീ വിളിക്കും. നിന്നെ അറിയാത്ത ഒരു ജാതി നിന്റെ ദൈവമായ യഹോവ നിമിത്തവും, യിസ്രായേലിന്റെ പരിശുദ്ധൻ നിമിത്തവും അവൻ നിന്നെ മഹത്വപ്പെടുത്തിരിക്കയാൽ ത്തന്നെ നിന്റെ അടുക്കൽ ഓടി വരും.." യെശ 55:5

ദൂരത്ത് നിന്ന് നിന്റെ മകളെ, അവരുടെ പൊന്നും വെള്ളിയുമായി നിന്റെ ദൈവമായ യഹോവയുടെ നാമത്തിന്നും അവൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കകൊണ്ട് യിസ്രായിലിന്റെപരിശുദ്ധനും കൊണ്ടുവരേണ്ടതിന് ദ്വിപുവാസികളും തർശീശ് കപ്പലുകൾ ആദ്യമായും എനിക്കായി കാത്തിരിക്കുന്നു.." യെശ 60:9

അതു യഹോവയോട്, യിസ്രായേലിന്റെ പരിശുദ്ധനോട് തന്നെ അഹങ്കാരം കാണിച്ചിരിക്കുന്നു. യിരെ .50:29

ഇതു പോലെ തന്നെ മറ്റു പലസ്ഥലങ്ങളിലും,മറ്റു പല വേദഭാഗങ്ങളിലും പ്രസ്താവിക്കപ്പെടുന്നു. യിസ്രായേലിന്റെ പരിശുദ്ധനായവൻ എന്നതിന് ദൈവികമായ മനുഷ്യത്വത്തിലുള്ള കർത്താവ് എന്നാണ് അർത്ഥം. ഗബ്രിയേൽ ദൂതൻമറിയയോട് ഇപ്രകാരമെല്ലാം പറഞ്ഞത്

"അതിന് ദൂതൻ; പരിശുദ്ധത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും." ലൂക്കോ 1:35

യഹോവയും യിസ്രായേലിന്റെ പരിശുദ്ധൻ ആയവനും ഒന്നാണെന്ന്, വ്യത്യസ്തമായ നാമങ്ങൾ ഉണ്ടെങ്കിലും, നിസ്സംശയം പ്രസ്താവിക്കപ്പെടുന്നത് മുകളിൽ ഉദ്ധരിക്കപ്പെട്ടവേദഭാഗങ്ങളിൽ തെളിയിക്കപ്പെടുന്നുണ്ട്. അവയിൽ എല്ലാം യഹോവ യിസ്രായേലിന്റെ പരിശുദ്ധൻ ആകുന്നു എന്ന് പ്രസ്താവിക്കപ്പെട്ടിട്ടുണ്ടല്ലോ.

**41** 4 കർത്താവിനെ കർത്താവ് എന്നും ദൈവം എന്നും വിളിക്കുന്നു

ഈ സംഗതി നിരവധി വേദഭാഗങ്ങളിൽ നിന്ന് ലഭ്യമാകുന്നു. അവയെല്ലാം ഉദ്ധരിക്കുന്നതിന് അനേകം താളുകൾ വേണ്ടി വരും ആകയാൽ ഏതാനും ഉദാഹരണങ്ങൾ മാത്രം നൽകാം അത് മതിയാകും ഈ സംഗതി സുവിദിതമാകുന്നതിന്.

യോഹന്നാനിൽ :

"പിന്നെ തോമസിനോട്; നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക അവിശ്വാസിയാകാതെ വിശ്വസി ആയിരിക്ക എന്നു തോമാസ് അവനോട് എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവെ എന്ന് ഉത്തരം പറഞ്ഞു." യോഹ 20:27,28

സങ്കീർത്തനങ്ങൾ:

"ദൈവം തങ്ങളുടെ പാറ എന്നും അത്യുന്നതനായ ദൈവം തങ്ങളുടെ വീണ്ടെടുപ്പുക്കാരൻ എന്നും അവർ ഓർക്കും." സങ്കീ 78:35

യെശയ്യാവിൽ:

നിന്റെ സ്രഷ്ടാവുകുന്നു നിന്റെ ഭർത്താവ് സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുക്കാരൻ സർവ്വ ഭൂമിയുടെയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു. യെശ 54:5

അവർ അവന്റെ മുമ്പിൽ കവിണ്ണുവീണ് അവനെ നമസ്കരിക്കുന്നതിൽ നിന്നും ഇത് ദൃശ്യമായിത്തീരുന്നുണ്ട്, ഉദാഹരണം മത്തായി 9:18;14:33;15:25;28:9; മാർക്കോസ് 1:40; 5:22;7:25;10:17;ലൂക്കോ 17:15,16,യോഹ 9:38

സങ്കീർത്തനങ്ങളിൽ:

നാം എഫ്രാത്തയിൽ അതിനെക്കുറിച്ച് കേട്ടു വനപ്രദേശത്ത് അതിനെ കണ്ടത്തെയല്ലോ. നാം അവന്റെ തിരുനിവാസത്തിലേക്കു ചെന്ന് അവന്റെ പാദപീഢത്തിൽ നമസ്ക്കരിക്കുക സങ്കീ 132:7

വെളിപ്പാടിൽ നമ്മൾ വായിക്കുന്നതുപോലെ, കർത്താവ് തത്തുല്യമായി ആരാധിക്കപ്പെടുകയും ചെയ്യുന്നു.

"ഉടനെ ഞാൻ ആത്മവിവശനായി,സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും, സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു, ഇരിക്കുന്നവൻ കാഴ്ചയ്ക്ക് സൂര്യകാന്തത്തോടും സദൃശൻ. സിംഹാസനത്തിന്റെ ചുറ്റും കാഴ്ചയ്ക്ക് മരത്തോട് സദൃശമായൊരു പച്ചവില്ല്.....
.....ഇരുപത്തിനാല് മൂപ്പൻമാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു. എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്ക്കരിച്ചു.
.........തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്ന് മുമ്പിൽ ഇടും"
വെളി 4:2,3,5,10

വീണ്ടും വെളിപ്പാടിൽ:

"ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലംകൈയ്യിൽ അകത്തും പുറത്തും എഴുത്തുള്ളതായി ഏഴ് മുദ്രയാൽ മുദ്രയിട്ടോരു പുസ്തകം കണ്ടു......... പുസ്തകം തുറപ്പാനോ നോക്കുവാനോ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലും ആർക്കും കഴിഞ്ഞില്ല...........അപ്പോൾ മൂപ്പൻമാരിൽ ഒരുത്തൻ എന്നോട് കരയേണ്ട. യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ പേരുമായവൻ പുസ്തകവും അതിന്റെ ഏഴുമുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്ന് പറഞ്ഞു ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂ

പ്പൻമാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതു പോലെ നില്ക്കുന്നതു കണ്ടു, അതിന് ഏഴ് കൊമ്പും സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴ് ദൈവാത്മാക്കൾ ആയ ഏഴ് കണ്ണുകളും ഉണ്ട്.അവൻ വന്ന് സിംഹാസനത്തിൽ ഇരിക്കുന്ന വന്റെ വലങ്കയ്യിൽ നിന്ന് പുസ്തകം വാങ്ങി. വാങ്ങിയപ്പോൾ നാല് ജീവികളും ഇരുപത്തിനാല് മൂപ്പൻമാരും ഓരോരുത്തൻ വീണയും, വിശുദ്ധമാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻ കലശവും പിടിച്ച് കൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ വീണു ..........ഞങ്ങളുടെ ദൈവത്തിന്ന് അവരെ രാജ്യവും പുരോഹിതൻമാരും ആക്കി വെച്ചു അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു" വെളി 5:1,3, 8,10

നാലു ജീവികളും ആമേൻ എന്നു പറഞ്ഞു മൂപ്പൻമാർ വീണു നമസ്ക്കരിച്ചു. വെളി 5:14

**42** 5 കർത്താവിനെ രാജാവ് എന്നും അഭിഷിക്തൻ എന്നും വിളിച്ചിരിക്കുന്നു. ഇതിന്റെ കാരണം അവൻ മശിഹായെന്നും ക്രിസ്തു എന്നുള്ളത് രാജാവ് അഥവാ അഭിഷിക്തൻ എന്നതിനെ അഭിവ്യഞ്ജിപ്പിക്കുന്നു. ആകയാൽ കർത്താവ് എന്നപദത്തിന്റെ അർത്ഥം രാജാവ് എന്നാണെന്ന് വ്യക്തമാകുന്നു അതുപോലെ തന്നെ ആ പദം യഹൂദയിലും യിസ്രായേലിലും രാജാവായിരുന്ന ദാവീദ് എന്നും അർത്ഥമുള്ളതായി ത്തീരുന്നു. കർത്താവിനെ രാജാവ് എന്നും, യഹോവയുടെ അഭിഷിക്തൻ എന്നു വിളിക്കുന്നത് വചനത്തിലെ നിരവധി ഭാഗങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈ കാരണത്താൽ വെളിപ്പാടിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

അവർ കുഞ്ഞാടിനോട് പോരാടും. താൻ കർത്താതികർത്താവും രാജാധി രാജാവും ആകകൊണ്ട് കുഞ്ഞാട് തന്നോടു കൂടെയുള്ള വിളിക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും." വെളി 17:14

മറ്റൊരു ഭാഗത്ത് .

അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിൻമേൽ ഇരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്ന്പേർ അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു." "രാജാധിരാജാവും കർത്താധി കർത്താവും എന്നനാമം അവന്റെ ഉടുപ്പിൻമേലും തുടമേലും എഴുതിയിരിക്കുന്നു."

വെളി 19:11,16

കർത്താവിനെ രാജാവ് എന്ന് വിളിക്കുന്നതിനാൻ, സ്വർഗ്ഗവും സഭയും അവന്റെ രാജ്യം എന്ന് വിളിക്കപ്പെടുന്നു. ആകയാൽ കർത്താവ് ഭൂലോകത്തിലെക്ക് ആഗതൻ ആകുന്നതിനെ രാജ്യത്തിന്റെ സുവിശേഷം എന്ന് പറയുന്നു. സ്വർഗ്ഗവും സഭയും തന്റെ രാജ്യം എന്ന് വിളിക്കപ്പെടുന്നത് ഈ വേദ ഭാഗങ്ങളിൽ നിന്ന് ദൃശ്യമാകുന്നതാണ്.

മത്തായി 12:28,16:28, മാർക്കോസ് 1:14,15,9:1,15:43, ലൂക്കോ 1:33;4:43;8:1,109:2,11,60;10:11;16:16;19:11; 21:31; 22:18; 23:51.

ദാനിയേലിൽ:

ഈ രാജാക്കൻമാരുടെ കാലത്ത് സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും ആ രാജത്വം വേറെ ഒരു ജാതിക്ക് ഏല്പ്പിക്കപ്പെടുകയില്ല അത് ഈ രാജത്വങ്ങളെ ഒക്കെയും തകർത്ത് നശിപ്പിക്കുകയും എന്നേക്കും നിലനില്ക്കയും ചെയ്യും" ദാനി 2:44

വീണ്ടും ദാനിയേലിൽ

രാത്രി ദർശനങ്ങശിൽ, മനുഷ്യപുത്രനോട് സദൃശനായ ഒരുത്തൻ ആകാശ മേഘങ്ങളോടെ വരുന്നത് അവൻ കണ്ടു. അവൻ വയോധികന്റെ അടുക്കൽചെന്നു അവർ അവനെ അവന്റെ മുമ്പിൽ അടുത്തു വരുമാറാക്കി. സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്ന് അവന്ന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു.അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം'' പിന്നെ രാജത്വവും, ആധിപത്യവും, ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധാരായ ജനത്തിന് ലഭിക്കും അവന്റെ രാജത്വം നിത്യ രാജത്വം ആകുന്നു. സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും. ദാനി 7:13,14,27

അവന്റെ ആഗമനം രാജ്യത്തിന്റെ സുവിശേഷം ആകുന്നു എന്ന സംഗതി ഈ വേദഭാഗങ്ങളിൽ നിന്ന് ദൃശ്യമാകുന്നു മത്തായി 4:;9:35;24:14

**43** 6 കർത്താവിനെ ദാവീദ് എന്ന് വിളിക്കുന്നു. ഇത്, തുടർന്നുവരുന്ന വേദഭാഗങ്ങളിൽ നിന്ന് വ്യക്തമായിത്തീരുന്നു.

അന്ന് ഞാൻഅവന്റെ നുകം നിന്റെ കഴുത്തിൽ നിന്ന് ഒടിച്ച് ബന്ധനങ്ങളെ അറുത്തുകളയും അന്യൻമാർ ഇനി അവനെ ക്കൊണ്ട് സേവ ചെയ്യിക്കുകയുമില്ല എന്ന് സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട് യിരെ 30:8,9

പിന്നത്തേതിൽ യിസ്രായേൽ മക്കൾ തിരിഞ്ഞ് തങ്ങളുടെ ദൈവമായ യഹോവയെയും തങ്ങളുടെ രാജാവായ ദാവീദിനെയും അന്വേഷിക്കും ഭാവിക്കാലത്ത് അവർ ഭയപ്പെട്ടുകൊണ്ട് യഹോവയിങ്കലേക്കും അവന്റെ ന യിലേക്കും വരും. ഹോശേയ 3:5

അവയെ മേയിക്കേണ്ടതിന് ഞാൻ ഒരേ ഇടയനെ അവയ്ക്കായി നിയമിക്കും എന്റെ ദാസനായ ദാവീദിനെത്തന്നെ അവൻ അവയെ മേയിച്ച് അവയ്ക്ക് ഇടയാനായിരിക്കും. യെഹസേക്കൽ 34:23

"അങ്ങനെ, യഹോവയായ ഞാൻ അവർക്ക് ദൈവവും എന്റെ ദാസനായ ദാവീദ് അവരുടെ മദ്ധ്യേ പ്രഭുവും ആയിരിക്കും. യഹോവയായ ഞാൻ അത് അരുളിച്ചെയ്തിരിക്കുന്നു." യെഹെ 34:24
അങ്ങനെ അവർ എനിക്ക് ജനമായും ഞാൻ അവർക്കു ദൈവമായും ഇരിക്കും. എന്റെ ദാസനായ ദാവീദ് അവർക്ക് രാജാവായിരിക്കും. അവർക്കെല്ലാവർക്കും ഒരേ ഇടയൻ ഉണ്ടാകും. അവർ അവന്റെ വിധികളിൽ നടന്ന് എന്റെ ചട്ടങ്ങളെ പ്രമാണിച്ച് അനുഷ്ടിക്കും.

എന്റെ ദാസനായ യാക്കോബിന് ഞാൻ കൊടുത്തതും നിങ്ങളുടെ പിതാക്കൻമാർ പാർത്തിരുന്നതുമായ ദേശത്ത് അവർ പാർക്കും. അവരും മക്കളു, മക്കളുടെ മക്കളും എന്നേക്കും അവിടെ വസിക്കും എന്റെ ദാസനായ ദാവീദ് എന്നേക്കും എന്നേക്കും അവർക്ക് പ്രഭു ആയിരിക്കും. ഞാൻ അവരോട് ഒരു സമാധാന നിയമം ചെയ്യും അത് അവർക്ക് ഒരു ശാശ്വത നിയമം ആയിരിക്കും. ഞാൻ അവരെ ഉറപ്പിച്ച് പെരുക്കി അവരുടെ നടുവിൽ എന്റെ വിശുദ്ധ മന്ദിരത്തെ സദാകാലത്തേക്കും സ്ഥാപിക്കും. യെഹെ 37:23 26

"ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വത നിയമം ഞാൻ നിങ്ങളോട് ചെയ്യും ഞാൻ അവനെ ജാതികൾക്ക് സാക്ഷിയും വംശങ്ങൾക്കു പ്രഭുവും അധിപതിയും ആക്കിയിരിക്കുന്നു.."

യെശ 55:3,4

"അവർ ഏദോമിൽ ശേഷിച്ചിരിക്കുന്നവരുടെയും എന്റെ നാമം വിളിക്കപ്പെടുന്ന സകല ജാതികളുടേയും ദേശത്തെ കൈവശമാക്കേണ്ടതിന് വീണുപോയ ദാവീദിൻ കൂടാരത്തെ ഞാൻ അന്നാളിൽ നിവിർത്തുകയും അതിന്റെ പിളർപ്പുകളൊക്കെയും അടെക്കയും അവന്റെ ഇടിവുകളെ തീർക്കുകയും ചെയ്യും, എന്നാകുന്നു ഇത് അനുഷ്ടിക്കുന്ന യഹോവയുടെ അരുളപ്പാട്." ആമോസ് 9:11,12

".....ദാവീദ് ഗൃഹം ദൈവത്തെ പോലെയും അവരുടെ മുമ്പിലുള്ള യഹോവയുടെ ദൂദനെ പോലെയും ആയിരിക്കും." സെഖ 12:8

"അന്നാളിൽ ദാവീദ് ഗൃഹത്തിനും, യെരുശലേം നിവാസികൾക്കും പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിനായി ഒരു ഉറവ് തുറന്നിരിക്കു" സെഖ 13:1

**44** ദാവീദ് എന്നാൽ കർത്താവ് ആണെന്ന് അറിയാവുന്നവന് ഗ്രഹിക്കുവാൻ കഴിയും, ദാവീദ് സ്വയം, തന്നെക്കുറിച്ചായിരുന്നു സംസാരിച്ചതെങ്കിലും, സങ്കീർത്തനങ്ങളിൽ കൂടെ കൂടെ കർത്താവിനെ സംബന്ധിച്ച് എഴുതിയത് എന്തു കാരണത്താൽ ആയിരുന്നു എന്ന്, ഉദാഹരണമായി, സങ്കീർത്തനങ്ങൾ 89 ൽ ഈ നാമപദങ്ങൾ ആവർത്തിച്ച് വരുന്നത് ശ്രദ്ധിക്കുക.

എന്റെ വ്രതനോട് ഞാൻ ഒരു നിയമവും എന്റെ ദാസനായ ദാവീദിനോ

ട് സത്യവും ചെയ്തിരിക്കുന്നു. നിന്റെ സന്തതിയെ ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. നിന്റെ സിംഹാസനത്തെ തലമുറയോളം ഉറപ്പിക്കും. യഹോവേ, സ്വർഗ്ഗം നിന്റെ അത്ഭുതങ്ങളെയും, വിശുദ്ധൻമാരുടെ സഭയിൽ നിന്റെ വിശ്വസ്തതയെയും സ്തുതിക്കും..... അന്ന് നീ ദർശനത്തിൽ നിന്റെ ഭക്തൻമാരോട് അരുളിച്ചെയ്തത് ഞാൻ വീരനായ ഒരു ഒരുത്തന് സഹായം നൽകുകയും ജനത്തിൽ നിന്ന് ഒരു വ്രതനെ ഉയർത്തുകയും ചെയ്തു ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി. എന്റെ വിശുദ്ധ തൈലം കൊണ്ട് അവനെ അഭിഷേകം ചെയ്തു. എന്റെ കൈയ് അവനോടുകൂടെ സ്ഥിരമായിരിക്കും എന്റെ ഭുജം അവനെ ബലപ്പെടുത്തും." ....

എന്നാൽ എന്റെ വിശ്വസ്തതയും ദയയും അവനോട് കൂടെയിരിക്കും. എന്റെ നാമത്തിൽ അവന്റെ കൊമ്പ് ഉയർന്നിരിക്കും.

അവന്റെ കൈയെ ഞാൻ സമുദ്രത്തിൻ മേൽ, അവന്റെ വലങ്കയ്യെ നദികളുടെ മേലും നീട്ടുമാറാക്കും. അവൻ, എന്നോട് നീ എന്റെ പിതാവ്, എന്റെ ദൈവം എന്റെ രക്ഷയുടെ പാറ എന്നിങ്ങനെ വിളിച്ച് പറയും ഞാൻ അവനെ ആദ്യജാതനും ഭൂരാജക്കൻമാരിലും ശ്രേഷ്ടനുമാക്കും ഞാൻ അവന് എന്റെ ദയയെ എന്നേക്കും കാണിക്കും എന്റെ നിയമം സ്ഥിരമായി നിൽക്കും ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും അവന്റെ സിംഹാസനത്തെ ആകാശമുള്ള കാലത്തോളവും നിലനിർത്തും. അവന്റെ പുത്രന്റെ എന്റെ ന്യായ പ്രമാണം ഉപേക്ഷിക്കുയും എന്റെ വിധികളെ അനുസരിച്ച. ഞാൻ ഒരിക്കലും വിശുദ്ധിയെ കൊണ്ട് സത്യം ചെയ്തിരിക്കുന്നു. ദാവീദിനോട് ഞാൻ ഭോഷ്ക് പറകയില്ല. അത് ചന്ദ്രനെപ്പോലെയും, ആകാശത്തിലെ വിശുദ്ധ സാക്ഷിയെ പോലെയും എന്നേക്കും സ്ഥിരമായിരിക്കും.

സങ്കീ 89:3-5,19-21,24-29,35,37

ഇതുപോലെ തന്നെ മറ്റു പല സങ്കീർത്തനങ്ങളിലും ഉദാഹരണമായി സങ്കീർത്തനങ്ങൾ 15:1-17, സങ്കീ122:4,5, സങ്കീ 132:8-18.)

## IX

## ദൈവം ഏകൻ ആകുന്നു, ആ ദൈവം കർത്താവ് ആകുന്നു

**45** വചനത്തിൽ നിന്ന് സമാഹരിച്ചതും മുൻ അദ്ധ്യായത്തിൽ ആലേഖനം ചെയ്യപ്പെട്ടില്ലുതുമായ നിരവധി വേദഭാഗങ്ങളിൽ നിന്നും സുവിദമായിട്ടുണ്ടല്ലോ കർത്താവിനെ യഹോവ എന്നും, യിസ്രായേലി ന്റെയും യാക്കോബിന്റെയും ദൈവം എന്നും, വിളിക്കപ്പെടുന്നുണ്ടെന്ന് ഇതിലും അധികമായി ഇവയിൽ നിന്നും, തെല്ല് അനിശ്ചിതമായി ട്ടാണെങ്കിലും, ഗ്രഹിക്കുവാൻ കഴിയുന്നുണ്ട്, അതായത് കർത്താവു തന്നെയാണ് ദൈവം

എന്നും, അവനിൽ നിന്നാണ് വചനം ഉത്ഭൂതമാകുന്ന തെന്നും, അത് പരാമർശിക്കുന്നത് കർത്താവിനെക്കുറിച്ച് തന്നെ ആണെന്നും അത്രേ. ആകയാൽ സമസ്തലോകത്തിലും ദൈവം ഏകനാണെന്ന് സുവ്യക്തമയി അറിയപ്പെട്ടിരിക്കുന്നു. ഈ സത്യത്തെ ഖണ്ഡിക്കുവാൻ യാതൊരു കാര്യകാരണത്തിനും സാദ്ധ്യമല്ല. ഒരു യുക്തി വാദത്തിനും അതിനെ നിഷേധിക്കുവാൻ കഴിയുകയില്ല. ആകയാൽ ഈ സത്യത്തെ വചനത്തിൽ നിന്നു തന്നെ സ്ഥിരീകരിക്കേണ്ടതും, കർത്താവുതന്നെയാണ് ആ ദൈവം എന്ന് തെളിയിക്കേണ്ടതും ആകുന്നുവല്ലോ.

ദൈവം ഏകൻ ആകുന്നു. തുടർന്നുവരുന്ന വേദഭാഗങ്ങളിൽ നിന്ന് ഇത് സ്ഥിരീകരിക്കപ്പെടുന്നതാണ്.

അതിന്ന് യേശു:

> എല്ലാറ്റിലും മുഖ്യകല്പനയോ യിസ്രായേലേ, കേൾക്ക: നമ്മുടെ ദൈവമായ കർത്താവ്, ഏക കർത്താവ്, നിന്റെ ദൈവമായ കർത്താവിനെ നീപൂർണ്ണ ഹൃദയത്തോടും, പൂർണത്മാവോടും, പൂർണ മനസ്സോടും, പൂർണ ശക്തിയോടും കൂടെ സ്നേഹിക്കേണം.
>
> ആവ 6:4,5
>
> അനന്തരം ഒരുത്തൻ വന്ന്, അവനോട്, ഗുരേ, നിത്യജീവനെ പ്രാപിക്കാൻ ഞാൻ എന്ത് നന്മ ചെയ്യേണം? എന്ന് ചോദിച്ചതിന് അവൻ: എന്നോട് നൻമയെക്കുറിച്ച് ചോദിക്കുന്നത് എന്ത്? നല്ലവൻ ഒരുത്തനേ ഉള്ളൂ ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ, കല്പനകളെ പ്രമാണിക്ക എന്ന് അവനോട് പറഞ്ഞു. മത്തായി 19:16,17
>
> ഇപ്പോഴോ ഞങ്ങളുടെ ദൈവമായ യഹോവേ, നീ ഒരുത്തൻ മാത്രം, യഹോവ എന്ന് ഭൂമിയിലെ സകല രാജ്യങ്ങളും അറിയേണ്ടതിന് ഞങ്ങളെ അവന്റെ കൈയ്യിൽ നിന്ന് രക്ഷിക്കേണമേ. യെശ 37:20
>
> ഞാൻ യഹോവയാകുന്നു മറ്റൊരുത്തനുമില്ല, ഞാനല്ലാതെ ഒരു ദൈവവുമില്ല. നീ എന്നെ അറിയാതെയിരിക്കെ ഞാൻ നിന്റെ അരമുറുക്കിയിരിക്കുന്നു. സുര്യോദയത്തിലും അസ്തമാനത്തിങ്കലും ഉള്ളവർ ഞാനല്ലാതെ മറ്റൊരുത്തനും ഇല്ല എന്നറിയേണ്ടതിനുതന്നേ, ഞാൻ യഹോവയാകുന്നു. മറ്റൊരുത്തനുംഇല്ല. യെശ 45:5,6
>
> യിസ്രായേലിന്റെ ദൈവമായി കെരൂബുകളുടെ മീതെ അധിവസി ക്കുന്നവനായ സൈന്യങ്ങളുടെ യഹോവെ നീ ഒരുത്തൻ മാത്രം ഭൂമിയിലെ സർവ്വരാജ്യങ്ങൾക്കും ദൈവമാകുന്നു യെശ 37:16
>
> ഞാനല്ലാതെ ഒരു ദൈവം ഉണ്ടോ? ഒരു പാറയും ഇല്ല ഞാൻ ഒരുത്തനെയും അറിയുന്നില്ല യെശ 44:8
>
> യഹോവയല്ലാതെ ദൈവം ആരുള്ളൂ. നമ്മുടെ ദൈവം ഒഴികെ

പാറയാരുള്ളു. സങ്കീ 18:31

2 ആ ദൈവം കർത്താവ് ആകുന്നു. തുടർന്ന് വരുന്ന തിരുവചന ഭാഗങ്ങളിൽ നിന്ന് അത് സ്ഥിരീകരിക്കപ്പെടുന്നു.

നിന്റെ മദ്ധ്യേ മാത്രമേ ദൈവമുള്ളൂ അവനല്ലാതെ വേറൊരു ദൈവവുമില്ല എന്നിങ്ങനെ പറഞ്ഞ് നിന്നോട് യാചിക്കും. യിസ്രായേലിന്റെ ദൈവവും രക്ഷിതാവും ആയുള്ളോവേ, നീ മറഞ്ഞിരിക്കന്ന ദൈവം ആകുന്നു സത്യം. യെശ 45:14,15

യഹോവയായ ഞാൻ അല്ലയോ? ഞാൻ അല്ലാതെ വേറൊരു ദൈവം ഇല്ല ഞാൻ ഞാൻ അല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവും ഇല്ല സകല ഭൂനിവാസികളും ആയുള്ളോരെ, എങ്കലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ ഞാനല്ലാതെ വേറൊരു ദൈവവും ഇല്ലല്ലോ

യെശ 45:21,22

ഞാൻ നിങ്ങളുടെ പരിശുദ്ധനായ യഹോവയും യിസ്രായലിന്റെ സ്രഷ്ടാവും നിങ്ങളുടെ ജാജാവും ആകുന്നു. യെശ 43:11

ഞാനോ, മിസ്രായിം ദേശം മുതൽ നിന്റെ ദൈവമായ യഹോവ ആകുന്നു എന്നെയല്ലാതെ വേറൊരു ദൈവത്തെ നീ അറിയുന്നില്ല. ഞാനല്ലാതെ ഒരു രക്ഷിതാവ് ഇല്ലല്ലൊ. ഹോശേയ 13:4

യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ, ഇപ്രകാരം അരുയളി ചെയ്യുന്നു. ഞാൻ ആദ്യനും അന്ത്യനും ആകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല
യെശ 44:6

നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവ്, സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം, യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ സർവ്വ ഭൂമിയുടെയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു. യെശ 54:5

അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും

യെശ 14:9

കർത്താവ് തന്നെ ഏകരക്ഷിതാവും വീണ്ടടുപ്പുകാരനും ആയിരി ക്കയാലും, യഹോവയാണ് രക്ഷിതാവും വീണ്ടെടുപ്പുകാരനും എന്ന് പറഞ്ഞിരിക്കയാലും, അവനല്ലാതെ മറ്റാരുമില്ല എന്ന് പറഞ്ഞിരിക്കയാലും ഇപ്രകാരം സ്ഥിരീകരിക്കാവുന്നതാണ് ഏകദൈവം കർത്താവ് തന്നെ ആകുന്നു എന്ന്.

X

**കർത്താവിൽ നിന്നും പുറപ്പെടുന്ന ദിവ്യ പ്രസരണമാകുന്ന പരിശുദ്ധാത്മാവ് കർത്താവ് തന്നെ ആകുന്നു.**

**46** യേശു മത്തായിയിൽ ഇപ്രകാരം അരുളി ചെയ്തു.

യേശു അടുത്തു ചെന്നു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാ രവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ, ഞാനോ ലോകവസാന ത്തോളം എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട് എന്ന് അരുളി ചെയ്യുന്നു. മത്താ 28:18,19,20

ദൈവത്വത്തിലുള്ള പിതാവ് എന്ന ദൈവികത്വവും, പുത്രൻ എന്ന ദൈവികത്വവും കർത്താവിൽ ഒന്നുതന്നെയാകുന്നു എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടല്ലോ. ആകയാൽ ഇപ്പോൾ തെളിയിക്കപ്പെടാൻ പോകുന്നത് കർത്താവു തന്നെയാണ് പരിശുദ്ധത്മാവ് എന്ന് ആകുന്നു.

മത്തായി 28-ാം അദ്ധ്യായത്തിലെ 19-ാം വാക്യത്തിൽ കർത്താവ് അരുളി ചെയ്യുന്നത്:

സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എന്നാണ് അടുത്ത വാക്യത്തിൽ: ലോകവസനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട് എന്നാണ്

(2) കർത്താവ് തന്റെ ശിഷ്യന്മാരോട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധത്മാവിന്റേയും നാമത്തിൽ സ്നാനംകഴിപ്പിപ്പാൻ അരുളി ചെയ്തതിന്റെ കാരണമെന്തെന്നാൽ പിതാവെന്ന ദൈവത്വവും പുത്രൻ എന്ന ദൈവീക മാനുഷീകതയും ദിവ്യവ്യവഹാരമെന്നു വിളിക്കുന്ന പരിശുദ്ധാത്മാവും എന്നത് ത്രിത്വം അഥവാ ത്രയഭാവം അവനിൽ ഉണ്ടായിരുന്നതു കൊണ്ടാണു. പിതാവെന്ന ദൈവത്വവും പുത്രനെന്ന ദൈവത്വവും ഉൽഭവിപ്പിക്കുന്ന ദൈവത്വമാണു എന്നാൽ ദിവ്യവ്യവഹാരമാകുന്ന പരിശുദ്ധാത്മാവെന്ന ദൈവത്വം വ്യാപരിക്കുന്ന ദൈവത്വമാണൂ. കർത്താവിൽ നിന്നുള്ള അവന്റെ തന്നെയാകുന്ന ദൈവത്വത്തേക്കാൾ മറ്റൊരു ദിവ്യവ്യവഹാരം അവിടെയില്ല. സർവ്വശക്തിമാൻ, സർവ്വവ്യാപി, സർവ്വജ്ഞാനി എന്നുള്ളതു അപ്രകാരം ദിവ്യപരിപാലനം എന്ന എന്റെ ഹ്രസ്വ കൃതിയിൽ കാണാനാവുന്നതായിരിക്കും; ഇതിനു ആഴമേറിയ പരിഗണന ആവശ്യമായിരിക്കുന്ന ഒരു വിഷയമാണ്.

(3) ഒരു ദൂതനുമായുള്ള താരതമ്യത്താൽ കർത്താവിൽ ഒരു ത്രയഭാവം ഉണ്ടെന്നുള്ളതിനു സചിത്രപ്പെടുത്തിയേക്കാം. അവനു ഒരു ദേഹിയും ഒരു ദേഹവും കൂടാതെ വ്യവഹാര കർമ്മമണ്ഡലവും ഉണ്ടൂ. അവനിൽ നിന്നു

പുറപ്പെടുന്ന വ്യവഹാരങ്ങൾ അവനിൽ നിന്നു തന്നെയാണു പുറപ്പെടുന്നത്. അവന്റെ വ്യവഹാര കർമ്മമണ്ഡലത്തെ കുറിച്ചുള്ള അനവധി സ്ഥിതി വിശേഷങ്ങൾ അറിയുവാൻ എനിക്കു അവസരം ലഭിച്ചിട്ടുണ്ട്, എന്നാൽ അവ മുഖവുരപ്പെടുത്തുവാൻ ഇടം ഇവിടെ ഇല്ലല്ലോ.

(4) മരണാനന്തരം കർത്താവിലേക്കു നോക്കുന്ന ഏതൊരുവനും ദൂതൻമാരാൽ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവു എന്നത് കർത്താവല്ലാതെ മറ്റൊന്നുമല്ല എന്നും ദിവ്യവ്യവഹാരവും പുറപ്പെടലും എന്നതർത്ഥ മാക്കുന്നതു ഒരുവൻ കർത്താവിനെ കൈകൊള്ളുന്നതിനനു സരിച്ചുമനുഷ്യനോടൊപ്പം കർത്താവിന്റെ സാന്നിധ്യത്തിലൂടെ അവനോടുള്ള ബോധനവും ബോധദീപനമെന്നാണ്. അനന്തരം മരണാനന്തരം ഭൂരിപക്ഷം ആളുകളും അവർ ഭൂമിയിൽ ആയിരുന്നപ്പോൾ അവരിൽ രൂപപ്പെട്ടിരുന്ന പരിശുദ്ധാത്മാവിനെ കുറിച്ചുള്ള ആശയം ഉപേക്ഷിക്കയും ദൂതൻമാരിലുടേയും ആത്മാക്കളിലൂടേയും മനുഷ്യനോ ടുള്ള ബോധനവും ബോധദീപനവുമാണു പരിശുദ്ധാത്മാവ് എന്ന ആശയത്തെ കൈക്കൊള്ളുകയും ചെയ്യുന്നു.

(5) മാത്രവുമല്ല, തിരുവചനത്തിൽ പതിവായി രണ്ടു ദൈവത്വങ്ങളെയോ ചിലപ്പോൾ മൂന്ന് ദൈവത്വങ്ങളെ കുറിച്ചോ സൂചിപ്പിക്കാറുണ്ട്, പക്ഷേ അവയെല്ലാം ഒന്നു തന്നെയാണ് യഹോവയും ദൈവവും, യഹോവയും യിസ്രായേലിന്റെ പരിശുദ്ധനും, യഹോവയും യാക്കോബിന്റെ മഹത്വ വും ശക്തിയും, ദൈവവും കുഞ്ഞാടും എന്നിങ്ങനെ പറയുമ്പോഴും അതെല്ലാം ഏകകർത്താവിനെയാണ് പരാമർശിക്കപ്പെടുന്നത് ഇവയെല്ലാം ഒന്നുതന്നെ ആകയാൽ ഇതെക്കുറിച്ച് മറ്റു സന്ദർഭങ്ങളിൽ യഹോവ തന്നെ ദൈവം, യഹോവ തന്നെയാണ് ഏക പരിശുദ്ധൻ, അവൻ തന്നെയാണ് യിസ്രായേലിന്റെ പരിശുദ്ധൻ അവനോടൊപ്പം മറ്റൊരുവനുമില്ല എന്നൊക്കെയും പ്രസ്താവിക്കപെട്ടിട്ടുണ്ട്. മാത്രവുമല്ല കുഞ്ഞാട് എന്ന നാമം പലപ്പോഴും ദൈവത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നുണ്ട്. അതുപോലെ തന്നെ കുഞ്ഞാട് എന്ന നാമം പലപ്പോഴും ദൈവത്തിന് പകരമായും ഉപയോഗിച്ചിട്ടുണ്ട്.ഇതിൽ ഒന്നാമത്തേത് പ്രവാചക പുസ്തകങ്ങളിലും രണ്ടാമത്തേത് വെളിപ്പാടിലുമാണ്.

(6) മത്തായി 28:19 ൽ വ്യവഹരിക്കുന്നതും തുടരുന്നതുമായ വാക്യങ്ങളിൽ പിതാവും പുത്രനും, പരിശുദ്ധാത്മാവും എന്ന് അർത്ഥമാക്കി വിളിക്ക പ്പെട്ടിരിക്കുന്നതു കർത്താവിനെ തന്നെയാണെന്നു സ്പഷ്ടമാണു. മത്തായി 28–ാം അദ്ധ്യായത്തിലെ 19–ാം വാക്യത്തിൽ കർത്താവ് അരുളി ചെയ്യുന്നത്: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽക പ്പെട്ടിരിക്കുന്നു. എന്നാണ് അടുത്ത വാക്യത്തിൽ: ലോകവസനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട് എന്നാണ്, ഇപ്ര കാരം അവൻ സ്വയം, തന്നെക്കുറിച്ചു തന്നെയാണ് പ്രസ്താവിക്കുന്നത്; ആകയാൽ ത്രിത്വം അവനിൽ തന്നെയാണു എന്നത് ശിഷ്യൻമാർ അറിയണം എന്നതു കൊണ്ടാണു കർത്താവ് ഈ വാക്കുകൾ ഉപയോഗിച്ചത്.

7) കർത്താവു അവനിൽ നിന്നുള്ള വ്യതിരിക്തമായ മറ്റൊരു ദൈവത്വമല്ല പരിശുദ്ധാത്മാവ് എന്നു അതിനോടുള്ള ബന്ധത്തിൽ അറിയേണ്ടിയിരിക്കുന്നു, മാത്രവുമല്ല ആത്മാവെന്നതിനാൽ വചനത്തിൽ അർത്ഥമാക്കിയിരിക്കുന്നത് എന്തെന്നതു കാണിക്കുന്നതായിരിക്കും. ആത്മാവെന്നതിനാൽ അർത്ഥമാക്കിയിരിക്കുന്നതു,

1) പൊതുവായി പറഞ്ഞാൽ മനുഷ്യന്റെ ജീവൻ

(2) മനുഷ്യന്റെ ജീവൻ അവന്റെ അവസ്ഥകൾക്കുനുസരിച്ച് വിത്യാസപ്പെട്ടിരിക്കുന്നതു പോലെ, ആയതു കൊണ്ടു ആത്മാവു എന്നതിനാൽ അർത്ഥമാക്കിയിരിക്കുന്നതു മനുഷ്യനോടൊപ്പമുള്ള മമത വിത്യാസപ്പെട്ടിരിക്കുന്നു എന്നാണു.

(3) ആത്മീയ ജീവൻ എന്നു വിളിക്കുന്ന പുനർജീവൻ മനുഷ്യന്റെ ജീവൻ എന്നു കൂടി ഇതു അർത്ഥമാക്കുന്നു

(4) എന്നാൽ ആത്മാവെന്നു എന്ന് എവിടെയെല്ലാം കർത്താവിനെ സൂചിപ്പിക്കുന്നതിനായി പരാമർശിക്കുന്നുവോ അവിടെയെല്ലാം അവന്റെ ദൈവീക ജീവൻ അതിൻ ഫലമായി കർത്താവിനെ തന്നേയാണു അർത്ഥമാക്കുന്നതും.

(5) വിശേഷിച്ചു ദിവ്യ സത്യമെന്നു വിളിക്കുന്ന അവന്റെ ജ്ഞാനജീവൻ എന്നു ഇതു അർത്ഥമാക്കുന്നു.

(6) കർത്താവായിരിക്കുന്ന യഹോവ തന്നെയാണ് പ്രവാചകൻമാരിലൂടെ വചനം അരുളിച്ചെയ്തത്.

**47** 1 ആത്മാവ് എന്നാൽ മനുഷ്യന്റെ ജീവൻ എന്നാണ് അർഥം. ഒരു മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ആത്മാവിനെ സമർപ്പിക്കുന്നു എന്ന് പറയുന്നതിൽ നിന്ന് ഇത് വ്യക്തമാണല്ലോ അങ്ങനെ ആത്മാവ് എന്ന വാക്ക് ശ്വാസഛ്വാസം എന്നതിൽ നിന്നാണു ഉടലെടുത്തുട്ടുള്ളതു, ആത്മാവിനും കാറ്റിനും ഹെബ്രായഭാഷയിൽ ഒരു വാക്കേ ഉള്ളു. മനുഷ്യനിൽ ജീവന്റെ രണ്ടുതരം ജീവധാരകൾ ഉണ്ട്. ഒന്ന് ഹൃദയത്തിന്റെ ചലനം രണ്ടാമത്തേത് ശ്വാസകോശങ്ങളുടെ ശ്വാസോച്ഛ്വാസം. ആത്മാവെന്നും പ്രാണാത്മാവെന്നതും ശരിയായി അർത്ഥമാക്കുന്നതു ശ്വാസകോശങ്ങളുടെ ശ്വസന പ്രക്രിയയിൽ നിന്നുള്ള ജീവൻ എന്നാണു. മനുഷ്യന്റെ ഇച്ഛാസ്നേഹത്തോടു ഐക്യപ്പെട്ടു ഹൃദയത്തിന്റെ സ്പന്ദനത്തിൽ നിന്നു ജീവൻ പ്രവർത്തിക്കുമ്പോൾ മനുഷ്യന്റെ ശ്വസനം വിവേകത്തിൽ നിന്നുള്ള ചിന്തയുടെ ഐക്യത്തിൽപ്രവർത്തിക്കുന്നു, ഇവ യഥോചിതം അതിന്റെ സ്ഥാനത്തു പ്രവർത്തിക്കുന്നതു പോലെ കാണുന്നതായിരിക്കും. മനുഷ്യന്റെ ആ ജീവനാണു വചനത്തിൽ ആത്മാവെന്നും അല്ലെങ്കിൽ ശ്വാസം എന്നതു കൊണ്ടു അർത്ഥമാക്കുന്നതു തുടർന്നു വരുന്ന വേദഭാഗങ്ങളിൽ സ്പഷ്ടമാകുന്നു:

നീ അവയുടെ ശ്വാസം എടുക്കുമ്പോൾ അവ ചത്ത് പൊടിയിലേക്ക് തിരികെ ചേരുന്നു. (സങ്കീ 104:29) അവർ ജഡമത്രേ എന്നും, മടങ്ങി വരാതെ കടന്നു പോകുന്ന കാറ്റ് എന്നും അവൻ ഓർത്തു.

സങ്കീ 78:39

അവന്റെ ശ്വാസം പോകുന്നു. അവൻ മണ്ണിലേക്ക് തിരിയുന്നു.

സങ്കീ 146 :4

ഹിസ്ക്കിയാവ് പരിതപിച്ചു കർത്താവേ അതിനാൽ മനുഷ്യർ ജീവിക്കുന്നു എന്റെ ജീവനും കേവലം അതിൽ അത്രേ. യെശ 38:16

യാക്കോബിന്ന് ആ ചൈതന്യം വന്നു. ഉല്പത്തി 45:27

അവർ വാർത്തുണ്ടാക്കിയ ബിംബം വ്യാജമത്രേ അവയിൽ ശ്വാസവും ഇല്ല. യിരെ 51:17

നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും .........

നിങ്ങൾ ജീവിക്കേണ്ടതിന് നിങ്ങളിൽ ശ്വാസം വരുത്തും ......

ശ്വാസമേ, നീ നാലു കാലുകളിൽ നിന്ന് വന്ന് ഈ നിഹതൻമാർ ജീവിക്കേണ്ടതിന് നിങ്ങളിൽ ശ്വാസം വരുത്തും .......ശ്വാസമേ, നീ നാലു കാറ്റുകളിൽ നിന്നും വന്ന് ഈ നിഹിതൻമാർ ജീവിക്കേണ്ടതിന്

അവരുടെ മേൽ ഊതുക. അവൻ എന്നോട് കല്പ്പിച്ചതു പോലെ പ്രവർത്തിച്ചപ്പോൾ ശ്വാസം അവരിൽ വന്നു അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവർന്നു നിന്നു യെഹെ 37:5,69,10

യേശു ബാലയുടെ കൈക്ക് പിടിച്ചു ബാലേ എഴുന്നേല്ക്ക എന്ന് അവളോട് ഉറക്കെ പറഞ്ഞു .അവളുടെ ആത്മാവ് മടങ്ങി വന്നു.അവൾ ഉടനേ എഴുന്നേറ്റു ലൂക്കോസ് 8:54,55

**48** 2 മനുഷ്യന്റെ അവസ്ഥകൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് മനുഷ്യ ജീവിതം വ്യതിരിക്തമായിരിക്കുന്നതു പോലെ ആത്മാവ് എന്നതിനെ മനുഷ്യ ജീവിന്റെ മമത എന്നർത്ഥമാക്കിരിക്കുന്നു.

1) ജ്ഞാനത്തിന്റെ ജീവിതം.

ഞാൻ അവനെ (ബെസലെലിനെ) ദിവ്യത്മാവിനാൽ ജ്ഞാനവും, ബുദ്ധിയും, അറിവും, സകലവിധ സാമർത്ഥ്യവും കൊണ്ട് നിറച്ചിരിക്കുന്നു. പുറപ്പാട് 31:3

ഞാൻ ജ്ഞാനാത്മാവു കൊണ്ട് നിറച്ചിരിക്കുന്ന സകല ജ്ഞാനികളോടും നീ പറയെണം പുറപ്പാട് 28:3

യോശുവയെ മോശെ കൈവെച്ചനുഗ്രഹിക്കന്നതുകൊണ്ട് അവൻ ജ്ഞാനത്മപൂർണ്ണനായിത്തീർന്നു. ആവർത്ത 34:9

നെബൂഖദ്നേസർ, ദാനിയേലിനെക്കുറിച്ച് പറഞ്ഞത് വിശുദ്ധദേവൻ മാരുടെ ആത്മാവ് നിന്നിൽ ഉണ്ടെന്നും, ഒരു രഹസ്യവും നിനക്ക് വിഷമമല്ലെന്നും ഞാൻ അറിയുന്നു. ദാനി 4:8; ,9; 5:11,12,14

മനോ വിഭ്രമമുള്ളവർ ജ്ഞാനം ഗ്രഹിക്കുകയും, പിറു പിറുക്കുന്നവർ ഉപദേശം പഠിക്കുകയും ചെയ്യും യെശ 29:24

2) ജീവിതത്തിന്റെ പ്രചോദനം (പ്രേരണ)

യഹോവ മേദ്യരാജാക്കൻമാരുടെ മനസ്സ് ഉണർത്തിയിരിക്കുന്നു. യിരെ 51:11

യഹോവ.... സെരുബ്ബാബേലിന്റെ മനസ്സും ജനത്തിൽ ശേഷിപ്പുള്ള ഏവരുടെയും മനസ്സു ഉണർത്തി. ഹഗ്ഗായി 1: 14

ഞാൻ അവന്ന് ഒരു മനോവിഭ്രമം വരുത്തും അവൻ ഒരുശ്രുതി കേട്ടിട്ട് സ്വദേശത്തേക്ക് മടങ്ങി പോകും ഞാൻ അവന്റെ സ്വന്തദേശത്തു വെച്ച് വാൾകൊണ്ട് വീഴുമാറാക്കും. യെശ 37:7

നിങ്ങൾ പറയുന്നതായി നിങ്ങളുടെ മനസ്സിലെ വിചാരം ഒരിക്കലും നടക്കുകയില്ല യെഹ 20:32

3) ജീവിതത്തിന്റെ സാതന്ത്ര്യം

പ്രവാചക ദർശിച്ചനാല് ജീവികൾ കെരൂബുകൾ ആയിരുന്നു അവ ഓരോന്നും നേരേ മുന്നോട്ട് പോകും. പോകുമ്പോൾ അവ തിരിയാതെ ആത്മാവിന് പോകേണ്ടിയ ഇടത്തേക്കുതന്നെ പോകും. യെഹ 1:12,20

4) ജീവിതം ഭീതിയിലും ദു:ഖത്തിലും, കോപത്തിലും

എന്തിന്ന് നെടുവീർപ്പിടുന്ന എന്ന് അവർ നിന്നോട് ചോദിച്ചാൽ നീ ഉത്തരം പറയേണ്ടത് ഒരു വർത്തമാനം നിമിത്തം തന്നേ അതു സംഭവിക്കുമ്പോൾ സകല ഹൃദയവും ഉരുകിപ്പോകും എല്ലാ കൈകളും കുഴഞ്ഞുപോകും ഏതു മനസ്സും കനങ്ങി പോകും എല്ലാ മുഴങ്കാലും വെള്ളം പോലെ ഒഴുകി പോകും. യെഹ 21:7

എന്റെ ആത്മാവ് എന്റെ ഉള്ളിൽ വിഷാദിച്ചിരിക്കുമ്പോൾ നീ എന്റെ പാതയെ അറിയുന്നു. ഞാൻ നടക്കുന്ന വഴിയിൽ അവർ എനിക്ക് ഒരു കണി ഒളിച്ചു വച്ചിരിക്കുന്നു. സങ്കീ 142:3, 143:4

എന്റെ ആത്മാവ് കാംക്ഷിക്കുന്നു. സങ്കീ 143:7

ദാനിയേൽ എന്ന ഞാനോ എന്റെ ഉള്ളിൽ എന്റെ മനസ്സ് വ്യസനിച്ചു എനിക്കുണ്ടായ ദർശനങ്ങളിൽ ഞാൻ പരവശനായി. ദാനി 7:15

പ്രഭാതക്കാലത്ത് അവൻ (ഫറവോൻ വ്യാകുലപ്പെട്ടു ഉല്പത്തി 41:8

നെബൂഖത് നേസർ ഒരു സ്വപ്നം കണ്ടു സ്വപ്നം ഓർക്കാഞ്ഞിട്ട് എന്റെ മനസ്സ് വ്യസനത്തോടും മനസ്സിന്റെ ഉഷ്ണത്തോടും കൂടെ പോയി... യെഹ 3:14

5) നാനാവിധ തിന്മകളുടെ മമതയിലുള്ള ജീവിതം

ആത്മാവിൽ കപടം ഇല്ലാതിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

സങ്കീ 32:2

യഹോവ അതിന്റെ നടുവിൽ മനോവിഭ്രമം പകർന്നു യെശ 19:14

യഹോവയായ കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു. സ്വന്തമനസ്സിനെയും കണ്ടില്ലാത്ത കാര്യങ്ങളെയും പിന്തുടരുന്ന ബുദ്ധികെട്ട പ്രവാചകന്മാർക്ക് അയ്യോ കഷ്ടം . യെഹ 13:3

പ്രവാചകൻ ഭോഷനും ആത്മപൂർണ്ണൻ ഭ്രാന്തനും എന്ന് യിസ്രായേൽ ആകയാൽ നിങ്ങൾ അവിശ്വസ്ത കാണിക്കാതിരിക്കേണ്ടതിന് നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചു കൊൾവിൻ മലാഖി 2:16

പരസംഗ മോഹം അവരെ ഭ്രമിപ്പിക്കുന്നു; അവർ തങ്ങളുടെ ദൈവത്തെ വിട്ട് പരസംഗം ചെയ്യുന്നു. ഹോശെ 4:12

പരസംഗ മോഹം അവരെ ഭ്രമിപ്പിക്കുന്നു. അവർ യഹോവയെ അറിയുന്നതുമില്ല. ഹോശെ 5:4

ശങ്കാവിഷം അവനെ ബാധിച്ച് അവൻ ഭാര്യയെ സംശയിക്കയും. സംഖ്യാ 5:14

ഒരുത്തൻ കാറ്റിനെയും വ്യാജത്തെയും പിൻചെന്ന് ഞാൻ വീഞ്ഞിനെക്കുറിച്ചും നിന്നോട് പ്രസംഗിക്കും എന്നിങ്ങനെയുള്ള വ്യാജം പറഞ്ഞാൽ അവൻ ഈ ജനത്തിന് ഒരു പ്രസംഗിയായിരിക്കും. മീഖാ 2 :11

ഹൃദയത്തെ സ്ഥിരമാക്കാതെ അവിശ്സ്ത മനസ്സുള്ളോരു തലമുറയായിത്തീരാതിരിക്കയും ചെയ്യേണ്ടതിന്നുതന്നേ സങ്കീ 78:8

യഹോവ ഗാഢ നിദ്രനിങ്ങളുടെ മേൽ പകർന്നു നിങ്ങളുടെ കണ്ണുകളെ അടെച്ചിരിക്കുന്നു. യെശെ 29: 10

നിങ്ങൾ വൈക്കോലിനെ ഗർഭം ധരിച്ച് താളടിയെ പ്രസവിക്കും. നിങ്ങളെ ശ്വാസം തീയായി നിങ്ങളെ ദഹിപ്പിച്ചുകളയും...

യെശെ 33:11

6) നരകീയ ജീവിതം.

ഞാൻ പ്രവാചകൻമാരെയും, മലിനാത്മാവിനെയും, ദേശത്തുനിന്ന് നീക്കിക്കളയും... സെഖ 13: 2

അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ട് പുറപ്പെട്ട് തന്നിലും ദുഷ്ടത യേറിയ വേറെ ഏഴ് ആത്മക്കളെ കൂട്ടിക്കൊണ്ടു വരുന്നു.അവരും അവിടെ കയറി പാർക്കുന്നു. മത്താ 12:43,45

മഹതിയാം ബാബിലോൻ വീണുപോയി,ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധിയും അറെപ്പുമുള്ള സകല പക്ഷികളുടെയും 7) ആത്മാവ് നരകീയ ആത്മാക്കൾ എന്ന പദത്തിന് മനുഷ്യരെ ഉപദ്രവിക്കുന്ന അശുദ്ധാത്മാക്കൾ എന്ന് സാരം ചുവടെ വേദഭാഗങ്ങളിൽ അത് ദൃശ്യമാകുന്നു. അപ്രകാരം മത്തയി 8.16.,10:1.,12:43,45, മക്കോസ്1:23-27., 9:17-2., ലൂക്കോ4:33,36:,6:17,18.,7:21.,8:2,29,9:39,42,55, 11:24-26,13:11, വെളി 13:15., 16:13,14

**49** 3. ആത്മീയ ജീവനെന്നു വിളിക്കപ്പെടുന്ന വീണ്ടും ജനനത്തിന്റെ ജീവിതത്തെയാണ് ആത്മാവെന്നതിനാൽ അർത്ഥമാക്കുന്നത്

ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല യോഹ 3:5

ഞാൻ നിങ്ങൽക്കും പുതിയൊരു ഹൃദയും തരും ,പുതിയൊരു ഹൃദയും തരും,പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും യാഹോ 36:26

ഞാൻ അവർക്കു വേറൊരു ഹൃദയത്തെ നൽകുകയും പുതിയൊരു ആത്മാവിനെ ഉള്ളിൽ ആക്കുകയും ചെയ്യും യഹോ 11:19

ദൈവമേ നിർമ്മലമായൊരു ഹൃദയും എന്നിൽ സ്രഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ. നിന്റെ സന്നിധിയിൽ എന്നെ തള്ളികളയരുതെ. നിന്റെ പരിശുദ്ധത്മാവിനെ എന്നിൽ നിന്നും എടുക്കയുമരുതെ. നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമേ. മനസ്സൊരുക്കമുള്ള അത്മാവിനാൽ എന്നെ താങ്ങേണമേ സങ്കീ 51:10-12

നിങ്ങൾക്ക് പുതിയൊരു ഹൃദയത്തെയും, പുതിയൊരു ആത്മാവി നെയും സമ്പാദിച്ചു കൊൾവിൻ; യിശ്രായേൽ ഗൃഹമേ നിങ്ങൾ എന്തിന് മരിക്കുന്നു? യെഹെ 18:31

നീ നിന്റെ ശ്വാസം അയക്കമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു
സങ്കീ104:30

സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നിരിക്കുന്നു.

യോഹ 4:23

അതിലെ ജനത്തിന് ശ്വാസത്തെയും ആരാൽ നടക്കുന്നവർക്ക് പ്രാണനെയും കൊടുക്കയും ചെയ്ത യഹോവയായ ദൈവം ഇപ്രകാരം അരുളി ചെയ്യുന്നു യെശ 42:5

മനുഷ്യന്റെ ആത്മവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവ. സെഖ 12:1

എന്റെ ഉള്ളം കൊണ്ട് ഞാൻ രാത്രിയിൽ നിന്നെ ആഗ്രഹിച്ചു, എന്റെ ഉള്ളിൽ എന്റെ ആത്മാവുകൊണ്ട് നിന്നേ ഞാൻ ജാഗ്രത യോടെ നിന്നെ അന്വേഷിക്കും.നിന്റെ ന്യയവിധികൾ ഭൂമിയിൽ നടക്കുമ്പോൾ ഭൂവാസികൾ യെശ 26:9

അന്നാളിൽ സൈന്യങ്ങളുടെ യഹോവ ന്യായവിസ്താരം കഴിപ്പാൻ ഇരിക്കുന്നവന് ന്യായത്തിന്റെ ആത്മാവും..... വീര്യബലവും ആയിരിക്കും യെശ 28:5,6

എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൻ ഉല്ലസിക്കുന്നു.

സങ്കീ 31:5

ലേശം പോലും സുബോധം ശേഷിച്ചിരിക്കുന്ന ഒരുത്തൻ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. മലാഖി 2:15

മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽ നിന്ന് ജീവശ്വാസം അവരിൽ വന്നു അവർ കാലൂന്നി നിന്നു. വെളി 11:11
പർവ്വതങ്ങളെ നിർമ്മിക്കയും, കാറ്റിനെ സൃഷ്ടിക്കയും മനുഷ്യനോട് അവന്റെ നിരൂപണം ഇന്നതെന്ന് അറിയിക്കയും...... ചെയ്യുന്ന സൈന്യ ങ്ങളുടെ ദൈവമായ യഹോവ ആമോ 4:13

സകല ജനത്തിന്റെയും ആത്മാക്കൾക്ക് ഉടയവനാകുന്ന ദൈവമേ....
സംഖ്യ 16:22,27:18

ഞാൻ ദാവീദ് ഇഹത്തിൻമേലും, യെരൂശലേം നിവാസികളുടെ മേലും, കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും. സെഖ 12:10

ഉയരത്തിൽ നിന്ന് ആത്മാവിനെ നമ്മുടെ മേൽ പകരുവോളം തന്നേ.

യെശ 32:15

ദാഹിച്ചിരുന്നേടത്ത് ഞാൻ വെള്ളവും വരണ്ട നിലത്ത് നീരൊഴു ക്കുകളും പകരും, നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും നിന്റെ സന്താനത്തിൻ മേൽ എന്റെ അനുഗ്രഹത്തെയും പകരും.
യോവേൽ2:28:29

അതിന്റെ ശേഷമോ ഞാൻ സകല ജഡത്തിൻമാലും എന്റെ ആത്മാവിനെ പകരും, ദാസൻമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. യോവേൽ 2:28,29

ആത്മാവിനെ പകരും എന്ന് പറഞ്ഞിക്കുന്നതിന്റെ സാരം ജീവനെ നവീകരിക്കും എന്നാണ്, വീണ്ടും ജനനമുണ്ടാക്കും എന്ന് സാരം. നവീനമായ ഹൃദയത്തെയും നൂതനമായ ആത്മാവിനെയും കർത്താവ് നൽകും.

2) ഗർവ്വഭംഗത്തിൽ ആയിരിക്കുന്നവരിലെ ആത്മീയജീവിതത്തെയാണ് ആത്മാവെന്നതിനാൽ അർത്ഥമാക്കുന്നത്

താഴ്മയുള്ളവരുടെ മനസ്സിനും, മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനാവിനയമുള്ളവരോട് കൂടെയും വസിക്കും. യെശ 47:15

ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ് തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല
സങ്കീ 51:17

ദു:ഖത്തിനും പകരം ആനന്ദതൈലവും, വിഷണം മനസ്സിനുപകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു യെശ 61:3

ഉപേക്ഷിക്കപ്പെട്ട് മനോവ്യസനത്തിൽ ഇരിക്കുന്ന സ്ത്രീയെ എന്ന പോലെ, യഹോവ നിന്നെ വിളിച്ചിരിക്കുന്നു. യെശ 54:6

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവൻമാർ, സ്വർക്ഷരാജ്യം അവർക്കുള്ളത് മത്തായി 5:3

**50** 4 കർത്താവുമായുള്ള സംബന്ധത്തിൽ ആത്മാവിനെ കുറിച്ച് പ്രസ്താവിക്കുന്നിടത്തെല്ലാം അതിന്റെ അർത്ഥം അവന്റെ ദിവ്യജീവൻ എന്നാകുന്നു, തത്ഫലമായി അത് കർത്താവ് തന്നെ എന്ന് സ്പഷ്ടമാകുന്നു. ഇത് തുടർന്ന് വരുന്ന വേദഭാഗങ്ങളിൽ വെളിപ്പെടുന്നു.

ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു അവൻ ആത്മാവിനെ അളവുകൂടാതെ യല്ലോ കൊടുക്കന്നത്. പിതാവ് പുത്രനെ സ്നേഹിക്കന്നു. സകലവും അവന്റെ കൈയ്യിൽ കൊടുത്തിരിക്കുന്നു. യോഹ 3:34,35

എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള പൊട്ടി പുറപ്പെടും അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പ് ഫലം കായ്ക്കും. അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ് ആലോചനയുടെയും, ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവ് തന്നേ. യെശ 42:1

കെട്ടിനിന്നതും യഹോവയുടെ ശ്വാസം തള്ളിപ്പായിക്കന്നതുമായ ഒരു നദിപോലെ അവൻ വരും യെശ 59:19,20

എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു. യെശ 61:1, ലൂക്കോ 4:18

ഇങ്ങനെ അവർ ഉള്ളിൽ ചിന്തിക്കുന്നത് യേശുവിനെ മനസ്സിൽ ഗ്രഹിച്ചു അവരോട്, നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നതെന്ത്? മർക്കോ 2:8

ആ നാഴികയിൽ അവൻ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് പറഞ്ഞത്. ലൂക്കോ 10 :21

അവൻ (യേശു) ആത്മാവിൽ ഞരങ്ങി മാർക്കോസ് 8:12

യഹോവയ്ക്കു വേണ്ടി തന്നെ നിൽക്കുന്ന ആത്മാവ് കർത്താവ് തന്നെയാകുന്നു.

ദൈവം ഒരാത്മാവാകുന്നു. യോഹ 4:24

യഹോവയുടെ മനസ്സ് ആരാഞ്ഞറിയുകയോ അവന് മന്ത്രിയായി അവനെ ഗ്രഹിപ്പിക്കുകയോ ചെയ്തവനാർ അവനെ പരിജ്ഞാനം പഠിപ്പിച്ച് വിവേകത്തിന്റെ മാർഗ്ഗം യെശ 63:12,14

നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടേക്ക് പോകും? സങ്കീ 139:7

സൈന്യത്താലുമല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു. എന്നാൽ അവർ മത്സരിച്ചു സെഖ 4:6

അവന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചു, അതുകൊണ്ട് അവൻ അവർക്ക് ശത്രുവായിത്തീർന്നു. താൻ തന്നേ അവരോട് യുദ്ധം ചെയ്തു യെശ 63:10 സങ്കീ 106:33

യഹോവ, മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചു കൊണ്ടിരിക്കയല്ല അവൻ ജഡം തന്നെയല്ലോ? ഉല്പത്ത് 6:3

ഞാൻ എന്നേക്കും വാദിക്കയില്ല. എല്ലാപ്പോഴും കോപിക്കയുമില്ല അല്ലെങ്കിൽ അവരുടെ ആത്മാവും ഞാൻ സൃഷ്ടിച്ചുള്ള ദേഹികളും എന്റെ മുമ്പിൽ ക്ഷയിച്ചു പോകുമല്ലോ. യെശ 57:16

സകല പാപവും, ദൂഷണവും മനുഷ്യരോട് ക്ഷമിക്കും ആത്മാവിന് നേരെയുള്ള ഭൂഷണമോ ക്ഷമിക്കയില്ല ആരെങ്കിലും മനുഷ്യ പുത്രന്ന് നേരെ ഒരു വാക്കു പറഞ്ഞാൽ അത് അവനോട് ക്ഷമിക്കും. പരിശുദ്ധാത്മാവിന്ന് നേരെ വാക്കു പറഞ്ഞാൽ അത് അവനോട് ക്ഷമിക്കില്ല. പരിശുദ്ധാത്മാവിന്ന് നേരെ പറഞ്ഞാലോ ഈ

ലോകത്തിലും വരുവാനുള്ളതിലും പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവൻ ക്ഷമിക്കയില്ല.

മത്തായി 12:31:,32 ; മാർ 3:28 , 30 ലൂക്കോ 12 10.

പരിശുദ്ധാത്മാവിന് എതിരെയുള്ള ദൂഷണം കർത്താവിന്റെ ദൈവത്വ ത്തിന് എതിരെയുള്ള ദൂഷണമാണ്.എന്നാൽ വചനം തെറ്റായി വ്യാഖ്യാ നിക്കുന്നതിനാൽ വചനത്തിനെതിരായുള്ള ഒന്നാണു മനുഷ്യപുത്രന് എ തിരെയുള്ള ദൂഷണം. മുകളിൽ കാണിച്ചിരിക്കുന്നതു പോലെ മനുഷ്യ പുത്രൻ വചനം ആയിരിക്കുന്ന കർത്താവാണു.

**51.5** കർത്താവു എവിടെയെല്ലാം ആത്മാവു എന്നതിനാൽ അരുളപ്പെട്ടി രിക്കുന്നുവോ അതു ദിവ്യസത്യമാകുന്ന അവന്റെ ജ്ഞാനത്തിന്റെ ജീവനെ പ്രത്യേകമായി അർത്ഥമാക്കുന്നു.

എന്നാൽ നിങ്ങളോട് സത്യം പറയുന്നു.ഞാൻ പോകുന്നത് നിങ്ങൾ ക്ക് പ്രയോജനം, ഞാൻ പോകാഞ്ഞാൽ ഞാൻ പോകാഞ്ഞാൽ കാര്യ സ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല.ഞാൻ പോയാൽ അവനെ നി ങ്ങളുടെ അടുക്കൽ അയക്കും. യോഹ 16:7

സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ സ്വന്തമായി സംസാരിക്കാതെ,താൻ കേൾക്കുന്നതും സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ച് തരുകയും ചെയ്യും . യോഹ16:1

അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ച് തരുന്നതു കൊണ്ട് എന്നെ മഹത്വപ്പെടുത്തും പിതാവിന്നുള്ളത് ഒക്കെയും എനിക്കള്ളത് അതുകൊണ്ടത്രേ അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് അറിയിച്ചുതരും എന്നുഞാൻ പറഞ്ഞത് യോഹ 1614,15

എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും.

ഞാൻ നിങ്ങളുടെ അടുക്കൽ വരും കുറഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല, നിങ്ങളോ എന്നേകാണും ഞാൻ ജീവിക്കുന്നതു കൊണ്ട് നിങ്ങളും ജീവിക്കും യോഹ 14:16,19

ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും. യോഹ 15:26

ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ, യേശു നിന്നു കൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽവന്ന് കുടിക്കട്ടെ എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്ന പോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ച് പറഞ്ഞു അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെ

ക്കുറിച്ച് ആകുന്നു പറഞ്ഞത്. യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു. യോഹ 7:37–39

ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈകൊൾവിൻ. യോഹ 20:22

കർത്താവ് തന്നെക്കുറിച്ച് തന്നെആശ്വാസദായകൻ,സത്യത്തിന്റെ ആത്മാവ്, പര്ശുദ്ധത്മാവ് എന്നിങ്ങനെ പ്രസ്താവിച്ചത് തന്റെ സ്വന്ത വാക്കുകളിൽ നിന്നു തന്നെ സുവിദിതമാകുന്നു. ലോകമോ അതു വരെയും അവനെ അറിഞ്ഞിരുന്നില്ല എന്ന് കർത്താവ് അരുളി ചെയ്തിരുന്നുവല്ലൊ. കാരണമെന്തെന്നാൽ ലോകം അവനെ അതു വരെയും അറിഞ്ഞേയില്ലല്ലോ മാത്രവുമല്ല അവൻ പരിശുദ്ധാത്മാവിനെ അയക്കുന്നതാണെന്നും അരുളി ചെയ്യുകയും ചെയ്തു. എങ്ങനെ യെന്നാൽ:

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല ഞാൻ നിങ്ങളുടെ അടുക്കൽ വരും കുറഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല നിങ്ങളോ എന്നെ കാണും ഞാൻ ജീവിക്കുന്നതു കൊണ്ട് നിങ്ങളും ജീവിക്കും. യോഹ 14:18,16,19,26,28

വീണ്ടും ഞാനോ ലോകവസാനത്തോളം, എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് എന്ന് അരുളി ചെയ്തു. മത്താ 28:20

തോമാസ് അവനോട് കർത്താവെ നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല പിന്നെ വഴി എങ്ങനെ അറിയും എന്നുപറഞ്ഞു. യേശു അവനോട് ഞാൻ തന്നേ, വഴിയും സത്യവും ജീവനും ആകുന്നു യോഹ 145,6

സത്യത്തിന്റെ ആത്മാവും പരിശുദ്ധത്മാവും സത്യം ആയ കർത്താവ് തന്നെ ആകയാൽ ഇപ്രകാരം വീണ്ടും പ്രസ്താവിക്ക പ്പെട്ടിരിക്കുന്നു. യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു. യോഹ 7:39

ക്രൂശിലെ കഷ്ടാനുഭവത്താൽ പ്രഭാവപ്പെട്ട അവന്റെ മഹത്വീകരണവും പിതാവുമായുള്ള സംയോഗത്തിനു ശേഷം അപ്പോൾ കർത്താവു ദിവ്യ ജ്ഞാനവും ദിവ്യസത്യവും അനന്തരം അവൻ പരിശുദ്ധത്മാവും ആയിരിന്നു.

കർത്താവ് തന്റെ ശിഷ്യൻമാരിൽ ഊതുകയും പിന്നെ അവരോടു നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിപ്പിൻ എന്നു പറയുകയും ചെയ്തതിനുള്ള കാരണം സ്വർഗ്ഗത്തിൽ എല്ലാ ശ്വസനവും കർത്താവിങ്കൽ നിന്നായിരുന്ന തിനാലാണ്. കാരണം മനുഷ്യർക്കുള്ളതു പോലെ അവിടെ ദൂതൻമാർ ക്കും ശ്വസനത്തിന്റേയും ഹൃദയമിടിപ്പിന്റേയും പ്രവൃത്തനങ്ങൾ ഉണ്ടു, കർ ത്താവിങ്കൽ നിന്നുള്ള ദിവ്യജ്ഞാനവും ദിവ്യസ്നേഹവും സ്വീകരി ക്കു ന്നതിനനുസരിച്ചാണു അവരുടെ ശ്വസനവും, ഹൃദയ സ്പന്ദനവും. അ

തു അങ്ങനെ ആയിരിക്കുന്നതു കൊണ്ടു ഇവ യഥോചിതമായ ഇടങ്ങളിൽ ദർശിക്കുന്നതായിരിക്കും.

തുടർന്നു വരുന്നതായ വേദഭാഗങ്ങളിൽ നിന്നു കർത്താവിങ്കൽ നിന്നു വരുന്നതായ ദിവ്യസത്യമാണു പരിശുദ്ധാത്മാവെന്നത് കൂടുതൽ സ്പഷ്ടമാകുന്നു.

എന്നാൽ നിങ്ങളെ പള്ളികൾക്കും കോയ്മകൾക്കും, അധികാരങ്ങൾക്കും മുമ്പിൽ കൊണ്ടു പോകുമ്പോൾ എങ്ങനെയോ, എന്തോ പ്രതിവാദിക്കേണ്ടൂ? എന്തു പറയേണ്ടു എന്ന് വിചാരപ്പെടേണ്ട, പറയേണ്ടത് ആനാഴികയിൽ നിങ്ങളെ പഠിപ്പിക്കും

ലൂക്കോ 12:11,12 ലൂക്കോ 21:14; മാർക്കോ 13:11

നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായയിൽ നിന്നും, നിന്റെ സന്തതിയുടെ വായിൽ നിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്ന് മുതൽ ഒരുനാളും വിട്ടുപോകുകയില്ല നിന്റെ യവോവ അരുളി ചെയ്യുന്നു. യെശ 59:21

എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള പൊട്ടി പുറപ്പെടും അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പ് ഫലം കായിക്കും ........ അവൻ ദരിദ്രന്മാർക്ക് നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും ദേശത്തിലെ സാധുക്കൾക്ക് നേരോടെ വിധി കല്പ്പിക്കയും ചെയ്യും തന്റെ അധരങ്ങളുടെ ശ്വാസം കൊണ്ട് ദുഷ്ടനെ കൊല്ലും നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും യെശ 11:1,4,5

യഹോവയുടെ പുസ്തകത്തിൽ, അന്വേഷിച്ചു വായിച്ചു നോക്കുവിൻ അവന്റെ വായല്ലോ കല്പിച്ചത് അവന്റെ ആത്മാവത്രേ. അവയെ കൂട്ടി വരുത്തിയത്. യെശ 34:16

ദൈവം ആത്മാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം യോഹ 4:24

ജീവിപ്പിക്കന്നത് ആത്മാവാകുന്നു, മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. യോഹ 6:63

ഞാൻ നിങ്ങളെ മാനസന്തരത്തിനായി വെള്ളത്താൽ സ്നാനം ഏല്പ്പിക്കുന്നതേയുള്ളൂ എന്റെ പിന്നാലെ വരുന്നവനോ, എന്നെക്കാൾ ബലവാൻ ആകുന്നു അവന്റെ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല അവർ പരിശുദ്ധാത്മവിലും, തീയിലും സ്നാനം ഏല്പ്പിക്കും.

മത്താ 3:11 മാർക്കോ 1:8, ലൂക്കോ 3:16

പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം കഴിപ്പിക്കുക എന്നാൽ സ്നേഹത്തോടു ബന്ധമുള്ള ദിവ്യനന്മയാലും വിശ്വാസത്തോടു

ബന്ധമുള്ളതായ ദൈവീക സത്യത്താലും വീണ്ടും ജനിക്കുക എന്നാകുന്നു.

യേശു സ്നാനം ഏറ്റ ഉടനെ, വെള്ളത്തിൽ നിന്ന് കയറി. അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്ന പോലെ, ഇറങ്ങി തന്റെമേൽ വരുന്നത് അവർ കണ്ടു. മത്താ 3:16; മാർക്കോ 1:10;

ലൂക്കോ21, 22, യോഹ 1:32,33

പ്രാവ് ശുദ്ധീകരണത്തിന്റേയും ദൈവീക സത്യത്താൽ ഉള്ള വീണ്ടും ജനനത്തിന്റെയും പ്രതീകമാകുന്നു.

കർത്താവിനെ കുറിച്ചു സൂചിപ്പിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്നതിനാൽ അർത്ഥമാക്കുന്നതു അവന്റെ ദൈവീക ജീവൻ എന്നാണ്, തത്ഫലമായി അത് അവൻ തന്നെയും മാത്രവുമല്ല ദിവ്യസത്യം എന്നു വിളിക്കുന്ന അവന്റെ ജ്ഞാനത്തിന്റെ ജീവനെന്നുമാണു, ആയതുകൊണ്ടു പരിശുദ്ധാത്മാവെന്നു വിളിക്കുന്ന പ്രവാചകൻമാരുടെ ആത്മാവെന്നതിനാൽ അർത്ഥമാക്കുന്നതു കർത്താവിങ്കൽ നിന്നുള്ളതായ ദിവ്യസത്യത്തെയാണൂ. അപ്രകാരം തുടർന്നു വരുന്നതായ വേദഭാഗങ്ങളിൽ:

ആത്മാവ് സഭകളോട് പറയുന്നത്. വെളി 2:7;11,29; വെളി 3:1,6,13,22
ദൈവത്തിന്റ ഏഴ് ആത്മാക്കളായ ഏഴ് ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു. വെളി 4:5

ഞാൻ സിംഹാസനത്തിന്റെയും നാലുജീവികളുടെയും നടുവിലും മൂപ്പൻമാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നത് കണ്ടു.അതിന്ന് ഏഴ് കൊമ്പും സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴ് കൊമ്പും സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴ് ദൈവാത്മക്കൾ ആയ ഏഴ് കണ്ണും ഉണ്ട്.

വെളി 5:6

ജ്വലിച്ചു കൊണ്ടിരിക്കുന്ന ദീപങ്ങളും, കർത്താവിന്റെ കണ്ണുകളും ദ്യോതിപ്പിക്കുന്നത് ദൈവീക സത്യങ്ങളെയാണ്. ഏഴ് എന്ന സംഖ്യ അഭിവ്യജ്ഞിപ്പിക്കുന്നത് വിശുദ്ധിയെ അഥവാ വിശുദ്ധമായതിനെ ആകുന്നു.

അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് വിശ്രമിക്കേണ്ടതാകുന്നു. വെളി 5:6

വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു വെളി 22:17

അവർ ന്യായ പ്രമാണവും സൈന്യങ്ങളുടെ യഹോവ തന്റെ ആത്മാവിനാൽ പണ്ടത്തെ പ്രവാചകൻമാർ മുഖാന്തരം അയച്ച വചനങ്ങളും കേട്ട് അനുസരിക്കാത്തവണ്ണം ഹൃദയങ്ങളെ വജ്രം പോലെ കടുപ്പമാക്കി, അങ്ങനെ സൈന്യങ്ങളുടെ യഹോവയിങ്കൽ നിന്ന് ഒരു മഹാകോപം വന്നു. സെഖ 7:12

ഏലിയാവിന്റെ ആത്മാവ് ഏലീശയുടെ മേൽ അധിവസിക്കുന്നു.
2 രാജാ 2:15

അവന്നുമുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും ലൂക്കോ 1:41,42

അവന്റെ അപ്പനായ സെഖര്യാവ് പരിശുദ്ധമാവ് നിറഞ്ഞവനായി പ്രവചിച്ചു. ലൂക്കോ 1:6

കർത്താവ് എന്റെ കർത്താവിനോട് ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദ പീഠം ആക്കുവോളം എന്റെ വലത്തുഭാഗത്ത് ഇരിക്ക എന്ന് അരുളി ചെയ്തു എന്ന് ദാവീദ് താൻ പരിശുദ്ധത്മാവിൽ ആയി പറയുന്നു.
മാർക്കോ 12:36

യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നേ, എന്നു പറഞ്ഞു. വെളി 19:10

കർത്താവിനെ ദിവ്യജ്ഞാനത്തോടെന്ന പോലേയും അനന്തരം ദിവ്യ സത്യത്തോടെന്ന പോലെയും പ്രത്യേകിച്ചു അർത്ഥമാക്കിയിരിക്കുന്നതു പരിശുദ്ധാത്മാവിനേയാണെന്നിരിക്കേ ബോധദീപ്തമാക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും പരിശുദ്ധാത്മാവിനേ യാണെന്നുള്ളത് എന്തുകൊണ്ടാണു പറഞ്ഞിരിക്കുന്നതു ഇപ്പോൾ വ്യക്തമാണു.

**52** 6. യഹോവയായ കർത്താവ് തന്നെ പ്രവാചകന്മാരിലൂടെ വചനം അരുളിച്ചെയ്തു.

പ്രവാചകന്മാർ ദർശനങ്ങളിൽ ആയിരിക്കുകയും അവർ മുഖേന യ ഹോവ അരുളിച്ചെയ്തു എന്നും നമ്മൾ വായിക്കുന്നു. അവർ ദർശനത്തിൽ ആയിരുന്നപ്പോൾ അവർ അവരുടെ ആത്മാവിൽ ആയിരുന്നു, ശരീരത്തിൽ ആയിരുന്നില്ല. ആ അവസ്ഥയിൽ അവർ ദൈവികമായി സ്വർഗ്ഗത്തിലുള്ള വയെ കാണുക ആയിരുന്നു. എങ്കിലും, അവരോട് ദൈവം സംസാരിച്ച സന്ദർഭങ്ങളിലെല്ലാം അവർ അവരുടെ ശരീരത്തിൽ ആയിരുന്നു. അവ രോട് ദൈവം സംസാരിച്ചവയെല്ലാം അവർ കേൾക്കുകയും ചെയ്തു. പ്ര വാചകന്മാരുടെ ഈ രണ്ട് അവസ്ഥകളെയും നാം വ്യക്തമായി തിരിച്ചറി യേണ്ടതാകുന്നു. ദർശനാവസ്ഥയിൽ അവരുടെ ആത്മീയ കണ്ണുകൾ തു റക്കപ്പെടുകയും ജഡീക കണ്ണുകൾ അടക്ക പ്പെടുകയും ചെയ്യുന്നു. അവ രുടെ ശരീരം ഒരു സ്ഥലത്ത് നിശ്ചലമാ യിരിക്കെ അവർ ആത്മാവിൽ അ നേകം സ്ഥലങ്ങളിലേക്ക് ആനയി ക്കപ്പെടുകയും ചെയ്യുന്നു. ഓരോ സ ന്ദർഭങ്ങളിലായി യെഹെസ്കേൽ, സെഖരിയാവ്, ദാനിയേൽ എന്നിവരും വെളിപ്പാടിന്റെ രചനയിൽ യോഹന്നാനും ദർശനങ്ങളിൽ ആയിരുന്നു. അഥവാ ആത്മാവിൽ ആയിരുന്നു എന്നതാണ് യാഥാർത്ഥ്യം. യെഹെസ് ക്കേൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

> അനന്തരം ആത്മാവ് എന്നെ എടുത്ത് യഹോവയുടെ ആലയത്തിൽ കിഴക്കോട്ട് ദർശനമുള്ള കിഴക്കേ പടിവാതിൽക്കൽ കൊണ്ടുപോയി......
>
> എന്നാൽ ആത്മാവ് എന്നെ എടുത്ത്, ദർശനത്തിൽ, ദൈവാത്മാവിനാൽത്തന്നേ കല്ദയദേശത്ത് പ്രവാസികളുടെ അടുക്കൽ കൊണ്ടുവന്നു; ഞാൻ കണ്ട ദർശനം എന്നെ വിട്ട് പൊങ്ങിപ്പോയി.
> യെഹെ 11:1, 24

അവൻ തുടർന്ന് പ്രസ്താവിക്കുന്നു:

> എന്നാൽ കൈ പോലെ ഒന്നു നീട്ടി എന്നെ തലമുടിക്ക് പിടിച്ച്. ആത്മാവ് എന്നെ ഭൂമിയുടേയും ആകാശത്തിന്റെയും മദ്ധ്യേ ഉയർത്തി. ദിവ്യ ദർശനങ്ങളിൽ യെരുശലേമിൽ വടക്കോട്ടുള്ള അറ്റത്തെ വാതിൽക്കൽ കൊണ്ടു ചെന്നു; അവിടെ തീഷ്ണത ജനിപ്പിക്കുന്ന തീഷ്ണതാ ബിംബത്തിന്റെ ഇരിപ്പിടം ഉണ്ടായിരുന്നു. യെഹെ 8: 3

തുടർന്ന് മറ്റു ചില വാക്യങ്ങളിൽക്കൂടി തെളിവിനു വേണ്ടി നൽകാം.

> അവൻ വീണ്ടും ദൈവത്തിന്റെ ദർശനത്തിലായി, അതായത് അവൻ ആത്മാവിലായി; അവൻ കണ്ടതെന്തെന്നാൽ: നാല് ജീവികൾ, അവ കെരൂബുകൾ ആയിരുന്നു. യെഹെ 1:10

അപ്രകാരം തന്നെ ഒരു പുതിയ ഭൂമി, പുതിയ ദൈവാലയം അവയെ അളന്നു നോക്കുന്ന ഒരു ദൂതൻ എന്നിവയെ 10-ാം അദ്ധ്യായത്തിലും 48-ാം അദ്ധ്യായത്തിലും കാണാവുന്നതാണ്.

അവൻ അപ്പോൾ ദൈവത്തിന്റെ ദർശനങ്ങളിൽ ആയിരുന്നു എന്ന് 40-ാം അദ്ധ്യായം 2-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവനെ ആത്മാവ് ഉയർത്തിക്കൊണ്ടു പോയെന്ന് 43-ാം അദ്ധ്യായം 5-ാം വാക്യത്തിലും കാണാവുന്നതാണ്. ഇതുപോലൊരു അനുഭവം സെഖര്യാവിന് ഉണ്ടായി. അപ്പോൾ ഒരു ദൂതൻ അവനോടൊപ്പം ഉണ്ടായിരുന്നു. അവൻ കണ്ടത് എന്തെന്നാൽ:

> ചോല ചെടികൾക്കിടയിൽ സവാരി ചെയ്യുന്ന ഒരുവനെ കണ്ടു.
>
> സെഖ 1:8
>
> ചുവന്ന കുതിരപ്പുറത്ത് കയറി ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു. അവൻ ചോലയിലെ കൊഴുന്തുകളുടെ ഇടയിൽ നിന്ന്...ഞാൻ തലപൊക്കി നോക്കിയപ്പോൾ നാല് കൊമ്പു കണ്ടു സെഖ 1:8
>
> ഞാൻ പിന്നെയും തല പൊക്കി നോക്കിയപ്പോൾ കൈയ്യിൽ അളവുനൂൽ പിടിച്ചിരിക്കുന്നോരു പുരുഷനെ കണ്ടു. സെഖ 1:18, 2:1
>
> മഹാപുരോഹിതനായ യോശുവ സെഖ 3:1,
>
> ഒരു നിലവിളക്കും രണ്ട് ഒലിവ് വൃക്ഷങ്ങളും, സെഖ 4:2, 3

പാറിപ്പോകുന്ന ഒരു ചുരുൾ പുറപ്പെടുന്നതായ എഫാ. സെഖ 5:1, 6

രണ്ടു പർവ്വതങ്ങളുടെ ഇടയിൽനിന്ന് നാല് രഥം പുറപ്പെടുന്നത് ഞാൻ കണ്ടു. സെഖ 6:1, 2

ദാനിയേൽ അത് കണ്ടപ്പോൾ അതേ അവസ്ഥയിൽത്തന്നെ ആയിരുന്നു. അപ്പോൾ തമ്മിൽ ഭേദിച്ചിരിക്കുന്ന നാല് മഹാ മൃഗങ്ങൾ സമുദ്രത്തിൽ നിന്ന് കയറി വന്നു. ദാനി 7:3

ആട്ടു കൊറ്റനും കോലാട്ടു കൊറ്റനും തമ്മിലുള്ള യുദ്ധം. ദാനി 7:1,

അവൻ ഇവയെല്ലാം ദർശനത്തിൽ കണ്ടു എന്ന്, ഏഴാം അദ്ധ്യായത്തിന്റെ 1, 2, 7, 13 വാക്യങ്ങളിലും, 8:2, 10:1, 7, 8 എന്നിവയിലും കാണുന്നു. ഗബ്രിയേൽ ദൂതനെ ദർശനത്തിൽ കണ്ടെന്നും അവനോട് സംസാരി ച്ചെന്നും ഒമ്പതാം അദ്ധ്യായം 21, 22 ലും രേഖപ്പെടുത്തിയിട്ടുണ്ട്. വെളിപ്പാട് രേഖപ്പെടുത്തിയപ്പോൾ യോഹന്നാനും ഇതേ അനുഭവം ഉണ്ടായി, അവൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

കർതൃദിവസത്തിൽ ഞാൻ ആത്മവിവശനായി വെളി 1:10

അവൻ എന്നെ ആത്മാവിൽ ഒരു മരുഭൂമിയിലേക്ക് കൂട്ടിക്കൊണ്ടു പോയി. വെളി 17:3

അവൻ എന്നെ ആത്മവിവശതയിൽ ഉയർന്ന വന്മലയിൽ കൊണ്ടു പോയി. വെളി 21:10

ഞാൻ കുതിരകളെയും കുതിരപ്പുറത്തിരിക്കുന്നവരേയും ദർശനത്തിൽ കണ്ടത്. . വെളി 9:17

അവൻ വിവരിച്ചിരിക്കുന്ന എല്ലാ സംഗതികളും അവൻ ദർശിച്ചുവെന്ന് അന്യത്ര, യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. അവൻ അതിന്റെ ഫലമായി ആത്മാവിൽ അഥവാ ദർശനത്തിൽ ആയിരുന്നു എന്ന് പ്രസ്താവിച്ചിട്ടുണ്ട്. അത് ഒന്നാം അദ്ധ്യായം 12-ാം വാക്യത്തിലും, 4:50, 5:50, 6:50 അതെ തുടർന്നുള്ള അദ്ധ്യായങ്ങളിലും കാണാവുന്നതാണ്.

**53** പ്രവാചകൻ പ്രവചിച്ചത് പരിശുദ്ധാത്മാവിൽ നിന്നായിരുന്നു. എന്ന് പ്രവചനങ്ങളിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. അങ്ങനെയൊരു പദം അവർ ഉപയോഗിച്ചിട്ടില്ല. എന്നാൽ അവർ പ്രസ്താവിച്ചിട്ടുള്ളത് അവർ യഹോവയിൽനിന്ന് സംസാരിച്ചു എന്നാണ്. യഹോവ സൈന്യങ്ങളുടെ യഹോവ, കർത്താവായ യഹോവ എന്നിങ്ങനെയാണ് അവർ ഉപയോഗിച്ച പദങ്ങൾ നമ്മൾ ഇപ്രകാരം വായിക്കുന്നുവല്ലോ. യഹോവയുടെ വചനം എനിക്ക് കിട്ടി. യഹോവ എന്നോട് അരുളിച്ചെയ്തു, കൂടെ കൂടെ, യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. യഹോവയുടെ അരുളപ്പാട്, യഹോവയുടെ വചനം എന്നിവയാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന പദങ്ങൾ. ഇപ്പോൾ കർത്താവു തന്നെയാണ് യഹോവ എന്ന് മുകളിൽ തെളിയിക്കപ്പെട്ടതാണല്ലോ. ആകയാൽ ഓരോ വചനവും അവനാൽ അരുളിച്ചെയപ്പെട്ടിരി

ക്കുന്നു എന്ന് വ്യക്തമാകുന്നു. അത് അപ്രകാരം തന്നെയായിരിക്കുന്നതിന് യാതൊരു സംശയവും ഉണ്ടാകാതിരിപ്പാൻ യിരമ്യാപ്രവചനത്തിൽ നിന്ന് വ്യക്തമായ തെളിവുകൾ ഞാൻ നൽകുന്നതാണ്. അതായത്, യഹോവയുടെ വചനം എന്റെ മേൽ വന്നു. യഹോവ എന്നോട് അരുളിച്ചെയ്തു: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. യിരമ്യാവിൽ നിന്നുള്ള നിരവധി വചന ഭാഗങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയിൽ നിന്ന് യഹോവ എന്ന പദവും മറ്റ് പദപ്രയോഗങ്ങളും കണ്ടെത്താനാവുന്നവയും ആകുന്നു.

യിരെമ്യാവ് 1:4,7,11,14,19; 2:15, 9,19,22,29,31; 3:1,6,10,12,14,16; 4:1,3,9,17,27; 5:11,14,18,22,29; 6:6,9,12,15,16,21,22; 7:1,3,11,13,1921; 8:1,3,12,13; 9:12,15,17,22,23,25; 10:1,2,18; 11:1,6,9,11,18,21,22; 12:14,17; 13:1,6,9,11–15,25; 14:1–3, 6,11,19,20; 16:1,3,5,9,14,16; 17:5,19–21,24; 18:1,5,6,11,13; 19:1,3,6,12,15; 20:4; 21:1,4,7,8,11,12;22:2,3,5,6,11,16,18,24,29,30; 23:2,5,7,11,12,15,16,24,29,31–33,38; 24:3,5,8; 25,1,3,7–9,15,27–29,32; 26:1,2,18; 27:1,2,4,8,11,16,19,21,22; 28:2,12,14,16; 29:4,8,9,16,19–21, 25,30–32; 30:1–5,8,10–12,17,18; 26:1,2,7,10,15–17,23,27,28,3138; 32:1,6,14,15,25,26,28,30,36,42,44; 33:1,2,4,10–13,17,19,20,23,25; 34:1,2,4,8,12,13,17,22; 35:1,13,17–19; 36:1,6,27,29,30; 37:6,7,9; 38:2,3,17; 39:1518; 40:1; 42:7,9,15,18,19; 43:8,10; 44:1,2,7,11,24,26,30; 44:1,2,5; 46:1,23,25,28; 47:1; 48:1,8,12,30,35,38,40,43,44,47; 49:2,5–7,12,13,16,18,26,28,30,32,35,37–39; 50:1,4,10,18,20,21,30,31,33,35,40; 51:25,33,36,39,52,58

ഇപ്രകാരമുള്ള സംഗതികൾ യിരെമ്യാവിൽ മാത്രമേ സംഭവിക്കുന്നുള്ളു. മറ്റു പ്രവാചകന്മാരും സമാനമായ രീതിയിൽ അരുളിയിട്ടുണ്ട് എന്നാൽ അവർ പരിശുദ്ധാത്മാവു അവരോട് അരുളിച്ചെയ്തു എന്നോ പരിശുദ്ധാത്മാവിനാൽ അവരോട് യഹോവ അരുളിചെയ്തു എന്നോ പറഞ്ഞിട്ടില്ല.

**54** തിരുവചനത്തിൽനിന്ന് ആധികാരികമായി തെളിവുകൾ ലഭ്യമായിട്ടുള്ളതിൻ പ്രകാരം, നിത്യത മുതൽ കർത്താവായിരിക്കുന്ന യഹോവ പ്രവാചകന്മാരിലൂടെ അരുളിച്ചെയ്തു കൊണ്ടിരുന്നു. അപ്രകാരം തന്നെ പരിശുദ്ധാത്മാവ് എന്ന് വിവക്ഷിക്കപ്പെടുന്നത് കർത്താവിനെ തന്നെയാണ്. ആകയാൽ സാരാംശത്തിലും ആളത്വത്തിലും, ദൈവം ഏകൻ ആണെന്നും അവൻ കർത്താവ് തന്നെ ആകുന്നു.

## XI

### ആളത്വങ്ങളുടെ ത്രിത്വമെന്നതിനാൽ മനസ്സിലാക്കുന്നത് കർത്താവായ വ്യക്തിയുടെ ത്രിത്വമെന്നു വരികിൽ ആ സത്യത്തോട് അത്താനേഷ്യൻ പ്രമാണത്തിന്റെ ഉപദേശം പൊരുത്തപ്പെടുന്നു.

**55** കർത്താവിൽ ഒരു ത്രിത്വം ഉള്ളതു കൊണ്ട് അവയിൽ ഒന്നിനെ പിതാവെന്നും മറ്റൊന്നിനെ പുത്രനെന്നും മൂന്നാമതിനെ പരിശുദ്ധാത്മാ വെന്നുമുള്ള മൂന്നു ദൈവങ്ങളെന്ന മൂന്നു ദിവ്യവ്യക്തികളെ ക്രിസ്ത്യാനികൾ

അംഗീകരിക്കുന്നു, ഈ ത്രിത്വം വചനത്തിൽ വ്യതിരിക്തമായ നാമങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതു കൊണ്ടു ദേഹിയും ദേഹവു മെന്ന പോലെ ഇവയിൽ നിന്നും പുറപ്പെടുന്നതു വിത്യസ്തമായ പേരിലെങ്കിലും അവ ഒന്നു തന്നെയായിരിക്കുന്നു. ആകയാൽ നിത്യതയിൽ നിന്നുള്ള കർത്താവ് യഹോവയെന്നും ചിലപ്പോൾ സൈന്യങ്ങളുടെ യഹോവയെന്നും, ചിലപ്പോൾ ദൈവമെന്നും, ചിലപ്പോൾ കർത്താവെന്നും അതേ സമയം സൃഷ്ടിതാവെന്നും, രക്ഷിതാവെന്നും വീണ്ടെടുപ്പുകാരനെന്നും, നിർമ്മിതാവെന്നും ശദ്ദായി എന്നും പേരിട്ടിരിക്കുന്നു. അവൻ ഈ ലോകത്തിലേക്കു ഏറ്റെടുത്ത മനുഷ്യത്വത്തിനു യേശു, ക്രിസ്തു, മശിഹാ, ദൈവപുത്രൻ, മനുഷ്യപുത്രൻ എന്നും പഴയനിയമ വചനത്തിൽ ദൈവമെന്നും യിസ്രായേലിന്റെ പരിശുദ്ധനെന്നും യഹോവയുടെ അഭിഷിക്തനെന്നും  രാജാവെന്നും, പ്രഭുവെന്നും മന്ത്രിയെന്നും, ദൂതനെന്നും, ദാവീദെന്നും വചനം പേരു കൊടുത്തിരിക്കുന്നു.

ഇപ്പോൾ പ്രാരംഭകാലത്തെ സാധാരണക്കാരായിരുന്ന ക്രിസ്ത്യാനികൾ വചനത്തെ അതിന്റെ  പദാനുപദ അർത്ഥത്തിനനുസരിച്ചു മനസ്സിലാക്കുകയും ദൈവം ഏകനായിരിക്കെ തന്നെ ദൈവത്വത്തെ മൂന്നുവ്യക്തികളായി വ്യതിരിക്തമാക്കി അതിനെ പല പേരുകളിൽ വിളിച്ചു.  അവരുടെ ലളിത ചിന്താരീതികൾ കാരണം അത് അനുവദിക്കപ്പെടുകയായിരുന്നു. അവരുടെ നിഗമനം അപ്രകാരം ആയിരുന്നെങ്കിലും അവരും വിശ്വസിച്ചിരുന്നുത് പുത്രനാം ദൈവം  നിത്യനും സൃഷ്ടിക്കപ്പെടാത്തവനും, സർവ്വശക്തനും ദൈവവും കർത്താവും, പിതാവിനോട് സർവ്വ ആദരവിലും തുല്യനും ആകുന്നു എന്നും,  അവർ രണ്ടല്ല, മൂന്നല്ല, പ്രത്യുത വല്ലഭത്തത്തിലും മഹത്വത്തിലും, സാരാംശത്തിലും ഒന്നു തന്നെ ആകുന്നു എന്നും തന്നെയായിരുന്നു. അപ്രകാരം ദൈവത്വത്തിൽ ഏകവും ഏകവ്യക്തിയുമാണ് കർത്താവ് എന്ന് സിദ്ധമായിത്തീരുന്നു.

ഈ സംഗതികളെ ലളിതമായും, സരളമായും ഉപദേശാനുസരണം  വിശ്വസിക്കുകയും, ദൈവത്വത്തിൽ മൂന്ന് ആളുകൾ അഥവാ മൂന്നു ദൈവങ്ങൾ ഉണ്ടെന്ന് സ്ഥിരീകരിക്കാതിരിക്കുകയും പ്രത്യുത അവർ മൂന്നും ഏകദൈവം തന്നേ എന്ന് അംഗീകരിക്കുകയും ചെയ്യുന്നവർ അവരുടെ മരണാനന്തരം കർത്താവു അവരെ ദൂതന്മാർ മുഖേന ത്രിത്വഭാവങ്ങൾ ഉള്ള താൻ തന്നെയാണ് ആ ദൈവമെന്നു ബോധനം ചെയ്യപ്പെടും, ഈ വിശ്വാസം സ്വീകരിച്ചിട്ടുള്ള എല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. ദൈവം ഒന്നേയുള്ളു എന്നു വെറുതേ അധരജൽപ്പനം ചെയ്യുന്നവനും തന്റെ ഹൃദയത്തിൽ ദൈവം മൂന്നു ആളുകളാണെന്നുമുള്ള ആരേയും സ്വർഗ്ഗത്തിലേക്കു പ്രവേശനം നൽകപ്പെടുന്നില്ല. മുഴു സ്വർഗ്ഗത്തിലെ ജീവനും സർവ്വ ദൂതന്മാരുടേയും ജ്ഞാനവും, ദൈവം ഏകനാണ് എന്നും ആ ദൈവം കർത്താവാണെന്നും അവൻ ഒരേ സമയത്തു തന്നെ ദൈവവും മനുഷ്യനുമാണെന്നുള്ള ഏറ്റുപറച്ചിലുകൾക്കും, അംഗീകരണത്തിലും അടിസ്ഥാനം ഇട്ടിട്ടുള്ളതു ആകുന്നു.

ഇതിൽനിന്ന് വെളിവാകുന്ന സത്യം ഇതാണ്. ആദിമകാല ക്രിസ്ത്യാനികൾ ദൈവത്വത്തിൽ മൂന്നു ആളുകൾ ഉണ്ട് എന്ന ഉപദേശം കൈക്കൊണ്ടിരുന്നത് ദൈവികമായ അനുവാദത്തോടു കൂടിയായിരുന്നു. അതായതത് അവരും, കർത്താവാണ് നിത്യനായ ദൈവം എന്നും സർവ്വശക്തനും യഹോവയുമായവൻ എന്ന് വിശ്വസിച്ചിട്ടുള്ളവർ തന്നെ ആയിരുന്നു. എന്തുകൊണ്ടെന്നാൽ അവർ ഈ വിശ്വാസം സ്വീകരിച്ചി ല്ലെങ്കിൽ സഭ നശിച്ചുപോകുമായിരുന്നു. കാരണമെന്തെന്നാൽ സഭ കർത്താവിൽ നിന്ന് ഉത്ഭൂതമായതാണ്. അവനിൽ നിന്നുമാണ് സർവ്വരുടേയും നിത്യജീവൻ സിദ്ധമാകുന്നത് എന്നും, അത് മറ്റ് ആരിൽ നിന്നുമല്ല എന്ന് ബോധ്യമായിരിക്കുന്നതു കൊണ്ടും ആകുന്നു.

(5) തുടക്കം മുതൽ അവസാനം വരെയുള്ള മുഴുവചനവും കർത്താവിനെ കുറിച്ചു മാത്രം പ്രതിപാദിക്കുന്നു എന്നുള്ള കേവല യഥാർത്ഥ്യത്തിൽ നിന്നും സുവിദിതമാകുന്നത് ആ സഭ കർത്താവിൽ നിന്നുള്ളതാണു എന്നാണു, മാത്രവുമല്ല നാം അവനിൽ വിശ്വസിക്കണമെന്നും, അവനിൽ വിശ്വസിക്കാത്തവർക്ക് നിത്യജീവൻ ലഭ്യമാകുകയില്ല എന്നും, ദൈവക്രോധം അവരുടെ മേൽ വസിക്കുന്നതേയുള്ളു എന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതും ആകുന്നുവല്ലോ. യോഹ 3:16

(6) ദൈവം ഏകനാണെങ്കിൽ അവൻ സത്തയിലും ആളത്വത്തിലും ഒരുവനാണെന്നതു എല്ലാവരും അവരാൽ തന്നെ ഗ്രഹിക്കുന്നാ തായിരിക്കും. (ദൈവം ഏകനാണെന്നു വിശ്വസിക്കുന്ന യാതൊരു വനും മറിച്ച് മറ്റൊരു പ്രകാരത്തിൽ ചിന്തിക്കുന്നതിനുപോലും സാദ്ധ്യമല്ല) അത്താനേഷ്യസി ന്റെ പേരിൽ എടുത്തിട്ടുള്ള ഉപദേശ പ്രമാണരേഖകളെ ഞാൻ ചുവടേ ഉ ദ്ധരിക്കയും കാണിക്കയും ചെയ്യുമ്പോൾ അതിലെ ഉള്ളടക്കം വ്യക്തിക ളൂടെ ത്രിത്വമല്ല മറിച്ചു അതിനു പകരം വ്യക്തിയിലെ ത്രിത്വമാണു സത്യ മെന്നതു ബോദ്ധ്യമാകുന്നതാണ്.

**56** ഉപദേശ പ്രമാണം തുടരുന്നതു ഇപ്രകാരമാണു

രക്ഷിക്കപ്പെടുന്ന ഏതൊരു വ്യക്തിയും ഈ കാത്തോലിക്കാ വിശ്വാസം (അഥവാ ചില ക്രിസ്തീയ മേധാവികൾ പറയുന്ന) പാലിക്കേണ്ടതാകുന്നു. ഈ വിശ്വാസത്തെ മൊത്തമായും, സമ്പൂർണ്ണമായും പാലിക്കാത്താവൻ ഒരു സംശയവും കൂടാതെ നിത്യമായി നശിച്ചുപോകുന്നതാണ്. ഈ കത്തോലിക്കാ വിശ്വാസം എന്നതു ഇതാകുന്നു: ഐക്യത്തിലുള്ള ത്രിത്വത്തിലെ വസ്തുമയത്തേയോ സാരാംശത്തേയോ വിഘടിപ്പി ക്കാനോ, ആളത്വങ്ങളെ നാനാവിധമാക്കുവാനോ കഴിയാത്ത ത്രിത്വത്തിലെ ഏകദൈവത്തെ നാം ആരാധിക്കുന്നു. ത്രിത്വത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഉണ്ടു, എന്നാൽ അവരുടെ മഹത്വവ്യം വല്ലഭത്വവും സമവും സഹനിത്യത്വവുമാണു. പിതാവു എങ്ങനെയാണോ അപ്രകാരം പുത്രനും പുത്രൻ എങ്ങനെയാണോ അപ്രകാരം പരിശുദ്ധാത്മാവും അങ്ങനെ തന്നെ. പിതാവു സ്വയംഭൂ ആണു പുത്രൻ സ്വയംഭൂ ആണ്,

പരിശുദ്ധാത്മാവു സ്വയംഭൂ ആണ്. പിതാവു സർവ്വശക്തനാണ്, പുത്രൻ സർവ്വശക്തനാണ്, പരിശുദ്ധാത്മാവു സർവ്വശക്തനാണ്. പിതാവു നിത്യനാണ് പുത്രനും നിത്യനാണ്, പരിശുദ്ധാത്മാവും നിത്യനാണ്, എന്നിരുന്നാലും മൂന്ന് നിത്യൻമാരില്ല ഏകനിത്യൻ മൂന്ന് സ്വയഭൂക്കളില്ല എന്നാൽ ഏകസ്വയംഭൂ മൂന്നു സർവ്വശക്തന്മാരില്ല എന്നാൽ ഏക സർവ്വശക്തൻ

പിതാവ് ദൈവം ആകുന്നു, അപ്രകാരം പുത്രനും ദൈവം ആകുന്നു, അതുപോലെ തന്നെ പരിശുദ്ധാത്മാവും ദൈവം ആകുന്നു. എങ്കിലും മൂന്നു ദൈവങ്ങളില്ല. ഏകദൈവമേയുള്ളു. പിതാവ് കർത്താവാകുന്നു, പുത്രനും കർത്താവാകുന്നു, പരിശുദ്ധാത്മാവും കർത്താവാകുന്നു, എങ്കിലും മൂന്ന് കർത്താവില്ല തന്നെ. ഏക കർത്താവേ ഉള്ളു. ക്രിസ്തീയ വാസ്തവികത യുടെ നേരിനാൽ ദൈവവും കർത്താവുമായ വ്യക്തിയിലെ ത്രിത്വം നാം അംഗീകരിക്കുന്നു. അതുകൊണ്ടു ക്രിസ്തീയ വിശ്വാസത്താൽ ഏകദൈവവും ഏകകർത്താവെന്നും നമുക്കു പറയാനും കഴിയുന്നതാണു. പിതാവ് ആരാലും സൃഷ്ടിക്കപ്പെട്ടവനല്ല, നിർമ്മിക്കപ്പെട്ടവനോ, ജനിച്ചവനോ അല്ല. പുത്രൻ പിതാവിൽ നിന്നും മാത്രം ജനിക്കപ്പെട്ടവൻ പരിശുദ്ധാത്മാവ്, പിതാവാം ദൈവത്തിൽനിന്നും പുത്രനിൽനിന്നും ഉള്ളവനാണ്. നിർമ്മിക്കപ്പെടുകയോ സൃഷ്ടിക്കപ്പെടുകയോ ജനിച്ചവനോ അല്ല; പിന്നെയോ അവരിൽ നിന്നുള്ള വ്യവഹാരം.

അപ്രകാരം ഏകപിതാവുണ്ട്, മൂന്നു പിതാക്കന്മാരില്ല, ഏകപുത്രൻ ഉണ്ട്, മൂന്നു പുത്രൻമാരില്ല, ഏകപരിശുദ്ധാത്മാവുണ്ട്, മൂന്നു പരിശുദ്ധാത്മാവില്ല. ഈ ത്രിത്വത്തിൽ ആദിയോ അന്ത്യമോ ഇല്ല. വലിയവനും ചെറിയവനും ഇല്ല. ദൈവത്വത്തിലെ മൂന്നു വ്യക്തിത്വങ്ങളും ഏകനായ് നിത്യ ദൈവമാകുന്നു. നാം മുകളിൽ പ്രസ്താവിച്ചതു പോലെ, ത്രിത്വത്തിലെ ഏകത്വം, ഏകത്വത്തിലെ ത്രിത്വവും ആരാധിക്കപ്പെടേണ്ടതാകുന്നു, ആദരിക്കപ്പെടേണ്ടതാകുന്നു. (അതായത് ദൈവത്വത്തിൽ തന്നെ മൂന്ന് ആളത്വങ്ങൾ, മൂന്നാളത്വങ്ങളിലെ എകദൈവം, അഥവാ, ഏകനിലെ ത്രിത്വം, ത്രിത്വം ഏകനിൽ. അവനെ ആരാധിക്കപ്പെടേണ്ടിയിരിക്കുന്നു. രക്ഷിക്കപ്പെടുന്ന ഏവരും ത്രിത്വത്തെ സംബന്ധിച്ച് ഇപ്രകാരം ചിന്തിക്കേണ്ടതാണ്.

അതിനും ഉപരിയായി, കർത്താവായ യേശുക്രിസ്തുവിന്റെ ജഢാവതാരത്തെക്കുറിച്ച് ശരിയായി വിശ്വസിക്കേണ്ടത് രക്ഷക്ക് അത്യന്താപേക്ഷിതമാകുന്നു. (കർത്താവ് വാസ്തവമായ മനുഷ്യൻ ആകുന്നു എന്ന് വിശ്വസിക്കണം) അതായത് യഥാർത്ഥമായ വിശ്വാസമെന്നാൽ: നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവ പുത്രനും, ദൈവവും, മനുഷ്യനും ആകുന്നു എന്നും, ലോകാരഭങ്ങൾക്കു മുമ്പേ ജനിച്ച പിതാവിന്റെ (പ്രകൃതത്തിലും, സാരാംശത്തി ലുമുള്ള) ദൈവസത്ത ആണെന്നും, അമ്മയിൽ നിന്നും ഈ ലോകത്തിൽ ജനിച്ച മനുഷ്യസത്ത (പ്രകൃതം) ആണെന്നും, യുക്തി സഹമായ ആത്മാവോടും മനുഷ്യശരീരത്തോടും കൂടെ പിതാവായ ദൈവത്തത്വത്തോടു സമനും മനുഷ്യത്വത്തോടുള്ള ബന്ധത്തിൽ

പിതാവിനോടു അൽപം താഴ്ചയു ള്ളവനും ആയ പരിപൂർണ്ണ മനുഷ്യനും പരിപൂർണ്ണ ദൈവവും എന്നതാണു. അവൻ ദൈവവും മനുഷ്യനും ആയിരുന്നെങ്കിലും രണ്ടു ആളത്വങ്ങളല്ല പിന്നേയോ ഏക ക്രിസ്തു ആയിരുന്നു. ദൈവിക സാരാംശം ജഡത്തിലേക്കുള്ള മാറ്റപ്പെടലല്ലായിരുന്നു പിന്നേയോ മാനുഷ്യത്വത്തിനെ ദൈവത്വത്തിലേക്കു ധരിക്കയായിരുന്നു. രണ്ടു പ്രകൃതങ്ങളുടെ സങ്കരണത്താലോ, സമ്മിശ്രണാത്താലോ അല്ല പിന്നെയോ എല്ലാം കൂടി ചേർന്നു ഒന്നായി അവൻ ഏക വ്യക്തിയായി.

യുക്തിസഹമായ ആത്മാവും, ശരീരവും ഉള്ള ഒരു മനുഷ്യനെ പോലെ തന്നെ ദൈവവും മനുഷ്യനും ഒരേ ക്രിസ്തു ആകുന്നു. അവൻ നമ്മുടെ രക്ഷക്കുവേണ്ടി പീഢകൾ സഹിച്ചു, പാതാളത്തിലേക്ക് ഇറങ്ങി, മരിച്ചവരുടെ ഇടയിൽ നിന്ന് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. അവൻ സ്വർഗ്ഗാരോഹണം ചെയ്തു. സർവ്വശക്തനായ പിതാവിന്റെ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും അവിടെ നിന്നു ജീവിക്കുന്നവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ വീണ്ടും വരികയും ചെയ്യും. അവന്റെ ആഗമനത്തിങ്കൽ, മരിച്ചവരെല്ലാം ഉടലോടെ ഉയിർത്തെഴുന്നേൽക്കും, നന്മ ചെയ്തവരെല്ലാം നിത്യജീവങ്കലേക്കും, തിന്മചെയ്തവരെല്ലാം നിത്യാഗ്നിയിലേക്കും പ്രവേശിക്കും.

**57.** വ്യക്തികളുടെ ത്രിത്വത്തിനു പകരം വ്യക്തിയുടെ ത്രിത്വമായി നാം മനസ്സിലാക്കുകയാണെങ്കിൽ പദാനുപദമായി ഈ പ്രമാണത്തിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വിവരണങ്ങളും സത്യമാണു. മറ്റൊന്നിനു ബദലായി ഈ വ്യക്തിയുടെ ത്രിത്വത്തെ വീണ്ടും നാം പകർത്തി എഴുതുകയാണെങ്കിൽ ഇങ്ങനെ നമുക്കു കാണാം. വ്യക്തിയുടെ ത്രിത്വം ഇതാണു: കർത്താവിന്റെ ദിവ്യത്വമാണു പിതാവു, ദിവ്യമനുഷ്യത്വമാണു പുത്രൻ, ദിവ്യ വ്യവഹാരമണു പരിശുദ്ധാത്മാവു. ഈ ത്രിത്വത്തെ നാം ഗ്രഹിക്കുമ്പോൾ ഏകദൈവത്തെ കുറിച്ചു ഒരു മനുഷ്യനു ചിന്തിക്കാനാവുകയു അങ്ങനെ ഏകദൈവം എന്നു പറയാനും കഴിയും. ദൈവം ഏകനാണെന്നു ചിന്തിക്കുവാനും കാണാനും ഒരുവൻ പരാജയപ്പെട്ടാൽ അവൻ മൂന്നു ദൈവങ്ങളെ കുറിച്ചല്ലാതെ മറിച്ചു ചിന്തിക്കാനാവുമോ?. ഇത് അത്താനേഷ്യസിന് അറിയാമായിരുന്നതു കൊണ്ട് അദ്ദേഹം ഈ വാക്കുകൾ പ്രമാണരേഖയിൽ എഴുതിച്ചേർത്തു:

> കത്തോലിക്കാ മതത്തിനനുസരിച്ചോ അല്ലെങ്കിൽ ക്രിസ്തീയ വിശ്വാസത്തിനനുസരിച്ചോ മൂന്നു ദൈവങ്ങളെന്നൊ അല്ലെങ്കിൽ മൂന്നു കർത്താക്കളെന്നൊ വിളിക്കാനും പേരിടാനും ഇനിയും കഴിയാതിരിക്കെ ഓരോ വ്യക്തികളും ക്രിസ്തീയ യാഥാത്ഥ്യം കൊണ്ട് അവനെ തന്നെ ദൈവവും കർത്താവും എന്നു അംഗീകരിക്കുന്നതിനു കടപ്പെട്ടിരിക്കുന്നു.

ക്രിസ്തീയ വാസ്തവികതയുടെ നേരിനനുസൃതമായി മൂന്നു ദൈവങ്ങൾ അഥവാ മൂന്നു കർത്താവ് എന്ന് ചിന്തിക്കാൻ അനുവദിക്ക പ്പെട്ടിട്ടു

ണ്ടെങ്കിലും ക്രിസ്തീയ വിശ്വാസാനുസരണം ഏക ദൈവം അഥവാ ഏക കർത്താവ് എന്നതിന് അതീതമായി യാതൊന്നും ചിന്തിക്കാനോ വിളിക്കുവാനൊ പാടുള്ളതല്ല. എങ്കിലും ഇത് കർത്താവുമായും സ്വർഗ്ഗവുമായും സംയോഗിക്കുന്നതിനുള്ള ചിന്തയും അംഗീകാരവും ആയിരിക്കുന്നു അല്ലാതെ കേവലം വാക്കുകൾ അല്ലതാനും. എന്തു കൊണ്ടെന്നാൽ ദൈവത്വത്തെ വിഭജിക്കാൻ സാദ്ധ്യമല്ല. ഏകത്വത്തെ മൂന്നായി ഭാഗിച്ച് മൂന്നു സത്തകളെയും മൂന്നു ദൈവങ്ങളേയും സൃഷ്ടിക്കുന്നത് ശരിയല്ല. പിന്നെയോ മൂന്ന് ആളത്വങ്ങളിൽ കാണുന്ന ഐകമത്യം ആണു ഇതിൽ നിന്ന് ലഭ്യമാകുന്ന സത്യത്തിന്റെ സന്ദേശം.

**58** വ്യക്തികളൂടെ ത്രിത്വത്തിനു പകരം വ്യക്തിയുടെ ത്രിത്വമായി നാം മനസ്സിലാക്കുകയാണെങ്കിൽ പദാനുപദമായി ഈ പ്രമാണത്തിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വിവരണങ്ങളൂം സത്യമാണണ്. ഇത് നാം വീണ്ടും പകർത്തി എഴുതിയാൽ ഇതു ഇങ്ങനെ വെളിപ്പെട്ടേക്കും.

രക്ഷിക്കപ്പെടുന്ന ഏതൊരു വ്യക്തിയും ഈ ക്രിസ്തീയ വിശ്വാസം പാലിക്കേണ്ടതാകുന്നു. ഈ വിശ്വാസത്തെ മൊത്തമായും, സമ്പൂർണ്ണ മായും പാലിക്കാത്താവൻ ഒരു സംശയവും കൂടാതെ നിത്യമായി നശിച്ചു പോകുന്നതാണ്. ഈ ക്രിസ്തീയ വിശ്വാസം എന്നതു: ഇതാകുന്നു. ഐക്യത്തിലുള്ള ത്രിത്വത്തിലെ വസ്തുമയത്തേയോ സാരാംശത്തേയോ വിഘടിപ്പിക്കാനോ, ആളത്വങ്ങളെ നാനാവിധമാക്കുവാനോ കഴിയാത്ത ത്രിത്വത്തിലെ ഏകദൈവത്തെ നാം ആരാധിക്കുന്നു. ആളത്വത്തിന്റെ ത്രിത്വത്തിൽ ഒന്നിനെ പിതാവെന്നും മറ്റൊന്നിനെ പുത്രനെന്നും, പരിശുദ്ധാത്മാവെന്നും വിളിക്കുന്നു. തിത്വത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഉണ്ടു, എന്നാൽ അവരുടെ മഹത്വവ്യം വല്ലഭത്വവും സമവും സഹനിത്യവുമാണു. പിതാവു എങ്ങനെയാണോ അപ്രകാരം പുത്രനും പുത്രൻ എങ്ങനെയാണോ അപ്രകാരം പരിശുദ്ധാത്മാവും അങ്ങനെ തന്നെ. പിതാവു സ്വയംഭൂ ആണു പുത്രൻ സ്വയംഭൂ ആണു, പരിശുദ്ധാ ത്മാവു സ്വയംഭൂ ആണു. പിതാവു സർവ്വശക്തനാണ്, പുത്രൻ സർവ്വശക്തനാണു, പരിശുദ്ധാത്മാവു സർവ്വശക്തനാണു. പിതാവു നിത്യനാണൂ പുത്രനും നിത്യനാണു, പരിശുദ്ധാത്മാവും നിത്യനാണു, എന്നിരുന്നാലും മൂന്നു നിത്യൻമാരില്ല ഏകനിത്യൻ മൂന്നു സ്വയഭൂക്കളില്ല എന്നാൽ ഏകസ്വയംഭൂ മൂന്ന് സർവ്വശക്തൻമരില്ല എന്നാൽ ഏക സർവ്വശക്തൻ പിതാവ് സർവ്വശക്തൻ ആയിരിക്കുന്നതുപോലെ പുത്രനും സർവ്വശക്ത നാണ്. പരിശുദ്ധാത്മാവും സർവ്വശക്തൻ ആകുന്നു. എന്നാൽ മൂന്ന് സർവ്വ ശക്തൻമാരില്ല പിന്നെയോ ഏക സർവ്വശക്തൻ.

പിതാവ് ദൈവം ആകുന്നു, അപ്രകാരം പുത്രനും ദൈവം ആകുന്നു, അതുപോലെ തന്നെ പരിശുദ്ധാത്മാവും ദൈവം ആകുന്നു. എങ്കിലും മൂന്നു ദൈവങ്ങളില്ല. ഏകദൈവമേയുള്ളു. പിതാവ് കർത്താവാകുന്നു, പുത്രനും കർത്താവാകുന്നു, പരിശുദ്ധാത്മാവും കർത്താവാകുന്നു, എങ്കിലും മൂന്ന്

കർത്താവില്ല തന്നെ. ഏക കർത്താവേ ഉള്ളു. ക്രിസ്തീയ വാസ്തവികതയുടെ നേരിനാൽ ദൈവവും കർത്താവുമായ ഏക വ്യക്തിയിലെ ത്രിത്വത്തെ അംഗീകരിക്കുന്നു. പിതാവ് ആരാലും സൃഷ്ടിക്കപ്പെട്ടവനല്ല, നിർമ്മിക്കപ്പെട്ടവനോ, ജനിച്ചവനോ അല്ല. പുത്രൻ പിതാവിൽ നിന്നും മാത്രം ജനിക്കപ്പെട്ടവൻ പരിശുദ്ധാത്മാവ്, പിതാവാം ദൈവത്തിൽനിന്നും പുത്രനിൽനിന്നും ഉള്ളവനാണ്. നിർമ്മിക്കപ്പെടുകയോ സൃഷ്ടിക്കപ്പെടുകയോ ജനിച്ചവനോ അല്ല; പിന്നെയോ ഏകനിൽ നിന്നുള്ള വ്യവഹാരം.

അപ്രകാരം ഏകപിതാവുണ്ട്, മൂന്നു പിതാക്കന്മാരില്ല, ഏകപുത്രൻ ഉണ്ട്, മൂന്നു പുത്രൻമാരില്ല, ഏകപരിശുദ്ധാത്മാവുണ്ട്, മൂന്നു പരിശുദ്ധാത്മാവില്ല. ഈ ത്രിത്വത്തിൽ ആദിയോ അന്ത്യമോ ഇല്ല. വലിയവനും ചെറിയവനും ഇല്ല. ദൈവത്വത്തിലെ മൂന്നു വ്യക്തിത്വ ങ്ങളും ചേർന്നു തത്തുല്യമായി നിത്യത ഉള്ളവരാണ്. മൂന്നു പേരും ഒരുപോലെ ഒന്നാകുന്നു. ആകയാൽ, നാം മുകളിൽ പ്രസ്താവിച്ചതുപോലെ, ത്രിത്വത്തിലെ ഏകത, ഏകതയിലെ ത്രിത്വവും ആരാധിക്കപ്പെടേണ്ടതാകുന്നു.

**59** ദൈവത്തിന്റെ ഏകത്വത്തേയും ത്രിത്വത്തേയും സംമ്പന്ധിച്ചു ഇതാണു പ്രമാണത്തിൽ പറഞ്ഞിട്ടുള്ളതു. ജഢാവതാരം എന്നു വിളിക്കുന്ന കർത്താവിന്റെ ഈ ലോകത്തിലേക്കു താൻ ഏറ്റെടുത്ത മനുഷ്യത്വത്തെ സമ്പന്ധിച്ചുള്ള കാര്യങ്ങളാണു ഇനി തുടർന്നു വരുന്നത്. അമ്മയിൽ നിന്നുള്ള മനുഷ്യത്വത്തിൽ കർത്താവു അപമാനത്തിന്റേയും താഴ്മയുടേയും അവസ്ഥയിൽ ആയിരുന്നപ്പോഴും പരീക്ഷകളാലും ക്രൂശിനാൽ കഷ്ടപ്പെട്ടപ്പോഴുള്ള മനുഷ്യത്വവും പിതാവിൽ നിന്നു ഉരുവമെടുത്ത മനുഷ്യത്വത്തിൽ അവൻ മഹിമപ്പെടലിന്റേയോ അല്ലെങ്കിൽ ഐക്യത്തിന്റെ അവസ്ഥയിലോ ആയിരുന്നപ്പോഴോ ഉള്ള മനുഷ്യത്വവും വ്യതിരിക്തമായിരിക്കുന്നത് നാം മനസ്സിലാക്കുകയാണെങ്കിൽ പ്രമാണ ത്തിൽ പദസംബന്ധമായി വിവരിച്ചിട്ടുള്ള അത്തരം വിവരണങ്ങൾ സത്യമാകുന്നു. നിത്യതയിൽ നിന്നുള്ള കർത്താവായ യഹോവ ഈ ലോകത്തിൽ ഏറ്റെടുത്ത മനുഷ്യത്വ ധാരണം കന്യക മറിയമിൽ നിന്നുള്ള മനുഷ്യത്വമാണു. ആകയാൽ അവനിൽ ദൈവത്വവും മനുഷ്യത്വവും അതായത് നിത്യതയിൽ നിന്നുള്ള അവന്റെ ദൈവത്വത്തിൽ നിന്നുള്ള ദൈവത്വവും കാലത്തിന്റെ സമ്പൂർണ്ണതയിൽ അമ്മ മറിയമിൽ നിന്നു ഏറ്റെടുത്ത മനുഷ്യത്വവും ഇതു പിന്നീട് ഉരിഞ്ഞു മാറ്റുകയും ദൈവത്വമായിരുന്നത് മനുഷ്യത്വം ധരിക്കയും ചെയ്തു. വചനത്തിൽ ദൈവ പുത്രനെന്നതിനാൽ അർത്ഥമാക്കിയിരിക്കുന്നതും ദിവ്യമനുഷ്യനെ ന്നതിനാലും വിളിക്കുന്നതു ഇക്കാരണം കൊണ്ടാണ്. കർത്താവിന്റെ മനുഷ്യാവതാരത്തെ കുറിച്ച് പ്രമാണത്തിൽ ആദ്യ ഭാഗത്തായി രേഖപ്പെടുത്തിയിരിക്കുന്നതിൽ ഉദ്ദേശിക്കപ്പെടുന്നത് കർത്താവ് താൻ അപമാനത്തിന്റെ തലത്തിൽ മാതൃസഹജമായ

മനുഷ്യത്വത്തേയും താൻ മഹിമപ്പെടലിന്റെ അവസ്ഥയിൽ ആയിരുന്നപ്പോൾ ദിവ്യമനുഷ്യത്വത്തേ യുമാണൂ ഉദ്ദേശിക്കുന്നതു.

പ്രമാണത്തിൽ ആദ്യ ഭാഗത്തായി തുടർന്നുവരുന്ന ഖണ്ഠികകൾ താൻ അപമാനത്തിന്റെ അവസ്ഥയിൽ ആയിരുന്ന മാതൃസഹജമായ മനുഷ്യത്വത്തെ ബന്ധപ്പെട്ടിട്ടുള്ളതാണ്:

ഈ ലോകത്തിലേക്കു ജനിച്ച പിതാവിന്റെ ദൈവസത്ത, അമ്മയിൽ നിന്നും ഈ ലോകത്തിൽ ജനിച്ച മനുഷ്യസത്തയായ യേശുക്രീസ്തു ദൈവവും മനുഷ്യനുമായിരുന്നു, യുക്തി സഹമായ ആത്മാവോടും മനുഷ്യ ശരീരത്തോടും കൂടെ ദൈവത്വത്തിൽ പിതാവിനോടു സമനും മനുഷ്യത്വത്തിൽ പിതാവിനോടു അൽപം താഴ്ചയുള്ളവനും ആയ പരിപൂർണ്ണ മനുഷ്യനും പരിപൂർണ്ണ ദൈവവും എന്നതാണു.

കൂടാതെ:

> ഈ മനുഷ്യത്വം ദിവ്യത്വത്തിലേക്കു പരിവർത്തിതപ്പെടുത്തുകയോ അതിനൊടുകൂടെ സമ്മിശ്രപ്പെടുത്തുകയോ അല്ലായിരുന്നു പിന്നെയോ അതു ഉരിഞ്ഞുകളഞ്ഞിട്ടു അതിന്റെ സ്ഥാനത്തു ദിവ്യമനുഷ്യത്വം ഏറ്റെടുക്കുകയായിരുന്നു.

അതിനു ശേഷം പ്രമാണത്തിൽ തുടർന്നു വരുന്ന ഖണ്ഠികകൾ താൻ മഹിമപ്പെടലിന്റെ അവസ്ഥയിൽ ആയിരുന്ന ദിവ്യ മനുഷ്യത്വത്തെ സംബന്ധിച്ചുള്ളതാണു:

> നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവപുത്രനാണെങ്കിലും അവൻ ദൈവവും മനുഷ്യനുമാണൂ, അവിടെ രണ്ടു പേർ ഇല്ല, എന്നാൽ ഒരു ക്രിസ്തു, വാസ്തവത്തിൽ എല്ലാം കൂടി ചേർന്നു ഒരു വ്യക്തി, ദേഹിയും ദേഹവും ഒന്നു ചേർന്നു ഒരു മനുഷ്യനാക്കുന്നതു പോലെ അങ്ങനെ തന്നെ ദൈവവും മനുഷ്യനും ഒരു ക്രിസ്തു ആണു.

**60** പ്രമാണ പ്രകാരം ദൈവവും മനുഷ്യനും കർത്താവിൽ രണ്ടല്ല, ഒന്നാകുന്നു, ഒരു വ്യക്തി ആകുന്ന പോലെ തന്നെ ദേഹവും ദേഹിയും ചേർന്ന് ഒരു വ്യക്തി ആയിരിക്കുന്ന പോലെ ദൈവവും മനുഷ്യനും ചേർന്ന ഏകവ്യക്തിയാണ് ക്രിസ്തു. കർത്താവു തന്നെ അരുളി ചെയ്തിട്ടുള്ള അനവധി കാര്യങ്ങളിൽ നിന്ന് ഇത് വ്യക്തമായി വെളിപ്പെടുന്നു. ഞാനും പിതാവും ഒന്നാകുന്നു എന്ന് കർത്താവു അരുളി ചെയ്തിട്ടുണ്ടല്ലോ. ദൈവത്തിന്ന് അതായത് പിതാവിന്ന് ഉള്ളവയെല്ലാം തന്റേതാകുന്നു എന്ന് കർത്താവ് അരുളിചെയ്തിരിക്കുന്നു. അതുപോലെ തന്നെ അവന്റേത് എല്ലാം പിതാവിന്റേത് ആണെന്നും കർത്താവ് അരുള് ചെയ്തിരിക്കുന്നു. അതുപോലെ തന്നെ താൻ പിതാവിലും പിതാവ് തന്നിലും ആണെന്നും, എല്ലാ സംഗതികളും പിതാവിന്റേത് ആണെന്നും എല്ലാ സംഗതികളും പിതാവ് തന്റെ കൈയ്യിൽ ഭാരമേൽപ്പിച്ചിരിക്കുന്നു എന്നും തനിക്ക് എല്ലാ അധികാരവും എല്ലാ ശക്തിയുമുണ്ടെന്ന് താൻ തന്നെയാണ് സ്വർഗ്ഗത്തി ന്റേയും ഭൂമിയുടേയും ദൈവം എന്നും അവനിൽ വിശ്വസിക്കുന്ന ഏവർക്കും

നിത്യജീവൻ ഉണ്ടെന്നും കർത്താവ് അരുളി ചെയ്തു അതിനുപരിയായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവനിലെ ദൈവീകത്വം മാനുഷികത്വം ഒരുമിച്ച് സ്വർഗ്ഗോന്നതങ്ങളിലേക്ക് എടുക്കപ്പെട്ടു. അതുപോലെതന്നെ അവയെ രണ്ടിനെ സംബന്ധിച്ച് പ്രസ്താവിക്ക പ്പെട്ടിട്ടുള്ളത് അവർ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുവശത്ത് ഇരിക്കുന്നു എന്നത്രേ അതിന്റെ അർത്ഥം അവൻ (കർത്താവ്) സർവ്വശക്തനാണ് എന്നത്രേ തിരുവചനത്തിൻ നിന്ന്, അനവധി ഇടങ്ങളിൽ കൂടുതൽ വേദഭാഗങ്ങൾ കർത്താവിന്റെ മനുഷ്യത്വത്തെ കുറിച്ചു ഉദ്ധരിച്ചിരിക്കുന്നു, എല്ലാം സാക്ഷ്യപ്പെടുത്തുന്നതു ആളത്വത്തിലും സാരാംശത്തിലും ദൈവം ഒരുവൻ, ത്രിത്വം ആരിലാണോ അവൻ തന്നെയാണു കർത്താവും ദൈവവും

**61** കർത്താവിനെ സംബന്ധിച്ചുള്ള ഈ സത്യങ്ങളിൽ ഇപ്പോൾ ആദ്യമായി പ്രസിദ്ധമാക്കപ്പെടുകയാണ്, എന്തെന്നാൽ അത് വെളിപ്പാട് 21 ലും 22 ലും പ്രവചിക്കപ്പെട്ടിട്ടുണ്ട്. അതായത് ഈ ഉപദേശം സുപ്രധാനവും മുഖ്യവുമായ സ്ഥാനം നൽകപ്പെട്ടിട്ട് പുതിയ സഭ മുൻസഭയുടെ പര്യവസാനത്തിങ്കൽ, കർത്താവിനാൽ സ്ഥാപിതമാകുന്ന താണ്. പുതിയ യെരൂശലേം എന്ന് വിളിക്കപ്പെട്ടിരിക്കുന്ന സ്ഥാനത്താണ് പുതിയ സഭ സ്ഥാപിതമാക്കുന്നത്. അതിൽ പ്രവേശനം ലഭ്യമാക്കുന്നവർ ആരെന്നാൽ, സ്വർഗ്ഗത്തിന്റേയും, ഭൂലോകത്തിന്റെയും ദൈവമായവൻ കർത്താവ് മാത്രമാണെന്ന് ഏറ്റുപറഞ്ഞ് വിശ്വസിക്കുന്നവർ മാത്രം ആയിരിക്കും. വിശ്വജനീനമായ സ്വർഗ്ഗലോകം സമസ്തവും കർത്താവിനെ മാത്രമാണു അംഗീകരിച്ചിരിക്കുന്നുവെന്നു വിളംമ്പരം ചെയ്യാൻ എന്നെ അനുവദിക്ക പ്പെട്ടിരിക്കുന്നു. മാത്രവുവല്ല കർത്താവിനെ ദൈവമായി അംഗീരിച്ചി ട്ടില്ലാത്ത ആർക്കും സ്വർഗ്ഗത്തിലേക്ക് പ്രവേശനം ലഭിക്കുകയില്ല. അതിനു കാരണം കർത്താവിൽ നിന്നുള്ള സ്വർഗ്ഗമാണു സ്വർഗ്ഗം. യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് പഠിപ്പിക്കുന്നതു പോലെ, ഇപ്രകാരം സ്നേഹത്തിലൂടെയും, വിശ്വാസത്തിലൂടെയും അംഗീകരിക്കുന്ന തിനാലത്രേ സ്വർഗ്ഗത്തിലുള്ളവർ എല്ലാവരും കർത്താവിൽ ആയിരിക്കുകയും കർത്താവ് അവരിൽ ആയിരിക്കുകയും ചെയ്യുന്നുത്.

യോഹന്നാന്റെ സുവിശേഷത്തിൽ :

> ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്ന് നിങ്ങൾ അന്ന് അറിയും. യോഹ 14:20

വീണ്ടും യോഹന്നാനിൽ:

> എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും.......
>
> ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞ് നിങ്ങൾ ഒന്നും ചെയ വാൻ കഴിയുകയില്ല എന്നിൽ വസിക്കുന്ന ഒരു കൊമ്പ് പോലെ പുറത്ത് കളഞ്ഞിട്ട് അവൻ ഉണങ്ങി പോകുന്നു. യോഹ 15:4,5,6;17:22,23

(2) വചനത്തിൽ നിന്ന് ഇത് മുമ്പ് കണ്ടെത്തിയിരുന്നില്ല ഒരു പക്ഷെ, കണ്ടുപിടിച്ചിരുന്നാൽ തന്നെ അത് അംഗീകരിക്കപ്പെടുക യില്ലായിരുന്നു.

എന്ത് കൊണ്ടന്നാൽ അന്ത്യ ന്യായവിധി നിർവ്വഹിക്കപ്പെട്ടിരുന്നില്ല. അതിനു മുമ്പ് സ്വർഗ്ഗീയശക്തിയുടെ മേൽ നരകീയശക്തി പ്രബല പ്പെട്ടിരുന്നു. ആകയാൽ കർത്താവിനെ സംബന്ധിച്ചുള്ള ഈ ഉപദേശം വളരെ മുമ്പു തന്നെ കണ്ടെത്തിയിരുന്നിങ്കിൽ പിശാച് (നരകം) മനുഷ്യ ഹൃദയങ്ങളിൽ പറിച്ചെടുത്തിട്ടു അതിനെ തെറ്റിച്ചു അശുദ്ധമാക്കു മായിരുന്നു. ഇപ്പോൾ നിവൃത്തീകരിച്ച അന്ത്യന്യായവിധിയാൽ നരകീയ ശക്തിയുടെ അവസ്ഥകളെ നിശേഷം തകർത്തു കളഞ്ഞിരിക്കുന്നു. ഇപ്പോൾ ആഗ്രഹിക്കുന്ന എതൊരു മനുഷ്യനും ആത്മപ്രകാശനം പ്രാപിപ്പാനും ജ്ഞാനം സമ്പാദിക്കാനും കഴിയും.

ഈ വിഷയത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനായി സ്വർഗ്ഗവും നരക വും എന്ന കൃതിയിൽ അതിന്റെ 589–596 നമ്പർ ഭാഗങ്ങളും, 597–603 എ ന്നി ഭാഗങ്ങളും പ്രത്യേക ശ്രദ്ധിക്കുക. അന്ത്യന്യായവിധിയെക്കുറിച്ച് നൽ കിയിക്കുന്ന ചെറിയ പ്രബന്ധം പ്രത്യേകം വായിക്കുക വിശിഷ്യാ 65–72 ന മ്പർ വിശദീകരണങ്ങളും 73– 74 നമ്പർ വിശദീകരണങ്ങളും ശ്രദ്ധയോടെ വായിക്കുക.

## XII

## വെളിപ്പാടിലുള്ള നവയെരൂശലേം എന്നാൽ പുതിയ സഭ എന്നാണ് അർത്ഥം

**62** വെളിപ്പാടിൽ ക്രിസ്തീയ സഭയുടെ അവസ്ഥയെക്കുറിച്ച് പ്രതിപാദിച്ചതിനു ശേഷം അത് ഇപ്പോൾ ആയിരിക്കുന്നതും അതിന്റെ അന്ത്യത്തോട് അടുത്തു കൊണ്ടിരിക്കുന്നതുമായ ക്രിസ്തീയ സഭ ആ സഭയുമായി പരാമർശിക്കപ്പെട്ടിട്ടുള്ള കള്ള പ്രവചകൻ മഹാസർപ്പം, വേശ്യ, ജീവികൾ എന്നിവ നരകത്തിലേക്ക് തള്ളപ്പെട്ടു, അത് അപ്രകാരം അന്ത്യന്യായവിധി ശേഷം നിവൃത്തിയായി. വെളിപ്പാടു പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു ഒന്നാമത്തെ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും, ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞു പോയി. സമുദ്രവും ഇനി ഇല്ല പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നും ദൈവസന്നിധിയിൽ നിന്നും തന്നേ ഇറങ്ങുന്നതും ഞാൻ കേട്ടത് ഇതാ മനുഷ്യരോടുകൂടി ദൈവത്തിന്റെ കൂടാരം, അവൻ അവരോടു കൂടെ വസിക്കും അവർ അവന്റെ ജനമായിരിക്കും ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെഇരിക്കും. വെളി 21:1–3 സിംഹാസനത്തിലിരിക്കുന്നവൻ; ഇതാ ഞാൻ സകലവും പുതുതാ ക്കുന്നു എന്ന് അരുളിച്ചെയ്തു, എഴുതുക ഈ വചനം വിശ്വാസ യോഗ്യവും സത്യവും ആകുന്നു എന്നു അവൻ കൽപ്പിച്ചു. വെളി : 21:1,3 ,5

ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും നീങ്ങിപ്പോയതിനുശേഷം യോഹന്നാൻ ദർശിച്ചതായ പുതിയ ആകാശവും പുതിയ ഭൂമിയും, പുതിയ നക്ഷത്രങ്ങൾ നിറഞ്ഞ പുതിയൊരു അന്തരീക്ഷമുള്ള ആകാശമല്ല, മാനുഷീക നേത്രങ്ങൾക്കുമുമ്പിൽ പ്രത്യക്ഷമാകുന്ന ആകാശമണ്ഡലമോ, മനുഷ്യർക്ക് വസിപ്പാനുള്ള പുതിയൊരു ഭൂമിയോ അല്ല യോഹന്നാൻ ദർശിച്ചത്. പ്രത്യുത ആത്മീയ ലോകത്തിലും സ്വാഭാവിക ലോകത്തിലുമുള്ള നവീകരിക്കപ്പെട്ട പുതിയ സഭയെ ആണ് ദർശിച്ചത്. സഭയുടെ നവീകരണം ആണ് പുതിയ ആകാശവും പുതിയ ഭൂമിയും കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

കർത്താവ് ഭൂലോകത്തിൽ ഉണ്ടായിരുന്നപ്പോൾത്തന്നെ ആത്മീയലോകത്തിലും ഭൗതികലോകത്തിലും സഭയ്ക്ക് നവീകരണം ഉണ്ടായിക്കഴിഞ്ഞു. അതുപോലെതന്നെ സമാനമായ മറ്റൊരു പ്രവചനം – യെശയ്യാവ് 65:17; 66:22, അന്യത്ര – പ്രവാചകന്മാരിലൂടെ നൽകപ്പെട്ടിരുന്നത്: “ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു, മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല” എന്നാകുന്നു. ആകയാൽ ഈ പ്രവചനം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് നേത്രങ്ങളാൽ ദൃശ്യമാകാവുന്ന പുതിയ ആകാശമോ, മനുഷ്യവാസം ഉള്ള പുതിയ ഭൂമിയോ അല്ലതന്നെ. ആത്മീയലോകം എന്നതിൽ വിവക്ഷിക്കപ്പെടുന്നത് ദൂതന്മാരും ആത്മാക്കളും വസിക്കുന്ന ലോകം എന്നാണ്. ഭൗതികലോകം എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് മനുഷ്യർ വസിക്കുന്ന ഭൂലോകം എന്നാകുന്നു. ആത്മീയ ലോകത്തിൽ സഭയുടെ നവീകരണം ഈ സമീപകാലത്ത് സംഭവിച്ചുകഴിഞ്ഞു. ഇനി ഭൗതിക ലോകത്തിൽ സഭയ്ക്ക് താമസിയാതെ സംഭവിക്കുന്നതുമാണ്. “അന്ത്യന്യായവിധി” എന്ന കൃതിയിലെ വിവരണത്തിൽ അത് സാന്ദർഭികമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇനിയും ആ കൃതിയുടെ തുടർച്ച പ്രസിദ്ധീകരിക്കുമ്പോൾ കൂടുതൽ കാര്യങ്ങൾ പൂർണ്ണമായിത്തന്നെ രേഖപ്പെടുത്തുന്നതാണ്.

**63** വിശുദ്ധനഗരം (നവയെരൂശലേം) ഉപദേശാനുസാരം നവ്യസഭ തന്നെയാണ്. ദൈവത്തിങ്കൽ നിന്ന് അത് താഴേക്ക് വന്നു ചേരുന്നതായാണ് ദർശനത്തിൽ അപ്പോസ്തലൻ കണ്ടത്. ഇതിന്റെ സാരം വാസ്തവിക സത്യത്തിന്റെ ഉപദേശം ദൈവത്തിൽ നിന്നു മാത്രമേ വരികയുള്ളൂ, ആകാശമണ്ഡലത്തിലൂടെ പുതിയ യെരൂശലേം നഗരമെന്നത് ഉപദേശാനുസാരമുള്ള സഭ എന്നതതാണ്

ആകയാൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

> “ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നതും.... കണ്ടു. വെളി 21:2

തുടർന്ന് ഒരു വേദഭാഗം കൂടെ

'ഏഴ് ദൂതന്മാരിൽ ഒരുത്തൻ വന്ന് എന്നോട് വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം എന്ന് പറഞ്ഞു. അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നൊരു വന്മലയിൽ കൊണ്ടുപോയി. യേരൂശലേമെന്ന വിശുദ്ധനഗരം, സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നെ ദൈവതേജസ്സുള്ളതായി ഇറങ്ങുന്നത് കാണിച്ചുതന്നു."
വെളി 21:9, 10

മണവാട്ടി എന്നും കാന്തയെന്നും വിളിക്കപ്പെട്ടിരിക്കുന്നത് സഭയെയാകുന്നു. അതുപോലെ, ഭർത്താവ് എന്നും കാന്തൻ എന്നും വിളിക്കപ്പെട്ടിരിക്കുന്നത് കർത്താവിനെ ആകുന്നു. സഭ കാന്ത (മണവാട്ടി)യാണ്. അവൾ കർത്താവിനെ (കാന്തനെ/ഭർത്താവിനെ) സ്വീകരിപ്പാൻ ഒരുങ്ങിനിൽക്കുന്നു. അവൾ കാന്തനെ സ്വീകരിക്കുന്നതോടെ കാന്തയായി (ഭാര്യ)ത്തീരുകയായി. കർത്താവ് ഇവിടെ ഭർത്താവിന്റെ (കാന്തന്റെ) പദവിയിൽ സന്നിഹിതനാണ്. എന്തുകൊണ്ടെന്നാൽ മണവാട്ടിയെക്കുറിച്ച് കുഞ്ഞാടിന്റെ കാന്ത എന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

**64** വചനത്തിൽ യെരൂശലേം എന്നതിനാൽ സഭ എന്നാണ് അർത്ഥമാക്കിയിരിക്കുന്നതു. കനാൻ നാട്ടിലെ യെരൂശലേം നഗരത്തിലാണ് ആലയവും യാഗപീഠവും, അവിടെയാണു യാഗങ്ങൾ നിവേദിച്ചിരുന്നതും, അതിൻഫലമായി ദിവ്യ ആരാധാനയും അവിടെ യായിരുന്നു. ആകയാൽ, വർഷം തോറും അവിടെ മൂന്ന് ഉത്സവങ്ങൾ വീതം നടത്തപ്പെട്ടു. ദേശത്തിലെ ഓരോ ആൺപ്രജയും ഉത്സവങ്ങളിൽ പങ്കെടുക്കാൻ കൽപിക്കപ്പെട്ടിരുന്നു, ഈ കാരണത്താൽ യെരുശലേമിനാൽ കുറിക്കുന്നതു ആരാധനയ്ക്കായുള്ള സഭയെ പോലെയാണു. ഉപദേശങ്ങൾക്കനുസരിച്ച് ആരാധന നിർവഹിക്കുന്നതിനായി ഉപദേശത്തിൽ നിഷ്കർശിച്ചിരുന്നു അതനുസരിച്ച് നിർവഹിക്കയും ചെയ്തിരുന്നു. കർത്താവു യെരുശലേമിൽ ആയിരുന്നതു കൊണ്ടും ദേവാലയത്തിൽ പഠിപ്പിച്ചിരുന്നതുകൊണ്ടും അതിനെ തുടർന്നു തന്റെ മനുഷ്യത്വം മഹത്വപ്പെട്ടതും അവിടെ ആയിരുന്നു എന്നതായിരുന്നു മറ്റൊരു കാരണം. കുടാതെ വചനത്തിൽ നഗരത്തിന്റെ ആത്മീയാർത്ഥം കുറിക്കുന്നത് ഉപദേശം എന്നാണു അതിനെ തുടർന്നു വിശുദ്ധനഗരം എന്നതിനാൽ കുറിക്കുന്നത് കർത്താവിങ്കൽ നിന്നുള്ള ദിവ്യ സത്യത്തിന്റെ ഉപദേശം എന്നാണണ്

(2) വചനത്തിൽ മറ്റിതര വേദഭാഗങ്ങളിൽ നിന്ന് യെരൂശലേമെന്നതിനാൽ ഉപദേശത്തിനനുസരിച്ചുള്ള സഭ എന്നു കൂടി അർത്ഥമാക്കുന്നു എന്നു സുവിദിതമാണന്ന് ചുവടെ ചേർക്കുന്ന വേദഭാഗങ്ങൾ നോക്കുക:

യെശയ്യാവിൽ: സീയോനെക്കുറിച്ച് ഞാൻ മിണ്ടാതെ ഇരിക്കയില്ല. യെരൂശലേമിനെക്കുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല. അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ രക്ഷ കത്തുന്ന വിളക്കുപോലെയും വിളങ്ങി വരുവോളം തന്നേ. ജാതികൾ നിന്റെ നീതിയെയും സകല രാജാക്കന്മാരും നിന്റെ മഹത്വത്തെയും കാണും. യഹോവയുടെ വായ് കല്പിക്കുന്ന പുതിയ പേര് നിനക്ക് വിളിക്കപ്പെടും. യഹോവയുടെ

കൈയിൽ നീ ഭംഗിയുള്ള കിരീടവും നിന്റെ ദൈവത്തിന്റെ കൈയിൽ രാജമുടിയും ആയിരിക്കും. നിന്നെ ഇനി അസൂബാ (ത്യക്ത) എന്ന് വിളിക്കയില്ല. നിന്റെ ദേശത്തെ ശെമാമാ (ശൂന്യം) എന്ന് പറകയുമില്ല. നിനക്ക് ഹെഫ്സീബാ (ഇഷ്ട) എന്നും നിന്റെ ദേശത്തിന് ബെയൂലാ (വിവാഹസ്ഥ) എന്നും പേരാകും. യഹോവക്ക് നിന്നോട് പ്രിയമുണ്ടല്ലോ; നിന്റെ ദേശത്തിന്ന് വിവാഹം കഴിയും.... ഇതാ നിന്റെ രക്ഷ വരുന്നു. കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയിലും ഉണ്ട് എന്ന് സീയോൻ പുത്രിയോട് പറവിൻ എന്നിങ്ങനെ യഹോവ ഭൂമിയുടെ അറുതിയോളം ഘോഷിപ്പിച്ചിരിക്കുന്നു. അവർ അവരെ വിശുദ്ധജനം എന്നും യഹോവയുടെ വിമുക്തന്മാർ എന്നും വിളിക്കും. നിനക്കോ അന്വേഷിക്കപ്പെട്ടവൾ എന്നും ഉപേക്ഷിക്കപ്പെടാത്ത നഗരം എന്നും പേര് ആകും." യെശ 62:1-4, 11, 12

ഈ അദ്ധ്യായം സമസ്തവും കർത്താവിന്റെ ആഗമനത്തെയും പുതിയ സഭയുടെ സംസ്ഥാപനത്തെയും കുറിച്ച് പരാമർശിക്കുന്നു. ഈ പുതിയ സഭയാണ് ഇവിടെ, യെരൂശലേം എന്ന് വിവക്ഷിക്കപ്പെടുന്നത്. അത് ഒരു പുതിയ നാമധേയത്താൽ വിളിക്കപ്പെടും. യഹോവയുടെ വായിൽ നിന്ന് അതിന്റെ പേര് പുറപ്പെടും. അത് യഹോവയുടെ കൈയിൽ മഹത്വത്തിന്റെ കിരീടം ആയിരിക്കും. അപ്രകാരം തന്നെ ദൈവത്തിന്റെ കൈയിൽ രാജകീയ കിരീടം ആയിരിക്കും. അതിൽ യഹോവ ആനന്ദിക്കുകയും അതിനെ കണ്ടെത്തിയ നഗരം എന്ന് വിളിക്കും, ഉപേക്ഷിക്കപ്പെട്ടത് എന്നല്ല. യേശു ഭൂലോകത്തിലേക്ക് വന്നപ്പോൾ യഹൂദന്മാർ അധിവസിച്ചിരുന്ന പ്രദേശമായിരുന്നു യെരൂശലേം. ഇത് തികച്ചും വൈരുദ്ധ്യാത്മക സംഗതിയാണ്. ആ നഗരം അന്ന് സോദോം എന്ന് വിളിപ്പെടാവുന്നതായിരുന്നു. വെളിപാട് 11:8 യെശയ്യാവ് 3:9, യിരെമ്യാവ് 23:14, യെഹെസ്കേൻ 16: 46,48 എന്നിവയിൽ അപ്രകാരം വിളിക്കപ്പെട്ടിരിക്കുന്നത് നോക്കുക.

(3) യെശയ്യാവിന്റെ മറ്റ് ഭാഗങ്ങളിൽ:

"ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു, മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല. ഞാൻ സൃഷ്ടിക്കുന്നതിനെക്കുറിച്ച് നിങ്ങൾ സന്തോഷിച്ച് എന്നെന്നേക്കും ഘോഷിച്ചുല്ലസിപ്പിൻ. ഇതാ ഞാൻ യെരൂശലേമിനെ ഉല്ലാസപ്രദമായും അതിലെ ജനത്തെ ആനന്ദപ്രദമായും സൃഷ്ടിക്കുന്നു. ഞാൻ യെരൂശലേമിനെക്കുറിച്ച് സന്തോഷിക്കയും എന്റെ ജനത്തെക്കുറിച്ച് ആനന്ദിക്കുകയും ചെയ്യും. കരച്ചിലും നിലവിളിയും ഇനി അതിൽ കേൾക്കയില്ല. കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും, ആയുസ്സു തികയാത്ത വൃദ്ധനും, അവിടെ ഇനി ഉണ്ടാകയില്ല. ബാലൻ നൂറുവയസ്സ് പ്രയാമുള്ളവനായി മരിക്കും, പാപിയോ നൂറുവയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവൻ എന്നേ വരൂ.

ചെന്നായും കുഞ്ഞാടും ഒരുമിച്ച് മേയും, സിംഹം കാള എന്നപോലെ, വൈക്കോൽ തിന്നും, സർപ്പത്തിന്ന് പൊടി ആഹാരമായിരിക്കും. എന്റെ

വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്ക യില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു. യെശ 65:17–19, 25

കർത്താവിന്റെ ആഗമനത്തെക്കുറിച്ചും, സഭ അവനാൽ സ്ഥാപിതമാകുന്നതിനെക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിലും പരാമർശിക്കുന്നത്. നാളിതുവരെ യെരൂശലേമിൽ നിവസിച്ചിരുന്നവർക്ക് അത് നിർവ്വഹിക്കുവാൻ കഴിയില്ല. യെരൂശലേമിന് പുറത്തുള്ളവർക്കേ അത് കഴിയുന്നുള്ളൂ. ആകയാൽ കർത്താവിന്റെ ആനന്ദമായിരിക്കേണ്ടതായ യെരൂശലേമെന്ന സഭ ഇതുതന്നെയാകുന്നു. അതിലെ ജനങ്ങൾ അവന്ന് സന്തോഷം ആയിരിക്കണം. അതുപോലെ തന്നെ ചെന്നായും കുഞ്ഞാടും ഒരുമിച്ചുമേയുകയും, മനുഷ്യർ യാതൊരു അനർത്ഥവും ഉണ്ടാക്കാതിരിക്കുകയും ചെയ്യുന്നതാണ്. വെളിപ്പാടിൽ എന്നപോലെ തന്നെ ഈ അദ്ധ്യായത്തിലും പ്രസ്താവിക്കുന്നത് കർത്താവ് താനും പുതിയൊരു ആകാശത്തെയും പുതിയൊരു ഭൂമിയെയും സൃഷ്ടിക്കുമെന്നാകുന്നു; അതുപോലെതന്നെ, സമാനമായുള്ള സംഗതികൾ സംഭവിക്കുകയും അവൻ പുതിയ യരൂശലേം നിർമ്മിക്കുകയും ചെയ്യുന്നതാകുന്നു.

യെശയ്യാവിൽ മറ്റൊരിടത്ത്:

"സീയോനേ, ഉണരുക, ഉണരുക, നിന്റെ ബലം ധരിച്ചുകൊൾക, വിശുദ്ധ നഗരമായ യെരൂശലേമേ, നിന്റെ അലങ്കാരവസ്ത്രം ധരിച്ചുകൊൾക; ഇനിമേൽ, അഗ്രചർമ്മിയും അശുദ്ധനും, നിന്നിലേക്ക് വരികയില്ല. പൊടി കുടഞ്ഞു കളക. യെരൂശലേമേ, എഴുന്നേറ്റ് ഇരിക്ക. ബദ്ധയായ സീയോൻ പുത്രീ, നിന്റെ കഴുത്തിലെ ബന്ധനങ്ങളെ അഴിച്ചുകളക.... അതുകൊണ്ട് എന്റെ ജനം എന്റെ നാമത്തെ അറിയും. അതുകൊണ്ട് ഞാൻ ഞാൻ തന്നേയാകുന്നു. പ്രസ്താവിക്കുന്നവൻ എന്ന് അവർ അന്ന് അറിയും." യെശ 52:1, 2, 6, 9

ഈ അദ്ധ്യായത്തിലും കർത്താവിന്റെ ആഗമനത്തെയും സഭ കർത്താവിനാൽ സ്ഥാപിതമാകുന്നതിനെയും പരാമർശിക്കുന്നു. ആകയാൽ യാതൊരു അഗ്രചർമ്മിയും അശുദ്ധനും, ഇനിമേൽ ഇവിടേക്ക് കടന്നുവരികയില്ല എന്നതും കർത്താവ് വീണ്ടെടുക്കുന്നവർ തന്റെ സഭയായിത്തീരുമെന്നും പ്രസ്താവിക്കുന്നതിൽ നിന്നും യെരൂശലേം നഗരത്തെ കർത്താവിന്റെ ഉപദേശാനുസാരമുള്ള സഭയായി അംഗീകരിക്കപ്പെടുമെന്നും വ്യക്തമാകുന്നു.

5 സെഫന്യാവിൽ:

"സീയോൻ പുത്രിയെ ഘോഷിച്ച് ആനന്ദിക്ക, യിസ്രായേലേ, ആർപ്പിടുക, യെരൂശലേം പുത്രിയേ പൂർണ്ണ ഹൃദയത്തോടെ സന്തോഷിച്ചുല്ലസിക്ക, യഹോവേ നിന്റെ ന്യായവിധികളെ മാറ്റി നിന്റെ ശത്രുവിനെ നീക്കിക്കളഞ്ഞിരിക്കുന്നു. യിസ്രായേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു. ഇനി നീ അനർത്ഥം കാണുകയില്ല ..........

നിന്റെ ദൈവമായ യഹോവ, രക്ഷിക്കുന്ന വീഞ്ഞായി. നിന്റെ മദ്ധ്യേ ഇരിക്കുന്നു. ഞാൻ നിന്നിൽ അത്യന്തം സന്തോഷിക്കും. തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു. ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും.... ലജ്ജാഭാരം വഹിച്ചവളായ നിനവുള്ളവർ ആയി സംഘത്തെ വിട്ട് ദുഖിക്കുന്നവരെ ഞാൻ ചേർത്തുകൊള്ളും.... ആ കാലത്ത് ഞാൻ നിങ്ങളെ വരുത്തുകയും ആ കാലത്ത് ഞാൻ നിങ്ങളെ ശേഖരിക്കയും ചെയ്യും. നിങ്ങൾ കാണ്മൂ ഞാൻ നിങ്ങളുടെ പ്രവാസികളെ മടക്കി വരുത്തുമ്പോൾ ഞാൻ നിങ്ങളെ ഭൂമിയിലെ സകല ജാതികളുടെയും ഇടയിൽ കീർത്തിയും പ്രശംസയും ആക്കിത്തീർക്കുമെന്ന് യഹോവ അരുളിച്ചെയ്യുന്നു. സെഫ 3:14, 15, 17, 20

അപ്രകാരം തന്നെ, ഇവിടെയും കർത്താവു തന്നെയാണ് ചർച്ചാവിഷയം, അതുപോലെ, അവനിലൂടെയുള്ള സഭയും ഈ സംഗതിയിൽ യിസ്രായേലിന്റെ രാജാവ് സന്തോഷഭരിതനായി ആനന്ദിക്കയും, ഗാനങ്ങൾ ആലപിച്ച് ഉല്ലസിക്കുകയും ചെയ്യും. അവന്റെ സ്നേഹത്തിൽ അവൻ സ്വസ്ഥത അനുഭവിക്കും. അവനിൽ പേരുണ്ടാക്കുകയും, ഭൂലോകത്തിലെ സകല ജനങ്ങളുടെയും ഇടയിൽ സ്തുതിയും പ്രശംസയും ഉളവാക്കുകയും ചെയ്യും.

(6) "നിന്റെ വീണ്ടെടുപ്പുകാരനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. യഹോവയായ ഞാൻ സകലവും ഉണ്ടാക്കുന്നു, ഞാൻ തന്നെ ആകാശത്തെ വിരിക്കയും ഭൂമിയെ പരത്തുകയും ചെയ്തിരിക്കുന്നു. ആർ എന്നോടുകൂടെ ഉണ്ടായിരുന്നു...? ഞാൻ എന്റെ ദാസന്റെ വചനം നിവർത്തിച്ചു. എന്റെ ദൂതന്മാരുടെ ആലോചന അനുഷ്ഠിക്കുന്നു; യെരൂശലേമിൽ നിവാസികൾ ഉണ്ടാകുമെന്നും, യെഹൂദാ നഗരങ്ങൾ പണിയപ്പെടും, ഞാൻ അവരുടെ ഇടിവുകളെ നന്നാക്കും എന്നും കല്പിക്കുന്നു."

യേശ 44:24, 26

അതുപോലെ ദാനിയേലിൽ,

"അതുകൊണ്ട് നീ അറിഞ്ഞ് ഗ്രഹിച്ചു കൊള്ളേണ്ടത് എന്തെന്നാൽ യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായൊരു പ്രഭുവരെ ഏഴ് ആഴ്ചവട്ടം; അറുപത്തിരണ്ട് ആഴ്ചവട്ടം കൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽതന്നേ വീണ്ടും പണിയും." ദാനി 9:25

ഇവിടെയും യരൂശലേമിന്റെ അർത്ഥം സഭ എന്ന് ആണെന്ന് വ്യക്തമാകുന്നു. എന്തുകൊണ്ടെന്നാൽ കർത്താവ് ഇതിനെ പുനഃസ്ഥാപിക്കുകയും പണിയുകയും ചെയ്തു. പക്ഷേ, യഹൂദ്യരുടെ ആസ്ഥാനമായ യെരൂശലേമിനെ അല്ല തന്നെ.

(7) യെരൂശലേം എന്നാൽ കർത്താവിൽ നിന്നുള്ള സഭ എന്നാണ് വിവക്ഷ, തുടർന്ന് വരുന്ന വേദഭാഗങ്ങളിൽ നിന്ന് അത് വ്യക്തമാണ്.

സെഖര്യാവിൽ:

" യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ സീയോനിലേക്ക് മടങ്ങിവന്ന് യെരൂശലേമിന്റെ മദ്ധ്യേ വസിക്കും, യേരൂശലേമിനന് സത്യനഗരം എന്നും, സൈന്യങ്ങളടെ യഹോവയുടെ പർവ്വതത്തിന് വിശുദ്ധപർവ്വതം എന്നും പേർ പറയും.......... സെഖ 8:3, 20-23

യോവേലിൽ:

അങ്ങനെ ഞാൻ എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ എന്ന് നിങ്ങൾ അറിയും. യെരൂശലേം വിശുദ്ധമായിരിക്കും. അന്യജാതിക്കാർ ഇനി അതിൽ കൂടി കടക്കയും ഇല്ല. അനനാളിൽ പർവ്വതങ്ങൾ പുതുവീഞ്ഞ് പൊഴിക്കും. കുന്നുകൾ പാല് ഒഴുക്കും, യെഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുക്കും. യഹോവയുടെ ആലയത്തിൽ നിന്ന് ഒരു ഉറവ് പുറപ്പെട്ട് ശിത്തീം താഴ്വരയെ നനയ്ക്കും..... യെഹൂദെക്കോ സദാ കാലത്തേക്കും യെരൂശലേമിന്ന് തലമുറ തലമുറയോളം നിവാസികളുണ്ടാകും." യോവേൽ 3:17, 18, 20

യെശയ്യാവിൽ:

"അന്നാളിൽ യഹോവയുടെ മുള ഭംഗിയും മഹത്വവും ഉള്ളതും ഭൂമിയുടെ ഫലം യിസ്രായേലിലെ രക്ഷിതഗണത്തിന് മഹിമയും അഴകും ഉള്ളതും ആയിരിക്കും. കർത്താവ് ന്യായവിധിയുടെ കാറ്റുകൊണ്ടും സീയോൻ പുത്രിമാരുടെ മലിനത കഴികികളകയും യെരൂശലേമിന്റെ രക്തപാതകം അതിന്റെ നടുവിൽ നിന്ന് നീക്കി വെടിപ്പാക്കുകയും ചെയ്തതിനു ശേഷം സീയോനിൽ മിഞ്ചിയിരിക്കുന്നവനും, യേരൂശലേമിൽ ശേഷിച്ചിരിക്കുന്നവനും, ഇങ്ങനെ യെരൂശലേമിൽ ജീവനുള്ളവരുടെ കൂട്ടത്തിൽ പേർ എഴുതിയിരിക്കുന്ന ഏവനും തന്നെ വിശുദ്ധൻ എന്ന് വിളിക്കപ്പെടും. യെശ 4:2, 3

മിഖായിൽ:

"അന്ത്യകാലത്ത് യഹോവയുടെ ആലയം ഉള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും, കുന്നുകൾക്ക് മീതെ, ഉന്നതവുമായിരിക്കും; ജാതികൾ അതിലേക്ക് ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്ന് വരുവിൻ നമുക്ക് യഹോവയുടെ പർവ്വതത്തിലേക്കും യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കും കയറിച്ചെല്ലാം. അവൻ നമുക്ക് തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളൽ നടക്കയും ചെയ്യും എന്ന് പറയും............ നീയോ ഏദെർ ഗോപുരമേ, സീയോൻ പുത്രിയുടെ ഗിരിയേ, നിനക്കുവരും, പൂർവ്വാധിപത്യം, യെരൂശലേം പുത്രിയുടെ രാജത്വം തന്നേ, നിനക്കുവരും." മിഖാ 4:1,2, 8

യിരെമ്യാവിൽ:

"ആ കാലത്ത് യെരൂശലേമിന്ന് യഹോവയുടെ സിംഹാസനം എന്ന് പേരാകും. സകല ജാതികളും അവിടേക്ക്, യെരൂശലേമിലേക്കു തന്നെ യഹോവയുടെ നാമം നിമിത്തം വന്നുചേരും. തങ്ങളുടെ ദുഷ്ട ഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കയുമില്ല. (കൺഫർമേഷ്യോ)യിരെമ്യാവ് 3:17

യെശയ്യാവിൽ വീണ്ടും

"നമ്മുടെ ഉത്സവങ്ങളുടെ നഗരമായ സീയോനെ നോക്കുക, നിന്റെ കണ്ണ് യെരൂശലേമിനെ സ്വൈരനിവാസമായും, ഒരിക്കലും നീങ്ങിപ്പോകാത്തതും കുറ്റി ഒരുനാളും ഇളകിപ്പോകാത്തതും കയറ് ഒന്നും പൊട്ടിപ്പോകാത്തതുമായ കൂടാരമായും കാണും." യെശ 33:20

അതേ പോലെ മറ്റു പല വേദഭാഗങ്ങളിലും

യെശയ്യാവ് 24:23; 37:32, 66:10-14; സെഖര്യാവ് 12:3, 6, 8-10; 14:8, 11, 12, 21, മലാഖി 3:1, 4; സങ്കീർത്തനങ്ങൾ 132: 1-7; 137:4-6

(8) ഈ വേദഭാഗങ്ങളിലെല്ലാം പരാമർശിക്കപ്പെടുന്ന യെരൂശലേം, കർത്താവ് സ്ഥാപിപ്പാനുണ്ടായിരുന്നതും, സ്ഥാപിച്ചതുമായ സഭയാണ്. അല്ലാതെ യെഹൂദന്മാർ അധിവസിക്കുന്ന കനാൻ നാട്ടിലെ യെരൂശലേം നഗരമല്ല. തിരുവചനത്തിൽ നിന്ന് നമുക്ക് ഗ്രഹിപ്പാൻ കഴിയുന്നത് നഗരമായ യെരൂശലേം പിന്നീട് പരിപൂർണ്ണമായി നശിക്കപ്പെടുകയും നാമാവശേഷമാക്കപ്പെടുകയും ചെയ്യുമെന്നാകുന്നു.

യിരെമ്യാവ് 5:1; 6:6, 7; 7:17, 17 എന്നിവയും തുടർന്നുള്ള വാക്യങ്ങൾ 8:5-8, തുടർച്ച; 9:11, 12, 14, തുടർച്ച; 13:9, 10, 14; 14:16; വിലാപങ്ങൾ 1:8, 9, 17; യെഹെ 4:11- അവസാനം വരെ, 5, 9 അവസാനം വരെ, 12:18, 18; 15: 6-8, 16:1-63; 23:1-49, മൊത്തം 23:37 (33) ലൂക്കേ 19:41-44; 31:20-22, 23, 28 -30; കൂടാതെ 39, മറ്റ് പല ഭാഗങ്ങളിലും.

**65** വെളിപ്പാടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഞാൻ കണ്ടു എന്ന്) "പുതിയൊരു ആകാശവും പുതിയൊരു ഭൂമിയും ഞാൻ കണ്ടു" അതിന്ന് ശേഷം "കണ്ടാലും, ഇതാ ഞാൻ എല്ലാം പുതുതാക്കുന്നു. ഇതിൽ നിന്ന് വിവക്ഷിക്കപ്പെടുന്നത് മുമ്പ് ഇല്ലാതിരുന്നതും ഇതുവരെ ഉണ്ടാകാത്തതുമായ ഒരു പുതിയ ഉപദേശം ഞാൻ സ്ഥാപിതമാക്കും. ആദ്യത്തെ സഭയ്ക്ക് ആ ഉപദേശം ഉണ്ടായിരുന്നില്ല. ഇതുവരെയും അത് നൽകപ്പെടാത്തതിന്റെ കാരണം, അത് നൽകപ്പെട്ടിരുന്നെങ്കിൽ ആരും അത് അംഗീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്യുകയില്ലായിരുന്നു. മാത്രമല്ല, അന്ന് അന്ത്യന്യായവിധി നടപ്പാക്കപ്പെട്ടതുമില്ല. അത് നാളിതുവരെ നരകത്തിന്റെയും പാതാളത്തിന്റെയും അധീനതയിലായിരുന്നു, സ്വർഗ്ഗത്തിന്റെ അധീനതയിലല്ലായിരുന്നു. ആകയാൽ അതിനെ ഇതിനു മുമ്പായി നൽകിയിരുന്നെങ്കിൽ, കർത്താവ് തന്റെ വായിൽ നിന്ന് നൽകിയിരുന്നാലും, അത് മനുഷ്യനോടൊപ്പം ഉണ്ടാകുമായിരുന്നില്ല. ആരുടെയും പക്കൽ അത് ലഭ്യമാകും.

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഒരേ ഒരു ദൈവം കർത്താവ് മാത്രമാണെന്ന് അംഗീകരിച്ച് വിശ്വസിക്കുന്നവർക്കു മാത്രം. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള 61–ാം നമ്പർ ഭാഗം ശ്രദ്ധിക്കുക.

എങ്കിലും ഈ ഉപദേശം മുന്നമേ തിരുവചനത്തിൽ നൽകപ്പെട്ടിട്ടുണ്ട്. എങ്കിൽ തന്നെയും, സഭ സ്ഥാപിതമായിട്ട് അധികകാലങ്ങൾ കഴിയുന്നതിനു മുമ്പുതന്നെ, സഭ ബാബിലോണിലേക്ക് കൊണ്ടു പോകപ്പെടുകയും അനന്തരം മറ്റുള്ളവരോടൊപ്പം ഫെലിസ്ത്യായിലേക്ക് പോകാനിടയാകുകയും ചെയ്തതിനാൽ വചനത്തിൽ പിന്നീട് ആ ഉപദേശം കാണാനിടയാകാതെയായി. എന്തുകൊണ്ടെന്നാൽ, സഭയുടെ ഉപദേശങ്ങളും, സിദ്ധാന്തങ്ങളും, മതപരമായ രീതിയിൽ, മതത്തെ സംബന്ധിക്കുന്നതായി വചനത്തിൽ നിന്നാണ് സ്വീകരിച്ചു കൊള്ളുന്നത്.

ഈ പ്രബന്ധത്തിൽ ഉൾക്കൊള്ളുന്ന സത്യങ്ങൾ, പൊതുവിൽ ഇപ്രകാരം സംഗ്രഹിക്കാം:

1. ദൈവം സത്തയിലും സാരംശത്തിലും ഏകനാണ്. ആ ദൈവം കർത്താവ് ആകുന്നു.

2. തിരുവചനത്തിലെ പരിശുദ്ധ വചനങ്ങളെയും അവനെ മാത്രമാണ് ദൈവമായി പ്രകീർത്തിക്കുന്നത്.

3. അവൻ ഭൂലോകത്തിലേക്കു വന്നത് നരകങ്ങളെ അധീനമാകുവാനും തന്നിലെ മനുഷ്യത്വത്തെ മഹത്വീകരിക്കുന്നതിനുമാണ്, അവൻ അവയെ അമർച്ച ചെയ്ത് കീഴടക്കിയത് പ്രലോഭനങ്ങളേയും പീഠനങ്ങളേയും അവങ്കലേക്കു തന്നെ അനുവദിക്കായാലും അന്തിമമായി ക്രൂശിലെ പീഢാസഹനങ്ങളെ വിജയകരമായി സ്വീകരിച്ചുകൊണ്ടും ആയിരുന്നു. അതായത്, അതിനാൽ അവൻ വീണ്ടെടുപ്പുകാരനും, രക്ഷിതാവും ആയിത്തീർന്നു. ആകയാൽ അതിന്റെ യോഗ്യതയും നീതിയും അവന്നുള്ളതാകുന്നു.

4. ന്യായപ്രമാണത്തെ അവൻ സമ്പൂർണ്ണമായി നിറവേറ്റി എന്നതിന്റെ സാരം അവൻ വചനത്തിലെ എല്ലാം നിറവേറ്റി എന്നാകുന്നു.

5. കുരിശിലെ പീഢാസഹനത്തിലൂടെ അവൻ പാപങ്ങളെ ദൂരീകരിച്ചു എന്നല്ല, പാപങ്ങളെ തന്റെ മേൽ വഹിച്ചു എന്നാകുന്നു. ഒരു പ്രവാചകനെപ്പോലെ, അതായത് യെഹൂദസഭ വചനത്തോടു എപ്രകാരം അതിക്രമം ചെയ്തുവോ അപ്രകാരം അവൻ തന്നെ സഭയെ പ്രതിനിധാനം ചെയ്തു.

6. മാനസാന്തരത്തെ തുടർന്നു വരുന്ന പാപപരിഹാരമാണെന്നു ഗ്രഹിക്കാത്ത പക്ഷം യോഗ്യതാരോപണം മറ്റൊന്നും അർത്ഥമാക്കുന്നില്ല. അത്തരത്തി ലുള്ള സത്യങ്ങളാണു ഈ പ്രബന്ധത്തിൽ ഉള്ളടങ്ങിയിട്ടുള്ളത്. തുടർന്നുള്ള കൃതികളിൽ വിശുദ്ധ വചനം, ജീവന്റെ ഉപദേശം, വിശ്വാസത്തിന്റെ ഉപദേശം, ദിവ്യസ്നേഹവും ദിവ്യജ്ഞാനവും, കൂടാതെ മറ്റു പല പുതിയ സത്യങ്ങളും ദർശിക്കുന്നതായിരിക്കും.

# തിരുവെഴുത്തുകളെ സംബന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശം

ഇമ്മാനുവേൽ സ്വീഡൻബോർഗിന്റെ

ലത്തീൻ ഭാഷയിലെ ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം 1763–ൽ
ആംസ്റ്റർഡാമിലായിരുന്നു.

ന്യു ചർച്ച് പബ്ലിക്കേഷൻ

ചർച്ച് ഓഫ് ന്യൂജറുസലേം
ഇന്ത്യ
2014

## ഉള്ളടക്കം


അധ്യായം ഖണ്ഡിക

I തിരുവെഴുത്തുകൾ അഥവാ വചനം ദൈവീക സത്യം തന്നെയാകുന്നു ............ 1–4

II ഇതു വരെയും അജ്ഞാതമായിരുന്ന ഒരാത്മീയ അർത്ഥം വചനത്തിൽ ഉണ്ട്. ............ 5–26

1. എന്താണു ആത്മീയ അർത്ഥം. ............ 5–8
2. മുഴുവചനത്തിലും അതിന്റെ ഓരോ ഭാഗങ്ങളിലും ഉള്ള ആത്മീയ അർത്ഥം ............ 9–17
3. ഈ അർത്ഥത്തിന്റെ കാരണം കൊണ്ടു വചനം ദൈവനിവേശിതവും എല്ലാ വചനവും വിശുദ്ധവുമാണു ............ 18–19
4. ഈ അർത്ഥം ഇതുവരേയും അജ്ഞാതമാണു ............ 20–25
5. കർത്താവിൽ നിന്നുള്ള യഥാർത്ഥ സത്യത്തിൽ ആയിരിക്കുന്നവർക്കു മാത്രം ഇനി മുതൽ ഇതു വെളിപ്പെടുത്തുന്നതായിരിക്കും. ............ 26

III വചനത്തിലെ എഴുത്തിന്റെ സാരം,അതിന്റഎ ആത്മീയവും, സ്വർഗ്ഗീയവുമായ അർത്ഥത്തിന്റെ അടിസ്ഥാനവും, വാഹക പാത്രവും, ആത്മീയവും സ്വർഗ്ഗീയവുമായ അർത്ഥങ്ങളുടെ സന്ധാരകനും ആകുന്നു ............ 27–36

IV വചനത്തിന്റെ തിരുവെഴുത്ത് എന്ന അർത്ഥത്തിൽ ദൈവീക സത്യം അതിന്റെ പൂർണ്ണതയിലും, വിശുദ്ധിയിലും, ശക്തിയിലും സ്ഥിതി ചെയ്യുന്നു ............ 37–49

1) നവയെരൂശലേമിന്റെ മതിലുകളുടെ അടിസ്ഥാനമെന്നതിനാൽ അർത്ഥമാക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിന്റെ സത്യങ്ങൾ എന്നതിനാലാണ് ............ 43
2) ഉറീമും തുമ്മീമും എന്നതിനാൽ അർത്ഥമാക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിന്റെ സത്യങ്ങളെയും നന്മകളെയുമാണ് ............ 44
3) യെഹസ്കേലിൽ സോർ രാജാവ് ഉണ്ടായിരുന്ന ഏദൻതോട്ടത്തിലെ വിലയേറിയ കല്ലുകളാൽ അർത്ഥമാക്കിയിരിക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിന്റെ സത്യങ്ങളെയാണ് ............ 45
4) സമാഗമനകൂടാരത്തിന്റെ തിരശ്ശീലകളെയും മൂടുശീലകളെയും എന്നതിനാൽ അർത്ഥമാക്കിയിരിക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തെയാണ്. ............ 46

5) നവയെരൂശലേമിലുള്ള ആലയത്തിന്റെ പുറംതളങ്ങളെന്നതിനാൽ പ്രതിനിധീകരിച്ചിരുന്നത് അക്ഷീരാകർത്ഥത്തിന്റെ ബാഹ്യതകളെയാണ് ........ 47

6) കർത്താവ് രൂപാന്തരപ്പെട്ടപ്പോൾ കർത്താവിനാൽ പ്രതിനിധീകരിക്കുന്നത് വചനത്തിലുള്ള മഹിമകളെയാണ് ........ 48–49

V സഭയുടെ ഉപദേശം വചനത്തിന്റെ എഴുത്തിന്റെ അർത്ഥത്തിൽ നിന്ന് രൂപീകരിക്കപ്പെടേണ്ടതാകുന്നു. അതിനാൽത്തന്നെ സ്ഥീകരിക്കപ്പെടുകയും വേണം. ........ 50–61

1) ഉപദേശം കൂടാതെ വചനം ദുർഗ്രാഹ്യമാണ് ........ 51–52

2) വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ നിന്നും ഉപദേശം എടുക്കേണ്ടതും അതിനാൽ സ്ഥിരീകരിക്കേണ്ടിയുമിരിക്കുന്നു ........ 54

3) വചനത്തിന്റെ ഉറവിടമായിരിക്കുന്ന വാസ്തവികസത്യങ്ങൾ വചനത്തിന്റെ അക്ഷരീകാർത്ഥം കർത്താവിനാൽ ബോധദീപ്തരായവർക്കുമാത്രം വെളിപ്പെടുത്തുന്നതാണ് ........ 57–61

VI വചനത്തിന്റെ അക്ഷരീകാർത്ഥത്തിനാൽ കർത്താവുമായുള്ള സംയോഗവും ദൂതന്മാരുമായി സംസർഗ്ഗവും ഉണ്ട്. ........ 62–69

VII എല്ലാ സ്വർഗ്ഗങ്ങളിലുമുള്ള വചനം ദൂതജ്ഞാനത്തിന്റെ ഉറവിടമാണ് ........ 70–75

VIII വചനത്തിൽ നിലകൊള്ളുന്നതാണ് സഭ. വചനത്തിന്റെ പരിജ്ഞാനത്തിനനുസരിച്ചുള്ളതുമായിരിക്കും ആ സഭ ........ 76–79

IX വചനത്തിന്റെ ഓരോ വിവരണങ്ങളിലും സഭയുടെയും കർത്താവിന്റെയും വിവാഹം ഉണ്ട്. നന്മയുടെയും സത്യത്തിന്റെയും വിവാഹവും ഉണ്ട് ........ 80–90

X വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽനിന്ന് ദൈവവിരുദ്ധവാദം രൂപപ്പെട്ടേക്കാം. അവ സ്ഥിരീകരിക്കുന്നത് ആപത്കരമാണ ........ 91–97

XI കർത്താവ് ലോകത്തിലേക്കുവന്നത് വചനത്തിന്റെ മുഴുകാര്യങ്ങളും നിവർത്തിക്കേണ്ടതിനായി വന്ന് അതിനാൽ അവൻ പരമമായ ദിവ്യസത്യവും വചനവും ആയി ........ 98–100

XII ഇപ്പോൾ ലോകത്തിലുള്ള വചനത്തിനുമുമ്പ് നഷ്ടപ്പെട്ടതായ ഒരു വചനം ഉണ്ടായിരുന്നു. ........ 101–103

XIII വചനം മുഖേന വെളിച്ചം ഉള്ളവരേപ്പോലെ സഭയ്ക്ക് വെളിയിലുള്ളതായ ആളുകൾക്ക് വചനം കൂടാതെ വെളിച്ചം ഉണ്ട് ........ 104–113

XIV വചനം കൂടാതെ ദൈവത്തെക്കുറിച്ചും സ്വർഗ്ഗനരകങ്ങളെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും കർത്താവിനെക്കുറിച്ചുപോലും തന്നെ അറിവുണ്ടാകുകയില്ല. ........ 114–118

## I

## തിരുവെഴുത്തുകൾ അല്ലെങ്കിൽ വചനം ദിവ്യ സത്യം തന്നെയാണ്

**1** വചനം ദൈവത്തിൽ നിന്നുള്ളതും, ദൈവനിശ്വസിതവും, ആകയാൽ വിശുദ്ധവും ആകുന്നു എന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാകുന്നു. എന്നാൽ അതിലെ ദൈവീകത്വം (ദിവ്യത്വം) എവിടെ സ്ഥിതിചെയ്യുന്നു എന്ന് ഇതുവരെയും അജ്ഞാതമായിരുന്നു. കാരണം എന്തെന്നാൽ വചനത്തിന്റെ എഴുത്തുകൾ അസാധാരണമായ ശൈലിയിൽ ഉള്ള സാധാരണ ലിഖിതങ്ങൾ മാത്രമാണ്. വചനത്തിന്റെ ഭാഷാസാഹിത്യത്തിന് പ്രത്യക്ഷമായും ഉണ്ടായിരിക്കേണ്ട സവിശേഷതകളായ സർവ്വോൽക്കൃഷ്ടതയും, അത്യുജ്ജ്വല ശോഭയും അവയ്ക്ക് ഉണ്ടായിരിക്കുകയില്ല. ഈ കാരണത്താൽ ദൈവത്തിന് പകരമായി പ്രകൃതിയെ ആരാധിക്കുന്നവനും, ദൈവത്തേക്കാൾ പ്രമുഖമായിട്ട് സ്വന്തം അഹംബോധത്തിൽ നിന്നും, സ്വാർത്ഥതയിൽ നിന്നും ചിന്തിക്കുന്നവനും തത്ഫലമായി സ്വർഗ്ഗത്തെക്കുറിച്ചോ കർത്താവിനെക്കുറിച്ചോ ചിന്തിക്കാത്തവനും ആയ ഏതൊരുവനും വചനത്തെ സംബന്ധിച്ചിടത്തോളം പ്രമാദത്തിൽ നിപതിക്കുകയും, വചനത്തെ അവജ്ഞയോടെ കാണുവാൻ ഇടയാകുകയും ചെയ്യും; അതുമാത്രവുമല്ല അയാൾ വചനം പാരായണം ചെയ്യുമ്പോൾ, എന്താണിതിന്റെ അർത്ഥം? ഇതുകൊണ്ട് എന്താണ് വിവക്ഷിക്കുന്നത്? ഇത് ദൈവീകമാണോ? അപരിമേയമായ ജ്ഞാനമുള്ള ദൈവത്തിന് ഇപ്രകാരം അരുളിചെയ്വാൻ കഴിയുമോ? ഇതിന്റെ പരിശുദ്ധി എവിടെയാണ് അല്ലെങ്കിൽ മനുഷ്യന്റെ മത വിശ്വാസ ശീലങ്ങളിൽ നിന്ന് അല്ലാതെ മറ്റ് എവിടെ നിന്നാണ്?

**2** എന്തായിരുന്നാലും ഇങ്ങനെ ചിന്തിക്കുന്നവൻ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ദൈവമായ യഹോവ തന്നെയാണ് മോശെയിലൂടെയും പ്രവാചകന്മാരിലൂടെയും അരുളിച്ചെയ്തിട്ടുള്ളതെന്ന് പരിഗണിക്കുന്നില്ല. യഹോവ തന്നെ അരുളിച്ചെയുന്നത് ദൈവീകമായ സത്യമാകയാൽ, പ്രവാചകന്മാരിലൂടെ അരുളിച്ചെയ്തതും ദൈവീകമായ സത്യം തന്നെ ആകുന്നു എന്നും അയാൾ അറിയുന്നില്ല. തന്നെയുമല്ല, യഹോവയാം കർത്താവു തന്നെയാണ് സുവിശേഷകന്മാർ രേഖപ്പെടുത്തിയ വചനം അരുളിച്ചെയ്തത് എന്നും, അവയിൽ ഭൂരിഭാഗവും സ്വന്തം വായാലും ശേഷിച്ചത് പരിശുദ്ധാത്മാവാകുന്ന തന്റെ വായുടെ ആത്മാവിനാലും ആണ്. തന്റെ അധരങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ ആത്മാവിനാലും അരുളി ചെയ്തെതാണെന്നൊ അയാൾ പരിഗണിക്കുന്നില്ല. ഈ കാരണത്താൽ അവന്റെ വചനത്തിൽ ജീവനുണ്ടെന്നും, ബോധദീപ്തമാക്കുന്ന വെളിച്ചം ആണ് അവനെന്നും, അവൻ തന്നെയാണ് സത്യം എന്നും കർത്താവ് തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

വചനം, പ്രവാചകന്മാരിലൂടെ യഹോവ തന്നെയാണ് അരുളിചെയ്തതെന്ന് കർത്താവിനെ സംബന്ധിച്ചുള്ള, നവയെരൂശലേമിന്റെ ഉപദേശം എന്ന ഗ്രന്ഥത്തിൽ നമ്പർ 52, 53 ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സുവിശേഷകന്മാരിൽക്കൂടി കർത്താവ് അരുളിച്ചെയ്ത വചനങ്ങൾ ജീവൻ ആകുന്നു എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

> “ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും, ജീവനും ആകുന്നു.” യോഹ 6:63

> അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു. യോഹ 1:4

അതേ സുവിശേഷത്തിൽ:

> യേശു യാക്കോബിന്റെ ഉറവിങ്കൽ വച്ച് ശമര്യസ്ത്രീയോട് ഇപ്രകാരം അരുളിച്ചെയ്തു: നീ ദൈവത്തിന്റെ ദാനവും, നിന്നോട് കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോട് ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്ക് തരികയും ചെയ്യുമായിരുനനു... “ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ, ഒരു നാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിരിക്കും എന്ന് ഉത്തരം പറഞ്ഞു.

> യോഹ 4:6, 10, 14

ആവർത്തനപുസ്തകം 33:28 ൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ തന്നെ, യാക്കോബിന്റെ ഉറവയെ കുറിക്കുന്നത് വചനത്തെ ആകുന്നു. വെള്ളം ദ്യോതിപ്പിക്കുന്നത് വചനത്തിന്റെ സത്യവും ആകുന്നു.

അതേ സുവിശേഷകനിൽ തന്നെ:

> ദാഹിക്കുന്നവൻ എല്ലാം അവന്റെ അടുക്കൽ വന്ന് കുടിക്കട്ടെ എന്നിൽ വിളിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു

> യോഹ 7:37, 38

അതേ സുവിശേഷകനിൽ തന്നെ:

പത്രോസ് അവനോട്: നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട് എന്ന് ഉത്തരം പറഞ്ഞു. യോഹ 6:68

ഈ കാരണം കൊണ്ട് മർക്കോസിന്റെ സുവിശേഷത്തിൽ യേശു ഇപ്രകാരം അരുളിചെയ്യുന്നു:

> ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല. മർക്കോസ് 13:31

കർത്താവിന്റെ വചനങ്ങൾ ജീവൻ ആകുന്നു; എന്തുകൊണ്ടെന്നാൽ അവൻ തന്നെ ജീവനും സത്യവും ആകുന്നു എന്ന് യോഹന്നാനിൽ അവൻ പഠിപ്പിക്കുന്നു:

ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു

യോഹ 14:6

വീണ്ടും അതിൽ തന്നെ:

ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു. വചനം ദൈവമായിരുന്നു. യോഹ 1:1

അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു. യോഹ 1:4

വചനം എന്നാൽ ഇവിടെ വിവക്ഷിക്കപ്പെടുന്നത്: "ദൈവീക സത്യം" എന്ന് ആകുന്നു. അതിൽ മാത്രമാണ് ജീവനും വെളിച്ചവും ഉള്ളത്. കർത്താവിൽ നിന്നുള്ളതും, കർത്താവ് തന്നെ ആയിരിക്കുന്നതുമായ വചനം ഈ കാരണത്താൽ ഇപ്രകാരം വിളിക്കപ്പെടുന്നു:

ജീവജലത്തിന്റെ ഒരു ഉറവ. യിരെ 2:13, 17:13, 31:9

രക്ഷയുടെ ഒരു ഉറവ. യെശ 12:3

ഒരു ഉറവ്. സെഖര്യാവ് 13:1

ജീവജലനദി. വെളിപ്പാട് 22:1

തന്നെയുമല്ല, ഇപ്രപകാരവും അരുളിച്ചെയ്തിരുന്നു:

സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാട് അവരെ മേച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും. വെളിപ്പാട് 7:17

മനുഷ്യരോടൊത്ത് കർത്താവ് വസിക്കുന്ന സങ്കേതനഗരമെന്നും, സമാഗമനകൂടാരമെന്നും വചനത്തെ വിളിക്കപ്പെട്ടിരുക്കുന്നത് മറ്റിതര വേദഭാഗങ്ങളോടൊപ്പൊവും.

**3.** എന്തായിരുന്നാലും ഈ പരിഗണനകളിൽ നിന്നും ദൈവീകജ്ഞാനവും, ദൈവീകജീവനും ഉൾക്കൊള്ളുന്ന വചനം ദൈവീകസത്യം തന്നെയാണെന്ന് പ്രാകൃത മനുഷ്യനെ ബോധ്യപ്പെടുത്തുന്നതിന് സാദ്ധ്യമല്ല. കാരണം എന്തെന്നാൽ, അവൻ വചനത്തെ പരിഗണിക്കുന്നത് അതിന്റെ ഭാഷാ ശൈലിയിലൂടെയാണ്. ഈ സംഗതികളൊന്നും ഭാഷാശൈലിയിൽ കാണുന്നില്ലല്ലോ. എങ്കിൽ തന്നെയും വചനത്തിന്റെ ശൈലി ദൈവീക ശൈലിതന്നെയാകുന്നു. അതുമായി മറ്റു യാതൊരു കൃതിയുടെ ശൈലിയും, അത് എത്ര തന്നെ സമുന്നതവും ഉത്കൃഷ്ടവും ആണെങ്കിലും, താരതമ്യം ചെയ്യുവാൻ സാദ്ധ്യമല്ല തന്നെ. മറ്റു ശൈലികളെല്ലാം പ്രകാശത്തിന്നു മുമ്പിൽ കൂരിരുൾ എന്നതുപോലെ മാത്രമാണ്. തിരുവചനത്തിന്റെ ശൈലി ഇപ്രകാരമാണ്. അതായത്, ഓരോ വാക്യത്തിലും, ഓരോ വാക്കിലും വിശുദ്ധി സ്ഥിതി ചെയ്യുന്നുണ്ട്. ചില സ്ഥലങ്ങളിൽ, അതിന്റെ ഓരോരോ അക്ഷരത്തിലും വിശുദ്ധിയുണ്ട്. ആകയാൽ, അവ തമ്മിൽ സംയോജി

ക്കുമ്പോൾ, തത്ഫലമായി മനുഷ്യൻ കർത്താവുമായി സംബന്ധപ്പെടുവാനും, സ്വർഗ്ഗം തുറക്കപ്പെടുവാനും ഇടയായിത്തീരുന്നു.

2) ദിവ്യസ്നേഹവും, ദിവ്യജ്ഞാനവും അഥവാ ദിവ്യനന്മയും, ദിവ്യസത്യവും ദിവ്യനന്മ അവന്റെ ദിവ്യസ്നേഹത്തിൽ നിന്നും, ദിവ്യസത്യം അവന്റെ ദിവ്യജ്ഞാനത്തിൽ നിന്നും എന്ന രണ്ടു കാര്യങ്ങൾ കർത്താവിൽ നിന്നും നിർക്ഷമിക്കുന്നു.

വചനം അതിന്റെ സത്തയിൽ ഇവ രണ്ടും ആകുന്നു. ആകയാൽ, അത് മനുഷ്യനെ കർത്താവുമായി ബന്ധിപ്പിക്കുകയും സ്വർക്ഷം തുറക്കുകയും ചെയ്യുന്നതിനാൽ മുൻപ് പറഞ്ഞിട്ടുള്ളപോലെ വചനത്തെ സ്വയബുദ്ധിയിൽ നിന്നല്ലാതെ കർത്താവിൽ നിന്ന് പാരായണം ചെയ്യുമ്പോൾ ആ മനുഷ്യനിൽ സ്നേഹത്തിന്റെ നന്മയും, ജ്ഞാനത്തിന്റെ സത്യവും കൊണ്ട് നിറയ്ക്കപ്പെടുന്നതാണ് അങ്ങനെ അയാളുടെ ഇച്ഛാശക്തി സ്നേഹത്തിന്റെ നന്മയാലും, അയാളുടെ പരിജ്ഞാനം, ജ്ഞാനത്തിന്റെ സത്യത്താലും നിറയപ്പെടുന്നതാകുന്നു. അപ്രകാരം, മനുഷ്യന് വചനത്തിലൂടെ ജീവൻ ഉണ്ടാകുന്നു.

4. ആകയാൽ, തിരുവചനം ഈ പ്രകൃതിക്ക് അനുസൃതമായുള്ളതാണെന്ന് മനുഷ്യർ സംശയാധീനർ ആകാതിരിക്കേണ്ടതിന് കർത്താവ് എനിക്ക് അതിന്റെ ആന്തരീക സത്ത വെളിപ്പെടുത്തിതന്നിട്ടുണ്ട്. അതിന്റെ സാരാംശത്തിൽ അത് ആത്മീയമാകുന്നു, അത് ദേഹി ദേഹത്തിലെന്നതു പോലെ പ്രകൃതിതലമായ ബാഹ്യ അർത്ഥത്തിൽ കുടികൊള്ളുന്നു. അതിന്റെ ആന്തരിക സത്തയാണ് അക്ഷരങ്ങൾക്ക് ജീവൻ നൽകുന്ന ആത്മാവ്. അങ്ങനെ അതിന് വചനത്തിന്റെ ദൈവീകത്വത്തിനും, വിശുദ്ധിക്കും സാക്ഷ്യം വഹിക്കുവാൻ കഴിയുന്നതാകുന്നു. അതുപോലെ തന്നെ ഏതൊരു പ്രാകൃതീക മനുഷ്യൻ ബോദ്ധ്യപ്പെടുവാൻ അവൻ ഇച്ഛിക്കുന്നുവെങ്കിൽ വചനത്തിന്റെ ദൈവീകത്വത്തെയും പരിശുദ്ധിയെയും ബോദ്ധ്യപ്പെടുത്തികൊടുക്കുവാൻ കഴിയുന്നതും ആകുന്നു. സ്നേഹത്തിന്റെ നന്മയും, ജ്ഞാനത്തിന്റെ സത്യവും കൊണ്ട് നിറയ്ക്കപ്പെടുന്നതാണ് – അങ്ങനെ അയാളുടെ ഇച്ഛാശക്തി സ്നേഹത്തിന്റെ നന്മയാലും, അയാളുടെ പരിജ്ഞാനം, ജ്ഞാനത്തിന്റെ സത്യത്താലും നിറയപ്പെടുന്നതാകുന്നു. അപ്രകാരം, മനുഷ്യന് തിരുവചനത്തിലൂടെ ജീവൻ ഉണ്ടാകുന്നു.

**4** ആകയാൽ, വചനം ഈ പ്രകൃതിക്ക് അനുസൃതമായുള്ളതാണെന്ന് മനുഷ്യർ സംശയാധീനർ ആകാതിരിക്കേണ്ടതിന് കർത്താവ് എനിക്ക് അതിന്റെ ആന്തരീകസത്ത വെളിപ്പെടുത്തിതന്നിട്ടുണ്ട്. അതിന്റെ സാരാംശത്തിൽ അത് ആത്മീയമാകുന്നു, അത് ദേഹി ദേഹത്തിലെന്നതുപോലെ പ്രകൃതിതലമായ ബാഹ്യഅർത്ഥത്തിലെ കുടികൊള്ളുന്നു. അതിന്റെ ആന്തരികസത്തയാണ് അക്ഷരങ്ങൾക്ക് ജീവൻ നൽകുന്ന ആത്മാവ്. അങ്ങനെ അതിന് വചനത്തിന്റെ ദൈവീകത്വത്തിനും, വിശുദ്ധിക്കും

സാക്ഷ്യം വഹിക്കുവാൻ കഴിയുന്നതാകുന്നു. അതുപോലെതന്നെ ഏതൊരു പ്രാകൃതീക മനുഷ്യൻ ബോദ്ധ്യപ്പെടുവാൻ അവൻ ഇച്ഛിക്കുന്നുവെങ്കിൽ വചനത്തിന്റെ ദൈവീകത്വത്തെയും പരിശുദ്ധിയെയും ബോദ്ധ്യപ്പെടുത്തി കൊടുക്കുവാൻ കഴിയുന്നതും ആകുന്നു.

2

**വചനത്തിൽ ഇതുവരെ അറിയപ്പെടാത്ത ഒരാത്മീയ അർത്ഥമുണ്ട്.**

തുടർന്നു വരുന്ന ആശയങ്ങൾ ഈ ക്രമത്തിൽ വിശദീകരിക്കുന്ന തായിരിക്കും.

1. എന്താണ് ആത്മീക അർത്ഥം.
2. ഈ അർത്ഥം മുഴുവചനത്തിലും, അതിന്റെ ഓരോ ഭാഗത്തും ഉണ്ട്.
3. ഈ അർത്ഥത്തിന്റെ കാരണത്താൽ വചനം ദൈവനിവേശിതവും എല്ലാ വാക്കിലും വിശുദ്ധിയുണ്ട്
4. ഈ അർത്ഥം ഇതുവരെയും അപരിചിതമായിരുന്നു.
5. കർത്താവിൽ നിന്നുള്ള അവ്യാജമായ സത്യത്തിൽ നിലകൊള്ളുന്ന വർക്കു മാത്രം, ഇനിമേൽ ഇത് വെളിപ്പെടുത്തി കൊടുക്കുന്നതായിരിക്കും.

**5** 1 സഭയുടെ ഉപദേശം വിശദീകരിക്കുന്നതിനും കണ്ടെത്തുവാനും ഒരുവൻ വചനത്തിലൂടെ അന്വേഷണം നടത്തുമ്പോൾ തെളിയുന്ന വാച്യാർത്ഥമല്ല ആത്മീയാർത്ഥം. ആത്മീയാർത്ഥം ആകട്ടെ, വാച്യാർത്ഥത്തിൽ പ്രത്യക്ഷമാകുകയില്ല. അത് അതിനുള്ളിൽ അന്തർലീനമാണ്. ദേഹത്തിനുള്ളിലെ ദേഹിയേ പോലെ; കണ്ണുകളിലെ ചിന്തകളെ പോലെ, സ്നേഹം മുഖഭാവത്തിൽ പ്രകടമാകുന്നതുപോലെ, കാര്യവും കാരണവും തമ്മിൽ ചേർന്ന് പ്രവർത്തിക്കുന്നതുപോലെ, വിശേഷിച്ചു വചനത്തെ ആത്മീയമാക്കിത്തീർക്കുന്ന ഈ അർത്ഥം മനുഷ്യർക്കു മാത്രമല്ല ദൂതന്മാർക്കും പ്രസക്തമാണ്. അങ്ങനെ, വചനത്തിന്റെ ഈ ആത്മീക അർത്ഥം മുഖേന സ്വർഗ്ഗവുമായി സമ്പർക്കം പുലർത്തുവാനും സാദ്ധ്യമായിത്തീരുന്നു.

**6** കർത്താവിൽ നിന്ന് സ്വർഗ്ഗീയവും, ആത്മീകവും പ്രകൃതിപരവുമായ സത്തകൾ ഒന്നൊന്നായി അനുസ്യൂതം പുറപ്പെടുന്നു. ദിവ്യസ്നേഹത്തിൽ നിന്ന് പുറപ്പെടുന്നതിനെ സ്വർഗ്ഗീയമെന്ന് വിളിക്കുന്നു. അത് ദിവ്യനന്മയാകുന്നു. ദിവ്യജ്ഞാനത്തിൽ നിന്ന് പുറപ്പെടുന്നതിനെ ആത്മീകം എന്ന് വിളിക്കുന്നു, അത് ദിവ്യസത്യം ആകുന്നു. പ്രകൃതീകം എന്നതു ഇവ രണ്ടിൽ നിന്നും പുറപ്പെടുന്നതും ഏറ്റവും ഉയർന്ന അളവിൽ അല്ലെങ്കിൽ കുറഞ്ഞ അളവിൽ അവയുടെ സമ്മിശ്രമാണു. മൂന്നാം സ്വർഗ്ഗം അഥവാ അത്യുന്നത സ്വർഗ്ഗം രൂപീകരിക്കുന്ന കർത്താവിന്റെ രാജ്യത്തിലെ ദൂതന്മാർ, കർത്താ

വിൽ നിന്നും ഉള്ളതും, അതിവിശിഷ്ടം എന്നുവിളിക്കുന്ന ദിവ്യപ്രസാരണത്തിലും കർത്താവിൽ നിന്നുള്ള സ്നേഹത്തിന്റെ നൻമയിലും ആണു. ആത്മീയ സ്വർഗ്ഗം എന്ന് വിളിക്കപ്പെടുന്ന രണ്ടാം സ്വർഗ്ഗം അഥവാ മദ്ധ്യ സ്വർഗ്ഗത്തെ സജ്ജീകരിക്കുന്ന, കർത്താവിന്റെ ആത്മീകരാജ്യത്തിലെ ദൂതന്മാർ, ആത്മീകം എന്ന് വിളക്കപ്പെടുന്ന ദിവ്യപ്രസാരണതലത്തിലും, എന്തുകൊണ്ടെന്നാൽ അവർ കർത്താവിൽ നിന്നുള്ള ജ്ഞാനത്തിന്റെ സത്യത്തിൽ വസിക്കുന്നവരും ആകുന്നു. ലോകത്തിലെ സഭയിലെ ആളുകൾ കർത്താവിൽ നിന്നും പ്രസരിക്കുന്ന ദിവ്യ പ്രകൃതിയിലാണു. അതിവിശിഷ്ട സ്വർഗ്ഗം, ആത്മീയ സ്വർഗ്ഗം, പ്രാകൃതികസ്വർഗ്ഗം എന്നു വ്യവസ്ഥപെടുത്തിയിട്ടുള്ള ഈ മൂന്നു പരിമാണങ്ങളിലൂടെ അവരോഹണം ചെയ്തു ഇതിന്റെ ആത്യന്തീകത്തിലേക്കു കർത്താവിങ്കൽ നിന്നും ദിവ്യനിർഗമനം ഇതിൽ നിന്നു പിന്തുടരുന്നു. കർത്താവിങ്കൽ നിന്നും അവരോഹണം ചെയ്യുന്ന ദിവ്യത ഈ മൂന്നു പരിമാണങ്ങളിലൂടെ മനുഷ്യനിലേക്കു ഇറങ്ങി വരുന്നു., ഇതു അവരോഹണം ചെയ്തിരിക്കുമ്പോൾ അതിൽ തന്നെ മൂന്നു പരിമാണങ്ങളും ഉള്ളടങ്ങിയിരിക്കുന്നു. എല്ലാ ദിവ്യതകളുടേയും പ്രകൃതി അത്തരത്തിലാണു, ആയതുകൊണ്ടു ഇതിന്റെ ആത്യന്തീക പരിമാണത്തിൽ ആകുമ്പോൾ ഇതിന്റെ പരിപൂർണ്ണതയിൽ ആകുന്നു. ഇതാണു വചനത്തിന്റെ പ്രകൃതം. ഇതിൽ അതിന്റെ ആത്യന്തീക അർത്ഥം പ്രാകൃതീകമാണ്. ഇതിൽ ആന്തരീകതലാർത്ഥം ആത്മീയവും, ആത്യന്തീക അന്തർതല അർത്ഥം സ്വർഗ്ഗീയവുമാണു, ഇതിൽ ഓരോന്നും ദിവ്യമാണു. ആ വചനത്തിന്റെ ഈ പ്രകൃതി അക്ഷരത്തിന്റെ അർത്ഥത്തിൽ സ്വാഭാവീകമായിരിക്കുന്നതു പോലെ പ്രകടമല്ല. അതിന്റെ മുഖ്യകാരണം ഇതാണ് ഭൂമിയിലുള്ള മനുഷ്യൻ നാളിതുവരെയും സ്വർഗ്ഗങ്ങളെക്കുറിച്ച് യാതൊന്നും അറിഞ്ഞിട്ടില്ലായ്കയാൽ ആത്മീകസ്വർഗ്ഗം എന്താണെന്നും അതിവിശിഷ്ട സ്വർഗ്ഗം എന്താണെന്നും മനസ്സിലാക്കിയിട്ടില്ല. തന്മൂലം അവ തമ്മിലുള്ള വ്യത്യാസം എന്താണെന്നും പ്രാകൃതിക സ്വർഗ്ഗം എന്താണെന്നും തിരിച്ചറിഞ്ഞിട്ടില്ല തന്നെ.

**7** സാദൃശ്യാശയത്തിന്റെ അറിവിനാലല്ലാതെ ഈ ത്രിതല സ്വർഗ്ഗങ്ങൾക്കിടയിലുള്ള വ്യത്യാസം മനസ്സിലാക്കാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ ഈ തലങ്ങൾ മൂന്നും അന്യോന്യം വ്യത്യസ്തമാണ്. ലക്ഷ്യം, കാരണം, ഫലം എന്നിവയെപ്പോലെ അഥവാ പ്രഥമം, മധ്യമം, അന്തിമമായിട്ടുള്ളത് എന്നതുപോലെ. എങ്കിലും സാദൃശ്യാശയത്തിന്റെ അടിസ്ഥാനത്തിൽ അവ എല്ലാം കൂടി ഒന്നായിരിക്കുകയും ചെയ്യും. കാരണമെന്തെന്നാൽ പ്രകൃതിതലവും, ആത്മീയതലവും തമ്മിൽ സമ്പർക്കമുള്ളതു പോലെ സ്വർഗ്ഗീയ തലവുമായും അവയ്ക്ക് സമ്പർക്കമുണ്ട്. സാദൃശ്യ സബന്ധം എന്താണെന്നുള്ളത് സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. സ്വർഗ്ഗത്തിലുള്ള എല്ലാ സംഗതികളും മനുഷ്യനിലുള്ള എല്ലാ സംഗതികളും തമ്മിലുള്ള സാദൃശ്യ സബന്ധവും നമ്പർ 87-102 ൽ വിവരിച്ചിട്ടുണ്ട്. അതുപോലെതന്നെ സ്വർഗ്ഗത്തിലുള്ള എല്ലാ സംഗതികളും

ഭൂമിയിലുള്ള എല്ലാ സംഗതികളും തമ്മലിലുള്ള സാദൃശ്യാശ സബന്ധവും നമ്പർ 103-115 വിശദമാക്കിയിട്ടുണ്ട്. വചനത്തിൽ നിന്ന് താഴെ ഉദ്ധരിച്ചിട്ടുള്ള ഉദാഹരണങ്ങളിൽ നിന്ന് ഇത് കൂടുതൽ കാണുന്നതാ യിരിക്കും.

**8** തിരുവചനം ആന്തരീകമായി ആത്മീകവും, സ്വർഗ്ഗീയവുമാകയാൽ തികച്ചും ശുദ്ധമായ സാദൃശ്യാശയത്തിന്റെ മുഖാന്തരങ്ങളാൽ ആത്യന്തികമായ ആത്മീകാർത്ഥത്തോടു കൂടി എഴുതപ്പെട്ടിരിക്കുന്ന അത്തരത്തിലുള്ള ഒരു ശൈലി പ്രവാചകന്മാരിലും സുവിശേഷകന്മാരിലും സധാരണമായതു പോലെ വെളിപ്പെടുന്നുവെങ്കിലും അവയിൽ ദൈവീക വിജ്ഞാനവും, ദൂതന്മാരുടെ ജ്ഞാനവും സംഭരിക്കപ്പെട്ടിട്ടുണ്ട്.

**9** 2 മുഴുവചനത്തിലും അതിന്റെ എല്ലാഭാഗത്തും ആത്മീകാർത്ഥം ആണ്. ചുവടേ ചേർത്തിരിക്കുന്ന ദൃഷ്ടാന്തങ്ങളിലൂടെയല്ലാതെ കൂടുതൽ മെച്ചമായി ഇത് കണ്ടെത്താൻ കഴിയുന്നതല്ല. വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ ഇപ്രകാരം പറയുന്നുവല്ലോ.

> അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു. ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്ന് വിശ്വസ്തനും സത്യവാനും എന്നുപേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ, എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ട്. അത് അവന്നല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു. അവന്ന് ദൈവവചനം എന്ന് പേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്ന് മൂർച്ചയുള്ള വാൾ പുറപ്പടുന്നു. അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും. സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. രാജാധിരാജാവും, കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പന്മേലും തുടമേലും എഴുതിയിരിക്കുന്നു. ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നത് ഞാൻ കണ്ടു. അവൻ ആകാശ മദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും, രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും, സ്വതന്ത്രന്മാരും ദാസന്മാരും, ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന്ന് വന്നുകൂടുവിൻ എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. വെളി 19:11-18

ആത്മീക അർത്ഥത്തിലൂടെ അല്ലാതെ യാതൊരാൾക്കും ഇവയെല്ലാം ദ്യോതിപ്പിക്കുന്നത് എന്താണെന്ന് ഗ്രഹിപ്പാൻ സാധ്യമല്ല. അതുപോലെ തന്നെ, സാദൃശ്യാശയ ജ്ഞാനം ഇല്ലാതെ ആത്മീകാർത്ഥം കണ്ടെത്താനും

കഴിയുന്നതല്ല. എന്തു കൊണ്ടെന്നാൽ ഈ വചനത്തിലെ പദങ്ങൾ എല്ലാം സാദൃശ്യാശയം ഉള്ളവയാകുന്നു. ഏതൊരു പദവും അർത്ഥമില്ലാത്തതു ഇല്ല. പരസ്പരബന്ധത്തിന്റെ ശാസ്ത്രം വെള്ളക്കുതിരയുടെയും, വെള്ള ക്കുതിരയുടെ മുകളിലിരിക്കുന്നവന്റെയും അഗ്നിജ്വാലയെപ്പോലുള്ള അവന്റെ കണ്ണുകളുടെയും അവന്റെ തലയിൽ വെച്ചിരിക്കുന്ന കിരീടങ്ങ ളുടെയും, രക്തത്തിൽ മുക്കിയതായ അവന്റെ ഉടുപ്പിന്റെയും നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ച് വെള്ളക്കുതിരമേൽ കയറിയ സൈന്യ ത്തിന്റെയും, സൂര്യനിൽ നിൽക്കുന്ന ദൂതന്റെയും, മഹാദൈവത്തിന്റെ അത്താഴത്തിന് വന്നുചേരുവാനുള്ള അത്താഴത്തിന്റെയും രാജാക്കന്മാ രുടെയും, സഹസ്രാധിപന്മാരുടെയും, വീരന്മാരുടെയും, മറ്റ് എല്ലാവരു ടെയും മാംസത്തിന്റെയും ആത്മീകാർത്ഥങ്ങൾ എന്തെല്ലാമാണെന്ന് നമ്മെ പഠിപ്പിക്കുന്നതാണ്.

വെള്ളക്കുതിരയെ സംബന്ധിച്ചുള്ള ലഘുഗ്രന്ഥത്തിൽ നൽകിയിരി ക്കുന്ന വിവരണത്തിൽ നിന്ന്, ഇവയോരോന്നും ആത്മീയാർത്ഥത്തിൽ എന്താണ് ദ്യോതിപ്പിക്കുന്നതെന്തെന്ന് കണ്ടെത്താനാകുന്നതാണ്. ആക യാൽ അവയെക്കുറിച്ച് ഇവിടെ കൂടുതൽ വിവരിക്കേണ്ട ആവശ്യമില്ലല്ലോ. ആ വ്യാഖ്യാന ഗ്രന്ഥത്തിൽ കർത്താവിനെ വചനവുമായി സാദൃശ്യപ്പടു ത്തിയിരിക്കുന്നുവെന്ന് വിവരിച്ചിരിക്കുന്നു. അഗ്നിജ്വാലയ്ക്ക് സമാനമായ അവന്റെ കണ്ണുകൾ, അവന്റെ തലയിൽ വച്ചിരുന്ന കിരീടങ്ങൾ, അവന ല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാത്ത അവന്റെ നാമം, എന്നിവയെല്ലാം വചനത്തിന്റെ ആത്മീയാർത്ഥത്തെ ദ്യോതിപ്പിക്കുന്നു. അത് കർത്താവും അവൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ആഗ്രഹിക്കുന്നവനും മാത്രമല്ലാതെ മറ്റാരും അറിയുന്നില്ല. രക്തം തളിച്ച അവന്റെ ഉടുപ്പ് ദ്യോതിപ്പിക്കുന്നത് വചനത്തിന്റെ പ്രകൃതിതല, സ്വാഭാവിക അർത്ഥമാണ്. അത് അക്ഷരീക അർത്ഥം അതിനോട് അതിക്രമം ചെയ്തിരിക്കയാണ്.

വചനമാണ് അപ്രകാരം വർണ്ണിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമായി വെളി പ്പെട്ടിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ, അവന്റെ നാമം ദൈവവചനം എന്ന് വിളിക്കപ്പട്ടിരിക്കുന്നു എന്നും അവിടെ വിവക്ഷിക്കുന്നത് കർത്താ വിനെയാണെന്നും വ്യക്തമായി വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടല്ലോ. എന്തുകൊ ണ്ടെന്നാൽ വെള്ളക്കുതിരപ്പുറത്ത് ഇരുന്നവന്റെ നാമം രാജാധിരാജാവും, കർത്താധി കർത്താവും എന്നാണെന്ന് അരുളിച്ചെയ്യപ്പെട്ടിരിക്കയാണ്. സഭ യുടെ അന്ത്യത്തിലാണ് വചനത്തിന്റെ ആത്മീകാർത്ഥം അനാവരണം ചെയ്യപ്പെടാൻ പോകുന്നതെന്നത് വെള്ളക്കുതിരയാലും, കുതിരപ്പുറത്ത് ഇരിക്കുന്നവനാലും മാത്രമല്ല ദ്യോതിപ്പിക്കപ്പെടുന്നത്, പ്രത്യുത സൂര്യനിൽ നിൽക്കുന്ന ദൂതൻ സർവ്വരെയും വിരുന്നിന് വരുവാൻ ക്ഷണിക്കുന്ന മഹാ അത്താഴത്താലും ആകുന്നു. പ്രസ്തുത അത്താഴത്തിൽ രാജാക്കന്മാ രുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും, വീരന്മാരുടെ മാംസ വും, കുതിരകളുടെയും കുതിരപ്പുറത്ത് ഇരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും, ദാസന്മാരും, ചെറിയവരും വലിയവരുമായ എല്ലാവരു

ടെയും മാംസവും തിന്മാൻ സർവ്വരും വന്നു കൂടുവിൻ എന്ന് ദൂതൻ ഉറക്കെ വിളിച്ചു പറഞ്ഞിരുന്നു. ദേഹി ദേഹത്തിൽ എന്നപോലെ, ഈ വചനങ്ങ ളിലെല്ലാം ആത്മീകമായ എന്തെങ്കിലും സ്ഥിതിചെയ്യുന്നില്ലെങ്കിൽ, ഈ പദപ്രയോഗങ്ങൾ എല്ലാം പൊള്ളയായതും, ശൂന്യമായും ആയിരിക്കുകയേ ഉള്ളൂ. ജീവനും ആത്മാവും ചൈതന്യവും ഉള്ളവ ആയിരിക്കുകയും ഇല്ല തന്നെ.

**10** വെളിപ്പാട് 21–ാം അദ്ധ്യായത്തിൽ വിശുദ്ധ യെരൂശലേം ഇപ്രകാരം വർണ്ണിക്കപ്പെട്ടിരിക്കുന്നു.

> അതിന്റെ ജ്യോതിസ് ഏറ്റവും വിലയേറിയ രത്നത്തിന് തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തം പോലെ ആയിരുന്നു. അതിന്നു പൊക്കമുള്ള വന്മതിലും പന്ത്രണ്ടുഗോപുരവും, ഗോപുരങ്ങളിൽ പന്ത്രണ്ട് ദൂതന്മാരും ഉണ്ട്. യിസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്ര ങ്ങളുടെയും പേർ കൊത്തീട്ടും ഉണ്ട്.... മനുഷ്യന്റെ അളവിന്ന് എന്നു വെച്ചാൽ ദൂതന്റെ അളനിന്നു തന്നേ, നൂറ്റിനാല്പത്തിനാല് മുഴം ഉണ്ടാ യിരുന്നു. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തി നൊത്ത തങ്കവും ആയിരുന്നു. നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല രത്നവും കൊണ്ട് അലങ്കരിച്ചിരിക്കുന്നു. ഒന്നാം അടിസ്ഥാനം സൂര്യ കാന്തം, രണ്ടാമത്തേത് നീലരത്നം, മൂന്നാമത്തേത് മാണിക്യം, നാലാ മത്തേത് മരതകം, അഞ്ചാമത്തേത് നഖവർണ്ണി, ആറാമത്തേത് ചുവപ്പു കല്ല്, ഏഴാമത്തേത് പീതരത്നം, എട്ടാമത്തേത് ഗോമേദകം, ഒമ്പതാമ ത്തേത് പുഷ്യരാഗം, പത്താമത്തേത് വൈഡൂര്യം, പതിനൊന്നാമത്തേ ത് പത്മരാഗം, പന്ത്രണ്ടാമത്തേത് സുഗന്ധിരത്നം. പന്ത്രണ്ട് ഗോപു രവും പന്ത്രണ്ട് മുത്ത്, ഓരോ ഗോപുരം ഓരോ മുത്തുകൊണ്ടുള്ള തും, നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിന് തുല്യമായ തങ്കവും ആയി രുന്നു. നഗരം സമചതുരമായി കിടക്കുന്നു. അതിന്റെ വീതിയും നീളവും സമം. അളവുകോൽ കൊണ്ട് അവൻ നഗരത്തെ അളന്നു. ആയിരത്തി രുനൂറ് നാഴിക കണ്ടു. അതിന്റെ നീളവും, വീതിയും ഉയരവും സമം തന്നെ. വെളി 21:11, 12, 16–21 (കൂടാതെ മറ്റ് വിവരണങ്ങളോതു കൂടെ)

കർത്താവിന്റെ ഉപദേശം നമ്പർ 62–65 ൽ വ്യക്തമാക്കിയിട്ടുള്ളതു പോ ലെ, കർത്താവിനാൽ സ്ഥാപിതമാകേണ്ടതായ പുതിയ സഭയാണ് വിശുദ്ധ യെരൂശലേം എന്നതിൽ നിന്നു തന്നെ, ഈ സംഗതികൾ എല്ലാം ആത്മീക മായി വിവേചിക്കപ്പെടേണ്ട കാര്യങ്ങൾ ആകുന്നു എന്ന് സുവിദിതമാകു ന്നുണ്ടല്ലോ. സഭയെ സംബന്ധിച്ചുള്ള എല്ലാ സംഗതികളും ആത്മീകമാ കയാൽ പുതിയ സഭയെ ദ്യോതിപ്പിക്കുന്ന യെരൂശലേമിനെക്കുറിച്ച് അതിനെ ഒരു നഗരമായി പറഞ്ഞിരിക്കുന്ന എല്ലാ സംഗതികളും, അതാ യത് അതിന്റെ ഗോപുരങ്ങൾ, മതിലുകൾ, മതിലുകളുടെ അടിസ്ഥാനങ്ങൾ, അവയുടെ അളവുകൾ എന്നിവയ്ക്കെല്ലാം ആത്മീകാർത്ഥങ്ങൾ ഉൾക്കൊ ണ്ടിരിക്കുന്നു എന്ന് ഗ്രഹിക്കേണ്ടതാകുന്നു. 1758 ൽ ലണ്ടനിൽ പ്രസിദ്ധീ

കരിക്കപ്പെട്ടതായ നവയെരൂശലേം നമ്പർ 1 എന്ന ഗ്രന്ഥത്തിൽ ഈ സംഗതികൾ എന്തെല്ലാമാണ് ദ്യോതിപ്പിക്കുന്നതെന്ന് വിശദീകരിച്ചിട്ടുള്ളതിനാൽ അവയെക്കുറിച്ച് കൂടുതലായെന്തെങ്കിലും വർണ്ണിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ദേഹത്തിൽ ദേഹി എന്നതു പോലെ ആ വിവരണത്തിലുള്ള എല്ലാ സംഗതികളിലും ആത്മീകാർത്ഥം ഉണ്ട് എന്ന് ഗ്രന്ഥത്തിൽ നിന്ന് ഗ്രഹിച്ചാൽ മതിയാകും. അതു പോലെ തന്നെ ആത്മീകാർത്ഥത്തെക്കുറിച്ചുള്ള അറിവില്ലാതെ സഭയെക്കുറിച്ച് ഇവയിൽ എഴുതപ്പെട്ടിരിക്കുന്നയാതൊരു സംഗതിയും മനസ്സിലാക്കുവാനും സാദ്ധ്യമല്ല തന്നെ. അതായത് വിശുദ്ധ നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും, അതിന്റെ ഗോപുരങ്ങൾ മുത്തുകൾ കൊണ്ടുള്ളവയായിരുന്നെന്നും, അതിന്റെ മതിലുകൾ സൂര്യകാന്തവും, അതിന്റെ മതിലുകളുടെ അടിസ്ഥാനം രത്നക്കല്ലുകളും ആയിരുന്നെന്നും, അതിന്റെ മതിലുകൾക്ക് നൂറ്റി നാല്പത്തിനാലു മുഴം അളവുണ്ടെന്നും, അത് മനുഷ്യന്റെ അളവിന്നും ദൂതന്റെ അളവിന്നും തുല്യമാണെന്നും ആ നഗരത്തിന്ന് നീളം, വീതി, ഉയരം എന്നീ അളവുകൾ ആയിരത്തി ഇരുനൂറ് നാഴിക ആണെന്നും, മറ്റുള്ള സംഗതികൾക്ക് ആത്മീക അർത്ഥം ഉണ്ട്. സാദൃശ്യാശയ ശാസ്ത്രത്തിൽ നിന്ന് ആത്മീകാർത്ഥങ്ങളെ കുറിച്ചുള്ള ജ്ഞാനം നേടിയിട്ടുള്ളവർക്കു മാത്രമേ ഈ സംഗതികൾ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ഉദാഹരണമായി നഗരത്തിന്റെ മതിലുകളും അടിസ്ഥാനങ്ങളും സൂചിപ്പിക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ, ഉപദേശമാകുന്നു. അതുപോലെതന്നെ, പന്ത്രണ്ട്, നൂറ്റിനാല്പത്തിനാല്, ആയിരത്തി ഇരുനൂറ് എന്നീ സംഖ്യകൾക്കും സൂചകാർത്ഥങ്ങൾ ഉണ്ട്. സഭയുടെ സത്യങ്ങളുടെയും നന്മകളുടെയും ആകെത്തുക അതായത് മൊത്തം അഥവാ മുഴുവൻ എന്നാണ് അവയുടെ അർത്ഥം.

**11** വെളിപാട് ഏഴാം അദ്ധ്യായത്തിൽ, യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിൽ നിന്നും മുദ്രയേറ്റവരുടെ എണ്ണം നൂറ്റിനാല്പത്തിനാലായിരം പേർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഗോത്രത്തിൽ നിന്നും തുല്യ എണ്ണം; യഹൂദാഗോത്രം, രൂബേൻ ഗോത്രം, ഗാദഗോത്രം, ആശേർ ഗോത്രം, നഫ്താലി ഗോത്രം, മനശ്ശെ ഗോത്രം, ശിമെയോൻ ഗോത്രം, ലേവി ഗോത്രം, ഇസ്ഹാക്കാർ ഗോത്രം, സെബൂലൂൻ ഗോത്രം, യോസേഫ് ഗോത്രം, ബന്യാമീൻ ഗോത്രം, ഓരോന്നിനും പന്തീരായിരം പേർ വീതം മുദ്രയേക്കപ്പെട്ടു.

കർത്താവിന്റെ സഭയുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാവരും രക്ഷിക്കപ്പെട്ടവരാകുന്നു എന്നതാണ് ഇതിന്റെ ആത്മീകമായ അർത്ഥം. നെറ്റിയിൽ അടയാളം ഏല്ക്കുക അഥവാ മുദ്രയേല്ക്കുക എന്നത് സൂചിപ്പിക്കുന്നത് രക്ഷിക്കപ്പെടുക അഥവാ കർത്താവിനാൽ അംഗീകരിക്കപ്പെടുക എന്നാണ്. യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും എന്നത് സൂചിപ്പിക്കുന്നത് സഭയിലെ എല്ലാ അംഗങ്ങളും എന്നാണ്. പന്ത്രണ്ട്, ആയിരത്തിഇരുനൂറ്, നൂറ്റിനാല്പത്തിനാലായിരം എന്നിവയെല്ലാം സൂചിപ്പിക്കുന്നത് മൊത്തം അഥവാ എല്ലാം എന്നാകുന്നു. യിസ്രായേൽ എന്നത് സൂചിപ്പിക്കുന്നത്

സഭയെയാണ്. ഓരോ ഗോത്രവും സൂചിപ്പിക്കുന്നത് സഭയുടെ ഓരോ പ്രത്യേക സംഗതികളെയാണ്. ഈ വാക്കുകളുടെ ആത്മീകാർത്ഥം അറിഞ്ഞുകൂടാത്ത ഏതൊരാളും സങ്കല്പിക്കുന്നത് ചെറിയൊരു സംഖ്യ ആളുകൾ മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ എന്നും അവർ യിസ്രായേല്യരിൽ നിന്നും യഹൂദരിൽ നിന്നും മാത്രമായിരിക്കൂ എന്നുമാണ്.

**12** വെളിപ്പാട് ആറാം അദ്ധ്യായത്തിൽ പറയപ്പെട്ടിരിക്കുന്നത്.

കുഞ്ഞാട് മുദ്രകളിൽ ഒന്ന് പൊട്ടിച്ചപ്പോൾ, നീ വരിക എന്ന് നാല് ജീവികളിൽ ഒന്ന് ഇടിമുഴക്കം പോലെ പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ട്. അവന്ന് ഒരു കിരീടവും ലഭിച്ചു. അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു.

അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ വരിക എന്ന് രണ്ടാം ജീവി പറയുന്നത് കേട്ടു. അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു. അതിന്റെ പുറത്ത് ഇരിക്കുന്നവന്ന് മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്ന് സമാധാനം എടുത്തുകളയേണ്ടതിന്ന് അധികാരം ലഭിച്ചു. ഒരു വലിയ വാളും അവന്ന് കിട്ടി.

മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ വരിക എന്ന് മൂന്നാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസ് കൈയിൽ പിടിച്ചിരുന്നു.... നാലാം മുദ്ര പൊട്ടിച്ചപ്പോൾ വരിക എന്ന് നാലാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ മഞ്ഞനിറമുള്ള കുതിരയെകണ്ടു. അതിന്മേൽ ഇരിക്കുന്നവന്ന് മരണം എന്ന് പേർ. വെളി 6:1–5, 7,8

ആത്മീയ അർത്ഥങ്ങൾ മുഖേനെ മാത്രമേ ഈ കാര്യങ്ങൾ വെളിവാക്കുവാനാവുള്ളു എന്നാതാണ് ഇവ സൂചിതപ്പെടുത്തുന്നത്. ആ അറിവുണ്ടാകുമ്പോൾ ഇവയെല്ലാം വ്യക്തമായിത്തീരും. മുദ്രകൾ തുറക്കുക എന്നതിനാലും കുതിരഎന്നതിനാലും മറ്റിതര വിവരണങ്ങളാലും സൂചിതപ്പെടുത്തുന്നത് എന്താണെന്നറിയുമ്പോൾ ഇവ പൂർണ്ണമായും വെളിപ്പെടുന്നതാണ്. വചനം മനസിലാക്കുന്നതു പോലെ പ്രാരംഭം മുതൽ അവസാനംവരേയും സഭയുടെ ക്രമാനുഗതമായ അവസ്ഥകളെയാണ് ഇ കാര്യങ്ങളാൽ വിവരിക്കുന്നതാണ്. കുഞ്ഞാട് പുസ്തകത്തിന്റെ മുദ്രകളെ പൊട്ടിക്കുന്നതിൽ നിന്നും കർത്താവ് സഭയുടെ പ്രസ്തുത അവസ്ഥകളെ വെളിപ്പെടുത്തുന്നതിനെ സൂചിപ്പിക്കുന്നു. ഒരു കുതിര സൂചിപ്പിക്കുന്നത് വചനത്തെ ഗഹിക്കുന്നതിനെയാകുന്നു. വെള്ളക്കുതിര സൂചിപ്പിക്കുന്നത് സഭയുടെ പ്രാരഭ അവസ്ഥയിൽ വചനത്തെ നിന്ന് മനസ്സിലാക്കുന്നതിനേയാണ്. കുതിരയുടെ മുകളിൽ ഇരിക്കുന്നവന്റെ കൈയിലുള്ള അമ്പ് സൂചിപ്പിക്കുന്നത് കാപട്യങ്ങളോടും അസത്യങ്ങളോടും പോരാടുന്ന വിശ്വാസത്തിന്റെയും സാർവത്രീക സ്നേഹത്തി

ന്റെയും പരിജ്ഞാനത്തെയാകുന്നു. കിരീടം സൂചിപ്പിക്കുന്നത് വിജയത്തിന്റെ പ്രതിഫലമായ നിത്യജീവനെയാകുന്നു.

2) ചുവന്ന കുതിരയെ സൂചിപ്പിക്കുന്നത് സഭയുടെ രണ്ടാമത്തെ അവസ്ഥയിൽ വചനത്തിന്റെ പരിജ്ഞാനത്തിലുള്ള നന്മ നശിപ്പിക്കപ്പെടുന്നതിനെയാണ്. വലിയ വാൾ സൂചിപ്പിക്കുന്ന സത്യത്തിനെതിരെ പോരാടുന്ന അസത്യത്തെയാണ്. കറുത്ത കുതിര സൂചിപ്പിക്കുന്നത്. സഭയുടെ മൂന്നാമത്തെ അവസ്ഥയിൽ വചനത്തിന്റെ പരിജ്ഞാനത്തിലുള്ള സത്യം നശിപ്പിക്കപ്പെടുന്നതിനെയാണ് തുലാസ് (സ്റ്റാറ്ററാ) സൂചിപ്പിക്കുന്നത്. സത്യത്തിന്റെ മൂല്യം വളരെ കുറഞ്ഞു പോകുന്നതിനാൽ അത് അംഗീകരിക്കാൻ തീരെ കഴിയാതെ ആകുന്നു എന്നാണ്. മഞ്ഞനിറമുള്ള കുതിര സൂചിപ്പിക്കുന്നത് സഭയുടെ നാലാമത്തെ, അഥവാ അവസാനത്തെ അവസ്ഥയിൽ വചനത്തിന്റെ പരിജ്ഞാനം ജീവിതത്തിലുണ്ടാകുന്ന ദുഷ്ടതകളാലും തത്ഫലമായുണ്ടാകുന്ന അസത്യങ്ങളാലും അസാധു ആയിത്തീരുന്നതിനെയാകുന്നു. മരണം സൂചിപ്പിക്കുന്നത് നിത്യമായ നാശം ആകുന്നു.

ആത്മീകാർത്ഥത്തിൽ ഇവയെല്ലാം സൂചിപ്പിക്കുന്നത് ഇപ്രകാരമാണെങ്കിലും, അവയുടെ അക്ഷരാർത്ഥത്തിലോ അഥവാ പ്രകൃതിതല അർത്ഥത്തിലോ അവ വെളിപ്പെടുന്നില്ല. ആകയാൽ, ആത്മീകാർത്ഥം എപ്പോഴെങ്കിലും വെളിവാക്കപ്പെടാതിരിക്കുന്നത്രത്തോളം ഈ വേദഭാഗങ്ങളിലെ വചനങ്ങളും, വെളിപാട് പുസ്തകത്തിലെ മറ്റ് വേദഭാഗങ്ങളും, അവയിലെ ദൈവീകമായ പരിശുദ്ധി എവിടെയാണ് ഗുപ്തമാക്കപ്പെട്ടിരിക്കുന്നതെന്ന് യാതൊരാൾക്കും ദീർഘകാലത്തോളം ഗ്രഹിപ്പാൻ കഴിയാത്ത വിധത്തിൽ സമ്പൂർണ്ണമായും അടയ്ക്കപ്പെട്ടു പോകുന്നതാണ്. ഇപ്രകാരം തന്നെ, സെഖര്യാവ് 6:1-8 ൽ രേഖപ്പെടുത്തിയിട്ടുള്ളതും, രണ്ടു താമ്രപർവ്വതങ്ങൾക്കിടയിൽ നിന്ന് പുറപ്പെടുന്നതുമായ നാല് കുതിരകളും, നാല് രഥങ്ങളും സൂചിപ്പിക്കുന്നത് എന്താണെന്ന് ഗ്രഹിപ്പാനും സാദ്ധ്യമാകുന്നതല്ല.

**13** നാം വെളിപ്പാടിൽ വായിക്കുന്നത്,

അഞ്ചാമത്തെ ദൂതൻ ഊതി, അപ്പോൾ ഒരു നക്ഷത്രം ആകാശത്തു നിന്ന് ഭൂമിയിൽ വീണു കിടക്കുന്നത് ഞാൻ കണ്ടു. അവന്ന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു. അവൻ അഗാധകൂപം തുറന്നു. ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽ നിന്ന് പുക പൊങ്ങി. കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി. പുകയിൽ നിന്ന് വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു. അതിന്ന് ഭൂമിയിലെ തേളിന്നുള്ള ശക്തി ലഭിച്ചു. വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിന്ന് ചമയിച്ച കുതിരക്കുസമം. തലയിൽ പൊൻകിരീടം ഉള്ളതുപോലെയും, മുഖം മനുഷമുഖം പോലെയും ആയിരുന്നു. സ്ത്രീകളുടെ മുടിപോലെ അതിന്ന് മുടി ഉണ്ട്. പല്ല് സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നു. ഇരുമ്പുക

വചം പോലെ കവചം ഉണ്ട് ചിറകിന്റെ ഒച്ച പടെക്ക് ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ ആയിരുന്നു. തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ട്; മനുഷ്യരെ അഞ്ചുമാസം ഉപദ്രവിപ്പാൻ അതിന്നുള്ള ശക്തി വാലിൽ ആയിരുന്നു. അഗാധദൂതൻ അതിന്ന് രാജാവായിരുന്നു; അവന്ന് എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവന ഭാഷയിൽ അപ്പൊല്ലാവോൻ എന്നും പേർ. വെളി 9:1–3, 7–11

ആത്മീകാർത്ഥം വെളിപ്പെടുത്തപ്പെടാതിരുന്നാൽ ഈ സംഗതികളും എന്താണെന്ന് യാതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ ഇവിടെ പറയപ്പെട്ടിരിക്കുന്നവയിൽ, അർത്ഥമില്ലാത്തവയായി യാതൊന്നുമില്ല. ഓരോന്നിനും ഓരോ പ്രത്യേക സംഗതിക്കും, ഓരോ സൂചകാർത്ഥമുണ്ട്. വചനത്തിലുള്ള സത്യത്തിന്റെ അറിവ് ഒക്കെയും നശിപ്പിക്കപ്പെടുകയും, മനുഷ്യർ സുഖഭോഗികൾ ആയിത്തീർന്ന് അസത്യങ്ങൾ സത്യങ്ങളാണെന്ന് വിശ്വസിക്കാൻ പ്രേരിതരായിത്തീരുകയും ചെയ്യുന്ന വിധത്തിലായിത്തീരുന്ന സഭയുടെ അവസ്ഥയെയാണ് ഇവിടെ പരാമർശിക്കപ്പെടുന്ന വിഷയം.

ആകാശത്തിൽ നിന്ന് താഴെ ഭൂമിയിൽ വീണ് കിടക്കുന്ന നക്ഷത്രം സൂചിപ്പിക്കുന്നത് സത്യത്തിന്റെ ജ്ഞാനം നശിപ്പിക്കപ്പെടുന്നതാണ്. സൂര്യനും ആകാശവും ഇരുണ്ടുപോകുന്നത് സൂചിപ്പിക്കുന്നത് സത്യത്തിന്റെ വെളിച്ചം കടുത്ത കൂരിരുൾ ആയിത്തീരുന്നത് ആകുന്നു. സുഖലോലുപരായിത്തീർന്ന്, കപടതകളിലൂടെ മാത്രം സംഗതികൾ കാണുകയും വിധിന്യായം പ്രസ്താവിക്കുകയും ചെയ്യുന്നവരിൽ കാണപ്പെടുന്നതും, അവസാനത്തോളം നിലനില്ക്കുന്നതുമായ അസത്യങ്ങളെയാണ് അഗാധകൂപത്തിൽ നിന്ന് പൊങ്ങുന്ന പുകയിൽ നിന്ന് ഭൂമിയിലേക്ക് പുറപ്പെടുന്ന വെട്ടുക്കിളി സൂചിപ്പിക്കുന്നത്. തേൾ സൂചിപ്പിക്കുന്നത് അവയുടെ പ്രേരകപ്രകൃതശക്തിയാകുന്നു. യുദ്ധത്തിനായി ചമയം ചെയ്യപ്പെട്ടിരിക്കുന്ന കുതിരകളെപ്പോലെ പ്രത്യക്ഷപ്പെടുന്ന വെട്ടുക്കിളികൾ സൂചിപ്പിക്കുന്നത് സത്യത്തിന്റെ പരിജ്ഞാനത്തിൽ നിന്നുള്ള യുക്തിചിന്തകളെ ആകുന്നു. വെട്ടുക്കിളികളുടെ തലയിൽ പൊൻകിരീടം ഉണ്ടായിരുന്നു എന്നതും അവയ്ക്ക് മാനുഷമുഖം ഉണ്ടായിരുന്നു എന്നതും സൂചിപ്പിക്കുന്നത്, അവ ജയാളികൾ ആണെന്നും ജ്ഞാനികൾ ആണെന്നും സ്വയം ചിന്തിക്കുന്നു എന്നാണ്. അവർക്ക് സ്ത്രീകളെപ്പോലെ തലമുടി ഉണ്ടായിരുന്നു എന്നത് സൂചിപ്പിക്കുന്നത് അവയ്ക്ക് സത്യത്തോട് അഭിനിവേശം ഉണ്ടെന്ന് അവർ സ്വയം നടിക്കുന്നു എന്നാണ്. അവയ്ക്ക് സിംഹത്തെപ്പോലുള്ള പല്ലുകൾ ഉണ്ടെന്നത് സൂചിപ്പിക്കുന്നത് ഇന്ദ്രിയാസക്തിപരമായ സംഗതികളാണ്. അവ പ്രകൃതിതല മനുഷ്യന്റെ അധമമായ കാര്യങ്ങളാണ്; സകല കാര്യങ്ങളുടെ മേലും അവയ്ക്ക് അധികാരം ഉണ്ടെന്ന് അവയ്ക്ക് തോന്നാറുണ്ട്

(3) അവയ്ക്ക് ഇരുമ്പുകവചം പോലുള്ള കവചം ഉണ്ടായിരുന്നു എന്നത് സൂചിപ്പിക്കുന്നത് എന്തെന്നാൽ, അസത്യങ്ങളിൽ നിന്നുള്ള വാഗ്വാദങ്ങൾ

അവയ്ക്കുണ്ടായിരുന്നു എന്നും അവ കൊണ്ട് അവ പോരാടുകയും ജയിച്ച് കീഴടക്കുകയും ചെയ്യുന്നു. അവയുടെ ചിറകിന്റെ ഒച്ച പടെക്ക് ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ എന്നത് സൂചിപ്പിക്കുന്നത്, തിരുവചനത്തിൽ നിന്നുള്ള ഉപദേശങ്ങളുടെ സത്യത്തിൽ നിന്നുള്ളവയും, ആ സത്യങ്ങളോട് പോരാടാൻ ഉപയോഗിക്കുന്നവയുമായ യുക്തി വാദങ്ങൾ ആകുന്നു. അവയുടെ തേളുകളുടേതു പോലുള്ള വാലുകൾ ഉണ്ടെന്നത് സൂചിപ്പിക്കുന്നത് പ്രേരണാ സ്വാധീന ശക്തികൾ ആകുന്നു. അവയുടെ വാലിൽ വിഷമുള്ള് ഉണ്ടെന്നത് സൂചിപ്പിക്കുന്നത്, അവയുടെ പ്രേരണാ സ്വാധീന ശക്തികൾ ഉപയോഗിച്ച് വശീകരിച്ച് ചതിക്കുവാനുള്ള കൗശലം ഉണ്ടെന്നാകുന്നു. അഞ്ചുമാസക്കാലം മനുഷ്യരെ ഉപദ്രവിപ്പാൻ അതിന്നുള്ള ശക്തി അതിന്റെ വാലിൽ ഉണ്ടായിരുന്നു എന്നത് സൂചിപ്പിക്കുന്നത്, സത്യത്തെക്കുറിച്ച് പരിജ്ഞാനം ഉള്ളവരും നന്മയെ കൈക്കൊണ്ടവരുമായവരെ ഒരുതരം അബോധാവസ്ഥയിലാക്കി അവരെ ദുർബ്ബലരാക്കുമെന്നാകുന്നു. അബദ്ദോൻ അഥവാ അപ്പൊല്ലുവോൻ എന്നുപേരുള്ള അഗാധദൂതൻ അവർക്ക് രാജാവായിട്ടുണ്ട് എന്നത് സൂചിപ്പിക്കുന്നത് അവരുടെ കാപട്യങ്ങളും അസത്യങ്ങളുമെല്ലാം നരകത്തിൽ നിന്നുള്ളവയാണ് എന്നും, അവിടെയാണ് പ്രകൃതിതല മനുഷ്യരും സ്വന്തബുദ്ധിയെ ആശ്രയിച്ച് ജീവിക്കുന്ന മനുഷ്യരും ഉണ്ടായിരിക്കുന്നത് എന്നും ആകുന്നു.

4) ഇതാണ് ഇവയുടെ ആത്മീകാർത്ഥങ്ങൾ; അക്ഷരീകാർത്ഥത്തിൽ ഇവയൊന്നും കാണുവാൻ സാദ്ധ്യമല്ല. വെളിപ്പാടിൽ ഉടനീളവും ഇപ്രകാരം തന്നെയാണ്. ആത്മീകാർത്ഥത്തിൽ ഇവയെല്ലാം അനുസ്യൂതമായി പരസ്പരം ബന്ധപ്പെടുകയും ഓരോ അക്ഷരവും ഓരോ വാക്കും അതിന്റെ അക്ഷരീകാർത്ഥത്തിൽ എന്നതുപോലെ ആത്മീകാർത്ഥത്തിലും തികഞ്ഞ യോജിപ്പിൽ സമഞ്ജസമായി സമ്മേളിക്കുകയും ചെയ്യുന്നു. ആകയാൽ അതിൽനിന്ന് ഏതെങ്കിലും ഒരു ചെറിയ വാക്കെങ്കിലും എടുത്തുമാറ്റിയാൽ അതിന്റെ പരസ്പരബന്ധവും, ആശയഘടനയും ശിഥിലമായിപ്പോകും. ഇപ്രകാരം സംഭവിക്കാതിരിക്കുന്നതിനായി ഈ പ്രവചന പുസ്തകത്തിന്റെ അവസാനഭാഗത്ത് ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

> ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ..... വെളി 22:19

പഴയ നിയമത്തിലെ പ്രവചനപുസ്തകങ്ങളുടെ കാര്യവും ഇതുതന്നെയാണ്. അവയിൽ നിന്ന് യാതൊന്നും നീക്കം ചെയ്യപ്പെടാതിരിപ്പാൻ വേണ്ടി അവയിലുള്ള ഓരോ സംഗതിയും, ഓരോ പദവും കർത്താവിന്റെ ദിവ്യ പരിപാലനത്തൽ എണ്ണപ്പെട്ടിരിക്കുകയാണ്. ഇത് യഹൂദ മതത്തിന്റെ ആചാര്യന്മാരായ റബ്ബിമാർ (മസോറേറ്റേസ്) നിഷ്കർഷയോടെ ചെയ്ത സംഗതിയാണ്.

**14** സഭയുടെ അന്ത്യദശയാകുന്ന കാലസമ്പൂർണ്ണതയെ കുറിച്ചും അതിന്റെ അന്യുസ്യൂതമായ അവസ്ഥാന്തരങ്ങളെ കുറിച്ചും കർത്താവ് തന്റെ ശിഷ്യന്മാരോട് പറയുന്നിടത്ത് ഇതിന്റെ അന്യുസ്യൂതമായ അവസ്ഥാന്തരങ്ങളെ സമ്പന്ധിച്ചു അവൻ പറയുന്നത്,

> ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം കൊടുക്കാതെയിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നുവീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ, മനുഷ്യപുത്രന്റെ അടയാളം ആകാശത്തുവിളങ്ങും; അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഖങ്ങളിന്മേൽ മഹാശക്തിയോടും, തേജഋജാടും കൂടെ വരുന്നത് കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലുദിക്കിൽ നിന്നും കൂട്ടിച്ചേർക്കും. മത്തായി 26:29-31

(2) ഈ വചനത്തിലെ പദങ്ങളെ ആത്മീകാർത്ഥത്തിൽ വിചിന്തനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് സൂര്യനും ചന്ദ്രനും ഇരുണ്ടു പോകുകയോ, നക്ഷത്രങ്ങൾ ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് വീണ് പോവുകയോ, കർത്താവിന്റെ വരവിന്റെ അടയാളങ്ങൾ ആകാശത്തിൽ പ്രത്യക്ഷമാകുമെന്നോ, അവൻ ആകാശ മേഘങ്ങളിൽ കാണപ്പെടുമെന്നോ, അവന്റെ ദൂതന്മാർ മഹാകാഹളത്തോടു കൂടി വരുന്നതായി കാണപ്പെടുമെന്നോ അല്ല തന്നെ. പ്രത്യുത, ഇവയിൽ നിന്നെല്ലാം ആത്മീകാർത്ഥത്തിൽ ഗ്രഹിപ്പാൻ കഴിയുന്നത് സഭയുമായി ബന്ധപ്പെടുന്ന സംഗതികളാണ് അവയിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നത്. സഭയുടെ അവസാനഘട്ടത്തിൽ അവയ്ക്കുണ്ടാകുന്ന അവസ്ഥാന്തരങ്ങളെ കുറിച്ചാണ് അരുളപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ സൂര്യൻ എന്നത് ആത്മീകാർത്ഥത്തിൽ കർത്താവിന്റെ സ്നേഹം ആകുന്നു. ചന്ദ്രപ്രകാശം കൊടുക്കാതിരിക്കും എന്ന് പറഞ്ഞിട്ടുള്ളതിൽ ചന്ദ്രന്റെ പ്രകാശം (ല്യൂമെൻ) കർത്താവിലുള്ള വിശ്വാസം ആകുന്നു. ആകാശത്തിൽ നിന്ന് നക്ഷത്രങ്ങൾ ഭൂമിയിലേക്ക് വീഴും എന്ന് പറഞ്ഞിരിക്കുന്നത് നന്മയുടെയും സത്യത്തിന്റെയും അറിവ് നശിച്ചുപോകും എന്നാണ്. മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ ഉണ്ടാകും എന്ന് പറയുന്നത്, ദൈവീകസത്യം പ്രത്യക്ഷമാകും എന്നാണ് അർത്ഥമാക്കുന്നത്. ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിക്കും എന്നതിന്റെ അർത്ഥം വിശ്വാസത്തിൽ നിന്നുള്ള സകല സത്യങ്ങളും, സ്നേഹത്തിൽ നിന്നുള്ള സകല നന്മകളും കുറഞ്ഞുപോകുന്നതും കിട്ടാതെയാകുന്നതും ആകുന്നു. മനുഷ്യൻ ആകാശമേഘങ്ങളിൽ, ശക്തിയോടും മഹത്വത്തോടും കൂടെ വരുമെന്നതിന്റെ അർത്ഥം വചനത്തിലും, വെളിപ്പാടിലും കർത്താവിന്റെ സാന്നിധ്യം ഉണ്ട് എന്നാകുന്നു. മേഘങ്ങൾ സൂചിപ്പിക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥമാണ്. മഹാകാഹളധ്വനിയോ

ടെയുള്ള ദൂതന്മാർ സൂചിപ്പിക്കുന്നത് ദൈവീകസത്യം പുറപ്പെട്ടുവരുന്നതായ സ്വർഗ്ഗമാണ്. അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലുദിക്കിൽ നിന്നും കൂട്ടിച്ചേർക്കും എന്നത് സൂചിപ്പിക്കുന്നത് സ്നേഹത്തിലും വിശ്വാസത്തിലും സഭയിൽ നൂതനം (നോവം) ആയുള്ളവയെ ആകുന്നു.

സൂര്യനും ചന്ദ്രനും ഇരുണ്ടുപോകുമെന്നും നക്ഷത്രങ്ങൾ ഭൂമിയിലേക്ക് വീഴും എന്നുള്ളതും ഇവിടെ അർത്ഥമാക്കിയിട്ടില്ലെന്നത് പ്രവാചകന്മാരുടെ പ്രവചനങ്ങളിൽ നിന്ന് വ്യക്തമായി വെളിപ്പെടുന്നുണ്ട്. കാരണമെന്തെന്നാൽ, കർത്താവ് ലോകത്തിലേക്ക് വരേണ്ടിയ സമയത്ത് സഭയുടെ അവസ്ഥ എന്താകുമെന്നതിനെ കുറിച്ച് സമാനമായ കാര്യങ്ങൾ പ്രവചനങ്ങളിൽ പറഞ്ഞിട്ടുണ്ടായിരുന്നു.

അങ്ങനെ, യെശയ്യാവ് പ്രസ്താവിച്ചത്:

> ദേശത്തെ ശൂന്യമാക്കുവാനും, പാപികളെ അതിൽ നിന്ന് മുടിച്ചുകളവാനും, യഹോവയുടെ ദിവസം ക്രൂരമായിട്ട് ക്രോധത്തോടും, അതികോപത്തോടും കൂടെ വരുന്നു. ആകാശത്തിലെ നക്ഷത്രങ്ങളും നക്ഷത്ര രാശികളും പ്രകാശം തരികയില്ല. സൂര്യൻ ഉദയത്തിങ്കൽത്തന്നേ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം നൽകുകയുമില്ല. ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും, ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും. അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും. ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും. യെശ 13:9–11; 24:21.23

യോവേലിൽ:

> യഹോവയുടെ ദിവസം വരുന്നതുകൊണ്ടും, അത് അടുത്തിരിക്കുന്നതുകൊണ്ടും, ദേശത്തിലെ സകല നിവാസികളും നടുങ്ങിപ്പോകട്ടെ. ഇരുട്ടും അന്ധകാരവുമുള്ളൊരു ദിവസം മേഘവും കൂരിരുട്ടുമുള്ളൊരു ദിവസം തന്നേ. പർവ്വതങ്ങളിൽ പരന്നിരിക്കുന്ന പ്രഭാതം പോലെ പെരുപ്പവും ബലവുമുല്ലോരു ജാതി; അങ്ങനെയുള്ളത് പണ്ട് ഉണ്ടായിട്ടില്ല; ഇനിമേലാൽ തലമുറ തലമുറയായുള്ള ആണ്ടുകളോളം ഉണ്ടാകുകയുമില്ല അവരുടെ മുമ്പിൽ ഭൂമി കുലുങ്ങുന്നു. ആകാശം നടുങ്ങുന്നു. സൂര്യനും ചന്ദ്രനും, ഇരുണ്ടുപോകുന്നു. നക്ഷത്രങ്ങൾ പ്രകാശം നൽകാതിരിക്കുന്നു. യോവേൽ 2:1, 2, 10; 3:15

യെഹെസ്കേലിൽ:

> ഞാൻ ആകാശത്തെ മൂടി അതിലെ നക്ഷത്രങ്ങളെ കറുപ്പുടുപ്പിക്കും. ഞാൻ സൂര്യനെ മേഘം കൊണ്ടു മറെക്കും. ചന്ദ്രൻ പ്രകാശം നൽകുകയും ഇല്ല. ആകാശത്തിലെ ശോഭയുള്ള ജ്യോതിസ്സുകളെ ഒക്കെയും ഞാൻ നിന്റെ നിമിത്തം കറുപ്പുടുപ്പിക്കുകയും നിന്റെ ദേശത്തിൽ അന്ധകാരം വരുത്തുകയും ചെയ്യും എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. യെഹെസ്കേൽ 32:7,8

യഹോവയുടെ നാൾ എന്നതു കൊണ്ട് അർത്ഥമാക്കുന്നത് കർത്താവിന്റെ ആഗമനമാണ്. സഭയിൽ യാതൊരു നന്മയോ സത്യമോ കർത്താവിനെ സംബന്ധിച്ചുള്ള യുക്തിസഹജമായ ധാരണകൾ പോലും ഇല്ലാതായ സമയത്തായിരുന്നു അത് സംഭവിച്ചത്.

**15** പഴയ നിയമത്തിൽ കാണുന്ന പ്രവാചന ഭാഗങ്ങൾ ഒട്ടു മിക്കതും ആത്മീകാർത്ഥം അറിയാതെ സുഗ്രാഹ്യമാകുന്നതിന് ദുഷ്കരമാണെന്ന് തെളിയിക്കുവാനായി ഞാൻ ഏതാനും വേദഭാഗങ്ങൾ ഉദ്ധരിക്കാം. യെശയ്യാവിൽ കാണുന്നത് പോലെ :

> ഹോറേബ് പാറക്കരികെ വെച്ചുള്ള മിദ്യാന്റെ സംഹാരത്തിൽ എന്നപോലെ സൈന്യങ്ങളുടെ യഹോവ അവന്റെ നേരെ ഒരു ചമ്മട്ടിയെ പൊക്കും. അവൻ തന്റെ വടി സമുദ്രത്തിന്മേൽ നീട്ടും; മിസ്രയീമിൽ ചെയ്തതു പോലെ അതിനെ ഓങ്ങും. അന്നാളിൽ അവന്റെ ചുമട് നിന്റെ തോളിൽ നിന്നും അവന്റെ നുകം നിന്റെ കഴുത്തിൽ നിന്നും നീങ്ങിപ്പോകും. പുഷ്ടി നിമിത്തം നുകം തകർന്നുപോകും. അവൻ അയ്യാത്തിൽ എത്തി മിഗ്രോനിൽക്കൂടി കടന്നു; മിക്മാശിൽ തന്റെ പടക്കോപ്പ് വെച്ചിരിക്കുന്നു. അവർ ചുരം കടന്നു, ഗേബയിൽ രാപാർത്തു. റാമാ നടുങ്ങുന്നു, ശൗലിന്റെ ഗിബെയാ ഓടിപ്പോയ ഗല്ലീം പുത്രീ, ഉറക്കെ നിലവിളക്ക, ലയേശേ, ശ്രദ്ധിച്ചു കേൾക്ക; അനാഥോത്തേ, ഉത്തരം പറക മദ്മേനാ ഓട്ടം തുടങ്ങിയിരിക്കുന്നു; ഗെബീം നിവാസികൾ ഓട്ടത്തിന്നു വട്ടം കൂട്ടുന്നു. ഇന്നു അവൻ നോബിൽ താമസിക്കും; യെരൂശലേം ഗിരിയായ സിയോൻ പുത്രിയുടെ പർവ്വതത്തിന്റെ നേരെ അവൻ കൈകുലുക്കുന്നു. സൈന്യങ്ങളുടെ യഹോവയായ കർത്താവ് കൊമ്പുകളെ ഭയങ്കരമായി മുറിച്ചു കളയും; പൊക്കത്തിൽ വളർന്നവയെ അവൻ വെട്ടിയിടുകയും ഉയർന്നവയെ താഴ്ത്തുകയും ചെയ്യും. അവൻ വനത്തിലെ പള്ളക്കാടുകളെ ഇരുമ്പായുധം കൊണ്ട് വെട്ടിക്കളയും; ലെബാനോനും ബലവാന്റെ കയ്യാൽ വീണുപോകും. യെശ 10:28–34

ഈ വേദഭാഗത്തിൽ പേരുകൾ മാത്രമാണ് വരുന്നത്, അവയിൽ നിന്ന് ഒന്നും ഗ്രഹിപ്പാൻ കഴിയുന്നില്ല. എന്നാൽ ആത്മീകാർത്ഥങ്ങളുടെ സഹായത്തോടെ അവയെ ഗ്രഹിക്കാവുന്നതാണ്. ആത്മീകാർത്ഥത്തിൽ ഈ പേരുകളെല്ലാം സ്വർഗ്ഗത്തിന്റെയും സഭയുടെയും കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇതിന്റെ ആത്മീകാർത്ഥം സൂചിപ്പിക്കുന്നത് പ്രകൃതിതല ജ്ഞാനം മുഖേന സകല സത്യങ്ങളും വികലമാക്കപ്പെടുകയും, അസത്യങ്ങൾ സ്ഥാപിതമാകുകയും ചെയ്തുകൊണ്ട് സഭ സമസ്തമായും ഉന്മൂലനം ചെയ്യപ്പെടുമെന്ന് ആകുന്നു.

(2) അതേ പ്രവചനത്തിൽ തന്നെ മറ്റൊരു ഭാഗത്ത്:

> അന്നാളിൽ കർത്താവ് തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ അശ്ശൂരിൽ നിന്നും മിസ്രയീമിൽ നിന്നും പത്രോസിൽ നിന്നും കൂ

ശിൽ നിന്നും ഏലാമിൽ നിന്നും ശിനാരിൽ നിന്നും ഹമാത്തിൽ നിന്നും സമുദ്രത്തിലെ ദ്വീപുകളിൽ നിന്നും വീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം കൈനീട്ടും. എഫ്രയീമിന്റെ അസൂയ നീങ്ങിപ്പോകും. യെഹൂദയെ അസഹ്യപ്പെടുത്തുന്നവർ ഛേദിക്കപ്പെടും. എഫ്രയീം യെഹൂദയോട് അസൂയപ്പെടുകയില്ല. യെഹൂദാ എഫ്രയീമിനെ അസഹ്യപ്പെടുത്തുകയുമില്ല. അവർ പടിഞ്ഞാറ് ഫെലിസ്ത്യരുടെ മലഞ്ചെരിവിന്മേൽ ചാടും. കിഴക്കുള്ളവരെ ഒക്കെയും കൊള്ളയിടും. ഏദോമിന്മേലും മോവാബിന്മേലും കൈവെക്കും. അമ്മോന്യർ അവരെ അനുസരിക്കും. യഹോവ മിസ്രയിം കടലിന്റെ നാവിന്ന് ഉന്മൂലനാശം വരുത്തും. അവൻ ഉഷ്ണക്കാറ്റോടു കൂടെ നദിയുടെ മീതെ കൈ ഓങ്ങി അതിനെ അടിച്ച് ഏഴ് കൈവഴികളാക്കി ചെരിപ്പ് നനയാതെ കടക്കുമാറാക്കും. മിസ്രയീമിൽ നിന്ന് പുറപ്പെട്ട നാളിൽ യിസ്രായേലിന്നുണ്ടായിരുന്നതുപോലെ, അശ്ശൂരിൽ നിന്ന് അവന്റെ ജനത്തിൽ ശേഷിക്കുന്ന ശേഷിപ്പിന്ന് ഒരു പെരുവഴിയുണ്ടാകും." യെശ 11:11, 13-16

ഇവിടെയും, നൽകപ്പെട്ടിട്ടുള്ള ഓരോരോ നാമത്തിന്നുമുള്ള സൂചിതാർത്ഥം എന്താണെന്ന് അറിയാതെ, യാതൊരാൾക്കും ദൈവീകമായ എന്തെങ്കിലും കാണുവാൻ കഴിയുന്നതല്ല. ഇതിലും കർത്താവിന്റെ ആഗമനത്തേയും ആ സമയത്ത് എന്തെല്ലാം സംഭവിക്കുമെന്നതിൻെ കുറിച്ചാണ് അതെ അദ്ധ്യായത്തിലെ 1-10 വാകൃങ്ങളിൽ അത് വെളിപ്പെടുത്തിയിരിക്കുന്നത്; ഈ സംഭവക്രമത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് ആത്മീകാർത്ഥങ്ങളുടെ സഹായം കൂടാതെ ആർക്ക് മനസ്സിലാക്കുവാൻ കഴിയും? അജ്ഞതയിൽ നിന്നു വ്യാജതയിൽ ആയിപ്പോയെങ്കിലും തിന്മകളാൽ നയിക്കപ്പെടുന്നതിന് ഇടയാകാതെ കർത്താവിനെ സമീപിക്കുവാൻ കഴിയുന്നവരെപ്പറ്റിയും, അപ്പോൾ സഭ വചനം മനസ്സിലാക്കാൻ ഇടയാകുന്നതിനാൽ കാപട്യങ്ങൾ ഒരിക്കലും അവർക്ക് ദ്രോഹം ചെയ്യുകയില്ലെന്നതിനെ പറ്റിയും ആർക്ക് ഗ്രഹിപ്പാൻ കഴിയും ?

(3) യെഹെസ്കേലിൽ ഉള്ളതു പോലെ ആ വേദഭാഗങ്ങളിൽ നാമങ്ങളെ കൂടാതെ സംഭവിക്കുന്ന സംഗതി സമാനമായുള്ളതാണ്.

മനുഷ്യപുത്രാ യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. സകലവിധ പക്ഷികളോടും എല്ലാ കാട്ടുമൃഗങ്ങളോടും നീ പറയേണ്ടുന്നത്: നിങ്ങൾ കൂടി വരുവിൻ; നിങ്ങൾ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യേണ്ടതിന്ന് ഞാൻ യിസ്രായേൽ പർവ്വതങ്ങളിൽ ഒരു മഹായാഗമായി നിങ്ങൾക്കുവേണ്ടി അറുപ്പാൻ പോകുന്ന എന്റെ യാഗത്തിന് നാലു പുറത്തു നിന്നും വന്നു കൂടുവിൻ. നിങ്ങൾ വീരന്മാരുടെ മാംസം തിന്ന് ഭൂമിയിലെ പ്രഭുക്കന്മാരുടെ രക്തം കുടിക്കേണം. അവരൊക്കെയും ബാശാനിലെ തടിപ്പിച്ച ആടുകൊറ്റന്മാരും കുഞ്ഞാടുകളും കോലാട്ടുകൊറ്റന്മാരും, കാളകളും തന്നേ... ഞാൻ നിങ്ങൾക്കു

വേണ്ടി അറുപ്പാൻ പോകുന്ന എന്റെ യാഗത്തിന് നാലുപുറത്തുനിന്നും വന്നുകൂടുവിൻ. നിങ്ങൾ വീരന്മാരുടെ മാംസം തിന്ന് ഭൂമിയിലെ പ്രഭുക്കന്മാരുടെ രക്തം കുടിക്കേണം. അവരൊക്കെയും ബാശാനിലെ തടിപ്പിച്ച ആട്ടുകൊറ്റന്മാരും, കുഞ്ഞാടുകളും, കോലാട്ടുകൊറ്റന്മാരും, കാളകളും തന്നേ. ഞാൻ നിങ്ങൾക്കുവേണ്ടി അറുത്തിരിക്കുന്ന എന്റെ യാഗത്തിൽ നിന്ന് നിങ്ങൾ തൃപ്തരാകുവോളം മേദസ്സു തിന്നുകയും ലഹരിയാകുവോളം രക്തം കുടിക്കയും ചെയ്യും.

ഇങ്ങനെ നിങ്ങൾ എന്റെ മേശയിങ്കൽ കുതിരകളെയും വാഹനമൃഗങ്ങളെയും വീരന്മാരെയും സകല യോദ്ധാക്കളെയും തിന്ന് തൃപ്തരാകും എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. ഞാൻ എന്റെ മഹത്വത്തെ ജാതികളുടെ ഇടയിൽ സ്ഥാപിക്കും. ഞാൻ നടത്തിയിരിക്കുന്ന എന്റെ ന്യായവിധിയും ഞാൻ അവരുടെമേൽ വെച്ച എന്റെ കയ്യും സകല ജാതികളും കാണും. യെഹെ 39: 17–21

മഹായാഗം, മാംസം, രക്തം, വെള്ളക്കുതിര, രഥം, വീരന്മാർ, യോദ്ധാവ് എന്നിവയാൽ കുറിക്കപ്പെട്ടിരിക്കുന്നതിന്റെ ആത്മീകാർത്ഥം എന്താണെന്ന് അറിഞ്ഞു കൂടാത്ത ഒരുവന്ന് അവയൊക്കെയും തിന്നുകയും കുടിക്കുകയും ചെയ്യേന്ന അത്തരം സാധനങ്ങൾ ആണെന്ന് മാത്രമേ മറിയുകയുള്ളു, ആത്മീകാർത്ഥം നമ്മെ പഠിപ്പിക്കുന്നത് യിസ്രായേൽ പർവ്വതങ്ങളിൽ കർത്താവായ യഹോവ നടത്തുന്ന മഹായാഗത്തിൽ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുക എന്നത് സൂചിപ്പിക്കുന്നത് വചനത്തിൽ നിന്നുള്ള ദൈവീക നന്മയും ദൈവീകസത്യവും ഓരോരുത്തരും സ്വായത്തമാക്കുന്നതിനെയാകുന്നു. ഇവിടെ പരാമർശിക്കപ്പെടുന്ന വിഷയമാകട്ടെ സർവ്വരെയും കർത്താവിന്റെ രാജ്യത്തിലേക്ക് വിളിച്ച് ചേർക്കുന്നതും, പ്രത്യേകിച്ചും രാഷ്ട്രങ്ങൾക്കും ജനതകൾക്കും ഇടയിൽ കർത്താവിന്റെ സഭ സ്ഥാപിതമാക്കുന്നതും ആകുന്നു. “മാംസം” എന്നാൽ മാംസം തന്നെയല്ലെന്നും “രക്തം” എന്നാൽ രക്തം തന്നെയല്ലെന്നും ആർക്കാണ് അറിഞ്ഞു കൂടാത്തത്? പ്രവചനത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: “എന്റെ യാഗത്തിൽ നിന്ന് നിങ്ങൾ തൃപ്തരാകുവോളം മേദസ്സ് തിന്നുകയും, ലഹരിയാകുവോളം രക്തം കുടിക്കുകയും ചെയ്യും. ഇങ്ങനെ നിങ്ങൾ എന്റെ മേശയിങ്കൽ കുതിരകളെയും, വാഹനമൃഗങ്ങളെയും വീരന്മാരെയും സകല യോദ്ധാക്കളെയും തിന്ന് തൃപ്തരാകും... ഇതുപോലെ തന്നെ, പ്രവചനങ്ങളിൽ ആയിരക്കണക്കിന് സന്ദർഭങ്ങളിൽ വ്യംഗ്യമായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ!

**16** ആത്മീകാർത്ഥം ഗ്രഹിക്കാതെ യാതൊരാൾക്കും യിരമ്യാവിനോട് ഒരു ചണനൂൽക്കച്ച വാങ്ങുവാൻ കല്പിച്ചതിന്റെ കാരണം എന്തെന്ന് മനസ്സിലാകുകയില്ല.

യഹോവ എന്നോട് നീ ചെന്ന്, ഒരു ചണനൂൽക്കച്ച വാങ്ങി നിന്റെ അരെക്ക് കെട്ടുക. അതിനെ വെള്ളത്തിൽ ഇടരുത് എന്ന് കല്പിച്ചു.

അങ്ങനെ ഞാൻ യഹോവയുടെ കല്പന പ്രകാരം ഒരു കച്ചവാങ്ങി അരെക്കു കെട്ടി. യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം എനിക്കുണ്ടായതെന്തെന്നാൽ നീ വാങ്ങി അരെക്കു കെട്ടിയ കച്ച എടുത്തു പുറപ്പെട്ടു ഫ്രാത്തിന്നു അരികത്തുചെന്ന് അവിടെ ഒരു വിള്ളലിൽ ഒളിച്ചുവെക്കുക..... യിരെ 13:1–7

യെശയ്യാവിനോട് ഇപ്രകാരം കല്പിച്ചത് എന്തിന്നായിരുന്നു? നീ ചെന്ന് നിന്റെ അരയിൽ നിന്ന് രട്ടുശീല അഴിച്ചുവെച്ച് കാലിൽ നിന്ന് ചെരിപ്പും ഊരിക്കളക. യെശ 20:2–3

യെഹസ്കേലിനോട് കല്പിച്ചതിനുള്ള കാരണം:

മനുഷ്യപുത്രാ നീ മൂർച്ചയുള്ളൊരു വാൾ എടുത്ത് ക്ഷൗരക്കത്തിയായി പ്രയോഗിച്ച് നിന്റെ തലയും താടിയും ക്ഷൗരം ചെയ്ക. പിന്നെ തുലാസ് എടുത്ത് രോമം തൂക്കി വിഭാഗിക്ക നിരോധനകാലം തികയുമ്പോൾ മൂന്നിൽ ഒന്ന് നീ നഗരത്തിന്റെ നടുവിൽ തീയിൽ ഇട്ട് ചുട്ടുകളയേണം. മൂന്നിൽ ഒന്ന് എടുത്ത് അതിന്റെ ചുറ്റും വാൾ കൊണ്ട് അടിക്കേണം. മൂന്നിൽ ഒന്ന് കാറ്റത്ത് ചിതറിച്ചുകളയേണം. അവയുടെ പിന്നാലേ ഞാൻ വാളൂരും. അതിൽ നിന്ന് കുറഞ്ഞൊരു സംഖ്യ നീ എടുത്ത് നിന്റെ വസ്ത്രത്തിന്റെ കോന്തലക്കൽ കെട്ടേണം. ഇതിൽ നിന്ന് പിന്നെയും നീ അല്പം എടുത്ത് തീയിൽ ഇട്ട് ചുട്ടുകളയേണം. അതിൽ നിന്ന് യിസ്രായേൽ ഗൃഹത്തിലേക്കെല്ലാം ഒരു തീ പുറപ്പെടും.യെഹ 5:1–4

വീണ്ടും അത് പ്രവാചകനോടു തന്നെ കല്പിച്ചതിനുള്ള കാരണം

പിന്നെ നീ ഇടത്തുവശം ചരിഞ്ഞു കിടന്ന് യിസ്രായേൽ ഗൃഹത്തിന്റെ അകൃത്യം അതിന്മേൽ ചുമത്തുക; നീ ആവശം കിടക്കുന്ന ദിവസങ്ങളുടെ എണ്ണത്തോളം അവരുടെ അകൃത്യം വഹിക്കേണം. ഞാൻ അവരുടെ അകൃത്യത്തിന്റെ സംവത്സരങ്ങളെ നിനക്ക് ദിവസങ്ങളായി എണ്ണും. അങ്ങനെ മുന്നൂറ്റി തൊണ്ണൂറു ദിവസം നീ യിസ്രായേൽ ഗൃഹത്തിന്റെ അകൃത്യം വഹിക്കേണം. ഇത് കഴിഞ്ഞിട്ട് നീ വലത്തുവശം ചരിഞ്ഞ് കിടന്ന് യെഹൂദാഗൃഹത്തിന്റെ അകൃത്യം നാല്പത് ദിവസം വഹിക്കേണം. ഒരു സംവത്സരത്തിന് ഒരു ദിവസം വീതം ഞാൻ നിനക്കു നിയമിച്ചിരിക്കുന്നു.......... നീ കോതമ്പും, യവവും, അമരയും, ചെറുപയറും, തിനയും ചോളവും എടുത്ത് ഒരു പാത്രത്തിൽ ഇട്ട് അവ കൊണ്ട് അപ്പം ഉണ്ടാക്കുക....... മാനുഷകാഷ്ഠത്തിനുപകരം ഞാൻ നിനക്ക് പശുവിൻ ചാണകം അനുവദിച്ചിരിക്കുന്നു. അതു കത്തിച്ച് നിന്റെ അപ്പം ചുട്ടുകൊൾക. എന്ന് കല്പിച്ചു..... ഞാൻ യേരൂശലേമിൽ അപ്പം എന്ന കോൽ ഒടിച്ചുകളയും......” യെഹസ്കേൽ 4:1–15

ഹോശേയാ പ്രവാചകനോട് രണ്ടുപ്രാവശ്യം കല്പിച്ചതിനുള്ള കാരണം

> യഹോവ ഹോശേയയോട്: നീ ചെന്ന് പരസംഗം ചെയ്യുന്ന ഒരു ഭാര്യയെയും, പരസംഗത്തിൽ ജനിച്ച മക്കളെയും എടുക്ക എന്ന് കല്പിച്ചു. ഹോശേയാ 1:2-9, 3: 2,3

ഇതു പോലെ തന്നെയുള്ള മറ്റ് പല സംഗതികളും കല്പിച്ചു. കൂടാതെ, സമാഗമനകൂടാരത്തിന്റെ എല്ലാ ഉപകരണങ്ങളും എന്തിനെ സൂചിപ്പിക്കുന്നു എന്ന് ആർക്ക് മനസ്സിലാക്കുവാൻ കഴിയും; പെട്ടകം, കൃപാസനം, കെരൂബുകൾ, നിലവിളക്ക്, സുഗന്ധ ധൂപമുള്ള യാഗപീഠം, കാഴ്ച അപ്പം, മേശപ്പുറത്ത് വയ്ക്കുന്നത്, മൂടുപടങ്ങൾ, തിരശ്ശീലകൾ മുതലാ യവ. ആത്മീകാർത്ഥം അറിയാതെ, അഹരോന്റെ വിശേഷവസ്ത്രങ്ങൾ, അവന്റെ അരക്കച്ച, അവന്റെ കുപ്പായം, ഏഫോദ്, ഊറിം, തുമ്മീം, മൈത്രെ, എന്നിവയും മറ്റു പല സംഗതികളും അങ്ങനെ അഹരോനുമായി ബന്ധപ്പെട്ട് കാണപ്പെടുന്ന സകല സംഗതികളും എന്തെല്ലാം സൂചിപ്പിക്കുന്നു എന്ന് ആർക്കെങ്കിലും മനസ്സിലാക്കുവാൻ കഴിയുമോ? അതുപോലെതന്നെ ആത്മീകാർത്ഥം അറിയാതെ, ഹോമയാഗങ്ങൾ, യാഗങ്ങൾ, മാംസവഴിപാട്, പാനീയ വഴിപാട്, ശാബ്ബത്ത്, സദ്യകൾ, പെരുന്നാളുകൾ എന്നിവയെല്ലാം എന്താണ് സൂചിപ്പിക്കുന്നത് എന്ന് ആർക്കെങ്കിലും അറിയുവാൻ കഴിയുമോ? കർത്താവിനോടും സ്വർഗ്ഗത്തോടും സഭയോടും ബന്ധപ്പെട്ട് സൂചിപ്പിക്കപ്പെടുന്നവയല്ലാതെ യാതൊരു ചെറിയ കാര്യം പോലും കല്പിക്കപ്പെട്ടിരിക്കുന്നില്ല എന്നതാണ് സത്യം. ഈ നാമമാത്ര ഉദാഹരണങ്ങളിൽ നിന്നു തന്നെ വ്യക്തമായി ഗ്രഹിക്കാൻ കഴിയുന്ന സത്യം ഇതാണ്: തിരുവചനത്തിലുള്ള എല്ലാ സംഗതികൾക്കും പൊതുവായും പ്രത്യേകമായും ആത്മീകാർത്ഥം ഉണ്ടായിരിക്കും.

**17** കർത്താവ് ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ ആത്മീക സാദൃശ്യ ആശയത്തിലൂടെയാണ് അരുളി ചെയ്തിട്ടുള്ളതെന്നും, ഒരേ സമയം തന്നെ ആത്മീകവും, ലൗകികവുമായ സംഗതികളെ പരാമർശിച്ചു എന്നുള്ളതും, അവന്റെ ഉപമകളിൽ നിന്നും പ്രത്യക്ഷമാകുന്നുണ്ട്. അവയിലുള്ള ഓരോ ആശയത്തിനും ആത്മീകമായ ഓരോരോ അർത്ഥങ്ങൾ ഉണ്ട്. ഉദാഹരണത്തിനായി പത്തു കന്യകമാരുടെ ഉപമ എടുക്കാം. അവൻ അരുളിച്ചെയ്തത്.

> "സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്ക് എടുത്തുംകൊണ്ട് പുറപ്പെട്ട പത്ത് കന്യകമാരോട് സദൃശം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്ക് എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ, വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കും പിടിച്ച് ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു, അവനെ എതിരേൽപ്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളിയുണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റ് വിളക്ക് തെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാത്തവർ

ബുദ്ധിയുള്ളവരോട് ഞങ്ങളുടെ വിളക്ക് കെട്ടുപോകുന്നതുകൊണ്ട് നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കുതരുവാൻ എന്നുപറഞ്ഞു. ബുദ്ധിയുള്ളവർ ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്ന് ഉത്തരം പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണ സദ്യക്ക് ചെന്നു. വാതിൽ അടെക്കയും ചെയ്തു. അതിന്റെ ശേഷം മറ്റേ കന്യകമാരും വന്നു; കർത്താവേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിന്ന് അവൻ ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് സത്യമായിട്ട് നിങ്ങളോടുപറയുന്നു എന്ന് പറഞ്ഞു. മത്തായി 25:1–12

(2) ഈ ഉപമയുടെ ഓരോരോ ഭാഗത്തും ആത്മീകാർത്ഥവും തദ്വാരാ ദൈവീകമായ വിശുദ്ധിയും ഉണ്ടെന്ന്, അതിൽ ഉടനീളം ആത്മീകാർത്ഥം ഉണ്ടെന്ന് അറിയുന്നവരും അതിന്റെ പ്രകൃതവും പ്രത്യേകതയും എന്തെന്ന് പരിചയമുള്ളവർക്കല്ലാതെ ഏതൊരാൾക്കും അറിവാൻ കഴിയുന്നതല്ല. സ്വർഗ്ഗരാജ്യം എന്നതിന് ആത്മീകമായുള്ള അർത്ഥം സ്വർഗ്ഗമെന്നും സഭയെന്നുമാകുന്നു. മണവാളൻ എന്നതിന്റെ അർത്ഥം കർത്താവ് എന്നാണ്. കല്ല്യാണം എന്നതിന്, സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ന യാൽ കർത്താവിന് സ്വർഗ്ഗവുമായും സഭയുമായും ഉണ്ടാകുന്ന വിവാഹം എന്നാണ് അർത്ഥം. കന്യകമാർ എന്നതിന് സഭയോട് ബന്ധപ്പെട്ടിരിക്കുന്ന സകലരും എന്നാണ് അർത്ഥം. പത്ത് എന്നതിന് സകലരും എന്നാണ് അർത്ഥം. അഞ്ച് എന്നതിന് ഒരു അംശം അഥവാ ഒരു ഭാഗം എന്ന് അർത്ഥം. വിളക്കുകൾ എന്നതിന് വിശ്വാസത്തിന്റെ സത്യം എന്നും, എണ്ണ എന്നതിന് സ്നേഹത്തിന്റെ നന്മ എന്നുമാണ് അർത്ഥം. ഉറങ്ങുകയും ഉണരുകയും ചെയ്യുന്നത് ലോകത്തിൽ മനുഷ്യർക്ക് ഉണ്ടാകുന്ന പ്രകൃതിസഹജമായ ജീവിതത്തെ സൂചിപ്പിക്കുന്നു; അതു പോലെതന്നെ മരണത്തിനു ശേഷം ഉണ്ടാകുന്ന ആത്മീക ജീവിതത്തെയും സൂചിപ്പിക്കുന്നു. വാങ്ങുക എന്നതിന്റെ അർത്ഥം അവരവർക്കായി സമാർജ്ജിക്കുക എന്നാണ്. മരണത്തിനു ശേഷം മറ്റുള്ളവരിൽ നിന്ന് സ്നേഹത്തിന്റെ നന്മ സമാർജ്ജിക്കാൻ ശ്രമിക്കുന്നതാണ് എണ്ണവാങ്ങാൻ വേണ്ടി വില്ക്കുന്നവരുടെ അടുക്കൽ പോകുക എന്നതിന്റെ അർത്ഥം. മരണത്തിനു ശേഷം അത് സമ്പാദിക്കുവാൻ കഴിയുകയില്ലാത്തതിനാൽ, അവർ പോയി എണ്ണ വാങ്ങിയിട്ട് വിളക്കുകളുമായി കല്യാണശാലയുടെ വാതില്ക്കൽ എത്തിയപ്പോൾ ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് മണവാളൻ പറഞ്ഞത് ഇതിന്റെ കാരണമെന്തെന്നാൽ മരണാനന്തരം, മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ എങ്ങനെയായിരുന്നുവോ, അപ്രകാരം തന്നെയേ ആയിരിക്കുകയുള്ളൂ എന്നതാകുന്നു. ഈ സംഗതികളിൽ നിന്ന് സുവിദിതമാകുന്നത് ഇതാണ്: യഹോവ സംശുദ്ധമായ സാദൃശ്യാശയത്തിലൂടെയാണ് ഇവയെല്ലാം അരുളി ചെയ്തത്. അവയെല്ലാം അരുളിചെയ്തത് അവനിൽ ഉള്ളതും അവന്റേതുമായ ദൈവീകത്വത്തിൽ നിന്ന് ആയിരുന്നു. മണവാളൻ എന്നാൽ

കർത്താവിനെയാണ് സൂചിപ്പിക്കുന്നതെന്നും, സ്വർഗ്ഗങ്ങളുടെ രാജ്യം സഭയാണെന്നും, കല്യാണം എന്നത് സ്നേഹത്തിന്റെയും നന്മയുടെയും മാർഗ്ഗേണ സഭയുമായി കർത്താവിന് ഉണ്ടാകേണ്ട വിവാഹം ആകുന്നു എന്നും, കന്യകമാർ സൂചിപ്പിക്കുന്നത് സഭയിൽ ഉൾപ്പെടുന്ന എല്ലാവരും ആണെന്നും, പത്ത് എന്നാൽ സകലരും അഥവാ എല്ലാം എന്നാകുന്നു എന്നും, അഞ്ച് എന്നാൽ ഒരു ഭാഗം അഥവാ അല്പം എന്നാണെന്നും, ഉറക്കം എന്നാൽ പ്രകൃതിസഹജമായ അവസ്ഥയാകുന്നു എന്നും, വാങ്ങുക എന്നാൽ അവരവരുടെ ആവശ്യങ്ങൾക്കായി സമാർജ്ജിക്കുക എന്നാണെന്നും, വാതിൽ എന്നാൽ സ്വർഗ്ഗത്തിലേക്കുള്ള പ്രവേശന കവാടം ആണെന്നും, ഞാൻ അറിയുന്നില്ല എന്നത് അവന്റെ സ്നേഹത്തിൽ അല്ലെന്ന് സൂചിപ്പിക്കുന്നു എന്നും ഉള്ള സംഗതികൾ എല്ലാം സമാനമായ സൂചിതാർത്ഥങ്ങൾ ഉള്ള പ്രവചനപരമായ വചനഭാഗങ്ങളിൽ നിന്നുമെല്ലാം അറിവാൻ കഴിയുമല്ലോ.

“കന്യകമാർ” സൂചിപ്പിക്കുന്നത് സഭയിൽ ഉൾപ്പെടുന്ന എല്ലാവരെയും ആകയാൽ, പ്രവചനപരമായ വചനഭാഗങ്ങളിൽ കൂടെക്കൂടെ കന്യകമാരെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ, സീയോൻപുത്രി, യെരൂശലേം പുത്രി, യിസ്രായേൽപുത്രി, എന്നീ പദപ്രയോഗങ്ങളും ആവർത്തിച്ച് വരുന്നുണ്ട്. എണ്ണ സൂചിപ്പിക്കുന്നത് സ്നേഹത്തിന്റെ നന്മയാകയാൽ യിസ്രായേല്യരുടെ ദേവാലയങ്ങളിലെല്ലാം സകല വിശുദ്ധസാധനങ്ങളെയും തൈലാഭിഷേകം ചെയ്യിച്ചിട്ടുണ്ടായിരുന്നു. മറ്റ് ഉപമകളിലും കർത്താവ് അരുളിചെയ്ത എല്ലാ വചനങ്ങളിലും സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വചനങ്ങളിലും ഈ വിശേഷത കാണുവാൻ കഴിയുന്നതാണ്. ഈ കാരണത്താലാണ് കർത്താവ് അരുളിച്ചെയ്തത്:

അവന്റെ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. യോഹ 6:63

കർത്താവിന്റെ അത്ഭുത പ്രവൃത്തികളുടെ കാര്യവും ഇപ്രകാരം തന്നെയാണ്. കർത്താവിനാൽ സ്ഥാപിതമാകുവാനുള്ള സഭയുടെ അംഗങ്ങളായ ഏവരുടെയും വൈവിദ്ധ്യമാർന്ന അവസ്ഥകൾ എന്തെല്ലാമാണെന്ന് സൂചിപ്പിക്കുന്നതിനാൽ ഇവയെല്ലാം ദൈവീകം ആയിരിക്കുന്നു. ഇപ്രകാരം തന്നെ, കുരുടൻ കാഴ്ച പ്രാപിച്ചപ്പോൾ അത് സൂചിപ്പിച്ചത് സത്യത്തെക്കുറിച്ചുള്ള അജ്ഞതയിൽ ആയിരുന്നവർക്ക് പരിജ്ഞാനം ലഭിച്ചു എന്നാണ്. ചെകിടന്മാർക്ക് കേൾവി ലഭിച്ചപ്പോൾ അത് സൂചിപ്പിച്ചത് അതിനു മുമ്പ് കർത്താവിനെ കുറിച്ചും വചനത്തെക്കുറിച്ചും കേട്ടിട്ടില്ലാത്തവർക്ക് അത് കേൾക്കുവാനും, അനുസരിപ്പാനും സാദ്ധ്യമാകുന്നു എന്നാകുന്നു. മരിച്ചവർ ഉയിർക്കപ്പെട്ടപ്പോൾ അത് സൂചിപ്പിച്ചത് ആത്മീകമായി, അന്യഥാ നശിച്ചു പോകുമായിരുന്നവർ ജീവൻ പ്രാപിച്ചു എന്നും, അങ്ങനെ അങ്ങനെ പോകുന്നു എന്നുമാണ്. വരാനുള്ളവർ അവൻ തന്നെയോ എന്ന് അന്വേഷിപ്പാൻ ആളയച്ച യോഹന്നാന്റെ ശിഷ്യന്മാരോട് കർത്താവ് പറഞ്ഞ പ്രത്യുത്തരത്തിൽ നിന്ന് ഇത് വ്യക്തമാകുന്നുണ്ട്:

"യേശു അവരോട്: കുരുടൻ കാണുന്നു: മുടന്തർ നടക്കുന്നു. കുഷ്ടരോഗികൾ ശുദ്ധരായിത്തീരുന്നു. ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കയും കാണുകയും ചെയ്യുന്നത് യോഹന്നാനെ ചെന്ന് അറിയിപ്പിൻ" മത്തായി 11:3-5

സർവ്വോപരി, വചനത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള എല്ലാ അത്ഭുതങ്ങളിലും, കർത്താവിനെയും, സ്വർഗ്ഗത്തെയും സഭയെയും കുറിച്ച് അപ്രകാരമുള്ള ആത്മീകാർത്ഥങ്ങൾ അന്തർലീനമായിട്ടുണ്ട്. ഈ കാരണത്താൽ ഈ അത്ഭുതങ്ങൾ എല്ലാം ദൈവീകമാകുന്നു. ദൈവീകമല്ലാത്ത അത്ഭുതങ്ങളിൽ നിന്നും അവ വിശേഷതയുള്ളവയുമാകുന്നു. തിരുവചനത്തിന്റെ ആത്മീകാർത്ഥം എന്താണെന്നും, തിരുവചനത്തിൽ ഉടനീളം അത് സ്ഥിതിചെയ്യുന്നുണ്ട് എന്നും, പൊതുവായും പ്രത്യേകമായും അത് ദൃശ്യമാണെന്നും ചിത്രീകരിക്കുന്നതിന് ഈ നാമമാത്ര ദൃഷ്ടാന്തങ്ങൾ മതിയാകുന്നതാണ്.

**18** 3 തിരുവചനത്തിന് ആത്മീകാർത്ഥം ഉള്ളതിനാൽ അത് ദൈവനിശ്വസിതവും, ഓരോ വാക്കും വിശുദ്ധവും ആകുന്നു. യഹോവ അരുളി ചെയ്തവയാകയാൽ വചനം വിശുദ്ധമാകുന്നു എന്ന് സഭയിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. എങ്കിലും, അക്ഷരങ്ങളിലോ, വാക്കകളിലോ അത് പ്രകടമല്ലാത്തതിനാൽ, ആർക്കെങ്കിലും അതിന്റെ വിശുദ്ധിയെക്കുറിച്ച് സംശയം ഉണ്ടായിട്ടുണ്ടെങ്കിൽ അവൻ വീണ്ടും അത് വായിക്കുമ്പോൾ അവനുണ്ടായ സംശയം അതിലെ പല സംഗതികളുടെയും അടിസ്ഥാനത്തിൽ ദൃഢീകരിക്കപ്പെടുകയേയുള്ളൂ. അവൻ, ആ സമയത്ത് ഇങ്ങനെ പ്രതികരിച്ചേക്കും: "ഇതാണോ വിശുദ്ധമായത്, ഇത് ദൈവീകമാണോ" ആകയാൽ ഇപ്രകാരമുള്ള ചിന്തകൾ അനേകരുടെയും ഹൃദയങ്ങളിലേക്ക് പ്രവഹിക്കാനും അവിടെ സ്ഥിരപ്രതിഷ്ഠ നേടാനും സംഗതിയായിട്ട് തിരും.വചനം സ്ഥിതി ചെയ്യുന്ന സഭയും കർത്താവും തമ്മിലുള്ള സംബന്ധവും, സംസർഗ്ഗവും നശിച്ചു പോകാനിടയാകാതിരിക്കുന്നതിനായി, വചനത്തിന്റെ ആത്മീകാർത്ഥം വെളിപ്പെടുത്തിത്തരുവാൻ കർത്താവിന് ഹിതമായി. വചനത്തിൽ എവിടെയാണ് ആ വിശുദ്ധി നിഗൂഢമായി സൂക്ഷിച്ചിരിക്കുന്നത് എന്ന് അറിയിപ്പാൻ കർത്താവിന് ഇഷ്ടമായിരിക്കുന്നു. ഇത് തെളിയിക്കുന്നതിനായി ഏതാനും ഉദാഹരണങ്ങൾ നൽകാം.

(2) വചനം ചിലപ്പോൾ മിസ്രയീമിനെക്കുറിച്ചും, ചിലപ്പോൾ അശൂരിനെക്കുറിച്ചും, ചിലപ്പോൾ ഏദോമിനെ കുറിച്ചും ചിലപ്പോൾ മോവാബിനെക്കുറിച്ചും, ആമ്മോന്റെ മക്കളെക്കുറിച്ചും, ടൈർ, സീദോൻ, ഗോഗ്, എന്നിവയെക്കുറിച്ചും പരാമർശിക്കുന്നു. ആ നാമങ്ങൾകൊണ്ട് സ്വർഗ്ഗത്തെയും സഭയെയും സംബന്ധിച്ചുള്ള കാര്യങ്ങളാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നതെന്ന് അറിഞ്ഞുകൂടാത്ത ഒരാൾ തെറ്റായ ധാരണകളിലേക്ക് നയിക്കപ്പെടും. അതായത് ആ വചനഭാഗം രാഷ്ട്രങ്ങളെക്കുറിച്ചും, ജനങ്ങളെ കുറി

ച്ചുമാണ് പ്രതിപാദിക്കുന്നതെന്നും, സ്വർഗ്ഗത്തെയും സഭയെയും കുറിച്ച് യാതൊന്നും പരാമർശിക്കുന്നില്ല എന്നും ആയിരിക്കും. എങ്കിലും, ഈ രാഷ്ട്രങ്ങളുടെയും ജനതയുടെയും സൂചിതാർത്ഥം എന്താണെന്ന് അയാൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞാൽ, അഥവാ ആ നാമങ്ങളുടെ അർത്ഥം ഗ്രഹിപ്പാൻ കഴിഞ്ഞാൽ അയാൾ തെറ്റിൽ നിന്ന് മോചിതനായി സത്യത്തിലേക്ക് കടന്നുവരാനിടയാകുന്നതാണ്.

(3) ഇതു പോലെ തന്നെ, വചനത്തിൽ കൂടെക്കൂടെ പൂന്തോട്ടം, തോപ്പുകൾ, വനങ്ങൾ, അവയിലെ വൃക്ഷങ്ങൾ, ഒലിവ് മരം, മുന്തിരിച്ചെടി, ദേവദാരുമരം, പോപ്ളാർ മരം, ഖദിരമരം എന്നിവയെക്കുറിച്ചും കുഞ്ഞാട്, ചെമ്മരിയാട്, കോലാട്, പശുക്കിടാവ്, കാള, എന്നിവയെക്കുറിച്ചും, പർവ്വതങ്ങൾ, മലകൾ, താഴ്വരകൾ, നീരുറവകൾ, നദികൾ, അവയിലെ ജലസഞ്ചയം, എന്നിവയെക്കുറിച്ചും അതുപോലെ തന്നെ പ്രകൃതിസുന്ദരമായ മറ്റ് അനേകം സംഗതികളെയും കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുമ്പോൾ ആത്മീകാർത്ഥം അറിഞ്ഞുകൂടാത്ത ഒരാൾക്ക് അവയിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നവയല്ലാതെ മറ്റൊന്നിനെക്കുറിച്ചും സൂചിപ്പിക്കപ്പെട്ടിരിക്കുന്നതായി ഗ്രഹിപ്പാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, അയാൾക്കു അറിഞ്ഞുകൂടാ. പൂന്തോട്ടം, തോപ്പ്, വനം എന്നിവ അർത്ഥമാക്കുന്നത് ജ്ഞാനം, ബുദ്ധി, അറിവ് എന്നിവയാണെന്നും, ഒലിവ്, മുന്തിരി, ദേവദാരു, പോപ്ലാർ, ഖദിരമരം എന്നിവ അർത്ഥമാക്കുന്നത് സഭയുടെ സത്യം, നന്മ എന്നിവയാണെന്നും സ്വർഗ്ഗീയം, ആത്മീയം, യുക്തിപരം, പ്രകൃതിസഹജം, ഇന്ദ്രിയ സുഖലോലുപത്വം എന്നിവയാണെന്നും, കുഞ്ഞാട്, ചെമ്മരിയാട്, കോലാട്, പശുക്കിടാവ്, കാള എന്നിവ നിഷ്കളങ്കത്വത്തെ സൂചിപ്പിക്കുന്നു എന്നും സാർവത്രീകസ്നേഹം, സ്വാഭാവിക സ്നേഹം, എന്നിവയെ പ്രതിനിധീകരിക്കുന്നു എന്നും പർവ്വതങ്ങൾ, മലകൾ, താഴ്വരകൾ എന്നിവ അർത്ഥമാക്കുന്നത് സഭയുടെ ഉന്നതമായതും താഴ്ന്നതും അധമമായതുമായ സംഗതികളെ സൂചിപ്പിക്കുന്നു എന്നും ആണെന്ന്. സർവ്വോപരി അയാൾക്ക് അറിഞ്ഞുകൂടാത്ത കാര്യമാണ് മിസ്രയീം എന്നാൽ അറിവ് എന്നും, അശൂർ എന്നാൽ കാരണം എന്നും, ഏദോം എന്നാൽ സ്വാഭാവികം അഥവാ പ്രകൃതിസഹജം എന്നും, മോവാബ് എന്നാൽ നന്മയെ വ്യാജമാക്കുന്നതും, ആമ്മോന്റെ മക്കൾ എന്നാൽ സത്യത്തെ വ്യാജമാക്കുന്നതും എന്നും ടൈറും സീദോനും എന്നാൽ സത്യത്തെ വ്യാജമാക്കുന്നതും, ഗോഗ് എന്നാൽ ആന്തരീകത്വമില്ലാതെ വെറും ബാഹ്യമായുള്ള ആരാധന എന്നുമാണ് അർത്ഥമെന്ന് മനസ്സിലാക്കാം. എങ്ങനെയായിരുന്നാലും, ഒരുവന് ഈ സംഗതികൾ അറിവാൻ സാധ്യമായാൽ, അയാൾക്ക് ഗ്രഹിപ്പാൻ കഴിയും, വചനത്തിൽ ഉടനീളം ഇപ്രകാരം സ്വർഗ്ഗീയകാര്യങ്ങൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളതെന്ന് മാത്രവുമല്ല, ലൗകീകകമായ കാര്യങ്ങൾ എല്ലാം സ്വർഗ്ഗീയ കാര്യങ്ങളുടെ വിഷയങ്ങൾ (സബ്ജക്ടാ) ആകുന്നു എന്നും.

(4) വചനത്തിൽ നിന്നുള്ള ഒരു ഉദാഹരണം കൂടി ഇതിനെ ചിത്രീകരിക്കുന്നതിനായി നൽകാം. സങ്കീർത്തനങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നുവല്ലോ

> "യഹോവയുടെ ശബ്ദം വെള്ളത്തിനുമീതെ മുഴങ്ങുന്നു; പെരുവെള്ളത്തിന്മീതെ യഹോവ മഹത്വത്തിന്റെ ദൈവം തന്നേ, ഇടിമുഴങ്ങുന്നു. യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു. യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകർക്കുന്നു. യെഹോവ ലെബാനോനിലെ ദേവദാരുക്കളെ തകർക്കുന്നു. അവൻ അവയെ കാളക്കുട്ടിയപ്പോലെയും ലെബനോനെയും സിയോനെയും, കാട്ടുപോത്തിൻ കുട്ടിയെപ്പോലെയും തുള്ളിക്കുന്നു. യഹോവയുടെ ശബ്ദം അഗ്നിജ്വാലകളെ ചിന്നിക്കുന്നു. യഹോവയുടെ ശബ്ദം മരുഭൂമിയെ നടുക്കുന്നു; യഹോവ കാദേശ് മരുവിനെ നടുക്കുന്നു. യഹോവയുടെ ശബ്ദം മാൻപേടകളെ പ്രസവിക്കുമാറാക്കുന്നു. അത് വചനങ്ങളെ തോലുരിക്കുന്നു; അവന്റെ മന്ദിരത്തിൽ സകലവും മഹത്വം എന്ന് ചൊല്ലുന്നു." സങ്കീ 29: 3–9

ഈ വേദഭാഗത്തിലെ ഓരോ സംഗതിയും പദാനുപദം ദൈവീകവും വിശുദ്ധവുമാണെന്ന് അറിഞ്ഞു കൂടാത്ത ഏതൊരാളും അവനോടു തന്നെ, അവന്റെ അന്തരംഗത്തിൽ സംശയം ഉന്നയിച്ചേക്കും. പ്രത്യേകിച്ചും അവൻ ഒരു ജഢീക മനുഷ്യനാണെങ്കിൽ സ്വയം ചോദിച്ചേക്കും."എന്താണിത്? യഹോവ പെരുവെള്ളത്തിനു മീതെയിരിക്കുന്നു എന്നോ? യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകർക്കുന്നു എന്നോ? അവൻ അവയെ കാളക്കുട്ടിയെപ്പോലെ തുള്ളിക്കുന്നു എന്നോ? ലെബാനോനെ കാട്ടുപോത്തിൻ കുട്ടിയെപ്പോലെ തുള്ളിക്കുന്നു എന്നോ? യഹോവയുടെ ശബ്ദം മാൻപേടകളെ പ്രസവിക്കുമാറാക്കുന്നു എന്നോ? അങ്ങനെ പലതും. ദൈവീക സത്യത്തിന്റെ അഥവാ വചനത്തിന്റെ ശക്തിയാണ് ഈ സംഗതികളിൽ ആത്മീകാർത്ഥത്തോടെ വിവരിക്കപ്പെട്ടിരിക്കുന്നതെന്ന് അയാൾക്ക് അറിഞ്ഞുകൂടാ. ആത്മീകാർത്ഥത്തിൽ ഇവിടെ ഇടിമുഴക്കം എന്ന് വിളിക്കപ്പെടുന്ന യഹോവയുടെ ശബ്ദത്തിന് ദൈവീക സത്യം അഥവാ ശക്തിയുള്ള വചനം എന്നാണ് അർത്ഥം; യഹോവ ഇരിക്കുന്ന പെരുവെള്ളത്തിന്റെ അർത്ഥം വചനത്തിന്റെ സത്യം എന്നാകുന്നു. യഹോവയുടെ ശബ്ദം തകർക്കുന്ന ദേവദാരുക്കളും തകർത്ത് തരിപ്പണമാക്കുന്ന ലെബനോനും അർത്ഥമാക്കുന്നത് യുക്തിവാദികളായ മനുഷ്യരുടെ കള്ളത്തരങ്ങൾ ആകുന്നു. പശുക്കിടാവും കാട്ടുപോത്തിൻകുട്ടിയും അർത്ഥമാക്കുന്നത് ജഢീകമനുഷ്യന്റെ കള്ളത്തരങ്ങൾ എന്നും ഇന്ദ്രിയ വിഷയാസക്തനായ മനുഷ്യന്റെ കാപട്യങ്ങളും അസത്യങ്ങളും ആകുന്നു. അഗ്നിജ്വാലകളുടെ അർത്ഥം അസത്യങ്ങളോടുള്ള അഭിനിവേശം ആകുന്നു. മരുഭൂമിയും, കാദേശ് മരുവും അർത്ഥമാക്കുന്നത് സത്യമോ, നന്മയോ അശേഷം ഇല്ലാത്ത സഭയെയാണ്. യഹോവയുടെ ശബ്ദം പ്രസവിക്കുമാറാക്കുന്ന മാൻപേടകൾ അർത്ഥമാക്കുന്നത് പ്രകൃതിസഹജമായ നന്മയിൽ വസി

ക്കുന്ന ജാതികൾ ആകുന്നു. അവന്റെ ശബ്ദം തോലുരിക്കുന്ന വനങ്ങളുടെ അർത്ഥം വചനം വിപാടനം ചെയ്ത് അവർക്ക് നൽകുന്ന പ്രകൃതി സഹജവും ആത്മീകവുമായ അറിവുകൾ ആകുന്നു. അവന്റെ മന്ദിരത്തിൽ സകലവും മഹത്വം എന്ന് ചൊല്ലുന്നു. ഇതിൽ നിന്ന് അർത്ഥമാകുന്നത് വചനത്തിലെ ഓരോ വിശേഷകാര്യത്തിലും ദൈവസത്യങ്ങൾ ഉണ്ടെന്നാകുന്നു. എന്തുകൊണ്ടെന്നാൽ മന്ദിരം സൂചിപ്പിക്കുന്നത് കർത്താവിനെയാണ് എന്ന് ഒരു വേദഭാഗം തുടർന്നു പോകുന്നു. തത്ഫലമായി അത് വചനത്തെയും അതുപോലെ തന്നെ സ്വർഗ്ഗത്തെയും സഭയെയും ആകുന്നു. മഹത്വം സൂചിപ്പിക്കുന്നത് ദൈവീകസത്യം ആകുന്നു. ആകയാൽ, ജഡീക മനുഷ്യരുടെ ഇടയിലുള്ള അസത്യവാദങ്ങൾക്ക് എതിരായുള്ള വചനത്തിന്റെ അധികാരശക്തിയെയും വർണ്ണിക്കുന്നവയല്ലാതെ ഒരു വാക്കുപോലും ഈ വേദഭാഗത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അങ്ങനെ വെളിവാകുന്നതുമില്ല.

**19** വിശിഷ്ട സ്വർഗ്ഗീയം എന്ന് വിളിക്കപ്പെടുന്ന അത്യന്തീക ആന്തരീകമായ ഒരു അർത്ഥം വചനത്തിൽ ഉണ്ട്. അതിനെ കുറിച്ച് മുകൾ 6-ാം ഖണ്ഠികയിൽ ചില കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ ആന്തരീക തലത്തെ വിശദീകരിക്കുക ബുദ്ധിമുട്ട് ഉള്ള സംഗതിയാണ്. എന്തുകൊണ്ടെന്നാൽ അത് ഇച്ഛാനുസൃത അഭിനിവേശംപോലെ പരിജ്ഞാനത്തിന്റെ ചിന്താതലത്തിലേക്ക് അത്രവേഗം കടന്നു ചെല്ലുന്നില്ല.

വചനത്തിന്റെ അന്തർതലങ്ങളിൽ വിശിഷ്ട സ്വർഗ്ഗീയം എന്ന് വിളിക്കപ്പെടുന്ന അതിഗഹനീയമായ ഒരു ആന്തരീക അർത്ഥം അന്തർഭവിച്ചിട്ടുണ്ട്, എന്തുകൊണ്ടെന്നാൽ, കർത്താവിൽ നിന്നാണ് ദൈവീക നന്മ എന്ന് ഒരു വേദഭാഗം തുടർന്നു പോകുന്നു, വചനം ദൈവത്തിൽ നിന്ന് പുറപ്പെടുന്നതാകയാൽ ഇവ രണ്ടും വചനത്തിൽ അന്തർഭവിച്ചിട്ടുണ്ട്. അവ രണ്ടും തിരുവചനത്തിൽ ഉള്ളതിനാൽ, വചനത്തെ ആദരവോടെ വായിക്കുന്നവർക്ക് വചനം ജീവൻ പ്രദാനം ചെയ്യുന്നതാണ്. വചനത്തിന്റെ എല്ലാ വിശേഷഭാഗങ്ങളിലും കർത്താവും സഭയുമായുള്ള കല്യാണത്തിന്റെ കാര്യം, അതായത് തദ്വാരാ നന്മയും സത്യവും തമ്മിലുള്ള വിവാഹം നടക്കുന്നതിനെ സംബന്ധിച്ച് വിവരിക്കുന്ന അദ്ധ്യായത്തിൽ, ഈ വിഷയത്തെക്കുറിച്ച് ചില സംഗതികൾ പ്രത്യേകമായി പരാമർശിക്കുന്നതായിരിക്കും.

**20** 4 തിരുവചനത്തിന്റെ ആത്മീയാർത്ഥം ഇതുവരെയും അജ്ഞാതമായിരുന്നു; പൊതുവായും പ്രത്യേകമായും പ്രകൃതിയിലുള്ളതു മനുഷ്യശരീരത്തിലും ഉള്ള എല്ലാ സംഗതികളും, സാദൃശ്യാശയത്തിൽ ആത്മീക കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ നമ്പർ 87-105 വരെ, വിശദമാക്കിയിട്ടുണ്ട്. സാദൃശ്യാശയം നാളിതുവരെ അജ്ഞാതമായിരുന്നു. പക്ഷേ അതിപുരാതനകാലത്ത് അത് നന്നായിട്ട് അറിപ്പെട്ടിരുന്നതാണ്. ആ കാലത്ത് ജീവിച്ചിരുന്നവർക്ക് സാദൃശ്യാശയം പ്രധാനമായും ശാസ്ത്രങ്ങളുടെ ശാസ്ത്രമായിരുന്നു. അത് സാർവ്വദേശീയമായിരുന്നതിനാൽ ആ കാലത്ത് രചിക്കപ്പെട്ട പ്രബന്ധങ്ങ

ളിലും ഗ്രന്ഥങ്ങളിലുമെല്ലാം സാദൃശ്യാശയം അനുസരിച്ചാണ് രചനകൾ നടത്തിയിട്ടുള്ളത്. ഇയ്യോബിന്റെ പുസ്തകം, അതിപുരാതന കാലത്ത് രചിക്കപ്പെട്ടതാണല്ലൊ, അതിൽ ഉടനീളം സാദൃശ്യാശയം ദൃശ്യമാണ്.

2) മിസ്രയീമ്യരുടെ ഹെയ്റോഗ്ലിഫിക്സ് (ചിത്രങ്ങൾ കൊണ്ട് വാക്കുകളും വാക്യങ്ങളും എഴുതുന്ന രീതി) എഴുത്ത് രീതിയും, പ്രാചീനകാലത്തെ പുരാണകഥകളും സമാനസ്വഭാവം ഉള്ളവ ആകുന്നു. പ്രാചീനകാല സഭകളെല്ലാം സ്വർഗ്ഗീയ കാര്യങ്ങളുടെ പ്രതിനിധികൾ ആയിരുന്നു. അവരുടെ അനുഷ്ഠാനങ്ങളും, പെരുന്നാൾ ശുശ്രൂഷകളും, അവരുടെ ആരാധനയുടെ ചട്ടങ്ങളും എല്ലാം തികച്ചും സംശുദ്ധമായ സാദൃശ്യാശയം ഉൾക്കൊള്ളുന്നവ ആയിരുന്നു. യാക്കോബിന്റെ മക്കളുടെ ഇടയിൽ സംസ്ഥാപിതമായിരുന്ന സഭയിലെ സകല സംഗതികളും ഇപ്രകാരമുള്ള സമാനസ്വഭാവം ഉൾക്കൊള്ളുന്നവ ആയിരുന്നു. അവരുടെ ഹോമവഴിപാടുകൾ, യാഗങ്ങൾ, അതുമായി ബന്ധപ്പെട്ട സകല സംഗതികളും, എല്ലാം സാദൃശ്യാശയം സംബന്ധമായവ ആയിരുന്നു. അപ്രകാരം തന്നെ ആയിരുന്നു സമാഗമന കൂടാരവും അതുമായി ബന്ധപ്പെട്ട സകല കാര്യങ്ങളും, അപ്രകാരം തന്നെ അവരുടെ പെരുന്നാൾ സദ്യകൾ, പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ, കൂടാരപ്പെരുന്നാൾ, ആദ്യഫലപ്പെരുന്നാൾ, അഹരോന്റെയും ലേവ്യരുടെയും പൗരഹിത്യം, അഹരോന്റെയും പുത്രന്മാരുടെയും വിശുദ്ധ വസ്ത്രങ്ങൾ, എന്നു മാത്രമല്ല അവരുടെ ആരാധകളുടെയും ജീവനത്തിന്റെയും ചട്ടങ്ങളും വിധിക്രമങ്ങളും എല്ലാം.

3) ദൈവീക കാര്യങ്ങൾ ഭൂലോകത്തിൽ സാദൃശ്യാശയ രീതിയിൽ വെളിപ്പെടുന്നതു കൊണ്ട് വചനം രചിക്കപ്പെട്ടതും സാദൃശ്യ സാദൃശ്യാശയ രീതിയിൽ ആയിരുന്നു. അപ്രകാരം തന്നെ കർത്താവും തന്റെ ദൈവീകത്വത്തിൽ നിന്ന് സകലതും അരുളിചെയ്തതു കൊണ്ട് സാദൃശ്യാശയ രീതിയിലാണ് അവയെല്ലാം അരുളി ചെയ്തത്. അപ്രകാരം തന്നെ ദൈവികത്വത്തിൽ നിന്ന് പുറപ്പെടുന്നവയെല്ലാം അതാതിന് അനുയോജ്യമായതും ദൈവീകത്വത്തിന് സാദൃശ്യാശയമുള്ളവയുമായ സംഗതികളിൽ ഈ പ്രകൃതിയിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു. അപ്രകാരം അവയെല്ലാം വിശിഷ്ട സ്വർഗ്ഗീയവും, ആത്മീയവും എന്ന് വിളിക്കപ്പെടുന്ന ദൈവീക സംഗതികളായി അവയിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു.

**21** അതിപ്രാചീനകാലത്തെ സഭയിലെ മനുഷ്യൻ, അതായത് ജലപ്രളയത്തിനുമുമ്പ് ജീവിച്ചിരുന്നവർ, സ്വർഗ്ഗീയമായ ബുദ്ധിശക്തി ഉള്ളവർ ആയിരുന്നതുകൊണ്ട് സാദൃശ്യാശയ പ്രകാരം ദൈവദൂതന്മാരുമായി, അതായത് സ്വർഗ്ഗീയദൂതന്മാരുമായി സംവാദം ചെയ്യുന്നവരായിരുന്നു എന്ന് എനിക്ക് അറിവ് ലഭിച്ചിരിക്കുന്നു. തത്ഫലമായി അവരുടെ ബുദ്ധി വളരെ സൂക്ഷ്മമായി തീരുകയും, അവർ ഭൂമിയിൽ കണ്ടതായ എല്ലാ കാര്യങ്ങളെയും അവർ പ്രകൃതിതലത്തിൽ മാത്രമല്ല, ആത്മീകമായും, ദൈവദൂതന്മാരുമായുള്ള സംബന്ധത്തിലും കാണുകയുണ്ടായി. എനിക്ക് ലഭിച്ച

തായ അറിവ് ഇപ്രകാരമാണ്: ഉല്പത്തി 5: 21-24 ൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ഹാനോക്കും തന്റെ അനുയായികളും അവരുടെ സംഭാഷണങ്ങളിൽ നിന്ന് സാദൃശ്യാശയം ഗ്രഹിക്കുകയും അന്തര തലമുറയിലേക്ക് പകർന്നു നൽകുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി, സാദൃശ്യാശയശാസ്ത്രം ജ്ഞാനമായി തീർന്നെന്ന് മാത്രമല്ല, ആസ്യയിലെ പല രാജ്യങ്ങളിലും, വിശിഷ്യാ കനാൻദേശം, മിസ്രയീം, അസീറിയ കൽദയ സിറിയാ, അറേബ്യാ, ടൈർ, സീദോൻ, നിനെവേ എന്നീ രാജ്യങ്ങളിലും പ്രചുരപ്രചാരം നേടുകയും ചെയ്തു. തീരദേശങ്ങളിൽ കൂടെ, ഗ്രീസ് വരെയുള്ള നാടുകളിലേക്കും വ്യാപിക്കുകയുണ്ടായി. പ്രാചീന യവനസാഹിത്യകാരന്മാരുടെ രചനകളിലും സാഹിത്യ കൃതികളിലും ദൃശ്യമാകുന്നതുപോലെ ഐതീഹ്യകഥകൾ ആയും മറ്റും രൂപാന്തരപ്പെടുകയും ചെയ്തിട്ടുണ്ട്.

**22** എങ്കിലും കാലാന്തരത്തിൽ, സഭയുടെ പ്രതിനിധാന വസ്തുക്കളും, ആത്മീക സാദൃശ്യാശയ സംഗതികളും ആയിരുന്ന കാര്യങ്ങളെല്ലാം വിഗ്രഹാരാധനാ വസ്തുക്കളോ, മാജിക്കിന്റെ മാദ്ധ്യമങ്ങളോ ആയി അധഃപതിക്കുകയും, കർത്താവിന്റെ ദൈവീക സംരക്ഷണയിൽ ആയിരുന്ന സാദൃശ്യാശയകാര്യങ്ങൾ നാമാവശേഷമായിത്തീരുകയും ചെയ്തു. കാലക്രമേണ യിസ്രായേല്യാ യഹുദ്യാ ജനതകളിൽ നിന്ന് പരിപൂർണ്ണമായും നഷ്ടമാകുകയും, ഉന്മൂല നാശം സംഭവിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ആ ജനതയുടെ ആരാധനകൾ തികച്ചും സംശുദ്ധമായ ആത്മീക സാദൃശ്യാശയപരമായിരുന്നു; തദ്വാരാ അത് സ്വർഗ്ഗീയ കാര്യങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നതുമായിരുന്നു. എന്നാൽ അതിലെ ജനങ്ങൾ, അതിന്റെ യാതൊരു സംഗതിയുടെയും പ്രാതിനിധ്യം എന്താണെന്ന് മനസ്സിലാക്കിയിരുന്നില്ല. എന്തുകൊണ്ടെന്നാൽ അവർ കേവലം ജഡീക മനുഷ്യർ മാത്രം ആയിരുന്നു. ആകയാൽ അവർക്ക് ആത്മീകകാര്യങ്ങളെക്കുറിച്ച് അറിവാൻ ആഗ്രഹം ഉണ്ടായിരിക്കുകയോ, അത് ഗ്രഹിക്കുന്നതിന് കഴിവുള്ളവരായിരിക്കുകയോ ചെയ്തിരുന്നില്ല. അങ്ങനെ ആത്മീക സാദൃശ്യാശയത്തെക്കുറിച്ച് യാതൊരു അറിവും ഉണ്ടായിരുന്നതുമില്ല.

**23** വൃക്ഷങ്ങൾ, കന്നുകാലികൾ, ഓരോ ഇനം പക്ഷികൾ, മത്സ്യങ്ങൾ, മറ്റു ജീവജാലങ്ങൾ എന്നീ ഭൂമിയിൽ വെളിപ്പെടുന്ന അത്തരം കാര്യങ്ങൾക്ക് സാദൃശ്യാശയം ഉള്ളതു കൊണ്ട് അത്തരം സാദൃശ്യങ്ങളുടെ ഒരറിവിൽ നിന്നും പൗരാണീക കാലങ്ങളിൽ ദേശങ്ങളുടെ വിഗ്രഹാരാധന ഉയർന്നു വന്നു. സാദൃശ്യാശയം അറിയാമായിരുന്ന പൂർവ്വീകന്മാർ സ്വർഗ്ഗീയ സംഗതികൾക്ക് സമാനമായ സാധനങ്ങളുടെ പ്രതിബിംബങ്ങൾ ഉണ്ടാക്കി അവർ അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്തു. കാരണം എന്തെന്നാൽ അവർ നിർമ്മിച്ച രൂപങ്ങൾ സ്വർഗ്ഗത്തെയും സഭയെയും സമ്പന്ധിച്ചുള്ള സാദൃശ്യം സൂചിപ്പിക്കുകയുണ്ടായിർന്നു. അവർ ഈ പ്രതിബിംബങ്ങളെ അവരുടെ മന്ദിരങ്ങളിൽ മാത്രമല്ല, വീടുകളിലും ഉണ്ടാക്കി വെച്ചു. അവയെ ആരാധിക്കുവാൻ വേണ്ടി അല്ലായിരുന്നു പ്രത്യുത, അവ സൂചിപ്പിച്ചിട്ടുള്ള

സ്വർഗ്ഗീയ സംഗതികളെ അനുസ്മരിക്കുന്നതിനു വേണ്ടി അപ്രകാരം, മിസ്രയീമിലും മറ്റ് പല സ്ഥലങ്ങളിലും, പശുക്കിടാവുകൾ, കാളകൾ, സർപ്പങ്ങൾ, കുട്ടികൾ, വൃദ്ധന്മാർ, കന്യകമാർ എന്നിവയുടെ പ്രതിമകൾ ഉണ്ടായിരുന്നു.

എന്തുകൊണ്ടെന്നാൽ പശുക്കിടാവുകളും, കാളകളും ജഡീക മനുഷ്യരുടെ മമതകളേയും ശക്തിയെയും സൂചിപ്പിക്കുന്നു. സർപ്പങ്ങൾ സൂചിപ്പിക്കുന്നത് ഇന്ദ്രിയാസക്തരായ മനുഷ്യരുടെ ബുദ്ധി വിശേഷതയാണ്. കുട്ടികൾ സൂചിപ്പിക്കുന്നത് നിഷ്കളങ്കതയും, ഔദാര്യസ്നേഹവുമാണ്. വൃദ്ധന്മാർ ജ്ഞാനത്തെയും കന്യകമാർ സത്യത്തോടുള്ള സ്നേഹത്തേയും സൂചിപ്പിക്കുന്നു, അതുപോലെ തന്നെ മറ്റ് അനേകം സാദൃശ്യാശയത്തിന്റെ അറിവ് നഷ്ടമായതോടെ, അനന്തര തലമുറകൾ, പൂർവ്വികന്മാർ സ്ഥാപിച്ചിരുന്ന പ്രതിമകളെയും രൂപങ്ങളെയും വിശുദ്ധമായും കാലക്രമേണ ദൈവങ്ങൾ ആയും ആരാധിക്കുവാൻ ആരംഭിച്ചു. അവയെല്ലാം ക്ഷേത്രങ്ങളുടെ അകത്തും പുറത്തും സ്ഥാപിക്കപ്പെട്ടിരുന്നത് ഇതിന് പശ്ചാത്തലമായി തീരുകയുണ്ടായി. 1 ശമുവേൽ 5-ാം അദ്ധ്യായം 1 മുതൽ അവസാനം വരെ രേഖപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരം അസ്തോദിലെ ഫെലസ്ത്യർ ദാഗോനെ ആരാധിച്ചതു പോലെ മറ്റു പല രാഷ്ട്രങ്ങളിലും വിഗ്രഹാരാധന നടത്തപ്പെട്ടിരുന്നു. ദാഗോൻ എന്ന പ്രതിമയുടെ ഊർദ്ധ്വഭാഗം ഒരു മനുഷ്യനെപ്പോലെയും അധോഭാഗം ഒരു മത്സ്യത്തെപ്പോലെയും ആയിരുന്നു. ഇത് ഇപ്രകാരം രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നതിന്റെ കാരണം മനുഷ്യൻ സൂചിപ്പിക്കുന്നത് ബുദ്ധിശക്തിയെയും മത്സ്യം സൂചിപ്പിക്കുന്നത് അറിവിനെയും ആയതുകൊണ്ടാണ്. അവ രണ്ടും ചേർന്ന് ഒന്നായിത്തീരുകയും ചെയ്യുന്നു. ആത്മീക സാദൃശ്യാശയത്തെക്കുറിച്ച് അറിവ് ഉണ്ടായിരുന്നതുകൊണ്ട് അതിപുരാതനകാല മനുഷ്യർ പൂന്തോട്ടങ്ങളിലും തോട്ടങ്ങളിലും വളരുന്ന വൃക്ഷങ്ങളുടെ വൈവിദ്ധ്യം അനുസരിച്ചും ആരാധന നടത്തിയിരുന്നു. അതുപോലെതന്നെ പർവ്വതങ്ങളിലും മലകളിലും ആരാധന നടത്തിയിരുന്നു. എന്തുകൊണ്ടെന്നാൽ പൂന്തോട്ടങ്ങളും തോപ്പുകളും സൂചിപ്പിക്കുന്നത് ജ്ഞാനവും ബുദ്ധിയും ആകുന്നു. അതുപോലെതന്നെ ഓരോ ഇനം വൃക്ഷത്തിനും ഇവയുമായി ബന്ധമുണ്ട്. അപ്രകാരം ഒലിവ് സൂചിപ്പിക്കുന്നത് സ്ഹേത്തിന്റെ നന്മയാണ്. മുന്തിരി സൂചിപ്പിക്കുന്നത് ആ നന്മയുടെ സത്യമാണ്. ദേവദാരു സൂചിപ്പിക്കുന്നത് യുക്ത്യധിഷ്ഠിതമായ നന്മയും സത്യവുമാണ്. ഒരു പർവ്വതം സൂചിപ്പിക്കുന്നത് സമുന്നതമായ സ്വർഗ്ഗവും, മല സൂചിപ്പിക്കുന്നത് അതിന് താഴെയുള്ള സ്വർഗ്ഗവുമാണ്.

ആത്മീക സാദൃശ്യാശയം കർത്താവിന്റെ ആഗമനകാലം വരെയും പല പൂർവ്വദിക്‌രാജ്യങ്ങളിലും നിലനിന്നിരുന്നു. കർത്താവിനെ തന്റെ ജനന സ്ഥലത്ത് ചെന്ന് സന്ദർശിച്ചവരായ ജ്ഞാനികളുടെ – വിദ്വാന്മാരുടെ കഥയിൽ ഇത് കാണാമല്ലോ.

ഒരു നക്ഷത്രം അവർക്കുമുമ്പായി പൊയ്ക്കൊണ്ടിരുന്നു. അവർ കാഴ്ചവസ്തുക്കൾ കൊണ്ടുവന്നു. നിക്ഷേപപാത്രങ്ങളെ തുറന്ന് അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു. മത്തായി 2:1, 2, 9-11

അതിന്റെ കാരണം, അവർക്കു മുന്നാലേ പോയിക്കൊണ്ടിരുന്ന നക്ഷത്രം സ്വർഗ്ഗത്തിൽ നിന്നുള്ള അറിവിനെ സൂചിപ്പിക്കുന്നു; പൊന്ന് സ്വർഗ്ഗീയനന്മയെയും, കുന്തുരുക്കം ആത്മീക നന്മയെയും, മൂര് സ്വാഭാവികമായതും പ്രകൃതി സഹജമായതുമായ നന്മയെയും സൂചിപ്പിക്കുന്നു. ഈ മൂന്ന് സംഗതികളിൽ നിന്നും എല്ലാവരും ആരാധിക്കുന്നത് സ്വർഗ്ഗീയമായി ഉത്ഭൂതമാകുന്ന സത്തകളെയാണ്.

4) യിസ്രായേല്യയഹൂദ്യ ജനങ്ങളുടെ എല്ലാവിധ ആരാധനകളിലും, മോശയാൽ നൽകപ്പെട്ടിരുന്ന ചട്ടങ്ങൾ, വിധിന്യായങ്ങൾ എന്നിവയും തിരുവചനത്തിൽ ഉൾക്കൊള്ളുന്ന സകല കാര്യങ്ങളും സാദൃശ്യാശയപരമായിരുന്ന സംഗതികൾ ആയിരുന്നിട്ടും, സാദൃശ്യാശയത്തെ കുറിച്ചുള്ള അറിവ് പിൽക്കാലത്ത് ഉണ്ടായിരുന്നതേയില്ല. ഇതിന്റെ കാരണം, അവർ ഹൃദയംഗമായി വിഗ്രഹാരാധികൾ ആയിരുന്നു; അപ്രകാരമുള്ള സ്വഭാവപ്രകൃതികൾ ഉണ്ടായിരുന്നതു കൊണ്ട് അവരുടെ ആരാധനയുടെ ഓരോ അംശത്തിലും സ്വർഗ്ഗീയവും ആത്മീയവുമായ അർത്ഥം ഉൾക്കൊണ്ടിരുന്നു എന്ന് മനസ്സിലാക്കുവാനുള്ള അറിവുണ്ടാക്കുവാൻ അവർക്ക് മനസ്സുണ്ടായിരുന്നതുമില്ല. അവർ വിചാരിച്ചിരുന്നത് അവരുടെ ആരാധനയുമായി ബന്ധപ്പെട്ടിട്ടുള്ള സകല കാര്യങ്ങളും വിശുദ്ധമായിരിക്കും എന്നുതന്നെയാണ്. ഒരു പക്ഷേങ്കിൽ അവർക്ക് സ്വർഗ്ഗീയവും ആത്മീകവുമായ സംഗതികൾ വെളിപ്പെടുത്തി കൊടുത്തിരുന്നെങ്കിൽ അവർ അതിനെ തിരസ്കരിച്ചുകളയുമായിരുന്നു എന്നു മാത്രമല്ല അവർ അതിനെ മ്ലേച്ഛമാക്കിത്തീർക്കുകയും ചെയ്യുമായിരുന്നു. അക്കാരണത്താൽ സ്വർഗ്ഗം അവരുടെ മുമ്പിൽ അടയ്ക്കപ്പെട്ടിരുന്നു. തന്മൂലം, നിത്യമായൊരു ജീവിതമുണ്ടെന്ന സത്യം അവർക്ക് തെല്ലും അറിവുണ്ടായിരുന്നതുമില്ല. വിശുദ്ധമായ വചനം സമസ്തവും കർത്താവിനെക്കുറിച്ച് പ്രവചിക്കുകയും മുന്നമേ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, അവർ കർത്താവിനെ അംഗീകരിച്ചിരുന്നില്ല എന്ന യാഥാർത്ഥ്യത്തിൽ നിന്ന് വ്യക്തമാണ്. അങ്ങനെയായിരുന്നു വസ്തുതകൾ എന്ന് അവർ ഭൗമികമായ രാജ്യത്തെക്കുറിച്ചല്ല ഉപദേശിച്ചത് പ്രത്യുത സ്വർഗ്ഗരാജ്യത്തെക്കുറിച്ചായിരുന്നു എന്ന ഏക കാരണം കൊണ്ടാണ് അവർ കർത്താവിനെ തിരസ്കരിച്ചത്. അവർ ആശിച്ചിരുന്നത് ഭൂലോകത്തെ സകല രാഷ്ട്രങ്ങളെക്കാളും ഉപരിയായി തങ്ങളുടെ രാഷ്ട്രത്തെ സമുന്നതമാക്കുന്ന ഒരു മശിഹായെ ആയിരുന്നു. അല്ലാതെ അവരുടെ ആത്യന്തിക രക്ഷയെ മുഖ്യ പരിഗണന വിഷയമാക്കുന്ന വ്യക്തിയെ ആയിരുന്നില്ല. മാത്രവുമല്ല, തിരുവചനത്തിൽ നിഗൂഢാർത്ഥങ്ങളുള്ള നിരവധി മേഖലകൾ ഉണ്ടെന്ന് അവർ പ്രഖ്യാപിക്കുന്നുണ്ട്, പക്ഷേ അവയെല്ലാം കർത്താവിനെ പരാമർശിക്കുന്നവയാണെന്ന് അന്വേഷിച്ച് അറിയുവാൻ അവർക്ക് യാതൊരു ആഗ്രഹവും ഇല്ല തന്നെ. അവയെല്ലാം സ്വർണ്ണത്തെക്കുറിച്ചാണ് പറയുന്നതെന്ന് കേട്ടാൽ അതെക്കുറിച്ച് അറിവാൻ അവർ മനസ്സുള്ളവരായിത്തീരുകയും ചെയ്യും.

**24** അതിപ്രാചീനസഭയിലെ ക്രിസ്ത്യാനികൾ തികച്ചും ലളിതമനസ്ക രായിരുന്നതിനാൽ വചനത്തിന്റെ ആത്മീയാർത്ഥം മുഖേനെ സമ്പർക്കം ചെയ്തിരുന്ന സാദൃശ്യാശയ ശാസ്ത്രം അവർക്ക് പരസ്യമാക്കിയിരുന്നി ല്ല, അവർക്കായി വെളിപ്പെടുത്തപ്പെട്ടിരുന്നെങ്കിൽ അതുകൊണ്ട് അവർ ക്ക് യാതൊരു പ്രയോജനവും ഉണ്ടാകുമായിരുന്നില്ല. എന്നുമാത്രമല്ല, അ വർക്ക് അത് ഗ്രഹിപ്പാൻ പ്രയാസവുമാകുമായിരുന്നു. അതിനുശേഷം പാപ്പാമാരുടെ മേധാവിത്വത്തിന്റെ ഫലമായി സമസ്ത ക്രൈസ്തവ ലോ കത്തിലും അന്ധകാരം വ്യാപിക്കുകയുണ്ടായി. തദ്വാരാ, വ്യാജതകളിൽ അടിയുറച്ചു അതിന്ന് അധീനരായവരും, പോയവരുമായ യാതൊരാൾ ക്കും ആത്മീകമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നതിനോ ഭൂമിയിലുള്ള പ്ര കൃതിതല വസ്തുക്കളും ആത്മീക കാര്യങ്ങളും തമ്മിലുള്ള സാദൃശ്യാശ യം ഗ്രഹിക്കുന്നതിനോ കഴിയുന്നതുമല്ല, അവർക്ക് അതിന് താല്പര്യവു മില്ല തന്നെ. അവർ മനസ്സിലാക്കേണ്ടതായ ഒരു സംഗതി: പത്രോസ് എ ന്നാൽ പത്രോസ് അല്ലെന്നും, പാറയാകുന്ന കർത്താവ് ആകുന്നു എന്നു മാണ്. അതുപോലെ വചനം അതിന്റെ ആന്തരീകതലത്തിൽ ആത്യന്തീ കമായി ദൈവീകമാകുന്നു, എന്നു മാത്രമല്ല പോപ്പ് നൽകുന്ന പ്രമാണക ല്പന വചനത്തിന്റെ ആന്തരീകാർത്ഥവുമായി യാതൊരു വിധത്തിലും സംബന്ധമുള്ളത് ആയിരിക്കയുമില്ല എന്നുമാകുന്നു. മാത്രവുമല്ല, നവീ കരണത്തിനു ശേഷം സ്വർഗ്ഗീയസത്യങ്ങൾ മനുഷ്യരിൽ നിന്ന് മറയ്ക്ക പ്പെട്ടു പോയി. അതിനു കാരണം അവർ വിശ്വാസത്തെ സാർവത്രിക സ് നേഹത്തിൽ നിന്ന് വേർപെടുത്തുകയും, ദൈവത്തെ മൂന്ന് ആളുകളായി ആരാധിച്ച് തുടങ്ങുകയും ചെയ്യുകയുണ്ടായി. അങ്ങനെ, അവർ ഏകമെ ന്ന് സങ്കല്പിക്കുന്ന മൂന്ന് ദൈവങ്ങൾ ഉണ്ടായി. അങ്ങനെ, ഈ സത്യ ങ്ങൾ വെളുപ്പെടുത്തപ്പെട്ടാൽ മനുഷ്യർ അവയെ അബദ്ധജഡിലമാക്കുക യും അസത്യങ്ങൾ കൂട്ടിക്കലർത്തി, കേവല വിശ്വാസത്തോടു മാത്രം ബ ന്ധപ്പെടുത്തുകയും, സാർവത്രിക സ്നേഹത്തോടും, സ്നേഹത്തോടും ബന്ധപ്പടുത്താതിരിക്കുകയും ചെയ്യുമായിരുന്നു. അപ്രകാരം അവർ സ്വർ ഗ്ഗത്തെ അവർ തന്നെ അവർക്കെതിരായി അടച്ചു കളയുകയും ചെയ്യുമാ യിരുന്നു.

**25** വാസ്തവീക സത്യത്തിന്റെ ഉപദേശം വെളിപ്പെട്ടിരിക്കയാൽ കർത്താവ് വചനത്തിന്റെ ആത്മീകാർത്ഥം വിപാടനം ചെയ്ത് തന്നിരിക്കയാണ്. ഈ ഉപദേശമല്ലാതെ മറ്റു യാതൊരു ഉപദേശവും വചനത്തിന്റെ ആത്മീകാർത്ഥ വുമായി യോജിക്കുന്നില്ല. മത്തായി 26: 30, 31 ൽ രേഖപ്പെടുത്തിയിരി ക്കുന്ന വിധത്തിൽ കർത്താവ് ശക്തിയോടും മഹത്വത്തോടും കൂടെ പ്രത്യ ക്ഷമാകുന്നതിൽ ഈ ആത്മീകാർത്ഥം പ്രസ്പഷ്ടമാകുന്നുണ്ട്. സഭയുടെ അന്തിമഘട്ടം എന്ന് വിവക്ഷിക്കപ്പെടുന്ന കാലാവസാനത്തെക്കുറിച്ച് ഈ അദ്ധ്യായം പ്രതിപാദിക്കുന്നു.

വചനത്തിന്റെ ആത്മീകാർത്ഥം വെളിവാക്കപ്പെടുന്നത് വെളിപ്പാടുപുസ്ത കത്തിലും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. 19–ാം അദ്ധ്യായം 11:18 വരെ വാക്യ

ങ്ങളിൽ കാണുന്ന വെളുത്ത കുതിരയും, സകലരെയും സദ്യക്ക് ക്ഷണിക്കുന്ന മഹായാഗത്തിന്റെ അത്താഴവും ആത്മീകാർത്ഥം സൂചിപ്പിക്കുന്നുണ്ട്. അങ്ങനെ ദീർഘകാലത്തേക്ക് ആത്മീകാർത്ഥം അംഗീകരിക്കപ്പെടുകയില്ലെന്നുള്ളതും, വിശിഷ്യാ കർത്താവിന് എതിരായുള്ള കപടോപദേശങ്ങളിൽ ആശ്രയിക്കുന്നവർ കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നുള്ളതും,ആ വെളിപാട് 19:19 ൽ കാണുന്ന കുതിരപ്പുറത്തിരിക്കുന്നവനുമായി യുദ്ധം ചെയ്യുന്നവരായ മൃഗവും, ഭൂരാജാക്കന്മാരും വ്യക്തമാക്കുന്നുണ്ട്. അദ്ധ്യായം 17:3 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം, മൃഗം സൂചിപ്പിക്കുന്നത് റോമൻ കത്തോലിക്കരെ ആകുന്നു. ഭൂരാജാക്കന്മാർ അർത്ഥമാക്കുന്നത് കപടോപദേശങ്ങളിൽ ആയിരിക്കുന്നവരായ നവോത്ഥാനക്കാരെയാകുന്നു.

**26** 5 കർത്താവിൽ നിന്നുള്ള വാസ്തവിക സത്യത്തിൽ ആയിരിക്കുന്നവർക്ക് മാത്രമേ ഇനി മേൽ വചനത്തിന്റെ ആത്മീകാർത്ഥം അറിയിച്ചുകൊടുക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ, കർത്താവിൽ നിന്നല്ലാതെ ഏതൊരുവനും ആത്മീകാർത്ഥം കണ്ടെത്തുവാൻ കഴിയുകയുള്ളൂ. അയാൾ ദൈവീകസത്യത്തിൽ അല്ലെങ്കിൽ അത് സാദ്ധ്യവുമല്ല. എന്തെന്നാൽ, ആത്മീകാർത്ഥം കർത്താവിനെക്കുറിച്ചും അവന്റെ രാജ്യത്തെക്കുറിച്ചും മാത്രമേ പരാമർശിക്കുന്നുള്ളൂ. സ്വർഗ്ഗത്തിലെ അവന്റെ ദൂതന്മാർ ആ അർത്ഥത്തിന്റെ അവബോധത്തിലാണ് കാരണം ആ അർത്ഥം അവിടെ ദിവ്യ സത്യമാണ്. സാദൃശ്യാശയത്തെ കുറിച്ചുള്ള അറിവ് മനുഷ്യനുണ്ടെങ്കിൽ അവന്ന് അറിയാവുന്ന ഏതാനും സാദൃശ്യാ ശയ സംഗതികളിലൂടെ സ്വന്തം ബുദ്ധിയിൽ നിന്ന് ആത്മീക അർത്ഥത്തെ തിരഞ്ഞ് കണ്ടുപിടിച്ചിട്ട് ആത്മീകാർത്ഥങ്ങളെ വികലമാക്കുവാനും അസത്യത്തെ സ്ഥിരീകരിക്കുന്നതിനായി അതിനെ പ്രയോഗിക്കുവാനും സാദ്ധ്യമായേക്കും. ഇത്, ദൈവീകസത്യത്തിനും, സ്വർഗ്ഗത്തിനും എതിരായുള്ള വിലപേശലായിരിക്കും. ആകയാൽ ഈ ആത്മീകാർത്ഥം കർത്താവിൽ നിന്നല്ലാതെ സ്വയത്തിൽ നിന്ന് കണ്ടുപിടിക്കാൻ ആരെങ്കിലും ആഗ്രഹിച്ചാൽ അവന്റെ മുമ്പിൽ സ്വർഗ്ഗം കൊട്ടിയടക്കപ്പെടുകയും, തത്ഫലമായി അവൻ ഒന്നുകിൽ സത്യം കാണാത്തവനായിത്തീരുകയോ ആത്മീകമായി ബുദ്ധിഭ്രമമുള്ളവനോ ആയിതീരുന്നു.

ഇതിന്റെ കാരണം എന്തെന്നാൽ കർത്താവ് വചനം മുഖേന വചനം മുഖാന്തരമാണ് എല്ലാവരേയും പഠിപ്പിക്കുന്നത്. മാത്രവുമല്ല, ഒരു മനുഷ്യൻ മുന്നമേ സ്വയത്തമായിട്ടുള്ള സത്യങ്ങളിൽ നിന്നാണ് കർത്താവ് അവനെ പഠിപ്പിക്കാറുള്ളത്. അവൻ പുതിയ സത്യങ്ങളെ നേരിട്ട് പകരുന്നില്ല. ഒരു മനുഷ്യൻ ദിവ്യസത്യത്തിൽ ധാർമ്മീകനല്ലെങ്കിൽ അഥവാ കേവലം കുറച്ച് സത്യം മാത്രം ആർജ്ജിക്കപ്പെട്ടുണ്ടെങ്കിൽ വ്യാജത്തിൽ എത്രത്തോളം ആയിരിക്കുന്നുവോ അത്രത്തോളം സത്യത്തെ അവ മുഖാന്തരം വ്യാജമാക്കിയേക്കും. വചനത്തിന്റെ അക്ഷരീക അർത്ഥത്തെ കൊണ്ട് കുറിപ്പെടുത്തുന്നതിനായ് ഇതാണ് എല്ലാ

ദൈവനിഷേധികളും ചെയ്യുന്നത്. വചനത്തിന്റെ ആത്മീക അർത്ഥത്തിലേക്ക് പ്രവേശിക്കുകയും ആ അർത്ഥത്തിന് സ്വന്തമായിരിക്കുന്ന യഥാർത്ഥ സത്യത്തെ വികലമാക്കാതിരിക്കാനും കർത്താവ് അതിന്മീതെ, കെരൂബുകൾ എന്ന് വചനത്തിൽ അർത്ഥമാക്കിയിരിക്കുന്നവരെ നിയോഗിക്കയും കാവൽ ചെയ്യിപ്പിക്കയും ചെയ്യുന്നു.

3) തുടർന്നു വരുന്ന രീതിയിൽ ആണ് എനിക്ക് ആ കാവല്ക്കാരെ നിയോഗിച്ചിരുന്നത് പ്രതിനിധീകരിക്കപ്പെട്ടത്:

വെള്ളിനാണയങ്ങൾ നിറച്ചിട്ടുള്ള ചാക്കുകൾ എനിക്ക് കാണിച്ചുതന്നു. ഓരോന്നിലും അസംഖ്യം വെള്ളിനാണയങ്ങൾ സംഭരിച്ചിരിക്കുകയാണ്. അവയെ തുറന്ന് വെച്ചിരിക്കുക ആയതിനാൽ ആരെങ്കിലും അതിൽ നിക്ഷേപിതമായിരിക്കുന്ന നാണയങ്ങൾ എടുക്കുവാനോ, അപഹരിച്ചുകൊണ്ടു പോകാനോ സാധ്യതയുണ്ട്. പക്ഷെ ആ പണച്ചാക്കുകളെ സൂക്ഷിച്ചുകൊണ്ട് രണ്ട് ദൂതന്മാർ അവയുടെ സമീപത്ത് ഇരിക്കുന്നുണ്ടായിരുന്നു. പണച്ചാക്കുകൾ സൂക്ഷിച്ചിരുന്ന സ്ഥലം ഒരു കാലിതൊഴുത്തിലെ പുൽത്തൊട്ടിയെ പോലെ കാണപ്പെട്ടു. പാതിവൃത്യമുള്ള വിവാഹിതയായ ഒരു സ്ത്രീയുടെ സംഘത്തിൽ ഏതാനും വിനീതരായ കന്യകമാരേയും ഇതിനോട് അടുത്തുള്ള ഒരു മുറിയിൽ കാണുവാനിടയായി. ആ മുറിക്ക് സമീപമായി രണ്ടു കുട്ടികൾ നിൽക്കുന്നുണ്ടായിരുന്നു. അവർ കേവലം കളിപ്പിള്ളേർ അല്ല എന്നും അവർ ജ്ഞാനികളാണ് എന്നും എന്നോട് പറയപ്പെട്ടു. അപ്പോൾ അവിടെ ഒരു വേശ്യയും ഒരു കുതിരയും ചത്തുകിടക്കുന്നതും കാണാറായി. ഈ സംഗതികൾ ഞാൻ കണ്ടപ്പോൾ, അതെക്കുറിച്ച് എന്നോട് സൂചിപ്പിച്ചത് അവ പ്രതിനിധീകരിക്കപെട്ടിരിക്കുന്നത് ആത്മീക അർത്ഥത്തിൽ ഉള്ള വചനത്തിന്റെ അക്ഷരീകാർത്ഥമാണ് എന്നായിരുന്നു. വെള്ളിനാണയങ്ങൾ നിറയ്ക്കപ്പെട്ടിട്ടുള്ള ചാക്കുകൾ സൂചിപ്പിച്ചത് മഹത്തായ അളവിലുള്ള സത്യത്തിന്റെ അറിവാണ് അവയെന്ന് ആയിരുന്നു. വെള്ളിനാണയങ്ങൾ നിറയ്ക്കപ്പെട്ടിരുന്ന ചാക്കുകൾ സൂക്ഷിക്കുന്നതിന് കാവൽക്കാർ ഉണ്ടായിരുന്നെങ്കിലും, അവയെ തുറന്നു വെച്ചിരുന്നതിന്റെ അർത്ഥമെന്തെന്നാൽ സകലർക്കും സത്യത്തിന്റെ അറിവുകൾ ആവശ്യത്തിന് എടുക്കാവുന്നതാണ്. പക്ഷേ, വാസ്തവിക സത്യം നിറഞ്ഞു നിൽക്കുന്ന ആത്മീക അർത്ഥങ്ങളെ ഖണ്ഡിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളേണം എന്ന് ആയിരുന്നു. പണച്ചാക്കുകൾ വച്ചിരുന്നതായ, തൊഴുത്തിലെ പുൽത്തൊട്ടികൾ സൂചിപ്പിച്ചത് അവബോധത്തിനു വേണ്ടിയുള്ള ആത്മീയ നിർദേശങ്ങൾ ആണ് അവയെന്ന് ആയിരുന്നു. അതിൽ നിന്ന് തീൻ എടുക്കുന്ന കുതിര സൂചിപ്പിക്കുന്നത് പരിജ്ഞാനത്തെ ആകുന്നു. സമീപത്തെ മുറിയിൽ കാണപ്പെട്ട വിനീതരായ കന്യകമാരെ സൂചിപ്പിച്ചത് സത്യത്തോടുള്ള മമത എന്നും, പതിവൃതയായ വിവാഹിതയെ കുറിക്കുന്നത് നന്മയുടെയും സത്യത്തിന്റെയും സംയോഗത്തെ ആയിരുന്നു. കുട്ടികൾ സൂചിപ്പിച്ചത് അവരിലുള്ള ജ്ഞാന

ത്തിന്റെ നിഷ്കളങ്കതയെയായിരുന്നു. കൊച്ചു കുട്ടികളെ പോലെ കാണപ്പെട്ടവർ മൂന്നാം സ്വർഗ്ഗത്തിൽ നിന്നുള്ളവരായിരുന്നു. ചത്ത കുതിരയോടു കൂടെ കണ്ടതായ വേശ്യയെ സൂചിപ്പിച്ചത് വർത്തമാന കാലത്തെ അനേകരും വചനത്തിൽ വ്യാജതകൾ കൂട്ടിക്കലർത്തുന്നതിനേയും അതിനാൽ സത്യത്തിന്റെ എല്ലാ അവബോധവും നശിഞ്ഞു പോകുന്നതിനേയുമാണ്. ഒരു വേശ്യയെ കുറിക്കുന്നത് വ്യാജവൽക്കരണത്തേയും ചത്ത കുതിരയെ കുറിക്കുന്നത് സകല സത്യങ്ങളോടും അവബോധം ജീവച്ഛവമാകുന്ന തിനേയുമാണ്.

III

**ആത്മീകാർത്ഥങ്ങളുടേയും സ്വർഗ്ഗീയാർത്ഥങ്ങളുടേയും താങ്ങും അടിസ്ഥാനവും, സംഭരണപാത്രവും ആണ് വചനത്തിന്റെ അക്ഷരീക അർത്ഥം..**

**27** ഓരോ ദൈവീക പ്രവർത്തിയിലും ഒരു ആദ്യവും മദ്ധ്യഭാഗവും, അന്ത്യഭാഗവും ഉണ്ട്. ആദ്യഭാഗം മദ്ധ്യത്തിലൂടെ കടന്ന് അന്ത്യഭാഗത്തേക്ക് ചെന്നു ചേരുന്നു. അങ്ങനെ അത് നിലനിൽക്കുകയും നിലനിർത്തുകയും ചെയ്യുന്നു. തത്ഫലമായി അന്ത്യം സംഭരണവുമായി തീരുന്നു വീണ്ടും ആദ്യഭാഗം മദ്ധ്യത്തിലും ആയിത്തീരുന്നു. തുടർന്ന് മദ്ധ്യത്തിലൂടെ അന്തിമഭാഗത്ത് ആകുകയും, അന്ത്യഭാഗം സംഭരണപാത്രം ആയിത്തീരുകയും ചെയ്യുന്നു. അങ്ങനെ അന്ത്യഭാഗം സംഭരണവും, അടിസ്ഥാനവും താങ്ങും ആയിത്തീരുന്നു.

**28.** ലക്ഷ്യവും കാരണവും, ഫലവും, ആകുന്നതും ആയിരിക്കുന്നതും നിലനിൽക്കുന്നതും ഈ മൂന്നും എന്നായിരിക്കും വിദ്യാസമ്പന്നർ ഗ്രഹിക്കുന്നത്. തത്ഫലമായി സമ്പൂർണ്ണമായ ഏതൊന്നിലും ത്രയഭാവമുണ്ട്; ആദ്യഭാഗം, മദ്ധ്യഭാഗം, അന്ത്യഭാഗം എന്നിവ; അതായത്, അന്ത്യം, കാരണം, ഫലം എന്നിവയും ആയിരിക്കുക (എസ്സെ), ആയിത്തീരുക (ഫിയെറി) നിലനില്ക്കുക (എക്സിസ്റ്റെറേ) ഒരുവന്ന് ഈ സംഗതികൾ ഗ്രഹിപ്പാൻ കഴിഞ്ഞാൽ അയാൾക്ക് സ്പഷ്ടമായി മനസ്സിലാക്കാൻ കഴിയും. ഓരോ ദൈവീക പ്രവർത്തനവും അതിന്റെ അന്ത്യത്തിലാണ് സമ്പൂർണ്ണതയും, തികവും ഉണ്ടാകുന്നത്,

**29.** ഈ കാരണത്താൽ മൂന്ന് എന്ന സംഖ്യ, വചനത്തിൽ അതിന്റെ ആത്മീകാർത്ഥത്തിൽ സമ്പൂർണ്ണവും, തികവുള്ളതും എന്നാണ് സാരം. ആകയാൽ അത് സകലവും ഉൾക്കൊള്ളുന്നത് എന്നും അതിന് അർത്ഥമുണ്ടാകുന്നു. അങ്ങനെ, അതിന്റെ അർത്ഥം അപ്രകാരമാകയാൽ അതിനെ വചനത്തിന്റെ അപ്രകാരമൊരു അർത്ഥം ആവശ്യമായിടത്തൊക്കെയും ഉപയോഗിക്കുന്നുണ്ട്. ഉദാഹരണത്തിന്, ചുവടെ ചേർക്കുന്ന വേദഭാഗങ്ങളിൽ അത് ഉപയോഗിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക:

യെശയ്യാവ് നഗ്നനായും ചെരിപ്പിടാതെയും മൂന്ന് സംവത്സരം നടന്നു
യെശയ്യാ 20:3

യഹോവ ശമൂവേലിനെ മൂന്നുപ്രാവശ്യം വിളിച്ചു. ശമുവേൽ മൂന്നു പ്രാവശ്യം ഏലിയുടെ അടുത്തേക്ക് ഓടിച്ചെന്നു; മൂന്നാം പ്രാവശ്യം ഏലിക്കു മനസ്സിലായി ശമു 3:1-8

യോനാഥൻ ദാവീദിനോട് ആ വയലിൽ മൂന്നു തവണ കവിണ്ണു വീണു കിടന്നു. 1 രാജാ 17, 21

ഏലിയാവ് അവരോട് ഹോമയാഗത്തിന്നു മുകളിൽ മൂന്നുതവണ വെള്ളം ഒഴിപ്പാൻ പറഞ്ഞു 1 രാജാ 18:34

യേശു അവരോട് പറഞ്ഞു:

സ്വർഗ്ഗരാജ്യം പുളിച്ച മാവിനോട് സദൃശം. അത് ഒരു സ്ത്രീ എടുത്ത് മൂന്നു പറമാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കിവച്ചു.
മത്തായി 13:33

യേശു പത്രോസിനോട് അവൻ മൂന്നുപ്രാവശ്യം തള്ളിപ്പറയുമെന്ന് പറഞ്ഞു. മത്താ 26:34

യേശു പത്രോസിനോട്: നിനക്ക് എന്നോട് പ്രിയമുണ്ടോ? എന്ന് മൂന്ന് പ്രാവശ്യം ചോദിച്ചു യോഹ 21:15-17

യോനാ തിമ്മിംഗലത്തിന്റെ വയറിൽ മൂന്നുപകലും മൂന്നുരാത്രിയും ഉണ്ടായിരുന്നു. യോനാ 1:17

യേശു അവരോട് ഈ മന്ദിരം പൊളിക്ക, താൻ മൂന്നുദിവസം കൊണ്ട് അതിനെ പണിയും എന്നു പറഞ്ഞു. മത്തായി 26:61

യേശു ഗത്സമെനയിൽ മൂന്ന് പ്രാവശ്യം പ്രാർത്ഥിച്ചു.
മത്തായി 26:39-44

യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു മത്തായി 28:1

മൂന്ന് എന്ന സംഖ്യ സൂചിപ്പിക്കപ്പെട്ടിട്ടുള്ള അനേകം വേദഭാഗങ്ങൾ ഉണ്ട്. അതിന്റെ അർത്ഥം അതാകുന്നതു കൊണ്ട് പൂർണ്ണവും തികവുമുള്ളതായ ഒരു പ്രവർത്തിയെ സൂചിപ്പിക്കാനാണ് അത് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

**30** തുടർന്നു വരുന്നതായ സംഗതികളെ ബുദ്ധിപരമായി ഗ്രഹിക്കേണ്ടതി നായിട്ടാണ് ഇവ മുഖവുരപ്പെടുത്തി പ്രസ്താവിച്ചിട്ടുള്ളത്, മാത്രവുമല്ല വചനത്തിന്റെ പ്രാകൃതീകമൊ അല്ലെങ്കിൽ അക്ഷരത്തിന്റെ അർത്ഥമെന്നത് അടിസ്ഥാനവും, ആത്മീകവും സ്വർഗ്ഗീയവും അർത്ഥം എന്നാത് അതിന്റെ സംഭരണവും അതിനെ താങ്ങുമാകുന്നു.

**31** സ്വർഗ്ഗീയാർത്ഥം പ്രഥമാർത്ഥവും ആത്മീയ്കാർത്ഥം മദ്ധ്യമാർത്ഥവും പ്രാകൃതികാർത്ഥം അന്ത്യാർത്ഥാം അല്ലെങ്കിൽ താഴ്ന്ന അർത്ഥവും എന്നതായ മൂന്നു അർത്ഥങ്ങൾ ഉണ്ട് എന്ന് മുകളിൽ നമ്പർ 6, 19 ഭാഗങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ആകയാൽ യുക്തിസഹജനായ മനു

ഷ്യൻ ഇപ്രകാരം അനുമാനിച്ചേക്കും, വചനത്തിന്റെ പ്രഥമ അർത്ഥതലമായ സ്വർഗ്ഗീയ അർത്ഥതലം മദ്ധ്യതലമായ ആത്മീയ അർത്ഥതലത്തിലൂടെ കടന്ന് അവസാനത്തെ തലത്തിൽ അതായത് അക്ഷരീകാർത്ഥതലത്തിൽ ചെന്നെത്തുകയും അത് അന്തിമതലം അല്ലെങ്കിൽ അടിസ്ഥാനം ആയിത്തീരുകയും ചെയ്യുന്നു. അതുപോലെതന്നെ ആദ്യത്തേത് അഥവാ സ്വർഗ്ഗീയ അർത്ഥം മദ്ധ്യതലമായ ആന്തരികാർത്ഥത്തിൽ ആയിരിക്കുകയും, അപ്രകാരം തന്നെ അതിന്റെ അവസാന തലമായ അക്ഷരീകാർത്ഥത്തിൽ എത്തുകയും ചെയ്യുന്നതുകൊണ്ട് വചനത്തിന്റെ അക്ഷരീകാർത്ഥമായ അവസാനത്തെ പ്രകൃതികതലം, സംഭരണപാത്രവും, തന്മൂലം അടിസ്ഥാനവും, താങ്ങും ആകുന്നു.

**32** എന്നാൽ ഈ കാര്യങ്ങൾ എങ്ങനെ കൊണ്ടു വരപ്പെടുന്നു എന്ന് ചുരുങ്ങിയ വാക്കുകൾ കൊണ്ട് സ്ഥാപിക്കുവാൻ കഴിയുന്നതല്ല. മാത്രവുമല്ല, അവയെല്ലാം സ്വർഗ്ഗത്തിലെ ദൂതന്മാർ വ്യാപൃതരായിട്ടുള്ള രഹസ്യങ്ങളാണ്, കർത്താവിന്റെ ഉപദേശത്തിൽ അതിന്റെ മുഖവുരയിൽ പ്രതിപാദിച്ചിട്ടുള്ളതിൽ കൂടുതലായി വിവരിക്കുന്നതായിരിക്കും. ഇവ ദൂതന്മാരുടെ ജ്ഞാനം, സർവ്വ ശക്തിമാൻ, സർവവ്യാപി, സർവ്വജ്ഞാനി എന്നിവയെ സംമ്പന്ധിച്ച് ദിവ്യപരിപാലനത്തിലും, ദിവ്യ സ്നേഹവും ദിവ്യജ്ഞാനവും കൂടാതെ ജീവനെ സംമ്പന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശത്തിലും വിവരിക്കുന്നതായിരിക്കും. വചനത്തിന്റെ ഏറ്റവും താഴത്തെ തലമായ അക്ഷരീകാർത്ഥതലം അടിസ്ഥാനവും, ഉള്ളടക്കവും, ഈ ഇരു ആന്തരീക അർത്ഥതലങ്ങളെ താങ്ങുന്നതും ആകുന്നു എന്നുള്ള ഇപ്പോഴത്തെ വിശദീകരണം മതിയാവുന്നതാണ് അതായത് മനുഷവർഗ്ഗത്തിന്റെ രക്ഷക്കായി ആവിഷ്കരിച്ചിട്ടുള്ള അനിവാര്യമായ ഒരു ദൈവീക പ്രവർത്തിയാണ് വചനം എന്നത് മുകളിൽ പറഞ്ഞിട്ടുള്ളതിൽ നിന്നു നമുക്ക് സംക്ഷിപ്തപ്പെടുത്താനായേക്കും.

**33.** ഇതിൽ തുടർന്നു കാണിക്കുന്നത് അക്ഷരീകാർത്ഥം കൂടാതെയുള്ള വചനം അടിസ്ഥാനം ഇല്ലാത്തതും നിലത്തിനു പകരം വായുവിൽ നില്ക്കുന്ന ഒരു കൊട്ടാരത്തെ പോലെ, മാഞ്ഞുപോകുന്ന കേവലം ഒരു നിഴൽ പോലെ. വീണ്ടും, ഒരു ക്ഷേത്രം അതിന്റെ മദ്ധ്യഭാഗത്തെ പ്രതിഷ്ടയ്ക്ക് സംരക്ഷണ മേൽക്കൂരയില്ലാത്തതും ചുറ്റുമതിലുകൾ ഇല്ലാത്തതുമായ ക്ഷേത്രത്തെ പോലെയുമാണ്. അതിലുള്ള വിശുദ്ധ സാമഗ്രികളെ കള്ളന്മാർ കണ്ട് ആഗ്രഹിക്കുകയാണെങ്കിൽ അവരാൽ അത് മോഷ്ടിച്ചു കൊണ്ട് പോകയോ, മൃഗങ്ങളും ആകാശത്തിലെ പറവകളും അതിക്രമിച്ചു കയറി അവ നശിപ്പിക്കപ്പെടുകയുമില്ലെ. ബാഹ്യതളത്തിലെ കർട്ടനുകളും തിരശീലകളും കൂടാതെയുള്ള (അതിന്റെ അതിവിശുദ്ധ കാര്യങ്ങളായിരിക്കുന്ന അന്തർഭാഗത്തെ നിയമപ്പെട്ടകം, മദ്ധ്യഭാഗത്ത് സ്വർണ്ണ നിലവിളക്കും, സുഗന്ധവർഗ്ഗം വച്ചിട്ടുള്ള സ്വർണ്ണ യാഗപീഠവും, കാഴ്ചയപ്പം വച്ചിട്ടുള്ളതായ മേശയും) സമാഗമന കൂടാരം പോലെയാണ്. തീർച്ചയായും; വചനത്തിന് അക്ഷരീകാർത്ഥം ഇല്ലാതിരുന്നാൽ ഒരു

മനുഷ്യ ശരീരത്തിന്റെ ആവരണമായ ത്വക്കും, നെഞ്ചിനു ഹൃദയവും ശ്വാസ കോശങ്ങളും അവയുടെ ആവരണങ്ങളായ മാംസപേശികളും വാരിയെല്ലുകളും ഇല്ലാതെയും തലയിലെ മസ്തിഷ്കവും അതിന്റെ സംരക്ഷണാവരണങ്ങളായ പേശീവ്യൂഹവും പൊതു ആവരണവും സംഭണപാത്രവും സംരക്ഷണ ഭാഗവുമായ തലയോട്ടിയും ഇല്ലാതിരുന്നാൽ അസ്ഥികളുമില്ലാത്ത മനുഷ്യശരീരം അസ്ഥികളുടെ സഹായം കൂടാതെയും ആവരണമില്ലാതെയും ആയിരുന്നാൽ മനുഷ്യശരീരം വീണ് തകർന്നു പോകുന്നതു പോലെ ആയിരിക്കും വചനം അക്ഷരീകാർത്ഥം ഇല്ലാതിരുന്നാൽ. അതുകൊണ്ടാണ് യെശയ്യാവിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നത്. യഹോവ

സകല തേജസ്സിനും മീതെ ഒരു മൂടി ഉണ്ടാക്കിയിരിക്കും. യെശ 4:5

**34.** മനുഷ്യരെ കൂടാതെയുള്ള ലോകവും ദൂതന്മാരെ കൂടാതെയുള്ള സ്വർഗ്ഗത്തെ പോലെയും ആയിരിക്കും സമാനമായ സംഗതി. മനുഷ്യവർഗ്ഗം അടിസ്ഥാനവും, സംഭരണപാത്രവും, മാത്രമല്ല സ്വർഗ്ഗത്തിന്റെ താങ്ങും ആകുന്നു മാത്രവുമല്ല വചനം അവരോടു കൂടേയും അവരിലും ആകുന്നു. സ്വർഗ്ഗങ്ങളെ സ്വർഗ്ഗീയരാജ്യമെന്നും, ആത്മീക രാജ്യമെന്നുള്ള രണ്ടും രാജ്യങ്ങളായി തരംതിരിച്ചിരിക്കുന്നു. ഈ രണ്ടു രാജ്യങ്ങളും മനുഷ്യർ ആയിരിക്കുന്ന പ്രാകൃതിക ലോകരാജ്യത്തിന്മേലാണ് സ്ഥാപിക്കപ്പെട്ടിരി ക്കുന്നത്, ദൂതന്മാരുടെ സ്വർഗ്ഗങ്ങൾ ആത്മീകമെന്നും സ്വർഗ്ഗീയമെന്നുമുള്ള രണ്ട് രാജ്യങ്ങളായി തിരിച്ചിരിക്കുന്നത്. സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ നമ്പർ 20 മുതൽ 28 –ഉം ഖണ്ഢികകളിൽ കാണാവുന്നതാണ്.

**35** പഴയ നിയമക്കാലത്ത് പ്രവാചകന്മാർ വചനമാകുന്ന കർത്താവിനെ പ്രതിനിധീകരിച്ചു എന്നും അപ്രകാരം വചനത്തിൽ നിന്നും സഭയുടെ ഉപദേശം സൂചിപ്പിച്ചിരുന്നു എന്നും, ആകയാൽ അവർ മനുഷ്യപുത്രന്മാർ വിളിക്കപ്പട്ടും എന്നും കർത്താവിനെ സംബന്ധിച്ചുള്ള ഉപദേശം, നമ്പർ 28-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്, അവർ കഷ്ടം സഹിച്ചതും സഹനം ചെയ്തതുമായ നിരവധി സംഗതികൾ പ്രതിനിധാനം ചെയ്യുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിന്ന് യഹൂദൻമാർ അടിച്ചേല്പ്പിച്ചിരുന്നതായ അതിക്രമങ്ങൾ ആകുന്നു.

ദൃഷ്ടാന്തമായി:

യഹോവ യെശയ്യാവോട് കൽപ്പിച്ചത്: നീ ചെന്ന് നിന്റെ അരയിൽ രട്ടുശീല അഴിച്ചു വച്ച് കാലിൽ നിന്ന് ചെരുപ്പും ഊരികളക ...... മൂന്ന് സംവൽസരം അപ്രകാരം നഗ്നനായും ചെരിപ്പിടാ തെയും യെശയ്യാവിനോട് കൽപ്പിച്ചു. യെശ 20:2,3

അതുപോലെ

മനുഷ്യപുത്രാ നീ മൂർച്ചയുള്ള വാളെടുത്ത് ക്ഷൗരകത്തിയായി പ്രയോഗിച്ച് നിന്റെ തലയും താടിയും ക്ഷൗരം ചെയ്യുക; പിന്നെ തുലാസ് എടുത്ത് രോമം തൂക്കി വിഭാഗിക്കുക നിരോധകാലം തികയുമ്പോൾ, മൂന്നിൽ ഒന്ന് നീ നഗരത്തിന്റെ നടുവിൽ തീയിലിട്ട് ചുട്ടുകളയണം. മൂന്നിൽ ഒന്ന് എടുത്ത് കാറ്റത്ത് ചിതറിച്ച് കളയേണം. അവയുടെ പിന്നാലെ ഞാൻ വാളൂരും. അതിൽനിന്ന് കുറഞ്ഞൊരു സംഖ്യ നീ എടുത്ത് നിന്റെ വസ്ത്രത്തിന്റെ കോന്തലക്കൽ കെട്ടേണം. ഇതിൽനിന്നും പിന്നെയും നീ അല്പം എടുത്ത് ചുട്ടുകളയേണം
യെഹെ 5:1.4

അതിൽനിന്ന് യിസ്രായേൽ ഗൃഹത്തിലേക്കെല്ലാം ഒരു തീ പുറപ്പെടും. യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു: ഇത് യെരുശലേം ആകുന്നു, ഞാൻ അതിനെ ജാതികളുടെ മദ്ധ്യേ വച്ചിരിക്കുന്നു അതിനു ചുറ്റും രാജ്യങ്ങൾ ഉണ്ട്. യെഹെ 5:1-5

മുകളിൽ പ്രസ്താവിച്ചിള്ളതുപോലെ, പ്രവാചകൻമാർ വചനത്തെ പ്രതിനിധീകരിക്കുകയും തദ്വാര വചനത്തിൽ നിന്നുള്ള സഭയുടെ ഉപദേശത്തെ സൂചിപ്പിക്കുകയും ചെയ്തിട്ടുള്ളതിനാലും, ശിരസ്സിനെ കുറിക്കുന്നത് ജ്ഞാനത്തേയും ആകയാൽ ശിരോരോമത്തെയും താടിയേയും കുറിക്കുന്നത് പരമമായ സത്യത്തേയുമാണ്. ഈ സൂചിതാർഥത്തിന്റെ ഫലമായി ആരെങ്കിലും തല മൊട്ടയതിക്കുന്നതും അതുമാതിരി വെളിപ്പെടുന്നതും, കൂടുതൽ ശോകാപരവും ആക്ഷേപ കരവുമാണ്. മറ്റ് യാതൊരു കാരണത്താലുമല്ല പ്രവാചകനോട് തല ക്ഷൗരം ചെയ്യുവാനും താടിരോമങ്ങൾ വടിച്ച് കളയുവാനും യഹോവ ആവശ്യപ്പെട്ടത്, അങ്ങനെ വചനം അനുസാരം യഹൂദസഭയ്ക്ക് അപ്പോൾ ഉണ്ടായിരുന്ന ശോച്യവസ്ഥയെ പ്രതിനിധീകരിക്കുവാൻ പ്രവാചകനോട് കല്പ്പിച്ചതായിരുന്നു. ഈ കാരണത്താൽ തന്നെ, മറിച്ചു മറ്റൊരു കാരണത്താലുമ്മല്ലായിരുന്നു.

മൊട്ടതലയാ കയറിവാ, മൊട്ടതലയാ കയറിവാ എന്ന് പ്രവാചകനെ അവഹേളിച്ച നാല്പത്തിരണ്ട് ബാലൻമാരെ രണ്ട് പെൺകരടികൾ കടിച്ചുകീറികളഞ്ഞു. 2 രാജ 2:23,24

കാരണം പ്രവാചകൻ വചനത്തെ മുകളിൽ പ്രതിനിധീകരിച്ചതു പോലെ കഷണ്ടിയെ കുറിക്കുന്നത് ആത്യന്തികമായ അർത്ഥം കൂടാതെയുള്ള വചനത്തെയാണ്.

ചുവടേ 49-ാം ഖണ്ടികയിൽ വചനത്തെ അതിന്റെ ആത്യന്തീകത യോടെന്ന പോലെ കർത്താവിനെ പ്രതിനിധികരിക്കുന്നതിനെ കുറിക്കുന്നതാണ് നാസീർവ്യതക്കാരെന്നത്, അവരുടെ ശിരോരോമം വളരാൻ അനുവദിക്കുന്നതും അതിൽ ഒന്നു പോലും മുറിക്കരുതെന്നത് എന്നതു ഒരു ചട്ടവുമായിരുന്നു. മാത്രവുമല്ല നാസീർ വ്രതം എന്ന വ്യവസ്ഥ എന്നത് ഹെബ്രായ ഉച്ചാരണത്തിൽ ശിരോരോമത്തേയാണ് കുറിക്കുന്നത്.

മഹാ പുരോഹിതനായവൻ തന്റെ ശിരസ്സിലെ മുതി മുറിക്കരുതെന്നത് ഒരു ചട്ടവും കൂടിയാണ്. ലേവ്യ 20:10

കുടുംബ തലവനും ആയവാൻ തലമുടിവടിക്കരുത് ലേവ്യ 20:5

(4) തുടർന്നു വരുന്ന വേദഭാഗങ്ങളിൽ നിന്ന് കഷണ്ടി ഉണ്ടായിരിക്കുന്നത് വലിയൊരു ആക്ഷേപമായിരുന്നെന്നത് സുവിദിതമാകുന്നു.

അവരുടെ തലയൊക്കെയും മൊട്ടയടിച്ചും താടിയൊക്കെയും കത്രിച്ചും ഇരിക്കുന്നു. യെശ 15:2;യിരെ 48:37

സകല മുഖങ്ങളിലും ലജ്ജയും, എല്ലാ തലകളിലും കഷണ്ടിയും ഉണ്ടായിരിക്കും യെഹെ 7:18

എല്ലാ തലയും കഷണ്ടിയായി; എല്ലാചുമലും തോലുരുഞ്ഞിപോയി യെഹെ 29:18

ഞാൻ ഏത് അരയിലും രട്ടും, ഏത് തലയിലും കഷണ്ടിയും വരുത്തും. ആമോ 8:10

നിന്റെ ഓമനകുഞ്ഞുങ്ങൾ നിമിത്തം നിന്നെതന്നെ ക്ഷൗരം ചെയ്ത നിന്റെ കഷണ്ടിയെ വിസ്താരമാക്കുക. അവർ നിന്നെ വിട്ട് പ്രവാസത്തിലേക്ക് പോയല്ലോ. മീഖാ 1:16

ഇവിടെ, കഷണ്ടി ഉണ്ടാക്കുകയും കഷണ്ടി വിസ്താരമാക്കുകയും ചെയ്യുക എന്നത് യഹൂദന്മാർ വചനത്തെ പൂർണ്ണമായി നശിപ്പിച്ചതു പോലെ വചനത്തിന്റെ സത്യത്തെ അതിന്റെ ആത്യന്തിക തലം വരെയും വ്യാജവൽക്കരിക്കുന്നതിനേയാണ്. വചനത്തിന്റെ ആത്യന്തികതകൾ അതിന്റെ താങ്ങും പിന്താങ്ങലും ആകുന്നു തീർത്തും അതിന്റെ എല്ലാ വാക്കും സ്വർഗ്ഗീയവും ആത്മീകവുമായ അർത്ഥങ്ങളുടെ താങ്ങും പിന്താങ്ങലും തന്നെ ആകുന്നു. ശിരോരോമം സത്യത്തിന്റെ ആത്യന്തിക തകളെ കുറിക്കുന്നതു പോലെ വചനത്തെ വെറുക്കുകയും അതിന്റെ വാകിന്റെ അർത്ഥത്തെ വ്യാജവ്ൽക്കരിക്കയും ചെയുന്ന ആളുകൾ എല്ലാവരും ആത്മീയ ലോകത്തു മൊട്ടതലയന്മാരായി വെളിപ്പെടും. ഈ വിഷയത്തിന്മേൽ പറഞ്ഞിരിക്കുന്നത് 49-ാം ഖണ്ഠികയും നോക്കുക.

**36** തിരുവചത്തിന്റെ അക്ഷരീകാർത്ഥമായ അന്തിമ അർത്ഥത്തിൽ അഥവാ സ്വഭാവിക അർത്ഥത്തിൽ അത് വിശുദ്ധ യെരൂശലേമിന്റെ മതിലുകളെ കുറിക്കുന്നു. അതിന്റെ നിർമ്മാണം സൂര്യകാന്തം കൊണ്ടും, അതിന്റെ മതിലുകളുടെ അടിസ്ഥാനത്തിന്റെ ഘടന വിലയേറിയ രത്നക്കല്ലുകൾ കൊണ്ടും അതിന്റെ ഗോപുരങ്ങളുടെ നിർമ്മാണം മുത്തുകൾ കൊണ്ടുമുള്ള (വെളി 21:18-21) യെരൂശലേം എന്നതിനാൽ സൂചിപ്പിക്കുന്നത് സഭയും, സഭയുടെ ഉപദേശവും ആകുന്നു. ഇതിനെ തുടർന്നു വരുന്ന ലേഖനത്തിൽ ഇതെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ

പ്രസ്താവിക്കുന്നതാണ്. ഇവിടെ പ്രസ്താവിക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് വ്യക്തമാകുന്നതെന്തെന്നാൽ വചനത്തിന്റെ അക്ഷരീകാർത്ഥം അതായത് സ്വഭാവികമായ അർത്ഥം പ്രത്യേകിച്ച് അന്തരീകമായ ആത്മീകാർത്ഥം, സ്വർഗ്ഗീയാർത്ഥം എന്നത് അവയുടെ അടിസ്ഥാനവും, ഉള്ളടക്കവും, താങ്ങും ആകുന്നു.

## IV

## വചനം, അതിന്റെ അക്ഷീകാർത്ഥത്തിൽ പൂർണ്ണതയും, വിശുദ്ധിയിലും, ശക്തിയിലും ദിവ്യസത്യം ആകുന്നു.

**37** വചനം അതിന്റെ അക്ഷരീകാർത്ഥത്തിൽ അതിന്റെ സമ്പൂർണ്ണ തയിലും, വിശുദ്ധിയിലും, ശക്തിയിലുമാകുന്നു, കാരണം പൂർവ്വ കാലീനവും ആന്തരികവുമായ അർത്ഥങ്ങൾ ആത്മീകവും സ്വർഗ്ഗീയവു മെന്നു വിളിക്കപ്പെട്ടിരിക്കുന്നത് 31-ാമത്തെ ഘണ്ഠികയിൽ പറഞ്ഞിട്ടു ള്ളതു പോലെ അക്ഷരത്തിന്റെ അർത്ഥമാകുന്ന പ്രാകൃതിക അർത്ഥത്തിൽ ഒരേ പോലെയാകുന്നതു കൊണ്ടാണ്. എന്നാൽ അവ എങ്ങനെയാണ് ഒരേപോലെ സന്നിഹിതമാകുന്നെതെന്ന് ഏതാനും ചുരുങ്ങിയ വാക്കു കളിൽ ഇപ്പോൾ പറയുന്നതായിരിക്കും.

**38** സ്വർഗ്ഗത്തിലും ഭൂലോകത്തിലും ഘട്ടം ഘട്ടമായതും ഒരേമാതിരിയും ഉള്ള രണ്ടിനം ക്രമങ്ങൾ ഉണ്ട്. ഘട്ടം ഘട്ടമായതിൽ ഒരു കാര്യത്തിന് ശേഷം മറ്റൊന്നു തുടർച്ചയായി പിന്തുടരുന്നു, അതായത് ഉന്നതമായതിൽ നിന്ന് താഴത്തെ നിലയിലേക്ക്; എന്നാൽ ഒരേപോലുള്ള ക്രമത്തിൽ എന്നതു ഒരു കാര്യം മറ്റൊന്നിനോടു കൂടി ചേർന്നു നിലകൊള്ളുന്നു. അതായത് അകത്തളത്തിൽ നിന്നും പുറം തളത്തിലേക്കു. ഘട്ടമായ ക്രമമെന്നത് ഉയരത്തിൽ നിന്നും താഴെതട്ടിലേക്കുള്ള പടികളുള്ള ഒരു തൂണിനെ പോലെയും, ഒരേപൊലുള്ളത് അവസാന പ്രതലംവരെ പോലും ഒരേ മാതിരിയുള്ള ഏകകേന്ദ്രീകൃതമായ നിരവധി വൃത്തങ്ങൾ പോലെയാണ്. നമ്മൾ ഇപ്പോൾ, ഘട്ടം ഘട്ടമായ ക്രമം എങ്ങനെ ഒരേമതിരിയുള്ള ക്രമം ആയിത്തീരുന്നു എന്ന് സ്ഥാപിക്കുന്നതാണ്.

ഘട്ടം ഘട്ടമായ ക്രമത്തിന്റെ ഉയർന്ന കാര്യങ്ങൾ ഒരേമതിരിയുള്ളതിന്റെ അകത്തളം ആയിതീരുന്നു, ഘട്ടം ഘട്ടമായ ക്രമത്തിന്റെ താഴ്ന്ന കാര്യങ്ങൾ സമാനരീതിയുടെ ബാഹ്യതളവുമാകുന്നു, സമതലത്തിൽ ഒരേമാതിരിയുള്ള ഒരു ശരീരത്തെ രൂപപ്പെടുത്തുകയും താഴേയ്ക്കു ആണ്ടു പോകുന്ന പടികളെ പോലെ. ഒരേമതിരിയുള്ള ക്രമം രൂപപ്പെടുന്നത് ചിട്ടയായ ക്രമത്തിൽ നിന്നാണ് ഇതു പൊതുവിലും വിശേഷിച്ചും ആത്മീക ലോകത്തിലും പ്രാകൃതിക ലോകത്തിലും ഉള്ള ഈ രണ്ട് കാര്യങ്ങളിലും ഇങ്ങനെ തന്നേയാണ്. കാരണം എല്ലായിടത്തും പ്രഥമവും മദ്ധ്യമവും, അന്തിമവും, പ്രഥമം മദ്ധ്യമത്തിലൂടെ കടന്നു അന്തിമത്തിലേക്ക് പരിക്രമിക്കുന്നു.

ഇനി ഇതു വചനത്തിലേക്ക് പ്രയോഗിക്കു. ഘട്ടം ഘട്ടമായ ക്രമത്തിൽ സ്വർഗ്ഗീയവും ആത്മീകവും പ്രാകൃതികവുമായത് കർത്താവിൽ നിന്നും

പരിക്രമിക്കുന്നു, ആത്യന്തീകമായി അല്ലെങ്കിൽ അന്തിമ രൂപം ഒരെ മതിരിയുള്ള ക്രമത്തിലും ആണ്, ഇപ്രകാരം അപ്പോൾ വചനത്തിന്റെ ആത്മീകവും സ്വർഗ്ഗീയവുമായ അർത്ഥങ്ങൾ പ്രാകൃതീക അർത്ഥത്തിൽ ഒരേ മാതിരിയുള്ള ക്രമത്തിലും ആണ്. ഇത് മനസ്സിലാക്കുമ്പോൾ വാക്കിന്റെ പ്രാകൃതിക അർത്ഥമാകുന്ന അക്ഷരത്തിന്റെ അർത്ഥം എന്നത് അടിസ്ഥാനമാണ് സ്വർഗ്ഗീയവും ആത്മീകവുമായ അതിന്റെ അർത്ഥങ്ങൾ അതിന്റെ താങ്ങും ഉള്ളടങ്ങിയ ഘടനയുമാണ്. മാത്രവുമല്ല വചനത്തിന്റെ അക്ഷരിക അർത്ഥത്തിൽ അവയുടെ നിറവിലും വിശുദ്ധിയിലും, ശക്തിയിലും എങ്ങനെയാണ് ദിവ്യസത്യവും ദിവ്യനന്മയും എന്നു കൂടിയാണിത്.

**39** വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ വചനം അതേ വചനം തന്നെയാണെന്ന് ഇതിനാൽ വ്യക്തമാകുന്നുവല്ലൊ. കാരണം എന്തെന്നാൽ, അതിനുള്ളിൽ ആത്മാവും, ജീവനും നിവസിക്കുന്നുണ്ട്. ആത്മീകാർത്ഥം ആത്മാവു തന്നെ ആകുന്നു. അതിന്റെ സ്വഗ്ഗീയാർത്ഥം ജീവനും ആകുന്നു. കർത്താവ് അരുളി ചെയ്തിരിക്കുന്നവയിൽ നിന്ന് ഇത് സുവിദിതമാണ് :

> ഞാൻ നിങ്ങളോട് സംസാരിച്ചവചനങ്ങൾ ആത്മാവും ജീവനും ആകുന്നു. യോഹ :6:63

കർത്താവ് വചനത്തെ ലോകത്തിന് മുമ്പേ അതിന്റെ സ്വഭാവികമായ പ്രകൃതിതല അർത്ഥത്തിൽ അരുളിച്ചെയ്തു. വചനത്തിന്റെ അക്ഷരിക അർത്ഥമാകുന്ന പ്രാകൃതിക അർത്ഥം കൂടാതെ വചനം സ്വർഗ്ഗീയവും ആത്മീയവുമല്ല, അതായത് ശരീരം കൂടാതെയുള്ള ജീവനും ആത്മാവിനേയും പോലെയാണ് അവ മുകളിൽ 39 -ൽ പ്റഞ്ഞ പോലെ അടിത്തറയില്ലാത്ത ഒരു കൊട്ടാരത്തെ പോലെയാണ്

**40** വചനത്തിന്റെ അക്ഷരീകാർത്ഥം ചില സന്ദർഭങ്ങളിൽ നഗ്നസത്യ ങ്ങളായല്ല പ്രത്യുത, സത്യത്തിന്റെ പ്രത്യക്ഷതകളായിട്ട് ആയിരിക്കു ന്ന താണ്. പ്രകൃതിയിലുള്ള വസ്തുക്കളുമായുള്ള സാമ്യത്തിലും, താരതമ്യ ത്തിലും ലളിതമനസ്കരായ ജനങ്ങൾക്കും, കുട്ടികൾക്കും ഗ്രഹിപ്പാൻ അ നുഗുണമായും. അനുയോജ്യമായും രൂപകല്പന ചെയ്യപ്പെട്ടവയും, സാ ദൃശ്യാശയപരമായുള്ളവയും, വാസ്തവീക സത്യത്തിന്റെ സ്വീകർത്താ ക്കളും അവ വസിക്കുന്ന ഇടവും ആയിരിക്കും. ശ്രേഷ്ടമായ വീഞ്ഞിനെ ഉൾകൊള്ളുന്നതായ ഒരു സ്ഫടിക പാത്രം പോലെയോ സംമ്പുഷ്ടമായ ഭക്ഷണത്തെ വഹിക്കുന്നതായ ഒരു വെള്ളിപാത്രത്തെപ്പോലെയൊ അട ച്ചു മൂടിയ പാത്രത്തേ പോലെ യാണ്.കുഞ്ഞുങ്ങളെ പുതപ്പിക്കുന്ന വസ് ത്രത്തേപോലെയും കന്യകമാർ ധരിക്കുന്ന ചന്തമുള്ള ഉടയാടകളെ പോ ലെയുമാണ്. അവ ആത്മീക മനുഷ്യന്റെ സത്യത്തോടുള്ള മമതകളും കാ ഴ്ചപ്പാടുകളും ഉൾകൊള്ളുന്ന പ്രാകൃതീക മനുഷ്യന്റെ അവബോധത്തേ യുമാണ്. സത്യങ്ങൾ ഉൾകൊള്ളുന്നവയും, സംഭരിതമായിരിക്കുന്നവയും വസ്ത്രങ്ങൾ ധരിച്ചിട്ടുള്ളവയും, ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നവയുമായ

സത്യങ്ങളെ അനാവരണം ചെയ്യുമ്പോൾ അവയെ വചനത്തിന്റെ ആത്മീയർത്ഥമായി കാണുവാൻ കഴിയും, നന്മകൾ അനാവരണം ചെയ്യപ്പെടുന്ന അതിന്റെ സ്വർഗ്ഗീയ അർത്ഥത്തിൽ ആയിത്തീരുന്നു എന്നിരുന്നാലും വചനത്തിൽ നിന്നു വിശദികരിക്കുന്നാതായിരിക്കും.

> യേശു അരുളിചെയ്തു: കപടഭക്തിക്കാരായ ശാസ്ത്രീമാരും പരീശന്മാരും ആയുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ കിണ്ടി കിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. അകത്തോ കവർച്ചയും, അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനെ, കിണ്ടി കിണ്ണങ്ങളുടെ പുറംവെടിപ്പാക്കേണ്ടതിന്ന് മുമ്പേ അവയുടെ അകം വെടിപ്പാക്കുക. മത്തായി 23:25,26

ആത്യന്തികമായ കാര്യങ്ങളാൽ എന്നതിനാൽ കർത്താവു ഈ വേദഭാഗത്തിൽ അരുളിചെയ്ത ഉൾക്കൊണ്ട ഘടകവും ഉപയോഗി ച്ചിട്ടുള്ള വാക്കുകളും കിണ്ടി കിണ്ണങ്ങളാലാണ്. കപ്പ് എന്നത് വീഞ്ഞിനേയും വീഞ്ഞെന്നത് വചനത്തിന്റെ സത്യത്തേയും, കിണ്ണം എന്നതു ആഹാര ത്തേയും ആഹാരം വചനത്തിന്റെ നന്മയേയുമാണ്. കിണ്ടീകിണ്ണങ്ങളുടെ അകം വെടിപ്പാക്കുന്നതിനെ കുറിക്കുന്നത് ചിന്തയുടേയും ഇച്ഛയുടേയും അകത്തളങ്ങളെ ശുദ്ധീകരീക്കുന്നതിനേയാണ്, അങ്ങനെ വചനം മുഖാന്തരം സ്നേഹിക്കുന്നതിനേയും വിശ്വസിക്കുന്നതിനേയുമാണ്. പുറം വെടിപ്പാക്കുക എന്നതിനെ കുറിക്കുന്നത് ബാഹ്യമായ കാര്യാദികളായ വാക്കുകളെയും പ്രവൃത്തികളെയും ശുദ്ധമാക്കുക എന്നുമാണ്: എന്തുകൊണ്ടെന്നാൽ അകത്തളത്തിൽ നിന്നും ഉത്ഭവിക്കുന്ന അവയുടെ സത്തയാണ് അവയെല്ലാം. പിന്നേയും,

> ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ച് ദിനം പ്രതി ആഢംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്ന് പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു. ലൂക്കോസ് 16:19,20

ഈ വേദഭാഗത്തിലും, സാദൃശ്യാശയമായിരിക്കുന്ന പ്രകൃതി സഹജമായ കാര്യങ്ങളാണ് കർത്താവ് അരുളിചെയ്തിട്ടുള്ളത്. ധനവാനായ മനുഷ്യൻ എന്നതിന്റെ അർത്ഥം യഹൂദ ജനത എന്നാണ്. ആത്മീകമായ ധനം ഉൾക്കൊണ്ടിരുന്നതായ വചനത്തെ സ്വന്തമാക്കിയിരിന്നതു കൊണ്ടാണ് അവരെ ധനികർ എന്ന് വിളിച്ചിട്ടുള്ളത്. ധൂമ്രവസ്ത്രവും പട്ടും ധരിച്ച് ദിനം പ്രതി ആഢംബരത്തോടെ സുഖിച്ചുകൊണ്ടും എന്നതിന്റെ അർത്ഥം വചനത്തിന്റെ നന്മയും സത്യവുമാകുന്നു, ധൂമ്ര വസ്ത്രം എന്നതിന് വചനത്തിന്റെ നന്മ എന്നും, പട്ട് എന്നതിന് സത്യം എന്നുമാണ് സൂചിതാർത്ഥം, ദിനംപ്രതി ആഢംബരത്തോടെ സുഖിച്ചു കൊണ്ടിരുന്നു എന്നതിന് വചനം സ്വന്തമാക്കിയിരുന്ന യഹൂദ ജനത അത് ദൈനംദിനം വായിച്ച് സന്തോഷിച്ചിരുന്നു എന്നാണ് അർത്ഥം. ദരിദ്രനായിരുന്ന ലാസർ എന്നതിന്റെ അർത്ഥം പുറജാതികൾ എന്നാകുന്നു;

അവർക്ക് വചനം ലഭ്യമായിരുന്നില്ല. ലാസർ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരക്കൽ കിടന്നു എന്നതിന്റെ അർത്ഥം പുറജാതിക്കാരെ യഹൂദൻമാൻമാർ അവഹേളിക്കുകയും പുറന്തള്ളുകയും ചെയ്തിരുന്നു എന്നാകുന്നു.

(4) പുറജാതികളെയാണ് ലാസർ എന്നപദം കൊണ്ട് അർത്ഥമാക്കിയിരുന്നത്; എന്തുകൊണ്ടെന്നാൽ കർത്താവ് ലാസറിനെ സ്നേഹിച്ചിതുപോലെ പുറജാതികളെ കർത്താവ് സ്നേഹിച്ചു ആ ലാസറിനെയാണ് കർത്താവ്, മരിച്ചവരിൽനിന്ന്, ഉയർപ്പിച്ചത്. യോഹന്നാൻ 11: 11; മേശയിങ്കൽ അവനായിരുന്നു കർത്താവിനോട് ചേർന്ന് തലചായ്ച്ചു യോഹന്നാൻ 12:2

ഈ രണ്ട് വേദഭാഗങ്ങളിൽ നിന്നും വ്യക്തമാകുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിലുള്ള സത്യവും നന്മയും, പാത്രങ്ങൾ പോലെയും, വചനത്തിന്റെ ആത്മീകവും സ്വർഗ്ഗീയവുമായ അർത്ഥങ്ങളിൽ മറക്കപ്പെട്ടു കിടന്നിരുന്ന സത്യവും നന്മയും അനാവരണം ചെയ്യപ്പെട്ട വസ്ത്രങ്ങൾ പോലെയും ആകുന്നു.

**41** വചനത്തിലുള്ള അക്ഷരീകാർത്ഥത്തിന്റെ പ്രകൃതം ഇങ്ങനെ ആകയാൽ ഇപ്രകാരം സംഭവിക്കുന്നതാണ്. ദൈവീക സത്യങ്ങളിൽ ധർമ്മിഷ്ഠരായവരും, വചനം ആന്തരീകമായി വിശുദ്ധവും ദൈവീകവുമാണെന്ന് വിശ്വസിക്കുന്നവരും, വിശിഷ്യാ, ആത്മീകവും സ്വർഗ്ഗീയവുമായ അർത്ഥങ്ങളുള്ള വചനത്തിന് ഇപ്രകാരമുള്ള പ്രകൃതമാണ് ഉള്ളതെന്ന് വിശ്വസിക്കുന്നവരുമായ വ്യക്തികൾ, കർത്താവിൽ നിന്നുള്ള വെളിച്ചം ലഭിച്ചിട്ടുള്ള അവസ്ഥയിൽ വചനത്തെ പാരായണം ചെയ്യുമ്പോൾ ദൈവീകസത്യങ്ങളെ പ്രകൃത്യായുള്ള പ്രകാശത്തിൽ കാണുന്നതാണ്. എന്തുകൊണ്ടെന്നാൽ, തിരുവചനത്തിന്റെ ആത്മീകാർത്ഥം അന്തർഭവിച്ചിരിക്കുന്ന സ്വർഗ്ഗീയ പ്രകാശം വചനത്തിന്റെ അക്ഷരീകാർത്ഥമായ പ്രകൃതിതല പ്രകാശത്തിലേക്ക് ഒഴുകിവരുകയും മനുഷ്യന്റെ ബൗദ്ധീക സാമർത്ഥ്യമായ യുക്തി ചിന്തയെ പ്രകാശിതമാക്കുകയും ചെയ്യുന്നു; തത്ഫലമായി ദൈവീകസത്യങ്ങളെ, അവ വെളിപ്പെട്ടിരുന്നാലും, ഗുപ്തമായിരുന്നാലും വ്യക്തമായി കാണുവാൻ കഴിയുകയും ചെയ്യും. ചില മനുഷ്യർ അതെക്കുറിച്ച് ബോധവാന്മാരല്ലെങ്കിലും അവരുടെ ഹൃദയങ്ങളിലേക്ക് ഈ സത്യങ്ങൾ സ്വർഗ്ഗത്തിലെ പ്രകാശത്തോടൊപ്പം ഒഴുകി ഇറങ്ങി ചെല്ലുന്നു.

**42** നമ്മുടെ വചനത്തിന്റെ സ്വർഗ്ഗീയാർത്ഥത്തിലുള്ള ആന്തരീകത കത്തികൊണ്ടിരിക്കുന്ന ഒരു ദീപനാളം പോലെയാണ്. തീവ്രമായി ശോഭിക്കുന്ന പ്രകാശമുള്ള അന്തർഭാഗം പോലെയാണ് അതിന്റെ ആത്മീകാർത്ഥം. തത്ഫലമായി തിരുവചനം അതിന്റെ ആത്യന്തിക തലമായ സ്വർഗ്ഗീയതലം വരെയും ഉള്ളിൽ രണ്ട് അർത്ഥതലങ്ങളോടു കൂടി, ഒരു മാണിക്യത്തെയും വജ്രത്തെപ്പോലെയും ആകുന്നു. സ്വർഗ്ഗീയ ജ്വാലയിൽ അത് മാണിക്യത്തെപ്പോലെയും, ആത്മീകപ്രകാശത്തിൽ അത് വജ്രത്തെപ്പോലെയും ആകുന്നു. വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ

ഉള്ള സുതാര്യതയുടെ അടിസ്ഥാനത്തിൽ അതിന്റെ സ്വഭാവം ഇപ്രകാരം ആകയാൽ, ഈ അർത്ഥത്തിൽ തിരുവചനത്തിന്റെ അർത്ഥങ്ങൾ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന പോലെയാകുന്നു.

1. മതിലുകളുടെ അടിസ്ഥാനങ്ങൾ
2. അഹരോന്റെ ഏഫോദിലുള്ള ഊറിമും, തുമ്മീമും.
3. ടൈറിലെ രാജാവുണ്ടായിരുന്ന ഏദനിലെ പൂന്തോട്ടം.
4. സമാഗമന കൂടാരത്തിലെ തിരശീലകളും മൂടുപടങ്ങളും.
5. യെരൂശലേം ദേവാലയത്തിന്റെ പുറമേയുള്ള സംഗതികൾ.
6. രൂപാന്തരത്വം സംഭവിച്ചപ്പോൾ, കർത്താവിനുണ്ടായിരുന്ന മഹത്വകരമായ ശോഭ.

**43 1** വചനത്തിന്റെ അക്ഷരീകാർത്ഥത്തിലെ സത്യങ്ങളുടെ അർത്ഥം നവയെനരൂശലേമിന്റെ മതിലുകളുടെ അടിസ്ഥാനങ്ങൾ പോലെയാകുന്നു. (വെളി: 21) കർത്താവിന്റെ ഉപദേശം നമ്പർ 62,63 ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ, നവയെരൂശലേം എന്നതിന്റെ അർത്ഥം, ഉപദേശാടിസ്ഥാനത്തിൻ പുതിയസഭ എന്നാകുന്നു. ആകയാൽ, അതിന്റെ മതിലുകൾ, മതിലുകളുടെ അടിസ്ഥാനങ്ങൾ എന്നിവയുടെ അർത്ഥം അക്ഷരീകാർത്ഥം എന്ന വചനത്തിന്റെ ബാഹ്യതലം ആകുന്നു. എന്തുകൊണ്ടെന്നാൽ ഈ അർത്ഥത്തിൽ നിന്നാണ് ഉപദേശവും, ഉപദേശത്തിൽ നിന്ന് സഭയും സ്ഥിതി ചെയ്യുന്നത്. ഉപദേശം എന്നത് ഒരു നഗരത്തിന്റെ ചുറ്റുമായി നിന്ന് അതിനെ സംരക്ഷിക്കുന്ന മതിലുകൾ പോലെയാകുന്നു. നവയെരൂശെലിമിന്റെ മതിലുകളെയും അവയുടെ അടിസ്ഥാനങ്ങളേയും സംബന്ധിച്ച് ചുവടേ ചേർത്തിരിക്കുന്ന സംഗതികൾ വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

> ദൂതൻ യെരുശലേം നഗരത്തിന്റെ മതിൽ അളന്നു: മനുഷ്യന്റെ അളവിന്ന് എന്നുവെച്ചാൽ ദൂതന്റെ അളവിന്നു തന്നേ, നൂറ്റിനാല്പത്തിനാല് മുഴം ഉണ്ടായിരുന്നു..........നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല രത്നം കൊണ്ട് അലങ്കരിച്ചിരിക്കുന്നു. ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേത് നീലരക്തനം, മൂന്നാമത്തേത് മാണിക്യം,നാലമത്തേത് മരതകം, അഞ്ചാമത്തേത് നഖവർണ്ണി, ആറമത്തേത് ചുവപ്പ്കല്ല്, എഴാമത്തേത് പീതരത്നം, എട്ടാമത്തേത് ഗോമേദകം, ഒമ്പതാമത്തേത് പുഷ്യരാഗം, പത്താമത്തേത് വൈഡൂര്യം പതിനൊന്നാമത്തേത് പത്മരാഗം, പന്ത്രണ്ടാമ ത്തേത് സുഗന്ധിരത്നം. വെളി 21:(14) 17-20

നൂറ്റിനാല്പത്തിനാല് എന്ന സംഖ്യ സൂചിപ്പിക്കുന്നത്, വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽനിന്ന് ഉരുതിരിഞ്ഞിട്ടുള്ള ഉപദേശത്തിൽ നിന്നുള്ള സഭയുടെ സർവ്വവിധ സത്യങ്ങളും നന്മകളും ആകുന്നു. പന്ത്രണ്ട് എന്ന സംഖ്യയും അതാണ് സൂചിപ്പിക്കുന്നത് മനുഷ്യൻ സൂചിപ്പിക്കുന്നത് ബുദ്ധിശക്തിയെയും, ദൂതൻ സൂചിപ്പിക്കുന്നത് അത് ഉത്ഭവിക്കുന്ന ദൈവീകസത്യം ആകുന്നു. അളവ് സൂചിപ്പിക്കുന്നത് അവയുടെ ഗുണവുമാകുന്നു. മതിലും, മതിലുകളുടെ അടിസ്ഥാനങ്ങളും സൂചിപ്പിക്കുന്നത്

വചനത്തിന്റെ അക്ഷരീകാർത്ഥം ആകുന്നു. വിലയേറിയകല്ലുകൾ സൂചിപ്പിക്കുന്നത് യഥാക്രമം തിരുവചനത്തിന്റെ സത്യവും നന്മയും ആകുന്നു. അവയിൽ നിന്നാണ് ഉപദേശവും, ഉപദേശത്തിലൂടെ സഭയും ഉണ്ടാകുന്നത്.

**44. 2** ഉറിമിന്റേയും തുമ്മിമിന്റേയും അർത്ഥം തിരുവചനത്തിന്റെ അക്ഷരീകാർത്ഥത്തിന്റെ സത്യവും നന്മയുമാകുന്നു. ഉറിമും തുമ്മിമും അഹരോന്റെ ഏഫോദിൽ ഉള്ളവ ആയിരുന്നു. എന്തുകൊണ്ടെന്നാൽ, അവന്റെ പൗരോഹിത്യത്താൽ, ദൈവീക നന്മയിലൂടെയും, രക്ഷാകരമായ പ്രവർത്തിയിലൂടെയും കർത്താവ് പ്രതിനിധീകരിക്കപ്പെട്ടിരിക്കുന്നു. അവന്റെ പൗരോഹിത്യത്തിന്റെ വിശുദ്ധവസ്ത്രങ്ങൾ പ്രതിനിധാനം ചെയ്തത് ദൈവീകനന്മയും, ദൈവീക സത്യവും ആകുന്നു. എഫോദ് പ്രതിനിധീകരിച്ചത് ആത്യന്തികമായുള്ള ദൈവീക സത്യമാകുന്നു, അപ്രകാരം. വചനത്തിന്റെ അക്ഷരീകാർത്ഥവും ആകുന്നു; എന്തു കൊണ്ടെന്നാൽ, മുകളിൽ പ്രസ്താവിച്ചതു പോലെ, അത് ആത്യന്തി കമായും ദൈവീകസത്യം ആകുന്നു. ആകയാൽ യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളുടെയും പേരുകൾ കൊത്തപ്പെട്ടിരുന്നവയും, ഉറിമും തുമ്മിമും ആയിരുന്നവയും ആയ പന്ത്രണ്ട് രത്നക്കല്ലുകളും, പൗരോഹിത്യ വേഷങ്ങൾ സർവ്വതിലും ഉണ്ടായിരുന്ന ദൈവീക സത്യത്തെയും, ദൈവീക നന്മയെയും പ്രതിനിധാനം ചെയ്യുന്നു ണ്ടായിരുന്നു. ഇവയെ സംബന്ധിച്ച് മോശൈകന്യായപ്രമാണത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

> പൊന്ന്, നീലനൂൽ, ധൂമ്രനൂൽ, ചുവപ്പ്നൂൽ, പിരിച്ചപഞ്ഞിനൂൽ എന്നിവ കൊണ്ട് നെയ്തുകാരന്റെ ചിത്രപ്പണിയായി ഏഫോദ് ഉണ്ടാ ക്കേണം....അതിൽ കൽപതിപ്പായി നാലുനിരക്കല്ല് പതിക്കേണം: താമ്രമണി പീതരത്നം, മരതകം, എന്നിവ ഒന്നാമത്തെ നിര. രണ്ടാമത്തെനിര, മാണിക്യം, നീലക്കല്ല്, വജ്രം മൂന്നാമത്തെ നിര പത്മരാഗം, വൈഡൂര്യം, സുഗന്ധികല്ല്, നാലാമത്തെനിര പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം അവ അതത് തടത്തിൽ പൊന്നിൽ പതിച്ചിരിക്കേണം. ഈ കല്ല് യിസ്രയേൽ മക്കളുടെ പേരോടുകൂടെ അവരുടെ പേർ പോലെ പന്ത്രണ്ടായിരിക്കണം. പന്ത്രണ്ട് ഗോത്രങ്ങളിൽ ഓരോന്നിന്റെ പേർ അവയിൽ മുദ്രകൊത്തായി കൊത്തിയിരിക്കേണം. ന്യായവിധിപ്പതക്കത്തിനകത്ത് ഊറീമും തുമ്മീമും (വെളിപ്പാടും സത്യവും) വെക്കേണം. അഹരോൻ യഹോവയുടെ സന്നിധാനത്തിങ്കൽ കടക്കുമ്പോൾ അവന്റെ ഹൃദത്തിൻമേൽ ഇരിക്കേണം. അഹരോൻ യിസ്രായേൽ മക്കൾക്കുള്ള ന്യായവിധി എപ്പോഴും യഹോവയുടെ മുമ്പാകെ, തന്റെ ഹൃദയത്തിൻമേൽ വഹിക്കേണം.

പുറ 28:6,1521(29)30

(3) അഹരോന്റെ വസ്ത്രങ്ങൾ,അവന്റെ ഏഫോദ്, കുപ്പായം, മേൽകുപ്പായം, കച്ച, അരക്കച്ച എന്നിവ എന്തെല്ലാം പ്രതിനിധിനം ചെയ്യുന്നു എന്ന് ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ആത്യന്തികമായുള്ള ദൈവീക സത്യത്തെ

യാണ് ഏഫോദ് പ്രതിനിധാനം ചെയ്യുന്നതെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ പതിപ്പിച്ചിട്ടുള്ള വിലയേറിയ രത്നക്കല്ലുകൾ നന്മയിൽ നിന്ന് സുതാര്യമായി കാണാവുന്ന സത്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു. പന്ത്രണ്ടു രത്നക്കല്ലുകൾ, സ്നേഹമാകുന്ന നന്മയിൽനിന്ന് സുതാര്യമാകുന്ന സത്യങ്ങളെ അവയുടെ ക്രമപ്രകാരം പ്രതിനിധാനം ചെയ്യുന്നു. യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും പ്രതിനിധാനം ചെയ്യുന്നത് സഭയുടെ സകലകാര്യങ്ങളും ആകുന്നു. നെഞ്ച് പതക്കം ദൈവീക നന്മയിൽ നിന്നുള്ള ദൈവീക സത്യത്തെയും, ഉറിമും തുമ്മീമും ദൈവീക നന്മയിൽ നിന്നുള്ള ദൈവീക സത്യത്തിന്റെ അത്യന്തവും, ആത്യന്തികവുമായ ശോഭായാനമായ തിളക്കത്തെയും പ്രതിനിധാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഊറിം പ്രശോഭിതമായ അഗ്നിയും, തുമ്മീം ദൂതൻമാരുടെ ഭാഷയിലുള്ള വിശേഷശോഭയും, കൂടാതെ എബ്രായ ഭാഷയിലുള്ള പരിപൂർണ്ണതയും ആകുന്നു. പ്രകാശ കിരണങ്ങളിലുണ്ടാകുന്ന വൈവിദ്ധ്യങ്ങളിലൂടെയാണ് പ്രത്യുത്തരങ്ങളും, പ്രതികരണങ്ങളും നൽകപ്പെട്ടത് എന്നും, അതേസമയം തന്നെ അവാച്യമായ ഇന്ദ്രിയാനുഭൂതിയിലൂടെയോ സജീവമായ ശബ്ദത്താ ലുമോ, മറ്റു പല വിശേഷതകളാലോ ആയിരിക്കുമെന്നും അത്രേ.

(4) ഇതിൽ നിന്ന് വ്യക്തമാകുന്ന മറ്റൊരു സംഗതി എന്തെന്നാൽ, വചനത്തിന്റെ ആത്യന്തിക അർത്ഥത്തിൽ നിന്നുള്ള നന്മയുടെ സത്യമാണ് ഈ രക്നകല്ലുകൾ സൂചിപ്പിക്കുന്നത് എന്ന് ആകുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള പ്രത്യുത്തരങ്ങളും പ്രതികരണങ്ങളും നൽകപ്പെടുന്നത് മറ്റ് ഏതൊരു മാർഗ്ഗേണയുമല്ല എന്നും ഇതു സൂചിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ അർത്ഥത്തിലാണ് സ്വർഗ്ഗത്തിൽ നിന്നുള്ള ദിവ്യമായ പുറപ്പെടലുകൾ സമ്പൂർണ്ണമായി നൽക പ്പെടാറുള്ളത്.

രത്നക്കല്ലുകളും, കിരീടങ്ങളും സൂചിപ്പിക്കുന്നത് ആത്യന്തികമായ ദൈവീക സത്യങ്ങൾ ആകുന്നു എന്നും, അവ വചനത്തിന്റെ അക്ഷരീകാർത്ഥം പോലെയാകുന്നു എന്നും ദൂതൻമാരും ആത്മാക്കളും ഉള്ളതും വിലയേറിയ രത്നങ്ങളും കിരീടങ്ങളും ഉള്ളതുമായ സ്ഥലത്തു നിന്ന് എനിക്ക് അറിവ് ലഭിച്ചിട്ടുണ്ട്. അവർ അവയെ ധരിച്ചുകൊണ്ടു നില്ക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. അവയെ രത്നച്ചെപ്പുകളിൽ വച്ചിട്ടുള്ളതായും ഞാൻ കണ്ടിട്ടുണ്ട്. അവയെല്ലാം ആന്ത്യന്തികമായി സത്യവുമായി സാദൃശ്യാശയമുള്ളവയാണെന്ന് എനിക്ക് ദൂതൻമാർ പറഞ്ഞു തന്നിട്ടുമുണ്ട്. തീർച്ചയായും അപ്രകാരം അവയ്ക്ക് സ്വാഭാവികവും സംശുദ്ധവുമായ ഉത്ഭവും, ആവിർഭാവവും, സൗന്ദര്യവും ഉണ്ടാകുകയും ചെയ്യുന്നു. വജ്രങ്ങളുടെയും, രത്നക്കല്ലുകളുടെയും ഈ വിധമായ സൂചിതാർത്ഥം കാരണമായി യോഹന്നാനും ഇവയെല്ലാം കാണുവാൻ കഴിഞ്ഞു.

മഹാ സർപ്പത്തിന്റെ തലയിൽ — വെളി 12:4

മൃഗത്തിന്റെ കൊമ്പുകളിൽ — വെളി 3:1

കടുഞ്ചുവപ്പുള്ളൊരു മൃഗത്തിന്റെ മുകളിൽ ഇരിക്കുന്ന വേശ്യ

പൊന്നും, രത്നവും മുത്തും അണിഞ്ഞിരുന്നു. വെളി 17:4

അവയിലെല്ലാം ഇപ്രകാരം വിലപ്പിടിപ്പുള്ള രത്നങ്ങൾ കാണപ്പെട്ടു; കാരണമെന്തെന്നാൽ അവയെല്ലാം സൂചിപ്പിക്കുന്നത് വചനം വഹിക്കുന്നവരായി അനേകം ആളുകൾ ക്രിസ്തീയ ലോകത്തിൽ ഉണ്ടെന്ന് ആകുന്നു.

**45 3** യെഹസ്ക്കൽ പ്രസ്താവിച്ച സോറിലെ രാജാവ് ഉണ്ടായിരുന്നു ഏദൻ പൂന്തോട്ടത്തിലെ വിലയേറിയ കല്ലുകളെ അർത്ഥമാക്കിയിരിക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിലുള്ള സത്യങ്ങളെ ആകുന്നു എന്നാണ്.

യെഹസ്ക്കിയേലിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

> മനുഷ്യപുത്രാ നീ സോർ രാജാവിനെക്കുറിച്ച് ഒരു വിലാപം തുടങ്ങി അവനോട് പറയേണ്ടത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു. നീ മാതൃകാമുദ്രയാകുന്നു: നീ ജ്ഞാനസമ്പൂർണ്ണനും തന്നേ, നീ ദൈവത്തിന്റെ തോട്ടമായ ഏദനിൽ ആയിരുന്നു. താമ്രമണി, പീതരത്നം, വജ്രം പുഷ്പരാഗം ഗോമേദകം, സൂര്യകാന്തം, നീലക്കല്ല്, മാണിക്യം, മരതകം മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു; നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു.
>
> യെഹ 28:12, 13

തിരുവചനത്തിൽ സോർ എന്ന പദം സത്യത്തിന്റെയും നന്മയുടെയും ജ്ഞാനത്തെ സൂചിപ്പിക്കുന്നു. രാജാവ് സൂചിപ്പിക്കുന്നത് സഭയുടെ സത്യം ആകുന്നു; ഏദൻ പൂന്തോട്ടം സൂചിപ്പിക്കന്നത് വചനത്തിൽ നിന്നുള്ള ജ്ഞാനവും ബുദ്ധിയും ആകുന്നു. വിലയേറിയ രത്നക്കല്ലുകൾ സൂചിപ്പിക്കുന്നത് നന്മയിൽ നിന്നു സുതാര്യമായി ലഭിക്കുന്ന സത്യങ്ങൾ ആകുന്നു; വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ അവ സ്ഥിതി ചെയ്യുന്നു. ഈ രത്നക്കല്ലുകളുടെ സൂചിതാർത്ഥം ഇതാകയാൽ അവയെ അവന്റെ പുതപ്പു എന്ന് വിളിക്കുന്നു തുടർന്നു വരുന്ന ലേഖനത്തിൽ, അക്ഷരീകാർത്ഥം വചനത്തിന്റെ ആന്തരീക കാര്യങ്ങളെ ആവരണം ചെയ്യുന്നു എന്നത് കാണാവുന്നതാണൂ.

**46.4** സമാഗമന ക്കൂടാരത്തിന്റെ തിരശീലയും മൂടുപടവും വചനത്തിന്റെ അക്ഷരീകാർത്ഥ ത്ത സൂചിപ്പിക്കുന്നു. സമാഗമനക്കൂടാരം സൂചിപ്പിക്കുന്നത് സ്വർഗ്ഗത്തെയും സഭയെയും ആകുന്നു. ആകയാൽ അതിന്റെ മാതൃകാ എന്താണെന്ന് സീനായി പർവതത്തിൽ വച്ച് യഹോവ കാണിച്ചു കൊടുത്തു. തത്ഫലമായി സമാഗമന കൂടാരത്തിൽ ഉണ്ടായിരുന്ന നിലവിളക്ക്, സുഗന്ധപദാർത്ഥങ്ങൾ എരിക്കുവാനുള്ള സ്വർണ്ണയാഗ പീഠം, കാഴ്ചഅപ്പം വയ്ക്കുന്ന മേശ, ഏന്നീ സംഗതികൾ സ്വർഗ്ഗത്തിലും, സഭയിലുമുള്ള വിശുദ്ധ വസ്തുക്കളെ പ്രതിനിധാനം ചെയ്യുകയും സൂചിപ്പിക്കുകയും ചെയ്തു. നിയമപ്പെട്ടകം വെച്ചിരുന്ന അതിവിശുദ്ധ

സ്ഥലം പ്രതിനിധാനം ചെയ്യുകയും, സൂചിപ്പിക്കുകയും ചെയ്യുന്നത് സ്വർഗ്ഗത്തിന്റെയും സഭയുടെയും അന്തർഭാഗങ്ങളാകുന്നു. കല്പലകളിൽ എഴുതപ്പെട്ട് പെട്ടകത്തിനുള്ളിൽ സൂക്ഷിച്ച് വയ്ക്കപ്പെട്ടിരുന്ന ന്യായ പ്രമാണങ്ങൾ തിരുവചനാനുസരണം, കർത്താവിനെയാണ് സൂചിപ്പിക്കുന്നത്.

ബാഹ്യമായുള്ള സംഗതികളുടെ അന്തസത്ത ആന്തരീകമായ സംഗതികളിൽ നിന്ന് സമാർജ്ജിക്കുകയും അവ രണ്ടിന്റെയും അന്തസത്ത ഏറ്റവും ആന്തരീകമായ സംഗതികളിൽ നിന്ന്, സമാഗമന ക്കൂടാരത്തിന്റെ അന്തർ ഭാഗത്തുള്ള പ്രമാണത്തിൽ നിന്നു തന്നെ, സമാർജ്ജിക്കുകയും ചെയ്യുന്നതിനാൽ തിരുവചനത്തിലുള്ള വിശുദ്ധ കാര്യങ്ങളെയാണ് സമാഗമനക്കൂടാരത്തിലെ സകലസംഗതികളും പ്രതിനിധാനം ചെയ്യുകയും സൂചിപ്പിക്കുകയും ചെയ്യുന്നത്. ആകയാൽ അവ സമാഗമന കൂടാരത്തിന്റെ സുപ്രധാന സംഗതികളായ തിരശ്ശീലകൾ, മൂടുശീലകൾ എന്നീ ആവരണങ്ങളും, അതിനുള്ളിൽ സംഭരിക്കപ്പെട്ട വസ്തുക്കളും വചനത്തിലെ സുപ്രധാന സംഗതികൾ അക്ഷരീകാർത്ഥത്തിന്റെ സത്യത്തെയും നന്മയെയും സൂചിപ്പിക്കുന്നു. അപ്രകാരമുള്ള സംഗതികൾ സൂചിപ്പിക്കപ്പെട്ടിരിക്കയാൽ പുറപ്പാട് പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

> എല്ലാ തിരശ്ശീലകളും, മൂടുശീലകളും പിരിച്ച പഞ്ഞിനൂൽ, ചുവപ്പുനൂൽ, എന്നിവകൊണ്ട് ഉണ്ടാക്കണം.
>
> നെയ്ത്തുകാരന്റെ ചിത്രപണിയായ കെരൂബുകൾ ഉള്ളവയായി അവയെ ഉണ്ടാക്കേണം. പുറപ്പാട് 26:1,31,36

സമാഗമന കൂടാരവും അതിലുള്ള സകലസംഗതികളും, പൊതുവായും, പ്രത്യേകമായും പ്രതിനിധാനം ചെയ്യുകയും സൂചിപ്പിക്കുയും ചെയ്യുന്ന വയെക്കുറിച്ച് സ്വർഗ്ഗീയ രഹസ്യങ്ങളിൽ, പുറപ്പാട് പുസ്തക ത്തിലെ ഈ അദ്ധ്യായത്തെ കുറിച്ച് പ്രതിപാദിക്കുന്നതിൽ വിശദീകരി ച്ചിട്ടുണ്ട്.

തിരശ്ശീലകളും മൂടുശ്ശീലകളും, സ്വർഗ്ഗത്തിന്റെയും സഭയുടെതുമായ ബാഹ്യസംഗതികളെയും, അപ്രകാരം തന്നെ വചനത്തിന്റെ ബാഹ്യമായ സംഗതികളെയും പ്രതിനിധാനം ചെയ്യുന്നു എന്ന് അതിൽ വ്യക്തമാ ക്കിയിട്ടുണ്ട്. കൂടാതെ, പട്ടു വസ്ത്രങ്ങൾ സൂചിപ്പിക്കുന്നത് ഒരു ആത്മീക ഉറവിടത്തിൽ നിന്നുള്ള സത്യമാകുന്നു. നീല സൂചിപ്പിക്കുന്നത് ഒരു സ്വർഗ്ഗീയ ഉറവിടത്തിൽ നിന്നുള്ള സത്യമാകുന്നു. ധൂമ്രനിറം സൂചിപ്പി ക്കുന്നത് ആത്മീക നന്മയാകുന്നു. കെരൂബുകൾ സൂചിപ്പിക്കുന്നത് വചനത്തിന്റെ ആത്മീകകാര്യങ്ങളുടെ കാവൽക്കാരെയാണ്.

**47.5** യെരുശലേം ദേവാലയത്തിന്റെ ബാഹ്യഭാഗത്തുള്ള സംഗതികൾ സൂചിപ്പിക്കുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥമായ അതിന്റെ ബാഹ്യഭാഗങ്ങളെയാണ്. ഇതിന്റെ കാരണം ദേവാലയത്തിന് സമാനമായ സമാഗമനക്കൂടാരത്തെ അതായത് സ്വർഗ്ഗത്തെയും സഭയെയും അത് സൂചിപ്പിക്കുന്നുണ്ടെന്ന വസ്തുത കർത്താവ് യോഹന്നാന്റെ സുവിശേഷത്തിൽ ഉപദേശിക്കുന്നുണ്ട്:

ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നുദിവസത്തിനകം അതിനെ പണിയും ...... അവനോ തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ചത്രേ പറഞ്ഞത്. യോഹ 2:19-21

കർത്താവ് വചനമാകയാൽ, കർത്താവിനെ അർത്ഥമാക്കുന്ന സ്ഥലങ്ങളിലെല്ലാം വചനത്തെയും അർത്ഥമാക്കുന്നുണ്ട്. മന്ദിരത്തിന്റെ അന്തർഭാഗത്തുള്ള സംഗതികൾ സ്വർഗ്ഗത്തിന്റെയും സഭയുടെയും ആന്തരീക കാര്യങ്ങളെ പ്രതിനിധീകരിക്കുന്നതുകൊണ്ട് അത് വചനത്തെയും പ്രധിനിധീകരിക്കുന്നുണ്ട്. അതിന്റെ ബാഹ്യതല സംഗതികൾ സ്വർഗ്ഗത്തി ന്റെയും സഭയുടെയും ബാഹ്യതലസംഗതികളെ പ്രതിനിധീകരിക്കുകയും സൂചിപ്പിക്കുകയും ചെയ്യുന്നു, അപ്രകാരം അത് വചനത്തിന്റെ അക്ഷരീകാർത്ഥമായ ബാഹ്യതല സംഗതികളെയും സൂചിപ്പിക്കുയും പ്രതിനിധാനം ചെയ്യുകയും ചെയ്യുന്നുണ്ട്. മന്ദിരത്തിന്റെ ബാഹ്യതല സംഗതികളെക്കുറിച്ച് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നുവല്ലോ:

വെട്ടുക്കുഴിയിൽ വച്ച് തന്നെ കുറവുത്തീർത്ത കല്ലുകൊണ്ട് ആലയം പണിതതിനാൽ അത് പണിയുന്ന സമയത്ത് ചുറ്റിക, മഴു മുതലായ യാതൊരു ഇരുമ്പായുധത്തിന്റെയും ഒച്ച ആലയത്തിൽ കേൾപ്പാനില്ലായിരുന്നു........കെരൂബുകളെയു അവൻ പൊന്നുകൊണ്ട് പൊതിഞ്ഞു. അന്തരാലയവും ബഹിരാലയവുമായ ആലയത്തിന്റെ തളവും അവൻ പൊന്നുകൊണ്ട് പൊതിഞ്ഞു. അന്തരാലയവും ബഹിരാലയവുമായ ആലയത്തിന്റെ ചുവരുകളിലെല്ലാം ചുറ്റും കെരൂബ്, ഈന്തപ്പന, വിടർന്ന പുഷ്പം എന്നിവയുടെ രൂപം കൊത്തി ഉണ്ടാക്കി ആന്തരാലയവും ബഹിരാലയവുമായ ആലയത്തിന്റെ തളവും അവൻ പൊന്നുകൊണ്ടു പൊതിഞ്ഞു 1 രാജാ 6:7,29,30

ഇവകളാൽ എല്ലാം സൂചിപ്പിക്കപ്പെടുന്നത് വചനത്തിന്റെ അക്ഷരീകാർത്ഥത്തിലെ വിശുദ്ധകാര്യങ്ങളായ വചനത്തിന്റെ ബാഹ്യ സംഗതികളാകുന്നു.

**48.6** കർത്താവിനു രൂപാന്തരത്ത്വം സംഭവിച്ചപ്പോൾ വചനത്തിന്റെ മഹത്വമാണ് പ്രതിനിധീകരിക്കപ്പെട്ടത് കർത്താവ് തന്റെ ശിഷ്യന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരുടെ മുമ്പിൽ രൂപാന്തരപ്പെടുന്നതിനെ സംബന്ധിച്ച് ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു:

അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു അവന്റഎ വസ്ത്രം വെളിച്ചം പോലെ വെള്ളയായിത്തീർന്നു. മോശെയും, ഏലിയാവും അവനോടു സംഭാഷിക്കുന്നതായി അവർ കണ്ടു........ പ്രകാശമുള്ളൊരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്ന് ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു. ഇവന്ന് ചെവി കൊടുപ്പിൻ എന്ന് ഒരു ശബ്ദവും ഉണ്ടായി. മത്തായി 27:1-5

ഈ സന്ദർഭത്തിൽ കർത്താവ് വചനത്തെ പ്രതിനിധാനം ചെയ്യുക യായിരുന്നു എന്ന് എനിക്ക് അറിവ് ലഭച്ചിട്ടുണ്ട്. സൂര്യനെ നന്മയെയാണ് പ്രതി

നിധാനം ചെയ്തിരുന്നത്. പ്രകാശത്തെപ്പോലെ വെണ്മയുള്ളതായി ത്തീർന്ന തന്റെ വസ്ത്രങ്ങൾ തന്നിലുള്ള ദൈവീക സത്യത്തെ പ്രതിനിധാനം ചെയ്തു. മോശെയും ഏലിയാവും ചരിത്രപരവും, പ്രവചനപരവുമായ വചനത്തെ പ്രതിനിധാനം ചെയ്യുന്നു. മോശെ പ്രതിനിധാനം ചെയ്തത് താൻ രചിച്ച വചന ഭാഗങ്ങൾ, പൊതുവായും ചരിത്രപരമായും വചനം ആകുന്നു. ഏലിയാവ് പ്രതിനിധാനം ചെയ്തത് പ്രവചനപരമായ തിരുവചനം ആകുന്നു. ശിഷ്യൻമാരുടെ മേൽ നിഴലിട്ടതായ പ്രകാശമുള്ള മേഘം വചനത്തിന്റെ അക്ഷരീകാർത്ഥത്തെ പ്രതിനിധീകരിക്കുന്നു. ആകയാൽ മേഘത്തിൽ നിന്ന് ഒരു ശബ്ദം കേൾക്കപ്പെട്ടു ഇവൻ എന്റെ പ്രിയ പുത്രൻ. ഇവന്ന് ചെവികൊടുപ്പിൻ. വചനത്തിന്റെ അക്ഷരാർത്ഥത്തിൽ അത്തരത്തിലുള്ളതു പോലെ ആത്യന്തീകതയുടെ മുഖാന്തരത്താൽ മാത്രം ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ് എല്ല വിളമ്പരങ്ങളും പ്രതികരണങ്ങളും, കാരണം അവയെല്ലാം പൂർണ്ണതയിൽ ഉണ്ടാക്കപ്പെട്ടിരിക്കുന്നു.

**49.** വചനത്തിന്റെ പ്രകൃതിക അർത്ഥമായ അക്ഷരീകാർത്ഥത്തിൽ അത് സമ്പൂർണ്ണതയിലും വിശുദ്ധിയിലുമായിരിക്കും എന്ന് ഇതിനോടകം തെളിയക്കപ്പെട്ടിട്ടുണ്ടല്ലോ. വചനം അതിന്റെ അധികാര ശക്തിയിലു മാണെന്ന് വ്യക്തമാക്കുന്നതിനായി ചില സംഗതികൾ കൂടി പറയാം. ദൈവീക സത്യത്തിന്റെ അധികാര ശക്തിയിലുമാണെന്ന് വ്യക്തമാക്കുന്ന തിനായി ചില സംഗതികൾ കൂടി പറയാം. ദൈവീക സത്യത്തിന്റെ അധികാര ശക്തിയുടെ മഹത്വവും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള അതിന്റെ സ്വഭാവിക പ്രകൃതവും സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ ദൂതൻമാരുടെയും സ്വർഗ്ഗത്തിന്റെയും ശക്തിയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗത്ത് നമ്പർ 228 –233 ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ളതിൽ നിന്ന് വ്യക്തമായി ഗ്രഹിക്കാവുന്നതാണ്. ദൈവീക സത്യത്തിന്റെ അധികാര ശക്തി പ്രത്യേകിച്ചും വ്യാജതകൾക്കും, തിന്മകൾക്കും എതിരായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വചനത്തിന്റെ അക്ഷരീകാർത്ഥത്തിന്റെ സത്യങ്ങൾ കൊണ്ട് വേണം ഇവയോട് പോരാടേണ്ടത്. സർവ്വോപരി, ഒരു മനുഷ്യനിലുള്ള സത്യങ്ങളിലൂടെ കർത്താവിന് അവനെ രക്ഷിക്കുവാനുള്ള അധികാര ശക്തിയുണ്ട്. എന്തുകൊണ്ടെന്നാൽ വചനത്തിന്റെ അക്ഷരീകാർത്ഥത്തിലുള്ള സത്യങ്ങൾ മുഖേന ഒരുവൻ രൂപാന്തരപ്പെടുകയും വീണ്ടും ജനിക്കുകയും ചെയ്യുന്നു. അങ്ങനെ, ആ വേളയിൽ അവൻ നരകത്തിൽ നിന്ന് വെളിയിലേക്ക് എടുക്കപ്പെടുകയും സ്വർഗ്ഗത്തിലേക്ക് നൽകപ്പെടുകയും ചെയ്യുന്നു. കർത്താവ് വചനാനു സൃതമായ എല്ലാ സംഗതികളും അതിന്റെ അന്തിമ തലം വരെയും നിറവേറ്റിയതിനാൽ, തന്റെ ദൈവീകമായ മാനുഷീക ഭാവത്തിൽ ഈ അധികാരശക്തിയെ പ്രാപിക്കുകയുണ്ടായി. ആകയാൽ, കർത്താവ് നിർവഹിക്കുവാൻ ബാക്കി ഉണ്ടായിരുന്ന ചുമതലയെ നിർവ്വഹിക്കു വാനുള്ള സന്ദർഭത്തിൽ, കുരിശിൽ നിന്നുള്ള കഷ്ടപ്പാടും സഹനവും മുന്നമേ വഹിച്ചുകൊണ്ട്, കർത്താവ് മഹാപുരോഹിതനോട് ഇപ്രകാരം അരുളിചെയ്തു.

ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്ന് ഞാൻ പറയുന്നു....എന്നു പറഞ്ഞു

മത്താ 26:64 മാർക്കോ 14:62

വചനപ്രകാരം മനുഷ്യപുത്രൻ കർത്താവ് ആകുന്നു. അക്ഷരീകാർത്ഥത്തിൽ ആകാശമേഘങ്ങൾ വചനം ആകുന്നു. അതുപോലെ തന്നെ ദൈവത്തിന്റെ വലത്തുവശത്ത് ഇരിക്കുന്നു എന്നതിന്റെ അർത്ഥം (മർക്കോസ് 16:19) അവന്റെ സർവ്വശക്തിത്വം ആണെന്ന്, വചനാടിസ്ഥാനത്തിൽ വ്യക്തമാകുന്നു.

യഹൂദസഭയിലെ നാസീറുകൾ സത്യത്തിന്റെ ആത്യന്തികതയിൽ കർത്താവിന്റെ അധികാരശക്തിയെ പ്രതിനിധാനം ചെയ്യുന്നു. മാതാവിന്റെ ഗർഭം മുതലേ നാസീർ എന്ന് വിളിക്കപ്പെട്ടിരുന്ന ശിംശോനും കർത്താവിന്റെ ശക്തിയെ പ്രതിനിധാനം ചെയ്തിരുന്നു. അവന്റെ ശക്തി അവന്റെ മുടികളിൽ സ്ഥിതി ചെയ്തിരുന്നുവല്ലോ. അതുമാത്രമല്ല, നാസീർ അഥവാ നാസീർവ്രതക്കാരൻ എന്നത് തലമുടിയെ സൂചിപ്പിച്ചിരിക്കുന്നു. അവന്റെ ശക്തി അവന്റെ മുടിയിൽ സ്ഥിതി ചെയ്യുന്നു എന്ന് ശിംശോൻ തന്നെ പറഞ്ഞിട്ടുണ്ട്.

ക്ഷൗരകത്തി എന്റെ തലയിൽ തൊട്ടിട്ടില്ല. ഞാൻ അമ്മയുടെ ഗർഭം മുതൽ ദൈവത്തിന് വ്രതസ്ഥൻ ആകുന്നു. ക്ഷൗരം ചെയ്താൽ എന്റെ ബലം എന്നെ വിട്ടുപോകും. ഞാൻ ബലഹീനനായിശേഷം മനുഷ്യരെ പോലെയാകും. ന്യായ 16:17

തലമുടി എന്ന അർത്ഥം വരുന്ന നാസീർ വ്രതം എങ്ങനെ, എന്തിനായി സ്ഥാപിക്കപ്പെട്ടു എന്നും വചനത്തിൽ തലയെന്നതിനാൽ സൂചിത പ്പെടുത്തുന്നത് എന്തെന്ന് ശിംശോൻ അറിയാത്ത പക്ഷം അവന്റെ ശക്തി മുടിയിൽ ആയിരുന്നത് എന്തിനായിരുന്നു എന്നും ആർക്കും അറിയുവാൻ കഴിയുമായിരുന്നില്ല. ദൈവീകസത്യം മുഖേന ദൂതൻമാർക്കും മനുഷ്യർക്കും കർത്താവിൽ നിന്ന് ലഭിക്കുന്ന ജ്ഞാനത്തെയാണ് തലയെന്നതിനാൽ സൂചിതപ്പെടുത്തുന്നത്. അനന്തരഫലമായി തലമുടി ആത്യന്തികമായ സ്വർഗ്ഗീയ ജ്ഞാനത്തെയും, ആത്യന്തികമായ ദൈവീക സത്യത്തെയും സൂചിപ്പിക്കുന്നു. അപ്രകാരം, സ്വർഗ്ഗീയമായ സാദൃശ്യാ ശയവുമായി ബന്ധപ്പെട്ടിരിക്കയാൽ നാസീർ വ്രതക്കാർക്ക് അത് ഒരു നിയമമായി നിയോഗിക്കപ്പെട്ടിരുന്നു.

നാസീർ വ്രതക്കാലത്ത് ഒക്കെയും ക്ഷൗരക്കത്തി അവന്റെ തലയിൽ തൊടരുത്. യഹോവെക്ക് തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന കാലം തികയുവോളം അവൻ വിശുദ്ധനായിരിക്കേണം. തലമുടി വളർത്തേണം സംഖ്യ 6:1–21

അതേ കാരണത്താൽത്തന്നെ ഇപ്രകാരം കല്പിക്കപ്പെട്ടു

നിങ്ങൾ മരിക്കാതെയും സർവ്വ സഭയുടെയും മേൽ കോപം വരാതെയും ഇരിപ്പാൻ നിങ്ങളുടെ തലമുടിപ്പിച്ചിപറിക്കരുത്.

ലേവ്യ 10:6

(5) ആത്മീക സാദൃശ്യാശയത്തിൽ അധിഷ്ടിതമായ ഈ സൂചിതാർത്ഥത്തിന്റെ അടിസ്ഥാനത്തിൽ തലമുടി വിശുദ്ധമായതിനാൽ, വചനാനുസൃതമായി കർത്താവാകുന്ന മനുഷ്യപുത്രന്റെ തലമുടിയെക്കുറിച്ചും ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

അവന്റെ തലയും തലമുടിയും വെളുത്തപഞ്ഞി പോലെ ഹിമത്തോളം വെള്ളയും... വെളി 1:14

ഇപ്രകാരം തന്നെ ദാനിയേലിൽ വയോധികനായ ഒരുവനെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നു.

> അവർ ന്യായസനങ്ങളെ വെച്ചും വയോധികനായ ഒരുത്തൻ ഇരുന്നു..... അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമം പോലെയും ......ആയിരുന്നു. ദാനി 7:9

ഇതേ വിഷയത്തെക്കുറിച്ച് മുകളിൽ 35–ാം നമ്പർ ഖണ്ടികയിൽ ചിലകാര്യങ്ങൾ കാണുവാൻ കഴിയും. ചുരുക്കത്തിൽ, ദൈവീക സത്യത്തിന്റെയും അധികാര ശക്തി അക്ഷരീകാർത്ഥത്തിലാണ്, എന്തുകൊണ്ടെന്നാൽ, വചനം ആ അർത്ഥത്തിൽ സമ്പൂർണ്ണമാണ്, മാത്രവുമല്ല കർത്താവിന്റെ രണ്ടുരാജ്യങ്ങളിലേയും ദൂതൻമാരും, മനുഷ്യരും ഒരുപോലെ, ഒരേസമയം തന്നെ ആ അർത്ഥതലത്തിൽ ആണ് സ്ഥിതിചെയ്യുന്നത്.

5

**സഭയുടെ ഉപദേശം വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ നിന്ന് എടുക്കപ്പെടേണ്ടതും, അതിനാൽത്തന്നെ സ്ഥിരീകരിക്കപെടേണ്ടതും ആകുന്നു.**

**50** വചനം അതിന്റെ അക്ഷരീകാർത്ഥത്തിലും, വിശുദ്ധിയിലും, അതിന്റെ ശക്തിയിലും സമ്പൂർണ്ണമാകുന്നു. എന്ന് മുൻലേഖനത്തിൽ കാണി ച്ചിട്ടുണ്ട്. അപ്രകാരം തന്നെ കർത്താവ് വചനമായതുമുതൽ. വചനത്തിന്റെ സർവ്വതും ആകുന്നു. അതിനെ തുടർന്നു കാണിക്കുന്നത് ആ അർത്ഥത്തിൽ കർത്താവിന്റെ അതിവിശേഷ സാന്നിദ്ധ്യവും അതിൽ നിന്നു മനുഷ്യനെ പഠിപ്പിക്കയും ബോധദീപ്തമാകുകയും ചെയ്യുന്നു.
അതിനുള്ള തെളിവുകൾ അനുക്രമമായി ചുവടേ കൊടുക്കുന്നതായിരിക്കും.

1. ഉപദേശം കൂടാതെ വചനം ദുർഗ്രാഹ്യമാകുന്നു.
2. ഉപദേശം വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ നിന്ന് എടുക്കേണ്ടതാകുന്നു.
3. എന്നാൽ ഉപദേശത്തിന്റെ ഉറവിടമായിരിക്കുന്ന ദൈവീക സത്യം കർത്താവിനാൽ പ്രകാശിതരായവർക്കു മാത്രമേ വെളിപ്പെടുത്തപ്പെടുകയുള്ളൂ.

**51. 1.** ഉപദേശം കൂടാതെ വചനം ദുർഗ്രാഹ്യമാകുന്നു. എന്തുകൊണ്ടെ ന്നാൽ, വചനം അതിന്റെ അക്ഷരീകാർത്ഥത്തിൽ പരിശുദ്ധമായ സാദൃശ്യ ആശയത്തെ ഉൾകൊണ്ടിരിക്കുന്നു. മാത്രവുമല്ല, ആത്മീകവും സ്വർഗ്ഗീയവുമായ സംഗതികൾ ഒരേ സമയം ഒരു പോലെ അതിൽ അന്തർ ഭവിക്കും വിധം അത് രൂപകല്പന ചെയ്യപ്പെട്ടിരിക്കുകയുമാണ്, അതുപോലെ

തന്നെ വചനത്തിലെ ഓരോ പദത്തിലും അവ സ്ഥിതി ചെയ്യുകയും അവയുടെ അടിസ്ഥാനമായി വർത്തിക്കുകയും ചെയ്യുന്നു.
ഈ കാരണത്താൽ, ചില സ്ഥാനങ്ങളിൽ സത്യങ്ങൾ, അക്ഷരീകാ ർത്ഥത്തിൽ അനാവരണം ചെയ്യപ്പെടുന്നില്ല. പ്രത്യുത ആവരണം ചെയ്യപ്പെട്ടിരിക്കയാണ്. ആ കാരണത്താൽ അവയെ സത്യത്തിന്റെ പ്രത്യക്ഷത എന്ന് വിളിക്കുന്നു. ലളിത മനസ്കരായ മനുഷ്യർ കാണുന്ന കാര്യങ്ങൾക്ക് അതീതമായി അവരുടെ ചിന്തകൾ ഉയരാറില്ലാത്തതിനാൽ, അവരുടെ ഗ്രഹണശക്തിക്ക് അനുരൂപമാം വിധം പല സത്യങ്ങളും വചനത്തിൽ നൽകപ്പെട്ടിട്ടുണ്ട്. വചനത്തിൽ പല സംഗതികളും പരസ്പര വിരുദ്ധമെന്ന് തോന്നാവുന്നവയായിട്ടുണ്ട്. അവയുടെ തനതായ പ്രകാശത്തിൽ പരിഗണിക്കുന്ന പക്ഷം അവയിൽ യാതൊന്നും പരസ്പര വിരുദ്ധമായവ അല്ലതാനും. മുകളിൽ 15-ാം നമ്പർ ഖണ്ഡികയിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള വേദഭാഗങ്ങളിൽ കാണുന്നതുപോലെ, പ്രവചന പുസ്തകങ്ങളിൽ ചില സ്ഥലത്ത് യാതൊരു അർത്ഥവും കണ്ടെത്താൻ കഴിയാത്ത സ്ഥലനാമങ്ങളും, വ്യക്തിനാമങ്ങളും കൊടുത്തിരിക്കുന്നത് കാണുന്നുണ്ടല്ലൊ. അക്ഷരീകാർത്ഥത്തെ സംബന്ധിച്ചിടത്തോളം വചനത്തിന്റെ പ്രകൃതം ഇപ്രകാരമാകയാൽ, ഉപദേശം കൂടാതെ ആർക്കും അത് ഗ്രഹിപ്പാൻ കഴിയുന്നതല്ല എന്ന് വ്യക്തമാകുന്നുണ്ടല്ലോ. ചില ദൃഷ്ടാന്തങ്ങൾ ഇത് വ്യക്തമാകുന്നതാണ്. ഇതാ ഇങ്ങനെ പറഞ്ഞിരിക്കുന്നു.
യഹോവ അനുതപിക്കുന്നു. വീണ്ടും പറഞ്ഞിരിക്കുന്നു.

പുറ 32:12,14 യോനാ3:9;4:2

യഹോവ അനുതപിക്കുന്നില്ല. സംഖ്യ 23:19 1 ശമു 15:29

ഉപദേശം കൂടാതെ ഈ വേദഭാഗങ്ങൾ സമരസപ്പെടുകയില്ല ഇതാ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

> യഹോവ.... കുറ്റകാരനെ വെറുതെ വിടാതെ പിതാക്കൻമാരുടെ അകൃതം മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം മക്കളുടെ മേൽ സന്ദർശിക്കുന്നവൻ... സംഖ്യ 14:17,18

വീണ്ടും അരുളി ചെയ്തിരിക്കുന്നത്:

> മക്കൾക്കു പകരം അപ്പൻമാരും, അപ്പൻമാർക്കു പകരം മക്കളും മരണശിക്ഷ അനുഭവിക്കരുത്. താന്താന്റെ പാപത്തത്തിനു താന്താൻ മരണശിക്ഷ അനുഭവിക്കേണം ആവർ 14:16

ഉപദേശത്തിന്റെ വെളിച്ചത്തിൽ ഈ വേദഭാഗങ്ങൾ ഒന്നും പരസ്പര വിരുദ്ധമല്ല, പ്രത്യുത പരിപൂർണ്ണമായ പൊരുത്തം ഉള്ളവയാണ്.

യേശു അരുളി ചെയ്യുന്നു:

> യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്ന അന്വേഷിക്കുന്നവൻ കണ്ടെത്തും. മുട്ടുന്നവന്ന് തുറക്കും. മത്തായി 7:7,8;21:21,22

ഉപദേശം കൂടാതെ ഇപ്രകാരം വിശ്വസിച്ചേക്കും ഏതൊരാൾ എന്ത് ചോദിച്ചാലും കിട്ടുമെന്ന്, എന്നാൽ ഉപദേശം അറിയുമ്പോൾ ഇത് വ്യക്തമാകും ഒരുവന്ന് ലഭിക്കുന്നത് അവൻ സ്വയം ചോദിക്കുന്നവയല്ല പ്രത്യുത കർത്താവിലൂടെ ചോദിക്കുന്നവ (യാചിക്കുന്നവ) ആകുന്നു എന്തെന്നാൽ, കർത്താവ് ഇതും ഉപദേശിക്കുന്നു.

നിങ്ങൾ എന്നിലും, എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛരിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ അത് നിങ്ങൾക്കു കിട്ടും. യോഹ 15:7

കർത്താവ് അരുളി ചെയ്യുന്നു.

ദരിദ്രരായ നിങ്ങൾ ഭാഗ്യവാൻമാർ, ദൈവരാജ്യം നിങ്ങൾക്കുള്ളത്
ലൂക്കോ 6:20

ഉപദേശത്തിന്റെ അഭാവത്തിൽ ഇങ്ങനെ സങ്കൽപ്പിച്ചേക്കും; സ്വർഗ്ഗം ദരിദ്രൻമാർക്കു വേണ്ടി ഉള്ളതാണെന്ന്, ധനികർക്കുവേണ്ടി ഉള്ളതല്ലെന്നും, എന്നാൽ ഉപദേശം പഠിപ്പിക്കുന്നത് ആത്മാവിൽ ദരിദ്രരായവരെ കുറിച്ചാണ് ഉപദേശിക്കപ്പെടുന്നത് എന്നത്രേ. എന്തുകൊണ്ടെന്നാൽ കർത്താവ് അരുളിചെയ്യുന്നു:

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്. മത്താ 5:3

കർത്താവ് അരുളിചെയ്യുന്നു.

നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും.
മത്താ 7:1,2,ലൂക്കേ 6:37

ഉപദേശത്തിന്റെ അഭാവത്തിൽ, തിൻമയെ തിൻമയെന്ന് പറയേണ്ടതില്ലെന്നും, ദുഷ്ടനായ ഒരുവൻ ദുഷ്ടനാണെന്ന് വിധി കൽപ്പിക്കേണ്ടതില്ലെന്നും തെളിയിക്കുന്നതിനായി ഈ വേദഭാഗത്തെ ഉദ്ധരിക്കുവാൻ സാദ്ധ്യതയുണ്ട്. എന്നാൽ ഉപദേശാനുസരണം, ന്യായമായ കാര്യങ്ങൾക്കു വേണ്ടി ഒരുവന്ന് വിധി പ്രസ്താവിക്കാൻ കഴിയും; എന്തുകൊണ്ടെന്നാൽ കർത്താവ് ഇപ്രകാരം അരുളി ചെയ്തിട്ടുണ്ട്.

നീതിയുള്ള വിധി വിധിപ്പിൻ. യോഹ 7:24

(6) യേശു അരുളിച്ചെയ്യുന്നു: നിങ്ങളോ റബ്ബീ എന്ന് പേർ എടുക്കരുത് ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളേ എല്ലാവരും സഹോദരൻമാർ. ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുത് ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നേ. നിങ്ങൾ നായകൻമാർ എന്നും പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ ക്രിസ്തു തന്നെ. മത്തായി 23:8,9,10

ഉപദേശത്തിന്റെ അഭാവത്തിൽ ഇങ്ങനെ ചിന്തിച്ചേക്കും.

നാം ആരെയും ഗുരോ എന്നും, പിതാവ് എന്നും യജമാനൻ എന്നും വിളിക്കരുതെന്ന്. എന്നാൽ ഉപദേശാടിസ്ഥാനത്തിൽ അതിന്റെ ആശയം ഗ്രഹിപ്പാൻ കഴിയും, അതായത് നമ്മൾ സ്വഭാവിക തലത്തിൽ അഥവാ അ

ക്ഷരീകാർത്ഥത്തിൽ അപ്രകാരം ചെയ്യണമെന്നും ആത്മീകതലത്തിൽ അഥവാ ആത്മീകാർത്ഥത്തിൽ അപ്രകാരം ചെയ്യേണ്ടതില്ല എന്നു മാകുന്നു.

(7.) യേശു ശിഷ്യൻമാരോട് അരുളിചെയ്തു.

മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനത്തിൽ ഇരുന്ന്, യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്ന് സത്യമായിട്ട് നിങ്ങളോട് പറയുന്നു. മത്തായി 19: 28

ശിഷ്യൻമാരും ന്യായം വിധിക്കേണ്ടവർ ആണെങ്കിലും അവർക്ക് ന്യായം വിധിപ്പാൻ കഴിയുന്നതല്ല എന്ന് ഈ വാക്കുകളിൽ നിന്ന അനുമാനി ക്കുവാൻ കഴിയും സർവ്വജ്ഞാനിയും, സകലരുടെയും ഹൃദയങ്ങളെ അറിയുന്നവനുമായ കർത്താവിന്ന് മാത്രമേ ന്യായം വിധിക്കാൻ കഴിയുകയുള്ളൂ എന്നും, താൻ മാത്രമേ ന്യായം വിധിക്കുകയുള്ളൂ എന്നും ഉള്ള രഹസ്യത്തെ (അർകാനം) ഉപദേശം വിശദീകരിച്ചു തരുകയും, ഉപദേശിക്കുകയും ചെയ്യുന്നതാണ്. വചനാനുസാരം, കർത്താവിൽ നിന്ന് സമാർജ്ജിക്കുന്ന സത്യവും നന്മയും സ്വന്തമായുള്ളവരായ പന്ത്രണ്ടു ശിഷ്യൻമാർ എന്നാൽ സഭയെന്നാകുന്നു അർത്ഥം. ആകയാൽ യോഹന്നാൻ 3: 17,18; 12:47,48–ൽ ഉള്ളതായ, കർത്താവിന്റെ വചനങ്ങളിൽ പ്രകാരം, ഇവർ ആയിരിക്കും സർവ്വജനത്തേയും ന്യായം വിധിക്കുന്ന തെന്നും ഉപദേശം അനുശാസിക്കുന്നു.

(8) ഉപദേശം കൂടാതെ വചനത്തെ പാരായണം ചെയ്യുന്നവനു യെഹൂദാ ജനതയെ സംബന്ധിച്ചും, യെരുശലേമിനെ സംബന്ധിച്ചും പ്രവചന പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്ന സംഗതികൾ എപ്രകാരം സമൂലമായി പൊരുത്തപ്പെടുന്നു എന്ന് അറിയുവാൻ കഴിയുകയില്ല. സഭ ആ ജനതയോടൊത്തും ആ നഗരത്തിന്റെ ആസ്ഥാനമായി സദാകാലത്തേക്കും സ്ഥിതി ചെയ്യേണ്ടതാണെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നു. ചുവടേ ചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

ഞാൻ കോലോട്ടുകൊറ്റന്മാരെ സന്ദർശിക്കും; സൈന്യങ്ങളുടെ യഹോവ, യെഹൂദഗൃഹമായ തന്റെ ആട്ടിൻകൂട്ടത്തെ സന്ദർശിച്ച് അവരെ പടയിൽ തനിക്ക് മനോഹരതുരഗമാക്കും. അവന്റെ പക്കൽ നിന്ന് മൂലക്കല്ലും, അവന്റെ പക്കൽ നിന്ന് ആണിയും അവന്റെ പക്കൽ നിന്നും പടവില്ലും അവന്റെ പക്കൽ നിന്ന് ഏത് അധിപതിയും വരും,...... ഞാൻ യെഹൂദാ ഗൃഹത്തെ ബലപ്പെടുത്തുകയും യോസേഫ് ഗൃഹത്തെ രക്ഷിക്കുയും എനിക്ക് അവരോട് കരുണയുള്ളതു കൊണ്ട് അവരെ മടക്കി വരുത്തുകയും ചെയ്യും. ഞാൻ അവരെ തള്ളി കളഞ്ഞിട്ടില്ലാത്തതു പോലെയിരിക്കും, ഞാൻ അവരുടെ ദൈവമായ യഹോവയല്ലോ.. ........ ഞാൻ അവരെ ജാതികളുടെ ഇടയിൽ വിതറും, ദൂരദേശങ്ങളിൽ വെച്ച് അവർ എന്നെ ഓർക്കും. അവർ മക്കളോടു അവരുടെ പുത്രൻമാർ അതുകണ്ട് സന്തോഷിക്കും. കൂടെ ജീവിച്ച് മടങ്ങിവരും. ഞാൻ

അവർക്ക് ഉത്തരമരുളും എഫ്രയീമ്യർ വീരനെ പ്പോലെയാകും; അവരുടെ ഹൃദയം വീഞ്ഞു കൊണ്ടെന്ന പോലെ സന്തോഷിക്കും. അവരുടെ ഹൃദയം യഹോവയിൽ ഘോഷിച്ചാന ന്ദിക്കും. സെഖ 10:3, 4,6,7

ഇതാ ഞാൻ വരുന്നു; ഞാൻ നിന്റെ മദ്ധ്യേവസിക്കും എന്ന് യഹോവയുടെ അരുളപ്പാട് .....
യഹോവ വിശുദ്ധദേശത്ത് യെഹൂദയെ തന്റെ ഓഹരിയായി കൈവശമാക്കുകയും യെരൂശലേമിനെ വീണ്ടും തെരഞ്ഞെടുക്കുകയും ചെയ്യും. സെഖ 2:10,12

അന്നാളിൽ പർവ്വതങ്ങൾ പുതുവീഞ്ഞുപൊഴിക്കും. കുന്നുകൾ പാൽ ഒഴുക്കും. യെഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുക്കും ...... യെഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുക്കും....... യെഹൂദെക്കോ സദാ കാലത്തേക്കും യെരുശലേമിന്ന് തലമുറയോളവും നിവാസികളുണ്ടാകും. യോവേൽ 3:18,20

ഞാൻ യിസ്രായേൽ ഗൃഹത്തിലും, യെഹൂദാ ഗൃഹത്തിലും, മനുഷ്യരുടെയും, മൃഗങ്ങളുടെയും വിത്തുവിതക്കുന്ന കാലംവരും, എന്ന് യഹോവയുടെ അരുളപ്പാട് ......... എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും.ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും എന്ന് യഹോവയുടെ അരുളപ്പാട്. യിരെ 31:27,31,33

ആ കാലത്ത് ജാതികളുടെ സകല ഭാഷകളിലും നിന്ന് പത്തുപേർ ഒരു യെഹൂദന്റെ വസ്ത്രാഗ്രം പിടിച്ച് ദൈവം നിങ്ങളോടു കൂടെ ഉണ്ടെന്ന് ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങയളോടെ കൂടെ പോരുന്നു എന്ന് പറയും. സെഖ 8:23

അതുപോലെ തന്നെ മറ്റു പല ഭാഗങ്ങളിലും, ഉദാഹരണമായി, യെശയ്യാ 44:24,26; 49:22,23; 65:9; 66:20,22; യരെമ്യാ 3:18; 23:5;1,19,20; നാഹും 1:15; മലാ 3:4.
ഈ വേദഭാഗങ്ങളെല്ലാം കർത്താവിന്റെ വരവിനെ സംബന്ധിച്ചും ആ സമയത്ത് എന്തെല്ലാം സംഭവിക്കും എന്നതിനെക്കുറിച്ചും പ്രസ്താവിക്കുന്നു.

എന്നാൽ വൈരുദ്ധ്യമായവയും പലസന്ദർഭങ്ങളിലും അരുളി ചെയ്യപ്പെട്ടിട്ടുണ്ട്, അതെക്കുറിച്ച് ഈ വേദഭാഗം മാത്രം ഉദ്ധരിക്കുന്നതായിരിക്കും.

അവൻ അരുളിച്ചെയ്തത്: ഞാൻ എന്റെ മുഖം അവർക്ക് മറെക്കും; അവരുടെ അന്തം എന്ത് എന്ന് ഞാൻ നോക്കും. അവർ വക്രതയുള്ള തല

മുറ, നേരില്ലാത്ത മക്കൾ, ദൈവമല്ലാത്തതിനെക്കൊണ്ട് എനിക്ക് എരിവുവരുത്തി, മിത്ഥ്യാ മൂർത്തികളാൽ എന്നെ മുഷിപ്പിച്ചും ഞാനും ജനമല്ലാത്തവരെക്കൊണ്ട് അവർക്ക് എരിവുവരുത്തും, മൂഢജാതിയെ ക്കൊണ്ട് അവരെ മുഷിപ്പിക്കും. അവരുടെ മുന്തിരിവള്ളി സോദോം വള്ളിയിൽ നിന്നും ഗൊമോറ നിലങ്ങളിൽ നിന്നും ഉള്ളത്. അവരുടെ മുന്തിരിപ്പഴം നഞ്ചും, മുന്തിരിക്കുല കൈപ്പും ആകുന്നു. അവരുടെ വീഞ്ഞ് മഹാസർപ്പത്തിൻ വിഷവും മൂർഖന്റെ കാളകൂടവും ആകുന്നു. ഇത് എന്റെ അടുക്കൽ സംഗ്രഹിച്ചും, എന്റെ ഭണ്ഡാരത്തിൽ മുദ്രയിട്ടും ഇരിക്കുന്നില്ലയോ?

അവരുടെ കാൽ വഴുതുംകാലത്തേക്ക് പ്രതികാരവും, പ്രതിഫലവും എന്റെ പക്കൽ ഉണ്ട്; അവരുടെ അനർത്ഥ ദിവസം അടുത്തിരിക്കുന്നു; അവർക്ക് ഭവിക്കാനുള്ളത് ബദ്ധപ്പെടുന്നു. യഹോവതന്റെ ജനത്തെ ന്യായം വിധിക്കും; അവരുടെ ബലം ക്ഷയിച്ചുപോയി; ബദ്ധനും സ്വതന്ത്രനും ഇല്ലാതെയായികണ്ടിട്ട് അവൻ സ്വദാസൻമാരെക്കുറിച്ച് അനുതപിക്കും. ആവർത്തനം 32:20-35

അപ്രകാരമാണ് ആ ജനതയെക്കുറിച്ച് അരുളി ചെയ്തിരിക്കുന്നത്, മറ്റ് ചില സ്ഥലങ്ങളിലും അതുപോലുള്ള സംഗതികൾ അരുളിചെയ്തിട്ടുണ്ട്. ഉദാഹരണമായി :
യെശയ്യാ 3:1,2,8; 5:3,6; മത്തായി 12:39;23:27,28, യോഹന്നാൻ 8:44; അതുപോലെതന്നെ യിരമാവിലും യെഹസ്കേലിലും ആദിയോടന്തം.

ഈ വേദഭാഗങ്ങൾ പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമായി തോന്നിയേക്കാമെങ്കിലും ഉപദേശാടിസ്ഥാനത്തിൽ പരസ്പരം അനുരൂപവും, അനുയോജ്യവുമാണെന്ന് കാണാവുന്നതാകുന്നു. അതായത്, ഉപദേശം പഠിപ്പിക്കുന്നത് യിസ്രായേലും യഹൂദയും വചനത്തിൽ അക്ഷരീകമായി പറഞ്ഞിരിക്കുന്ന യിസ്രായേലും യെഹൂദയുമല്ല; പ്രത്യുത രണ്ട് അർത്ഥതലങ്ങളിലുള്ള സഭയാകുന്നു; ഒന്ന് ഉൻമൂലനാശം ഭവിച്ച സഭയും, അടുത്തത് കർത്താവ് സ്ഥാപിപ്പാനുള്ള സഭയുമാകുന്നു. ഇതിന് സമാനമായ മറ്റു വേദഭാഗങ്ങളും വചനത്തിലുണ്ട്. അവയിൽ നിന്നെല്ലാം വ്യക്തമാകുന്നത് ഉപദേശത്തിന്റെ അഭാവത്തിൽ വചനം സുഗ്രാഹ്യമല്ല, ദുർഗ്രാഹ്യമാണത്രേ.

**52.** ആകയാൽ, ഉപദേശം കൂടാതെബ്വചനം പാരായണം ചെയ്യുന്നവരും, വചനത്തിൽ നിന്ന് ഉപദേശം സമാർജ്ജിച്ചിട്ടില്ലാത്തവരും തിരുവചന സത്യങ്ങളെക്കുറിച്ച് അവ്യക്തതയിലും ദുർഗ്രാഹ്യതയിലുമായി രിക്കുമെന്ന് ഇതിനാൽ സുവിദമായിത്തീരുന്നു. അവരുടെ മനസ്സുകൾ ചഞ്ചലിച്ചു കൊണ്ടിരിക്കും, അസ്ഥിരമായിരിക്കും. പ്രമാദങ്ങളിലേക്ക് വഴുതിവീഴാനും ദൈവനിഷേധികൾ ആയിത്തീരാനും സാദ്ധ്യതയും ഉണ്ട്, വിശിഷ്യാ ഇവയൊക്കെ ആധികാരികമായി അവതരിക്കപ്പെടുകയും, പിന്തുണ നൽകപ്പെടുകയും, അവരുടെ പ്രശസ്തിക്ക് ഹാനിയുണ്ടാകാ തിരിക്കുയും ചെയ്താൽ. അവരെ സംബന്ധിച്ചിടത്തോളം, വചനം പ്രകാശമില്ലാത്ത ഒ

രു നിലവിളക്കാണ്. അവർ പലതും കണ്ടേക്കാം, പക്ഷേ പ്രകാശമില്ലാത്ത നിലവിളക്കിന്റെ നിഴലിലാണ് കാണുന്നത്, യാതൊന്നും ശരിയായി ഗ്രഹിക്കുന്നുമില്ല, പ്രകാശം നൽകുന്നത് ഉപദേശം മാത്രമാണ്. ഉപദേശമില്ലാത്തതിനാൽ വെളിച്ചവുമില്ല. അങ്ങനെയുള്ള വ്യക്തികളെ ദൂതൻമാർ പരിശോധിക്കുന്നതും അവർക്ക് താല്പര്യമുള്ള ഏത് അഭിപ്രായവും രൂപീകരിക്കുന്നതിനും അവർ കഴിവുള്ളവരായി കാണപ്പെടുന്നതും, എനിക്ക് കാണിച്ചു തന്നിരുന്നു. അതുപോലെ തന്നെ അവരുടെ സ്വാർത്ഥമായ സ്നേഹത്തേയും, അവർക്ക് ആരോടൊക്കെ സൗഹൃദമുണ്ടോ അവരോടുള്ള സ്നേഹത്തെയും സ്ഥിരീകരിക്കുന്ന തിനും അവർക്ക് അനുവാദം ലഭിക്കുകയും ചെയ്തിരുന്നു. അവർ വിവസ്ത്രരായി ഇരിക്കുന്നതും ഞാൻ കാണുകയുണ്ടായി. അവർ സത്യത്തിന്റെ അഗതികൾ ആയിരുന്നു എന്ന ഒരടയാളം ആണെന്ന് വ്യക്തമായിരുന്നു. എന്തുകൊണ്ടെന്നാൽ ആത്മീകലോകത്തിൽ സത്യമാണ് വിശേഷവസ്ത്രങ്ങൾ.

**53.2.** ഉപദേശം വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽനിന്ന് എടുക്കേണ്ടതു ആകുന്നു കൂടാതെ അതിനാൽ സ്ഥിരീകരീക്കപ്പെടുകയും വേണം. ഇതിന്റെ കാരണം എന്തെന്നാൽ അക്ഷരീകാർത്ഥത്തിലാണ് കർത്താവ് മനുഷ്യനോട് കൂടെ ആയിരിക്കുന്നത്; മറ്റ് ഒരിടത്തുമല്ല; അങ്ങനെയാണ് മനുഷ്യനെ പ്രകാശിതനാക്കുകയും, ബോധവൽക്കരി ക്കുകയും സഭയുടെ സത്യങ്ങളെ ഉപദേശിച്ചു കൊടുക്കുകയും ചെയ്യുന്നത്. കാരണം എന്തെന്നാൽ കർത്താവ് പൂർണ്ണത കൂടാതെ ഒരിക്കലും പ്രവർത്തിക്കാറില്ല. മുകളിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ, വചനം അതിന്റെ അക്ഷരീകാർത്ഥത്തിൽ തികവിലെങ്കിൽ ഉപദേശം അക്ഷരീകാർത്ഥത്തിൽ നിന്നു സ്വീകരിക്കേണ്ടിയിരിക്കുന്നു.

**54.** ഉപദേശത്തിന്റെ ഉപാധികളാൽ മാത്രം തിരുവചനം സുഗ്രാഹ്യമായിത്തീരുക മാത്രമല്ല പിന്നെയോ വചനം അതായിരിക്കുന്നതു പോലെ വെളിച്ചത്തേയും നൽകുന്നു അത് പ്രകാശത്തെ നൽകുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഉപദേശം കൂടാതെ തിരുവചനം ഗ്രഹിപ്പാൻ സാദ്ധ്യമല്ല. മുകളിൽ അന്യത്ര വ്യക്തമാക്കിയിട്ടുള്ള പോലെ ഉപദേശമില്ലാത്ത വചനം പ്രകാശമില്ലാത്ത നിലവിളക്കു പോലെ, ഉപദേശസഹായത്താൽ വചനം സുഗ്രാഹ്യമായി തീരുന്നു. അപ്രകാരം മനുഷ്യന് അവൻ മുമ്പ് കണ്ടിട്ടുള്ളതിനെക്കാൾ കൂടുതൽ സംഗതികൾ കാണ്മാൻ കഴിയുകയും, മുമ്പ് മനസ്സിലാക്കിയിട്ടില്ലാത്ത അനേകം സംഗതികൾ അവന് ഇപ്പോൾ മനസ്സിലാക്കുവാൻ കഴിയുകയുകയും ചെയ്യുന്നു. മങ്ങിയും, അവ്യക്തമായും പൂർവ്വപരബന്ധമില്ലാതെയും കിടക്കുന്ന വചനഭാഗങ്ങളെ അവൻ ശ്രദ്ധിക്കാതിരിക്കുകയോ, വിട്ടുകളയുകയോ ചെയ്യുന്നു. എന്നാൽ ഉപദേശവുമായുള്ള സാദൃശ്യാശയത്തിൽ അവയെ കണ്ടെത്തുകയും, മനസ്സിലാക്കുകയും, വിശദീകരിക്കുകയും ചെയ്യാൻ സാദ്ധ്യമാകുന്നു. വചനം ഉപദേശത്തിലൂടെയാണ് ശരിയായി മനസ്സിലാക്കാൻ കഴിയുന്നതെന്നും, ഉപദേശാനുസരണമാണ് ശരിയായി വിശദീകരിക്കപ്പെടുന്നതെന്നും ക്രൈസ്തവ

ലോകത്തിന്റെ അനുഭവങ്ങൾ സാക്ഷീകരിക്കുന്നു. എല്ലാ നവീകരണക്കാരും വചനത്തെ അവരവരുടെ ഉപദേശനുസരണമാണ് കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നത്. അതിൽ പ്രകാരമാണ് അവർ വചനത്തെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നത്. അങ്ങനെ, റോമൻ കത്തോലിക്കർ വചനത്തെ അവരുടെ ഉപദേശാനുസരണം മനസ്സിലാക്കുകയും അതിൻ പ്രകാരം വിശദീകരിക്കുകയും ചെയ്യുന്നു. അപ്രകാരം കപടോപദേശങ്ങളിൽ നിന്ന് കാപട്യവും, ഭോഷ്ക്കും ദർശിക്കുന്നു. ഇതിൽ നിന്ന് വ്യക്തമാകുന്നത് സത്യോപദേശം അന്ധകാരത്തിൽ ദീപമായും, വഴിയോരത്തു നിൽക്കുന്ന ചൂണ്ടു പലകയായും വർത്തിക്കുന്നു.

എന്തായിരുന്നാലും, ഉപദേശത്തെ വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ വേണം അത് സ്ഥിരീകരിക്കപ്പെടാൻ എന്തെന്നാൽ, അക്ഷരീകാ ർത്ഥത്തിൽ അത് സ്ഥിരീകരിക്കപ്പെടാഞ്ഞാൽ, ഉപദേശത്തിന്റെ സത്യം മാനുഷിക ബുദ്ധിയിൽനിന്ന് ഉരുത്തിരിഞ്ഞതാണെന്നും, അല്ലാതെ കർത്താവിന്റെ ദൈവീക ജ്ഞാനത്തിൽ നിന്നല്ല എന്നും തോന്നുവാൻ ഇടയാകുന്നതാണ്. അങ്ങനെയായാൽ ഉപദേശം മറവിൽ നിൽക്കുന്ന വീടുപോലെ ആയിരിക്കും, അത് തറയിൽ സ്പർശിക്കാത്തതാകയാൽ അടിസ്ഥാനം ഇല്ലാത്തതും ആയിരിക്കും.

**55.** വാസ്തവീക സത്യത്തിന്റെ ഉപദേശം, സമ്പൂർണ്ണമായും വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ നിന്ന് എടുക്കാവുന്നതാകുന്നു. എന്തുകൊണ്ടെ ന്നാൽ, അക്ഷരീകാർത്ഥത്തിലുള്ള വചനം ഒരു മനുഷ്യൻ വസ്ത്രം ധരിച്ച് ഇരിക്കുന്നത് പോലെ ആകന്നു; അയാളുടെ മുഖവും കൈകളും അനാവൃതമാണ് അപ്രകാരം, മനുഷ്യജീവിതത്തെ സംബന്ധിച്ചും, അവന്റെ രക്ഷയെ സംബന്ധിച്ചും വചനത്തിൽ നൽകപ്പെട്ടിട്ടുള്ള സകല സംഗതികളും അവിടെ അനാവരണം ചെയ്യപെടുന്നുണ്ട്. ശേഷം ഭാഗങ്ങളെല്ലാം ആവൃതമാണ്. അപ്രകാരം ആവൃതമാക്കപ്പെട്ടിട്ടുള്ളവ ചില സന്ദർഭങ്ങളിൽ തിളങ്ങുന്നതായി കാണാം; നേർമ്മയായ ഒരു പട്ടുതുണിയിലൂടെ അത് ധരിച്ചിട്ടുള്ള ആളുടെ മുഖം ദൃശ്യമാകുന്നതു പോലെ; മാത്രവുമല്ല സത്യത്തിലുള്ള സ്നേഹത്താൽ സംയോജിക്ക പ്പെടുകയും ചെയ്യുമ്പോൾ അവ കൂടുതൽ തിളക്കമുള്ളതായിത്തീരുകയും അവയുടെ ആവരണത്തിലൂടെ മിഴിവോടെ കാണപ്പെടുകയും കൂടുതൽ വ്യക്തതയുള്ളവ ആയിത്തീരുകയും ചെയ്യുന്നു ഇതും ഉപദേശത്തിലൂടെ യാണ് അവതരിക്കപ്പെടുന്നത്.

**56.** ആത്മീക സാദൃശ്യാശയത്തിന്റെ അറിവിലൂടെ ലഭ്യമാകുന്ന, വചനത്തിന്റെ ആത്മീകാർത്ഥത്തിൽ നിന്ന് വാസ്തവീക സത്യത്തിന്റെ ഉപദേശം സമാർജ്ജിക്കുവാൻ കഴിയുമെന്ന് അനുമാനിക്കാവുന്ന താകുന്നു. ഉപദേശം, പക്ഷേ, അങ്ങനെ ആർജ്ജിക്കാവുന്നതല്ല. അത് തെളിയിക്കപ്പെട്ട്, അനുയോജ്യ സിദ്ധാന്തങ്ങളാൽ സ്ഥിരീക്കപ്പെടേ ണ്ടതാകുന്നു. മുകളിൽ 26-ാം നമ്പർ ഖണ്ഡികയിൽ പ്രസ്താവിച്ചതു പോലെ, ഏതൊരാളും ഉപദേശത്തിൽ നിന്നുള്ള വാസ്തവീക സത്യങ്ങളിൽ ഒന്നാമൻ ആകുന്നില്ലെങ്കിൽ, ആത്മീകാർത്ഥതലത്തിൽ എത്തുകയില്ല. ഒരുവൻ പ്രഥമ

മായി വാസ്തവീകസത്യത്തിൽ ആകുന്നില്ലെങ്കിൽ, അവന്ന് അറിയാവുന്ന ഏതാനും ചില സാദൃശ്യാശയ ത്തിലൂടെ വചനത്തെ കപടീകൃതമാക്കിയേക്കും. അയാൾ കൈക്കൊണ്ടി ട്ടുള്ള ഏതെങ്കിലും സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ അയാളുടെ മനസ്സിൽ രൂഢമൂലമായിട്ടുള്ള വസ്തുതകളെ സ്ഥിരീകരിക്കുന്നതിന് വേണ്ടിയുള്ള വിശദീകരണം നൽകുകയും ചെയ്തേക്കാം. മാത്രവുമല്ലാ കർത്താവിനല്ലാതെ യാതൊരാൾക്കും ആത്മീകാർത്ഥ തലത്തിൽ ആശയവിനിമയം ചെയ്യുവാൻ കഴിയുകയില്ല. കർത്താവ് സ്വർഗ്ഗത്തെ പരിപാലിക്കുന്നതുപോലെ അതിനെയും പരിപാലിക്കും. കാരണ മെന്തെന്നാൽ സ്വർഗ്ഗം അതിനുള്ളിൽത്തന്നെ ഉണ്ട്. ആകയാൽ ഏതൊരാളും വചനത്തെ അക്ഷരീകാർത്ഥത്തിൽ പഠിക്കണം. കാരണം, അതിൽ നിന്ന് ആണല്ലൊ ഉപദേശം ഉരുത്തിരിയുന്നത്.

**57.3** കർത്താവിനാൽ പ്രകാശിതരായവർക്കു മാത്രമേ, ഉപദേശത്തിന്റെ ഉറവിടമായ വാസ്തവീകസത്യം വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ വെളിപ്പെടുത്തപ്പെടുകയുള്ളു. ആത്മീക പ്രകാശനം കർത്താവിൽ നിന്ന് മാത്രമാണ് വരുന്നത്. സത്യങ്ങൾ സത്യമാകയാൽ അവയെ സ്നേഹിക്കുകയും, അവരവരുടെ ജീവിതത്തിൽ അവയെ പ്രയോഗീകമാക്കുകയും ചെയ്യുന്നവർക്കായി സത്യത്തെ അനുവദിച്ചു ദാനമായി നൽകുന്നു. മറ്റുള്ളവർക്കായി വചനത്തിൽ ആത്മീക പ്രകാശനം നൽകപ്പെട്ടിട്ടില്ല. കർത്താവിൽ നിന്നു മാത്രമാണ് ആത്മീക പ്രകാശനം വരുന്നത്. എന്തുകൊണ്ടെന്നാൽ, തിരുവചനത്തിലെ സർവ്വ സംഗതികളിലും കർത്താവ് അന്തർഭവിച്ചിട്ടുണ്ട്, കർത്താവിൽ നിന്നാണ് വചനം സമസ്തവും വരുന്നത്. കർത്താവു താനും അവന്റെ സ്വന്തം ദിവ്യ സത്യവുമാകുന്നു. അത് ദിവ്യസത്യമാകയാൽ അത് സ്നേഹിക്കു മ്പോഴും, അത് ഉപയോഗിക്കുന്നതിനായി പ്രയോഗിക്കുമ്പോഴും അതിനെ സ്നേഹിക്കുന്നു എങ്കിൽ കർത്താവ് അതിനുള്ളിൽ മനുഷ്യനോടൊപ്പം ഉണ്ടായിരിക്കും. ഈ കാര്യങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവും ഉപദേശിക്കുന്നുണ്ട്.

> ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്ന് നിങ്ങൾ അന്ന് അറിയും. എന്റെ കല്പനകൾ ലഭിച്ച് പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ച് അവന്ന് എന്നെത്തന്നെ വെളിപ്പെടുത്തും......എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുക്കൂടെ വാസം ചെയ്യും.
>
> യോഹ.14:20,21,23

അതുപോലെ തന്നെ മത്തായിയുടെ സുവിശേഷത്തിലും:

> ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ അവർ ദൈവത്തെ കാണും.
>
> മത്താ 5:8

വചനം വായിക്കുമ്പോൾ ആത്മപ്രകാശനം ലഭിക്കുന്നവരാണ് ഹൃദയശുദ്ധിയുള്ളവർ, അവരെ സംബന്ധിച്ചിടത്തോളം വചനം ദീപ്തവും, സുതാര്യവുമാകുന്നു.

**58.** അവരെ സംബന്ധിച്ചിടത്തോളം വചനം ദീപ്തവും സുതാര്യവുമാകുന്നു. എന്തുകൊണ്ടെന്നാൽ വചനത്തിന്റെ ഓരോ ഭാഗത്തിലും ആത്മീകവും സ്വർഗ്ഗീയവുമായ അർത്ഥം സ്ഥിതിചെയ്യു ന്നുണ്ട്. ഈ അർത്ഥങ്ങൾ എല്ലാം സ്വർഗ്ഗീയ പ്രകാശത്തിലുമാണ്. ആകയാൽ ഈ അർത്ഥങ്ങളുടെയും അവയുടെ പ്രകാശത്തിന്റെയും സഹായത്താൽ കർത്താവ് പ്രകൃതിതലമായ അക്ഷരീകാർത്ഥത്തിലേക്ക് പ്രവഹിക്കുന്നു, അതുപോലെതന്നെ ഈ അർത്ഥത്തിന്റെ പ്രകാശ ത്തിലൂടെ മനുഷ്യനിലേക്ക് കടന്നു ചെല്ലുന്നു. തത്ഫലമായി ഒരു മനുഷ്യൻ ആന്തരീകമായ മമതയിലൂടെ സത്യത്തെ അംഗീകരിക്കുകയും തദനന്തരം അത് സ്വന്തം ചിന്തയിൽ കടെന്നെത്തുകയും ചെയ്യുന്നു. അയാൾ സത്യത്തെക്കുറിച്ച് അതിനുവേണ്ടി തന്നെ, സത്യത്തോട് മമത ഉള്ളവനായിരിക്കുമ്പോൾ അപ്രകാരം സംഭവിച്ചു കൊണ്ടിരിക്കും; കാരണമെന്താൽ മമതയിൽ നിന്ന് ഇന്ദ്രിയാനുഭൂതിയുണ്ടാകുന്നു. മമതയിൽ നിന്ന് ചിന്തയുണ്ടാകുന്നു. അങ്ങനെ ചിന്തയിൽ നിന്ന് വിശ്വാസം എന്ന അംഗീകാരം ഉയരുകയും ചെയ്യുന്നു. അങ്ങനെ യാണെങ്കിലും ഈ വിഷയത്തെക്കുറിച്ചും, കർത്താവ്, വചനത്തിലൂടെ മനുഷ്യരായി സമ്പർക്കപ്പെടുന്നതിനെക്കുറിച്ചും കൂടുതൽ കാര്യങ്ങൾ അടുത്ത അദ്ധ്യായത്തിൽ പ്രസ്താവിക്കുന്നതാണ്.

**59.** അത്തരം മനുഷ്യരെ സംബന്ധിച്ചിടത്തോളം ഒന്നാമതായി അവർ വചനത്തിന്റെ അക്ഷരാർത്ഥത്തിൽ നിന്നു അവർക്കു വേണ്ടി തന്നെയുള്ള ഉപദേശത്തെ ആർജ്ജിക്കയും അപ്രകാരം മുന്നോട്ടുള്ള പുരോഗതിക്കായി വിളക്ക് തെളിക്കയും ചെയ്യൂന്നു. എന്നിരുന്നാലും ഉപദേശം ആർജ്ജിച്ച ശേഷം അതിന്റെ ലഘുവായ വെളിച്ചത്തിൽ വചനത്തെ നോക്കി കാണുന്നു. പൊതുവിൽ സ്വീകരിച്ചിട്ടുള്ളതും ഉപദേശത്തിത്തിനോട് പൊരുത്തപ്പെടുന്നതും എന്നും അവർ സമ്മതിക്കുന്നതായ സമ്മതിക്കുന്നതായ വചനത്തോട് പൊരുത്തപ്പെടുന്നാതാണൊ എന്നുമാണ് ഉപ്ദേശം ആർജ്ജിക്കാത്ത ആളുകൾ മുന്നമെ അന്വേക്ഷിക്കുന്നത്. എന്നിരുന്നാലും ഇതു സംഭവിക്കുന്നത് കാണാൻ കഴിയുന്നത് ലോകകാര്യങ്ങളാൽ സംഭ്രാന്തരാവാത്ത ആളൂകളിലാണ്, ജീവിത ഉപയോഗങ്ങളിലേക്ക് അവയെ പ്രയോഗിക്കുന്നവരു, അവർക്കു വേണ്ടി സ്വന്തമായി തന്നെ സത്യത്തെ സ്നേഹിക്കുന്നവരുമാണെങ്കിൽ അത്തരം ആളുകൾ കർത്താവിനാൽ ബോധദീപ്തരാണ്, ചെറിയ അളവിൽ സത്യത്താൽ നിയന്ത്രിതരയവർക്കും അതിൽ നിന്നും പഠിക്കാൻ കഴിയുന്നതാണ്.

**60**. ഒരു വ്യാജമതത്തിന്റെ ഉപദേശത്തിലൂടെ വചനം പാരായണം ചെയ്യുന്നവർക്ക് ഇതിനു വിരുദ്ധമായത് സംഭവിക്കുന്നു. വളരെ പ്രത്യേകിച്ചും, വചനത്തിന്റെ ഉപദേശത്തെ സ്വന്തം മഹത്വവും ലൗകീക

സമ്പത്തും ലക്ഷ്യമാക്കിയ വ്യക്തികൾക്ക് വചനത്തിന്റെ സത്യം രാത്രിയിലെ നിഴലിൽ എന്നതു പോലെ അവ്യക്തമായാണ് കാണപ്പെടുക. അതുപോലെ ഭോഷക്കും, അസത്യവും പകൽ പ്രകാശത്തിൽ എന്നപോലെയാണ് കാണപ്പെടുന്നത്, അവർ സത്യത്തെ പാരായണം ചെയ്യുന്നുണ്ടെങ്കിലും അത് കാണുന്നില്ല, ഗ്രഹിക്കുന്നുമില്ല ഒരു വേള അവർ സത്യത്തിന്റെ നിഴൽ കാണുന്നെങ്കിൽ ഉടനെ അതിനെ വ്യാജവൽകരിക്കും. ഇവരെ സംബന്ധിച്ചാണ് കർത്താവ് അരുളി ചെയ്തിരിക്കുന്നത്.

> അതുകൊണ്ട് അവർ കണ്ടിട്ട് കാണാതെയും കേട്ടിട്ട് കേൾക്കാതെയും ഇരിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകളാൽ അവരോട് സംസാരിക്കുന്നു. നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും, കണ്ണാൽ കാണും ദർശിക്കയില്ലതാനും. മത്താ 13:14,15

ഒരുവനിലുള്ള അഹംബോധവും, അസത്യത്തിലുള്ള ഉറച്ചധാരണയുമല്ലാതെ മറ്റൊന്നുമല്ല അയാളെ അന്ധനാക്കുന്നത്. മനുഷ്യന്റെ അഹംഭാവത്തിനു കാരണം അവന്റെ സ്വാർത്ഥസ്നേഹവും, സ്വബുദ്ധിയെക്കുറിച്ചുള്ള അഹങ്കാരവുമാകുന്നു. അസത്യത്തെ സ്ഥിരീകരിക്കുന്നതാകട്ടെ പ്രകാശത്തോട് മല്ലടിക്കുന്ന കൂരിരുട്ട് ആകുന്നു. അവരുടെ പ്രകാശം കേവലം പ്രകൃതിപരവും, സ്വാഭാവികവുമാണ് അവരുടെ ദർശനശക്തി ഇരുട്ടിൽ വർണ്ണരാജി കാണുന്നതു പോലെ ആകുന്നു.

**61.** വചനത്തെ വിശുദ്ധമെന്ന് കരുതുകയും, അപ്രകാരം അതിനെ പാരായണം ചെയ്യുകയും ചെയ്തിരുന്നവരും മരണാനന്തരം അവർ സ്വർല്ലോകത്തിൽ നക്ഷത്രങ്ങളെപ്പോലെ പ്രശോഭിക്കും എന്ന് വിശ്വസിക്കുകയും ചെയ്തവരും ആയ അനേകരുമായും (അവരുടെ മരണാനന്തരം) സംസാരിപ്പാനുള്ള അനുവാദം എനിക്ക് ലഭിച്ചിട്ടുണ്ട്. അവർ അതിൽ നിന്ന് അനേകം വേദഭാഗങ്ങൾ സ്വരൂപിക്കുയും അവരുടെ വിശ്വാസത്തിന്റെ ഉപദേശങ്ങൾ അതിൽ നിന്ന് രൂപീകരിക്കയും ചെയ്തിട്ടുണ്ട്. ആകയാൽ അവർ ഈ ലോകത്തിൽ വിദ്യാസമ്പന്നരായ പണ്ഡിതൻമാർ എന്ന സൽകീർത്തി നേടുകയും ചെയ്തിട്ടുള്ളതുമൂലം അവർ സ്വയം മിഖായേൽമാരെന്നോ, റാഫേൽമാരെന്നോ വിചാരിച്ചിട്ടുണ്ട്.

വചനം പഠിച്ചത് എപ്രകാരമുള്ള സ്നേഹം (ഇഷ്ടം) കൊണ്ട് ആയിരുന്നു എന്ന് ഇവരിൽ പലരോടും ഞാൻ ചോദിച്ചതിൽ നിന്ന് മനസ്സിലായത് ചിലർ സ്വാർത്ഥസ്നേഹം (തന്നോടുതന്നെയുള്ള ഇഷ്ടം) കൊണ്ട് ആയിരുന്നു എന്നാണ് അതായത് അവർ ലോകത്തിൽ വലിയവർ (മഹാൻമാർ) ആയി അറിയപ്പെടണം, സഭയുടെ നേതാക്കളെ പോലെ ബഹുമാനിക്കപ്പെടണം എന്നീ ആശകൾ കൊണ്ട് ആയിരുന്നു എന്നാണ് മറ്റുള്ളവരാകട്ടെ ലോകത്തോടുള്ള സ്നേഹം കൊണ്ട് ആയിരുന്നു, അതായത് അവർക്ക് ധനവും സമ്പത്തും സമ്പാദിക്കണം എന്ന ആശ കൊണ്ട് ആയിരുന്നു. അവരോട്, വചനത്തിൽ നിന്ന് അവർ എന്തെല്ലാം അറിഞ്ഞിരുന്നു എന്ന് ചോദിച്ചപ്പോൾ കണ്ടെത്താൻ കഴിഞ്ഞത് അവർക്ക് വാസ്തവീക സത്യത്തിന്റെ ഒരു വാക്കുപോലും അറിഞ്ഞു കൂടായിരുന്നു എന്നാണ്.

അസത്യമാക്കപ്പെട്ട സത്യമായിരുന്നു അവർ അറിഞ്ഞിരുന്നത്, അതുതന്നെയും അസത്യങ്ങൾ ആയിരുന്നു. അവരോട് അറിയിച്ചിരുന്നത് അവരും ലോകവുമാണ് ആത്യന്തിക ലക്ഷ്യമെന്നും ഇങ്ങനെ ആയിരിക്കുന്നത് എന്നും, അതു തന്നെയാണ് അവരുടെ ലക്ഷ്യമെന്നും അല്ലാതെ കർത്താവും സ്വർഗ്ഗവും അല്ലെന്നും ആയിരുന്നു. അവർ തന്നെയും ലോകവും ഉദ്ദേശ്യലക്ഷ്യങ്ങൾ ആയിരുന്നതു കൊണ്ട് അവർ വചനം വായിക്കുമ്പോൾ അവരുടെ മനസ്സ് സ്വാർത്ഥതാൽപര്യങ്ങളിലും
ലോകകാര്യങ്ങളിലും നിമഗ്നരായിപ്പോകുകയും തദ്വാരാ മനുഷ്യൻ അഹംഭാവത്തിൽ നിന്നും തന്നെ നിരന്തരം ചിന്തിക്കുകയും, സ്വർഗ്ഗത്തെക്കുറിച്ചുള്ള സകല സംഗതികളും കൂരിരുളിൽ ആണ്ടു പോകുകയും ആണ് ഉണ്ടാകുന്നത്. ഈ അവസ്ഥയിൽ ആയിരുന്ന മനുഷ്യനെ അവന്റെ അഹംബോധത്തിൽ നിന്ന് പിൻവലിക്കുവാനോ സ്വർഗ്ഗീയ പ്രകാശത്തി ലേക്കു ഉയർത്തുവാനോ കർത്താവിന്ന് കഴിയുന്ന തല്ല. തത്ഫലമായി അവന്ന് കർത്താവിൽ നിന്ന് സ്വർഗ്ഗത്തിലൂടെ ഉള്ള യാതൊരു നിർഗ്ഗമനവും ലഭ്യമാകുന്നല്ല..

അപ്രകാരമുള്ള വ്യക്തികൾ സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ടതും ഞാൻ കാണുകയുണ്ടായി. എന്നിട്ട് അവരിൽ സത്യം ഇല്ലെന്ന് കണ്ടു പിടിക്കപ്പെട്ടപ്പോൾ അവരെ ബഹിഷ്കരിക്കുകയുണ്ടായി. എങ്കിലും അവർ, അപ്പോഴും സ്വർഗ്ഗത്തിന്ന് അവകാശികൾ ആണെന്നുള്ള ആത്മ വിശ്വാസവും, ആത്മപ്രശംസയും അവരിൽ ഉണ്ടായിരുന്നു. സത്യങ്ങൾ സത്യമാകയാലും അവ തന്റെയും അയൽക്കാരന്റെയും ജീവിതത്തിൽ ഉപയോഗപ്രദമാണെന്ന് അറിയുന്നതിനാലും, സത്യത്തെ അറിയുന്നതിനു വേണ്ടി, സത്യത്തോട് ഇഷ്ടവും സ്നേഹവും ഉണ്ടായിട്ട് വചനത്തെ പഠിക്കുന്നവരുടെ അവസ്ഥ ഇങ്ങനെയല്ല അപ്രകാരമുള്ള വ്യക്തികളെ സ്വർഗ്ഗത്തിലേക്കും ദൈവീകസത്യം നിലകൊള്ളുന്ന പ്രകാശത്തിലേക്കും ഉയർത്തുന്നതായി ഞാൻ കണ്ടു. തത്ഫലമായി അവർ അത്തരുണത്തിൽ ത്തന്നെ ദൂതൻമാരുടെ ജ്ഞാനത്തിലേക്കും അതിന്റെ സന്തോഷം ആയ നിത്യജീവിതത്തിലേക്കും അവർ ഉയർത്തപ്പെടുകയും ചെയ്യുന്നത് ഞാൻ കാണുകയുണ്ടായി.

6

## വചനത്തിന്റെ അക്ഷീരീകാർത്ഥം മുഖേന കർത്താവിനോട് സംയോഗവും ദൂതന്മാരോട് സഹവർത്തിത്വവും ഉണ്ടാകുന്നു.

**62.** വചനത്തിലൂടെ കർത്താവുമായി സംയോഗമുണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ വചനം അവനെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്. അങ്ങനെ, കർത്താവിനെ കുറിച്ചുള്ള ഉപദേശം എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളതുപോലെ, തിരുവചനത്തിന്റെ സമസ്ത കാര്യങ്ങളും കർത്താവാണ്, അവൻ വചനം എന്ന് വിളിക്കപ്പെടുകയും ചെയ്യുന്നു. വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ കർത്താവുമായുള്ള സംയോഗമുണ്ട്, എന്തുകൊണ്ടെന്നാൽ മുകളിൽ അതിന്റെ അദ്ധ്യായ

ത്തിൽ വിശദീകരിച്ചിട്ടുള്ളതു പോലെ, വചനം അക്ഷരീകാർത്ഥത്തിൽ അതിന്റെ തികവിലും, പരിശുദ്ധിയിലും, ശക്തിയിലുമാകുന്നു. കർത്താവുമായുള്ള സംയോഗം മനുഷ്യന് ഗോചരമല്ല. എന്നാൽ അത് സത്യത്തോടുള്ള മമതയിലും, അതിന്റേതായ ഗ്രാഹ്യതയിലും, ഏവം വിധം അവനിലുള്ള ദിവ്യസത്യത്തിന്റെ സ്നേഹത്തിലും അത് സാദ്ധ്യമാകുന്നതുമാണ്.

**63.** വചനത്തിന്റെ അക്ഷരീകാർത്ഥത്തിലൂടെ ദൂതൻമാരായി സമ്പർക്കമുണ്ടാകുന്നു. എന്തു കൊണ്ടെന്നാൽ അക്ഷരീകാർത്ഥത്തിൽ ആത്മീകാർത്ഥവും സ്വർഗ്ഗീയാർത്ഥവും അന്തർഭവിച്ചിരിക്കുകയും, ദൂതൻമാർ അതേ അർത്ഥതലങ്ങളിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നുണ്ട്. ആത്മീക രാജ്യത്തിലെ ദൂതൻമാർ ആത്മീകതലത്തിലും, സ്വർഗ്ഗീയ ദൂതൻമാർ സ്വർഗ്ഗീയതലത്തിലും സ്ഥിതി ചെയ്യുന്നു. സത്യത്തിൽ പരിശീലിതനായ ഒരുവൻ ആത്മീക അർത്ഥതലത്തിൽ എത്തുമ്പോൾ വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ നിന്ന് ഈ അർത്ഥതലങ്ങൾ തുറക്കപ്പെടുന്നു. അത് വചനത്തിന്റെ ആന്തരീക അർത്ഥതലമാണ്. ഈ തുറക്കപ്പെടൽ ആകസ്മികമാണ്. അതുപോലെ തന്നെയാണ് അയാൾക്ക് ദൂതൻമാരുമായി സമ്പർക്കം ഉണ്ടാകുന്നതും.

**64.** ആത്മീക ദൂതൻമാർ വചനത്തിന്റെ ആത്മീകാർത്ഥത്തിലും സ്വർഗ്ഗീയ ദൂതൻമാർ വചനത്തിന്റെ സ്വർഗ്ഗീയാർത്ഥത്തിലുമാണ് സ്ഥിതി ചെയ്യുന്നതെന്ന് വേണ്ടത്ര അനുഭവങ്ങൾ എനിക്ക് തെളിയിച്ചു തന്നിട്ടുണ്ട്. വചനത്തെ ഞാൻ അക്ഷരീകാർത്ഥത്തിൽ വായിച്ചു കൊണ്ടിരിക്കുമ്പോൾ എനിക്ക് സ്വർഗ്ഗങ്ങളുമായി ആശയവിനിമയം ചെയ്യുന്നതിനായി തുറക്ക പ്പെട്ടിരുന്നു, ചിലപ്പോൾ സ്വർഗ്ഗങ്ങളുടെ ഒരു സംഘവുമായിട്ടും, മറ്റു ചിലപ്പോൾ വേറെ സംഘങ്ങളായിട്ടും ആയിരുന്നു സംഭാഷണം അതിലൂടെ അക്ഷരീകാർത്ഥത്തിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ആത്മീക ദൂതൻമാർ ആത്മീകമായ അർത്ഥത്തിലും, സ്വർഗ്ഗീയദൂതൻമാർ സ്വർഗ്ഗീയമായ അർത്ഥത്തിലുമാണ് കാര്യങ്ങൾ ഗ്രഹിക്കുന്നതെന്നും അത് ആകസ്മികമായ സംഭവിക്കുന്ന കാര്യമാണ് എന്നുമാകുന്നു. അതേ ക്കുറിച്ച് യാതൊരു സംശയവുമില്ലാതെ എനിക്ക് ആ വാർത്തവിനിമയം ഇന്ദ്രീയ ഗോചരമായിട്ടുണ്ട്. സ്വർഗ്ഗത്തിന് താഴെ വസിക്കുന്നവരായ ചില ആത്മാക്കൾ ഇപ്രകാരമുള്ള വാർത്താവിനിമയത്തെ ദുരുപയോഗം ചെയ്യുന്നുണ്ട്. അവർ ചില വേദഭാഗങ്ങൾ അതിന്റെ അക്ഷരീകാർ ത്ഥത്തിൽ ആവർത്തിച്ചു പറയുകയും അവർ ആശയ വിനിമയം ചെയ്യുന്ന സമൂഹത്തെ ഉടൻ തന്നെ നിരീക്ഷിക്കുയും അവരുടെ ആശയ വിനിമയം എപ്രകാരമുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട് ശ്രദ്ധിക്കുകയും ചെയ്യുന്നു. ഇപ്രകാരം സംഭവിക്കരുത് എന്നു ഞാൻ കൂടെക്കൂടെ കാണുകയും, കേൾക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള യഥാർത്ഥമായ അനുഭവത്താൽ എനിക്ക് അറിയുന്നതിനായി അനുവാദം നൽകപ്പെട്ടത് എന്തെന്നാൽ വചനത്തിന്റെ അക്ഷരീകാർത്ഥമാണ് കർത്താവുമായും സ്വർഗ്ഗവുമായും സംബന്ധമുണ്ടാകുന്നതിന്റെ മാദ്ധ്യമമായി വർത്തി ക്കുന്നത്. വചനത്തിലൂടെ സംഭവിക്കു

ന്ന ഈ സംബന്ധത്തെക്കുറിച്ച് സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിലെ നമ്പർ 303-310 ഖണ്ഡികളിൽ, എന്താണ് തെളിയിക്കപ്പെട്ടിരിക്കുന്നതെന്ന് ശ്രദ്ധിക്കുമല്ലൊ.

**65.** ഈ അർത്ഥങ്ങളുടെ തുറക്കപ്പെടൽ ഫലവത്താകുന്നത് എപ്രകാരമാണ് എന്നത് ഏതാനും വാക്കുകളിലൂടെ ഞാൻ പ്രസ്താവിക്കാം. ഇത് മനസ്സിലാക്കുന്നതിന് മുകളിൽ നമ്പർ 6, 38 ഖണ്ഡികകളിൽ അനുബന്ധ ക്രമം, തത്സമയ സംഭവക്രമം എന്നിവയെക്കുറിച്ച് പറഞ്ഞിട്ടുള്ള സംഗതികൾ അനുസ്മരിക്കേണ്ടത് അത്യാവശ്യമാണ്. സ്വർഗ്ഗീയവും ആത്മീകവും പ്രകൃതീപരവും ആയവ ഒന്നിനു പിറകേ മറ്റൊന്നായി അനിസ്യൂതം, സ്വർഗ്ഗത്തിലെ സമുന്നിതിയിൽ നിന്ന് ഭൂമിയിലെ ഏറ്റവും അധോഭാഗത്തേക്ക് അഥവാ അന്തിമതലത്തിലേക്ക്, അതായത് പ്രകൃതിതലമെന്ന് വിളിക്കപ്പെടുന്ന ഏറ്റവും താണ തലത്തിലേക്ക്, പ്രവഹിക്കുന്നു എന്ന് അതിൽ വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ തത്സമയ സംഭവക്രമത്തിൽ അടുത്തതായി, ഒരേ സമയത്തായ ഏറ്റവും അന്തർഭാഗത്തു നിന്ന്, ഏറ്റവും ബാഹ്യതലമായ പ്രകൃതി തലത്തിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കുന്നു. അതുപോലെ തന്നെ വചനത്തിന്റെ അനുബന്ധക്രമത്തിലുള്ള അർത്ഥതലങ്ങളും, അതായത് സ്വർഗ്ഗീയവും ആത്മീകവും പ്രകൃതിപരവും ആയവയും തത്സമയ സംഭവക്രമത്തിൽ എന്നതുപോലെ സമഞ്ജസമായി പ്രവഹിച്ചു കൊണ്ടിരിക്കുന്നു, ആത്മീകവും, സ്വർഗ്ഗീയവുമായ അർത്ഥങ്ങൾ പ്രകൃതി തലമായ അക്ഷരീകാർത്ഥത്തിൽ നിന്ന് എപ്രകാരമാണ് തുറക്കപ്പെട്ട് പുറപ്പെടുന്ന തെന്ന്, ഒരു മനുഷ്യൻ തിരുവചനത്തെ പാരായണം ചെയ്യുകയും, പ്രസ്തുത സംഗതികളെ ഗ്രഹിക്കുകയും ചെയ്യുമ്പോഴെക്കും ഒരു അളവുവരെ വിശദമാക്കപ്പെടുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ അപ്പോൾ ആത്മീക ദൂതൻ ആത്മീകമായവനെ വെളിയിലേക്ക് വിളിച്ചു കൊണ്ടുവരുന്നു. അങ്ങനെ അല്ലാതെ അവർക്ക് ചെയ്യാൻ പറ്റുകയില്ല എന്തുകൊണ്ടെന്നാൽ, സംഗതികളെല്ലാം അവയുടെ ആന്തരീക സത്തയിൽ ഒരുപോലെയാകുന്നു, ഒന്നാകുന്നു. അവയുടെ തനതായ സത്തയിൽ അവയെല്ലാം സമഞ്ജസമായി സമ്മേളിക്കുകയും ചെയ്യുന്നു.

**66.** പ്രകൃതിയിലെ മൂന്നു രാജ്യങ്ങളായ ജന്തുലോകം, സസ്യലോകം, ധാതുലവണ ലോകം എന്നിവയോട് താരതമ്യം ചെയ്തുകൊണ്ട് ഇതിനെ വിവരിക്കുകയും തെളിയിക്കുകയും ചെയ്യുന്നതാണ്. ജന്തുലോകത്തിൽ നിന്ന് ആഹാരം ദഹിച്ച് അന്നരസ ദ്രാവകം ആയിത്തീരുമ്പോൾ രക്തക്കുഴലുകൾ അതിൽ നിന്ന് രക്തത്തിന് ആവശ്യമായ പോഷക രസങ്ങൾ ആഗിരണം ചെയ്യുന്നു. നാഡീഞരമ്പുകൾ അവയ്ക്ക് ആവശ്യമായ രസങ്ങളെ സ്വീകരിക്കുന്നു. നാഡീഞരമ്പുകളുടെ ഉത്ഭവത്തിനാവശ്യമായ ജന്തുജ ആത്മാവിനെ നൽകുകയും ചെയ്യുന്നു.

സസ്യലോകത്തിൽ നിന്ന്; തായ്ത്തടിയും, ശാഖശിഖരങ്ങളും, ഇലകളും, പൂക്കളും, കായ്കളുമുള്ള വൃക്ഷം വേരുകളാൽ സന്ധാരണം ചെയ്യപ്പെടുന്നു. വേരുകൾ മണ്ണിൽ നിന്ന് പോഷക സമ്പന്നമായ ഒരു ദ്രാവകത്തെ അതിന്റെ കാണ്ഡത്തിനുവേണ്ടി കാണ്ഡത്തിലൂടെ

ശിഖരങ്ങളിലേക്കും ഇലകളിലേക്കും അയച്ചു കൊടുക്കുകയും ചെയ്യുന്നു. കൂടുതൽ സംശുദ്ധമായ പോഷക ദ്രാവകത്തെ ഫലങ്ങൾക്കും കായ്കൾക്കും വേണ്ടിയും അതിനേക്കാൾ ശുദ്ധമായതിനെ അതിന്റെ കായ്കളിലെ വിത്തുകൾക്കു വേണ്ടിയും നൽകുകയും ചെയ്യുന്നു.

ധാതു ലവണലോകത്തിൽ നിന്ന് ഭൂമിയുടെ അന്തർഭാഗത്തുള്ള ഗഹ്വരങ്ങളിൽ, സ്വർണ്ണം, വെള്ളി, ഇരുമ്പ് മുതലായ ധാതുക്കൾ അന്തർഭവിച്ചിട്ടുള്ള ധാതുലവണങ്ങളും, ലോഹ അയിരുകളും സമ്പന്നമായി സംഭരിക്കപ്പെട്ടിരിക്കുന്നു. അവയെ ഉത്ഖനനം ചെയ്ത് സംസ്ക്കരിക്കുമ്പോൾ ഭൂമിയിൽ നിഗൂഢമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന സ്വർണ്ണം, വെള്ളി, ഇരുമ്പ് എന്നീ മൂലകങ്ങൾ ഉത്ഭൂതമാകുകയും ചെയ്യുന്നു.

**67** മനുഷ്യരുടെ പക്കലുള്ള തിരുവചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ നിന്ന് ആത്മീകവും, സ്വർഗ്ഗീയവുമായ ദൂതൻമാർ അവരുടെ സത്ത കളെയും അർത്ഥങ്ങളെയും പ്രാപിക്കുന്നത് എങ്ങനെയാണെന്ന് ദൃഷ്ടാന്ത സഹിതം തെളിയിക്കാം. ഉദാഹരണത്തിന് പത്തു കല്പന കളിലെ അഞ്ചു കല്പനകൾ എടുക്കാം നീ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക, അപ്പൻ, അമ്മ എന്നീ പദങ്ങൾ കൊണ്ട് ഒരോ മനുഷ്യനും ഈ ഭൂമിയിലെ അപ്പനെയും അമ്മയെയും മനസ്സിലാക്കുന്നു. അതുപോലെ ബഹുമാനിക്ക എന്ന പദം കൊണ്ട് അവരെ ആദരിക്കു വാനും, അനുസരിപ്പാനും മനസ്സിലാക്കുന്നു. എന്നാൽ ഒരു ആത്മീക ദൂതൻ അപ്പൻ എന്ന് പദം കൊണ്ട് മനസ്സിലാക്കുന്നത് കർത്താവിനെയും അമ്മ എന്ന പദം കൊണ്ട് സഭയെയും ആകുന്നു. ബഹുമാനിക്ക എന്ന പദം കൊണ്ട് മനസ്സിലാക്കുന്നത് സ്നേഹിക്കുക എന്നാണ് സ്വർഗ്ഗീയ ദൂതൻ അപ്പൻ എന്നതുകൊണ്ട് കർത്താവിന്റെ ദൈവീക സ്നേഹം എന്നും അമ്മ എന്നതുകൊണ്ട് അവന്റെ ദൈവീക ജ്ഞാനം എന്നുമാണ് മനസ്സിലാക്കുന്നത് ബഹുമാനിക്ക എന്നതുകൊണ്ട് അവനിൽ നിന്നുള്ള നന്മ ചെയ്യുക എന്നാണ് മനസ്സിലാക്കും

നീ മോഷ്ടിക്കരുത് മോഷ്ടിക്കുക എന്ന പദത്തിൽ നിന്ന് മോഷണം, കപടാപഹരണം, അയൽക്കാരന്റെ വകകൾ ചതിവിലും വഞ്ചനയിലും അപഹരിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് മനസ്സിലാക്കുന്നത്. എന്നാൽ ആത്മീക ദൂതൻ "മോഷ്ടിക്കൽ" കൊണ്ട് മനസ്സിലാക്കുന്നത് കാപട്യത്താലും ദുഷ്പ്രവൃത്തികളാലും, മറ്റുള്ളവരുടെ സത്യവും വിശ്വാസവും ഔദാര്യസ്നേഹത്തിന്റെ നന്മകളും അപരിഹരിക്കുന്നതിനെയാണ് എന്നാൽ സ്വർഗ്ഗീയ ദൂതൻ "മോഷ്ടിക്കുക" എന്നതുകൊണ്ട് മനസ്സിലാക്കുന്നത് കർത്താവിനുള്ളതിനെ സ്വന്തമാക്കി എടുക്കുന്നതും, അവന്റെ നീതിയും സത്ഗുണങ്ങളും നേട്ടങ്ങളും അവക്കു സ്വന്തമാണെന്ന് അവകാശപ്പെടുന്നതും ആകുന്നു.

"നീ വ്യഭിചാരം ചെയ്യരുത്" വ്യഭിചാരം ചെയ്യുക എന്നതുകൊണ്ട് ഒരു മനുഷ്യൻ മനസ്സിലാക്കുന്നത്" അവിഹിത ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതും" വേശ്യാവൃത്തി ചെയ്യുന്നതും അശ്ലീല പ്രവൃത്തികളിൽ ഏർപ്പെടുന്നതും, കാമോത്തേജക സംഭാഷണങ്ങളിൽ ഏർപ്പെടുന്നതും, അശ്ലീല

ചിന്തകളിൽ മുഴുകുന്നതും ആകുന്നു. എന്നാൽ ആത്മീക ദൂതൻ മനസ്സിലാക്കുന്നത് "വ്യഭിചാരം ചെയ്യുക" എന്നാൽ, വചനത്തിന്റെ നന്മയുമായി തിന്മയെ കൂട്ടിക്കലർത്തുന്നതും, അതിന്റെ സത്യങ്ങളെ അസത്യങ്ങളാക്കിത്തീർക്കുന്നതുമാണ്. എന്നാൽ സ്വർഗ്ഗീയദൂതൻ മനസ്സിലാക്കുന്നത് ''വ്യഭിചാരം" ചെയ്യുക എന്നാൽ കർത്താവിന്റെ ദൈവീകത്വത്തെ ത്യജിക്കുകയും വചനത്തിന്റെ പവിത്രതയെ നഷ്ടമാക്കി കളങ്കിതം ആക്കുന്നതിനെയാണ്.

"നീ കുല ചെയ്യരുത്" "കുല ചെയ്യുക എന്നതുകൊണ്ട് മനുഷ്യൻ മനസ്സിലാക്കുന്നത് വിദ്വേഷത്തെ വളർത്തുന്ന പ്രതികാരം ചെയ്യുന്നതിനായി ഒരുങ്ങുകയും കഴിയുമെങ്കിൽ കൊല്ലുന്നതിനും വരെ വ്യഗ്രത കാണിക്കുന്നതും ആകുന്നു. ആത്മീകദൂതൻ കുല ചെയ്യുന്നതിനെക്കുറിച്ച് മനസ്സിലാക്കുന്നത് സാത്താനെപ്പോലെ പെരുമാറുന്നതും ഒരു മനുഷ്യന്റെ ദേഹിയെ നശിപ്പിക്കുന്നതും ആകുന്നു. എന്നാൽ സ്വർഗ്ഗീയ ദൂതൻ കുല ചെയ്യുന്നതിനെക്കുറിച്ച് മനസ്സിലാക്കുന്നത് കർത്താവിനെ വെറുക്കുന്നതും കർത്താവുമായി ബന്ധപ്പെട്ട സകല സംഗതികളെയും വർജ്ജിക്കുന്നതുമാകുന്നു.

(5) "നീ കള്ള സാക്ഷ്യം പറയരുത്" "കള്ളസാക്ഷ്യം" പറയുക എന്നതുകൊണ്ട് മനസ്സിലാക്കുന്നത് കള്ളം പറയുന്നതും ദുഷ്കീർത്തി പരത്തി അപമാനിക്കുന്നതും ആകുന്നു. ആത്മീകദൂതൻ മനസ്സിലാക്കുന്നത് "കള്ള സാക്ഷ്യം പറയുക" എന്നതുകൊണ്ട് അസത്യമാണ് സത്യമെന്നും തികൾ നന്മയാണെന്നും, മറിച്ചും പ്രസ്താവിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. എന്നാൽ സ്വർഗ്ഗീയദൂതൻ മനസ്സിലാക്കുന്നത് കള്ള സാക്ഷ്യം പറയുക എന്നാൽ ദൈവദൂഷണം പറയുക എന്നും കർത്താവിനെ ദുഷിച്ച് പറയുക എന്നതുമാകുന്നു.

6) വചനത്തിന്റെ അക്ഷരീകാർത്ഥത്തിൽ നിന്ന് അതിൽ അന്തർലീനമായിരിക്കുന്ന ആത്മീകാർത്ഥവും, സ്വർഗ്ഗീയാർത്ഥവും എപ്രകാരമാണ് വിപാടനം ചെയ്യപ്പെടുന്നതെന്ന് ഈ ദൃഷ്ടാന്തങ്ങളിൽ നിന്ന് ദൃശ്യമാകുന്നുവല്ലോ. ഇതിലും വിസ്മയകരമായ സംഗതി എന്തെന്നാൽ മനുഷ്യന്റെ ചിന്തകൾ എന്തെല്ലാമാണ് എന്ന് അറിയാതെ ദൂതന്മാർ അവരുടെ സത്തകൾ പുറപ്പെടുവിക്കുന്നു എന്നതാണ്. എങ്കിലും ആത്മീക സാദൃശ്യാശയം ദൂതന്മാരുടെയും മനുഷ്യരുടെയും ചിന്തകൾക്ക് ഏകീഭാവം ഉണ്ടാക്കുന്നു. അത് ലക്ഷ്യം, കാരണം, ഫലം എന്നീ ഘടനയിൽ ആകുന്നു. കാരണം എന്തെന്നാൽ ഇവയിൽ ലക്ഷ്യം സ്ഥിതിചെയ്യുന്നത് സ്വർഗ്ഗീയരാജ്യത്തിലും, കാരണങ്ങൾ ആത്മീകരാജ്യത്തിലും, ഫലങ്ങൾ പ്രകൃതിതല അക്ഷരീകാർത്ഥ രാജ്യത്തിലുമാകുന്നു. സാദൃശ്യാശയപ്രകാരമുള്ള സംബന്ധം ഉണ്ടാകുന്നത് സൃഷ്ടിപ്പിൽ ആകുന്നു. അപ്രകാരം ദൂതന്മാരുമായുള്ള സമ്പർക്കം സഫലമാകുന്നത് വചനത്തിന്റെ കാരണത്താലുമാണ്.

**68**. മനുഷ്യനും ദൂതന്മാരുമായുള്ള സമ്പർക്കം വചനത്തിന്റെ പ്രകൃതിതലമായ അക്ഷരീകാർത്ഥത്തിലൂടെയാകുന്നു. മാത്രവുമല്ല, സൃഷ്ടിയിലൂടെ തന്നെ മനുഷ്യന് മൂന്നുതരം ജീവിതതലങ്ങൾ ലഭ്യമായിട്ടുണ്ടല്ലോ. സ്വർഗ്ഗീയതലം, ആത്മീയതലം, പ്രകൃതിതലം എന്നിവ. എങ്കിലും മനു

ഷ്യൻ ഈ ഭൂമിയിൽ ആയിരിക്കുന്ന കാലം അത്രയും പ്രകൃതിതലത്തിൽ ആയിരിക്കും. എന്നാൽ അവൻ വാസ്തവീക സത്യത്തിൽ ആയിരിക്കുന്ന കാലത്തോളം അവൻ ആത്മീകതലത്തിൽ ആയിരിക്കുകയും ചെയ്യും. അപ്രകാരം തന്നെ അവന്റെ ജീവിതം പ്രസ്തുത സത്യങ്ങളിൻ പ്രകാരം ആയിരിക്കുമ്പോൾ മാത്രം അവൻ സ്വർഗ്ഗീയതലത്തിൽ ആയിരിക്കുകയും ചെയ്യും. എങ്കിലും അയാളുടെ മരണാനന്തരം വരെ അയാൾ ആത്മീകതലത്തിലോ സ്വർഗ്ഗീയതലത്തിലോ നേരിട്ട് പ്രവേശിക്കുന്നതല്ല. ഈ വിഷയത്തെ സംബന്ധിച്ച് അന്യത്ര കൂടുതൽ കാര്യങ്ങൾ പ്രസ്താവിക്കുന്നതാകുന്നു.

**69.** ഇതുവരെയും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതിൽ നിന്ന് വചനത്തിലൂടെ മാത്രം കർത്താവുമായി സംബന്ധവും, ദുതന്മാരുമായി സമ്പർക്കവും ഉണ്ടാകുന്നതിനാൽ അതിനുള്ളിൽ ആത്മാവും ജീവനും ഉൾക്കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാകുന്നുണ്ടല്ലോ. കർത്താവ് ഇപ്രകാരം ഉപദേശിക്കുന്നുണ്ട്:

"ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു." യോഹ 6:63

"ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും." യോഹ 4:14

"മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു." മത്തായി 4:4

"നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടില്ല, നിത്യജീവങ്കലേക്ക് നിലനില്ക്കുന്ന ആഹാരത്തിനായിട്ടുതന്നേ പ്രവർത്തിപ്പിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്കു തരും." യോഹ 6: 27

7

## വചനം സമസ്ത സ്വർഗ്ഗങ്ങളിലും ഉണ്ട്. അത് ദൂതന്മാരുടെ ജ്ഞാനത്തിന്റെ ഉറവിടവും ആകുന്നു.

**70.** വചനം സ്വർഗ്ഗങ്ങളിലും സ്ഥിതി ചെയ്യുന്നുണ്ടെന്ന് ഇതുവരെയും അജ്ഞാതമായിരുന്നു. തീർച്ചയായും, ദുതന്മാരും, ആത്മാവുകളും ലോകത്തിലെ മനുഷ്യരെപ്പോലെ, മനുഷ്യരാണെന്നും, മനുഷ്യർക്കുള്ളതു പോലെ സകലപ്രകാരത്തിലും തത്തുല്യമായി സർവ്വസംഗതികളും ഉണ്ടെന്നുമുള്ള വാസ്തവത്തെക്കുറിച്ച് സഭയ്ക്ക് അജ്ഞതയായിരുന്നതിനാൽ അത് അറിവാൻ കഴിയുമായിരുന്നില്ല.

ഒരു വ്യത്യാസം മാത്രം: അതായത്, ദൂതന്മാർ ആത്മീയരാണ്. അവർക്കുള്ള സകല സംഗതികൾക്കും ആത്മീകമായ ഉത്ഭവം ഉണ്ട്. ഭൂമിയിലെ മനുഷ്യരാകട്ടെ പ്രകൃതിതലത്തിൽ ഉള്ളവർ ആണ്. അവരിലുള്ള സകലസംഗതികൾക്കും പ്രകൃതിയോടു ബന്ധപ്പെട്ടുള്ള ഉത്ഭവമാണുള്ളത്. ഈ സംഗതികൾ മനുഷ്യർക്ക് അജ്ഞാതമായിരുന്നതുകൊണ്ട് വചനം സ്വർഗ്ഗങ്ങ

ളിലും സ്ഥിതി ചെയ്യുന്നുണ്ടെന്നും, സ്വർഗ്ഗത്തിലെ ദൂതന്മാരും, സ്വർഗ്ഗങ്ങൾക്കു താഴെയുള്ള ആത്മാക്കളും അവയെ പാരായണം ചെയ്യുന്നുണ്ട് എന്നുമുള്ള സത്യം അവർക്ക് അറിവാൻ കഴിഞ്ഞിരുന്നില്ല. ഈ സദാകാലത്തോളവും അജ്ഞാതമായിരിക്കേണ്ടതിനുവേണ്ടി എനിക്ക് ദൂതന്മാരും ആത്മാക്കളു മായും സംസർഗ്ഗം ചെയ്യുന്നതിനും, അവരുമായി സംഭാഷിക്കുന്നതിനും അവരുടെ സാഹചര്യങ്ങളും ചുററുപാടുകളും നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും, ഞാൻ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ തദനന്തരം മററുള്ളവരെ അറിയിക്കുന്നതിനും എനിക്ക് അനുവാദം ലഭിക്കുകയുണ്ടായി. 1758ൽ ലണ്ടനിൽ പ്രസിദ്ധീകരിക്ക പ്പെട്ടിട്ടുള്ള സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ ഞാൻ വിശദീകരി ച്ചിട്ടുണ്ട്. ദൂതന്മാരും ആത്മാക്കളും മനുഷ്യരാണെന്ന് ആ ഗ്രന്ഥത്തിലെ നമ്പർ 73-77 ഖണ്ഡികകളിലും, നമ്പർ 453-456 ഖണ്ഡികകളിലും കാണാൻ കഴിയുന്നതാണ്. ഭൂമിയിലുള്ള മനുഷ്യരെ എന്നതുപോലെ, ദൂതന്മാരെയും ആത്മാക്കളെയും, അപ്രകാരമുള്ള സംഗതികൾ വലയം ചെയ്തിരിക്കുന്നു. എന്നുമുള്ള വസ്തുകൾ നമ്പർ 170-190 ഖണ്ഡികകളിൽ വിവരിക്കപ്പെ ട്ടിട്ടുണ്ട്. അതുപോലെ തന്നെ അവിടെയും ദൈവീകാരാധനയും ഉപദേശ പ്രസംഗങ്ങളും അവരുടെയും ദേവാലയങ്ങളിൽ ഉണ്ടെന്നും ഉള്ള വസ്തുത നമ്പർ 221-227 ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്. ലേഖനങ്ങൾ, ഗ്രന്ഥങ്ങൾ എന്നിവയും ഉണ്ടെന്ന് നമ്പർ 258-264 ഖണ്ഡികകളിലും, വചനവും ഉണ്ടെന്ന് നമ്പർ 259 ഖണ്ഡികയിലും വിശദീകരിച്ചിട്ടുണ്ട്.

**71.** സ്വർഗ്ഗത്തിലെ വചനമാകട്ടെ, അത് ആത്മീകശൈലിയിൽ ആണ് രചിക്കപ്പെട്ടിരിക്കുന്നത്. അക്ഷരീകാർത്ഥത്തിൻെറ സ്വാഭാവിക ശൈലിയിൽ നിന്ന് അത് വ്യത്യസ്ഥമാണ്. ആത്മീക ശൈലിയിൽ അക്ഷരങ്ങൾ മാത്രമേയുള്ളൂ ഓരോന്നിനും ഓരോരോ അർത്ഥവും ഉണ്ട്. ഓരോ അക്ഷരത്തിൻെറയും മുകളിൽ കൊടുത്തിരിക്കുന്ന ബിന്ദുക്കൾ അർത്ഥത്തെ വിപുലീകരിക്കുന്നു. ആത്മീകലോകത്തിലെ ദൂതന്മാരുടെ ഉപയോഗത്തിലുള്ള അക്ഷരങ്ങൾ ഭൂലോകത്തിലെ അച്ചടി ഭാഷയിൽ ഉപയോഗിക്കുന്ന അക്ഷരങ്ങൾ പോലെ തന്നെയാണ്. അതുപോലെ, സ്വർഗ്ഗീയ രാജ്യത്തിലെ ദൂതന്മാരുടെ അക്ഷരങ്ങളിൽ ഓരോന്നിനും സമ്പൂർണ്ണമായ ഓരോരോ അർത്ഥമുണ്ട്. അവയാകട്ടെ പ്രാചീന കാലത്തെ എബ്രായ അക്ഷരങ്ങൾ പോലെ, വ്യത്യസ്തമായി വളച്ചു തിരിച്ച് വിഭക്തികൾ ചേർത്ത് ഉള്ളിലും പുറമെയും ചില അടയാളങ്ങൾ കൊടുത്ത് എഴുതുന്നു.

ദൂതന്മാരുടെ അക്ഷരങ്ങളും, എഴുതുന്ന രീതികളും ഇപ്രകാരമാകയാൽ നമ്മുടെ വചനത്തിൽ എന്നപോലെ അവരുടെ വചനത്തിൽ വ്യക്തിനാമങ്ങളോ, സ്ഥലനാമങ്ങളോ ഇല്ല. എന്നാൽ പേരുകൾക്കു പകരമായി അവയെ സൂചിപ്പിക്കുന്ന സംഗിതകൾ ഉണ്ട്. അപ്രകാരം മോശെ എന്നതിനു പകരം ചരിത്രപരമായ വചനവും, ഏലിയാവ് എന്നതിനു പകരം പ്രവചന വചനവും ഉപയോഗിക്കപ്പെടുന്നു. അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്

മുതലായവകൾക്കു പകരം ദൈവീകത്വമുള്ള കർത്താവ്, ദൈവീകത്വമു മാനുഷീകത്വം എന്നിവയും, അഹരോൻ പകരം പൗരോഹിത്വം, ദാവീദിനുപകരം രാജത്വം എന്നിവയും ഉപയോഗിക്കപ്പെടുന്നുണ്ട്. കർത്താവിന് വേണ്ടി ഇവ രണ്ടും ഉപയോഗിക്കാം. യാക്കോബിൻെറ പന്ത്രണ്ടു മക്കൾക്ക് പകരമായി അഥവാ യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിനും പകരമായി സ്വർഗ്ഗത്തെയും സഭയെയും പ്രതിനിധീകരിക്കുന്ന പല സംഗതികളും ഉണ്ടല്ലോ. അതുപോലെ തന്നെ പന്ത്രണ്ട് ശിഷ്യന്മാർക്കും പകരമായി അവരെ പ്രതിനിധീകരിക്കുന്ന സംഗതികളും ഉണ്ട്.

സീയോനും യരുശലേമിനും പകരമായി, വചനാനുസരണം സഭയും, വചനാനുസരണമുള്ള ഉപദേശവും ഉണ്ട്. കനാൻ ദേശത്തിനു പകരമായി സഭയും, യോർദ്ദാന് ഇക്കരെയും അക്കരെയുമുള്ള നഗരങ്ങൾക്കു പകരമായി സഭയെയും, ഉപദേശത്തെയും സംബന്ധിച്ചുള്ള വിവിധ കാര്യങ്ങൾ ഉണ്ട്. അതുപോലെ മററുപേരുകളെ സംബന്ധിച്ചും. സംഖ്യകളെ സംബന്ധിച്ചും ഇപ്രകാരം വ്യംഗ്യാർത്ഥങ്ങളുണ്ട്. സംഖ്യകൾ ഒന്നും സ്വർഗ്ഗത്തിലുള്ള വചനത്തിൻെറ പകർപ്പിൽ ഇല്ല. എന്നാൽ അവയ്ക്കുപകരം വചനത്തിൽ കൊടുത്തിരിക്കുന്ന സംഖ്യകൾ സൂചിപ്പിക്കുന്ന സാദൃശ്യാശയ സംഗതികൾ നൽകപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമായിട്ടുണ്ടാവും സ്വർഗ്ഗത്തിലുള്ള വചനം നമ്മുടെ വചനത്തിൻെറ സാദൃശ്യാശയപകർപ്പാണ് അവയെല്ലാം ഒന്നുതന്നെ ആകുന്നു. ആകയാൽ സാദൃശ്യാശയ സംഗതികളും ഒന്നു തന്നെ ആകുന്നു. സാദൃശ്യാശയം അവയെ ഒന്നാക്കുന്നു.

**72**. ലളിത മനസ്കർ വളരെ സരളമായും, ബുദ്ധിമാന്മാർ ജ്ഞാനത്തോടും കൂടി വചനം ഗ്രഹിക്കത്തക്ക വിധത്തിലാണ് സ്വർഗ്ഗങ്ങളിലെ വചനം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് എന്ന സംഗതി വിസ്മയകരമായ ഒരു സാഹചര്യമാണ്. എന്തുകൊണ്ടെന്നാൽ അതിലെ അക്ഷരങ്ങളുടെ മുകളിൽ അതിൻെറ അർത്ഥത്തെ വിപുലമാക്കുന്നതായി നിരവധി ബിന്ദുക്കളും ചിഹ്നങ്ങളും ഇട്ടിട്ടുണ്ടായിരുന്നു. ലളിത മനസ്കർ അവയെ പരിഗണിക്കുകയോ ഗ്രഹിക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ, ജ്ഞാനികൾ അവയെ പരിഗണിക്കുകയും ഓരോരുവൻെറയും ജ്ഞാനത്തിന് അനുഗുണമായി അവയെ ഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. ഏറെ ജ്ഞാനമുള്ളവർ ഏററവും ജ്ഞാനമുള്ള സംഗതികൾ ഗ്രഹിക്കുന്നു. ദൂതന്മാർ കർത്താവിൻെറ പ്രേരണയാൽ രചിച്ചിട്ടുള്ള വചനപ്പകർപ്പ് സ്വർഗ്ഗങ്ങളിലെ ഒട്ടനവധി സംഘത്തിനാലും അതിന്റെ വിശുദ്ധ കലവറയിൽ സൂക്ഷിച്ചുണ്ട്. മററ് എവിടെയെങ്കിലും ആയിരുന്നാൽ അതിൻെ ഉള്ളടക്കത്തിന് എന്തെങ്കിലും ഭേദഗതികൾ ആരെങ്കിലും വരുത്തിയേക്കാനിടയുണ്ടാകുമല്ലോ. നമ്മുടെ വചനം തീർച്ചയായും സ്വർഗ്ഗങ്ങളിലെ വചനവുമായി ഈ പ്രത്യേകതയിൽ ഒരു പോലെയാണ്. അതായത് സാധാരണക്കാർ ലളിതമായ രീതിയിലും, ബുദ്ധിമാന്മാരായ

ജ്ഞാനികൾ ഗഹനമായും വചനത്തെ മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നാൽ സ്വർഗ്ഗങ്ങളിൽ അത് ഫലിക്കുന്നത് മറെറാരു തരത്തിൽ ആണെന്ന് മാത്രം.

**73.** ദൂതന്മാർ അവരുടെ ജ്ഞാനത്തെ സമാർജ്ജിക്കുന്നത് വചനത്തിൽ നിന്നാണെന്ന് അവർ തന്നെ സമ്മതിച്ചിട്ടുണ്ട്. അവരുടെ ഗ്രഹണ ശക്തിക്കും പരിജ്ഞാനത്തിനും അനുസരിച്ച് അവരിൽ വ്യത്യസ്തമായ അളവുകളിലാണ് സ്വർഗ്ഗത്തിലെ പ്രകാശമായ ദൈവീകജ്ഞാനം പ്രാപിക്കുകയും അതിൻെറ പ്രകാശവലയത്തിൽ അവർ ആയിരിക്കുകയും ചെയ്യുന്നത്. വചനത്തിന്റെ പകർപ്പ് സൂക്ഷിക്കപ്പെട്ടിട്ടുള്ള ദൈവീക കലവറയിൽ നിന്നുള്ള പ്രകാശം സ്വർഗ്ഗത്തിനു വെളിയിലുള്ള എല്ലാ വെളിച്ചത്തേക്കാളും മികച്ചു ജ്വലിച്ചു തിളങ്ങുന്നാതാണ്. മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ അതായത് കർത്താവ് വചന ത്തിൽ ഉണ്ട് എന്നതാണ് കാരണം.

**74.** ആത്മീക ദൂതന്മാരുടെ ജ്ഞാനം മനുഷ്യരുടെ ജ്ഞാനത്തെ അതിരു കടക്കുന്നതുപോലെ, സ്വർഗ്ഗീയ ദൂതന്മാരുടെ ജ്ഞാനം ആത്മീക ദൂതന്മാരുടെ ജ്ഞാനത്തെ അതിരു കടക്കുന്നു. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗീയ ദൂതന്മാർ കർത്താവിൽ നിന്നുള്ള സ്നേഹത്തിൻെറ നന്മയിൽ ജീവിക്കുന്നവരാണ്. സ്നേഹത്തിൻെറ നന്മ ഉള്ളേടത്ത് ജ്ഞാനം ഉണ്ട്. എന്നാൽ സത്യം ഉള്ളേടത്ത് സ്നേഹത്തിൻെറ നന്മയുള്ളതിനേക്കാൾ അധികമായുള്ള ജ്ഞാനമില്ല. ഇതുകൊണ്ടാണ് ആത്മീകരാജ്യത്തിൽ ഉള്ളതിനേക്കാൾ വ്യത്യസ്തമായി സ്വർഗ്ഗീയ രാജ്യത്തിലുള്ള വചനം രചിക്കപ്പെട്ടിരിക്കുന്നു. എന്തു കൊണ്ടെന്നാൽ സ്വർഗ്ഗീയ രാജ്യത്തിലെ വചനത്തിൽ സ്നേഹത്തിൻെറ നന്മകളാണ് പ്രകടമായിരിക്കുന്നത്. അടയാളങ്ങൾ സൂചിപ്പിക്കുന്നത് മമതകളെയും; അതേ സമയം ആത്മീകരാജ്യത്തിലെ വചനത്തിൽ ജ്ഞാനത്തിൻെറ സത്യങ്ങൾ പ്രകടമാക്കുന്നത് ജ്ഞാനത്തിന്റെ സത്യങ്ങളേയും അടയാളങ്ങൾ സൂചിപ്പിക്കുന്നത് അവബോധങ്ങളേയും ആണ്.

**75.** ഭൂലോകത്തിലുള്ള തിരുവചനത്തിൽ ഗുപ്തമായിരിക്കുന്ന ജ്ഞാനം എന്തായിരിക്കാമെന്ന് ഇതിൽ നിന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. കാരണം എന്തെന്നാൽ ഇതിനുള്ളിൽ സമസ്ത ദൂതസഹജമായ ജ്ഞാനവും സ്ഥിതി ചെയ്യുന്നുണ്ട്. വചനം അതിൻെറ സ്വീകർത്ത്യ പാത്രമാകയാൽ അത് തികച്ചും അവർണ്ണനീയവുമാണ്. മരണാനന്തരം ഈ ജ്ഞാനത്തിലേക്ക് മനുഷ്യൻ കടന്നു വരുകയും, കർത്താവ് അവനെ വചനപ്രകാരം ഒരു ദൂതനാക്കി തീർക്കുകയും ചെയ്യുന്നു.

8

## സഭ വചനത്തിൽ നിന്നും അതിന്റെ ഗ്രാഹ്യതയ്ക്കനുസരിച്ചു നിലകൊള്ളുന്നു.

**76.** സഭ വചനാടിസ്ഥാനത്തിലാണ് നിലകൊള്ളുന്നതെന്നും. വചനം ദൈവീകസത്യമാണെന്നും നമ്പർ 1–4 ഖണ്ഡിക. സഭയുടെ ഉപദേശം വചനത്തിൽ നിന്നാണെന്നും നമ്പർ 50–61, വചനം മുഖേനെയാണ് കർത്താവുമായുള്ള സംയോഗം ഫലവത്തകുന്നത് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. വചനം മനസ്സിലാക്കുന്നതാണ് സഭയെ നിർമ്മിക്കുന്നത് എന്ന കാര്യം സംശയാസ്പദമായിരിക്കയാണ്. കാരണമുണ്ട് ചിലർ വിശ്വസിക്കുന്നത് അവർ സഭയിൽ ചേർന്നിരിക്കുന്നത് അവർക്ക് വചനം ഉണ്ടെന്നുള്ളതു കൊണ്ടോ, വായിച്ചതുകൊണ്ടോ. ഉപദേശി വായിച്ചുകേൾപ്പിക്കുകയും വചനത്തിന്റെ അക്ഷരീകാർത്ഥം ഗ്രഹിക്കുകയും ചെയ്തതു കൊണ്ടോ ആണെന്നത്രേ. പക്ഷേ അവർക്ക് അറിഞ്ഞുകൂടാ അതിൽ ഏതാനും ഭാഗങ്ങൾ പ്രത്യേകം ഗ്രഹിപ്പാൻ ഉള്ളവയാണെന്ന് മററു ചിലരാകട്ടെ അതിന് യാതൊരു പ്രാധാന്യവും കൽപ്പിക്കാറില്ല തന്നെ. സഭയെ നിർമ്മിക്കുന്നത് വചനമല്ല പ്രത്യുത, വചനത്തെക്കുറിച്ചുള്ള പരിജ്ഞാനം ആണ് സഭയെ രൂപീകരിക്കുന്നത് എന്ന് തെളിയിക്കേണ്ടത് അത്യാവശ്യമായി വരും. അതുപോലെ തന്നെ സഭയുടെ ഗുണനിലവാരം സ്ഥിതി ചെയ്യുന്നത് വചനത്തിന്റെ പരിജ്ഞാനം സഭയിലുള്ളവർക്ക് എത്രമാത്രമുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാകുന്നു. ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾ കൊണ്ട് അത് തെളിയിക്കുവാൻ കഴിയുന്നതാണ്.

**77.** മനുഷ്യന്റെ പക്കലുള്ള വചനം, മനുഷ്യൻ എത്രമാത്രം എങ്ങനെ അറിഞ്ഞിരിക്കുന്നുവോ അതനുസരിച്ചാണു വചനം. മനസ്സിലാക്കേണ്ടതു പോലെ, മനസ്സിലാക്കിയിട്ടില്ലെങ്കിലും വചനം തീർച്ചയായും വചനം തന്നെയാണ്. പക്ഷേ അത് മനുഷ്യനോടൊത്ത് സ്ഥിതി ചെയ്യുന്നില്ല. വചനത്തെ മനസ്സിലാക്കുന്നതിന്റെ നിലവാരം അനുസരിച്ച് അത് സത്യം ആയിരിക്കുന്നു. എന്നാൽ അതിൽ അസത്യങ്ങൾ കലർത്തുന്നതിന്റെ ഫലമായി വചനം അസത്യമാക്കപ്പെടുന്നു. അതുപോലെ തന്നെ വചനം ഗ്രഹിക്കുന്നതിൽ പ്രകാരം അത് ആത്മാവും, ജീവനും ആകുന്നു. പക്ഷേ ഗ്രഹിപ്പാൻ കഴിയാത്തതും, ഗ്രഹിക്കപ്പെടാത്തതുമായ അക്ഷരവും വചനവും നിർജ്ജീവമാകുന്നു. വചനം ഗ്രഹിക്കുന്നതിനനുസരിച്ച് അതായത് വചനത്തെക്കുറിച്ചുള്ള മനുഷ്യന്റെ പരിജ്ഞാനത്തിനനു സൃതമായി അവന് സത്യവും ജീവനും ഉണ്ടാകുന്നു. അപ്രകാരം തന്നെ അവന് വിശ്വാസവും സ്നേഹവും ഉണ്ടാകുന്നു. അപ്രകാരം തന്നെ അവന് വിശ്വാസവും സ്നേഹവും ഉണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ സത്യം വിശ്വാസത്താലും, സ്നേഹം ജീവനാലുമാണ് ഉണ്ടാകുന്നത്. സഭ വിശ്വാസത്താലും, സ്നേഹത്താലും നിലനിൽക്കുന്നതു കൊണ്ടും, അപ്രകാരം തന്നെ വചനത്തിന്റെ പരിജ്ഞാനം കൊണ്ടും അതിൻ പ്രകാരവും സഭ ഒരു സഭയായിത്തീരു

ന്നു. ശ്രേഷ്ഠമായൊരു സഭ, വാസ്തവിക സത്യത്തിൽ ആയിരുന്നാൽ മാത്രം. എന്നാൽ വാസ്തവിക സത്യത്തിൽ അല്ലെങ്കിൽ ശ്രേഷ്ഠതയില്ലാത്ത സഭ ആയിരിക്കുകയും ചെയ്യും. അതുപോലെ തന്നെ, കാപട്യങ്ങളിലും അസത്യങ്ങളിലും ആണെങ്കിൽ ആ സഭ നാശോന്മുഖമായിരിക്കുകയും ചെയ്യും.

**78.** സർവ്വോപരി, കർത്താവ് വചനവും ദിവ്യ സത്യവുമായിരിക്കുന്നതു കൊണ്ട് വചനത്തിലൂടേയും ദിവ്യ സത്യത്തിലൂടേയും മനുഷ്യനോട് സംസാരിക്കയും അവനോടു സയോഗിക്കയും സന്നിഹിതനാവുകയും ചെയ്യുന്നു. ആയത് വചനത്തെ സംബന്ധിച്ച് മനുഷ്യനുള്ള പരിജ്ഞാനത്തിൻെറ അടിസ്ഥാനത്തിൽ കർത്താവു മനുഷ്യനുമായി സംയോഗിക്കയും അവനു സന്നിഹിതന്നവുകയും ചെയ്യുന്നു അതിനനുസരിച്ച് മനുഷ്യനു സത്യവും വിശ്വാസവുമുണ്ട്. അതുപൊലെ തന്നെ സ്നേഹവും തത്ഫലമായി ജീവനും ഉണ്ട്. വചനം മനുഷ്യൻ വായിക്കുന്നതിലൂടെ കർത്താവ് മനുഷ്യനോട് സമീപസ്ഥനും, സന്നിഹിതനുമാണ്. എന്നാൽ വചനത്തെക്കുറിച്ചുള്ള അവൻെറ പരിജ്ഞാനത്തിലൂടെയും, അതിൻ പ്രകാരവും മാത്രമാണ് കർത്താവ് മനുഷ്യനുമായി സംബന്ധപ്പെടുന്നത്. കർത്താവ് മനുഷ്യനുമായി സംബന്ധപ്പെട്ടിരിക്കുന്നതിൻെറ അളവ് അനുസരിച്ച് സഭ അവൻെറ ഉള്ളിൽ ഉണ്ടായിരിക്കും. സഭ മനുഷ്യൻെറ അകത്തളത്തിലാണ്. എന്നാൽ അവന് വെളിയിലുള്ള സഭയാകട്ടെ അനേകരുടെ ഇടയിൽ ഉള്ളതും, അവരിൽ ഓരോരുത്തരുടെയും ഉള്ളിൽ സ്ഥിതി ചെയ്യുന്ന തുമായ സഭയാണ്. ദൈവരാജ്യം എപ്പോൾ വരുന്നു. എന്ന് ചോദിച്ച പരീശന്മാരോട് കർത്താവ് അരുളി ചെയ്ത പ്രത്യുത്തരത്തിൻെറ അർത്ഥം ഇതാകുന്നു. ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെ ഉണ്ടല്ലോ (ലൂക്കോ 17:21) ദൈവരാജ്യം ഇവിടെ ഉണ്ട് എന്നതിൽ നിന്ന് അർത്ഥമാകുന്നത് കർത്താവും അവനിൽ നിന്നുള്ള സഭയും ആകുന്നു.

**79.** സഭ എന്ന വിഷയത്തെ സംബന്ധിച്ചിടത്തോളം പ്രവാചകന്മാർ വചനത്തിൻെറ പരിജ്ഞാനത്തെക്കുറിച്ച് പല വേദഭാഗങ്ങളിലും പരാമർശിച്ചിട്ടുണ്ട്. അവർ ഉപദേശിക്കുന്നത് സഭ സ്ഥിതിചെയ്യുന്നത് വചനം ശരിയായി മനസ്സിലാക്കിയിട്ടുള്ളിടത്തു മാത്രമാണ്. പല വേദഭാഗങ്ങളിലും പ്രവാചകന്മാർ വിശദമായി വർണ്ണിക്കുന്നുണ്ട്. എന്തെന്നാൽ യിസ്രായേല്യസഭകളും, യഹൂദസഭകളും വചനത്തിൻെറ അർത്ഥവും പരിജ്ഞാനവും വ്യാജമാക്കിക്കളഞ്ഞതു കൊണ്ട് ഒന്നടങ്കം നശിച്ചുപോകുകയും നാമവശേഷം ആകുകയും ചെയ്തിരിക്കുന്നു എന്നതാണ്. കാരണമെന്തെന്നാൽ യാതൊന്നും തന്നെ, മററു യാതൊന്നും തന്നെ സഭയെ നശിപ്പിക്കുകയില്ല.

(2) വചനത്തിൻെറ പരിജ്ഞാനം സത്യവും അസത്യവും രണ്ടും, പ്രവാചക പുസ്തകങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും ഹോശേയാ

യുടെ പുസ്തകത്തിൽ എഫ്രയിം എന്ന പദമാണ് വചനത്തിൻെറ പരിജ്ഞാനത്തെ പ്രതിനാധനം ചെയ്യുന്നത്. വചനത്തിൻെറ ഗ്രാഹ്യത സഭയെ രൂപികരിന്നതിനാൽ എഫ്രയിം ഇങ്ങനെ വിളിക്കപ്പെടുന്നു.

എഫ്രയിം എൻെറ വാത്സല്യം പുത്രനോ, ഓമനക്കുട്ടിയോ?

യിരെ 31:20

എഫ്രയിം എൻെറ ആദ്യ ജാതനുമല്ലോ യിരെ 31:9

എഫ്രയിം എൻെറ തലക്കോരിക (എഫ്രയിം യഹോവയുടെ തലയുടെ ശക്തി) സങ്കീ 60:7

വീരനായ മനുഷ്യൻ സെഖ 10:7

എഫ്രയീമിനെ നിറെച്ചുമിരിക്കുന്നു. സെഖ 9:13

എഫ്രയീമിൻെറ മക്കൾ വിളിക്കപ്പെടുന്നത് :

ആയുധം ധരിച്ച വില്ലാളികളായ എഫ്രായീമ്യർ സങ്കീ 78:9

എന്തുകൊണ്ടെന്നാൽ വില്ല് സൂചിപ്പിക്കുന്നത് അസത്യങ്ങളോട് പോരാടുന്ന വചനത്തിൽ നിന്നുള്ള ഉപദേശങ്ങളാണ്. അതേ കാരണത്താൽത്തന:

എഫ്രയീമിനെ യിസ്രായേലിൻെറ വലങ്കൈയ്ക്ക് നേരെയാക്കി. രൂബേനു പകരം കൈകൊണ്ടു ഉല്പത്തി 48:5, 11–15

അങ്ങനെ, അതേകാരണം കൊണ്ടൂ കൂടി തന്നെ:

മോശെ യിസ്രായേൽ മക്കളുടെ അനുഗ്രഹത്തിൽ, അപ്രകാരം എഫ്രയീമിനെ അവൻെറ സഹോദരനായ മനശ്ശെയോടുക്കൂടെ അവരുടെ പിതാവായ യോസേഫിൻെറ നാമത്തിൽ കീഴിൽ മററ് എല്ലാവരെക്കാളും അധികമായി ഉയർത്തി. ആവർ 33:13–17

(3) വചനത്തിൻെറ പരിജ്ഞാനം നശിപ്പിക്കപ്പെട്ടപ്പോൾ സഭയ്ക്കുണ്ടാകുന്ന അവസ്ഥയും പ്രവാചകന്മാർ എഫ്രായീമിൻെറ നാമത്തിലാണ് വിശദമാക്കിയിരിക്കുന്നത്. പ്രത്യേകിച്ചും ഹോശേയാ പ്രവചനത്തിൽ ചുവടേ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്ന് അത് വ്യക്തമായി കാണാമല്ലോ.

അതുകൊണ്ട് യിസ്രായേലും, എഫ്രയീമും തങ്ങളുടെ അകൃത്യത്താൽ ഇടറിവീഴും, ... ശിക്ഷാദിവസത്തിൽ എഫ്രയിം ശൂന്യമാകും ....... എഫ്രയീമിന് മാനുഷകല്പന അനുസരിച്ച് നടപ്പാൻ ഇഷ്ടം തോന്നിയതുകൊണ്ട് അവൻ പീഢിതനും വ്യവഹാരത്തിൽ തോററവനും ആയിരിക്കുന്നു. ... ഞാൻ എഫ്രായീമിന് ഒരു സിംഹം പോലെയും യെഹൂദാ ഗൃഹത്തിന് ഒരു ബാല സിംഹം പോലെയും

ഇരിക്കും. ഞാൻ തന്നേകടിച്ചു കീറി പൊയ്ക്കളയും; ഞാൻ പിടിച്ചുകൊണ്ടുപോകും; ആരും വിടുവിക്കയുമില്ല ഹോശേയാ 5:5, 9, 11 – 14

എഫ്രയീമേ, ഞാൻ നിനക്ക് എന്ത് ചെയ്യേണ്ടു? യെഹൂദയേ, ഞാൻ നിനക്ക് എന്തു ചെയ്യേണ്ടൂ? നിങ്ങളുടെ വാത്സല്യം പ്രഭാതമേഘം പോലെയും. പുലർച്ചക്കു നീങ്ങിപ്പോകുന്ന മഞ്ഞുപോലെയും ഇരിക്കുന്നു. ഹോശേയാ 6:4

അവർ യഹോവയുടെ ദേശത്തു പാർക്കുകയില്ല. എഫ്രയീം മിസ്രയീം ദേശത്തേക്ക് മടങ്ങിപ്പോക്കുകയും അശ്ശൂരിൽ വെച്ച് മലിനമായത് തിന്നുകയും ചെയ്യും. ഹോശേയ 9:3

(4) യഹോവയുടെ ദേശം സഭയാകുന്നു. മിസ്രയീം പ്രാകൃത മനുഷ്യൻെറ ശാസ്ത്രീയ തത്വം ആകുന്നു; അശൂർ അതിൽ നിന്നുള്ള യുക്തിചിന്ത ആകുന്നു. ഈ രണ്ടു പദങ്ങളിൽ നിന്നും വചനത്തിൻെറ പരിജ്ഞാനം അസത്യമാക്കപ്പെട്ടു എന്ന് വ്യക്തമാണ്. അതുകൊണ്ടാണ് എഫ്രയിം മിസ്രയീമിലേക്ക് മടങ്ങിപ്പോകുമെന്നും അശ്ശൂരിൽ വെച്ച് മലിനമായത് തിന്നുമെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്.

എഫ്രയിം കാററിൽ ഇഷ്ടപ്പെട്ട് കിഴക്കൻ കാററിനെ പിന്തുടരുന്നു. അവൻ ഇടവിടാതെ ഭോഷയ്ക്കും ശൂന്യവും വർദ്ധിപ്പിക്കുന്നു. അവർ അശൂര്യരോട് ഉടമ്പടി ചെയ്യുന്നു. മിസ്രയീമിലേക്ക് എണ്ണ കൊടുത്ത യയ്ക്കുന്നു. ഹോശേയാ 12:1

കാററിൽ ഇഷ്ടപ്പെടുക, കിഴക്കൻ കാററിനെ പിന്തുടരുക ഇടവിടാതെ ഭോഷയ്ക്കും ശൂന്യവും വർദ്ധിപ്പിക്കുക എന്നിവയെല്ലാം സത്യത്തെ കപടമാക്കിത്തീർക്കുകയും സഭയെ നശിപ്പിച്ച് ശൂന്യമാക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. എഫ്രയീമിൻെറ പരസംഗവും അതാണ് സൂചിപ്പിക്കുന്നത് പരസംഗം എന്നാൽ വചനത്തിൻെറ പരിജ്ഞാനത്തോട് ഭോഷയ്ക്കും അസത്യങ്ങളും കൂട്ടികലർത്തി. അസത്യങ്ങൾ രൂപീകരി ക്കുക എന്നാണ് അർത്ഥം; അതായത് വാസ്തവീക സത്യത്തോട് ഭോഷയ്ക്ക് കലർക്കുക എന്ന് ചുവടെ ചേർക്കുന്ന ഉദാഹരണങ്ങളിൽ നിന്ന് അത് വ്യക്തമാണ്.

എഫ്രയീമേ നീ ഇപ്പോൾ പരസംഗം ചെയ്തിരിക്കുന്നു.

യിസ്രായേൽ മലിനമായിരിക്കുന്നു. ഹോശേയാ 5:3

യിസ്രായേൽ ഗൃഹത്തിൽ ഞാൻ ഒരു ഭയങ്കര കാര്യം കണ്ടിരിക്കുന്നു. അവിടെ എഫ്രയിം പരസംഗം ചെയ്തു, യിസ്രായേൽ മലിനമായും ഇരിക്കുന്നു. ഹോശേയാ 6:10

യിസ്രായേൽ സഭ തന്നെയാണ്. എഫ്രയീമാകട്ടെ വചനത്തിൻെറ പരിജ്ഞാനം ആകുന്നു. അതിൻെറ അടിസ്ഥാനത്തിൽ അതിനെ

ആശ്രയിച്ച് ആണ് സഭ നിലനില്ക്കുന്നത്. ആകയാൽ എഫ്രയിം പരസംഗം ചെയ്തു എന്നും പറഞ്ഞിരിക്കുന്നു. വചനത്തിൽ ഭോഷ്ക്കും, അസത്യവും കലർത്തുക മുഖേന യഹൂദന്മാരുടെ ഇടയിലുള്ള സഭ സമൂലവും നശീകൃതമായിരിക്കുകയും എഫ്രയിം പരസംഗം ചെയ്തു എന്ന് പറയപ്പെടുകയും ചെയ്യുകയുണ്ടായി.

> എഫ്രയീമേ, ഞാൻ നിന്നെ എങ്ങനെ വിട്ടുകൊടുക്കും? യിസ്രായേലേ ഞാൻ നിന്നെ എങ്ങനെ ഏല്പിച്ചുകൊടുക്കും? ഞാൻ നിന്നെ എങ്ങനെ ആദ്മയെ പോലെയാക്കും? ഞാൻ നിന്നെ എങ്ങനെ സെബോയീമിനെപ്പോലെ ആക്കിത്തീർക്കും? ഹോശേ 11:8

ഹോശേയ പ്രവാചകൻ ഒന്നു മുതൽ അവസാന ആദ്ധ്യായം വരെ വചനത്തിന്റെ വ്യാജവൽക്കരണത്തെ കുറിച്ച് പ്രതിപാദിക്കുന്നു, അതിൻ ഫലം ആയി സഭയുടെ തകർച്ചയേയും, വേശ്യയെന്നതിനാൽ വചനത്തിലുള്ള സത്യത്തെ വ്യാജവൽക്കരീക്കുന്നതിനെ കുറിക്കുന്നു, ആയതുകൊണ്ട് ഹോശേയയോട് സഭയുടെ അവസ്ഥയെ പ്രതിനിധീകരിക്കുവാൻ കൽപ്പിക്കപ്പെട്ടിരുന്നു.

> നീ ചെന്ന് പരസംഗം ചെയ്യുന്ന ഒരു ഭാര്യയേയും പരസംഗത്തിൽ ജനിച്ച മക്കളേയും എടുക്ക. ഹോശേയ 1:2

> വ്യഭിജാരിണിയായിരിക്കുന്ന ഒരു സ്ത്രീയെ സ്നേഹിച്ചു കൊണ്ടിരിക്ക. ഹോശേയ 3:1

തിരുവചനത്തിലുള്ള പരിജ്ഞാനത്തിൻെറ അനുസരിച്ചാണ് സഭയുടെ അവസ്ഥ സ്ഥിതി ചെയ്യുന്നതെന്ന് തെളിയിക്കുന്നതിനു വേണ്ടിയാണ്. ഈ വേദഭാഗങ്ങൾ ഉദ്ധരിച്ചത്. തിരുവചനത്തിൻെറ വാസ്തവീക സത്യങ്ങളിൽ അടിയുറച്ചതാണെങ്കിൽ സഭ അത്യുത്തമവും, മറിച്ച് കപടമാക്കപ്പെട്ടതും അസത്യങ്ങൾ നിറഞ്ഞതുമായ അർദ്ധസത്യങ്ങളിലാണ് നില്ക്കുന്നതെങ്കിൽ നശിച്ചുപോകുന്നതും മലിനമാക്കപ്പെട്ടതുമായ ദുരന്തത്തിൽ ആയിപ്പോകുന്നതായിരിക്കും. എഫ്രയീം എന്ന നാമം സൂചിപ്പിക്കുന്നത് വചനത്തിൻെറ പരിജ്ഞാനമാണെന്ന് സ്ഥിരീകരിക്കപ്പെടുന്നതിനോടൊപ്പം അതിൻെറ വിപരീതാർത്ഥത്തിൽ അത് സൂചിപ്പിക്കുന്നത്. കപടീകൃതമാക്കപ്പെട്ടതും അസത്യങ്ങൾ നിറഞ്ഞതുമായ വചനം പരിണമിക്കുന്നത് സഭയുടെ തകർച്ചയിലും നാശത്തിലും ആയിരിക്കും. എഫ്രയീമിനെക്കുറിച്ച് പരാമർശിക്കുന്ന മററ് വേദഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

ഹോശേയായിൽ: 4:17, 18; 7:1,11; 8:9,11; 9:11–13,16; 10:11; 11:3, 12:1,8,14; 13:1,12

യെശയ്യാവ് : 17:3; 28:1

യിരെമ്യാവ് : 4:15; 31:6, 18

യെഹെസ്കേൽ : 37:16; 48:5

ഓബദ്യാവ് : 19; സെഖ 9:10

9

**വചനത്തിൻെറ ഓരോ വിശദാംശത്തിലും കർത്താവിൻെറയും സഭയുടെയും വിവാഹവും തത്ഫലമായി, നന്മയുടെയും സത്യത്തിൻെറയും വിവാഹവും ഉണ്ട്.**

**80** നാളിതുവരെ അറിയപ്പെടാതിരുന്ന സത്യമാണ് വചനത്തിൻെറ ഓരോ വിശദാംശത്തിലും കർത്താവും സഭയുമായുള്ള വിവാഹക്കാര്യം ഉണ്ടെന്നുള്ളതും, മാത്രവുമല്ല അതിൻെറ ഫലമായി നന്മയും സത്യവും തമ്മിലുള്ള വിവാഹവും നടക്കുന്നുണ്ടെന്നുള്ളത്, ഏങ്കിലും അത് കാണാൻ കഴിയുന്നതല്ല, എന്തുകൊണ്ടെന്നാൽ വചനത്തിൻെറ ആത്മീകാർത്ഥം ഇതുവരെയും വെളിവാക്കപ്പെട്ടിട്ടില്ല, ആത്മീകാർത്ഥം അറിഞ്ഞാലേ ഈ വിവാഹം ദൃശ്യമാകുകയുള്ളൂ, വചനത്തിൻെറ അക്ഷരീകാർത്ഥത്തി നുള്ളിൽ ആത്മീകാർത്ഥം, സ്വർഗ്ഗീയാർത്ഥം എന്നീ രണ്ട് അർത്ഥങ്ങൾ അന്തർലീനമായിട്ടുണ്ട്. ആത്മീകാർത്ഥവുമായി ബന്ധപ്പെട്ടിട്ടുള്ളവയ്ക്ക് കർത്താവുമായും പ്രത്യേകബന്ധം ഉണ്ട്. അതുപോലെ, ആത്മീകാർത്ഥ ത്തിൻെറ ഉള്ളടക്കത്തിന് ദൈവീക സത്യവുമായും, സ്വർഗ്ഗീയാർത്ഥ ത്തിൻെറ ഉള്ളടക്കത്തിന് ദൈവീക നന്മയായും ബന്ധമുണ്ട്. അങ്ങനെ അതിൻെറ ഫലമായി അക്ഷരീ കാർത്ഥത്തിൽത്തന്നെ ഈ വിവാഹം നിലകൊള്ളുന്നുണ്ട്. ആത്മീകാ ർത്ഥത്തിലും, സ്വർഗ്ഗീയാർത്ഥത്തിലുമുള്ള പദങ്ങളുടെയും നാമങ്ങളുടെയും സൂചിതാർത്ഥം അറിയുകയും ഗ്രഹിക്കുകയും ചെയ്യുന്നവർക്കു മാത്രമേ ഇത് പ്രത്യക്ഷമാകുകയുള്ളൂ., ചില പദങ്ങളും നാമങ്ങളും നന്മയുടെ ആഖ്യാതവും, വേറെ ചിലവ ഇവയിൽ രണ്ടിലും ഉൾപ്പെടുന്ന ആഖ്യാനങ്ങളുമായും പരിണമിക്കുന്നു. ആകയാൽ ഇപ്രകാരമുള്ള സൂചിതാർത്ഥങ്ങളെക്കുറിച്ചുള്ള അറിവ് കൂടാതെ, വചനത്തിൽ പറഞ്ഞിരിക്കുന്ന വിവാഹം, അതിൻെറ വിശദാംശങ്ങളോടു കൂടി കാണുവാൻ കഴിയുന്നതല്ല. അങ്ങനെ, ഈ മണ്ഡലം നാളിതുവരെ കണ്ടുപിടിക്കപ്പെട്ടിരുന്നില്ല.

**81.** വചനത്തിലെ ഓരോ വിശദാംശത്തിലും ഒരു കല്യാണം ഉണ്ട്. ആകയാൽ അതിൽ, കൂടെ കൂടെ, രണ്ടു പ്രാവശ്യം വീതം ഒരേപദം ഉപയോഗിക്കപ്പെടുന്നുണ്ട്. ഒരേ സംഗതിയുടെ ആവർത്തനമായിട്ട് ഇത് തോന്നിപ്പോയേക്കാം. പക്ഷേ, അവ ആവർത്തനമല്ല. ഒന്ന് നന്മയെയും മറേറത് സത്യത്തെയും സൂചിപ്പിക്കുന്നു. രണ്ടും ഒരുമിച്ച് പരിഗണിക്കുമ്പോൾ അവ തമ്മിൽ ചേർന്ന് ഒന്നായിത്തീരുന്നു. നന്മയും സത്യവും തമ്മിൽ വിലയം പ്രാപിച്ച് ഒന്നായിത്തീരുന്നു. ഇപ്രകാരം തന്നെ ഇത് വചനത്തിലെ ദൈവീകത്വത്തിൻെറയു പരിശുദ്ധിയുടെയും അടിത്തറ ആകുന്നു. എന്തുകൊണ്ടെന്നാൽ, ഓരോ ദൈവീക പ്രവൃത്തിയിലും, നന്മയുടെയും സത്യത്തിൻെറയും സംബന്ധവും, സംയോജനവും

സംഭവിക്കാനുണ്ട്. അപ്രകാരം തന്നെ സത്യവും, നന്മയും ആയുള്ള സംയോജനവും സംഭവിക്കുന്നു.

**82.** വചനത്തിൻെറ ഓരോ വിശദാംശത്തിലും കർത്താവും സഭയും തമ്മിലുള്ള കല്ല്യാണം നടക്കുന്നുണ്ട്. തദ്വാര നന്മയും സത്യവുമായുള്ള വിവാഹവും നടക്കുന്നു. എന്തുകൊണ്ടെന്നാൽ, കർത്താവ് സഭയുമായുള്ള കല്ല്യാണം നടക്കുന്നേടത്തെല്ലാം, നന്മയുടെയും സത്യത്തി ൻെറയും വിവാഹവും നടക്കുന്നുണ്ട്, ആദ്യത്തേതിൽ നിന്ന് രണ്ടാമത്തേ തിൻെറ സഫലീകരണം. എന്തെന്നാൽ സഭയോ, സഭയിലെ ഒരാളോ സത്യത്തിൽ ധർമ്മനിഷ്ഠനായിത്തീരുമ്പോൾ ദൈവം നന്മയിലൂടെ ആ സത്യങ്ങളിലേക്ക് പ്രവേശിക്കുകയും അവയെ ജീവിപ്പിക്കയും ചെയ്യുന്നു. അല്ലെങ്കിൽ അത് എന്താണ്? ഒരു സഭയോ, സഭയിലെ ഒരു മനുഷ്യനോ സത്യത്തിലൂടെ ബുദ്ധിശക്തിയിൽ ആയാൽ, കർത്താവ് ഉടൻ തന്നെ സ്നേഹത്തി ൻെറയും, സാർവ്വത്രീക സ്നേഹത്തിന്റെ നന്മയിലൂടെ കർത്താവ് അവൻെറ ബുദ്ധി ശക്തിയിലേക്ക് പ്രവേശിക്കുകയും, അവൻെറ ജീവിതത്തിലേക്ക് ജീവനെ ആവേശിപ്പിക്കുകയും ചെയ്യുന്നു.

**83**. ഓരോ മനുഷ്യനിലും രണ്ട് സവിശേഷ കഴിവുകൾ ഉണ്ട്. പരിജ്ഞാനവും, ഇച്ഛാശക്തിയും. പരിജ്ഞാനം എന്നാൽ സത്യത്തെ ഗ്രഹിക്കുന്നതും. തദ്വാരാ ജ്ഞാനം ഉണ്ടാകുന്നതുമാണ്. ഇച്ഛാശക്തിയാകട്ടെ നന്മയെ ഉൾക്കൊള്ളുന്നതും തദ്വാരാ സ്നേഹം ആർജ്ജിക്കുന്നതുമാകുന്നു. ഈ സവിശേഷ കഴിവുകൾ രണ്ടും ഒരുവനെ, അതായത് ഒരു മനുഷ്യനെ സഭയുടെ അംഗമാക്കിത്തീർക്കേണ്ടതാകുന്നു. ഒരുവൻ അയാളുടെ പരിജ്ഞാനം പ്രത്യക്ഷമായും അയാളെക്കുറിച്ചു തന്നെ, ശുദ്ധമായ സത്യത്തിൽ നിന്ന് രൂപീകരിക്കുകയും അയാളുടെ ഇച്ഛാശക്തി സ്നേഹത്തിൻെറ നന്മയാൽ നിറയപ്പെടുകയും ചെയ്യുമ്പോൾ അത് കർത്താവിനാലാണ് നിർവ്വഹിക്കപ്പെടുന്നത്. ഇച്ഛാശക്തിയിൽ നിന്നുള്ള പരിജ്ഞാനത്തിലൂടെ സത്യത്തിൻെറ ജീവനും, പരിജ്ഞാനത്തിലൂടെ തന്നെ ജീവൻെറ സത്യവും എന്ന പ്രകാരം ഒരു മനുഷ്യന് സത്യത്തിൻെറ ജീവനും, നന്മയുടെ ജീവനും ഉണ്ടാകുന്നു. മനുഷ്യനിലുണ്ടാകുന്ന സത്യത്തിൻെറയും നന്മയുടെയും വിവാഹവും, കർത്താവും സഭയുമായു ണ്ടാകുന്ന കല്ല്യാണവും ഇതാകുന്നു. കല്ല്യാണം (വിവാഹം) എന്ന് ഇവിടെ നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന. ഇവിടെ കല്യാണം എന്നു വിളിക്ക പ്പെട്ടിരിക്കുന്ന പരസ്പരപൂരകമായ സംയോഗത്തെ സംമ്പന്ധിച്ച്, കൂടുതൽ കാര്യങ്ങൾ, ദിവ്യപരിപാലനം സംമ്പന്ധിച്ച ദൂതന്മാരുടെ ജ്ഞാനം, ദിവ്യ സ്നേഹവും ദിവ്യജ്ഞാനവും, ജീവൻ എന്ന ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളത് കാണാവുന്നതാണ്.

**84.** വചനത്തെ ശ്രദ്ധയോടെ വായിക്കുന്നവർക്ക്, ഇരട്ട പദപ്രയോഗങ്ങൾ ആവർത്തനമാണെന്ന് തോന്നത്തക്ക വിധത്തിൽ വചനത്തിൽ ഉപയോ ഗി ച്ചിരിക്കുന്നത് വീക്ഷിക്കാതിരിപ്പാൻ സാദ്ധ്യമല്ല. ദൃഷ്ടാന്തമായി: സ ഹോദൻ (കൂട്ടുകാരൻ, ദരിദ്രൻ), ആവശ്യക്കാരനും നിജ്ജനവും, മരുഭൂമി

യും, പാഴും ശൂന്യവും വൈരിയും ശത്രുവും; പാപവും അതിക്രമവും; കോപവും ക്രോധവും; ജാതികളും വംശങ്ങളും; ആനന്ദവും സന്തോഷ വും; വിലാപവും കരച്ചിലും, നീതിയം(ന്യായം) ന്യായവിധിയും; മുതലാ യവയെല്ലാം. ഈ ജോഡികൾ പര്യായപദങ്ങൾ ആയി തോന്നിയേക്കും. വാസ്തവത്തിൽ അവ അങ്ങനെയല്ലതാനും സഹോദരൻ, ദരിദ്രൻ, നിർ ജ്ജനപ്രദേശം (ശൂന്യത) വിരോധി, പാപം, കോപം, ജനത, സന്തോഷം, വിലാപം, നീതി എന്നീ പദങ്ങൾ എല്ലാം നന്മയെയും, വിപരീതാർത്ഥത്തിൽ തിന്മയെയും പരാമർശിക്കുന്നവയായി ഉപയോഗിക്കപ്പെടുന്നു. അതേ സ മയം കൂട്ടുകാരൻ, ആവശ്യക്കാരൻ, മരുഭൂമി, ശൂന്യത, ശത്രു, അതിക്രമം, ക്രോധം, ജനങ്ങൾ, ആഹ്ലാദം, കരച്ചിൽ, ന്യായവിധി, എന്നീ പദങ്ങൾ സ ത്യത്തെ പരാമർശിച്ചു കൊണ്ടും, അതിന്റെ വിപരീതാർത്ഥത്തിൽ കപ ടീകരണം (അസത്യങ്ങൾ സ്ഥാപിക്കൽ) എന്നീ അർത്ഥത്തിലും ഉപയോ ഗിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവയിൽ അന്തർഭവിച്ചിരിക്കുന്ന സത്യ ത്തെക്കുറിച്ച് അജ്ഞാതനായ ഒരാൾക്ക് തോന്നുന്നത് ദരിദ്രനും, ആവ ശ്യക്കാരനും, നിർജ്ജനപ്രദേശവും മരുഭൂമിയും, പാഴും ശൂന്യതയും, വൈ രിയും ശത്രുവും എന്നീ ജോഡികൾ ഒരേ അർത്ഥമുള്ളതും, ഒരു പോലെ യു ള്ളതും ആകുന്നു എന്നാണ്. അതുപോലെ തന്നെ പാപവും, അതിക്രമ വും, കോപവും, ക്രോധവും, ജാതിയും വംശവും ആനന്ദവും, സന്തോഷവും, വിലാപംവും, കരച്ചിലും, നീതിയും ന്യായവിധിയും എന്നിവയും. എന്നാൽ അവ ഓരോ ജോഡിയും ഒന്നല്ല. ഒരു പോലെയും അല്ല. പക്ഷേ സംയോഗ ത്താൽ ഒന്നായിത്തീരുന്നു എന്നുമാത്രം.

വചനത്തിൽ അനേകം സംഗതികൾ ഇതുപോലെ അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. ദൃഷ്ടാന്തമായി അഗ്നിയും അഗ്നിജ്വാലയും, സ്വർണ്ണവും വെള്ളിയും, താമ്രവും, ഇരുമ്പും, തടിയും, കല്ലും, അപ്പവും, വെള്ളവും, അപ്പവും, വീഞ്ഞും, ചുവപ്പും, നേർമ്മവുമായ പട്ടുവസ്ത്രം മുതലായവ, ഇതിന്റെ കാരണം, എന്തെന്നാൽ, അഗ്നി, സ്വർണ്ണം, താമ്രം, തടി, അപ്പം, ചുവപ്പ്, എന്നിവ നന്മയെയാണ് സൂചിപ്പിക്കുന്നത്, അതു പോലെ അഗ്നിജ്വാല, വെള്ളി, ഇരുമ്പ്, കല്ല്, വെള്ളം, വീഞ്ഞ്, നേർത്തപട്ടുവസ്ത്രം എന്നിവ സത്യത്തെയാണ് സൂചിപ്പിക്കുന്നത്. ഇതുപോലെ തന്നെ, വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യർ ദൈവത്തെ പൂർണ്ണമനസ്സോടും, പൂർണ്ണ ആത്മാവോടും സ്നേഹിക്കണം എന്ന്, എന്തുകൊണ്ടെന്നാൽ ദൈവം, മനുഷ്യനുവേണ്ടി പുതിയൊരു ഹൃദയത്തെയും, പുതിയൊരു ആത്മാവിനെയും സൃഷ്ടിക്കുന്നതാണ്. ഹൃദയത്തെ സ്നേഹത്തിന്റെ നന്മയായി പരാമർശിക്കപ്പെടുന്നു. സ്നേഹത്തിന്റെ ദേഹിയും, സത്യവും അതേ നന്മയിൽ നിന്നു തന്നെ ദൈവം സൃഷ്ടിക്കുന്നു. ചില പദപ്രയോഗങ്ങൾ നന്മയുടെയും സത്യത്തിന്റെയും പങ്കാളികൾ ആകയാൽ മററു യാതൊന്നും കൂട്ടിച്ചേർക്കാതെ, തനതായിത്തന്നെ ഉപയോഗിക്കാറുണ്ട് എന്നാൽ ഈ സംഗതിയും മററുവേറെ പലതും ദൂതന്മാർക്കു മാത്രമേ അറിവാൻ കഴിയുകയുള്ളൂ. പ്രകൃതി സഹജമായ, അഥവാ സ്വാഭാവികമായ

അക്ഷരീകാർത്ഥത്തിന്റെ സ്വഭാവിക തലത്തിൽ വീക്ഷിക്കുമ്പോൾ തന്നെ ആത്മീകാർത്ഥം കൂടി ഗ്രഹിക്കുന്നു.

**85.** ഇപ്രകാരം ഇരട്ടപ്രയോഗങ്ങൾ തിരുവചനത്തിൽ പ്രകടിപ്പിക്കുന്നത് കാണിക്കുന്നതു മടുപ്പുളവാക്കുന്നതായിരിക്കും, അതെ കാര്യം തന്നെ ആവർത്തനമായി തോന്നിക്കുന്നതും കാരണം അതിനായി ധാരാളം താളുകൾ വേണ്ടി വരും. എങ്കിലും സംശയങ്ങളെല്ലാം നിവാരണം ചെയ്യുന്നതിനായി ന്യായവും നീതിയും (നീതീകരണവും) ഒരുമിച്ച് ഉപയോഗിക്കപ്പെട്ടിട്ടുള്ള ചില വേദഭാഗങ്ങൾ ഞാൻ ഉദ്ധരിക്കുന്നതാണ്. അതുപോലെ തന്നെ ജനത, ജനങ്ങൾ, സന്തോഷം, ആനന്ദം എന്നീ സമാനാർത്ഥപദങ്ങളും ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽ ന്യായവിധിയും ന്യായവും ഒരുമിച്ച് ഉപയോഗിച്ചിരിക്കുന്നത് കാണാവുന്നതാണ്.

> വിശ്വസ്തനഗരം .... അതിൽ ന്യായം നിറഞ്ഞിരുന്നു; നീതി വസിച്ചിരുന്നു. യെശ 1:21

> നീ നീതിപുരം എന്നും, വിശ്വസ്തനഗരം എന്നും വിളിക്കപ്പെടും. സീയോൻ ന്യായത്താലും അതിൽ മനം തിരിയുന്നവർ നീതിയാലും വീണ്ടെടുക്കപ്പെടും. യെശ 1:27

> എന്നാൽ സൈന്യങ്ങളുടെ യഹോവ ന്യായവിധിയിൽ ഉന്നതനായിരിക്കുകയും പരിശുദ്ധ ദൈവം നീതിയിൽ തന്നെത്താൻ പരിശുദ്ധനായി കാണിക്കയും ചെയ്യും യെശ 5:16

> ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ച് നിലനിർത്തും. യെശ 9:7

> യഹോവ ഉന്നതനായിരിക്കുന്നു., ഉയരത്തിലല്ലാ അവൻ വസിക്കുന്നത്; അവൻ വസിക്കുന്നത്, അവൻ സീയോനെ ന്യായവും നീതിയും കൊണ്ട് നിറച്ചിരിക്കുന്നു. യെശ 33:5

> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; എന്റെ രക്ഷവരുവാനും, എന്റെ നീതി,വെളിപ്പെടുവാനും, അടുത്തിരിക്കയാൽ ന്യായം പ്രമാണിച്ച് നീതി പ്രവർത്തിപ്പിൻ യെശ 56:1

> നീതി പ്രവർത്തിക്കയും, തങ്ങളുടെ ദൈവത്തിന്റെ ന്യായം ഉപേക്ഷിക്കാതിരിക്കയും ചെയ്തൊരു ജാതിയെപ്പോലെ അവർ നീതിയുള്ള വെപ്പുകളെ എന്നോട് ചോദിച്ചു ദൈവത്തോട് അടുപ്പാൻ വാഞ്ഛിക്കുന്നു. യെശ 58:2

> യഹോവയാണ എന്ന് നീ പരമാർത്ഥമായും ന്യായമായും നീതിയായും സത്യം ചെയ്യുകയും ജാതികൾ അവനിൽ തങ്ങളെത്തന്നെ അനുഗഹിച്ച്

അവനിൽ പുകഴുകയും ചെയ്യും.

യിരെ 4:2

പ്രശംസിക്കുന്നവനോ, യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും, നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്ന തിൽത്തന്നെ പ്രശംസിക്കട്ടെ. യിരെ 9:24

നിങ്ങൾ നീതിയും ന്യായവും നടത്തി.... നീതികേടുകൊണ്ട് അരമനയും, അന്യായം, കൊണ്ട് മാളികയും പണിതു... എന്നാൽ അവൻ നീതിയും ന്യായവും നടത്താതിരുന്നില്ല. അന്ന് അവന് നന്നായിരുന്നു..

യിരെ 22:3, 13,15

ഞാൻ ദാവീദിന്ന് നീതിയുള്ളൊരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും. അവൻ രാജാവായി വാണ് ബുദ്ധിയോടെ പ്രവർത്തിച്ച് ദേശത്ത് നീതിയും ന്യായവും നടത്തും. യിരെ 23:5, 33:15

എന്നാൽ ഒരു മനുഷ്യർ നീതിമാനായിരുന്നു നീതിയും ന്യായവും പ്രവർത്തിക്കുന്നു എങ്കിൽ.... യെഹെ 18:5

എന്നാൽ ഞാൻ ദുഷ്ടനോട് നീ മരിക്കും എന്നു പറയുമ്പോൾ അവൻ തന്റെ പാപം വിട്ടു തിരിഞ്ഞ് നീതിയും ന്യായവും പ്രവർത്തിക്കയും.... അവൻ നീതിയും ന്യായവും പ്രവർച്ചിരിക്കുന്നു. അവൻ ജീവിക്കും... എന്നാൽ ദുഷ്ടൻ തന്റെ ദുഷ്ടത വിട്ടുതിരിഞ്ഞ് നീതിയും ന്യായവും പ്രവർത്തിക്കുന്നുവെങ്കിൽ അവൻ അതിനാൽ ജീവിക്കും. യെഹെ 33:14, 16,19

ഞാൻ നിന്നെ സദാകാലത്തേക്കും എനിക്ക് വിവാഹത്തിന് നിശ്ചയിക്കും, അതേ നീതിയോടും ന്യായത്തോടും, ദയയോടും, കരുണയോടും കൂടെ നിന്നെ എനിക്ക് വിവാഹത്തിന് നിശ്ചയിക്കും .

ഹോശേയ 2:19

എന്നാൽ ന്യായം വെള്ളം പോലെയും നീതി വററാത്ത തോടു പോലെയും കവിഞ്ഞൊഴുകട്ടെ. ആമോസ് 5:24

നിങ്ങൾ ന്യായത്തെ നഞ്ചായും നീതിഫലത്തെ കാഞ്ഞിരമായും മാററിയിരിക്കുന്നു. ആമോ 6:12

യഹോവ എന്റെ വ്യവഹാരം നടത്തി, എനിക്ക് ന്യായം പാലിച്ചു തരുവോളം ഞാൻ അവന്റെ ക്രോധം വഹിക്കും. ഞാൻ അവനോട് പാപം ചെയ്തുവല്ലോ. അവൻ എന്നെ വെളിച്ചത്തിലേക്ക് പുറപ്പെട്ടവിക്കയും ഞാൻ അവന്റെ നീതികണ്ട് സന്തോഷിക്കയും ചെയ്യും. മീഖ 7:9

നിന്റെ നീതി ദിവ്യപർവ്വതങ്ങളെപ്പോലെയും, നിന്റെ ന്യായവിധികൾ വലിയ ആഴിയെപ്പോലെയും ആകുന്നു. സങ്കീ. 36:6

അവൻ നിൻെറ നീതിയെ പ്രഭാതം പോലെയും, നിൻെറ ന്യായത്തെ മദ്ധ്യാഹ്നം പോലെയും പ്രകാശിപ്പിക്കും. സങ്കീ 37:6

അവൻ നിൻെറ ജനത്തെ നീതിയോടും നിൻെറ എളിയവരെ ന്യായത്തോടും കൂടെ പരിപാലിക്കും. സങ്കീ 72:2

നീതിയും ന്യായവും നിൻെറ സിംഹാസനത്തിൻെറ അടിസ്ഥാനം ആകുന്നു. ദയയും വിശ്വസ്തതയും നിനക്ക് മുമ്പായി നടക്കുന്നു.

സങ്കീ 89:14

നിൻെറ നീതിയുള്ള വിധികളെ പഠിച്ചിട്ട് ..... നിൻെറ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴുപ്രാവശ്യം നിന്നെ സ്തുതിക്കുന്നു. സങ്കീ 119:7, 164

ഗാദ് (അവൻ) ജനത്തിൻെറ തലവന്മാരോടുകൂടെ യഹോവയുടെ നീതിയും, യിസ്രായേലുമായി അവൻെറ വിധികളും നടത്തി.

ആവർ 33:21

അവൻ വന്ന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെ ക്കുറിച്ചും ലോകത്തിന് ബോധം വരുത്തും. അതുപോലെ മററ് പലയിടത്തും. യോഹ 16:8,10,11

ന്യായവിധിയും നീതിയും വചനത്തിൽ കൂടെക്കൂടെ സൂചിപ്പിക്കപ്പെടാറു ണ്ടല്ലോ. എന്തുകൊണ്ടെന്നാൽ, ന്യായവിധി സത്യത്തിൻെറ ആഖ്യാ തവും, നീതി നന്മയുടെ ആഖ്യാതവും ആകുന്നു. അങ്ങനെ, ന്യായ വിധി സത്യത്തിൻെറയും നീതി നന്മയുടെയും ആഖ്യാതമായിരിപ്പാൻ കാരണം എന്തെന്നാൽ ആത്മീക ലോകത്തിൽ കർത്താവിൻെറ ഭരണത്തെ ന്യായ വിധി എന്നാണ് വിളിക്കുന്നത്. സ്വർഗ്ഗീയ ലോകത്തിൽ കർത്താവിൻെറ ഭരണത്തെ നീതി എന്ന് വിളിക്കുകയും ചെയ്യുന്നു. ഈ വിഷയത്തെ ക്കുറിച്ച് കൂടുതൽ ഗ്രഹിക്കുന്നതിന് സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിലെ നമ്പർ 214,215 ഖണ്ഡികകൾ നോക്കുക. ന്യായവിധി സത്യത്തിൻെറ ആഖ്യാതമാകയാൽ ഏതാനും വേദഭാഗങ്ങളിൽ നാം ഇപ്രകാരമാണ് വായിക്കുന്നത്.

സത്യം (വെറിററാസ്) നീതി (ജസ്റ്റീഷ്യാ) ഉദാ:യെശയ്യാവ് 11:5, സങ്കീ 85:11, മററു പലവേദഭാഗങ്ങളും

**86.** ചുവടെ ചേർത്തിരിക്കുന്നതും ജാതികളെയും വംശങ്ങളെയും കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളതുമായ വേദഭാഗങ്ങളിൽ നന്മയുടെയും സത്യത്തിൻെറയും വിവാഹം നടക്കുന്നതിനെക്കുറിച്ച് പല പ്രാവശ്യം ആവർത്തിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുള്ളത് കാണാവുന്നതാണ്.

അയ്യോ പാപമുള്ള ജാതി, അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി, വഷളായി നടക്കുന്ന മക്കൾ.
യെശ 1:4

ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു അന്ധതമജ്ജുള്ള ദേശത്തുപാർത്തവരുടെ മേൽപ്രകാരം ശോഭിച്ചു. നീ വർദ്ധിപ്പിച്ചിട്ടില്ലാത്ത ജാതിയെ വർദ്ധിപ്പിക്കുന്നു. യെശ 9:2,3

എന്റെ കോപത്തിന്റെ കോലായ അശൂരിന് അയ്യോ കഷ്ടം! അവരുടെ കൈയിലെ വടി എന്റെ ക്രോധം ആകുന്നു. യെശ 10:5,6

അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്നു. യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചുവരും. അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളത് ആയിരിക്കും. യെശ 11:10

വംശങ്ങളെ ഇടവിടാതെ ക്രോധത്തോടെ അടിക്കയും, ആർക്കും തടുത്തുകൂടാത്ത ഉപദ്രവത്താൽ ജാതികളെ കോപത്തോടെ ഭരിക്കയും ചെയ്തവനേ തന്നെ. യെശ 14:6

ആകാലത്ത് ദീർഘകായന്മാരും മൃദുചർമ്മികളുമായ ജാതി, ആരംഭം മുതൽ ഇന്നുവരെ ഭയങ്കരമായിരിക്കുന്നതുമായ ജാതി.... യഹോവെക്ക് തിരുമുൽക്കാഴ്ച കൊണ്ടുവരും. യെശ 18:7

അതുകൊണ്ട് ബലമുള്ള ജാതി നിന്നെ മഹത്വപ്പെടുത്തും. ഭയങ്കര ജാതികളുടെ പട്ടണം നിന്നെ ഭയപ്പെടും. യെശ 25:3

സകല വംശങ്ങൾക്കും ഉള്ള മൂടുപടവും, സകല ജാതികളുടെയും മേൽ കിടക്കുന്ന മറവും അവൻ ഈ പർവ്വതത്തിൽ വെച്ച് നശിപ്പിച്ചു കളയും.
യെശ 25:7

ജാതികളും, അടുത്തുവന്നു കേൾപ്പിൻ; വംശങ്ങളെ ശ്രദ്ധതരുവിൻ.

യെശ 34:1

യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു. ഞാൻ നിന്റെ കൈക്കുപിടിച്ച് നിന്നെ കാക്കും. നിന്നെ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവും ആക്കും. യെശ 42:6

സകല ജാതികളും ഒന്നിച്ചുകൂടട്ടെ. വംശങ്ങൾ ചേർന്നുവരട്ടെ; അവരിൽ ആര് ഇത് പ്രസ്താവിക്കുകയും, പണ്ടു പ്രസ്താവിച്ചത് കേൾപ്പിച്ചു തരികയും ചെയ്യുന്നു.? അവർ നീതീകരിക്കപ്പെടേണ്ടതിന് സാക്ഷികളെ കൊണ്ടുവരട്ടെ. യെശ 43:9

ഞാൻ ജാതികൾക്ക് എന്റെ കൈഉയർത്തുകയും വംശങ്ങൾക്ക് എന്റെ കൊടി കാണിക്കയും ചെയ്യും. യെശ 49:22

ഞാൻ അവനെ ജാതികൾക്കു സാക്ഷിയും വംശങ്ങൾക്കു പ്രഭുവും അധിപതിയും ആക്കിയിരിക്കുന്നു. യെശ 55:4

ഇതാ വടക്കുദേശത്തു നിന്ന് ഒരു ജാതി വരുന്നു. ഭൂമിയുടെ അററങ്ങളിൽ നിന്ന് ഒരു മഹാശക്തി ഉണർന്നുവരം യിരെ 6:22

ഞാൻ ഇനി നിന്നെ ജാതികളുടെ നിന്ദ്ര കേൾപ്പിക്കയില്ല. വംശങ്ങളുടെ അപമാനം നീ ഇനി വഹിക്കയില്ല യെഹ 36:15

സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. ദാനി 7: 14

ജാതികൾ അവരുടെ മേൽ വാഴുവാൻ തക്കവണ്ണം നിൻെറ അവകാശത്തെ നിന്ദെക്കു ഏൽപിക്കരുതെ; അവരുടെ ദൈവം എവിടെ എന്ന് ജാതികളുടെ ഇടയിൽ പറയുന്നത് എന്തിന്? എന്നിങ്ങനെ പറയട്ടെ. യോവേൽ 2:17

എൻെറ ജനത്തിൽ ശേഷിപ്പുള്ളവർ അവരെ കവർച്ച ചെയ്യും; എൻെറ ജാതിയിൽ ശേഷിച്ചു നിൽക്കുന്നവർ അവരുടെ ദേശത്തെ അവകാശമായി പ്രാപിക്കും. സെഫ 2:9

അങ്ങനെ, അനേക ജാതികളും ബഹുവംശങ്ങളും യെരുശലേമിൽ സൈന്യങ്ങളും യഹോവയെ അന്വേഷിപ്പാനും യഹോവയൊ പ്രസാദിപ്പാനും വരും സെഫ 8:22

ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും, നിൻെറ ജനമായ യിസ്രായേലിൻെറ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിൻെറ രക്ഷയെ എൻെറ കണ്ണ് കണ്ടുവല്ലോ.. എന്നു പറഞ്ഞു. ലൂക്കാ 2:21,22

നീ അറുക്കപ്പെട്ട് നിൻെറരക്തം കൊണ്ട് സർവ്വ ഗോത്രത്തിലും, ഭാഷയിലും വംശത്തിലും, ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലക്ക് വാങ്ങി. വെളി 5:9

നീ ഇനിയും അനേകം വംശങ്ങളെയും, ജാതികളെയും, ഭാഷകളെയും, രാജാക്കന്മാരെയും കുറിച്ച് പ്രവചിക്കേണ്ടി വരും..

വെളി 10:11

ജാതികൾക്ക് എന്നെ തലവനാക്കിയിരിക്കുന്നു. ഞാൻ അറിയാതെ ജനം എന്നെ സേവിക്കുന്നു. സങ്കീ. 18:43

യഹോവ ജാതികളുടെ ആലോചനയെ വ്യർത്ഥമാക്കുന്നു. വംശങ്ങളുടെ നിരൂപണങ്ങലെ നിഷ്പ്രഭമാക്കുന്നു. സങ്കീ. 33:10

നീ ജാതികളുടെ ഇടയിൽ ഞങ്ങളെ പഴഞ്ചൊലിനും വംശങ്ങളുടെ

നടുവിൽ തലകുലുക്കത്തിനും വിഷയം ആക്കുന്നു. സങ്കീ 44:14

ദൈവമേ ജാതികൾ നിന്നെ സ്തുതിക്കും, സകല ജാതികളും നിന്നെ സ്തുതിക്കും. ജാതികൾ സന്തോഷിച്ച് ഘോഷിച്ചുല്ലസിക്കും. നീ വംശങ്ങളെ നേരോടെ വിധിച്ച് ഭൂമിയിലെ ജാതികളെ ഭരിക്കുന്നവല്ലൊ. ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും. സകലജാതികളും നിന്നെ സ്തുതിക്കും. സങ്കീ 67:3,4,5

യഹോവേ നീ തിരഞ്ഞെടുത്തവരുടെ നന്മ ഞാൻ കാണേണ്ടതിനും നിൻെറ ജനത്തിൻെറ സന്തോഷത്തിൽ, സന്തോഷിക്കേണ്ടതിനും, നിൻെറ അവകാശത്തോടുകൂടെ പുകഴേണ്ടതിനും, നിൻെറ ജനത്തോടുള്ള കടാക്ഷപ്രകാരം എന്നെ ഓർത്ത് നിൻെറ രക്ഷകൊണ്ട് എന്നെ സന്ദർശിക്കണമേ. സങ്കീർ: 106 : 4, 5

കൂടാതെ മറ്റിടങ്ങളിലും.

നിൻെറ ജനത്തിൻെറ സന്തോഷത്തിൽ, സന്തോഷിക്കേണ്ടതിനും, നിൻെറ അവകാശത്തോടുകൂടെ പുകഴേണ്ടതിനും, നിൻെറ ജനത്തോടുള്ള കടാക്ഷപ്രകാരം എന്നെ ഓർത്ത് നിൻെറ രക്ഷകൊണ്ട് എന്നെ സന്ദർശിക്കണമേ. സങ്കീ 106; 4,5

ജാതികളും, വംശങ്ങളും ഒരുമിച്ച് പറഞ്ഞിരിക്കുന്നു. എന്തു കൊണ്ടെന്നാൽ ജാതികൾ അർത്ഥമാകുന്നത് നന്മയിൽ ആയിരിക്കുന്ന വരെയാണ്. വിപരീതാർത്ഥത്തിൽ അത് ദുഷ്ടതയിൽ ആയിരിക്കുന്നവരെ അർത്ഥമാകുന്നു. വംശങ്ങൾ എന്നത് അർത്ഥമാകുന്നത് സത്യത്തിൽ ആയിരിക്കുന്നവരെയാണ്. വിപരീതാർത്ഥത്തിൽ കാപട്യത്തിലും അസത്യത്തിലും ആയിരിക്കുന്നവരെയാണ്. ഈ കാരണത്താൽ കർത്താവിൻെറ ആത്മീകരാജ്യത്തിൽ ഉൾപ്പെടുന്നവരെ വംശങ്ങൾ എന്ന് വിളിക്കുന്നു. സ്വഗ്ഗീയരാജ്യത്തിൽ ഉൾപ്പെടുന്നവരെ ജാതികൾ എന്ന് വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ ആത്മീക ലോകത്തിൽ ഉള്ള ഏവരും സത്യത്തിലും തദ്വാര ജ്ഞാനത്തിലും ആകുന്നു. അപ്രകാരം സ്വർഗ്ഗീയ രാജ്യത്തിൽ ഉൾപ്പെടുന്നവർ നന്മയിലും, തദ്വാരാ സ്നേഹത്തിലും ആകന്നു

**87.** ആനന്ദം, സന്തോഷം എന്നിവയെപ്പോലുള്ള പ്രയോഗങ്ങൾ ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽ കാണാവുന്നതാകുന്നു.

ആനന്ദവും സന്തോഷവും കാള അറുക്കുക, ആടറുക്കുക, ഇറച്ചി തിന്നുക, വീഞ്ഞു കുടിക്കുക.... യെശ 22:13

അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഃഖവും നെടുവീർപ്പും ഓടിപ്പോകും.. യെശ 35:10, 51:11

നമ്മുടെ ദൈവത്തിൻെറ ആലയത്തിൽ നിന്ന് സന്തോഷവും ഉല്ലാസാഘോഷവും അററുപോയല്ലൊ. യെശ 1:6

ആനന്ദഘോഷവും സന്തോഷധ്വനിയും, മണവാളൻെറ സ്വരവും നീക്കിക്കളയും യിരെ 7:34

പത്താം മാസത്തെ ഉപവാസവും യെഹൂദാ ഗൃഹത്തിന് ആനന്ദവും സന്തോഷവും .... ആയിരിക്കേണം സെഖ 8:19

എന്നാൽ ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങൽ ഘോഷിച്ചാനന്ദിക്കും. സങ്കീ 90:14

യെരൂശലേമിനെ സ്നേഹിക്കുന്ന ഏവരുമായുള്ളോരെ, അവളോടു കൂടെ സന്തോഷിപ്പിൻ., അവളെച്ചൊല്ലി ഘോഷിച്ചുല്ലസിപ്പിൻ

യെശ 66:10

ഏദോം പുത്രിയേ സന്തോഷിച്ച് ആനന്ദിക്ക. വിലാ 4:21

ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും സമുദ്രവും അതിൻെറ നിറവും മുഴങ്ങുകയും ചെയ്യട്ടെ സങ്കീ 96:11

സന്തോഷവും, ആനന്ദവും എന്നെ കേൾക്കുമാറെക്കേണമേ.

സങ്കീ 51:8

യഹോവാ സീയോനെ ആശ്വസിപ്പിക്കുന്നു.....ആനന്ദവും, സന്തോഷവും, സ്തോത്രവും, സംഗീതഘോഷവും അതിൽ ഉണ്ടാകും. യെശ 51:3)നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും. ലൂക്കാ 1:14

ആനന്ദഘോഷവും സന്തോഷധ്വനിയും മണവാളൻെറ സ്വരവും, മണവാട്ടിയുടെ സ്വരവും, നീക്കിക്കളയും യിരെ 7:34

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഇനിയും ആനന്ദഘോഷവും, സന്തോഷധ്വനിയും മണവാളൻെറ സ്വരവും മണവാട്ടിയുടെ സ്വരവും... ശബ്ദവും കേൾക്കും..... യിരെ 33:10,11

ആനന്ദം നന്മയോടും, സന്തോഷം സത്യത്തോടും ബന്ധപ്പെട്ടിരിക്കയാൽ ഈ വേദഭാഗങ്ങളിലെല്ലാം ആനന്ദവും സന്തോഷവും സൂചിപ്പിക്ക പ്പെട്ടിരിക്കുന്നു. അതു കൂടാതെ, ആനന്ദം സ്നേഹത്തോടും, സന്തോഷം ജ്ഞാനത്തോടും ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെ ന്നാൽ ആനന്ദം ഹൃദയത്തെ സംബന്ധിച്ചുള്ളതും, സന്തോഷം ദേഹിയെ സംബന്ധിച്ചുള്ളതും ആകുന്നു. അതായത് ആനന്ദം ഇച്ഛാശക്തിയെയും, സന്തോഷം പരിജ്ഞാനത്തെയും സംബന്ധിച്ചുള്ളവയാകുന്നു. ഇപ്രകാരമുള്ള ഇരട്ട പദപ്രയോഗങ്ങളിലെല്ലാം കർത്താവിൻെറയും സഭയുടെയും വിവാഹം അന്തർഭവിച്ചിട്ടുണ്ടെന്ന് ഇതിനാൽ വ്യക്തമാകുന്നുണ്ടല്ലോ.

ആനന്ദഘോഷവും, സന്തോഷധ്വനിയും, മണവാളന്റെ സ്വരവും മണവാട്ടിയുടെ സ്വരവും... എന്നിങ്ങനെ സൂചിപ്പിച്ചിട്ടുള്ളതുപോലെ,
യിരെ 7:34, 16:9, 25:10, 33:10, 11;

എന്തുകൊണ്ടെന്നാൽ കർത്താവ് മണവാളനും സഭ മണവാട്ടിയും ആകുന്നുവല്ലോ.

കർത്താവ് .. മണവാളൻ... ആണെന്നത് മത്തായി9:15, മർക്കോ 2:19, 20; ലൂക്കോ 5:35

സഭ ..മണവാട്ടിയാണെന്നത് വെളിപ്പാട് 21:2, 9:22:17 എന്നിവയിൽ കാണാവുന്നതാണ്.

ആകയാൽ യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ച് ഇപ്രകാരം പറയുന്നു. മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു..
യോഹ 3:29

**88.** സഭയുമായുള്ള കർത്താവിന്റെ കല്ല്യാണത്തെക്കുറിച്ച്, അതായത് ദൈവീക നന്മയും ദൈവീക സത്യവും തമ്മിലു വിവാഹത്തെക്കുറിച്ച് വചനത്തിന്റെ ഓരോ ഭാഗത്തും കാണാവുന്നതാകുന്നു. യഹോവയും ദൈവവും, യഹോവയും യിസ്രായേലിന്റെ പരിശുദ്ധനായവനും എന്നിങ്ങനെ, യഥാർത്ഥത്തിൽ ഒന്നാണെങ്കിലും, രണ്ടാണെന്ന് തോന്നുമാറ് കൂടെ കൂടെ ഇരട്ടയായി ഉപയോഗിച്ചിരിക്കുന്നു. എന്തെന്നാൽ യഹോവ എന്ന പദം അർത്ഥമാക്കുന്നത്. ദൈവീക നന്മയാകുന്ന കർത്താവിനെയും ദൈവം എന്ന പദം അർത്ഥമാക്കുന്നത്. ദൈവീക സത്യമാകുന്ന കർത്താവിനെയും ആകുന്നു. വചനത്തിലെ വിവിധ വേദഭാഗങ്ങളിൽ യഹോവയും ദൈവവും, യഹോവയും യിസ്രായേലിന്റെ പരിശുദ്ധനായവനും എന്ന് ആവർത്തിച്ച്, പ്രസ്താവി ക്കപ്പെടുന്നുണ്ടെിലും, ഒരേ ഒരു വ്യക്തി മാത്രമാണ് അർത്ഥമാക്കപ്പെ ടുന്നത്. അവൻ കർത്താവ് ആകുന്നു; കർത്താവിനെ സംബന്ധിച്ചുള്ള ഉപദേശം എന്ന ഗ്രന്ഥത്തിലെ നമ്പർ 34,38,46 എന്നീ ഖണ്ഡികകളിൽ അത് കാണാവുന്നതാണ്.

**89.** വചനത്തിൽ ഉടനീളവും അതിന്റെ ഓരോ ഭാഗത്തും, കർത്താവും സഭയും തമ്മിലുള്ള കല്ല്യാണം ഉള്ളതിനാൽ വചനത്തിലെ എല്ലാ കാര്യങ്ങളും പൊതുവായും പ്രത്യേകമായും, കർത്താവിന്റെ ഉപദേശം എന്ന ഗ്രന്ഥത്തിലെ നമ്പർ 1-7 ഖണ്ഡികകകളിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം, കർത്താവിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു ണ്ടല്ലോ. അപ്രകാരം സമാനമായി പരാമർശിക്കപ്പെടുന്ന സഭയും കർത്താവു തന്നെയാകുന്നു. എങ്ങനെയെന്നാൽ, സഭയിലുള്ള ഓരോ മനുഷ്യനും കർത്താവിലും, അവൻ (കർത്താവ്) ആ മനുഷ്യനിലും ആകുന്നു. കർത്താവ് ഇപ്രകാരം പഠിപ്പിക്കുന്നു. എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു. യോഹന്നാൻ 6:56, 14:20, 21, 15:5,7

**90**. വചനത്തിൻെറ ദൈവീകത്വവും പരിശുദ്ധിയുമാണ് ഇവിടെ പരാമർശിക്കപ്പെടുന്നതെന്നതിനാൽ ശ്രദ്ധേയമായ ഒരു അനുഭവം കൂടി, ഇവിടെ പ്രസ്താവിക്കപ്പെട്ടവയുമായി അനുബന്ധപ്പെടുത്താവുന്നതാണ്. ഒരിക്കൽ എനിക്ക് സ്വർഗ്ഗത്തിൽ നിന്ന് ഒരു തുണ്ടു കടലാസ് അയയ്ക്കപ്പെട്ട് കിട്ടിയിരുന്നു. അതിൽ നിറയെ എബ്രായ ഭാഷയിലെ അക്ഷരങ്ങൾ ആയിരുന്നു. പ്രാചീനകാലത്ത് എഴുതപ്പെട്ടിരുന്ന പ്രകാരമാണ് അതിലെ അക്ഷരങ്ങൾ എഴുതിയിരുന്നത്. ഇന്നത്തെ കാലത്ത് രേഖീയമായി എഴുപ്പെടുന്ന അക്ഷരങ്ങൾ അന്നത്തെ കാലത്ത് ചില വളവുകളോടും, അടയാളമായുള്ള അലങ്കാര ചിഹനങ്ങളോടു കൂടിയുമാണ് എഴുതപ്പെട്ടി രുന്നത്. അപ്പോൾ എന്നോടൊപ്പം ഉണ്ടായിരുന്ന ദൂതന്മാർ എന്നോട് പറഞ്ഞത് അവർക്ക് പ്രസ്തുത അക്ഷരങ്ങളിൽ നിന്നു തന്നെ സമ്പൂർണ്ണമായ ഒരു ആശയം കിട്ടുന്നുണ്ട് എന്ന് അവർ അതിൻെറ അർത്ഥം ശരിയായി മനസ്സിലാക്കുന്നുണ്ട് എന്നുമാണ്. അതിലെ അക്ഷരങ്ങളും അവയുടെ വളവ് തിരിവുകളും. വ്യതിയാനങ്ങളും എന്താണ് സൂചിപ്പിക്കുന്നതെന്നും പ്രത്യേകമായും സംയോജിതമായും അവർ എനിക്ക് വിവരിച്ചു തന്നു. ഉദാഹരണമായി എച്ച് എന്ന അക്ഷര ത്തിനുള്ള അർത്ഥം: അത് അബ്രഹാം, സഹായി എന്നീ പേരുകളോട് ചേർത്ത് എഴുതുമ്പോൾ അതിനുണ്ടാകുന്ന അർത്ഥം അനന്തം, നിത്യം എന്നിങ്ങനെ ആയിത്തീരുന്നു. അതുപോലെ സങ്കീർത്തനങ്ങൾ 32:2 ലെ വചനത്തിൻെറ അർത്ഥം, അവർ കേവലം അക്ഷരങ്ങൾ കൊണ്ടും ഉച്ചാരണ ഭാഗങ്ങൾ കൊണ്ടും, അതിലുള്ള അടയാള വ്യതിയാനങ്ങൾ കൊണ്ടു മാത്രം എനിക്ക് വിശദമാക്കിത്തന്നത് അകൃത്യങ്ങൾ (ദുഷ്ടത) ചെയ്യുന്നവരോട് പോലും കർത്താവ് കരുണയുള്ളവൻ ആകുന്നു എന്നാണ്.

(2) മൂന്നാം സ്വർഗ്ഗത്തിൽ അക്ഷരങ്ങൾ എഴുതുന്നത് വളവ് തിരിവുകളും ചിഹനവ്യത്യാസങ്ങളും ഉപയോഗിച്ച് ആകുന്നു എന്നാണ്. ഓരോ അക്ഷരത്തിനും അതിൻെറ വ്യതിയാനത്തിനും, ചിഹനത്തിനും പ്രത്യേകം പ്രത്യേകം അർത്ഥങ്ങളും ആശയങ്ങളും ഉണ്ട് എന്നാകുന്നു. സ്വരാ ക്ഷരങ്ങൾ എന്നത് മമതയെ സമ്പർക്കപ്പെടുന്ന ശബ്ദത്തെ വ്യഗ്യപ്പെടു ത്തുന്നു, അതായത് ഐ, ഇ എന്ന സ്വരാക്ഷരങ്ങൾ ഉച്ചരിക്കുവാൻ ആവുകയില്ല എന്നാൽ അതിന് പകരം വൈ, ഇയു എന്ന സ്വരങ്ങൾ ധ്വനിപ്പിക്കുവാൻ അവർക്കു കഴിയും മാത്രവുമല്ല എ, ഒ, യു എന്നത് അവരുടെ ഇടയിൽ പ്രയോഗത്തിൽ ഉണ്ട്, അതിനു കാരണം ഇവയ്ക്കു പൂർണ്ണശബ്ദം ഉണ്ട്. വ്യഞ്ജനാക്ഷരങ്ങൾ ദൃഢമായി ഉപയോഗിക്കില്ലെന്നു അവർ എന്നോട് പറയുകയുണ്ടായി, ഈ കാരണത്തിനു വേണ്ടി മൃദുവായ ശബ്ദോച്ചരണത്തിനു വേണ്ടി ഹെബ്രായ അക്ഷരങ്ങൾക്കിടയിൽ കുത്തുകൾ ഉപയോഗിക്കയും ചെയ്യുന്നു.

അക്ഷരങ്ങളെ കഠിനമായി ഉച്ചരിക്കുന്നത് ആത്മീക സ്വർഗ്ഗത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടെന്നുള്ളതു കൂടി അവർ എന്നോട് പറഞ്ഞു. അവിടെ ദൂതന്മാർ സത്യത്തിൽ ആയതിനാലാണ് അവർ ഘനമായി ഉച്ചരിക്കുന്നത്.

എന്തുകൊണ്ടെന്നാൽ അവിടെ ദൂതന്മാർ സത്യത്തിലാണ് വസിക്കുന്ന ത്. സത്യം ഘനത്തോടെ സംസാരിക്കുന്നതിന് അനുവദിക്കാൻ കഴിയും. എന്നാൽ മൂന്നാം സ്വർഗ്ഗമായ അതിവിശിഷ്ട സ്വർഗ്ഗത്തിലുള്ള ദൂതന്മാർ ക്ക് നന്മയെ അങ്ങനെയല്ല. അവർ എന്നോട് പറഞ്ഞത് അവിടെ വചനം എഴുതപ്പെട്ടിരിക്കുന്നത് അവർക്കു സ്വന്തമായി അർത്ഥ മുള്ളതായ വാക്കു കൾ മുകളിലേക്ക് ചായ്ച് ചുഴറ്റി എഴുതിയ അക്ഷരങ്ങൾ കൊണ്ടാണ്. കർത്താവിന്റെ ഈ വാക്കുകളാൽ സൂചിതപ്പെടുത്തുന്നത് എന്താണ് എ ന്നത് ഇതിൽ നിന്നും സ്പഷ്ടമാണ്.

> സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരുവ ള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞു പോകയില്ല.
> മത്താ 5:18

അതുപോലെ തന്നെ:

> ന്യായപ്രമാണത്തിൽ ഒരു പുള്ളി വീണുപോകുന്നതിനേക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം... ലൂക്കാ 16:17

10

## വചനത്തിൻെറ അക്ഷരീകാർത്ഥത്തിൽ നിന്ന് വേദവിരുദ്ധത രുപപ്പെട്ടേക്കാം എന്നാൽ അവയെ സ്ഥിരീകരിക്കുന്നത് ആപത്ക രമാണ്.

**91** ഉപദേശം കൂടാതെ തിരുവചനം ഗ്രഹിപ്പാൻ സാദ്ധ്യമല്ലെന്നും ഉപദേശം ഒരു ദീപത്തെപ്പോലെ വാസ്തവീകസത്യത്തെ ദൃശ്യമാക്കിത്തരുന്നു എന്നും മുകളിൽ അന്യത്ര വിശദമാക്കിയിട്ടുണ്ടല്ലോ. ഇത് എന്തു കൊണ്ടെന്നാൽ തിരുവചനം എഴുതപ്പെട്ടത് പരിപാവനമായ ആത്മീക സാദൃശ്യാശയം അടിസ്ഥാനപ്പെടുത്തി ആയിരുന്നു. തത്ഫലമായി അതിൽ അന്തർഭവിച്ചിട്ടുള്ള പലസംഗതികളും സത്യത്തിൻെറ പ്രത്യേകതകളാണ്, മറനീക്കാത്ത സത്യങ്ങൾ അല്ല.

ഇവയിൽ ഭൂരിപക്ഷവും പ്രകൃതിതല മനുഷ്യരുടെയും, ഇന്ദ്രീയാ സക്തിതരായ മനുഷ്യരുടെ തന്നേ ഗ്രഹണശക്തിക്ക് അനുയോജ്യമാണ്. എന്തായാലും, ലളിത മനസ്ക്കർക്ക് അത് ലളിതമായി മനസ്സിലാക്കാനും, ബുദ്ധിമാന്മാർക്ക് ബൗദ്ധികമായി ഗ്രഹിപ്പാനും, ജ്ഞാനികൾക്ക് ജ്ഞാനത്തോടെ ഉൾക്കൊള്ളുവാനും കഴിയുന്നതാണ്. വചനത്തിന് പ്രത്യക്ഷസത്യങ്ങൾ അഥവ മറക്കപ്പെട്ട സത്യങ്ങൾ എന്ന പ്രകൃതം ഉള്ളതു കൊണ്ട് അനാവൃത സത്യങ്ങളെ കണ്ടെത്തുവാനായി എടുക്കുവാൻ സാദ്ധ്യതയും ഉണ്ട്. പക്ഷെ അവയെ സ്ഥിരീകരിച്ചാൽ അവ വ്യാജതകൾ ആയിത്തീരാവുന്നതാണ്. മററുള്ളവരെക്കാൾ കൂടുതൽ ജ്ഞാനികൾ എന്ന് കരുതുന്നവരും, യഥാർത്ഥത്തിൽ അങ്ങനെ അല്ലാത്തവരുമായ ആളുകളാണ് അങ്ങനെ ചെയ്യുന്നത്. എന്തു കൊണ്ടെന്നാൽ, ജ്ഞാനമുള്ളവരാണെങ്കിൽ ചെയ്യുന്നത്. ഏതൊരു സംഗതിയെയും

സ്ഥിരീകരിക്കുന്നതിനു മുമ്പ് അത് സത്യമാണോ എന്ന് നിരീക്ഷിച്ച് തെളിയിക്കുകയാണ്. അല്ലാതെ ഒരാൾക്ക് താല്പര്യമുള്ള കാര്യങ്ങൾ നേരിട്ട് സ്ഥിരീകരിക്കുകയില്ല ചെയ്യേണ്ടത്. ഇതിൽ രണ്ടാമത്തേത് ഏതൊരു കാര്യവും സ്ഥിരീകരിക്കുവാൻ വെമ്പൽ ക്കൊള്ളുന്നവരുടെ ശീലമാണ്. അവർക്ക് അവരുടെ ബുദ്ധിശക്തിയെപ്പററി അഹന്തയാണ് എന്നാൽ അതിൽ ആദ്യത്തെ ഇനം ആളുകൾ സത്യത്തെ സ്നേഹിക്കുന്നവരും അവയാൽ സ്വാധീനിക്കപ്പെടുന്നവരുമാണ്. എന്തുകൊണ്ടെന്നാൽ അവ സത്യമാകുന്നു. അവർ അവരുടെ ജീവിതത്തിൽ സത്യം ഉപയോഗിക്കുന്നവരാകുന്നു. കാരണം എന്തെന്നാൽ കർത്താവാണ് അവർക്ക് ആത്മപ്രകാശനം നൽകിയിരിക്കുന്നത്. അവർ സത്യത്തിൻെറ പ്രകാശത്തിൽ സത്യത്തെ കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നു. മററുള്ളവരാകട്ടെ, സ്വയം പ്രകാശം കണ്ടെത്താൻ ശ്രമിക്കുന്നവരാണ്. അവർ കപടതയുടെ വെളിച്ചത്തിൽ ഭോഷ്കിനേയും കാപട്യത്തേയും കാണാൻ ഇടയാകുന്നു.

**92**. സത്യത്തിൻെറ പ്രത്യക്ഷതകൾ, അതായത് മൂടപ്പെട്ട സത്യങ്ങൾ, മറ നീക്കിയ സത്യങ്ങൾക്കുവേണ്ടി വചനത്തിൽ നിന്ന് എടുക്ക പ്പെട്ടേക്കാം. അവയെ സ്ഥിരീകരിക്കുമ്പോൾ വ്യാജമായി തീരുന്നു. ക്രൈസ്തവ ലോകത്തിൽ ഉണ്ടായിരുന്നതും ഇപ്പോഴും ഉള്ളതുമായ ദുരുപദേശങ്ങളിൽ നിന്നും അത് സുവിദിതമായിത്തീരുന്നു. ദുരുപദേശങ്ങൾ മനുഷ്യനെ കുററവാളിയായി വിധിക്കുന്നില്ല. ദുഷ്ടതയുള്ള ജീവിതമാണ് കുററം വിധിക്കുന്നത്. ദുരുപദേശങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന അസത്യങ്ങൾ വചനത്തിൽ ഉള്ളതായി സ്ഥിരീകരിക്കുന്നതു മുഖേനയു, പ്രകൃതിതല സ്വാഭാവിക മനുഷ്യൻെറ യുക്തിചിന്ത മുഖേനയും ആകുന്നു. എന്തുകൊണ്ടെന്നാൽ ഓരോ മനുഷ്യനും അവൻെറ മാതാപിതാക്കളുടെ മതത്തിലേക്ക് ജനിച്ചു വീഴുന്നു. ശൈശവം മുതൽ തന്നെ ആ മതത്തിലേക്ക് ഉപനയനപ്പെടുകയും ചെയ്യുന്നു. പിൽക്കാലത്ത് അവൻ അതിലേക്ക് അനുബന്ധിക്കപ്പെടുന്നു. കാരണം ഈ ലോക ജീവിതത്തിൽ അയാൾക്ക് വിവിധങ്ങളായ ഇടപാടുകളിൽ ബന്ധപ്പെടുന്നതു നിമിത്തം അവന് സ്വയം അതിൻെറ കപടതകളിൽ നിന്ന് ഒഴിയുവാൻ കഴിയുന്നില്ല. കുററം വിധിക്കുന്നത് ദുഷ്ടതയുള്ള ജീവിതം നയിക്കുമ്പോൾ ആകുന്നു. ശുദ്ധമായ സത്യത്തെ പരമാവധി നശിപ്പിച്ച് നാമവശേഷമാക്കുന്ന കാപട്യത്തിൻെറ സ്ഥിരീകരണമാണ് യഥാർത്ഥത്തിൽ കുററം വിധിക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുകയും തൻെറ സ്വന്തരൂപകല്പന പ്രകാരമുള്ള സ്വന്തം മതത്തിലേക്ക് പററിച്ചേരുന്ന ഒരാൾ കാപട്യ ത്തോടും, അസത്യവാദത്തോടും പ്രതിജ്ഞാബദ്ധൻ തന്നെ. അയാൾ ഒരു ക്രിസ്ത്യാനിയും കർത്താവിൽ വിശ്വസിക്കുന്നവനും ആണെങ്കിൽ വചനത്തെ വിശുദ്ധം എന്ന് പരിഗണിക്കുകയും, പത്തുകല്പനകളിൽ പ്രകാരമുള്ള മതപരമായ തത്വങ്ങൾക്ക് അനുസരണമായി ജീവിക്കുകയും ചെയ്യുന്നതാണ്. ആകയാൽ അയാൾ സത്യത്തെ ശ്രവിക്കുകയും അയാളുടെ കഴിവിൻ പ്രകാരം അതിനെ ധാരണയിൽ ദർശിക്കുകയും ചെയ്താൽ അയാൾക്ക് കാപട്യങ്ങളെയും അസത്യങ്ങളെ

യും ഒഴിവാക്കുകയും സത്യത്തെ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ തൻെറ മതത്തിൻെറ അസത്യവാദങ്ങളെ സ്ഥിരീകരിച്ചിട്ടുള്ള ഒരുവൻെറ കാര്യം മറെറാരു രീതിയിലാണ്. അസത്യങ്ങളെ സ്ഥിരീകരിക്കുകയും അതിനെ നിർമ്മാർജ്ജനം ചെയ്യുവാൻ കഴിയാതെയും ആയിപ്പോകും. എന്തുകൊണ്ടെന്നാൽ, ആ സ്ഥിരീകര ണത്തിന് ശേഷം ഒരു മനുഷ്യൻ അതിലേക്ക് പ്രതിജ്ഞാ ബദ്ധൻ ആയിത്തീർന്നവനെപ്പോലെ ആകും. പ്രത്യേകിച്ചും, അത് ആ മനുഷ്യൻെറ സ്വാർത്ഥസ്നേഹവുമായി അനുയോജിക്കുകയും അയാളുടെ സ്വന്ത ജ്ഞാനത്തെക്കുറിച്ചുള്ള അഹന്ത ഉൾക്കൊള്ളുന്നതും ആയിരുന്നാൽ.

**93.** അവരുടെ മതത്തിൻെറ വ്യാജതകളിൽ ഉറച്ചു നിന്നവരും, അനേക യുഗങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ചിലരുമായി ഞാൻ ആത്മീക ലോക ത്തിൽ വെച്ച് സംഭാഷണം നടത്തുകയുണ്ടായി. അവർ ഇപ്പോഴും അതിൽ പറ റിച്ചേർന്നു നിൽക്കുന്നു എന്ന് ഞാൻ കണ്ടു. അതുപോലെ തന്നെ ഞാൻ ആ ലോകത്തിലെ മററു ചിലരോടും സംസാരിച്ചു അവർ ആ മതത്തിൽ ആയിരുന്നവരും അതിലുള്ള മററുള്ളവരെപ്പോലെ അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഇഷ്ടപ്പെട്ടിരുന്നവരും, താലോലിച്ചി രുന്നവരും ആയിരുന്നു. എന്നാൽ ആ കാപട്യങ്ങളെയും അസത്യ ങ്ങളെയും സ്ഥിരീകരിച്ച് അതിൽ ഉറച്ചു നിന്നിട്ടുള്ളവർ അല്ലായിരുന്നു. എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് അവരെ ദൂതന്മാർ അഭ്യസിപ്പിച്ചപ്പോൾ അവർ വ്യാജതകളെ തള്ളിക്കളഞ്ഞിട്ട് സത്യത്തെ ആർജ്ജിക്കയുണ്ടായി. അവർ രക്ഷിക്കപ്പെട്ടു എന്നാൽ മറ്റുള്ളവർ രക്ഷിക്കപ്പെട്ടില്ല എന്തു കൊണ്ടെന്നാൽ മരണാനന്തരം ഓരോ മനുഷ്യനെയും ദൂതന്മാരാൽ ബോധനം ചെയ്യപ്പെടുകയും സത്യങ്ങളിൽ നിന്നു വ്യാജതയേയും സത്യത്തേയും ഗ്രഹിക്കുന്നവരെ സ്വർഗ്ഗത്തിലേക്കു സ്വീകരിക്കയും ചെയ്യുന്നു കാരണം മരണാനന്തരം ഒരോരുത്തർക്കും ആത്മീകമായി സത്യത്തെ കാണുവാൻ അനുവദിക്കുന്നതാണ്. വ്യാജതകളിൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ലാത്തവർ സത്യത്തെ കാണുകയും ചെയ്യുന്നു. വ്യാജതകളിൽ സ്ഥിരീകരിക്കപ്പെട്ടു പോയവർ സത്യത്തെ കാണുവാൻ ആഗ്രഹിക്കുന്നില്ല. കൂടാതെ, അവരോട് സത്യം പറയുകയും സത്യത്തെ അവരുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്താലും അവർ അതിൽ നിന്ന് പുറം തിരിഞ്ഞ് പോകുകയും അവയെ പരിഹസിക്കുകയോ വ്യാജവൽക്കരിക്കയോ ചെയ്യും.

**94.** ഇത് ഒരു ദൃഷ്ടാന്തം കൊണ്ട് ചിത്രീകരിക്കാം. അനേകം വേദഭാഗങ്ങളിൽ, കോപം, ക്രോധം, പ്രതികാരം എന്നിവ കർത്താ വിൻെറ സ്വഭാവത്തിൻെറ ഭാഗമായി ആരോപിക്കപ്പെട്ടിട്ടുണ്ട്. അത്രമാത്രവുമല്ല അവൻ ശിക്ഷിക്കുമെന്നും നരകത്തിൽ ഇട്ടുകളയുമെന്നും, പരീക്ഷിക്കു മെന്നും അതുപോലുള്ള മററ് പല നടപടികളും ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. ലളിതമായ സാമാന്യബുദ്ധിയിൽ ഇതെല്ലാം ശരിയാണെന്ന് വിശ്വസിക്കുകയും ആ കാരണത്താൽ തന്നെ ദൈവത്തെ ഭയപ്പെടുകയും, തന്മൂലം ദൈവത്തിന് എതിരായി പാപം ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യുന്ന

ഒരാൾക്ക് സരളമായ ഈ വിശ്വാസത്തിൻെറ ഫലമായി ശിക്ഷാവിധി ഉണ്ടാകാതിരിക്കുവാൻ സാദ്ധ്യമാകുന്നതാണ്. എന്നാൽ, കർത്താവിൻെറ സ്വഭാവത്തിൽ കോപം, ക്രോധം, പ്രതികാരം മുതലായി ദുഷ്ടതയിൽ നിന്ന് ഉത്ഭവിക്കുന്ന ചേതോവികാരങ്ങൾ ഉണ്ടെന്നും സ്ത്രീ പുരുഷന്മാരെ കർത്താവ് ശിക്ഷിക്കുകയും കോപം, ക്രോധം, പ്രതികാരം എന്നിവയാൽ നരകത്തിലേക്ക് ഇടുകയും ചെയ്യുമെന്നുള്ള അടിയുറച്ച വിശ്വാസം ഉള്ളവനെ തീർച്ചയായും കുററം വിധിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതാണ്. അങ്ങനെയുള്ള മനുഷ്യൻ കുററം വിധിക്കപ്പെടുക തന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ, അയാൾ കർത്താവ് സ്നേഹമാണെന്നും കരുണമയനാകുന്നു എന്നും നന്മയുടെ മൂർത്തീകരണമാണെന്നും, ആകയാൽ കർത്താവിന് കോപിക്കുവാനോ, ക്രോധമുള്ളവനായിരിപ്പാനോ, പ്രതികാരമുള്ളവനാ യിരിപ്പാനോ സാദ്ധ്യമല്ല എന്നുമുള്ള വാസ്തവികമായ സത്യത്തെ നശിപ്പിച്ചിരിക്കയാണ്. സത്യത്തിൻെറ പ്രത്യക്ഷതയ്ക്ക് അനുസൃതമായി ഈ സംഗതികളെല്ലാം കർത്താവിൽ വിശേഷണമായി നൽകപ്പെട്ടിരി ക്കയാണ്. മററുപല സംഗതികളിലും അങ്ങനെ തന്നെയാണല്ലോ.

**95.** തിരുവചനത്തിൻെറ അക്ഷരീകാർത്ഥത്തിൽ അന്തർഭവിച്ചിട്ടുള്ളതും വാസ്തവീക സത്യങ്ങൾ മറഞ്ഞു കിടക്കുന്നതുമായ അനേകം സംഗതികൾ പ്രത്യക്ഷമായ സത്യങ്ങൾ ആകുന്നു. അപ്രകാരമുള്ള പ്രത്യക്ഷ സത്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതും, സംസാരിക്കുന്നതും ഹാനികരമല്ല. എന്നാൽ അവയിൽ അന്തർലീനമായിട്ടുള്ള വാസ്തവീക സത്യങ്ങളെ നശിപ്പിക്കുന്ന വിധത്തിൽ അവയെ സ്ഥിരീകരിക്കുന്നത് തികച്ചും ഹാനികരം തന്നെയാണ്. പ്രകൃതിയിൽ നിന്ന് എടുക്കാവുന്ന ഒരു ദൃഷ്ടാന്തത്തിലൂടെ ഈ സംഗതി ഞാൻ തെളിയിച്ചു തരാം. എന്തു കൊണ്ടെന്നാൽ, ആത്മീകമായ കാര്യങ്ങളെക്കാൾ പ്രകൃതി സഹജമായ, അഥവാ സ്വാഭാവികമായ സംഗതികൾ കൂടുതൽ വ്യക്തമായി ബോധനം നൽകുകയും, ബോദ്ധ്യപ്പെടുത്തുകയും ചെയ്യുമല്ലോ. നമ്മുടെ കണ്ണുകൾക്കു മുമ്പിൽ സൂര്യൻ ഭൂമിക്കു ചുററും ദിനചലനമായും, വാർഷീകചലനമായും ഭ്രമണം ചെയ്യുന്നു എന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് വചനത്തിൽ സൂര്യൻ ഉദിക്കുന്നതായും അസ്തമിക്കു ന്നതായും തോന്നുന്നതും, അത് പ്രഭാതത്തെയും, മദ്ധ്യാഹ്നത്തെയും, സായംസന്ധ്യയെയും, രാത്രിയെയും, ഉളവാക്കുന്നതും, വസന്തം, ഗ്രീഷ്മം, ശിശിരം, വർഷം എന്നീ കാലങ്ങളെ നിർമ്മിക്കുന്നതും, തൽഫലമായി നാളുകളും, സംവത്സരങ്ങളും അവ ഉളവാക്കുന്നതും എന്നാൽ സത്യത്തിൽ സൂര്യൻ സ്ഥിരമായി ഒരിടത്തു നിൽക്കുകയും, അനുനിമിഷം ജ്വലിച്ചു കൊണ്ടിരിക്കുന്ന ഒരു അഗ്നികുണ്ഠമായി നിലനിൽക്കുകയും അതിന് ചുറ്റുമായി ഭൂമി, ദിനചലനത്തിലൂടെയും വാർഷിക ചലനത്തിലൂടെയും സൂര്യനു ചുററും പരിക്രമണം ചെയ്യുകയും ആണല്ലോ. എന്നാൽ മനുഷ്യന്റെ ലളിത ബുദ്ധിയിലും, അജ്ഞതയിലും, സൂര്യൻ ഭ്രമണം ചെയ്യുന്നതായി സങ്കല്പിക്കുകയാണ് ചെയ്യുന്നത്. എങ്കിലും അതുകൊണ്ട് ഭൂമി ദിനാനുദിനം സ്വയം അച്ചുതണ്ടിൽ ദിനചല

നം ചെയ്യുകയും സൂര്യന് ചുറ്റുമുള്ള ഒരു ഭ്രമണപഥത്തിലൂടെ സൂര്യനു ചുററും വാർഷിക ചലനം ചെയ്യുന്നു എന്നുള്ള സ്വാഭാവിക സത്യത്തെ നശിപ്പിക്കുന്നതേയില്ല. വചനാനുസരണം, സൂര്യന്റെ മിഥ്യാഭ്രമണത്തെയും പരിക്രമണത്തെയും സാധാരണ മനുഷ്യന്റെ യുക്ത്യാനുസരണം ശരിയെന്ന് സ്ഥിരീകരിക്കുന്ന ഒരുവൻ യഥാർത്ഥ സത്യത്തെ അസാധുവാക്കുകയും ഒട്ടാകെ നശിപ്പിക്കുകയുമാണ് ചെയ്യുന്നത്.

(3) സൂര്യൻ ചലിക്കുന്നു എന്നത് ഒരു പ്രകടമായ സത്യവും, സൂര്യൻ ചലിക്കുന്നില്ല എന്നത് ഒരു വാസ്തവീക സത്യമാകുന്നു. പ്രകടമായ അഥവാ അപ്രകാരമാണെന്ന് തോന്നിപ്പിക്കുന്ന സത്യത്തിൽ പ്രകാരമാണ് മനുഷ്യൻ സംസാരിക്കുന്നത് തീർച്ചയായും അങ്ങനെ സംസാരിക്കുന്നതുമാണ്. എന്നാൽ അതു തന്നെയാണ് സത്യമെന്ന് സ്ഥിരീകരിക്കുമ്പോൾ യുക്തിസഹമായ പരിജ്ഞാനത്തെ അത് മൂർച്ചയില്ലാതാക്കുകയും ഇതു സങ്കീർണ്ണമാക്കിത്തീർക്കുകയും ചെയ്യുന്നു. നക്ഷത്ര നിബിഡമായ ആകാശത്തിലുള്ള നക്ഷത്രങ്ങളുടെ കാര്യവും ഇപ്രകാരം തന്നെയാണ്. അതായത് സൂര്യനെപ്പോലെ തന്നെ നക്ഷത്രങ്ങളും ദിനാനുദിനം ഭൂമിയെ പരിക്രമണം ചെയ്യുന്നതായിട്ടാണ് തോന്നുന്നത്. അതുകൊണ്ട് സൂര്യനെപ്പോലെ നക്ഷത്രങ്ങളും ദിനം പ്രതി ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു എന്നാണ് പറയപ്പെടുന്നത്. എന്നാൽ യഥാർത്ഥ സത്യം അവയും സ്ഥിരമായി നിൽക്കുന്നു എന്നതാണ്. അവയുടെ നഭോമണ്ഡലസ്ഥാനം ചലനരഹിതമാകുന്നു. എന്നാലും, എല്ലാവരും അവയുടേ പ്രത്യക്ഷമായ ദൃശ്യത്തെക്കുറിച്ചാണ് സംസാരിക്കാറുള്ളത്.

**96.** അപ്രകാരം, വചനത്തിന്റെ പ്രത്യക്ഷതയിലുള്ള സത്യത്തെ സ്ഥിരീകരിക്കുന്നത് ഹാനികരമാണ്. വചനത്തിൽ അന്തർലീനമായിരിക്കുന്ന വാസ്തവീകമായ സത്യത്തെ അത് നശിപ്പിക്കുന്നതിന് കാരണമാണ്. വചനത്തിന്റെ അക്ഷരീകാർത്ഥത്തിലുള്ളതും, പൊതുവായും പ്രത്യേകമായും ഉള്ളതുമായ എല്ലാ സംഗതികളും സ്വർഗ്ഗവുമായി ആശയവിനിമയം ചെയ്യുകയും, സത്യങ്ങളെ വിപാടനം ചെയ്യുകയും ചെയ്യുന്നു. മുകളിൽ നമ്പ്ര 62-69 വരെയുള്ള ഖണ്ഡികകളിൽ അതെക്കുറിച്ച് വിവരിച്ചിട്ടുണ്ടല്ലൊ. ആകയാൽ, അക്ഷരീകാർത്ഥത്തെ സ്വർഗ്ഗീയ സ്നേഹത്തിന് വിരുദ്ധമായുള്ള ലൗകീക സ്നേഹത്തെ സ്ഥിരീകരിക്കുന്നതിനു വേണ്ടി ഒരുവൻ ഉപയോഗിക്കുകയാണെങ്കിൽ വചനത്തിന്റെ ആന്തരീകാർത്ഥം കപടമായിത്തീരാനിടയാകും. ആ സാഹചര്യത്തിൽ ആന്തരീകാർത്ഥം കപടമായിത്തീരുവാനിടയാകുന്നതിനാൽ ബാഹ്യതല അക്ഷരീകാർത്ഥവുമായി സ്വർഗ്ഗത്തിലേക്ക് ആശയവിനിമയം ചെയ്യുമ്പോൾ സ്വർഗ്ഗം അടയ്ക്കപ്പെടും എന്തു കൊണ്ടെന്നാൽ വചനത്തിന്റെ ആന്തരീകാർത്ഥത്തിൽ സ്ഥിതി ചെയ്യുന്നവരായ ദൂതന്മാർ അതിനെ അംഗീകരിക്കാതെ തിരസ്കരിച്ചുകളയും. ഇതിൽ നിന്ന് സുവിദിതമാകുന്നത് എന്തെന്നാൽ കപടമായ ആന്തരീകാർത്ഥം, അഥവാ ഭോഷ്ക്ക് ആയിത്തീർന്ന സത്യം സ്വർഗ്ഗവുമായുള്ള ആശയ വിനിമയത്തെ നശിപ്പിക്കുകയും സ്വർഗ്ഗത്തെ അടച്ചുകളയുകയും

ചെയ്യുന്നു. ഇതുകൊണ്ടാണ് മതനിഷേധ ദുരുപദേശങ്ങളെ അംഗീകരിച്ച് സ്ഥിരീകരിക്കുന്നത് ആപൽക്കരമായിത്തീരുന്നത്.

**96.** (എ) വചനം ഒരു പൂന്തോട്ടം പോലെയാകുന്നു, അതിൽ സൗകുമാര്യങ്ങളും, എല്ലാവിധ ആഹ്ളാദങ്ങളും ഉള്ള ഒരു സ്വർഗ്ഗീയ പറുദീസ. അതിന്റെ സൗകുമാര്യതകൾ അതിന്റെ ഫലങ്ങളിലും ആഹ്ളാദങ്ങൾ അതിന്റെ പൂക്കളിലും കാണാം. ഇതിന്റെ മദ്ധ്യത്തിലായി ജീവവൃക്ഷവും കാനന വൃക്ഷങ്ങളോടു കൂടിയ തോട്ടത്തെ ചുറ്റുന്ന ജീവജല ഉറവയും. ഉപദേശത്തിൽ നിന്നുള്ള ദിവ്യസത്യങ്ങളിൽ ധർമ്മിഷ്ടനായിരിക്കുന്ന മനുഷ്യൻ ജീവവൃക്ഷമുള്ള തോട്ടത്തിന്റെ നടുവിൽ വസിക്കുന്നു, എന്നാൽ, ഉപദേശത്തിൽ നിന്നല്ലാതെ കേവലം വചനത്തിന്റെ അക്ഷരീകാർത്ഥത്തിലുള്ള സത്യങ്ങളിൽ തത്വാതിഷ്ടിതനായ ഒരുവൻ ആ പൂന്തോട്ടത്തിന്റെ പ്രാന്തങ്ങളിലും അവൻ കേവലം വനന്തരത്തെ മാത്രം കാണുന്നു, എന്നാൽ സ്വന്തം മനസ്സിന്റെ വ്യാജതകളിൽ സ്ഥിരീകരിക്കപ്പെട്ടവനും വ്യാജമതത്തിന്റെ ഉപദേശങ്ങളിൽ ആയിരിക്കുന്നവൻ പുല്ലുകൾ പോലുമില്ലാത്ത സമതല മണ്ണിലും ആണ്.  അങ്ങനെ തന്നെ ആയിരിക്കും അപ്രകാരമുള്ള മനുഷ്യർ, അവരുടെ മരണാനന്തരം അവരെ അർഹമായ സ്ഥാനങ്ങളിൽ അവരോധിക്കപ്പെടുന്നതാണ്.

**97.** സർവ്വോപരി, വചനത്തിന്റെ അക്ഷരീകാർത്ഥം അതിനുള്ളിൽ അന്തർഭവിച്ചിട്ടുള്ള വാസ്തവീക സത്യങ്ങളുടെ കാവലൽക്കാർ ആകുന്നു എന്ന് അറിഞ്ഞിരിക്കേണ്ടതാകുന്നു. ഒരു മനുഷ്യൻ അവന്റെ സ്വന്തം ധാരണകളോടുള്ള വ്യാഖ്യാനങ്ങൾ ഇതിന്റെ ആന്തരീക ഉള്ളടക്കങ്ങളെ ക്ഷതപ്പെടുത്തുകയും ലംഘിക്കയും ചെയ്യാതെ വചനത്തിന്റെ അക്ഷരീകാർത്ഥം വിവിധ വ്യക്തികൾ വ്യത്യസ്തമായി ഗ്രഹിക്കുന്നതുകൊണ്ട് യാതൊരു ദോഷവുമില്ല. എന്നാൽ അതിൽ അന്തർലീനമായി കിടക്കുന്ന ദൈവീക സത്യത്തെ വികലമാക്കുമ്പോഴാണ് അതിൽ ദോഷമുണ്ടാകുന്നത് എന്തുകൊണ്ടെന്നാൽ  അങ്ങനെ ആയാൽ വചനത്തോട് അതിക്രമം ചെയ്യുക ആവും സംഭവിക്കുന്നത്. ഇത് ഒഴിവാക്കുന്നതിന് വചനത്തിന്റെ അക്ഷരീകാർത്ഥം ഒരു കാവൽക്കാരനായി പ്രവർത്തിക്കണം. സ്വന്തമതത്തിൽ നിന്ന് കാപട്യത്തിലേക്ക് ഭോഷ്കിലേക്കും വഴുതിയിട്ടുള്ളവർക്ക് എതിരെ ഒരു കാവൽക്കാരനായി നിലകൊള്ളുന്നു. എന്നാൽ കപടതകളെയും ഭോഷ്കിനെയും അംഗീകരിക്കാതെയും സ്ഥിരീകരിക്കാതെയും വർത്തിക്കുന്നവർ വചനത്തിന് യാതൊരുവിധ ഹാനിയും ഉണ്ടാകുന്നില്ല.

(2) കെരുമ്പുകളെന്നതിനാൽ കുറിക്കുന്നത് ഈ കാവൽക്കാരെയാണ് അവരെക്കുറിച്ച് വചനത്തിൽ വിവരിച്ചിട്ടുണ്ടല്ലോ ആദാമും ഹവ്വായും ഏദൻ  തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട ഉടനെ കെരുബുകളെ തോട്ടത്തിന്റെ പ്രവേശന കവാടങ്ങളിൽ കാവൽക്കാരായി നിയമിച്ചു. അതെക്കുറിച്ച് നാം വചനത്തിൽ ഇപ്രകാരം വായിക്കുന്നു.

യഹോവയായ ദൈവം അവനെ ഏദൻ തോട്ടത്തിൽ നിന്ന് പുറത്താ

> ക്കി. ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു. ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാപ്പാൻ അവൻ ഏദൻ തോട്ടത്തിന് കിഴക്ക് കെരുബുക്കളെ, തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി. ഉല്പ 3:23,24

കെരുബിനാൽ സൂചിതപ്പെടുത്തുന്നത് കാവൽക്കാരൻ എന്നാണ്, ജീവവൃക്ഷത്തിനാൽ സൂചിതപ്പെടുത്തുന്നത് വചനത്തിലൂടെ കരസ്ഥമാക്കുന്ന കർത്താവിങ്കലേക്കു സമീപിക്കുന്നതിനേയുമാണ്; ചുറ്റുപാടും തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയെന്നതിനാൽ സൂചിതപ്പെടുത്തുന്നത് ആത്യന്തീകതയിലുള്ള അക്ഷരത്തിന്റെ അർത്ഥത്തിലുള്ള വചനത്തേ പോലെ അപ്രകാരം തിരിയുന്ന ദിവ്യസത്യത്തേയും കുറിക്കുന്നു.

(3) ചുവടെ ചേർത്തിരിക്കുന്ന വേദഭാഗത്തിൽ നിന്ന് അതേ അർത്ഥം ലഭിക്കുന്നു:

> പൊന്നുകൊണ്ട് രണ്ട് കെരുബുകളെ ഉണ്ടാകണം. കൃപാസനത്തിന്റെ രണ്ട് അററത്തും അടിപ്പുപണിയായി പൊന്നുകൊണ്ട് അവയെ ഉണ്ടാക്കേണം...... പുറ 25:18–21

കെരുബുകൾ സൂചിപ്പിക്കുന്നത്, അവ കാവൽക്കാർ ആണെന്നത്രേ.

ആകയാൽ:

> കർത്താവ് കെരുബുകളുടെ നടുവിൽ നിന്ന് മോശെയോട് സംസാരിച്ചു പുറ 25:22, 37:9, സംഖ്യ 7:89

മുകളിൽ അന്യത്ര, നമ്പർ 37–49 ഖണ്ഡികകളിൽ, കർത്താവ് മനുഷ്യരോട് സമ്പൂർണ്ണതയിലൂടെ അല്ലാതെ സംസാരിക്കാറില്ലെന്നും, വചനം അതിന്റെ അക്ഷരീകാർത്ഥത്തിൽ സമ്പൂർണ്ണമാണെന്നും, ആ കാരണത്താലാണ് കർത്താവ് കെരുബുകളുടെ ഇടയിൽ നിന്നു കൊണ്ടു മോശയോട് സംസാരിച്ചതെന്നും മനസ്സിലാക്കാമല്ലോ. ഇതല്ലാതെ മറ്റൊന്നും അർത്ഥമാക്കപ്പെട്ടിരുന്നില്ല.

> സമാഗമന കൂടാരത്തിന്റെ തിരശീലമേലുള്ളതും മൂടുശീലയിന്മേലുമുള്ള കെരൂബുകൾ. പുറ 26:1,31

മുകളിൽ നമ്പർ 46 ഖണ്ഡികയിൽ കാണുന്നതുപോലെ, സമാഗമന കൂടാരത്തിന്റെ തിരശീലകളും മൂടുശീലകളും സൂചിതപ്പെടുത്തുന്നത് സ്വർഗ്ഗത്തിന്റെയും സഭയുടെയും ആത്യന്തിക കാര്യങ്ങളെയാണ്. മറ്റൊന്നുമല്ല അതുകൊണ്ടു സൂചിപ്പിക്കപ്പെടുന്നത്, ഉദാഹരണമായി:

> അന്തർമന്ദിരത്തിൽ അവൻ ഒലിവുമരം കൊണ്ട് പത്തുമുഴം ഉയരമുള്ള രണ്ടു കെരുബുകളെയും ഉണ്ടാക്കി. ... കെരുബുകളെയും അവൻ പൊന്നുകൊണ്ടു പൊതിഞ്ഞു. രാജാ 6:23,28

> അന്തരാലയവും, ബഹിരാലയവുമായ ആലയത്തിന്റെ ചുവരുകളിലെയും ചുററും, കെരുബ്, ഈന്തപ്പന വിടർന്ന പുഷ്പം എന്നിവയുടെ രൂപം കൊത്തിയുണ്ടാക്കി. 1 രാജാ 6:29,32,35

> പുതിയ ദേവാലയത്തിലെ കെരുബുകളും, യെഹ 41:18–20

മുകളിൽ നമ്പർ 47–ാം ഖണ്ഡികയും കാണുക.

(4) വചനത്തിന്റെ അന്തർ ഭംഗത്തു സ്ഥിതി ചെയ്യുന്ന കർത്താവ്, സ്വർഗ്ഗം, ദൈവീക സത്യം എന്നിവയെ ആന്തരീക സത്തകളുടെ മാദ്ധ്യമത്തിലൂടെയല്ലാതെ, നേരിട്ട് സമീപിപ്പാൻ ഇടയാകാതിരിക്കേണ്ടതിന് വേണ്ടി കെരുബുകളെ കാവൽക്കാരായി നിയോഗിച്ചു.

ആകയാൽ സോർ രാജാവിനോട് ഇപ്രകാരം പറഞ്ഞിരിക്കുന്നു:

> നീ മാതൃകാ മുദ്രയാകുന്നു. നീ ജ്ഞാന സമ്പൂർണ്ണനും, സൗന്ദര്യ സമ്പൂർണ്ണനും തന്നേ. നീ ദൈവത്തിന്റെ തോട്ടമായ ഏദനിൽ ആയിരുന്നു. താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലകല്ല്, മാണിക്യം, മരതകം, മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു. നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നു കൊണ്ടുള്ളതായിരുന്നു. നീ ചിറക് വിടർത്തുമറെക്കുന്ന കെരുബ് ആകുന്നു. ഞാൻ നിന്നെ വിശുദ്ധ ദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു. നീ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചു പോന്നു.... നീ പാപം ചെയ്തു, അതുകൊണ്ട് ഞാൻ നിന്നെ അശുദ്ധൻ എന്ന് എണ്ണി, ദേവപർവ്വതത്തിൽ നിന്ന് തള്ളിക്കളഞ്ഞു, മറെക്കുന്ന കെരുബേ, ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ നിന്ന് മുടിച്ചുകളഞ്ഞു.
>
> യെഹ 28:12,13,14,16

സത്യത്തിന്റെയും നന്മയുടെയും അറിവിനെയും ഗ്രാഹ്യത്തെയും സംബന്ധിച്ചിടത്തോളം സോർ, സൂചിപ്പിക്കുന്നത് സഭയെയാകുന്നു. ആകയാൽ സോർ രാജാവ് എന്നത് സൂചിപ്പിക്കുന്നത് അവബോധത്തിന്റെ സ്രോതസ്സ് ആയ വചനത്തെയാണ്. അപ്രകാരം സോർ രാജാവ് ആത്യന്തികമായ വചനത്തിന്റെ പ്രതീകമായി വചനത്തെയാണ് സൂചിപ്പിക്കുന്നത്, അതായത് വചനത്തിന്റെ അക്ഷരീകാർത്ഥത്തെ അപ്പോൾ കെരുബുകൾ അതിന്റെ കാവൽക്കാരും ആയി സൂചിപ്പിക്കപ്പെടുന്നു. ഇപ്രകാരമാണല്ലൊ അരുളി ചെയ്യപ്പെട്ടിരിക്കുന്നത്... നീ മാതൃകാ മുദ്രയാകുന്നു, നീ ജ്ഞാന സമ്പൂർണ്ണനും, സൗന്ദര്യ സമ്പൂർണ്ണനും തന്നേ. നീ ദൈവത്തിന്റെ തോട്ടമായ ഏദനിൽ ആയിരുന്നു. താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലകല്ല്, മാണിക്യം, മരതകം, മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു... .. നീ ചിറകുവിടർത്തി മറെക്കുന്ന കെരുബ് ആകുന്നു... എന്നീ പ്രകാരം ആണ്. മുകളിൽ നമ്പർ 45–ാം

ഖണ്ഡികയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതുപോലെ, ഇവിടെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന വിലയേറിയ രത്നങ്ങൾ, വചനത്തിന്റെ അക്ഷരീകാർത്ഥങ്ങളുടെ സത്യങ്ങൾ ആകുന്നു.

കെരൂബ് എന്നാൽ വചനത്തിന്റെ ആത്യന്തിക സത്ത എന്നാണ് അർത്ഥം, മാത്രമല്ല കാവൽക്കാരൻ എന്നും. ആകയാൽ കെരൂബിനെക്കുറിച്ച് സങ്കീർത്തനങ്ങളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

> അവൻ ആകാശം ചായിച്ചിറങ്ങി. കൂരിരുൾ അവന്റെ കാൽകീഴുണ്ടായിരുന്നു. അവൻ കെരൂബിന വാഹനമാക്കി പറന്നു, അവൻ കാറ്റിന്റെ ചിറകിന്മേൽ ഇരുന്ന് പറപ്പിച്ചു.. സങ്കീ 18:9,10

> ആട്ടിൻ കൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, ചെവിക്കൊള്ളേണമേ, കെരരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കേണമേ. സങ്കീ 80:1

> യഹോവ വാഴുന്നു, ജാതികൾ വിറക്കട്ടെ, അവൻ കെരുബുകളുട മീതെ വസിക്കുന്നു., ഭൂമി കുലുങ്ങട്ടെ. സങ്കീ 99:1

കെരുബുകളിന്മേൽ പറക്കുക, കെരുബുകളിന്മേൽ വസിക്കുക, കെരുബുകളിന്മേൽ ഇരിക്കുക എന്നിവയുടെയെല്ലാം അർത്ഥം എന്തെന്നാൽ, വചനത്തിന്റെ ആത്യന്തികവും സമ്പൂർണ്ണവുമായ അർത്ഥം സ്വീകരിക്കുക എന്നാണ്.

വചനത്തിലെ ദൈവീകസത്യം, ആ സത്യത്തിന്റെ പ്രകൃതം എന്നിവയെ യെഹെസ്കേൽ 1,9,10 എന്നീ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ വചനത്തിന്റെ ആത്മീകാർത്ഥം വെളിപ്പെടുത്തപ്പെട്ടവർക്കല്ലാതെ, അതിലെ വിവരണങ്ങളുടെ ഓരോ വിശേഷ ഘടകത്തിന്റെയും വ്യംഗ്യാർത്ഥം ഗ്രഹിപ്പാൻ കഴിയാത്തതിനാൽ അവയുടെ എല്ലാം സൂചിതാർത്ഥം ഏന്താണെന്ന് സംഗ്രഹിതമായി എനിക്ക് പറഞ്ഞു തന്നിട്ടുണ്ട്. യെഹെസ്ക്കേൽ ഒന്നാം അദ്ധ്യായത്തിൽത്തന്നെ കെരുബുകളെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

> വചനത്തിന്റെ ബാഹ്യമായ ദൈവീക പരിമാണം വർണ്ണിക്കപ്പെട്ടിരിക്കുന്നു. വാക്യം 4
>
> ഇതിനെ ഒരു മനുഷ്യനായി പ്രതിനിധീകരിക്കപ്പെട്ടിരിക്കുന്നു.
>
> വാക്യം 5
>
> ആത്മീകവും, സ്വർഗ്ഗീയവുമായ സംഗതികളുമായി സംയോഗം ചെയ്യപ്പെട്ടിരിക്കുന്നു. വാക്യം 6
>
> തിരുവചനത്തിന്റെ പ്രകൃതിതല സത്തയുടെ പ്രകൃതം. വാക്യം 7

തിരുവചനത്തിന്റെ ആത്മീകവും, സ്വർക്ഷീയവുമായ സത്തകൾ പ്രകൃതി തലസത്തയുമായി സംയോഗം ചെയ്യപ്പെടുന്നു. വാക്യം 8,9

സ്വർഗ്ഗീയവും, ആത്മീകവും, പ്രകൃതിതലവുമായ നന്മയുടെയും സത്യത്തിന്റെയും ദൈവീക സ്നേഹവും, ഓരോന്നായും, ഒരുമിച്ചും.

വാക്യം 10,11

അവയെല്ലാം ഒരേ ലക്ഷ്യത്തിലേക്ക് നോക്കുന്നു. വാക്യം 12

വചനം അതിജീവിക്കുന്നതായ കർത്താവിന്റെ ദൈവീക നന്മയുടെയും ദൈവീക സത്യത്തിന്റെയും വചന മണ്ഡലം. വാക്യം 13,14

വചനത്തിലുള്ളതും വചനത്തിൽ നിന്നുള്ളതുമായ നന്മയുടെയും, സത്യത്തിന്റെയും ഉപദേശം. വാക്യം 15-21

അതിന്മീതെയും, അതിലുമുള്ള, കർത്താവിന്റെ ദൈവീകത്വം.

വാക്യം 22,23

അതിൽ നിന്നുള്ളതും. വാക്യം 24,25

കർത്താവ് സ്വർഗ്ഗങ്ങൾക്കും മീതെയാകുന്നു. വാക്യം 26

ദൈവീക സ്നേഹവും, ദൈവീകജ്ഞാനവും അവനുള്ളത്. വാക്യം 27,28

ഈ സംഗ്രഹങ്ങളെ സ്വർഗ്ഗത്തിലുള്ള വചനവുമായി താരതമ്യം ചെയ്തിട്ടുണ്ട്, ഇതുമായി അവ പൊരുത്തത്തിലാണ്.

11

## വചനത്തിലെ മുഴുകാര്യങ്ങളും നിവർത്തിപ്പാനായും അതിൻഫലമായി ആത്യന്തീകമായ വചനമോ അല്ലെങ്കിൽ ദിവ്യസത്യവുമാകുവാൻ കർത്താവു ഈ ലോകത്തിലേക്ക് വന്നു.

**98**. വചനത്തിലുള്ള എല്ലാ സംഗതികളും നിറവേറ്റുന്നതിനായി കർത്താവ് ലോകത്തിലേക്കു വന്നു. കർത്താവിനെക്കുറിച്ചുള്ള ഉപദേശം നമ്പർ 8-11 ഖണ്ഡികകളിൽ ഇത് കാണാവുന്നതാണ്. യോഹന്നാന്റെ സുവിശേഷത്തിൽ നിന്നുള്ള, ചുവടെ ചേർത്തിരിക്കുന്ന വേദഭാഗത്തിൽ നിന്ന്, അവൻ ആത്യന്തികമായി ദൈവീകസത്യം, അഥവാ വചനം ആയിത്തീർന്നു എന്നുള്ള അർത്ഥം വ്യക്തമായിത്തീരുന്നു.

വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായികണ്ടം യോഹ 1:14

വചനം ജഡമായിത്തീർന്നു എന്നാൽ വചനം അതിന്റെ ആത്യന്തിക സത്തയിൽ ആയിത്തീർന്നു എന്നാണ് സാരം. വചനത്തിന്റെ ആത്യന്തികയെന്നാൽ കർത്താവ് തന്നെയാകുന്നു. കർത്താവ് രൂപാന്തരത്വപ്പെട്ടപ്പോൾ

ആത്യന്തികമായ കർത്താവിനെ തന്റെ ശിഷ്യന്മാർക്ക് ദൃശ്യമാക്കിക്കൊടുത്തു. മത്തായി 17:2-9, മർക്കോസ് 9:2-9, ലൂക്കോ 9:28-36

മോശെയും ഏലിയാവും മഹത്വത്തോടെ പ്രത്യക്ഷരായി എന്ന് അവിടെ പറഞ്ഞിരിക്കുന്നു. മോശെയും ഏലിയാവും എന്നാൽ ആത്യന്തികമായ വചനം എന്നാണ് അർത്ഥം, നമ്പർ 48 ഖണ്ഡികയിൽ അത് കാണാവുന്നതാണ്.

വെളിപ്പാട് : 1: 13-16 വാക്യങ്ങളിൽ യോഹന്നാൻ അപ്പോസ്തലൻ കർത്താവിനെ ആത്യന്തികമായ വചനമായി വർണ്ണിച്ചിരിക്കുന്നു. അതിൽ കർത്താവിനെക്കുറിച്ചുള്ള വിവരണങ്ങൾ എല്ലാം ദൈവീക സത്യത്തിന്റെ അഥവാ വചനത്തിന്റെ ആത്യന്തികതയെ സൂചിപ്പിക്കുന്നു. അതിനു മുമ്പ് കർത്താവ് നിശ്ചയമായും വചനം തന്നെയായിരുന്നു, പക്ഷെ പ്രഥമ മൗലീക കാരണത്തിൽ. അത് ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിട്ടുണ്ടല്ലൊ.

> ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകിട ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടി ആയിരുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി. യോഹ 1:1,2

അങ്ങനെ, വചനം ജഢമാകുകയും കർത്താവ് ആത്യന്തികമായി വചനം ആയിത്തീരുകയും ചെയ്തതുകൊണ്ട് അവൻ ഇപ്രകാരം വിളിക്കപ്പെടുന്നു.

> ഞാൻ അൽഫയും ഒമേഗയും ആകുന്നു. വെളി 1:8, 11,17,2:8,21:6,22:12,13

**99.** കർത്താവ് ആത്യന്തികമായ വചനം ആയിത്തീർന്നു എന്ന കാരണത്താൽ, സഭയുടെ അവസ്ഥയ്ക്ക് സമൂലമായ മാറ്റം സംഭവിച്ചു കർത്താവിന്റെ ആഗമനത്തിന് മുമ്പ് സഭകളെല്ലാം കേവലം പ്രതിനിധായകർ ആയിരുന്നു. മാത്രവുമല്ല അവയ്ക്ക് നിഴലിലൂടെയല്ലതെ ദൈവീക സത്യത്തെ കാണുന്നതിന് സാദ്ധ്യമായിരുന്നതുമില്ല. എന്നാൽ കർത്താവിന്റെ ആഗമനാനന്തരം, കർത്താവിനാൽ സ്ഥാപിതമായ സഭയ്ക്ക് സത്യവെളിച്ചത്തിൽ ദൈവീക സത്യത്തെ കാണുവാൻ സാധിച്ചു. അവിടെ ഉണ്ടായ വ്യത്യാസം പ്രഭാതവും പ്രദോഷവും പോലെ ആയിരുന്നു. അവൻ ലോകത്തിലേക്ക് വന്നതിന് മുമ്പ് കർത്താവ് സഭയുടെ ആളുകളോടൊപ്പം ഉണ്ടായിരുന്നു. കർത്താവ് വരുന്നതിന് മുമ്പുള്ള സഭയുടെ അവസ്ഥയെ സായം സന്ധ്യ (പ്രദോഷം) എന്നും, കർത്താവ് വന്നതിനു ശേഷമുള്ള സഭയുടെ അവസ്ഥയെ ഉഷസായി(പ്രഭാതം) എന്നും വിളിക്കുന്നു. കർത്താവ് വരുന്നതിന് മുമ്പ് അവൻ തീർച്ചയായും സഭയോടൊപ്പം ഉണ്ടായിരുന്നു. എന്നാൽ സ്വർഗ്ഗത്തിന്റെ മാദ്ധ്യമത്തിലൂടെ ആയിരുന്നു. മനുഷ്യരോടൊപ്പം അവനായിരുന്ന ലോകത്തിലേക്ക് ദിവ്യപ്രകൃതി ധരിച്ചു. താൻ സ്വീകരിച്ച മാനുഷ്യത്വം മഹത്വീകരണത്തിന് ഇടയാക്കുകയും മഹത്വീകരിക്കപ്പെട്ട മനുഷ്യത്വം കർത്താവിന്റെ ദിവ്യ പ്രകൃതിയാണ്.

**100.** കർത്താവ് വചനമാകുന്നത് എങ്ങനെയാണെന്ന് ചുരുക്കം ചിലർ മനസ്സിലാക്കുന്നു, വചനം മുഖേനെ മനുഷ്യരെ ഉപദേശിക്കുവാനും പ്രഭോധോദയപ്പെടുത്തുവാനും കഴിയുന്നത് കർത്താവാണ്, ഇതിന്റെ പേരിൽ അവനെ വചനമെന്നു വിളിക്കാനാവില്ലെന്നാണ് പൊതുവിൽ വിചാരിക്കപ്പെട്ടിട്ടുള്ളത്. ഓരോ മനുഷ്യനും അവന്റെ സ്വന്തം സ്നേഹമാണ്, അവന്റെ സ്വന്തം സത്യമാകുന്നു. ആകയാൽ അയാളുടെ സ്വന്തം നന്മയും, സ്വന്തം സത്യവുമാകുന്നു. ഓരോ മനുഷ്യനും. അവൻ മനുഷ്യനായിരിക്കുന്നതിന്റെ കാരണം അവന്റെ സ്നേഹമാണന്നും, അവന്റെ സ്വന്തം സത്യമാണെന്നും, ദൂതന്മാരും ആത്മാവുകളും, മനുഷ്യർ ആണെന്നും, ഇതല്ലാതെ അയാൾ മനുഷ്യനായിരിപ്പാൻ മററ് യാതൊരു കാരണവും ഇല്ലെന്നും വ്യക്തമാകുന്നു. മനുഷ്യൻ അവന്റെ സ്വന്തം നന്മയുടെയും സ്വന്തം സത്യത്തിന്റെയും ആകെത്തുക ആകയാൽ, ദൂതന്മാരും ആത്മാവുകളും മനുഷ്യർ തന്നെയാകുന്നു. അത് കർത്താവിൽ നിന്ന് പുറപ്പെടുന്ന സകലവിധ നന്മയുടെയും, സത്യത്തിന്റെയും ഫലമാകുന്നു, അത് മനുഷ്യന്റെ സ്വരൂപത്തിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ കർത്താവ് തികച്ചും ദൈവീക നന്മയും, ദൈവീക സത്യവുമാകുന്നു. അങ്ങനെ അവൻ തികച്ചും മനുഷ്യൻ തന്നെയാണ്. അങ്ങനെ കർത്താവിൽ നിന്ന് ഓരോ മനുഷ്യനും മനുഷ്യനായിത്തീരുകയും ചെയ്യുന്നു. സകലവിധ ദൈവീക നന്മയും, ദൈവീക സത്യവും അതിന്റെ സ്വരൂപത്തിൽ മനുഷ്യൻ തന്നെയാണ് എന്ന സംഗതി.. സ്വർഗ്ഗവും നരകവും.. എന്ന ഗ്രന്ഥത്തിൽ, നമ്പർ 460–ാം ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്നത് കാണാമല്ലോ. ദൂതന്മാരുടെ ജ്ഞാനത്തെ സംബന്ധിച്ചുള്ള ഗ്രന്ഥത്തിൽ അതെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ, കൂടുതൽ വിശദമായും, വ്യക്തമായും വിവരിക്കപ്പെടുന്നതാണ്.

12

## ഇപ്പോൾ ലോകത്തിലുള്ള വചനത്തിന് മുമ്പ് നഷ്ടമായിപ്പോയ, ഒരു വചനം ഉണ്ടായിരുന്നു.

**101.** മോശെയും പ്രവാചകന്മാരും യിസ്രായേല്യ ജനങ്ങൾക്ക് വചനം നൽകിയതിനു മുമ്പ് ബലിയിലൂടെയുള്ള ആരാധന ജനങ്ങൾക്ക് അറിയാമായിരുന്നു. ആ കാലത്ത് യഹോവയുടെ വായിൽ നിന്നുള്ള വചനങ്ങൾ മനുഷ്യർ പ്രവചിച്ചിരുന്നു. മോശെയുടെ ഗ്രന്ഥങ്ങളിൽ നിന്ന് ഈ സംഗതി വ്യക്തമാകുന്നു. ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ നിന്ന് യാഗത്തിലൂടെയുള്ള ആരാധനയെക്കുറിച്ച് അന്നത്തെ ജനങ്ങൾക്ക് അറിയാമായിരുന്നു എന്ന് വ്യക്തമാകുന്നുണ്ട്.

> നിങ്ങൾ അവരുടെ ബലിപീഠങ്ങളെ ഇടിച്ച് വിഗ്രഹങ്ങളെ തകർത്ത് അശേരാ പ്രതിഷ്ഠകളെ വെട്ടിക്കളയേണം..
>
> പുറ 34:3, ആവ 7:5, 12:3

ജാതികളുടെ ബലിപീഠങ്ങളെ തകർത്തുകളയുവാനും, അവരുടെ പ്രതിമകളെ വെട്ടിക്കളയുവാനും, അവരുടെ പ്രതിഷ്ഠകളെ വെട്ടിക്കളയുവാനും യിസ്രായേൽ മക്കളോട് ആജ്ഞാപിച്ചിരുന്നു.

യിസ്രായേൽ ശിത്തീമിൽ പാർക്കുമ്പോൾ ജനം മോവാബ്യ സ്ത്രീകളുമായി പരസംഗം തുടങ്ങി. അവർ ജനത്തെ തങ്ങളുടെ ദേവന്മാരുടെ ബലികൾക്ക് വിളിക്കയും ജനം ഭക്ഷിച്ച് അവരുടെ ദേവന്മാരെ നമസ്കരിക്കുകയും ചെയ്തു. യിസ്രായേൽ ബാൽ പെരിയോരിനോട് ചേർന്നു, യഹോവയുടെ കോപം യിസ്രായേലിന്റെ നേരെ ജ്വലിച്ചു.
സംഖ്യ 25:13

സിറിയായിൽ നിന്നുള്ള ബിലെയാം ബലിപീഠങ്ങൾ പണിയിക്കയും, കാളകളെയും ആടുകളെയും അറുത്ത് ബലികഴിക്കുകയും ചെയ്തു.
സംഖ്യ 22:40, 23:1, 2, 14,29,30

ബിലെയാമിനെപ്പോലുള്ള സാധാരണ മനുഷ്യരും യഹോവയുടെ വായിൽ നിന്നുള്ള വചനങ്ങളെ പ്രവചിച്ചിരുന്നു എന്ന് സംഖ്യാ പുസ്തകം 23:7–10, 18–24, 24:3–9, 16–24 എന്നീ വേദഭാഗങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലോ.

യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും, യിസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും. സംഖ്യ 24:17

ബിലെയാം യഹോവയുടെ വായിൽ വചനങ്ങളെയാണ് പ്രവചിച്ചത്.
സംഖ്യ 22:13, 18, 23:3,5,8,16, 26:24:1,13

യിസ്രായേൽ ജനങ്ങൾക്കിടയിൽ മോശെയാൽ സ്ഥാപിക്കപ്പെട്ട ദൈവീകാരാധനയ്ക്ക് സമാനമായ ആരാധനകൾ ജാതികളുടെ ഇടയിലും നിലനിന്നിരുന്നു എന്ന് ഈ വേദഭാഗങ്ങളിൽ നിന്ന് വ്യക്തമാകുന്നുവല്ലോ.

(3) സംഖ്യാപുസ്തകം 32:7,8 ലെ, മോശെയുടെ വാക്കുകളിൽ നിന്നും, അബ്രഹാമിന്റെ കാലത്തിനു മുമ്പുതന്നെ അപ്രകാരമുള്ള ആരാധന നിലനിന്നിരുന്ന എന്ന് വ്യക്തമാകുന്നുവല്ലോ, എന്നാൽ ശാലേം രാജാവായ മൽക്കീസെദേക്കിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്.

ശാലേം രാജാവായ മൽക്കീസേദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു... അവൻ അവനെ അനുഗ്രഹിച്ചു.... അവന്ന് അബ്രാം സകലത്തിലും ദശാംശം കൊടുത്തു. ഉല്പ 14:18–20

മൽക്കിസേദെക്ക് കർത്താവിന്റെ പ്രതിപുരുഷൻ ആയിരുന്നതിനാൽ അവനെ വിളിച്ചിരുന്നത്.

അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ.. (ഉല്പ 14:18)

കർത്താവിനെക്കുറിച്ച് സങ്കീർത്തനങ്ങളിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

> നീ മല്ക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്ന് യഹോവ സത്യം ചെയ്തു. സങ്കീ. 110:4

ഈ കാരണത്താലാണ് മൽക്കിസേദെക്ക് സഭയുടെ വിശുദ്ധസാധനങ്ങൾ പൊലുള്ള അപ്പവും വീഞ്ഞും കൊണ്ടുവന്നത് വിശുദ്ധ അത്താഴത്തിന്റെ ദിവ്യകർമ്മത്തിൽ അവ വിശുദ്ധ വസ്തുക്കൾ ആയിരിക്കുന്നതുപോലെ, അബ്രാമിനെ അവൻ അനുഗ്രഹിക്കുകയും അബ്രാം അവന് എല്ലാറ്റിൽ നിന്നും ദശാംശം കൊടുക്കയും ചെയ്തു.

**102.** ശുദ്ധമായ സാദൃശ്യാശയ പ്രകാരം രചിക്കപ്പെട്ട ഒരു വചനം പൂർവ്വകന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു എന്ന് സ്വർഗ്ഗത്തിലെ ദൂതന്മാർ എന്നോട് പറഞ്ഞു. എന്നാൽ അത് നഷ്ടമായിപ്പോയെന്നും അവർ പറഞ്ഞു. എന്നാൽ പൂർവ്വീകന്മാർ ഭൂലോകത്തിൽ ആയിരുന്നപ്പോൾ അവർക്കിടയിൽ പ്രാചീനമായ വചനം ഉണ്ടായിരുന്നു എന്നും അവർ ഇപ്പോൾ ആ വചനം സ്വർഗ്ഗത്തിൽ സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്നും അവർ എന്നോടു പറയുകയുണ്ടായി. ഇപ്പോൾ സ്വർഗ്ഗത്തിൽ ആ പ്രാചീന വചനത്തെ ഉപയോഗിക്കുന്നവർ, ഭാഗീകമായും കനാൻ നാട്ടിൽ നിന്നും അതിന്റെ അയൽ രാജ്യങ്ങളായ സിറിയ, മെസൊപൊത്താമിയ, അറേബ്യ, കൽദയാ, അശൂർ, മിസ്രയീം, സീദോൻ, സോർ, നിനവേ എന്നിവയിൽ നിന്നും ഉള്ളവർ ആയിരുന്നു. ഈ രാജ്യങ്ങളിലെ നിവാസികളെല്ലാം പ്രാതിനിധ്യ ആരാധന രീതികളിലുള്ളവർ ആയിരുന്നു. തത്ഫലമായി അവർ ആത്മീയ സാദൃശ്യാശയ ശാസ്ത്രത്തിൽ പാണ്ഡിത്യം ഉള്ളവരും ആയിരുന്നു. ആ കാലഘട്ടത്തിലെ ജ്ഞാനം ആ ശാസ്ത്രത്തിൽ നിന്ന് ഉത്ഭവിച്ചിട്ടുള്ളതാണ്. അതിലൂടെ അവർക്ക് ആന്തരികമായ ഇന്ദ്രിയ ജ്ഞാന സംവേദനവും സ്വർഗ്ഗവുമായുള്ള ആശയവിനിമയവും ഉണ്ടായിരുന്നു. വചനത്തിന്റെ സാദൃശ്യാശയത്തെക്കുറിച്ചുള്ള ആന്തരികമായ അറിവ് ഉള്ളവരെ ജ്ഞാനികൾ എന്നും ബുദ്ധിമാന്മാരെന്നും എന്നും വിളിച്ചിരുന്നു. പിൽക്കാലത്ത് അവരെ ജ്യോതിഷന്മാരെന്നും അഥവാ ജോൽസ്യന്മാരെന്നും എന്ന് വിളിക്കുകയുണ്ടായി.

(2) ആ വചനം നിറയെ സ്വർഗ്ഗീയവും ആത്മീകവുമായ അനവധി കാര്യങ്ങളെ കുറിക്കുന്ന സാദൃശ്യാശയങ്ങൾ ഉണ്ടായിരുന്നതിനാൽ അത് പലരാലും കപടമാക്കപ്പെടുകയും കർത്താവിന്റെ ദിവ്യപരിപാലനം ക്രമേണ അപ്രത്യക്ഷമാകുകയും, നഷ്ടപ്പെട്ട അത്രയും അളവിൽ സാദൃശ്യാശയമുള്ള മറ്റൊരു വചനം ലിഖിതമാകുകയും പ്രവാചകന്മാരിലൂടെ യിസ്രായേൽ മക്കൾക്ക് നൽകപ്പെടുകയും ചെയ്യുകയുണ്ടായി. ഈ വചനത്തിൽ കാനാൻ നാട്ടിലെ പല സ്ഥലങ്ങളുടെയും പേരുകളും നില നിർത്തുകയുണ്ടായി. പ്രാചീന വചനത്തിൽ കൊടുത്തിരുന്ന അർത്ഥതലങ്ങൾ തന്നെ ഈ പുതിയ വചനത്തിൽ സൂചിപ്പിക്കപ്പെടുന്നുണ്ട് ഈ കാരണത്താലാണ് അബ്രാമിനോട് ആ സ്ഥലത്തേക്ക് പോകുവാൻ കല്പി

ക്കപ്പെട്ടിരുന്നത്. അതുപോലെ തന്നെ അവന്റെ അനന്തര തലമുറ ആ നാട്ടിലെക്കു തന്നെ അയയ്ക്കപ്പെടുകയും ചെയ്തത്.

**103**. പൂർവ്വികന്മാരുടെ ഇടയിൽ ഒരു വചനം സ്ഥിതി ചെയ്തിരുന്നു എന്നത് മോശെയുടെ ലിഖിതങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. സംഖ്യ 21: 14, 15, 27-30 എന്നീ വാക്യങ്ങളിൽ മോശെ അതെപ്പറ്റി സൂചിപ്പിക്കുന്ന ഉദ്ധരണികളിൽ നിന്ന് അത് തെളിയുന്നുണ്ട്. അതിലെ ചരിത്രപരമായ ഭാഗങ്ങളെ ..യഹോവയുടെ യുദ്ധങ്ങൾ.. എന്നും പ്രവചനപരമായ ഭാഗങ്ങളെ .. പ്രഖ്യാപനങ്ങൾ.. എന്നും വിളിക്കുന്നു.. അതിലെ ചരിത്രപരമായ ഭാഗങ്ങളിൽ നിന്ന് മോശെ ഇപ്രകാരം ഉദ്ധരിക്കുന്നു.

സൂഫയിലെ വാഹേബും, അന്നോൻ താഴ്വരകളും ആരിന്റെ നിവാസത്തോളം നീണ്ടു മോവാബിന്റെ അതിരിനോട് ചാഞ്ഞിരിക്കുന്ന താഴ്വരച്ചരിവ് എന്നിങ്ങനെ യഹോവയുടെ യുദ്ധപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.

(അവൻ ചെങ്കടലിൽ ചെയ്തത് എന്ത് - മതിലുണ്ടാക്കി, വാഹേബ് സൂഫയിൽ -അർന്നോന്റെ പുസ്തകങ്ങളിൽ മോവാബിന്റെ അതിരുകളിൽ കിടക്കുന്നതും ആരിന്റെ നിവാസത്തോളം ഒഴുകിച്ചെല്ലുന്നതുമായ തോടുകളുടെയും അരുവികളുടെയും സ്ഥലങ്ങളിലായി)

സംഖ്യ 21:14,15

നമ്മുടെ വചനത്തിൽ എന്നപോലെ തന്നെ അവരുടെ വചനത്തിലും സൂചിപ്പിക്കപ്പെട്ടിരിക്കുന്ന യഹോവയുടെ യുദ്ധങ്ങൾ അർത്ഥമാക്കുന്നതും, വിവരിക്കപ്പെടുന്നതും, കർത്താവ് ഭൂലോകത്തിൽ വരുമ്പോൾ പാതാള നരകത്തോട് നടത്തുന്ന പോരാട്ടത്തിൽ, വചനത്തിലെ ചരിത്രഭാഗങ്ങളുടെ പല ഭാഗങ്ങളിലും, കാനാൻ നാട്ടിൽ പല ജാതികളുമായി യോശുവാ നടത്തിയ യുദ്ധങ്ങളാലും, യിസ്രായേലിന്റെ ന്യായാധിപന്മാരുടെയും രാജാക്കന്മാരുടെയും യുദ്ധങ്ങൾ ആയി മനസ്സിലാക്കപ്പെടുകയും, വർണ്ണിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

(2) വചനത്തിന്റെ പ്രവചനഭാഗത്തിൽ നിന്ന് മോശെ ഉദ്ധരിച്ചിട്ടുള്ളവ ചുവടെ ചേർക്കുന്നു.

അതുകൊണ്ട് കവിവരന്മാർ പറയുന്നത്...ഹെസോബ്നിൽ തീയും സീഹോന്റെ നഗരത്തിൽ നിന്ന് ജ്വാലയും പുറപ്പെട്ടു മോവാബിലെ ആരിനെയും അർന്നോൻ തീരത്തെ ഗിരിനിവാസികളെയും ദഹിപ്പിച്ചു. മേംവാബേ നിനക്ക് കഷ്ടം! കെമോശിന്റെ ജനമേ, നീ മുടിഞ്ഞിരിക്കുന്നു. അവൻ തന്റെ പുത്രന്മാരെ പലായനത്തിനും, പുത്രിമാരെ അമോര്യരാജാവായ സീഹോന്ന് അടിമയായും കൊടുത്തു. ഞങ്ങൾ അവരെ അമ്പെയ്തു. ദീബോൻ വരെ ഹെശ്ബോൻ നശിച്ചു, മെദബ വരെയുള്ള നോഫയോളം അവരെ ശൂന്യമാക്കി. സംഖ്യ 21:28-30

വിവർത്തകന്മാർ കവിവരന്മാർ എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്ന വിളംബരകർ അതായത് സദൃശ്യവാക്യങ്ങളുടെ രചയിതാക്കൾ എന്നതിനെ വിളംബരകർ എന്നു വിളിക്കേണ്ടീയിരിക്കുന്നു. അവരുടെ പ്രവചന വിളംബര രചനകൾ. സംഖ്യാ പുസ്തകം 23:7,18; 24:3,15 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരം, എബ്രായ ഭാഷയിലെ മൊഷാലിം എന്ന പദത്തിന് ഉപമകൾ എന്നുമാത്രമല്ല പ്രവചനപരമായ സുഭാഷിതങ്ങൾ എന്ന അർത്ഥമുണ്ട് എന്ന് വ്യക്തമാക്കുന്നുണ്ടല്ലോ അതിൽ, ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ അവൻ സുഭാഷിതം ചൊല്ലിത്തുടങ്ങിയത്. എന്ന്, അവയാകട്ടെ പ്രവചനപരമായ വാക്യങ്ങൾ ആകുന്നു, അവ കർത്താവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ ആയിരുന്നു. അവന്റെ സുഭാഷിതത്തെ മഷാൽ എന്ന് ഏകവചനമായി ഉപയോഗിച്ചിരിക്കുന്നു. മാത്രവുമല്ല. മോശെ ഉദ്ധരിക്കുന്നവ ഉപമകൾ അല്ലായിരുന്നു പ്രവചനങ്ങൾ ആയിരുന്നു.

നമ്മുടെ വചനത്തെപ്പോലെ ആ വചനവും ദൈവനിശ്വസിതം ആയിരുന്നു. അതേ ഭാഷാപദം ഉപയോഗിക്കപ്പെട്ടിട്ടുള്ളതും, യിരെമ്യാ പ്രവചനത്തിൽ ഉള്ളതും ചുവടെ ചേർത്തിട്ടുള്ളതുമായ വേദഭാഗത്തിൽ നിന്ന് അത് വ്യക്തമാകുന്നതാണ്.

> എന്നാൽ ഹെശ്ബോനിൽ നിന്ന് തീയും, സീഹോന്റെ നടുവിൽ നിന്ന് ജ്വാലയും പുറപ്പെട്ട് മോവാബിന്റെ ചെന്നിയും തുമുല പുത്രന്മാരുടെ നെറുകയും ദഹിപ്പിച്ചുകളയും. മോവാബോ നിനക്ക് ഹാ കഷ്ടം! കെമോശിന്റെ ജനം നശിച്ചിരിക്കുന്നു. നിന്റെ പുത്രന്മാരെ ബന്ധന്മാരായും നിന്റെ പുത്രിമാരെ പ്രവാസത്തിലേക്കും കൊണ്ടുപോയിരിക്കുന്നു.
> യിരെമ്യാവ് 48:45–46

ഈ പുസ്തകങ്ങളെ കൂടാതെ, ദാവീദും യോശുവയും, ശൂരന്മാരുടെ പുസ്തകം അഥവാ നീതിമാന്മാരുടെ പുസ്തകം എന്ന് വിളിക്കപ്പെടുന്നതും പ്രാചീന ലോകത്തിന്റെ പ്രവചനപരമായ പുസ്തകത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ചുവടെ ചേർത്തിരിക്കുന്ന വേദഭാഗത്തിൽ ദാവീദ് അതെക്കുറിച്ച് പ്രതിപാദിക്കുന്നു.

> അനന്തരം ദാവീദ് ശൌലിനെയും അവന്റെ മകൻ ആയ യോനാനാഥനെയും കുറിച്ച് ഈ വിലാപഗീതം ചൊല്ലി: അവൻ യെഹുദാമക്കളെ ഈ ധനുർഗീതം അഭ്യസിപ്പാൻ കല്പിച്ചു, അത് ശൂരന്മാരുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നുവല്ലൊ. 2 ശമുവേൽ 1:17,18

യോശുവായുടെ പുസ്തകത്തിലും ഇത് രേഖപ്പെടുത്തിയിരിക്കുന്നു. യോശുവ യഹോവയോട് സംസാരിച്ചു,

> യിസ്രായേൽ മക്കൾ കേൾക്കെ: സൂര്യാ, നീ ഗിബെയോനിലും ചന്ദ്രാ, നീ അയ്യാലോൻ താഴ്വരയിലും നില്ക്കു എന്നു പറഞ്ഞു ജനം തങ്ങ

ളുടെ ശത്രുക്കളോട് പ്രതികാരം ചെയ്യുവോളം സൂര്യൻ നിന്നു. ചന്ദ്രനും നിശ്ചലമായി. ശൂരന്മാരുടെ പുസ്തകത്തിൽ അങ്ങനെ എഴുതിയിരിക്കുന്നുവല്ലൊ. യോശുവ 10:12,13

ഉല്പത്തി പുസ്തകത്തിലെ ആദ്യത്തെ ഏഴ് അദ്ധ്യായങ്ങൾ പ്രാചീന വചനത്തിൽ ഇപ്പോൾ ഉള്ളതുപോലെ തന്നെയാണെന്നും യാതൊരു പദത്തിനും കുറവ് ഉണ്ടായിട്ടില്ലെന്നും എനിക്ക് പറഞ്ഞുതന്നിട്ടുണ്ട്.

13

## വചനം മുഖേന വെളിച്ചമുള്ളവരെ പോലെ സഭയ്ക്ക് വെളിയിലുള്ളവർക്കും വചനം കൈയാളാത്തവർക്കും പ്രകാശം ലഭിക്കും.

**104.** കർത്താവിനെ അറിയുവാൻ തക്കവിധത്തിൽ വചനത്തെ സ്വന്തമാക്കിയിട്ടുള്ള ഒരുസഭ ഭൂലോകത്തിൽ എവിടെ എങ്കിലും ഉണ്ടെങ്കിൽ അല്ലാതെ സ്വർഗ്ഗവുമായി യാതൊരു സംയോഗവും ഉണ്ടാകുകയില്ല. കാരണമെന്തെന്നാൽ കർത്താവ് സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ദൈവമാകുന്നു. അവനെ കൂടാതെ യാതൊരു രക്ഷയും ഉണ്ടാകയില്ല. താരതമ്യേന കുറച്ച് ആളുകൾ മാത്രമേ അംഗങ്ങളായുള്ളൂ എങ്കിലും തിരുവചനം സ്വന്തമായുള്ള ഒരു സഭ ഭൂമിയിൽ ഉണ്ടായിരുന്നാൽ മതിയാകും. എങ്ങനെ എന്നാൽ തിരുവചനത്തിന്റെ മാദ്ധ്യമത്തിലൂടെയാണ് സ്വർഗ്ഗവും മനുഷ്യവർഗ്ഗവും തമ്മിൽ സംയോഗം ഉണ്ടാകുന്നത്. മുകളിൽ നമ്പർ 62-69 ഖണ്ഡികകളിൽ നിന്ന് വചനത്തിലൂടെയാണ് ഈ സംയോഗമുണ്ടാകുന്നതെന്നും കാണാവുന്നതാണല്ലൊ.

**105.** വചനത്തിലൂടെ ഭൂലോകം എമ്പാടും കർത്താവും സ്വർഗ്ഗവും എപ്രകാരം സന്നിഹിതരായിരിക്കുന്നു. എന്നും, അവർക്കു തമ്മിൽ എപ്രകാരമാണ് സംയോഗം ഉണ്ടാകുന്നതെന്നും ഇതിനോടനുബന്ധിച്ച് കാണിക്കുന്നതാണ്. മുഴു സ്വർഗ്ഗവും കർത്താവിന്റെ ദൃഷ്ടിയിൽ ഒറ്റ മനുഷ്യനെ പോലെയാണ്. സഭയും അതുപോലെ തന്നെയാകുന്നു യഥാർത്ഥത്തിൽ അവ ഒരു മനുഷ്യനെപ്പോലെയാണ് കാണപ്പെടുന്നത് എന്ന സംഗതി സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ നമ്പർ 59-86 ഖണ്ഡികകളിൽ കാണാവുന്നതാണ്. തിരുവചനം വായിക്കപ്പെടുകയും,അതിലൂടെ കർത്താവിനെ അറിയുകയും ചെയ്യുന്നതായ മനുഷ്യനിൽ, സഭ ഹൃദയവും ശ്വാസകോശവുമായാണ് കാണപ്പെടുന്നത്. സ്വർഗ്ഗീയരാജ്യം ഹൃദയത്തെപ്പോലെയും, ആത്മീയരാജ്യം ശ്വാസകോശത്തെപ്പോലെയും കാണപ്പെടുന്നു. മനുഷ്യശരീരത്തിലെ ഈ രണ്ടു ജീവധാരകളിൽ നിന്നും മനുഷ്യശരീരത്തിനുള്ളിലുള്ള മറ്റെല്ലാ അവയവങ്ങളും, ഭാഗങ്ങളും നിലനില്ക്കുകയും ജീവിക്കുകയും ചെയ്യുന്നതുപോലെ, ഒരു മതമുണ്ടായിരിക്കുകയും, ഏകദൈവത്തെ ആരാധിക്കുകയും നല്ല ജീവിതം നയിക്കുകയും ചെയ്യുന്നവർ എല്ലാ മനുഷ്യരും സഭയെന്ന ഈ മനുഷ്യന്റെ അവയവങ്ങളും ഭാഗങ്ങളും ആയിത്തീരുന്നു. നെഞ്ചിന്റെ ഉൾഭാഗത്ത് സ്ഥിതിചെയ്യുന്ന ഹൃദയത്തെയും

ശ്വാസകോശങ്ങളെപ്പോലെ, അവ സഭയാകുന്ന ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളുമായി പ്രതിനിധീകരിക്കപ്പെടുകയും വചനത്തിലൂടെ കർത്താവും സ്വർഗ്ഗവും സഭയുമായി സംയോജിക്കപ്പെട്ട് സഭയുടെ ഭാഗങ്ങൾ ആയി നിലനില്ക്കുകയും ജീവിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, സഭയിൽ താരതമ്യേന വളരെക്കുറച്ച് അംഗങ്ങൾ മാത്രമേ ഉള്ളൂ എങ്കിലും, കർത്താവിൽ നിന്നും, ശ്വാസകോശങ്ങളിൽ നിന്നും ശരീരത്തിലുള്ള എല്ലാ അവയവങ്ങളും ഭാഗങ്ങളും ജീവൻ സ്വീകരിക്കുന്നതുപോലെ തന്നെ. അവർ തമ്മിലുള്ള ആശയ വിനിമയ രീതിയും ഇതുപോലെ തന്നെയാണ്. ആകയാൽ ഈ വചനം വായിക്കപ്പെടുന്ന ഇടമായ ക്രിസ്ത്യാനികൾ ഈ മനുഷ്യന്റെ മാർവ്വിടം ആയിത്തീരുന്നു. അത് (ക്രിസ്ത്യാനികൾ) മറ്റുള്ളവയ്ക്ക് ഇടയിലാണല്ലൊ. അവർക്ക് (ക്രിസ്ത്യാനികൾക്ക്) ചുറ്റുമായി റോമൻ കത്തോലിക്കാർ ഉണ്ട്. അവർക്കു ചുറ്റുമായി മുഹമ്മദീയരുമുണ്ട്. അവരാകട്ടെ കർത്താവിനെ സമുന്നതനായ പ്രവാചകനായും ദൈവപുത്രനായും അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്നു. ഇവർക്ക് പിന്നാലെ ആയി ആഫ്രിക്കക്കാർ വരുന്നു. പിന്നെ ഏഷ്യയിലെയും ഇന്ത്യയിലെയും ജനതകൾ, ശരീരത്തിന്റെ ബാഹ്യഭാഗങ്ങളെല്ലാം രൂപീകരിക്കുന്നു. അന്ത്യന്യായവിധി എന്ന ലഘുഗ്രന്ഥത്തിൽ നമ്പർ 48 ഖണ്ഡികയിൽ, ജനങ്ങളുടെ ഈ ക്രമീകരണത്തിന്റെ ചില വിശേഷതകൾ കാണാവുന്നതാണ്. ഈ ക്രമീകരണത്തിലുള്ള എല്ലാ മനുഷ്യരും കേന്ദ്രത്തിലേക്ക് ഉറ്റുനോക്കുന്നു. കേന്ദ്രത്തിലുള്ള ക്രിസ്ത്യാനികൾക്കു നേരെ നോക്കുന്നു.

**106.** വചനം കൈവശമുള്ള ക്രിസ്ത്യാനികൾ നിലകൊള്ളുന്ന കേന്ദ്രഭാഗത്താണ് ഏററവും അധികം പ്രകാശം ഉള്ളത്. സൂര്യനിൽ നിന്ന് പ്രകാശം പുറപ്പെടുന്നതുപോലെ കർത്താവിൽ നിന്ന് പുറപ്പെടുന്ന ദൈവീകസത്യം അവിടെ പ്രകാശത്തെ പ്രദാനം ചെയ്യുന്നു വചനമാണ് ആ ദൈവീകസത്യം എന്നതിനാൽ ആ വചനം ഉള്ളവരായ ആളുകൾ നിലകൊള്ളുന്ന സ്ഥലത്ത് ഏററവും വലിയ പ്രകാശവും ഉണ്ടാകുന്നു. അപ്രകാരം ഉത്ഭവിക്കുന്ന പ്രകാശം അവിടെ നിന്ന് ചുററുപാടുകളിലേക്ക് പ്രസരിക്കുകയും ഏററവും വെളിയിലേക്ക് ചെന്നിട്ട് സഭയ്ക്ക് പുറമെയുള്ള ജനങ്ങളിലേക്കും ജാതികളിലേക്കും വ്യാപിക്കുകയും തത്ഫലമായി സഭയ്ക്ക് വെളിയിലുള്ള മനുഷ്യർക്കും സത്യത്തിൻെറ പ്രകാശം നൽകുകയും ചെയ്യുന്നു. സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിലെ നമ്പർ 126-140 ഖണ്ഡികകളിൽ നിന്ന്, സ്വർഗ്ഗത്തിലെ പ്രകാശം കർത്താവിൽ നിന്ന് പുറപ്പെടുന്ന ദൈവീകസത്യം ആണെന്നും, ഈ പ്രകാശം ദൂതന്മാർക്കു മാത്രമല്ല മനുഷ്യർക്കും ബുദ്ധിശക്തിയെ നൽകുന്നു എന്നും കാണാവുന്നതാണ്.

**107.** സ്വർഗ്ഗത്തിൽ ഉള്ള എല്ലാ സംഘങ്ങളിലും ഇപ്രകാരമുള്ള അവസ്ഥ സ്ഥിതി ചെയ്യുന്നുണ്ട്. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിലെ ഓരോ സംഘവും ഓരോ ചെറിയ സ്വർഗ്ഗമാണ് മാത്രവുമല്ല മാനുഷീക രൂപത്തിലുമാകുന്നു. ഇതിൽ നിന്നും അനുമാനിക്കുവാൻ കഴിയുന്നത് സ്വർഗ്ഗത്തിൽ സാർവ്വത്രികമായും ഇത് സത്യം തന്നെ ആകുന്നു എന്നാണ്.

സ്വർഗ്ഗവും, നരകവും നമ്പർ 41–87 ഖണ്ഡികകളിൽ ഇത് കാണാവുന്നതാകുന്നു. സ്വർഗ്ഗത്തിലുള്ള ഓരോ ചെറിയ സംഘത്തിലും അതിൻെറ കേന്ദ്രഭാഗത്തുള്ളവർ അപ്രകാരം തന്നെ അതിൻെറ ഹൃദയവും, ശ്വാസകോശങ്ങളും എന്നതുപോലെ ആകുന്നു. അവർ മഹത്തായ പ്രകാശത്തെആസ്വദിക്കുന്നു തത്ഫലമായുണ്ടാകുന്ന നിർബാധമായ ഗ്രഹണത്തോടുള്ള സത്യത്തിൻെറ ഈ വെളിച്ചം കേന്ദ്രത്തിൽ നിന്ന് സ്വയം ഉത്ഭവിക്കുകയും വെളിയിലേക്ക് എല്ലാ ദിശകളിലേക്കും പ്രസരിച്ച് ആ സംഘത്തിൻെറ പരിധികളിൽ എല്ലാമുള്ള സകലരെയും പ്രകാശിതരാക്കി, അവർക്ക് ആത്മീക ജീവൻ ഉയർത്തുകയും ചെയ്തു. അനന്തരം എനിക്ക് കാണിച്ചു തന്നതായ ഒരു സംഗതി എന്തെന്നാൽ ആ സംഘത്തിൻെറ ഹൃദയവും ശ്വാസകോശ ങ്ങളുമായി പ്രവർത്തിക്കുന്നവരും കേന്ദ്രഭാഗത്തു സ്ഥിതി ചെയ്യുന്ന വരുമായ തീക്ഷ്ണ പ്രകാശമുള്ളവരെ തൽസ്ഥാനത്തു നിന്ന് മാറ്റിയപ്പോൾ, അവർക്ക് ചുററുമുണ്ടായിരുന്നവർക്ക് വെളിച്ചമില്ലായ്മയും അവ്യക്തതയും അനുഭവപ്പെടുകയും അവർക്ക് സത്യത്തെ ഗ്രഹിക്കു വാനുള്ള കഴിവ് ദുർബലമായിത്തീരുകയും ദുർഗ്രാഹ്യത സംഭവിക്കുകയും ചെയ്തു. എന്നാൽ, അവരെ തിരികെ പ്രവേശിപ്പിച്ചപ്പോൾ, പ്രകാശം വീണ്ടും പ്രത്യക്ഷമാകുകയും, സത്യത്തിൻെറ പൂർവ്വധാരണകൾ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു.

**108**. തുടർന്നുള്ള അനുഭവങ്ങളാൽ അതേ കാര്യങ്ങൾ തന്നെ വർണ്ണിക്കാവുന്നതാണ്. എന്നോടൊപ്പം അബീസിനിയായിൽ നിന്നുള്ള ആഫ്രിക്കയിലെ ആത്മാക്കൾ ഉണ്ടായിരുന്നു. ഒരു പ്രത്യേക സന്ദർഭത്തിൽ അവരുടെ ചെവികൾ തുറക്കപ്പെടുകയും ഭൂലോകത്തിലുള്ള ഒരു ആലയത്തിൽ നിന്ന് ദാവീദിൻെറ സങ്കീർത്തനങ്ങൾ ആലാപനം ചെയ്യുന്നത് അവർക്ക് കേൾക്കാൻ കഴിയുകയും ചെയ്തു. അവർക്ക് ആ പാട്ടിൽ നിന്നു അതിരറ്റ ആഹ്ളാദം ഉണ്ടായതിനാൽ അവർ ആ ഗാനം ഏററുപാടുവാൻ തുടങ്ങുകയും ചെയ്തു. ആലയത്തിൽ നിന്നും കൂടുതലായി ഒന്നും കേൾക്കാതിരുന്നതു കൊണ്ട് താമസിയാതെ അവരുടെ ചെവി അടഞ്ഞു. ആ സങ്കീർത്തനം കർത്താവിനേയും വീണ്ടെടുപ്പിനേയും കുറിച്ചായിരുന്നതിനാൽ അവർ ആഹ്ളാദത്തിൽ തന്നെ നീങ്ങുകയും കാരണം ആത്മീയമായി ഉന്നതമായിരുന്നു അവരുടെ നില, മാത്രവുമല്ല അതേ സമയം ജ്ഞാനത്താൽ നിറയപ്പെടുകയും ചെയ്തു. ലോകത്തിൽ ആ സങ്കീർത്തനം ആലപിച്ച അവരോടു കൂടെ സംയോഗത്തിലായിരുന്ന സ്വർഗ്ഗത്തിലെ ആ സമൂഹത്തിന് അവരുമായി സമ്പർക്കത്തിൽ ആകുവാൻ ഇടം നൽകിയതാണ് അവരുടെ സന്തോഷം പെരുകുവാൻ കാരണമായത്. ഈ അനുഭവത്തിൽ നിന്നും ഇതു പോലുള്ള മററ് അനുഭവങ്ങളിൽ നിന്നും എനിക്ക് ബോദ്ധ്യമായതെന്തെന്നാൽ സമസ്ത സ്വർഗ്ഗവുമായുള്ള സമസ്ത ബന്ധവും ഉണ്ടാകുന്നത്. വചനത്തിലൂടെയാണ് എന്നാകുന്നു. കർത്താവിൻെറ ദിവ്യപരിപാലന ത്താൽ യൂറോപ്യൻ രാജ്യങ്ങൾക്ക് ആഗോളവ്യാപകമായ വ്യവഹാരങ്ങൾ ഉണ്ടായിട്ടുണ്ട്. മുഖ്യമായി വചനം പാരായണം ചെയ്യപ്പെടുന്നതും സഭയ്ക്ക് വെളിയിലുള്ള ദേശങ്ങളുമായി തന്നെ.

**109.** വൃക്ഷങ്ങളെയും സസ്യങ്ങളെയും ഹരിതാഭമാക്കുന്ന ഭൂലോക ത്തിലെ സൂര്യൻ നൽകുന്ന ചൂടും പ്രകാശവുമായി ഇതിനെ താരതമ്യം ചെയ്തുകൊണ്ട് ഇതിനെ വർണ്ണിക്കാവുന്നതാണ്. സൂര്യൻ ചക്രവാള ത്തിൽ നിന്ന് ഉദിക്കുകയും ഭൂമുഖത്ത് പ്രകാശം വിതറി ഭൂമിയെ അഭിമുഖീ കരിക്കുകയും ചെയ്യുന്നതാകയാൽ സൂര്യൻെറ ചൂടും പ്രകാശവും ധ്രുവപ്രദേശങ്ങളിലും, മേഘാവൃതമായ സ്ഥലങ്ങളിലും വസിക്കുന്ന സസ്യങ്ങളെയും സജീവമാക്കി തീർക്കുന്നതാണ്. അപ്രകാരമാണ് സ്വർഗ്ഗത്തിൽ സൂര്യനെപ്പോലെ വിരാജിക്കുന്ന കർത്താവിൽ നിന്ന് പ്രകാശവും ചൂടും പ്രസരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, ദൂതന്മാർക്കും, മനുഷ്യർക്കും ബുദ്ധിശക്തിയും ജ്ഞാനവും നൽകുന്ന ആ പ്രകാശം ദൈവീക സത്യം ആകുന്നു. തിരുവചനത്തെ സംബന്ധിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

> വചനം ദൈവത്തോടുകൂടി ആയിരുന്നു; വചനം ദൈവം ആയിരുന്നു................ ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു.
>
> യോഹ 1:1,9

> വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു... യോഹ 1:5

**110.** ഈ വിചിന്തനങ്ങളിൽ നിന്ന് സുവിദിതമാകുന്നത് നവീകരണ സഭയിൽ ഉള്ളതുപോലുള്ള വചനം ആത്മീക ആശയവിനിമയത്തിനാൽ എല്ലാ ദേശക്കാരേയും എല്ലാ മനുഷ്യരെയും ബോധദീപ്തമുള്ളവരാക്കി തീർക്കുന്നു എന്നും, അതിലുമേറെ, കർത്താവ് സംഭവ്യമാക്കി തീർക്കു ന്നത് വചനം വായിക്കപ്പെടുന്നതും അതിലൂടെ കർത്താവിനെ കുറിച്ച് വിളിച്ചറിയിച്ചു കൊണ്ടിരിക്കുന്നതുമായ ഒരു സഭ ഭൂമിയിൽ ഉണ്ടായിരി ക്കേണം എന്നും ആകുന്നു. അങ്ങനെ, റോമൻ സഭയാൽ തിരുവചനം സമസ്തമായും തിരസ്കരിക്കപ്പെട്ടപ്പോൾ കർത്താവിൻെറ ദൈവീകമായ സംരക്ഷണഫലമായി നവീകരണം നിലവിൽ വരുവാൻ ഇടയായി. തന്മൂലം തിരുവചനം വീണ്ടും ലഭ്യമായി തീർന്നു. അതുപോലെ തന്നെ, വചനത്തെ വിശുദ്ധമായി കരുതി സംരക്ഷിക്കുവാൻ റോമൻ കത്തോലിക്കരുടെ ഇടയിൽ പ്രഗത്ഭമായൊരു ദേശത്തെ കർത്താവ് ഏർപ്പാടു ചെയ്തിരുന്നു.

**111.** വചനം കൂടാതെ കർത്താവിനെ യുക്തിസഹമായി ധാരണ ഇല്ല. അതുപോലെ തന്നെ രക്ഷ ലഭ്യമാകുവാനും സാദ്ധ്യമല്ല. യഹൂദന്മാരുടെ പക്കലുണ്ടായിരുന്ന വചനം പൂർണ്ണമായും വ്യാജവൽക്കരിക്കയും ദുഷിപ്പിക്കയും, ഒന്നിനും കൊള്ളരുതാത്തതും ആക്കിയതു കൊണ്ട് കർത്താവിന് സ്വർഗ്ഗത്തിൽ നിന്ന് ഭൂലോകത്തിലേക്ക് ഇറങ്ങി വന്ന് വചനം സാക്ഷാത്കരിക്കുന്നതിനും, അപ്രകാരം അതിനെ നവീകരിച്ച് യഥാസ്ഥാനപ്പെടുത്തുന്നതിനും, അവൻെറ സ്വന്തം വചനാനുസരണം ഭൂലോകത്തിലെ സകല നിവാസികൾക്കും വീണ്ടും വെളിച്ചം നൽകുന്നതിനും, സംപ്രീതനായിത്തീരുകയുണ്ടായി.

കർത്താവിൻെറ വചനം.

> ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു, മരണത്തിൻെറ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു. മത്തായി 4:15; യെശ 9:2

**112.** ഇപ്പോഴുള്ള സഭയുടെ അന്ത്യത്തിൽ, കർത്താവിനെക്കുറിച്ചുള്ള യുക്തിസഹമായ അറിവിൻെറ അഭാവത്തിൽ അന്ധകാരം ഉത്ഭവിക്കുവാൻ ഇടയാകുമെന്ന് പ്രവചിക്കപ്പെട്ടിരുന്നവല്ലോ. സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും ദൈവമായി കർത്താവിനെ അംഗീകരിക്കാതിരിക്കുകയും വിശ്വാസത്തെ സാർവ്വത്രീക സ്നേഹത്തിൽ നിന്ന് വേർപ്പെടുത്തപ്പെട്ടു കാണുകയും ചെയ്താൽ ഭൂലോകത്തിൽ അജ്ഞതയുടെ അന്ധകാരം വ്യാപിക്കും. അങ്ങനെ വചനത്തെക്കുറിച്ചുള്ള ശുദ്ധമായ പരിജ്ഞാനം നശിക്കാതിരിക്കുന്നതിനായി വചനത്തിൻെറ ആത്മീകമായ അർത്ഥം വെളിപ്പെടുത്തിത്തരുന്നതിന് കർത്താവിന് സംപ്രീതി തോന്നി. ആത്മീക മായുള്ള അർത്ഥവും, അക്ഷരീകാർത്ഥവും കർത്താവിനെയും സഭയെയും സംബന്ധിച്ചു പ്രസ്താവിക്കുന്നു എന്നും, ഇതിൽ നിന്നു തന്നെയും മററു പല വെളിപ്പെടുത്തലുകളിലൂടെയും, വചനത്തിൽ നിന്ന് മിക്കവാറും നഷ്ടമായിട്ടുള്ള സത്യത്തിൻെറ പ്രകാശത്തെ പുനസ്ഥാപിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കിയിരിക്കുന്നു. ഇപ്പോഴുള്ള സഭയുടെ അന്ത്യ ത്തിൽ സത്യത്തിൻെറ പ്രകാശം മിക്കവാറും അണഞ്ഞു പോകുമെന്നത് വെളിപ്പാടു പുസ്തകത്തിലെ പലവേദഭാഗങ്ങളിലും, മത്തായിയുടെ സുവിശേഷത്തിൽ കർത്താവ് അരുളിചെയ്തിരിക്കുന്ന വചനങ്ങളിലും മുന്നമെ തന്നെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

> ആകാശത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും. നക്ഷത്രങ്ങൾ ആകാശത്തു നിന്ന് വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രൻെറ അടയാളം ആകാശത്ത് വിളങ്ങും, അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുകൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതുകാണാം. മത്തായി 24:29,30

സൂര്യൻ, കർത്താവിൻെറ സ്നേഹത്തെയും, ചന്ദ്രൻ കർത്താവിങ്കലുള്ള വിശ്വാസത്തെയും, നക്ഷത്രങ്ങൾ കർത്താവിൽ നിന്നുള്ള നന്മയുടെയും സത്യത്തിൻെറയും അറിവിനെയും മനുഷ്യപുത്രൻ, അതായത് കർത്താവ് വചനത്തെയും മേഘങ്ങൾ വചനത്തിൻെറ അക്ഷരീകാർത്ഥത്തെയും, മഹത്വം ആത്മീകാർത്ഥത്തെയും, അക്ഷരീകാർത്ഥത്തിലുള്ള സുതാര്യത യെയും അർത്ഥമായി സൂചിപ്പിക്കുന്നു.

**113.** വചനത്തിലൂടെ മനുഷ്യന് സ്വർഗ്ഗവുമായി ആശയവിനിമയ ബന്ധം ഉണ്ടാകുന്നു എന്ന് അനേകം അനുഭവങ്ങളിലൂടെ മനസ്സിലാക്കുവാൻ

എനിക്ക് അനുവാദം ലഭിക്കുകയുണ്ടായി. ഞാൻ തിരുവചനം പാരായണം ചെയ്യവെ, യെശയ്യാവ് ഒന്നാം അദ്ധ്യായം മുതൽ മലാഖി അവസാന അദ്ധ്യായം വരെയും, ദാവീദിൻെറ സങ്കീർത്തനങ്ങളും വായിച്ചു കൊണ്ടിരുന്നപ്പോൾ എനിക്ക് വ്യക്തമായ കാഴ്ചപ്പാട് ലഭിച്ചത്, ഓരോരോ വാക്യവും സ്വർഗ്ഗത്തിലെ ഓരോരോ സംഘവുമായി ആശയവിനിമയ ബന്ധത്തെ പ്രദാനം ചെയ്തു എന്നും അപ്രകാരം വചനം സമസ്തമായും, സമസ്ത സ്വർഗ്ഗവുമായും ആശയവിനിമയ സമ്പർക്കം പ്രദാനം ചെയ്യുന്നു എന്നുമായിരുന്നു.

14

## വചനം കൂടാതെ ദൈവത്തെക്കുറിച്ചും സ്വർഗ്ഗ നരകത്തെക്കുറിച്ചും, മരണാനന്തര ജീവിതത്തെക്കുറിച്ചും, കർത്താവിനെ കുറിച്ചു തന്നേയുമുള്ള അറിവ് ആർക്കും ഉണ്ടാവില്ല

**114.** ഇതുവരെയും കൂടുതലായി പറഞ്ഞിട്ടുള്ളതിൽ നിന്നും, കാണിച്ചിട്ടുള്ളതിൽ നിന്നും പൊതുവായൊരു അനുമാനത്തിൽ എന്ന പോലെ, ഇത് തുടരന്നു

തിരുവചനം ദൈവീക സത്യം തന്നെയാണ്. 1–4 ഖണ്ഡികകൾ

സ്വർഗ്ഗത്തിലെ ദൂതന്മാരുമായുള്ള സംയോഗത്തിന്റെ മാധ്യമമാണ് വചനം 62–69 ഖണ്ഡികകൾ

എല്ലാ ഇടങ്ങളിലും കർത്താവും സഭയുമായും അനന്തരം നന്മയും സത്യവും തമ്മിലുള്ള കല്യാണം ഉണ്ട്. 80–89 ഖണ്ഡികകൾ

സഭയുടെ പ്രകൃതി വചനത്തിൻെറ ഗ്രാഹ്യതയ്ക്കനുസരിച്ചുള്ളതാണ് . 76–79 ഖണ്ഡികകൾ

വചനം സ്വർഗ്ഗത്തിലുമുണ്ട്, അതിൽ നിന്ന്, ദൂതന്മാർ അവരുടെ വചനം സ്വർഗ്ഗത്തിലും ഉണ്ട് അതിൽ നിന്നാണ് ദൂതന്മാർക്ക് ജ്ഞാനം കിട്ടിയിട്ടുള്ളത്. 70–75 ഖണ്ഡികകൾ

സഭയ്ക്കു വെളിയിലുള്ള എല്ലാ ദേശക്കാരും ജനങ്ങളും ആത്മീക പ്രകാശം ലഭിക്കുന്നതും വചനത്തിലൂടേയാണ്. 104– 113

ഇവ കൂടാതെ, വളരെ അധികം സംഗതികൾ സൂചിപ്പിക്കാനുണ്ട്.

ഈ പരാമർശങ്ങളിൽ നിന്ന് ഇപ്രകാരം അനുമാനിക്കാവുന്നതാണ്. അതായത് വചനം കൂടാതെ, യാതൊരാൾക്കും ദൈവത്തെക്കുറിച്ചും സ്വഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും, മരണാനന്തര ജീവിതത്തെ ക്കുറിച്ചും ഉള്ള അറിവ് ഉൾക്കൊള്ളുന്ന ആത്മീക ബുദ്ധി ഉണ്ടാകുന്നതല്ല. അതു മാത്രമല്ല. അയാൾക്ക് കർത്താവിനെക്കുറിച്ചോ, കർത്താവി നോടുള്ള വിശ്വാസത്തെയും, സ്നേഹത്തെയും കുറിച്ചോ, തത്ഫല മായുണ്ടാകേണ്ടതും രക്ഷയ്ക്ക് അനിവാര്യമായി വേണ്ട മാധ്യമമായ

വീണ്ടെടുപ്പിനെക്കുറിച്ചോ അയാൾക്ക് യാതൊരു അറിവും ഉണ്ടായിരിക്കുന്നതല്ല. കർത്താവ് തൻെറ ശിഷ്യന്മാരോട് ഇപ്രകാരം അരുളിചെയ്തു.

എന്നെ പിരിഞ്ഞ്, നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല. യോഹ 15:5

യോഹന്നാൻ ഇപ്രകാരം പ്രസ്താവിച്ചു.

സ്വർഗ്ഗത്തിൽ നിന്ന് കൊടുത്തിട്ടല്ലാതെ, മനുഷ്യന് ഒന്നും ലഭിപ്പാൻ കഴിയുകയില്ല. യോഹ 3:27

**115.** വചനം കൂടാതെയും ദൈവത്തിൻെറ ആസ്ഥിത്വത്തെക്കുറിച്ചും, സ്വർഗ്ഗത്തെക്കുറിച്ചും, നരകത്തെക്കുറിച്ചും, വചനത്തിൽ പഠിപ്പിച്ചിട്ടുള്ള മററു പലകാര്യങ്ങളെക്കുറിച്ചും വചനം കൂടാതെയും ഒരു മനുഷ്യന് അറിവാൻ കഴിയുമെന്ന ഉറച്ച ധാരണ വച്ചു പുലർത്തുന്ന ചില മനുഷ്യരുണ്ട്. അപ്രകാരം അവർ വചനത്തിൻെറ അധികാര ശക്തിയെയും, വിശുദ്ധിയെയും അവർ ദുർബലമാക്കി തീർക്കുന്നു. വായ് കൊണ്ടു പറയുന്നില്ലെങ്കിലും അവരുടെ ഹൃദയത്തിൽ അതു സംഭവിക്കുന്നു. ആകയാൽ യാതൊരുവനും അവരുമായി വചനത്തിൽ നിന്ന് എന്തെങ്കിലും വാഗ്വാദം നടത്തുവാൻ സാദ്ധ്യമല്ല. പ്രത്യുത സ്വാഭാവികമായ യുക്തിയുടെ വെളിച്ചത്തിൽ ആകാം. എന്തു കൊണ്ടെന്നാൽ അവർ വചനത്തെ വിശ്വസിക്കുന്നില്ല. അവരിൽ തന്നെയാണ് അവരുടെ വിശ്വാസം. യുക്തിയുടെ വെളിച്ചത്തിൽ അന്വേഷിക്കുമ്പോൾ നിങ്ങൾക്കു കാണാം ഒരു മനുഷ്യനിൽ രണ്ട് കഴിവുകൾ ഉണ്ടെന്ന്, അതായത് ഗ്രാഹ്യാതയും ഇച്ഛാശക്തിയും അവയിൽ ഗ്രാഹ്യത ഇച്ഛയ്ക്ക് അധീനമാണ്. പക്ഷേ ഇച്ഛയാകട്ടെ ഗ്രാഹ്യതയ്ക്ക് അധീനമല്ലതാനും. കാരണമെന്തെന്നാൽ പരിജ്ഞാനം കേവലം പഠിപ്പിക്കയും, വഴി ചൂണ്ടിക്കാണിക്കുകയുമാണ് ചെയ്യുന്നത്.

മനുഷ്യൻെറ ഇച്ഛ അവൻെറ അഹംബോധമാണെന്ന് നിങ്ങൾ കൂടുതൽ അന്വേഷിക്കുമ്പോൾ നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുന്നതാണ്. അത് പരിഗണനാ വിധേയം ആക്കിയാൽ തികച്ചും തിന്മയാണെന്ന് വ്യക്തമാണ്. അതിൻെറ ഫലമായിട്ടാണ്. പരിജ്ഞാനത്തിൽ നിന്ന് വ്യാജതയും ഭോഷ്ക്കും ഉയരുന്നത്. ഈ സംഗതികൾ പഠിച്ചു കഴിയുമ്പോൾ നിങ്ങൾക്ക് ദർശിക്കുവാൻ കഴിയും, ഒരു മനുഷ്യൻ ഇച്ഛയിൽ സ്വയമായി എന്തെങ്കിലും ഗ്രഹിപ്പാൻ ആഗ്രഹിക്കുന്നില്ല. അവൻെറ അഹംബോധത്തിൽ നിന്ന് വരുന്ന കാര്യങ്ങൾ മാത്രമാണ് അവൻ കണ്ടെത്തുന്നതെന്ന്. ഇത് ചെയ്യണമെങ്കിൽ മററേതെങ്കിലും അറിവിൻെറ ഉറവിടമില്ലെങ്കിൽ അതിനുള്ള സാദ്ധ്യത ഉണ്ടാകുന്നതുമല്ല. സ്വന്തഇച്ഛയുടെ അഹംബോധത്തിൽ നിന്ന്, എന്തെങ്കിലും മനസ്സിലാക്കുവാനുള്ള ആഗ്രഹം ഉണ്ടാകുന്നതേയില്ല. അവനെ സംബന്ധിക്കുന്നതും ലോകത്തെ സംബന്ധിക്കുന്നതുമാണെങ്കിൽ മാത്രം അവൻ ശ്രദ്ധിക്കും. അതിന് അപ്പുറമായുള്ള ഏത് സംഗതിയും അവന് കടുത്ത ഇരുട്ടിൽ നിൽക്കുന്നതായേ തോന്നുകയുള്ളൂ. ഉദാഹരണത്തിന്, അവൻ സൂര്യനെയോ, ചന്ദ്രനെയോ നക്ഷത്രങ്ങളെയോ നോക്കു

കയാണെങ്കിൽ അവൻ, അവയുടെ ഉത്ഭവത്തിലേക്ക് പ്രതിഫലനം ചെയ്യും, അവ സ്വയം ഉത്ഭവസ്ഥാനത്തു നിൽക്കുകയാണെന്ന് അവന് ചിന്തിക്കാൻ കഴിയുന്നില്ല. ഈ ഭൂലോകത്തിലെ പല വിദ്യാസമ്പന്നരായ ആളുകളും വചനം വായിച്ചിട്ടുണ്ട്. ദൈവമാണ് എല്ലാ വസ്തുക്കളെയും സൃഷ്ടിച്ച തെന്ന് അറിഞ്ഞിട്ടുണ്ടെങ്കിലും, പ്രകൃതിയാണ് സകലത്തിൻെറയും സൃഷ്ടാവ് എന്ന് അംഗീകരിക്കയാണ് ചെയ്യുന്നത്. വചനത്തിൽ നിന്ന് യാതൊന്നും അറിഞ്ഞിട്ടില്ലായിരുന്നെങ്കിൽ അവർ അതിനേക്കാൾ കൂടുതലായി പലതും ചെയ്യുമായിരുന്നു. ദൈവത്തെക്കുറിച്ചും ആത്മാവിൻെറ അമർത്ത്യതയെ ക്കുറിച്ചും എഴുതിയിട്ടുള്ള അരിസ്റ്റോട്ടിൽ. സിസെറോ, സിനെക്കാ മുതലായ പ്രാചീന ജ്ഞാനവര്യന്മാർ അവരുടെ അഹംബോധത്തിൽ നിന്നായിരുന്നോ അവരുടെ അറിവിനെ സമാർജ്ജിച്ചത്? അല്ല; അവർ അത് പരമ്പരാഗതമായി സമാർജിച്ചതാണ്. പൗരാണിക വചനത്തിൽ നിന്ന് ആദ്യമായി അവയെ പഠിച്ചതായ മററ് വ്യക്തികളിൽ നിന്നാണ് അവർ പഠിച്ചത്. പ്രകൃതിപരമായ മതത്തിൻെറ ലേഖകന്മാർക്കും അവരുടെ അറിവ് അവരിൽ നിന്നു തന്നെ ഉണ്ടായതല്ല. വചനം ഉള്ളതായ സഭയിൽ നിന്ന് അവർ പഠിച്ചതായ സംഗതികൾ യുക്തിസഹമായി അപഗ്രഥനങ്ങളിലൂടെ സ്ഥീരികരിച്ചവയാണ്. അവർ രേഖപ്പെടുത്തിയിട്ടുള്ളത്. ചിലരെ സംബന്ധിച്ചിടത്തോളം സംഭവ്യമായ ഒരു സംഗതിയാണ് അവർ സ്ഥിരീകരിച്ചതായ സത്യങ്ങളെ അവർ തന്നെയും വിശ്വസിക്കാതിരിക്കുക എന്നത്.

**116.** പൗരധർമ്മ സംബന്ധമായ സംഗതികളിൽ യുക്തി ചിന്താശക്തി ഉണ്ടായിരുന്നവരും എങ്കിലും ദൈവത്തെ സംബന്ധിച്ച് യാതൊന്നും അറിഞ്ഞു കൂടാത്തവരായിരുന്ന, വിദൂരസ്ഥമായ ദ്വീപുകളിൽ ജനിച്ച ആളുകളെ കാണുവാൻ ഇടയാക്കി. ആത്മീക ലോകത്തിൽ അവർ ആൾകുരങ്ങുകളെ പോലെ കാണപ്പെട്ടു. ഏകദേശം അപ്രകാരമാണ് അവർ ജീവിച്ചിരുന്നത്. എന്നാൽ ആത്മീയ ജീവൻ ലഭിക്കുവാനുള്ള കഴിവുകളോടെ ജനിക്കുകയും മനുഷ്യരായിരിക്കുകയും ചെയ്യുകയാൽ അവരെ ദൂതന്മാർ ബോധനം ചെയ്തു. കർത്താവ് മനുഷ്യനാകുന്നു എന്നുള്ളതിനെ സമ്പന്ധിച്ചുള്ള അറിവ് മുഖേനെ അവർ ബോധവാന്മാരായി തീർന്നു. നരകത്തിലുള്ളവരിൽ നിന്ന്, ഒരു മനുഷ്യൻ സ്വയം അവൻ ആരാണെന്ന് എങ്ങനെയുള്ളവനാണെന്ന് തിരിച്ചറിയുവാൻ കഴിയും. അവിടെ സഭാദ്ധ്യക്ഷന്മാരും പണ്ഡിതന്മാരും ഉണ്ട്. പക്ഷേ ദൈവത്തെക്കുറിച്ച് കേൾക്കുവാൻ പോലും അവർ സന്നദ്ധരല്ല. ആകയാൽ അവൻെറ പേര് ഉച്ചരിപ്പാനും അവർക്ക് കഴിവില്ല. ഞാൻ അവരെ കാണുകയും അവരിൽ പലരോടും സംസാരിക്കുകയും ചെയ്തു. ദൈവത്തെക്കുറിച്ച് ആരെങ്കിലും സംസാരിക്കുന്നത് കേട്ടാൽ ഉടൻ കോപാകുലരായിത്തീരുന്ന ചിലരോടും ഞാൻ സംസാരിച്ചു. ദൈവത്തെക്കുറിച്ച് അറിയുകയും, എഴുതുകയും , ഉപദേശിക്കുകയും ചെയ്തിരുന്നവരുടെ പ്രകൃതം ഇതാണെങ്കിൽ ദൈവത്തെ അറിഞ്ഞിട്ടി

ല്ലാത്തവരുടെ സ്ഥിതി എന്ത് ആയിരിക്കും? ജെസ്യൂട്ടുകളിൽ നിന്നുള്ള വളരെ ആളുകൾ അവിടെ ഉണ്ടായിരുന്നു. അവർ അപ്രകാരം ആയിത്തീർന്നത് അവരുടെ ഇച്ഛാനുസരണം ആയിരുന്നു. അത് തികച്ചും തിന്മയുമായിരുന്നു. മുകളിൽ പ്രസ്താവിച്ചതുപോലെ അതേ ഇച്ഛ അവരുടെ പരിജ്ഞാനത്തെ കാപട്യത്തിലേക്കു നയിക്കുന്നു. വചനത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടാവുന്ന സത്യത്തിൻെറ കണികകളെ അത് നശിപ്പിക്കുകയും സത്യമില്ലാത്തതാക്കി തീർക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യന് സ്വയം, ഒരു ദൈവമുണ്ടെന്നും മരണാനന്തരം ഒരു ജീവിതമുണ്ടെന്നും അറിയുവാൻ സാദ്ധ്യമായിട്ടുണ്ടെങ്കിൽ, അവൻെറ മരണാനന്തരവും അവൻ ഒരു മനുഷ്യൻ ആയിരിക്കും എന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തത് എന്തുകൊണ്ടാണ്? അവൻെറ ദേഹി അഥവാ ആത്മാവ് ഒരു കാററിനെപ്പോലെയോ ഈഥറിനെപ്പോലൊയോ ആണെന്ന് ചിന്തിക്കുവാൻ കാരണം എന്താണ്? കണ്ണുകളാൽ കാണാൻ കഴിയാത്തതും ചെവികളാൽ കേൾക്കപ്പെടാത്തതും വായാൽ സംസാരിക്കപ്പെടാത്തതും അവസാനം അതിൻെറ മൃതശരീരത്തിലും അസ്ഥിപഞ്ജരത്തിലും പ്രവേശിച്ച് സജീവമാകേണ്ടതുമായ അദൃശ്യ സംഗതിയാണോ?

(3) യുക്തിയുടെ വെളിച്ചത്തിൽ നിന്നുമാത്രം ഉത്ഭുതമാകുന്നതും ആരാധനവിഷയം ആകുന്നതുമായ ഉപദേശത്തെക്കുറിച്ച് സങ്കല്പിച്ചു നോക്കുക. യുഗങ്ങളോളം ചെയ്യപ്പെട്ടിരിന്നതും ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് വചനത്തിലൂടെ അറിയുന്നവരായ ചിലർ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതുമായ, സ്വയത്തിൻെറ ആരാധന ചെയ്യരുതെന്നല്ലെ പഠിപ്പിക്കേണ്ടത്? മനുഷ്യൻെറ അഹംബോധത്തിൽ നിന്ന മറ്റു യാതൊരു ആരാധാനയും ഉടലെടുക്കുകയില്ല, സൂര്യചന്ദ്രന്മാരെ ആരാധിക്കുന്നതു പോലുള്ളതു പോലും.

**117.** അതിപ്രാചീനകാലം മുതലേ മതം നിലനിന്നിരുന്നിട്ടുണ്ട്. അതുപോലെ തന്നെ, ഭൂലോകത്തിൽ എവിടെയും ഉള്ള മനുഷ്യരിൽ ദൈവത്തെക്കുറിച്ചുള്ള അറിവും നിലനിന്നിരുന്നു. മരണാനന്തരം ഒരു ജീവിതമുണ്ടെന്ന് ഉള്ള ചെറിയ അറിവുമുണ്ടായിരുന്നു. ഇത് അവരിൽ നിന്ന് സ്വയം ഉടലെടുത്തതോ അല്ലെങ്കിൽ അവരുടെ സ്വന്തം ബുദ്ധിയിൽ നിന്നുമല്ല പിന്നെയോ മുകളിൽ 101 മുതൽ 103 വരെ പറഞ്ഞിട്ടുള്ള പൗരാണീക വചനത്തിൽ നിന്നും, ഈ രണ്ടു വചനങ്ങളിൽ നിന്നും മതരൂപങ്ങൾ ഉണ്ടായി ഇന്ത്യയിലേക്കും മററ് ദ്വീപുകളിലേക്കും പ്രചരീതമായി; കൂടാതെ മിസ്രയീം, ഐത്യോപ്യ എന്നീ രാജ്യങ്ങളിലൂടെ ആഫ്രിക്കയിലേക്കും, ഏഷ്യയുടെ കടൽ തീരങ്ങളിലൂടെ ഗ്രീസിലേക്കും അവിടെ നിന്ന് ഇററലിയിലേക്കും പ്രചരിപ്പിക്കപ്പെട്ടു. വചനത്തെ പ്രാതിനിധ്യങ്ങളാൽ കൊണ്ടു മാത്രമേ രേഖപ്പെടുത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ എന്നതിനാൽ സ്വർഗ്ഗീയ സംഗതികളെ കുറിക്കുന്നതിന് അതിനു സദൃശ്യമായുള്ള സംഗതികൾ കൊണ്ടു രേഖപ്പെടുത്തപ്പെടുകയുണ്ടായി. തത്ഫലമായി പല

രാജ്യങ്ങളിലും, ജനതകളിലും മതവും ആരാധനയും വിഗ്രഹാരാധന ആയി പരിണമിക്കാനിടയായി, ഗ്രീസിലാകട്ടെ അത് തത്വശാസ്ത്രപരമായ, ഭാവുക ശാസ്ത്രമായിത്തീരുകയും ചെയ്തു. ദൈവീക വിശേഷതകളും സ്വഭാവഗുണങ്ങളും അനേകം ദൈവങ്ങൾക്ക് രൂപം നൽകി സ്വഭാവഗുണങ്ങളും അനേകം ദൈവങ്ങൾക്ക് രൂപം നൽകി ഈ ദൈവങ്ങൾക്കെല്ലാം മീതയായി മനുഷ്യൻ യോവേ എന്ന (യഹോവ) ദൈവത്വത്തെ അവരോധിക്കുകയും ചെയ്യുകയുണ്ടായി. അവർക്ക് പറുദീസായെക്കുറിച്ച് ഏതാനും ധാരണകൾ ഉണ്ടായിരുന്നു. ജലപ്രളയത്തെക്കുറിച്ചും, വിശുദ്ധ അഗ്നിയെക്കുറിച്ചും ആരംഭം മുതലുള്ള നാല് യുഗങ്ങളെക്കുറിച്ചും അഥവാ ഇരുമ്പ് യുഗത്തെക്കുറിച്ചും അവർക്ക് ഏതാനും കാര്യങ്ങൾ അറിയാമാ യിരുന്നു. വചനത്തിൽ അവയെ ദാനിയേൽ പ്രവചനം 2:31–35 ൽ വിവരിച്ചിരിക്കുന്നു. സഭയുടെ നാല് അവസ്ഥകളെയും കുറിച്ച് അവർ അറിഞ്ഞിരുന്നു. അതെ തുടർന്ന് വരുകയും മുൻ മതസമ്പ്രദായങ്ങളെ എല്ലാം നശിപ്പിക്കുകയും ചെയ്ത മുഹമ്മദീയ (ഇസ്ലാം) മതം, വചനത്തിലെ പഴയ നിയമത്തിൽ നിന്നും പുതിയ നിയമത്തിൽ നിന്നു് എടുക്കപ്പെട്ടതാകുന്നു എന്ന് അറിയാമല്ലോ.

**118**. അവസാനമായി, സമസ്തകാര്യങ്ങളും അവരുടെ ബുദ്ധിശക്തിക്ക് സമർപ്പിക്കുകയും വചനത്തിന് എന്തെങ്കിലും നൽകണമെങ്കിലും അതിലേക്ക് യാതൊന്നും സമർപ്പിക്കാതെയുമിരിക്കുന്നവർക്ക് എന്താണ് സംഭവിക്കുന്നതെന്ന്, ഞാൻ വിശദീകരിക്കട്ടെ. ആദ്യമായി അവർ മദ്യപാനികളെപ്പോലെ മത്തരായിത്തീരുകയും, അനന്തരം ഭോഷന്മാരാകുകയും, അവസാനമായി വിഡ്ഢികൾ ആയി അന്ധകാരത്തിൽ വസിക്കയും ചെയ്യുന്നു. ആകയാൽ സർവ്വരും അപ്രകാരമുള്ള ചിത്തഭ്രമത്തെക്കുറിച്ച് ബോധവന്മാർ ആയിരിക്കട്ടെ.

# ജീവതത്തെ സംബന്ധിച്ചുള്ള
# നവയെരുശലേമിന്റെ ഉപദേശം

ഇമ്മാനുവേൽ സ്വീഡൻബോർഗ്

ആദ്യ പ്രസിദ്ധീകരണം 1763 – ൽ ആംസ്റ്റർഡാമിൽ

ഇന്ത്യയിൽ പ്രസിദ്ധീകരിച്ചത് 2014 – ൽ

ചർച്ച് ഒഫ് ന്യു യെരുശലേം ( ന്യു ചർച്ച് ഇൻ ഇന്ത്യ)

തൃശൂർ, കേരള

2014

## ഉള്ളടക്കം


അധ്യായം ഖണ്ഡിക

I. എല്ലാ മതങ്ങൾക്കും ജീവിതത്തോട് ബന്ധമുണ്ട്. മതജീവിതം നന്മ ചെയ്യാനുള്ളതാണ് ........ 1–8

II. നന്മയായ ഒന്നിനെ സ്വയമായി ഒരുവനിൽ നിന്ന് ആർക്കും ചെയ്യാനാവില്ല. ........ 9–17

III. തിന്മകളെ എത്രത്തോളം പാപങ്ങളായി ഒരു മനുഷ്യൻ വർജ്ജിക്കുന്നുവോ അവൻ എത്രത്തോളം അവനിൽ നിന്നല്ലാത്ത നന്മ കർത്താവിൽ നിന്നും ചെയ്യുന്നു ........ 18–31

1) തിന്മകളെ പാപങ്ങളായി ഒരുവൻ ഒഴിവാക്കുന്നതിനുമുമ്പ് നന്മയായതിനെ ഇച്ഛിക്കുകയും ചെയ്യുകയുമാണെങ്കിൽ അത്തരം സൽപ്രവൃത്തികൾ അവൻ ഇച്ഛിക്കുകയും ചെയ്യുന്നതും നന്മയല്ല ........ 24

2) ഒരുവൻ ഭക്തിയായ കാര്യങ്ങളെ സംസാരിക്കുകയും ചിന്തിക്കുകയും എന്നാൽ തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നില്ലെങ്കിൽ ഭക്തികാര്യങ്ങൾ ഭക്തിയല്ല. ........ 25,26

3) ഒരു മനുഷ്യന് കൂടുതൽ ജ്ഞാനവും കൂടുതൽ അറിവും ഉണ്ടാവുകയും തിന്മയെ പാപങ്ങളായി വർജ്ജിക്കുന്നില്ലെങ്കിൽ അവൻ ഒരിക്കൽപോലും ജ്ഞാനിയല്ല ........ 27–31

IV. എത്രത്തോളം തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നുവോ അത്രത്തോളം അവൻ സത്യങ്ങളെ സ്നേഹിക്കുന്നു. ........ 32–41

V. എത്രത്തോളം തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നുവോ അത്രത്തോളം വിശ്വാസവും ആത്മീയനുമാണ് ........ 42–52

VI. പത്ത് കല്പനകൾ തിന്മകൾ എന്തൊക്കെയാണെന്ന് പഠിപ്പിക്കുന്നു. ........ 53–61

VII. എല്ലാവിധ വ്യഭിചാരം, കൊലപാതകം, മോഷണം, കള്ള സാക്ഷ്യം, തിന്മയും അവയോടുള്ള ആസക്തികളും പാപങ്ങളായി വർജ്ജിക്കേണ്ടിയിരിക്കുന്നു. ........ 62–66

VIII. എല്ലാത്തരത്തിലുമുള്ള കൊലപാതവും എത്രത്തോളം വർജ്ജിക്കുന്നുവോ അത്രത്തോളം ഒരുവന് തന്റെ അയൽക്കാരനോട് സ്നേഹമുണ്ട് ........ 67–73

IX. എല്ലാവിധത്തിലുള്ള വ്യഭിചാരവും എത്രത്തോളം വർജ്ജിക്കുന്നുവോ അത്രത്തോളം ഒരുവൻ പാതിവ്രത്യത്തെ സ്നേഹിക്കുന്നു. ........ 74–79

X. എല്ലാവിധത്തിലുള്ള മോഷണവും എത്രത്തോളം വർജ്ജിക്കുന്നുവോ അത്രത്തോളം ഒരുവൻ വിശ്വസ്തതയെ സ്നേഹിക്കുന്നു. ........ 80–86

XI . എല്ലാവിധത്തിലുള്ള കള്ളസാക്ഷ്യങ്ങൾ എത്രത്തോളം വർജ്ജിക്കുന്നുവോ അത്രത്തോളം ഒരുവൻ സത്യമായതിനെ സ്നേഹിക്കുന്നു. ........ 87–91

XII. തിന്മകളോടുള്ള ആന്തരികമായ നീരസത്തിൽ നിൽക്കാതെ അവയ്ക്കാതിരായുള്ള പോരാട്ടങ്ങൾ കൂടാതെയും ആർക്കും തിന്മകളെ വർജ്ജിക്കാനാവില്ല. ........ 92–100

XIII ഒരുവൻ അവനായിതന്നെ തിന്മകൾക്കെതിരായി പോരാടുകയും തിന്മകളെ പാപങ്ങളായി വർജ്ജിക്കേണ്ടിയുമിരിക്കുന്നു. ........ 01–107

XIV ഒരുവൻ മറ്റെന്തെങ്കിലും കാരണങ്ങൾ കൊണ്ട് തിന്മകളായിരിക്കുന്ന പാപങ്ങളെ വർജ്ജിക്കുന്നുവെങ്കിൽ അവൻ അവയെ വർജ്ജിക്കുന്നില്ല മറിച്ച് ലോകത്തിന് മുമ്പാകെ വെളിപ്പെടുന്നതിൽ നിന്നും പ്രതിരോധിക്കുന്നു എന്നുമാത്രം. ........ 08–114

## എല്ല മതങ്ങൾക്കും ജീവിതത്തോട് ബന്ധമുണ്ടു, മതജീവിതം സൽപ്രവർത്തികൾ ചെയ്യാനുള്ളതാണു.

**1** കുറ്റമറ്റതായി ജീവിക്കുന്ന ഏതൊരാളും രക്ഷിക്കപ്പെടുമെന്നും തിൻമയായി ജീവിക്കുന്ന ഏതൊരുവനും നഷ്ടപ്പെടും എന്നും ഏതെങ്കിലും മതമുള്ള എല്ലാവരും തന്നെ അറിയികയും അംഗീകരിക്കയും ചെയ്യുന്നു, നന്നായി ജീവിക്കുന്ന ഒരുവൻ നൻമയോടെ ജീവിക്കയും അവൻ ദൈവത്തെകുറിച്ചും തന്റെ അയൽക്കാരനെ കുറിച്ചും അവരുടെ ക്ഷേമത്തെക്കുറിച്ചും വിചാരിക്കുന്നു. എന്നാൽ ദുഷ്ടരായി ജീവിക്കുന്ന വരൂടെ കാര്യം അങ്ങനെയല്ല. മനുഷ്യന്റെ ജീവൻ അവന്റെ സ്നേഹമാണു, മനുഷ്യൻ സ്നേഹിക്കുന്നതിനെ ഇച്ഛയോടെ പ്രവർത്തിക്ക മാത്രമല്ല ഇച്ഛയോടെ വിചാരിക്കയും ചെയ്യുന്നു. മതജീവിതം നൻമ ചെയാനുള്ള താണെന്നു പറഞ്ഞിരിക്കുന്നതെന്തെന്നാൽ നൻമയുടെ പ്രവർത്തികൾ നല്ല വിചാരങ്ങളോടു കൂടെ പൊരുത്തപ്പെട്ടിരിക്കുന്നതു കൊണ്ട് ഒരു മനുഷ്യൻ അവ സർഗ്ഗാത്മകമായി പ്രവർത്തിക്കാത്ത പക്ഷം അതു അവന്റെ ജീവന്റെ ഭാഗമായി രൂപപ്പെടുന്നില്ല. തുടർന്നു വരുന്ന ഭാഗങ്ങളിൽ ഈക്കാര്യങ്ങൾ അവതരിപ്പിക്കുന്നതായിരിക്കും.

**2** മതത്തിനു ജീവിതത്തോടു ബന്ധമുണ്ടെന്നും മതജീവിതം നൻമ ചെയ്യാനുള്ളതാണെന്നും വചനം വായിക്കുന്ന എല്ലാവരും ഗ്രഹിക്കുന്നു. വചനം വായിക്കുന്ന ഒരുവൻ ഇതു അംഗീകരിക്കയും ചെയ്യുന്നു. വചന ത്തിൽ തുടർന്നു വരുന്ന വേദഭാഗങ്ങളിൽ:

> നിങ്ങളുടെ നീതി ശാസ്ത്രിമരുടേയും പരീശൻമാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. മത്താ: 5: 19,20

> നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കൊയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും. മത്താ: 7:19,20

> എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയുന്നവൻ അത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. മത്താ: 7:21

> നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവൃത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അിറഞ്ഞിട്ടില്ല; അധർമ്മം പ്രവൃത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും. മത്താ: 7:22,23

> ആകയാൽ എന്റെ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യം .എന്റെ വചനങ്ങളെ

കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിൻ മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. മത്തായി 7:24, 26

യേശു പറഞ്ഞു: വിതയ്ക്കുന്നവൻ വിതയ്ക്കാൻ പുറപ്പെട്ടു .വിതയ്ക്കുമ്പോൾ ചിലതു വഴിയരികിൽ വീണു. ചിലതു പാറസ്ഥലത്തു, മറ്റു ചിലതു മുള്ളിനിടയിൽ വീണു. മറ്റു ചിലതു നല്ല നിലത്തു വീണു. നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നവൻ ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നൽകുന്നു.
മത്താ: 133-9,23

മനുഷ്യൻ എന്തു മറുവില കൊടുക്കും? മൻഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതൻമാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും. മത്താ:16:27

അതുകൊണ്ടു ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും. മത്താ: 21:43

മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധൻമാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളേയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളേയും കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതു പോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തു ഭാഗത്തും കോലാടുകളെ ഇടത്തും നിർത്തും. രാജാവു തന്റെ വലത്തു ഭാഗത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കി കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയയിരുന്നു, നിങ്ങളെന്നെ ചേർത്തുകൊണ്ടു; ഞാൻ നഗ്നനായിരുന്നു, എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു. അതിനു നീതിമാൻമാർ അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തു കൊൾകയോ നഗ്നനായിട്ടു കണ്ടിട്ട് ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. രാജാവു അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരൻമാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും. പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതൻമാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലെക്കു പോകുവിൻ ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ

ചെയ്യാഞ്ഞേടത്തോളം എനിക്കു ആകുന്നു ചെയാഞ്ഞതു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഉത്തരം അരുളും. അവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാൻ മാർ നിത്യജീവങ്കലേക്കും പോകും. മത്താ: 25:31–46

മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുവിൻ. ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവടിനു കോടാലി വച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു.

ലൂക്കോ : 3: 8–9

നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതെന്തു? എന്റെ അടുക്കൽ വന്നു എന്റെ വചനം കേട്ടു ചെയ്യുന്നവൻ എല്ലാം ഇന്നവനോടു തുല്യൻ എന്നു ഞാൻ കാണിച്ചു തരാം. ആഴത്തിൽ കുഴിച്ചു; പാറമേൽ അടിസ്ഥാനം ഇട്ടു വീടു പണിയുന്ന മനുഷ്യനോടു അവൻ തുല്യൻ. കേട്ടിട്ടു ചെയ്യാത്താവനോ അടിസ്ഥാനം കൂടാതെ മണ്ണിൻ മേൽ വീടു പണിത മനുഷ്യനോടൂ തുല്യൻ. ലൂക്കോ: 6:46– 49

യേശു അവരോടു: എന്റെ അമ്മയും സഹോദരൻ മാരും ദൈവ വചനം കേട്ടു ചെയ്യുന്നവരത്രെ എന്നു ഉത്തരം പറഞ്ഞു. ലൂക്കോ; 8:21

വീട്ടുടയവൻ കതകു അടച്ചശേഷം നിങ്ങൾ പുറത്തു നിന്നു: കർത്താവേ, തുറന്നു തരേണമേ. എന്നാൽ അവനോ: നിങ്ങൾ എവിടെ നിന്നു എന്നു ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു; അനീതി പ്രവൃത്തിക്കുന്ന ഏവരുമായുള്ളോരേ എന്നെ വിട്ടു പോകുവിൻ എന്നു പറയും. ലൂക്കോ: 13: 25, 27

ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ള തകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചത് തന്നെ. തിൻമ പ്രവൃത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകയ്ക്കുന്നു. തന്റെ പ്രവൃത്തിക്കു ആക്ഷേപം വരാതിരിക്കുവാൻ വെളിച്ചത്തിലേക്കു വരുന്നതുമില്ല. സത്യം പ്രവൃത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേൺതിനു വെളിച്ചത്തിങ്കലേക്കു വരുന്നു. യോഹ: 3: 19, 21

നൻമ ചെയ്തവർ ജീവനായും തിൻമ ചെയ്തവർ ന്യയവിധിക്കായും പുനരുദ്ധാനം ചെയാനുള്ള നാഴിക വരുന്നു. യോഹ: 5:29

പാപികളുടെ പ്രാർത്ഥന ദൈവം കെൾക്കുന്നില്ല എന്നും, ദൈവ ഭക്തനായിരുന്ന് അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും നാം അറിയുന്നു. യോഹ: 9:31

ഇതു നിങ്ങൾ അറിയുന്നു എങ്കിൽ, ചെയ്താൽ ഭാഗ്യവാൻമാർ.

യോഹ: 13:17

എന്റെ കൽപനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു, ഞാനും അവനെ സ്നേഹിച്ചു അവനു എന്നെ തന്നെ വെളിപ്പെടുത്തും. എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല. യോഹ:14 21 23, 24

ഞാൻ സക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടകാരനും ആകുന്നു.എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കേയും അവൻ നീക്കികളയുന്നു; കായ്ക്കുന്നത് ഒക്കേയും അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു. യോഹ: 15: 1,2

നിങ്ങൽ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യൻമാർ ആകും.

യോഹ: 15:8

ഞാൻ നിങ്ങളോടു കൽപ്പിക്കുന്നത് ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതൻ മാർ തന്നെ. ഞാൻ നിങ്ങളെ തിരെഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കി വെച്ചുമിരിക്കുന്നു. യോഹ: 15: 14, 16

കർത്താവു യോഹന്നാനോടു പറഞ്ഞു: എഫസോസിലെ സഭയുടെ ദൂതനു എഴുതുക: ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണതയും കൊള്ളരുതാത്തവരെ നിനക്കു സഹിച്ചു കൂടാത്തതും .എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടു കളഞ്ഞു എന്നു ഒരു കുറ്റം നിന്നേക്കുറിച്ചു പറയുവാനുണ്ട്

മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്യുക അല്ലാതിരുന്നാൽ ഞാൻ വരുകയും നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും. വെളി: 2: 1,2,4,5

സ്മുർണയിൽ സഭയുടെ ദൂതനു എഴുതുക: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. വെളി: 2:8,9

പെർഗ്ഗമോസിലെ സഭയുടെ ദൂതനു എഴുതുക: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. മാനസാന്തരപ്പെടുക. വെളി : 2: 12, 13, 16

ദുയഥൈരയിലെ സഭയുടെ ദൂതനു എഴുതുക: ഞാൻ നിന്റെ പ്രവൃത്തിയും നിന്റെ സ്നേഹം നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറേ എന്നും അറിയുന്നു. വെളി: 2:18, 19

സർദ്ദീസിലെ സഭയുടെ ദൂതനു എഴുതുക: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ട്. എങ്കിലും നേ മരിച്ചവനാകുന്നു ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ

സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല, മാനസാന്തരപ്പെടുക.
വെളി 3: 1,2,3

ഫിലദെൽഫിയയിലെ സഭയുടെ ദൂതനു എഴുതുക: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. വെളി: 3:7,8

ലെവോദിക്യയുടെ ദൂതനു എഴുതുക: ഞാൻ നിന്റെ പ്രവൃത്തിയെ അറിയുന്നു. മാനസാന്തരപ്പെടുക. വെളി: 3:14, 15, 19

ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതു: എഴുതുക: ഇന്നു മുതൽ കർത്താവിൽ രമിക്കുന്ന മൃതൻമാർ ഭാഗ്യവാൻമാർ; അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നും വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു. വെളി: 14:13

ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം രമിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി.
വെളി : 20 12

ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുക്കുവാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് വെളി: 22:12

ഇത് അതേ പോലെ തന്നെ പഴയനിയമത്തിലും എഴുതപ്പെട്ടിരിക്കുന്നു:

ഞാൻ അവരുടെ ക്രിയകൾക്കും അവരുടെ കൈകളുടെ പ്രവൃത്തി കൾക്കും തക്കവണ്ണം അവർക്ക് പകരം ചെയ്യും. യിരെ:25 :14

ഓരോരുത്തനെ അവനവന്റെ നടപ്പിനും പ്രവൃത്തികളുടെ ഫലത്തിനും തക്കവണ്ണം കൊടുക്കേണ്ടതിനു നീ മനുഷ്യരുടെ എല്ലാ വഴികളിൻ മേലും ദൃഷ്ടി വെയ്ക്കുന്നു : യിരെ: 32;19

ഞാൻ അവരുടെ നടപ്പു അവരോടു സന്ദർസിച്ചു അവരുടെ പ്രവൃത്തി കൾക്കു തക്കവണ്ണം അവർക്കു പകരം കൊടുക്കും. ഹോശയ: 4:9

ഞങ്ങളുടെ വഴികൾക്കും പ്രവൃത്തികൾക്കും തക്കവണ്ണം സൈന്യങ്ങളുടെ യഹോവ ഞങ്ങളോടു ചെയ്യുവാൻ നിരൂപിച്ചതു പോലെ തന്നെ അവൻ ഞങ്ങളോടു ചെയ്തിരിക്കുന്നു.
സഖര്യാവു : 1:6

അപ്രകാരം തന്നെ ജനം ചട്ടങ്ങളും വിധികളും കൽപനകളും ചെയ്യണമെന്നു അനേക ഇടങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു;

ആകയാൽ എന്റെ ചട്ടങ്ങളും ന്യായങ്ങളും നിങ്ങൾ പ്രമാണിക്കണം; അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും. ലേവ്യ: 18:5

നിങ്ങൾ എന്റെ എല്ലാ ചട്ടങ്ങളും സകല വിധികളും പ്രമാണിച്ചു അനുസരിക്കണം ലേവ്യ: 19:37, 20:8, 22:31.

അവർ കൽപന പ്രമാണിക്കുന്നുവെങ്കിൽ അനുഗ്രഹങ്ങൾ സുനിശ്ചിമാക്കപ്പെട്ടിരിക്കുന്നു, അവ പ്രമാണിക്കുന്നില്ലെങ്കിൽ ശാപവും.

ലേവ്യ 26 4-46

യിസ്രായേൽ സന്തതികളോടു അവരുടെ വസ്ത്രാഗ്രങ്ങളിൽ നൂൽതൊങ്ങൽ പിടിപ്പിക്കണമെന്നു കൽപ്പിച്ചിരുന്നു.

അവർ ചെയ്യേണ്ട യെഹോവയുടെ കൽപനകൾ ഓർക്കേണം

സംഖ്യാ: 15:38,39

പിന്നേയും ഒരായിരം ഇടങ്ങളിലും.

സഭയുടെ ഒരു മനുഷ്യനെ നിർമ്മിക്കുന്ന ആ പ്രവൃത്തികൾക്കനുസരിച്ചു അവൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു കർത്താവും ഉപമകളിൽ പഠിപ്പിക്കുന്നു, ഇവയിൽ അധികവും ധ്വനിപ്പിക്കുന്നത് നൻമ ചെയ്യുന്നവർ സ്വീകാര്യരും തിൻമ ചെയ്യുന്നവർ തിരസ്കരിക്കപ്പെട്ടവരും എന്നാണു, ഉപമകളിൽ പരിഗണിക്കുന്നതു പ്രകാരം

മുന്തിരിതോട്ടത്തിലെ തോഴൻമാർ. മത്താ: 21: 33-44

ഫലം തരാത്ത അത്തിവൃക്ഷം. ലൂക്കോ 13:6-9

ദാസൻമാർ വ്യാപാരം ചെയേണ്ടിയിരുന്ന തലന്തും നാണയങ്ങളും മത്താ:25: 14-31, ലൂക്കോ: 13-25

കള്ളൻമാരാൽ മുറിവേറ്റപ്പെട്ട മനുഷ്യന്റെ മുറിവുകൾ വെച്ചുകെട്ടുന്ന സമര്യക്കാരൻ. ലൂക്കോ: 10: 30-37

ധനവാനും ലാസറും. ലൂക്കോ: 16:19-31

പത്തു കന്യകമാർ. മത്താ: 25:1-12

**3** നൻമയോടെ ജീവിക്കുന്ന ഏതൊരുവനും രക്ഷിക്കപ്പെടുമെന്നും ദുഷ്ടതയോടെ ജീവിക്കുന്ന ഏതൊരുവനും കുറ്റം വിധിക്കപ്പെടുമെന്നും ഏതെങ്കിലും മതമുള്ള എല്ലാവരും തന്നെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു. അവിടെ ഒരു ദൈവം ഉണ്ടെന്നും സ്വർഗ്ഗനരകങ്ങൾ ഉണ്ടെന്നും മരണാനന്തരം ഒരു ജീവിതം ഉണ്ടെന്നും അത്തരത്തിലുള്ള പൊതുവായ കാഴ്ച്ചപ്പാടിന്റെ ഉറവിടത്തിനു കടപ്പെട്ടിരിക്കുന്നതു വചനത്തിൽ നിന്നും അതു അറിയുന്ന മനുഷ്യനോടു കൂടെ സ്വർഗ്ഗത്തിന്റെ സംയോഗത്തിന്റെ കാരണത്താലാണ്. ക്രിസ്തീയ ലോകത്തിൽ സാർവ്വലൗകീകമായി സ്വീകരിച്ചിടുള്ള ത്രിത്വത്തെ സമ്പന്ധിച്ചുള്ള

അത്തനേഷ്യൻ പ്രമാണത്തിന്റെ ഉപദേശത്തിൽ ഇതിന്റെ അന്ത്യത്തിൽ തുടർന്നു വരുന്ന വിളമ്പരം അതു ഇപ്രകാരമാണു:

> കർത്താവായ യേശുക്രിസ്തു നമ്മുടെ രക്ഷയ്ക്കു വേണ്ടി പാടു പീഠകൾ സഹിക്കയും മരിച്ചു അടക്കപ്പെട്ടു മൂന്നാം നാൾ സ്വർഗ്ഗാരോഹണം ചെയ്തു സർവശക്തനായ പിതാവിന്റെ വലത്തു ഭാഗത്തു ഇരിക്കയും അവിടെ നിന്നു മരിച്ചവരേയും ജീവിക്കുന്നവരേയും വിധിപ്പാൻ വരുമെന്നും നൻമ ചെയ്തവർ നിത്യജീവങ്കലേക്കും തിൻമ ചെയ്തവർ നിത്യാഗ്നിയിലേക്കും പ്രവേശിക്കും

**4.** ഏതെങ്കിലും നല്ല ജീവിതമോ അല്ലെങ്കിൽ സത്പ്രവൃത്തികളോ അല്ല കേവല വിശ്വാസമാണു രക്ഷിക്കുന്നതെന്നു പഠിപ്പിക്കുന്ന അനേക ക്രിസ്തീയസഭകൾ ഇനിയും ഉണ്ട്, തിൻമയുടെ ജീവിതമോ തിൻമ പ്രവൃത്തികളോ കേവല വിശ്വാസത്താൽ നീതികരിക്കപ്പെട്ടിരിക്കുന്നവരെ ന്യായം വിധിക്കുന്നില്ല എന്നു കൂടി അവർ പഠിപ്പിക്കുന്നു, അതിനു കാരണം അവർ ദൈവത്തിലും കൃപയിലും ആയിരിക്കുന്നതു കൊണ്ടാണു എന്നാണു. എന്നിട്ടും അവർ ഇത്തരത്തിലുള്ള ഉപദേശം പഠിപ്പിക്കുന്നു എന്നുവരികിലും, ദുഷ്ടരായി ജീവിക്കുന്നവരെ ന്യായം വിധിക്കുമെന്നും നൻമയായി ജിവിക്കുന്നവർ രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നുമുള്ള സ്വർഗ്ഗത്തിൽ നിന്നും ഉടലെടുത്തിട്ടുള്ള ഒരു പൊതുവായ കാഴ്ച്ചപ്പാടിനെ അവർ അംഗീകരിക്കുന്നു. ഇഗ്ലണ്ടിൽ നിന്നു മാത്രമല്ല ജർമ്മനി, സ്വീഡൻ, ഡെൻമാർക്ക് എന്നീ സ്ഥലങ്ങളിൽ നിന്നുള്ള ആളുകൾ തിരുവത്താഴ ത്തിനു സഭയിൽ കൂടി വരുമ്പോൾ പ്രബോധന വായനയിൽ നിന്നും ഇതവർ അംഗീകരിക്കുന്നുവെന്നതിനു തെളിവാണു.

**5** തിരുവത്താഴത്തിനു സമീപിക്കുന്ന ആളുകൾക്കു മുമ്പാകെ വായിക്കുന്ന പ്രബോധനം ഇപ്രകാരമാണ്: വിശുദ്ധ മേശയുടെ പങ്കിന് അർഹതയ്ക്കുള്ള വഴിയും മുഖാന്തരവും ഒന്നാമതായി കർത്താവിന്റെ കൽപനകളൂടെ അളവുകോലിനാൽ നിങ്ങളൂടെ സംഭാഷണങ്ങളേയും ജീവിതത്തേയും പരിശോധിക്കുക, ഇച്ഛയാലോ വാക്കിനാലോ പ്രവൃത്തിയാലോ നിങ്ങൾ എവിടെയെങ്കിലും അതിക്രമക്കാരായി കാണപ്പെട്ടാൽ നിങ്ങളൂടെ പാപപ്രകൃതത്തെ കുറിച്ചു പരിതപിക്കയും ജീവിതത്തിൽ മതിയായ തിരുത്തലുകൾ വരുത്തുന്നതിനുള്ള ഉദ്ദേശ്യത്തോടു കൂടി സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ നിങ്ങൾ ഏറ്റുപറയേണ്ടതാകുന്നു. നിങ്ങളുടെ അതിക്രമങ്ങൾ ദൈവത്തോടു മാത്രമല്ല പിന്നേയൊ നിങ്ങളുടെ അയൽക്കാരനോടും കൂടിയാണെങ്കിൽ അവരോടു നിരപ്പാകേണ്ടിയിരിക്കുന്നു മറ്റാർക്കെങ്കിലും ദോഷവും മുറിവും ചെയ്തിട്ടുണ്ടെങ്കിൽ പരമാവധി നിങ്ങളുടെ കഴിവിനനുസരിച്ച് പ്രായശ്ചിത്തം ചെയേണ്ടതും സമാധാനത്തിൽ ആകേണ്ടതുമാണ്. അപ്രകാരം തന്നെ ആരെങ്കിലും നിങ്ങളോട് അതിക്രമം ചെയ്തിട്ടുണ്ടെങ്കിൽ അവരോടു പൊറുക്കയും ചെയ്യേണ്ടതാകുന്നു. നിങ്ങളുടെ അതിക്രമങ്ങൾക്കുള്ള പൊറുതി ദൈവസമക്ഷത്തിൽ നിന്നുണ്ടാവണം അല്ലാത്ത പക്ഷം നിങ്ങളുടെ നാശം പെരുക്കേണ്ടതിനായി തിരുവത്താഴം

സ്വീകരിക്കുന്നു. നിങ്ങൾ ഒരു ദൈവദൂഷകനൊ, ദൈവവചനത്തിനു അപവാദം പരത്തുന്നവനോ, ലംഘകനോ, പകയുള്ളവനോ, അസൂയക്കാരനോ ആകുന്നുവെങ്കിൽ വിശുദ്ധമേശയെ സമീപിക്കരുത് അല്ലാത്തപക്ഷം തിരുകർമ്മങ്ങൾ കൈക്കൊള്ളുകായാൽ നിങ്ങളിൽ പിശാച് യൂദാസിൽ കടന്നതു പോലെ നിങ്ങളിൽ പ്രവേശിച്ചിട്ടു നിങ്ങളിൽ എല്ലാവിധ അതിക്രമങ്ങളാലും നിറച്ചിട്ടു നിങ്ങളുടെ ദേഹി യിലും ദേഹത്തിലും സർവമാന നാശവും കൊണ്ടു വരും.

**6.** (ലത്തീൻഭാഷയിൽ 6-ാംഘണ്ടികയിലുള്ളത് 5-ാംഘണ്ടികയിലെ പോലെ തുടർച്ചയായി ആവർത്തിച്ചിട്ടുള്ളതിനാൽ ഇത് ഒഴിവാക്കിയിരിക്കുന്നു)

**7.** ആത്മീയ ലോകത്തു വെച്ച് കേവലം വിശ്വാസം സത്യമാണെന്നു അംഗീകരിക്കയും പ്രസംഗിക്കയും ചെയ്തിരുന്ന ചില ആഗലേയ പുരോഹിതമാരോട് അവർ സഭയിൽ ഈ പ്രബോധനം വായിച്ചിരുന്നത് അവർ സത്യമെന്നു വിശ്വസിച്ചിരുന്നത് ശരിയൊ എന്നു ചോദിക്കുവാൻ എനിക്കവസരം ലഭിച്ചിരുന്നു. ഉദാഹരണത്തിനു ആളുകൾ തിന്മ ചെയ്യുകയും മാനാസാന്തരപ്പടാതിരിക്കയും ചെയ്യുന്നുവെങ്കിൽ യൂദാസ്സിൽ പിശാച് കടന്നതുപോലെ അവരിലും പ്രവേശിച്ചു അവരുടെ ദേഹിയേയും ദേഹത്തേയും ഒരുപോലെ നശിപ്പിക്കയില്ലയോ. അവർ പറഞ്ഞത് അവർ പ്രബോധനം വായിക്കുമ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ അവർക്കു അതു വേറൊരു അറിവോ അല്ലെങ്കിൽ മതമെന്നതിനേക്കാൾ മറ്റൊരു ചിന്തയായിട്ടല്ലാതെ അവർക്കുണ്ടാ യിരുന്നില്ല. എന്നാൽ അവരുടെ പ്രഭാഷണങ്ങളൊ പ്രസംഗങ്ങളൊ രചിക്കുമ്പോഴോ വിശദീകരിക്കുമ്പോഴൊ അവർക്കതിനെ കുറിച്ച് വിത്യസ്തമായൊരു ചിന്തയാണ് ഉണ്ടായിരുന്നത്, കാരണം വിശ്വാസം എന്നത് രക്ഷയ്ക്കുള്ള മുഴു ഉപാധിയും പൊതു ജീവിതത്തിനായുള്ള സാന്മാർഗ്ഗീക പങ്കാളിത്തവുമാണ് എന്നു മാത്രമാണ് അപ്പോൾ അവർ ചിന്തിച്ചിരുന്നത്. എന്നിരുന്നാലും നന്മയുടെ ജീവിതം നയിക്കുന്ന ഏതൊരുവനും രക്ഷിക്കപ്പെടുമെന്നുള്ളതായ ഒരു പൊതു ധാരണ അവർക്കുണ്ടായിരുന്നു എന്നു നിരാക്ഷേപമായി തെളിയിക്കപ്പെട്ടിരുന്നു, തിന്മയായ ജീവിതം നയിക്കുന്നവൻ നഷ്ടപ്പെട്ടിരിക്കുന്നു എന്നും, അതു അവർ സമ്മതിക്കുന്നത് അവർ എപ്പോഴെല്ലാം അവരുടെ അഹം ബോധത്തിൽ പ്രബലപ്പെടാതിരിക്കുമ്പോൾ മാത്രം.

**8** ജീവിതത്തിനു മതത്തിനോട് ബന്ധമുള്ളതിന്റെ കാരണം മരണാന ന്തരം ഒരുവനു അവന്റെ സ്വന്തം ജീവിതമാണുള്ളത്. നന്മയുടേയും തിന്മയുടേയും ജീവിതം പരസ്പരം എതിരായിരിക്കുന്നതു കൊണ്ടു നന്മയുടെ ജീവിതത്തിന് തിന്മയിലേക്കും തിന്മയുടെ ജീവിതത്തിനു നന്മയിലേക്കും പരിവർത്തനപ്പെടുവാൻ കഴിയുന്നതല്ല. ആയതിനാൽ ഭൂമിയിൽ ഒരുവനുണ്ടായിരുന്ന അതേ ജീവിതം തന്നെ മരണാന്തരവും നിലകൊള്ളുന്നു, അതു മാറ്റത്തിലൂടെ കടന്നു പോകുന്നില്ല. കാരണം

അവ വൈരുദ്ധ്യങ്ങളാണ്, വൈരുദ്ധ്യങ്ങൾ തമ്മിൽ ഒന്നായാൽ അവ അണഞ്ഞു പോകുന്നതാണ് നന്മയുടെ ജീവിതത്തിനു ജീവനെന്നും തിന്മയുടെ ജീവിതത്തിനെ മരണമെന്നും വിളിക്കുന്നു. മതത്തിനു ജീവിതത്തോടു ബന്ധമുള്ളതാകയാൽ മതജീവിതം നന്മ ചെയ്യുവാനുള്ളതാണ്. സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ അതിന്റെ 470–484 വരെ മരണാനന്തരം മനുഷ്യന്റെ ലോകത്തിൽ ആയിരുന്നതു പോലെ തന്നെയാണെന്നതു കാണാൻ കഴിയുന്നതാണ്.

## II

**നന്മയെന്ന യഥാർത്ഥ നന്മ ഒരുവനു അവനിൽ നിന്നു തന്നെ ചെയ്യുവാൻ കഴിയുകയില്ല.**

**9.** നന്മയ്ക്ക് സാർവത്രീക സ്നേഹത്തോട് ബന്ധമുണ്ട്. സാർവത്രീക സ്നേഹത്തിൽ നിന്നു വിശ്വാസത്തെ സഭ വേർപെടുത്തിയിട്ടുള്ളതിനാൽ ദൈവത്തിൽ നിന്നാണോ അതൊ അവനിൽ നിന്നു തന്നെയാണോ നന്മ ഒരുവൻ ചെയ്യുന്ന് എന്നത് ഇന്നാളിൽ ഏതൊരുവ്നും വളരെ വിരളമായി മാത്രം അറിയുന്നുള്ളു. ഒരു മനുഷ്യൻ പള്ളികൾക്കും ആതുരാലയങ്ങൾക്കും, സംഭാവന നൽകുകയും അവന്റെ രാജ്യത്തിനും സഹപൗരന്മാർക്കും സഭയുടെ ക്ഷേമോന്നമനത്തിനും പ്രവൃത്തിക്കയും ദരിദ്രർക്കു അവനുള്ളതു കൊടുക്കയും ആവശ്യക്കാരെ ആശ്വസിപ്പിക്കയും ചെയ്യുന്ന ഒരു മനുഷ്യൻ രക്ഷയെ കുറിച്ചു വിചാരിക്കയും ഭക്തി പുസ്തകങ്ങളും വചനവു വായിക്കയും ആരാധനകളിൽ പങ്കെടുക്കയും അവിടെയുള്ള പ്രബോധനങ്ങൾ ഭക്തിയോടെ കേൾക്കയും പ്രാർത്ഥിക്കയും ചെയ്തിരുന്നാലും അവൻ ചെയ്യുന്ന നന്മ ദൈവത്തിൽ നിന്നാണൊ അതൊ അവനിൽ നിന്നാണൊ അവൻ ചെയ്യുന്നതെന്നു ഇനിയും അവന് ബോധ്യമല്ലാതിരിക്കുന്നു. അവൻ ആ നന്മകൾ ദൈവത്തിൽ നിന്നൊ അതൊ അവനിൽ നിന്നു തന്നെ ചെയ്തേക്കാം. അവൻ ദൈവത്തിൽ നിന്നാണൂ നന്മകൾ ചെയ്യുന്നതെങ്കിൽ നന്മയും അവനിൽ നിന്നാണു ചെയ്യുന്നതെങ്കിൽ തിന്മയുമാണു ചെയ്യുന്നതു. ആത്യന്തീകമായിരിക്കുന്ന അത്തരത്തിലുള്ള കപട നന്മകൾ അതുമാതിരി സ്വയത്തിൽ നിന്നും ചെയ്യുന്ന നന്മകൾ അവിടെയുണ്ടെന്നുള്ളതാണ് വാസ്തവം, അവയുടെ ഉദ്ദ്യേശം വഞ്ചനയും ചതിയുമാണ്.

**10** ദൈവത്തിൽ നിന്നും സ്വയത്തിൽ നിന്നും ഉള്ള നന്മകളെ സ്വർണ്ണവുമായി താരതമ്യം ചെയാവുന്നതാണ്. സ്വർണ്ണം അതിന്റെ അന്തർതലത്തിൽ നിന്നു തന്നെ സ്വർണ്ണമാണ്. അതിനെ പരിശുദ്ധ സ്വർണ്ണം എന്നു വിളിക്കുന്നു. വെള്ളിയുമായി മിശ്രിതപ്പെടുത്തിയിട്ടുള്ള സ്വർണ്ണം അതിന്റെ മിശ്രിതമനുസരിച്ചു നല്ല സ്വർണ്ണമാണ്. ചെമ്പുമായി കർത്തിയിട്ടൂള്ള സ്വർണ്ണം കുറച്ചു നല്ലതാണ്, സ്വർണ്ണം പോലെ സ്വർണ്ണത്തിന്റെ വർണ്ണത്തിലുള്ള ക്രിത്രിമ സ്വർണ്ണവുമുണ്ട്. അതു നല്ലതല്ല. സ്വർണ്ണം കൊണ്ട് വെള്ളിയേയും ചെമ്പിനേയും, നാകത്തേയും,

ഇരുമ്പി നേയും, മരത്തേയും കല്ലിനേയും പൊതിഞ്ഞു സ്വർണ്ണത്തേ പോലെ കാണപ്പെട്ടേക്കാം. എന്നാൽ അവ സ്വർണ്ണമല്ല പോലും. അതിൽ നിന്നു ചുരണ്ടി മാറ്റിയിട്ടുള്ള സ്വർണ്ണത്തിന്റെ മൂല്യത്തിനനുസരിച്ച് അവ ചിലമതിച്ചേക്കാം, മാത്രവുമല്ല അവയുടെ കൈവേലകൾക്കനുസരിച്ചും അവവിലമാതിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനിൽ നിന്നും വസ്ത്രം വിത്യാസ പ്പെട്ടിരിക്കുന്നതുപോലെ യഥാർത്ഥ സ്വർണ്ണം അതിലെ വൈശിഷ്ട്യ ത്തിൽ നിന്നു മറ്റു സാംഗ്രികളുടെ കൈവേലകൾക്കനുസരിച്ചു മൂല്യം വിത്യാസപ്പെട്ടിരിക്കുന്നു. ചീഞ്ഞളിഞ്ഞ മരത്തിന്മേലോ നിഷ്പ്രയോചന വസ്തുക്കൾ മേലൊ ചാണകത്തിന്മേലോ സ്വർണ്ണം പൊതിഞ്ഞാൽ അത്തരത്തിലുള്ള സ്വർണ്ണത്തെ കാപടൃപരമായ നന്മയായി താരതമ്യം ചെയ്യാനാവുന്നതാണ്.

**11.** സ്വർണ്ണം അതിന്റെ പ്രകൃതിയിൽ നല്ലതാണോ അതൊ ചിത്തയാണോ എന്നത് ശസ്ത്രീയമായ നിരീക്ഷണത്തിൽ വിലയിരുത്താം. എന്നാൽ ഒരുവൻ ചെയ്യുന്ന നന്മ നല്ലതാണോ അതൊ ചീത്തയാണോ എന്നത് ശാസ്ത്രീയ നിരിക്ഷണത്തിൽ നിന്നു അറിയാൻ കഴിയുകയില്ല. ദൈവത്തിൽ നിന്നുള്ള നന്മ നല്ലതാണെന്നും മനുഷ്യനിൽ നിന്നുള്ള നന്മ നല്ലതല്ലെന്നും മാത്രമാണ് അവനറിവുള്ളത്. അവൻ ചെയ്യുന്ന നന്മ ദൈവത്തിൽ നിന്നാണൊ അല്ലെങ്കിൽ ദൈവത്തിൽ നിന്നല്ല എന്നറിയേ ണ്ടത് അവന്റെ രക്ഷയ്ക്ക് മുഖ്യമായിരിക്കുന്നതു കൊണ്ട് ഈ കാര്യം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. എന്നാൽ വെളിപ്പെടുത്തുന്നതിനു മുമ്പായി നന്മയുടെ തരാതരങ്ങളെ കുറിച്ച് ചിലത് പറയുന്നതായിരിക്കും.

**12** പൗരനന്മ, സന്മാർഗ്ഗീക നന്മ, ആത്മീക നന്മ എന്നിങ്ങനെയുള്ള നന്മകൾ ഉണ്ടു. പ്രാകൃതിക ലോകത്തിലെ നാഗരീക നിയമത്തിൽ അധിഷ്ഠിതമായി ഒരുവൻ ചെയ്യുന്ന നന്മയാണ് പൗരനന്മ, സാന്മാർഗ്ഗീകം എന്നത് യൗക്തീക നിയമമനുസരിച്ചു ഒരുവൻ ചെയ്യുന്ന നന്മയാണ് സന്മാർഗ്ഗീക നന്മയെന്നതും അതു മുഖാന്തരവും ഈ നന്മയ്ക്കനുസരിച്ചു അവൻ ഒരു സാന്മാർഗ്ഗീകനും ആയ മനുഷ്യനാണ്. ഒരു മനുഷ്യൻ ആത്മീക നിയമങ്ങളിൽ നിന്നും ചെയ്യുന്ന നന്മകളാണ് ആത്മീക നന്മകൾ എന്നത്, അതുമുഖാന്തരവും ആ നന്മയ്ക്കനുസരിച്ചും അവൻ ആത്മിക ലോകത്തെ പൗരനുമാണ്. ഈ നന്മകൾ ഫലവത്താവുന്നത് താഴെ തുടർന്നു വരുന്നതായ ക്രമത്തിലാണ് :ആത്മീക നന്മ ഉന്നതവും സാന്മാർഗ്ഗീക നന്മ മധ്യവും, നാഗരിക നന്മ അവസാനത്തേതും ആണ്.

**13** ആത്മീക നന്മ കൈയാളുന്ന ഒരു മനുഷ്യൻ സാന്മാർഗ്ഗീകനും നാഗരീക മനുഷ്യനും ആയിരിക്കും. ആത്മീക നന്മ കൈയാളാത്തവൻ ഒരു പക്ഷെ സാന്മാർഗ്ഗീകനും നാഗരീകനും ആയിരുന്നേക്കാം എന്നാൽ അങ്ങനെ അല്ലാത്തവനും ആകാം. ആത്മീക നന്മ കൈയാളുന്നവൻ സാന്മാർഗ്ഗീകനും നാഗരീകനും ആയിരിക്കുന്നതിനു കാരണം ആത്മീക നന്മയ്ക്കു അതിൽ തന്നെ അതിന്റേതായ ഗുണം ഉണ്ട്, ആയതു കൊണ്ട്

സാന്മാർഗ്ഗീക നന്മയ്ക്കും നാഗരീകനന്മയ്ക്കും ഈ ഗുണം ഉണ്ട്. നന്മയായിരിക്കുന്നവനു അതിനേക്കാളേറെ വേറൊരു ഉറവിടത്തിൽ നിന്നും നന്മയുടെ ഗുണം ഉണ്ടാകുവാനാവില്ല. എല്ലാ കാഴ്ചപ്പാടുകളിൽ നിന്നും കാര്യങ്ങളെ ചിന്തിക്കുക, നന്മയാകുന്ന നന്മയെന്തെന്നത് അതിൽ നിന്നു കണ്ടെത്താം. അത് അങ്ങനെ യായിരിക്കുന്നത് ആന്തരീക ഉണ്മയിൽ നിന്നും അഥവാ സാരാംശത്തിൽ അതിനുള്ളിൽ തന്നെയുള്ള നന്മ അതാണെന്നും നിങ്ങൾ കാണും. തദ്ഫലമായി നന്മയിൽ നിന്ന് തന്നെ ഉള്ളതായ നന്മയാണതെന്നും നിങ്ങൾ കാണും. അപ്രകാരം ദൈവതിൽ നിന്നും ആയതു കൊണ്ട് ദൈവത്തിൽ നിന്നല്ലാത്ത നന്മ അതായത് മനുഷ്യനിൽ നിന്നുള്ള നന്മ നന്മയല്ല.

**14** തിരുവെഴുത്തുകളുടെ ഉപദേശത്തിൽ നിന്നും (27-28, 38) എന്താണ് ഉന്നതമെന്നും എന്താണ് മധ്യമം എന്നും എന്താണ് അന്ത്യമെന്നും കഴിയുന്നതാണ്, ഫലവും കാരണവും ലക്ഷ്യവും ഒന്നാക്കി തീർക്കുന്നു അതിന്റെ കാരണം അവയെ ഒന്നാക്കി തീർക്കുന്ന പരിസമാപ്തിയെ പ്രഥമ ലക്ഷ്യത്തേയും കാരണം മധ്യമ ലക്ഷ്യത്തേയും ഫലത്തെ അന്ത്യ ലക്ഷ്യത്തേയുമാണ്. ആത്മീക നന്മ കൈയാളുന്ന ഒരു മനുഷ്യന്റെ കാര്യത്തിലും ഇതു സിവിദിതമായിരിക്കണം, അവനിൽ സാന്മാർഗ്ഗികം എന്നത് മധ്യമ ആത്മികവും നാഗരീകം എന്നത് ആത്യന്തിക ആത്മീകവും ആണ്. ഈ കാരാണം കൊണ്ടാണ് ആത്മീക നന്മ കൈയാളുന്ന ഒരു മനുഷ്യനെ സാന്മാർഗ്ഗികനേന്നും നാഗരീകനെന്നും പറയപ്പെട്ടിരിക്കുന്നത് ആത്മീക നന്മ കൈയാളാത്തവനെ സാന്മാർഗ്ഗികനെന്നോ അല്ലെങ്കിൽ നാഗരീകനെന്നോ വിളിക്കപ്പെടുന്നില്ല എന്നാൽ അവൻ തനിക്കും മറ്റുള്ള വർക്ക് അങ്ങനെ പ്രത്യക്ഷപ്പെട്ടേക്കാം.

**15** ആത്മീയനല്ലാത്ത ഒരു മനുഷ്യൻ യുക്തി സഹജമായ അതിന്റെ വിചാരത്തിൽ ആത്മീയനെ പോലെ ചിന്തിച്ചിരുന്നാലും സത്യം ആയിരിക്കുന്ന സ്വർഗ്ഗത്തിന്റെ വെളിച്ചത്തിലേക്കും അതിൽ നിന്നു കാണുന്നതിനും, സ്നേഹമാകുന്ന സ്വർഗ്ഗീയ താപത്തിലേക്കും ആ താപത്തിൽ നിന്നും പ്രവൃത്തിക്കുന്നതിനും ആത്മീയ മനുഷ്യന്റെ അവബോധം ഉയർത്താനും സ്നേഹമാകുന്ന സ്വർഗ്ഗത്തിന്റെ താപത്തിലേക്കും, ആ താപത്തിൽ പ്രവൃത്തിക്കുന്നതിനും ഒരു ആത്മീയനു കഴിയുന്നതു പോലെ ആത്മീയനല്ലാത്ത ഒരുവന്റെ ഇച്ഛയെ ഒരു ആത്മീയനെ പോലെ ഉയർത്താനാവാത്തതാണ് ഇതിനു കാരണം. ഈ കാരണത്താലാണ് ഒരുവൻ ആത്മീയനാകാത്ത പക്ഷം ആ മനുഷ്യനിൽ സ്നേഹവും സത്യവും ഒന്നായി തീരുന്നില്ല. മനുഷ്യനും മൃഗവും തമ്മിൽ വിത്യാസം ഉണ്ടാക്കുന്നത് മനുഷ്യൻ സംസാരിക്കുന്ന കാരണം കൊണ്ടാണ്. അവബോധത്തിന്റെ ഈ കാര്യസിദ്ധിയി ലൂടെയാണ് സ്വഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നത് (എന്നിരുന്നാലും ഇച്ഛയെ അല്ല താനും) അതായത് ആത്മീയനാവാനും നവീകരിക്ക പ്പെടുവാനും ഒരു മനുഷ്യനു സാദ്ധ്യമാണ്. എന്നാൽ അവന്റെ ഇച്ഛയെ

ഉയർത്തുന്നതു വരെ ആത്മീകനാകുവാനും നവീകരിക്കപ്പെടുവാനും അവൻ ആരംഭിക്കുന്നില്ല. അങ്ങനെ സംഭവിക്കുന്നത് ഇച്ഛയുടെ മേലുള്ള അവബോധത്തിന്റെ അത്യുത്തമമായ വരദാനത്തിൽ നിന്നും ഒരു മനുഷ്യൻ അവന്റെ സ്വഭാവം എന്തുമാകട്ടെ തിന്മയാണെങ്കിൽ പോലും അപ്രകാരം അവൻ ആത്മീകനായിരിക്കുന്നുവെങ്കിൽ എന്നപോലെ അതുകൊണ്ടു യുക്തിപപൂർവ്വം സംസാരിക്കുന്നതിനും സാധിക്കുന്നത്, എന്നിട്ടും അതിനു പകരം അവബോധം ഇച്ഛയെ നയിക്കാത്തതിനാൽ അവൻ യുക്തി സഹജനാകുന്നില്ല. എന്നാൽ ഇച്ഛ അവബോധത്തെ നയിക്കുന്നു. തിരുവെഴുത്തിനെ സംമ്പന്ധിച്ചുള്ള ഉപദേശത്തിൽ 115 – ൽ പറഞ്ഞിട്ടുള്ള പ്രകാരം അവബോധം വ്യക്തമായി പഠിപ്പിക്കയും വഴി കാണിക്കയും ചെയ്യുന്നു. അവബോധത്തോടു കൂടെ ഇച്ഛ സ്വർഗ്ഗത്തിൽ ആയിരിക്കാത്തിടത്തോളം മനുഷ്യൻ ആത്മീകനും യുക്തിസഹജനുമല്ല, അവൻ അവന്റെ സ്വന്തം യുക്തിക്കും സ്നേഹത്തിനും തിരിയുമ്പോൾ ദൈവത്തേയും സ്വർഗ്ഗത്തേയും നിത്യജീവനേയും ആദരിക്കുന്ന എല്ലാ യുക്തി സംഗതികളേയും അവൻ എറിഞ്ഞുടയ്ക്കുന്നു. അവന്റെ സ്വന്തം ഇച്ഛയുടെ സ്നേഹത്തോട് ഉഭയസമ്മതത്തിൽ ആവുകയും അത്തരം കാര്യങ്ങൾ സ്വയത്തമാക്കിയിട്ട് അവയെ അവൻ യുക്തിസഹജത എന്നു വിളിക്കുന്നു. എന്നാൽ ഈ കാര്യങ്ങളെ ദൂതജ്ഞാനത്തിന്മേലുള്ള പ്രബന്ധത്തിൽ സ്പഷ്ടമാക്കുന്നതായിരിക്കും.

**16** തുടർന്നു വരുന്ന താളുകളിൽ, നന്മയായത് ആരു അവരിൽ നിന്നു ചെയ്യുന്നുവോ അവരെ പ്രാകൃതിക മനുഷ്യർ എന്നു വിളിക്കുന്നു. കാരണം അവരോടൊപ്പമുള്ള സാന്മാർഗ്ഗീകതയും നാഗരീകതയും അതിന്റെ സാരാംശത്തിൽ പ്രാകൃതികമാണ്. കർത്താവിൽ നിന്നുള്ള നന്മ ചെയ്യുന്നവരെ ആത്മീയ മനുഷ്യർ എന്നു വിളിക്കുന്നു, കാരണം അവരോടൊപ്പമുള്ള സാന്മാർഗ്ഗീകതയും നാഗരികതയും അതിന്റെ സാരംശത്തിൽ ആത്മീയമാണ്.

**17** യഥാർത്ഥമായ ഏതൊരു നന്മയും ഒരാൾക്കും അവനിൽ നിനു ചെയ്യനാവില്ല എന്നു കർത്താവിനാൽ യോഹന്നാനിൽ പഠിപ്പിച്ചിരിക്കുന്നു.

> സ്വർഗ്ഗത്തിൽനിന്നു കൊടുത്തിട്ടല്ലാതെ മനുഷ്യനു ഒന്നും ലഭിക്കുവാൻ കഴിയുകയില്ല യോഹ 3:27
>
> ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നെങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിയുകയില്ല. യോഹ 15:15

ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും എന്നർത്ഥമാക്കുന്നത് കർത്താവിൽ നിന്നാണ് എല്ല നന്മകളും വരുന്നത് എന്നാണ്. ഫലം നന്മയെ കുറിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിയുകയില്ല് എന്നർത്ഥ മാക്കുന്നത് ഒരു മനുഷ്യനും അവനിൽ നിന്നു യാതൊന്നും ചെയ്യുവൻ കഴിയുകയില്ല എന്നാണ്. കർത്താവിൽ വിശ്വസിക്കുന്ന വരേയും അവനിൽ നിന്നുള്ള നന്മകളെ ചെയ്യുന്നവരെ ഇപ്രകാരം വിളിക്കുന്നു.:

വെളിച്ചത്തിന്റെ മക്കൾ ലൂക്കോ 12:36, 16:8
മണവാളന്റെ തോഴന്മാർ മർക്കോ 2:19
ദൈവപുത്രന്മാർ ലൂക്കോ 20:36
പുനരുദ്ധാനത്തിന്റെ പുത്രന്മാർ ലൂക്കോ 20:36, യോഹ 1:12, 13

പിന്നേയും ഇങ്ങനെ പറഞ്ഞിരിക്കുന്നു;

അവർ ദൈവത്തെ കണും മത്താ 5:8
അവരോടൊപ്പം കർത്താവ് അവന്റെ കൂടാരം അടിക്കും. യോഹ 14:23
അവർക്കു ദൈവത്തിന്റെ വിശ്വാസം ഉണ്ട്. മർക്കോ 11:22
അവരു പ്രവൃത്തികൾ ദൈവത്തിൽ നിന്നും ചെയ്യുന്നു. യോഹ 3:21

ഈ കാര്യങ്ങൾ വചനത്തിൽ സംക്ഷിപ്പെടുത്തിയിരിക്കുന്നു.

അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഢത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല. ദൈവത്തിൽ നിന്നത്രെ ജനിച്ചത്. യോഹ 1:12, 13

ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുക എന്നത് വചനത്തിൽ വിശ്വസിക്കയും അതിനനുസരിച്ച് ജീവിക്കയും ചെയ്യുക എന്നാണ്. ജഢത്തിന്റെ ഇഷ്ടം എന്നത് മനുഷ്യന്റെ ഇഛയുടെ അവബോധം അതിൽതന്നെ തിന്മയാണ്, പുരുഷന്റെ ഇഷ്ടം എന്നത് അവന്റെ അവബോധത്തിന്റെ അഹംബോധം എന്നും അതിൻൽ തന്നെ തിന്മയിൽ നിന്നുള്ള വ്യാജതയാണ്. അവരുടെ അഹംബോധത്തിൽ നിന്നു ഇച്ഛിക്കയും പ്രവൃത്തിക്കയും ചിന്തിക്കയും സംസാരിക്കയും ഈ കാര്യങ്ങാളാലാണ് അവർ ജനിച്ചിരിക്കുന്നത്. അവർ അങ്ങനെ ആയിരിക്കെ ദൈവത്തിൽ ജനിച്ചവർ ഈ കാര്യങ്ങൾ കാർത്താവിങ്കൽ നിന്നും പ്രവൃത്തിക്കുന്നു. ചുരുക്കത്തിൽ മനുഷ്യനിൽ നിന്നുള്ളത് നന്മയല്ല പിന്നെയോ കർത്താവിങ്കൽ നിന്നുള്ളതാണ് നന്മ.

## III

**ഒരുമനുഷ്യൻ എത്രത്തോളം തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നുവോ അത്രത്തോളം അവനിൽ നിന്നു തന്നെയല്ലാത്ത നന്മകളെ കത്താവിങ്കൽ നിന്നു ചെയ്യുന്നു.**

**18** തിന്മകൾ മനുഷ്യനിലേക്ക് കർത്താവിന്റെ പ്രവേശനത്തെ തടയുന്നു എന്നത് ആർക്കാണ് അല്ലെങ്കിൽ ആരാണ് അറിയാത്തത്. കാരണം തിന്മ നരകവും കർത്താവു സ്വർഗ്ഗവുമാണ്, മാത്രവുമല്ല സ്വർഗ്ഗവും നരകവും വൈരുദ്ധ്യങ്ങളാണ്. എത്രത്തോളം ഒന്നിൽ ഒരുവൻ ആയിരിക്കുന്നുവൊ അത്രത്തോളം മറ്റൊന്നിൽ അവൻ ആയിരിക്കാ നാവില്ല. ഒന്നു മറ്റൊന്നിനെതിരായി പ്രവൃത്തിക്കയും നശിപ്പിക്കയും ചെയ്യുന്നു.

**19** മനുഷ്യൻ ലോകത്തിൽ ആയിരിക്കുമ്പോൾ അവൻ സ്വർഗ്ഗത്തിനു നരകത്തിനു ഇടയിൽ ആയിരിക്കുന്നു. താഴെ നരകവും മേലെ സ്വർഗ്ഗവും, നരകത്തിലേക്കൊ സ്വർഗ്ഗത്തിലേക്കൊ അവൻ സ്വയം തിരിയേണ്ട തിനായി അവനെ സ്വാതന്ത്ര്യത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. നരകത്തിലേക്കു അവൻ തിരിയുമ്പോൾ അവൻ സ്വർഗ്ഗത്തിൽ നിന്നും പിന്തിരിയുന്നു എന്നാൽ അവൻ നരകത്തിൽ നിന്നും തിരിയുമ്പോൾ സ്വർഗ്ഗത്തിലേക്കു പിന്തിരിയുന്നു അഥവ മനുഷ്യൻ ലോകത്തിൽ ആയിരിക്കെ കർത്താവിനും പിശാചാകുന്ന നരകത്തിനും ഇടയിൽ മധ്യത്തിലാണ്. കർത്താവിലേക്കൊ പിശാചിലേക്കൊ തിരിയേണ്ടതി നായി അവനെ അവന്റെ സ്വാതന്ത്ര്യത്തിൽ സൂക്ഷിച്ചിരിക്കുന്നു. പിശാചിലേക്കു അവനെ തന്നെ അവൻ തിരിക്കുമ്പോൾ കർത്താവിങ്കൽ നിന്നു അവൻ അകലുന്നു, കർത്താവിലേക്കു അവൻ തന്നെ അവനെ തിരിക്കുമ്പോൾ പിശാചിൽ നിന്നു അവൻ അകലുന്നു. അഥവാ അതേ മാതിരി തന്നെയാണ് അവൻ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ നന്മയ്ക്കും തിന്മയ്ക്കും ഇടയിൽ ആകുന്നു. നന്മയ്ക്കും തിന്മയ്ക്കും ഇടയിലുള്ള തിരഞ്ഞെടുപ്പിൽ അവനെ സൂക്ഷിച്ചിരിക്കുന്നു. എന്തിലേക്കു അവൻ സ്വയം തിരിയുന്നുവോ അത് അവനു സ്വന്തവും ആകുന്നു.

**20** മനുഷ്യൻ നർകത്തിലേക്കൊ സ്വർഗ്ഗത്തിലേക്കൊ സ്വയം അവൻ തിരിയേണ്ടതിനായി അവനെ സ്വാതന്ത്ര്യത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ഏതൊരു മനുഷ്യനും അവന്റെ സ്വാതന്ത്ര്യം അവനിൽ നിന്നല്ല പിന്നെയോ ആ സ്വാതന്ത്ര്യം അവനുള്ളത് കർത്താവിങ്കൽ നിന്നാണ്. ആയതുകൊണ്ടു അവനെ അതിൽ സുക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിനും നരകത്തിനും ഇടയിലെ സമതുലിതാവസ്ഥയെ സംബന്ധിച്ചും അവൻ ഈ അവസ്ഥയിൽ സ്വതന്ത്ര്യത്തിലും ആണ് എന്നത് സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിലെ 589- 596 -ലും 597-603-ലും നോക്കി കാണുക. എല്ലാ മനുഷ്യരും ആ സ്വാതന്ത്ര്യത്തിൽ സുക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതും ആ സ്വതന്ത്ര്യം അവനിൽ നിന്നു എടുത്തു മാറ്റുന്നില്ല എന്നതും അവിടെ അതിന്റെ ഉചിതമായ സ്ഥാനത്തു കാണുന്നതായിരിക്കും.

**21** ഈ പരിഗണനകളിൽ നിന്നും വ്യക്തമായി വെളിപ്പെടുത്തുന്നതു ഒരു മനുഷ്യൻ എത്രാത്തോളം തിൻമയെ വർജ്ജിക്കുന്നുവോ അത്രത്തോളം അവൻ കർത്താവിന്റെ കൂടേയും കർത്താവിലും, കർത്താവിൽ എത്രത്തോളമവൻ ആയിരിക്കുന്നുവോ അത്രത്തോളം അവൻ നൻമയും ചെയ്യുന്നു, അതു അവനിൽ നിന്നല്ല പിന്നേയോ കർത്താവിങ്കൽ നിന്നാണൂ. ആകയാൽ ഈ പൊതു സിദ്ധാന്തത്തിന്റെ ഫലം ആരെങ്കിലും തിൻമകളെ എത്രത്തോളം വർജ്ജിക്കുന്നുവോ അത്രത്തോളം നൻമയായതു ചെയ്യുന്നു,

ഏതെങ്കിലും നല്ല ജീവിതമോ അല്ലെങ്കിൽ സത്പ്രവൃത്തികളോ അല്ല കേവല വിശ്വാസമാണു രക്ഷിക്കുന്നതെന്നു പഠിപ്പിക്കുന്ന അനേക ക്രിസ്തീ

യസഭകൾ ഇനിയും ഉണ്ട്, തിൻമയുടെ ജീവിതമോ തിൻമ പ്രവൃത്തികളോ കേവല വിശ്വാസത്താൽ നീതികരിക്കപ്പെട്ടിരിക്കുന്നവരെ ന്യായം വിധിക്കുന്നില്ല എന്നു കൂടി അവർ പഠിപ്പിക്കുന്നു, അതിനു കാരണം അവർ ദൈവത്തിലും കൃപയിലും ആയിരിക്കുന്നതു കൊണ്ടാണു എന്നാണു. എന്നിട്ടും അവർ ഇത്തരത്തിലുള്ള ഉപദേശം പഠിപ്പിക്കുന്നു എന്നുവരികിലും, ദുഷ്ടരായി ജീവിക്കുന്നവരെ ന്യായം വിധിക്കുമെന്നും നൻമയായി ജിവിക്കുന്നവർ രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നുമുള്ള സ്വർഗ്ഗത്തിൽ നിന്നും ഉടലെടുത്തിട്ടുള്ള ഒരു പൊതുവായ കാഴ്ച്ചപ്പാടിനെ അവർ അംഗീകരിക്കുന്നു. ഇഗ്ലണ്ടിൽ നിന്നു മാത്രമല്ല ജർമ്മനി, സ്വീഡൻ, ഡെൻമാർക്ക് എന്നീ സ്ഥലങ്ങളിൽ നിന്നുള്ള ആളുകൾ തിരുവത്താഴ ത്തിനു സഭയിൽ കൂടി വരുമ്പോൾ പ്രബോധന വായനയിൽ നിന്നും ഇതവർ അംഗീകരിക്കുന്നുവെന്നതിനു തെളിവാണു.

ഈ പ്രസ്താവനകളിൽ നിന്നും വ്യക്തമായി വെളിപ്പെടുത്തുന്നതു ഒരു മനുഷ്യൻ എത്രാത്തോളം തിൻമയെ വർജ്ജിക്കുന്നുവോ അത്രത്തോളം അവൻ കർത്താവിന്റെ കൂടേയും കർത്താവിലും, കർത്താവിൽ എത്രത്തോളമവൻ ആയിരിക്കുന്നുവോ അത്രത്തോളം അവൻ നൻമയും ചെയ്യുന്നു, അതു അവനിൽ നിന്നല്ല പിന്നേയോ കർത്താവിങ്കൽ നിന്നാണു. ആകയാൽ ഈ പൊതു സിദ്ധാന്തത്തിന്റെ ഫലം ആരെങ്കിലും തിൻമകളെ എത്രത്തോളം വർജ്ജിക്കുന്നുവോ അത്രത്തോളം നൻമയായതു ചെയ്യുന്നു,

**22**. എന്നിരുന്നാലും ഇവ രണ്ടു കാര്യങ്ങളെ ആവശ്യപ്പെടുന്നു; ഒന്നാമത്തത് പാപങ്ങൾ അധമവും പൈശാചികവുമായിരിക്കുന്നതു കൊണ്ടു ഒരു മനുഷ്യൻ തിൻമകളെ വർജ്ജിക്കേണ്ടിയിരിക്കുന്നു, അവയുടെ അനന്തരഫലം അവ ദിവ്യ പ്രമാണങ്ങൾക്കു വിരുദ്ധവും കർത്താവിനു എതിരുമാകുന്നു. രണ്ടാമത്തേത് ഒരു മനുഷ്യൻ അവനിൽ നിന്നുതന്നെ പാപങ്ങളായി തിൻമകളെ വർജ്ജിക്കേണ്ടിയിരിക്കുന്നു എന്നാൽ അതു കർത്താവിങ്കൽ നിന്നു ചെയ്യുന്നു എന്നു വിശ്വസിക്കയും അറിയുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ ഈ രണ്ടു ആവശ്യങ്ങളെ തുടർന്നു വരുന്നതായ ലേഖനങ്ങളിൽ പ്രസ്താവിക്കുന്നതായിരിക്കും.

**23.** പറഞ്ഞിട്ടുള്ളതിൽ നിന്നും ഈ മൂന്നു അനന്തര ഫലങ്ങൾ പിന്തുടരുന്നു:

1. തിൻമകളെ പാപങ്ങളായി വർജ്ജിക്കുന്നതിനു മുൻപ് അവൻ ഇച്ഛിക്കുകയും ചെയ്യുകയും ചെയ്യുന്ന നൻമകൾ നൻമയല്ല.

2. തിൻമകളെ പപങ്ങളായി വർജ്ജിക്കാതെ ഭക്തി വിഷയങ്ങളെ ചിന്തിക്കയും സംസാരിക്കയും ചെയ്യുന്നുവെങ്കിൽ അത്തരം (അവൻ ചിന്തിക്കയും സംസാരിക്കയും) ഭക്തി കാര്യങ്ങൾ ഭക്തിയല്ലതാനും.

3. ഒരു മനുഷ്യനു അധികം അറിവും അധിക ജ്ഞാനവും ഉണ്ടെങ്കിലും അവൻ തിൻമകളെ പാപങ്ങളായി വർജ്ജിക്കുന്നില്ലെങ്കിൽ അവൻ ഒരിക്കൽ പോലും ജ്ഞാനിയുമല്ല.

**24.** തിൻമകളെ പാപങ്ങളായി വർജ്ജീക്കുന്നതിനു മുൻപ് അവൻ ഇച്ഛിക്കുകയും ചെയ്യുകയും ചെയ്യുന്ന നൻമകൾ നൻമയല്ല.

1. തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നതിന് മുമ്പ് ഒരുവൻ നന്മയായ ഒരു സംഗതി ചെയ്യുവാൻ ഇച്ഛിക്കുകയും പ്രവർത്തിക്കുകയും ചെയ്താലും അവൻ അപ്രകാരം ഇച്ഛിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് നന്മയായ കാര്യമല്ല. അതിന്റെ കാരണം എന്തെന്നാൽ, മുകളിൽ പ്രസ്താവിച്ചതുപോലെ, അതിനുമുമ്പ് അയാൾ കർത്താവിൽ അല്ലായിരുന്നു എന്നതാകുന്നു. ദൃഷ്ടാന്തമായി, അയാൾ ദരിദ്രർക്ക് കൊടുക്കുകയും, ആവശ്യക്കാർക്ക് സഹായം എത്തിച്ചു കൊടുക്കുകയും, സഭകൾക്കും, ആശുപത്രികൾക്ക് സഹായം എത്തിച്ചുകൊടുക്കുകയും, സഭകൾക്കും ആശുപത്രികൾക്കും ധനസഹായം നൽകുകയും, സഭയ്ക്കുവേണ്ടിയും. തന്റെ രാജ്യത്തിനുവേണ്ടിയും, സോദരരായ പൗരന്മാർക്കുവേണ്ടിയും നന്മകൾ ചെയ്യുകയും, സുവിശേഷം ഉപദേശിച്ച് ആത്മാക്കളെ മാനസാന്തരപ്പെടുത്തുകയും, നീതിന്യായം നടത്തുന്നതിൽ നീതിപാലിക്കുകയും. ജോലി കാര്യങ്ങളിലും പണമിടപാടുകളിലും ആത്മാർത്ഥത പാലിക്കുകയും, സത്യസന്ധതയുള്ളവനായിരിക്കുകയും ചെയ്താലും, അയാൾ പാപസംബന്ധമായി ചെറിയ തിന്മകൾ ചെയ്യുകയും, കാപട്യം കാണിക്കുകയും, വ്യഭിചാരം ചെയ്യുകയും, വിദ്വേഷം, ദൈവഭൂഷണം മുതലായ തിന്മകൾ ചെയ്യുകയും ആയാൽ, ആ സാഹചര്യങ്ങളിൽ അയാൾക്ക് നന്മകൾ ചെയ്യുവാൻ കഴിയുന്നതല്ല. കാരണം അയാളുടെ ഉള്ളിൽ തിന്മകളാണ് ഉള്ളത്. അയാൾ സ്വയമായിട്ടാണ് അതെല്ലാം ചെയ്യുന്നത്, അയാൾ ചെയ്യുന്നതൊന്നും കർത്താവിൽ നിന്നല്ല തന്മൂലം, അവൻ തന്നെയാണ് അതിലുള്ളത്, കർത്താവ് അല്ല. അയാളിലുള്ള ഏതൊരു സൽപ്രവൃത്തിയും അയാളിലെ തിന്മകൾ കൊണ്ട് മലിനമാക്കപ്പെട്ടുപോകുന്നു, അയാളും ലോകവും മാത്രമാണ് അയാളുടെ സമസ്തകാര്യങ്ങളും. എന്നാൽ ഒരു മനുഷ്യൻ തിന്മകളെ വർജ്ജിക്കുകയും തിന്മകളെ പാപം എന്ന് തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന സത്പ്രവൃത്തികൾ എല്ലാം ആന്തരികമായും നല്ലവ തന്നെ ആയിരിക്കും കർത്താവിൽ നിന്ന് നന്മ ചെയ്യുന്നവൻ, ദൈവത്താലാണ് പ്രവർത്തിക്കുന്നത്, ആകയാൽ പാപപ്രവൃത്തികളായ കളവ്, വ്യഭിചാരം, വിദ്വേഷം ദൈവദൂഷണം, മുതലായ തികളെല്ലാം പാപമെന്നറിഞ്ഞ് അയാൾക്ക് വർജ്ജിക്കുവാൻ കഴിയുന്നതാകുന്നു. യോഹ 3:19 – 21

**25.2** ഒരു മനുഷ്യൻ ഭക്തിയുള്ള കാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയും തിന്മകളെ പാപമായി വർജ്ജിക്കാതിരിക്കുകയും ചെയ്താൽ അയാൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായി ഭക്തിയുടെ

കാര്യങ്ങൾ യഥാർത്ഥത്തിൽ ഭക്തിയുള്ള കാര്യങ്ങൾ അല്ല. ഇതിന്റെ കാരണം എന്തെന്നാൽ അയാൾ കർത്താവിൽ അല്ല എന്നതാകുന്നു. ഉദാഹരണമായി, അയാൾ കൂടെകൂടെ ആരാധന സ്ഥലങ്ങൾ സന്ദർശിക്കുകയും, ഉപദേശ പ്രസംഗം ശ്രദ്ധയോടെ കേൾക്കുകയും, ഭക്തിയുടെ ഗ്രന്ഥങ്ങളും, തിരുവചനവും വായിക്കുകയും, അത്താഴ ശുശ്രൂഷയിൽ സംബന്ധിച്ച് പങ്കെടുക്കുകയും, ദിവസം തോറും പ്രാർത്ഥനകൾ സമർപ്പിക്കുകയും, അവൻ ദൈവത്തെക്കുറിച്ചും, രക്ഷയെക്കുറിച്ചും ധാരാളം ചിന്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, തീർച്ചയായും ചെറിയ ചെറിയ പാപങ്ങളാകുന്ന തിന്മകൾ, അതായത് കാപട്യം, വ്യഭിചാരം, വിദ്വേഷം, ദൈവദൂഷണം മുതലായവ ചെയ്യുകയും ആയാൽ, അയാൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സംഗതികൾ എല്ലാം ആന്തരികമായി ഭക്തിയില്ലാത്തവ ആയി മാത്രമേ കാണപ്പെടുകയുള്ളൂ കാരണമെന്തെന്നാൽ, തിന്മകളോടുകൂടിയ അയാൾ തന്നെയാണ് അവയിൽ എല്ലാം ഉണ്ടായിരിക്കുന്നത്. തീർച്ചയായും ഈ സംഗതി ആ സമയത്ത് അയാൾ അറിയുന്നില്ല തന്നെ, എന്നാൽ, ആ തിന്മയുടെ പ്രകൃതം അവിടെയുണ്ട്, അവനിൽ മറഞ്ഞുകിടക്കുകയാവും, എങ്ങനെയെന്നാൽ അശുദ്ധമായ വെള്ളം ഒഴുകുന്ന ഒരു ജലധാരപോലെയാണ് ആ മനുഷ്യൻ. അവന്റെ ഭക്തിയുടെ പ്രകടനങ്ങൾ എല്ലാം കേവലം ശീലം കൊണ്ടു ചെയ്യുന്ന പാരമ്പര്യ ആചാരങ്ങൾ മാത്രമാകുന്നു. അല്ലെങ്കിൽ അവയെല്ലാം സൽപേരിനും വേണ്ടി ചെയ്യുന്ന കർമ്മങ്ങൾ മാത്രമാണ്. അഥവാ കപടഭക്തിയുള്ള പ്രവൃത്തികൾ മാത്രമാണ്. അവ ആകാശത്തേക്ക് ആരോഹണം ചെയ്യുകയും, വായുവിലുള്ള പുകപോലെ തിരിഞ്ഞ് താഴേക്ക് നിപതിക്കുകയുമാണ് ചെയ്യുന്നത്.

**26.** മരണാനന്തരം അനേകർ എന്നോട് സംസാരിക്കുകയും അവരെ ഞാൻ ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യുന്നതിന് എനിക്ക് അനുവാദം ലഭിച്ചിരുന്നു. മുകളിൽ നമ്പർ 24,25 ഖണ്ഡികകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, അവർ അവരുടെ ലോകജീവിതകാലത്തു ചെയ്ത സൽപ്രവൃത്തികളെക്കുറിച്ചും ഭക്തിയുടെ കർമ്മങ്ങളെക്കുറിച്ചും അഭിമാനത്തോടെ അനുസ്മരിച്ചു കൊണ്ടിരുന്നു. വിളക്കുകൾ ഉണ്ടെങ്കിലും എണ്ണയില്ലാതിരുന്ന ചിലരെയും ഞാൻ അവിടെ കാണുകയുണ്ടായി. അവർ തിന്മകളെ പാപങ്ങൾ ആയി വർജ്ജിച്ചിരുന്നുവോ എന്ന് ഞാൻ ചോദിച്ചപ്പോൾ, അവർ അപ്രകാരം ചെയ്തിരുന്നില്ല എന്ന് കാണുവാനിടയായി. ആകയാൽ അവർ ദുഷ്ടരാണെന്ന് അവരോട് അറിയിക്കപ്പെടുകയും അവർ ഗുഹകളിലേക്ക് പോയി ദുഷ്ടാത്മാക്കളായി പിൽക്കാലം ചെലവഴിക്കുകയുമാണ് സംഭവിച്ചത്.

**27.3.** ഒരു മനുഷ്യന് വളരെ അറിവും ജ്ഞാനവും ഉണ്ടെങ്കിലും അയാൾ തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നില്ലെങ്കിൽ അയാൾ ഒരിക്കലും

ജ്ഞാനി അല്ല. ഇതിന്റെ കാരണം, മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ തന്നെയാണ്. അതായത് അയാൾ സ്വകീയമായിട്ടാണ് ജ്ഞാനിയായിരിക്കുന്നത്. കർത്താവിൽ നിന്ന് അല്ല തന്നെ. ഉദാഹരണത്തിന് അയാളുടെ സഭയുടെ ഉപദേശവും അതുമായി ബന്ധപ്പെട്ടുള്ള സമസ്ത കാര്യങ്ങളും വളരെ നന്നായി അറിയാമെങ്കിലും, തിരുവചനനാനുസൃതവും, യുക്തിപൂർവ്വമായും, അതിനെ സ്ഥിരീക്കുന്നത്. എങ്ങനെയാണെന്ന് അറിഞ്ഞിരുന്നാലും, യുഗാന്തരങ്ങളായി നിലകൊള്ളുന്ന എല്ലാ സഭകളുടെയും ഉപദേശങ്ങൾ അറിഞ്ഞിരുന്നാലും എല്ലാസഭാ കാര്യാലോചന സമിതികളുടെയും നിയമങ്ങളും ചട്ടങ്ങളും അറിഞ്ഞാലും, തീർച്ചയായും അയാൾ സത്യം അറിയുകയും അവയെ കണ്ടുമനസ്സിലാക്കുകയും ചെയ്താലും, അതായത് വിശ്വാസം എന്താണെന്നും, ഔദാര്യത, ഭക്തി, മാനസാന്തരം, പാപമോചനം, വീണ്ടുംജനനം, ജലസ്നാനം, വിശുദ്ധ അത്താഴം, കർത്താവ്, വീണ്ടെടുപ്പ്, രക്ഷ എന്നിവ എന്താണെന്നും അറിഞ്ഞാലും, തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നില്ലെങ്കിൽ അയാൾ ബുദ്ധിമാനും, ജ്ഞാനിയും ആയിരിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ അവന്റെ അറിവ് ജീവൻ ഉള്ളതല്ല. എന്തുകൊണ്ടെന്നാൽ അത് അവൻ മനസ്സിലാക്കുന്നതുപോലെയുള്ളത് മാത്രമാണ്. അത് അവന്റെ ഇച്ഛ അനുസരിച്ചുള്ളതല്ല. അങ്ങനെ, അതിന്റെ പ്രകൃതം, ഇപ്രകാരമാകയാൽ അത് കാലക്രമേണ നശിച്ചുപോകുന്നു. ഇതിന്റെ കാരണം മുകളിൽ, നമ്പർ 15 ഖണ്ഡികയിൽ, പ്രസ്താവിച്ചിട്ടുണ്ടല്ലോ. അയാളുടെ ഇച്ഛയുടെ ഇഷ്ടവുമായി അത് യോജിക്കാത്തതിനാൽ, അയാളുടെ മരണശേഷം അയാൾ തന്നെ പ്രസ്തുത അറിവിനെ തിരസ്കരിക്കുന്നു. എന്നാലും, ധാരണകൾ അത്യാവശ്യമാണ്. കാരണം ഒരു മനുഷ്യൻ എപ്രകാരമാണ് പെരുമാറേണ്ടത് എന്ന് ഇവയാണ് പഠിപ്പിക്കുന്നത്, കൂടാതെ അയാൾ അവയെ പ്രവർത്തനക്ഷമമാക്കുമ്പോൾ അവ അയാളിൽ ജീവിക്കുന്നു എന്നാൽ അതിനുമുമ്പ് അല്ല തന്നെ.

**28.** ഇതപര്യന്തം പ്രസ്താവിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ എല്ലാം വചനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപദേശിക്കപ്പെട്ടിട്ടുള്ളവയാണ്. ചുവടെ ചേർത്തിരിക്കുന്ന ഭാഗങ്ങൾ മാത്രം ഉദ്ധരിക്കാം. വചനം പഠിപ്പിക്കുന്നത് എന്തെന്നാൽ, യാതൊരാൾക്കും ഒരേസമയം നന്മയിലും തിന്മയിലും ആയിരിപ്പാൻ സാദ്ധ്യമല്ല, അഥവാ, യാതൊരാൾക്കും അയാളുടെ ആത്മാവിന് ഒരേ സമയം സ്വർഗ്ഗത്തിലും നരകത്തിലും ആയിരിപ്പാനും കഴിയുകയില്ല. ചുവടെ ചേർക്കുന്ന വേദഭാഗങ്ങളിൽ അത് ഉപദേശിക്കപ്പെട്ടിട്ടുണ്ട്.

> രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല. അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ച് മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്ന് മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും നിങ്ങൾക്ക് ദൈവത്തെയും മാമ്മോനേയും സേവിപ്പാൻ കഴികയില്ല. മത്തായി 6:24

നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു. ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽ നിന്ന് തീയത് പുറപ്പെടുവിക്കുന്നു. മത്തായി 12:34,35

ആകാത്ത ഫലം കായ്ക്കുന്ന നല്ല വൃക്ഷമില്ല. നല്ല ഫലം കായ്ക്കുന്ന ആകാത്ത വൃക്ഷവുമില്ല. ഏത് വൃക്ഷത്തെയും ഫലം കൊണ്ട് അറിയാം. മുള്ളിൽ നിന്ന് അത്തിപ്പഴം ശേഖരിക്കുകയും ഞെരിഞ്ഞിലിൽ നിന്ന് മുന്തിരിങ്ങ പറിക്കുകയും ചെയ്യുമാറില്ലല്ലൊ. ലൂക്കോ 6:43,44

**29.** ഒരു മനുഷ്യന് കർത്താവിൽ നിന്നല്ലാതെ അവനിൽ നിന്നു തന്നെ നന്മ ചെയ്യുവാൻ കഴിയുകയില്ല. യേശു അരുളി ചെയ്തു.

ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും, എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തിവെടിപ്പാക്കുന്നു. എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്ന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വന്തമായി കായ്പാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കയില്ല്യ. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും. ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ, അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തുകളഞ്ഞിട്ട് അവൻ കൊമ്പുപോലെ പുറത്തുകളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു. ആ വക ചേർത്ത് തീയിൽ ഇടുന്നു; അത് വെന്തുപോകും.

യോഹ 15:1,2,4,5,6

**30.** തിരുവചനം വീണ്ടും ഉപദേശിക്കുന്നത്, ഒരു മനുഷ്യൻ തിന്മകളിൽ നിന്ന് ശുദ്ധീകരണം പ്രാപിക്കുന്നില്ലെങ്കിൽ അവന്റെ സൽപ്രവൃത്തികളൊന്നും സത്പ്രവൃത്തികളല്ല. അവന്റെ ഭക്തിയായുള്ള പ്രവർത്തനങ്ങൾ ഒന്നും ഭക്തി ഉള്ളവയല്ല, അവൻ ബുദ്ധിമാനോ ജ്ഞാനിയോ അല്ല. അതുപോലെ തന്നെ തിരിച്ചും, ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽ അത് ഉപദേശിക്കപ്പെടുന്നു.

കപട ഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം! വെള്ളതേച്ച ശവക്കല്ലറകളോട് നിങ്ങൾ

ഒത്തിരിക്കുന്നു അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമേ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെ തന്നേ പുറമേ നിങ്ങൾ നീതിമാന്മാർ എന്ന് മനുഷ്യർക്കു തോന്നുന്നു. അകമെ യോ കപടഭക്തിയും അധർമ്മവും നിറഞ്ഞതത്രേ.

മത്തായി 23:27,28

കപട ഭക്തിക്കാരായ ശാസ്ത്രിമാരും പരീശരും ആയുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം, നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും, അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിനു മുമ്പേ അവയുടെ അകം വെടിപ്പാക്കുക.

മത്തായി 23:25,26

യെശയ്യാ പ്രവചനത്തിലെ ഈ വാക്യങ്ങളിൽ നിന്നും

സോദോം അധിപതികളേ, യഹോവയുടെ വചനം കേൾപ്പിൻ; ഗോമോറ ജനമേ, നമ്മുടെ ദൈവത്തിന്റെ ന്യായപ്രമാണം ശ്രദ്ധിച്ചു കൊൾവിൻ. നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്ന് യഹോവ അരുളിച്ചെയ്യുന്നു. മുട്ടാടുകളെക്കൊണ്ടുള്ള ഹോമയാഗവും, തടിപ്പിച്ച മൃഗങ്ങളുടെ മേദസ്സും കൊണ്ട് എനിക്ക് മതി വന്നിരിക്കുന്നു; കാളകളുടെയോ കുഞ്ഞാടുകളുടെയയോ കോലാട്ടുകൊറ്റന്മാരുടെയോ രക്തം എനിക്ക് ഇഷ്ടമല്ല.... ഇത് നിങ്ങളോട് ചോദിച്ചത് ആര്? ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ചകൊണ്ടു വരരുത്; ധൂപം എനിക്ക് വെറുപ്പ് ആകുന്നു. അമാവാസിയും ശബ്ബത്തും സഭായോഗം കൂടുന്നതും, നീതികേടും ഉത്സവയോഗവും എനിക്ക് സഹിച്ചുകൂടാ. നിങ്ങളുടെ അമാവാസ്യകളെയും ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു. അവ എനിക്ക് അസഹ്യം; ഞാൻ അവ സഹിച്ച് മുഷിഞ്ഞിരിക്കുന്നു. നിങ്ങൾ കൈമലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറെച്ചു കളയും, നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല; നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻ മുമ്പിൽ നിന്ന് നീക്കിക്കളവിൻ; തിന്മ ചെയ്യുന്നത് മതിയാക്കുവിൻ. നന്മ ചെയ്യുവാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ, പീഡിപ്പിക്കുന്നവനെ നേർവ്വഴിക്കാക്കുവിൻ, അനാഥന് ന്യായം നടത്തിക്കൊടുപ്പിൻ; വിധവക്ക് വേണ്ടി വ്യവഹരിപ്പിൻ; വരുവിൻ, നമുക്ക് തമ്മിൽ വാദിക്കാം എന്ന് യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും, ഹിമം പോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപ്പോലെ ആയിത്തിരും. യെശയ്യ 1:10,11,13 18

ഈ വചനങ്ങൾ ചുരുക്കത്തിൽ അർത്ഥമാക്കുന്നത് ഒരു മനുഷ്യൻ തിന്മകളെ വർജ്ജിക്കുന്നില്ലെങ്കിൽ, അവന്റെ ആരാധനയുടെ പ്രവൃത്തികളോ,

അതുപോലുള്ള മറ്റു പ്രവൃത്തികളോ നല്ലവയോ, നന്മയോ അല്ലതന്നെ, എന്തുകൊണ്ടെന്നാൽ ഇപ്രകാരമാണല്ലൊ അരുളിച്ചെയ്യപ്പെട്ടിരിക്കുന്നത്:

> നിങ്ങളുടെ അകൃത്യം എനിക്കു സഹിച്ചുകൂടാ... നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ.... നിങ്ങളുടെ പ്രവൃത്തികളിലെ തിന്മകളെ ഉപേക്ഷിപ്പിൻ... തിന്മ ചെയ്യുന്നത് അവസാനിപ്പിക്കുവിൻ. യെശ 1:10–18

യിരെമ്യാവിലും അപ്രകാരം തന്നെയുണ്ട്.

> നിങ്ങൾ ഓരോരുത്തൻ താന്താന്റെ ദുർമാർഗ്ഗം വിട്ടുതിരിഞ്ഞ് നിങ്ങളുടെ പ്രവൃത്തികളെ നന്നാക്കുവിൻ. യിരെമ്യാവ് 35:15

(2) അപ്രകാരമുള്ള ആളുകൾ ജ്ഞാനികൾ അല്ലെന്ന് യെശയ്യാവ് പഠിപ്പിക്കുന്നു.

തങ്ങൾക്കുതന്നെ ജ്ഞാനികളെയും തങ്ങൾക്കുതന്നെ വിവേകികളായും തോന്നുന്നവർക്ക് അയ്യോ കഷ്ടം! യെശ 5:21

അതേ പ്രവചനത്തിൽ തന്നെ:

> അവരുടെ ജ്ഞാനികളുടെ ജ്ഞാനം നശിക്കും; അവരുടെ ബുദ്ധിമാന്മാരുടെ ബുദ്ധിയും മറഞ്ഞുപോകും എന്ന് കർത്താവ് അരുളിച്ചെയ്തു. തങ്ങളുടെ ആലോചനയെ യഹോവെക്കു അഗാധമായി മറച്ചുവെക്കുവാൻ നോക്കുകയും, തങ്ങളുടെ പ്രവൃത്തികളെ അന്ധകാരത്തിൽ ചെയ്യുകയും ഞങ്ങളെ ആർ കാണുന്നു? ഞങ്ങളെ ആർ അറിയുന്നു. എന്നു പറയുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം? യെശ 29:14,15

അതേ പ്രവചനത്തിൽ :

> സഹായത്തിന്നായി മിസ്രയീമിൽച്ചെന്ന് കുതിരകളിൽ മനസ്സ് ഊന്നി, രഥം അനവധി ഉള്ളതുകൊണ്ട് അതിലും കുതിരച്ചേവർ മഹാബലവാന്മാരാക കൊണ്ട് അവരിലും ആശ്രയിക്കുന്നവർക്ക് അയ്യോ കഷ്ടം! എന്നാൽ അവനും ജ്ഞാനിയാകുന്നു.; അവൻ അവൻ അനർത്ഥം വരുത്തും; തന്റെ വചനം മാറ്റുകയില്ല; അവൻ ദുഷ്കർമ്മികളുടെ ഗൃഹത്തിനും, ദുഷ്പ്രവൃത്തിക്കാരുടെ സഹായത്തിനും വിരോധമായി എഴുന്നേൽക്കും, മിസ്രയീമ്യർ ദൈവമല്ല മനുഷ്യരത്രേ. അവരുടെ കുതിരകൾ ആത്മാവല്ല ജഡമത്രേ. യെശ 31:1–3

ഇതിനെ സ്വന്തബുദ്ധി എന്ന് വിവരിക്കപ്പെടുന്നു. മിസ്രയിം സൂചിപ്പിക്കുന്നത്. സ്വാഭാവിക അറിവ് (സയെൻഷ്യാ) ആകുന്നു. കുതിര സൂചിപ്പിക്കുന്നത് അതിൽ നിന്ന് ഉത്ഭവിക്കുന്ന പരിജ്ഞാനം ആകുന്നു. കുതിരച്ചേവകർ സൂചിപ്പിക്കുന്നത് അതിൽ നിന്ന് ഉത്ഭവിക്കുന്ന ബുദ്ധിശക്തി ആകുന്നു. അവയെക്കുറിച്ചെല്ലാം ഇപ്രകാരമാണ് അരുളിച്ചെയ്തിരിക്കുന്നത്. യിസ്രായേലിന്റെ പരിശുദ്ധനായവനിലേക്ക് നോക്കാത്തവർക്കും യഹോവയെ അന്വേഷിക്കാത്തവർക്കുംമെല്ലാം അയ്യോ കഷ്ടം!

ഈ വചനങ്ങൾ കൊണ്ട് അർത്ഥമാകുന്നത് തിന്മകളാൽ അവർക്കുണ്ടാകുന്ന നാശം ആകുന്നു. തിന്മ പ്രവർത്തിക്കുന്നവരുടെ ഗൃഹത്തിനെതിരെ അവൻ എഴുന്നേൽക്കും, അതുപോലെ തന്നെ, അകൃത്യം ചെയ്യുന്നവരുടെ സഹായത്തിന് എതിരെയും അവൻ എഴുന്നേൽക്കും. ഈ സംഗതികൾ എല്ലാം അഹംബോധത്തിൽ നിന്ന് ഉണ്ടാകുന്നവയും, തൽഫലമായി ജീവനില്ലാത്തവയും ആകുന്നു എന്നത് മിസ്രയീം ദൈവമല്ല, മനുഷ്യനാകുന്നു. എന്നതിൽ നിന്ന് അർത്ഥമായിത്തീരുന്നു. അതുപോലെ തന്നെയാണ് അവന്റെ കുതിരകൾ ജഡമാണെന്നും ആത്മാവല്ലെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനും ജഡവും സൂചിപ്പിക്കുന്നത് മനുഷ്യന്റെ അഹംബോധത്തെയാകുന്നു. എന്നാൽ ദൈവവും ആത്മാവും സൂചിപ്പിക്കുന്നത്. കർത്താവിൽ നിന്നുള്ള ജീവൻ ആകുന്നു. മിസ്രയീമിലെ കുതിരകൾ സൂചിപ്പിക്കുന്നത് സ്വന്തബുദ്ധിയെയാണ്. തിരുവചനത്തിൽ, ഇപ്രകാരം സ്വയത്തിൽ നിന്നുണ്ടാകുന്ന ബുദ്ധിയെക്കുറിച്ചും കർത്താവിൽ നിന്ന് ഉത്ഭവിക്കുന്ന ബുദ്ധിയെക്കുറിച്ചും പ്രതിപാദിക്കുന്ന, നിരവധി വേദഭാഗങ്ങളുണ്ട്. ആത്മീകാർത്ഥത്തിൽ നിന്നുമാത്രമേ ഇത് വ്യക്തവും സ്പഷ്ടവും ആകുകയുള്ളൂ.

(3) സ്വയത്തിൽ നിന്ന് ചെയ്യുന്ന യാതൊരു സത്പ്രവൃത്തിയും നല്ലവയല്ലാത്തതിനാൽ യാതൊരുവനും നന്മയുടെ പ്രവൃത്തികൾ ചെയ്യുന്നതുകൊണ്ട് രക്ഷിക്കപ്പെടുകയില്ല എന്ന് ഇതിനാൽ വ്യക്തമായിത്തീരുന്നു. ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങൾ അത് സുവിദിതമാക്കുന്നു.

> എന്നോട് കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല. സ്വർഗ്ഗാസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നും പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടുപോകുവിൻ.
>
> മത്തായി 7:21–23

അതുപോലെ തന്നെ:

വീട്ടുടയവൻ എഴുന്നേറ്റ് കതക് അടച്ചശേഷം നിങ്ങൾ പുറത്ത് നിന്ന്; കർത്താവേ തുറന്ന് തരേണമേ, എന്നു പറഞ്ഞുകൊണ്ട് കതകിന് മുട്ടിതുടങ്ങുമ്പോൾ, നിങ്ങൾ എവിടെ നിന്ന് എന്ന് ഞാൻ അറിയുന്നില്ലാ എന്ന് അവൻ ഉത്തരം പറയും. അന്നേരം നിങ്ങൾ നിന്റെ മുമ്പിൽ ഞങ്ങൾ തിന്നുകയും കുടിക്കയും ഞങ്ങളുടെ തെരുക്കളിൽ നീ പഠിപ്പിക്കുകയും ചെയ്തുവല്ലോ എന്ന് പറഞ്ഞു തുടങ്ങും അവനോ നിങ്ങൾ എവിടെ നിന്ന് എന്ന് ഞാൻ അറിയുന്നില്ല. എന്ന് ഞാൻ നിങ്ങളോടു പറയുന്നു; അനീതി

പ്രവർത്തിക്കുന്ന ഏവരുമായുള്ളോരേ എന്നെ വിട്ടുപ്പോകുവിൻ എന്നു പറയും. ലൂക്കോസ് 13:25–27

അപ്രകാരമുള്ളവർ പരീശനെപ്പോലെ ആകുന്നു.

ദേവാലയത്തിൽ നിന്നുകൊണ്ട് പരീശൻ തന്നെക്കുറിച്ചു തന്നെ പ്രശംസിച്ചു. അയാൾ പിടിച്ചു പറിക്കാരനോ, നീതികെട്ടവനോ, വ്യഭിചാരിയോ, ശേഷം മനുഷ്യരെപ്പോലെയോ ചുങ്കക്കാരനെപ്പോലെയോ അല്ല എന്ന ആത്മപ്രശംസ പറയുകയും ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുകയും, നേടുന്നതിൽ നിന്നൊക്കെയും പതാരം കൊടുക്കുകയും ചെയ്യുന്നു എന്ന് സ്വയം പുകഴ്ച പറയുകയും ചെയ്തു.

അങ്ങനെയുള്ളവരെ കൂടി വിളിക്കുന്നത്:

പ്രയോജനം ഇല്ലാത്ത ദാസന്മാർ.. ആകുന്നു. ലൂക്കോ 17:10

**31**. യാതൊരാൾക്കും സ്വയം, അയാളിൽ നിന്നുതന്നെ നന്മ ചെയ്യുവാൻ സാദ്ധ്യമല്ലെന്നുള്ളത് സത്യമാകുന്നു. സത്യം അറിഞ്ഞാൽത്തന്നെ; ഒരാൾ തിന്മയെ പാപമായി വർജ്ജിച്ചിട്ടും ഇപ്രകാരം നാശോന്മുഖമായത് ചെയ്യുമ്പോൾ അത് നന്മയല്ല തികഞ്ഞ ദുഷ്ടത തന്നെയാണ്. എന്തുകൊണ്ടെന്നാൽ അത് തിരുവചനത്തിന് ഘടക വിരുദ്ധമാണ് മനുഷ്യൻ നന്മ ചെയ്യുവാനാണ് വചനം പ്രബോധിപ്പിക്കുന്നത്. ദൈവസ്നേഹത്തോടും അയാളുടെ പ്രവൃത്തി വിരുദ്ധമാണ്. അവിടെ കല്പനകൾ ചട്ടങ്ങൾക്ക് വിരുദ്ധമായും, പ്രവചനങ്ങൾക്ക് എതിരായും വരുന്നു. മതത്തെ മൊത്തമായും അത് തകിടം മറിക്കുന്നു. മതം ഉൾക്കൊള്ളുന്നത് നന്മ ചെയ്യുന്ന സംഗതിയാണ്. ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കനുസരണമായി ന്യായം വിധിക്കപ്പെടുമെന്നും എല്ലാവർക്കും അറിയാം . ഓരോരുത്തർക്കും സ്വയമായോ കർത്താവിൽ നിന്നോ പാപങ്ങളെ വർജ്ജിപ്പാൻ പ്രകൃത്യകഴിവുള്ളവൻ ആകുന്നു. അങ്ങനെ അവൻ പ്രവർത്തിച്ചാൽ അതിനോടനുബന്ധിച്ച് അവൻ കർത്താവിൽ നല്ലവൻ ആയിത്തീരുന്നു.

4

**ഒരുവൻ എത്രമാത്രം, തിന്മകളെ പാപങ്ങൾ ആയി വർജ്ജിക്കുമോ അത്രമാത്രം അയാൾ സത്യത്തെ സ്നേഹിക്കുന്നു.**

**32.** കർത്താവിൽ നിന്ന് പുറപ്പെടുന്നതായ രണ്ടു സാർവ്വ ലൗകീക സംഗതികൾ ഉണ്ട്. ദൈവീക നന്മയും, ദൈവീകസത്യവും, ദൈവീക നന്മയെന്നത് അവന്റെ ദൈവീക സ്നേഹത്തെക്കുറിച്ചുള്ളതും. ദൈവീക സത്യം എന്നത് അവന്റെ ദൈവീകജ്ജ്ഞാനത്തെക്കുറിച്ചുള്ളതും ആകുന്നു. കർത്താവിൽ ഇവ രണ്ടും ഒന്നാകുന്നു. തന്മൂലം ഇവ രണ്ടും കർത്താവിൽ നിന്നും ഒരുമിച്ചാണ് പുറപ്പെടുന്നത്. എന്നാൽ അവയെ സ്വർഗ്ഗത്തിലുള്ള ദൂതന്മാരും ഭൂമിയിൽ ഉള്ള മനുഷ്യരും ഒരുമിച്ച് അല്ല സ്വീകരിക്കുന്നത്. ദൈവീക നന്മയെക്കാൾ ദൈവീക സത്യത്തെ കൂടുതലായി സ്വീകരിക്കുന്ന ദൂതന്മാരും, മനുഷ്യരുമുണ്ട്. ആകയാൽ സ്വർഗ്ഗങ്ങൾ രണ്ട് ഇനം രാജ്യ

ങ്ങൾ ആയി തരം തിരിക്കപ്പെട്ടിരിക്കുന്നു. ഒന്ന് സ്വർഗ്ഗീയരാജ്യം രണ്ട് ആത്മീകരാജ്യം. ദൈവീകനന്മയെ കൂടുതലായി ആർജ്ജിക്കുന്ന വിഭാഗം സ്വർഗ്ഗീയ രാജ്യത്തെ പടുത്തുയർത്തുന്നു. സ്വർഗ്ഗങ്ങളെ ഇപ്രകാരം രണ്ടു രാജ്യങ്ങളായി തരംതിരിക്കപ്പെട്ടിരിക്കുന്നതിനെക്കുറിച്ച് സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിൽ നമ്പർ 20-28 ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ളത് കാണുക.

ദൂതന്മാരിലുള്ള നന്മ സത്യവുമായി സംയോജിക്കുന്നതിനാൽ സ്വർഗ്ഗങ്ങളിലുള്ള എല്ലാ ദൂതന്മാരും ജ്ഞാനത്തിലും ബുദ്ധിശക്തിയിലും ആകുന്നു. സത്യവുമായി യോജിക്കാത്ത നന്മ അവരെ സംബന്ധിച്ചിടത്തോളം നന്മയല്ല. നേരെമറിച്ച് നന്മയുമായി യോജിക്കാത്ത സത്യം അവരെ സംബന്ധിച്ചിടത്തോളം സത്യവുമല്ല. ഇതിൽ നിന്ന് വ്യക്തമാകുന്നത്. സത്യവുമായി സംയോജിക്കുന്ന നന്മ, സ്നേഹത്തെയും ജ്ഞാനത്തേയും ഒരുപോലെ തന്നെ ദൂതന്മാർക്കും മനുഷ്യർക്കും പ്രദാനം ചെയ്യുന്നു. അങ്ങനെ ഒരു ദൂതനിൽ ഉള്ള സ്നേഹവും ജ്ഞാനവും മുഖേനയാണ് ആ ദൂതൻ ഒരു ദൂതൻ ആയിത്തീരുന്നത്. അപ്രകാരം തന്നെയാണ് ഒരു മനുഷ്യൻ മനുഷ്യനായിത്തീരുന്നതും. നന്മയും സത്യവും തമ്മിൽ സംയോജിക്കുന്നതുകൊണ്ട് ഒരു ദൂതൻ സ്വർഗ്ഗത്തിലെ ദൂതൻ ആയിരിക്കുകയും, ഒരു മനുഷ്യൻ സഭയിലെ മനുഷ്യൻ ആയിത്തീരുന്നതും.

**33.** സത്യവും നന്മയും കർത്താവിൽ ഒന്നാകയാലും, അവ രണ്ടും ഒന്നായിട്ട് കർത്താവിൽ നിന്ന് പുറപ്പെടുന്നതിനാലും അതിന്റെ തുടർച്ചയായി നന്മ സത്യത്തെയും, സത്യം നന്മ യെയും സ്നേഹിക്കുന്നു എന്ന് വ്യക്തമാകുന്നു. അവ രണ്ടും ഒന്നായിരിപ്പാൻ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ എതിർഭാവങ്ങളും അപ്രകാരം തന്നെയാണ്. അതായത് തിന്മ കപടതയെയും, കപടത തിന്മയെയും ഇഷ്ടപെടുന്നുണ്ട്. അവ രണ്ടും ഒന്നായിരിപ്പാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. തുടർന്നുവരുന്ന താളുകളിൽ നന്മയും സത്യവും തമ്മിലുള്ള സംയോഗത്തെ ദൈവീക വിവാഹം എന്നും, തിന്മയുടെയും കപടതയുടെയും സംയോജനത്തെ പൈശാചിക കല്യാണം എന്നും പറയുന്നു.

**34**. ഈ പരിഗണനകളിൽ നിന്ന് വ്യക്തമാകുന്നത് ഒരുവൻ തിന്മകളെ പാപമായി വർജ്ജിക്കുകയും സത്യത്തെ സ്നേഹിക്കുകയും ചെയ്യുന്നു എങ്കിൽ, ഇതിനു മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതുപോലെ അയാൾ നന്മയിൽ പരിശീലിപ്പിക്കപ്പെട്ട വ്യക്തി ആയിരിക്കുന്നതാണ്. നേരെമറിച്ച് സംഭവിക്കുന്ന കാര്യം ഇതാണ്. ഒരുവൻ തിന്മകളെ ഒരുപോലെ തന്നെ പാപമായി വർജ്ജിക്കാതിരിക്കുകയും, സത്യത്തെ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നതായാൽ അയാൾ നന്മയിൽ പരിശീലിപ്പിക്കപ്പെട്ടവൻ ആയിരിക്കുന്നതല്ല.

**35.** തിന്മകളെ പാപങ്ങളായി ത്യജിച്ചുകളയാത്ത ഒരു വ്യക്തിയും ചിലപ്പോൾ സത്യത്തെ ഇഷ്ടപ്പെട്ടേക്കാം. അവ സത്യമായതുകൊണ്ടല്ല അയാൾ

സത്യത്തെ ഇഷ്ടപ്പെടുന്നത്. പിന്നെയോ, അത് അയാളുടെ സ്ഥാനമാന ങ്ങൾക്ക് ഉയർച്ചയും കീർത്തിയും പ്രദാനം ചെയ്യുന്നു.

**36**. നന്മ, ഇച്ഛയോട് ബന്ധപ്പെടുന്നു, സത്യം പരിജ്ഞാനത്തോടും, ഇച്ഛ യിലുള്ള നന്മയുടെ സ്നേഹം, പരിജ്ഞാനത്തിലുള്ള സത്യത്തിന്റെ സ്നേഹം പുറപ്പെടുന്നു. സത്യത്തിന്റെ അവബോധത്തിൽ നിന്നു പുറപ്പെടുന്ന സത്യത്തിന്റെ സ്നേഹത്തിൽ നിന്നും സത്യത്തിന്റെ അവബോധത്തിൽ നിന്നും സത്യത്തിന്റെ ചിന്ത അതിന്റെ വാസ്തവീക അർത്ഥത്തിൽ വിശ്വാസം എന്നതാണ്. വിശ്വാസത്തോടുള്ള നന്മയുടെ സ്നേഹത്തിൽ നിന്നുള്ള ഈ പുരോഗതിയാണ് എന്നുള്ളത് ദിവ്യ സ്നേഹവും ദിവ്യ ജ്ഞാനവും എന്ന കൃതിയിൽ പ്രതിപാദിച്ചിട്ടുള്ളതിൽ കാണിക്കുന്നതായിരിക്കും.

**37.** മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, നന്മയും സത്യവും തമ്മിൽ സംയോജിക്കപ്പെടുന്നില്ലെങ്കിൽ അത് (നന്മ) നന്മ അല്ല തന്നെ. ഇതിൽ നിന്ന് മനസ്സിലാകുന്ന സംഗതി നന്മ സത്യവുമായി സംയോജിച്ചിട്ടില്ലെ ങ്കിൽ അതിനുമുമ്പായി നന്മയ്ക്ക് സ്ഥിതി ചെയ്യാൻ കഴിയുന്നതല്ല. തന്നെ യുമല്ല, അത് നിരന്തരം നിലനില്പാനായി ഇച്ഛിക്കുന്നുണ്ട്. ആകയാൽ, അത് നിലനില്കേണ്ടതിനായി അത് സത്യത്തെ അന്വേഷിക്കുകയും അതിൽ നിന്ന് അതിന്റെ പോഷണവും രൂപവും ആർജ്ജിക്കയും ചെയ്യു ന്നു. അതുകൊണ്ടാണ് ഒരുവൻ നന്മയിൽ പരിശീലിതനാണെങ്കിൽ അയാൾ സത്യത്തെ സ്നേഹിക്കുകയും അപ്രകാരം തന്നെ അയാൾ തിന്മകളെ പാപ ങ്ങളായി വർജ്ജിക്കുന്നു എങ്കിൽ അയാൾ സത്യത്തെ സ്നേഹി ക്കുന്നവാനായിരിക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ അയാൾ നന്മ യിൽ പരിശീലിക്കപ്പെട്ട വ്യക്തി ആകുന്നുവല്ലൊ.

**38.** ഒരു മനുഷ്യൻ എത്രമാത്രം നന്മയിൽ പരിശീലിതനാണോ. എത്രമാത്രം നന്മയിൽ നിന്ന് സത്യത്തെ സ്നേഹിക്കുന്നുവോ, അത്രമാത്രം അവൻ കർത്താവിനെ സ്നേഹിക്കുന്നു. എന്തുകൊണ്ടെന്നാൽ കർത്താവ് നന്മയും സത്യവും തന്നെ ആകുന്നു. ആകയാൽ കർത്താവ് നന്മയിലും സത്യ ത്തിലും മനുഷ്യനോടുകൂടി ഉണ്ടായിരിക്കും. അങ്ങനെ നന്മയിലൂടെ സത്യത്തെ സ്നേഹിക്കുമ്പോൾ കർത്താവ് സ്നേഹിക്കപ്പെടുന്നു. മറിച്ച് അല്ലതാനും. ഈ സംഗതികൾ കർത്താവ് യോഹന്നാന്റെ സുവിശേഷ ത്തിൽ ഉപദേശിക്കുന്നുണ്ട്.

> എന്റെ കല്പനകൾ ലഭിച്ച് പ്രമാണിക്കുന്നവൻ എന്നെ സ്നേഹി ക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും. എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാ ണിക്കുന്നില്ല നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല എന്നെ അയച്ച പിതാവിന്റെതത്രേ എന്ന് ഉത്തരം പറഞ്ഞ്. യോഹന്നാൻ 14:21,24

ഇതുപോലെ തന്നെ മറ്റൊരിടത്ത്:

> ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതു പോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും. യോഹ 15:10

കർത്താവിന്റെ ആശയങ്ങളും, വചനങ്ങളും, കല്പനകളും സത്യങ്ങൾ ആകുന്നു.

**39**. നന്മകൾ സത്യത്തെ സ്നേഹിക്കുന്നു എന്നത് ഒരു പുരോഹിതനെയും, ഭടനെയും, വ്യാപാരിയെയും, കർഷകനെയും ഉദാഹരണമായിട്ട് എടുത്ത് ചിത്രീകരിക്കാവുന്നതാകുന്നു.

1. *പുരോഹിതൻ:* ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള കാര്യാദികൾ നൽകുന്നതിനും, സ്വർഗ്ഗത്തിലേക്കുള്ള വഴി പഠിപ്പിച്ചു കൊടുക്കുന്നതിനും, അയാൾ പഠിപ്പിക്കുന്നവരെ അതിലേക്ക് നയിക്കുന്നതിനും, അയാൾ നന്മയോടുള്ള സ്നേഹത്തിൽ നിന്നും ആത്മാർത്ഥമായ അഭിലാഷത്തിൽ നിന്നും ആ നന്മയിൽ പരിശീലിതനായിത്തീരുന്നു. എങ്കിൽ ഉചിതമാം വിധം അയാൾ പൗരോഹിത്യത്തിന്റെ നന്മയിൽ നന്നായി പരിശീലിതനായിത്തീരുന്നു എങ്കിൽ അയാൾക്ക് പഠിപ്പിക്കുവാനും മറ്റുള്ളവരെ നയിക്കുവാനും ആവശ്യമായ സത്യങ്ങൾ സമാർജ്ജിക്കുവാൻ കഴിയുന്നതാണ്. പൗരോഹിത്യത്തിന്റെ നന്മകളിൽ പരിശീലിതൻ അല്ലാത്ത ഒരു പുരോഹിതൻ, അയാളുടെ സ്വകീയമായ സ്നേഹത്തിലും അയാളുടെ ഉദ്യോഗത്തോടുള്ള സന്തോഷത്തിലും ലോകവുമായള്ള ബന്ധത്തിലും ജാഗരൂകനാണെങ്കിൽ, അയാളെ സംബന്ധിച്ചിടത്തോളം അതുമാത്രമാണ്. നന്മയുടെ സംഗതിയെങ്കിൽ, അതോടുള്ള സ്നേഹത്തിലും ആത്മാർത്ഥമായ അഭിലാഷം മുഖേനയും, അയാളുടെ നന്മകളെ പടത്തുയർത്തുന്ന സന്തോഷാതിരേകത്തിന്റെ സ്വാധീനതകൊണ്ട് അയാൾ സത്യങ്ങൾ അയാൾക്ക് സമാർജ്ജിക്കുവാൻ കഴിയുന്നതാണ്.

2. *ഒരു ഭടൻ:* പട്ടാളസേവനത്തിൽ ഇഷ്ടവും സ്നേഹവുമുള്ള ഒരാളാണെങ്കിൽ, സ്വന്തരാജ്യത്തിന്റെ സംരക്ഷണയ്ക്കും, സേവനത്തിനുമുള്ള താത്പര്യമാണ്. അയാളുടെ നന്മയെങ്കിൽ, അഥവാ സത്പേരിനും സത്കീർത്തിക്കുമായുള്ള അഭിലാഷമാണ് അയാളുടെ നന്മയെങ്കിൽ, ആ നന്മയിൽ നിന്നും, അതിൻ പ്രകാരവും, അതിന് ആവശ്യമായതുമായ അറിവിനെ അയാൾ സമാർജ്ജിക്കുകയും, അയാൾ ഒരു ഉദ്യോഗസ്ഥാനാണെങ്കിൽ അതിനുവേണ്ടിയും അതുസംബന്ധമായുള്ള വിശേഷബുദ്ധി സമ്പാദിക്കുകയും ചെയ്യുന്നതാണ്. അയാളുടെ നന്മയും, അയാളുടെ സ്നേഹത്തിന്റെ ആഹ്ലാദവുമായവയും, അതിനായി രൂപപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നവയുമായ സത്യങ്ങൾ ഇവയാകുന്നു.

3. *ഒരു വ്യാപാരി:* വ്യാപാര വ്യവസായവുമായുള്ള ഇഷ്ടം കൊണ്ട് ഒരുവൻ വ്യാപാരം ചെയ്യുന്നതിന് സ്വയം സമർപ്പിതനായിരിക്കുകയാണെങ്കിൽ

ആ സ്നേഹത്തിന് അനുയോജ്യമായവയും അതിന് മുഖാന്തിരങ്ങൾ ആയിരിക്കുന്നവയുമായ സകല സംഗതികളും സസന്തോഷം അയാൾ സമാർജിക്കുന്നതാണ്. ഇവയും സത്യങ്ങളാണ്. വ്യാപാരമാകട്ടെ അയാളുടെ നന്മയും ആയിരിക്കും.

4. ഒരു കർഷകൻ : അയാൾ താല്പര്യപൂർവ്വം അയാളുടെ ജോലിയിൽ വ്യാപൃതനായിരിക്കുകയും,അയാളുടെ ജീവിതത്തിന്റെ നന്മയായി അയാൾ അതിന് സ്നേഹിക്കുകയും ചെയ്യുന്നതായാൽ അയാളുടെ ജോലികൾക്ക് ആവശ്യമായ ഉപകരണങ്ങൾ അയാൾ വാങ്ങുകയും, അയാളുടെ ജോലിയോടു ബന്ധപ്പെട്ടുള്ള അറിവിൽ അയാൾ പ്രാഗത്ഭ്യം നേടിയെടുക്കുകയും ചെയ്യുന്നു. അപ്രകാരം അയാൾ തന്റെ ജോലിയെ അയാളുടെ നന്മയാക്കിത്തീർക്കുകയും ചെയ്യുന്നു.

സ്നേഹത്തിന്റെ നന്മ നിലനിൽക്കുകയും, ഒരു യാഥാർത്ഥ്യം ആയിത്തീരുകയും തത്ഫലമായി നിലനില്ക്കുന്നതിലേക്കായി, നന്മ, സത്യത്തെ സ്നേഹിക്കുകയും, ചെയ്യുന്നതിനാൽ സത്യമാണ് അതിന്റെ മാർഗ്ഗവും മാധ്യമവുമായിത്തീരുന്നതെന്ന് ഈ ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമായിത്തീരുന്നു.

ആകയാൽ, സത്യം ചെയ്യുക എന്നാൽ (സത്യമായത് ചെയ്യുക എന്നാൽ) നന്മ നിലനിൽക്കുന്നതിന് മുഖാന്തിരങ്ങൾ ഉണ്ടാക്കുന്നു. എന്നാണ് അർത്ഥം. ഇത് ചുവടെ ചേർത്തിരിക്കുന്ന സംഗതികളാൽ സൂചിപ്പിക്കപ്പെടുന്നു.

| | |
|---|---|
| സത്യം പ്രവർത്തിക്കുക. | യോഹ 3:21 |
| കർത്താവു പറയുന്നത് ചെയ്യുക. | ലൂക്കോ 6:47 |
| കർത്താവിന്റെ ആശയങ്ങൾ (വചനം) പ്രവർത്തിക്കുക. | യോഹ 14:24 |
| അവൻ പറയുന്നത് ചെയ്യുക. | മത്താ 7:24 |
| ദൈവവചനം പ്രവർത്തിക്കുക. | ലൂക്കോ 7:21 |
| അവന്റെ ചട്ടങ്ങളും ന്യായവിധികളും ചെയ്യുക. | ലേവ്യ 18:5 |

**40.** സത്യവും, ഇച്ഛയും നന്മയോടു ചേരുവാൻ നന്മ ഇഷ്ടപ്പെടുന്നു എന്നത്. മാംസവും പാനീയവും തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് അഥവാ അപ്പവും വീഞ്ഞുമായി താരതമ്യം ചെയ്തുകൊണ്ട് തെളിയിക്കാവുന്നതാകുന്നു. അവ രണ്ടും ഒരുമിച്ച് ഉണ്ടായിരിക്കണം. അപ്പമോ, മാംസമോ മാത്രമായാൽ അത് ശരീരത്തിന് പോഷകപരമല്ല. എന്നാൽ വീഞ്ഞോ പാനീയമോ കൂടെ ഉണ്ടെങ്കിൽ അത് പോഷകപ്രഥമാണ്. ആകയാൽ അതിൽ ഓരോന്നും മറ്റേ ഘടകത്തെ താല്പര്യപൂർവ്വം അന്വേഷിക്കുന്നതാണ്, ആഗ്രഹിക്കുന്നതുമാണ്. മാംസവും, അപ്പവും, ആത്മീകാർത്ഥത്തിൽ നന്മ

യെന്നാണ് അർത്ഥമാകുന്നത്. വെള്ളം, വീഞ്ഞ് എന്നിവ അർത്ഥമാക്കുന്നത് സത്യത്തെയും ആകുന്നു.

**41.** ഇതപര്യന്തം പ്രസ്താവിക്കപ്പെട്ടതിൽ നിന്നും വ്യക്തമാകുന്ന സംഗതി എന്തെന്നാൽ തിന്മകളെ പാപങ്ങളായി വർജ്ജിക്കുകയും, സത്യത്തെ സ്നേഹിക്കുകയും, സത്യത്തെ അഭിലഷിക്കുകയും ചെയ്യുന്നവൻ, തിന്മകളെ കൂടുതൽ വർജ്ജിക്കുന്നതായാൽ അത്രമാത്രം അയാൾ സത്യങ്ങളെ സ്നേഹിക്കുകയും അഭിലഷിക്കുകയും ചെയ്യുന്നതാണ്. കാരണമെന്തെന്നാൽ അയാൾ നന്മയിൽ കൂടുതൽ പരിശീലിതനായവനാകുന്നു. അങ്ങനെ അയാൾ സ്വർഗ്ഗീയ വിവാഹത്തിന് കടന്നു വരുന്നവനായിത്തീരുന്നു. സ്വർഗ്ഗവും, സഭയും സന്നിഹിതമാകുന്ന നന്മയുടെയും സത്യത്തിന്റെയും കല്ല്യാണമാണത്.

5

## ഒരുവൻ എത്രത്തോളം തിന്മകളെ പാപങ്ങളയി വർജ്ജിക്കുന്നുവോ അത്രത്തോളം അവന് വിശ്വാസവും അതേ സമയം അവൻ ആത്മീയനുമാണ്.

**42** വിശ്വാസവും ജീവിതവു തമ്മിൽ പരസ്പരം വ്യതിരിക്തമാണ്. അതായത് ചിന്തിക്കുന്നതും പ്രവൃത്തിക്കുന്നതും പോലെ, പരിജ്ഞാനത്തോട് ചിന്തയ്ക്ക് ബന്ധമുള്ളതു പോലെ ഇച്ഛയോട് പ്രവൃത്തിക്കുന്നതിന് ബന്ധമുണ്ട്, ഇത് കാണിക്കുന്നത് പരിജ്ഞാനവും ഇച്ഛയും പോലെ വിശ്വാസവും ജീവിതവും തമ്മിൽ പരസ്പരം വ്യതിരിക്തമാണ്. ഒടുവിലുള്ളതിനിടയിലെ വിത്യാസങ്ങളെ അറിയുന്ന ഒരുവൻ മുന്നമേ ഉള്ളതിനിടയിലുള്ള വിത്യാസവും കൂടി അറിയുന്നു, മാത്രവുമല്ല ഒടുവിലത്തെതിന്റെ സംയോഗത്തെ അറിയുന്നവൻ മുന്നേയുള്ളതിന്റെ സംയോഗത്തേയും കൂടി അറിയുന്നു. ആയതുകൊണ്ട് പരിജ്ഞാനത്തേയും ഇച്ഛയേയും സംബന്ധിച്ചു ചില കാര്യങ്ങൾ മുൻകൂട്ടി പറയേണ്ടിയിരിക്കുന്നു.

**43** ഇച്ഛയും അവബോധവും എന്നു വിളിക്കുന്ന രണ്ട് ആർജ്ജവങ്ങൾ മനുഷ്യനുണ്ട്. അവ തമ്മിൽ വ്യതിരിക്തമാണ്, എന്നാൽ അവ ഒന്നായിരിക്കേണ്ടതിനായി സൃഷ്ടിച്ചിരിക്കുന്നു; അവ ഒന്നായിരിക്കുമ്പോൾ അവയെ മനസ്സ് എന്നു വിളിക്കുന്നു. അപ്പോൾ മനുഷ്യ മനസ്സ് ഈ രണ്ട് ആർജ്ജവങ്ങളെ ഉൾകൊണ്ടിരിക്കുന്നു, മനുഷ്യന്റെ മുഴുജീവിതവും അതിൽ നില കൊള്ളുന്നു. ദിവ്യചിട്ടകൾക്കനുസരിച്ച് പ്രപഞ്ചത്തിലെ എല്ലാ സംഗതികൾക്കും നന്മയോടും സത്യത്തിനോടും ബന്ധമുണ്ട്, അതുകൊണ്ട് മനുഷ്യനോടൊപ്പമുള്ള എല്ലാ കാര്യങ്ങളും ഇച്ഛയോടും അവബോധത്തോടും ബന്ധപ്പെട്ടിരിക്കുന്നു, മനുഷ്യനോടു കൂടെയുള്ള നന്മ സംബന്ധിച്ചിരിക്കുന്നത് അവന്റെ ഇച്ഛയോടും അവനോടൊപ്പമുള്ള സത്യം സംബന്ധിച്ചിരിക്കുന്നത് അവനോടുള്ള അവബോധത്തോടും ആണ്. കാരണം ഈ

രണ്ട് ആർജ്ജവങ്ങളും സത്യത്തിന്റേയും നന്മയുടേയും വിധേയങ്ങളും ആധാരങ്ങളുമാണ്; നന്മയ്ക്ക് സ്വന്തമായിട്ടുള്ള എല്ലാ കാര്യങ്ങളുടേയും വിധേയങ്ങളും ആധാരങ്ങളു മാണ് ഇച്ഛ, സത്യത്തിനു സ്വന്തമായിട്ടുള്ള എല്ലാ കാര്യങ്ങളുടേയും ആധാരങ്ങളും വിധേയങ്ങളുമാണ് അവബോധം. നന്മകളും സത്യങ്ങളും മനുഷ്യനോടൊപ്പം ഒരിടത്തും വസിക്കുകയോ തദ്ഫലമായി സ്നേഹമൊ വിശ്വാസമോ പോലും, സ്നേഹത്തിന് നന്മയോട് ബന്ധമുണ്ടായിരുന്നിട്ടും മാത്രവുമല്ല നന്മയ്ക്ക് സ്നേഹത്തോടും, വിശ്വാസത്തിന് സത്യത്തോട് ബന്ധമുള്ളപ്പോൾ സത്യത്തിന് വിശ്വാസത്തോടും ബന്ധമുണ്ട്.

ഇച്ഛയും അവബോധവും ഏക മനസ്സ് രൂപികരിക്കുന്നത് എങ്ങനെയാണ് എന്നറിയുന്നതാണ് ഒരു മഹത്തായ കാര്യം, മറ്റൊന്നും പ്രാധാന്യമുള്ളതല്ല, നന്മയും സത്യവും ഒന്നാക്കുന്നതു പോലെ അവ ഒന്നായി തീരുന്നു. കാരണം സത്യത്തിനും നന്മയ്ക്കുമുള്ളതിനിടയിൽ സമാനമായ വിവാഹം ഉള്ളതു പോലെ അവബോധത്തിനും ഇച്ഛയ്ക്കും ഇടയിൽ ഒരു വിവാഹം ഉണ്ട്. ഈ വിവാഹത്തിന്റെ പ്രകൃതത്തെ തുടർന്നുള്ള ലേഖനത്തിൽ ചെറിയ അളവിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഇതിനോട് ഇത് കൂട്ടിച്ചേർക്കുന്നു, ഒരു സംഗതിയുടെ ഏറ്റവും ഉണ്മയായ നന്മയെ പോലെ സത്യം എന്നത് തദ്ഫലമായ അസ്ഥിത്വവും ആണ്, അതുകൊണ്ട് മനുഷ്യനോടു കൂടെയുള്ള ഇച്ഛ അവന്റെ ജീവന്റെ ഏറ്റവും ഉണ്മയാണ്, അതിനെ തുടർന്ന് അവബോധം അസ്ഥിത്വവും ആകുന്നു. ഇച്ഛയുടേതാകുന്ന നന്മയ്ക്ക് അവബോധത്തിൽ ഇത് തന്നെ രുപം കൊള്ളുകയും പ്രത്യേക രീതിയിൽ ദൃശ്യവൽക്കരിക്കുകയും ചെയ്യുന്നു..

**44** ജ്ഞാനി അല്ലാതിരിക്കെ അനേക കാര്യങ്ങൾ ഗ്രഹിക്കയും ചിന്തിക്കയും ചെയ്യുന്നുണ്ടെന്നുള്ളത് ഒരു മനുഷ്യൻ ഗ്രഹിക്കട്ടെ, ഇത് 27-28-ാം ഖ്ണ്ഠീകയിൽ കാണിച്ചിട്ടുണ്ടായിരുന്നു. അറിയുന്നതിനും ചിന്തിക്കു ന്നതിനും വിശ്വാസത്തിന്റേതായിരിക്കുന്നതും എന്നാൽ കാര്യം അങ്ങനെയാണെന്ന് മനസ്സിലാക്കാതിരുന്നിട്ടും അവനു വിശ്വാസമുണ്ടെന്നു വിശ്വസിക്കുന്നതിന് മനുഷ്യന് സദ്ധ്യമാണെന്നിരുന്നിട്ടും അവനതില്ലാതി രിക്കുന്നു. അത്തരത്തിലുള്ള മനുഷ്യനു വിശ്വാസം ഉണ്ടായിട്ടില്ല. കാരണം അവന്റെ ജീവൻ തിന്മയിലാണ്. ജീവിതത്തിന്റെ തിന്മയും വിശ്വാസത്തിന്റെ സത്യവും അവ ഒന്നായി ഒരിക്കലും പ്രവൃത്തിക്കുന്നില്ല, തിന്മയുടെ ജീവിതം വിശ്വാസത്തിന്റെ സത്യത്തെ നശിപ്പിക്കുന്നു. കാരണം തിൻമയുടെ ജീവിതത്തിന് ഇച്ഛയോടും അവബോധത്തോടു വിശ്വാസത്തിന്റെ സത്യത്തിന് ബന്ധമുണ്ട്, ഇച്ഛ അവബോധത്തെ നയിക്കയും അതിൽ തന്നെ ഐക്യത്തിൽ പ്രവൃത്തിക്കുന്നതിനായി ഇടയാക്കുന്നു. ആയതുകൊണ്ട് അവബോധത്തിനു ഇച്ഛയോട് എന്തെങ്കിലും ഉണ്ടെങ്കിൽ ഇച്ഛയോട് കൂടെ പൊരുത്തപ്പെടുന്നില്ല. മനുഷ്യൻ അവന്റെ തിന്മയിൽ നിന്നു ചിന്തിക്കയും അതിൽ സ്നേഹി ക്കയും അവൻ തന്നെ അതിലേക്ക് തിരിക്കയും ചെയ്യുമ്പോൾ അവബോധ ത്തിലുള്ള സത്യത്തെ തള്ളികളയുകയോ അല്ലെ

ങ്കിൽ അതിന്റെ സത്യത്തി ലേക്ക് വ്യാജവൽക്കരണങ്ങൾ അതിലേക്ക് സമ്മർദ്ദപ്പെടുത്തുകയോ ചെയ്യുന്നു. ജീവിതത്തിൽ നന്മയിൽ തത്വതിഷ്ഠമായവരുടെ കാര്യം മറിച്ചാണ്. അവർ അവരെ തന്നെ തിരിക്കുമ്പോൾ നന്മയിൽ നിന്നു ചിന്തിക്കയും അതു ഇച്ഛയോട് പൊരുത്തപ്പെടുന്നതു കൊണ്ട് അവബോധ ത്തിലുള്ളതായ സത്യത്തെ അവർ സ്നേഹിക്കുന്നു. ഇപ്രകാരം ജീവിത ത്തിന്റേയും വിശ്വാസത്തി ന്റേയും ഫലവത്തായ ഒരു സംയോഗമുണ്ട്, ഇച്ഛയുടേയും അവബോധത്തി ന്റേയും ഓരോ അനുരൂപമായ സംയോഗം.

**45.** ഈ പരിഗണനകളിൽ നിന്ന് വ്യക്തമാകുന്ന ഒരു സംഗതി ഇതാണ്. മനുഷ്യൻ വർജ്ജിക്കുന്നതായ പാപങ്ങളായ തിന്മകൾക്ക് ആനുപാതികമായി അവന് വിശ്വാസം ഉണ്ട് കാരണം മുകളിൽ കാണിച്ചിരിക്കുന്നതു പോലെ ആനുപാതികത്തിൽ നന്മയിൽ അവൻ തത്വാതിഷ്ടനായിരിക്കുന്നു. ഇതിൻെറ എതിരായ സംഗതിയും ഇതിനെ സ്ഥിരീകരിക്കുന്നുണ്ട്. അതായത്, തിന്മകളെ പാപങ്ങൾ ആയി വർജ്ജിച്ചിട്ടില്ലാത്തവന് വിശ്വാസം ഇല്ലതന്നെ. എന്തുകൊണ്ടെന്നാൽ അവൻ തിന്മകളിലാണ്, ആന്തരീകമായുള്ള തിന്മകൾ സത്യത്തെ വിദ്വേഷിക്കുന്നു. ബാഹ്യമായി അവർ തമ്മിൽ സുഹൃത്തുക്കൾ ആയി പെരുമാറിയേക്കാം, സഹിഷ്ണുത കാണിക്കുകയും സ്നേഹിക്കുകയും ചെയ്തേക്കാം, പരിജ്ഞാനത്തിൽ സത്യമുണ്ടെന്ന് സ്ഥിരീകരിച്ചേക്കാം. എന്നാൽ ബാഹ്യമായവയെ വിട്ടുകളയുമ്പോൾ, മരണാനന്തരം സംഭവിക്കുംപോലെ, ലോകത്തിൽ ഒരു സുഹൃത്തിനെപ്പോലെ ആയിരുന്ന സത്യം തിരസ്കരിക്കപ്പെടുന്നു. സത്യം എന്ന പദവിയിൽനിന്ന് പുറംതള്ളപ്പെടുകയും ചെയ്യുന്നു. അവസാനമായി അങ്ങനെയുള്ളവയെല്ലാം അവഗണിക്കപ്പെടാം.

**46.** ഒരു ദുഷ്ടമനുഷ്യൻെറ വിശ്വാസം ബൗദ്ധീകമായ വിശ്വാസമാണ്, അതിൽ ഇച്ഛയിൽ നിന്നുള്ളയാതൊന്നും ഇല്ല. അപ്രകാരം അത് ചത്തവിശ്വാസമാണ്. ഹൃദയത്തിൽ നിന്നുള്ള ചൈതന്യം കൂടാതെ ശ്വാസകോശങ്ങൾ ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെയാണത്. ഇവിടെ, പരിജ്ഞാനം ശ്വാസകോശങ്ങളോടും, ഇച്ഛ ഹൃദയത്തോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ചുവന്ന പട്ടുവസ്ത്രങ്ങളാലും സ്വർണ്ണാഭരണങ്ങളാലും വിഭൂഷിതയായ സുന്ദരിയായ ഒരു വേശ്യയോട് ഇതിനെ സാദൃശ്യപ്പെടുത്താം. അവളുടെ ബാഹ്യസൗന്ദര്യത്തിന്ന് വിപരീതമായി അവൾ ആന്തരീകം ആയി ആപത്കരവും ഗുരുതരവുമായ രോഗത്താൽ നിറഞ്ഞവൾ ആകുന്നു. സത്യങ്ങളെ കപടീകൃതമാക്കുന്നതിനോട് വേശ്യ സാദൃശ്യപ്പെട്ടരിക്കുന്നു, അങ്ങനെ അത് വേശ്യ വചനത്തെ കപടീകൃതമാക്കുന്നതിനോടും സദൃശമാകുന്നു. നിറയെ ഇലകൾ ഉള്ളതും, യാതൊരു കായ്ഫലവും ഇല്ലാത്തതുമായ ഒരു വൃഷത്തോട് അതിനെ സദൃശ്യമാക്കാം. അതിൻെറ തോട്ടക്കാരൻ അതിനെ വെട്ടിക്കളയാനിടയാകുന്നു. ഒരു വൃക്ഷം ഒരു മനുഷ്യന് സദൃശമാകുന്നു. അതിൻെറ ഇലകളും പുഷ്പങ്ങളും എല്ലാം വിശ്വാസത്തിൻെറ സത്യങ്ങളെയും

അതിൻെറ കായ്ഫലങ്ങൾ സ്നേഹത്തിൻെറ നന്മയെയും സൂചിപ്പിക്കുന്നു. വിശ്വാസത്തിനുള്ള പരിജ്ഞാനത്തെ സംബന്ധിച്ചിട ത്തോളം അത് വ്യത്യസ്തമാണ്, അതിൽ ഇച്ഛയിൽ നിന്നുള്ള നന്മയുണ്ട്. ഈ വിശ്വാസം സജീവമാണ്. അത് ഹൃദയത്തിൽനിന്നുള്ള ചൈതന്യത്തോടുക്കൂടി ശ്വാസകോശങ്ങൾ ശ്വാസോച്ഛ്വാസം ചെയ്യുന്നതു പോലെയാകുന്നു. പിന്നെയും ഇത്, സുന്ദരിയും സുശീലയും ചാരിത്രവതിയുമായ ഭാര്യയോട് സമമാണ്. അവളുടെ ചാരിത്ര്യം അവളുടെ ഭർത്താവിനെ ആകർഷിക്കുന്നു. വീണ്ടും, ഇത് ഫലം കായ്ക്കുന്നതായ ഒരു വൃക്ഷത്തോട് സദൃശമായിരിക്കുകയും ചെയ്യുന്നു.

**47.** വിശ്വാസവുമായി മാത്രം ബന്ധമുള്ള അനേകം സത്യങ്ങളുണ്ട് അതായത് ഏകദൈവം ഉണ്ടെന്നും, ആ ദൈവം വീണ്ടെടുപ്പുകാരനും രക്ഷിതാവുമായ കർത്താവ് ആകുന്നു എന്നും, ഒരു സ്വർഗ്ഗവും ഒരു നരകവും ഉണ്ടെന്നും, മരണാനന്തരം ഒരു ജീവിതം ഉണ്ടെന്നും, അപ്രകാരം മററ് അനേകം കാര്യങ്ങൾ, പ്രവർത്തിക്കുവാനായിട്ടല്ല പ്രത്യുത വിശ്വാസിക്കുവാനുള്ളവയായി നൽകപ്പെട്ടിട്ടുണ്ട്. തിന്മയിൽ പരിശീലിത നായിട്ടുള്ള ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഈ വിശ്വാസമെല്ലാം ചത്തവയാകുന്നു. എന്നാൽ നന്മയിൽ പരിശീലിതനായിട്ടുള്ള ഒരുവനെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം സജീവം ആകുന്നു. അതിൻെറ കാരണം എന്തെന്നാൽ നന്മയിൽ പരിശീലിതനായവൻ അവയെ ഇച്ഛയിൽ നിന്ന് മെച്ചമായി ചെയ്യുകയും പരിജ്ഞാനത്തിൽനിന്ന് നന്നായി ചിന്തിക്കുകയും ചെയ്യുന്നു. അത് ലോകത്തിന്നു മുമ്പിൽ മാത്രമല്ല, പിന്നെയോ താൻ ഒററയ്ക്ക് ആയിരിക്കുമ്പോഴും മെച്ചം ആയിതന്നെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. തിന്മയിൽ പരിശീലിതനായിട്ടുള്ള ഒരുവൻെറ കാര്യം അങ്ങനെയല്ല. പ്രത്യുത വ്യത്യസ്തമായിരിക്കും.

**48.** ഈ സത്യങ്ങൾ എല്ലാം വിശ്വാസത്തെ സംബന്ധിക്കുന്നവ മാത്രമാണെന്ന് പ്രസ്താവിച്ചുവല്ലൊ. എന്നാൽ പരിജ്ഞാനത്തിൻെറ ചിന്തകൾ ഇച്ഛയുടെ ഇഷ്ടത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത് അതിൻെറ ആസ്തിത്വം (എക്സിസ്റ്റെറേ) ഇച്ഛയുടെ ഇഷ്ടത്തിലാണ്, അതു പോലെ തന്നെ ഈ സ്നേഹം (ഇഷ്ടം) ആണ് പരിജ്ഞാനത്തിൽ നിന്നുള്ള ചിന്തകളുടെ നിലനിൽപ്പ് (എസ്സേ) എന്നും മുകളിൽ 43-ാം ഖണ്ഡികയിൽ വിവരിച്ചിട്ടുണ്ടല്ലൊ. ഒരുവൻ തൻെറ ഇഷ്ടത്തിൽനിന്ന് ഇച്ഛിക്കുന്നത് അവൻ ചെയ്യുവാൻ ഇച്ഛിക്കുന്നു, ചിന്തിക്കുവാൻ ഇച്ഛിക്കുന്നു, മനസ്സിലാക്കുവാൻ ഇച്ഛിക്കുന്നു, സംസാരിക്കുവാൻ ഇച്ഛിക്കുന്നു. അഥവാ, ഒരു മനുഷ്യൻ തൻെറ ഇച്ഛയിൽനിന്ന് ഇഷ്ടപ്പെടുന്നവ എന്തെല്ലാമാണോ, അത് അവൻ ചെയ്യുവാൻ ഇഷ്ടപ്പെടുന്നു. ചിന്തിക്കുവാൻ ഇഷ്ടപ്പെടുന്നു. മനസ്സിലാക്കുവാൻ ഇഷ്ടപ്പെടുന്നു, സംസാരിക്കുവാനും ഇഷ്ടപ്പെടുന്നു. മാത്രമല്ല, ഒരു മനുഷ്യൻ തിന്മകളെ പാപങ്ങളായി വർജ്ജിക്കുമ്പോൾ അവൻ കർത്താവിൽ ആയിരിക്കുന്നതും കർത്താവ് അവനിലൂടെ

പ്രവർത്തിക്കുന്നതുമാകുന്നു ഇതും മുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ ദൈവത്തിൻെറ പ്രവൃത്തികൾ ചെയ്യുവാൻ തങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ചവരോട് കർത്താവ് ഇപ്രകാരം അരുളിചെയ്തു.

ദൈവത്തിൻെറ പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വാസിക്കുന്നതത്രേ. യോഹ 6 : 28(29)

കർത്താവിൽ വിശ്വാസിക്കുക എന്നത് അവൻ ഉണ്ടെന്ന് ചിന്തിക്കുക മാത്രമല്ല, പ്രത്യുത അവൻെറ വചനങ്ങൾ പ്രവർത്തിക്കുക എന്നതുക്കൂടി ആകുന്നു. കർത്താവ് അന്യത്ര ഇപ്രകാരം ഉപദേശിച്ചിട്ടുണ്ട്.

**49**. തിന്മകളിൽ ആയിരിക്കുന്നവർക്ക് വിശ്വാസം ഇല്ല, വിശ്വാസം ഉണ്ടെന്ന് അവർ സങ്കൽപ്പിച്ചേക്കാം അവർക്ക് അപ്രകാരം ഉണ്ടായിരിക്കുകയില്ലെന്ന് ആത്മീകലോകത്തിൽ വിവിധ ഉദാഹരണങ്ങളിലൂടെ ദൃശ്യമാക്കിയിട്ടുണ്ട്. അവരെ ഒരു സ്വർഗ്ഗീയ സമാജത്തിലേക്ക് നയിക്കുകയും, അവിടേക്ക് നയിക്കപ്പെടുന്നവരുടെ വിശ്വാസത്തിൻെറ അന്തർതലങ്ങളിലേക്ക് ദൂതന്മാരുടെ വിശ്വാസത്തിൻെറ ആത്മീക സിദ്ധാന്തങ്ങൾ പ്രവേശിക്കുകയും ചെയ്യുന്നു. അതിൽ നിന്ന് ദൂതന്മാർക്ക് അതീന്ദ്രിയ ജ്ഞാനത്തിലൂടെ ഗ്രഹിപ്പാൻ കഴിഞ്ഞത് അവർക്ക് കേവലം പ്രകൃതിതല വിശ്വാസത്തിൻെറ ബാഹ്യതല സിദ്ധാന്തങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളു എന്നാകുന്നതല്ലാതെ, അതിൽ ആത്മീകവും, ആന്തരീകവുമായ സിദ്ധാന്തങ്ങൾ അവർക്ക് ലഭ്യമായിട്ടുണ്ടായിരുന്നില്ല. ആകയാൽ അവർ സ്വയമേവ കുററ സമ്മതം നടത്തിയിട്ടുണ്ട്. അതായത് അവർക്ക് വിശ്വാസം അശേഷം ഇല്ലായിരുന്നെന്നും, അവർ ഭൂലോകത്തിൽ ആയിരുന്നപ്പോൾ അവർ തങ്കളെത്തന്നെ പ്രീണിപ്പിച്ച് പ്രേരിതരാക്കിയിരുന്നെന്നും, ഏതു കാരണവശാലും ഒരു സംഗതി അങ്ങനെ തന്നെയാണ് വിശ്വാസിക്കണം, അഥവാ വിശ്വാസം ഉണ്ടായിരിക്കണം എന്ന് അവരെത്തന്നെ ഉത്ബോധിപ്പിച്ചിരുന്നു എന്നും ആയിരുന്നു. എന്നാൽ തിന്മകളിൽ പരിശീലിതരല്ലാത്തവരുടെ വിശ്വാസം അങ്ങനെ ആയിരുന്നില്ല. തികച്ചും വിഭിന്നവും, വ്യത്യസ്തവും ആയിരുന്നു

**50.** ആത്മീകമായ വിശ്വാസം എന്താണെന്നും, ആത്മീകമല്ലാത്ത വിശ്വാസം എന്താണെന്നും ഈ വിവരങ്ങളിൽ നിന്ന് വ്യക്തമായിട്ടു ണ്ടാവുമല്ലൊ. പാപം ചെയ്യാത്തവരെ സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസം ആത്മീയമാകുന്നു. പാപം ചെയ്യാത്തവർ നന്മ ചെയ്യുന്നത് അവരിൽനിന്നും തന്നെയല്ല പിന്നെയോ, അത് കർത്താവിങ്കൽ നിന്നാകുന്നു ഇത് മുകളിൽ 18-31 വരെ നമ്പർ ഖണ്ഡികകളിൽ കാണാവുന്നതാകുന്നു. വിശ്വാസത്തിലൂടെ അവർ ആത്മീകരായിത്തീരുന്നു. അവരെ സംബന്ധിച്ചിടത്തോളം വിശ്വാസം എന്നത് സത്യം ആകുന്നു (വെറിററാസ്) ഈ സംഗതി കർത്താവ് യോഹന്നാൻെറ സുവിശേഷത്തിൽ ഉപദേശിക്കുന്നു.

ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ

ഇരുളിനെ സ്നേഹിച്ചത്തന്നേ. തിന്മ പ്രവർത്തിക്കുവൻ എല്ലാം വെളിച്ചത്തെ പകയ്ക്കുന്നു. തൻെറ പ്രവൃത്തിക്കു ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിലേക്കു വരുന്നതുമില്ല. സത്യം പ്രവർത്തിക്കുന്നവനോ തൻെറ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അത് വെളിപ്പെടേണ്ടതിന് വെളിച്ചത്തിങ്കലേക്ക് വരുന്നു. യോഹന്നാൻ3:19–21

**51.** ചുവടേചേർത്തിരിക്കുന്ന തിരുവചനത്തിലെ വേദഭാഗങ്ങളിലൂടെ ഇതപരന്ത്യം പ്രസ്താവിക്കപ്പെട്ട സംഗതികൾ സ്ഥിരീകരിക്കപ്പെടുന്നു.

നല്ല മനുഷ്യൻ തൻെറ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിന്ന് കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്. ലൂക്കോ 6: 45; മത്താ 12:35

വചനത്തിൽ ഹൃദയത്തിൽ നിന്ന് എന്ന് പറഞ്ഞിരിക്കുന്നത് മനുഷ്യൻെറ ഇച്ഛയെക്കുറിച്ച് ആകുന്നു. അങ്ങനെ അതിൽ നിന്ന് മനുഷ്യൻ ചിന്തിക്കയും സംസാരിക്കയും ചെയ്യുന്നതിനാൽ ഇപ്രാകാരം പറഞ്ഞിരിക്കുന്നു. ഹൃദയത്തിൽ നിന്ന് കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്

മനുഷ്യനു അശുദ്ധി വരുത്തുന്നത് വായിക്കകത്തു ചെല്ലുന്നത് അല്ല, വായിൽ നിന്ന് പുറപ്പെടുന്നത് അത്രേ, അത് മനുഷ്യനെ അശുദ്ധനാക്കുന്നു. മത്താ 15:11(15)

ഹൃദയം എന്നതിന് ഇച്ഛ എന്നാണ് ഇവിടെയും അർത്ഥം. കണ്ണുനീർ കൊണ്ടു തൻെറ കാൽകഴുകി, തലമുടികൊണ്ട് തുടച്ച് ഇടവിടാതെ തൻെറ കാൽ ചുംബിച്ച്, തലയിൽ തൈലംപൂശി, പരിമള തൈലം കൊണ്ട് കാൽ പൂശിയ സ്ത്രീയെക്കുറിച്ച് ഇപ്രകാരം അരുളിച്ചെയ്തു.

ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.
ലൂക്കോസ് 7:46–50

ഇതിൽനിന്ന് വ്യക്തമാകുന്നത് പാപങ്ങൾ ക്ഷമിക്കപ്പെടുമ്പോൾ, അതായത് അവ അവസാനിക്കുമ്പോൾ, വിശ്വാസം രക്ഷിക്കുന്നു. കർത്താവിൽ വിശ്വാസിക്കുന്നവരാണ് ദൈവപുത്രന്മാർ എന്നും ദൈവത്തിൽനിന്ന് ജനിച്ചവർ എന്നും വിളിക്കപ്പെടുന്നത്, അവർ അവരുടെ സ്വന്തം ഇച്ഛയുടെ അഹംബോധത്തിൽ ഉള്ളവർ അല്ല അതായത് അതിൻെറ ഫലമായി അവർ അവരുടെ സ്വന്തപരിജ്ഞാനത്തിൻെറ അഹംബോധത്തിൽ അല്ല, അവർ തിന്മയിൽ ഉള്ളവർ അല്ല. അതിൽ നിന്നുണ്ടാകുന്ന കാപട്യത്തിലും ഉള്ളവർ അല്ല. പിന്നെയോ കർത്താവിൽ വിശ്വാസിക്കുന്നവരാണ് അവർ. യോഹന്നാൻെറ സുവിശേഷത്തിലെ ഈ വേദഭാഗത്തിൻെറ വിശദീകരണത്തിനായി മുകളിൽ നമ്പർ 17 ഖണ്ഡിക നോക്കുക അതിൻെറ അവസാന ഭാഗം.

**52.** ഈ വിശദീകരണങ്ങളിൽ നിന്ന് ഒരു അനുമാനത്തിൽ എത്താൻ കഴിയുന്നുണ്ട്. അതായത് മനുഷ്യനിൽ ഉണ്ടായിരിക്കാവുന്ന നന്മയെക്കാൾ ഒരുതരി പോലും കൂടുതൽ ആയി സത്യം അവനിൽ ഉണ്ടായിരിക്കയില്ല. അതുപോലെതന്നെ മനുഷ്യൻ ഉണ്ടായിരിക്കുന്ന ജീവനെക്കാൾ ഒരുതരി പോലും കൂടുതൽ വിശ്വാസവും അവനിൽ ഇല്ല. ഒരു സംഗതി അപ്രകാരം തന്നെ ആകുന്നു എന്ന ചിന്ത അവബോധത്തിൽ ഉണ്ടായേക്കാം. പക്ഷേ ഇച്ഛയുമായി അവബോധത്തിന് ഏകോപനം ഉണ്ടാകുന്നതു വരെ ആ സ്ഥീകരണം വിശ്വാസമായി പരിണമിക്കുന്നില്ല. ഇപ്രകാരം വിശ്വാസവും ജീവനും പടിപടിയായി പുരോഗമിക്കുന്നു. ഈ വിചിന്തനങ്ങളിൽ നിന്ന് വ്യക്തനാകുന്നത് ഒരുവന് എത്രമാത്രം തിന്മകളെ പാപങ്ങളായി വർജ്ജിക്കുമോ അത്രമാത്രം അവനിൽ വിശ്വാസം ഉണ്ടാകുകയും അവൻ ആത്മീകനായി തീരുകയും ചെയ്യുന്നു.

6

## എന്തെല്ലാം തിന്മകളാണ് പാപങ്ങൾ എന്ന് പത്തുകല്പനകൾ പഠിപ്പിക്കുന്നു.

**53.** മോഷ്ടിക്കുക, വ്യാഭിചാരം ചെയ്യുക, കുലപാതകം ചെയ്യുക, കള്ളസാക്ഷ്യം പറയുക എന്നിവയെല്ലാം തിന്മകൾ ആണെന്ന് അറിഞ്ഞു കൂടാത്ത ഏതൊരു ജനതയാണ് സമസ്ത ഭൂലോക രാജ്യങ്ങളിൽ ഉണ്ട്? ജനങ്ങൾക്ക് ഇത് അറിഞ്ഞു കൂടെങ്കിൽ, നിയമങ്ങളിലും ചട്ടങ്ങളിലും കൂടി ഇവയൊക്കെ ചെയ്യപ്പെടാതിരിപ്പാൻ നിരോധനം ഏർപ്പെടുത്താതിരുന്നെങ്കിൽ ആ നിയമങ്ങൾ നശിക്കപ്പെടാതെ തന്നെ അവർ ഒരു സമാജമായോ, രാജ്യമായോ സ്ഥിതി ചെയ്യാതെ നശിച്ചു പോകുമായിരുന്നു. മററു ജനതകളെക്കാൾ അതീതമായി യിസ്രായേൽ ജനത, ഇവയൊക്കെയും തിന്മകൾ ആണെന്ന് അറിയാതിരിക്കാത്തക്ക വിധം ഭോഷന്മാരായിരുന്നു എന്ന് സങ്കല്പിക്കുവാൻ ആർക്കും കഴിയുകയില്ലല്ലൊ. ഭൂലോകം എമ്പാടും സാർവ്വത്രികമായി അറിയപ്പെടുന്ന ഈ നിയമങ്ങൾ സീനായി പർവ്വതത്തിൽ നിന്ന് യഹോവയാൽ തന്നെ ഇത്രമാത്രം അതിശയകരമായ പ്രകാരത്തിൽ വിളംബരം ചെയ്യപ്പെട്ടത് എന്തിനാണെന്ന് ഒരാൾക്ക് അത്ഭുതം തോന്നിയേക്കാം. പക്ഷേ, ശ്രദ്ധിക്കുക ഈ നിയമങ്ങൾ അത്രമാത്രം വിസ്മയകരവും സംഭ്രമജനകവും ആയി വിളംബരം ചെയ്യപ്പെട്ടതിൻെറ ഉദ്ദേശ്യം ഈ നിയമങ്ങൾ കേവലം പൗരധർമ്മപരമോ ധാർമ്മീകമോ മാത്രമായി വീക്ഷിക്കപ്പെടാതെ അവയെ ആത്മീയ നിയമങ്ങൾ ആയും പരിഗണിക്കുന്നതിനും, വിലമതിക്കുന്നതിനും വേണ്ടി ആയിരുന്നു, മാത്രമവുമല്ല അവയ്ക്ക് വിരുദ്ധമായും അവയെ ലംഘിച്ചു കൊണ്ടു തിന്മ പ്രവർത്തിക്കുന്നത് സഹപൗരനോടോ, സംസ്ഥാനത്തോടോ മാത്രമല്ല ദൈവത്തോടും പാപം ചെയ്യുക യാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടിയും ആയിരുന്നല്ലൊ, ആകയാൽ

സീനായി പർവ്വതത്തിൽ നിന്നുകൊണ്ട് യഹോവ ഈ കല്പനകളെ വിളംബരം ചെയ്യുന്നതിനാൽ അത് മതപരമായ നിയമവും ആയിത്തീർന്നു. യഹോവയാം ദൈവം കല്പിക്കുന്നത്, ഒരു മതത്തിന്റെ സിദ്ധാന്തമായി അവൻ കല്പിക്കുന്നു. അത് അവനു വേണ്ടി ചെയ്യപ്പെടേണ്ടവയാകുന്നു, മനുഷ്യൻ രക്ഷിക്കപ്പെടുന്നതിനു വേണ്ടി മനുഷ്യന്റെ പേരിലും അനുഷ്ടിക്കപ്പെടേണ്ടതാകുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുവല്ലൊ.

**54.** ഈ നിയമങ്ങൾ എല്ലാം വചനത്തിന്റെ പ്രഥമ സിദ്ധാന്തങ്ങൾ ആയിരുന്നു ആകയാൽ അത് യിസ്രായേല്യ ജനങ്ങൾക്ക് ഇടയിൽ കല്പനകളായി സ്ഥാപിക്കപ്പെട്ടതായ ആദിമ കാലസഭയുടെ സിദ്ധാന്തങ്ങൾ ആയിത്തീരുകയും ചെയ്തു. കർത്താവും മനുഷ്യനും മനുഷ്യനും കർത്താവുമായുള്ള സംയോഗം ഫലവത്താകുന്നതിനാൽ അതു മുഴു മതത്തിന്റേയും ഒരു സാരാംശ സംഗ്രഹമായി രൂപപ്പെടുകയും തദ്ഫലം എല്ലാത്തിനെക്കാളും വിശുദ്ധവുമായിരുന്നു.

**55.** അവയുടെ പരമോന്നതമായ പരിശുദ്ധി ചുവടേ ചേർത്തിരിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് വെളിവാക്കുന്നതാകുന്നു. യഹോവ തന്നെ അതായത് കർത്താവ് ദൂതന്മാരോട് കൂടി അഗ്നിയിൽ സീനായി പർവ്വതത്തിലേക്ക് അഗ്നിയിൽ ഇറങ്ങി യഹോവ തന്നെ സ്വന്തം വായാൽ വിളംബരം ചെയ്തു. മൂന്നു ദിവസങ്ങൾ കൊണ്ടാണ് മനുഷ്യർ അവരെ തന്നെ ശുദ്ധികരിച്ച്, ദൈവത്തെ കാണ്മാനും, ദൈവശബ്ദം കേൾപ്പാനുമായി ഒരുങ്ങിയത്. യാതൊരുവനും പർവ്വതത്തിന് അടുത്തു വന്ന് മരിച്ചുപോകാൻ ഇടയാകാതിരിപ്പാനായി പർവ്വതത്തിനു ചുററും വേലികൾകെട്ടി മറെച്ചിരുന്നു പുരോഹിതന്മാരോ മൂപ്പന്മാരോ അടുത്തു ചെന്നില്ല കേവലം മോശ മാത്രമായിരുന്നു കയറിപോയതു. ദൈവം സ്വന്തകൈവിരലിനാൽ കല്പനകളെ രണ്ടു കൽപലകളിന്മേൽ എഴുതി. രണ്ടാം പ്രാവശ്യം സീനായി പർവ്വതത്തിൽ നിന്ന് കല്പനകളുടെ കൽപലകകൾ കൊണ്ടുവന്നപ്പോൾ മോശെയുടെ മുഖം പ്രകാശിച്ചു കൊണ്ടിരുന്നു. കൽപലകകളെ പെട്ടകത്തിൽ വച്ചു ആ പെട്ടകം സമാഗമന ക്കൂടാരത്തിന്റെ അന്തർഭാഗത്തുള്ള അതിവിശുദ്ധസ്ഥലത്തു സൂക്ഷിക്കപ്പെട്ടു പെട്ടകത്തിന് മീതെയായി കൃപാസനവും അതിനു മീതെ പൊന്നുകൊണ്ടുള്ള കെരുബുകളും വയ്ക്കപ്പെട്ടിരുന്നു. സഭയുടെ ഏററവും വിശുദ്ധമായ സ്ഥാനം അതിവിശുദ്ധ സ്ഥാനം ആണ്. വിശുദ്ധമായവയിൽ അതിവിശുദ്ധം എന്നാർത്ഥമുള്ള അതി പരിശുദ്ധ സ്ഥലം എന്ന് അതിനെ വിളിക്കുന്നു. മുടുശീലയ്ക്ക് ഉള്ളിലായി അതി വിശുദ്ധമായ സംഗതികൾ സൂക്ഷിക്കപ്പെടുകയും മുടുശീലയ്ക്ക് പുറത്തായി സ്വർഗ്ഗത്തിലെയും സഭയിലെയും വിശുദ്ധസംഗതികളെ പ്രതിനിധീകരിക്കുന്ന നിരവധി വസ്തുക്കൾ വയ്ക്കപ്പെട്ടു ഇവ സ്വർഗ്ഗത്തെയും സഭയെയും പ്രതിനിധീകരിക്കുന്നു. ഉദാഹരണമായി ഏഴ് തിരികൾ ഇട്ടുകത്തിക്കാവുന്ന നിലവിളക്ക് സുഗന്ധവസ്തുക്കൾ

ഇട്ടുപുകയ്ക്കുന്ന സ്വർണ്ണയാഗപീഠം, കാഴ്ചയപ്പം വയ്ക്കുവാനുള്ള മേശ, പൊന്നുകൊണ്ട് പൊതിഞ്ഞ് മനോഹരമാക്കിയത്. നേർമ്മയായ പട്ടുകൊണ്ട് നിർമ്മിച്ചതും തിളക്കമുള്ളതും ചുവപ്പ് നിറമുള്ളതുമായ തിരിശീല അതിന് ചുററുമായി ഇട്ടിരുന്നു. സമാഗമന കൂടാരത്തിന് മൊത്തമായുള്ള പരിശുദ്ധി ഉത്ഭവിച്ചു കൊണ്ടിരുന്നത് പെട്ടകത്തിന് ഉള്ളിൽ ഉണ്ടായിരുന്ന നിയമത്തിൽ (പത്തുകല്പനകളിൽ) നിന്ന് ആയിരുന്നു.

പെട്ടകത്തിൽ സൂക്ഷിക്കപ്പെട്ടിരുക്കുന്ന നിയമത്തിൽനിന്ന് ഉയരുന്നതായ സമാഗമന കൂടാരത്തിൻെറ വിശുദ്ധി മുഖാന്തിരമായി യിസ്രായേൽ ജനങ്ങളിൽ, എല്ലാവരോടും സമാഗമന കൂടാരത്തിന് ചുററുമായി ഗോത്രം ഗോത്രമായി ക്രമപ്രകാരം പാളയമിറങ്ങുവാനും, പാളയത്തിൽ നിന്ന് പുറപ്പെടേണ്ടപ്പോൾ മേഘസ്തംഭത്തിൻെറ അഗ്നിസ്തംഭത്തിൻെറയും അധീനതയിൽ യഥാക്രമം പകലും രാത്രിയും ഗോത്രം ഗോത്രമായി ക്രമപ്രകാരം അണിയണിയായി പോകേണമെന്നും കല്പന നൽകപ്പെട്ടിരുന്നു. നിയമത്തിൻെറ പരിശുദ്ധി മുഖാന്തിരവും, അതിനുള്ളിൽ കർത്താവിൻെറ സാന്നിദ്ധ്യം ഉണ്ടായിരുന്നതിനാലും കെരുബുകൾക്കിടയിൽ കൃപാസനത്തിൽ നിന്നുകൊണ്ട് ദൈവം മോശെയോടു സംസാരിച്ചു, അങ്ങനെ പെട്ടകത്തെ യഹോവയുടെ സന്നിധാനം എന്ന് വിളിച്ചിരുന്നു. മാത്രവുമല്ല, യാഗവസ്തുക്കളുമായോ സുഗന്ധ ധൂപവർഗ്ഗവുമായോ അല്ലാതെ അഹരോന് തിരശീലയ്ക്ക് ഉള്ളിലേക്ക് പ്രവേശിക്കുവാൻ അനുവാദം കൊടുത്തിരുന്നില്ല. സഭയുടെ ഏകവും പ്രമുഖവുമായ പരിശുദ്ധി നിയമം ആയിരുന്നതിനാൽ ദാവീദ് രാജാവ് നിയമപ്പെട്ടകത്തെ സീയോനിലേക്ക് അവതരിപ്പിച്ചു അനന്തരം യെരുശലോം ദേവാലയത്തിൻെറ മദ്ധ്യത്തിൽ സ്ഥാപിക്കുകയും അവിടം അതിപരിശുദ്ധസ്ഥലം ആക്കിത്തീർക്കുകയും ചെയ്തു.

നിയമത്തിൻെറ ഉള്ളിലും ചുററുമായി കർത്താവിൻെറ സാന്നിദ്ധ്യം ഉള്ളതുകൊണ്ട് നിയമം സൂക്ഷിക്കപ്പെട്ടിരുന്ന നിയമപ്പെട്ടകത്താൽ അത്ഭുത സംഭവങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ യോർദ്ദാനിലെ വെള്ളം വിഭജിക്കപ്പെട്ടു, നദിയുടെ മദ്ധ്യത്തിൽ പെട്ടകം വിശ്രമത്തിലായിരുന്നപ്പോൾ, യിസ്രായേൽ ജനം നദിയിൽ, ഉണങ്ങി നിലത്തു കൂടെ അക്കരക്ക് കടന്നു പോകുകയുണ്ടായി. നിയമപ്പെട്ടകം ചുമന്നുകൊണ്ട് യെരിഹോ മതിലിനു ചുററും നടന്നതിനാൽ മതിൽ തകർന്ന് വീണു നിയമപ്പെട്ടകത്തിനു മുമ്പിൽ ഫെലിസത്യരുടെ ദാഗോൻ ദേവൻ കുമ്പിട്ട് വീണു അനന്തരം അവൻെറ ക്ഷേത്രത്തിൻെറ മുററത്ത് കവിണു വീണു, തല അററുപോയി അനേകായിരം ബെത്ശെമാക്കാർ, നിയമപ്പെട്ടകം കാരണം അടിയേററു അതു കൂടാതെ മററുപല അത്ഭുതങ്ങളും നിയമപ്പെട്ടകം മുഖേന സംഭവിച്ചു ഇവയെല്ലാം സംഭവിച്ചത് പത്തുകല്പനകളുടെ ലിഖിതങ്ങളായ പത്ത് വചനങ്ങളിൽ കർത്താവിൻെറ സാന്നിദ്ധ്യം ഉണ്ടായിരുന്നതു കൊണ്ട് മാത്രം ആയിരുന്നു.

**56.** അപ്രകാരമുള്ള അധികാരശക്തിയും വിശുദ്ധിയും നിയമത്തിൽ നിവസിച്ചിരുന്നു, എന്തുകൊണ്ടെന്നാൽ, മതസംബന്ധമായ സമസ്ത കാര്യങ്ങളും അതിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരുന്നു. ഒരണ്ണത്തിൽ ദൈവത്തെ സംബന്ധിക്കുന്ന എല്ലാകാര്യങ്ങളും അടങ്ങിയിരുന്നു. മറേറതിൽ മനുഷ്യനെ സംബന്ധിക്കുന്ന സകല സംഗതികളും അടങ്ങിയിരുന്നു ആകയാൽ ന്യായപ്രമാണത്തിൻെറ ലിഖിതങ്ങളെ പത്ത് വചനങ്ങൾ എന്ന് വിളിക്കുന്നു. അവയെ അപ്രകാരം വിളിക്കുവാൻ കാരണം പത്ത് എന്നാൽ സമസ്തവും എന്നാണ് അർത്ഥം. മത സംബന്ധമായ എല്ലാകാര്യങ്ങളും ന്യാപ്രമാണത്തിൽ (പത്തുകല്പന കളിൽ) അടങ്ങിയിരിക്കുന്നത് എപ്രകാരമാണെന്ന് അടുത്തൊരു ലേഖനത്തിൽ കാണാവുന്നതാകുന്നു.

**57** ഉടമ്പടിയും സാക്ഷ്യക്കൂടാരവും എന്ന് വിളിക്കുന്ന ന്യായപ്രമാണം മുഖാന്തരം മനുഷ്യന് കർത്താവുമായും കർത്താവിന് മനുഷ്യനുമായും ഒരു സംയോഗം ഉണ്ടെന്നിരിക്കെ ഉടമ്പടി അതു കൂടി ഇണക്കുകയും സാക്ഷ്യകൂടാരം സാക്ഷ്യത്തെ വഹിക്കുകയും ചെയ്യുന്നു. ഈ കാരണത്താൽ അതിൽ രണ്ടു പലകകൾ ഉണ്ടായിരുന്നു. ഒന്ന് കർത്താവിന് വേണ്ടിയും മറേറത് മനുഷ്യനു വേണ്ടിയും ആയിരുന്നു. സംയോഗം സാദ്ധ്യമാകുന്നത് കർത്താവിനാൽ ആകുന്നു. മനുഷ്യനു വേണ്ടിയുള്ള പലകയിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മനുഷ്യൻ ചെയ്യുമ്പോഴാണ് കർത്താവുമായുള്ള സംയേഗം സാദ്ധ്യമാകുന്നത്. കാരണം എന്തെന്നാൽ കർത്താവ് സദാസന്നിഹിതനും പ്രവർത്തനനിരതനുമാകുന്നു. കൂടാതെ ഉള്ളിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ വാതിൽ തുറക്കുക എന്നത് മനുഷ്യൻെറ ഭാഗത്തുനിന്ന് ഉണ്ടാകേണ്ട കാര്യമാണ്. കർത്താവിൽ നിന്ന് മനുഷ്യന് കിട്ടിയ സ്വാതന്ത്ര്യം, തുറക്കുക എന്നത് എന്തെന്നാൽ കർത്താവ് അരുളിച്ചെയുന്നു.

ഇതാ ഞാൻ വാതില്ക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എൻെറ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവനിലേക്ക് ചെന്ന്, ഞാൻ അവനോടും അവൻ എന്നോടും അത്താഴം കഴിക്കും. വെളി 3:20

**58.** മനുഷ്യനുവേണ്ടിയുള്ള മറേറ പലകയിൽ മനുഷ്യൻ ഇത് ചെയ്യണം, നന്മ ചെയ്യണം എന്നൊന്നും പറഞ്ഞിട്ടില്ല. എന്നാൽ ഇതുചെയ്യരുത് അഥവാ ആ തിന്മ ചെയ്യരുത് എന്ന് പറഞ്ഞിട്ടില്ല. ഉദാഹരണമായി നീ കുലചെയ്യരുത്, നീ വ്യഭിചാരം ചെയ്യരുത്, നീ മോഷ്ടിക്കരുത്, നീ കള്ളസാക്ഷ്യം പറയരുത്, നീ മോഹിക്കരുത് എന്നിവ അതിൻെറ കാരണം ഇതാണ് മനുഷ്യന് സ്വയമായി യാതൊരു നന്മയും ചെയ്യാൻ കഴിയുകയില്ല. എന്നാൽ അവൻ തിന്മ ചെയ്യാതിരിക്കുമ്പോൾ അവൻ നന്മയാണ് ചെയ്യുന്നത്. അത് അവൻ സ്വയം ചെയ്യുന്നതല്ല പിന്നെയോ കർത്താവിൽ നിന്നാകുന്നു. മനുഷ്യൻ അതിനായി യാചിക്കയാണെങ്കിൽ കർത്താവിൻെറ ശക്തിയാൽ മനുഷ്യന് സ്വയമെന്നപോലെ തിന്മകളെ വർജ്ജിക്കുവാൻ കഴിയുമെന്നത് തുടർന്നു വരുന്ന സംഗതികളിൽ നിന്നു കാണാവുന്നതാണു.

**59.** ന്യായപ്രമാണത്തിൻെറ പരിശുദ്ധിയെയും, അധികാരശക്തിയെയും കുറിച്ചുള്ള വിളംബരത്തെ സംബന്ധിച്ച് മുകളിൽ നമ്പർ 55 ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് എന്താണെന്ന് ചുവടേചേർക്കുന്ന വേദഭാഗങ്ങളിൽ നിന്ന് കാണാവുന്നതാകുന്നു.

സീനായിപർവ്വതത്തിൽ യഹോവ അഗ്നിജ്വാലയിലൂടെ ഇറങ്ങി വന്നപ്പോൾ പർവ്വതം പുകയുകയും വിറയ്ക്കുകയും, ഇടിമുഴക്കവും, മിന്നലും ഉണ്ടാകുകയും കാർമേഘം കുമിഞ്ഞ് കൂടുകയും കാഹളനാദം കേൾക്കുകയും ചെയ്തു. പുറപ്പാട് 19:16–18, ആവ 4:11, 5:22–26

ന്യായപ്രമാണം സീനായ്പർവ്വതത്തിൽ നിന്ന് വിളംബരം.

പുറ 20 : 2–17, ആവ 5:6–21

ന്യായപ്രമാണം രണ്ടു കല്പലകകളിന്മേൽ ദൈവം സ്വന്തംവിരൽ കൊണ്ട് എഴുതി. പുറ 31:18, 32:15, 16; ആവർത്തനം 9:10

മോശെ കല്പലകൾ പർവ്വതത്തിൽ നിന്ന് രണ്ടാംപ്രാവശ്യം താഴെകൊണ്ടു വന്നപ്പോൾ അവൻെറ മുഖം പ്രകാശിച്ചു
പുറ 34:29–35

കല്പലകകൾ പെട്ടകത്തിൽ നിക്ഷേപിച്ചു.
പുറ 25:16, 40:20, ആവ 10:5, ക രാജാ 8:9

കൃപാസനം പെട്ടകത്തിനുമീതെ വെച്ചുപൊന്നുകൊണ്ടുള്ള കെരുബുകളെ അതിന്നുമീതെവച്ചു. പുറ 25:17–21

കൃപാസനത്തോടും, കെരുബുകളോടും കൂടി സമാഗമനകൂടാരത്തിൻെറ അന്തർഭാഗം രൂപികരിക്കുകയും, സ്വർണ്ണം കൊണ്ടുള്ള നിലവിളക്ക് സുഗന്ധദ്രവ്യങ്ങൾപ്പെടുന്നതും പൊന്നു കൊണ്ടുള്ളതും, ആയ യാഗപീഠം, പൊന്നുകൊണ്ട് പൊതിഞ്ഞ മേശ, അതിനുമുകളിൽ വച്ചിരിക്കുന്ന കാഴ്ചയപ്പം, എന്നിവയാണ് സമാഗമന കൂടാരത്തിൽ ഉള്ള ബാഹ്യഭാഗം, നേർമ്മയായതും, തിളക്കമുള്ളതും ചുവന്ന നിറത്തോടും കൂടിയതുമായ പത്ത് തിരശീല ബാഹ്യതലത്തിൽ ഏററവും പുറമേയുള്ള ഭാഗം അതായിരുന്നു.

പുറ 25:1 മുതൽ അവസാനം വരെ, 26:1–അവസാനം; 40 :17–28

പെട്ടകം വയ്ക്കപ്പെട്ടിരുന്ന സ്ഥാനം അതിവിശുദ്ധസ്ഥലം എന്ന് വിളിക്കപ്പെട്ടു. പുറ 26:33

യിസ്രായേൽ മക്കൾ സമാഗമനകൂടാരത്തിന് ചുററമായി ഗോത്രം ഗോത്രമായി അതിൻെറ ക്രമപ്രകാരം പാളയം ഇറങ്ങി. അപ്രകാരംതന്നെ ക്രമം ക്രമമായി പാളയത്തിൽനിന്ന് പുറപ്പെട്ടു പോകയും ചെയ്തു. സംഖ്യ 2:1–അവസാനംവരെ

സമാഗമനകൂടാരത്തിന്ന് മുകളിലായി പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും നിന്നിരുന്നു.

പുറ 40 :38; സംഖ്യ 9 :15–അവസാനംവരെ 14:14; ആവ 1:33

പെട്ടകത്തിന് മീതെ കെരുബുകൾക്ക് ഇടയിൽനിന്നും കൊണ്ട് കർത്താവ് മോശെയോടു സംസാരിച്ചു. പുറ 25:22; സംഖ്യ 7:89

ന്യായപ്രമാണം പെട്ടകത്തിൽ വയ്ക്കപ്പെട്ടിരുന്നതിനാൽ അതിനെ യഹോവയുടെ സന്നിധാനം എന്ന് വിളിക്കപ്പെട്ടു അങ്ങനെ നിയമപ്പെട്ടകം പുറപ്പെടേണ്ട സമയത്ത് മോശെ യഹോവേ എഴുന്നേ ല്ക്കണമേ എന്നും നിയമപ്പെട്ടകം സ്വസ്ഥമായി വയ്ക്കുമ്പോൾ യഹോവേ മടങ്ങിവരേണമേ എന്നു പറയുമായിരുന്നു.

സംഖ്യ 10:35,36; കൂടാതെ 2ശമു 6:2; സങ്കീ 132:7,8

ന്യായപ്രമാണത്തിൻെറ വിശുദ്ധികൊണ്ട്, യാഗവസ്തുക്കളും, ധൂപത്തിനുള്ള സുഗന്ധപദാർത്ഥ മായല്ലാതെ അഹരോന് തിരശീലക്ക് ഉള്ളിലേക്ക് പ്രവേശിപ്പാൻ അനുവാദം ഇല്ലായിരുന്നു.

ലേവ്യ 16:2–14–തുടർന്നുള്ള വാക്യങ്ങളും

യാഗവസ്തുക്കളോടുക്കൂടി ഉത്സവം ആഘോഷിച്ചുകൊണ്ട് നിയമപ്പെട്ടകത്തെ ദാവീദ് സീയോനിലേക്ക് കൊണ്ടുവന്നു.

2 ശമു 6 : 1–19

ഉസ്സീയാവ് നിയമപ്പെട്ടകത്തിൽ തൊട്ടതിനാൽ മരിച്ചുപോയി.

2 ശമു 6:7

യെരുശലേം ദേവാലയത്തിൻെറ മദ്ധ്യഭാഗത്ത് അതിവിശുദ്ധ സ്ഥലത്ത് നിയമപ്പെട്ടകം വയ്ക്കപ്പെട്ടു. 1 രാജാ 6:19; തുടർന്നുള്ളവ;8:3,9

ന്യായപ്രമാണത്തിൽ കർത്താവിൻെറ അധികാരശക്തി സ്ഥിതി ചെയ്തിരുന്നതിനാൽ, അതുവയ്ക്കപ്പെട്ടിരുന്ന നിയമപ്പെട്ടകം കൊണ്ടുവന്നപ്പോൾ അതിൻെറ സാന്നിദ്ധ്യത്തിൽ യോർദാൻ നദിയിലെ വെള്ളം രണ്ടായി പിരിഞ്ഞും നദിയുടെ മദ്ധ്യത്തിൽ പെട്ടകം സ്വസ്ഥമായി വയ്ക്കപ്പെട്ടപ്പോൾ യിസ്രായേൽ ജനം നദിയിലെ ഉണങ്ങിയ നിലത്തുകൂടി മറുകരയിലേക്ക് പോയി.

യോശുവാ 3:1–17,4:5–20

യെരിഹോമതിലിന് ചുററുംകൂടി നിയമപ്പെട്ടകത്തെ കൊണ്ടുപോയപ്പോൾ മതിൽ ഇടിഞ്ഞുവീണു. യേശു6:1–20

ഫെലിസത്യരുടെ ദേവനായ ദാഗോൻ നിയമപ്പെട്ടകത്തിൻെറ മുമ്പിൽ നിലത്തുവീണു. പിന്നീട് ക്ഷേത്രത്തിൻെറ മുററത്ത് തലഒടിഞ്ഞ് നിലത്ത് കവിണ്ണുവീണു. 1 ശമു 5:1–4

നിയമപ്പെട്ടകം ഹേതുവായി ബെത്ശേമക്കാർ അടിയേററുവീണു.
1 ശമു 6:19

**60.** ന്യായപ്രമാണം എഴുതപ്പെട്ട കൽപ്പലകകളെ ഉടമ്പടിയുടെ കൽപലകകൾ എന്ന് വിളിച്ചിരുന്നു. ആകയാൽ പെട്ടകത്തെ ഉടമ്പടിയുടെ പെട്ടകം എന്നും, ന്യായപ്രമാണത്തെ ഉടമ്പടി എന്നും വിളിച്ചിരുന്നു. ചുവടേചേർക്കുന്ന വേദഭാഗങ്ങളിൽ അത് ദൃശ്യമാകു ന്നതാണ്. (സംഖ്യ 10:33,ആവർ 4:13,23:5:2,3;9:91, യോശുവ 3:11, ഒന്ന് രാജാ 8:21 വെള്ളി 11:19;കൂടാതെ മററ് നിരവധി ഭാഗങ്ങളിലും,

ന്യായപ്രമാണത്തെ ഉടമ്പടി എന്ന് വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ ഉടമ്പടി സംയോഗത്തെ സൂചിപ്പിക്കുന്നു. ആകയാൽ കർത്താവിനെ ക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

അവൻ ജനങ്ങൾക്ക് ഉടമ്പടിയായിരിക്കും യെശ 42:6, 49:8

അവൻ ഉടമ്പടിയുടെയും അവൻെറ രക്തത്തിൻെറയും ദൂതൻ എന്നും വിളിക്കപ്പെടുന്നു. മലാ 3:1

അവൻ ഉടമ്പടിയുടെ രക്തം എന്ന് വിളിക്കപ്പെടുന്നു.

മത്താ 26:28; സെഖ9:11, പുറ 24:4–10

ആകയാൽ വചനത്തെ പഴയ ഉടമ്പടി എന്നും പുതിയ ഉടമ്പടി എന്നും വിളിക്കപ്പെടുന്നു. കാരണം സ്നേഹം, സുഹൃത്ബന്ധം, സംഘടന, അപ്രകാരം സംയോഗം എന്നിവയ്ക്കു വേണ്ടി ഉടമ്പടികൾ പ്രവേശിക്കപ്പെട്ടിരിക്കുന്നു.

**61.** ന്യായപ്രമാണത്തിൻെറ കല്പനകൾ പത്തുവചനകൾ എന്ന് വിളിക്കപ്പെടുന്നത് പുറ 24:28; ആവ 4: 13;10:4 എന്നിവയിൽ കാണാവുന്നതാണ്. അവയെ അങ്ങനെ വിളിക്കുവാൻ കാരണം പത്ത് എന്നതിൻെറ അർത്ഥം സമസ്തം (എല്ലാം) എന്നാണ് വചനം എന്നത് സത്യത്തെയും സൂചിപ്പിക്കുന്നു. പത്ത് എന്നതു കൂടുതൽ പ്രാവശ്യം ഉണ്ടായിരുന്നു. പത്ത് എല്ലാം എന്ന് സൂചിപ്പിക്കുന്നതിനാൽ സമാഗമന കൂടാരത്തിൽ പത്ത് തിരശീലകൾ ഉണ്ടായിരുന്നു. പുറ 26:1

രാജത്വം പ്രാപിപ്പാൻ പോകുന്ന ഒരു മനുഷ്യൻ പത്തുദാസന്മാരെ വിളിച്ച് അവർക്ക് പത്തു റാത്തൽ ദ്രവ്യം വ്യാപാരം ചെയ്വാനായി കൊടുത്തു എന്ന് കർത്താവു അരുളിചെയ്തു. ലൂക്ക 19:13

കർത്താവ് സ്വർഗ്ഗരാജ്യത്തെ പത്ത് കന്യകമാരോട് ഉപമിച്ചു.
മത്താ 25:1

മഹാസർപ്പത്തിന് പത്തുകൊമ്പുകളും, കൊമ്പുകളിലായി പത്ത് രാജമുടിയും ഉണ്ടായിരുന്നെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. വെളി 12:13

അപ്രകാരംതന്നെ കടലിൽനിന്ന് കയറി വരുന്ന മൃഗം (വെളി 13:1) പിന്നെ മറെറാരു മൃഗം. വെളി 17:3,7

അതുപോലെ തന്നെ ദാനിയേൽ പ്രവചനത്തിലെ മൃഗം. ദാനി 7:7,20,24

അതുപോലെതന്നെ പത്തിൻേറതായ മററുപല ഉദാഹരണങ്ങളും ഉണ്ട്. ലേവ്യ 26;26 സെഖ 8:23കൂടാതെ മറ്റിടങ്ങളിലും

ആയതുകൊണ്ട് ദശാംശം അർത്ഥമാക്കുന്നത് ആകെ ഉള്ളതിൽ നിന്ന് ഒരു അംശം

7

**എല്ലാവിധത്തിലുമുള്ള കുലപാതകവും വ്യഭിചാരവും, മോഷണവും, കള്ളസാക്ഷ്യവും അവയോടുകൂടെയുള്ള ആസക്തികളായ തിന്മകളെ പാപങ്ങളായി വർജ്ജിക്കേണ്ടിയിരിക്കുന്നു.**

**62.** സീനായുടെ ന്യായപ്രമാണം രണ്ടു കല്പലകകളിൽ എഴുത പ്പെട്ടിരുന്നു എന്നു വളരെ അറിവുള്ളതാണ്. ഒന്നു ദൈവത്തോടു ബന്ധ പ്പെട്ടിരിക്കുന്നതും മറ്റേതു മനുഷ്യനോടു ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളും ഉള്ളടങ്ങിയിട്ടുള്ളതാണ്. ആ ഒന്നാമത്തെ കൽപലക ദൈവത്തിനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ഉള്ളടങ്ങിയിരിക്കുന്നു, രണ്ടാമത്തെ കൽപലക മനുഷ്യനോട് ബന്ധപ്പെട്ട എല്ലാകാര്യങ്ങളും ഉള്ളടങ്ങി യിരിക്കുന്നു എന്നതു അക്ഷരത്തിൽ വെളിപ്പെടുന്നില്ല. എല്ലാ വരികളും അവയിലുള്ള എല്ലാ കാര്യങ്ങളും സാരാംശത്തിൽ അവയെ പത്തു വചനങ്ങൾ എന്നുകൂടി വിളിക്കപ്പെട്ടിരിക്കുന്നു. എന്നത് മുകളിൽ 61-ാംമത്തെ ഘണ്ഡികയിൽ കാണാനായേക്കും എന്നാൽ അതിലുള്ള എല്ലാക്കാര്യങ്ങളും എങ്ങനെയെന്നു ഹൃസ്വവാക്കുകളിൽ വിവരിക്കാ നാവില്ല. എന്നിരുന്നാലും തിരുവെഴുത്തുകളെ സംബന്ധിച്ചുള്ള ഉപദേശം അതിൻെറ 67-ാം ഖണ്ഡികയിൽ തെളിയിക്കപ്പെട്ടിരിക്കുന്നതിൽ നിന്ന് ഉൾകൊള്ളുവാനാകുന്നതാണ്. ആകയാൽ ഇതിൽ എല്ലാത്തരത്തിലുള്ള കുലപാതകം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം എന്നിവയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

**63** ന്യായപ്രമാണം നിവർത്തിക്കുവാൻ ഒരുവനും കഴിയില്ല എന്നുള്ളതായ ഒരു മതപരമായ പ്രേരണം പ്രബലപ്പെട്ടിട്ടുണ്ട്. ന്യായപ്രമാണം ഇതാണ് കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത് എന്നിങ്ങനെ പൗരസാന്മാർഗ്ഗീക ജീവിതത്തിൽ നിന്നും ന്യായപ്രമാണത്തിൻെറ ഈ ചട്ടം നിവർത്തിക്കുവാൻ എല്ലാ പൗരസാന്മാർഗ്ഗീക മനുഷ്യനും കഴിയുന്നതാണ് എന്നാൽ ആത്മീയ ജീവിതത്തിൽ നിന്നും അത് അവന് നിറവേററാൻ കഴിയുമെന്നതിനെ മതപരമായ പ്രേരണ നിഷേധിക്കുന്നു. ലോകം വിട്ടതിനുശേഷം നഷ്ടങ്ങളേയും ശിക്ഷവിധികളേയും ഒഴിവാക്കാനല്ല പിന്നെയോ ഈ ലോകത്തിൽ നഷ്ടങ്ങളും ശിക്ഷാവിധികളും തീർത്തും ഒഴിവാക്കാനായി ഈ തിന്മകൾ ചെയ്യുന്നതിൽ നിന്നും ഒഴിഞ്ഞിരിക്കാനുള്ളതാണ് ഈ

കൽപനകൾ എന്നാകുന്നു. ആകയാൽ മതപരമായ പ്രേരണയിൽ പ്രംബലപ്പെട്ടിട്ടുള്ള മുകളിൽ സൂചിപ്പിച്ചിട്ടുള്ള മനുഷ്യൻ ഈ തിന്മകൾ ദൈവത്തിൻെറ ദൃഷ്ടിയിൽ നിയമാനുസൃതമാണെന്നും എന്നാൽ ലോകത്തിൻെറ ദൃഷ്ടിയിൽ നിയമവിരുദ്ധമാകുന്നു എന്നാണ് ചിന്തിക്കുന്നത്.

ഈ ചിന്തയുടെ പേരിൽ മനുഷ്യൻ ഈ എല്ലാ തിന്മകളുടേയും ആസക്തിയിലാണെന്നും ലോകത്തിൻെറ പേരിൽ അവ ചെയ്യുന്നതിൽ നിന്ന് കേവലം ഒഴിഞ്ഞിരിക്കണമെന്നു മാത്രമാണ് അവൻെറ മതപരമായ പ്രേരണ. കുലപാതകമോ, വ്യഭിചാരമോ, മോഷണമോ. കൂടാതെ കള്ളസാക്ഷ്യമോ, ചെയ്യാത്ത അന്തരത്തിലുള്ള മനുഷ്യൻ മരണാനന്തരം അത് ചെയ്യുന്നതിന് ആഗ്രഹിക്കുന്നുവെന്നും ലോകത്തിൽ അവനു ണ്ടായിരുന്ന ബാഹ്യതലം അവനിൽ നിന്നു എടുത്തുകളയുമ്പോൾ അവൻ അത് വീണ്ടും ചെയ്യുന്നു. എല്ലാ ആഗ്രഹവും മരണാനന്തരം മനുഷ്യനോടൊപ്പം അവശേഷിക്കുന്നു. ആകയാൽ അത്തരത്തിലുള്ള വ്യക്തികൾ നരകവുമായുള്ള ഐക്യത്തിൽ പ്രവർത്തിക്കുകയും മറിച്ചു ആവാനാവില്ല, അങ്ങനെയുള്ളവർ നരകത്തിൽ അനവധിയുണ്ടാകും.

കുലചെയ്യുവാൻ ആഗ്രഹിക്കുന്നില്ല, വ്യഭിചാരംചെയ്യുന്നില്ല, മോഷ്ടിക്കുന്നില്ല, കള്ളസാക്ഷ്യം പറയുന്നില്ല, ഇവയെല്ലാം ദൈവത്തിനെ തിരായ് ചെയ്യുന്നതുകൊണ്ട് ഈ തിന്മകൾ ചെയ്യാത്തവരെ മററൊരു കൂട്ടം കാത്തിരിക്കുന്നു. ഇത്തരം തിന്മകൾക്കെതിരായ് അൽപം പോരാട്ടങ്ങൾക്ക് ശേഷം അനന്തരം അവർ ഈ തിന്മകളെ ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല. അവരിൽ തന്നെയുള്ള അധമവും പൈശാചികവുമായ പാപങ്ങളാണു അവയെന്ന് അവർ ഹൃദയത്തിൽ പറയുന്നു. മരണത്തെ തുടർന്ന് ഈ ലോകത്തിൽ അവർക്ക് ഉപയോഗത്തിൽ ഉണ്ടായിരുന്ന ബാഹ്യതയെ അവരിൽനിന്നും എടുത്തുകളയുമ്പോൾ അവർ സ്വർഗ്ഗത്തോടുകൂടെ ഐക്യത്തിൽ പ്രവർത്തിക്കുന്നു, കർത്താവിൽ അവർ ആയിരിക്കുന്നതു കൊണ്ട് അവരും സ്വർഗ്ഗത്തലേക്ക് വരുന്നു.

**64.** പാപങ്ങളിൽനിന്നും ഒഴിയുന്നതിനു മാനസ്സാന്തരപ്പെടുന്നതിനും, ഒരു മനുഷ്യൻ തന്നെതന്നെ പരിശോധിക്കേണ്ടിയിരിക്കുന്നു എന്നത് എല്ലാ മതങ്ങളിലും ഉള്ള ഒരു പൊതുസിദ്ധാന്തമാണ്. അപ്രകാരം അവൻ അത് ചെയ്യുന്നില്ലെങ്കിൽ അവൻ നാശത്തിന്റെ അവസ്ഥയിൽ ആണ്. ഈക്കാര്യം എല്ലാ മതങ്ങളിലും പൊതുവാണെന്നുള്ളത് മുകളിൽ പ്രസ്താവിച്ചിട്ടുള്ള 4 മുതൽ 8വരെയുള്ള ഖണ്ഡികയിൽ ദർശിക്കാനാവുന്നതാണ്. മുഴു ക്രീസ്തീയ ഗോളത്തിലും പത്തുകൽപനകൾ പഠിപ്പിക്കുന്നത് പതിവാണ്, അതിലൂടെ കുട്ടികളെ ക്രീസ്തീയ മതത്തിലേക്കു അംഗമാക്കുന്നു അതിനായ് കുട്ടികളുടേയും യുവാക്കളുടേയും പക്കൽ പത്തു കൽപനയുണ്ട്. മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികൾക്ക് ഈ തിന്മകൾ ചെയ്യുന്നത് ദൈവത്തിനെതിരായ് ചെയ്യുന്ന പാപമാണെന്ന്

പറയുന്നു. അവർ കുട്ടികളോട് ഈ കാര്യം പറയുമ്പോൾ തന്നെ അവർക്ക് ഇത് എന്തെന്നു മററൊന്നും അറിയുന്നില്ല. അതേ മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികൾ മുതിർന്ന യുവാക്കളാകുമ്പോൾ അവർ ന്യായപ്രമാണത്തിനും കീഴിലല്ലെന്നും ന്യായപ്രമാണം ആവശ്യപ്പെടുന്നത് അവർക്കു ചെയ്യാനാവില്ലെന്നും ചിന്തിക്കുമ്പോൾ ആരാണ് അപ്പോൾ ആശ്ചര്യപ്പെടുന്നത്? അവരെ പ്രീതിപ്പെടുത്തുന്ന കാപട്യങ്ങളും അവർ സ്നേഹിക്കുന്ന തിന്മകളാക്കാൾ ഏറെ ഇപ്രകാരം ചിന്തിക്കുന്നതിന് ശീലിപ്പിക്കുന്ന വേറെ എന്തെങ്കിലും കാരണങ്ങൾ ഉണ്ടായിരിക്കുമോ? ആയതുകൊണ്ട് ഇവയാണ് അവരെ പത്തുകൽപനകളുടെ ചട്ടങ്ങൾ അവരുടെ മതചട്ടങ്ങൾ ആക്കാത്തത്. മതം കൂടാതെ ജീവിക്കുന്ന അപ്രകാരമുള്ള വ്യക്തികളെ വിശ്വാസത്തെ സംബന്ധിച്ചുള്ള ഉപദേശത്തിൽ കാണുന്നതായിരിക്കും.

ലോകത്തിൻെറ ദൃഷ്ടിയിൽ നിയമവിരുദ്ധമാകുന്നു എന്നാണ് ചിന്തിക്കുന്നത്.

**65.** ലോകത്തിലെമ്പാടുമുള്ള ജനതകൾക്കിടയിൽ ആർക്കെല്ലാം മതമുണ്ടൊ അവിടെ പത്തുകൽപനയിലുള്ളതിനു സമാനമായ ചട്ടങ്ങൾ അവിടെയുണ്ട്. ആ മതങ്ങളിൽ നിന്നു അത്തരത്തിലുള്ള ചട്ടങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ഏതൊരുവനും രക്ഷിക്കപ്പെടും എന്നാൽ ജീവിക്കാത്തവർ ശിക്ഷാവിധിയിൽ ആകുന്നു. മതത്തിൽ നിന്നുള്ള അത്തരം ആളുകൾ അതിനനുസരിച്ച് ജീവിക്കുമ്പോൾ മരണാനന്തരം അവരെ സത്യത്തെ സ്വീകരിക്കുന്നതിനും കർത്താവിനെ അംഗീകരിക്കുന്ന തിനും അഭ്യസിപ്പിക്കുന്നു. അതിനു കാരണം സത്യത്തിൻെറ ശരിയായ സ്നേഹത്തിന്റെ നന്മയിലും സ്നേഹത്തിൻെറ ആഗ്രഹത്തിൽ നിന്നും അവയെ സ്വീകരിക്കുന്നതു കൊണ്ടാണ്. യഹുദരോട് കർത്താവിൻെറ വാക്കുകളിൽ നിന്ന് ഇതർത്ഥമാക്കുന്നു.

> അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്നു എടുത്തു അതിൻെറ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നു. മത്തായ് 21:43

> കൂടാതെ ഈ വാക്കുകളാലും: ആകയാൽ മുന്തിരിതോട്ടത്തിൻെറ ഉടയവൻ വരുമ്പോൾ അവൻ ആ വല്ലാത്തവരെ നിഗ്രഹിച്ചു തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാൻമാർക്ക് തോട്ടം ഏൽപിക്കും. മത്തായ് 21:40–41

ഈ വാക്കുകളാലും:

കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു........... രാജ്യത്തിൻെറ പുത്ര ാരേയോ ഏററവും പുറത്തുള്ള ഇരുളിലേക്ക് തള്ളിക്കളയും.
മത്തായ് : 8:11:12,ലുക്കോസ് : 13:29

**66**. അത് മർക്കോസിൽ നാം വായിക്കുന്നു

> ധനവനായ ഒരുവൻ യേശുവിൻെറ അടുക്കൽ വന്നിട്ട് നിത്യജീവൻ അവകാശമാക്കേണ്ടതിന് എന്തു ചെയ്യേണം എന്നു ചോദിച്ചു. യേശു അവനോടു ഉത്തരം പറഞ്ഞു. നീ കൽപനകൾ അറിയുന്നുവോ? നീ വ്യഭിചാരം ചെയ്യരുത്, കുലചെയ്യരുത്, മോഷ്ടിക്കരുത്, നീ കള്ളസാക്ഷ്യം പറയരുത്, ചതിക്കരുത് നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്കണം, അവൻ ഉത്തരവായി ഗുരോ ഇത് ഒക്കേയും ഞാൻ ചെറുപ്പം മുതൽ പ്രമാണിച്ചു വരുന്നു എന്നു പറഞ്ഞു. യേശു അവനെ നോക്കി അവനെ സ്നേഹിച്ചു. ഒരു കുറവ് നിനക്കുണ്ട്, നീ പോയി നിനക്കുള്ളത് എല്ലാം വിററു ദരിദ്രർക്കു കൊടുക്കു എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്നു എന്നെ അനുഗമിക്ക എന്ന് പറഞ്ഞു. മർക്കോസ് 10:17-22

ഇവിടെ യേശു അവനെ സ്നേഹിച്ചുവെന്നു പറഞ്ഞിരിക്കുന്നു. ഇതിനു കാരണം അവൻെറ ചെറുപ്പം മുതൽ കൽപ്പനകൾ അനുസരിക്കുന്നു എന്ന് പറഞ്ഞതു കൊണ്ടായിരുന്നു. പക്ഷെ അവനിൽ മൂന്നുകാര്യങ്ങൾ കുറവുണ്ടായിരുന്നു. ഒന്നു അവൻ അവൻെറ ഹൃദയം സമ്പത്തിൽ നിന്നു നീക്കിയിട്ടുണ്ടായിരുന്നില്ല, രണ്ടാമത് ആഗ്രഹങ്ങളോട് പോരാടിയിട്ടുണ്ടായിരുന്നില്ല, മൂന്നാമതായി കർത്താവിനെ ഇതുവരേയും ദൈവമായി അംഗീകരിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് കർത്താവ് അവനുള്ളതെല്ലാം വിൽക്കുവനായി പറഞ്ഞു, അതിനെ അർത്ഥമാക്കുന്നത് സമ്പത്തിൽ നിന്നും അവൻെറ ഹൃദയം നീക്കണമെന്നും, ക്രൂശ് വഹിക്കണമെന്നും പറഞ്ഞതിനെ അർത്ഥമാക്കുന്നത് അവൻ ആഗ്രങ്ങൾക്കെതിരായ് പോരാടണമെന്നാണ് കർത്താവിനെ അനുഗമിക്കണമെന്നു പറഞ്ഞതർത്ഥമാക്കുന്നത് കർത്താവിനെ ദൈവമായി അംഗീകരിക്കണമെന്നുമാണ് കർത്താവ് ഈ വാക്കുകളാൽ അരുളിചെയ്തത്. അവൻെറ എല്ലാ വാക്കുകളും സാദൃശ്യമാക്കിയ തിനാലാണ് (തിരുവെഴുത്തുകളെ സംബന്ധിച്ചുള്ള ഉപദേശം ഖണ്ഡിക 17 കാണുക) അതിനാൽ ഒരുവൻ കർത്താവിനെ അംഗീകരിക്കുകയും സമീപിക്കയും ചെയ്യുന്നതുവരെ അവനു തിന്മകളെ പാപങ്ങളായി വർജ്ജിക്കാനാവില്ല, തിന്മകൾക്കെതിരായി അവൻ പോരാടുന്നതു വരേയും ആ വഴി ആസക്തിയേയും നീക്കുന്നതിനും.

8

**എത്രത്തോളം ഒരുവൻ എല്ലാവിധ കുലപാതകങ്ങളെയും പാപങ്ങളായി വർജ്ജിക്കുന്നുവോ അത്രത്തോളം അയാൾക്ക് അയൽക്കാരനോട് സ്നേഹം ഉണ്ട്.**

**67.** സകലവിധ കുലപാതങ്ങളെയും എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എല്ലാവിധ ശത്രുതയും, വിദ്വേഷവും, പ്രതികാരവും, കുലപാതകപരമായ

ലക്ഷ്യത്തെ പോഷിപ്പിക്കുന്ന പ്രതികാര ചിന്തകളെന്നും കൂടിയാണു. കാരണം എന്തെന്നാൽ അവയിൽ കുലപാതകം ഗുപ്തമായി നിലകൊള്ളുന്നുണ്ട്. ചാരത്തിനടിയിൽ തീക്കനൽ ഒളിഞ്ഞിരിക്കുന്ന തുപോലെ, പ്രതികാരത്തിനായി എരിയുന്നതും വിദ്വേഷത്താൽ ചീർക്കുന്നതും ഇതിനോടു താരതമ്യം ചെയ്യുമ്പോൾ നരകാഗ്നി ഒന്നുമല്ല. ആത്മീയാർത്ഥത്തിൽ മനുഷ്യരുടെ ദേഹികളെ നശിപ്പിക്കുന്നതും എല്ലാവിധത്തിലുള്ള കുലപാതകങ്ങളും കൊല്ലുക എന്നർത്ഥമാക്കുന്നു, ഇതിൻെറ പ്രവർത്തന രീതികൾ വിവിധവും, നിരവധിയുമാകുന്നു. അത്യന്തീകാർത്ഥമാകട്ടെ, കർത്താവിനെ വെറുക്കുന്നു എന്ന് ആകുന്നു. ഈ മൂന്ന് തരം കുലപാതകങ്ങളും ഒന്നായി വർത്തിക്കുന്നു, അവ പരസ്പരം ബന്ധിതവുമാണ്, എങ്ങനെ എന്നാൽ, ഒരു മനുഷ്യൻെറ ശരീരത്തെ കൊല്ലുവാൻ ഇച്ഛിക്കുന്ന ഒരുവൻ, ഈ ഭൂമിയിൽ മാത്രമല്ല, മരണാനന്തര ലോകത്തിലും കുലപാതകം നടത്തുന്നു, ആ മനുഷ്യൻെറ ദേഹിയെ മരണാനന്തരം കൊല്ലുകയാണ് ചെയ്തിരിക്കുന്നത്. അയാൾ കർത്താവിനെയും കൊല്ലാൻ ഇച്ഛിക്കുന്നുണ്ട്. കാരണം എന്തെന്നാൽ അയാൾ കർത്താവിന് എതിരായി കോപം കൊണ്ട് ജ്വലിക്കുകയും അവൻെറ നാമത്തെ തുടച്ചു നീക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

**68.** ഈ വിധമായ കുലപാതകങ്ങൾ മനുഷ്യനിൽ ജന്മനാൽ അന്തർലീനമായിരിക്കുകയാണ്. എന്നാൽ ശൈശവം മുതൽ തന്നെ ഒരുവൻ ഈ പ്രവണതയെ മറക്കുവാൻ പഠിക്കുന്നു. ലോകജീവിത മററു മനുഷ്യരോടൊത്ത് പരിശീലിക്കേണ്ടതായ നാഗരികതയുടെയും, ധാർമ്മികതയുടേതുമായ ജീവിതത്തിൻെറ സിദ്ധാന്തങ്ങൾ കൊണ്ട് അവൻ അത്തരം പ്രവണതകളെ മറെയ്ക്കുന്നു. മാത്രവുമല്ല അവൻ ബഹുമാന ത്തെയും, ലാഭങ്ങളെയും, നേട്ടങ്ങളെയും എത്രമാത്രം ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നുവോ അത്രമാത്രം അവൻ ശ്രദ്ധാലുവും കരുതലുള്ളവനും ആയിരിക്കും. ഈ തിൻമകൾ അവന്റെ ആന്തരികതയെ രൂപപ്പെടുത്തുമ്പോൾ ജീവിതത്തിന്റെ ഈ രീതി അവന്റെ ബാഹ്യതല മാകുന്നു. മനുഷ്യനിൽ അവന്റെ തന്നെ പ്രകൃതി അത്തരത്തിലാണു. മരണാനന്തരം അവൻെറ ശരീരത്തോടൊപ്പമുള്ള ബാഹ്യതകൾ ഉരിഞ്ഞൂ മാറ്റിയ ശേഷം അവന്റെ ആന്തരീകത വീണ്ടൂ കൊള്ളുന്നു, അവൻ നവീകരിക്കപ്പെട്ടില്ലെങ്കിൽ ഒരു പിശാച് എന്താകുന്നുവെന്നു ഇതിനാൽ സ്പഷ്ടമാകുന്നു.

**69.** ജൻമനാൽ തന്നെ മനുഷ്യനിൽ ആന്തരീകമായി അവനിൽ ഗുപ്തമായിരിക്കുന്ന കൊലപാതക രീതികൾ മുകളിൽ സൂചിപ്പിച്ചു പറഞ്ഞിരിക്കുന്നതു പോലെ, മോഷണത്തിന്റെ എല്ലാ രീതിയും കള്ള സാക്ഷ്യത്തിന്റെ എല്ലാ രീതിയും അവയുടെ ആസക്തികളെ കുറിച്ച് ഇപ്പോൾ ചിലതു പറയുന്നതായിരിക്കും, കർത്താവു നവീകരണത്തിന്റെ മുഖാന്തരങ്ങൾ കരുതിയിട്ടില്ലായിരുന്നുവെങ്കിൽ അവനു നവീകരിക്ക പ്പെടുവാൻ കഴിയുമായിരുന്നില്ല എന്നാൽ അവൻ നിത്യമായി നഷ്ടപ്പെട്ടു

പോകുമായിരുന്നു എന്നതു വളരെ വ്യക്തമാണു. കർത്താവിനാൽ കരുതിയിട്ടുള്ള നവീകരണത്തിന്റെ മുഖാന്തരങ്ങൾ ഇവയാണു: മനുഷ്യൻ തികഞ്ഞ അജ്ഞതയിൽ ജനിച്ചിരിക്കുന്നു, ഒരു ശിശു ആയി അൽപ കാലം ബാഹ്യ നിഷ്കളങ്കതയിലും, ശേഷം പൊടുന്നനെ ബാഹ്യ സാർവത്രീക സ്നേഹത്തിലും, പിന്നീട് ബാഹ്യ സൗഹൃദത്തിന്റെ നിലയിലും എന്നാൽ അവന്റെ സ്വന്തം അവബോധത്തിൽ നിന്നുള്ള ചിന്തയെ ഉദ്യമിക്കുന്നതിനായി വരുന്നതിനനുസരിച്ചു യുക്തിക്കനുസരിച്ചു പ്രവൃത്തിക്കുന്നതിന്റെ ഒരു പ്രത്യേക സ്വാതന്ത്ര്യത്തിൽ അവനെ സൂക്ഷിക്കുന്നു. ഈ അവസ്ഥയാണു മുകളിൽ 19-ാം നമ്പർ ഖണ്ഡികയിൽ വിവരിച്ചിട്ടുള്ളത്, തുടർന്നു വരുന്ന വിശദീകരണത്തിൻ മേൽ വിവരണങ്ങൾ ആവർത്തിക്കുന്നതായിരിക്കും:

മനുഷ്യൻ ഭൂമിയിൽ ആയിരിക്കുമ്പോൾ അവൻ നരകത്തിനും സ്വർഗ്ഗത്തിനും ഇടയിലാണ്. താഴെ നരകവും മുകളിൽ സ്വർഗ്ഗവും, നരകത്തിലേക്കോ സ്വർഗ്ഗത്തിലേക്കോ തിരിയുവാൻ മനുഷ്യന് സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കയുമാണ്. അവൻ സ്വയം നരകത്തിലേക്ക് തിരിയുകയാണെങ്കിൽ അവൻ സ്വർഗ്ഗത്തിൽ നിന്ന് അകന്നു പോകുകയാണ്. എന്നാൽ അവൻ സ്വയം സ്വർഗ്ഗത്തിലേക്ക് തിരിയുന്ന പക്ഷം അവൻ നരകത്തിൽ നിന്ന് അകന്നു പോകുന്നതുമാണ്. അല്ലെങ്കിൽ മറിച്ചു എന്താണോ അതിലേക്കു. മനുഷ്യൻ ഭൂലോകത്തിൽ ആയിരിക്കുമ്പോൾ അവൻ കർത്താവിനും പിശാചിനും(നരകത്തിനും) ഇടയിലാണ് നിലകൊള്ളുന്നത്. മാത്രവുമല്ല കർത്താവിലേക്കൊ അല്ലെങ്കിൽ പിശാചിലേക്കോ തിരിയുവാനുള്ള സ്വാതന്ത്ര്യത്തിൽ അവനെ സുക്ഷിച്ചിരിക്കുന്നു. അവൻ പിശാചിന് നേരെയാണ് തിരിയുന്നതെങ്കിൽ അവൻ കർത്താവിൽനിന്ന് അകന്നു പോകുന്നു. എന്നാൽ അവൻ കർത്താവിങ്കലേക്ക് തിരിയുന്നു എങ്കിൽ അവൻ പിശാചിൽനിന്ന് അകന്നു പോകുന്നു. അല്ലെങ്കിൽ സമാനമായ എന്താണോ അതിലെക്കു. മനുഷ്യൻ ഭൂലോകത്തിൽ ആയിരിക്കുമ്പോൾ അവൻ തിന്മയ്ക്കും നന്മയ്ക്കും ഇടയിലാകുന്നു. അതുപോലെതന്നെ അതിൽ ഏതെങ്കിലും ഒരെണ്ണത്തി ലേക്ക് തിരിയുവാനുള്ള സ്വാതന്ത്രത്തിലുമാണ്. അവൻ തിന്മയിലേക്ക് തിരിഞ്ഞാൽ അവൻ നന്മയിൽനിന്ന് അകലുന്നു. പക്ഷേ നന്മയിലേക്ക് തിരിഞ്ഞാലോ, അയാൾ തിന്മയിൽ നിന്ന് അകലുകയും ചെയ്യുന്നു.

ഇതാണ് 19-ാം ഖണ്ഡികയിൽ, മുകളിൽ ഒരിടത്ത് കാണുന്നത് അതെ തുടർന്നുള്ള 20-22 ഖണ്ഡികകളും നോക്കുക.

**70**. അങ്ങനെ, തിന്മയും നന്മയും രണ്ട് വിപരീതസംഗതികൾ ആകുന്നു. ചുരുക്കത്തിൽ നരകത്തെയും സ്വർഗ്ഗത്തെയും പോലെ, അഥവാ സാത്താനെയും സ്വർഗ്ഗത്തെയും പോലെ ഇതിൽ നിന്ന് വ്യക്തമാക്കു ന്നത്, ഒരു മനുഷ്യൻ തിന്മയെ പാപം ആയി വർജ്ജിക്കുന്നു എങ്കിൽ അവൻ നന്മയിലേക്കു വരുന്നു. അത് തിന്മയ്ക്ക് വിരുദ്ധവുമാണ്. കൊലപാത

കമെന്ന തിന്മയ്ക്ക് എതിരായുള്ളത് സ്നേഹം എന്ന നന്മയാകുന്നു. അതായത് അയൽക്കാരനോടുള്ള സ്നേഹം.

**71.** നന്മയും, തിന്മയും തമ്മിൽ എതിര് ആകയാൽ അതിൽ പിമ്പനെ മുമ്പിൻ നീക്കം ചെയ്യുന്നതാണ്. രണ്ട് വിപരീത കാര്യങ്ങൾക്ക് ഒരുമിച്ച് നിലനില്ക്കാൻ കഴിയുന്നതല്ല. എങ്ങനെയെന്നാൽ സ്വർഗ്ഗത്തിനും നരകത്തിനും ഒരുമിച്ച് സ്ഥിതി ചെയ്വാൻ കഴികയില്ല. അവ രണ്ടും ഒരുമിച്ചുണ്ടെങ്കിൽ ഉഷ്ണവാനും ശീതവാനും അല്ലാത്ത, ശീതോഷ്ണസ്ഥിതി ഉണ്ടായേക്കും വെളിപ്പാടിൽ ഇതെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ.

> നീ ഉഷ്ണവാനുമല്ല ശീതാവാനും അല്ല. ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാൻ ആകയാൽ നിൻെറ എൻെറ വായിൽനിന്ന് ഉമിണ്ണുകളയും. വെള 3:15,16

**72.** മനുഷ്യൻ കുലപാതകത്തിൻെറ തിന്മയിൽ അല്ലാതിരിക്കുന്നേടത്തോളവും, അയൽക്കാരനെ സ്നേഹിക്കുവാനുള്ള നന്മയിൽ ആയിരിക്കുന്നേടത്തോളവും അവൻ ചെയ്യുന്നവ ആ സ്നേഹത്തിൻെറ നന്മയിൽ നിന്നുള്ളതു ആയിരിക്കുന്നതാണ്. തത്ഫലമായി അത് ഒരു സത്പ്രവൃത്തി ആയിരിക്കുന്നതാണ്. ഒരു പുരോഹിതൻ നന്മയിൽ പരിശീലിതനായിരിക്കുന്നതു കൊണ്ട് അയാൾ മിക്കപ്പോഴും ഉപദേശിക്കുകയും, ആളുകളെ നയിക്കുകയും ചെയ്യുന്നു. കൂടാതെ ആത്മാക്കളെ രക്ഷിക്കുന്നു. ഇതെല്ലാം തൻെറ സ്നേഹത്തിൻെറ നന്മയിൽനിന്നാണ് ചെയ്യുന്നത്. നന്മയിൽ പരിശീലിതനായ ഒരു മജിസ്ട്രേററ് തൻെറ രാജ്യത്തോടും, സമാജത്തോടും, സഹപൗരന്മാരോടുള്ള ധാർമ്മികവും നിയമപരവുമായ ചുമതല മുഖേന നല്ല പ്രവൃത്തിയാണ് ചെയ്യുന്നത്. വിസ്താരം കേട്ട് ന്യായങ്ങൾ സമാഹരിച്ച് അദേഹം ജനനന്മയ്ക്കായുള്ള ന്യായം വിധിക്കുന്നു. അപ്രകാരം തന്നെ ഒരു വ്യാപാരിയും സൽപ്രവൃത്തിയാണ് ചെയ്യുന്നത്. അയാൾ നന്മയിലായിരുന്നാൽ അയാളുടെ വ്യാപാരപ്രവൃത്തികൾ എല്ലാം സമൂഹനന്മയ്ക്കു വേണ്ടി തന്നെ ആയിരിക്കും. അയല്ക്കാര നോടുള്ള സ്നേഹം അതിൽ കാണാവുന്നതാണ്. അയല്ക്കാരൻ എന്നാൽ അവൻെറ രാജ്യം, അവൻെറ സമാജം, അവൻെറ സേവകന്മാർ സേവകന്മാരുടെ സംരക്ഷണം അയാളുടെ ചുമതലയാണല്ലൊ അങ്ങനെ ഏവർക്കും ആവശ്യമായ നന്മ, അയാൾക്കു വേണ്ടി ഉള്ളതും, അയാൾ നിർവ്വഹിക്കുന്നു. അതുപോലെ തന്നെയാണ് ഒരു തൊഴിലാളിയും. അയാളുടെ തൊഴിൽ കാര്യങ്ങളുടെ നന്മയിൽ തല്പരനാണെങ്കിൽ അതിൻെറ സ്വാധീനശക്തികൊണ്ട് അയാൾ മററുള്ളവർക്കു വേണ്ടിയും അയാൾക്കു വേണ്ടിയും വിശ്വസ്തതയോടെ പ്രവൃത്തികൾ ചെയ്യുന്നു. മററുള്ളവരുടെ കാര്യങ്ങൾ അയാളുടേതെന്ന പോലെയും മററുള്ളവർക്ക്

നഷ്ടം ഉണ്ടായാൽ അത് അയാൾക്കു നഷ്ടമുണ്ടാകുന്നതായി ശങ്കിച്ചുകൊണ്ടും അയാൾ ആത്മാർത്ഥമായാണ് പ്രവർത്തിക്കുന്നത്. അവരുടെ പ്രവർത്തനങ്ങൾ എല്ലാം നന്മയുള്ളവയാണ് കാരണം എന്തെന്നാൽ അയാൾ തിന്മയെ വർജ്ജിച്ചിരിക്കയാണ്. അപ്രകാരം അയാൾക്ക് നന്മ ചെയ്യാൻ കഴിയും. മുകളിൽ നമ്പർ 21 ഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്ന പൊതുനിയമം അനുസരിച്ച് തിന്മകളെ വർജ്ജിക്കുന്നവന് നന്മകൾ ചെയ്യുവാൻ കഴിയും. അത് അവനിൽ നിന്നല്ല പിന്നെയോ കർത്താവിൽ നിന്ന് ആകുന്നു. നമ്പർ 18–31 ഖണ്ഡികകൾ നോക്കുക.

എന്നാൽ സംഗതികൾ മറിച്ച് ആയിരിക്കും തിന്മകളെ പാപമെന്ന് അറിഞ്ഞ് വർജ്ജിക്കാത്തവരുടെ കാര്യങ്ങൾ കൊലപാതകം, ശത്രുത, വിദ്വേഷം, പ്രതികാരം മുതലായ മററു പല തിന്മകളെ പാപമെന്ന് തിരിച്ചറിയാത്തവർ ചെയ്യുന്നകാര്യങ്ങൾ ഒരു പുരോഹിതനായിരുന്നാലും, മജിസ്ട്രട്ട് ആയിരുന്നാലും, വ്യാപാരി ആയിരുന്നാലും, തൊഴിലാളി ആയിരുന്നാലും അവൻ ചെയ്യുന്ന കാര്യങ്ങൾ നന്മയുടേത് ആയിരിക്കയില്ല. എന്തുകൊണ്ടെന്നാൽ അവരുടെ പ്രവൃത്തികൾ അവരുടെ അന്തർഭാഗത്തുള്ള തിന്മയുമായി ബന്ധപ്പെട്ടാണ് ഉണ്ടാകുന്നത്. അവൻെറ അന്തരംഗമാണ് അവൻെറ പ്രവൃത്തിയെ ഉല്പാദിപ്പിക്കുന്നത്. ബാഹ്യമായി നല്ലതായി തോന്നാം, പക്ഷേ മററുള്ളവർക്കു വേണ്ടി മാത്രം അവനായിട്ടല്ല താനും.

**73.** വചനത്തിൻെറ അനവധി ഇടങ്ങളിൽ കർത്താവ് സ്നേഹത്തിൻെറ നന്മയെക്കുറിച്ച് പഠിപ്പിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽ അയൽക്കാരനുമായി നിരപ്പാകുവാൻ കൽപ്പിക്കുന്നു.

> ആകയാൽ നിൻെറ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിൻെറനേരെ വല്ലതുംഉണ്ടെന്ന് അവിടെവച്ച് ഓർമ്മ വന്നാൽ നിൻെറ വഴിപാട് അവിടെ യാഗപീഠത്തിൻെറ മുമ്പിൽ വെച്ചേച്ച് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊൾക പിന്നെവന്ന് നിൻെറ വഴിപാട് കഴിക്ക നിൻെറ പ്രതിയോടുക്കൂടെ വഴിയിൽ ഉള്ളപ്പോൾ തന്നേ വേഗത്തിൽ അവനോട് ഇണങ്ങി ക്കൊൾക. അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും, ന്യായാധിപൻ ചേവകനും ഏല്പിച്ചിട്ട് നീ തടവിൽ ആയിപ്പോകും. ഒടുവിലത്തെ കാശുപോലും കൊടുത്തു തീരുവോളം നീ അവിടെ നിന്ന് പുറത്തു വരികയില്ല എന്ന് ഞാൻ സത്യമായിട്ട് നിന്നോട് പറയുന്നു. മത്താ 5: 23 – 26

സഹോദരനോട് നിരപ്പാകുക എന്നാൽ ശത്രുതയെ വർജ്ജിക്കുക, വിദ്വേഷത്തെയും, പ്രതികാരത്തെയും ഉപേക്ഷിക്കുക എന്നൊക്കെയാണ് അർത്ഥം. അവയെ പാപമായി വർജ്ജിക്കണമെന്നത് വ്യക്തം ആണല്ലൊ. കർത്താവ് മത്തായിയുടെ സുവിശേഷത്തിൽ ഇപ്രകാരം ഉപദേശിക്കുന്നു.

മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെയാണ്. മത്താ 7:12

അപ്രകാരം നിങ്ങൾ തിന്മചെയ്യരുത്. മററുപല ഭാഗങ്ങളിലും അവൻ അത് പഠിപ്പിക്കുന്നുണ്ട്. യാതൊരു കാരണവുമില്ലാതെ സഹോദരനോടോ. അയല്ക്കാരനോടോ കോപിക്കുന്നത് കൊല്ലുക എന്നാണ് അർത്ഥം. അവനെ ശത്രുവായി പരിഗണിക്കുന്നതും കൊല്ലുകതന്നെയാണ്.

മത്താ 5 : 21, 22

9

**ഒരുവൻ എത്രമാത്രം സകലവിധ വ്യഭിചാരങ്ങളെയും പാപമായി വർജ്ജിക്കുന്നുവോ അത്രത്തോളം അവൻ പവിത്രയെ സ്നേഹി ക്കുന്നു.**

**74.** പത്തുകല്പനകളിൽ ആറാമത്തെ കല്പനയായ വ്യഭിചാരം ചെയ്യരുത് എന്നതിന്റെ അക്ഷരീകാർത്ഥത്തിലും, വേശ്യാ പ്രവർത്തനം ചെയ്യരുത് എന്നുമാത്രമല്ല, പിന്നെയോ അശ്ളീലമായ പ്രവൃത്തികൾ ചെയ്യരുത്, കാമോദ്ദീപകമായ വാക്കുകൾ സംസാരിക്കരുത്, മലീമസമായി ചിന്തിക്കരുത് എന്നും അർത്ഥമാക്കുന്നുണ്ട്. ആത്മീയ അർത്ഥത്തിൽ വ്യഭിചാരം ചെയ്യുക എന്നതിന്റെ അർത്ഥം വചനത്തിന്റെ നന്മകളെ തിന്മകൊണ്ട് മലീനമാക്കുക എന്നും, വചനത്തെ കപടീകൃതമാക്കുക എന്നും ആകുന്നു. എന്നാൽ പരമോന്നതമായ അർത്ഥതലത്തിൽ വ്യഭിചാരംചെയ്യുക എന്നതിന് കർത്താവിന്റെ ദിവ്യത്വത്തെ നിഷധി ക്കുക എന്നും തിരുവചനത്തെ കളങ്കപ്പെടുത്തുക എന്നുമാണ് അർത്ഥം. ഇവയെല്ലാം വ്യഭിചാരം ചെയ്യുക എന്നതിന്റെ അർത്ഥങ്ങൾ ആകുന്നു. പ്രകൃതിതല സ്വാഭാവിക മനുഷ്യൻ യുക്തിചിന്തയുടെ പ്രകാശത്തിൽ (ലുമെൻ) ഇപ്രകാരമായിരിക്കും മനസ്സിലാക്കുന്നത്, വ്യഭിചാരം ചെയ്യുക എന്നാൽ അശ്ലീലമായ പ്രവൃത്തികൾ ചെയ്യുക, കാമോദ്ദീപകങ്ങൾ ആയ വാക്കുകൾ സംസാരിക്കുക, മലിനമായ കാര്യങ്ങൾ ചിന്തിക്കുക എന്നിവ യാണ്. വചനത്തിന്റെ നന്മയോട് മായംകലർത്തുന്നതും, അതിന്റെ സത്യങ്ങളെ കപടീകൃതമാക്കുന്നതും വ്യഭിചാരം ചെയ്യുകയാകുന്നു. കർത്താവിന്റെ ദിവ്യത്വത്തെ നിഷേധിക്കുന്നതും വചനത്തെ മലിനം ആക്കുന്നതും വ്യഭിചരിക്കൽ ആണെന്ന് അവൻ ഒട്ടും തന്നെ അറിയുന്നില്ല. തത്ഫലമായി വ്യഭിചാരം ചെയ്യൽ പൈശാചികത്വം എന്ന് വിളിക്കപ്പെടത്തക്കവിധം അതിഭീകരമായ ഒരു തിന്മയാണെന്ന് അയാൾ അറിയുന്നില്ല. അങ്ങനെ അക്ഷരീകാർത്ഥത്തിൽ വ്യഭിചാരം ചെയ്യുന്നവൻ ആത്മീകാർത്ഥത്തിൽ വ്യഭിചാരം ചെയ്യുന്നു, മറിച്ചും അങ്ങനെ തന്നെയാകുന്നു. വിവാഹം (കല്ല്യാണം) എന്നൊരു പ്രബന്ധത്തിൽ ഇത് അപ്രകാരം തന്നെയാണെന്ന് പ്രത്യേകമായും വിവരിക്കുന്നതാകുന്നു. വിശ്വാസത്തിലും, ജീവിതത്തിലും, വ്യാഭിചാരത്തെ പാപങ്ങൾ ആയി

പരിഗണിക്കാത്തവർ ഒരുപോലെ ഒരേസമയംതന്നെ ഒരോ രീതിയിലുമുള്ള വ്യഭിചാരങ്ങളിൽ അകപ്പെട്ടുപോകും.

**75.** ഒരാൾ വ്യഭിചാരത്തെ എത്രമാത്രം വർജ്ജിക്കുന്നവോ അത്രമാത്രം അയാൾ വിവാഹത്തെ ഇഷ്ടപ്പെടുന്നു. അതുതന്നെ ഇപ്രകാരം പറയാം, ഒരാൾ എത്രമാത്രം വ്യഭിചാരത്തിൻെറ കാമോത്സുകതയെ എത്രമാത്രം വർജ്ജിക്കുന്നുവോ, അത്രമാത്രം അയാൾ വിവാഹത്തിൻെറ പവിത്രതയെ സ്നേഹിക്കുന്നു. എന്തുകൊണ്ടെന്നാൽ വ്യഭിചാരത്തിൻെറ കാമോത്സുകതയും വിവാഹത്തിൻെറ പവിത്രതയും രണ്ട് വിപരീത കാര്യങ്ങൾ ആകുന്നു. ആകയാൽ ഒരു മനുഷ്യൻ ഇവയിൽ ഒന്നിൽ അല്ലെങ്കിൽ അയാൾക്ക് മററെതിൽ ആയിരിപ്പാൻ കഴിയും. ഇത് ചുരുക്കത്തിൽ നമ്പർ 70 ഖണ്ഡികയിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള തുപോലെ ആകുന്നു.

**76**. വ്യഭിചാരത്തിൻെറ കാമോത്സുകതയെ പാപമായി വർജ്ജിക്കാത്ത ഒരാൾക്ക് വിവാഹത്തിൻെറ പവിത്രതയെ അറിയുവാൻ കഴിയുകയില്ല. ഒരു മനുഷിൻെറ ഏതൊന്നിലാണോ അതേ അയാൾക്ക് അറിയുവാൻ കഴിയൂ. മറേറത് അയാൾക്ക് അറിയുകയില്ല. ഏതെങ്കിലും വിവരണങ്ങൾ വായിച്ചിട്ടോ, സ്വയം ചിന്തിച്ചിട്ടോ അയാൾ അപ്പോൾ അല്ലാത്തതായ സംഗതിയെക്കുറിച്ച് അറിവാൻ ശ്രമിച്ചാൽ തന്നെയും അത് അവ്യക്തവും അപൂർണ്ണവുമായിരിക്കും, കേവലം നിഴലിൽ ആയിരിക്കുന്ന ധാരണ മാത്രമേ ഉണ്ടാകൂ. അനിശ്ചിതത്വം അതിൽ ഒട്ടിച്ചേർന്നിരിക്കും. അയാൾ അനുഭവിച്ച് അറിയുമ്പോൾ അത് വ്യക്തമായി അറിയും, മറേറതാകട്ടെ അറിയുമെന്ന് തോന്നിയാലും ശരിയായി അറിയാത്തതും ഇനി അറിഞ്ഞാലേ അറിവാൻ കഴിയൂ എന്ന പ്രകാരത്തിലും ആയിരിക്കും. ആകയാൽ അയാൾ അത് പ്രകാശത്തിൽ കാണുന്നില്ല. അനിശ്ചിതത്വമില്ലാതെ അറിയുന്നതുമില്ല. നരകവും സ്വർഗ്ഗവും തമ്മിൾ പരസ്പരം വുരുദ്ധമായിരിക്കുന്നതുപോലെയാണ് വ്യഭിചാരത്തിൻെറ കാമോത്സുകതയും വിവാഹത്തിൻെറ പവിത്രതയും അപ്രകാരംതന്നെ വ്യഭിചാരത്തിൻെറ കാമോത്സുകത മനുഷ്യന് നരകത്തെ സൃഷ്ടിച്ചുകൊടുക്കുന്നു. എന്നാൽ വിവാഹത്തിൻെറ പവിത്രത അവന് സ്വർഗ്ഗത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. വ്യഭിചാരത്തിൻെറ കാമോത്സുകത പാപമായ തിന്മയായിവർജ്ജിക്കുന്ന ഒരാൾക്കു മാത്രമേ വിവാഹത്തിൻെറ പവിത്രത കണ്ടത്തുവാനും കഴിയുകയുള്ളൂ താഴെ നമ്പർ 111 ഖണ്ഡികകാണുക.

**77.** ഈ വിചിന്തനങ്ങളിൽ നിന്നും അനുമാനിക്കാൻ കഴിയുന്നതും കണ്ടെത്താൻ കഴിയുന്നതുമായ സംഗതിയാണ് ഒരു വ്യക്തി ക്രിസ്ത്യാനിയാണോ, അല്ലേ എന്നത്. അതുപോലെ തന്നെയാണ് ഒരുവന് മതമുണ്ടോ ഇല്ലേ എന്ന സംഗതിയും നേരെമറിച്ച് ഏതൊരാ ളാണോ വ്യഭിചാരത്തെ പാപമായുള്ള തിന്മയായി വർജ്ജിക്കുകയും അവയെ വെറുപ്പോടു കൂടെ അകററുകയും ചെയ്യുന്നത്, എന്നു മാത്രമല്ല അവയെ അയാൾക്ക് മതമുണ്ട്, അയാൾ ക്രീസ്തീയ സഭയിലാണെങ്കിൽ അയാൾ ഒരു ക്രീസ്ത്യാനിയാണ്.

വിവാഹം എന്ന വിഷയത്തെ കുറിച്ചുള്ള പ്രബന്ധ ത്തിൽ ഈ വിഷയത്തെ കുറിച്ച് കൂടുതൽ വിവരണം കാണാവുന്നതാകുന്നു. അതേ സമയം സ്വർഗ്ഗവും നരകവും എന്ന ഗ്രന്ഥത്തിലെ നമ്പർ 366–386 ഖണ്ഡികകളിൽ ഇതെക്കുറിച്ച് എന്താണ് നൽകപ്പെട്ടിരിക്കുന്നത് എന്ന് കൂടി കാണുക.

**78.** വ്യഭിചാരംചെയ്യുക എന്നതിൻെറ അർത്ഥം, നികൃഷ്ട കാര്യങ്ങൾ ചെയ്യുക, കാമോദ്ദീപകമായ കാര്യങ്ങൾ സംസാരിക്കുക, മ്ലേച്ഛമായ കാര്യങ്ങൾ ചിന്തിക്കുക എന്നിവ കൂടിയാണെന്ന് മത്തായി 5:27,28 കർത്താവ് അരുളിചെയ്യുന്നു.

> വ്യഭിചാരം ചെയ്യരുത് എന്ന് അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. ഞാനോ നിങ്ങളോട് പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനെല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി. മത്താ 5:27,28

**79.** ആത്മീകാർത്ഥത്തിൽ, വ്യാഭിചാരം ചെയ്യുക എന്നതിൻെറ അർത്ഥം വചനത്തിൻെറ നന്മയിൽക്കൂട്ടുകലർപ്പ് ഉണ്ടാക്കുക എന്നതാണ്, വചനത്തെ ................ എന്ന് സാരം. ഇത് ചുവടേചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്ന് വ്യക്തമാക്കുന്നു തൻെറ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാംബാബിലോൺ വീണുപോയി എന്നുപറഞ്ഞു. വെളി 14:8

> ഭൂമിയിലെ രാജാക്കന്മാരോട് വേശ്യാവൃത്തി ചെയ്തു തൻെറ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെമത്തരാക്കിയവളായി പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു. വെളി 17:1,2

> മഹതിയാം ബാബിലോൺ വീണുപോയി...... അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകല ജാതികളും കുടിച്ചു ഭൂമിയിലെ രാജാക്കന്മാർ അവളോട് വേശ്യാസംഗം ചെയകയും.. വെളി 18:3

> ...... മഹാ വേശ്യാക്ക് അവൻ ശിക്ഷവിധിച്ചു തൻെറ ദാസന്മാരുടെ രക്തം അവളുടെ കൈയിൽനിന്ന്........ വെളി 19:2

ബാബിലോണിനെക്കുറിച്ച് പരസംഗം എന്നാണ് പറഞ്ഞിരിക്കുന്നത്. കർത്താവിൻെറ ദൈവീക ശക്തിയെ അന്യായമായി സ്വായത്തമാക്കുവാൻ വ്യഗ്രത കാണിക്കുന്നവരെന്നും, വചനത്തോട് ദുരുപദേശം കൂട്ടികലർത്തി അതിനെ വ്യാജവത്കരിക്കുന്നവർ എന്നുമാണ് ബാബിലോൺ എന്ന പദത്തിൻെറ അർത്ഥം. ആകയാൽ ബാബിലോണിനെ ഇപ്രകാരം വിളിക്കുന്നു.

> മർമ്മം മഹതിയാം ബാബിലോൺ, വേശ്യാമാരുടെയും, മ്ലേച്ഛതകളുടെയും മാതാവ്. വെളപ്പാട് 17:5

യിരമ്യാപ്രവചനത്തിൽ പറഞ്ഞിരിക്കുന്ന വേശ്യാവൃത്തി എന്ന പദം സൂചിപ്പിക്കുന്നതും ഇതു തന്നെയാണ്.

> യെരുശലേമിലെ പ്രവാചകന്മാരിലോ ഞാൻ അതിഭയങ്കരമായത് കണ്ടിരിക്കുന്നു. അവൻ വ്യഭിചാരം ചെയ്ത് വ്യാജത്തിൽ നടക്കുന്നു. ആരും തൻെറ ദുഷ്ടത വിട്ടുതിരിയാതവണ്ണം അവർ ദുഷ്പ്രവൃത്തിക്കാരെ ധൈര്യപ്പെടുത്തുന്നു. യിരെ 23:14

യെഹെസ്കേലിൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

> ഒരമ്മയുടെ മക്കളായ രണ്ടു സ്ത്രീകൾ ഉണ്ടായിരുന്നു. അവർ മിസ്രയീമിൽവെച്ച് പരസംഗം ചെയ്തു. യൗവനത്തിൽ തന്നേ അവർ പരസംഗം ചെയ്തു. അവിടെ അവരുടെ മുല പിടിച്ച് അവരുടെ കന്യകാഗ്രം ഞെക്കി. അവരിൽ മൂത്തവൾക്ക് ഹൈഹലോ എന്നും ഇളയവൾക്ക് ഒഹൊലീബാ എന്നും പേരായിരുന്നു. അവർ എനിക്കുള്ളവർ ആയിരുന്നു. പുത്രന്മാരെയും പുത്രിമാരെയും പ്രസവിച്ചു. അവരുടെപേരോ ഒഹൊലാ എന്നത് ശമര്യയും ഒഹാലിബാ എന്നതു യെരുശലേമും ആകുന്നു. എന്നാൽ ഒഹൊലാ എന്നെ വിട്ടു പരസംഗംചെയ്തു......... അശുര്യജാരന്മാരെ മോഹിച്ചു അശൂര്യശ്രേഷ്ടന്മാരായവരോട് ഒക്കെയും തൻെറ വേശ്യാവിദ്യകളെ ചെലവഴിച്ചു....... മിസ്രയീമിൽ നിന്നുകൊണ്ടു വന്ന തൻെറ വേശ്യാവൃത്തിയും അവൾ വിട്ടില്ല........... എന്നാൽ അവളുടെ സഹോദരിയായ ഒഹൊലിബാ ഇതുകണ്ടിട്ടും തൻെറ കാമവികാരത്തിൽ അവളെക്കാളും തൻെറ വേശ്യാവൃത്തിയിൽ സഹോദരിയുടെ വേശ്യാവൃത്തിയെക്കാളും അധികം വഷളത്വം പ്രവർത്തിച്ചു........ സമീപസ്ഥരായ അശുര്യരെ മോഹിച്ചു. അവളും തന്നെത്താൻ മലിനമാക്കി...... ഇരുവരും ഒരുവഴിയിൽത്തന്നേ നടന്നു. അവൾ പിന്നെയും പരസംഗം ചെയ്തുകൊണ്ടേയിരുന്നു. ചായില്യംകൊണ്ട് എഴുതിയകൽ ദയരുടെ ചിത്രങ്ങളെ...... കണ്ട ഉടനെ അവരെ മോഹിച്ചു.......... അങ്ങനെ ബാബേൽക്കാർ പ്രേമശയനത്തിന്നായി അവളുടെ അടുക്കൽ വന്ന് പരസംഗം കൊണ്ട് അവളെ മലിനമാക്കി. അവൾ അവരാൽ മലിനയായിത്തീർന്നു. പിന്നെ അവൾക്ക് അവരോട് വെറുപ്പുതോന്നി. യെഹെ 23:12-17

ഈ വചനങ്ങൾ യിസ്രായേല്യ സഭയെയും യഹൂദസഭയെയും പരാമർശിച്ചു കൊണ്ടാണ്, ഒരമ്മയുടെ പുത്രിമാർ എന്ന് വിളിച്ചിരിക്കുന്നത്. അവരുടെ വേശ്യാവൃത്തികൾ കൊണ്ട് സൂചിപ്പിക്കപ്പെടുന്നത് വചനത്തിൽ കൂട്ടുകലർപ്പ് ഉണ്ടാക്കിയിട്ടുള്ളതും വ്യാജവല്ക്കരണം ഉണ്ടായിട്ടുള്ളതും ആകുന്നു. മിസ്രയീം എന്നപദം സൂചിപ്പിക്കുന്നത് അറിവിനെയാണ്. അശൂർ സൂചിപ്പിക്കുന്നത് യുക്തിചിന്തയാകുന്നു. കൽദായർ എന്നപദം സൂചിപ്പിക്കുന്നത് സത്യത്തെ വഷളാക്കുന്നതിനെയാകുന്നു. ബാബിലോൺ എന്നപദം സൂചിപ്പിക്കുന്നത് നന്മയെ വഷളാക്കുന്നതി നെയാകുന്നു.

ആകയാൽ, അവർ ആ ദേശക്കാരുമായി വേശ്യാവൃത്തി ചെയ്തു എന്ന് പറഞ്ഞിരിക്കുന്നു. അതുപോലെതന്നെയാണ് യെരുശലേമിനെ കുറിച്ചും പറഞ്ഞിരിക്കുന്നത്. ഉപദേശാനുസരണം യെരുശലേം എന്നത് സഭയെ സൂചിപ്പിക്കുന്നു. യെഹെസ്കേലിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

> എന്നാൽ നീ നിൻെറ സൗന്ദർയ്യത്തിൽ ആശ്രയിച്ചു നിൻെറ കീർത്തിഹേതുവായി പരസംഗം ചെയ്തു. വഴിപോകുന്ന ഏവൻെറമേലും നിൻെറ പരസംഗം ചെലവഴിച്ചു....... മാംസ പുഷ്ടിയുള്ള മിസ്രയീമ്യരായ നിൻെറ അയല്ക്കാരോടും നീ പരസംഗം ചെയ്തു. എന്നെ കോപിപ്പിക്കേണ്ടതിന് നിൻെറ പരസംഗം വർദ്ധിപ്പിച്ചു......... മതിവരാത്തവളാകയാൽ നീ അശുര്യരോടും പരസംഗം ചെയ്തു. അവരുമായി പരസംഗം ചെയ്തിട്ടും നിനക്ക് തൃപ്തി വന്നില്ല. നീ കനാൻ ദേശത്തും കൽദയ ദേശം വരെയും നിൻെറ പരസംഗം വർദ്ധിപ്പിച്ചു എന്നിട്ടും അതിനാലും നിനക്ക് തൃപ്തി വന്നില്ല.... ഭർത്താവിന് പകരം അന്യന്മാരെ പരിഗ്രഹിച്ച് വ്യഭിചാരം ചെയ്യുന്ന സ്ത്രീയോ സകല വേശ്യാസ്ത്രീകളും സമ്മാനം വാങ്ങുന്നു, നീയോ നിൻെറ സകലജാരന്മാർക്കും സമ്മാനം നൽകുകയും നീയുമായി പരസംഗം ചെയ്യേണ്ടതിന് നാലുപുറത്തുനിന്നും നിൻെറ അടുക്കൽ വരുവാൻ അവർക്കു കൈക്കൂലി കൊടുക്കുകയും ചെയ്യുന്നു. ആകയാൽ വേശ്യാസ്ത്രീയെ യഹോവയുടെ വചനം കേൾക്ക.

യെഹെ16:15,26,28,29,32,33,35

യെരുശലേം എന്നതിൻെറ അർത്ഥം സഭ എന്നാകുന്നു. കർത്താവിനെ സംബന്ധിക്കുന്ന ഉപദേശം നമ്പർ 62,63 ഖണ്ഡികകളിൽ കാണാവുന്നതാകുന്നു. അതുപോലെയുള്ളവർ അതിൻെറ അർത്ഥം വേശ്യമാർ എന്നാകുന്നു എന്ന് ചുവടേ ചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

യെശയ്യാവ്23:17,18,57:3, യിരെ 3:2,6,8,9,5:1,7 യിരെ 13:27,29:23, മീഖെ 1:7, നാഹ്ദും 3:4 ഹോശെയാ 4:10,11, സേവ്യ 20:5. സംഖ്യ 14:33, സംഖ്യ 15:39, കൂടാതെ മററുപല വേഗഭാഗങ്ങളിലും

ഇതേ കാരണത്താൽ യഹുദജനതയെ കർത്താവ് ഇപ്രകാരം വിളിച്ചു

വ്യഭിചാരമുള്ളതലമുറ. മത്തായി 12:39,16:4, മക്കോസ് 8:38

10

**ഒരുവൻ എത്രത്തോളം എല്ലാ വിധത്തിലുമുള്ള മോഷണങ്ങളെ പാപങ്ങളായി വർജ്ജിക്കുന്നുവോ അത്രത്തോളം അവൻ സത്യസന്ധതയെ സ്നേഹിക്കുന്നു.**

**80.** മോഷ്ടിക്കുക എന്നതിനാൽ സ്വഭാവികമായി അർത്ഥമാക്കുന്നതു കവർച്ചയും കൊള്ളയുമെന്നു മാത്രമല്ല പിന്നെയോ ഏതെങ്കിലും ഉദ്ദേശത്തോടു കൂടിയോ കാപട്യത്താലോ മറ്റൊരുവന്റെ വസ്തുക്കൾ എടുത്തു മാറ്റുന്നതിനേയും കൂടിയാണു. എന്നിരുന്നാലും മോഷണത്തെ അർത്ഥമാക്കുന്നതു ഒരുവന്റെ വിശ്വാസ സത്യങ്ങളേയും അവന്റെ സാർവ്വത്രീക സ്നേഹത്തിന്റെ നന്മകളെ നശിപ്പിക്കുക എന്നുമാണു. മോഷണത്തെ ആത്യന്തീകമായ അർത്ഥത്തിൽ കർത്താവിന്റെ ഗുണവിശേഷണങ്ങളെ അവനിൽ നിന്നും ഒരുവൻ തന്റെ മേൽ എടുത്തിട്ടു അതിനു അവൻ യോഗ്യനും നീതിമാനുമാണെന്നു അവകാശപ്പെ ടുന്നതും ആത്മീയമായി അർത്ഥമാക്കുന്നു. മുകളിൽ പ്രസ്താവിച്ചിട്ടുള്ള എല്ല വിധത്തിലുള്ള വ്യഭിചാരവും കൊലപാതകവും ചെയ്യുന്നതുപോലെ എല്ലാ വിധത്തിലുള്ള മോഷണവും അവയുമായി അന്തർഭവിച്ചിട്ടു ഒന്നാക്കി തീർക്കുന്നു. ഒന്നു മറ്റൊന്നിൽ പങ്കുള്ളതുകൊണ്ടു അവ ഒന്നാക്കുന്നു.

**81.** മോഷണത്തിന്റെ തിന്മ ഉപായത്തോടും വഞ്ചനയോടും കൂടെ ഐക്യപ്പെട്ടിരിക്കകൊണ്ടു മറ്റുള്ള ഏതു തിന്മകളേക്കാളും വളരെ ആഴത്തിൽ മനുഷ്യനിലേക്കു പ്രവേശിക്കുന്നു. അവബോധത്തോടു കൂടെ ഇഴുകിയിരിക്കുന്ന ചിന്തയുടെ ഇരിപ്പിടമായിരിക്കുന്ന മനുഷ്യന്റെ ആത്മീയ മനസ്സിലേക്കു ഉപായവും വഞ്ചനയും അവ താനെ പ്രവേശിക്കുന്നു. ആ മനുഷ്യനു ആത്മീയവും പ്രാകൃതികവും ആയ മനസ്സുണ്ടെന്നുള്ളതു താഴേ കാണുന്നതായിരിക്കും.

**82.** ഒരുവൻ എത്രത്തോളം മോഷണത്തെ പാപത്തേപോലെ വർജ്ജിക്കുന്നുവോ അത്രത്തോളം അവൻ സത്യസന്ധതയെ സ്നേഹിക്കുന്നു, കാരണം മോഷണം വഞ്ചനയും കൂടിയാണു, വഞ്ചനയും സത്യസന്ധതയും രണ്ടു എതിരുകളാണു. ആയതുകൊണ്ടു ഒരുവൻ എത്രത്തോളം വഞ്ചനയിലല്ല അത്രത്തോളം സതസന്ധതയിലാണു.

**83.** സത്യസന്ധതയെന്നാൽ ഈർജ്ജവമെന്നും, നീതിയെന്നും, വിശ്വസ്തതയെന്നും, സത്യനിഷ്ഠതയെന്നും കൂടി അർത്ഥമാക്കുന്നു. ഈ നന്മകളിൽ സ്വയമായ മനുഷ്യനു ശീലിക്കുവാൻ കഴിയുന്നതല്ല എന്നാൽ വഞ്ചനയും കൗശലവും ചതിയും പാപമായിട്ട് അതിൽ നിന്നു ഒഴിഞ്ഞിരിക്കുന്ന ഒരുവൻ ഈ ഗുണങ്ങളിൽ തത്വദിഷ്ടനായിരിക്കുന്നത് അവൻ സ്വയമായല്ല പിന്നെയോ കർത്താവിങ്കൽ നിന്നാണ് എന്നത് മുകളിൽ 19-31 വരെയുള്ള ഖണ്ഡികയിൽ കാണിച്ചിരിക്കുന്നു. ഒരു

പുരോഹിതനൊ, മജിസ്ട്രേറോ, ന്യായധിപനോ, വ്യാപാരിയോ തൊഴിലാളിയെ സംബന്ധിക്കുന്നതു പോലെ ഏതൊരുവനും അവൻെറ കാര്യാലയങ്ങളിലും തൊഴിലുകളിലും സംബന്ധിച്ചു ഈക്കാര്യം സത്യമാണ്.

**84.** അനേക ഇടങ്ങളിൽ വചനം ഇത് പഠിപ്പിക്കുന്നതിനുള്ള ഉദാഹരണങ്ങളാണ് തുടർന്ന്വരുന്നത്.

> നീതിയായ് നടന്നു നേർ പറകയും പീഡനത്താൽ ഉള്ള ആദായം വെറുക്കയും കൈകകൂലി വാങ്ങാതെ കൈകുടഞ്ഞു കളകയും രക്ഷപാതകത്തെക്കുറിച്ച് കേൾക്കാതെവണ്ണം ചെവി പൊത്തുകയും ദോഷത്തെ കണ്ടു രസിക്കാത്തവണ്ണം കണ്ണടച്ചു കളയുകയും ചെയ്യുന്നവൻ; അങ്ങനെയുള്ളവൻ ഉയരത്തിൽ വസിക്കും പാറക്കോട്ടകൾ അവൻെറ അഭയസ്ഥാനമായിരിക്കും. അവൻെറ അപ്പം അവനു കിട്ടും അവനു വെള്ളം മുട്ടി പോകയില്ല. നിൻെറ കണ്ണു രാജാവിനെ അവൻെറ സൗന്ദര്യത്തോടെ ദർശിക്കും. യെശ:33:15–17

> യഹോവ, നിൻെറ കൂടാരത്തിൽ ആർ പാർക്കും നിൻെറ വിശുദ്ധ പർവ്വതത്തിൽ ആർ വസിക്കും. നിഷ്കളങ്കനായി നടന്നു നീതിപ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യംസംസാരിക്കയും ചെയ്യുന്നവൻ നാവുകൊണ്ട് കള്ളംപറയാതേയും തൻെറ കൂട്ടുകാരനോട് ദോഷം ചെയ്യാതേയും കൂട്ടുകാരന് അപമാനം വരുത്താതേയും ഇരിക്കുന്നവൻ. സങ്കീർ: 15.1–13

> ദേശത്തിലെ വിശ്വസ്തന്മാർ എന്നോടുകൂടെ വസിക്കേണ്ടതിനു എൻെറ ദൃഷ്ടി അവരുടെമേൽ ഇരിക്കുന്നു; നിഷ്കളങ്ക മാർഗ്ഗത്തിൽ നടക്കുന്നവൻ എന്നെ ശുശ്രൂഷിക്കും. വഞ്ചന ചെയ്യുന്നവൻ എൻെറ വീട്ടിൽ വസിക്കയില്ല. ഭോഷക്ക് പറയുന്നവൻ എൻെറ മുമ്പിൽ ഉറച്ചു നിൽക്കയില്ല. യഹോവയുന്ന നഗരത്തിൽ നിന്നു സകല ദുഷ്പ്രവത്തിക്കാരേയും ഛേദിച്ചു കളയേണ്ടതിന് ദേശത്തിലെ ദുഷ്ഠന്മാരേ ഒക്കെയും ഞാൻ രാവിലെതോറും നശിപ്പിക്കും. സങ്കീർ :101:6–8

ഒരു മനുഷ്യൻ അകമേ സത്യസന്ധനും, നീതിയുള്ളവനും വിശ്വസ്തനും നേരുള്ളവനും അല്ലാതിരുന്നാൽ അവൻ സത്യസന്ധതയില്ലാത്തവനും, അനീതിയുള്ളവനും അവിശ്വസ്തനും നേരില്ലാത്തവനുമായി തന്നെ നിലകൊള്ളുന്നു. ഇത് കർത്താവ് ഈ വാകൃങ്ങളിൽ പഠിപ്പിക്കുന്നു.

> നിങ്ങളുടെ നീതി ശാസ്ത്രീമാരുടേയും പരീശന്മ്രാുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല. എന്നു ഞാൻ നിങ്ങളോടു പറയുന്നു. മത്തായി :5:20

ശാസ്ത്രീമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്ന നീതിയാൽ അർത്ഥമാക്കുന്നത് കർത്താവിൻ അധിഷ്ടിതമായ മനുഷ്യനിലെ

ആന്തരീക നീതിയെയാണ്. അങ്ങനെയുള്ള മനുഷ്യൻ കർത്താവി ലാണെന്ന് യോഹന്നാനിൽ അവൻ തന്നെ പഠിപ്പിക്കുന്നു.

> നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്ക് കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു. എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞ വരായിരിക്കേണ്ടതിനു തന്നെ..നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും.
>
> യോഹ :17:22,23,26

അവരിൽ കർത്താവുള്ളപ്പോൾ അവർ പരിപൂർണ്ണരാണെന്ന് ഇതിൽ നിന്നും സുവിദിതമാണ്.

> ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെക്കാണം.... കൂടാതെ, സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതു പോലെ നിങ്ങളും. മത്ത : 5:8,48

**85.** മോഷണത്തിന്റെ തിന്മ ഉപായത്തോടും വഞ്ചനയോടും കൂടെ ഐക്യപ്പെട്ടിരിക്ക കൊണ്ടു മറ്റുള്ള ഏതു തിന്മകളേക്കാളും വളരെ ആഴത്തിൽ മനുഷ്യനിലേക്കു പ്രവേശിക്കുന്നു. അവബോധത്തോടു കൂടെ ഇഴുകിയിരിക്കുന്ന ചിന്തയുടെ ഇരിപ്പിടമായിരിക്കുന്ന മനുഷ്യന്റെ ആത്മീയ മനസ്സിലേക്കു ഉപായവും വഞ്ചനയും അവ താനെ പ്രവേശിക്കുന്നു എന്നു മുകളിൽ 81-ാം ഖണ്ഠികയിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ആയതുകൊണ്ട് മനുഷ്യമനസ്സിനെ സംബന്ധിച്ചു ചിലത് ഇപ്പോൾ പറയുന്നതായിരിക്കും അവന്റെ അവബോധവും ഇച്ഛയും ഒന്നു ചേർന്നു മനുഷ്യന്റെ മനസ്സിനെ രൂപികരിക്കുന്നു എന്നത് 43-ാം ഘണ്ഠികയിൽ കാണാനാവുന്നതാണ്.

**86** മനുഷ്യനു പ്രാകൃതവും ആത്മീയവുമായ മനസ്സുണ്ടു, പ്രാകൃത മനസ് താഴേയും ആത്മീയ മനസ് മുകളിലും ആണു. പ്രാകൃത മനസ് അവന്റെ ലൗകീക മനസ്സും ആത്മീയ സ്വർഗ്ഗീയ മനസ്സും ആണു. പ്രാകൃത മനസ്സിനെ മൃഗമനസ്സെന്നും ആത്മീയ മനസ്സിനെ മനുഷ്യമനസ്സെന്നും വിളിക്കപ്പെടുന്നു. അവൻ ഈ ലോകത്തിലായിരിക്കുമ്പോൾ സ്വർഗ്ഗത്തിൽ ആയിരിക്കുവാനുള്ള ഒരാത്മീയ മനസ്സു ഉണ്ടെന്നുള്ള ഈ സാഹചര്യത്താൽ മനുഷ്യനെ മൃഗത്തിൽ നിന്നും വിത്യസത്നാക്കുക കൂടി ചെയ്യുന്നു.

2. ഒരു മനുഷ്യൻ അവന്റെ അവബോധത്താൽ അവനിലുള്ള ആത്മീയ മനസ്സിലും അപ്പോൾ തന്നെ സ്വർഗ്ഗത്തിലും ആയിരിക്കാം, എന്നാൽ തിന്മകളെ പാപത്തേ പോലെ അവൻ വർജ്ജിക്കുന്നതുവരേയും അവന്റെ ഇച്ഛയാൽ അവന്റെ ആത്മീയ മനസ്സിലും അങ്ങനെ സ്വർഗ്ഗത്തിലും ആയിരിപ്പാൻ ആവില്ല., കൂടാതെ അവന്റെ ഇച്ഛയാൽ അവൻ സ്വർഗ്ഗത്തിൽ

ആയിരിക്കുന്നില്ലെങ്കിൽ, ഇനിയും അവൻ സ്വർഗ്ഗത്തിൽ അല്ലതാനും., ഇച്ഛയാൽ അവബോധത്തെ അധോഗതിയിലേക്കു വശീകരിക്കയും ചെയ്യുന്നതു കൊണ്ടു മൃഗത്തേ പോലെ കേവലം ജഢീകനായിരിക്കുന്ന തിനു ഇടയാക്കുന്നു.

3 മനുഷ്യനെ ഒരു തോട്ടത്തോടും അവബോധത്തെ വെളിച്ചത്തോടും ഇച്ഛയെ ഉഷ്ണത്തോടും താരതമ്യപ്പെടുത്താനായേക്കും ശീതകാലത്തു ഒരു തോട്ടം ഉഷ്ണകാലത്തേപോലെയായിരിക്കില്ല എന്നാൽ ഉഷ്ണകാലത്തു അതു വെളിച്ചത്തിലും ഉഷ്ണത്തിലും ആകുന്നു. ആയതുകൊണ്ടു മനുഷ്യൻ അവബോധത്തിൽ മാത്രം ആയിരിക്കുന്ന മനുഷ്യൻ ശീതകാലത്തിലെ തോട്ടത്തെ പോലെയാണു, എന്നാൽ മനുഷ്യൻ അവബോധത്തിന്റെ വെളിച്ചത്തിലും അതേ സമയം ഇച്ഛയുടെ ഊഷ്മളതയിലും ആയിരിക്കുന്നതു വേനൽക്കാലത്തിലെ ഒരു തോട്ടത്തേ പോലെയാണു. മാത്രവുമല്ല ആത്മീയ വെളിച്ചത്തിൽ അവബോധം ജ്ഞാനത്തെ ആസ്വദിക്കയും കാരണം ദിവ്യ ജ്ഞാനമാണു ആത്മീയ വെളിച്ചം, എന്നാൽ ഇച്ഛ ആത്മീയ വെളിച്ചത്തിൽ നിന്നും ദിവ്യ സ്നേഹമാകുന്ന ആത്മീയ ഊഷ്മളതയേയും സ്നേഹിക്കുന്നു.

4. ഒരു മനുഷ്യൻ തിന്മകളെ പാപത്തെ പോലെ വർജ്ജിക്കാതിരി ക്കുന്നത്രത്തോളം തിന്മകളുടെ ഭോഗേച്ഛകൾ ഇച്ഛയുടെ ഭാഗത്തുള്ള സ്വാഭാവിക മനസ്സിന്റെ ആന്തരികതയെ അടച്ചു കളയുന്നു. അവ തടിച്ച തിരശീല പോലെയും ആത്മീയ മനസ്സിനു താഴേ ഇരുണ്ട മേഘം പോലേയും ആത്മീയ മനസ്സ് തുറക്കുന്നതിൽ നിന്നും അതിനെ പ്രതിരോധിക്കുന്നു. എന്നാൽ ഒരു മനുഷ്യൻ തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്ന മാത്രയിൽ കർത്താവു സ്വർഗ്ഗത്തിൽ നിന്നു നിർഗ്ഗളിച്ചു തിരശീലയെ നീക്കുകയും കാർമേഘത്തെ ചിതറിച്ചു കളയുകയും ആത്മീയ മനസ്സിനെ തുറക്കുകയും അങ്ങനെ മനുഷ്യനെ സ്വർഗ്ഗത്തി ലേക്കു പരിചയപ്പെടുത്തുകയും ചെയ്യുന്നു.

പറഞ്ഞിരിക്കുന്നതു പ്രകാരം തിന്മകളുടെ ആസക്തികൾ സ്വാഭാവീക മനസ്സിന്റെ അന്തർതലങ്ങളെ അടക്കുന്നത്രത്തോളം ഒരു മനുഷ്യൻ നരകത്തിലും എന്നാൽ കർത്താവിനാൽ ഈ ആസക്തികളെ ചിതറിച്ചു കളയുന്നത്രത്തോളം മനുഷ്യൻ സ്വർഗ്ഗത്തിലാണു. അത്രവുമല്ല തിൻ മകളുടെ ആസക്തികൾ സ്വാഭാവഈക മനസ്സിന്റെ അന്തർ തലങ്ങളെ അടച്ചു കളയുന്നത്രത്തോളം അവൻ ഒർ പ്രാകൃതമനുഷ്യനും , എന്നാൽ മർത്താവിനൽ തിന്മകളുടെ ആസക്തികളെ ചിതറിച്ചു കളയുന്ന മാത്രയിൽ അവൻ ഒരാത്മീയ മനുഷ്യനായി തീരുന്നു. തിന്മകളുടെ ആസക്തികൾ സ്വാഭാവീക മനസ്സിന്റെ അന്തർതലങ്ങളെ അടച്ചു കളയുന്നത്രയും മനുഷ്യൻ ഒരു മൃഗമാണൂ, സംസാരിക്കാനും ചിന്തിക്കാനും കഴിയുമെന്ന കാരണത്താൽ മാത്രമാണു അവൻ മൃഗത്തിൽ നിന്നും വിത്യാസ പ്പെട്ടിരിക്കുന്നതു. സ്വർഗ്ഗത്തിന്റെ വെളിച്ചത്തിലേക്കു അവബോധത്തെ

ഉൽകൃഷ്ടമാക്കുന്നതിന്റെ പ്രാഭാവത്തിൽ നിന്നും ഉൽഭവിക്കുന്ന ഒരു ശക്തിയേ പോലും അവന്റെ കണ്ണുകൾ കൊണ്ടു കാണുന്നില്ല, എന്നാൽ കർത്താവു ഈ ആസക്തികളെ ചിതറികുന്ന മാത്രയിൽ മനുഷ്യൻ ഒരു മനുഷ്യനാകുന്നു. കാരാണം അവബോധ ത്തിൽ സത്യമായതു എന്തെന്നും ഇച്ഛയിൽ നന്മയായതു എന്തെന്നും അപ്പോൾ അവൻ ചിന്തിക്കുന്നതു കൊണ്ടാണു. വീണ്ടും തിന്മകളുടെ ആസക്തികൾ സ്വഭാവീക മനസ്സിന്റെ അന്തർതലങ്ങളെ അടച്ചു കളയുന്ന ത്രത്തോളം മനുഷ്യൻ ശീതകാലത്തെ ഒരു തോട്ടത്തേ പോലേയാണു, എന്നാൽ കർത്താവിനാൽ ഈ ആസക്തികളെ ചിതറിക്കുന്ന മാത്രയിൽ മനുഷ്യൻ വേനൽ നാളിലെ ഒരു തോട്ടത്തേ പോലേയും ആണു.

6. മനുഷ്യനിലെ അവബോധത്തിന്റേയും ഇച്ഛയുടേയും സംയോഗത്തെ വചനത്തിൽ അർത്ഥമാക്കുന്നതു ഹൃദയവും ആത്മാവു എന്നതിനാലാണു, കൂടാതെ അവിടെ പറഞ്ഞിരിക്കുന്നതു പോലെ ദൈവത്തെ ഹൃദയത്തോടെ ആത്മാവോടെ സ്നേഹീക്കണം എന്നുമാണു.

പൂർണ്ണ ഹൃദയത്തോടെ, പൂർണ്ണാത്മാവോടെ.. മത്താ:22: 37

ആ ദൈവം ഒരു പുതിയ ഹൃദയവും ഒരു പുതിയ ആത്മാവും തരും
യെഹ: 11:19, 36:26, 27.

എവിടെ ഹൃദയമെന്നു അർത്ഥമാക്കിയിരിക്കുന്നുവൊ അവിടെ ഇച്ഛയേയും അതിന്റെ സ്നേഹത്തേയും എവിടെ ആത്മാവെന്നും ദേഹിയെന്നും അർത്ഥമാകിയിരിക്കുന്നുവോ അവിടെ അവബോധ ത്തേയും അതിന്റെ സ്നേഹത്തേയുമാണു.

11

## സകലവിധ കള്ളസാക്ഷ്യങ്ങളെയും ഒരുവൻ പാപമായി വർജ്ജിക്കുന്നതിനനുസരിച്ച് അയാൾ സത്യത്തെ സ്നേഹിക്കുന്നു. (വെറിററാസ്)

**87.** കള്ളസാക്ഷ്യം വഹിക്കുക എന്നതിൻെറ അന്തരീകാർത്ഥം, ഒരു കള്ളസാക്ഷി ആയിരിക്കുക എന്നുമാത്രമല്ല, കള്ളം പറയുകയും അന്യന് മാനഹാനി ഉണ്ടാകുക എന്നുകൂടി ആകുന്നു. കള്ളസാക്ഷ്യം വഹിക്കുക എന്നതിൻെറ ആത്മീകാർത്ഥം വ്യാജം സത്യമാണെന്നും തിന്മ നന്മയാണെന്നും പറയുകയും മററുള്ളവരെ അതിലേക്ക് പ്രേരണ ചെലുത്തി സ്വാധീനിക്കുകയും, മറിച്ചും പറയുകയും പറിയിപ്പിക്കുകയും ആകുന്നു. എന്നാൽ പരമോന്നതമായ സ്വർഗ്ഗിയാർത്ഥത്തിൽ കള്ളസാക്ഷ്യം പറയുക എന്നതിൻെറ അർത്ഥം കർത്താവിനും വചനത്തിനും എതിരായി ദൈവദൂഷണം പറയുക എന്നാകുന്നു. കള്ളസാക്ഷ്യം വഹിക്കുക എന്നതിൻെറ ത്രിവിധ അർത്ഥങ്ങൾ ഇവയെല്ലാം ആകുന്നു. കള്ളസാക്ഷ്യം പറയുകയും, കള്ളം പറയുകയും, അന്യന് മാനഹാനി വരുത്തുകയും ചെയ്യുന്നവനിൽ ഇവ മൂന്നും ഒന്നു ചേരുന്നു എന്നത് വിശുദ്ധതിരുവെഴുത്തുകളെ സംബന്ധിച്ചുള്ള ഉപദേശം എന്ന

ഗ്രന്ഥത്തിലെ 5–7 ഉം തുടർന്നുമുള്ള ഖണ്ഡികകളിലും തുടർന്ന് 57–ാം ഖണ്ഡികകളിലും വചനത്തിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്ന ത്രിവിധമായ അർത്ഥങ്ങളെ കുറിച്ചുള്ള പരാമർശങ്ങളിലും ദൃശ്യമാക്കിയിരിക്കുന്ന സംഗതികളിൽനിന്ന് വ്യക്തമാക്കുന്നതാണ്.

**88.** വ്യാജത്വവും, സത്യവും രണ്ട് വിപരീത കാര്യങ്ങൾ ആകയാൽ, ഒരുവൻ എത്രമാത്രം വ്യാജത്തെ പാപമായി വർജ്ജിക്കുന്നുവോ അത്രമാത്രം അയാൾ സത്യത്തെ സ്നേഹിക്കുന്നവൻ ആയിത്തീരുന്നു.

**89**. ഒരുവൻ സത്യത്തെ എത്രമാത്രം ഇഷ്ടപ്പെടുന്നുവോ, അത്രമാത്രം അയാൾക്ക് അതിനെക്കുറിച്ച് അറിവാൻ ആഗ്രഹം ഉണ്ടാകുകയും, അത് കണ്ടെത്തുമ്പോൾ അത് അയാളുടെ ഹൃദയത്തെ സ്പർശിക്കുകയും അയാൾ അതിനാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്നു. മററൊന്നും തന്നെ അയാളുടെ ജ്ഞാനത്തിലേക്ക് കടക്കാതിരിക്കുകയും ചെയ്യുന്നു. അതുമാത്രമല്ല, അയാൾ എത്രമാത്രം സത്യം പ്രവർത്തിക്കുവാൻ ഇഷ്ടപ്പെ ടുന്നുവോ അത്രമാത്രം സത്യത്തിൽനിന്നുള്ള പ്രകാശത്തിൻെറ ആനന്ദതായകത്വത്തെക്കുറിച്ച് ബോധവാൻ ആയിത്തീരുകയും ചെയ്യുന്നുണ്ട്. മോഷണത്തെ പാപമായി വർജ്ജിക്കുന്ന ഒരുവനിൽ ഉണ്ടാകുന്ന വിശ്വസ്തതയുടെയും, നീതിയുടെയും സത്ഗുണങ്ങളെ ക്കുറിച്ച് മുകളിൽ പ്രസ്താവിച്ചിട്ടുള്ളതും ഇതേ പ്രകാരം തന്നെയാകുന്നു, അതുപോലെതന്നെ എല്ലാവിധ വ്യഭിചാരങ്ങളെയും വർജ്ജിക്കുന്നവന് പവിത്രതയും പരിശുദ്ധിയും ഉണ്ടാകുന്നതും, എല്ലാവിധമായ കുലപാത കവും വർജ്ജിക്കുന്നവന് നിഷ്കളങ്കസ്നേഹവും, സാർവ്വത്രിക സ്നേഹവും ഉണ്ടാകുന്നതും അതുപോലെ മററ് നന്മകളും, സത്യവും ഉണ്ടാകുന്നതും ഇപ്രകാരം തന്നെ ആകുന്നു. എന്നാൽ ഇവകൾക്ക് വിരുദ്ധമായുള്ളത് ചെയ്ത് അവയിൽ മുഴുകുന്നവന് ഈ സത്ഗുണങ്ങളെ ക്കുറിച്ച് യാതൊന്നും അറിഞ്ഞു കൂടാ, അവ ഉൾക്കൊള്ളുന്നവയെ തിരിച്ചറിയുവാനും അയാൾക്ക് സാദ്ധ്യമല്ല.

**90.** ചുവടേചേർത്തിരിക്കുന്ന വചനങ്ങളിൽ കർത്താവ് അരുളി ചെയ്തിരിക്കുന്ന വയലിൻ വിതയ്ക്കപ്പെട്ട വിത്തിൻെറ ഉപമയെ വിത്ത് സത്യം ആകുന്നു.

കർത്താവ് അരുളിചെയ്തു:

> വിതെയ്ക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു, വിതെക്കുമ്പോൾ ചിലത് വഴിയരികെ വീണു, പറവകൾ വന്ന് അതു തിന്നുകളഞ്ഞു. മററു ചിലത് പാറസ്ഥലത്ത് ഏറെമണ്ണില്ലാത്ത ഇടത്തുവീണു. മണ്ണിന് താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു. സൂര്യൻ ഉദിച്ചാറെ ചൂടുതട്ടി, വേരില്ലായ്കകൊണ്ട് ഉണങ്ങിപ്പോയി. മററുചിലത് മുള്ളിന്നിടയിൽ വീണു. മുള്ളു മുളച്ചുവളർന്നു. അതിനെ ഞെറുക്കിക്കളഞ്ഞു. അതു വിളഞ്ഞതുമില്ല. മററു ചിലത് നല്ല മണ്ണിൽ വീണിട്ട് മുളച്ചു വളർന്നു

ഫലം കൊടുത്തു. മുപ്പതും അറുപതും മേനി വിളഞ്ഞു. കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ.

മാർക്കോസ് 4:3-9 മത്തായി 13:3-8, ലൂക്കോസ് 8:5 -8

ഇവിടെ വിതെക്കുന്നവൻ കർത്താവ് ആകുന്നു. വിത്താകട്ടെ അവൻെറ വചനമാണ്. അപ്രകാരം സത്യം ആകുന്നു. വഴിയരികിൽ വീണ വിത്ത് സത്യത്തെ ശ്രദ്ധിക്കാത്തവരെ സംബന്ധിച്ചുള്ള വചനമാണ്. പാറസ്ഥലത്ത് വീണ വിത്ത് സൂചിപ്പിക്കുന്നത് സത്യത്തെ ശ്രദ്ധിക്കുന്ന വരെങ്കിലും അതിന്നായിട്ടല്ല, അങ്ങനെ ആന്തരീകമായി സത്യം ഇല്ലാത്തവർക്ക് കിട്ടുന്ന വചനമാണ്. മുള്ളിന്നിടയിൽ വീണ വിത്ത് സൂചിപ്പിക്കുന്നത്, തിന്മയുടെ ജഡീകമോഹങ്ങളിൽ അകപ്പെട്ടിരിക്കുന്ന വർക്ക് ലഭിക്കുന്ന വചനം ആകുന്നു. എന്നാൽ നല്ല നിലത്തു വീണതായ വിത്ത് സൂചിപ്പിക്കുന്നത് കർത്താവിൽ നിന്ന് വരുന്ന വചനത്തിലെ സത്യങ്ങൾ ഇഷ്ടപ്പെടുന്നവർക്ക് ലഭ്യമാകുന്ന വചനത്തെ ആകുന്നു. അവനിലൂടെ അവർ അതിനെ ജീവിതത്തിൽ പ്രായോഗികമാക്കുന്നവർ ആകുന്നു. അങ്ങനെ അത് നല്ല ഫലം കായ്ക്കന്നു. വിത്ത്വിതയ്ക്കു ന്നതിനെ സംബന്ധിച്ച് കർത്താവ് നൽകിയ വിശദീകരണത്തിൽ നിന്നുതന്നെ അത് സുവിദിതമാകുന്നുണ്ടല്ലൊ. മത്തായി 13:19-23) മാർക്കോസ് 4:14-20) ലൂക്കോസ് 8:011-15

സത്യത്തെക്കുറിച്ച് ശ്രദ്ധചെലുത്താത്തവരിൽ വചനത്തിന് വേരുറയ്ക്കുവാൻ സാദ്ധ്യമല്ലെന്ന് ഇതിനാൽ വ്യക്തമാകുന്നവല്ലൊ. അഥവാ സത്യത്തെ ബാഹ്യമായി സ്നേഹിക്കുന്നുവെങ്കിലും ആന്തരീക മായി ഇഷ്ടപ്പെടാത്തവരും, അല്ലെങ്കിൽ തിന്മയുടെ ജഡീക മോഹങ്ങളിൽ അകപ്പെട്ടിട്ടുള്ളവരും, അഥവാ ലൗകീകജീവിതം നയിക്കുന്നവരും ആയിട്ടുള്ളവരിൽ വചനം വേരുറയ്ക്കില്ല. എന്നാൽ തിന്മയുടെ മോഹങ്ങൾ കർത്താവിനാൽ നിർമ്മൂലം ചെയ്യപ്പെട്ടവരിൽ ഈ വിത്ത് അതായത് വചനം അവരുടെ ആത്മീയ മനസ്സിൽ പുഷ്ടിപ്പെട്ട് ഫലം കായിക്കും. ഇതെക്കുറിച്ച് കൂടുതൽ ഗ്രഹിക്കുന്നതിന് മുകളിൽ നമ്പർ 86 ഖണ്ഡികയുടെ അവസാനഭാഗം നോക്കുക.

**91.** സഭ പഠിപ്പിക്കുന്ന ഇതോ അതോ വിശ്വസിക്കുന്നതാണ് രക്ഷയുടെ മാർഗ്ഗമെന്നത് പൊതുവായുള്ള ഒരു അഭിപ്രായം ആകുന്നു. കുലചെയ്യരുത്, വ്യഭിചാരംചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത് എന്നീ പത്തുകല്പനയിലെ കല്പകകളെ പാലിക്കണമെന്ന് ആ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിയന്ത്രിതമോ, വിശാലമോ ആയ അർത്ഥത്തിൽ അത് സൂചിപ്പിക്കുന്നില്ല. പ്രവൃർത്തികൾ അല്ല ദൈവത്തോടുള്ള വിശ്വാസമാണ് പരിഗണിക്കപ്പെടുന്നത്. എന്നാലും ഒരുവൻ എത്രമാത്രം തിന്മകളിൽ നിലനില്ക്കുകയാണോ അത്രമാത്രം അയാൾക്ക് വിശ്വാസം ഇല്ലെന്ന് മുകളിൽ നമ്പർ 42-52 ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ടല്ലൊ. ഒരാൾ എത്രമാത്രം കുലപാതകം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം

വഹിക്കൽ തിന്മകളിൽത്തന്നെ നിലനില്ക്കുക യാണെങ്കിൽ അപ്രകാരമുള്ള കൊലപാതങ്ങൾ, വ്യഭിചാരി, മോഷ്ടാവ്, കള്ളസാക്ഷി എന്നിവർക്ക് വിശ്വാസം ഉണ്ടായിരിക്കുമോ എന്ന് യുക്ത്യനുസരണം വിചിന്തനം ചെയ്തു നോക്കൂ. അവയെല്ലാം പാപങ്ങൾ ആകയാൽ അവ ചെയ്യുന്നതിന് ഇച്ഛിക്കാതെ അവയെ ഒഴിവാക്കുക യല്ലാതെ മറേറതെങ്കിലും വിധത്തിൽ അവയെ വിട്ടുകളയുന്നതിന് സാദ്ധ്യമാകുമോ എന്ന് ചിന്തിച്ചു നോക്കൂ എന്തുകൊണ്ടന്നാൽ അവയെല്ലാം അധമവും, പൈശാചീക മാണല്ലോ സഭ പഠിപ്പിക്കുന്നതായ ഇതോ അതോ വിശ്വാസിക്കുന്നതാണ് രക്ഷയുള്ള മാർഗ്ഗമെന്ന് സങ്കല്പിക്കുന്നെങ്കിൽ തിന്മകളുടെ മോഹങ്ങളിൽ തന്നെ നിലനില്ക്കുകയാണെങ്കിൽ അയാൾ ഒരു ഭോഷൻ തന്നെയാകുന്നു. മത്തായി 7:26 ലെ കർത്താവിന്റെ വചനത്തിൽ ഇത് കാണാവുന്നതാണ്. ഒരു സഭ ഈ പ്രകൃതത്തിലാണെങ്കിൽ, അതെക്കുറിച്ച് യിരെമ്യാവ് പ്രസ്താവിക്കുന്നത് ഇപ്രകാരമാകുന്നു.

> നീ യഹോവയുടെ ആലയത്തിന്റെ വാതില്ക്കൽ നിന്നു കൊണ്ട് യഹോവയെ നമസ്കരിപ്പാൻ ഈ വാതിലുകളിൽക്കൂടെ കടന്നുവരായ എല്ലാ യെഹൂദന്മാരും ആയുള്ളോരോ, യഹോവയുടെ അരുളപ്പാട് കേൾപ്പിൻ എന്നീ വചനം വിളിച്ചു പറയുക. യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയുന്നു. നിങ്ങളുടെ നടപ്പും പ്രവൃത്തികളും നന്നാക്കുവിൻ എന്നാൽ ഞാൻ നിങ്ങളെ ഈ സ്ഥലത്ത് വസിക്കുമാറാക്കും... നിങ്ങൾ മോഷ്ടിക്കയും, കുലചെയ്യുകയും, വ്യഭിചരിക്കുകയും കള്ളസത്യം ചെയ്യുകയും ബാലിന് ധൂപം കാട്ടുകയും നിങ്ങൾ അറിയാത്ത ദേവന്മാരോട് ചെന്നു ചേരുകയും ചെയ്യുന്നു. പിന്നെവന്ന് എന്റെ നാമം വിളിച്ചിരിക്കുന്ന ഈ ആലയത്തിൽ എന്റെ സന്നിധിയിൽ നിന്നു കൊണ്ട് ഞങ്ങൾ രക്ഷപ്പെട്ടിരിക്കുന്നു എന്നു പറയുന്നത് ഈ മ്ലേച്ഛതകളൊക്കെയും ചെയ്യേണ്ടതിന് തന്നെയോ? എന്റെ നാമം വിളിച്ചിരിക്കുന്ന ആ ആലയം കള്ളന്മാരുടെ ഗുഹ എന്ന് നിങ്ങൾക്ക് തോന്നുന്നുവോ? എനിക്കും അത് അങ്ങിനെ തന്നേ തോന്നുന്നു എന്ന് യഹോവയുടെ അരുളപ്പാട്.
>
> യിരെ 7:2 –4,9–11

12

**തിന്മകളോടുള്ള പോരാട്ടത്തോടെയല്ലാതെ യാതൊരാൾക്കും തിന്മകളെ ആന്തരീകമായി വെറുപ്പോടെ ദൂരികരിക്കുന്നതിനും, തിന്മകളെ പാപമായി വർജ്ജിക്കുന്നതിനും സാദ്ധ്യമല്ല.**

**92.** മനുഷ്യന്റെ അഹംബോധം ജന്മനാൽ തന്നെ അവനിലുള്ള തിന്മയാകുന്നു എന്നും അതിന്റെ ഫലമായി അവനിൽ ആന്തരീകമായി ഉണ്ടാകുന്ന ജഢീകമോഹങ്ങൾ മുഖേന അവൻ തിന്മകളെ ഇഷ്ടപ്പെടു കയും, പ്രതികാരം ചെയ്യുക, കള്ളം പ്രവർത്തിക്കുക, മാനഹാനി ഉണ്ടാക്കുക, വ്യഭിചാരം ചെയ്യുക എന്നീ തിന്മകൾ ചെയ്യുന്നതിനുള്ള

അഭിലാഷത്തിലൂടെ അവയെ താലോലിക്കുകയും ചെയ്യുന്നു എന്നും ഏവർക്കും അറിയാമല്ലൊ. അതിലും അധികമായി, ഈ തിന്മകൾ എല്ലാം പാപങ്ങളാണെന്ന് അയാൾ ചിന്തിക്കാതിരിക്കുകയും, ആകാരണത്താൽ തന്നെ അവയെ പ്രതിരോധിക്കാതിരിക്കുകയും ചെയ്താൽ അയാൾ അതിനെക്കൂടെ ചെയ്യുകയാണ്, അയാൾക്ക് അനുകൂലമായി സാഹചര്യങ്ങൾ സൗകര്യമായിത്തീരുകയും അയാളുടെ സത്പേരിനും, താല്പര്യങ്ങൾക്കും ഹാനി സംഭവിക്കാതിരിക്കുകയും ചെയ്താൽ അതു കൂടാതെ ഒരുവന് യാതൊരു വിധ മതതത്വങ്ങളിലും താല്പര്യമില്ലെങ്കിൽ അയാൾ ഈ തിന്മകളെ ആനന്ദാനുഭൂതികളുടെ പ്രേരണകളാൽ ചെയ്യുക മാത്രമാണ്.

**93.** ഒരുവനിലെ അഹംബോധം അവന്റെ ജീവിതത്തിന്റെ ആദ്യത്തെ വേര് രൂപികരിക്കുന്നതിനാൽ ആ വേരിനെ പിഴുതു കളഞ്ഞില്ലെങ്കിൽ അയാൾ എങ്ങനെയുള്ള വ്യക്തി അല്ലെങ്കിൽ ഒരു മരം ആയിത്തീരുമെന്ന് അതിനാൽ വ്യക്തമായിത്തീരുന്നതാണ്. അതിനെക്കുറിച്ചാണ് വെട്ടിക്കളയുകയും തീയിൽ ഇട്ടുകളയുകയും ചെയ്യണം എന്ന് പറഞ്ഞിരിക്കുന്നത് മത്തായി3:10,7:19 എന്നിവ നോക്കുക. ആ വൃക്ഷത്തിന്റെ വേരിനെ നിർമ്മിക്കുന്ന തിന്മകൾ അയാളുടെ ദേഹിക്ക് ഹാനികരമാണെന്ന് തിരിച്ചറിയുകയും ആ കാരണത്താൽത്തന്നെ അവയെ നീക്കംചെയ്യുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നില്ലെങ്കിൽ ആ വേര് നീക്കം ചെയ്യപ്പെടുകയോ, വേറൊരു നവീനമായി നേര് വച്ചു പിടിപ്പിക്കപ്പെടുകയോ ഉണ്ടാകുന്നതല്ല. എന്നാൽ അത് അയാളുടെ അഹംബോധത്തിന് ഉപോത്ബലമായി നില്ക്കുകയും, അയാൾക്ക് അതിനാൽ ആനന്ദം ഉണ്ടായിക്കൊണ്ടിരിക്കുകയും ആണെങ്കിൽ അയാൾക്ക് മനസ്സില്ലാ മനസ്സോടെയും അവയോട് എതിരിട്ടും അങ്ങനെ അവയോട് പോരാടിയുമല്ലാതെ അവയെ മാററിക്കളയുവാൻ കഴിയുന്നതല്ല.

**94.** നരകവും സ്വർഗ്ഗവും ഉണ്ടെന്നും സ്വർഗ്ഗം നിത്യവും നിത്യമായ സന്തോഷമാണെന്നും നരകം നിത്യമായ സന്താപം ആണെന്നും, തിന്മ ചെയ്യുന്നവർ നരകത്തിലേക്കും നന്മചെയ്യുന്നവർ സ്വർഗ്ഗത്തിലേക്കും പോകുമെന്നും വിശ്വാസിക്കുന്ന എല്ലാവരും നിരന്തരമായി തിന്മകളുമായുള്ള പോരാട്ടത്തിൽ ആയിരുക്കുന്നവർ ആന്തരീകമായ ഒരു തത്വസംഹിതയിൽ നിന്നാണ് പ്രവർത്തിക്കുന്നത്. അതു പോലെ തന്നെ തിന്മയുടെ വേരിനെ നിർമ്മിക്കുന്ന ജഢീക മോഹത്തിന് എതിരായിട്ടുമാണ് അവർ പ്രവർത്തിക്കുക. എന്തുകൊണ്ടെന്നാൽ ഒരാൾ ഏതൊന്നിന് എതിരായി പടവെട്ടുന്നുവോ, അതിന്ന് അനുകുലമായി പ്രവർത്തിക്കുവാൻ ഇച്ഛിക്കുകയില്ല. അതുപോലെ തന്നെ മോഹത്തിന് അനുകൂലമായി ഇച്ഛിക്കുകയുമില്ല. ആകയാൽ തിന്മയുടെ വേരിനെ പോരാട്ടം കൊണ്ട് മാത്രമേ നീക്കം ചെയ്യുവാൻ കഴിയുകയുള്ളൂ.

**95.** ആകയാൽ ഒരുവൻ എത്രമാത്രം തിന്മകൾക്ക് എതിരായി പടപൊരുതി അതിനെ നീക്കം ചെയ്യുന്നുവോ അത്രമാത്രം അയാൾ അതിനെ ജയിക്കുകയും, നന്മയിൽ നിന്ന് കൊണ്ട് അയാൾ തിന്മയെ അഭിമുഖം നോക്കിയിട്ട് അത് അധമവും, ഭീകരവും ആണെന്ന് കാണുകയും, അത് അപ്രകാരമാകയാൽ അതിനെ വർജ്ജിക്കുകയും ചെയ്യുന്നു, മാത്രമല്ല അതിനെ വെറുക്കപ്പെട്ടതായി മാററി നിർത്തിയിട്ട് അതിനെ മ്ലേച്ഛമെന്ന് മുദ്രകുത്തുകയും ചെയ്യുന്നു.

**96.** തിന്മകൾക്ക് എതിരെ പോരടുന്നവർക്ക് അവരിൽ നിന്നല്ലാതെ പോരാടുവാൻ കഴിയുന്നതല്ല. സ്വയത്തിൽനിന്ന് അതായത് സ്വന്ത തീരുമാനത്തോടെ, പോരാടാത്ത ഒരുവൻ കേവലം ഒരു യന്ത്രം മാത്ര മാണ്, യാതൊന്നും കാണുകയോ യാതൊന്നും സ്വയം ചെയ്യുകയോ ചെയ്യുന്നില്ല. തന്നെയുമല്ല അയാൾ ആയിരിക്കുന്ന തിന്മയിൽ നിന്നുകൊണ്ട് സദാ അതിന്ന് അനുകൂലമായി ചിന്തിച്ചുകൊണ്ടിരി ക്കുകയും ചെയ്യും, അതിന്ന് തന്നെയാണ് ഒരുവനിൽ, തിന്മകൾക്ക് എതിരായി പോരാടുന്നത്. എന്നാൽ ഒരുവന് താൻ തന്നെയാണ് അത് ചെയ്യുന്നതെന്ന് തോന്നിക്കൊണ്ടിരിക്കും. അത് അപ്രകാരംതന്നെ കാണപ്പെടട്ടെ എന്ന് കർത്താവ് ഇച്ഛിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ മനുഷ്യന് അങ്ങനെ തോന്നിയില്ലെങ്കിൽ അവന് പോരാടാനുള്ള ആവശ്യമുണ്ടാകയില്ല. തന്മൂലം നവീകരണം ഉണ്ടാകുവാൻ ഇടയാ കുകയും ഇല്ല.

**97.** സകലവിധ നിയന്ത്രണങ്ങളെയും ജഡീക മോഹങ്ങളുടെ മേൽ അടിയറവു വെച്ചവർക്കും, മനപൂർവ്വം അവയിൽ മുഴകി ഇരിക്കുന്നവർക്കും അല്ലാതെ ആർക്കും തന്നെ ഈ പോരാട്ടം വ്യസനകരം അല്ല തന്നെ. അതുപോലെ തന്നെ വചനത്തിൻെറയും സഭയുടെയും വിശുദ്ധ കാര്യങ്ങൾ എല്ലാം തിരസ്ക്കരിക്കുന്നതിൽ മനസ്സ് ഉറച്ച പായവർക്കും ഇത് വ്യസനകരമാണ്. എന്നാൽ മററുള്ളവർക്ക് ഇത് വ്യസനകരമല്ല. അവർക്ക് ആഴ്ചയിൽ ഒരിക്കലോ മാസത്തിൽ രണ്ടു പ്രാവശ്യമോ തിന്മയുടെ ഉദ്ദേശ്യങ്ങളെ പ്രതിരോധിച്ചാൽ മതി. അവർക്ക് വലിയ മാററം ദൃശ്യമാകുന്നതാണ്.

**98.** ക്രീസ്തീയ സഭ പോരാട്ട സഭ എന്ന് വിളിക്കപ്പെടുന്നു. അത് പിശാചിനോടും, നരകത്തിൽ നിന്നുള്ള തിന്മകളോടും പോരാടുന്നതു കൊണ്ടാണ് അതിനെ പോരാട്ട സഭ എന്ന് വിശേഷിപ്പിക്കുന്നത്. നരകം എന്നാൽ പിശാച് തന്നെയാണ്, ഈ പോരാട്ടം ഒരു പരീക്ഷയാണ്. സഭയിലുള്ള ഓരോ മനുഷ്യനും അതിന്ന് വിധേയനാകേണ്ടതാണ്.

**99.** തിന്മകളോടുള്ള പോരാട്ടങ്ങൾ ആകുന്ന ഈ പരീക്ഷകളെക്കുറിച്ച് വചനത്തിൽ പലഭാഗങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. കർത്താവ് അരുളിച്ചെയ്ത വചനങ്ങളിൽ അത് സൂചിപ്പിക്കപ്പെടുന്നുണ്ട്.

ഞാൻ നിങ്ങളോടു പറയുന്നു. കോതമ്പുമണി നിലത്തുവീണ് ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും, ചത്തുഎങ്കിലോ വളരെ വിളവ് ഉണ്ടാകും. യോഹ 12:24

ഈ വചനങ്ങളിലും അപ്രകാരമുണ്ട്:

ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തൻെറ ക്രൂശ് എടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തൻെറ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. ആരെങ്കിലും എൻെറയും സുവിശേഷത്തിൻെറയും നിമിത്തം തൻെറ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും. മാർക്കോസ് 8:34,35

ക്രൂശ് എന്നതിന് പരീക്ഷ എന്ന് അർത്ഥമുണ്ട്

മത്തായി10:38,14:24, മാർക്കോസ് 10:21, ലൂക്കോസ് 14:27

ജീവൻ (ജീവിതം) എന്നതിന് മനുഷ്യൻെറ അഹംബോധത്തിൻെറ ജീവൻ (അഹംബോധത്തിൻെറ ജീവിതം) എന്ന് അർത്ഥമുണ്ട്.

മത്തായി 10:39,16:25; ലൂക്കോസ് 9:24; വിശിഷ്യായോഹന്നാൻ 12:25 എന്നിവ നോക്കുക.

ഒന്നിനും ഉപകരിക്കാത്ത മാംസത്തിൻെറ ജീവൻ എന്നും ഇതിന് അർത്ഥംമുണ്ട്. യോഹന്നാൻ 6:63 നോക്കുക.

തിന്മകൾക്ക് അതിരായുള്ള പോരാട്ടത്തെക്കുറിച്ചും അവയ്ക്ക് മീതെയുള്ള വിജയത്തെക്കുറിച്ചും വെളിപ്പാടിൽ കർത്താവ് സർവ്വ സഭകളോടുമായി അരുളിച്ചെയ്യുന്നു.

എഫെസോസിലെ സഭയുടെ ദൂതന്,

ജയിക്കുന്നവന്ന ഞാൻ ദൈവത്തിൻെറ പരദീസയിൽ ഉള്ള ജീവവൃഷത്തിൻെറ ഫലം തിന്മാൻ കൊടുക്കും. വെളി 2:7

സമൂർന്നയിലെ സഭയുടെ ദൂതന്ന്;ജയിക്കുന്നവന്ന് രണ്ടാം മരണത്താൽ ദോഷം വരികയില്ല. വെളിപ്പട് 2:11

പെർഗ്ഗമോസിലെ സഭയുടെ ദൂതന്

ജയിക്കുന്നവന്ന് ഞാൻ മറഞ്ഞിരിക്കുന്ന മന്നാകൊടുക്കും. ഞാൻ അവന്ന് വെള്ളക്കല്ലും ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആകല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയപേരും കൊടുക്കും. വെളി 2:17

തുയഥൈരയിലെ സഭയുടെ ദൂതന്

ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ടിക്കുകയും ചെയ്യുന്നുവെന്ന് എൻെറ പിതാവ് എനിക്കു

തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരംകൊടുക്കും. അവർ ഇരിമ്പുകോൽകൊണ്ട് അവരെ മേയിക്കും. അവർ കുശവൻെറ പാത്രങ്ങൾപോലെ നുറുങ്ങിപോകും. വെളി 2:26-28

സർദ്ദീസിലെ സഭയുടെ ദൂതന്

ജയിക്കുന്നവൻ വെള്ളയുടുപ്പ് ധരിക്കും. അവൻെറപേർ ഞാൻ ജീവപുസ്തകത്തിൽ നിന്ന് മായിച്ച്കളയാതെ, എൻെറ പിതാവിൻെറ സന്നിധിയിലും, അവൻെറ ദൂതന്മാരുടെ മുമ്പിലും അവൻെറപേർ ഏററു പറയും. വെളി 3:5

ഫിലദെൽഫ്യയിലെ സഭയുടെ ദൂതന്

ജയിക്കുന്നവനെ ഞാൻ എൻെറ ദൈവത്തിൻെറ ആലയത്തിൽ ഒരു തൂണാകും. അവൻ ഒരിക്കലും അവിടെ നിന്ന് പോകില്ല. എൻെറ ദൈവത്തിൻെറ പക്കൽനിന്ന് സ്വർഗ്ഗത്തിൽ നിന്നുതന്നേ, ഇറങ്ങുന്ന പുതിയയെരുശലേം എന്ന എൻെറ ദൈവത്തിൻ നഗരത്തിൻെറ നാമവും, എൻെറ പുതിയ നാമവും ഞാൻ അവൻെറ മേൽ എഴുതും വെളി 3:12

ലവോദിക്യ സഭയുടെ ദൂതന്

ജയിക്കുന്നവന് ഞാൻ എന്നോടു കൂടെ എൻെറ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും. ഞാനും ജയിച്ച് എൻെറ പിതാവിനോടുകൂടെ അവൻെറ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ വെളി 3:21

**100.** പരീക്ഷകൾ എന്ന ഈ പോരാട്ടത്തെക്കുറിച്ച് നവയെരുശലേമിൻെറ ഉപദേശം-1758ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ചത് നമ്പർ 187-201 ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്. പരീക്ഷയുടെ ഉത്ഭവവും സ്വഭാവവും നമ്പർ 196-197 ഖണ്ഡികകൾ അവ എങ്ങനെ എപ്പോൾ സംഭവിക്കുന്നു നമ്പർ 198 ഖണ്ഡിക. അവയുടെ പ്രത്യാഘാതം എന്താണ്? നമ്പർ 199 ഖണ്ഡിക. കർത്താവ് മനുഷ്യനുവേണ്ടി പോരാടുന്ന നമ്പർ 200 ഖണ്ഡിക, കർത്താവിൻെറ പോരാട്ടങ്ങൾ അഥവാ പരീക്ഷകൾ നമ്പർ 201 എന്നിവ നോക്കുക.

13

## മനുഷ്യൻ തിന്മകളെ പാപങ്ങളായി വർജ്ജിക്കണം. തിന്മകളോട് സ്വയമായി പോരാടുകയും വേണം.

**101.** മനുഷ്യൻ യുക്ത്യാനുസരണമുള്ള സ്വാതന്ത്ര്യത്തോടെ പെരുമാറണമെന്നത് ദൈവീകവ്യവസ്ഥ ആകുന്നു. യുക്തിപൂർവ്വമുള്ള സ്വാതന്ത്രത്തോടെ പ്രവർത്തിക്കുക എന്നുപറഞ്ഞാൻ സ്വകീയമായി പ്രവർത്തിക്കണം എന്നാണ് അർത്ഥം. സ്വാതന്ത്ര്യം എന്നും യുക്തി എന്നുമുള്ള രണ്ടു കഴിവുകളും മനുഷ്യൻെറ സ്വന്തം അല്ല, പിന്നെയോ

അവനിൽ ഉള്ള കർത്താവിൻേറത് ആകുന്നു. അവൻ മനുഷ്യനാകയാൽ അത് അവനിൽനിന്ന് എടുത്ത് മാററപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ, അവയുടെ അഭാവത്തിൻ മനുഷ്യന് പരിവർത്തനം (നവീകരണം) ഉണ്ടാകുന്നില്ല. അവ കൂടാതെ അവന്ന് മാനസാന്തരത്തിൻെറ പ്രവൃത്തി ചെയ്യാൻ സാദ്ധ്യമല്ല. അതുപോലെതന്നെ, അവന് തിന്മകൾക്ക് എതിരെ പോരാടുവാനും, മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പാനും കഴിയുന്നതല്ല. കർത്താവിൽനിന്നുള്ള സ്വാതന്ത്ര്യവും യുക്തിചിന്തയും മനുഷ്യന് ലഭ്യമായിരിക്കയാലും മനുഷ്യൻ അവയ്ക്കനുസരണമായി പ്രവർത്തിക്കയാലും അവൻ തനിയെ അല്ല പ്രവർത്തിക്കുന്നത്, അവനിൽ നിന്ന് എന്നതുപോലെയാണ് ചെയ്യുന്നത്.

**102.** കർത്താവ് മനുഷ്യനെ സ്നേഹിക്കുകയും അവനോട് ഒത്ത് വസിപ്പാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ പരസ്പര പ്രവർത്തന ബന്ധത്തിൽ മനുഷ്യൻ കർത്താവിനെ ഹൃദയംഗമായി സ്വീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു എങ്കിൽ മാത്രമേ പ്രസ്തുത സ്നേഹ ബന്ധ ത്തിൻെറ പശ്ചാത്തലത്തിൽ കർത്താവിന് മനുഷ്യനുമായി സംയോഗം ഉണ്ടാകുകയുള്ളൂ. ഈ സംഗതികൾക്കായി കർത്താവ് മനുഷ്യനു വേണ്ടി സ്വാതന്ത്ര്യവും യുക്തിയും നൽകിയിരിക്കുന്നു. സ്വയമായിട്ട് ചിന്തിക്കുവാനും, ഇച്ഛിക്കുവാനുള്ള സ്വാതന്ത്ര്യം, യുക്തിചിന്തയാകട്ടെ, അതിൽ പ്രകാരം ചിന്തിക്കുന്നതിനും ഇച്ഛിക്കുന്ന തിനും നവീകരണവും പ്രതിപ്രവർത്തനവും ഇല്ലാത്ത ഒരാളുമായി സ്നേഹിക്കുവാനും സ്നേഹബന്ധത്തിൽ ആയിരിപ്പാനും സാദ്ധ്യമല്ല തന്നെ. സ്വീകരണം ഇല്ലാത്ത ഒരാളുമായി സ്നേഹത്തിൽ ആയിരിപ്പാൻ ഒരിക്കലും സാദ്ധ്യമല്ലല്ലൊ. സ്വീകരണം പ്രതിപ്രവർത്തനവും ഒരാളിൽ ഉണ്ടായിരിക്കുന്നത് കർത്താവിൽനിന്ന് ആകുന്നുവല്ലൊ ആകയാൽ കർത്താവ് ഇപ്രകാരം അരുളിചെയ്തു.

> എന്നിൽ വസിപ്പാൻ ഞാൻ നിങ്ങളിലും വസിക്കും. യോഹ 15:4

> ഒരുത്തൻ എന്നലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. യോഹ 15:5

> ഞാൻ എൻെറ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും എന്ന് നിങ്ങൾ അന്ന് അറിയും. യോഹ 14:20

മനുഷ്യൻ സ്വീകരിക്കുന്നതും മനുഷ്യനിൽ ഉള്ളതുമായ സത്യത്തിലും നന്മയിലും കർത്താവ് ഉണ്ടെന്നുള്ളത് അവൻ ഉപദേശിക്കുന്നതിൽ നിന്നും വ്യക്തമാകുന്നുണ്ട്

> നിങ്ങൾ എന്നിലും എൻെറ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ അത് നിങ്ങൾക്ക് കിട്ടും........ നിങ്ങൾ എൻെറ കല്പനകൾ പ്രമാണിച്ചാൽ എൻെറ സ്നേഹത്തിൽ വസിക്കും. യോഹ 15:7,10

എൻെറ കല്പനകൾ ലഭിച്ച് പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എൻെറ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ച് അവന് എന്നെതന്നെവെളിപ്പെടുത്തും. എന്നെ സ്നേഹിക്കുവൻ എൻെറ വചനം പ്രമാണിക്കും എൻെറ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവൻെറ അടുക്കൽവന്ന് അവനോടുകൂടെ വാസംചെയ്യും.

യോഹ 14:21,23

**103.** കർത്താവിൽനിന്ന് മനുഷ്യന് സ്വീകരിക്കുവാനും അന്യോന്യം ആശയവിനിമയം ചെയ്യുവാനുമുള്ള കഴിവും ശക്തിയും കർത്താവിൽങ്കൽ നിന്നും മനുഷ്യനിൽ ഉണ്ടെന്നുള്ളതിനാൽ മനുഷ്യൻ താൻ ഒഴിച്ചു മറ്റേതൊരാളേക്കാളും ചെയ്യാൻ കഴിയാത്ത മാനാസാന്തരത്തിന്റെ പ്രവൃത്തി മനുഷ്യൻ ചെയ്യണമെന്നു ഫലം പുറപ്പെടുവിക്കണമെന്നും കർത്താവു ആവശ്യപ്പെടുന്നു

യേശു പറഞ്ഞു : നിങ്ങൾ മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും നശിച്ചുപോകും. ലൂക്കോ: 13:3,5

യേശു പറഞ്ഞു: ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ. മർക്കോ: 1:15

യേശു പറഞ്ഞൂ: ഞാൻ നീതിമാൻമാരെയല്ല പാപികളെ അത്രെ മാനസാന്തരത്തിനു വിളിപ്പാൻ വന്നതു. ലൂക്കോ: 5;32

യേശു സഭകളോടു പറഞ്ഞു: മാനസാന്തരപ്പെടുവിൻ.

വെളി: 2:5, 16, 21, 22, 3:3

കൂടാതെ: അവർ തങ്ങളൂടെ പ്രവൃത്തികൾ വിട്ടു മാനസാന്തരപ്പെട്ടില്ല
വെളി: 16:11

**104** അനസ്യൂതമായ ഈ അന്യോനതയും നേരെ മറിച്ചും, ഉഭയ ബന്ധത്തിനും ഉള്ള ഈ കഴിവു കർത്താവിങ്കൽ നിന്നും മനുഷ്യനിൽ ഉണ്ടെന്നുള്ളതിനാൽ കൽപനകൾ പാലിക്കണമെന്നും ഫലം പുറപ്പെടുവിക്കണമെന്നും കർത്താവു ആവശ്യപ്പെടുന്നു.

നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്ന് വിളിക്കുകയും ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത്? ലൂക്കോ 6:46-49

ഇത് നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ
യോഹ13:17

ഞാൻ നിങ്ങളോട് കല്പിക്കുന്നത് ചെയ്താൽ നിങ്ങൾ എൻെറ സ്നേഹിതന്മാർ. യോഹ 15:14

ഈ ഏററവും ചെറിയ കല്പനകൾ........ ആചരിക്കുകയും, പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും.
മത്തായി 5:19

ആകയാൽ എൻെറ ഈ വചനങ്ങളെ കേട്ടുചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു
മത്തായി 7:24

മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പിൻ. മത്തായി3:8

ഫലം കൊണ്ടല്ലോ വൃഷം അറിയുന്നത്. മത്തായി 12:33

ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്നെടുത്ത് അതിൻെറ ഫലം കൊടുക്കുന്ന ജാതിക്കുകൊടുക്കും. മത്തായി 21:43

നല്ല ഫലം കായ്ക്കാത്ത വൃഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു.
മത്തായി 7:19

മറ്റൊരിടത്ത് അനവധി പ്രാവശ്യം ആവർത്തിക്കുന്നു.

ഈ വേദഭാഗങ്ങളിൽ നിന്ന് മനുഷ്യൻ തന്നത്താൻ പ്രവർത്തിക്കണമെന്ന് വ്യക്തമാകുന്നുണ്ടല്ലൊ. പക്ഷേ, കർത്താവിനോട് പ്രാർത്ഥിച്ച് കർത്താവിൽ നിന്നുള്ള ശക്തി ആർജ്ജിക്കുകയും തന്നെത്താൻ എന്നവണ്ണം പ്രവർത്തിക്കുകയും ചെയ്യണം.

**105** ഉഭയബന്ധത്തിനും നേരെ മറിച്ചും കർത്താവിൽ നിന്നുള്ള കഴിവും അനസ്യൂതമായ പൊതു സഹകരണത്തിന്റെ കഴിവും മനുഷ്യനോടു കൂടെ ഉണ്ടെന്നിരിക്കേ അവൻ അവന്റെ പ്രവൃത്തികൾക്കു അവയ്ക്കനുസരിച്ചു പ്രതിഫലത്തിനും അർഹിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു കർത്താവു പറയുന്നതു:

മനുഷ്യപുത്രൻ തൻെറ പാതാവിൻെറ മഹത്വത്തിൽ തൻെറ ദൂതന്മാരുമായിവരും. അപ്പോൾ അവൻ ഓരോരുത്തനും അവനവൻെറ പ്രവൃത്തിക്കുതക്കവണ്ണം പകരംനൽകും. മത്താ 16:27

നന്മ ചെയ്തവൻ ജീവനായും തിന്മചെയ്തവൻ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യ്വാനുള്ള നാഴികവരുന്നു. യോഹ 5:29

അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു. വെളി 14:13

മരിച്ചവർക്ക് അവരുടെ പ്രവൃത്തികർക്ക് അടുത്തന്യാവിധി ഉണ്ടായി.
വെളി 20:13

ഇതാ ഞാൻ വേഗം വരുന്നു, ഓരോരുത്തന്ന് അവനെവൻെറ പ്രവത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എൻെറ പക്കൽ ഉണ്ട്.
വെളി 22:12

പ്രതികരിക്കുന്നതിന് അതായത് പ്രത്യുത്തരം നൽകുന്നതിന് ഉള്ളശക്തി മനുഷ്യന് ഇല്ലായിരുന്നെങ്കിൽ ആരോപണങ്ങൾ ഉണ്ടാകുമായിരുന്നില്ല.

**106.** സ്വീകരിപ്പാനും തിരികെ നൽകുവാനും ഉള്ളകഴിവ് മനുഷ്യന് നൽകപ്പെട്ടിരിക്കകൊണ്ട് സഭ പഠിപ്പിക്കുന്നത് മനുഷ്യൻ സ്വയം പരിശോധിക്കുകയും, അവൻെറ പാപങ്ങൾ ദൈവമുമ്പിൽ ഏററുപറയുകയും, പാപങ്ങളിൽ നിന്ന് വിട്ടൊഴിഞ്ഞു നില്ക്കുകയും, പുതിയൊരു ജീവിതം നയിക്കുകയും ചെയ്യണം എന്നാകുന്നു. മുകളിൽ 3–8 നമ്പ് ഖണ്ഡികകളിൽ, എല്ലാ ക്രിസ്തീയ സഭകളും ഇപ്രകാരം പഠിപ്പിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

**107.** സ്വീകരിക്കാനും, സ്വയമായി ചിന്തിക്കുവാനും ഉള്ളകഴിവുകൾ മനുഷ്യന് ഇല്ലായിരുന്നെങ്കിൽ വിശ്വാസത്തെക്കുറിച്ച് യാതൊന്നും പറയുവാൻ കഴിയുമായിരുന്നില്ല, എന്തുകൊണ്ടെന്നാൽ വിശ്വാസം മനുഷ്യനിൽ സ്വയം ഉത്ഭവിക്കുന്നതല്ല. ഈ കഴിവിൻെറ അഭാവത്തിൽ മനുഷ്യൻ കേവലം കാററിൽ പറന്നു പോകുന്ന ഉണങ്ങിയ വൈക്കോൽ മാത്രമാണ്. ജീവചൈതന്യമില്ലാതെ, വായും തുറന്ന്, കൈകൾ താഴ്ത്തിയിട്ട് ഉയരത്തിൽ നിന്നുള്ള പ്രവാഹത്തെ കാത്തുകൊണ്ട്, രക്ഷയ്ക്കാവശ്യമായ യാതൊന്നും ചെയ്യാൻ കഴിയാതെ നിശ്ചലമായി നില്ക്കാനിടയാകും. അവന് അവയ്ക്കു വേണ്ടി ഒന്നും ചെയ്യാൻ കഴിയുകയില്ലെങ്കിലും അവന് സ്വയം പ്രതിപ്രവർത്തനം ചെയ്യാനും മറുപടി നൽകാനും കഴിഞ്ഞേക്കും. ദൂതന്മാരുടെ ജ്ഞാനത്തിന്റെ പ്രതിപദ്യത്തിൽ ഇനിയും വിഷയത്തെ കുറിച്ചുള്ള് കൂടുതൽ വിശദമായി പ്രതിപാദിക്കുന്നതാണ്.

14

## തിന്മകൾ പാപങ്ങൾ ആണെന്നുള്ളതിനെക്കാൾ മറേറതെങ്കിലും കാരണം കൊണ്ട് ഒരുവൻ വർജ്ജിക്കുന്നതായാൽ അയാൾ അവയെ യഥാർത്ഥത്തിൽ തിന്മകൾ വർജ്ജിന്നില്ല. പ്രസ്തുത ലോകത്തിനു മുമ്പിൽ പ്രത്യക്ഷപ്പെടാതെ തടയുകമാത്രമാണ് ചെയ്യുന്നത്.

**108.** പത്തുകല്പനകളുടെ രണ്ടാമത്തെ കല്പലകകയിലെ കല്പനകൾ ആയ, കളവു ചെയ്യരുത്, ദൈവദൂഷണം പറയരുത്, പ്രതികാരം ചെയ്യരുത്, വ്യഭിചാരം ചെയ്യരുത് എന്നിവയെല്ലാം അനുഷ്ടിക്കുന്നവരും ഇവയെല്ലാം തിന്മകൾ ആണെന്ന് ഉറപ്പുള്ളവരുമായ നിരവധി ധാർമ്മിക മനുഷ്യർ ഈ ഭൂമിയിലുണ്ട്. തിന്മകളെല്ലാം രാജ്യത്തിന് ആപത്കരവും മനുഷ്യത്വ നിയമങ്ങൾക്ക് പ്രതികൂലവും ആണെന്ന് അവൻ അറിയുകയും, സാർവ്വത്രീക സ്നേഹം, വിശ്വസ്തത നീതി, പവിത്രത എന്നീ ഗുണങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യാറുണ്ട്. എങ്കിലും തിന്മകളെ പാപങ്ങൾ എന്ന് തിരിച്ചറിഞ്ഞ് വർജ്ജിക്കാതെ, തിന്മകളെ തിന്മകളായിമാത്രം വർജ്ജിക്കുകയും സത്പ്രവൃത്തികൾ ചെയ്യുകയും മാത്രമാണെങ്കിൽ അവർ

ഇപ്പോഴും പ്രാകൃത മനുഷ്യർ തന്നെയാണ്. അങ്ങനെ, കേവലം പ്രാകൃത മനുഷ്യർ ആയുള്ളവർക്ക് തിന്മയുടെ വേര് നട്ടുപിടിപ്പിക്കപ്പെട്ടു നില്ക്കയാണ്. അവർ അതിനെ മാററിയിട്ടില്ലല്ലൊ. ആകയാൽ അവർ ചെയ്യുന്ന നന്മപ്രവൃത്തികൾ നന്മകളേ അല്ല. എന്തെന്നാൽ അവർക്ക് യാതൊരു മാററവും ഉണ്ടായിട്ടില്ല. അവർ പ്രാകൃത മനുഷ്യർ തന്നെയാണ്.

**109.** ഭൂമിയിലെ മററു മനുഷ്യരുടെ മുമ്പിൽ തികച്ചും ആത്മീക മനുഷ്യരായി കാണപ്പെടാൻ ധാർമ്മികനായ സാധാരണ മനുഷ്യന് കഴിയുന്നതാണ്. എന്നാൽ സ്വർഗ്ഗത്തിലെ ദൂതന്മാരുടെ മുമ്പിൽ അത് സാദ്ധ്യമല്ല. ധാർമ്മികനായ പ്രാകൃതിക മനുഷ്യൻ നന്മകളിൽ പരിശീലിതനാണെങ്കിൽ അയാൾ സ്വർഗ്ഗത്തിലെ ദൂതന്മാരുടെ മുമ്പിൽ ഒരു മരശില്പംപോലെ മാത്രമേ കാണപ്പെടുകയുള്ളൂ. അയാൾ സത്യത്തിൽ പരിശീലിതനാണെങ്കിൽ സ്വർഗ്ഗീയ ദൂതന്മാരുടെ മുമ്പിൽ ഒരു വെണ്ണക്കൽ പ്രതിമപോലെ കാണപ്പെടും. പക്ഷേ രണ്ടിലും ജീവൻ ഇല്ലല്ലൊ. അതുപോലെ അല്ല ധാർമ്മികനായ ആത്മീകമനുഷ്യൻ. ധാർമ്മികനായ പ്രാകൃതിക മനുഷ്യൻ ബാഹ്യമായി ധാർമ്മികനാണ്. എന്നാൽ ധാർമ്മികനായ ആത്മീകമനുഷ്യൻ ആന്തരീകമായും ധാർമ്മികനാണ്. ആന്തരീകം കൂടാതെയുള്ള ബാഹ്യഗുണം സജീവനല്ല. അതും ജീവിക്കുന്നുണ്ട് എന്നാൽ ജീവൻ എന്ന് വിളിക്കപ്പെടുന്ന ജീവനോടെ അല്ല തന്നെ.

**110.** ഒരുവൻെറ ശൈശവകാലം മുതൽക്കേ അവൻെറ ആന്തരീകഭാവങ്ങളെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന തിന്മയുടെ ജഢീകമോഹങ്ങളെ കർത്തവിനാൽ അല്ലാതെ മാററപ്പെടുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ കർത്താവ് ആത്മീകതലത്തിൽ നിന്ന് പ്രാകൃതമായ ഭൗതീകതലത്തിലേക്ക് പ്രവഹിക്കുന്നു. എന്നാൽ മനുഷ്യനാകട്ടെ, ഭൗതീകതലത്തിൽ നിന്ന് ആത്മീകതലത്തിലേക്ക് പ്രവഹിക്കുന്നു. ഈ പ്രവാഹം ക്രമവിരുദ്ധമാണ്. അവ ജഢീക മോഹങ്ങളെ മാററുന്നതിനായി മോഹങ്ങളിൽ പ്രവർത്തിക്കുന്നില്ല. അവ സ്ഥാപിതമാകുന്നതിനനുസരിച്ച്, അകത്ത് അടച്ചപൂട്ടിയ നിലയിൽ ആയിത്തീരുന്നു. അങ്ങനെ പാരമ്പര്യമായി ഉണ്ടായിട്ടുള്ള തിന്മകൾ അടച്ചു പൂട്ടപ്പെട്ട നിലയിൽ ഗുപ്തമായി കിടക്കുകയും, മരണാനന്തരം മനുഷ്യൻ ഒരു ആത്മാവ് ആയി പരിണമിക്കുമ്പോൾ, അതിനെ പൊതിഞ്ഞു സൂക്ഷിച്ചിരുന്ന ആവരണത്തെ പൊട്ടിച്ചു കളഞ്ഞ്, ഉപരിതലം മാത്രം കരിഞ്ഞിരുന്നതും അന്തർഭാഗം ദ്രവിച്ചു കൊണ്ടിരിക്കുന്നതുമായ ഒരു ക്യാൻസർ വ്രണത്തിൽ നിന്ന് വമിക്കുന്നചലം പോലെ, വെളിയിലേക്ക് പ്രവഹിക്കുകയും ചെയ്യുന്നു.

**111.** ബാഹ്യരൂപത്തിൽ ഒരു മനുഷ്യനെ ധാർമ്മികനാക്കുന്നതിനായി പ്രവർത്തിക്കുന്ന നിരവധി വൈവിദ്ധ്യമാർന്ന കാര്യങ്ങൾ ഉണ്ട്. എന്നാൽ

അയാൾ ആന്തരീകമായി ധാർമ്മികൻ അല്ലെങ്കിൽ യഥാർത്ഥത്തിൽ ധാർമ്മികൻ ആയിട്ടില്ല. ഉദാഹരണത്തിനായി ഒരാൾ വ്യഭിചാരത്തിൽ നിന്നും പരസംഗത്തിൽ നിന്നും ഒഴിഞ്ഞു നില്ക്കുന്നത് പൗരധർമ്മ നിയമത്തോടും ശിക്ഷാ നടപടികളോടും ഉള്ള ഭയംകൊണ്ടും, സത്പേരും, ബഹുമാന്യതയും നഷ്ടമാകുമെന്നുള്ള ആശങ്കകൊണ്ടും തിന്മപ്രവൃത്തി കളിൽ നിന്നുണ്ടാകാവുന്ന ഭയംകൊണ്ടും സ്വന്തം ഭവനത്തിൽ ഭാര്യയിൽ നിന്നുണ്ടാകാവുന്ന കുടുംബ കലഹത്തെ കുറിച്ചുള്ള ഭയത്താലും, ഭർത്താവോ, ബന്ധുക്കളോ ഉണ്ടാക്കിയേക്കാവുന്ന പ്രതികാര നടപടികളെക്കുറിച്ചുള്ള ഭയം കൊണ്ടും, ദരിദ്രമോ കഷ്ടതയോ ഉണ്ടാകുന്നതിനാലോ, രോഗങ്ങളോ മററുകാരണങ്ങളോ മുഖേനയുണ്ടാ കാവുന്ന നാഡീദൗർബല്യം കാരണമോ, ദുരുപയോഗം കൊണ്ടോ, പ്രായധിക്യം കാരണമോ അഥവാ വന്ധ്യത്വം ഹേതുവാലോ, ഒരുവൻ തീർച്ചയായും ഈ തിന്മകളിൽനിന്നും സാമൂഹ്യമോ മതപരമോ ആയ നിയമങ്ങളാലോ ആയിരുന്നാലും അത് ആത്മീക നിയമങ്ങൾക്ക് അനുസൃതമായിട്ടല്ല എങ്കിൽ അയാൾ ഇപ്പോഴും ആന്തരീകമായി ഒരു വ്യഭിചാരിയും, പരസംഗക്കാരനും ആയിരുന്നു. എന്തുകൊണ്ടെന്നാൽ അയാൾ ഇപ്പോഴും അവയൊന്നും പാപമല്ല എന്നാണ് ചിന്തിക്കുന്നത്. തത്ഫലമായി അയാൾ ഇപ്പോഴും ആന്തരീകമായി വ്യഭിചാരിയും പരസംഗക്കാരനും തന്നെയാകുന്നു. അവയെ ദൈവമുമ്പാകെ അയാൾ നിമാനുസൃതമല്ലാത്തവയാണെന്ന് കാണുന്നില്ല. ലോകത്തിനു മുമ്പിൽ അയാൾ ശാരീരികമായി അങ്ങനെയല്ലെന്ന് തോന്നുന്നുണ്ടെങ്കിലും, മരണാനന്തരം അയാൾ ഒരു ആത്മാവ് ആകുമ്പോൾ അവയ്ക്ക് അനുകൂലമായി മാത്രമേ അയാൾ സംസാരിക്കുകയുള്ളൂ. ഈ വിചിന്തനങ്ങളിൽ നിന്ന് സുവിദിതമാകുന്നത് ഒരു ദുഷ്ടമനുഷ്യൻ തിന്മകളെ ഹാനികരം എന്നു കരുതി വർജ്ജിച്ചേക്കാം. എന്നാൽ ഒരു ക്രീസ്ത്യാനിക്കു മാത്രമേ തിന്മകളെ പാപങ്ങളായി തിരിച്ചറിഞ്ഞ് വർജ്ജിക്കുവാൻ കഴിയുകയുള്ളൂ.

**112.** എല്ലാവിധ മോഷണങ്ങളും, കളവും ഇതുപോലെ തന്നെ ആകുന്നു. എല്ലാവിധ കുലപാതകങ്ങളും, പ്രതികാരങ്ങളും, സകലവിധ കള്ള സാക്ഷ്യങ്ങളും, കള്ളങ്ങളും അങ്ങനെ തന്നെയാണ്. യാതൊരാൾക്കും സ്വയമായി ഇവയിൽനിന്നും ശുചികരിക്കപ്പെടുന്നതിനും, പരിശുദ്ധനാക്ക പ്പെടുന്നതിനും സാദ്ധ്യമല്ല. കാരണം എന്തെന്നാൽ ഓരോരോ ജഢീക മോഹത്തിലും നിരവധി സുസൂക്ഷ്മമായ കാരണങ്ങളുണ്ട് മനുഷ്യന് അവയെല്ലാം ഒരുപോലെയോ തോന്നുക യുള്ളൂ. എന്നാൽ ഓരോ തിന്മയിലും അന്തർഭവിച്ചിരിക്കുന്ന സൂക്ഷ്മമായ കാരണങ്ങൾ കർത്താവിന് കാണ്മാൻ കഴിയും. ഒരു വചനം കൊണ്ട് യാതൊരാൾക്കും സ്വയം വീണ്ടും ജനനം ഉണ്ടാക്കുവാൻ കഴിയുകയില്ല. അതായത് അയാൾക്ക് സ്വയമായി രൂപാന്തരത്വമുണ്ടാക്കുവാനും ഒരു പുതിയ ഹൃദയം രൂപിക്കരിക്കാനും പുതിയൊരു ആത്മാവിനെ

നിർമ്മിക്കാനും സാദ്ധ്യമല്ല, പക്ഷേ കർത്താവിന് മാത്രമേ ഇത് ചെയ്യാൻ കഴിയുകയുള്ളൂ, കാരണം കർത്താവ് തന്നെയാണ് പുനർനിർമ്മിതാവും, വീണ്ടും ജനനദായകനും, ആകയാൽ ഒരു മനുഷ്യൻ സ്വയം പുതിയ വ്യക്തിയായിത്തീരാൻ ശ്രമിച്ചാൽ അയാളുടെ സ്വന്തബുദ്ധിയിലും ജ്ഞാനത്തിലും നിന്ന് സ്വയം വീണ്ടും ജനനത്തിനായി പ്രവർത്തിച്ചാൽ അത് വിരൂപമായ മുഖത്തിൽ സിന്ധൂരം ഇടുന്നതു പോലെയേ ആകുകയുള്ളൂ. അഥവാ ഉള്ളിൽ ദ്രവിച്ചു കൊണ്ടിരിക്കുന്ന ഒരു ഭാഗത്തിനു മുകളിൽ ചായം അടിക്കുന്നതു പോലെയേ ആയിരിക്കു കയുള്ളൂ.

**113.** ആകയാൽ കർത്താവ് മത്തായിയുടെ സുവിശേഷത്തിൽ അരുളിചെയ്യുന്നത്,

> കുരുടനായ പരീശനോ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ട തിനു മുമ്പേ, അവയുടെ അകം വെടിപ്പാക്കുക. മത്തായി 23:26

യെശയ്യാവിലും ഇപ്രകാരം കാണുന്നു,

> നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എൻെറ കണ്ണിൽ മുമ്പിൽ നിന്ന് നീക്കിക്കളവിൻ......
>
> നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമപോലെ വെളുക്കും. രക്താംബരംപോലെ ചുവപ്പ് ആയിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. യെശ 1:16,18

**114.** മുകളിൽ പ്രസ്താവിക്കപ്പെട്ട സംഗതികളോടൊപ്പം ചുവടേ ചേർത്തിരിക്കുന്ന കാര്യങ്ങൾക്കൂടി ഉൾപ്പെടുത്താവുന്നതാണ്.

1. ഓരോരുത്തനും ക്രീസ്ത്രീയമായ സാർവ്വത്രിക സ്നേഹം പാലിക്കുക എന്നാൽ അവനവൻെറ വിളി അനുസരിച്ചുള്ള ചുമതലകൾ വിശ്വസ്ഥതയോടെ നിർവ്വഹിക്കുക എന്നതാകുന്നു. അങ്ങനെ അയാൾ തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നു എങ്കിൽ, അയാൾ ദൈനംദിനം നന്മകൾ ചെയ്യുന്നു. അവൻ സ്വന്ത ശരീരത്തിൽ അയാൾക്കു വേണ്ടി ത്തന്നെ പ്രവർത്തിക്കുന്നു, അതുപോലെതന്നെ മററുള്ളവരുടെ നന്മയ്ക്കായും പ്രവർത്തിക്കന്നു. മാത്രവുമല്ല സമൂഹത്തിലെ ഓരോരുത്തർക്കും പ്രത്യേകമായും പ്രവർത്തിക്കുന്നു.

2. മററു പ്രവർത്തികൾ സാർവ്വത്രിക സ്നേഹത്തിൻെറ ശരിയായുള്ള പ്രവർത്തനമല്ല. പക്ഷേ അവയുടെ അടയാളങ്ങളാകുന്നു. അഥവാ അവയുടെ നന്മയുടെ ഫലങ്ങൾ അഥവാ അതിൻെറ കടപ്പാടുകൾ ആയിരിക്കും.

# വിശ്വാസത്തെ സംബന്ധിച്ചുള്ള
# നവയെരുശലേമിൻെറ ഉപദേശം.

**ഇമ്മാനുവേൽ സ്വീഡൻബോർഗ്**

ആദ്യ പ്രസിദ്ധീകരണം 1763 – ൽ ആംസ്റ്റർഡാമിൽ

ഇന്ത്യയിൽ പ്രസിദ്ധീകരിച്ചത് 2014 – ൽ

ചർച്ച് ഒഫ് ന്യു യെരുശലേം ( ന്യു ചർച്ച് ഇൻ ഇന്ത്യ)

തൃശൂർ, കേരള

2014

## ഉള്ളടക്കം

അധ്യായം ഖണ്ഡിക


I. സത്യത്തിന്റെ ആന്തരിക അംഗീകരണമാണ് വിശ്വാസം .................... 1–12

II. വിശ്വാസമാകുന്ന സത്യത്തിന്റെ ഒരു ആന്തരിക അംഗീകരണം എന്നത് ആരുടെകൂടെയും സാർവ്വത്രികസ്നേഹം കൂടാതെ നിലനില്ക്കാനാവില്ല. .................... 13–24

III. ഒരു മനുഷ്യൻ സാർവ്വത്രിക സ്നേഹത്തിലാകുന്നതിനു മുമ്പ് സത്യത്തിന്റെ അവബോധവും നന്മയും വിശ്വാസ ത്തോട് ബന്ധപ്പെട്ടിട്ടുള്ളതല്ല. സാർവ്വത്രികസ്നേഹത്തിന്റെ വിശ്വാസം രൂപപ്പെടുത്തുവാനുള്ളതിൽ നിന്നും അവ സംഭരിക്കപ്പെടാവുന്നതാണ് .................... 25–33

IV. ക്രിസ്തീയവിശ്വാസം അതിന്റെ സാർവ്വലൗകീക ആശയത്തിൽ ....... 34–37

V. വർത്തമാനകാല വിശ്വാസം അതിന്റെ സാർവ്വലൗകീക ആശയത്തിൽ .................... 38–43

VI. സാർവ്വത്രികസ്നേഹത്തിൽ നിന്ന് വേറിട്ടിട്ടുള്ള വിശ്വാസ ത്തിന്റെ പ്രകൃതി .................... 44–48

VII. സാർവ്വത്രികസ്നേഹത്തിൽ നിന്നും വേർപെട്ടിട്ടുള്ള വിശ്വാസത്തിലായിരിക്കുന്ന ആളുകൾ വചനത്തിൽ ഫെലി സ്ത്യരെ പ്രതിനിധീകരിക്കുന്നു. .................... 49–54

VIII. സാർവ്വത്രികസ്നേഹത്തിൽ നിന്നും വേർപെട്ടിട്ടുള്ള വിശ്വാസത്തിലായിരിക്കുന്ന ആളുകൾ വെളിപ്പാടിൽ മഹാ സർപ്പം എന്നതിനാൽ അർത്ഥമാക്കുന്നു. .................... 55–60

IX . സാർവ്വത്രികസ്നേഹത്തിൽ നിന്നും വേർപെട്ടിട്ടുള്ള വിശ്വാസത്തിലായിരിക്കുന്ന ആളുകൾ ദാനിയേലിലും മത്തായിയിലും കോലാട്ടുകൊറ്റന്മാർ എന്ന് അർത്ഥമാക്കി യിരിക്കുന്നു. .................... 61–68

1) സാർവ്വത്രികസ്നേഹത്തിൽ നിന്നും വേർപെട്ടിട്ടുള്ള വിശ്വാസത്തിലായിരിക്കുന്ന ആളുകൾ കോലാട്ടുകൊറ്റന്മാർ എന്ന് വചനത്തിൽ അർത്ഥമാക്കിയിരിക്കുന്നു. ആത്മീയ ലോകത്തിലുള്ള അനുഭവങ്ങളിൽ നിന്നും ഇത് കാണിച്ചിരിക്കുന്നു. .................... 63

2) സാർവ്വത്രികസ്നേഹത്തിൽ നിന്നും വേർപെട്ടിട്ടുള്ള വിശ്വാസത്തിലായിരിക്കുന്ന ആളുകൾ വചനത്തിൽ എന്ന് വചനത്തിൽ അർത്ഥമാക്കിയിരിക്കുന്നു. ആത്മീയ ലോകത്തിലുള്ള അനുഭവങ്ങളിൽ നിന്നും ഇത് കാണിച്ചിരിക്കുന്നു. .................... 64

3) സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസിൽ ഉൾപ്പെടുന്നവരെയാണ് തിരുവചനത്തിൽ കോലാടുകൾ എന്ന് വിളിച്ചിരിക്കുന്നത്. ദാനിയേൽ പ്രവചനത്തിലെ ആട്ടുകൊറ്റന്റെയും കോലാടിന്റെയും തമ്മിലുള്ള പോര് വിവരിച്ചിരിക്കുന്നത് ............................................ 65–67

4)കോലാടുകൾ സൂചിപ്പിക്കുന്നത്: സാർവ്വത്രിക സ്നേഹ ത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിൽ ആയിരിക്കുന്നവരെയാണ്. ........................................................................ 68

X സാർവത്രീകസ്നേഹത്തിൽ നിന്നും വിശ്വാസത്തെ വേർപെടുത്തുന്നത്സഭയേയും അതിനോടു ബന്ധപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളും നശിപ്പിക്കുന്നു. ..................................................... 69–72

1

## സത്യത്തിന്റെ ആന്തരീകാരണമാണ് വിശ്വാസം

**1.** അവബോധത്തിനു തെളിവില്ലാത്തതും സഭ പഠിപ്പിക്കുന്നതു കൊണ്ടും ഒരു കാര്യം അങ്ങനെ തന്നെയാണെന്നുമുള്ളതായ മാനസീക അനുമാനമെന്നതിനേക്കാൾ മറ്റൊന്നും അല്ല എന്നതാണു വിശ്വാസമെന്ന തിനാൽ വർത്തമാനകാലത്തു മനസ്സിലാക്കി വെച്ചിരിക്കുന്നതു അതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്. വിശ്വസിക്കുവിൻ, സംശയിക്കരുത് എന്ന്. എനിക്ക് അതു മനസ്സിലാകുന്നില്ല എന്ന് നിങ്ങൾ പ്രതികരിച്ചാൽ തത്ക്ഷണം നിങ്ങൾക്ക് കിട്ടുന്ന മറുപടി: അതു കൊണ്ടാണ്, അത് വിശ്വസിക്കണമെന്ന് നിങ്ങളോട് പറയുന്നത്. എന്നാ യിരിക്കും. വർത്തമാന കാലത്തെ വിശ്വാസം എന്നു പറയുന്നത് അജ്ഞാതമായൊരു കാര്യത്തെ വിശ്വസിക്കുക എന്നാണ്. അങ്ങനെ അതിനെ അന്ധമായ വിശ്വാസം എന്നു വിളിക്കാം. അതുപോലെ തന്നെ അത് ഒരാൾ പറഞ്ഞു കൊടുത്തിട്ട് മററ് ആളുകളിലേക്ക് പകരപ്പെടുന്ന സംഗതി ആകയാൽ അതിനെ ചരിത്രപരമായ വിശ്വാസം എന്ന് വിളിക്കുന്നു. ചുവടേ ചേർത്തിരിക്കുന്ന കാര്യങ്ങളിൽ നിന്ന് ഇത് ആത്മീകമായ വിശ്വാസം അല്ലെന്ന് കാണാവുന്നതാകുന്നു.

**2.** വിശ്വാസം എന്നത് ഒരു സംഗതി സത്യമാകയാൽ അത് അപ്രകാരം തന്നെയാകുന്നു എന്ന് മനസ്സാ അംഗീകരിക്കുന്നതു തന്നെ ആകുന്നു. എന്തു കൊണ്ടെന്നാൽ യഥാർത്ഥമായ വിശ്വാസത്തിൽ ആയിരിക്കു ന്നവർ ഇപ്രകാരം ചിന്തിക്കുകയും പറയുകയും ചെയ്യാറുണ്ട്. ഇത് സത്യമാണ് അതുകൊണ്ട് ഞാൻ അത് വിശ്വസിക്കുന്നു എന്ന്. എന്തുകൊണ്ടെന്നാൽ വിശ്വാസം സത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു അതുപോലെ സത്യം വിശ്വാസത്തോടും ബന്ധപ്പെട്ടിരിക്കുന്നു. മാത്രവുമല്ല ഒരു സംഗതി സത്യമാണെന്ന് ഒരാൾക്ക് തോന്നാത്തേ ടത്തോളം അയാൾ ഇങ്ങനെ പറഞ്ഞേക്കാം. ഇത് സത്യമാണോ അല്ലേ എന്ന് എനിക്ക് അറിഞ്ഞു കൂടാ അതുകൊണ്ട് ഞാൻ ഒട്ടും തന്നെ അത് വിശ്വസിക്കുന്നില്ല; എനിക്ക് ഗ്രഹിപ്പാൻ കഴിയാത്ത ഒരു സംഗതിയെ ഞാൻ എങ്ങനെ വിശ്വസിക്കും? അത് കള്ളം ആയിരിക്കാൻ സാധ്യമല്ലേ എന്ന്.

**3.** സാധാരണ പറഞ്ഞു കേൾക്കാറുള്ള കാര്യമാണ്: ആത്മീക കാര്യങ്ങളായ ദൈവശാസ്ത്ര സംഗതികൾ അമാനുഷീക കാര്യങ്ങൾ ആകയാൽ ആർക്കും അവയെ വേഗം ഗ്രഹിക്കുവാൻ കഴിയുന്നതല്ല എന്ന്. എന്നാൽ, ആത്മീക കാര്യങ്ങളും പ്രകൃതിതല കാര്യങ്ങളെ പോലെ തന്നെ ഗ്രഹിപ്പാൻ കഴിയുന്ന സംഗതികൾ ആകുന്നു. അവയുടെ ആശയഗ്രഹണം അത്രമാത്രം വ്യക്തമായിരിക്കയില്ലെങ്കിലും, അവയെ കേൾക്കുന്ന വേളയിൽ അവ എത്ര മാത്രം ശരിയോ തെറേറാ എന്ന് തിരിച്ചറിയുവാനും കഴിയുന്നതാണ് വിശേഷിച്ചു സത്യത്താൽ സ്വാധീനക്കപ്പെട്ടിട്ടുള്ളവർക്കു.. അപ്രകാരമുള്ള അനവധി അനുഭവങ്ങളിൽ നിന്ന് ഇവയൊക്കെ അറിവാൻ

എനിക്ക് അനുവാദം കിട്ടിയിരുന്നു. അറിവില്ലാത്തവരും സ്പഷ്ടത യില്ലാത്തവരും, മന്ദബുദ്ധികളുമായ ആളുകളുമായും സംസാരിപ്പാൻ എനിക്ക് അനുവാദം കിട്ടിയിരുന്നു. അതുപോലെ തന്നെ സഭയിൽ ജനിച്ചവരും കർത്താവിനെക്കുറിച്ചും, വിശ്വാസത്തെക്കുറിച്ചും, സാർവ്വത്രീക സ്നേഹത്തെക്കുറിച്ചും ചില കാര്യങ്ങൾ എങ്കിലും അറിഞ്ഞിരുന്നവരുമായിരുന്നെങ്കിലും, വ്യാജകാര്യങ്ങളിലും, തിന്മയിലും മുഴുകി ജീവിച്ചവരുമായ മനുഷ്യരോടും എനിക്ക് സംസാരിപ്പാൻ കഴിഞ്ഞു. ജ്ഞാനത്തിൻെറ രഹസ്യത്തെ സംബന്ധിച്ച് അവരോട് സംസാരിപ്പാൻ കഴിഞ്ഞു അവർ അത് മനസ്സിലാക്കുകയും അതിലെ സത്യത്തെ അംഗീകരിക്കുകയും ചെയ്തു അപ്പോൾ അവർ, ഏതൊരു മനുഷ്യനും കൈയാളിയിരുന്ന അവബോധത്തിന്റെ വെളിച്ചത്തിൽ ആയിരുന്നപ്പോഴും എന്നാൽ അതേ സമയം തന്നെ ബുദ്ധിയുള്ളവരുടെ പ്രഭാവത്തിലും ആയിരുന്നു. ആത്മാക്കളുമായുള്ള എന്റെ സം മ്പർക്കത്തിലായിരുന്നു ഈ കാര്യം സംഭവിച്ചിട്ടുള്ളത്.

ആത്മീക കാര്യങ്ങളും പ്രകൃതിതല കാര്യങ്ങളെപ്പോലെ തന്നെ വായിച്ചു കേൾക്കുകയോ, വായിക്കുകയോ ചെയ്യുമ്പോൾ ഗ്രഹിപ്പാൻ സാദ്ധ്യതയുള്ളവയാണെന്നും, എന്നാൽ ഒരു മനുഷ്യൻ സ്വയമായി തന്നിൽ നിന്നു തന്നെ ചിന്തിക്കുമ്പോൾ അത് ഗ്രഹിപ്പാൻ ബുദ്ധിമുട്ട് ആയിരിക്കും എന്നും, എന്നോടുകൂടെ അപ്പോൾ ഉണ്ടായിരുന്ന അനേകം ആളുകൾക്കും ബോദ്ധ്യമാകുകയുണ്ടായി. ആത്മീയ കാര്യങ്ങൾ അപ്രകാരം ഗ്രഹിപ്പാൻ കഴിയുന്നതിൻെറ കാരണമെന്തെന്നാൽ, മനുഷ്യൻ അവൻെറ അവബോധത്തിൻ പ്രകാരം സ്വർഗ്ഗീയ വെളിച്ചത്തിലേക്കു ഔന്നത്യപെടാൻ കഴിവുള്ളതിനാലാണു, വിശ്വാസത്തിൻെറ സത്യങ്ങൾ ആയ ആത്മീകകാര്യങ്ങൾ അല്ലാതെ മററൊന്നും ആ വെളിച്ചത്തിൽ പ്രത്യക്ഷപ്പെടുന്നില്ല.

**4.** ആകയാൽ, സത്യത്തിൻെറ ആത്മീയ സ്വാധീനം ഉള്ളവർ അതിന്റെ ആന്തരീകമായി അംഗീകരണം ഉണ്ടായിരിക്കും. ആ സ്വാധീനത്തിൽ ഉള്ള ദൂതന്മാർ പരിജ്ഞാനം വിശ്വാസത്തിന്ന് വിധേയമായി സൂക്ഷിക്ക പ്പെടണം എന്ന ഉപദേശത്തെ അവർ പരിപൂർണ്ണമായും തിരസ്ക്കരി ക്കുകയാണ്. എന്തെന്നാൽ, അവർ പറയുന്നത് ഒരു സംഗതിയെ സത്യമാണെന്ന് കാണാതിരിക്കുകയും അതിനെ വിശ്വസിക്കുകയും ചെയ്യുന്നത് എങ്ങനെയാണ്? എന്നാണ് എന്നാലും അതിനെ വിശ്വസിക്കണം എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ അവർ നൽകുന്ന മറുപടി ഇങ്ങനെയായരിക്കും. നിങ്ങൾ ദൈവമാണെന്ന് ചിന്തിക്കുകയും ഞാൻ അത് വിശ്വസിക്കണമെന്ന് താല്പര്യപ്പെടുകയും ചെയ്യുമോ? അഥവാ, യാതൊരു സത്യവുമില്ലാത്ത ഒരു സംഗതിയെക്കുറിച്ചുള്ള പ്രസ്താവനയെ ഞാൻ ഭ്രാന്തമായി വിശ്വസിക്കണമോ? ആകയാൽ അത് കണ്ടു ബോദ്ധ്യപ്പെടാൻ എന്നെ സ്വാധീനിക്കു. അങ്ങനെ ആ ഉപദേശ സിദ്ധാന്തം വിരമിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൂതന്മാരുടെ ജ്ഞാനം ഇപ്രകാരം തന്നെയാണ്,

അതായത്, ദൂതന്മാർ ചിന്തിക്കുന്ന കാര്യങ്ങൾ അവർ കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നു.

**5.** തങ്ങൾ കേൾക്കുകയോ വായിക്കുകയോ ചെയ്യുന്ന കാര്യങ്ങൾ സത്യമാണോ അല്ലേ എന്ന് ആന്തരീകമായി അഭിപ്രായപ്പെടുന്നവർക്കും സത്യത്തിൻെറ സ്വാധീനത്തിൽ ആയിരിക്കുന്നവരിലേക്കു പ്രവഹി ക്കുന്ന തുമായ അത്തരത്തിലുള്ള ഏതെങ്കിലു അറിവുള്ള കുറച്ച് ആളുകൾക്കു അറിയാവുന്നതുമായ ഒരു ആത്മീയ ആശയം ഉണ്ടു. കർത്താവിൽ നിന്നുള്ള ബോധദീപനത്തിൽ വചനം വായിക്കുന്നവരിൽ ഈ ആശയം സന്നിഹിതമാണ്. ഇതാണോ അതാണോ സത്യം എന്ന് തിരിച്ചറിയുകയും തത്ഫലമായി അവയെ ആന്തരീകമായി അംഗീകരിക്കുന്നതിനും ആ കാഴ്ചപ്പാടിലും ആയിരിക്കുന്നതിനെക്കാൾ മറ്റൊന്നുമല്ല ബോധദീപന ത്തിൽ ആയിരിക്കുക എന്നുവെച്ചാൽ. ഈ ബോധദീപനത്തിൽ ആയിരിക്കുന്നവരെയാണു യഹോവയാൽ ഉപദേശിക്കപ്പെട്ടവരെന്നു പറയപ്പെട്ടിട്ടുള്ളതു. യെശയ്യാവ് 54:13, യോഹന്നാൻ 6:45ലും, യിരെമ്യാ പ്രവാചനത്തിലും പറഞ്ഞിരിക്കുന്നത് നോക്കുക.

> ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹുദാ ഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും...........................ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെ യാകുന്നു. ഞാൻ എൻെറ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ................. ഇനി അവരിൽ ആരും തൻെറ കൂട്ടുകാരനെയും തൻെറ സഹോദരനെയും യഹോവയെ അറിക എന്ന് ഉപദേശിക്കയില്ല. അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും........

യിരെമ്യാ 31:33,34

**6.** ഈ വിചിന്തനങ്ങളിൽ നിന്ന് സുവിദിതമാകുന്നുത് വിശ്വാസവും, സത്യവും ഒന്നാകുന്നു എന്നാണു. ഈ കാരണം കൂടി കൊണ്ടാണു നമ്മുടെ കാലയളവിലെ ആളുകളേക്കാൾ വളരെ അധികം സത്യത്തെ ക്കുറിച്ചുള്ള ചിന്താപ്രതിപത്തിയിൽ ആയിരുന്ന പൂർവ്വികരായ ആളുകൾ വിശ്വാസത്തിനു പകരം സത്യമെന്ന വാക്കു ഉപയോഗിച്ചി ട്ടുള്ളതും. അതേ കാരണം കൊണ്ടു തന്നെയാണു സത്യം, വിശ്വാസം എന്ന വാക്കുകളെ എബ്രായ ഭാഷയിൽ അമുനാ അല്ലെങ്കിൽ ആമേൻ എന്ന അതേ പദത്താൽ ആശയപ്പെടുത്തിയിട്ടുള്ളത്.

**7.** കർത്താവിനാൽ സുവിശേഷങ്ങളിലും വെളിപ്പാടിലും വിശ്വാസം എന്നു സൂചിപ്പിച്ചിരിക്കുന്നതിനു കാരണം പ്രവാചകൻമാരാൽ മുൻകൂട്ടി പ്രവചിക്കപ്പെട്ട മശിഹായായ താൻ കർത്താവാണെന്നതു സത്യമായിരി ക്കുന്നത് യെഹൂദൻമാരാൽ വിശ്വസിക്കാതിരുന്നതു കൊണ്ടാണ്. എവിടെ സത്യമെന്നു വിശ്വസിച്ചിരുന്നില്ല അവിടെ വിശ്വാസം എന്നു സൂചിപ്പി ച്ചിരിക്കുന്നു. എന്നാലും വിശ്വാസം ഉണ്ടായിരിക്കുകയും കർത്താവിൽ

വിശ്വസിക്കുകയും ചെയ്യുക എന്നത് ഒരു സംഗതിയും, വിശ്വാസം ഉണ്ടായിരിക്കുകയും മനുഷ്യനിൽ വിശ്വസിക്കുകയും ചെയ്യുക എന്നത് മററൊരു സംഗതിയും ആകുന്നു. അതിൻെറ വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് താഴെ വിശദീകരിക്കുന്നതായിരിക്കും.

**8.** പോപ്പിൻെറ മേധാവിത്വത്തോടു കൂടി സഭ ആക്രമിക്കപ്പെടുകയും ആ മതത്തിന്റെ സംരക്ഷകന് സത്യത്തെകുറിച്ചുള്ള അറിവില്ലായ്മയും കൊണ്ടു സത്യത്തിൽ നിന്നു വിശ്വാസത്തെ വേർപെടുത്തി. ആകയാൽ വചനപാരായണവും വിലക്കപ്പെട്ടു, അതല്ലെങ്കിൽ അവരുടെ നേതാക്കന്മാരെ ദൈവത്വം നൽകി ആരാധിക്കുകയോ വിശുദ്ധന്മാരെ ധ്യാനിക്കയോ അതുമല്ലെങ്കിൽ അവരുടെ ശവശരീരങ്ങളും, എല്ലുകളും കല്ലറകളും വിശുദ്ധമായിട്ടും ധനസംമ്പാദനത്തിനും ഉള്ള ഉപാധികളായി ഉള്ള വിഗ്രഹാരാധനയായി മാറ്റപ്പെടുവാനും കഴിയുമായിരുന്നില്ല. അന്ധമായ വിശ്വാസത്തിന് എന്തെല്ലാം അതിഭീമമായ വ്യാജത്വങ്ങൾ പടുത്തയർത്തുവാൻ കഴിയുമെന്ന് ഇതിൽ നിന്ന് വെളിപ്പെടുന്നുണ്ടല്ലോ.

**9**. അന്ധമായ വിശ്വാസം പ്രോട്ടസ്റ്റൻറുകാരുടെ ഇടയിലും തുടരുവാനിടയായി. എന്തു കൊണ്ടെന്നാൽ അവർ വിശ്വാസത്തെ സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെടുത്തിയിരുന്നു. ആ കാര്യങ്ങൾ വേർപെടുത്തുവാൻ കഴിയാത്തതും അങ്ങനെ വേർപെടുത്തു ന്നവർ ഒരുകാര്യം അങ്ങനെയാണെന്നും അതിനുള്ള ആന്തരീക അംഗീകാരത്തിൽ നിന്നു വേറിട്ടു ഒരു തികഞ്ഞ ചിന്തയ്ക്കു വിശ്വാസം എന്നു പേർ കൊടുക്കുന്ന അത്തരം ആളുകൾ സത്യത്തിൽ നിന്നു വേറിട്ടു അജ്ഞതയിൽ ആയിരിക്കുന്നു. അവർ തന്നത്താനെ മനസ്സിലാക്കുന്നതും അവരുടെ ഉപദേശം മറ്റുള്ളവർക്കു വിശ്വസിക്കാനാവുന്നതും പ്രതിരോധം ഒന്നും കൂടാതെ സംസാരിക്കാൻ കഴിയു ന്നതും അവബോധത്തെ അതിരുകടക്കുന്നതാണു ദൈവശാസ്ത്രം സംഗതികൾ എന്ന പ്രേരണ ചെലത്തി അത്തരത്തിലുള്ള അജ്ഞത വാഴുന്നത്രത്തോളം ഇതിനോടൊപ്പം അജ്ഞത അവരുടെ ഉപദേശത്തിന്റെ കാവൽക്കാര നാകുന്നു.

**10.** കർത്താവ് തോമസിനോട് അരുളിചെയ്തു:

> തോമസേ, നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ. യോഹ20:29

ആന്തരീകമായ സത്യത്തിൻെറ അംഗീകരണം ഇല്ലാത്തതും അതിൽ നിന്ന് വേർതിരിക്കപ്പെട്ടതുമായ വിശ്വാസത്തെ അല്ല ഇത് സൂചിപ്പിക്കുന്നത്. പ്രത്യുത നഗ്നനേത്രങ്ങൾ കൊണ്ട് കാണാതെ തന്നെ കർത്താവിനെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ ആകുന്നു എന്നത്രേ. തോമസ് ചെയ്തതോ കണ്ടതിന് ശേഷം വിശ്വസിക്കുക ആയിരുന്നു. എന്നാൽ കാണാതെ തന്നെ കർത്താവുണ്ട് എന്ന് വിശ്വസിക്കുന്നതാകട്ടെ കർത്താവിൽ നിന്ന് ലഭ്യമാകുന്ന സത്യത്തിൻെറ പ്രകാശത്തിൽ ആകുന്നു.

**11.** മുകളിൽ നമ്പർ 2,4,5,6 ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ളതുപോലെ, സത്യത്തിൻെറ ആന്തരീകമായ അംഗീകരണം വിശ്വാസം ആകയാലും, വിശ്വസവും സത്യവും ഒന്നാകയാലും, ആന്തരീകമായ അംഗീകരണം കൂടാതെയുള്ള ബാഹ്യമായ അംഗീകരണം, വിശ്വാസം അല്ല തന്നെ. തെററായ ഒരു സംഗതിയെ പ്രേരണ നൽകി അംഗീകരിപ്പിക്കുന്നത് വിശ്വാസമല്ല. ആന്തരീകമായ അംഗീകരണമില്ലാതെയുള്ള ബാഹ്യമായ അംഗീകരണം അജ്ഞാതമായ ഒരു സംഗതിയിലുള്ള വിശ്വാസമാണ്, അജ്ഞാതമായ ഒരു സംഗതിയെ വിശ്വസിക്കുന്നത് ഓർമ്മയുടെ കാര്യമാത്രമാണ്, അത് സ്ഥിരികരിക്കപ്പെട്ടാൽ അത് ഒരുപ്രേരണ ആയിത്തീരുന്നു. ഇപ്രകാരമുള്ള വിശ്വാസത്തിലും ഈ പ്രേരണയിലും ആയിരിക്കുന്നവർ വിചാരിക്കുന്നത്, ഏതോ ഒരാൾ പ്രസ്താവിച്ചിട്ടുള്ള തിനാൽ ഒരു സംഗതി സത്യമായിത്തീരുന്നു അഥവാ അത് സ്ഥിരീകരിക്കപ്പെട്ട കാര്യം ആയതിനാൽ അത് സത്യംമാകുന്നു എന്നാണ് അവരുടെ ചിന്ത അങ്ങനെ ഒരു വ്യാജകാര്യം പലപ്പോഴും അതിശക്തമായി സത്യമെന്ന രീതിയിൽ സ്ഥിരീകരിക്കപ്പെടുകയും ചെയ്യുന്നു. സ്ഥിരീകരി ക്കപ്പെടുന്ന ഒരുകാര്യം സത്യമാണെന്ന് ചിന്തിക്കുന്നത് കൊണ്ട് സൂചിപ്പിക്കപ്പെടുന്നത് മറെറാരാൾ പറയുന്ന കാര്യങ്ങൾ മുന്നമേയുള്ള പരിശോധനകൂടാതെ തന്നെ, അതിനെ സ്ഥിരീകരിക്കുന്നതിലൂടെ അത് സത്യമാണെന്ന് ചിന്തിക്കാമെന്ന് ആകുന്നു.

**12.** വിശ്വാസമാകുന്ന സത്യത്തിൻെറ ആന്തരീകമായ അംഗീകരണം ആർക്കു ഉണ്ടായിരിപ്പാൻ കഴിയും? എനിക്ക് സാദ്ധ്യമല്ല എന്ന് ആരെങ്കിലും സ്വന്തം മനസ്സിൽ ചിന്തിക്കുകയോ ആരോട് എങ്കിലും പറയുകയോ ചെയ്താൽ, അവന് അത് എങ്ങനെ ലഭിക്കാൻ കഴിയും എന്ന് ഞാൻ അയാൾക്കു പറഞ്ഞു കൊടുക്കാം. തിന്മകളെ പാപങ്ങളായി വർജ്ജീക്കുക, എന്നിട്ട് കർത്താവിനെ സമീപിക്കുക. എന്നാൽ നിങ്ങൾ അഭിലഷിക്കുന്നത്ര നിങ്ങൾക്കു ലഭക്കുന്നതാണ്.തിന്മകളെ പാപങ്ങളായി വർജ്ജീക്കുന്നവൻ കർത്താവിങ്കൽ ആയിരിക്കും എന്നത് നവയെരുശ ലേമിന്നു വേണ്ടിയുള്ള ജീവൻെറ ഉപദേശം എന്ന ഗ്രന്ഥത്തിൽ 18–31–ാം ഖണ്ഡികകളിൽ കാണാവുന്നതാകുന്നു. അവൻ സത്യത്തെ സ്നേഹിക്കുകയും അത് കാണുകയും ചെയ്യും എന്നത് 32–41–ാം ഖണ്ഡികകളിലും തുടർന്നും അതുപോലെതന്നെ അവന്ന് വിശ്വാസം ഉണ്ടായിരിക്കും എന്നത് 42–52–ാം ഖണ്ഡികകളിലും തുടർന്നു കാണാവുന്നതാകുന്നു.

**സാർവ്വത്രികസ്നേഹം ഉള്ളവനായ ഒരുവനിൽ അല്ലാതെ വിശ്വാസമാകുന്ന സത്യത്തിൻെറ ആന്തരീകമായ അംഗീകാരം സ്ഥിതി ചെയ്യുവാൻ കഴിയുന്നതല്ല.**

**13.** വിശ്വാസം എന്നാൽ എന്തെന്ന് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവിടെ, സാർവ്വത്രിക സ്നേഹം എന്താണെന്ന് വിശദീകരിക്കുന്നതാണ്.

സാർവ്വത്രികസ്നേഹം എന്നതു അതിൽ പ്രഥമ ഉത്ഭവം നൻമയുടെ പ്രതിപത്തിയും, നൻമ സത്യത്തെ സ്നേഹിക്കുന്നതുപോലെ നൻമയുടെ പ്രതിപത്തി സത്യത്തോടുള്ള പ്രതിപത്തിയെ സൃഷ്ടിക്കയും സത്യത്തിന്റെ പ്രതിപത്തിയെന്നതിനാൽ വിശ്വാസമാകുന്ന സത്യത്തിന്റെ അംഗീകരണത്തേയുമാണൂ. ഈ സംഗതികളുടെ അനുബന്ധ ശൃംഖലയിൽനിന്ന് സത്യത്തോടുള്ള പ്രതിപത്തി സ്വയം വെളിപ്പെടുകയും സാർവ്വത്രിക സ്നേഹമായി പരിണമിക്കുകയും ചെയ്യുന്നു. സാർവ്വത്രിക സ്നേഹത്തിൻെറ ഉത്ഭവം മുതലുള്ള അതിൻെറ പുരോഗതി ഇങ്ങനെയാണ്. നന്മയോടുള്ള പ്രതിപത്തി വിശ്വാസത്തിലേക്കും, സത്യത്തിൻെറ അംഗീകരണമായ വിശ്വാസത്തിൽ നിന്ന് അതിൻെറ അന്തിമ ലക്ഷ്യമായ സാർവ്വത്രിക സ്നേഹത്തിലേക്ക്, മാത്രമല്ല അതിൻെറ അന്തിമ പ്രവർത്തനത്തിൽ എത്തുകയും ചെയ്യുന്നു. ഈ വിചിന്തനങ്ങളിൽ നിന്ന് സുവിദിതമാകുന്നത് നന്മയുടെ മമത എപ്രകാരം വിശ്വാസത്തെ ഉല്പാദിപ്പിക്കുന്നു എന്നാകുന്നു. ഇത് സത്യത്തിൻെറ അംഗീകരണം തന്നെയാണ്, ഇതിൽ നിന്ന് വിശ്വാസിത്തിലൂടെയുള്ള സ്നേഹത്തിൻെറ പ്രവർത്തനമാകുന്ന അതേകാര്യം തന്നെയായ സാർവ്വത്രിക സ്നേഹത്തെ സൃഷ്ടിക്കുന്നു.

**14**. എന്നാൽ, ഇത് കൂടുതൽ വ്യക്തമായി അവതരിപ്പിക്കപ്പെടുന്നതാണ്. നന്മ അതിൻെറ ഉപയോഗത്തിലാണ് പ്രകടമാകുന്നത് അതല്ലാതെ മറെറാന്നും അല്ല. ആകയാൽ സാർവ്വത്രികസ്നേഹത്തിൻെറ ആരംഭത്തിൽത്തന്നെ അതിൻെറ ഉപയോഗത്തെക്കുറിച്ചുള്ള അഭിനിവേശം ആകുന്നു. അതിൻെറ ഉപയോഗം അതിൻെറ (നിലനില്പ്പിന്ന് ആവശ്യമായ) മാർഗ്ഗങ്ങളെ ഇഷ്ടപ്പെടുകയാൽ, ഉപയോഗത്തിൻെറ അഭിനിവേശം, അതിൻെറ മാർഗ്ഗങ്ങളോടുള്ള അഭിനിവേശത്തെ ഉല്പാദിപ്പിക്കുന്നു. അതിൽനിന്നും അവ എന്താണെന്നുള്ള അറിവും ഉയരുവാനിടയാകുന്നു. ഇവയുടെ അനുസ്യൂത ക്രമത്തിലൂടെ ഉപയോഗത്തിൻെറ അഭിനിവേശം വെളിവാക്കപ്പെടുന്നു. അങ്ങനെ അത് സാർവ്വത്രികസ്നേഹം ആയിത്തീരുന്നു.

**15.** ഇവയുടെ അനുസ്യൂതമായ പുരോഗതിയുടെ ശൃംഖല പരിജ്ഞാനത്തിലൂടെ ശാരീരിക പ്രവർത്തനങ്ങളിലേക്ക് കടന്നു ചെല്ലുന്ന ഇഛയുമായി ബന്ധപ്പെടുന്ന സമാനത കാര്യങ്ങളുടെയും പുരോഗതിയുടെ പ്രവർത്തനങ്ങൾ പോലെ തന്നെ ആകുന്നു. പരിജ്ഞാനം കൂടാതെ

ഇഛയ്ക്ക് സ്വയം ഒന്നും ഉല്പാദിപ്പിക്കുവാൻ സാദ്ധ്യമല്ല, അപ്രകാരം തന്നെ പരിജ്ഞാനത്തിനും ഇഛയെ കൂടാതെ യാതൊന്നും ഉല്പാദിപ്പിക്കാൻ സാദ്ധ്യമല്ല. ഏതൊരു സംഗതിയുടെയും നിലനിൽപ്പിന് വേണ്ടി അവ രണ്ടും സംയോജിപ്പിച്ച് പ്രവർത്തിക്കണം. അഥവാ അപ്രകാരം തന്നെ. ഇഛയിൽ നിന്നുള്ള അഭിനിവേശം തനിയേ, അതിൽ നിന്ന് യാതൊന്നും തന്നെ ചെയ്യുന്നില്ല ചിന്തയാൽ മാത്രമേ എന്തും ചെയ്യുവാൻ കഴിയുകയുള്ളൂ. ചിന്തയാകട്ടെ പരിജ്ഞാനത്തിൽ നിന്നാണ് ഉണ്ടാകുന്നത്. അതുപോലെ തന്നെ മറിച്ചും. അവ പരസ്പരം സംയോജി ച്ചാണ് പ്രവർത്തിക്കേണ്ടത്, എങ്കിൽ മാത്രമേ ഏതൊന്നും നിലനില്ക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ, ദുഷ്ടനുമായി നിങ്ങൾ ചിന്തയിൽനിന്ന് സ്നേഹത്തോടെ (ഇഷ്ടത്തോടോ) മററ് എന്തെങ്കിലിനുമോടാണെങ്കിൽ നിങ്ങൾക്കു ചിന്തിക്കുവാൻ കഴിയുമോ? അഥവാ അഭിനിവേശത്തിൽ നിന്ന് ചിന്തയെ നീക്കിക്കളഞ്ഞാൽ നിങ്ങൾക്ക് എന്തിനോടെങ്കിലും അഭിനിവേശം ഉണ്ടാകുമോ? അഥവാ, അതു തന്നെയാണ് ചിന്തയിൽ നിന്ന് അഭിനിവേശത്തെ നീക്കുകയാണെങ്കിൽ നിങ്ങൾക്ക് സംസാരിപ്പാൻ കഴിയുമോ? അഥവാ അഭിനിവേശത്തിൽ നിന്ന് ചിന്തയെയോ, പരിജ്ഞാനത്തെയോ മാററുകയാണെങ്കിൽ നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? സാർവ്വത്രിക സ്നേഹത്തെയും, വിശ്വാസത്തെയും സംബന്ധിക്കുന്ന കാര്യവും ഇതു തന്നെയാകുന്നു.

**16**. ഇത് ഒരു വൃക്ഷത്തോട് സാദൃശ്യപ്പെടുത്തി ചിത്രികരിക്കാം. ഒരു വൃക്ഷത്തിൻെറ ഉത്ഭവത്തിൽ ആദ്യം അതൊരു വിത്ത് ആയിരുന്നു. അതിനുള്ളിൽ വൃക്ഷം ഉണ്ടാകുന്നതിനും, ഫലം ഉണ്ടാകുന്നതിനുള്ള അഭിനിവേശങ്ങൾ ഉണ്ട്, ഉദ്യമം ഉണ്ട്. ഈ ഉദ്യമത്തിന് ചൂടിൻെറ പ്രചോദനം ഉണ്ടാകുമ്പോൾ ആദ്യമായി ഒരു മൂലവും (വേര്) അതിനോട് ചേർന്ന് ഒരു ശീർഷകവും അഥവാ കാണ്ഡവും അതിനോട് അനുബന്ധിച്ച് ശിഖരങ്ങളും ഇലകളും, അവസാനമായിട്ട് ഫലവും ഉണ്ടാകുന്നു. അങ്ങനെ ഫലം ഉണ്ടാകുവാനുള്ള ഉദ്യമം സാക്ഷാത്കരിക്കപ്പെടുന്നു. ഫലം പുറപ്പെടുവിപ്പാനുള്ള ഉദ്യമം ഇതിൻെറ പുരോഗതിയിൽ അനുസ്യൂതമായ ഒരു പ്രവർത്തന ശൃംഖലയാണെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലോ. അങ്ങനെ അത് നിലനില്പിൽ എത്തുന്നു. അപ്രകാരമുള്ള പ്രക്രീയകൾ നിലച്ചു പോയാൽ സസ്യസഹജമായ ജൈവീക പ്രവർത്തനങ്ങൾ പൊടുന്നനെ നശിച്ചു പോകുമല്ലൊ.

ഇതിൻെറ പ്രായോഗികത ഇതാകുന്നു. വൃക്ഷം മനുഷ്യൻ ആണ്. ഫലം കായ്ക്കുന്നതിനുള്ള ഉദ്യമം മനുഷ്യനെ സംബന്ധിച്ചിടത്തോളം പരിജ്ഞാനത്തിൽ നിന്നുണ്ടാകുന്ന ഇഛയാകുന്നു. ശിഖരങ്ങളും ഇലകളും ഉള്ള കാണ്ഡം അഥവാ തടി മനുഷ്യനെ സംബന്ധിച്ചിടത്തോളം (ഇഛകൾ സഫലമാകുന്നത്) വിശ്വാസത്തിൻെറ സത്യങ്ങൾ ആകുന്നു. ഫലങ്ങൾ ആകട്ടെ ഒരു വൃഷത്തെ സംബന്ധിച്ചിടത്തോളം ഫലങ്ങൾ കായ്ക്കുവാനുള്ള അന്തിമമായ ഉദ്യമ സഫലികരണമാണ്, ഒരു മനുഷ്യനെ

സംബന്ധിച്ചിടത്തോളം അത് പ്രായോഗീക ഉപയോഗങ്ങൾ ആകുന്നു. ഒരു മനുഷ്യൻെറ ഇഛകൾ ഉപയോഗങ്ങളിലേക്ക് കൊണ്ടു വരപ്പെടുന്നത് (പ്രയോഗിക ഫലങ്ങൾ) ആകുന്നു. ഇതിൽ നിന്ന് കാണാവുന്നതാണ് പ്രായോഗീക ഉപയോഗങ്ങൾ സഫലമാകുന്നത്, പരിജ്ഞാന ത്തിലൂടെയാണ് എന്നും അത് അനുസ്യൂതമായ ഒരു പ്രക്രിയയാണ് എന്നുമാകുന്നു. ഇഛയെയും പരിജ്ഞാനത്തെയും സംബന്ധിച്ചും അവയുടെ സംയോഗത്തെ സംബന്ധിച്ചും നവയെരു ശലേമിൻെറ ജീവനെ സംബന്ധിച്ചുള്ള ഉപദേശം നമ്പ്ര 43 ഖണ്ഡിക നോക്കുക.

**17**. ഇതപര്യന്തം പ്രസ്താവിക്കപ്പെട്ടവയിൽ നിന്ന് വ്യക്തമാകുന്നത് എന്തെന്നാൽ സാർവ്വത്രികസ്നേഹം നന്മയുടെയും ഉപയോഗങ്ങളുടെയും അഭിനിവേശം ആകയാൽ വിശ്വാസത്തെ ഉല്പാദിപ്പിക്കുകയും അതിലൂടെത്തന്നെ വെളിപ്പെടുകയും ചെയ്യുന്നു. തത്ഫലമായി സാർവ്വത്രികസ്നേഹവും വിശ്വാസവും പരസ്പരം യോജിച്ച് പ്രവർത്തിക്കുകയും ഉപയോഗങ്ങളെ പ്രകടമാക്കുകയും ചെയ്യുന്നു മാത്രമല്ല. വിശ്വാസത്തിന് നന്മയെയോ, ഉപയോഗങ്ങളെയോ സ്വയം ഉല്പാദിപ്പിക്കുവാൻ കഴിയുന്നതല്ല. പിന്നെയോ സാർവ്വത്രികമായ സ്നേഹം കൊണ്ടു മാത്രമേ സാദ്ധ്യമാകു. എന്തുകൊണ്ടെന്നാൽ വിശ്വാസം എന്നത് അതിൻെറ പ്രവർത്തന പ്രക്രീയയിൽ സാർവ്വത്രിക സ്നേഹം ആകുന്നു. ആകയാൽ ഒരു വൃഷം ഫലങ്ങളെ ഉല്പാദിപ്പിക്കുന്നതുപോലെ, വിശ്വാസത്തിന് നന്മയെ ഉത്പാദിപ്പിക്കുവാൻ കഴിയും എന്ന് സങ്കല്പിക്കുന്നതുപോലെ വിശ്വാസത്തിന് നന്മയെ ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് സങ്കല്പിക്കുന്നതുപോലെ വിശ്വാസത്തിന് നന്മയെ ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് സങ്കല്പ്പിക്കുന്നത് കേവലം വ്യാജമായ കാര്യം മാത്രമാണ്. വൃഷം വിശ്വാസമല്ല. എന്നാൽ മനുഷ്യൻ വൃഷമാകുന്നു. (ആ വൃക്ഷം മനുഷ്യൻ ആകുന്നു.)

**18.** ഇഛയും പരിജ്ഞാനവും ഒന്നാകുന്നതുപോലെ സാർവ്വത്രിക സ്നേഹവും ഒന്നാകുന്നു എന്ന് ഗ്രഹിച്ചുകൊള്ളേണം, എന്തു കൊണ്ടെന്നാൽ സാർവ്വത്രിക സ്നേഹത്തിന് ഇഛയോട് ബന്ധം ഉള്ളതു പോലെ തന്നെ വിശ്വാസത്തിന് പരിജ്ഞാനവുമായും ബന്ധമുണ്ട്. അപ്രകാരം തന്നെ സാർവ്വത്രിക സ്നേഹവും വിശ്വാസവും ഒന്നാകുന്നു. എന്നും അറിഞ്ഞിരിക്കേണ്ടതാകുന്നു, എങ്ങനെയെന്നാൽ അഭിനി വേശവും ചിന്തയും ഒന്നായി തീരുന്നുവല്ലൊ; അഭിനിവേശത്തിനും ഇഛയ്ക്കും തമ്മിലും ചിന്തയ്ക്കും പരിജ്ഞാനത്തിലും തമ്മിൽ ബന്ധം ഉണ്ടല്ലൊ, അപ്രകാരം തന്നെ അതേ പ്രകാരം സാർവ്വത്രിക സ്നേഹ ത്തിനും വിശ്വാസത്തിനും, നന്മയ്ക്കും സത്യത്തിനും തമ്മിലും ബന്ധമുണ്ട്. എന്തുകൊണ്ടെന്നാൽ നന്മയ്ക്ക് അഭിനിവേശത്തോടും, അതിന് ഇഛയോടും സത്യത്തിന് ചിന്തയോടും, അതിന്ന് പരിജ്ഞാന ത്തോടും ബന്ധമുണ്ടല്ലൊ.

ഒററവാക്കിൽ പറഞ്ഞാൽ, സാർവ്വത്രികസ്നേഹത്തിന് വിശ്വാസവുമായിച്ചേർന്ന് ഒന്നാകാൻ കഴിയും, സത്തയ്ക്ക് രൂപത്തിന്നും തമ്മിലും

ഇതു പോലെയാണല്ലോ സംബന്ധം. വിശ്വാസത്തിൻെറ സത്തയാണ് സാർവ്വത്രിക സ്നേഹം. സാർവ്വത്രിക സ്നേഹത്തിൻെറ രൂപം വിശ്വാസം ആകുന്നു. ആകയാൽ സാർവ്വത്രികസ്നേഹം കൂടാതെയുള്ള വിശ്വാസം സത്ത കൂടാതെയുള്ള രൂപം പോലെയാണ്, അത് യാതൊന്നും അല്ലതന്നെ, വിശ്വാസം കൂടാതെയുള്ള സാർവ്വത്രിക സ്നേഹം രൂപം കൂടാതെയുള്ള സത്തയെപ്പോലെയും ആകുന്നു. അതും യാതൊന്നും ആയിത്തീരുന്നില്ല തന്നെ.

**19.** ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യനിൽ സാർവ്വത്രിക സ്നേഹവും, വിശ്വാസവും പ്രവർത്തിക്കുന്നത് മനുഷ്യ ഹൃദയത്തിനുണ്ടാകുന്ന സങ്കോച വികാസങ്ങളെപ്പോലെയും ശ്വാസകോശത്തിൽ ഉണ്ടാകുന്ന ശ്വാസോച്ഛ്വായം പോലെയുമാകുന്നു. സർവ്വോപരി മനുഷ്യൻെറ ഇഛയ്ക്കും പരിജ്ഞാനത്തിനും മനുഷ്യ ശരീരത്തിലെ അവയങ്ങളുമായി സമ്പൂർണ്ണസാദൃശ്യാശയം ഉണ്ട്. അങ്ങനെ തന്നെ സാർവ്വത്രിക സ്നേഹത്തിനും വിശ്വാസത്തിനും ഉണ്ട്. ആകയാൽ വചനത്തിൽ ഇഛയും ഇതിൻെറ അഭിനിവേശവും ഹൃദയത്തോടും, പരിജ്ഞാനവും ചിന്തയും ദേഹിയോടും, ആത്മാവിനോടും സാദൃശ്യാശയം ഉണ്ട്. ആകയാൽ ദേഹിയെ ഭരമേല്പിക്കുന്നു എന്നു പറഞ്ഞാൽ ഇനിമേൽ ജീവിക്കുകയില്ല എന്നും ആത്മാവിനെ വിട്ടുകളയുന്നു എന്നു പറഞ്ഞാൽ ഇനിമേൽ ശ്വസനം ഉണ്ടാകുകയില്ല എന്നുമാണ് അർത്ഥം. ഇതിൽ നിന്ന് വ്യക്തമാകുന്നത് സാർവ്വത്രികസ്നേഹം കൂടാതെ വിശ്വാസമോ, വിശ്വാസം കൂടാതെ സാർവ്വത്രിക സ്നേഹമോ ഉണ്ടാകയില്ല എന്നത്രേ. സാർവ്വത്രിക സ്നേഹം കൂടാതെയുള്ള വിശ്വാസം, ഹൃദയം കൂടാതെ ശ്വാസകോശങ്ങൾ ശ്വാസോച്ഛ്വാസം ചെയ്യുന്നതു പോലെയാണ്. ഇത് യാതൊരു ജീവജന്തുവിലും ഉണ്ടാകയില്ല. കേവലം ഒരു യന്ത്രത്തിൽ മാത്രമേ അങ്ങനെ ഉണ്ടാകുകയുള്ളു. അതുപോലെ തന്നെ വിശ്വാസം കൂടാതെയുള്ള സാർവ്വത്രിക സ്നേഹം ശ്വാസകോശങ്ങൾ കൂടാതെയുള്ള ഹൃദയം പോലെ ആകുന്നു. അതിൽനിന്ന് ജീവന്റെ ആസ്തിത്വം ഇന്ദ്രിയ ഗോചരം ആകുന്നതല്ല. തല്ഫലമായി ഹൃദയം ശ്വാസകോശങ്ങളുടെ സഹായത്താൽ പ്രവർത്തിക്കുന്നതുപോലെ സാർവ്വത്രിക സ്നേഹം വിശ്വാസത്തിന്റെ സഹായത്താൽ പ്രവർത്തനക്ഷമമായിത്തീരുന്നു.

ഹൃദയവും സാർവ്വത്രിക സ്നേഹവും തമ്മിലുള്ള സാദൃശ്യവും, ശ്വാസകോശങ്ങളും വിശ്വാസവും തമ്മിലുള്ള സാദൃശ്യവും തീർച്ചയായും അതിമഹത്ത് ആകുന്നു ആത്മീയ ലോകത്തിൽ ഒരാളുടെ ശ്വാസോച്ഛ്വാസത്തിന്റെ സ്വഭാവത്തെ അയാളുടെ വിശ്വാസത്തിന്റെ സ്വഭാവമായും, ഒരാളുടെ ഹൃദയമിടിപ്പിന്റെ സ്വഭാവത്തെ അയാളുടെ സാർവ്വത്രിക സ്നേഹത്തിന്റെ സ്വഭാവമായും വീക്ഷിക്കപ്പെടുന്നു. സ്വർഗ്ഗത്തിലുള്ള ദൂതന്മാരും ആത്മാക്കളും ഹൃദയത്തിന്റെ സ്പന്ദനം അനുസരിച്ചും ശ്വാസകോശങ്ങളുടെ ശ്വാസോച്ഛ്വാസം അനുസരിച്ചുമാണ് ജീവിക്കുന്നത്. ആകയാൽ അവരും ഭൂമിയിലെ മനുഷ്യരെപ്പോലെ തന്നെ വികാരങ്ങൾ

ഉള്ളവരും, ചിന്തിക്കുന്നവരും, സംസാരിക്കുന്നവരും, പ്രവർത്തിക്കുന്നവരും ആകുന്നു.

**20.** സാർവ്വത്രികസ്നേഹം എന്നത് അയല്ക്കാരനോടുള്ള സ്നേഹം ആകയാൽ ഇപ്പോൾ, അയല്ക്കാരൻ ആര് എന്നും അതിന്റെ അർത്ഥം എന്താണെന്നും പ്രസ്താവിക്കാം. അക്ഷരീകാർത്ഥമായ സ്വാഭാവിക പ്രകൃതിതല അർത്ഥത്തിൽ അയൽക്കാരൻ, സമൂഹമായും വ്യക്തിപരമായും മനുഷ്യൻ ആകുന്നു. സമൂഹമായുള്ള മനുഷ്യൻ എന്നാൽ സഭ, ഒരാളുടെ രാജ്യം, സമുദായം, സംഘം എന്നിവയും, വ്യക്തിപരമായ മനുഷ്യൻ എന്നാൽ സഹപൗരൻ ആകുന്നു; ഭൂലോകത്തിൽ അയാളെ സഹോദരൻ, കൂട്ടുകാരൻ എന്നിവയും ആകുന്നു. എന്നാൽ ആത്മീയ അർത്ഥത്തിൽ അയല്ക്കാരൻ എന്നാൽ നന്മയെന്നാണ് അർത്ഥം. നന്മയാകട്ടെ ഉപയോഗത്തിൽ അന്തർഭവിച്ചിരിക്കുന്നതിനാൽ അയല്ക്കാരൻ എന്നതിന്റെ ആത്മീകാർത്ഥം ഉപയോഗം എന്ന് വ്യക്തമായിത്തീരുന്നു. ഉപയോഗം ആണ് ആത്മീകമായ അയല്ക്കാരൻ എന്ന് ഏവർക്കും അംഗീകരിക്കാൻ കഴിയുന്നുണ്ടല്ലോ. ഒരു മനുഷ്യനെ വെറുമൊരു വ്യക്തിയായി ആരാണ് ഇഷ്ടപ്പെടുന്നത് (സ്നേഹിക്കുന്നത്)? ഒരാൾ ഒരു മനുഷ്യനെ ഇഷ്ടപ്പെടുന്നത് അയാളിലുള്ള ഏതോ ഒരു സംഗതി മുഖേനയാണ്. അതിന്റെ ഗുണഫലമായാണ് അയാൾ ആ മനുഷ്യൻ ആയിരിക്കുന്നത്. മാത്രവുമല്ല അയാളുടെ സ്വഭാവ വിശേഷത കൊണ്ട്; അതാണ് യഥാർത്ഥത്തിൽ ആ മനുഷ്യൻ. അപ്രകാരം സ്നേഹിക്കപ്പെടുന്ന അയാളുടെ സ്വഭാവം അയാളുടെ അഥവാ അയാളിൽ നിന്നുള്ള ഉപയോഗം ആകുന്നു. അപ്രകാരം ഇഷ്ടപ്പെടുന്ന അയാളുടെ സ്വഭാവം അഥവാ ഗുണവിശേഷം അയാളുടെ ഉപയോഗം ആകുന്നു, അതിനെ നന്മ എന്നു വിളിക്കുന്നു. ആകയാൽ ഇതിനെ അയല്ക്കാരൻ എന്നു വിളിക്കാം. ഇതാണ് അയല്ക്കാരൻ. വചനം അതിന്റെ ആന്തരിക അസ്തിത്വത്തിൽ ആത്മീകം ആകയാൽ അതിന്റെ ആന്തരീകാർത്ഥത്തിൽ നന്മയെ സ്നേഹിക്കുന്നതാണ് അയല്ക്കാരനെ സ്നേഹിക്കുക എന്നതിന്റെ സാരം.

**21.** അയല്ക്കാരനെ സ്നേഹിക്കുക എന്നു പറയുന്നത് ഒരു സംഗതിയാണ്. അയല്ക്കാരനിലുള്ള നന്മ അഥവാ ഉപയോഗത്തിലാണ് അയല്ക്കാരനെ സ്നേഹിക്കുന്നത്, അഥവാ അയല്ക്കാരനെ സ്നേഹിക്കുക എന്നത് അയാളിലുള്ളതും തിരികെ നല്കപ്പെടുന്നതുമായ അഥവാ ഉപയോഗം എന്നതിന്റെ അടിസ്ഥാനത്തിലാകുന്നു. ഒരുവനിലുള്ള നന്മയെയും ഉപയോഗത്തേയും നോക്കി അയാളെ സ്നേഹിക്കുവാൻ ഒരു ചീത്തമനുഷ്യനു സാധിക്കുന്നതാകുന്നു. എന്നാൽ ഒരുവനിലുള്ള നന്മയുടെ ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ അയാൾ മറ്റൊരുവനെ സ്നേഹിക്കുവാൻ ഒരു നല്ല മനുഷ്യന് മാത്രമേ കഴിയുകയുള്ളു. എന്തുകൊണ്ടെന്നാൽ അയാൾ നന്മയെ നന്മകൊണ്ട് സ്നേഹിക്കുന്നു. അഥവാ അയാൾ ഉപയോഗത്തെ, ഉപയോഗത്തോടുള്ള അഭിനിവേശം കൊണ്ട് സ്നേഹി

ക്കുന്നു. ഇവ തമ്മിലുള്ള വ്യത്യാസം എന്താണെന്ന് യേശു മത്തായി 5:42-47 ൽ അരുളിച്ചെയ്തിരിക്കുന്നു.

അനേകരും ഇങ്ങനെ പറയാറുണ്ട്. ഞാൻ ആ മനുഷ്യനെ സ്നേഹിക്കുന്നു (ഇഷ്ടപ്പെടുന്നു); അയാൾ എനിക്ക് നന്മ ചെയ്യുന്നുമുണ്ട്. ആ കാരണം കൊണ്ടുമാത്രം ആണ് അയാളെ സ്നേഹിക്കുന്നതെങ്കിൽ അയാളെ നിങ്ങൾ ആന്തരീകമായി സ്നേഹിക്കുന്നില്ല. അയാൾ സ്വയം നന്മയെ പരിശീലിച്ചിട്ടുള്ള വ്യക്തിയാണെങ്കിൽ തല്ഫലമായി അയാൾ മറ്റേ ആളിന്റെ നന്മയെ മനസ്സിലാക്കി സ്നേഹിക്കുക തന്നെ ചെയ്യും (ആ നന്മയെ ഇഷ്ടപ്പെടുക തന്നെ ചെയ്യും). ഒരാൾ സാർവ്വത്രിക സ്നേഹ ത്തിലും മറ്റേ ആൾ സൗഹൃദസ്നേഹബന്ധത്തിലും മാത്രമാണെ ന്നിരിക്കട്ടെ, അത് സാർവ്വത്രിക സ്നേഹമല്ല. സാർവ്വത്രിക സ്നേഹ ത്തോടു കൂടി അയല്ക്കാരനെ സ്നേഹിക്കുന്ന ഒരുവൻ അയാളിലെ നന്മയെയാണ് ഇഷ്ടപ്പെടുകയും അയാളുമായി ബന്ധപ്പെടുകയും ചെയ്യുന്നു. അയാൾ നന്മയിൽ പരിശീലിതനായിട്ടുണ്ടെങ്കിൽ മാത്രം. അപ്രകാരമുള്ള മനുഷ്യൻ ആത്മീകനാണ്, അയാളുടെ അയല്ക്കാരനെ ആത്മീകമായി സ്നേഹിക്കുകയും ചെയ്യുന്നു. എന്നാൽ സൗഹൃദ സ്നേഹബന്ധത്തിൽ നിന്നു മാത്രമാണ് ഒരാൾ മറ്റൊരാളെ സ്നേഹിക്കുന്നതെങ്കിൽ ആ മനുഷ്യനുമായി ബന്ധപ്പെടുമെങ്കിലും അയാളുടെ തിന്മകളോടും തമ്മിൽ യോജിക്കുന്നതാണ്. അങ്ങനെയുള്ള ഒരാൾക്ക് തിന്മയിലുള്ള ഒരുവനിൽ നിന്ന് മരണാനന്തരം പ്രയാസം കൂടാതെ വേർപിരിയുവാൻ കഴിയുകയില്ല. എന്നാൽ മറ്റെ ആളിന് കഴിയും. എന്നാൽ സാർവ്വത്രിക സ്നേഹത്തിന് ഇതിനെ വിശ്വാസത്താൽ പ്രവർത്തനക്ഷമമാക്കുവാൻ കഴിയും. എന്തെന്നാൽ വിശ്വാസം സത്യമാകുന്നു. എന്നാൽ സാർവ്വത്രിക സ്നേഹത്തിൽ ആയിരിക്കുന്ന മനുഷ്യന് സത്യത്തിലൂടെ, സ്നേഹിക്കപ്പെടേണ്ടത് എന്താണെന്ന് പരിശോധിച്ച് കണ്ടുപിടിക്കുന്നതിന് കഴിയും, അതുപോലെ തന്നെ സ്നേഹിക്കുന്നതിനും ഉപകാരങ്ങൾ പ്രധാനം ചെയ്യുന്നതിനും, മറ്റെ വ്യക്തിയുടെ ഉപയോഗത്തിന്റെ സ്വഭാവ പ്രകൃതികളെക്കുറിച്ച് അറിവ് ഉണ്ടായിരിക്കുന്നു.

**22.** കർത്താവിനോടുള്ള സ്നേഹമാണ് സ്നേഹം എന്ന് യഥാർത്ഥത്തിൽ വിളിക്കപ്പെടുന്ന യഥാർത്ഥ സ്നേഹം. അയല്ക്കാര നോടുള്ള സ്നേഹം സാർവ്വത്രിക സ്നേഹമാണ്. സാർവ്വത്രിക സ്നേഹത്തിലൂടെയല്ലാതെ ഒരു മനുഷ്യനും കർത്താവിനോടുള്ള സ്നേഹം സ്ഥിതി ചെയ്യുന്നില്ല. ആ സ്നേഹത്തിൽ കർത്താവ് സ്വയം മനുഷ്യനുമായി സംയോഗം ചെയ്യുന്നു. വിശ്വാസം അതിന്റെ സത്തയിൽ സാർവ്വത്രിക സ്നേഹം ആകയാൽ അതിൽനിന്ന് ബോധ്യമാകുന്ന സംഗതി എന്തെന്നാൽ സാർവ്വത്രിക സ്നേഹം കൂടാതെ ആർക്കും കർത്താവിൽ വിശ്വാസം ഉണ്ടാകുന്നതല്ല എന്നാകുന്നു. ആകയാൽ ഇതിൽനിന്ന് വ്യക്തമാകുന്നത് വിശ്വാസത്തിലൂടെ കർത്താവുമായി സംയോഗം ഉണ്ടാകുന്നു. സാർവ്വത്രികസ്നേഹത്തിലൂടെ കർത്താവിന് മനുഷ്യനുമായി സംയോഗം ഉണ്ടാകുന്നു. വിശ്വാസത്തിലൂടെ മനുഷ്യന്

കർത്താവുമായി സംയോഗം ഉണ്ടാകുന്നു. സംയോഗം പരസ്പര പൂരിതമാകുന്നു എന്ന് ജീവനെ സംബന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശം നമ്പ്ര. 102-107 ഖണ്ഡികയിൽ കാണാവുന്നതാണ്.

**23.** സംഗ്രഹം: ഏതൊരു മനുഷ്യനും തിന്മകളെ പാപങ്ങളായി വർജ്ജിക്കുകയും കർത്താവിൽ ആശ്രയിക്കുകയും ചെയ്യുന്നു എങ്കിൽ, അത്രമാത്രം അയാൾ സാർവ്വത്രിക സ്നേഹത്തിലാകുന്നു. ആകയാൽ അത്രമാത്രം അയാൾ വിശ്വാസത്തിലും ആകുന്നു. ഒരുവൻ എത്രത്തോളം തിന്മകളെ പാപങ്ങളായി വർജ്ജിക്കുകയും കർത്താവിൽ ആശ്രയിക്കുകയും ചെയ്യുന്നുവോ അത്രത്തോളം അയാൾ സാർവ്വത്രിക സ്നേഹത്തിലും ആയിരിക്കുമെന്നത് ജീവനെ സംബന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശം നമ്പർ 67-73 ഖണ്ഡികകളിലും നമ്പർ 74-91 ഖണ്ഡികകളിലും അതുപോലെ അവന് അത്രമാത്രം വിശ്വാസം ഉണ്ടെന്ന് നമ്പർ 42-52 ഖണ്ഡികകളിലും കാണാവുന്നതാകുന്നു. സാർവ്വത്രിക സ്നേഹം എന്താകുന്നു എന്ന് അതിന്റെ ശരിയായ അർത്ഥത്തിൽ, നമ്പർ 114 ഖണ്ഡികയിൽ (അതേ ഗ്രന്ഥം) കാണാവുന്നതാകുന്നു.

**24.** ഇതപര്യന്തം പ്രസ്താവിക്കപ്പെട്ട കാര്യാദികളിൽ നിന്ന് സുവിദമാകുന്ന സംഗതി എന്തെന്നാൽ, സത്യത്തിന്റെ ആന്തരീകമായ അംഗീകാരമായ, രക്ഷാകരമായ വിശ്വാസം, സാർവ്വത്രിക സ്നേഹത്തിൽ ഉള്ളവർക്കല്ലാതെ മറ്റ് ആരിലും ഉണ്ടായിരിക്കുന്നതല്ല.

111

**സാർവ്വത്രിക സ്നേഹത്തിൽ ആയിരിക്കുന്ന ഒരു മനുഷ്യനു മുമ്പാകെ സത്യത്തെക്കുറിച്ചും നന്മയെ ക്കുറിച്ചും ഉള്ള അറിവ് വിശ്വാസവുമായി ബന്ധപ്പെട്ടതല്ല, പിന്നെയോ. സാർവ്വത്രിക സ്നേഹത്തിന്റെ വിശ്വാസം രൂപീകരിക്കപ്പെടുവാനുള്ള ഒരു കലവറ ആകുന്നു..**

**25.** മനുഷ്യന് അവന്റെ പ്രാരംഭശൈശവം മുതൽ അറിയുന്നതിനായി താൽപര്യമുണ്ട്. അതിന്മൂലം അവൻ, അവന് പ്രയോജനകരവും പ്രയോജനകരമല്ലാത്തതുമായ അനേക കാര്യങ്ങൾ പഠിക്കുന്നു. അവൻ വളർച്ച പ്രാപിക്കുമ്പോൾ ചില ഇടപാടുകൾ എടുത്തിട്ടു അതുമായി ബന്ധപ്പെട്ട വിവരങ്ങളുടെ സാംഗത്യങ്ങൾ അപ്പോൾ അവനു ഉപയോഗം ആകുകയും അതിനാൽ അവന്റെ താൽപര്യങ്ങളെ തീരുമാനിക്കപ്പെടുന്നു. അപ്രകാരം അവന്റെ ഉപയോഗത്തിന്റെ താൽപര്യങ്ങൾ ആരംഭിക്കുകയും അവനു ഉപയോഗം ആയിട്ടുള്ള അവന്റെ ഇടപാടുകളിലുള്ള അവന്റെ പുരോഗതികളാൽ ഉള്ള ഉപാധികളുടെ ഒരു താൽപര്യം സൃഷ്ടിക്കുന്നു.

ഈ പുരോഗമനം ലോകത്തിലെ എല്ലാ ആളുകളിലും സംഭവിക്കുന്നതാണു. അതിനു കാരണം എല്ലാവർക്കും തന്നെ ചില വ്യാപരങ്ങൾ ഉണ്ട്. പ്രകടമായ അവന്റെ ലക്ഷ്യമാകുന്ന ഉപയോഗത്തിൽ നിന്നും അവ പുറപ്പെട്ടു ചില പ്രത്യേക ഉപാധികളിലൂടെ ആത്യന്തീക സ്വധീനമാകുന്ന

ആ ഉപയോഗത്തിലേക്കു നയിക്കുന്നു. എന്നിരുന്നാലും ഈ ഉപയോഗം ഈ ലോകത്തിലെ ജീവിതത്തിനു വേണ്ടി ഉള്ളതായ മുഖാന്തരങ്ങളുമായി കൂടി ചേർന്നു ഒന്നാകുന്നു, ഇതിന്റെ സ്നേഹം പ്രാകൃതികമാണ്.

**26.** എങ്കിലും, ലോകത്തിലെ എല്ലാ മനുഷ്യരും ഉപയോഗങ്ങളെ മുഴുവനായും ഈ ലോകത്തിലെ ജീവിതത്തിനായി ഉള്ളതാണെന്നു കരുതുന്നില്ല. ഈ ലോകത്തിലെ ജീവതത്തിനു ശേഷം സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതിനും സ്വർഗ്ഗത്തിലെ ജീവിതത്തിനും വേണ്ടിയുള്ളതാണു അവ എന്നു അവൻ കരുതണം. ആയതു കൊണ്ടു എല്ലാവരും കുട്ടിക്കാലം തുടങ്ങി സഭയുടെ ഉപദേശത്തിൽ നിന്നോ വചനത്തിൽ നിന്നോ, പ്രഭാഷണങ്ങളിൽ നിന്നോ ആ ജീവിതത്തിനു സഹായമായ നന്മയുടേയും സത്യത്തിന്റേയും അവബോധം ആർജ്ജിക്കണം. ഈ അറിവുകളെ അവന്റെ സഹജ സ്നേഹത്തിനനുസരിച്ചു ചെറിയതോ വലിയതോ ആയ അളവിൽ അവന്റെ പ്രാകൃതീക ഓർമ്മയിൽ ശേഖരിക്കുന്നു അങ്ങനെ ശേഖരിക്കുന്നതിനനുസരിച്ചു വിവിധ ഉത്തേജനങ്ങളാൽ ഇത് വർദ്ധിക്കയും ചെയ്യുന്നു

**27**. എന്നാൽ തന്നെയും ഈ അറിവുകൾ, അവയുടെ എണ്ണവും, ഗുണഗണങ്ങളും, എത്രതന്നെ ഉണ്ടായിരുന്നാലും അവയെല്ലാം സാർവ്വത്രികസ്നേഹത്തിന്റെ വിശ്വാസ രൂപീകരണത്ത്നു വേണ്ടി സൂക്ഷിക്കപ്പെടുന്ന സംഭരണം മാത്രമാണ്. അതുപോലെ തന്നെ ഓരോ മനുഷ്യനും തിന്മകളെ പാപങ്ങളായി ഉപേക്ഷിക്കുന്നതുവരെയും ഈ വിശ്വാസം രൂപീകരിക്കപ്പെടുന്നതുമല്ല. തിന്മകളെ പാപങ്ങളായി വർജ്ജിക്കുമ്പോൾ ഈ അറിവുകളെല്ലാം, ആത്മീക ജീവൻ ഉൾക്കൊള്ളുന്ന വിശ്വാസത്തോടു ബന്ധമുള്ളതായിത്തീരുകയും ചെയ്യുന്നു. എന്നാൽ ഒരു മനുഷ്യൻ തിന്മകളെ പാപങ്ങളായി വർജ്ജിക്കുന്നില്ല എങ്കിൽ അവൻ ആർജ്ജിക്കുന്ന അറിവുകൾ കേവലം പ്രാകൃതിക അറിവുകൾ മാത്രമായി നിലനില്ക്കും, അവകൾ ആത്മീയ ജീവൻ ഇല്ലാത്തതും വിശ്വാസത്തോട് ബന്ധപ്പെടാത്തതുമായ കേവല ജ്ഞാനം മാത്രമായിരിക്കും.

**28.** അറിവുകളുടെ ഈ സംഭരണം അത്യാവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ ഇവ കൂടാതെ വിശ്വാസത്തിനു രൂപപ്പെടുവാൻ കഴിയുന്നതല്ല. കാരണം സത്യം ഏത് നന്മയേത് എന്നുള്ള അവബോധങ്ങളാണു അകത്തേക്കു പ്രവേശിക്കുന്നതും വിശ്വാസത്തെ രൂപികരിക്കുന്നതും. ഇവ അപര്യാപ്തമാണെങ്കിൽ വിശ്വാസം ഉരുവായി വരുന്നില്ല കാരണം വിശ്വാസം സംഭവ്യമാകാതെ പാഴും ശുന്യവുമാകുന്നു. അവ കുറവാണെങ്കിൽ വിശ്വാസം ലോലവും ദുർബലവുമാണു, എന്നാൽ അവ സമൃദ്ധമാണെങ്കിൽ വിശ്വാസം സമ്പന്നവും തികവുള്ളതും ആയിരിക്കും.

**29.** എന്നിരുന്നാലും വിശ്വാസത്തെ വിന്യസിക്കുന്ന അവബോധങ്ങൾ യഥാർത്ഥമായ നൻമയുടെയും സത്യത്തിന്റേയും അവബോധങ്ങ

ളാണെന്നു വ്യാജത്തിന്റെ അവബോധങ്ങളല്ലെന്നും അറിയേണ്ടിയിരിക്കുന്നു. മുകളിൽ നമ്പ്ര. 5-11 ഖണ്ഡികകളിൽ പ്രസ്താവിച്ചിട്ടുള്ളതു പോലെ, വിശ്വാസം സത്യമാകുന്നു. വ്യാജമാകട്ടെ അത് സത്യത്തിന് വിരുദ്ധമാകയാൽ വിശ്വാസത്തെ നശിപ്പിക്കുന്നു. അതുപോലെ തന്നെ വ്യാജതകൾ മാത്രം ഉള്ളേടത്ത് വിശ്വാസം അശേഷം ഉണ്ടായിരിക്കുകയില്ല, സാർവ്വത്രികസ്നേഹവും ഒട്ടും ഉണ്ടായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ മുകളിൽ നമ്പർ 18-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടു ള്ളതുപോലെ സാർവ്വത്രികസ്നേഹവും വിശ്വാസവും തമ്മിൽ ഒന്നായിത്തീരുന്നു, നന്മയും സത്യവും ഒന്നായിത്തീരുന്നതു പോലെ. ഇതിൽ നിന്ന് വ്യക്തമാകുന്നത് അവബോധങ്ങളും, നന്മകളും ശുദ്ധമാണ് എന്നതുകൊണ്ട് അത് വിശ്വാസത്തെ രൂപീകരിച്ചു കൊള്ളണമെന്നില്ല എന്നും, എന്നാൽ ചിലവ ഒരുതരം വിശ്വാസം രൂപീകരിക്കുന്നുണ്ടെന്നും, ഒട്ടേറെ അവബോധങ്ങൾ അവയുടെ പൂർണ്ണത മുഖേന വിശ്വാസത്തെ രൂപീകരിക്കുന്നുണ്ട് എന്നുമാണ്. സാർവ്വത്രിക സ്നേഹത്തിൽ നിന്ന് ഉരുവം കൊള്ളുന്ന വിശ്വാസത്തേ പോലെ അത്തരത്തിലുള്ളതാണു ഒരു മനുഷ്യന്റെ ബുദ്ധിവൈഭവവും.

**30.** സർവ്വോപരി, സത്യത്തെ സംബന്ധിച്ചുള്ള ആന്തരീക അംഗീകാരം ഇല്ലെങ്കിലും വിശ്വാസം ഉള്ള അനേകം ആളുകൾ ഉണ്ട്. അവർക്ക് സാർവ്വത്രികസ്നേഹമുണ്ട് അവർ അവരുടെ ജീവിതകാലത്ത് കർത്താവിനെ അന്വേഷിക്കുകയും ആശ്രയിക്കുകയും ചെയ്തിട്ടുള്ള വരാണ്. മതപരമായ സിന്ധാന്തങ്ങളിലൂടെ അവർ തിന്മകളെ ഒഴിവാക്കിയിട്ടുള്ളവരാണ്. എങ്കിലും അവരുടെ ജോലികളിലേക്കുള്ള കരുതലും, അവരുടെ തൊഴിലുകൾ, വ്യാപാരങ്ങൾ എന്നിവ മുഖേനയും, അവരുടെ ഉപദേഷ്ടാക്കളിൽ നിന്ന് സത്യം ലഭ്യമാകാത്തതു മുഖേനെയും സത്യത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ നിന്ന് അകന്നു നിൽക്കാൻ ഇടയായിട്ടുള്ളവരും ഉണ്ട്. എന്നാൽ ആന്തരീകമായി, അതായത് അവരുടെ ആത്മാവിൽ അവർ സത്യത്തെ അംഗീകരിക്കുന്ന വരാകുന്നു, എന്തുകൊണ്ടെന്നാൽ അവർ സത്യത്തോടുള്ള അഭിനിവേശം ഉള്ളവരാകുന്നു. ആകയാൽ മരണാനന്തരം അവർ ആത്മാവുകളായി ത്തീർന്ന് ദൂതന്മാരാൽ ബോധനം ചെയ്യപ്പെടുമ്പോൾ അവർ സത്യങ്ങളെ അംഗീകരിക്കുകയും സന്തോഷ സമേതം സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ ലോകജീവിത കാലത്ത് കർത്താവിനെ നോക്കുകയും, ആശ്രയിക്കുകയും ചെയ്തിട്ടില്ലാത്തവരുടെ കാര്യം മറിച്ചാണ്. അവരാകട്ടെ മതപരമായ സിന്ധാന്തങ്ങളുടെ സഹായത്താൽ തിന്മകളെ ഒഴിവാക്കിയിട്ടുള്ളവരല്ല. ആന്തരീകമായോ, ആത്മീകമായോ അവർക്ക് സത്യത്തോടുള്ള അഭിനിവേശം ഇല്ല. ആകയാൽ തത്ഭലമായി അവർ സത്യത്തിന്റെ അംഗീകരണത്തിലുമല്ല. ആകയാൽ മരണാനന്തരം അവർ ആത്മാവുകൾ ആയിത്തീരുമ്പോൾ, ദൂതന്മാരാൽ പഠിപ്പിക്കപ്പെടുന്ന വേളയിൽ, അവർ സത്യങ്ങളെ അംഗീകരിക്കുവാൻ വൈമനസ്യം ഉള്ളവരായിത്തീരുകയും, അതിന്റെ ഫലമായി അവയെ

സ്വീകരിക്കാതിരിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ ജീവിതത്തിലെ തിന്മകൾ സത്യത്തെ വിരോധിക്കുന്നു. എന്നാൽ ജീവിതത്തിലെ നന്മകൾ ആന്തരീകമായി അവയെ ഇഷ്ടപ്പെടുന്നു.

**31** വിശ്വാസത്തിനോടു ബന്ധപ്പെട്ടിരിക്കുന്നതു പോലെ സത്യത്തിന്റേയും നൻമയുടേയും അവബോധങ്ങൾ മുന്നിടുന്ന വിശ്വാസമായി ചിലർക്കു വെളിപ്പെടുന്നു, എന്നിരുന്നാലും അവർ അങ്ങനെയല്ലതാനും. അവർ വിശ്വസിക്കുന്നതിനു തെളിവില്ലെന്നും, ഈ അവബോധങ്ങൾ വിശ്വാസത്തിനാടു ബന്ധപ്പെട്ടതോ എന്നോ അല്ല അവർ ചിന്തിക്കു ന്നതും പറയുന്നതു, കാരണം അവർ കേവലം ചിന്തയിൽ മാത്രമാണു ഉൾകൊള്ളുന്നതു, എന്നാൽ അവ സത്യമാണെന്നുള്ള ആന്തരീക അംഗീകരണത്തിലല്ല. അവ സത്യമാണെന്നുള്ളത് അറിയാതിരിക്കു മ്പോൾ അവ സത്യമാണെന്നുള്ള വിശ്വാസം ആന്തരീക അംഗീകരണ ത്തിൽ നിന്നും നിശേഷം നീക്കപ്പെട്ട ഒരു പ്രേരണയാണു. എന്നാൽ സാർവത്രീകസ്നേഹം നട്ടുപിടിപ്പിക്കുന്ന മാത്രയിൽ അപ്പോൾ അത്തരം അവബോധങ്ങൾ വിശ്വാസ സിദ്ധാന്തങ്ങൾ ആകുന്നു, പക്ഷെ വിശ്വാസ ത്തിൽ സാർവത്രീക സ്നേഹം ആയിരിക്കുന്നത്രത്തോളം.

ഒന്നാമത്തെ അവസ്ഥയിൽ, സാർവ്വത്രികസ്നേഹത്തെ ദർശിക്കുന്നതിനു മുമ്പ് വിശ്വാസം അത്തരം വ്യക്തികൾക്കു പ്രഥമാ സ്ഥാനമായിട്ടു വെളിപ്പെടുന്നു, സാർവത്രീക സ്നേഹം രണ്ടാമതായും, എന്നാൽ അടുത്ത അവസ്ഥയിൽ സാർവത്രീകസ്നേഹം ഒന്നാമതായി സ്ഥാനം പിടിക്കയും വിശ്വാസം രണ്ടാമതായും. ഒന്നാമത്തെ അവസ്ഥയെ നവീകരണം എന്നും പിന്നത്തേതിനെ പുനരുജ്ജീവനം എന്നും വിളിക്കുന്നു. ഒരു മനുഷ്യൻ ഇതിൽ രണ്ടാമത്തെ അവസ്ഥയിൽ ആയിരിക്കുമ്പോൾ അവന്റെ ഉള്ളിൽ ദൈനദിനം ജ്ഞാനം വളരുന്നു. നന്മ ആകട്ടെ ദൈനംദിനം സത്യത്തെ പെരുക്കുകയും അവയെല്ലാം ഫലപൂർണ്ണമാകുകയും ചെയ്യുന്നു. മനുഷ്യൻ ഒരു വൃക്ഷം പോലെയാണ്, ഫലം കായിക്കുന്ന വൃക്ഷം. അതിന്റെ ഫലങ്ങൾ നിറയെ വിത്തുകളും; അവയിൽ നിന്ന് പുതിയ വൃക്ഷങ്ങൾ ഉണ്ടാകുകയും ഒരു പ്രദേശം മൊത്തം ഒരു തോട്ടമായി മാറുകയും ചെയ്യുന്നു. അപ്രകാരം അവൻ സത്യമായും ഒരു മനുഷ്യൻ ആയിത്തീരുന്നു. അനന്തരം അവൻ മരണത്തിനു ശേഷം ഉള്ളിൽ സാർവ്വത്രികസ്നേഹമെന്ന ജീവൻ ഉള്ളവനും, വിശ്വാസം എന്ന രൂപവും ആകൃതിയും ഉള്ളവനുമായ ഒരു ദൂതൻ ആയിത്തീരുന്നു. സാർവ്വത്രികസ്നേഹത്തിന്റെ ഗുണനിലവാരമനുസരിച്ച് സൗന്ദര്യവും ഉണ്ടാകും അവന്റെ വിശ്വാസത്തെ ഇനിമേൽ വിശ്വാസം എന്നല്ല വിളിക്കുന്നത്; പ്രത്യുത ബുദ്ധിവൈഭവം എന്ന് ആകുന്നു.

ഈ വിചിന്തനങ്ങളിൽ നിന്ന് മനസ്സിലാകുന്നത് വിശ്വാസം സമസ്തവും സാർവ്വത്രിക സ്നേഹത്തിൽ നിന്നാണു. വിശ്വാസത്തിൽ നിന്നും ഒന്നും തന്നെ ഉണ്ടാകുന്നില്ല. മാത്രവുമല്ല സാർവ്വത്രികസ്നേഹം വിശ്വാസത്തെ സൃഷ്ടിക്കുന്നു വിശ്വാസം സാർവത്രീക സ്നേഹത്തെയല്ല. മുന്നിട്ടു നിൽക്കുന്ന അവബോധങ്ങൾ കരുതലോടെ ശേഖരിച്ചിട്ടുള്ള

പത്തായപുരയിലെ ധാന്യത്തേ പോലെയാണു. വിശപ്പിൽ മനുഷ്യൻ, അതിൽ നിന്ന് ധാന്യങ്ങൾ പുറത്ത് എടുക്കാതെ അവന് പരിപോഷണം ലഭിക്കുകയില്ലല്ലോ.

**32**. സാർവ്വത്രികസ്നേഹത്തിൽന്ന്ന് എങ്ങനെയാണ് വിശ്വാസം രൂപീകരിക്കപ്പെടുന്നതെന്ന് ഇപ്പോൾ കൂടുതലായി വിവരിക്കുന്നതായിരിക്കും. ഓരോ മനുഷ്യനും ഒരു പ്രകൃതിസഹജമായ മനസ്സും ഒരു ആത്മീക മനസ്സും ഉണ്ട്. പ്രകൃതിസഹജ മനസ്സ് ലോകത്തിനു വേണ്ടിയും ആത്മിക മനസ്സ് സ്വർഗ്ഗത്തിനു വേണ്ടിയും ആകുന്നു. മനുഷ്യൻ അവന്റെ പരിജ്ഞാന പ്രകാരം ഇവയിൽ രണ്ടിലും ഉണ്ട്. എന്നാൽ അവന്റെ തിന്മകളെ പാപമായി വർജ്ജിക്കുകയും തിന്മകളാകുന്ന പാപങ്ങളിൽ നിന്ന്, അവയെ വർജ്ജിച്ചിട്ട്, അകലുന്നതു വരെയും അവന്റെ ഇച്ഛ ഇവയിൽ രണ്ടിലും ഉണ്ടായിരിക്കുകയില്ല. അവൻ അത് ചെയ്യുമ്പോൾ അവന്റെ ആത്മീക മനസ്സ് അവന്റെ ഇച്ഛാനുസരണം തുറക്കപ്പെടുകയും ചെയ്യും. അങ്ങനെ പ്രകൃതി സഹജ മനസ്സിലേക്ക് സ്വർഗ്ഗത്തിൽ നിന്നു ആത്മീക് ചൂട് ഒഴുകിയിറങ്ങും. ഈ ചൂട് അതിന്റെ സത്തയിൽ സാർവ്വത്രിക സ്നേഹം ആകുന്നു. പ്രാകൃതിക മനസ്സിൽ ഉള്ളതായ സത്യത്തിലേക്കും നന്മയിലേക്കും ജീവനെ കൊടുക്കയും അവയിൽ നിന്ന് വിശ്വാസത്തെ രൂപീകരിക്കയും ചെയ്യുന്നു.

ഇതു തന്നെയാണു ഒരു വൃക്ഷത്തിലും സംഭവിക്കുന്നതു. വസന്ത കാലത്തേ പോലെ വെളിച്ചത്തോടൊപ്പം സൂര്യനിൽ നിന്നും പ്രവഹി ക്കുന്ന ചൂടിനു മുമ്പായി അതിന്റെ അലസമായ ജീവൻ ഒന്നും സ്വീകരിക്കു ന്നില്ല. ഈ ലോകത്തിന്റെ ചൂടിനാൽ സ്വാധീനിക്കുന്ന ഒരു വൃക്ഷത്തിന്റെ തഴപ്പും സ്വർഗ്ഗത്തിലെ ഊഷ്മളതയാൽ മനുഷ്യനെ ജീവിപ്പിക്കുന്ന ജീവനും തമ്മിൽ ഒരു സമാന്തരത്വമുണ്ടു, ഈ കാരണം കൊണ്ടാണു കർത്താവു പലപ്പോഴും മനുഷ്യനെ വൃക്ഷവുമായു സാദൃശ്യപ്പെടുത്തി യിട്ടുള്ളത്

**33.** ഈ ചുരുക്കം ചില വിചിന്തനങ്ങളിൽ നിന്ന് സുവിദിതമാകുന്ന സംഗതി എന്തെന്നാൽ ഒരു മനുഷ്യൻ സാർവ്വത്രിക സ്നേഹത്തിൽ ആയിരിക്കുന്നതിനു മുമ്പ് സത്യത്തിന്റെയും നന്മയുടേയും അവബോധങ്ങൾ വിശ്വാസവുമായ ബന്ധപ്പെട്ടതല്ല എന്നാൽ അവ രണ്ടും സാർവ്വത്രിക സ്നേഹത്തിന്റെ വിശ്വാസമായി രൂപപ്പെടുന്നതിനുള്ള കലവറ ആയിരിക്കും. സത്യത്തെ സംബന്ധിച്ചുള്ള അവബോധം വീണ്ടും ജനനം പ്രാപിച്ച ഒരു മനുഷ്യനിൽ സത്യങ്ങൾ ആയിത്തീരുന്നു. അതുപോലെ തന്നെയാണ് നന്മയെക്കുറിച്ചുള്ള അറിവുകളും. എന്തുകൊണ്ടെന്നാൽ നന്മയുടെ അറിവുകൾ പരിജ്ഞാനത്തിൽ ഉണ്ട്. എന്നാൽ നന്മയുടെ താൽപര്യം ഇച്ഛയിൽ അന്തർഭവിച്ചിട്ടുണ്ട്. അങ്ങനെ പരിജ്ഞാനത്തിൽ സ്ഥിതിചെയ്യുന്ന സംഗതിയെ സത്യം എന്നു വിളിക്കുന്നു. അതുപോലെ തന്നെ ഇച്ഛയിൽ അന്തർഭവിച്ചിരിക്കുന്നതിനെ നന്മ എന്നും വിളിക്കുന്നു.

4

## ക്രിസ്തീയ വിശ്വാസം അതിന്റെ സാർവ്വദേശീയ ആശയത്തിൽ

**34.** ക്രിസ്തീയ വിശ്വാസം അതിന്റെ സാർവ്വദേശിയ ആശയം ഇതാണ്. യഹോവ ആയ കർത്താവ് നിത്യതയിൽനിന്ന് ഈ ലോകത്തിലേക്ക്, നരകത്തെ കീഴടക്കി ജയിപ്പാനും അവന്റെ മനുഷ്യത്വത്തെ മഹത്വീകരിപ്പാനും, അതിനാലല്ലാതെ ജഡവും രക്ഷിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്തതിനാലും, അവനിൽ വിശ്വസിക്കുന്നവർ രക്ഷിപ്പെടുവനുമായി അവൻ ഈ ലോകത്തിലേക്കു വന്നു,

**35.** സാർവ്വദേശീയ ആശയത്തിൽ ക്രിസ്തീയ വിശ്വാസം ഇതാകുന്നു. കാരണം ഇതാണ് വിശ്വാസത്തിന്റെ സാർവ്വദേശീയത്വം. വിശ്വാസത്തിന്റെ സാർവ്വദേശീയത്വംഅതിന്റെ എല്ലാ കാര്യങ്ങളിലും പൊതുവായും പ്രത്യേകമായും ഉണ്ടായിരിക്കണം.

1. വിശ്വാസത്തിന്റെ സാർവ്വദേശീയത്വം എന്തെന്നാൽ: ആളത്വത്തിലും, സത്തയിലും ദൈവം ഏകൻ ആകുന്നു. അവനിൽ ത്രിത്വം ഉണ്ട്. ആ കർത്താവ് ദൈവം ആകുന്നു.

2. വിശ്വാസത്തിന്റെ സാർവ്വ ദേശീയത്വം ഇപ്രകാരം ആകുന്നു. കർത്താവ് ഈ ലോകത്തിലേക്ക് വന്നില്ലായിരുന്നു എങ്കിൽ യാതൊരു ജഢവും രക്ഷിക്കപ്പെടുകയില്ലായിരുന്നു.

3. വിശ്വാസത്തിന്റെ സാർവ്വദേശീയത്വം ഇതാകുന്നു. അതായത് കർത്താവ് ഭൂലോകത്തിലേക്ക് വന്നത് മനുഷ്യനിൽ നിന്നും നരകത്തെ നീക്കം ചെയ്യുന്നതിനു വേണ്ടിയായിരുന്നു. അവൻ അതിനെതിരേ പോരാടുകയം അവയുടെമേൽ ജയം വരിക്കയും അവൻ അവയെ ദുർബലപ്പെടുത്തി അതിനെ കീഴടക്കി അവന്റെ ആജ്ഞയ്ക്ക് വിധേയമായി അതിനെ അവന്റെ അധീനതയിൽ, അനുസരണത്തിൻ കീഴിലാക്കി.

4. അവൻ ലോകത്തിലേക്ക് വന്നത് അവൻ ലോകത്തിലേക്ക് ഏറ്റെടുത്തതായ മനുഷ്യത്വത്തെ മഹത്വീകരിക്കാൻ വേണ്ടിയാ യിരുന്നു. അതായത് മാനുഷിത്വത്തെ മഹത്വീകരിച്ച് അതിനെ ഉത്ഭവിപ്പിച്ച ദൈവത്വത്തോടു ഐക്യപ്പെടുത്തുവാൻ, നരകത്തെയും പാതാളത്തെയും കീഴടക്കി ജയാളിയായതിനാൽ അവൻ അതിനെ നിത്യതവരെയും അവന്റെ ആജ്ഞക്കും, അവന്റെ അധീനതയിലുള്ള അനുസരണത്തിലും വിധേയമാക്കി, ഇവയെല്ലാം സാദ്ധ്യമായത് പ്രലോഭനങ്ങളുടെ മേലുള്ള വിജയത്താലും അന്തിമ പോരാട്ടമായിരുന്ന ക്രൂശിലെ വിജയാത്താലും അല്ലാതെ അവയുടെ മേൽ ജയം വരിക്കുവാൻ കഴിയുമായിരുന്നില്ല, അവൻ അതിനെ സഹിക്കയും ചെയ്തു.

ഇതാണു കർത്താവിനെ സമ്പന്ധിച്ചുള്ള സാർവ്വദേശീയ ക്രിസ്തീയ വിശ്വാസം.

**36** സാർവ്വദേശീയ ക്രിസ്തീയ വിശ്വാസത്തിൽ മനുഷ്യന്റെ ഭാഗധേയം അവനെ കർത്താവായി വിശ്വസിക്കുക എന്നാണു. കാരണം വിശ്വസിക്കുന്നതിനാൽ അവനുമായുള്ള സമ്പർക്കം പ്രഭാവപ്പെടുകയും ഇതു രക്ഷയ്ക്കുള്ള ഉപാധിയായി തീരുകയും ചെയ്യുന്നു. അവനിൽ വിശ്വസിക്കുന്നതു അവൻ രക്ഷിക്കുമെന്നുള്ള ഉറപ്പുണ്ടാവുക എന്നാണു, നൻമയായി ജീവിക്കുന്നവർക്കല്ലാതെ വേറെ ആർക്കും അത്തരത്തിലുള്ള ഉറപ്പുണ്ടാവുകയില്ല എന്നതാണു ഇതിനാൽ അർത്ഥമാകുന്നതും.

**37**. ക്രിസ്തീയ വിശ്വാസത്തിന്റെ ഈ രണ്ട് സാർവ്വദേശീയ തത്വങ്ങളെയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതാണ്. കർത്താവിനെ കുറിച്ചു ഒന്നാമതായി കർത്താവിനെ സംബന്ധിച്ച നവയെരുശലേമിന്റെ ഉപദേശത്തിലും മനുഷ്യനെ ബന്ധപ്പെട്ടതു രണ്ടാതായി നവയെരുശലേമിനു വേണ്ടിയുള്ള ജീവന്റെ ഉപദേശത്തിലും കൂടുതൽ വിശദമായി പ്രതിപാധിച്ചിട്ടുണ്ട്. ഇവ ഇനിയും കൂടുതലായി ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

5

## സാർവ്വദേശീയ ആശയത്തിൽ വർത്തമാന കാലത്തെ വിശ്വാസം

**38.** വർത്തമാനകാലത്തിലെ വിശ്വാസത്തിന്റെ സാർവ്വദേശീയ ആശയം ഇപ്രകാരമാണ്. മനുഷ്യവർഗ്ഗത്തിന് പകരമായി തന്നെ തൃപ്തിപ്പെടുത്താനായി പിതാവായ ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്കു അയച്ചു, പുത്രന്റെ യോഗ്യതയാലും, ഇതിൽ വിശ്വസിക്കുന്നവരെ രക്ഷിക്കുവാൻ അവനു കരുണയുണ്ടു. ഇതു വിശ്വസിക്കുന്നവർ അതെ സമയം തന്നെ സദ്പ്രവൃത്തികളും ചെയ്യണം എന്നു മറ്റുള്ളവരും കൂട്ടിച്ചേർക്കുന്നു.

**39.** വിശ്വാസത്തിന്റെ സ്വഭാവം എന്താണെന്ന് കൂടുതൽ വ്യക്തമായി കാണുന്നതിനും മനസ്സിലാക്കുന്നതിനുമായി അത് നമുക്ക് ഉറപ്പു നൽകുന്ന ഉപദേശ സിദ്ധാന്തങ്ങൾ അവയുടെ ക്രമം അനുസരിച്ച് ഞാൻ പ്രസ്താവിക്കാം. ആധുനിക നാളിലെ വിശ്വാസ പ്രമാണം ഉറപ്പുനൽകുന്ന നിയമാനുസൃതമായ കൽപ്പനകൾ.

1. പിതാവാം ദൈവവും, പുത്രനാം ദൈവവും രണ്ടാണ്. രണ്ടുപേരും നിത്യതയിൽ നിന്നുള്ളവരാകുന്നു.

2. പ്രതികാര നീതി എന്നു വിളിക്കുന്ന ദൈവീക നീതിയുടെ തൃപ്തീകരണത്തിനായി അല്ലാത്ത പക്ഷം നിത്യമരണത്തിൽ നശിച്ചുപോകുമായിരുന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനായി മനുഷ്യവർഗ്ഗത്തിനു പകരം പിതാവിനെ തൃപ്തിപ്പെടുത്താനായി പിതാവിനാൽ ഈ ലോകത്തിലേക്കു അയക്കപ്പെട്ടവനാണു പുത്രനായ ദൈവം.

3. ന്യായപ്രമാണത്തിന്റെ നിവൃത്തീകരണത്തിനാലും ക്രൂശിലെ സഹനത്താലും പിതാവിനെ പുത്രൻ സന്തുഷ്ടമാക്കി.

4. പുത്രന്റെ ഈ പ്രവൃത്തികളാൽ പിതാവ് കരുണാമയനായിത്തീർന്നു.

5. ഇതു വിശ്വസിക്കുന്നവർക്കു പുത്രന്റെ ഈ യോഗ്യത ആരോപിക്കാവുന്നതാണു.

6. ഈ ആരോപണം നൈമിഷീകമാണ്. മരണത്തിന് മുമ്പ് അല്ലെങ്കിൽ മരണസമയത്തു പോലും സംഭവിക്കാം.

7. പരീക്ഷയുണ്ടെങ്കിലും ഈ വിശ്വാസത്താൽ അതിൽ നിന്ന് വിടുതൽ ഉണ്ടാകുകയും ചെയ്യും.

8. അവയ്ക്ക് വിശേഷിച്ച ഉറപ്പും ആത്മവിശ്വാസവും, ഉണ്ട്.

9. നീതീകരണമുണ്ട്. പുത്രന്റെ പേരിലുള്ള യാചനാ കൃപയും, പാപങ്ങളിൽ നിന്നുള്ള വിവേചനവും, അപ്രകാരമുണ്ടാകുന്ന രക്ഷയും ഉണ്ട് പ്രത്യേകിച്ചും ഇവയ്ക്ക്.

10. കൂടുതൽ പാണ്ഡിത്യമുള്ളവർ ഉറപ്പ് പറയുന്നത് അപ്രകാരമുള്ള വ്യക്തികളിൽ, രഹസ്യമായി പ്രവർത്തിക്കുന്നതും നന്മയിലേക്കുള്ള തുമായ ഒരു പരിശ്രമം ഉണ്ടെന്നാകുന്നു. എന്നാൽ അത് ഇച്ഛയെ വെളിവായി ചലിപ്പിക്കുന്നില്ല. എന്നാൽ മറ്റുചിലർ ഉറപ്പായും സ്ഥിരീകരി ക്കുന്നത് അതിന് വെളിവായുള്ള പ്രവർത്തനം ഉണ്ടെന്നാകുന്നു. എന്നാൽ രണ്ടു വിഭാഗക്കാരും സ്ഥിരീകരിക്കുന്നത് അത് പരിശുദ്ധാത്മാവിനാൽ സംഭവിക്കുന്നതാകുന്നു എന്നാണ്.

11. യാതൊരാൾക്കും നന്മയായിട്ടുള്ളവയും പ്രശംസയെ കാംക്ഷിക്കാത്ത തുമായ നന്മകൾ സ്വയം ചെയ്യുവാൻ കഴിയുകയില്ലെന്ന് സ്വകീയമായി സ്ഥിരീകരിക്കുന്നവരും, അവർ ന്യായപ്രമാണത്തിന്റെ നുകത്തിൻ കീഴി ലല്ലെന്ന് നിശ്ചയിക്കുന്നവരുമായ വ്യക്തികളിൽത്തന്നെ ഭൂരിഭാഗം പേരും നന്മചെയ്യുന്നതിനെക്കുറിച്ചോ തിന്മ ചെയ്യുന്നതിനെക്കുറിച്ചോ ചിന്തിക്കു ന്നതിനെ ഒഴിവാക്കുകയും, തിന്മയെക്കുറിച്ചോ നന്മയെക്കുറിച്ചോ ചിന്തി ക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. എന്തുകൊണ്ടെന്നാൽ അവർ അവരു ടെ ഉള്ളിൽ പറയുന്നത് നന്മ പ്രവൃത്തികൾ യാതൊന്നുമല്ല രക്ഷിക്കുന്ന ത് എന്നും തിന്മ പ്രവൃത്തികൾ യാതൊന്നും കുറ്റം വിധിക്കു ന്നില്ല എന്നു മാണ്. എന്തുകൊണ്ടെന്നാൽ വിശ്വാസം മാത്രമാണ് സകലവും നിർവ്വഹി ക്കുന്നത്.

12. പരിജ്ഞാനം എന്നത് ഈ വിശ്വാസത്തിന്റെ അനുസരണത്തിന് അധീനമായുള്ളതാകുന്നു എന്ന് അവർ സ്ഥിരീകരിക്കുകയും മനസ്സിലായിട്ടില്ലാത്ത ഒരു സംഗതിയെ വിശ്വാസം എന്നു വിളിക്കുകയും ചെയ്യുന്നു.

**40.** ഈ നിർദ്ദേശങ്ങൾ സസൂക്ഷ്മമായും, കൂലങ്കഷമായും വെവ്വേറെ പരിശോധിച്ച് അളന്നു തൂക്കി നോക്കേണ്ട കാര്യമില്ല. ഓരോ കാര്യവും സത്യമാണോ, ശരിയാണോ, അല്ലേ എന്ന്; അത് അനാവശ്യമാണ്. മുകളിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽ നിന്നു തന്നെ അത് തെളിവായി വെളിപ്പെട്ടു കഴിഞ്ഞിട്ടുണ്ടല്ലോ. പ്രത്യേകിച്ചും, വചനത്തിൽ നിന്ന് ദൃഷ്ടാന്തീകരിക്കപ്പെട്ടിട്ടുള്ളതിൽ നിന്നും, അതേസമയം, കർത്താവിനെ സംബന്ധിച്ചുള്ള നവയെരുശലേമിന്റെ ഉപദേശം, ജീവനെ സംബന്ധിച്ച നവയെരുശലേമിന്റെ ഉപദേശം എന്നീ ഗ്രന്ഥങ്ങളിൽനിന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടല്ലോ.

**41.** സാർവ്വത്രിക സ്നേഹത്തിൽനിന്ന് വിശ്വാസത്തെ വേർതിരിച്ചാൽ ഉള്ള പ്രകൃതവും, സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർപെടുത്തപ്പെട്ടിട്ടില്ലെങ്കിലുള്ള സ്വഭാവവും എന്തായിരിക്കാമെന്ന് കാണുന്നതിനായി സ്വർഗ്ഗത്തിലെ ഒരു ദൂതനുമായി ഞാൻ ആശയ വിനിമയം നടത്തിയപ്പോൾ ഞാൻ ശ്രവിച്ചതായ സംഗതികൾ ഇവിടെ അറിയിച്ചു തരാം. ആ ദൂതൻ എന്നോടു പറഞ്ഞത് രൂപാന്തരം പ്രാപിച്ച പലരുമായി താൻ സംസാരിച്ചപ്പോൾ അവരുടെ വിശ്വാസത്തിന്റെ പ്രകൃതം എന്തായിരുന്നു എന്ന് അവർ തന്നോട് പറഞ്ഞു കേട്ടിരുന്നു എന്നാണ് ദൂതൻ പറഞ്ഞത് താൻ സംഭാഷണം നടത്തിയവരിൽ ഒരാൾ വിശ്വാസത്തിൽ നിന്ന് സാർവ്വത്രിക സ്നേഹത്തെ വേർതിരിച്ചിരുന്ന ആൾ ആയിരുന്നു എന്നും മറ്റേ ആൾ വിശ്വാസത്തിൽ നിന്ന് സാർവ്വത്രിക സ്നേഹത്തെ വേർപെടുത്തിയിട്ടില്ലാത്ത വ്യക്തിയും ആയിരുന്നു എന്നാണ്. അവരിൽ ഓരോ ആളും പറഞ്ഞ കാര്യങ്ങൾ, ദൂതൻ കേട്ടറിഞ്ഞതു കൊണ്ട് എന്നോട് വിശദമായി പറഞ്ഞിരുന്നു. ദൂതൻ പറഞ്ഞത് താൻ അവരോട് ചോദ്യങ്ങൾ ചോദിച്ചു എന്നും അവർ പ്രത്യുത്തരം നൽകി എന്നുമാണ്. പ്രസ്തുത സംഭാഷണങ്ങൾ ഈ വിഷയത്തിലേക്ക് വെളിച്ചം വീശുമെന്നതിനാൽ ഞാൻ അവയെ ഇവിടെ രേഖപ്പെടുത്താം.

**42.** ദൂതൻ എന്നോട് പ്രസ്താവിച്ചത് തന്നോടു സംസാരിച്ചവരിൽ, സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വിശ്വാസത്തെ വേർതിരിച്ചിരുന്ന ആളുമായി താൻ നടത്തിയ സംഭാഷണം ഇപ്രകാരം ആയിരുന്നു എന്നാണ്: എന്റെ സ്നേഹിതാ, നിങ്ങൾ എപ്രകാരമുള്ള വ്യക്തിയാണ്? അയാളുടെ മറുപടി: ഞാൻ രൂപാന്തരപ്പെട്ട ക്രിസ്ത്യാനിയാണ്. നിങ്ങളുടെ ഉപദേശം എന്താണ്, അതിൽ നിന്ന് നിങ്ങൾ രൂപീകരിക്കുന്ന മതം ഏതാണ്, എന്താണ്? അപ്പോൾ അയാൾ മറുപടി നൽകി: ഇതാണ് എന്റെ വിശ്വാസം, എന്റെ വിശ്വാസമാണ് എന്റെ മതം. അപ്പോൾ ദൂതൻ ചോദിച്ചു എന്താണ് നിങ്ങളുടെ വിശ്വാസം? അപ്പോൾ അയാൾ മറുപടി നൽകിയത്: ദൈവം തന്റെ പുത്രനെ മനുഷ്യവർഗ്ഗത്തിന് സംതൃപ്തി നൽകുവാനായി പിതാവാം ദൈവം തന്റെ പുത്രനെ അയച്ചു, അവനിൽ വിശ്വസിക്കുന്നവർ രക്ഷിക്കപ്പെടും എന്നാകുന്നു. ഉടനെ ദൂതൻ അയാളോടു ചോദിച്ചു: രക്ഷയെ സംബന്ധിച്ച് കൂടുതലായി നിങ്ങൾക്ക് എന്ത് അറിയാം? അയാൾ മറുപടി പറഞ്ഞത് രക്ഷ ലഭ്യമാകുന്നത് ആ

വിശ്വാസത്തിലൂടെ മാത്രം ആകുന്നു എന്നാണ്. ദൂതൻ അപ്പോൾ കൂടുതലായി ചോദിച്ചത്: വീണ്ടെടുപ്പിനെ സംബന്ധിച്ച് നിങ്ങൾക്കെന്തറിയാം? അപ്പോൾ അയാൾ മറുപടി പറഞ്ഞത്: കുരിശിൽ വച്ച് കർത്താവ് സഹിച്ച കഷ്ടതകളും പീഢനങ്ങളും മുഖേന ഇത് സാദ്ധ്യമായിരിക്കുന്നു. അതിലൂടെ കർത്താവ് നേടിയ വിജയവും സത്ഗുണവും വിശ്വാസത്തിലൂടെ നമുക്ക് പകർന്നു കിട്ടുകയും ചെയ്യുന്നു. ദൂതൻ അപ്പോൾ വീണ്ടും ചോദിച്ചു: വീണ്ടും ജനനത്തെക്കുറിച്ച് നിങ്ങൾക്കെന്തറിയാം? അപ്പോൾ അയാൾ മറുപടി പറഞ്ഞത്: അത് ആ വിശ്വാസം മുഖേന ലഭ്യമാകുന്ന പരിവർത്ത നമാണ്. വീണ്ടും ദൂതൻ ചോദിച്ചു: മാനസാന്തരത്തെ ക്കുറിച്ചും പാപവിമോചനത്തെക്കുറിച്ചും നിങ്ങൾക്കെന്തറിയാം? അപ്പോൾ അയാൾ മറുപടി കൊടുത്തത്. അതും ആ വിശ്വാസം മുഖേന സാദ്ധ്യമാകുന്ന കാര്യങ്ങളാകുന്നു. വീണ്ടും ദൂതൻ ചോദിച്ചു: സ്നേഹത്തെക്കുറിച്ചും സാർവ്വത്രിക സ്നേഹത്തെ ക്കുറിച്ചും നിങ്ങൾക്ക് എന്തറിയാം? എന്നോടു പറയുക അതിന് അയാൾ നൽകിയ മറുപടി: അത് ആ വിശ്വാസം തന്നെ ആകുന്നു ദൂതൻ വീണ്ടും ചോദിച്ചു: സൽപ്രവൃത്തികളെക്കുറിച്ച് നിങ്ങൾ എന്തു പറയുന്നു? നിങ്ങൾക്കെന്തറിയാം സൽപ്രവൃത്തി കളെക്കുറിച്ച്? അതിന് അയാൾ മറുപടി പറഞ്ഞത്: അത് ആ വിശ്വാസം ആകുന്നു. വീണ്ടും ദൂതൻ ചോദിച്ചു: വചനത്തിലുള്ള കല്പനകളെ കുറിച്ച് എന്തു ചിന്തിക്കുന്നു.? അതിന് അയാൾ മറുപടി പറഞ്ഞത്: അത് ആ വിശ്വാസത്തിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നാണ്. അപ്പോൾ ദൂതൻ ചോദിച്ചു: അപ്പോൾ നിങ്ങൾ യാതൊന്നും ചെയ്യുകയില്ലേ? അതിന് അയാൾ മറുപടി നൽകിയത്: എനിക്ക് എന്തു ചെയ്യാൻ കഴിയും? എനിക്ക് നന്മയായത് യാതൊരു കാര്യവും സ്വയം ചെയ്യുവാൻ കഴിയുകയില്ല. അപ്പോൾ ദൂതൻ ചോദിച്ചു: നിങ്ങൾക്ക് നിങ്ങളെക്കുറിച്ചു തന്നെ വിശ്വാസമുണ്ടോ? അതിന് അയാൾ പറഞ്ഞത്: എനിക്ക് സാദ്ധ്യമല്ല എന്നാണ്. ആ സമയത്ത് ദൂതൻ അന്വേഷിച്ചത്: എങ്കിൽ, എങ്ങനെയാണ് നിങ്ങൾക്ക് വിശ്വാസം ഉണ്ടാകുന്നത്? എന്നായിരുന്നു. അതിന് അയാൾ പറഞ്ഞ മറുപടി: അതേ കുറിച്ച് ഞാൻ അന്വേഷിക്കുന്നതേ ഇല്ല; എനിക്ക് വിശ്വാസം വേണം; അത്രതന്നെ. കുറെ സമയത്തിനു ശേഷം ദൂതൻ ചോദിച്ചു: നിങ്ങൾക്ക് രക്ഷയെക്കുറിച്ച് നിശ്ചയമായും കൂടുതൽ കാര്യങ്ങൾ അറിയാമായിരിക്കുമല്ലോ. അതിന് അയാൾ പറഞ്ഞ മറുപടി: ആ വിശ്വാസം കൊണ്ടു തന്നെ സ്വാതന്ത്ര്യം അനുഭവപ്പെട്ടിരിക്കെ ഞാൻ രക്ഷയെക്കുറിച്ച് കൂടുതലായിട്ട് എന്താണ് അറിയേണ്ടത്? അപ്പോൾ ദൂതൻ മറുപടിയായി ഇങ്ങനെ പറഞ്ഞു: ഓടക്കുഴലിൽ ഒരു രാഗം മാത്രം വായിക്കുന്ന ആളിനെപ്പോലെയാണ് നിങ്ങൾ മറുപടി പറയുന്നത്. ഞാൻ വിശ്വാസമല്ലാതെ യാതൊന്നും കേൾക്കുന്നില്ല. നിങ്ങൾക്ക് ഇത് അറിയാമെങ്കിൽ, കൂടുതലായിട്ട് ഒന്നും വേണ്ട, പോയി നിങ്ങളുടെ കൂട്ടുകാരെ കാണുക.

അയാൾ പോയി അയാളുടെ കൂട്ടുകാരെ ഒരു മരുഭൂമിയിൽ കണ്ടു. അവിടെ ഒരു പുല്ലു പോലും ഉണ്ടായിരുന്നില്ല. അതെന്താണ് അങ്ങനെയെന്ന്

അയാൾ ചോദിച്ചു. അതിന് അയാൾക്ക് കിട്ടിയ ഉത്തരം ഇങ്ങനെ യായിരുന്നു: അവരിൽ സഭയുടേതായ യാതൊന്നുമില്ല.

**43.** സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെടുത്തപ്പെടാത്ത വിശ്വാസത്തിൽ ആയിരുന്ന വ്യക്തിയുമായി ദൂതൻ നടത്തിയ ചർച്ചാ സംഭാഷണം ഇപ്രകാരം ആയിരുന്നു. എന്റെ സ്നേഹിതാ, നിങ്ങൾ ആരാകുന്നു? അയാൾ മറുപടി നൽകിയത്: ഞാൻ രൂപാന്തരത്വം പ്രാപിച്ച ക്രിസ്ത്യാനി ആകുന്നു. നിങ്ങളുടെ ഉപദേശം എന്താണ്, അതിൽ നിന്ന് നിങ്ങൾ രൂപീകരിക്കുന്ന മതം എന്താണ്? അയാൾ മറുപടി നൽകിയത്: അത് വിശ്വാസവും സാർവ്വത്രിക സ്നേഹവും ആകുന്നു. അവ രണ്ടെണ്ണമാകുന്നു എന്നാൽ അപരൻ പറഞ്ഞത് അവയെ വേർപിരിക്കാൻ കഴിയുകയില്ലെന്നായിരുന്നു. ദൂതൻ ചോദിച്ചു: എന്താണ് വിശ്വാസം? അയാൾ ഉത്തരം പറഞ്ഞത്: വചനം പഠിപ്പിക്കുന്നത് വിശ്വസിക്കുന്നത് എന്നാണ്. ദൂതൻ തുടർന്നു ചോദിച്ചു: സാർവ്വത്രിക സ്നേഹം എന്നാൽ എന്താകുന്നു? അയാൾ ഉത്തരം പറഞ്ഞത്: വചനം പഠിപ്പിക്കുന്നത് നിർവ്വഹിക്കുന്നത് ആകുന്നു. തുടർന്ന് ദൂതൻ ചോദിച്ചു: നിങ്ങൾ ഈ സംഗതികൾ എല്ലാം വിശ്വസിക്കുക മാത്രമേ ചെയ്തിട്ടുള്ളോ അതോ അതിൻപ്രകാരം പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടോ? അതിന് ലഭിച്ച മറുപടി: ഞാൻ അതിൻപ്രകാരം പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ സ്വർഗ്ഗത്തിലെ ദൂതൻ അയാളെ നോക്കിയിട്ട് ഇപ്രകാരം പറഞ്ഞു: എന്റെ സ്നേഹിതാ, എന്നോടുകൂടെ വന്ന് ഞങ്ങളോടൊപ്പം വസിക്കൂ.

## VI

സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർതിരിക്കപ്പെട്ട വിശ്വാസത്തിന്റെ പ്രകൃതം

**44.** സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർതിരിക്കപ്പെട്ട വിശ്വാസത്തി ന്റെ സ്വഭാവം എന്തായിരിക്കാമെന്ന് കാണുന്നതിനായി ഞാൻ ചുവടേ ചേർത്തിരിക്കുന്ന പ്രകാരം അതിനെ നഗ്നമായിത്തന്നെ അവതരിപ്പിക്കാം. മനുഷ്യവർഗ്ഗത്തോട് കോപം തോന്നിയിട്ട് ദൈവം അവരെ തന്റെ സാന്നി ദ്ധ്യത്തിൽ നിന്ന് നീക്കിക്കളഞ്ഞു അനന്തരം നീതിയെ സംതൃപ്തനാക്കു ന്നതിനായി നിത്യശിക്ഷാവിധിയാൽ അവരോട് പ്രതികാരം ചെയ്യുന്നതി ന് തീരുമാനിക്കുകയും ചെയ്തു. അവൻ തന്റെ പുത്രനോട് പറഞ്ഞു താ ഴേക്കു ചെല്ലൂ. ന്യായപ്രമാണം നിവർത്തിക്കൂ: അനന്തരം, അവർക്കായി വിധിക്കപ്പെട്ടിരിക്കുന്ന ശിക്ഷാവിധി ഭരമേൽക്കൂ, അപ്പോൾ സാന്ദർഭിക മായും തല്ഫലമായും എനിക്ക് കരുണയുണ്ടാകും. ആകയാൽ പുത്രൻ ഭൂമിയിലേക്ക് അവതരിച്ചു, ന്യായപ്രമാണത്തെ നിർവ്വഹിച്ചു, കുരിശിൽ തൂക്കപ്പെട്ട് ക്രൂശിക്കപ്പെടുവോളം കഷ്ടപ്പാടുകളും പീഢനങ്ങളും സഹി ച്ചു വളരെ ക്രൂരമായി ക്രൂശിക്കപ്പെടുകയും മരണത്തിന് വിധേയനാക്ക പ്പെടുകയും ചെയ്തു.

ഇത് നിവൃത്തീകരിച്ചതിന് ശേഷം പുത്രൻ പിതാവിന്റെ അടുത്തേക്ക് മടങ്ങിപ്പോയി പിതാവിനോട് പറഞ്ഞു: പിതാവേ, മനുഷ്യവർഗ്ഗത്തിനു വേണ്ടിയുണ്ടായിരുന്ന ശിക്ഷാവിധി ഞാൻ ശിരസ്സാ വഹിച്ചു, ഇനി, അവിടുന്ന് കരുണ ചെയ്യണമേ എന്ന്. അപ്രകാരം പുത്രൻ മനുഷ്യ വർഗ്ഗത്തിനു വേണ്ടി മദ്ധ്യസ്ഥത വഹിച്ചു. എന്നാൽ പുത്രനു ലഭിച്ച പ്രത്യുത്തരം ഇപ്രകാരം ആയിരുന്നു.- അവർക്കുവേണ്ടി കരുണ തോന്നാൻ എനിക്ക് സാദ്ധ്യമല്ല; ഏന്നാൽ ഞാൻ നിന്നെ കുരിശിങ്കൽ കിടക്കുന്നവനായി കണ്ടു. നിന്റെ രക്തം ചൊരിയുന്നതു പോലെ ഞാൻ ദർശിച്ചു അതിങ്കൽ, എനിക്ക് കരുണ തോന്നത്തക്ക വിധം മനസ്സലിഞ്ഞു എങ്കിലും, അവരോട് ഞാൻ ക്ഷമിക്കുകയില്ല. എന്നാൽ അവർക്കു വേണ്ടി നിന്റെ സൽപ്രവൃത്തിയുടെ നേട്ടത്തെ അവരോധിക്കുന്നതാണ്. എങ്കിലും, ഈ ത്യാഗകർമ്മത്തെ അംഗീകരിച്ച് അതിൽ വിശ്വസിക്കുന്നവർക്കു മാത്രം അതിന്റെ കാരുണ്യം നൽകപ്പെടുന്നതാണ്. അവർ രക്ഷിക്കപ്പെടുന്ന തിനുള്ള വിശ്വാസം ഇതു മാത്രമാണ്.

**45.** ഇപ്രകാരമാണ് വിശ്വാസത്തിന്റെ നഗ്നയാഥാർത്ഥ്യം. യുക്തിചിന്തയുടെ ഏതെങ്കിലും വെളിച്ചത്തിൽ ആയിരിക്കുന്നവർക്ക് ഇവയിൽ ദൈവിക സത്തകൾക്കു തന്നെ പരസ്പര വിരുദ്ധമായ ആശയ വൈരുദ്ധ്യങ്ങൾ കാണാൻ ഇടയാക്കുകയില്ലേ? അതായത് സ്നേഹം തന്നെയും, കരുണ തന്നെയും ആയ ദൈവം, ക്രോധം കൊണ്ടും തത്ഫലമായുള്ള പ്രതികാരാവേശം കൊണ്ടും മനുഷ്യരെ കുറ്റക്കാരായി വിധിക്കുകയും അവരെ നരകത്തിന് ഏല്പിച്ചു കൊടുക്കുകയും ചെയ്യുന്നത് പരസ്പരവിരുദ്ധമല്ലേ? അതുപോലെ തന്നെ, മനുഷ്യരുടെ ശിക്ഷാവിധി സ്വന്തപുത്രന്റെമേൽ ഏല്പിച്ചിട്ട് ആ പുത്രൻ കുരിശിൽ കിടന്ന് കഷ്ടതയും പീഢനങ്ങളും അനുഭവിക്കുന്നതും പുത്രന്റെ ശരീരത്തിൽ നിന്ന് രക്തം ചൊരിയുകയും ചെയ്യുന്നത് ദർശിച്ചുകൊണ്ട് കരുണയുള്ളവനായിത്തീർന്നു എന്നത് യുക്തിക്ക് നിരക്കാത്ത കാര്യമല്ലേ? യുക്തിയുടെ വെളിച്ചം അല്പമെങ്കിലും ഉള്ളതായ ആർക്കാണ് പിതാവാം ദൈവം തനിക്ക് സമാനനായ പുത്രനാം ദൈവത്തോട്, ഞാൻ അവരോട് ക്ഷമിക്കുകയില്ല പിന്നെയോ നിന്റെ നേട്ടം അവരിൽ അവരോധിച്ചിട്ട് അവർക്ക് കരുണ നൽകാം എന്ന് പറയുന്നതിൽ പരസ്പര വൈരുദ്ധ്യമില്ലേ എന്ന് തോന്നാതിരിക്കുക? അതുപോലെ തന്നെ, ഇപ്പോൾ അവരുടെ ഇഷ്ടം പോലെ അവർ ജീവിക്കട്ടെ, എന്നാൽ ഈ സംഗതികൾ വിശ്വസിക്കുക മാത്രം ചെയ്യട്ടെ; അവർ രക്ഷിക്കപ്പെടും എന്ന് പ്രസ്താവിക്കുന്നതും അതുപോലുള്ള മറ്റുപല ആശയ വൈരുദ്ധ്യങ്ങളും ചിന്താക്കുഴപ്പം ഉണ്ടാക്കുകയില്ലേ?

**46**. ഈ സംഗതികളെ കാണാതിരിക്കുവാൻ എന്താണ് എന്നല്ലേ? അവ അന്ധമായ ഒരു വിശ്വാസത്തെ പ്രോൽസാഹിപ്പിച്ചു അവ മനുഷ്യരുടെ കണ്ണുകളെ കുരുടാക്കുകയും, ചെവികളെ ചെകിടമാക്കുകയും ചെയ്തിരിക്കുകയുമാണ്.നിങ്ങൾ മനുഷ്യരുടെ കണ്ണുകളെ കുരുടാ ക്കുകയും ചെ

വികളെ അടക്കുകയും ചെയ്യുകയാണെങ്കിൽ, അതായത്, മനുഷ്യരെ ചിന്തിക്കുന്നതിനും അവരുടെ പരിജ്ഞാനത്തെ ഉപയോഗിക്കു ന്നതിനും അനുവദിക്കാതിരിക്കുകയും, നിത്യജീവനെ ക്കുറിച്ച് അവർക്ക് എന്തെങ്കിലും ആശയം പ്രചോദനം നൽകുന്നതാ യുണ്ടെങ്കിൽ, അവരുടെ ഇഷ്ടപ്രകാരം അതിനെ വിശ്വസിക്കാമെന്ന് ഉപദേശിക്കുകയും ചെയ്താൽ, നിങ്ങൾ ദൈവത്തെക്കുറിച്ച് അവൻ കോപിക്കുമെന്നും, പ്രതികാരം ചെയ്യുമെന്നും, നിത്യമായ ശിക്ഷാവിധി ആരുടെമേലും ഏല്പിക്കുമെന്നും ഉപദേശിക്കുകയും, അതേസമയം തന്റെ പുത്രന്റെ രക്തത്താൽ തനിക്ക് മനസ്സലിവും കരുണയും ഉണ്ടാകുമെന്നും, തന്റെ പുത്രന്റെ നേട്ടത്താൽ സംപ്രീതനായി തന്റെ കാരുണ്യം മനുഷ്യർക്ക്, പ്രത്യേകിച്ചും ഇപ്രകാരം വിശ്വസിക്കുന്നവർക്ക് മാത്രം പ്രദാനം ചെയ്യപ്പെടുമെന്നും അപ്രകാരം, ആ ചിന്തയുള്ളവർ രക്ഷിക്കപ്പെടുമെന്നും, ഒരു ദൈവത്തിന് തുല്യസത്തയും മഹത്വവുമുള്ള മറ്റൊരു ദൈവത്തോട് ഇപ്രകാരം സമ്മതിച്ച് പരസ്പരം ഒന്നാകുന്നതിന് കഴിയുമെന്നും, അപ്രകാരം തന്നെയുള്ള നിരവധി ആശയ വൈരുദ്ധ്യങ്ങളെ ഉൾക്കൊള്ളാവുന്നതാണെന്നും ഉപദേശിക്കുവാൻ കഴിയുമായിരിക്കും. എന്നാൽ, നിങ്ങളുടെ കണ്ണുകളെ തുറക്കുവിൻ ചെവികളെ അടക്കാ തിരിപ്പിൻ. അതായത്, നിങ്ങൾ പരിജ്ഞാനമുള്ളവരായി ചിന്തിപ്പിൻ. എന്നാൽ, അവയൊക്കെ യഥാർത്ഥ സത്യത്തോട് എത്രമാത്രം വിയോജിപ്പുള്ളവയാണെന്ന് കാണുവാൻ കഴിയുമല്ലോ.

**47.** നിങ്ങൾ മനുഷ്യരുടെ കണ്ണുകളെ കുരുടാക്കുകയും, ചെവികളെ അടച്ചുകളയുകയും ചെയ്ത് അവരെ പരിജ്ഞാനത്തോടു കൂടെ ചിന്തിക്കുവാനും, ഗ്രഹിക്കുവാനും കഴിയാത്തവർ ആക്കിത്തീർക്കുകയാണെങ്കിൽ, ദൈവം മനുഷ്യന് എല്ലാ അധികാരങ്ങളും കൊടുത്തിരിക്കുകയാണെന്നും, അവന് ഭൂമിയിൽ ദൈവത്തെപ്പോലെ ആണെന്നും വിശ്വസിക്കുന്നതിനു അവരെ പ്രോൽസാഹിപ്പിക്കുന്നതിനു കഴിയില്ലേ? കഴിയുമെന്നും, മരണമടഞ്ഞവർക്കു വേണ്ടിയും പ്രാർത്ഥിക്കണമെന്നും ആവേശഭരിതരാക്കുവാൻ കഴിയുകയില്ലേ? അതായത് ശിരോവസ്ത്രം നീക്കിയിട്ട് മുട്ടിന്മേൽനിന്ന് അവരുടെ ബിംബങ്ങളുടെ മുമ്പിൽ പ്രാർത്ഥിക്കണം. മരിച്ചുപോയവരുടെ മൃതശരീരങ്ങൾ, അസ്ഥികൾ, ശവകുടീരങ്ങൾ, എന്നിവ വിശുദ്ധമാണെന്നും അവയെ പൂജനീയമായി സംരക്ഷിക്കണമെന്നും ഉപദേശിക്കാവുന്നതല്ലേ? നിങ്ങൾ നിങ്ങളുടെ കണ്ണുകളെ തുറന്നുകൊണ്ട്, ചെവികളെ അടക്കാതെ, അതായത് കഴിയുന്നത്ര ഉയർന്ന നിലയിലുള്ള പരിജ്ഞാനത്തോടുകൂടെ ചിന്തിക്കുകയും ഗ്രഹിക്കുകയും ചെയ്യുമെങ്കിൽ അവയെ മാനുഷിക യുക്തി ജുഗുപ്സാവഹമായി തിരസ്കരിക്കേണ്ടതായ കൊടുംപാതകങ്ങളായി കാണാവുന്നതല്ലേ?

**48.** തന്റെ മതത്തിന്റെ ആദർശങ്ങൾ മുഖേന സ്വന്തം പരിജ്ഞാനം അടക്കപ്പെട്ടു പോയ ഒരാളാണ് ഈ കാര്യങ്ങളും ഇതുപോലുള്ള മറ്റു കാര്യങ്ങളും സ്വീകരിക്കുന്നതെങ്കിൽ അയാൾ ആരാധന ചെയ്യുന്ന ദേവാലയത്തെ ഒരു ഗുഹയായോ, ഭൂഗർഭ അറയായോ സങ്കല്പി ക്കാവുന്ന

താണല്ലോ? അവിടെ അയാളുടെ ദൃഷ്ടിയിൽ യാതൊന്നും വ്യക്തമായി കാണുകയോ അതെന്താണെന്ന് മനസ്സിലാക്കുകയോ ചെയ്യുന്നില്ല. അയാളുടെ മതത്തെ ജനാലകൾ ഇല്ലാത്ത ഒരു വസതിയായും അതിൽ അയാൾ വസിക്കുന്നതായും തോന്നാവുന്നതാണ്. അയാൾ ആരാധനയ്ക്കുപയോഗിക്കുന്ന ഭാഷ കേവലം ശബ്ദം മാത്രമല്ലാതെ വാക്കുകളോ ഭാഷണമോ ആകുന്നില്ല. അപ്രകാരമുള്ള ഒരു മനുഷ്യനോട് സ്വർഗ്ഗത്തിലെ ഒരു ദൂതന് സംഭാഷണം നടത്തുവാൻ കഴിയുന്നതല്ല. എന്തു കൊണ്ടെന്നാൽ ഒരാളിന് മറ്റേ ആളിന്റെ ഭാഷ മനസ്സിലാകുന്നില്ല.

**സാർവ്വത്രികസ്നേഹമില്ലാതെയുള്ള വിശ്വാസത്തിലുള്ളവരെ വചനത്തിൽ ഫെലിസ്ത്യരെ പ്രതിനിധാനം ചെയ്യുന്നു.**

7

**49.** വചനത്തിലുള്ള ജാതികളുടേയും വംശങ്ങളുടേയും വ്യക്തികളുടേയും സ്ഥലങ്ങളുടേയും നാമങ്ങൾ എല്ലാം സഭയുടെ വിവിധങ്ങളായ സംഗതികളെ സൂചിപ്പിക്കുന്നു. യിസ്രായേൽ, യഹൂദാ എന്നീ ജാതികളുടെ ഇടയിൽ സഭ സ്ഥാപിതമായതിനാൽ അവർ സൂചിപ്പിക്കുന്നത് സഭയെത്തന്നെയാകുന്നു. അവർക്കു ചുറ്റുമുണ്ടാ യിരുന്ന ജാതികളും വംശങ്ങളും സൂചിപ്പിക്കുന്നത് വിവിധ സഭാവിഭാഗങ്ങളെയാകുന്നു. സഭയോട് സമഞ്ജസമായി യോജിച്ച് നിന്നിരുന്ന പ്രസ്ഥാനങ്ങളെ, നല്ല അയൽരാജ്യങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ദുഷ്ടരായ അയൽരാജ്യങ്ങൾ സൂചിപ്പിക്കുന്നത് സഭയുമായി സൗഹാർദ്ദതയും സഹകരണവും യോജിപ്പും ഇല്ലായിരുന്ന പ്രസ്ഥാന ങ്ങളെയും ആകുന്നു. കാലക്രമത്തിൽ സഭയിൽ രണ്ട് ദൂഷിത ചേരികൾ ഉണ്ടായി. സഭയ്ക്ക് അതിനാൽ അധഃപതനം സംഭവിക്കുകയും ചെയ്തു. എങ്ങനെയെന്നാൽ അതിൽ ഒരു വിഭാഗം അതിന്റെ നല്ല സിദ്ധാന്ത ങ്ങളോട് കൂടെ ദോഷ്ക് കൂട്ടിക്കലർത്തുകയും മറ്റേ വിഭാഗം സഭയുടെ സത്യങ്ങളെ വ്യാജവത്ക്കരിക്കുകയും ചെയ്തു. സഭയുടെ നന്മകളോടു കൂടെ തിന്മകൾ കൂട്ടിക്കലർത്തുന്ന മതത്തിന്റെ ഉത്ഭവം ഭരണത്തോടുള്ള സ്നേഹത്തിൽനിന്ന് ആകുന്നു; അതുപോലെ സഭയുടെ സത്യങ്ങളെ വ്യാജവത്കരിക്കുന്ന മതത്തിന്റെ ഉത്ഭവം സ്വന്തബുദ്ധിശക്തിയെ ക്കുറിച്ചുള്ള അഹങ്കാരത്തിൽ നിന്നുമാകുന്നു. ഭരണത്തോടു താല്പര്യവും ഇഷ്ടവും പ്രദർശിപ്പിച്ച മതവിഭാഗത്തെ വചനത്തിൽ സൂചിപ്പിക്കുന്നത് ബാബിലോൺ ആകുന്നു. അതുപോലെ സ്വന്ത ബുദ്ധി സാമർത്ഥ്യത്തിന്റെ അഹങ്കാരമുള്ള മതവിഭാഗത്തെ വചനത്തിൽ സൂചിപ്പിക്കുന്നത് ഫെലിസ്ത്യയാകുന്നു. ബാബിലോന്യർ, ആധുനിക നാളിൽ, ആരാണെന്ന് വ്യക്തമായി അറിയാമല്ലൊ, എന്നാൽ ഫെലിസ്ത്യർ ആരാണെന്ന് അറിയുന്നില്ല. വിശ്വാസത്തിൽ ആയിരി ക്കുകയും സാർവ്വത്രിക സ്നേഹത്തിൽ അല്ലാതിരിക്കുകയും ചെയ്യുന്ന വരാണ് ഫെലിസ്ത്യർ.

**50**. ഫെലിസ്ത്യരെക്കുറിച്ച് തിരുവചനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള വിവിധങ്ങളായ കാര്യങ്ങളിൽ നിന്ന് വ്യക്തമാകുന്നതാണ്. വിശ്വാസ ത്തിൽ

നിൽക്കുന്നവരും എന്നാൽ സാർവ്വത്രികസ്നേഹത്തിൽ നിന്ന് വിട്ടു നിൽക്കുന്നവരുമായവർ ഫെലിസ്ത്യർ ആകുന്നു എന്ന് ആത്മീകാർത്ഥ ത്തിൽ നിന്ന് വ്യക്തമാകുന്നു. അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും ഭൃത്യാരും, ബാല്യക്കാരുമായി ഫെലിസ്ത്യർ ശണ്ഠയുണ്ടാക്കിയ തിനെക്കുറിച്ച് ഉൽപത്തി പുസ്തകം 21, 22 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ ശണ്ഠകളും, തുടർന്ന് ന്യായാധിപ ന്മാരുടെ പുസ്തകത്തിലും, ശമുവേൽ, രാജാക്കന്മാർ എന്നീ പുസ്തകങ്ങളിലും രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന യുദ്ധങ്ങളും ഫെലിസ്ത്യർ സാർവ്വത്രിക സ്നേഹം ഇല്ലാത്തവരായിരുന്നു എന്ന് വ്യക്ത മാക്കുന്നു. എന്തുകൊണ്ടെന്നാൽ വചനത്തിൽ രേഖപ്പെടുത്തി യിരിക്കുന്ന യുദ്ധങ്ങളെല്ലാം ആത്മീകാർത്ഥത്തിൽ ആത്മീക യുദ്ധങ്ങൾ ആകുന്നു. സാർവ്വത്രിക സ്നേഹം ഇല്ലാത്ത വിശ്വാസം ഉൾക്കൊള്ളുന്ന മതപരമായ ആവേശവും ദുഷ്പ്രേരണയും നിരന്തരം അവർക്ക് സഭയെ ആക്രമിക്കാനുള്ള ആവേശം നൽകിക്കൊണ്ടിരുന്നു. ആകയാൽ ഫെലിസ്ത്യർ കാനാൻ നാട്ടിൽ തന്നെ പാർക്കുകയും യിസ്രായേൽ മക്കളെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു.

**51.** ഫെലിസ്ത്യർ സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ട വിശ്വാസത്തിലുള്ളവരാകയാൽ അവർ, അഗ്രചർമ്മികൾ എന്ന് വിളിക്കപ്പെട്ടു. അഗ്രചർമ്മികൾ എന്നതിന്റെ ആത്മീകാർത്ഥം, ആത്മീകമായ സ്നേഹം ഇല്ലാത്തവർ, അതായത് പ്രാകൃതിക സ്നേഹം മാത്രം ഉള്ളവർ എന്നാകുന്നു. എന്തുകൊണ്ടെന്നാൽ, ആത്മീകസ്നേഹം സാർവ്വത്രിക സ്നേഹമാകുന്നു. പരിഛേദന ഏറ്റവർ എന്നതിന്റെ അർത്ഥം ആത്മീകസ്നേഹത്തിലുള്ളവർ എന്നായതിനാൽ, അങ്ങനെ യല്ലാത്തവരെ അഗ്രചർമ്മികൾ എന്നു വിളിക്കുന്നു. ഫെലിസ്ത്യരെ അഗ്രചർമ്മികൾ എന്ന് വിളിക്കുന്നു എന്നത് 1 ശമുവേൽ 17:26, 36 ലും 1:20 ലും, അതുപോലെ മറ്റു സ്ഥലങ്ങളിലും കാണാവുന്നതാണ്.

**52.** സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർതിരിക്കപ്പെട്ട ഭക്തിയി ലുള്ളവരെ ഫെലിസ്ത്യർ പ്രതിനിധീകരിക്കുന്നു എന്നത്, ഇസ്രായേൽ മക്കളോടുള്ള അവരുടെ യുദ്ധങ്ങളിൽ മാത്രമല്ല പ്രത്യക്ഷമാകുന്നത്, പിന്നെയോ വചനത്തിൽ അവരെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള നിരവധി കാര്യങ്ങളിലും പ്രത്യക്ഷമാകുന്നുണ്ട്. ഉദാഹരണമായി അവരുടെ വിഗ്രഹമായ ദാഗോനെക്കുറിച്ച് പറഞ്ഞിരിക്കുന്ന സംഗതികൾ, യഹോവയുടെ നിയമപെട്ടകം ദാഗോന്റെ ക്ഷേത്രത്തിലെ വിഗ്രഹത്തിനു മുമ്പിൽ വച്ചതിന് അവർക്കു കിട്ടിയ ബാധക്ക് പ്രതിവിധിയായി വെച്ചതായ മൂലക്കുരുക്കൾ, എലികൾ, 1 ശമുവേൽ 5, 6 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നവയും, അവയോടനുബന്ധിച്ച് സംഭവിച്ചതുമായ സംഗതികൾ, ഗോല്യാത്തിനെക്കുറിച്ച് വിവരിച്ചിട്ടുള്ള കാര്യങ്ങൾ, അതായത് 1 ശമുവേൽ 17 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ഫെലിസ്ത്യ മല്ലനായിരുന്ന ഗോല്യാത്ത് ദാവീദിനാൽ വധിക്കപ്പെട്ട വിവരങ്ങൾ, മുതലായവയെല്ലാം. അവരുടെ വിഗ്രഹമായ ദാഗോന്റെ ഊദ്ധ്വഭാഗം മനുഷ്യനെപ്പോലെയും അധോ

ഭാഗം മത്സ്യത്തെ പ്പോലെയുമായിരുന്നു. ഇത് പ്രതിനിധീകരിക്കുന്നത് അവരുടെ മതത്തിന്റെ സ്വഭാവമാണ്. ആത്മീകമായി നോക്കുമ്പോൾ അതിന് വിശ്വാസ മുണ്ടെങ്കിലും അതിൽ സാർവ്വത്രികസ്നേഹം ഇല്ലാത്തതിനാൽ അത് കോവലം പ്രാകൃതമാണ്. മൂലക്കുരു സൂചിപ്പിക്കുന്നത് അവർ മൂലക്കുരു എന്ന ബാധയാൽ ശിക്ഷിക്കപ്പെട്ടിരുന്നു എന്നാണ്, അത് അർത്ഥ മാക്കുന്നത് അവരുടെ മ്ലേച്ഛമായ ഇഷ്ടങ്ങളെയാണ്. എലികളാൽ അവർ ബാധിക്കപ്പെട്ടിരുന്നതിൽ എലികൾ സൂചിപ്പിക്കുന്നത് സത്യത്തെ വ്യാജവത്ക്കരിച്ചതിനാൽ സഭയിലുണ്ടായ ഉന്മൂലനാശമാകുന്നു. ദാവീദിനാൽ വധിക്കപ്പെട്ട ഗോല്യാത്ത് പ്രതിനിധീകരിക്കുന്നത് അവരുടെ സ്വന്ത ബുദ്ധിശക്തിയെക്കുറിച്ച് അവർക്കുണ്ടായിരുന്ന അഹങ്കാരമായിരുന്നു.

**53**. സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർതിരിക്കപ്പെട്ട വിശ്വാസത്തിൽ ആയിരിക്കുന്നവരെ ഫെലിസ്ത്യർ പ്രതിനിധീകരിക്കുന്നു എന്നത് തിരുവചനത്തിലുള്ള പ്രവചന ഭാഗങ്ങളിൽക്കൂടി വ്യക്തമാകുന്നുണ്ട്. ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത് കാണാവുന്നതാകുന്നു. യിരമ്യാവിൽ നോക്കുക

> ഫെലിസ്ത്യർക്കെതിരെയുള്ള.....
>
> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: വടക്കുനിന്നുള്ള വെള്ളം പൊങ്ങി കവിഞ്ഞൊഴുകുന്ന നദിയാകും, അത് ദേശത്തിന്മേലും അതിലുള്ള സകലത്തിന്മേലും പട്ടണത്തിന്മേലും അതിൽ പാർക്കുന്നവരുടെമേലും കവിഞ്ഞൊഴുകും അപ്പോൾ മനുഷ്യർ നിലവിളിക്കും. ദേശനിവാസികളൊക്കെയും മുറയിടും ഫെലിസ്ത്യരെ ഒക്കെയും നശിപ്പിപ്പാനും കടൽപ്പുറത്ത് ശേഷിപ്പുള്ള ഫെലിസ്ത്യരെ യഹോവ നശിപ്പിക്കും. യിരെ 47:1,2,4

വടക്കുനിന്ന് പൊങ്ങി ക്കവിഞ്ഞൊഴുകുന്ന വെള്ളം നരകത്തിൽ നിന്നുള്ള വ്യാജകാര്യങ്ങളാകുന്നു. അത് കവിഞ്ഞ് ഒഴുകി പ്രളയമാവുകയും, ദേശമൊക്കെയും സകലത്തിൻ മീതെയും കവിഞ്ഞൊഴുകും. ഇത് സൂചിപ്പിക്കുന്നത് വ്യാജവത്ക്കരണത്താൽ സഭയിലുണ്ടാകാവുന്ന ഉന്മൂല നാശത്തെയാകുന്നു. നഗരവും അതിൽ പാർക്കുന്നവരും സൂചിപ്പിക്കുന്നത് ഉപദേശത്തിന്റെ സമസ്ത സംഗതികളുടേയും ഉന്മൂല നാശമാകുന്നു. അപ്പോൾ മനുഷ്യർ നിലവിളിക്കുകയും ദേശനിവാസികളൊക്കെയും മുറയിടുകയും ചെയ്യും എന്നത് സൂചിപ്പിക്കുന്നത് സഭയിൽ സത്യവും നന്മയും ആവശ്യമായിരിക്കുന്നു. അവയ്ക്ക് മുട്ടുണ്ടായിരിക്കയാണ്. യഹോവ ഫെലിസ്ത്യരെ നശിപ്പിക്കുമെന്ന് സൂചിപ്പിക്കുന്നത് അവരുടെ നാശവും നശീകരണവും ആകുന്നു.

യെശയ്യാവിൽ:-

> സകല ഫെലിസ്ത്യ ദേശവുമായുള്ളോവേ, നിന്നെ അടിച്ചവന്റെ വടി ഒടിഞ്ഞിരിക്കകൊണ്ട് നീ സന്തോഷിക്കേണ്ട. സർപ്പത്തിന്റെ

വേരിൽനിന്ന് ഒരണലി പുറപ്പെടും അതിന്റെ ഫലം പറക്കുന്ന അണലി സർപ്പം ആയിരിക്കും. യെശ 14:29

സകല ഫെലിസ്ത്യ ദേശവുമേ നീ സന്തോഷിക്കേണ്ട എന്നത് സൂചിപ്പിക്കുന്നത് എന്തെന്നാൽ സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർപെട്ട വിശ്വാസത്തിൽ ആയുള്ളവർ ആരും സന്തോഷിക്കേണ്ട, നിങ്ങൾ നിലനിൽക്കുന്നു എന്ന് വീമ്പിളക്കേണ്ട, എന്തുകൊണ്ടെന്നാൽ സർപ്പത്തിന്റെ വേരിൽ നിന്ന് ഒരണലി പുറപ്പെടും എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം അവരുടെ സ്വന്തബുദ്ധിയെക്കുറിച്ചുള്ള അഹങ്കാരത്തിൽ നിന്നുണ്ടായിരിക്കുന്ന സത്യങ്ങളൊക്കെയും നശിച്ചുപോകും എന്നാണ്. അതിന്റെ ഫലം പറക്കുന്ന അണലി സർപ്പമായിരിക്കും എന്നതിന്റെ അർത്ഥം സഭയുടെ സത്യങ്ങൾക്കും നന്മകൾക്കും എതിരായി ദുഷ്ടതയുടെ വ്യാജകാര്യങ്ങൾ പുറപ്പെടുമെന്നാണ്.

**54.** പരിച്ഛേദന എന്നത് തികച്ചും പ്രാകൃതമായ സ്നേഹത്തിന്റെ ദുഷ്ടതകളിൽനിന്നുള്ള വിശുദ്ധീകരണം ആകുന്നു എന്ന് ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങളിൽനിന്ന് വ്യക്തമാകുന്നതാണ്.

യഹൂദാ പുരുഷന്മാരും യെരുശലേം നിവാസികളും ആയുള്ളോരേ, നിങ്ങളുടെ ദുഷ്പ്രവൃത്തികൾ നിമിത്തം എന്റെ കോപം തീപോലെ ജ്വലിച്ച് ആർക്കും കെടുത്തു കൂടാതെ വണ്ണം കത്താതിരിക്കേണ്ടതിന് നിങ്ങളെത്തന്നെ യഹോവക്കായി പരിച്ഛേദന ചെയ്ത് നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം നീക്കിക്കളവിൻ. യെശ 4: 4

ആകയാൽ നിങ്ങൾ, നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്വിൻ (ആവർത്തനം 10:16) ഹൃദയത്തെ പരിച്ഛേദന ചെയ്യുക, അഥവാ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്യുക എന്നതിന്റെ അർത്ഥം ദുഷ്ടതകളിൽ നിന്ന് സ്വയം ശുദ്ധീകരിക്കുക എന്ന് ആകുന്നു. തത്ഫലമായി, മറിച്ച്, പരിച്ഛേദന ഏല്ക്കാത്തവൻ (അഗ്രചർമ്മി) അഥവാ അഗ്രചർമ്മത്തോടുകൂടിയവൻ എന്നതിന്റെ അർത്ഥം കേവലം പ്രാകൃതമായ സ്നേഹത്തിന്റെ ദുഷ്ടതകളിൽ നിന്ന് ശുദ്ധീകരണം പ്രാപിക്കാത്തവൻ എന്നാകുന്നു. ആകയാൽ, ഹൃദയത്തിൽ അശുദ്ധിയുള്ളവൻ എന്നാണ് പരിച്ഛേദന ഏല്ക്കാത്തവൻ (അഗ്രചർമ്മി) എന്നതിന്റെ അർത്ഥം.

യാതൊരു അന്യജാതിക്കാരനും, ഹൃദയത്തിലും മാംസത്തിലും അഗ്രചർമ്മിയായ യാതൊരു അന്യജാതിക്കാരനും തന്നെ, എന്റെ വിശുദ്ധ മന്ദിരത്തിൽ പ്രവേശിക്കരുത്. യെഹ 44: 9

പരിച്ഛേദന ഇല്ലാത്ത യാതൊരുത്തനും പെസഹാ തിന്നരുത്.

പുറ 12: 48

അങ്ങനെയുള്ളവർ ശിക്ഷാവിധിയിലാകും. യെഹ 28:10, 31:18, 32:19

8

## സാർവ്വത്രീക സ്നേഹത്തിൽ നിന്നും വിശ്വാസത്തെ വേർപെടുത്തിയവരെ വെളിപ്പാടിൽ മഹാസർപ്പമെന്ന് അർത്ഥമാക്കിയിരിക്കുന്നു.

**55.** ഭരണത്തോട് അഭിനിവേശവും സ്നേഹവുമുള്ളവരെന്നും, സ്വന്ത ബുദ്ധിശക്തിയെക്കുറിച്ചുള്ള അഹങ്കാരം ഉള്ളവരെന്നുമുള്ള രണ്ടു മതപരമായ ചേരികളിലേക്ക് ഓരോ സഭയും കാലാന്തരത്തിൽ അധഃപതിക്കുമെന്ന് മുകളിൽ, അന്യത്ര വിവരിച്ചിട്ടുണ്ടല്ലോ. ഇവയിൽ ആദ്യത്തേതിനെ തിരുവചനത്തിൽ ബാബിലോൺ എന്നും രണ്ടാമത്തേ തിനെ ഫെലിസ്ത്യാ എന്നും വിളിക്കുന്നു. ക്രിസ്തീയ സഭയുടെ അവസ്ഥയെക്കുറിച്ച്, വിശിഷ്യ അതിന്റെ അന്ത്യനാളുകളിലെ അവസ്ഥയെക്കുറിച്ച് വെളിപ്പാടിൽ പരാമർശിക്കുന്നതിനാൽ, ഈ വിധമായുള്ള രണ്ട്, ദൂഷിതമായ മതവ്യതിയാനങ്ങളെക്കുറിച്ച് പൊതുവായും, പ്രത്യേകമായും ഗൗരവമായി പ്രസ്താവിച്ചിട്ടുണ്ട്. ബാബിലോണിന്റെ അർത്ഥത്തെക്കുറിച്ച് 17, 18, 19 എന്നീ അദ്ധ്യായങ്ങളിലുള്ളതു പോലെ തന്നെ കടുംചുവപ്പായ മൃഗത്തിന്റെ മുകളിലിരിക്കുന്ന വേശ്യയെക്കുറിച്ചും പരാമർശിച്ചിരിക്കുന്നു. ഫിലിസ്ത്യയെക്കുറിച്ചും മഹാസർപ്പത്തെക്കുറിച്ചും 12, 13 എന്നീ അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അതിൽത്തന്നെ സമുദ്രത്തിൽ നിന്ന് കയറിവന്ന മൃഗത്തെക്കുറിച്ചും, ഭൂമിയിൽനിന്ന് കയറിവന്ന മൃഗത്തെ ക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. മഹാസർപ്പവും അതിന്റെ രണ്ടു മൃഗങ്ങളും സൂചിപ്പിക്കുന്നത് ഈ മതവിത്യാസത്തെ ആണെന്ന് ഇതുവരെയും അറിഞ്ഞിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിനുമുമ്പ് തിരുവചനത്തിന്റെ ആത്മീകാർത്ഥം വെളിപ്പെടത്തക്ക വിധം തുറക്കപ്പെട്ടിരുന്നില്ല. അതിന്റെ ഫലമായി വെളിപ്പാട് പുസ്തകം ശരിയായി മനസ്സിലാക്കപ്പെട്ടിരുന്നുമില്ല. മാത്രവുമല്ല, സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസം ക്രിസ്തീയ ലോകത്തിൽ പ്രചുര പ്രചാരത്തിൽ ആകുകയും ചെയ്തിരുന്നതു കൊണ്ട് ഈ സംഗതി അവിടെ സൂചിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് അറിവാൻ കഴിഞ്ഞിരുന്നുമില്ല. എന്തുകൊണ്ടെന്നാൽ ഭോഷ്കിന്റെ മതസിദ്ധാന്തങ്ങൾ കണ്ണുകളെ കുരുടാക്കിക്കളയുന്നു.

**56.** സാർവ്വത്രികസ്നേഹത്തിൽ നിന്ന് വേർപെട്ട മത വിത്യാസ വിശ്വാസത്തെക്കുറിച്ച് വെളിപ്പാടിൽ മഹാസർപ്പത്താലും അതിന്റെ രണ്ടു മൃഗങ്ങളാലും സൂചിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് എന്നോട് സ്വർഗ്ഗത്തിലെ ദൂതന്മാർ മാത്രമല്ല പറഞ്ഞത്. പിന്നെയോ, സ്വർഗ്ഗത്തിന് നേർ താഴെയുള്ള ആത്മീയലോകത്തിലെ ആത്മാക്കളും എനിക്ക് പറഞ്ഞു തന്നിരുന്നു. ഒരു മഹാസർപ്പം അതിന്റെ വാല് സ്വർഗ്ഗത്തിലേക്ക് നീട്ടിയിരുന്നതിനാൽ, സാർവ്വത്രികസ്നേഹത്തിൽ നിന്ന് വേർപെട്ട വിശ്വാസത്തിൽ ആയിരുന്നവർ ഒരു സംഘമായി സ്വർഗ്ഗത്തിന്റെ ഒരു ഭാഗത്ത് സന്നിഹിതരായിരിക്കുന്നതായി ഞാൻ കണ്ടു. അതേ വിശ്വാസ

വിത്യാസത്തിൽ ആയിരുന്ന മറ്റു ചിലർ പ്രത്യേകിച്ചൊരിടത്തു മഹാസർപ്പങ്ങളുടെ രൂപത്തിൽ സമ്മേളിച്ചിരിക്കുന്നതും ഞാൻ കണ്ടു. പ്രകൃതിപരവും ആത്മീകവുമായ,സാദൃശ്യാശയശാസ്ത്രത്തിന് അനുരൂപമായാണ് അപ്രകാരമുള്ള രൂപങ്ങൾ ആ ലോകത്തിൽ കാണാൻ ഇടയാകുന്നത്. അതിനാൽ സ്വർഗ്ഗത്തിലെ ദൂതന്മാർ അവരെ സർപ്പ സന്തതികൾ എന്ന് വിളിക്കുന്നു. അവിടെ, അപ്രകാരമുള്ള നിരവധി പേരുണ്ട്. ചിലർ മഹാസർപ്പത്തിന്റെ തലയും ചിലർ അതിന്റെ ഉടലും, ചിലർ അതിന്റെ വാലും ആകുന്നു. മഹാസർപ്പത്തിന്റെ വാൽഭാഗം ആയിത്തീരുന്നവരാണ് തിരുവചന സത്യങ്ങളെ വ്യാജവത്ക്കരിച്ചിട്ടുള്ളവർ അതുകൊണ്ടാണ് വെളിപ്പാടിൽ പ്രസ്താവിച്ചിരിക്കുന്നത്. മഹാസർപ്പം അതിന്റെ വാലുകൊണ്ട് ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊരു ഭാഗത്തെ ഭൂമിയിലേക്ക് വലിച്ചിട്ടു കളഞ്ഞു. ആകാശത്തിലെ നക്ഷത്രങ്ങൾ സൂചിപ്പിക്കുന്നത് സത്യങ്ങളെക്കുറിച്ചുള്ള അറിവുകൾ ആകുന്നു. മൂന്നിൽ ഒന്ന് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സകലവും എന്നാകുന്നു.

**57.** അങ്ങനെ വെളിപ്പാടിലുള്ള മഹാസർപ്പം സൂചിപ്പിക്കുന്നത് സാർവ്വത്രികസ്നേഹത്തിൽ നിന്ന് വേർപെട്ട വിശ്വാസത്തിൽ ഉള്ളവരെ ആയതിനാലും, നാളിതുവരെ അറിയപ്പെടാതിരുന്നതിനാലും, വചനത്തെക്കുറിച്ചുള്ള അറിവിന്റെ (കോഗ്നിറ്റോ) അഭാവത്താൽ മറക്കപ്പെട്ടു കിടന്നിരുന്നതിനാലും, അദ്ധ്യായം 12-ൽ, മഹാസർപ്പത്തെക്കുറിച്ച് എന്താണ് പറയപ്പെട്ടിരിക്കുന്നതെന്ന് പൊതുവായുള്ള വിശദീകരണം നൽകുന്നതാണ്.

**58.** മഹാസർപ്പത്തെക്കുറിച്ച് ഇപ്രാകാരം രേഖപ്പെടുത്തിയിരിക്കുന്നു.

> സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. അവരുടെ കാല്ക്കീഴ് ചന്ദ്രനും, അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. അവൾ ഗർഭിണിയായി. നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു. സ്വർക്ഷത്തിൽ മറ്റൊരു അടയാളം കാണായി. ഏഴുതലയും പത്തു കൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ള ഒരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു കളഞ്ഞു. പ്രസവിക്കാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നു കളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു. അവൾ സകല ജാതികളെയും ഇരുമ്പുകോൽ കൊണ്ട് മേയ്പ്പാനുള്ളൊരു ആങ്കുട്ടിയെ പ്രസവിച്ചു. കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു. സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ അവളെ ആയിരത്തിരുന്നൂറ്ററുപത് ദിവസം പോറ്റേണ്ടതിന് ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ട്.
>
> വെളി 12:1-8

തന്നെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്ന് മഹാസർപ്പം കണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി. അപ്പോൾ സ്ത്രീക്ക് മരുഭൂമിയൽ തന്റെ സ്ഥലത്തേക്ക് പറന്നുപോകേണ്ടതിന് വലിയൊരു കഴുകിന്റെ രണ്ട് ചിറക് ലഭിച്ചു. അവിടെ അവളെ സർപ്പത്തോട് അകലെ ഒരു കാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു. സർപ്പം സ്ത്രീയെ ഒഴുക്കി കളയേണ്ടതിന് അവളുടെ പിന്നാലെ തന്റെ വായിൽനിന്ന് നദിപോലെ വെള്ളം ചാടിച്ചു. എന്നാൽ ഭൂമി സ്ത്രീക്ക് തുണനിന്നു. മഹാസർപ്പം വായിൽനിന്നു ചാടിച്ച നദിയെ ഭൂമി വായ്തുറന്ന് വിഴുങ്ങിക്കളഞ്ഞു. മഹാസർപ്പം സ്ത്രീയോട് കോപിച്ച് ദൈവകല്പ്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോട് യുദ്ധം ചെയ്വാൻ പുറപ്പെട്ടു. അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു. വെളി 12:13–17

**59.** ഈ വചനങ്ങളുടെ വിശദീകരണം ചുവടെ ചേർത്തിരിക്കുന്നതു പോലെയാകുന്നു:

സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണപ്പെട്ടു എന്നത് സൂചിപ്പിക്കുന്നത്: ഭാവി സഭയെ സംബന്ധിച്ച് കർത്താവിൽ നിന്നുള്ള ഒരു വെളിപ്പാട് ആകുന്നു, അതുപോലെ തന്നെ അതിന്റെ ഉപദേശ ത്തിന്റെ സ്വീകാര്യത്തെ സംബന്ധിച്ചും, അതിനെ ആക്രമിക്കു വാനുള്ള ആളുകളെ സംബന്ധിച്ചും ആകുന്നു. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. അവരുടെ കാല്ക്കീഴ് ചന്ദ്രനും എന്നത് സൂചിപ്പിക്കുന്നത് കർത്താവിൽ നിന്നുള്ള സ്നേഹത്തിലും, വിശ്വാസത്തിലും ആയിരിക്കുന്ന സഭയെ ആകുന്നു. അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രം കൊണ്ടുള്ള കിരീടം സൂചിപ്പിക്കുന്നത് ദൈവിക സത്യങ്ങളിൽ നിന്നുള്ള സഭയിൽ നിൽക്കുന്നവരിലുള്ള ജ്ഞാനവും ബുദ്ധിശക്തിയുമാകുന്നു.

അവൾ ഗർഭിണിയായി എന്നത് സൂചിപ്പിക്കുന്നത്, ഉപദേശത്തിന്റെ ഉത്ഭവം ആകുന്നു. നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു എന്നത് സൂചിപ്പിക്കുന്നത്, സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർപെട്ട വിശ്വാസത്തിൽ ഉള്ളവരിൽ നിന്നുള്ള പ്രതിരോധങ്ങൾ ആകുന്നു.

സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി എന്നത് സൂചിപ്പിക്കുന്നത, മറ്റൊരു വെളിപ്പാട് ആകുന്നു. തീ നിറമുള്ള ഒരു മഹാസർപ്പം സൂചിപ്പിക്കുന്നത്, സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർപെട്ട വിശ്വാസവും, തീ നിറമുള്ള മഹാസർപ്പം സൂചിപ്പിക്കുന്നത് കേവലം പ്രാകൃതിക സ്നേഹവും ആകുന്നു. ഏഴു തലകൾ സൂചിപ്പിക്കുന്നത്, തിരുവചനത്തിന്റെ വ്യാജമായ പരിജ്ഞാനമാകുന്നു. പത്തു കൊമ്പുകൾ സൂചിപ്പിക്കുന്നത്, അനേകരും അത് സ്വീകരിച്ചിച്ചുള്ളതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള അധികാര ശക്തിയാകുന്നു. തലയിൽ ഏഴ് രാജമുടികൾ സൂചിപ്പിക്കുന്നത്, വ്യാജവത്ക്കരിക്കപ്പെട്ട വചന സത്യങ്ങൾ ആകുന്നു.

അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു കളഞ്ഞു എന്നതിനെ സൂചിപ്പിക്കുന്നത്, സത്യത്തിന്റെ സമസ്ത അറിവുകളുടെയും നശീകരണം ആകുന്നു. പ്രസവിക്കാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നു കളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു എന്നത് സൂചിപ്പിക്കുന്നത്, സഭയുടെ ഉപദേശത്തെ അതിന്റെ ആവിർഭാവത്തിൽ തന്നെ നശിപ്പിച്ചു കളയുവാനുള്ള വിദ്വേഷവും, അതിനായുള്ള അവരുടെ അഭിലാഷവുമാകുന്നു.

അവളൊരു ആൺകുട്ടിയെ പ്രസവിച്ചു എന്നത് സൂചിപ്പിക്കുന്നത്, ഉപദേശത്തെ ആകുന്നു. അവൾ സകല ജാതികളെയും ഇരുമ്പുകോൽ കൊണ്ട് മേയ്പ്പാനുള്ളൊരു സൂചിപ്പിക്കുന്നത്, ആത്മീക സത്യത്തിൽ നിന്ന് ഉത്ഭൂതമാകുന്ന പ്രകൃതി സഹജമായ സ്വാഭാവിക അർത്ഥത്തിന്റെ അധികാര ശക്തിയാൽ അത് ബോധ്യമാക്കിക്കൊടുക്കും എന്നാണ്. കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു സൂചിപ്പിക്കുന്നത്, സ്വർഗ്ഗത്തിൽനിന്ന് കുട്ടിക്ക് കർത്താവ് നൽകുന്ന സംരക്ഷണമാകുന്നു.

സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി എന്നത് സൂചിപ്പിക്കുന്നത്, കുറെ ആളുകളുടെ മാത്രം ഇടയിലുള്ള സഭയെയാകുന്നു. അവിടെ അവളെ..... പോറ്റേണ്ടതിന് ദൈവം ഒരുക്കിയോരു സ്ഥലം സൂചിപ്പിക്കുന്നത്, അനേകർക്കു വേണ്ടി സംരക്ഷണവും പോഷണവും നൽകുന്നതിനായി സൗകര്യങ്ങൾ ഏർപ്പെടുത്തപ്പെട്ടതിന്റെ അവസ്ഥയെയാകുന്നു. അവിടെ അവളെ ആയിരത്തിരുന്നൂറ്ററുപത് ദിവസം പോറ്റേണ്ടതിന് സൂചിപ്പിക്കുന്നത്: അത് സമ്പൂർണ്ണ വളർച്ചയിൽ എത്തുന്നവരെ എന്നാകുന്നു.

പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി എന്നത് സൂചിപ്പിക്കുന്നത്: സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർപെട്ട വിശ്വാസത്തിൽ നിൽക്കുന്നവർക്ക്, സഭയുടെ ഉപദേശത്തിൽ നിൽക്കുന്നവരോടുള്ള വിയോജിപ്പും, വിദ്വേഷവും പോരാട്ടവും ആകുന്നു. കർത്താവിനെ സംബന്ധിച്ചും, സാർവ്വത്രിക സ്നേഹത്തിന്റെ ജീവനെ സംബന്ധി ച്ചുമുള്ള ഉപദേശത്തോട് അവർ പോരാടുന്നു.

പടവെട്ടി, ജയിച്ചില്ലതാനും എന്നത് സൂചിപ്പിക്കുന്നത്: അവർ പരാജിതരായി എന്നാണ്. സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. സൂചിപ്പിക്കുന്നത്: അവരെ താഴേക്ക് എറിഞ്ഞുകളഞ്ഞു എന്നാകുന്നു. വെളി 12: 1–8

തന്നെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്ന് മഹാസർപ്പം കണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി എന്നത് സൂചിപ്പിക്കുന്നത്: സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർപെട്ട വിശ്വാസത്തിൽ ആയിരിക്കുന്നവർ സഭയെ അതിന്റെ ഉപദേശങ്ങൾക്ക് വിപരീതമായി ആക്രമിച്ച് നശിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

അപ്പോൾ സ്ത്രീക്ക് മരുഭൂമിയിൽ തന്റെ സ്ഥലത്തേക്ക് പറന്നു പോകേണ്ടതിന് വലിയൊരു കഴുകിന്റെ രണ്ട് ചിറക് ലഭിച്ചു എന്നത് സൂചിപ്പിക്കുന്നത്: കുറെപ്പേരുടെ ഇടയിൽ മാത്രമായിരുന്നു സഭ എന്ന അവസ്ഥയിൽ ആയിരുന്നതുകൊണ്ട് പരിരക്ഷയും സംരക്ഷണവും ലഭിക്കുന്നതിനെയാകുന്നു. -അവിടെ അവളെ ...... പോറ്റി രക്ഷിച്ചു- എന്നത് സൂചിപ്പിക്കുന്നത്: സഭ സമ്പൂർണ്ണ വളർച്ചയിൽ എത്തുന്നതു വരെ എന്നാകുന്നു.

സർപ്പം സ്ത്രീയെ ഒഴുക്കി കളയേണ്ടതിന് അവളുടെ പിന്നാലെ തന്റെ വായിൽനിന്ന് നദിപോലെ വെള്ളം ചാടിച്ചു- എന്നത് സൂചിപ്പിക്കുന്നത്: സഭയെ നശിപ്പിക്കുന്നതിന് അവരുടെ വ്യാജകാര്യങ്ങളുടെ യുക്തികളെ ക്രമാതീതമായി ചൊരിയുന്ന താകുന്നു.

എന്നാൽ ഭൂമി സ്ത്രീക്ക് തുണനിന്നു....എന്നത് സൂചിപ്പിക്കുന്നത്: അവരുടെ യുക്തികളെല്ലാം വ്യാജത്തിൽനിന്നുള്ളവ ആയിരുന്നതിനാൽ അവ തനിയെ തന്നെ താഴേക്കു വീണു പോയിരുന്നു.

> മഹാസർപ്പം സ്ത്രീയോട് കോപിച്ച്......എന്നത് സൂചിപ്പിക്കുന്നത്: സാർവ്വത്രിക സ്നേഹത്തിൽ ജീവിക്കുകയും കർത്താവിൽ വിശ്വസിക്കുകയും ചെയ്യുന്നവരെയാണ്. വെളി 12:13-17

**60.** വെളിപ്പാട് പുസ്തകത്തിൽ അടുത്ത അദ്ധ്യായം ആയ 13-ാം അദ്ധ്യായം മഹാസർപ്പത്തിന്റെ രണ്ടു മൃഗങ്ങളെക്കുറിച്ച് പരാമർശിക്കുന്നു. അതിൽ ഒരെണ്ണം സമുദ്രത്തിൽ നിന്ന് കയറി വരുന്നതായിട്ടാണ് കാണപ്പെട്ടത്. മറ്റേത് ആകട്ടെ ഭൂമിയിൽ നിന്നും. അവയിൽ ആദ്യത്തേതിനെക്കുറിച്ച് 1-10 വാക്യങ്ങളിലും രണ്ടാമത്തേതിനെക്കുറിച്ച് 11-18 വാക്യങ്ങളിലും വിവരിച്ചിരിക്കുന്നു. അവ മഹാസർപ്പത്തിന്റെ മൃഗങ്ങളാണെന്ന് ഈ അദ്ധ്യായത്തിലെ 2, 4, 11 വാക്യങ്ങളിൽ നിന്ന് സുവിദമാകുന്നു. ഒന്നാമത്തെ മൃഗം സൂചിപ്പിക്കുന്നത്, സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ട വിശ്വാസത്തിന് പ്രാകൃതിക മനുഷ്യനിൽ നിന്ന് ലഭിക്കുന്ന സ്ഥിരീകരണങ്ങളാകുന്നു. രണ്ടാമത്തെ മൃഗം സൂചിപ്പിക്കുന്നത് സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിന്, സത്യത്തിന്റെ വ്യാജവത്കരണം ചെയ്ത വചനത്തിൽ നിന്ന് സ്ഥിരീകരണം ഉണ്ടാക്കിയിട്ടുള്ളതും ആകുന്നു. ഇനിയും ഞാൻ ഈ വേദഭാഗത്തിലൂടെ വേഗം കടന്നു പോകുകയാണ് കാരണം അവയുടെ വിശദീകരണം, വാഗ്വാദങ്ങൾക്ക് ഇടനൽകുന്നതും അവസാനം ഒരു സമാപനത്തിൽ എത്താൻ ക്ലേശിക്കുന്നതാകുകയും ചെയ്യുമല്ലൊ. ആകയാൽ ഞാൻ അതിന്റെ അന്തിമവാക്യം മാത്രം വിശദീകരിക്കുന്നുള്ളൂ.

> ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ. അത് ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുന്നൂറ്ററുപത്താറ്.
> വെളി 13:18

ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ എന്നത് സൂചിപ്പിക്കുന്നത്: ബുദ്ധിശക്തിക്ക് പ്രകാശനം ഉണ്ടായിട്ടുള്ളവർ, വചനത്തിൽനിന്നുള്ളതായ പ്രസ്തുത വിശ്വാസത്തിന്റെ സ്ഥിരീകരണങ്ങളുടെ സ്വഭാവം എന്താണെന്ന് അന്വേഷിച്ച് മനസ്സിലാക്കട്ടെ. എന്തുകൊണ്ടെന്നാൽ അത് മനുഷ്യന്റെ സംഖ്യയാണ് എന്നത് സൂചിപ്പിക്കുന്നത്: അതിന്റെ സ്വഭാവം (വിശേഷത) സ്വന്ത ബുദ്ധിശക്തി ആകുന്നു. ആ സംഖ്യ അറുന്നൂറ്ററുപത്താറ് എന്നത് സൂചിപ്പിക്കുന്നത്: വചനത്തിലെ എല്ലാ സത്യവും വ്യാജവത്കരിക്കപ്പെട്ടിരിക്കുന്നു എന്ന് ആകുന്നു.

9

**ദാനിയേലിലെയും മത്തായിയിലെയും ആട്ടുകൊറ്റന്മാർ സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ട വിശ്വാസത്തിൽ ആയിരിക്കുന്നവരെ സൂചിപ്പിക്കുന്നു.**

**61.** ദാനിയേൽ 8–ാം അദ്ധ്യായത്തിലെ ആട്ടുകൊറ്റനും, മത്തായി 25–ാം അദ്ധ്യായത്തിലെ ആടുകളും സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിൽ നിൽക്കുന്നവരെ സൂചിപ്പിക്കുന്നു. അവിടെ സൂചിക്കപ്പെട്ടിരിക്കുന്ന ആട്ടുകൊറ്റനും ചെമ്മരിയാടുകളും, കോലാടുകൾക്ക് വിരുദ്ധമായി നിൽക്കുന്നവയാണെന്ന് സന്ദർഭം കൊണ്ട് നമുക്ക് വ്യക്തമാകുന്നതാണ്. ആട്ടുകൊറ്റനും ചെമ്മരിയാടുകളും സൂചിപ്പിക്കുന്നത് സാർവ്വത്രിക സ്നേഹത്തിൽ നിൽക്കുന്നവരെയാകുന്നു. എന്തുകൊണ്ടെന്നാൽ തിരുവചനത്തിൽ ഉള്ള കർത്താവ് ഇടയൻ ആകുന്നു, സഭ ആട്ടിൻപറ്റവും ആകുന്നു. സഭയിലെ മനുഷ്യരെ പൊതുവെ ആട്ടിൻ പറ്റം, വിശിഷ്യ ചെമ്മരിയാടുകൾ, എന്ന് പറയുന്നു. ചെമ്മരിയാടുകൾ സാർവ്വത്രിക സ്നേഹത്തിൽ ഉൾപ്പെടുന്നവരും കോലാടുകൾ സാർവ്വത്രിക സ്നേഹത്തിൽ ഉൾപ്പെടാത്തവരും ആകുന്നു.

**62.** സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിൽ ആയിരിക്കുന്നവരെ കോലാടുകൾ സൂചിപ്പിക്കുന്നു എന്നത് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ദൃശ്യമാകുന്നതാകുന്നു.

1. ആത്മീയ ലോകത്തിലെ അനുഭവങ്ങളിൽനിന്ന്.

2. അന്തിമ ന്യായവിധിയിലും, അത് നൽകപ്പെടുന്നവരിലും ആണ്.

3. ദാനിയേലിൽ കാണുന്ന ആട്ടുകൊറ്റനും കോലാടുകളും തമ്മിലുള്ള പോരാട്ടത്തിൽനിന്ന്.

4. അവസാനമായി, മത്തായിയിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നവരുടെ അവഗണനയിൽ അതായത് സാർവ്വത്രിക സ്നേഹത്തോടുള്ള അവരുടെ നിഷേധത്തിൽനിന്ന്.

**63.** 1. വചനത്തിലെ കോലാടുകൾ സൂചിപ്പിക്കുന്നത് സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിൽ നിൽക്കുന്നവരെ ആകുന്നു. ഇത് ആത്മീയ ലോകത്തിലെ അനുഭവങ്ങളിൽ നിന്ന് ദൃശ്യമാകുന്നു. പ്രാകൃതിക ലോകത്തിലുള്ള സകല സംഗതികളും ആത്മീക ലോകത്തിലും ദൃശ്യമാകുന്നതാണ്. വീടുകൾ, കൊട്ടാരങ്ങൾ, പറുദീസകൾ, ഉദ്യാനങ്ങൾ, അവയിലുള്ള വിവിധ ഇനം വൃക്ഷങ്ങൾ, പാടശേഖരങ്ങൾ, വയലേലകൾ, സമതല ഭൂമികൾ, പൂന്തോട്ടങ്ങൾ, അങ്ങനെ തന്നെ കാലിവൃന്ദം, ആട്ടിൻപറ്റം, മുതലായി സകലവും, നമ്മുടെ ഭൂമിയിലുള്ള സമസ്ത ജീവജാലങ്ങളുടേയും തനി പകർപ്പുകൾ അവിടെ ഉണ്ടാകും. അവയിൽ ആദ്യത്തേത് പ്രകൃതി സഹജമായി ഉത്ഭവിച്ചവയും രണ്ടാമത്തേത് ആത്മീയമായി ഉത്ഭവിച്ചതും എന്ന് ഇതൊഴികെ അവ തമ്മിൽ മറ്റ് യാതൊരു വ്യത്യാസവും ഇല്ല. ദൂതന്മാർ ആത്മീയരാകയാൽ അവയെ ആത്മീയമായി കാണുന്നു, മനുഷ്യർ പ്രകൃതിസഹജമായി പ്രകൃതിയെ കാണുന്നു.

ആത്മീക ലോകത്തിൽ പ്രത്യക്ഷമാകുന്നവയെല്ലാം ആത്മീയ സാദൃശ്യ സംവാദപ്രകാരമുള്ളവയാണ്. കാരണമെന്തെന്നാൽ അവയെല്ലാം ദൂതന്മാരുടെ അഭിനിവേശങ്ങൾക്ക് അനുസൃതമായി ആത്മീയ സാദൃശ്യം വഹിക്കുന്നവയാണ്. ഈ കാരണത്താൽ നന്മയൊടും സത്യത്തോടും അഭിനിവേശവും ഇഷ്ടവും ഉള്ളവരെല്ലാം, തത്ഫലമായുണ്ടാകുന്ന ജ്ഞാനത്തോടും, ബുദ്ധിയോടും കൂടെ അതിമനോഹരമായ കൊട്ടാരങ്ങളിൽ വസിക്കുന്നു. അവയ്ക്കു ചുറ്റും നാനാവിധ വൃക്ഷ ലതാതികളുള്ള പറുദീസകൾ ഉണ്ട്; അവയെല്ലാം ആത്മീക സാദൃശ്യങ്ങൾ ആകുന്നു. അതുപോലെ തന്നെ അവയ്ക്കു ചുറ്റും വയലേലകളും, മൈതാനങ്ങളും, ആട്ടിൻ പറ്റങ്ങൾ വിശ്രമിക്കുന്ന പുൽമേടുകളും ഉണ്ട്. ഇവയെല്ലാം പ്രത്യക്ഷതകൾ ആണ്. എന്നാൽ ദുഷ്ടതയും തിന്മയും ഇഷ്ടപ്പെടുന്നവർക്ക് ഇതിന് വിപരീതമായ ദൃശ്യങ്ങളാണ് കാണാൻ കഴിയുക. അപ്രകാരമുള്ള ആത്മാക്കൾ ഒന്നുകിൽ നരകത്തിലായിരിക്കാം. അവിടെ അവർ ജനാലകളില്ലാത്ത പണിശാലകളിൽ അടക്കപ്പെട്ടിരിക്കു കയാവും, അവിടെ പ്രകാശം സാധാരണ രീതിയിലല്ല. തീച്ചൂളയിൽ നിന്നുള്ള ചൂടു വമിക്കുന്ന പ്രകാശമായിരിക്കും ഉണ്ടായിരിക്കുക, അതല്ലെങ്കിൽ അങ്ങനെയുള്ള ഇവരെ മരുഭൂമിയിലെ ചെറിയ കുടിലുകളിൽ ആയിരിക്കും പാർപ്പിച്ചിരിക്കുന്നത്. അവയുടെ എല്ലാം ചുറ്റുമായി തരിശു ഭൂമിയാണ്, സർപ്പങ്ങളും, മഹാസർപ്പങ്ങളും, മൂങ്ങകളും അവരുടെ ദുഷ്ടത പോലെയുള്ള ദുഷ്പ്രവൃത്തികളുടെ സാദൃശ്യാശയ ജീവികളും ഉണ്ടായിരിക്കും.

സ്വർഗ്ഗത്തിന്നും നരകത്തിനും ഇടയിൽ ഒരു സ്ഥലം ഉണ്ട്. അതിനെ ആത്മാക്കളുടെ ലോകം എന്നു വിളിക്കുന്നു. മരണാനന്തരം എല്ലാ ആത്മാക്കളും ഇവിടെയാണ് എത്തുന്നത്. ഇവിടെ ഭൂമിയിൽ മനുഷ്യർക്കു തമ്മിൽ സമ്പർക്കം ഉണ്ടാകുന്നതു പോലെ, ആത്മാക്കൾക്കു തമ്മിലും സമ്പർക്കം

ഉണ്ടായിരിക്കും. അവിടെ സംഭവി ക്കുന്ന എല്ലാ സംഗതികളും സാദൃശ്യാശയ പ്രകാരമാണ് ഉണ്ടാകുന്നത്. അവിടെ ആത്മാക്കളുടെ അഭിനിവേശങ്ങൾക്ക് അനുസരണമായുള്ള സാദൃശ്യ ങ്ങൾ ഉണ്ടായിരിക്കും; പൂന്തോട്ടങ്ങൾ, തോപ്പുകൾ, ചെടികളും മരങ്ങളുള്ള വനങ്ങൾ, പൂക്കൾ നിറഞ്ഞതും ഹരിതാഭവും ആയ വയലേലകൾ, വിവിധ ഇനം മൃഗങ്ങൾ, പക്ഷികൾ ഇണക്കമുള്ളവയും, വന്യവും ആയുള്ളവ, അങ്ങനെ സകലവും ആത്മാക്കളുടെ, സാദൃശ്യാശയസംബന്ധിയായ അഭിനിവേശങ്ങൾക്ക് അനുസൃതമായുള്ളവ ഉണ്ടായിരിക്കും. അവിടെ ഞാൻ ചെമ്മരിയാടുകളെയും കോലാടുകളെയും കണ്ടു. അവ തമ്മിൽ പോരാടുന്നതും കണ്ടു. ദാനിയേൽ 8-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള പോരാട്ടം പോലെ ആയിരുന്നു അത്.

മുമ്പോട്ടു വളഞ്ഞതും, പിമ്പോട്ടു വളഞ്ഞതുമായ കൊമ്പുകൾ ഉള്ള കോലാടുകളെ ഞാൻ അവിടെ കാണുകയുണ്ടായി. അവ ശൂരത്വത്തോടു കൂടി ചെമ്മരിയാടുകളുടെ നേർക്ക് പാഞ്ഞു ചെല്ലുന്നതും അവയെ ആക്രമിക്കുന്നതും ഞാൻ അവിടെ കണ്ടു. അപ്പോൾ ഞാൻ ആകാംഷ യോടെ നോക്കി എന്താണ് അത് സൂചിപ്പിക്കുന്നതെന്ന്. അപ്പോൾ കണ്ടതെന്തെന്നാൽ, കുറെ ആത്മാവുകൾ തമ്മിൽ തമ്മിൽ സാർവ്വത്രിക സ്നേഹത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും തർക്കിക്കുന്നതാണ് കണ്ടത്. അതിൽനിന്ന് തെളിവും വ്യക്തവുമായത് എന്തെന്നാൽ സാർവ്വത്രിക സ്നേഹത്തിൽനിന്ന് വേർപെട്ടുള്ള വിശ്വാസമാണ് കോലാടുകളായി പ്രത്യക്ഷമായിരിക്കുന്നതെന്നും, സാർവ്വത്രിക സ്നേഹത്തിൽ നിന്ന് ഉത്ഭൂതമാകുന്ന വിശ്വാസമാണ് ചെമ്മരിയാടു കളായി കാണപ്പെട്ടിരിക്കുന്നതെന്നും ആകുന്നു. അപ്രകാരമുള്ള രംഗങ്ങൾ ഞാൻ കൂടെക്കൂടെ കാണാറുണ്ടാ യിരുന്നതിൽ നിന്ന് എനിക്ക് തീർച്ചയായും നിശ്ചയമായും, ഗ്രഹിപ്പാൻ അനുവാദമുണ്ടായ തെന്തെന്നാൽ സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ട വിശ്വാസത്തിൽ ഉള്ളവരെക്കുറിച്ചാണ് തിരുവചനത്തിൽ കോലാടുകൾ എന്ന് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്.

**64.** 2. തിരുവചനത്തിൽ കോലാടുകൾ എന്നതുകൊണ്ട് അർത്ഥമാ ക്കുന്നത് സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസ ത്തിൽ ഉൾപ്പെടുന്നവരെ കുറിച്ചാകുന്നു. അന്തിമ ന്യായവിധിയിലും അതു നൽകപ്പെടുന്നവരിലും നിന്ന് ഇത് പ്രത്യക്ഷമായി തീരുന്നു. അന്തിമ ന്യായവിധി നൽകപ്പെട്ടത് ബാഹ്യമായി സാന്മാർഗ്ഗികരായിരുന്നെങ്കിലും, ആത്മീയർ അല്ലാത്തവരിലും, ആന്തരീകമായി തീരെ ഇല്ലാത്തവരിലും ആകുന്നു. ബാഹ്യമായും, ആന്തരീകമായും തിന്മകളിൽ ആയിരുന്നവരെ അന്തിമ ന്യായവിധിക്ക് മുമ്പു തന്നെ നരകത്തിലേക്ക് എറിഞ്ഞു കളഞ്ഞിരുന്നു. എന്നാൽ ബാഹ്യമായും, ആന്തരീകമായും ആത്മീയർ ആയിരുന്നവരെ അന്തിമ ന്യായവിധിക്കു മുമ്പു തന്നെ ഉയർത്തി, ഉയർത്തി സ്വർഗ്ഗത്തിലേക്ക് ആനയിച്ചു കഴിഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിൽ എത്തിയവർക്കും, നരകത്തിൽ എത്തിയവർക്കും അന്തിമ ന്യായവിധി നടത്തപ്പെട്ടിരുന്നില്ല. എന്നാൽ, സ്വർഗ്ഗത്തിനും നരകത്തിനും ഇടയിൽ മദ്ധ്യ

വർത്തി സ്ഥാനത്ത് ആയിരുന്നവർക്കും, സ്വയം, സ്വർഗ്ഗമാണ് അതെന്ന് കരുതിയവർക്കും ആയിരുന്നു.

(2) അവരുടെ മേലാണ് അന്ത്യന്യായവിധി നടപ്പാക്കപ്പെട്ടത്. മറ്റ് ആരുടേയും മേൽ അല്ലായിരുന്നു എന്നത് അന്ത്യന്യായവിധി എന്ന ലഘുഗ്രന്ഥത്തിൽ 59, 70 എന്നീ ഖണ്ഡികകളിൽ കാണാവുന്നതാകുന്നു. അതേക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ, പ്രത്യേകിച്ചും പുനർ രൂപീകരണം ഉണ്ടായവർക്കുണ്ടാകുന്നവ, അന്ത്യന്യായവിധിയുടെ തുടർച്ച എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്. പുനർ രൂപീകരണം പ്രാപിച്ചവരെന്നാൽ, അതിന് മുമ്പ് അവർ സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിൽ, അതായത് ഉപദേശത്തിൽ മാത്രമല്ല ജീവിതമെങ്കിലും, അങ്ങനെ തന്നെ ആയിരുന്നവർ നരകത്തിലേക്ക് എറിയപ്പെട്ടിരുന്നു. എന്നാൽ, ഉപദേശപ്രകാരം ആ വിശ്വാസത്തിൽ ആ വിശ്വാസത്തിൽ ആയിരുന്നെങ്കിലും ജീവിതത്തിൽ സാർവ്വത്രിക സ്നേഹം പുലർത്തിയിരുന്നവരെ സ്വർഗ്ഗത്തിലേക്കുയർത്തി എടുത്തിരുന്നു. ഇതിൽനിന്നും വ്യക്തമാകുന്നത് മത്തായി 25-ാം അദ്ധ്യായത്തിൽ, കർത്താവ് അന്ത്യ ന്യായവിധിയെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ ചെമ്മരിയായുകളെയും കോലാടുകളേയും കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത് അവരെക്കുറിച്ച് ആകുന്നു.

**65**. 3. സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നവരെയാണ് തിരുവചനത്തിൽ കോലാടുകൾ എന്ന് വിളിച്ചിരിക്കുന്നത്. ദാനിയേൽ പ്രവചനത്തിലെ ആട്ടുകൊറ്റന്റെയും കാലാടിന്റെയും തമ്മിലുള്ള പോര് വിവരിച്ചിരിക്കുന്നത് ഇത് വ്യക്തമാക്കിയിട്ടുണ്ട്. ദാനിയേലിലെ സകല കാര്യങ്ങളും സ്വർഗ്ഗത്തി ലേയും സഭയിലെയും സംഗതികളെക്കുറിച്ച് ആത്മീയമായി പരാമർശി ക്കുന്നു. നവയെരുശലേമിന്റെ ഉപദേശത്തിൽ വിശുദ്ധ തിരുവെഴുത്തുകളെ പരാമർശിച്ച് നമ്പ്ര 5-26 ഖണ്ഡികകളിൽ കാണുന്ന പ്രകാരം വിശുദ്ധ വചനത്തിൽ സകല സംഗതികളും ആത്മീകമായി പരാമർശിക്ക പ്പെട്ടിരിക്കുകയാണ്. ദാനിയേൽ പ്രവചനത്തിലെ ആട്ടുകൊറ്റനും തമ്മിലുള്ള പോരാട്ടം തദനുസരണം ഇതേ സംഗതിയെയാണ് പരാമർശിച്ചിരിക്കുന്നത്.

> ഞാൻ ഒരു ദർശനം കണ്ടു. ഞാൻ തലപൊക്കി നോക്കിയപ്പോൾ രണ്ടു കൊമ്പുള്ള ഒരു ആട്ടുകൊറ്റൻ നദീതീരത്തു നിൽക്കുന്നത് കണ്ടു. ആ കൊമ്പുകൾ നീണ്ടവ ആയിരുന്നു. ഒന്നു മറ്റേതിനേക്കാൾ അധികം നീണ്ടത്. അധികം നീണ്ടത് ഒടുക്കം മുളച്ചുവന്നതായിരുന്നു. ആ ആട്ടുകൊറ്റൻ പടിഞ്ഞാറോട്ടും, വടക്കോട്ടും, തെക്കോട്ടും ഇടിക്കുന്നത് ഞാൻ കണ്ടു. ഒരു മൃഗത്തിനും അതിന്റെ മുമ്പാകെ നിൽപ്പാൻ കഴിഞ്ഞില്ല. അതിന്റെ കൈയ്യിൽനിന്നും രക്ഷിക്കാനാകുന്നവനും ആരുമില്ല. അത് ഇഷ്ടം പോലെ ചെയ്ത് വമ്പ് കാട്ടി പോന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കുമ്പോൾ ഒരു കോലാട്ടുകൊറ്റൻ പടിഞ്ഞാറുനിന്ന് നിലംതൊടാതെ സർവ്വ ഭൂതലത്തിലും കൂടി വന്നു; ആ കോലാട്ടുകൊറ്റന് കണ്ണുക

ളുടെ നടുവിൽ വിശേഷമായൊരു കൊമ്പുണ്ടായിരുന്നു. അത് നദീതീരത്തു നിൽക്കുന്നതായി ഞാൻ കണ്ട രണ്ടു കൊമ്പുള്ള ആട്ടുകൊറ്റനു നേരേ ഉഗ്രക്രോധത്തോടെ പാഞ്ഞു ചെന്നു. അത് ആട്ടു കൊറ്റനോട് അടുക്കുന്നതു ഞാൻ കണ്ടു. അത് ആട്ടുകൊറ്റനോട് ക്രുദ്ധിച്ച് അതിനെ ഇടിച്ച് അതിന്റെ കൊമ്പുരണ്ടും തകർത്തുകളഞ്ഞു. അതിന്റെ മുമ്പിൽ നിൽക്കാൻ ആട്ടുകൊറ്റന് ശക്തിയില്ലാതെയിരുന്നു. അത് അതിനെ നിലത്ത് തള്ളിയിട്ട് ചവിട്ടിക്കളഞ്ഞു. അതിന്റെ കൈയ്യിൽനിന്ന് ആട്ടുകൊറ്റനെ രക്ഷിപ്പാൻ ആരും ഉണ്ടായിരുന്നില്ല........ രണ്ടായിരത്തി മുന്നൂറ് സന്ധ്യയും, ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും. ദാനി 8:2–14

**66.** ഈ ദർശനം സഭയുടെ ഭാവികാല അവസ്ഥകളെക്കുറിച്ച് പ്രവചിക്കുന്നു. എന്ന് തെളിവായി വ്യക്തമായിരിക്കുകയാണ്. എന്തു കൊണ്ടെന്നാൽ ഇപ്രകാരം പ്രവചിക്കപ്പെട്ടിട്ടുണ്ട്. അത് സൈന്യത്തിന്റെ അധിപതിയോളം തന്നെത്താൻ വലുതാക്കി. അവനുള്ള നിരന്തര ഹോമയാഗം അപഹരിക്കുകയും അവന്റെ വിശുദ്ധ മന്ദിരം ഇടിച്ചുകളയുകയും ചെയ്തു. അതിക്രമം ഹേതുവായി നിരന്തര ഹോമയാഗത്തിന്നെതിരായി ഒരു സേവ നിയമിക്കപ്പെടും; അത് സത്യത്തെ നിലത്തു തള്ളിയിടുകയും കാര്യം നടത്തി സാധിപ്പിക്കുകയും ചെയ്യും. അനന്തരം ഒരു വിശുദ്ധൻ സംസാരിക്കുന്നത് ഞാൻ കേട്ടു. സംസാരിച്ചു കൊണ്ടിരുന്ന വിശുദ്ധനോട് മറ്റൊരു വിശുദ്ധൻ: വിശുദ്ധ മന്ദിരത്തേയും സേവയെയും ചവിട്ടിക്കളയേണ്ടതിന് ഏല്പിച്ചു കൊടുപ്പാൻ തക്കവണ്ണം നിരന്തര ഹോമയാഗത്തേയും ശൂന്യമാക്കുന്ന അതിക്രമത്തെയും കുറിച്ച് ദർശനത്തിൽ കണ്ടിരിക്കുന്നത് എത്രത്തോളം നിൽക്കും എന്നു ചോദിച്ചു. അതിന് അവൻ അവനോട് രണ്ടായിരത്തി മുന്നൂറ് സന്ധ്യയും, ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും. ഇവിടെ സന്ധ്യ എന്നതിന്റെ അർത്ഥം സഭയുടെ അന്ത്യം എന്നാകുന്നു. അപ്പോഴേയ്ക്കും അവിടെ നവീനമായൊരു സഭ സ്ഥാപിതമായിരിക്കും.

അതേ സംഗതി തന്നെയാണ് ആ അദ്ധ്യായത്തിന്റെ അവസാനത്തിൽ മേദ്യ പാർസ്യ രാജാക്കന്മാർ, ആട്ടുകൊറ്റനെപ്പോലെ തന്നെ സൂചിപ്പിക്കുന്നത്. അതുപോലെതന്നെയാണ് യവന രാജാവും കോലാട്ടു കൊറ്റനും സൂചിപ്പിക്കുന്നത്. അപ്രകാരം തന്നെ, രാജ്യ ങ്ങളുടേയും, വംശങ്ങളുടേയും, ജാതികളുടേയും വ്യക്തികളുടേയും, സ്ഥലങ്ങളുടേയും പേരുകൾ, വചനത്തിൽ പ്രസ്ഥാവിക്കപ്പെട്ടിരിക്കുന്ന വയെല്ലാം, സ്വർഗ്ഗത്തെയും സഭയെയും സംബന്ധിച്ചുള്ളവയാണെന്ന് സൂചിക്കപ്പെട്ടിരിക്കുന്നു.

**67.** ഈ വാക്യങ്ങളുടെ വിശദീകരണാർത്ഥങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. രണ്ടു നീണ്ട കൊമ്പുകളുള്ള ആട്ടുകൊറ്റന്റെ കൂടുതൽ നീണ്ടതായ കൊമ്പ് അവസാനം ഉണ്ടായതാണ്. സാർവ്വത്രിക സ്നേഹ ത്തിൽ നിന്ന് ഉത്ഭവിക്കുന്ന വിശ്വാസത്തിൽ നില്ക്കുന്നവരെ യാണ് ഇത് സൂചിപ്പിക്കുന്നത്.

ആ കൊമ്പുകൊണ്ട് ആട്ടുകൊറ്റൻ പടിഞ്ഞാറോട്ടും, വടക്കോട്ടും, തെക്കോട്ടും ഇടിക്കുന്നത് സൂചിപ്പിക്കുന്നതെന്തെന്നാൽ തിന്മകളും വ്യാജവത്ക്കരണവും ശിഥിലമാക്കപ്പെടുന്നു എന്നാണ്. അത് വമ്പ് കാട്ടിപ്പോന്നു എന്നത് സൂചിപ്പിക്കുന്നത്: ശക്തി വർദ്ധിപ്പിക്കുന്നു എന്നാണ്. ഒരു കോലാട്ടുകൊറ്റൻ പടിഞ്ഞാറുനിന്ന് നിലം തൊടാതെ സർവ്വ ഭൂതലത്തിലും കൂടി വന്നു എന്നത് സൂചിപ്പിക്കുന്നത്: സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ട വിശ്വാസത്തിൽ ഉള്ള ഇവരെയും സഭയ്ക്ക് അവരാൽ ഉണ്ടാകുന്ന ആക്രമണത്തേയുമാകുന്നു. പടിഞ്ഞാറ് സൂചിപ്പിക്കുന്നത് പ്രാകൃതമനുഷ്യന്റെ തിന്മ പ്രവൃത്തി ആകുന്നു. അതിന്റെ കണ്ണുകൾക്കിടയിൽ ഉണ്ടായിരുന്ന കൊമ്പ് സൂചിപ്പിക്കുന്നത് സ്വന്ത ബുദ്ധി ശക്തിയെയാകുന്നു.

അത് ആട്ടുകൊറ്റന്റെ നേരേ ഉഗ്രകോപത്തോടെ പാഞ്ഞുചെന്ന് എന്നത് സൂചിപ്പിക്കുന്നത് അവൻ സാർവ്വത്രിക സ്നേഹത്തെയും, അതിന്റെ വിശ്വാസത്തെയും ശൗര്യത്തോടെ ആക്രമിച്ചു എന്നാകുന്നു. അത് ആട്ടുകൊറ്റനെ ഇടിച്ച് അതിന്റെ കൊമ്പു രണ്ടും തകർത്തു കളഞ്ഞു എന്നത് സൂചിപ്പിക്കുന്നത്, അവൻ സാർവ്വത്രിക സ്നേഹത്തെയും, അതിന്റെ വിശ്വാസത്തെയും ശിഥിലമാക്കി തകർത്തു കളഞ്ഞു എന്നാണ്. അവ രണ്ടും ഒന്നാകയാൽ അവയിൽ ഏതെങ്കിലും ഒന്നിനെ തകർക്കുന്നവൻ രണ്ടിനേയും തകർക്കുന്നു എന്നാണ് അർത്ഥം.

കോലാട്ടുകൊറ്റന്റെ വലിയ കൊമ്പ് ഒടിഞ്ഞുപോയി എന്നത് സൂചിപ്പിക്കുന്നത്: സ്വന്തം ബുദ്ധിശക്തി പിന്നെ കാണാനേ ഇല്ലാതായി എന്നാണ്. അതിന്റെ സ്ഥാനത്ത് നാല് കൊമ്പുകൾ മുളച്ചുവന്നു. എന്നത് സൂചിപ്പിക്കുന്നത്: തിരുവചനത്തിന്റെ അക്ഷരീകാർത്തിന്റെ ഉപയോഗത്തി നുള്ള സ്ഥിരീകരണം ആകുന്നു.

അവയിൽ ഒരെണ്ണത്തിൽനിന്ന് ചെറിയൊരു കൊമ്പ് മുളച്ചുവന്നു എന്നത് സൂചിപ്പിക്കുന്നത്: യാതൊരുത്തനും സ്വയമായി ന്യായപ്രമാണത്തെ നിവൃത്തീകരിപ്പാനും, നന്മകൾ ചെയ്യുവാനും കഴിയുകയില്ലെന്നാണ്. ചെറിയൊരു കൊമ്പു പുറപ്പെട്ടു. അതു തെക്കോട്ടും, കിഴക്കോട്ടും, മനോഹരദേശത്തിന് നേരേയും ഏറ്റവും വലുതായിത്തീർന്നു, എന്നത് സൂചിപ്പിക്കുന്നത്: സഭയുടെ സമസ്ഥ സംഗതികൾക്കും എതിരായു ണ്ടാകുന്ന കലാപമാകുന്നു.

അത് ആകാശത്തിലെ സൈന്യതത്തോളം വലുതായിത്തീർന്നു. സൈന്യത്തിലും നക്ഷത്രങ്ങളിലും ചിലതിനെ നിലത്ത് തള്ളിയിട്ട് ചവിട്ടിക്കളഞ്ഞു. എന്നത് സൂചിപ്പിക്കുന്നത്: സാർവ്വത്രിക സ്നേഹ ത്തോടും വിശ്വാസത്തോടും ബന്ധമുള്ള നന്മയുടേയും സത്യത്തിന്റെയും സമസ്തധാരണകളും അറിവുകളും ഇപ്രകാരം നശിപ്പിക്കപ്പെടുന്നു എന്നതാകുന്നു.

അത് സൈന്യത്തിന്റെ അധിപതിയോളംതന്നെത്താൻ വലുതാക്കി. അവനുള്ള നിരന്തര ഹോമയാഗം അപഹരിക്കുകയും അവന്റെ വിശുദ്ധ മന്ദിരം ഇടിച്ചുകളയുകയും ചെയ്തു. എന്നത് സൂചിപ്പിക്കുന്നത്: കർത്താവിന്റെ ആരാധനയുമായും അവന്റെ സഭയുമായും ബന്ധപ്പെടുന്ന സകല കാര്യങ്ങളെയും അവർ മലിനമാക്കി, ഉച്ഛിഷ്ടമാക്കിക്കളഞ്ഞു എന്നാണ്. അത് സത്യത്തെ നിലത്തു തള്ളിയിടുകയും എന്നത് സൂചിപ്പിക്കുന്നത്: ഈ സിദ്ധാന്തമാണ് വചനത്തിന്റെ സത്യങ്ങളെ വ്യാജവത്ക്കരിക്കുന്നത്.

സന്ധ്യയായി, ഉഷസ്സുമായി അതിവിശുദ്ധസ്ഥാനം ശുദ്ധമാക്കപ്പെടുമ്പോൾ എന്നത് സൂചിപ്പിക്കുന്നത്: മുൻപേയുണ്ടായിരുന്ന സഭയ്ക്ക് അന്ത്യമുണ്ടാകുകയും പുതിയൊരു സഭ ആരംഭിക്കുകയും ചെയ്യുന്നതിനെ ആകുന്നു.

**68.** 4. കോലാടുകൾ സൂചിപ്പിക്കുന്നത്: സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നവരെയാകുന്നു. മത്തായിയിൽ സൂചിപ്പിക്കപ്പെട്ടവരുടെ ഭാഗത്ത് ഉണ്ടായിരിക്കുന്ന, സാർവ്വത്രിക സ്നേഹത്തിന്റെ അവഗണനയിൽ നിന്ന് ഇത് വ്യക്തമായി ദൃശ്യമായിത്തീരുന്നു. കോലാടുകൾ ചെമ്മരിയാടുകൾ എന്നിവയെക്കുറിച്ച് മത്തായി 25: 31–46 ൽ പറഞ്ഞിരിക്കുന്നതിൽ കോലാടുകൾ മറ്റാരുമല്ല. അതുപോലെ ആട്ടിൻ കൊറ്റൻ, കോലാട്ടിൻ കൊറ്റൻ എന്നിങ്ങനെ ദാനിയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതിലും, സന്ദർഭാനുസരണം വ്യക്തമായിത്തീരുന്നുണ്ട്. ചെമ്മരിയാടുകൾക്കാണ് സാർവ്വത്രിക സ്നേഹപ്രവർത്തനങ്ങൾ ചെയ്തതിന്റെ മേന്മ നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്; അവർ അപ്രകാരം ചെയ്തിരിക്കുന്നു എന്ന് വിലയിരുത്തപ്പെട്ടിരിക്കുന്നു. എന്നാൽ കോലാടുകളെ സംബന്ധിച്ചിടത്തോളം, സാർവ്വത്രിക സ്നേഹത്തിന്റെ പ്രവൃത്തികളെ സംബന്ധിച്ച് പ്രസ്താവിച്ചിരിക്കുന്നത് അവർ അത് ചെയ്തിട്ടില്ല എന്നാണ്, ആകയാൽ അവരെ കുറ്റം വിധിക്കുകയാണ് ചെയ്തിരിക്കുന്നത്. സാർവ്വത്രിക സ്നേഹം ഇല്ലാത്ത വിശ്വാസത്തിൽ ആയിരിക്കുന്നവരുടെ കാര്യം, അവർ അപ്രകാരം, പ്രവൃത്തികളിൽ അവഗണന കാണിക്കുന്നവരാണ്. മാത്രവുമല്ല, രക്ഷയുടെയോ സഭയുടെയോ ആയ യാതൊന്നും അവരിൽ ഇല്ലെന്ന സംഗതി അവർ അംഗീകരിക്കുന്നുമില്ല. പ്രവൃത്തികളിൽ അധിഷ്ടിതമായ സാർവ്വത്രിക സ്നേഹം അപ്രകാരം നീക്കം ചെയ്യപ്പെട്ടിരിക്കുകയാൽ വിശ്വാസവും വീണുപോകുന്നു. എന്തുകൊണ്ടെന്നാൽ, വിശ്വാസത്തിന്റെ ഉത്ഭവം സാർവ്വത്രിക സ്നേഹത്തിൽ ആകുന്നു. അങ്ങനെ സാർവ്വത്രിക സ്നേഹവും വിശ്വാസവും ഇല്ലാത്തതിനാൽ ശിക്ഷാവിധിയിൽ തുടർന്നു വരുന്നു.

കോലാടുകൾ സൂചിപ്പിക്കുന്നത് എല്ലാ ദുഷ്ടന്മാരേയും ആകയാൽ, അവർ ചെയ്യാതിരുന്ന സാർവ്വത്രിക സ്നേഹത്തിന്റെ പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള കണക്കെടുക്കുകയാണ് കരണീയം.

സെഖര്യാവിൽ പറഞ്ഞിരിക്കുന്ന കോലാടുകൾ അപ്രകാരമുള്ള ആളുകളെക്കൂടെ അർത്ഥമാക്കുന്നുണ്ട്.

> എന്റെ കോപം ഇടയന്മാരുടെ നേരേ ജ്വലിച്ചിരിക്കുന്നു. ഞാൻ കോലാട്ടുകൊറ്റന്മാരെ സന്ദർശിക്കും. സെഖ 10:3

യെഹെസ്ക്കേലിൽ ഇപ്രകാരം :

യെഹെസ്ക്കേലിൽ ഇപ്രകാരം :

> ഞാൻ ആടിനും ആടിനും മദ്ധ്യേയും, ആട്ടു കൊറ്റന്മാർക്കും കോലാട്ടുകൊറ്റന്മാർക്കും മദ്ധ്യേയും ന്യായം വിധിക്കുന്നു. നിങ്ങൾ നല്ല മേച്ചിൽ മേഞ്ഞിട്ട് മേച്ചിലിന്റെ ശേഷിപ്പിനെ കാൽകൊണ്ട് ചവിട്ടിക്കളയുന്നു. ദീനം പിടിച്ചവയെ നിങ്ങൾ പരക്കെ ചിതറിക്കുവോളം പാർശ്വംകൊണ്ടും ഉന്തി ഇടിക്കുന്നു. ഞാൻ എന്റെ ആട്ടിൻകൂട്ടത്തെ രക്ഷിക്കും. അവ ഇനി ഇരയായി ത്തീരുകയില്ല.
> യെഹെ 34:17,18,21,22

10

**സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസം സഭയെയും അതുമായി ബന്ധമുള്ള സകല സംഗതികളെയും നശിപ്പിക്കുന്നു.**

**69**. സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർപെട്ടുള്ള വിശ്വാസം, വിശ്വാസമല്ല. എന്തുകൊണ്ടെന്നാൽ സാർവ്വത്രിക സ്നേഹമാണ് വിശ്വാസത്തിന്റെ ജീവനും, ദേഹിയും വിശ്വാസത്തിന്റെ സത്തയും.... ആകയാൽ വിശ്വാസം ഇല്ലാത്തേടത്ത് സാർവ്വത്രിക സ്നേഹമില്ല. അവിടെ സഭയും ഇല്ല. അതുകൊണ്ട് കർത്താവ് അരുളിച്ചെയ്യുന്നു.

> എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന് കർത്താവ് പറഞ്ഞു. ലൂക്കോ 18:8

**70.** ഈ വിഷയത്തെക്കുറിച്ച് കോലാടുകളും ചെമ്മരിയാടുകളും തമ്മിൽ വാഗ്വാദമുണ്ടാകുന്നത് ഞാൻ ചിലപ്പോഴെല്ലാം കേട്ടിട്ടുണ്ട്. സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർതിരിക്കപ്പെട്ട വിശ്വാസത്തിൽ സ്ഥിരീകരണം നടത്തിയിരുന്നവർക്ക് സത്യം ഉണ്ടോ എന്നതിന് അവർ പറഞ്ഞത് അവർക്ക് വളരെ സത്യമുണ്ട് എന്നായിരുന്നു. അതേക്കുറിച്ച് വിശദമായി പരിശോധിക്കുകയും അവരെ ചോദ്യം ചെയ്യുകയും ചെയ്തു. അവർക്ക് സ്നേഹം എന്താണെന്ന് അറിയാമോ, നന്മ എന്താണെന്ന് അറിയാമോ എന്നൊക്കെയും അവരോട് ചോദിച്ചു. അവരുടെ വിശ്വാസത്തിൽ നിന്ന് അവയെ വേർപെടുത്തിയിരുന്നതിനാൽ ആ ചോദ്യങ്ങൾക്ക് പ്രത്യുത്തരമായി ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്നാണ് പറഞ്ഞത്. വീണ്ടും അവരോടു ചോദിച്ചു. പാപം എന്നാൽ എന്താണ്? മാനസാന്തരം എന്താണ്? പാപത്തിന്റെ മറുവില എന്താണ്? പാപവിമോചനം എന്താണ്? അവർ മറുപടി പറഞ്ഞത്, വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർക്ക്

പാപവിമോചനം നൽകപ്പെട്ടിരിക്കുകയാൽ ഇവയ്ക്ക് ഇവയ്ക്ക് ഇനിമേൽ പ്രസക്തിയില്ലെന്ന് ആയിരുന്നു. അപ്പോൾ അവരോട് അതല്ല സത്യം എന്നു പറഞ്ഞുകൊടുത്തു.

വീണ്ടും ജനനം എന്നാൽ എന്താണ്? എന്ന് അവരോട് ചോദിച്ചപ്പോൾ അവർ മറുപടി പറഞ്ഞത്: അത് ജലസ്നാനം അഥവാ വിശ്വാസത്താലുള്ള പാപമോചനം ആകുന്നു എന്നായിരുന്നു. അതിന് മറുപടിയായി അവരോട് പറഞ്ഞത് സത്യം അങ്ങനെയല്ല എന്ന് ആയിരുന്നു. പിന്നെയും അവരോട് ചോദിച്ചു ആത്മീയ മനുഷ്യൻ എന്നാൽ ആരാണ്? അതിന് അവർ നൽകിയ പ്രത്യുത്തരം ഞങ്ങൾ സ്വീകരിച്ചിരിക്കുന്ന വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർ എന്ന് ആയിരുന്നു. അതിനും അവർക്ക് നൽകിയ മറുപടി സത്യം അങ്ങനെയല്ല എന്ന് ആയിരുന്നു. അവരോട് വീണ്ടും ചില ചോദ്യങ്ങൾകൂടി ചോദിച്ചു. വീണ്ടെടുപ്പ് എന്താണ്? കർത്താവും പിതാവും തമ്മിലുള്ള സംയോഗം എന്താണ്? ദൈവത്തിന്റെ ഏകത്വം എന്താണ്? അതിനൊക്കെയും അവർ നൽകിയ മറുപടി സത്യം അല്ലായിരുന്നു. മറ്റു പല വിഷയങ്ങളും സൂചിക്കപ്പെട്ടു, അങ്ങനെ നിരവധി ചോദ്യോത്തരങ്ങൾക്കുശേഷം ഒരു അന്തിമ നിഗമനത്തിൽ എത്തിച്ചേർന്നത് അവരോട് സാർവ്വത്രിക സ്നേഹത്തിൽ നിന്ന് വേർതിരിക്കപ്പെട്ട വിശ്വാസത്തിൽ ആയിരിക്കുന്ന വർക്ക് യാതൊരു സത്യവുമില്ല എന്നാണ്.

**71.** സംഗതികൾ ഇങ്ങനെയൊക്കെയാണെന്ന് അവർ ലോകത്തിൽ ആയിരിക്കുമ്പോൾ അവർക്ക് വിശ്വസിക്കുവാൻ കഴിയുന്നില്ല. എന്തുകൊണ്ടെന്നാൽ, വ്യാജങ്ങളിൽ ആയിരിക്കുന്നവർക്ക് വ്യാജങ്ങൾ സത്യങ്ങൾ ആണെന്നല്ലാതെ മറ്റൊന്നും കാണാൻ അവർക്ക് കഴിയുകയില്ല. മാത്രവുമല്ല അവരുടെ വിശ്വാസങ്ങൾക്ക് അതീതമായി മറ്റെന്തെങ്കിലും അറിയുന്നതിൽ, കൂടുതൽ പ്രയോജനം എന്തെങ്കിലും ഉള്ളതായി അവർക്ക് തോന്നാറുമില്ല. അവരുടെ വിശ്വാസം അവരുടെ പരിജ്ഞാനത്തിൽനിന്ന് വേർതിരിക്കപ്പെട്ടത് ആകുന്നു. എന്തു കൊണ്ടെന്നാൽ അത് അന്ധമായ വിശ്വാസമാണ്. അതിനാൽ അവർ യാതൊരു അന്വേഷണവും നടത്താറില്ല. കാരണമുണ്ട്, അത് പരിജ്ഞാനത്തിന്റെ ആത്മീകപ്രകാശനത്താൽ തിരുവചനത്തിൽ നിന്നു മാത്രമേ അന്വേഷിച്ച് അറിവാൻ കഴിയുകയു. ആകയാൽ, മനുഷ്യരുടെ പ്രവൃത്തികളോടു ബന്ധമുള്ള സ്നേഹം, മാനസാന്തരം, പാപക്ഷമ, അതുപോലുള്ള മറ്റു സംഗതികൾ എന്നിവയെക്കുറിച്ച് പറയുമ്പോൾ തന്നെ, അവരുടെ വിശ്വാസത്തെ കുറിച്ച് ചിന്തിച്ചുകൊണ്ട് വചനത്തിലെ പ്രസ്തുത സത്യങ്ങളെ അവർ വ്യാജവത്ക്കരിക്കുന്നു.

**72**. ഉപദേശത്തിലും ജീവിതത്തിലും വിശ്വാസത്തിൽ മാത്രം സ്ഥിരീകരണം ചെയ്തിട്ടുള്ളവരുടെ സ്വഭാവം അപ്രകാരമാകുന്നു. വിശ്വാസം മാത്രമാണ് രക്ഷിക്കുന്നതെന്ന് കേൾക്കുകയും വിശ്വസി

ക്കുകയും ചെയ്തിട്ടും, തിന്മകളെ ഒരിക്കലും പാപങ്ങളായി വർജ്ജിച്ചിട്ടില്ലാത്തവരുടെ അനുഭവം അങ്ങനെ ആയിരിക്കുകയില്ല.